# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

2019 ജനുവരി 28, തിങ്കൾ

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി

**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

66/2021.

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. പി. ജയരാജൻ |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ .. 1

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ .. 28

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 28

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 76

**II ചരമോപചാരം**

സൈമൺ ബ്രിട്ടോ റോഡ്രിഗ്സിന്റെ നിര്യാണം .. 412

**III ചെയർമാന്മാരുടെ പാനൽ** .. 413

**IV അടിയന്തരപ്രമേയം**

എംപാനൽ ജീവനക്കാരെ പിരിച്ചുവിട്ട നടപടി .. 413

(അവതരണാനുമതി നിഷേധിച്ചു)

**V ശ്രദ്ധ ക്ഷണിക്കൽ**

(1) തിരുവനന്തപുരം വിമാനത്താവളം .. 431

-ശ്രീ. സി.കെ. ഹരീന്ദ്രൻ

(2) കുടുംബി സമുദായത്തിന്റെ പ്രശ്നങ്ങൾ .. 435

-ശ്രീ. പി. ടി. തോമസ്

**VI സബ്മിഷൻ**

(1) പോലീസ് സ്റ്റേഷന് നേരെയുണ്ടായ കല്ലേറ് .. 438

- പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല)

(2) ഇന്ധന നികുതി .. 442

- ശ്രീ. എ. പി. അനിൽ കുമാർ

-ശ്രീ. മഞ്ഞളാംകുഴി അലി

- ശ്രീ. ടി. വി. ഇബ്രാഹിം

പേജ്

(3) വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് .. 446

- ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്

(4) സാമ്പത്തിക സഹായം .. 449

- ശ്രീ. മാത്യു ടി. തോമസ്

(5) കുടിവെള്ള പദ്ധതി .. 453

- ശ്രീ. സി. ദിവാകരൻ

(6) സ്വകാര്യ പ്രാക്ടീസ് .. 455

- ശ്രീ. എ. എൻ. ഷംസീർ

(7) സ്പെഷ്യൽ സ്കൂളുകളുടെ പ്രവർത്തനം .. 458

- ശ്രീ. പി. സി. ജോർജ്

(8) പാലവും തടയണകളും സ്ഥാപിക്കൽ .. 463

- ശ്രീ. കെ. കുഞ്ഞിരാമൻ

(9) വെറ്ററിനറി ഓഫീസ് .. 463

- ശ്രീ. അടൂർ പ്രകാശ്

(10) ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജിന്റെ പ്രവർത്തനം .. 465

- ശ്രീമതി പി. അയിഷാ പോറ്റി

**VII മേശപ്പുറത്തുവച്ച കടലാസുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ .. 466

**VIII റിപ്പോർട്ട് സമർപ്പണം**

കാര്യോപദേശക സമിതിയുടെ പതിനാലാമത് റിപ്പോർട്ട് .. 469

**IX റിപ്പോർട്ട് പരിഗണന**

കാര്യോപദേശക സമിതിയുടെ പതിനാലാമത് റിപ്പോർട്ട് .. 469

**X ഗവർണറുടെ പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച** .. 470

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പതിനാലാം സമ്മേളനം

*2019 ജനുവരി 28, തിങ്കൾ*

| വാല്യം 175] | ഔദ്യോഗിക റിപ്പോർട്ട് | [നമ്പർ 2 |
|---|---|---|

നിയമസഭ 2019 ജനുവരി മാസം 28-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ... ഓർഡർ....... ചോദ്യം നമ്പർ *1

**ഹർത്താലിലെ വ്യാപക അക്രമങ്ങൾ**

1 (*1) ശ്രീ. പി. കെ. ബഷീർ:
ഡോ. എം. കെ. മുനീർ:
ശ്രീ. ടി. എ. അഹമ്മദ് കബീർ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ മാസം നടന്ന ഹർത്താലിൽ ഉണ്ടായ വ്യാപകമായ ആക്രമണങ്ങൾ നേരിടുന്നതിൽ പോലീസിന് ഗുരുതരമായ വീഴ്ച ഉണ്ടായതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതോടനുബന്ധിച്ച നാശനഷ്ടങ്ങളുടെ കണക്ക് ശേഖരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(സി) ആക്രമണം നടത്തിയവർക്കെതിരെ എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഇത്തരം ആക്രമണങ്ങളിൽ സ്വകാര്യ, പൊതുമുതൽ നശിപ്പിക്കുന്ന വർക്കെതിരെ കടുത്ത ശിക്ഷ നൽകുന്നതിനുള്ള നിയമനിർമ്മാണം നടത്താനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ) സംസ്ഥാനത്തെ ക്രമസമാധാനം തകർക്കുക എന്ന ലക്ഷ്യമാണ് ഹർത്താലിന് ആഹ്വാനം ചെയ്തവർക്കുണ്ടായിരുന്നത്. ഇത് മുൻകൂട്ടി കണ്ടുകൊണ്ടുള്ള കരുതൽ തടങ്കലും പോലീസ് പിക്കറ്റും പോലീസ് ഏർപ്പെടുത്തി. അതോടൊപ്പം സാമൂഹ്യ മാധ്യമങ്ങളിലൂടെ കലാപത്തിന് ആഹ്വാനം ചെയ്യുന്നതും അത്തരം സന്ദേശങ്ങൾ കൈമാറുന്നതും കുറ്റമായി കണ്ട് നടപടിയെടുക്കുമെന്ന് സംസ്ഥാന പോലീസ് മേധാവി മാധ്യമങ്ങളിലൂടെ ജനങ്ങളെ അറിയിച്ചു. ഇത്തരത്തിൽ പോലീസ് ഏർപ്പെടുത്തിയ ശക്തമായ നടപടികൾ കാരണം സംസ്ഥാനത്ത് കലാപമുണ്ടാക്കാൻ ലക്ഷ്യമിട്ട ഗൂഢപദ്ധതികൾ നടക്കാതെ പോകുകയാണുണ്ടായത്.

(ബി) ഉണ്ട്. 3-1-2019-ലെ ഹർത്താലുമായി ബന്ധപ്പെട്ട് പൊതുമുതൽ നശിപ്പിച്ച വകയിൽ 28,43,072 രൂപയുടെയും സ്വകാര്യമുതൽ നശിപ്പിച്ച വകയിൽ 1,03,28,526 രൂപയുടെയും നഷ്ടം കണക്കാക്കിയിട്ടുണ്ട്.

(സി) ഹർത്താലിൽ അക്രമം നടത്തിയവർക്കെതിരെ കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അക്രമികളിൽ കുറേപ്പേരെ സംഭവസ്ഥലത്തുവച്ചും മറ്റുള്ളവരെ അക്രമസംഭവങ്ങൾ ചിത്രീകരിച്ച വീഡിയോ/ഫോട്ടോകളിൽനിന്നും തിരിച്ചറിഞ്ഞും അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കി റിമാന്റ് ചെയ്യുന്നതടക്കമുള്ള കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) വർഗ്ഗീയ കലാപങ്ങൾ, ബന്ദ്, ഹർത്താൽ, പണിമുടക്ക്, റോഡ് ഗതാഗതം സ്തംഭിപ്പിക്കൽ, പ്രകടനങ്ങൾ, ധർണ്ണകൾ, മാർച്ച്, ജാഥകൾ മുതലായവ നടത്തി പൊതുമുതൽ നശിപ്പിക്കുന്നവർക്കെതിരെ Prevention of Damage to Public Property Act, 1984 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് നടപടികൾ സ്വീകരിക്കാനും കുറ്റക്കാരിൽനിന്ന് നഷ്ടം ഈടാക്കാനും വ്യവസ്ഥയുണ്ട്.

ഇതിനുപുറമെ, സ്വകാര്യ മുതലുകൾ നശിപ്പിക്കുന്നത് തടയാനായി സർക്കാർ പ്രത്യേക ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. 2019 ജനുവരി 8-ന് നിലവിൽവന്ന "The Kerala Prevention of Damage to Private Property and Payment of Compensation Ordinance 2019" പ്രകാരം വർഗ്ഗീയ കലാപങ്ങൾ, ഹർത്താൽ, ബന്ദ്, പ്രകടനങ്ങൾ, മാർച്ച്, ജാഥ, റോഡ് ഗതാഗതം സ്തംഭിപ്പിക്കൽ എന്നിവമൂലം സ്വകാര്യ മുതലുകൾക്കുണ്ടാകുന്ന നാശത്തിന് നഷ്ടപരിഹാരം ഈടാക്കാനും വ്യവസ്ഥയുണ്ട്.

നശീകരണ പ്രവർത്തനങ്ങൾ നടത്തുന്നവർക്കെതിരെ പിഴയോടുകൂടി അഞ്ചുവർഷം വരെ തടവുശിക്ഷ നൽകുന്നതിന് നിയമം വ്യവസ്ഥ ചെയ്യുന്നു. സ്ഫോടനം, തീ എന്നിവയ്ക്ക് കാരണമാകുന്ന വസ്തുക്കൾ ഉപയോഗിച്ച് നശീകരണ പ്രവർത്തനങ്ങൾ നടത്തുന്നവർക്കെതിരെ ജീവപര്യന്തമോ, പത്തുവർഷംവരെ തടവും പിഴയുമോ ശിക്ഷ നൽകാനുള്ള വ്യവസ്ഥയുമുണ്ട്. ജാമ്യാപേക്ഷയിൽ പ്രോസിക്യൂഷന് കേൾക്കാനുള്ള അവസരം നൽകുക, നശിപ്പിക്കപ്പെട്ട മുതൽ സംബന്ധിച്ച മൂല്യം സർക്കാർ അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോടതി നിർണ്ണയിക്കുകയും ആ തുകയുടെ പകുതി സെക്യൂരിറ്റിയായി കോടതിയിൽ കെട്ടിവയ്ക്കുക, ഇവ ചെയ്യാത്തപക്ഷം ജാമ്യം ലഭിക്കുകയില്ലെന്നും ഓർഡിനൻസിൽ വ്യവസ്ഥ ചെയ്യുന്നു.

ശ്രീ. പി. കെ. ബഷീർ: സർ, 'ദൈവത്തിന്റെ സ്വന്തം നാട്' എന്ന ടാഗ്‌ലൈനാണ് കേരളത്തിനുള്ളത്. പക്ഷെ ഇന്ന് 'ഹർത്താലിന്റെ സ്വന്തം നാട്' എന്ന പേരിലേയ്ക്ക് മാറേണ്ട ഒരു ഗതികേടിലാണ് നമ്മുടെ സംസ്ഥാനം. ഏറ്റവുമധികം ടൂറിസ്റ്റുകൾ വരുന്നത് ഡിസംബർ-ജനുവരി മാസങ്ങളിലാണ്. ടൂറിസം വകുപ്പ് വിദേശ രാജ്യങ്ങളിൽ ധാരാളം പണം ചെലവഴിച്ച് വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് റോഡ് ഷോ ഉൾപ്പെടെയുള്ള പല പദ്ധതികളും നടപ്പിലാക്കുന്നുണ്ട്. പക്ഷെ അടുത്തകാലത്ത് യു. കെ., യു.എസ്. പോലുള്ള രാജ്യങ്ങൾ കേരളത്തിലേയ്ക്ക് ടൂറിസ്റ്റുകൾക്ക് നിയന്ത്രണം ഏർപ്പെടുത്തുന്ന അവസ്ഥയുണ്ടായി; ഇതിനൊരു മാറ്റമുണ്ടാകണം. കേരളത്തിൽ ഇതുപോലുള്ള ഹർത്താലുകൾ നടത്തുമ്പോഴുണ്ടാകുന്ന പ്രയാസങ്ങൾ എല്ലാവർക്കുമറിയാം. ആയതിനാൽ പുതിയ സാഹചര്യങ്ങളുടെയും കോടതിവിധികളുടെയും പശ്ചാത്തലത്തിൽ ഹർത്താൽ സംബന്ധിച്ച് ഒരു സർവ്വകക്ഷി യോഗം വിളിച്ചുചേർക്കാനും ഹർത്താൽമൂലം ഓരോ മേഖലയിലും ഉണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള മാർഗ്ഗം ചർച്ചചെയ്യാനും സർക്കാർ തയ്യാറാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, വളരെ ഗൗരവമായൊരു ഒരു നിർദ്ദേശമാണ് ബഹുമാന്യനായ അംഗം നൽകിയിട്ടുള്ളത്. സംസ്ഥാനത്തിന്റെ ഭാവിയിലുള്ള ഉത്കണ്ഠയുംകൂടി അദ്ദേഹം ഇവിടെ രേഖപ്പെടുത്തിയിരിക്കുകയാണ്. സംസ്ഥാനത്തിന്റെ വിവിധ മേഖല പരിശോധിച്ചാൽ ടൂറിസം ഏറ്റവും കൂടുതൽ സാധ്യതകളുള്ള ഒന്നാണ്. അത് നല്ലനിലയിൽ, ആരോഗ്യകരമായ രീതിയിൽ വളർത്തിക്കൊണ്ടു വരാനുള്ള ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. കേരളത്തിന്റെ മുന്നോട്ടുപോക്കിനെ തടയാൻ ബോധപൂർവ്വമുള്ള ചില നടപടികൾ കേരളത്തിന്റെ വികസനത്തിന് ഇതുവരെ ഒരു പങ്കും വഹിക്കാത്ത ചില ശക്തികൾ നടത്തിക്കൊണ്ടിരിക്കുന്നു എന്ന നിർഭാഗ്യകരമായ കാര്യം ഗൗരവമായി കാണേണ്ടതുണ്ട്. കേരളം ഇന്നത്തെ

അവസ്ഥയിലെത്തിയത് പെട്ടെന്നൊരു ദിവസം കൊണ്ടല്ല, ക്രമാനുഗതമായി വളർത്തിയെടുക്കുകയാണ് ചെയ്തിട്ടുള്ളത്. അതിന് സമൂഹംതന്നെയാണ് ഉത്തരവാദി. ഇക്കാര്യത്തിൽ ഒരു പങ്കും വഹിച്ചിട്ടില്ലാത്തവർ ഈ വളർച്ചയെ പുറകോട്ടടിപ്പിക്കാനുള്ള ശ്രമം നടത്തിയതിന്റെ ഭാഗമായാണ് സമൂഹവും രാജ്യവും ലോകംതന്നെയും ശ്രദ്ധിക്കത്തക്കരീതിയിൽ കേരളത്തിൽ ഇടവിട്ട് ഹർത്താലുകൾ അടുത്തകാലത്തുണ്ടായത്. ഹർത്താൽ എന്ന സമരമാർഗ്ഗത്തെ മൊത്തത്തിൽ തള്ളിപ്പറയാൻ സാധാരണഗതിയിൽ ഒരു രാഷ്ട്രീയപ്പാർട്ടിയും തയ്യാറാകില്ല. കാരണം, ജനകീയ പ്രക്ഷോഭത്തിന്റെ അവസാനരൂപം പല രീതിയിൽ വരും. അത് ജനാധിപത്യപരമായ രീതിയിൽ നടത്തുന്നതിന് ആരും എതിരാകില്ല. പക്ഷെ നമ്മുടെ സംസ്ഥാനത്തിന് ദുഷ്പേരുണ്ടാക്കത്തക്ക രീതിയിൽ നിസ്സാരമായ കാര്യങ്ങൾക്കുപോലും ഹർത്താലുകൾ സംഘടിപ്പിക്കുന്ന സ്ഥിതി ടൂറിസത്തെയും മറ്റ് തരത്തിലും സംസ്ഥാനത്തെ പ്രതികൂലമായി ബാധിക്കുന്നതാണ്. അദ്ദേഹം വച്ച നിർദ്ദേശം മുസ്ലീം ലീഗിന്റെയും യു.ഡി.എഫ്.-ന്റെയും പൊതുവായ അഭിപ്രായമാണെങ്കിൽ സംസ്ഥാന സർക്കാർ ഇക്കാര്യം സംബന്ധിച്ച് സർവ്വകക്ഷിയോഗം വിളിച്ചുചേർത്ത് ചർച്ച ചെയ്യാൻ തയ്യാറാണ്.

ശ്രീ. പി. കെ. ബഷീർ: സർ, നന്ദി. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ശ്രീ. രമേശ് ചെന്നിത്തല ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്നപ്പോൾ ഹർത്താൽ നിയന്ത്രണ ബിൽ അവതരിപ്പിച്ച് സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിട്ടത് നിയമമാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, ആദ്യം പറഞ്ഞ കാര്യം ഒരു സമവായത്തിലെത്തുമോയെന്നുള്ളത് നോക്കാം. എന്നിട്ട് മറ്റ് കാര്യങ്ങളിലേയ്ക്ക് കടക്കാം.

ഡോ. എം. കെ. മുനീർ: സർ, കോഴിക്കോട് എസ്.എം. സ്ട്രീറ്റിൽ വളരെ മതസൗഹാർദ്ദപരമായി നിൽക്കുന്ന ഒരിടമാണ് മിഠായിത്തെരുവ്. അവിടെ വിഷം കലർത്തുന്ന രീതിയിൽ ഹർത്താൽ ദിനത്തിൽ വലിയൊരു ആക്രമണമുണ്ടായി. വലിയ നാശനഷ്ടങ്ങളും ഉണ്ടായിട്ടുണ്ട്. വ്യാപാരികൾ വലിയ കഷ്ടപ്പാടിലാണ്. അതിൽ എത്ര പ്രതികളെ പിടിച്ചു; സാധാരണ അങ്ങനെ ആക്രമിക്കുന്നവരിൽനിന്നും നാശനഷ്ടത്തിനുള്ള പണം ഈടാക്കേണ്ടതാണ്. ആ പണം അവരിൽനിന്ന് ഈടാക്കുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ആ പ്രത്യേക കേസിന്റെ വിശദാംശങ്ങൾ കൈവശമില്ല. അത് പ്രത്യേകമായി പരിശോധിക്കാവുന്നതാണ്. ഇക്കാര്യത്തിൽ ഗൗരവമായ നടപടി തന്നെയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; അവിടെയുണ്ടായ പ്രശ്നങ്ങളെ ഗൗരവമായി കണ്ടുകൊണ്ടുള്ള തുടർനടപടികളും പോലീസിന്റെ ഭാഗത്തുനിന്നുണ്ടായിട്ടുണ്ട്. കേസ് വളരെ ഗൗരവത്തിൽതന്നെ മുന്നോട്ടുപോകുകയാണ്.

ശ്രീ. ടി. എ. അഹമ്മദ് കബീറിനുവേണ്ടി ശ്രീ. സി. മമ്മൂട്ടി: സർ, കേരളത്തിൽ രാഷ്ട്രീയ പാർട്ടികൾ സമരത്തിന്റെ ഭാഗമായി ഹർത്താലുകൾ നടത്താറുണ്ട്. പക്ഷെ, അടുത്തകാലത്തായി 365 ദിവസങ്ങളിൽ 10 ശതമാനത്തിൽ കൂടുതൽ ദിവസങ്ങളും നമ്മുടെ നാട് ബന്ദിലും ഹർത്താലിലും അകപ്പെട്ടിരിക്കുകയാണ്. ആഹ്വാനം ചെയ്യുന്നവർ കടകൾ അടയ്ക്കുകയോ പണിമുടക്കുകയോ വാഹനം ഓടിക്കാതിരിക്കുകയോ ചെയ്യട്ടെ, മറ്റുള്ളവർ നിർബന്ധമായും അതിൽ പങ്കെടുക്കണമെന്ന് അക്രമാസക്തമായ രീതിയിൽ സമീപിക്കുന്നത് ഒരിക്കലും ശരിയല്ല. അതുകൊണ്ട് ആര് ആഹ്വാനം ചെയ്താലും അവരവർ നടത്തുന്നതല്ലാതെ മറ്റുള്ളവരുടെ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്താൻ പാടില്ല എന്ന കർക്കശമായ സമീപനം സമവായത്തിലൂടെ സ്വീകരിക്കുന്നതിന് അങ്ങ് തയ്യാറാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ അഭിപ്രായത്തോട് പൂർണ്ണ യോജിപ്പാണ്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, മംഗലാപുരത്തെ സ്വകാര്യ ആശുപത്രിയിൽ മരണവുമായി മല്ലിട്ടുകൊണ്ടിരിക്കുന്ന ശ്രീ. കരീം മുസലിയാർ എന്ന പാവപ്പെട്ട മനുഷ്യനുണ്ട്. അദ്ദേഹം ഹർത്താൽ അനുകൂലികളുടെ ക്രൂരമായ വെട്ടും കുത്തുമേറ്റ് ഇപ്പോഴും മംഗലാപുരം ആശുപത്രിയിൽ ബോധമില്ലാതെ കിടക്കുകയാണ്. മഞ്ചേശ്വരം-കാസർഗോഡ് ഭാഗത്ത് ഹർത്താലനുകൂലികൾ ചെയ്ത ക്രൂരകൃത്യങ്ങളും സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളും ഞാൻ പറയാതെതന്നെ മുഖ്യമന്ത്രിക്കറിയാം. അങ്ങേയ്ക്കെതിരെ ഒരു പെൺകുട്ടിയെക്കൊണ്ട് മുദ്രാവാക്യം വിളിപ്പിച്ചു. ഞങ്ങളൊക്കെ അതിനെ ശക്തമായി എതിർത്തിരുന്നു. ശ്രീ. കരീം മൗലവിയുടെ ചികിത്സയ്ക്ക് ലക്ഷക്കണക്കിന് രൂപ ചെലവുണ്ട്. അത് അക്രമം ചെയ്തവരിൽനിന്നും വാങ്ങിക്കൊടുക്കുമോ; അല്ലെങ്കിൽ സർക്കാർ ആ കുടുംബത്തിന് എന്തെങ്കിലും സഹായം ചെയ്യുമോ? അതുപോലെ 31 കേസ്സുകളാണ് മഞ്ചേശ്വരം ഭാഗത്ത് ഹർത്താലുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്തത്. ഈ 31 കേസ്സുകളിലും ഇരകളാണ് പ്രതികൾ. മഞ്ചേശ്വരം പോലീസിൽ ജനങ്ങൾക്ക് വിശ്വാസമില്ല. ഈ 31 കേസ്സുകളും ഒരു പ്രത്യേക ടീമിനെവച്ച് പുനരന്വേഷണം നടത്താൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, കാസർഗോഡ്-മഞ്ചേശ്വരം ഭാഗത്ത് ബോധപൂർവ്വമായ ചില നീക്കങ്ങൾ നടക്കുന്നുണ്ടെന്നത് നാം ഗൗരവമായി കാണേണ്ടതുണ്ട്. വർഗ്ഗീയ സംഘർഷങ്ങൾ ഉയർത്തിക്കൊണ്ടുവരാനും സമൂഹത്തിന്റെ മതനിരപേക്ഷത തകർക്കാനുംവേണ്ടിയുള്ള ബോധപൂർവ്വമായ നീക്കമാണ് നടക്കുന്നത്. അതുമാത്രമല്ല, വർഗ്ഗീയ സംഘർഷത്തിലൂടെ മറ്റ് പ്രദേശങ്ങളിൽ ലാഭം

നേടിയ ശക്തികളുണ്ട്. ഇത് തങ്ങൾക്ക് കരുത്ത് വർദ്ധിപ്പിക്കാൻ നല്ലൊരു കാര്യമാണെന്ന് അക്കൂട്ടർ കണക്കുകൂട്ടുന്നുമുണ്ട്. ഇക്കാര്യത്തിൽ പൊതുസമൂഹം ഗൗരവമായ സമീപനം സ്വീകരിക്കേണ്ടതുണ്ട്. അതോടൊപ്പം പോലീസ് ജാഗ്രതയോടെ കാര്യങ്ങൾ നീക്കുകയാണ്. അതീവ ഗൗരവമായ നടപടികൾ പോലീസ് എടുത്തുവരികയാണ്. അദ്ദേഹം സൂചിപ്പിച്ച പ്രത്യേകമായ ആ ആക്രമണസംഭവത്തിന്റെ വിശദാംശങ്ങൾ എന്താണെന്ന് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കും.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, അടുത്തകാലത്ത് കേരളത്തിൽ നടന്ന ഹർത്താലുകളിലും സമരങ്ങളിലും ഒരു പ്രധാനപ്പെട്ട പ്രശ്നം രാഷ്ട്രീയ പാർട്ടികൾക്കുമുമ്പിൽ അവതരിപ്പിക്കപ്പെട്ടിട്ടുണ്ട്. ആ സമരത്തിൽ യു.ഡി.എഫ്.-ന്റെയും ബി.ജെ.പി.-യുടെയും ഭാഗത്തുനിന്നുമുണ്ടായ ഒരു കാര്യം വിശ്വാസികൾക്കൊപ്പം എന്നാണ്. വിശ്വാസികളും അവിശ്വാസികളും എല്ലാ രാഷ്ട്രീയ പ്രസ്ഥാനത്തിലുമുണ്ട്. ഒരു രാഷ്ട്രീയ പ്രസ്ഥാനം ഭൗതികകാര്യങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്ന ഒരു പൊതുസംവിധാനമാണ്. അതിനുമപ്പുറം കക്ഷിരാഷ്ട്രീയ പ്രസ്ഥാനം ഇന്ത്യൻ ജനാധിപത്യ സംവിധാനത്തിൽ പ്രവർത്തിക്കുമ്പോൾ ഇത്തരമൊരു കാര്യം ഹർത്താലിന്റെ പേരിലോ മറ്റേതെങ്കിലും പേരിലോ അവതരിപ്പിക്കുന്നത് ആ രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ സമരത്തിന്റെയോ ആശയങ്ങളുടെയോ പരിധിയിൽ വരുന്നതാണോ; അതല്ലെങ്കിൽ അത്തരം കാര്യങ്ങളിൽ രാഷ്ട്രീയ പ്രസ്ഥാനത്തെ ഇടപെടീക്കുന്നതിൽ, അല്ലെങ്കിൽ ഹർത്താലോ സമരമോ ചെയ്യുന്നതിൽനിന്ന് പിൻവാങ്ങുന്നതിനോ, നിരോധിക്കുന്നതിനോ ഒരു സംവിധാനം സംസ്ഥാന ഗവൺമെന്റ് നിയമപരമായി കൊണ്ടുവരാനുള്ള സാധ്യതയുണ്ടോ; ഉണ്ടെങ്കിൽ പരിശോധിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, രാജ്യത്തിന്റെ ഭരണഘടനയെ തകർക്കുന്ന സമീപനമാണ് നമ്മുടെ രാജ്യത്ത് ഉയർന്നുവന്നിട്ടുള്ള ഏറ്റവും ഗൗരവമായൊരവസ്ഥ. രാജ്യത്തിന്റെ ഭരണഘടനയാണ് മതനിരപേക്ഷത ഉറപ്പുനൽകുന്നത്. അത് തകർക്കാനുള്ള നീക്കം യഥാർത്ഥത്തിൽ ഭരണഘടനയെ വെല്ലുവിളിക്കുകയും തകർക്കുകയും ചെയ്യുന്നതിനുള്ള നീക്കത്തിന്റെ ഭാഗംകൂടിയാണ്. ഇതുമായി ബന്ധപ്പെട്ട് ഒട്ടേറെ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പല സംഘടനകളും പ്രസ്ഥാനങ്ങളും ഇതിന്റെ ഭാഗമായുള്ള നടപടികൾ സ്വീകരിക്കുന്നതായി കാണുന്നുണ്ട്. ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചത് അതീവഗൗരവമായ കാര്യമാണ്. അക്കാര്യത്തിൽ വിശദമായ നിയമപരിശോധന നടത്താം.

ശ്രീ. കെ. സി. ജോസഫ്: സർ, മുഖ്യമന്ത്രി അധികാരമേറ്റപ്പോൾ ആദ്യം പറഞ്ഞൊരു കാര്യം, നിഷ്പക്ഷമായ നിയമനിർവ്വഹണം നടത്തുമെന്നാണ്. പക്ഷെ അതിന് നിരക്കുന്നതല്ല സംഭവവികാസങ്ങൾ. കോട്ടയത്ത് ആംഗ്ലിക്കൻ സഭയിലെ വിശ്വാസികളെ തടഞ്ഞ കേസിൽ ജില്ലാ കോൺഗ്രസ് കമ്മിറ്റി എസ്.പി. ഓഫീസിലേയ്ക്ക് മാർച്ച് നടത്തി. മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയും ശ്രീ. രാധാകൃഷ്ണനും പങ്കെടുത്ത മാർച്ചായിരുന്നു അത്. ഒരു പ്രകോപനവു മുണ്ടാകാതെയാണ് മാർച്ച് നടത്തിയത്. അവിടെ ഒരക്രമസംഭവവും ഉണ്ടായില്ല, അവിടെ റോഡ് ബ്ലോക്ക് ചെയ്തുവെന്നുപറഞ്ഞ് ജില്ലാ പഞ്ചായത്തിന്റെ വനിതാ വൈസ്-പ്രസിഡന്റിനെയടക്കം പോലീസ് അടിച്ച് പരിക്കേൽപ്പിച്ച് ആശുപത്രിയിലാക്കി. അതേസമയം പണിമുടക്കുദിവസം തിരുവനന്തപുരത്ത് മുഖ്യമന്ത്രിയുടെ മൂക്കിനു താഴെ എസ്.ബി.ഐ.-യുടെ ഓഫീസ് ആക്രമിച്ചു, റോഡ് ബ്ലോക്ക് ചെയ്ത് പന്തലിട്ട് തടസ്സപ്പെടുത്തി, സംസ്ഥാനം മുഴുവൻ ഭരണകക്ഷികളുടെ പിൻബലത്തിൽ നടന്ന സംഭവങ്ങളിൽ പോലീസ് കണ്ണടച്ചു. ഒളിത്താവളങ്ങളിലുള്ള അക്രമികളെ പോലീസ് റെയ്ഡ് ചെയ്ത് പിടിക്കാൻ പോയാൽ ശിക്ഷിക്കുന്നത് പോലീസ് ഉദ്യോഗസ്ഥരെയാണ്. ഇത്തരത്തിലുള്ള നടപടികൾ തെറ്റായ മെസ്സേജാണ് സമൂഹത്തിന് കൊടുക്കുന്നത്. മുഖംനോക്കാതെ നീതിപൂർവ്വമായും നിഷ്പക്ഷമായും പോലീസ് പ്രവർത്തിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാന്യനായ അംഗത്തിന് ഏത് നല്ല കാര്യത്തെയും മോശമായി കാണുകയെന്ന പൊതുവായ സ്വഭാവമുണ്ട്. അതിന്റെ ഭാഗമായിട്ടാണ് അദ്ദേഹം ഇത്തരമൊരു പ്രതികരണം നടത്തിയത്. ഏത് തെറ്റായ കാര്യങ്ങൾക്കെതിരെയും ഏത് അക്രമപ്രവർത്തനങ്ങൾക്കെതിരെയും ശക്തമായ നടപടിയാണ് പോലീസ് സ്വീകരിക്കുന്നത്. അക്രമം ആരിൽനിന്നുണ്ടായാലും അത് നേരിടാനുള്ള നടപടികൾ ശക്തമായി സ്വീകരിക്കുന്നതുകൊണ്ടുതന്നെയാണ് സംസ്ഥാനത്താകെ ശാന്തമായ അന്തരീക്ഷം നിലനിന്നത്. അത് തകർക്കുന്നതിനുള്ള സമീപനമാണ് പൊതുവെ അക്രമികളുടെ ഭാഗത്തുനിന്നുമുണ്ടായത്. ബോധപൂർവ്വം ആസൂത്രണം ചെയ്തതായിരുന്നു അത്. പോലീസിന്റെ സമയോചിതവും ദീർഘദർശിത്വത്തോടെയുമുള്ള ഇടപെടലിന്റെ ഭാഗമായിട്ടാണ് ഇത്തരത്തിൽ ശാന്തമായ അന്തരീക്ഷം കേരളത്തിലുണ്ടായത്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, മണ്ണെണ്ണയൊഴിച്ച് ആത്മഹത്യ ചെയ്ത ആളെ ബലിദാനിയായി ചിത്രീകരിച്ചുകൊണ്ട് ഹർത്താൽ നടത്തുകയും നാടെമ്പാടും കലാപമുണ്ടാക്കാൻ ശ്രമിക്കുകയും ചെയ്ത സംഘ്പരിവാർ ശക്തികളായ അക്രമകാരികൾക്കെതിരെ ഫലപ്രദമായ നടപടി പോലീസ് സ്വീകരിച്ചതിനെ മറച്ചുവയ്ക്കുന്നതിനുവേണ്ടിയാണ് യു.ഡി.എഫ്. ഇത്തരത്തിലുള്ള ആക്ഷേപങ്ങൾ ഉന്നയിക്കുന്നത്.

എം.എൽ.എ.-മാരും എം.പി.-മാരും മന്ത്രിമാരും പ്രധാനമന്ത്രിയുമൊക്കെ ഭരണഘടന തൊട്ട് സത്യപ്രതിജ്ഞ ചെയ്യവരാണ്. പക്ഷെ പ്രധാനമന്ത്രി പറയുന്നത് ഈ ഹർത്താലുകൾ ഉൾപ്പെടെ കേരളത്തിൽ നടന്ന സമരങ്ങൾ നമ്മുടെ സംസ്കൃതിയെ സംരക്ഷിക്കാൻ വേണ്ടിയിട്ടുള്ള സമരങ്ങളായിരുന്നുവെന്നാണ്. അതായത് ഭരണഘടനയ്ക്കെതിരായി ഈ സംസ്ഥാനത്ത് നടന്ന സമരങ്ങൾ നമ്മുടെ സംസ്കൃതിയുടെ ഭാഗമാണെന്ന് പറഞ്ഞത് പ്രധാനമന്ത്രിയാണ്. അതിനെക്കുറിച്ച് ഒരക്ഷരം ഐക്യജനാധിപത്യ മുന്നണിക്ക് പറയാനില്ല. സംസ്ഥാന ഗവൺമെന്റിനെ പ്രതിക്കൂട്ടിൽ നിർത്താനാണ് അവർക്ക് താല്പര്യം. ഇത്തരത്തിൽ മിന്നൽ ഹർത്താലുകൾ നടത്തുന്ന ആളുകൾക്കെതിരെ ഗവൺമെന്റ് എന്ത് നടപടി സ്വീകരിക്കും?

ശ്രീ. പിണറായി വിജയൻ: സർ, ഇക്കാര്യത്തിൽ സംസ്ഥാനത്തുയർന്നുവന്നിട്ടുള്ള പൊതുവികാരത്തിനനുസൃതമായി സമവായം നമുക്കുണ്ടാക്കാൻ കഴിയുമോയെന്ന് നോക്കാം. അതിന്റെ ഭാഗമായുള്ള നടപടികൾ സ്വീകരിക്കും. അതോടൊപ്പം അക്രമസംഭവങ്ങൾക്കെതിരെ ശക്തമായ നടപടികൾ ഇപ്പോൾ തുടരുന്നുണ്ട്; അതുണ്ടാവുകയും ചെയ്യും.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, വിവിധ രാഷ്ട്രീയ പാർട്ടികളും സംഘടനകളും ആഹ്വാനംചെയ്യുന്ന ഹർത്താലുകളും മിന്നൽ ഹർത്താലുകളും കാരണം ജനങ്ങൾ ബുദ്ധിമുട്ടനുഭവിക്കുകയാണ്. അർദ്ധരാത്രി പന്ത്രണ്ടുമണിക്കാണ് ഒരാളിനെ അറസ്റ്റുചെയ്തുവെന്ന് പറഞ്ഞുകൊണ്ട് കേരളത്തിൽ ഹർത്താൽ പ്രഖ്യാപിക്കുന്നത്. ഒരു മാസത്തിൽ എട്ട് ഹർത്താലുകൾ പ്രഖ്യാപിച്ചത് വലിയ തോതിലുള്ള ബുദ്ധിമുട്ടുകൾ ജനങ്ങൾക്കുണ്ടാക്കിയിട്ടുണ്ട്. 2014 ഡിസംബർ 29-ാം തീയതി കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ [2015(2) KLJ 442] 2008-ലെ സംസ്ഥാന നിയമ പരിഷ്കരണ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കഴിഞ്ഞ ഗവൺമെന്റ് 16-11-2015-ന് ഈ സഭയിൽ ഹർത്താൽ നിയന്ത്രണ ബിൽ സർക്കുലേറ്റ് ചെയ്ത് 2-12-2015-ന് introduce ചെയ്തത് വളരെ വിശദമായ ചർച്ചയ്ക്കൊടുവിൽ സഭയുടെ വികാരം മാനിച്ചാണ് അന്ന് സെലക്ട് കമ്മിറ്റിക്കയച്ചത്. നിയമ പരിഷ്കരണ കമ്മീഷൻ തയ്യാറാക്കിയ ബില്ലായിരുന്നു അത്. അതിന്ന് സഭയിലുണ്ട്. സഭയുടെ പ്രോപ്പർട്ടിതന്നെയാണ്. അനാവശ്യമായ ഹർത്താൽ നിയന്ത്രിക്കണം എന്ന കാര്യത്തിൽ സഭയിൽ ഏക അഭിപ്രായമാണെങ്കിൽ ഈ ബിൽ സഭയിൽ അവതരിപ്പിച്ച് പാസ്സാക്കാൻ ഗവൺമെന്റ് തയ്യാറാകുമോ? ഹർത്താൽ പരിപൂർണ്ണമായി നിയന്ത്രിക്കണമെന്ന് ആ ബില്ലിലും പറയുന്നില്ല. കേരളം

ഇനിയുള്ള കാലഘട്ടങ്ങളിൽ ഇക്കാര്യത്തിൽ വളരെ ശക്തമായ നിലപാടെടുക്കേണ്ടതുണ്ട് എന്നുള്ളതാണ് സമീപകാല സംഭവങ്ങൾ തെളിയിക്കുന്നത്. അതുകൊണ്ട് സഭയുടെ പ്രോപ്പർട്ടിയായി ഇപ്പോഴുമുള്ള ഈ ബിൽ re-introduce ചെയ്ത് പാസ്സാക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകയ്യെടുക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഹർത്താലിന്റെ കാര്യത്തിൽ അദ്ദേഹം നിലപാട് വ്യക്തമാക്കിയിരിക്കുകയാണ്. അത് പ്രതിപക്ഷത്തിന്റെ നിലപാടായിട്ടാണ് കരുതേണ്ടത്. അതായത് ഹർത്താൽ നിയന്ത്രിക്കേണ്ടതുണ്ടെന്നാണ്. അതിന്റയടിസ്ഥാനത്തിൽ നേരത്തെ പറഞ്ഞ തരത്തിലുള്ള സമവായം ഉണ്ടാക്കാൻ കഴിയുമോയെന്ന കാര്യം സഭയ്ക്ക് പുറത്ത് ചർച്ച ചെയ്യാം. അതിന്റെ തുടർച്ചയായി അദ്ദേഹത്തിന്റെ നിർദ്ദേശവും നടപ്പിലാക്കുന്ന കാര്യം പരിഗണിക്കാം.

മി. സ്പീക്കർ: ചോദ്യം നമ്പർ *2

**വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണ പ്രവർത്തനം**

2 (*2) ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. അബ്ദുൽ ഹമീദ്. പി.:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് നിർമ്മാണ പ്രവർത്തനം ആരംഭിച്ച വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം എന്നത്തേയ്ക്ക് പ്രവർത്തനക്ഷമമാകുമെന്നാണ് കരുതുന്നത്;

(ബി) പാറക്ഷാമം തുറമുഖ നിർമ്മാണത്തെ ബാധിച്ചിട്ടുണ്ടോ; ഇത് എങ്ങനെ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ;

(സി) വിഴിഞ്ഞം പദ്ധതിയുമായി ബന്ധപ്പെട്ട് ഉണ്ടായ ആക്ഷേപങ്ങളെ സംബന്ധിച്ച് അന്വേഷിക്കുന്നതിന് നിയോഗിച്ച ജസ്റ്റിസ് സി. എൻ. രാമചന്ദ്രൻനായർ കമ്മീഷൻ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ഡി) ഈ പദ്ധതിയിൽ അഴിമതിയോ രാഷ്ട്രീയ ദുരുപയോഗമോ നടന്നതായി കമ്മീഷൻ കണ്ടെത്തിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ;

(ഇ) തുറമുഖ പദ്ധതി കരാർപ്രകാരം സമയബന്ധിതമായി പൂർത്തീകരിക്കാൻ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ,

(എ) 2015 ആഗസ്റ്റ് 17-ന് അദാനി കമ്പനിയുമായി കരാർ ഒപ്പിട്ട പദ്ധതിയുടെ നിർമ്മാണം ആരംഭിച്ചത് 2015 ഡിസംബർ 5-നാണ്. കരാർ പ്രകാരം 2019 ഡിസംബർ 3-നാണ് നിർമ്മാണം പൂർത്തീകരിക്കേണ്ടത്. ഓഖി ചുഴലിക്കാറ്റ് മൂലമുണ്ടായ നാശനഷ്ടങ്ങളും പാറ ലഭിക്കുന്നതിലുള്ള ബുദ്ധിമുട്ടുകളും പരിഗണിച്ച് നിർമ്മാണം പൂർത്തീകരിക്കാൻ 16 മാസംകൂടി അധികം വേണമെന്ന് അദാനി കമ്പനി ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഓഖിമൂലമുണ്ടായ നാശനഷ്ടങ്ങൾ പദ്ധതിയുടെ നിശ്ചിത പൂർത്തീകരണ തീയതിയെ ബാധിക്കില്ലെന്ന ഇൻഡിപെൻഡന്റ് എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കാലാവധി നീട്ടിനൽകണമെന്ന അദാനി കമ്പനിയുടെ ആവശ്യം വിഴിഞ്ഞം തുറമുഖ കമ്പനി നിരസിച്ചിട്ടുണ്ട്.

(ബി) വിഴിഞ്ഞം തുറമുഖ വികസനത്തിനായി ഏകദേശം 70 ലക്ഷം ടൺ പാറയാണ് ആവശ്യമായിട്ടുള്ളത്. പാറ കണ്ടെത്തുന്നതിനായുള്ള പ്രയാസം പുലിമുട്ട് നിർമ്മാണത്തിൽ കാലതാമസമുണ്ടാക്കുമെന്നും ആയത് പദ്ധതിയുടെ നടത്തിപ്പിനെ ബാധിക്കുമെന്നും ഇൻഡിപെൻഡന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അദാനി കമ്പനി സ്വന്തം നിലയിൽ ക്വാറികൾ ആരംഭിച്ച് കല്ല് കൊണ്ടുവരുന്നതിനുള്ള ശ്രമങ്ങൾ നടത്തിവരികയാണ്. ഇതിനായി റവന്യൂ, മൈനിംഗ് ആന്റ് ജിയോളജി, പരിസ്ഥിതി തുടങ്ങിയ വകുപ്പുകളുടെ അനുമതി നേടുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. മറ്റ് സംസ്ഥാനങ്ങളിൽനിന്ന് പാറ കൊണ്ടുവരുന്ന കാര്യവും പരിഗണിക്കുന്നുണ്ട്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ ക്വാറികൾ തുടങ്ങുന്നതിനായുള്ള അപേക്ഷകൾ അദാനി കമ്പനി സമർപ്പിച്ചിട്ടുണ്ട്.

(സി&ഡി) ഉണ്ട്. റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

(ഇ) രണ്ടാഴ്ച കൂടുമ്പോൾ പദ്ധതിയുടെ ഇൻഡിപെൻഡന്റ് എഞ്ചിനീയർ നടത്തുന്ന അവലോകന യോഗം കൂടാതെ സർക്കാർതലത്തിൽ പ്രിൻസിപ്പൽ സെക്രട്ടറി ആവശ്യാനുസരണം അവലോകന യോഗങ്ങൾ നടത്തി പദ്ധതി പ്രവർത്തനങ്ങളെ വിലയിരുത്താറുണ്ട്. കൂടാതെ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ പ്രോജക്ട് ഇംപ്ലിമെന്റേഷൻ കമ്മിറ്റിയും (പി.ഐ.സി.) എംപവേർഡ് കമ്മിറ്റിയും (ഇ.സി.) പദ്ധതി നിർവ്വഹണത്തെ അവലോകനം ചെയ്ത് ആവശ്യമായ തീരുമാനങ്ങൾ എടുക്കുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു. ഇതുകൂടാതെ പദ്ധതിയുടെ പ്രധാന ഘടകമായ പുലിമുട്ട് നിർമ്മാണത്തിനാവശ്യമായ പാറ ലഭ്യമാക്കുന്നതിനായി ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 3-7-2018-ലും 1-1-2019-ലും യോഗം ചേർന്നിട്ടുണ്ട്. കൂടാതെ ചീഫ് സെക്രട്ടറിതലത്തിലും പ്രിൻസിപ്പൽ സെക്രട്ടറിതലത്തിലും യോഗങ്ങൾ ചേർന്ന് ദ്രുതഗതിയിലുള്ള നടപടി സ്വീകരിച്ചുവരുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, 2015-ൽ യു.ഡി.എഫ്. സർക്കാരിന്റെ കാലഘട്ടത്തിൽ ആരംഭിച്ച വിഴിഞ്ഞം തുറമുഖ പദ്ധതി ഇഴഞ്ഞ് നീങ്ങുകയാണെന്നതാണ് പ്രധാനപ്പെട്ട ആക്ഷേപം. ഓഖി ദുരന്തം അതിനൊരു കാരണമായി പറയാമെങ്കിലും ഇത് നമ്മുടെ രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് ആക്കംകൂട്ടുമെന്നും സംസ്ഥാനത്തിന്റെ പുരോഗതി ത്വരിതഗതിയിലാക്കുമെന്നും നമുക്കെല്ലാവർക്കുമറിയാം. ഇന്ത്യയിലെ ഏറ്റവും ആഴം കൂടിയ സീ പോർട്ടാണ് വിഴിഞ്ഞം തുറമുഖ പദ്ധതി മുഖേന വരുന്നത്. കൊളംബോ തുറമുഖം ചൈന കൈവശപ്പെടുത്തിയതിനാൽ രാജ്യത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും തന്ത്രപരമായ ഒരു സീപോർട്ടായി വളർന്നുവരേണ്ട ഒരു തുറമുഖമാണിത്. ഇതുമൂലം കേരളത്തിലെ റോഡ് ഗതാഗതം ഏറ്റവുമധികം സുഗമമാകുകയും ചെയ്യും. കേരളത്തിലെ ചരക്ക് ലോറികളിൽ 80 ശതമാനം കുറവ് ഈ തുറമുഖം വരുന്നതോടുകൂടിയുണ്ടാകും. ഇത്രയും ശ്രദ്ധേയമായ ഒരു പ്രോജക്ട് സർക്കാരിന്റെ ശ്രദ്ധക്കുറവുകൊണ്ട് ഇഴഞ്ഞുനീങ്ങുന്നു എന്നതാണ് പ്രധാനപ്പെട്ട ആക്ഷേപം. 70 ലക്ഷം ടൺ പാറ പുലിമുട്ട് നിർമ്മാണത്തിന് ആവശ്യമാണെന്ന് പറയുന്നു. പാറ ലഭ്യമാക്കുന്നതിന് സർക്കാർ യാതൊന്നും ചെയ്യുന്നില്ല എന്നുള്ളതാണ് ആക്ഷേപം. പശ്ചിമഘട്ടത്തെ ബാധിക്കാതെ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ഭാഗത്ത് ആവശ്യത്തിനുള്ള പാറയുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. അതെടുക്കുന്നതിന് മൈനിംഗ് ആന്റ് ജിയോളജി, പരിസ്ഥിതി വകുപ്പുകളുടെ അനുമതിക്കുവേണ്ടി കാത്തുനിൽക്കുന്നു എന്നാണ് പറയുന്നത്. ഈ വകുപ്പുകളെ ഏകോപിപ്പിച്ച് ഒരു സിറ്റിംഗിൽ അനുമതി ലഭ്യമാക്കുന്നതിന് സർക്കാർ എന്തുകൊണ്ട് മുൻകൈ എടുക്കുന്നില്ല എന്നുള്ളതാണ് ചോദ്യം?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ പ്രാധാന്യം കണക്കിലെടുത്ത് സംസ്ഥാന ഗവൺമെന്റ് പരമാവധി വേഗതയിൽ പൂർത്തീകരിക്കാനുള്ള ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ഈ സഭയിൽത്തന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. ഞാൻ ആമുഖത്തിൽ പറഞ്ഞതുപോലെ പാറ പ്രശ്നം ഉൾപ്പെടെയുള്ള കാര്യങ്ങൾ ഉന്നയിച്ച് കമ്പനി കൂടുതൽ സമയം നൽകണമെന്ന് ആവശ്യപ്പെട്ടപ്പോൾ ഇൻഡിപെൻഡന്റ് എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അത് നിഷേധിച്ചിട്ടുണ്ട്. പാറ ലഭ്യമാക്കുന്നതിന് പ്രധാനപ്പെട്ട നടപടികൾ സ്വീകരിച്ച കാര്യംകൂടി സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. പാറ ഖനനത്തിന് എൻ.ഒ.സി. നൽകുന്നതിനും ഖനനം നടത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പാരിസ്ഥിതിക അനുമതി

ലഭ്യമാക്കുന്നതിന് പ്രതീക്ഷിക്കുന്ന ഏതാനും ക്വാറികളിൽനിന്ന് ഉടൻതന്നെ ലഭ്യമാക്കാമെന്ന് അദാനി കമ്പനി അറിയിച്ചിട്ടുമുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ വിളിച്ച് പ്രത്യേക യോഗം ചേരുകയും ക്വാറികൾ പ്രവർത്തിപ്പിക്കുന്നതിനായി ലഭിച്ച അപേക്ഷകൾ ത്വരിതഗതിയിൽ പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യം അവലോകനം ചെയ്യാൻ ചീഫ് സെക്രട്ടറി, വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, വകുപ്പുമന്ത്രി എന്നിവരുടെ സാന്നിദ്ധ്യത്തിൽ പ്രത്യേക യോഗം ചേരുകയും ചെയ്തു. ഇതിനുപുറമെ മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് ഡയറക്ടർ ആഴ്ചതോറും അവലോകനം ചെയ്യുന്നുണ്ട്. ഇതിനെല്ലാം പുറമെ കേരളത്തിന് പുറത്തുനിന്ന് വലിയ ബാർജുകളിൽ കപ്പൽമാർഗ്ഗം പാറ കൊണ്ടുവരുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഫെബ്രുവരി മാസംതന്നെ പാറ എത്തിച്ചേരുമെന്ന് അറിയിച്ചിട്ടുണ്ട്. പദ്ധതിയുടെ പങ്കാളിത്തം വഹിക്കുന്ന ഒരു ഘടകമെന്ന നിലയ്ക്ക് ഫെസിലിറ്റേറ്ററുടെ ഉത്തരവാദിത്വംകൂടി നിർവ്വഹിക്കുകയാണ് ഗവൺമെന്റ് ചെയ്യുന്നത്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, എംപവേർഡ് കമ്മിറ്റിയും ഇംപ്ലിമെന്റേഷൻ കമ്മിറ്റിയും മറ്റുമുണ്ടെങ്കിൽത്തന്നെ ഈ പ്രോജക്ടിന്റെ കാര്യം നോക്കാൻ സ്ഥിരമായി ഒരു സെക്രട്ടറിയെ വയ്ക്കുന്നില്ല. ഇതിനകം നാല് സെക്രട്ടറിമാർക്ക് ചുമതല മാറ്റിനൽകുകയുണ്ടായി. ഇപ്പോൾ ഒരു സെക്രട്ടറിക്ക് അഡീഷണൽ ചാർജാണ് കൊടുത്തിരിക്കുന്നത്. ഇംപ്ലിമെന്റേഷൻ കമ്മിറ്റിയും മറ്റും ഉണ്ടെങ്കിൽത്തന്നെ ഫുൾ ചാർജുള്ള ഒരു സെക്രട്ടറിയുണ്ടെങ്കിൽ പദ്ധതി എത്രയുംപെട്ടെന്ന് പൂർത്തിയാക്കാൻ സാധിക്കില്ലേ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, ഭരണനിർവ്വഹണ പരിപാലനത്തിന്റെ ഭാഗമായി സെക്രട്ടറിമാരെയും ഉദ്യോഗസ്ഥരെയും പല നിലയിലുമുള്ള ഏകീകരണ പ്രക്രിയയിൽ പുനർനിർണ്ണയിക്കുന്നത് സാധാരണയാണ്. അതൊന്നും പദ്ധതിയെ ബാധിക്കാതിരിക്കാനുള്ള ജാഗ്രതയും നിർദ്ദേശവും ഉത്തരവാദപ്പെട്ടവരിൽനിന്നും ഉണ്ടായിട്ടുണ്ട്. പ്രത്യേകിച്ചും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഓരോ ആഴ്ചയിലും ഇക്കാര്യത്തെക്കുറിച്ച് അന്വേഷിച്ച് നടപടികൾ ക്രമീകരിക്കാൻ നിർദ്ദേശിക്കുന്നുണ്ട്.

ശ്രീ. അബ്ദുൽ ഹമീദ് പി.: സർ, വിഴിഞ്ഞം പദ്ധതിക്കുവേണ്ടി ഇതിനകം എത്ര കുടുംബങ്ങളെ കുടിയൊഴിപ്പിച്ചിട്ടുണ്ട്; ഇനി എത്ര കുടുംബങ്ങളെ കുടിയൊഴിപ്പിക്കേണ്ടിവരുമെന്ന് വ്യക്തമാക്കാമോ; അവർക്ക് തൃപ്തികരമായ പുനരധിവാസ പാക്കേജ് അടിയന്തരമായി നടപ്പിലാക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, കുടിയൊഴിപ്പിക്കുന്നവരുടെ നഷ്ടപരിഹാര വിതരണ പദ്ധതിയുടെ ഭാഗമായി പുനഃക്രമീകരണം ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് പ്രാധാന്യം നൽകിയിട്ടുണ്ട്. 2567 പേർക്കാണ് സഹായധനം ലഭ്യമാക്കിയിട്ടുള്ളത്. തുടർന്നുവരുന്ന–അപേക്ഷകളിലും വസ്തുതാപരമായ അന്വേഷണം നടത്തിയശേഷം മാത്രമെ അന്തിമ തീരുമാനമെടുക്കാൻ കഴിയൂ എന്നത് പ്രഖ്യാപിച്ചിട്ടുമുണ്ട്. പുനരധിവാസത്തിന്റെ ഭാഗമായി ഏതാണ്ട് 88 കുടുംബങ്ങളെ പുനരധിവസിപ്പിക്കാനുള്ള നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്. കുടിയൊഴിപ്പിക്കുന്നവർക്ക് നഷ്ടപരിഹാരം വിതരണം ചെയ്യുന്നതിന് വിവിധ തലങ്ങളിലുള്ള മത്സ്യത്തൊഴിലാളികളുമായി നിരന്തരം ചർച്ച നടത്തുകയും പരമാവധി സഹായം നൽകുകയും ചെയ്യുന്നുണ്ട്. കൂടുതൽ അപേക്ഷകൾ വരുന്നതുകൊണ്ട് അപ്പീൽ കമ്മിറ്റിയുടെ കാര്യക്ഷമമായ പരിശോധനയ്ക്കുശേഷം എല്ലാവർക്കും സഹായം ലഭ്യമാക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കും.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, കേരളത്തിന്റെ വികസന രംഗത്ത് വലിയ മാറ്റമുണ്ടാക്കുന്ന വിഴിഞ്ഞം തുറമുഖ പദ്ധതി പൂർത്തീകരിക്കണമെങ്കിൽ റെയിൽവേലൈൻകൂടി അനുബന്ധമായി നടപ്പിലാക്കേണ്ടതുണ്ട്. അതിനായി കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ടുകൊണ്ട് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; അതോടൊപ്പം ഇടതുഭാഗത്ത് കല്ലിട്ടുവരുന്നതും വലതുഭാഗത്ത് കരയെടുത്ത് വരുന്നതോടുംകൂടി അക്വാകൾച്ചറിൽ വരുന്ന മാറ്റങ്ങൾ തടഞ്ഞുനിർത്താനാവശ്യമായ ശ്രമം നടത്തുമോ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, റെയിൽവേലൈൻ ഒരു സുപ്രധാന ഘടകമാണ്. വിഴിഞ്ഞം തുറമുഖം പൂർത്തിയാകുമ്പോൾ ഏതാണ്ട് 25000 കണ്ടെയ്നറുകൾ ഉൾക്കൊള്ളാൻ കഴിയുന്ന വലിയ കപ്പലുകൾക്ക് തുറമുഖത്ത് വരാൻ കഴിയും. ഈ കണ്ടെയ്നറുകൾ കൊണ്ടുപോകുന്നതിന് റോഡ് ഗതാഗതത്തെക്കാളേറെ റെയിൽ ഗതാഗതമുണ്ടായിക്കഴിഞ്ഞാൽ ഉണ്ടാകാവുന്ന ഗുണപരമായ മാറ്റങ്ങൾ കണക്കിലെടുത്തുകൊണ്ട് ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. ആദ്യഘട്ട പരിശോധന പൂർത്തിയായി. ഇതിന്റെ പൂർത്തീകരണത്തിനുവേണ്ടി കൊങ്കൺ റെയിൽവേയുമായി ഉത്തരവാദപ്പെട്ട നിലയിൽ സംസാരിക്കുകയും കരാർ ഒപ്പിടുകയും ചെയ്തിട്ടുണ്ട്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, കേരളത്തിന്റെ പ്രസക്തി അന്താരാഷ്ട്ര തലത്തിൽ ഉയർത്തുന്ന ഒന്നായ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി ഇഴഞ്ഞുനീങ്ങുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ചോദ്യത്തിന് നൽകിയ ഉത്തരം വ്യക്തമല്ല. 2015 ആഗസ്റ്റ് 17-ന് കമ്പനിയുമായി കരാർ ഒപ്പിട്ടുവെന്നാണ് പറയുന്നത്.

2019 ഡിസംബർ 3-ന് നിർമ്മാണം പൂർത്തീകരിക്കാമെന്നാണ് കരാർ. എന്നാൽ ഓഖി ദുരന്തത്തിന്റെയും പാറ ലഭിക്കാത്തതിന്റെയും പശ്ചാത്തലത്തിൽ 16 മാസം കാലാവധി നീട്ടിച്ചോദിച്ചിട്ടുണ്ടെന്ന് പറയുന്നു. എന്നാൽ മന്ത്രി ഉത്തരത്തിൽ പറഞ്ഞിരിക്കുന്നത് ഈ ആവശ്യം വിഴിഞ്ഞം തുറമുഖ കമ്പനി നിരസിച്ചിട്ടുണ്ടെന്നാണ്. എന്റെ ചോദ്യം ഈ പദ്ധതി എന്ന് നാടിന് സമർപ്പിക്കാൻ കഴിയുമെന്നാണ്? അദാനി ഗ്രൂപ്പുമായി നമ്മുടെ സംസ്ഥാനം വച്ചിട്ടുള്ള കരാർപ്രകാരം ഈ വർഷം ഡിസംബറിൽ പൂർത്തിയാക്കണമെന്നാണ്. അവർ സമയം നീട്ടിച്ചോദിക്കുന്നുമുണ്ട്. ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ അഭിപ്രായമെന്താണ്; എന്ന് പൂർത്തിയാക്കാൻ സാധിക്കും?

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: സർ, വിഴിഞ്ഞം തുറമുഖ കമ്പനി സർക്കാരിന്റെ ഒരു ഘടകമാണ്. അതിന്റെ അഭിപ്രായങ്ങൾ സർക്കാരുമായി ആലോചിച്ച് നിർവ്വഹിക്കുന്നതാണ്. പൂർത്തിയാക്കുന്നത് സംബന്ധിച്ചുള്ള സാങ്കേതിക ഭൗതിക പ്രതിസന്ധിയാണ് പരിമിതിയായി ചൂണ്ടിക്കാണിച്ചത്. അത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചാൽ മാത്രമെ ഇത്രയും ബൃഹത്തായ പദ്ധതി വേഗത്തിൽ പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ. അതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, വിഴിഞ്ഞം പദ്ധതി നടപ്പാക്കാതിരിക്കാൻ ലോകത്തുള്ള പല രാഷ്ട്രങ്ങളും ആഗ്രഹിക്കുന്നുണ്ടെന്നും മന്ദഗതിയിലാണ് ഈ പദ്ധതി നീങ്ങുന്നതെന്നും എല്ലാവർക്കുമറിയാം. ഈ ഗവൺമെന്റിന്റെ ഭരണകാലത്ത് അതിനൊരു മാറ്റം പ്രതീക്ഷിക്കുന്നു. കാരണം <u>ബഹു</u>. പിണറായി വിജയൻ സർക്കാർ അധികാരത്തിൽ വന്നപ്പോൾ മ്യൂസിയത്തിനുമാത്രമായി ഒരു മന്ത്രിയെ നിയോഗിച്ചിരിക്കുകയാണ്. വേറെ വകുപ്പൊന്നും അദ്ദേഹത്തിനില്ല. അദ്ദേഹത്തിന് തുറമുഖ വകുപ്പുമാത്രമാണ് കൊടുത്തിരിക്കുന്നത്. പിന്നെ എന്തുകൊണ്ടാണ് കാലതാമസമുണ്ടാകുന്നതെന്ന് പറയണ്ടേ? ആ പദ്ധതി ഞാൻ കണ്ടിരുന്നു, വളരെ ദു:ഖകരമാണ്. എന്തുകൊണ്ട് ഇക്കാര്യത്തിൽ മന്ത്രി പേഴ്സണലായി ഇടപെടുന്നില്ല. ഈ മന്ത്രിയെക്കൊണ്ട് സാധിക്കുകയില്ലെങ്കിൽ അതേറ്റെടുക്കാനുള്ള ബാധ്യത <u>ബഹു</u>മാനപ്പെട്ട മുഖ്യമന്ത്രിക്കില്ലേ? പ്രാദേശിക ജനങ്ങൾക്ക് നൈപുണ്യ പരിശീലനം നൽകുമെന്ന് പറഞ്ഞിട്ടുണ്ടെങ്കിലും ഇതുവരെയും അത് തുടങ്ങിയിട്ടില്ല. അതുകൊണ്ട് <u>ബഹു</u>മാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഇക്കാര്യത്തിൽ ഇടപെട്ട് പ്രദേശവാസികളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കാനുള്ള ശക്തമായ നടപടി സ്വീകരിക്കുമോ; <u>ബഹു</u>മാനപ്പെട്ട മുഖ്യമന്ത്രി ഇതിന് മറുപടി പറയാൻ തയ്യാറാകുമോ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, പദ്ധതി വേഗത്തിൽ പൂർത്തിയാക്കണമെന്ന ബഹുമാനപ്പെട്ട അംഗങ്ങളെല്ലാം പ്രകടിപ്പിച്ച അഭിപ്രായത്തിനോട് സർക്കാരിന് വിരുദ്ധാഭിപ്രായമില്ല. ബൃഹത്തായ സാങ്കേതിക ഭൗതിക സൗകര്യമൊരുക്കേണ്ട പദ്ധതി പ്രഖ്യാപിച്ചാൽ സാധാരണരീതിയിൽ അത് പൂർത്തിയാക്കാൻ കഴിയില്ല. അതിനുള്ള നടപടി ഘട്ടംഘട്ടമായി നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. അതിന്റെ പൂർത്തീകരണത്തിനുള്ള ഘടകമെന്ന നിലയിൽ സംസ്ഥാന ഗവൺമെന്റ് ആ നിലയിലുള്ള ഉത്തരവാദിത്വങ്ങൾ നിർവ്വഹിച്ചുകൊണ്ടിരിക്കുകയാണ്. അത് വേഗത്തിൽ പൂർത്തിയാക്കണമെന്ന കാര്യത്തിൽ ഗവൺമെന്റിന് പക്ഷാന്തരമില്ല. അക്കാര്യങ്ങളാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ തവണ ചർച്ച നടത്തിയപ്പോഴും വ്യക്തമാക്കിയത്. അങ്ങനെ വ്യക്തമാക്കിയതിൽ കാര്യമായ കൂട്ടിച്ചേർക്കലുകൾ വരുത്താനില്ലാത്തതുകൊണ്ട് അക്കാര്യം നടപ്പാക്കുമെന്നാണ് എനിക്ക് ആവർത്തിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, വിഴിഞ്ഞം പദ്ധതിയുടെ കാര്യത്തിൽ സംസ്ഥാനത്തിന് വലിയ താത്പര്യമാണുള്ളത്. അത് സമയബന്ധിതമായി പൂർത്തിയാക്കുകയെന്നതുതന്നെയാണ് നമ്മളെല്ലാവരും ഉദ്ദേശിക്കുന്നത്. നമ്മുടെ സംസ്ഥാനത്തുണ്ടായ ചില കാര്യങ്ങൾ വിഴിഞ്ഞം പദ്ധതിയെ പ്രതികൂലമായി ബാധിച്ചു. ആദ്യം വന്നത് ഓഖി ദുരന്തമാണ്. ഓഖി ദുരന്തത്തിന്റെ ഘട്ടത്തിൽ അവിടെ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന കാര്യങ്ങളെ ഗൗരവമായി ബാധിക്കുന്ന സ്ഥിതിയുണ്ടായി. ആ ഘട്ടം തരണം ചെയ്യേണ്ടതായി വന്നു. പിന്നീട് പ്രളയഘട്ടത്തിൽ അതിനെ നേരിടേണ്ടതായി വന്നു. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ കല്ല് കിട്ടുകയെന്നത് വളരെ പ്രധാനമാണ്. എല്ലാ സ്ഥലങ്ങളിലും പ്രളയമുണ്ടായി. കല്ല് കിട്ടേണ്ട പ്രദേശങ്ങളെയും ഇത് പ്രതികൂലമായി ബാധിച്ചു. എല്ലാവരുടെയും ശ്രദ്ധ അതിലേയ്ക്കായി. പദ്ധതി നിർമ്മാണത്തിനുള്ള കല്ല് വേഗം ലഭിക്കുന്നതിനുള്ള നടപടികളെടുത്തുവരികയാണ്. കളക്ടർമാരെ പ്രത്യേകം ചുമതലപ്പെടുത്തി കല്ല് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. പാറ ക്വാറികളിലൂടെയാണ് കിട്ടേണ്ടത്. ക്വാറികളിലുള്ളവരോട് നിശ്ചിത ഭാഗം ഇത്തരം കാര്യങ്ങൾക്ക് നൽകണമെന്ന നിബന്ധനയും ബന്ധപ്പെട്ട കളക്ടർമാർ നിശ്ചയിച്ചുകൊടുത്തിട്ടുണ്ട്. സമയബന്ധിതമായി പൂർത്തിയാക്കാനുള്ള നടപടികളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. പദ്ധതിക്ക് കാലതാമസമുണ്ടാകുമെന്ന ആശങ്ക ഉണ്ടാകേണ്ടതില്ല.

മി. സ്പീക്കർ: അടുത്ത ചോദ്യത്തിലേയ്ക്ക് കടക്കാം.....(ബഹളം).... ബഹളം വയ്ക്കണ്ട. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ വിശദീകരിച്ചതിന്റെ അടിസ്ഥാനത്തിൽ അടുത്ത ചോദ്യത്തിലേയ്ക്ക് കടക്കാം. അടുത്തത് പ്രധാനപ്പെട്ട ചോദ്യമായതുകൊണ്ട് എടുത്തതാണ്. ...(ബഹളം).... ഇതിൽ ബഹളം വയ്ക്കാനെന്താണുള്ളത്? ചോദിക്കുന്നെങ്കിൽ ചോദിക്കൂ....(ബഹളം).... പ്ലീസ്.......(ബഹളം)....

ശ്രീ. എം. വിൻസെന്റ്: സർ, ഈ പദ്ധതി 2019 ഡിസംബറിൽ പൂർത്തിയാകുമെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിക്കോ, മറുപടി പറഞ്ഞ മുഖ്യമന്ത്രിക്കോ പറയാൻ കഴിഞ്ഞിട്ടില്ല. സർക്കാരിന്റെ മെല്ലെപ്പോക്കും അലസതയുമാണ് ഈ പദ്ധതി വൈകാനുള്ള പ്രധാനപ്പെട്ട കാരണം. ഓഖി ദുരന്തം പദ്ധതി വൈകാനുള്ള കാരണമല്ലെന്നുള്ള ഇൻഡിപെൻഡന്റ് എഞ്ചിനീയറുടെ റിപ്പോർട്ട് സർക്കാരിന്റെ കയ്യിലുണ്ട്. അതൊരു കാരണമല്ല. ആകെയുള്ള പ്രശ്നം പാറ കിട്ടുന്നതിലുള്ള തടസ്സമാണ്. ഗവൺമെന്റ് ഒരു ഫെസിലിറ്റേറ്ററുടെ ചുമതല വഹിക്കുന്നുവെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുമ്പോൾ എന്തുകൊണ്ടാണ് ഇത്രയുംകാലമായി പാറ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കാൻ സർക്കാരിന് സാധിക്കാത്തത്?

മി. സ്പീക്കർ: അതിനുള്ള മറുപടിയാണ് അദ്ദേഹം പറഞ്ഞത്.

ശ്രീ. എം. വിൻസെന്റ്: സർ, അതുപോലെ അദാനി ചെയ്യേണ്ട ചില കാര്യങ്ങളുണ്ട്. ഇക്കാര്യങ്ങൾ ചെയ്യിക്കാനുള്ള ചീഫ് സെക്രട്ടറി ചെയർമാനായുള്ള പ്രോജക്റ്റ് ഇംപ്ലിമെന്റേഷൻ കമ്മിറ്റി കാലാകാലങ്ങളിൽ യോഗംകൂടി കാര്യങ്ങൾ കൃത്യമായി ചെയ്യിക്കാനുള്ള നടപടി സ്വീകരിക്കുന്നില്ല. ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ എന്നെങ്കിലും റിവ്യൂ മീറ്റിംഗ് കൂടിയിട്ടുണ്ടോ? ഈ പദ്ധതിയെക്കുറിച്ച് റിവ്യൂ മീറ്റിംഗ് കൂടിയിട്ടില്ല. കൃത്യമായ സമയത്ത് അവരെക്കൊണ്ട് ചെയ്യിക്കേണ്ട കാര്യങ്ങൾ ചെയ്യിക്കാൻ സാധിക്കുന്നില്ല. റെയിൽവേയിൽനിന്നും ഭൂമി പോലും ഏറ്റെടുത്തിട്ടില്ല. കൃത്യമായി കമ്മിറ്റി കൂടാൻ ഈ സർക്കാർ എന്തുകൊണ്ട് അലംഭാവം കാണിക്കുന്നു. കമ്മിറ്റികൂടി കൃത്യമായി റിവ്യൂ ചെയ്യുമോ എന്നതാണ് എന്റെ ചോദ്യം.

ശ്രീ. പിണറായി വിജയൻ: സർ, അദ്ദേഹം കുറച്ച് ആരോപണങ്ങൾ ഉന്നയിക്കാൻ തയ്യാറായി വന്നിട്ടുള്ളതാണെന്നാണ് തോന്നുന്നത്. അതിന്റെ ഭാഗമായിട്ടാണ് കാര്യങ്ങൾ പറഞ്ഞത്. ഇവിടെ ചോദ്യോത്തരസമയത്ത് ആ ചോദ്യത്തിന്റെ ഉത്തരം കഴിഞ്ഞുവെന്ന രീതിയിൽ അവസാനിപ്പിച്ചപ്പോൾ, അദ്ദേഹം എഴുന്നേറ്റപ്പോൾ അവിടത്തെ അംഗം എന്ന നിലയിൽ അങ്ങ് ചോദ്യം അനുവദിക്കുന്ന നിലയിലാണ് ചെയറിലിരുന്ന് പറഞ്ഞത്. ഞാൻ പറയുന്ന കാര്യം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ശ്രദ്ധിക്കേണ്ടതാണ്. ഈ ഘട്ടത്തിൽ അവിടെ എന്താണ് കണ്ടത്? ബഹുമാന്യനായ ഒരംഗം അദ്ദേഹത്തിന്റെ അടുത്തുനിന്നു കൊണ്ട് ഈ സഭയിൽ പറയാൻ പാടില്ലാത്ത ഒരു വാക്ക് വിളിച്ചുപറയുന്നതായി അങ്ങും ചിലപ്പോൾ കേട്ടിട്ടുണ്ടാകും. ചിലപ്പോൾ അങ്ങ് അതിന്റെ തുടർനടപടികൾ വേണ്ടെന്നുവച്ചതായിരിക്കും. ഇതാണോ രീതി. സഭയിലെ അംഗം എന്ന നിലയിൽ സംസാരിക്കാൻ അങ്ങ് അനുവാദം കൊടുക്കുന്നു. അപ്പോൾ അനാവശ്യമായ ബഹളവും പദപ്രയോഗവും ഈ സഭയിൽ നടത്തേണ്ട കാര്യമുണ്ടോ? അതാണ് ഒരു ഭാഗം. അത് അങ്ങും ഈ സഭയും പ്രതിപക്ഷനേതാവും ചിന്തിക്കേണ്ട കാര്യമാണ്.

അദ്ദേഹം ചൂണ്ടിക്കാണിച്ച കാര്യം, ഇതുമായി ബന്ധപ്പെട്ട് പരിശോധനയും റിവ്യൂ മീറ്റിംഗും നടക്കുന്നില്ല, ഇംപ്ലിമെന്റേഷൻ കമ്മിറ്റി യാതൊന്നും ചെയ്യുന്നില്ല എന്നാണ്. ഇതെല്ലാം സമയബന്ധിതമായി നടന്നുകൊണ്ടിരിക്കുകയാണ്. റിവ്യൂവും മന്ത്രിതലത്തിലും മുഖ്യമന്ത്രിതലത്തിലുമുള്ള എല്ലാ പരിശോധനയും അതിന്റെ ഭാഗമായുള്ള നടപടികളും നടക്കുന്നുണ്ട്. പാറ സമാഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടക്കുന്നുണ്ട്. അതുകൊണ്ട് ഒരാശങ്കയും വേണ്ടതില്ല. സമയബന്ധിതമായി ഈ പദ്ധതി പൂർത്തിയാക്കാൻ തന്നെയാണ് നടപടി സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെയുണ്ടല്ലോ, അദ്ദേഹം പറയട്ടെ. അദ്ദേഹത്തിന്റെ കയ്യിൽ ചിലപ്പോൾ കണക്ക് കാണില്ല. വിഴിഞ്ഞം പദ്ധതിക്ക് അനിയന്ത്രിതമായ കാലതാമസമുണ്ടാകുന്നുവെന്ന പരാതി കേൾക്കുന്നുണ്ട്. എത്ര റിവ്യൂ മീറ്റിംഗ് വിളിച്ചുകൂട്ടിയിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയട്ടെ.

മി. സ്പീക്കർ: മന്ത്രിസഭയ്ക്കുവേണ്ടിയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കയ്യിൽ കണക്ക് കാണില്ല, എനിക്കറിയാം. ബഹുമാനപ്പെട്ട മന്ത്രി പറയട്ടെ.

ശ്രീ. പിണറായി വിജയൻ: സർ, മുഖ്യമന്ത്രി എന്ന നിലയ്ക്ക് വിളിച്ചുചേർത്ത ഒട്ടേറെ റിവ്യൂ മീറ്റിംഗുകളുണ്ട്. അതിന്റെ ഭാഗമായി തന്നെയാണ് ഞാൻ പറഞ്ഞത്.

മി. സ്പീക്കർ: ചോദ്യം നമ്പർ (*3)-ഉം ചോദ്യം നമ്പർ (*27)-ഉം ക്ലബ്ബ് ചെയ്യുന്നതിന് ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. സുരേഷ് കുറുപ്പ് നോട്ടീസ് നൽകിയിട്ടുണ്ട്. ക്ലബ്ബിംഗ് അനുവദിക്കുന്നു.

## റീ ബിൽഡ് കേരളയുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്താൻ നടപടി

3 (*3) ശ്രീ. വി. ഡി. സതീശൻ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. പി. ടി. തോമസ്:
ശ്രീ. അനിൽ അക്കര: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തര കേരളം പുനഃസൃഷ്ടിക്കുന്നതിനുള്ള റീബിൽഡ് കേരളയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) നടപടിക്രമങ്ങളിലെ കാലതാമസംമൂലം പല പദ്ധതികളും വൈകുന്നതായുള്ള ആക്ഷേപം വസ്തുതാപരമാണോയെന്ന് വ്യക്തമാക്കാമോ;

(സി) നിലവിലുള്ള ലോകബാങ്ക് പദ്ധതികളിൽ ഇതുവരെ ചെലവഴിക്കാത്ത തുക പുനർനിർമ്മാണ പദ്ധതികളിൽ ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ഡി) റീ ബിൽഡ് കേരളയുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തി പ്രളയത്തിൽ ദുരിതമനുഭവിച്ചവർക്ക് ആവശ്യമായ അടിയന്തര സഹായ നടപടി കൈക്കൊള്ളുമോ;

(ഇ) പ്രളയത്തിൽ കൃഷി, തൊഴിൽ, കടകൾ, കന്നുകാലികൾ എന്നിവ നഷ്ടപ്പെട്ട കുടുംബങ്ങളെ സർക്കാർ പൂർണ്ണമായും അവഗണിക്കുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നറിയിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ) ഉണ്ട്.

(ബി) നടപടിക്രമങ്ങളുടെ കാലതാമസംമൂലം പദ്ധതികൾ വൈകുന്നതായുള്ള ആക്ഷേപം അടിസ്ഥാനരഹിതമാണ്. പ്രളയത്തെത്തുടർന്ന് അടിയന്തര സഹായമെത്തിക്കുക, കേന്ദ്ര ദുരന്ത നിവാരണ ഫണ്ടിൽനിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും സർക്കാർ തീരുമാനപ്രകാരമുള്ള ധനസഹായം വിതരണം ചെയ്യുക തുടങ്ങിയ കാര്യങ്ങൾ റവന്യൂ വകുപ്പ് ഏകോപിപ്പിക്കുന്നുണ്ട്.

ആസ്തികൾ നഷ്ടപ്പെട്ട പ്രളയബാധിതർക്ക് അതത് വകുപ്പുകളും തദ്ദേശഭരണ സ്ഥാപനങ്ങളും തങ്ങളുടെ പദ്ധതി വിഹിതത്തിനകത്തുനിന്നുതന്നെ പുനരധിവാസ പദ്ധതികൾ ആവിഷ്കരിക്കുകയോ നിലവിലെ പദ്ധതികൾ ഭേദഗതി ചെയ്തോ നടപ്പാക്കിയിട്ടുണ്ട്. ഗാർഹിക ഉപകരണങ്ങളുടെ ലഭ്യത ഉറപ്പാക്കാനായി സർക്കാർ പലിശ വഹിക്കുന്ന രീതിയിൽ പ്രളയബാധിതർക്ക് ഒരു ലക്ഷം രൂപ വരെ കുടുംബശ്രീ വഴി വായ്പയും ലഭ്യമാക്കിയിട്ടുണ്ട്. ഇതിനൊക്കെ പുറമെയാണ് കേരളം പുനഃസൃഷ്ടിക്കാനുള്ള സമഗ്ര ഇടപെടലുമായി റീ ബിൽഡ് കേരള പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.

കേരളം അഭിമുഖീകരിച്ച പ്രളയത്തിന്റെ പശ്ചാത്തലത്തിൽ പുനർനിർമ്മാണം നടത്തുമ്പോൾ പഴയത് അതേപോലെ നിർമ്മിക്കുക എന്നതിനല്ല സർക്കാർ ശ്രമിക്കുന്നത്. മെച്ചപ്പെട്ട ജീവിതനിലവാരം ഉറപ്പാക്കുക, ആസ്തികൾ പുനർനിർമ്മിക്കുമ്പോൾ ഭാവിയിലുണ്ടാകാനിടയുള്ള ദുരന്തങ്ങൾ അതിജീവിക്കുന്ന വിധത്തിലുള്ള സാങ്കേതിക വിദ്യകളെക്കൂടി ഉൾക്കൊള്ളുക, പാരിസ്ഥിതിക സൗഹാർദ്ദ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് സമയബന്ധിതമായി പൂർത്തീകരിക്കുക എന്നിവയുടെ അടിസ്ഥാനത്തിലാണ് കേരള പുനർനിർമ്മാണ പദ്ധതിക്ക് സർക്കാർ രൂപംനൽകിയിട്ടുള്ളത്.

ഇത്തരത്തിൽ വിശദമായ പദ്ധതിരേഖയും നിർവ്വഹണ സമയക്രമവും നിശ്ചയിച്ച് പ്രാപ്തരായ ഏജൻസികൾ വഴി നടപ്പിലാക്കുക എന്നതാണ് റീ ബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ നിർവ്വഹണ സമീപനം. ഇതിന്റെ ഭാഗമായി കൃഷി, ജലവിഭവം, പരിസ്ഥിതി, പൊതുമരാമത്ത്, തദ്ദേശ സ്വയംഭരണം, ഗതാഗതം, മത്സ്യബന്ധനം, ദുരന്തനിവാരണം തുടങ്ങിയ വിവിധ വകുപ്പുകൾവഴി ഇത്തരത്തിലുള്ള പദ്ധതിരേഖകൾ തയ്യാറാക്കി വിവിധ ഫണ്ടിംഗ് ഏജൻസികൾക്ക് സമർപ്പിക്കുന്നതിനുള്ള നടപടിയാണ് റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് നിലവിൽ ഏറ്റെടുത്തിട്ടുള്ളത്.

ഇക്കാര്യങ്ങൾ ഏകോപിപ്പിക്കാൻ മുഖ്യമന്ത്രി അദ്ധ്യക്ഷനും പ്രതിപക്ഷ നേതാവും വിദഗ്ദ്ധരും ഉൾപ്പെടുന്ന ഉപദേശക സമിതിയും ചീഫ് സെക്രട്ടറി ചെയർമാനായ ഉന്നതാധികാര സമിതിയും മൂന്നംഗ ആർ.കെ.ഐ. ഇംപ്ലിമെന്റേഷൻ കമ്മിറ്റിയും പ്രിൻസിപ്പൽ സെക്രട്ടറി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായ ആർ.കെ.ഐ. സെക്രട്ടേറിയറ്റും പ്രവർത്തിക്കുന്നു.

(സി) ലോകബാങ്ക് സഹായ പദ്ധതികളായ Kerala State Transport Project, National Cyclone Risk Mitigation Project എന്നീ പദ്ധതികളിലായി നീക്കിയിരിപ്പുള്ളത് 400 കോടിയോളം രൂപയാണ്. ഇത് പ്രളയാനന്തര പുനർനിർമ്മാണ പ്രവൃത്തികൾക്കായി ഉപയോഗപ്പെടുത്തുന്നതിന്റെ ഭാഗമായി കേന്ദ്രസർക്കാരിന്റെ അനുമതി ആവശ്യപ്പെട്ടു. ആയതിന്മേൽ ലോക ബാങ്കിന്റെ പ്രൊപ്പോസൽ പ്രകാരം പ്രസ്തുത തുക ഉപയോഗപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാരിന്റെ സാമ്പത്തികകാര്യ വകുപ്പ് നോ ഒബ്ജക്ഷൻ അറിയിച്ചിട്ടുണ്ട്.

(ഡി) പ്രളയത്തിൽ ദുരിതം അനുഭവിച്ചവരുടെ അടിയന്തരമായ പുനരധിവാസം വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ ഫലപ്രദമായി നടപ്പിലാക്കിവരുന്നു.

(1) 6,87,843 പേർക്ക് 10,000 രൂപ വീതം അടിയന്തര ധനസഹായം നൽകിയിട്ടുണ്ട്. ഇതിൽ 77041 പേർ അപ്പീലുകൾവഴി ധനസഹായത്തിന് അർഹതയുള്ളതായി പരിഗണിക്കപ്പെട്ടവരാണ്.

(2) ഒക്ടോബർ മാസം മുതൽ ഡിസംബർ വരെ 10,50,838 കിറ്റുകൾ വീതമാണ് വിതരണം ചെയ്തത്. ഇതിനായി 52.54 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് ക്യാമ്പുകളിൽനിന്ന് വീടുകളിലേയ്ക്ക് തിരിച്ചുപോയപ്പോൾ നൽകിയ കിറ്റുകൾക്ക് പുറമെയാണ്.

(3) കന്നുകാലികൾ നഷ്ടപ്പെട്ട 27363 കുടുംബങ്ങൾക്ക് 21.7 കോടി രൂപയുടെ ആനുകൂല്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

(4) 238,376 കർഷകർക്ക് ദുരന്തനിവാരണ നിധിയിൽനിന്ന് 69.1 കോടി രൂപയും 224610 കർഷകർക്ക് 110.45 കോടി രൂപയുടെ കാർഷിക സഹായം സംസ്ഥാന ബഡ്ജറ്റിൽനിന്നും ലഭ്യമാക്കിയിട്ടുണ്ട്. ഇതിനുപുറമെ, 13321 കർഷകർക്ക് 21.57 കോടി രൂപ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം നഷ്ടപരിഹാരം നൽകിയിട്ടുണ്ട്.

(5) മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി പ്രകാരം 60996 പുതിയ തൊഴിൽ കാർഡ് നൽകുകയും 4.93 കോടി അധിക തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. 559.19 കോടി രൂപ ഈ പദ്ധതി പ്രകാരം വിതരണം ചെയ്തിട്ടുണ്ട്.

(6) 94891 പേർക്ക് 732.46 കോടി രൂപ കുടുംബശ്രീ മുഖേന പലിശരഹിത വായ്പയായി ലഭ്യമാക്കിയിട്ടുണ്ട്. ഇതിന്റെ പലിശ പൂർണ്ണമായും സർക്കാരാണ് വഹിക്കുന്നത്.

(7) പൂർണ്ണമായും തകർന്ന 13362 വീടുകളിൽ 9341 പേർക്ക് ആദ്യഗഡു ധനസഹായം നൽകുകയും വീട് പണി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ളവ സഹകരണ സ്ഥാപനങ്ങളുടെ കൂട്ടായ്മയായ കെയർഹോം, സന്നദ്ധസംഘടനകൾ എന്നിവ മുഖേന നിർമ്മാണം ഏറ്റെടുത്തിട്ടുണ്ട്. പൂർണ്ണമായും തകർന്ന എല്ലാ വീടുകളും പണിയുന്നതിനുള്ള ക്രമീകരണം പൂർത്തിയായിട്ടുണ്ട്.

(8) ഭാഗികമായി തകർന്ന വീടുകളുടെ തകർച്ചയുടെ തോതനുസരിച്ച് നാല് വിഭാഗങ്ങളായി തിരിച്ച് ആദ്യ രണ്ട് വിഭാഗങ്ങൾക്ക് ധനസഹായം പൂർണ്ണമായും നൽകിയിട്ടുണ്ട്. ബാക്കിയുള്ളവർക്ക് ഒന്നാം ഗഡു ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. 121265 കുടുംബങ്ങൾക്ക് ഇത്തരത്തിൽ ആനുകൂല്യം ലഭിച്ചിട്ടുണ്ട്. ഫെബ്രുവരി 15-നകം അടുത്ത ഗഡു ഉൾപ്പെടെ അവശേഷിക്കുന്നവർക്കെല്ലാം പൂർണ്ണമായി ധനസഹായം വിതരണം ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(9) വിവിധ ആനുകൂല്യങ്ങൾ സംബന്ധിച്ച് അപ്പീലുകളും പരാതികളുമായി 54792 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇത് സമയബന്ധിതമായി തീർപ്പാക്കാൻ നടപടി സ്വീകരിക്കുന്നുണ്ട്.

കേന്ദ്രസർക്കാരിന്റെ മാർഗ്ഗരേഖയിലുള്ള ധനസഹായത്തേക്കാൾ വർദ്ധിച്ച തോതിലുള്ള സഹായമാണ് സംസ്ഥാന സർക്കാർ നൽകിവരുന്നത്. ഇത്ര ചുരുങ്ങിയ കാലയളവിൽ ഇത്രയധികം ധനസഹായം വിതരണം ചെയ്ത ഒരു കാലഘട്ടവും സംസ്ഥാനത്തുണ്ടായിട്ടില്ല.

(ഇ) പ്രളയത്തിൽ കൃഷി, തൊഴിൽ, കടകൾ, കന്നുകാലികൾ തുടങ്ങിയവ നഷ്ടപ്പെട്ട കുടുംബങ്ങളുടെ ജീവനോപാധികൾ പുനഃസ്ഥാപിക്കുന്നതിനായി വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**പ്രളയാനന്തര കേരള പുനഃസൃഷ്ടി**

4 (*27) ശ്രീ. സജി ചെറിയാൻ:
ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. എ. എം. ആരിഫ്:
ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ പ്രളയത്തിൽ പൂർണ്ണമായും തകർന്ന വീടുകൾക്കുപകരം മഴക്കാലത്തിനുമുമ്പായി പുതിയ വീടുകൾ നിർമ്മിക്കുകയെന്ന ലക്ഷ്യത്തോടെ നടത്തിവരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ;

(ബി) പ്രളയാനന്തര കേരള പുനഃസൃഷ്ടിക്കായി ആവിഷ്കരിച്ചിട്ടുള്ള റീ ബിൽഡ് കേരള പ്രവർത്തനം ദ്രുതഗതിയിലാക്കുന്നതിന് നടത്തുന്ന ഇടപെടലുകൾ വിശദമാക്കാമോ;

(സി) പ്രശംസനീയമായവിധം ദുരിതാശ്വാസ, പുനരധിവാസ പ്രവർത്തനങ്ങൾ നടത്തിയ പ്രളയകാലത്തെ കൂട്ടായ്മ തകർക്കാനും സാലറി ചലഞ്ച് ഉൾപ്പെടെയുള്ള ധനസമാഹരണ മാർഗ്ഗങ്ങൾ അട്ടിമറിക്കാനും നടത്തിയ ശ്രമങ്ങളെ അതിജീവിച്ചുകൊണ്ട് എല്ലാവരുടെയും സഹകരണത്തോടെ നടത്താനുദ്ദേശിക്കുന്ന ഹ്രസ്വകാല, ദീർഘകാല പുനർനിർമ്മാണ പദ്ധതികൾ എന്തെല്ലാമാണ്; ഇതിന്റെ രൂപരേഖ തയ്യാറാക്കി പ്രവർത്തനം സജ്ജമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അറിയിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ) പ്രളയക്കെടുതിയിൽ പൂർണ്ണമായും നഷ്ടപ്പെട്ടതോ വാസയോഗ്യമല്ലാതായതോ ആയ വീടുകൾക്ക് വീട്ടുടമകൾതന്നെ വീട് പുനർനിർമ്മിക്കുമെന്ന വ്യവസ്ഥയിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി, സംസ്ഥാന ദുരന്ത പ്രതികരണനിധി എന്നിവയിൽനിന്നും 4 ലക്ഷം രൂപയും ഭൂമി പൂർണ്ണമായും നഷ്ടപ്പെട്ടുപോയവർക്ക് സ്ഥലം വാങ്ങുന്നതിനായി 6 ലക്ഷം രൂപയും അനുവദിച്ചുവരുന്നു. സംസ്ഥാനത്ത് പ്രളയക്കെടുതിയുടെ ഭാഗമായി നാശനഷ്ടം സംബന്ധിച്ചുള്ള വീടുകളുടെയും മറ്റ് സ്ഥാപനങ്ങളുടെയും പുനർനിർമ്മാണം നടത്താൻ സന്നദ്ധരായി സർക്കാരിനെ സമീപിക്കുന്ന സന്നദ്ധസംഘടനകൾ, വ്യക്തികൾ, പ്രസ്ഥാനങ്ങൾ, കോർപ്പറേറ്റുകൾ

എന്നിവർക്ക് നേരിട്ടോ ക്രൗഡ് ഫണ്ടിംഗ് മുഖേനയോ സഹായം നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിലുള്ള തുടർപ്രവർത്തനങ്ങൾക്കായി ആസൂത്രണവും സാമ്പത്തികകാര്യവും വകുപ്പിന്റെ അഡീഷണൽ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പുറമ്പോക്കിൽ താമസിച്ചിരുന്ന പ്രളയബാധിതർക്കും പ്രളയത്തിൽ വീടുകൾക്ക് നാശനഷ്ടം സംഭവിച്ചവർക്കും ദുരന്തപ്രതികരണ നിധിയിൽനിന്നും ദുരിതാശ്വാസ സഹായം നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പൂർണ്ണമായും തകർന്നതോ വാസയോഗ്യമല്ലാതായതോ ആയ വീടുകൾ പുനർനിർമ്മിക്കുന്നതിന് സഹകരണ വകുപ്പ് കെയർ ഹോം എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) കേരളം അഭിമുഖീകരിച്ച പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ജനങ്ങൾക്ക് മെച്ചപ്പെട്ട ജീവിതനിലവാരം ഉറപ്പാക്കുക, പ്രവർത്തനങ്ങളിലെ കാര്യക്ഷമതയിലുള്ള പോരായ്മകൾ പരിഹരിച്ച് കൂടുതൽ പ്രവർത്തനക്ഷമമായ കേരളം സൃഷ്ടിക്കുക, പ്രകൃതി ദുരന്തത്തിൽ നാശനഷ്ടം നേരിട്ട ആസ്തികൾ ഭാവിയിലുണ്ടാകാനിടയുള്ള ദുരന്തങ്ങൾ അതിജീവിക്കുന്ന വിധത്തിലുള്ള സാങ്കേതികവിദ്യകളിലൂന്നിയും പാരിസ്ഥിതിക സൗഹാർദ്ദ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടും സമയബന്ധിതമായി പുനർനിർമ്മിക്കുകയോ പുനരുദ്ധരിക്കുകയോ ചെയ്യുക എന്നിങ്ങനെ വിശാലമായ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് കേരള പുനർനിർമ്മാണ പദ്ധതിക്ക് സർക്കാർ രൂപംനൽകിയിട്ടുള്ളത്.

പദ്ധതികളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും വേഗത/കാര്യക്ഷമത ഉൾച്ചേർക്കൽ, ദുരന്തങ്ങൾ അതിജീവിക്കുന്ന വിധത്തിലുള്ള സാങ്കേതിക വിദ്യകളുടെ പ്രയോഗം, നീതിപൂർവ്വകവും നിഷ്പക്ഷവുമായ പുനരധിവാസ നടപടികൾ, മെച്ചപ്പെട്ട കാര്യക്ഷമത ഉറപ്പാക്കൽ, ആസ്തി പരിപാലന ചട്ടക്കൂടുകളുടെ രൂപീകരണം, നടപടിക്രമങ്ങളുടെ ലഘൂകരണം എന്നീ അടിസ്ഥാന സമീപനങ്ങൾ പാലിച്ചുകൊണ്ട് കേരള പുനർനിർമ്മാണം സാധ്യമാക്കുക എന്നതിനാണ് റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് ഊന്നൽ നൽകുന്നത്. മേൽപ്പറഞ്ഞ വിധത്തിൽ വികസന ആശയങ്ങൾ രൂപപ്പെടുത്തുക, നിശ്ചിത മാനദണ്ഡങ്ങൾക്കും വിലയിരുത്തലുകൾക്കും വിധേയമായി പ്രസ്തുത ആശയങ്ങളിൽനിന്നും നിർവ്വഹണ യോഗ്യമായവ തെരഞ്ഞെടുത്ത് വിശദമായ പദ്ധതിരേഖയും നിർവ്വഹണ സമയക്രമവും നിശ്ചയിച്ച് സമയബന്ധിതമായ നിർവ്വഹണം ഉറപ്പാക്കാനാകുന്ന ഏജൻസികൾവഴി നടപ്പിലാക്കുക എന്നിവയാണ് റീ ബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ നിർവ്വഹണ സമീപനം. ഇത്തരത്തിലുള്ള പദ്ധതിരേഖകൾ തയ്യാറാക്കി വിവിധ ഫണ്ടിംഗ് ഏജൻസികൾക്ക് സമർപ്പിക്കുന്നതിനുള്ള നടപടിയാണ് റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് നിലവിൽ ഏറ്റെടുത്തിട്ടുള്ളത്. റീ

ബിൽഡ് കേരള പ്രവർത്തനം ദ്രുതഗതിയിലാക്കുന്നതിനായി മന്ത്രിസഭയുടെ കീഴിൽ ഒരു ഉപദേശക സമിതി, ഉന്നതതല അധികാരസമിതി, ആർ.കെ.ഐ. നിർവ്വഹണ സമിതി, ആർ.കെ.ഐ. സെക്രട്ടേറിയറ്റ്, സ്ഥാപനതല പിന്തുണ സംവിധാനം എന്നിവ രൂപീകരിച്ചിട്ടുണ്ട്.

(സി) വിപുലമായ ആശയങ്ങളുടെയും നിർദ്ദേശങ്ങളുടെയും സമാഹരണവും പരിശോധനയും നടത്തിയാണ് ഉൾപ്പെടുത്തേണ്ട പദ്ധതികൾ തെരഞ്ഞെടുക്കുന്നത്. ഇത്തരം വിപുലമായ സംരംഭത്തിൽ കൂട്ടാളികളാകാൻ തത്പരരായ എല്ലാവരുടെയും പങ്കാളിത്തം, യുവതയുടെ താല്പര്യം, അതിനായുള്ള നൂതനാശയങ്ങൾ, വിവിധ മേഖലകളിലെ വിപുലമായ അനുഭവസമ്പത്തിൽനിന്ന് ഉളവാകുന്ന പരിജ്ഞാനങ്ങൾ എന്നിവ അർത്ഥവത്തായി സമന്വയിപ്പിച്ചുകൊണ്ട് വിവിധ പദ്ധതികൾ ആവിഷ്കരിക്കുന്ന നടപടികൾ ആർ.കെ.ഐ.-യുടെ നേതൃത്വത്തിൽ സ്വീകരിച്ചുവരുന്നു.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, പ്രളയം വന്നിട്ട് അഞ്ചുമാസം കഴിഞ്ഞു. നവകേരളമുണ്ടാക്കുന്നതിനുമുമ്പ് പുനർനിർമ്മാണ പ്രക്രിയകൾക്കാണ് ഗവൺമെന്റ് പ്രാധാന്യം കൊടുക്കുന്നതെന്ന് സൂചിപ്പിച്ചു. എന്നാൽ പ്രളയത്തിൽ പൂർണ്ണമായി തകർന്നുപോയ വീടുകളുടെ അന്തിമലിസ്റ്റ് തയ്യാറാക്കാൻ ഇതുവരെ സാധിച്ചിട്ടില്ല. ആയിരക്കണക്കിനാളുകളുടെ വീടുകൾ പൂർണ്ണമായും തകർന്നിട്ടും വാസയോഗ്യമല്ലാതായിട്ടും തങ്ങൾക്ക് അന്തിമലിസ്റ്റിൽ ഇടം കണ്ടെത്താൻ കഴിഞ്ഞില്ലെന്ന് പറഞ്ഞ് താലൂക്കാഫീസിലും വില്ലേജാഫീസിലും പഞ്ചായത്തിലും കയറിയിറങ്ങി നടക്കുന്ന കാഴ്ചയാണ് കാണുന്നത്. പതിനായിരം രൂപ കിട്ടാത്തയാളുകൾപോലും പരാതികളുമായി നടക്കുന്ന സാഹചര്യമാണ് ഇപ്പോഴുള്ളത്. വാസയോഗ്യമല്ലാത്ത വീടുകളിൽ താമസിക്കാൻ കഴിയാത്തവരുടെ പേരുകൾ ഈ ലിസ്റ്റിൽ വന്നിട്ടില്ല എന്നത് ദൗർഭാഗ്യകരമാണ്. അതുകൊണ്ട് പ്രളയത്തിൽ പൂർണ്ണമായി തകർന്ന വീടുകൾ; അവർക്ക് അർഹതയുള്ളതാണെങ്കിൽ ആ ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നൊരു സന്ദേശം കൊടുക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, പൂർണ്ണമായും തകർന്ന വീടുകളുടെ കണക്ക് വിശദമായി പരിശോധിച്ചതിന്റെയടിസ്ഥാനത്തിലാണ് 13362 വീടുകൾ കണ്ടെത്തിയിട്ടുള്ളത്. അവ പുനർനിർമ്മിക്കാനുള്ള നടപടികളിലേയ്ക്കാണ് കടക്കുന്നത്. ഇക്കാര്യത്തിൽ എന്തെങ്കിലും പരാതികളുണ്ടെങ്കിൽ അവ സമയബന്ധിതമായി പരിഹരിക്കാനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. 687843 പേർക്ക് 10,000 രൂപ വീതം അടിയന്തര ധനസഹായം നൽകിയിട്ടുണ്ട്. അതിൽ 77041 പേർ അപ്പീൽ വഴി ധനസഹായത്തിന് അർഹത നേടിയവരാണെന്ന് നേരത്തെ മറുപടിയിൽ സൂചിപ്പിച്ചതാണ്. നേരത്തെ ആറുലക്ഷത്തിലധികമായിരുന്നു. അതിന്റെകൂടെ ഈ 77000 കൂടി, അങ്ങനെയാണ് 687843 പേർ വന്നത്. ഇനിയും എന്തെങ്കിലും പരാതികളുണ്ടെങ്കിൽ അവ പരിശോധിക്കുന്നതായിരിക്കും.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞല്ലോ; അർഹതയുള്ള ആളുകൾക്ക് ലഭിക്കുമെന്നുള്ളൊരു സന്ദേശം ഗവൺമെന്റിൽനിന്ന് താഴേയ്ക്ക് പോകുന്നില്ല എന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം. ഒരു സമയത്ത് ഇത് ക്ലോസ് ചെയ്യാൻ പറയുകയാണ്. ആദ്യത്തെ ലിസ്റ്റിൽ വന്ന ആളുകൾ രണ്ടാമത്തെ ലിസ്റ്റിൽ ഉൾപ്പെടാതെ വരുമ്പോൾ അവർ സങ്കടപ്പെടുകയാണ്. അവർ എന്ത് ചെയ്യും? അവരുടെ മുഴുവൻ സമ്പാദ്യവും മറ്റും നഷ്ടപ്പെട്ട ആളുകൾ, അവരുടെ പൂർണ്ണമായി തകർന്നുകിടക്കുന്ന വീടുകൾപോലും ഈ ലിസ്റ്റിൽ വന്നിട്ടില്ല എന്നുപറയുന്നത് ദൗർഭാഗ്യകരമാണ്.

കന്നുകാലികൾ പൂർണ്ണമായും നഷ്ടപ്പെട്ട ആളുകൾക്ക് വളരെ പരിമിതമായ നഷ്ടപരിഹാരമാണ് ഗവൺമെന്റ് കൊടുക്കുന്നത്. മൂന്ന് പശുക്കൾ എന്നുള്ള നിയന്ത്രണം വച്ചിരിക്കുകയാണ്. അതുപോലും പകുതി കന്നുകാലികൾ നഷ്ടപ്പെട്ടവർക്ക് ഇതുവരെ കൊടുത്തിട്ടില്ല. കർഷകർക്ക് കൊടുക്കുന്നത് നാമമാത്രമായ നഷ്ടപരിഹാരമാണ്. ഗവൺമെന്റ് പ്രഖ്യാപിച്ചിരുന്നത് സ്പെഷ്യൽ പാക്കേജാണ്. ഈ നാമമാത്രമായ നഷ്ടപരിഹാരംപോലും പകുതിയിലധികം ആളുകൾക്ക് ഇനിയും കൊടുക്കാനുണ്ട് എന്നുള്ളതാണ്. കടകളും സ്ഥാപനങ്ങളും നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരമൊന്നും ഇതുവരെ കൊടുത്തിട്ടില്ല. ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് അവരുടെ വള്ളവും വലയും ചീനവലയും ഉൾപ്പെടെ നഷ്ടപ്പെട്ടിട്ടുണ്ട്. അവയുടെയെല്ലാം ലിസ്റ്റ് ഗവൺമെന്റിന്റെ കയ്യിലുണ്ട്. ഇതുവരെ ഒരു നഷ്ടപരിഹാരവും കൊടുത്തിട്ടില്ല. 7,500 കോടിയോളം രൂപ സർക്കാരിന്റെ കയ്യിലുണ്ടായിട്ടും ഇതുവരെയുള്ള എക്സ്പെൻഡിച്ചർ എത്രയാണ്? പണം കയ്യിൽ ഇല്ലാഞ്ഞിട്ടല്ലല്ലോ; പണം കയ്യിൽ വച്ചിട്ടും അർഹതയുള്ള ആളുകളുടെ ലിസ്റ്റ് സർക്കാരിന്റെ കയ്യിലുണ്ടായിട്ടും എന്തുകൊണ്ടാണ് നഷ്ടപരിഹാരം കൊടുക്കാത്തത്? എത്ര കമ്മിറ്റികൾ രൂപീകരിച്ചു. ഈ കമ്മിറ്റികളുടെയെല്ലാം ജോലി എന്താണ്; അതിന്റെ procedure നടക്കണ്ടേ; നടപടിക്രമങ്ങൾ നടത്തി അഞ്ച് മാസങ്ങൾ കഴിഞ്ഞിട്ടും ഇത്രയും പണം കയ്യിലുണ്ടായിട്ടും ഈ പറയുന്ന വിവിധ കാറ്റഗറിയിൽപ്പെട്ട ആളുകൾക്ക് നഷ്ടപരിഹാരം കൊടുക്കാനുള്ള തീരുമാനം വേഗത്തിലാക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രദ്ധിക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഇക്കാര്യത്തിൽ സമയബന്ധിതമായി തീരുമാനങ്ങൾ എടുത്തതിന്റെ ഭാഗമായാണ് വിവിധ സഹായങ്ങൾ കൃത്യസമയത്ത് വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുള്ളത്. 687843 പേർക്ക് സഹായം നൽകുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അവശേഷിക്കുന്ന 54792 പരാതികൾ സമയബന്ധിതമായി പരിഹരിച്ച് ആവശ്യമായ നടപടി സ്വീകരിക്കാൻ തന്നെയാണ് സർക്കാർ ഉദ്ദേശിക്കുന്നത്. അതിലൊരു ഒരു കാലതാമസവും ഉണ്ടാകില്ല. മറ്റ് കാര്യങ്ങളെല്ലാം

കൃത്യമായ തോതിൽത്തന്നെ നടപ്പാക്കുന്ന നിലയാണ് എടുത്തിട്ടുള്ളത്. 10,000 രൂപ കൃത്യമായി കൊടുത്തിട്ടുണ്ട്. കന്നുകാലികൾ നഷ്ടപ്പെട്ട 27363 കുടുംബങ്ങൾക്കാണ് നഷ്ടപരിഹാരം നൽകിയത്. 21,70,00,000 രൂപ നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഇനി എന്തെങ്കിലുമുണ്ടെങ്കിൽ അക്കാര്യം പരിശോധിക്കാൻ സർക്കാരിന് ഒരു മടിയുമില്ല. അതുസംബന്ധിച്ചുള്ള പരാതികൾ വരുമ്പോൾ ഏതെങ്കിലും കാര്യങ്ങൾ വിട്ടുപോയിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ടവർ അത് അപ്പീലായി നൽകുന്ന സമയത്ത് തീരുമാനമുണ്ടാകും. ഒരു പ്രശ്നവും അക്കാര്യത്തിൽ ഉണ്ടാവുകയില്ല.

238376 കർഷകർക്കാണ് സഹായം നൽകാൻ കഴിഞ്ഞിട്ടുള്ളത്. 69,10,00,000 രൂപ അതിന്റെ ഭാഗമായി കൊടുത്തിട്ടുണ്ട്. കാർഷിക സഹായം 224610 കർഷകർക്ക് കൊടുത്തിട്ടുണ്ട്. അതിനായി 110,45,00,000 രൂപയാണ് കൊടുത്തത്. ഇതിനുപുറമേയാണ് 13321 കർഷകർക്ക് 21,57,00,000 രൂപ വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരം നഷ്ടപരിഹാരം നൽകിയിട്ടുള്ളത്.

ബഹുമാന്യനായ അങ്ങ് ചൂണ്ടിക്കാണിച്ച എല്ലാ കാര്യങ്ങളിലും കൃത്യമായ നടപടികളാണ് സ്വീകരിച്ചുവന്നിട്ടുള്ളത്. ഇനിയും ഏതെങ്കിലും വിട്ടുപോയതുണ്ടെങ്കിൽ അവർ പരാതിപ്പെട്ടാൽ അപ്പീലായി വരുമ്പോൾ അതുസംബന്ധിച്ച് സമയബന്ധിതമായിത്തന്നെ തീരുമാനം എടുക്കുന്നതുമാണ്.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, നഷ്ടപരിഹാരം കൊടുത്തതിന്റെ എണ്ണം പറയുമ്പോൾ അതിൽ ചെറിയ പ്രശ്നമുണ്ട്. 238376 കർഷകർക്ക് 69 കോടി രൂപ കൊടുത്തു എന്നാണ് പറയുന്നത്. ആ തുക ഹരിച്ച് നോക്കിയാൽ ഒരു കർഷകന് കിട്ടുന്ന തുക എന്ന് പറയുന്നത് ശരാശരി 3,000 രൂപയിൽ താഴെ മാത്രമാണ്. ഇത് കൊടുത്തതിന്റെ തോതിന് മാനദണ്ഡമുണ്ടെങ്കിലും എല്ലാ നഷ്ടവും സംഭവിച്ച ആളുകൾക്ക് പ്രത്യേക സാഹചര്യമായി കണ്ടുകൊണ്ട് ഒരു സ്പെഷ്യൽ പാക്കേജായി കർഷകർക്ക് കൊടുത്തെങ്കിൽ മാത്രമെ ഇത് പരിഹരിക്കാൻ സാധിക്കുകയുള്ളൂ. എല്ലാ നഷ്ടപരിഹാരങ്ങൾക്കും പരിധി നിശ്ചയിച്ചിരിക്കുകയാണ്. കോഴികൾ നഷ്ടപ്പെട്ട ആളുകൾക്ക്, കോഴി ഒന്നിന് 50 രൂപ നിരക്കിൽ പരമാവധി ഒരു കർഷകന് 5,000 രൂപയാണ് കൊടുക്കുന്നത്. നൂറുകണക്കിന് കോഴികളും വളർത്തുമൃഗങ്ങളും നഷ്ടപ്പെട്ട ആളുകൾക്ക് എല്ലാ തരത്തിലും പരിധി നിശ്ചയിച്ചിരിക്കുക യാണ്. എന്ത് നഷ്ടപരിഹാരമാണ് ലഭിക്കുന്നത് എന്നത് സംബന്ധിച്ച് പുനർവിചിന്തനം ഉണ്ടാകണം. വീടുകൾ ഭാഗികമായി നഷ്ടപ്പെട്ട ആളുകൾക്ക്, ഇപ്പോൾ ശതമാനം കണക്കെടുത്ത് വരുമ്പോൾ കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ആദ്യം റീ ബിൽഡ് ആപ്പിൽ കണക്കെടുത്തപ്പോൾ ഓരോരുത്തർക്കും 40-50 ശതമാനം നഷ്ടം

സംഭവിച്ചിട്ടുണ്ടെന്ന് പറഞ്ഞു പോകുകയും 50 ശതമാനം നഷ്ടപരിഹാരം കിട്ടുമെന്ന് പ്രതീക്ഷിച്ചിരിക്കുകയും ചെയ്തവർ ഇപ്പോൾ രണ്ടാമത് ലിസ്റ്റ് വന്നപ്പോൾ 20 ശതമാനത്തിൽ താഴെ ആയിരിക്കുകയാണ്. വീണ്ടും നഷ്ടപരിഹാരം കുറഞ്ഞുകൊണ്ടിരിക്കുകയാണ്. നഷ്ടപരിഹാരം കൊടുക്കാനുള്ളവർക്ക് എങ്ങനെ കൊടുക്കാതിരിക്കാം; ഇതിന്റെ തുക എങ്ങനെ കുറയ്ക്കാം എന്നത് സംബന്ധിച്ച് എല്ലാതരത്തിലും ഗവേഷണം നടത്തിക്കൊണ്ടിരിക്കുന്നത് വലിയ ബുദ്ധിമുട്ട് ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. അർഹരായവർക്ക് കൃത്യമായ നഷ്ടപരിഹാരം കൊടുത്തുതീർക്കാനുള്ള നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ കണക്കിൽ വസ്തുതാവിരുദ്ധമായ കാര്യങ്ങളുണ്ട്. 68 കോടി രൂപയല്ല, 178 കോടി രൂപയാണ് ഇതുവരെ വിതരണം ചെയ്തുകഴിഞ്ഞിരിക്കുന്നത്. മുഖ്യമന്ത്രി പറഞ്ഞത് 68 കോടി രൂപയും 110 കോടി രൂപയും എന്നാണ്. ആ 110 കോടി രൂപ എന്നത് സംസ്ഥാന വിഹിതമാണ്. ഒരു വാഴ നശിച്ചാൽ 5 രൂപ 20 പൈസ കേന്ദ്ര ഗവൺമെന്റ് തരുമ്പോൾ 96 രൂപ 40 പൈസ കൊടുക്കുന്നത് സംസ്ഥാന ഗവൺമെന്റാണ്. സംസ്ഥാന ഗവൺമെന്റ് ഏർപ്പെടുത്തിയിരിക്കുന്ന വിള ഇൻഷ്വറൻസിൽ 21 കോടി രൂപയാണ് കൊടുത്തിട്ടുള്ളത്. ഒരു വാഴ നശിച്ചാൽ 300 രൂപ കൊടുക്കുന്ന സംസ്ഥാനം കേരളമാണ്. ഈയൊരനുഭവത്തിന്റെ പശ്ചാത്തലത്തിൽ വിള ഇൻഷ്വറൻസിൽ ആളുകളെ ചേർത്തുകൊണ്ടിരിക്കുകയാണ്. അങ്ങ് പറയുന്ന ആവറേജിന്റെ കണക്ക് ശരിയല്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 2012 മുതൽ പ്രകൃതിദുരന്തവുമായി ബന്ധപ്പെട്ട് കുടിശ്ശികയായിരുന്ന തുക മുഴുവനും കൊടുത്തുതീർത്തിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഉണ്ടായിട്ടുള്ള പ്രകൃതിദുരന്തത്തിൽ നോംസ് പ്രകാരം 90 ശതമാനം കർഷകർക്കും തുക കൊടുത്തുകഴിഞ്ഞിട്ടുണ്ട്. ....(ബഹളം)...

മി. സ്പീക്കർ: ചോദ്യത്തിന്റെ ഉത്തരം നിങ്ങൾക്ക് വേണ്ടേ? ചോദ്യം ചോദിച്ചുകഴിഞ്ഞാൽ ഉത്തരം കേൾക്കണ്ടേ? പ്ലീസ്...പ്ലീസ്.....

ശ്രീ. പിണറായി വിജയൻ: സർ, ഇവിടെ വലിയ ദുരന്തമാണ് നാം നേരിട്ടത്. ദുരന്തത്തിനിരയായ കർഷകരും മറ്റാളുകളുമുണ്ട്. നമ്മുടെ നാട്ടിലുള്ള മഹാഭൂരിഭാഗം ആളുകളും ദുരന്തത്തിനിരയായി എന്നുള്ളതാണ് ഓരോ പ്രദേശത്തെയും സ്ഥിതി. അവർക്ക് ആകെയുണ്ടായ നഷ്ടത്തിന്റെ തോതിലുള്ള നഷ്ടപരിഹാരം വേണമെന്നുള്ളത് ശരിയാണ്. അക്കാര്യത്തിൽ കേന്ദ്ര മാനദണ്ഡപ്രകാരം വളരെ ചെറിയ തോതിലുള്ള സംഖ്യയാണ് നൽകാൻ കഴിയുന്നത്. അവിടെയാണ് കാലാനുസൃതമായ തുകയും

കൂട്ടിച്ചേർത്ത് സംസ്ഥാന ഗവൺമെന്റ് പങ്ക് വഹിച്ചുകൊണ്ട് ഇത്രയും തുക കൃത്യമായി നൽകാൻ കഴിഞ്ഞിട്ടുള്ളത്. ദുരന്തത്തിനിരയായ ഒരാളെയെങ്കിലും വിട്ടുപോയിട്ടുണ്ടെങ്കിൽ, ഇപ്പോഴും അങ്ങനെയുണ്ടെങ്കിൽ, അവർ പരാതിപ്പെടുന്ന അവസ്ഥ വരുമ്പോൾ പരിശോധിച്ച് അർഹതയുണ്ടെങ്കിൽ അവരെ ഉൾപ്പെടുത്തുന്നതിന് പ്രയാസവുമുണ്ടാകില്ല. അതാണ് ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്ന സമീപനം. നാട്ടിൽ ഇതുസംബന്ധിച്ച് നല്ല രീതിയിലുള്ള പ്രതികരണമാണുള്ളത്. അതിന്റെ ഭാഗമായാണ് ഓരോ പ്രദേശത്തും വീട് നഷ്ടപ്പെട്ടവരടക്കം പുനർനിർമ്മാണ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. ഇവിടെ ഭാഗികമായി വീട് നഷ്ടപ്പെട്ടവരുടെ കണക്ക് നേരത്തെ എടുത്തിട്ടുള്ളതനുസരിച്ചാണ് കൊടുക്കുന്നത്. കൂടിയ ശതമാനം കണക്കാക്കി പിന്നീട് കുറഞ്ഞുപോയി എന്നുള്ള സ്ഥിതി വരില്ല. നേരത്തേ കണക്കാക്കിയത് തന്നെയാണ് കൊടുക്കുന്നത്. അപ്പോൾ സർക്കാരിന്റെ സമീപനം പ്രളയ ദുരിതബാധിതരായ ആളുകളുടെ കൂടെ എന്നതാണ്. നമ്മുടെ വിഭവശേഷി വച്ചുകൊണ്ട് അവരെ സഹായിക്കുന്ന നിലയാണ് സ്വീകരിച്ചുപോകുന്നത്.

ശ്രീ. പി. ടി. തോമസ്: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ മറുപടികൾ വസ്തുതാവിരുദ്ധമാണെന്ന് പറയേണ്ടിവന്നതിൽ ഖേദമുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ജനസമ്പർക്ക പരിപാടിക്ക് പോയപ്പോൾ ആയിരക്കണക്കിന് പരാതി ലഭിച്ചിരുന്നു. പ്രസ്തുത പരാതി ബഹുമാനപ്പെട്ട ഹൈക്കോടതി, കളക്ടർമാരോട് അന്വേഷിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ മറുപടിയിൽ രണ്ട് പ്രധാനപ്പെട്ട കാര്യങ്ങൾ ഞാൻ ചൂണ്ടിക്കാണിക്കാം. നവകേരള നിർമ്മാണം നടത്തുമ്പോൾ അതുപോലെ നിർമ്മിക്കാനല്ല സർക്കാർ ശ്രമിക്കുന്നത്, ഒന്ന്, മെച്ചപ്പെട്ട ജീവിതനിലവാരം ഉറപ്പാക്കുക, ആസ്തികൾ പുനർനിർമ്മിക്കുമ്പോൾ ഭാവിയിലുണ്ടാകാനുള്ള ദുരന്തങ്ങൾ കാണുക എന്നൊക്കെ പറഞ്ഞിട്ടുണ്ട്. അത് നിഷേധിക്കുന്നില്ല. അതിനെ സംബന്ധിച്ചുള്ള നിലപാടെന്താണ്? രണ്ട്, 687000 ആളുകൾക്ക് ധനസഹായം കൊടുത്തപ്പോൾ 77000 അപ്പീലാണ് വന്നിട്ടുള്ളത്. എത്ര ബാലിശമായി ലിസ്റ്റുണ്ടാക്കി എന്നുള്ളതിന്റെ തെളിവാണ് ഇത് സൂചിപ്പിക്കുന്നത്. കെ.പി.എം.ജി. എന്ന സംഘടനയെ കേരള പുനർനിർമ്മാണത്തിനായി നിയമിച്ചു. ആ സംഘടന നിലവിലുണ്ടോ; അവരുടെ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടോ; അവർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിശദീകരിക്കണം.

ശ്രീ. പിണറായി വിജയൻ: സർ, നമ്മുടെ സംസ്ഥാനത്ത് ജീവനോപാധികൾ നഷ്ടപ്പെട്ട ഒരുപാട് പേരുണ്ട്. അവർക്ക് താൽക്കാലിക സഹായം ഇപ്പോൾ കൊടുത്തിട്ടുണ്ട്. എന്നാൽ അതോടുകൂടി അവസാനിപ്പിക്കുകയല്ല ചെയ്യുന്നത്.

ജീവനോപാധികൾ നഷ്ടപ്പെട്ടവരുടെ കാര്യത്തിൽ എന്തെല്ലാം സഹായം ചെയ്യാൻ സാധിക്കുമെന്നത് സംബന്ധിച്ച് വിശദമായ പദ്ധതി നടപ്പാക്കുന്നുണ്ട്. അതിന്റെ ഭാഗമായി നല്ല രീതിയിലുള്ള, കൂടുതൽ മെച്ചപ്പെട്ട കേരളം നിർമ്മിക്കുക എന്നതിന്റെ ഭാഗമായുള്ള നടപടികളിലേയ്ക്ക് അതുകൂടി ഉൾപ്പെടുകയാണ്. അക്കാര്യത്തിൽ ആശങ്ക ഉണ്ടാകേണ്ടതില്ല. ഞാൻ പറഞ്ഞ കണക്കാണ് അദ്ദേഹം ഇങ്ങോട്ട് പറഞ്ഞത്. അത് പുതിയ കാര്യമല്ല. 687000-ത്തിൽനിന്ന് 77000 കുറച്ചാൽ 610000 ആളുകൾ നേരത്തേതന്നെ ലിസ്റ്റിലുണ്ടായിരുന്നു എന്നുള്ളതാണ് അതിനർത്ഥം. പരാതികളോട് മുഖം തിരിഞ്ഞുനിൽക്കുന്ന സമീപനമില്ല. പിന്നീട് ചില പരാതികൾ വന്നപ്പോഴാണ് 77000 പേർക്കുകൂടി കൊടുക്കുന്ന സ്ഥിതി വന്നത്. കെ.പി.എം.ജി. എന്ന സംഘടന ഇക്കാര്യത്തിൽ നല്ല സഹായം ചെയ്തിട്ടുണ്ട്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

#### റേഷൻ വിതരണത്തിന് ലഭിക്കുന്ന ഭക്ഷ്യധാന്യങ്ങൾ

5(*4) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ വിതരണത്തിന് ലഭിക്കുന്ന ഭക്ഷ്യധാന്യങ്ങൾ പഴകിയതും ഉപയോഗശൂന്യമായതുമാണെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവ പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കുമോ;

(സി) റേഷൻ വിതരണത്തിനുള്ള ഭക്ഷ്യധാന്യങ്ങളുടെ സംഭരണം നിലവിൽ എപ്രകാരമാണ് ക്രമീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) ഒറ്റപ്പെട്ട പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിന് സത്വര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി&സി) സംസ്ഥാനത്തെ എഫ്.സി.ഐ. ഗോഡൗണുകൾമുഖേന ലഭിക്കുന്ന അരിയും ഗോതമ്പും കൂടാതെ സപ്ലൈകോ നെല്ല് സംഭരണം മുഖേന ലഭ്യമാക്കുന്ന

കുത്തരി (സി.എം.ആർ.)യുമാണ് റേഷൻ വിതരണത്തിനായി ഉപയോഗിക്കുന്നത്. എഫ്.സി.ഐ.-യിലെയും സപ്ലൈകോയിലെയും ശാസ്ത്രീയമായി പരിശീലനം ലഭിച്ച ഗുണനിലവാര പരിശോധകരാണ് ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നത്. പരിശോധനയ്ക്കുശേഷം ഭക്ഷ്യയോഗ്യമാണെന്ന് ഉറപ്പുവരുത്തിയിട്ടുള്ള ഭക്ഷ്യധാന്യങ്ങൾ മാത്രമാണ് വിതരണത്തിനായി ലഭ്യമാക്കുന്നത്. ഭക്ഷ്യധാന്യങ്ങൾ എഫ്.സി.ഐ. ഗോഡൗണുകളിൽനിന്നും വിട്ടെടുക്കുന്നതിന് മുമ്പായി അതത് ജില്ലാ സപ്ലൈ ഓഫീസർമാർ ഗുണനിലവാരമുള്ള അരി/ഗോതമ്പ് എന്നിവയുടെ ലോട്ട് മുൻകൂറായി മാർക്ക് ചെയ്യുകയും സപ്ലൈകോ മുഖാന്തരം വിട്ടെടുത്ത് സപ്ലൈകോയുടെ പി.ഡി.എസ്. ഗോഡൗണുകളിൽ സംഭരിക്കുകയുംചെയ്യുന്നു. ഭക്ഷ്യധാന്യങ്ങളുടെ വിട്ടെടുപ്പ് മുതൽ റേഷൻ കടകളിലേയ്ക്കുള്ള വാതിൽപ്പടി വിതരണം വരെയുള്ള പ്രവൃത്തികൾ നോഡൽ ഏജൻസിയായ സപ്ലൈകോയാണ് നിർവ്വഹിക്കുന്നത്.

എഫ്.സി.ഐ.-യിൽനിന്ന് വിട്ടെടുക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ സാമ്പിളുകൾ എല്ലാ വിവരങ്ങളും പ്രത്യേകം രേഖപ്പെടുത്തി സീൽചെയ്ത് സൂക്ഷിക്കുന്നു. നെല്ല് കർഷകരിൽനിന്നും നേരിട്ട് ശേഖരിച്ച് സപ്ലൈകോയുമായി കരാറുള്ള മില്ലുകളിൽ അരിയാക്കി ഗുണനിലവാരം പരിശോധിച്ച് മില്ലിൽനിന്നും കരാറുകാർ മുഖേന വിട്ടെടുത്ത് പി.ഡി.എസ്. ഗോഡൗണുകളിൽ സംഭരിക്കുന്നു. ഈ രീതിയിൽ ഏകദേശം 225 ഗോഡൗണുകൾ 75 താലൂക്കുകളിലായി പ്രവർത്തിച്ചുവരുന്നുണ്ട്.

പി.ഡി.എസ്. ഗോഡൗണുകളുടെ പ്രവർത്തനത്തിന് പ്രാരംഭ ഘട്ടത്തിൽ കണ്ടെത്തിയ ഗോഡൗണുകൾ പിന്നീട് മതിയാകാതെവന്ന സാഹചര്യത്തിൽ ഒരു താലൂക്കിന് ഒന്നിലധികം ഗോഡൗണുകൾ കണ്ടെത്തേണ്ടിവന്നു. ഇതുമൂലം റേഷൻ വിതരണത്തിൽ നേരിടുന്ന പ്രായോഗിക ബുദ്ധിമുട്ട് ഒഴിവാക്കുന്നതിന് മതിയായ സ്ഥലസൗകര്യത്തോടെ ഒരു താലൂക്കിന് ഒരു ഗോഡൗൺ എന്ന രീതി അവലംബിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

റേഷൻ ഡിപ്പോകൾക്ക് ലഭ്യമാകുന്ന ഭക്ഷ്യവിഹിതത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് വിതരണ സമയങ്ങളിൽ റേഷനിംഗ് ഇൻസ്പെക്ടമാർ പ്രത്യേക പരിശോധന നടത്തി സാമ്പിൾ പായ്ക്കറ്റുകൾ നൽകുന്നുണ്ട്. കൂടാതെ എല്ലാ റേഷൻകടകളിൽനിന്നും ഗുണനിലവാരം ഉറപ്പാക്കിയിട്ടുള്ള ഭക്ഷ്യധാന്യ വിതരണം റേഷനിംഗ് ഇൻസ്പെക്ടർ മുതലുള്ള പരിശോധനാ ഉദ്യോഗസ്ഥർ ഉറപ്പുവരുത്തുന്നുമുണ്ട്. മാത്രമല്ല ഗുണനിലവാരം സംബന്ധിച്ച പരാതി ലഭ്യമായാൽ നേരിട്ട് പരിശോധിച്ച് അടിയന്തര നടപടി സ്വീകരിക്കുന്നുണ്ട്. ഒരു കാരണവശാലും ഗുണനിലവാരം കുറഞ്ഞതും ഭക്ഷ്യയോഗ്യമല്ലാത്തതുമായ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യരുതെന്ന് കർശന നിർദ്ദേശം നൽകുകയും നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടോയെന്ന് നിരന്തരം നിരീക്ഷിക്കുന്നുമുണ്ട്.

## ജനങ്ങളുടെ സ്വൈരജീവിതം ഉറപ്പാക്കുവാൻ നടപടി

6(*5) ശ്രീ. ആർ. രാജേഷ് :
ശ്രീ. പി. ഉണ്ണി :
ശ്രീ. കെ. ദാസൻ :
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുപ്രീംകോടതി വിധി സ്വീകാര്യമല്ലെങ്കിൽ അത് പുനഃപരിശോധിക്കാൻ വേണ്ട നിയമനടപടി സ്വീകരിക്കുന്നതിനു പകരം പോലീസ് സ്റ്റേഷനുകൾക്കുനേരെയും ഇടതുപക്ഷ പ്രസ്ഥാനങ്ങളുടെ ഓഫീസുകൾക്ക് നേരെയും നേതാക്കളുടെ വീടുകൾക്കുനേരെയും ബോംബാക്രമണം നടത്തി സ്വൈരജീവിതം തകർക്കാൻ ശ്രമിക്കുന്ന വർഗ്ഗീയ തീവ്രവാദികളെ അമർച്ച ചെയ്യാൻ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) മുന്നറിയിപ്പില്ലാതെയും അനാവശ്യമായും അടിക്കടി ഹർത്താൽ നടത്തുന്ന സാഹചര്യത്തിൽ ജനങ്ങളുടെ സ്വൈരജീവിതം ഉറപ്പാക്കാനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ അറിയിക്കാമോ;

(സി) സംസ്ഥാനം ആർജ്ജിച്ച മതനിരപേക്ഷ സംസ്കാരം തകർക്കാനും ജാതിസങ്കുചിതവാദം പ്രോത്സാഹിപ്പിക്കാനും പിന്തിരിപ്പൻശക്തികൾ നടത്തുന്ന തീവ്രയജ്ഞം നിഷ്ഫലമാക്കാൻ നടത്തുന്ന ഇടപെടലുകൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ഇത്തരം ശ്രമങ്ങൾ തടയുന്നതിനായി കനത്ത ജാഗ്രത പുലർത്തുന്നതോടൊപ്പം ശക്തമായ പോലീസ് നിരീക്ഷണം നടത്തിവരുന്നു. പൊതുജനങ്ങളുടെ സുരക്ഷയ്ക്കും സ്വൈരജീവിതം ഉറപ്പാക്കാനുമായി എല്ലാ മുൻകരുതൽ നടപടികളും സ്വീകരിച്ചിട്ടുണ്ട്. കുഴപ്പങ്ങൾ സൃഷ്ടിക്കാൻ സാധ്യതയുള്ളവരെ മുൻകരുതലായി അറസ്റ്റ് ചെയ്തും നിരന്തര പോലീസ് പട്രോളിംഗ് നടത്തിയും പ്രശ്നബാധിത മേഖലകൾ കണ്ടെത്തി അക്രമസാധ്യത കണക്കിലെടുത്തുകൊണ്ട് സുരക്ഷയ്ക്കായി ശക്തമായ പോലീസ് പിക്കറ്റുകൾ സംസ്ഥാനത്തുടനീളം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് വിവിധ സന്ദർഭങ്ങളിൽ വിവിധ രാഷ്ട്രീയ പാർട്ടികൾ ഹർത്താലിന് ആഹ്വാനം ചെയ്യാറുണ്ട്. ഒരു പ്രശ്നത്തിൽ അവസാനത്തെ സമരരൂപമെന്ന നിലയിലാണ് ഹർത്താലിനെ കണ്ടിരുന്നത്. ഇതിന് വ്യത്യസ്തമായി

എന്തെങ്കിലും കാരണങ്ങൾ പറഞ്ഞ് ഏതുസമയത്തും മിന്നൽ ഹർത്താലുകൾ പോലെ ജനജീവിതത്തെ ബാധിക്കുന്ന ഹർത്താൽ പ്രഖ്യാപിക്കുന്ന സ്ഥിതി ശബരിമല സുപ്രീംകോടതി വിധിയെത്തുടർന്ന് സംസ്ഥാനത്ത് പലപ്പോഴായി ഉണ്ടായി. ഹർത്താലിന്റെ മറവിൽ പൊതുമുതൽ നശിപ്പിക്കുന്നതും ചില പ്രത്യേക വിഭാഗത്തിന്റെ സ്വകാര്യ സ്വത്തുക്കൾ ആസൂത്രിതമായി ആക്രമിച്ച് നശിപ്പിക്കുന്നതും അടക്കമുള്ള സംഭവങ്ങൾ ഉണ്ടായത്. സാമൂഹ്യമാധ്യമങ്ങളിലൂടെ വർഗ്ഗീയ സംഘർഷത്തിന് ഇടനൽകുന്ന വിധത്തിലുള്ള പ്രചാരണങ്ങളും ഹർത്താലിന്റെ ഭാഗമായി നടത്തുകയുംചെയ്തു. ഇത് ഫലപ്രദമായി നേരിടേണ്ടതുണ്ട്. അത് മുൻനിർത്തിക്കൊണ്ട് നിലവിലുള്ള Prevention of Damage to Public Property Act 1984-ന് പുറമെ സ്വകാര്യ മുതലുകൾ നശിപ്പിക്കുന്നത് തടയാനായി സർക്കാർ പ്രത്യേക ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. 2019 ജനുവരി 8-ന് നിലവിൽവന്ന "The Kerala Prevention of Damage to Private Property and Payment of Compensation Ordinance 2019" പ്രകാരം വർഗ്ഗീയ കലാപങ്ങൾ, മത സാമൂഹ്യ രാഷ്ട്രീയ സംഘടനകൾ സംഘടിപ്പിക്കുന്ന ഹർത്താൽ, ബന്ദ്, പ്രകടനങ്ങൾ, മാർച്ച്, ജാഥ, റോഡ് ഗതാഗതം സ്തംഭിപ്പിക്കൽ എന്നിവ കാരണം സ്വകാര്യ മുതലുകൾക്കുണ്ടാകുന്ന നാശത്തിന് നഷ്ടപരിഹാരം ഈടാക്കാനും വ്യവസ്ഥയുണ്ട്.

നശീകരണ പ്രവർത്തനങ്ങൾ നടത്തുന്നവർക്കെതിരെ പിഴയോടുകൂടി അഞ്ച് വർഷംവരെ തടവുശിക്ഷ നൽകുന്നതിന് നിയമം വ്യവസ്ഥചെയ്യുന്നു. സ്ഫോടനം, തീ എന്നിവയ്ക്ക് കാരണമാകുന്ന വസ്തുക്കളുപയോഗിച്ച് നശീകരണ പ്രവർത്തനങ്ങൾ നടത്തുന്നവർക്കെതിരെ ജീവപര്യന്തമോ പത്തുവർഷംവരെ തടവും പിഴയുമോ ശിക്ഷ നൽകാനുള്ള വ്യവസ്ഥയുണ്ട്.

ജാമ്യ അപേക്ഷയിൽ പ്രോസിക്യൂഷന് കേൾക്കാനുള്ള അവസരം നൽകുക, നശിപ്പിക്കപ്പെട്ട മുതൽ സംബന്ധിച്ച മൂല്യം സർക്കാർ അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥർ നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോടതി നിർണ്ണയിക്കുകയും ആ തുകയുടെ പകുതി സെക്യൂരിറ്റിയായി കോടതിയിൽ കെട്ടിവയ്ക്കുക. ഇവ ചെയ്യാത്തപക്ഷം ജാമ്യം ലഭിക്കുകയില്ലെന്ന് ഓർഡിനൻസിൽ വ്യവസ്ഥയുണ്ട്.

(സി) സംസ്ഥാനത്ത് മതനിരപേക്ഷത തകർത്തും ജാതിസങ്കുചിതവാദം പ്രോത്സാഹിപ്പിക്കുന്ന തരത്തിൽ പ്രവർത്തിക്കുന്ന വ്യക്തികളുടെയും സംഘടനകളുടെയും പ്രവർത്തനങ്ങൾ രഹസ്യ നിരീക്ഷണം നടത്തിവരുന്നുണ്ട്. ഇത്തരക്കാർ വർഗ്ഗീയമായും ചേരിതിരിവ് ഉണ്ടാക്കുന്ന തരത്തിൽ പ്രവർത്തനങ്ങൾ നടത്തുന്ന പ്രദേശങ്ങളിൽ മറ്റ് സർക്കാർ വകുപ്പുകളുടെ സഹായത്തോടെ ദുഷ്പ്രചരണങ്ങൾക്കെതിരെ ജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിച്ച് ആവശ്യമായ മുൻകരുതൽ നടപടികൾ

സ്വീകരിച്ചുവരുന്നു. ഇതിനുപുറമേ സോഷ്യൽ മീഡിയ വഴിയുള്ള ഇത്തരം ദുഷ്പ്രചരണങ്ങൾ സൈബർ ഡോമിന്റെയും ജില്ലാ സൈബർ സെല്ലുകളുടെയും സഹായത്തോടെ നിരീക്ഷിച്ച് കുറ്റക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. ദുഷ്പ്രചരണങ്ങൾക്കെതിരെ സോഷ്യൽ മീഡിയവഴി പൊതുജനങ്ങൾക്കിടയിൽ ആവശ്യമായ ബോധവൽക്കരണ സന്ദേശങ്ങൾ നൽകിവരുന്നു.

**ശബരിമല യുവതീപ്രവേശനവുമായി ബന്ധപ്പെട്ട സുപ്രീംകോടതി വിധി**

7(*6) ശ്രീ. റ്റി. വി. രാജേഷ് :

ശ്രീമതി പി. അയിഷാ പോറ്റി :

ശ്രീ. കെ. ബാബു :

ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുപ്രീംകോടതി ഭരണഘടന ബെഞ്ചിന്റെ വിധി സംസ്ഥാനത്ത് കലാപം സൃഷ്ടിച്ച് വർഗ്ഗീയ ധ്രുവീകരണം നടത്തുന്നതിനുള്ള സുവർണ്ണാവസരമാണെന്ന് ഒരു രാഷ്ട്രീയ നേതാവ് പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച മുൻകരുതൽ നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) സംസ്ഥാനത്ത് കലാപകാരികൾക്ക് പിന്തുണയേകാനായി കരിദിനാചരണം നടത്തുകയും കൊടിപിടിക്കാതെ കലാപത്തിൽ പങ്കെടുക്കുകയും ചെയ്തവർ, സുപ്രീംകോടതി വിധി പുനഃപരിശോധിക്കാൻ ആവശ്യപ്പെടാതെ കേന്ദ്ര സർക്കാരിനോട് ഓർഡിനൻസ് ഇറക്കാൻ ആവശ്യപ്പെടുകയും പാർലമെന്റിൽ ഈ പ്രശ്നം ഉന്നയിക്കുകയും ചെയ്തത് ശ്രദ്ധയിൽപ്പെട്ടിരുന്നോ; ഇക്കാര്യത്തിൽ കേന്ദ്ര സർക്കാർ എന്തെങ്കിലും നിർദ്ദേശം നൽകിയിരുന്നോ;

(സി) സംസ്ഥാനത്ത് മാധ്യമ പ്രവർത്തകർ ഉൾപ്പെടെയുള്ള വനിതകളെയും വനിതകളായ അയ്യപ്പ വിശ്വാസികളെയും വർഗ്ഗീയവാദികൾ ക്രൂരമായി മർദ്ദിച്ച് സ്ത്രീകളുടെ അവകാശം ധ്വംസിച്ചതിനെതിരെ കേന്ദ്ര വനിതാ കമ്മീഷൻ എന്തെങ്കിലും നടപടി സ്വീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നറിയിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) സംസ്ഥാനത്ത് കുഴപ്പങ്ങൾ സൃഷ്ടിക്കാൻ സാധ്യതയുള്ളവരെ മുൻകരുതലായി അറസ്റ്റ് ചെയ്തും നിരന്തര പോലീസ് പട്രോളിംഗ് നടത്തിയും പ്രശ്നബാധിത മേഖലകൾ കണ്ടെത്തി അക്രമസാധ്യത കണക്കിലെടുത്തുകൊണ്ട് സുരക്ഷയ്ക്കായി ശക്തമായ പോലീസ് പിക്കറ്റുകൾ സംസ്ഥാനത്തുടനീളം ഏർപ്പെടുത്തിയും സംസ്ഥാനത്തുടനീളം അക്രമങ്ങളും അരാജകത്വവും

സൃഷ്ടിക്കാനുള്ള ചില സംഘടനകളുടെ ശ്രമം പോലീസ് അമർച്ച ചെയ്തിട്ടുണ്ട്. കൂടാതെ കലാപമുണ്ടാക്കി അക്രമപ്രവർത്തനങ്ങൾ നടത്തി സ്വകാര്യ മുതൽ നശിപ്പിക്കുന്നത് തടയുന്നതിനും ടി കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ നിയമനടപടികളും നഷ്ടപരിഹാരവും സംബന്ധിച്ച് 8-1-2019-ൽ "കേരള സ്വകാര്യ മുതൽ നശിപ്പിക്കുന്നത് തടയലും നഷ്ടപരിഹാരം നൽകലും ഓർഡിനൻസ് 2019" പുറപ്പെടുവിക്കുകയും ആയതിന്റെയടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ സംസ്ഥാന പോലീസ് മേധാവി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

അക്രമപ്രവർത്തനങ്ങളിൽ പൊതുമുതൽ നശിപ്പിക്കുന്നത് തടയുന്നതിനും ടി കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടാൽ കേസുകൾ രജിസ്റ്റർ ചെയ്ത് നിയമ നടപടികൾ സ്വീകരിച്ചും കുറ്റക്കാരിൽനിന്നും നാശനഷ്ടം ഈടാക്കുന്നതിന് Prevention of Damage to Public Property Act, 1984 പ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നു.

ഹർത്താൽ തുടങ്ങിയവയുമായി ബന്ധപ്പെട്ട് ദേശീയപാതകൾ/ സംസ്ഥാനപാതകൾ/പൊതുനിരത്തുകൾ എന്നിവയ്ക്ക് നാശനഷ്ടം വരുത്തിയവർ ക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്താനും നാശനഷ്ടം ഈടാക്കാനുമുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതാണ്.

(ബി) മാധ്യമങ്ങളിലൂടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിലും ഇതുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാരിനിന്നും നിർദ്ദേശങ്ങളൊന്നും ലഭിച്ചിട്ടില്ല.

(സി) കേന്ദ്ര വനിതാ കമ്മീഷൻ ഇക്കാര്യത്തിൽ ഒരു നടപടിയും സ്വീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലെ സംവരണം**

8(*7) ശ്രീ. എൻ. ഷംസുദ്ദീൻ :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രൂപീകരിക്കുന്ന കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലെ രണ്ടും മൂന്നും സ്ക്രീമുകളിലെ നിയമനങ്ങളിൽ സംവരണം അട്ടിമറിക്കുന്നതിനെതിരെ പിന്നോക്ക ദളിത് സംഘടനകളുടെ പ്രതിഷേധം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) നിയമവകുപ്പും എസ്.സി.-എസ്.ടി. കമ്മീഷനും ന്യൂനപക്ഷ കമ്മീഷനും മൂന്ന് സ്ക്രീമുകളിലും സംവരണം ഏർപ്പെടുത്തണമെന്ന് ശിപാർശ ചെയ്തിരുന്നോ; ഇക്കാര്യം സർക്കാർ പരിശോധിച്ചിരുന്നോ; വിശദാംശം വെളിപ്പെടുത്താമോ;

(സി) കെ.എ.എസ്. നിയമന രീതി സംബന്ധിച്ച് അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോയെന്നറിയിക്കാമോ;

(ഡി) അന്തിമ ഉത്തരവിൽ എല്ലാ സ്കീമുകളിലും സംവരണം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലെ രണ്ടും മൂന്നും സ്കീമുകളിൽ സംവരണ തത്വങ്ങൾ ബാധകമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വിവിധ രാഷ്ട്രീയ-സാമുദായിക-ദളിത് സംഘടനകളുടെയും വ്യക്തികളുടെയും നിവേദനങ്ങൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്.

(ബി) ശിപാർശ ചെയ്തിരുന്നു. നേരിട്ടുള്ള നിയമനങ്ങൾക്ക് മാത്രമാണ് സംവരണ തത്വം ബാധകമാക്കിയിട്ടുള്ളത്. സ്കീം II, III വിഭാഗങ്ങളിൽ തസ്തിക മാറ്റ നിയമനമായതിനാൽ സംവരണം ബാധകമാക്കിയിട്ടില്ല. തസ്തികമാറ്റ നിയമനങ്ങൾക്ക് സംവരണം ബാധകമാക്കേണ്ടതില്ലെന്നും അപ്രകാരം സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യണമെന്ന് നിർദ്ദേശിച്ചും 4-3-2003-ൽ പുറപ്പെടുവിച്ച 19274/Adv.C3/2002/P&ARD നമ്പർ സർക്കുലർ നിലവിലുണ്ട്. KAS രൂപീകരിക്കുന്ന സമിതിയിൽ നിയമ വകുപ്പ് സെക്രട്ടറിയും അംഗമായിരുന്നു. ഇക്കാര്യത്തിൽ അഡ്വക്കേറ്റ് ജനറൽ നൽകിയ നിയമോപദേശവും കണക്കിലെടുത്താണ് സ്കീം II-ലും III-ലും സംവരണം ബാധകമാക്കാത്തത്. എല്ലാ സ്കീമുകളിലും സംവരണം ഏർപ്പെടുത്താനുള്ള സാധ്യത സർക്കാർ പരിശോധിച്ചുവരുന്നു.

(സി) പുറപ്പെടുവിച്ചിട്ടില്ല.

(ഡി) എല്ലാ സ്കീമിലും സംവരണം നടപ്പിലാക്കാൻ സാധിക്കുമോ എന്നത് സംബന്ധിച്ച നിയമവശങ്ങൾ സർക്കാരിന്റെ പരിശോധനയിലാണ്.

**ശബരിമല യുവതീ പ്രവേശനം**

9(*8) ശ്രീ. എം. മുകേഷ് :
ശ്രീ. എം. സ്വരാജ് :
ശ്രീ. കെ. ആൻസലൻ :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണഘടനാപരമായ അത്യുന്നത സ്ഥാനം വഹിക്കുന്നവർ സുപ്രീംകോടതി ഭരണഘടനാ ബെഞ്ച് വിധിയിലെ വിയോജനാഭിപ്രായത്തെ സ്വാഗതം ചെയ്യുകയും വിധി നടപ്പാക്കിയ സംസ്ഥാന സർക്കാരിനെ

ഭീഷണിപ്പെടുത്തുകയും ചെയ്യത് ഭരണഘടനയുടെ അടിസ്ഥാന തത്വങ്ങളെത്തന്നെ ദുർബലപ്പെടുത്തുന്നതായതിനാൽ ഇക്കാര്യത്തിൽ ജനങ്ങളെ ബോധവൽക്കരിക്കാൻ പരിപാടി ആവിഷ്കരിക്കുമോ;

(ബി) സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ ശബരിമലയിൽ യുവതികൾ പ്രവേശിച്ചതിനെത്തുടർന്ന് പ്രഖ്യാപിക്കപ്പെട്ട ഹർത്താലിന്റെ മറവിൽ വ്യാപകമായി അക്രമം നടത്തിയവരെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരാനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ജനങ്ങളുടെ സ്വൈര്യജീവിതം അട്ടിമറിക്കുകയും പൊതുമുതലും സ്വകാര്യ സ്വത്തുക്കളും നശിപ്പിക്കുകയും ചെയ്യവർക്കെതിരെ കേസുകൾ എടുത്തിട്ടുണ്ടോ; വിവിധ കേസുകളിലെ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(ഡി) സുപ്രീംകോടതി വിധി അംഗീകരിക്കാൻ സാധിക്കാതെ അക്രമസമരം നടത്തുന്ന സംഘപരിവാർ സംഘടനകളോ കരിദിനാചരണം നടത്തിയ സംഘടനകളോ സുപ്രീംകോടതി വിധി പുനപരിശോധിക്കാൻ ഹർജി നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>):

(എ) ശബരിമല ക്ഷേത്രത്തിൽ പ്രത്യേക പ്രായത്തിലുള്ള സ്ത്രീകളുടെ പ്രവേശനം നിരോധിക്കുന്നത് ഭരണഘടനാ വിരുദ്ധമാണെന്ന സുപ്രീം കോടതി വിധിന്യായം നടപ്പിലാക്കുക എന്നതും അതുവഴി ഭരണഘടന വിഭാവന ചെയ്യുന്ന ലിംഗസമത്വം ഉറപ്പാക്കുകയെന്നതും സർക്കാരിന്റെ കർത്തവ്യമാണ്. ഇതിന്റെ പശ്ചാത്തലത്തിൽ കേരളത്തിന്റെ നവോത്ഥാന മൂല്യങ്ങളെയും മതനിരപേക്ഷ ആശയങ്ങളെയും സ്ത്രീപുരുഷ സമത്വത്തെയും കടന്നാക്രമിക്കുന്നതിനുള്ള ബോധപൂർവ്വമായ ശ്രമങ്ങൾ ഉണ്ടായിട്ടുണ്ട്. നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കുക എന്ന മുദ്രാവാക്യംകൂടി ഉൾപ്പെടുത്തി നടത്തിയ വനിതാ മതിൽ സർക്കാർ പിന്തുണ നൽകി. ചരിത്രപരമായ ആ സായാഹ്നത്തിൽ 50 ലക്ഷത്തിലധികം വിവിധ വിഭാഗങ്ങളിൽപ്പെടുന്ന വനിതകൾ ഒത്തുചേർന്നു. വനിതാ മതിലിന്റെ വൻ വിജയത്തെത്തുടർന്ന് നവോത്ഥാന ആശയങ്ങളോട് യോജിക്കുന്ന എല്ലാ വിഭാഗത്തിൽപ്പെടുന്നവരെയും ഉൾപ്പെടുത്തി നവോത്ഥാന സംരക്ഷണ സമിതി വിപുലീകരിക്കാനും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്.

ഇന്ത്യൻ ജനാധിപത്യത്തിന്റെ ജീവവായുവാണ് നമ്മുടെ ഭരണഘടന. അത് ഉയർത്തിപ്പിടിക്കാൻ എല്ലാവർക്കും ചുമതലയുണ്ട്. നമ്മുടെ ഓരോ അഭിപ്രായവും പ്രവർത്തിയും ഭരണഘടന ഉറപ്പുതരുന്ന സ്വാതന്ത്ര്യം അനുഭവിക്കാൻ ഉതകുന്നതാകണം. എങ്കിൽ മാത്രമേ ഭരണഘടനാ ബോധമുള്ള ഉത്തമ പൗരരാക്കി പുതുതലമുറയെ വളർത്തിയെടുക്കാൻ കഴിയുകയുള്ളൂ. അത്തരം ശ്രമങ്ങളുടെ ആദ്യപടിയായി സ്കൂൾ

വിദ്യാർത്ഥികൾക്കായി ഭരണഘടനയുടെ ബാലപാഠം എന്ന നിലയിൽ ഒരു ലഘുപുസ്തകം പ്രസിദ്ധീകരിച്ച് വിതരണം ചെയ്തു. വൈവിദ്ധ്യമായ കൂടുതൽ പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതാണ്.

(ബി) സുപ്രീം കോടതിവിധിയുടെ അടിസ്ഥാനത്തിൽ ശബരിമലയിൽ യുവതികൾ പ്രവേശിച്ചതിനെത്തുടർന്ന് 3-1-2019-ലെ ഹർത്താലിൽ നടത്തിയ അക്രമസംഭവങ്ങളുമായി ബന്ധപ്പെട്ട് 772 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസ്സുകളിൽ 4163 പേരെ അറസ്റ്റ് ചെയ്തിട്ടുള്ളതും 1021 പേരെ റിമാന്റ് ചെയ്തിട്ടുള്ളതുമാണ്.

ഹർത്താലിന്റെ ഭാഗമായി നടന്ന അക്രമപ്രവർത്തനങ്ങളിൽ ഏർപ്പെട്ടവർക്കെതിരെ രജിസ്റ്റർചെയ്ത കേസ്സുകളിൽ ശരിയായ അന്വേഷണം ഉറപ്പുവരുത്തുന്നതിനും പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനും പൊതുമുതലിനും സ്വകാര്യ സ്വത്തിനുമുണ്ടായ നാശനഷ്ടങ്ങൾക്ക് ആവശ്യമായ നഷ്ടപരിഹാരം ഉത്തരവാദികളായ പ്രതികളിൽ നിന്നും ഈടാക്കുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് PDPP Act, 1984 ഉൾപ്പെടെ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരം കേസ്സുകൾ രജിസ്റ്റർ ചെയ്തു. സംസ്ഥാനത്ത് വിവിധ സന്ദർഭങ്ങളിൽ വിവിധ രാഷ്ട്രീയ പാർട്ടികൾ ഹർത്താലിന് അഹ്വാനം ചെയ്യാറുണ്ട്. ഒരു പ്രശ്നത്തിൽ അവസാനത്തെ സമരരൂപമെന്ന നിലയിലാണ് ഹർത്താലിനെ കണ്ടിരുന്നത്. ഇതിന് വ്യത്യസ്തമായി ഏത് കാര്യത്തിനും ജനജീവിതത്തെ ബാധിക്കുന്ന ഹർത്താൽ പ്രഖ്യാപിക്കുന്ന സ്ഥിതിയാണ് സുപ്രീം കോടതി വിധിയെത്തുടർന്ന് സംസ്ഥാനത്ത് പലപ്പോഴായി ഉണ്ടായത്. ഹർത്താലിന്റെ മറവിൽ പൊതുമുതൽ നശിപ്പിക്കുന്നതും ചില പ്രത്യേക വിഭാഗത്തിന്റെ സ്വകാര്യ സ്വത്തുക്കൾ ആസൂത്രിതമായി ആക്രമിച്ച് നശിപ്പിക്കുന്നതു മടക്കമുള്ള സംഭവങ്ങളുണ്ടായി. സാമൂഹ്യ മാധ്യമങ്ങളിലൂടെ വർഗ്ഗീയ സംഘർഷത്തിന് ഇടനൽകുന്ന വിധത്തിലുള്ള പ്രചാരണങ്ങളും ഹർത്താലിന്റെ ഭാഗമായി നടത്തുകയാണ്. ഇത് ഫലപ്രദമായി നേരിടേണ്ടതുണ്ട്. അത് മുൻനിർത്തിക്കൊണ്ട് സ്വകാര്യ മുതലുകൾ നശിപ്പിക്കുന്നത് തടയാനായി സർക്കാർ പ്രത്യേക ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. 2019 ജനുവരി 8-ന് നിലവിൽവന്ന " The Kerala Prevention of Damage to Private property and payment of compensation ordinance 2019" പ്രകാരം വർഗ്ഗീയകലാപങ്ങൾ മതസാമൂഹ്യ രാഷ്ട്രീയ സംഘടനകൾ സംഘടിപ്പിക്കുന്ന ഹർത്താൽ, ബന്ദ്, പ്രകടനങ്ങൾ, മാർച്ച്, ജാഥ, റോഡ് ഗതാഗതം സ്തംഭിപ്പിക്കൽ എന്നീ സമരങ്ങൾ അക്രമാസക്തമാവുകയും അതുമൂലം സ്വകാര്യ മുതലുകൾക്കുണ്ടാകുന്ന നാശത്തിന് നഷ്ടപരിഹാരം ഈടാക്കാനും വ്യവസ്ഥയുണ്ട്.

നശീകരണ പ്രവർത്തനങ്ങൾ നടത്തുന്നവർക്കെതിരെ പിഴയോടുകൂടി അഞ്ചുവർഷംവരെ തടവുശിക്ഷ നൽകുന്നതിന് നിയമം വ്യവസ്ഥ ചെയ്യുന്നു. സ്ഫോടനം, തീ എന്നിവയ്ക്ക് കാരണമാകുന്ന വസ്തുക്കളുപയോഗിച്ച് നശീകരണ പ്രവർത്തനങ്ങൾ നടത്തുന്നവർക്കെതിരെ ജീവപര്യന്തമോ പത്തുവർഷംവരെ തടവും പിഴയുമോ ശിക്ഷ നൽകാനുള്ള വ്യവസ്ഥയുമുണ്ട്. ജാമ്യ അപേക്ഷയിൽ പ്രോസിക്യൂഷന് കേൾക്കാനുള്ള അവസരം നൽകുക, നശിപ്പിക്കപ്പെട്ട മുതൽ സംബന്ധിച്ച മൂല്യം സർക്കാർ അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥർ നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോടതി നിർണ്ണയിക്കുകയും ആ തുകയുടെ പകുതി സെക്യൂരിറ്റിയായി കോടതിയിൽ കെട്ടിവയ്ക്കുക. ഇവ ചെയ്യാത്തപക്ഷം ജാമ്യം ലഭിക്കുകയില്ലെന്ന് ഓർഡിനൻസിൽ വ്യവസ്ഥയുണ്ട്.

(സി) കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജനങ്ങളുടെ സ്വൈരജീവിതം അട്ടിമറിക്കുകയും പൊതുമുതലും സ്വകാര്യ സ്വത്തുക്കളും നശിപ്പിക്കുകയും ചെയ്തതുമായി ബന്ധപ്പെട്ട് 772 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതും ആയതിൽ 4163 പേരെ അറസ്റ്റ് ചെയ്തിട്ടുള്ളതുമാണ്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(ഡി) വിവിധ വ്യക്തികളും സംഘടനകളും ഹർജി നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**സംഘപരിവാർ അതിക്രമങ്ങളിൽ നടപടി**

10(*9) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീമതി യു. പ്രതിഭ :
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആത്മഹത്യയും അപകടമരണവും ഹർത്താലിന് കാരണമാക്കി മാറ്റുന്ന സംഘപരിവാർ തീവ്രവാദികളുടെ നിലപാട് തള്ളിക്കൊണ്ട് വ്യാപാര സ്ഥാപനങ്ങൾ തുറക്കാൻ ശ്രമിച്ചവർക്കുനേരെ ആക്രമണം നടത്തുകയും വ്യാപാര സ്ഥാപനങ്ങൾക്ക് കേടുപാട് വരുത്തുകയും ചെയ്തവർക്കെതിരെ സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ബി) ശബരിമലയിൽ ദർശനം നടത്തിയ വിശ്വാസികളായ യുവതികളുടെ ജീവനുനേരെ ഉയർത്തിയ ഭീഷണി നേരിടുന്നതിനും അവരുടെയും നവോത്ഥാന വനിതാമതിലിൽ പങ്കെടുത്തവരുടെയും വസതികൾ ആക്രമിച്ചവരെ മാതൃകാപരമായി ശിക്ഷിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) എം.എൽ.എ.-മാർ ഉൾപ്പെടെയുള്ള പൊതുപ്രവർത്തകരുടെ വീട് ആക്രമിക്കുകയും കാസർഗോഡ് ജില്ലയിലെ ചേറ്റുകുണ്ടിൽ നവോത്ഥാന മതിലിൽ പങ്കെടുക്കാനെത്തിയ വനിതകൾക്കുനേരെ ഭീകരമായ ആക്രമണം നടത്തുകയും ചെയ്തവർക്കെതിരെ കർശന നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) സംസ്ഥാനത്ത് ഹർത്താലുകൾ പ്രഖ്യാപിച്ചും അതിന്റെ മറവിൽ വ്യാപാര സ്ഥാപനങ്ങൾ തുറക്കാൻ ശ്രമിച്ചവർക്കുനേരെ ആക്രമണം നടത്തുകയും വ്യാപാര സ്ഥാപനങ്ങൾക്ക് കേടുപാടുവരുത്തുകയും ചെയ്തവർക്കെതിരെ കർശനമായ നടപടികളാണ് പോലീസ് സ്വീകരിച്ചിട്ടുള്ളത്. ഹർത്താൽ ആഹ്വാനം ചെയ്ത ശബരിമല കർമ്മസമിതി RSS/BJP പ്രവർത്തകർക്കെതിരെ 2018 നവംബർ മാസത്തിൽ 1445 പേരെ പ്രതിയാക്കി 32 കേസുകൾ രജിസ്റ്റർ ചെയ്തു. 244 പേരെ അറസ്റ്റ് ചെയ്തതിൽ 25 പേരെ റിമാന്റ് ചെയ്തു. അതിൽ 3 പേർ ഇപ്പോഴും റിമാന്റിൽ തുടരുന്നു. 2018 ഡിസംബർ മാസത്തിൽ 255 പേരെ പ്രതിയാക്കി 2 കേസുകൾ രജിസ്റ്റർ ചെയ്തതിൽ 2 പേരെ അറസ്റ്റ് ചെയ്തു. 2019 ജനുവരിയിൽ 3694 പേരെ പ്രതിയാക്കി 30 കേസുകൾ രജിസ്റ്റർ ചെയ്തു, 925 പേരെ അറസ്റ്റ് ചെയ്തതിൽ 258 പേരെ റിമാന്റ് ചെയ്തു. അതിൽ 124 പേർ ഇപ്പോഴും റിമാന്റിൽ തുടരുന്നു.

(ബി) ഇത്തരം സംഭവങ്ങളിൽ കുറ്റക്കാർക്കെതിരെ കേസ്സുകൾ രജിസ്റ്റർ ചെയ്ത് കർശന നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. വനിതാ മതിലിൽ പങ്കെടുത്തു വെന്ന കാരണത്താൽ കാസർഗോഡ് ജില്ലയിൽ വീട് അടിച്ചുതകർത്ത ഒരു സംഭവം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച് കാസർഗോഡ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 14/19 u/s 143, 147, 448, 427, 294(b), 506(i) IPC പ്രകാരം ഒരു കേസ് രജിസ്റ്റർ ചെയ്യുകയും ബി.ജെ.പി. പ്രവർത്തകനായ ഒരു പ്രതിയെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

(സി) കാസർഗോഡ് ജില്ലയിലെ ചേറ്റുകുണ്ടിൽ നവോത്ഥാന മതിലിൽ പങ്കെടുക്കാനെത്തിയ വനിതകൾക്കുനേരെ ആക്രമണം നടത്തിയ സംഭവങ്ങളുമായി ബന്ധപ്പെട്ട് കുറ്റക്കാരക്കെതിരെ 11 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതും 139 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുള്ളതും 109 പേരെ റിമാന്റ് ചെയ്തിട്ടുള്ളതുമാണ്. ശ്രീ. എ. എൻ. ഷംസീർ എം.എൽ.എ.-യുടെ വീട് ആക്രമിക്കപ്പെട്ട സംഭവത്തിൽ ന്യൂമാഹി പോലീസ് സ്റ്റേഷനിൽ 4-1-2019-ന് 10/19 നമ്പരായി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

## ആലപ്പാട് പഞ്ചായത്തിലെ കരിമണൽ ഖനനം

11(*10) ശ്രീ. പി. ടി. തോമസ്:
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. അനിൽ അക്കര :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യ സമ്പന്നവും കാർഷിക സമൃദ്ധവുമായിരുന്ന കരുനാഗപ്പള്ളി താലൂക്കിലെ ആലപ്പാട് പഞ്ചായത്ത് അശാസ്ത്രീയമായ കരിമണൽ ഖനനംമൂലം നാശത്തിന്റെ വക്കിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഐ.ആർ.ഇ. നടത്തിവരുന്ന കരിമണൽ ഖനനം ഈ മേഖലയിൽ ഉണ്ടാക്കിയിട്ടുള്ള നാശനഷ്ടങ്ങൾ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(സി) ഖനനത്തിനുമുമ്പ് 89.5 ചതുരശ്ര കിലോമീറ്ററുണ്ടായിരുന്ന ആലപ്പാട് വില്ലേജിന്റെ ഭൂവിസ്തൃതി 7.6 ചതുരശ്ര കിലോമീറ്ററായി ചുരുങ്ങിയ വസ്തുത സർക്കാർ ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ;

(ഡി) കരിമണൽ ഖനനം തീരത്തേയും തീരക്കടലിലെയും ജൈവ വ്യവസ്ഥയെ ബാധിച്ചതായും മത്സ്യത്തൊഴിലാളി സമൂഹത്തിന് വൻആഘാതമുണ്ടാക്കുന്നുവെന്നും സർക്കാർ നിയോഗിച്ച റ്റി.എം.മഹാദേവൻ കമ്മിറ്റി കണ്ടെത്തിയിട്ടുണ്ടോ;

(ഇ) ആലപ്പാട്ടെ കരിമണൽ ഖനനം സംബന്ധിച്ച് കേരള നിയമസഭ പരിസ്ഥിതി സമിതി (2016-2019)യുടെ എട്ടാമത് റിപ്പോർട്ടിലെ ഏതൊക്കെ ശിപാർശകൾ ഇതിനകം നടപ്പാക്കിയിട്ടുണ്ട്; വിശദമാക്കുമോ;

(എഫ്) ആലപ്പാട്ടെ ജനങ്ങൾ നടത്തുന്ന അതിജീവന സമരം ഒത്തുതീർപ്പാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ഉണ്ട്. ഇതുസംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടപ്പോൾ സർക്കാർ ഉന്നതതല യോഗം ചേരുകയും ആലപ്പാട് പ്രദേശത്തെ കരിമണൽ ഖനനംമൂലം ഉണ്ടായിട്ടുള്ള തീരശോഷണം, ശാസ്ത്രീയമായി എങ്ങനെ കരിമണൽ ഖനനം നടത്താം എന്നീ വിഷയങ്ങളെ സംബന്ധിച്ച് ലഭ്യമായ വിവരങ്ങൾ പരിശോധിച്ച് പഠനം നടത്തി പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഒരു വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ഡി) കരിമണൽ ഖനനം തീരത്തേയും തീരക്കടലിലെയും ജൈവ വ്യവസ്ഥയെ ബാധിച്ചതായും മത്സ്യത്തൊഴിലാളി സമൂഹത്തിന് വൻ ആഘാതമുണ്ടാക്കുന്നുവെന്നും സർക്കാർ നിയോഗിച്ച റ്റി. എം. മഹാദേവൻ കമ്മിറ്റി കണ്ടെത്തിയിട്ടില്ല. ബീച്ചിൽനിന്നുള്ള മണലെടുപ്പ് ചാകരയെ ബാധിക്കുമെന്നുള്ളതിന് ശാസ്ത്രീയമായ അടിസ്ഥാനമില്ലെന്നാണ് റ്റി. എം. മഹാദേവൻ കമ്മിറ്റി കണ്ടെത്തിയിട്ടുള്ളത്. എന്നാൽ, നിലവിലുള്ള മത്സ്യബന്ധനത്തിന് തടസ്സമുണ്ടാകാതിരിക്കുന്നതിനുവേണ്ടി ഹെവി മിനറൽ ഖനനം ജാഗ്രതയോടെ ചെയ്യേണ്ടതാണെന്ന് ടി കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ട്.

(ഇ) സമിതിയുടെ എട്ടാമത് റിപ്പോർട്ടിൽ പതിനൊന്ന് ശിപാർശകളാണ് ഉണ്ടായിരുന്നത്. ഒന്നാമത്തെ ശിപാർശ നടപ്പാക്കുന്നതിന്റെ ഭാഗമായി ആലപ്പാട് പ്രദേശത്തെ കരിമണൽ ഖനനപ്രവർത്തനം നിരീക്ഷിക്കുന്നതിനായി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ സർക്കാർ ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, വിഷയ വിദഗ്ദ്ധർ എന്നിവർ ഉൾപ്പെട്ട ഒരു പ്രാദേശിക മേൽനോട്ട സമിതിക്ക് രൂപം നൽകാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. വ്യവസ്ഥകൾ പാലിച്ച് ശാസ്ത്രീയമായി മാത്രം ഖനനം നടത്തുക, സീ വാഷിംഗിന് ആറ് മാസത്തിൽ കുറയാതെയുള്ള ഇടവേള നൽകുക, പ്രദേശത്തിന്റെ പുനരുദ്ധാരണത്തിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കുക തുടങ്ങിയ നിർദ്ദേശങ്ങളടങ്ങിയ 2, 3, 4, 10, 11 എന്നീ ശിപാർശകൾ നടപ്പാക്കുന്നതിന്റെ ഭാഗമായി 16-1-2019-ന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനപ്രകാരം ആലപ്പാട് പ്രദേശത്ത് ശാസ്ത്രീയമായി ഖനനം നടത്തുന്നത് സംബന്ധിച്ച് ലഭ്യമായ വിവരങ്ങൾ പരിശോധിച്ച് പഠനം നടത്തി പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഒരു വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പ്രാഥമിക റിപ്പോർട്ട് പരിശോധിച്ച് സർക്കാർ തീരുമാനമെടുക്കുന്നതുവരെ ആലപ്പാട് പ്രദേശത്ത് ഐ.ആർ.ഇ.എൽ. സീ വാഷിംഗ് നടത്താൻ പാടില്ലെന്ന് കമ്പനി അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുമുണ്ട്. പുലിമുട്ട് നിർമ്മിക്കുക, മാനദണ്ഡങ്ങൾ പാലിച്ച് ജനങ്ങളുടെ എതിർപ്പ് ക്ഷണിച്ചുവരുത്താതെ ഖനന പ്രവർത്തനം നടത്തുക, ഖനനത്തിന്റെ ഫലമായി ഉണ്ടായിട്ടുള്ള കുഴികൾ നികത്തി ഭൂമി ഉടമസ്ഥർക്ക് തിരികെ നൽകുക, ഏറ്റെടുത്തിരിക്കുന്ന സ്ഥലത്തിന് ഉചിതമായ നഷ്ടപരിഹാരം നൽകുക, മണ്ണൊലിപ്പ് തടയുന്നതിനായി ജലവിഭവ വകുപ്പുമായി ചേർന്ന് നടത്താൻ ഉദ്ദേശിച്ചിട്ടുള്ള പദ്ധതി പൂർത്തിയാക്കുക, കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകുക തുടങ്ങിയ നിർദ്ദേശങ്ങളടങ്ങിയ 2, 5, 6, 7, 8 എന്നീ ശിപാർശകൾ നടപ്പാക്കാൻ സർക്കാർ കമ്പനിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 16-1-2019-ന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഖനനപ്രവൃത്തികൾ നടക്കുന്ന പ്രദേശങ്ങളിൽ കടൽഭിത്തി, പുലിമുട്ട് എന്നിവയുടെ

നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇറിഗേഷൻ വകുപ്പ് മുഖേന നടത്തുന്ന ഒരു പുലിമുട്ടിന്റെ നിർമ്മാണം പൂർത്തികരിച്ചിട്ടുണ്ടെന്നും ഖനന പ്രദേശത്തെ ബാക്കി പുലിമുട്ടുകളുടെ നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കാനാകുമെന്നാണ് ഐ.ആർ.ഇ.എൽ. അധികൃതർ അറിയിച്ചിരിക്കുന്നത്. ഖനനത്തിന്റെ ഫലമായി ഉണ്ടായിട്ടുള്ള കുഴികൾ മണ്ണിട്ട് പൂർവ്വസ്ഥിതിയിലാക്കി സ്ഥലത്തിന്റെ ഉടമസ്ഥർക്ക് തിരികെ നൽകുകയും കമ്പനി ഏറ്റെടുത്തിട്ടുള്ള സ്ഥലത്തിന് ഉചിതമായ നഷ്ടപരിഹാരം ലഭിക്കാത്തവർക്ക് എത്രയുംവേഗം ആയത് നൽകുകയും ചെയ്യണമെന്നും പ്രസ്തുത യോഗത്തിൽ ആവശ്യപ്പെട്ടിരുന്നു. ഇക്കാര്യത്തിലും നടപടികൾ സ്വീകരിച്ചുവരുന്നതായാണ് ഐ.ആർ.ഇ.എൽ. കമ്പനി അധികൃതർ അറിയിച്ചിട്ടുള്ളത്. കൂടാതെ നാശം സംഭവിച്ചിട്ടുള്ള കണ്ടൽക്കാടുകൾ വച്ചുപിടിപ്പിക്കുന്നതിലും ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനുംവേണ്ട നടപടികൾ കൈക്കൊള്ളാമെന്നും (ശിപാർശ നമ്പർ 7) ഐ.ആർ.ഇ.എൽ. അധികൃതർ അറിയിച്ചിട്ടുണ്ട്. കമ്പനിയുടെ ലാഭത്തിന്റെ ഒരു വിഹിതം ഖനന മേഖലയിലെ ജനങ്ങളുടെ ഉന്നമനത്തിനായി വിനിയോഗിക്കണമെന്ന ഒൻപതാം ശിപാർശയിലെ നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ട്. ജില്ലാ മിനറൽ ഫൗണ്ടേഷനിലേയ്ക്ക് റോയൽറ്റിയുടെ 30 ശതമാനം പ്രതിവർഷം M/s. ഐ.ആർ.ഇ.എൽ. നൽകാറുണ്ട്. കൂടാതെ, ജില്ലാ കളക്ടർ ചെയർമാനായ മൈനിംഗ് ഏരിയ വെൽഫെയർ ബോർഡിന് M/s. ഐ.ആർ.ഇ.എൽ.-ഉം M/s. കെ.എം.എം.എൽ.-ഉം വിഹിതം നൽകുന്നുമുണ്ട്.

(എഫ്) ആലപ്പാട് കരിമണൽ ഖനനം നടത്തുന്നതുമൂലമുണ്ടാകുന്ന പ്രശ്നങ്ങൾക്കെതിരെ രൂപീകരിച്ചിട്ടുള്ള സമര സമിതിയുമായി 17-1-2019-ൽ വ്യവസായ വകുപ്പുമന്ത്രി ചർച്ച നടത്തിയിട്ടുണ്ട്.

**വിഴിഞ്ഞം തുറമുഖ പദ്ധതി**

12(*11) ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. എൻ. വിജയൻ പിള്ള :
ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വാണിജ്യ വികസനത്തിന് കുതിപ്പേകുമെന്ന് പ്രതീക്ഷിക്കുന്ന വിഴിഞ്ഞം തുറമുഖ പദ്ധതി നിശ്ചിത സമയരേഖ പ്രകാരം പുരോഗമിക്കുന്നുണ്ടോ; നിർമ്മാണ പ്രവർത്തനങ്ങളുടെ വേഗത വർദ്ധിപ്പിക്കാനായി നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) പാറ ലഭിക്കുന്നതിനുള്ള പ്രശ്നങ്ങൾ മറയാക്കി, അദാനി കമ്പനി നിർമ്മാണ പ്രവൃത്തികൾ വൈകിപ്പിക്കാതിരിക്കാൻ സർക്കാർ നടത്തിവരുന്ന ഇടപെടലുകൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(സി) തുറമുഖത്തെ പ്രധാന റെയിൽപാതയുമായി ബന്ധിപ്പിക്കുന്നതിനുള്ള പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ;

(ഡി) വിഴിഞ്ഞം തുറമുഖ പദ്ധതിമൂലം ജീവനോപാധി നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരത്തിനായുള്ള അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി):

(എ) തുറമുഖത്തിന്റെ ഒന്നാംഘട്ട വികസനവുമായി ബന്ധപ്പെട്ടുള്ള ബെർത്ത് കണ്ടെയ്നർ യാർഡ് ബ്രേക്ക് വാട്ടർ നിർമ്മാണത്തിനായുള്ള അക്രോപോട് യൂണിറ്റുകൾ, തുറമുഖ അനുബന്ധ കെട്ടിടങ്ങൾ, യന്ത്രോപകരണങ്ങൾ തുടങ്ങിയവയുടെ നിർമ്മാണം പുരോഗമിക്കുകയാണ്. ഓഖി ചുഴലിക്കാറ്റിനുശേഷം നിലച്ചിരുന്ന ഡ്രെഡ്ജിംഗ് ആൻഡ് റിക്ലമേഷൻ പണികൾ 2018 ഡിസംബറിൽ പുനരാരംഭിക്കുകയുണ്ടായി. അദാനി കമ്പനിക്ക് പദ്ധതിക്കാവശ്യമായ പാറ ലഭ്യമാക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ പുലിമുട്ട് നിർമ്മാണത്തിൽ മുൻ നിശ്ചയിച്ച പ്രകാരമുള്ള പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. മേൽപ്പറഞ്ഞ സാഹചര്യങ്ങളിൽ തുറമുഖ പ്രവർത്തനം ആരംഭിക്കുന്നത് വൈകുമെന്നാണ് പദ്ധതിയുടെ ഇൻഡിപെൻഡന്റ് എഞ്ചിനീയർ അറിയിച്ചിരിക്കുന്നത്.

രണ്ടാഴ്ച കൂടുമ്പോൾ പദ്ധതിയുടെ ഇൻഡിപെൻഡന്റ് എഞ്ചിനീയർ നടത്തുന്ന അവലോകനയോഗം കൂടാതെ സർക്കാർതലത്തിൽ തുറമുഖ വകുപ്പിന്റെ ചുമതലയുള്ള സെക്രട്ടറിയും അവലോകന യോഗങ്ങൾ നടത്തി പദ്ധതി പ്രവർത്തനങ്ങളെ വിലയിരുത്താറുണ്ട്. കൂടാതെ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ പ്രോജക്ട് ഇംപ്ലിമെന്റേഷൻ കമ്മിറ്റിയും (PIC) എംപവേർഡ് കമ്മിറ്റിയും (EC) പദ്ധതി നിർവ്വഹണത്തെ അവലോകനംചെയ്ത് ആവശ്യമായ തീരുമാനങ്ങളെടുക്കുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു.

(ബി) വിഴിഞ്ഞം തുറമുഖ വികസനത്തിനായി ഏകദേശം 70 ലക്ഷം ടൺ പാറയാണ് ആവശ്യമായിട്ടുള്ളത്. പാറ കണ്ടെത്തുന്നതിനായുള്ള പ്രയാസം പുലിമുട്ട് നിർമ്മാണത്തിൽ കാലതാമസമുണ്ടാക്കുന്നുണ്ട്. എന്നാൽ തുറമുഖത്തിന്റെ മറ്റ് ഘടകങ്ങളായ ബർത്ത്, കണ്ടെയ്നർ യാർഡ്, യന്ത്രോപകരണങ്ങൾ തുടങ്ങിയവയുടെ

നിർമ്മാണം തൃപ്തികരമായ ഗതിയിൽ പുരോഗമിച്ചുവരികയാണ്. കരാർപ്രകാരം പദ്ധതിക്കാവശ്യമായിട്ടുള്ള പാറ കണ്ടെത്തേണ്ടത് അദാനി തുറമുഖ കമ്പനിയുടെ ചുമതലയാണ്. നിലവിലുള്ള സ്വകാര്യ ക്വാറികളിൽനിന്നും പദ്ധതിക്കാവശ്യമായ പാറ സംഭരിക്കുന്നതിന് ആദ്യകാലങ്ങളിൽ ശ്രമിച്ച അദാനി കമ്പനി പിന്നീട് അതിൽ ബുദ്ധിമുട്ട് നേരിടുന്നതായി അറിയിക്കുകയുണ്ടായി. ടി സാഹചര്യത്തിൽ അദാനി കമ്പനി സ്വന്തം നിലയിൽ ക്വാറികൾ ആരംഭിച്ച് കല്ല് കൊണ്ടുവരുന്നതിനുള്ള ശ്രമങ്ങൾ നടത്തിവരികയാണ്. ഇതിനായി റവന്യൂ, മൈനിംഗ് ആൻഡ് ജിയോളജി, പരിസ്ഥിതി തുടങ്ങിയ വകുപ്പുകളുടെ അനുമതികൾ നേരിടുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. മഹാരാഷ്ട്ര തുടങ്ങിയ സംസ്ഥാനങ്ങളിൽനിന്ന് പാറ കൊണ്ടുവരുന്ന കാര്യവും പരിഗണിക്കുന്നു. ഏതാനും ക്വാറികളിൽനിന്നും പാറ ഉടൻതന്നെ പദ്ധതി നിർമ്മാണത്തിന് ലഭ്യമാക്കുമെന്ന് അദാനി കമ്പനി അറിയിച്ചിട്ടുണ്ട്.

പദ്ധതിക്കായുള്ള പാറ ലഭ്യമാക്കുന്നതിനുവേണ്ടി ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ വിളിച്ചുചേർത്ത് പ്രത്യേക യോഗങ്ങൾ ചേരുകയും ക്വാറികൾ പ്രവർത്തിപ്പിക്കുന്നതിനായി സമർപ്പിച്ച അപേക്ഷകൾ ത്വരിതഗതിയിൽ പരിശോധിക്കാനും വേണ്ട നടപടികൾ സ്വീകരിക്കാനുമുള്ള നിർദ്ദേശങ്ങൾ നൽകുകയുണ്ടായി. ഇത് അവലോകനം ചെയ്യുന്നതിനായി ചീഫ് സെക്രട്ടറി, സെക്രട്ടറി തുടങ്ങിയവരുടെ നേതൃത്വത്തിൽ പ്രത്യേക യോഗങ്ങളും ചേർന്നിരുന്നു. ഇതിനുപുറമേ മൈനിംഗ് ആൻഡ് ജിയോളജി ഡയറക്ടർ ആഴ്ചതോറും വിഴിഞ്ഞം പദ്ധതിയുമായി ബന്ധപ്പെട്ട് സമർപ്പിച്ചിട്ടുള്ള അപേക്ഷകളുടെ തൽസ്ഥിതി അവലോകനവും നടത്തി തീരുമാനങ്ങളെടുത്തു വരുന്നുണ്ട്.

(സി) തുറമുഖത്തെ പ്രധാന റെയിൽപ്പാതയുമായി ബന്ധിപ്പിക്കുന്നതിനുള്ള ചുമതല കൊങ്കൺ റെയിൽവേ കോർപ്പറേഷൻ ലിമിറ്റഡിനാണ് നൽകിയിരിക്കുന്നത്. ഇതിൻപ്രകാരം പ്രാഥമിക സർവ്വേകൾ നടത്തി കരട് DPR കൊങ്കൺ റെയിൽവേ കോർപ്പറേഷൻ ലിമിറ്റഡ് സമർപ്പിച്ചിട്ടുണ്ട്. DPR പരിശോധനകൾക്കുശേഷം അംഗീകാരംനൽകുന്നമുറയ്ക്ക് സ്ഥലം ഏറ്റെടുക്കൽ, വിശദമായ സാങ്കേതിക പരിശോധനകൾ, ടെണ്ടർ നടപടികൾ തുടങ്ങിയവ ആരംഭിക്കുന്നതാണ്.

(ഡി) വിഴിഞ്ഞം തുറമുഖ പദ്ധതിമൂലം ജീവനോപാധി നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരത്തിനായുള്ള അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

1. വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ വിവിധോദ്ദേശ്യ തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് പദ്ധതി പ്രദേശത്ത് തൊഴിൽ നഷ്ടപ്പെടുന്നവരെ കണ്ടെത്തുന്നതിനും അവരുടെ നഷ്ടപരിഹാരവും പുനരധിവാസവും നിശ്ചയിക്കുന്നതിനുമായി 20-7-2015-ലെ സ.ഉ.(സാധാ.) 577/2015/മഉവ. നമ്പർ ഉത്തരവ് പ്രകാരം തിരുവനന്തപുരം റവന്യൂ ഡിവിഷണൽ ഓഫീസർ ചെയർമാനായി 5 അംഗ ഉപജീവനാഘാത നിർണ്ണയ സമിതി (Livelihood Impact Appraisal Commitee (LIAC)യും ടി റിപ്പോർട്ട് പരിഗണിച്ച് സർക്കാരിന് ശിപാർശ സമർപ്പിക്കുന്നതിലേയ്ക്കായി തിരുവനന്തപുരം ജില്ലാ കളക്ടർ ചെയർമാനായ 5 അംഗ അപ്പീൽ കമ്മിറ്റിയും (LIAC -Appeal Committee) രൂപീകരിച്ചിട്ടുണ്ട്.

2. മത്സ്യത്തൊഴിലാളികൾ സമർപ്പിച്ച അപേക്ഷകൾ മത്സ്യഗ്രാമം, മത്സ്യബന്ധന/തൊഴിൽ രീതി എന്നിവയുടെ അടിസ്ഥാനത്തിൽ (i) കരമടി മത്സ്യബന്ധനം (ii) ചിപ്പി ലോബ്സ്റ്റർ മത്സ്യബന്ധനം (iii) കട്ടമരം ഉപയോഗിച്ചുള്ള മത്സ്യബന്ധനം (iv) മോട്ടോർ ഘടിപ്പിച്ചിട്ടുള്ള യാനം ഉപയോഗിച്ചുള്ള മത്സ്യബന്ധനം (v) മത്സ്യകച്ചവടം (vi) സ്വയം സഹായ സംഘങ്ങൾ, (vii) റിസോർട്ട് തൊഴിലാളികൾ (viii) മറ്റുവിഭാഗങ്ങൾ തുടങ്ങിയ പ്രകാരം തരംതിരിക്കുകയുണ്ടായി.

(3) ടി അപേക്ഷകളിൽ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നവ പരിശോധിക്കുന്നതിന് ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള സബ് കമ്മിറ്റിയേയും (Project implimentation Unit- PIU) റിസോർട്ട് തൊഴിലാളികൾ ചെറുകിട കച്ചവടക്കാർ മുതലായ വിഭാഗങ്ങളുടെ പരാതികൾ പരിശോധിക്കുന്നതിന് ജില്ലാ ലേബർ ഓഫീസറെയും ചുമതലപ്പെടുത്തുകയാണ്ടായി.

(4) പദ്ധതിപ്രദേശം ഉൾപ്പെടുന്ന കോട്ടപ്പുറംമുതൽ മുല്ലൂർവരെയുള്ള തീരപ്രദേശത്തെ മത്സ്യബന്ധനത്തൊഴിലാളികളുടെയും റിസോർട്ട് തൊഴിലാളികളുടെയും അപേക്ഷകളാണ് ആദ്യം പരിശോധിച്ചത്. ടി പരിശോധനയുടെ അടിസ്ഥാനത്തിൽ മുല്ലൂർ പ്രദേശത്ത് 2 ഘട്ടങ്ങളിലായി റിപ്പോർട്ടുകൾ തയ്യാറാക്കുകയും 135 പേർക്ക് 9.83 കോടി രൂപ വിതരണം ചെയ്യുകയുമുണ്ടായി. വിഴിഞ്ഞം (നോർത്തിൽ) നിന്ന് മുല്ലൂർ പ്രദേശത്തുവന്ന് ചിപ്പി ശേഖരിക്കുന്ന 124 പേർക്ക് 2.48 കോടി രൂപ വിതരണം ചെയ്തു. അതുപോലെ കോട്ടപ്പുറം പ്രദേശത്ത് 3 ഘട്ടങ്ങളിലായി റിപ്പോർട്ടുകൾ തയ്യാറാക്കുകയും 292 പേർക്ക് 16.76 കോടി രൂപ വിതരണം ചെയ്യുകയുമുണ്ടായി.

(5) പദ്ധതിയുടെ കപ്പൽച്ചാൽ പ്രദേശമായ അടിമലത്തുറ ഭാഗത്തെ കരമടി മത്സ്യബന്ധന തൊഴിലാളികളെയാണ് പിന്നീട് പരിഗണിച്ചത്. ടി പ്രദേശത്ത് പരിശോധനയുടെ അടിസ്ഥാനത്തിൽ 561 പേർക്ക് 30.51 കോടി രൂപ വിതരണം ചെയ്തു.

(6) പദ്ധതിയുടെ സമീപപ്രദേശങ്ങളെ പദ്ധതിമൂലം ജീവനോപാധി ബാധിക്കാത്തതിനാൽ ടി പ്രദേശങ്ങളിൽനിന്നും ലഭിച്ച അപേക്ഷകൾ ഇപ്പോൾ പരിഗണിച്ചിട്ടില്ല.

(7) നാളിതുവരെ ആകെ 2567 ഗുണഭോക്താക്കൾക്ക് 76.94 കോടി രൂപ വിതരണം ചെയ്യുകയുണ്ടായി.

(8) പരിശോധന പൂർത്തിയാക്കിയതിൽ ആക്ഷേപം ബോധിപ്പിച്ചിട്ടുള്ള അപ്പീൽ അപേക്ഷകളിന്മേൽ പുനരന്വേഷണം നടന്നുവരുന്നു.

**സാമൂഹ്യ മാധ്യമങ്ങളിലൂടെയുള്ള വിദ്വേഷ പ്രചരണം തടയുവാൻ നടപടി**

13(*12) ശ്രീ. എം. നൗഷാദ് :
ശ്രീ. പുരുഷൻ കടലുണ്ടി :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സങ്കുചിതതാല്പര്യ സംരക്ഷണത്തിനായി വർഗ്ഗീയ വിഭജനം സാധ്യമാക്കുകയെന്ന ദ്രോഹബുദ്ധിയോടെ സാമൂഹ്യ മാധ്യമങ്ങളിലൂടെ നടത്തുന്ന വിദ്വേഷ പ്രചരണങ്ങൾ തടയുന്നതിനും ഇത്തരക്കാരെ മാതൃകാപരമായി ശിക്ഷിക്കുന്നതിനും പോലീസ് ജാഗ്രത പാലിക്കുന്നുണ്ടോ;

(ബി) നവോത്ഥാന മൂല്യങ്ങളെ പിന്തുണച്ചതിന്റെ പേരിൽ സാംസ്കാരിക മേഖലയിലെ പ്രമുഖരെയും പുരോഗമന സാമൂഹ്യപ്രവർത്തകരെയും സാമൂഹ്യ മാധ്യമങ്ങളിലൂടെ അധിക്ഷേപിക്കുന്നത് അവസാനിപ്പിക്കാൻ എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) മുഖ്യമന്ത്രിയുൾപ്പെടെയുള്ള ഭരണകർത്താക്കളെയും മറ്റും അധിക്ഷേപിക്കുകയെന്ന ലക്ഷ്യത്തോടെ ജാതിപരാമർശം നടത്തുന്നവർക്കെതിരെ കൈക്കൊണ്ടുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) സങ്കുചിത താൽപ്പര്യ സംരക്ഷണത്തിനായി സമൂഹത്തെ വർഗ്ഗീയ അസ്വാസ്ഥ്യം സൃഷ്ടിക്കുന്നതിനും വിഭജിക്കുന്നതിനുമായി സാമൂഹ്യ മാധ്യമങ്ങൾവഴി നടത്തുന്ന വിദ്വേഷ പ്രചരണങ്ങൾ തടയുന്നതിന് പോലീസ് ജാഗ്രത പുലർത്തിവരുന്നതും ഇത്തരം കുറ്റകൃത്യങ്ങളിൽ ക്രിമിനൽ കേസ്സുകൾ രജിസ്റ്റർ ചെയ്ത് നിയമനടപടികൾ സ്വീകരിച്ചുവരുന്നതുമാണ്.

(ബി) നവോത്ഥാന മൂല്യങ്ങളെ പിന്തുണച്ചതിന്റെ പേരിൽ സാംസ്കാരിക മേഖലയിലെ പ്രമുഖരെയും പുരോഗമന സാമൂഹ്യപ്രവർത്തകരെയും സാമൂഹ്യ മാധ്യമങ്ങളുടെ അശ്ലീല പ്രയോഗങ്ങളിലൂടെ അവഹേളിക്കുകയോ അധിക്ഷേപിക്കുകയോ ചെയ്യുന്നത് തടയുന്നതിനായി സൈബർ ക്രൈം പോലീസ് സ്റ്റേഷനുകൾ, ജില്ലാ സൈബർ സെല്ലുകൾ, സൈബർ ഡോം എന്നിവ മുഖേന സാമൂഹ്യ മാധ്യമങ്ങളിലെ പ്രവർത്തനങ്ങൾ നിരിക്ഷിച്ചുവരുന്നു. ഇന്ത്യൻ ജനാധിപത്യത്തിന്റെ ജീവവായുവാണ് നമ്മുടെ ഭരണഘടന. നമ്മുടെ രാജ്യത്ത് ജീവിക്കാനും വിദ്യാഭ്യാസം ചെയ്യാനും തൊഴിലെടുക്കാനും അഭിപ്രായങ്ങൾ പറയാനും സ്വാതന്ത്ര്യമനുഭവിക്കാനും സുരക്ഷിതരായിരിക്കാനുമൊക്കെയുള്ള അവകാശങ്ങൾ ഭരണഘടന നമുക്ക് ഉറപ്പ് നൽകുന്നുണ്ട്. സാർവ്വലൗകികമായ ഉന്നതമൂല്യങ്ങൾ ഉൾക്കൊള്ളുന്നതാണത്. രണ്ട് നൂറ്റാണ്ടോളം നീണ്ട സ്വാതന്ത്ര്യ സമരത്തിലൂടെ നവോത്ഥാന പ്രസ്ഥാനങ്ങളിലൂടെ മനുഷ്യാവകാശങ്ങളും പൗരധർമ്മങ്ങളും സ്വാംശീകരിച്ച് രൂപപ്പെടുത്തിയ ഇന്ത്യൻ ഭരണഘടന നിരവധി ചർച്ചകൾക്കുശേഷം അംഗീകരിക്കപ്പെട്ടതാണ്.

വ്യത്യസ്ത അഭിപ്രായങ്ങൾ പറയുന്നവരെ ആക്രമിക്കുന്ന രീതി അംഗീകരിനാവില്ല. അത്തരക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുകതന്നെ ചെയ്യും. ഇത്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നതായുള്ള സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ IPC, Information Technology Act 2000 പ്രകാരമുള്ള നിയമത്തിലെ ബന്ധപ്പെട്ട വകുപ്പുകൾപ്രകാരം കേസുകൾ രജിസ്റ്റർ ചെയ്ത് കർശന നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) മുഖ്യമന്ത്രിയുൾപ്പെടെയുള്ള ഭരണകർത്താക്കളെയും മറ്റും അധിക്ഷേപിക്കുകയെന്ന ലക്ഷ്യത്തോടെ ജാതിപരാമർശം നടത്തുന്നവർക്കെതിരെ നിലവിലെ നിയമപ്രകാരം കേസ് രജിസ്റ്റർ ചെയ്ത് കർശനമായ നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. മുഖ്യമന്ത്രിയെ ജാതിപരാമർശം നടത്തി അധിക്ഷേപിച്ചതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് 2 കേസ്സുകളും ഇതുകൂടാതെ ആംഡ് പോലീസ് ബറ്റാലിയൻ എ.ഡി.ജി.പി. ശ്രീ. മനോജ് എബ്രഹാം ഐ.പി.എസ്.-നെ ജാതിപരാമർശം നടത്തി അധിക്ഷേപിച്ചതിന് ഒരു കേസും രജിസ്റ്റർ ചെയതിട്ടുണ്ട്.

## വനിതാ മതിലും നവോത്ഥാന മൂല്യങ്ങളും

14(*13) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം നവോത്ഥാന മൂല്യങ്ങൾക്ക് കോട്ടങ്ങൾ സംഭവിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി ഉണ്ടെങ്കിൽ ഏതൊക്കെ മൂല്യങ്ങൾക്കാണ് ശോഷണം സംഭവിച്ചതെന്നും അതിന് ഉത്തരവാദികൾ ആരെന്നും വ്യക്തമാക്കുമോ;

(സി) നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കുന്നതിനായി ജാതി സംഘടനകളുടെ യോഗം വിളിച്ചുകൂട്ടണമെന്ന് തീരുമാനിച്ചത് ഏത് സാഹചര്യത്തിലാണ്;

(ഡി) ഹിന്ദുമത സംഘടനകളെ മാത്രം വിളിച്ചുകൂട്ടിവേണം കേരളത്തിൽ നവോത്ഥാനം സൃഷ്ടിക്കേണ്ടത് എന്ന നിഗമനത്തിൽ എത്തിയത് എന്തുകൊണ്ടാണ് എന്ന് വെളിപ്പെടുത്താമോ;

(ഇ) വനിത മതിൽ സംഘടിപ്പിക്കുന്നത് സംബന്ധിച്ച തീരുമാനം പ്രസ്തുത ജാതി സംഘടനകളുടെ യോഗത്തിലാണോ എടുത്തത് എന്നറിയിക്കാമോ;

(എഫ്) നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കുന്നതിന് മറ്റ് സമുദായത്തിൽപ്പെട്ട സംഘടനകൾക്ക് യാതൊരു പങ്കും ഇല്ലായെന്ന് വിലയിരുത്തുന്നുണ്ടോ; ഇതിന്റെ അടിസ്ഥാനത്തിലാണോ പ്രസ്തുത വിഭാഗത്തിൽപ്പെട്ടവരെ ഡിസംബറിൽ ചേർന്ന യോഗത്തിൽനിന്നും ഒഴിവാക്കിയത് എന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ&ബി) ഇല്ല. എന്നാൽ നവോത്ഥാന പ്രസ്ഥാനങ്ങൾ തുടച്ചുനീക്കിയ ദുരാചാരങ്ങൾ തിരിച്ച് കൊണ്ടുവരുന്നതിന് ചില കേന്ദ്രങ്ങൾ ശ്രമിച്ചുപോരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സാഹോദര്യം, മാനവികത, മതനിരപേക്ഷത തുടങ്ങിയ മൂല്യങ്ങൾ രാഷ്ട്രീയ നേട്ടങ്ങൾക്കായി അട്ടിമറിക്കുന്നതിനും പൊയ്പ്പോയ കാലത്തെ ജാതിമേധാവിത്വ വ്യവസ്ഥയുടെ പുനഃസ്ഥാപനത്തിനുവേണ്ടി ശ്രമിക്കുന്ന സ്ഥാപിത ശക്തികളും അവയുമായി ചേർന്ന് നിൽക്കുന്ന ചില രാഷ്ട്രീയ ശക്തികളുമാണ് ഇതിന് ഉത്തരവാദികളെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) കേരളീയ നവോത്ഥാനത്തിന് ശ്രദ്ധേയമായ പങ്കുവഹിച്ചിട്ടുള്ള പ്രസ്ഥാനങ്ങളുടെയും സംഘടനകളുടെയും യോഗമാണ് സർക്കാർ വിളിച്ചുചേർത്തത്. നവോത്ഥാനമൂല്യങ്ങൾ തകർക്കുന്നതിന് ചില കേന്ദ്രങ്ങൾ ബോധപൂർവ്വമായ ശ്രമം ആരംഭിച്ച ഘട്ടത്തിൽ അതിനെ പ്രതിരോധിക്കുക എന്ന ഉദ്ദേശത്തോടെയാണ് ഈ യോഗം വിളിച്ചുചേർത്തത്.

(ഡി) ഹിന്ദുമത സംഘടനകളെ മാത്രം വിളിച്ചുകൂട്ടിവേണം കേരളത്തിൽ നവോത്ഥാനം സൃഷ്ടിക്കേണ്ടത് എന്ന നിഗമനത്തിൽ എത്തിയിട്ടില്ല. ശബരിമല സ്ത്രീ പ്രവേശനത്തിന്റെ പശ്ചാത്തലത്തിൽ ഹിന്ദുമത വിഭാഗങ്ങൾക്കിടയിൽ നവോത്ഥാന മൂല്യങ്ങളെ ദുർബ്ബലപ്പെടുത്തുന്നതിനുള്ള ബോധപൂർവ്വമായ ശ്രമം ഉണ്ടായപ്പോഴാണ് അതുസംബന്ധിച്ച് ചർച്ച ചെയ്യാൻ ഇത്തരമൊരു യോഗം വിളിച്ചുചേർത്തത്. നവോത്ഥാനം സംരക്ഷിക്കുന്നതിന് എല്ലാ വിഭാഗത്തിൽപ്പെട്ടവർക്കും പങ്ക് വഹിക്കാനുണ്ടെന്നതിനാലാണ് നിലവിലുള്ള സമിതി നവോത്ഥാന ആശയങ്ങളോട് യോജിപ്പുള്ള മറ്റ് വിഭാഗങ്ങളെ ഉൾപ്പെടുത്തി വിപുലീകരിക്കാൻ തീരുമാനിച്ചത്.

(ഇ) നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കണമെന്ന് താൽപ്പര്യമുള്ള സംഘടനകളുടെ യോഗത്തിൽ ഉയർന്നുവന്ന പൊതുവായ അഭിപ്രായത്തെത്തുടർന്നാണ് വനിതാ മതിൽ സംഘടിപ്പിക്കാൻ തീരുമാനിച്ചത്. വനിതാ മതിലിൽ എല്ലാ വിഭാഗത്തിൽപ്പെട്ട സ്ത്രീകളും പങ്കെടുക്കുകയുണ്ടായി.

(എഫ്) നവോത്ഥാനം സംരക്ഷിക്കുന്നതിന് എല്ലാ വിഭാഗത്തിൽപ്പെട്ടവർക്കും പങ്കുവഹിക്കാൻ ഉണ്ടെന്നതിനാലാണ് നിലവിലുള്ള സമിതി നവോത്ഥാന ആശയങ്ങളോട് യോജിപ്പുള്ള മറ്റ് വിഭാഗങ്ങളെ ഉൾപ്പെടുത്തി വിപുലീകരിക്കാൻ തീരുമാനിച്ചത്.

**മാവോയിസ്റ്റ് ഭീഷണി നേരിടുന്നതിന് നടപടി**

15(*14) ശ്രീ. ടി. എ. അഹമ്മദ് കബീർ :
ഡോ. എം. കെ. മുനീർ :
ശ്രീ. എൻ . എ. നെല്ലിക്കുന്ന് :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടിയൂർ പഞ്ചായത്തിലെ അമ്പായത്തോട് ടൗണിൽ പത്തോളം വരുന്ന മാവോയിസ്റ്റ് സംഘം ആയുധങ്ങളുമേന്തി പ്രകടനം നടത്തിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവരുടെ സാന്നിധ്യം അറിയിക്കുന്നതിനായി ഏതെല്ലാം സ്ഥലങ്ങളിൽ പോസ്റ്ററുകൾ പതിപ്പിച്ചതായാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്;

(സി) വനപ്രദേശത്തോടു ചേർന്നു കിടക്കുന്ന വീടുകളിൽനിന്നും ഇവർ ഭക്ഷ്യ ധാന്യങ്ങൾ ശേഖരിക്കുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ഡി) ഇവരുടെ സാന്നിധ്യം മനസ്സിലാക്കുന്നതിൽ പോലീസ് ഇന്റലിജൻസിന് വീഴ്ച സംഭവിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഇ) മാവോയിസ്റ്റ് ഭീഷണി നേരിടുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അമ്പായത്തോട് ടൗണിൽ മൂന്നിടങ്ങളിലായി പോസ്റ്ററുകൾ പതിപ്പിച്ചതായാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്.

(സി) റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) വീഴ്ച സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) മാവോയിസ്റ്റുകൾ അടക്കമുള്ള ഇടതുപക്ഷ തീവ്രവാദികളുടെ പ്രവർത്തനം നേരിടുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട് :

1. കേരളത്തിലെ മാവോയിസ്റ്റ് പ്രവർത്തനം വിലയിരുത്തുന്നതിനും തുടർ നടപടികൾ കൈക്കൊള്ളുന്നതിനുമായി മുഖ്യമന്ത്രി അദ്ധ്യക്ഷനായ ഒരു യൂണിഫൈഡ് കമാൻഡ് രൂപീകരിച്ചിട്ടുണ്ട്.

2. കേരളത്തിലെ മാവോയിസ്റ്റ് പ്രവർത്തനങ്ങൾ നേരിടുന്നതിന്റെ ഭാഗമായി വനത്തിനുള്ളിലും വനാതിർത്തിയിലും നിവസിക്കുന്ന ആദിവാസി വിഭാഗങ്ങളിൽ നിന്നുമാത്രം യുവതീ-യുവാക്കളെ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന കണ്ടെത്തി 75 പോലീസ് കോൺസ്റ്റബിൾ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ട്. അവരുടെ പരിശീലനം അന്തിമഘട്ടത്തിലാണ്.

3. മാവോയിസ്റ്റ് പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരെ അതിൽനിന്നും പിന്തിരിപ്പിച്ച് കീഴടങ്ങുന്നതിലേയ്ക്കായി കീഴടങ്ങൽ പുനരധിവാസ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്.

4. മാവോയിസ്റ്റ് ഭീഷണി നിലവിലുള്ള ജില്ലകളിലെ പോലീസ് സ്റ്റേഷനുകളിലെ ഉദ്യോഗസ്ഥർക്കും അവരുടെ മേലുദ്യോഗസ്ഥർക്കും മതിയായ പരിശീലനം നൽകിയിട്ടുണ്ട്. മാവോയിസ്റ്റ് ഭീഷണിയുള്ള സ്ഥലങ്ങളിൽ ലോക്കൽ പോലീസ് ഉദ്യോഗസ്ഥരും പ്രത്യേക പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരും പട്രോളിംഗ് നടത്തിവരുന്നു.

5. മാവോയിസ്റ്റ് തീവ്രവാദ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെ അറസ്റ്റ് ചെയ്യുകയും അവരുടെ മേൽ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

6. ആദിവാസി മേഖലകളിൽ ആദിവാസികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാനും വിവിധ വികസന, ആരോഗ്യ സംരക്ഷണ, ഭക്ഷ്യവിതരണ പദ്ധതികൾ നടപ്പിലാക്കാനും വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

## അനധികൃത ആയുധപരിശീലനം

16 (*15) <u>ശ്രീ. ഡി. കെ. മുരളി</u> :
<u>ശ്രീമതി വീണാ ജോർജ്ജ്</u> :
<u>ശ്രീ. ബി. സത്യൻ</u> :
<u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് പോലീസ് സ്റ്റേഷനുനേരെ ബോംബാക്രമണം നടത്തിയ ആർ.എസ്.എസ്. ജില്ല നേതാവ് സംഘമന്ദിർ എന്ന ആർ.എസ്.എസ്. ഓഫീസിൽ ഒളിച്ച് താമസിച്ച് അക്രമ പ്രവർത്തനം നടത്തിവന്ന ഇതരജില്ലക്കാരനെന്ന് തെളിയുകയും ആ ഓഫീസിൽ നിന്നും മാരകായുധങ്ങൾ കണ്ടെടുക്കുകയും ചെയ്ത പശ്ചാത്തലത്തിൽ ആ സംഘടനയുടെ ഓഫീസുകൾ മറ്റുസ്ഥലങ്ങളിൽ നിന്നുള്ള ക്രിമിനലുകളുടെ ഒളിത്താവളമാക്കുന്ന പ്രവണത അവസാനിപ്പിക്കാൻ പോലീസ് നിരീക്ഷണം ശക്തിപ്പെടുത്താൻ നടപടിയെടുക്കുമോ;

(ബി) ശാഖകൾ എന്ന പേരിൽ പോലീസ് നിയമത്തിന് വിരുദ്ധമായി നടത്തുന്ന കായികപരിശീലനവും ആയുധ പരിശീലനവും തടയാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് എന്നറിയിക്കാമോ;

(സി) തിരുവനന്തപുരത്ത് മലയിൻകീഴിൽ ആർഎസ്.എസ്. നിയന്ത്രണത്തിലുള്ള സ്കൂൾ വളപ്പിൽനിന്ന് മാരകശക്തിയുള്ള ബോംബുകൾ കണ്ടെത്തിയ പശ്ചാത്തലത്തിൽ നിയമവിരുദ്ധമായ കായികപരിശീലനത്തിനായി വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും ആരാധനാലയങ്ങളുടെയും പരിസരം ഉപയോഗിക്കുന്നത് അവസാനിപ്പിക്കാൻ കർശന നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുമോ?

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>):

(എ) ഒന്നാംപ്രതി പ്രവീൺ ഇതര ജില്ലക്കാരനാണെന്ന് അന്വേഷണത്തിൽ അറിവായിട്ടുണ്ട്. നിയമവിരുദ്ധമായ ആയുധ സംഭരണം, കുറ്റവാളികളെ ഒളിപ്പിക്കൽ, കുറ്റകരമായ ഗൂഢാലോചന തുടങ്ങിയ സംഭവങ്ങളിൽ ഏർപ്പെടുന്ന സംഘടനകളുടെയും സ്ഥാപനങ്ങളുടെയും ഓഫീസുകളുടെയും പ്രവർത്തനങ്ങൾ നിരീക്ഷിച്ചുവരുന്നതും നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിനാവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിച്ചുവരികയുമാണ്.

(ബി) ശാഖകൾ എന്ന പേരിൽ പോലീസ് നിയമത്തിന് വിരുദ്ധമായി കായിക പരിശീലനവും ആയുധപരിശീലനവും നടത്തുന്ന സംഘടനകളുടെ പ്രവർത്തനം പോലീസ് നിരീക്ഷിച്ചുവരുന്നു. നിയമവിരുദ്ധമായി കാണപ്പെടുന്ന സംഭവങ്ങളിൽ കുറ്റക്കാർക്കെതിരെ കേരള പോലീസ് ആക്ട് 2011 പ്രകാരം നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) നിയമവിരുദ്ധമായ കായിക പരിശീലനത്തിനായി വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും ആരാധനാലയങ്ങളുടെയും പരിസരം ഉപയോഗിക്കുന്നത് തടയുന്നതിനായി കർശന നിയമനടപടികളാണ് സ്വീകരിച്ചുവരുന്നത്. 5-4-2000-ലെ ബഹു. ഹൈക്കോടതിയുടെ വിധിപ്രകാരം സ്കൂൾവക കെട്ടിടങ്ങളും വസ്തുക്കളും വിദ്യാഭ്യാസപരമായ ആവശ്യങ്ങൾക്കല്ലാതെ ഉപയോഗിക്കാൻ പാടില്ലെന്ന വിദ്യാഭ്യാസ ഡയറക്ടറുടെ നിർദ്ദേശം നിലവിലുണ്ട്.

**സപ്ലൈകോയുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന് നടപടി**

17 (*16) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. എൽദോ എബ്രഹാം :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയുടെ പ്രവർത്തനം വിപുലമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) സപ്ലൈകോ ഗൃഹോപകരണങ്ങളുടെ വില്പന തുടങ്ങുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) വീട്ടിലേക്കുവേണ്ട എല്ലാ സാധനങ്ങളും ലഭിക്കുന്ന ഷോപ്പിംഗ് മാളുകൾ തുടങ്ങുന്നതിന് സപ്ലൈകോ ആലോചിക്കുന്നുണ്ടോ;

(ഡി) ഉത്സവകാലങ്ങളിൽ പൊതുവിപണിയിൽ ഉണ്ടാകുന്ന വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സപ്ലൈകോ ഏതൊക്കെ തരത്തിലുള്ള ഇടപെടലുകളാണ് നടത്തുന്നതെന്ന് വ്യക്തമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) ഉണ്ട്. സപ്ലൈകോയുടെ പ്രവർത്തനം വിപുലമാക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

ചില്ലറ വ്യാപാര മേഖലയിലെ ശക്തമായ മത്സരത്തെ നേരിടുന്നതിനും ഉപഭോക്താക്കൾക്ക് കൂടുതൽ സൗകര്യങ്ങൾ നൽകുന്നതിനുമായി വിഭാവന ചെയ്തിട്ടുള്ള വിൽപ്പനശാലകളുടെ നവീകരണവുമായി ബന്ധപ്പെട്ട് 2018-19 സാമ്പത്തിക വർഷത്തിൽ 8 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. നവീകരണത്തിനായി തെരഞ്ഞെടുത്തിട്ടുള്ള 100 വിൽപ്പനശാലകളിൽ 43 എണ്ണത്തിലെ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്.

സപ്ലൈകോ വിൽപ്പനശാലകൾ ഇല്ലാത്ത 24 പഞ്ചായത്തുകളിൽ വിൽപ്പനശാലകൾ തുറക്കുന്നതിനുള്ള നടപടികൾ പ്രസ്തുത പഞ്ചായത്തുകളുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്നു.

കൂടുതൽ ഉപഭോക്താക്കളെ സപ്ലൈകോ വിൽപ്പനശാലകളിലേയ്ക്ക് ആകർഷിക്കും വിധം സ്വകാര്യ കമ്പനികളുമായി ചേർന്ന് ഡിസ്കൗണ്ട് കൂപ്പണുകൾ, ഗിഫ്റ്റ് വൗച്ചറുകൾ, സമ്മാന കൂപ്പണുകൾ എന്നിവ നൽകുന്ന വിവിധ പദ്ധതികളും നിലവിലുണ്ട്.

സ്ഥലസൗകര്യം കുറഞ്ഞ മാവേലി സ്റ്റോറുകളെ കൂടുതൽ സ്ഥലം ലഭ്യമാക്കി ആധുനിക രീതിയിലുള്ള സൂപ്പർ മാർക്കറ്റുകളാക്കി ഉയർത്തുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ സപ്ലൈകോ ഗൃഹോപകരണ വിപണി ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. എം.ആർ.പി.-യിൽനിന്നും ശരാശരി 40% വരെ വിലക്കുറവ് ലഭ്യമാകുന്ന രീതിയിലാണ് വിപണനം ക്രമീകരിച്ചിട്ടുള്ളത്.

(സി) ഉണ്ട്.

(ഡി) ഓണം, റംസാൻ, ക്രിസ്തുമസ് മുതലായ ഉത്സവ സീസണുകളിൽ നിലവിലുള്ള വിൽപ്പനശാലകൾക്കുപുറമെ ആരംഭിക്കുന്ന പ്രത്യേക ഉത്സവ ചന്തകൾവഴി കൂടുതൽ ഉൽപ്പന്നങ്ങൾ ഉപഭോക്താക്കൾക്ക് ലഭ്യമാക്കിവരുന്നു. പ്രത്യേക ചന്തകളിലൂടെ കുറഞ്ഞ വിലയിൽ അവശ്യ സാധനങ്ങളും പച്ചക്കറികളും ഉത്സവകാലയളവിലേയ്ക്ക് ആവശ്യമായ മറ്റ് ഉൽപ്പന്നങ്ങളും വിൽപ്പന നടത്തിവരുന്നു.

**പകർച്ചവ്യാധികൾ തടയുന്നതിന് നടപടികൾ**

18(*17) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തരം പടർന്നുപിടിച്ച എലിപ്പനിമൂലം 200-ഓളം പേർ മരണപ്പെട്ട സാഹചര്യം പരിശോധിക്കുകയുണ്ടായോ;

(ബി) എച്ച്.1.എൻ.1 പനി ബാധിച്ച് കഴിഞ്ഞ നവംബറിൽ മാത്രം 24 പേർ മരിച്ചെന്ന് ആരോഗ്യ വകുപ്പ് കണ്ടെത്തുകയുണ്ടായോ;

(സി) വിവിധതരം പനി ബാധിച്ച് എത്രപേർ ഇപ്പോൾ സംസ്ഥാനത്ത് വിവിധ ആശുപത്രികളിലുണ്ടെന്ന വിവരം ലഭ്യമാണോ;

(ഡി) പനി അടക്കമുള്ള പകർച്ചവ്യാധികൾ തടയുന്നതിന് ആരോഗ്യ വകുപ്പ് കൈക്കൊണ്ടുവരുന്ന നടപടികൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) പ്രളയാനന്തരം പ്രളയബാധിത പ്രദേശങ്ങളിൽ എലിപ്പനി പടർന്നുപിടിക്കുവാനുള്ള അനുകൂല സാഹചര്യം വളരെയധികമായിരുന്നു. എന്നിരുന്നാലും ആരോഗ്യ വകുപ്പിന്റെ സമയോചിതമായ യുദ്ധകാലാടിസ്ഥാനത്തിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ എലിപ്പനി പടർന്നുപിടിക്കുന്നതിന് വളരെയധികം തടയിടാൻ സാധിച്ചു. എലിപ്പനി പ്രതിരോധമരുന്നായ ഡോക്സിസൈക്ലിൻ പ്രളയബാധിത പ്രദേശങ്ങളിലെ ജനങ്ങൾക്ക് പ്രതിരോധ മരുന്നായി വിപുലമായി വിതരണം ചെയ്തുവെങ്കിലും ആരോഗ്യ വകുപ്പ് നിർദ്ദേശിച്ച പ്രകാരം നിശ്ചിത കാലയളവ് തുടർച്ചയായി ടി മരുന്ന് ഉപയോഗിക്കുന്നതിൽ പൊതുജനം ആദ്യഘട്ടത്തിൽ കാണിച്ച വിമുഖത ഈ പ്രതിരോധ പ്രവർത്തനത്തെ പൂർണ്ണ വിജയത്തിലെത്തിക്കുന്നതിന് തടസ്സമായിട്ടുണ്ട്. എന്നിരുന്നാലും പ്രളയാനന്തരം പടർന്നുപിടിച്ച എലിപ്പനിമൂലം 2018 ആഗസ്റ്റ് 15 മുതൽ 2019 ജനുവരി 20 വരെ എലിപ്പനി സ്ഥിരീകരിച്ച് മരണപ്പെട്ടവരുടെ എണ്ണം 60 ആണ്.

(ബി) എച്ച്1എൻ1 പനി ബാധിച്ച് കഴിഞ്ഞ നവംബറിൽ 21 പേർ മരിച്ചതായി കണ്ടെത്തിയിട്ടുണ്ട്.

(സി) 2019 ജനുവരി 1 മുതൽ 20 വരെ വിവിധതരം പനി ബാധിച്ച് 129745 പേർ സംസ്ഥാനത്ത് വിവിധ ആശുപത്രികളിൽ ചികിത്സ തേടിയിട്ടുണ്ട്.

(ഡി) പനി അടക്കമുള്ള പകർച്ചവ്യാധികൾ തടയുന്നതിന് ആരോഗ്യ വകുപ്പ് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു:

ആരോഗ്യ ജാഗ്രത എന്ന പേരിൽ പകർച്ചവ്യാധി പ്രതിരോധത്തിനും നിയന്ത്രണത്തിനുമായുള്ള വാർഷിക പദ്ധതി തയ്യാറാക്കി വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും പൊതുജനങ്ങളുടെയും പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നു.

ഇതര വകുപ്പുകളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് സംസ്ഥാനതലം, ജില്ലാതലം, നഗരസഭാതലം, പഞ്ചായത്തുതലങ്ങളിൽ ഏകോപന യോഗങ്ങൾ, തദ്ദേശസ്ഥാപനം, പ്രാഥമികാരോഗ്യതലങ്ങളിൽ ആലോചനാ യോഗങ്ങൾ, വാർഡുതല ആരോഗ്യ ശുചിത്വ സമിതി ശാക്തീകരിച്ച് വാർഡുതലത്തിൽ പ്രവർത്തിക്കാൻ ആരോഗ്യ സ്ക്വാഡുകളുടെ രൂപീകരണം, ഫണ്ട് ലഭ്യമാക്കൽ, വാർഡുതല ആരോഗ്യ ബോധവൽക്കരണം, ശുചീകരണം, കുടിവെള്ള ശുദ്ധി ഉറപ്പുവരുത്താനായി ക്ലോറിനേഷൻ, കൊതുക് നശീകരണം തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തിവരുന്നു. നിശ്ചിത ദിവസങ്ങളിൽ ബോധവൽക്കരണത്തിനും പ്രതിരോധത്തിനുമുള്ള യജ്ഞങ്ങൾ, ആരോഗ്യ സന്ദേശയാത്ര, വിവിധ ദേശീയ ആരോഗ്യ ദിനാചരണങ്ങൾ, പൊതുജനാരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നവരെ കണ്ടുപിടിച്ച് പൊതുജനാരോഗ്യ നിയമനടപടികൾ സ്വീകരിക്കുക എന്നിവ നടത്തിവരുന്നു. കൂടാതെ ഹെൽത്തി കേരള ക്യാമ്പയിന്റെ ഭാഗമായി പ്രതിദിന/പ്രതിവാര/പ്രതിമാസ രോഗനിരീക്ഷണം, ലബോറട്ടറി നിരീക്ഷണം, കൊതുക് നിരീക്ഷണം എന്നിവയും എലിപ്പനിക്കെതിരെ പ്രതിരോധ ചികിത്സ, രോഗത്തിന്റെ അപകട സൂചന കണ്ടുപിടിച്ച് മുൻകൂട്ടി നിയന്ത്രിക്കൽ, അംഗീകൃത ചികിത്സാ മാർഗ്ഗരേഖയ്ക്ക് അനുസൃതമായി ചികിത്സ ലഭ്യമാക്കൽ, ആശുപത്രി സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, രോഗം പൊട്ടിപ്പുറപ്പെടുമ്പോൾ ദ്രുതകർമ്മസേന ഇടപെട്ട് രോഗനിയന്ത്രണം ഊർജ്ജിതമാക്കൽ, ജലജന്യരോഗങ്ങൾ, കൊതുകുജന്യ, ജന്തുജന്യ, വായുജന്യ രോഗങ്ങൾ തുടങ്ങിയവയുടെ നിയന്ത്രണ പ്രവർത്തനങ്ങൾ, അതിഥി സംസ്ഥാന തൊഴിലാളികൾക്കും തീരപ്രദേശത്തും ചേരികളിലും പട്ടികവർഗ്ഗ മേഖലകളിലും പ്രത്യേക രോഗപരിരക്ഷ, സുസ്ഥിര വികസന ലക്ഷ്യങ്ങൾക്കനുസരിച്ചുള്ള പ്രവർത്തനങ്ങൾ എന്നിവയുംവഴി വിവിധ പകർച്ചവ്യാധികളെ ഒരു പരിധിവരെ നിയന്ത്രിച്ചുനിർത്തുവാൻ ആരോഗ്യവകുപ്പിന് കഴിഞ്ഞിട്ടുണ്ട്. ആരോഗ്യവകുപ്പിന്റെ പകർച്ചവ്യാധി പ്രതിരോധ പദ്ധതി വിവിധ വകുപ്പുകളുടെ സഹകരണത്തോടെ നടപ്പാക്കുന്നതിന് 5-12-2018-ൽ ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ഇതുകൂടാതെ പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങൾ വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും സഹകരണത്തോടെയും പങ്കാളിത്തത്തോടെയും സംസ്ഥാനതലത്തിൽ ഏകോപിപ്പിക്കുന്നതിന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 24-1-2019-ന് വിവിധ മന്ത്രിമാരുടെയും വകുപ്പ് മേധാവികളുടെയും ഉന്നതതല യോഗം ചേർന്ന് വിലയിരുത്തുകയും ഭാവി പ്രവർത്തനങ്ങൾക്കുവേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

## കേന്ദ്ര സർക്കാർ അനുവദിച്ച മണ്ണെണ്ണ

19(*18) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ പഞ്ചസാരയ്ക്ക് കേന്ദ്ര സർക്കാർ സബ്സിഡി നൽകുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ ;

(ബി) പ്രളയസമയത്ത് കേന്ദ്ര സർക്കാർ മണ്ണെണ്ണ അനുവദിച്ചതിന്റെ വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ഈ മണ്ണെണ്ണ ഏതൊക്കെ വിഭാഗക്കാർക്കാണ് നൽകേണ്ടതെന്ന തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ;

(ഡി) അനുവദിച്ച മണ്ണെണ്ണ പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) ഉണ്ട്. കിലോഗ്രാമിന് 18.50 രൂപയാണ് കേന്ദ്ര സബ്സിഡിയായി ലഭ്യമാകുന്നത്.

കേന്ദ്രസർക്കാർ നിർദ്ദേശപ്രകാരം പഞ്ചസാര വിതരണം എ.എ.വൈ. വിഭാഗത്തിന് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. ആയതനുസരിച്ച് സംസ്ഥാനത്തെ 595800 എ.എ.വൈ. കാർഡുകൾക്ക് പ്രതിമാസം ഒരു കിലോഗ്രാം വീതം പഞ്ചസാര നൽകുന്നതിനായി 595.8 മെ. ടണ്ണാണ് നിലവിലെ പ്രതിമാസ അലോട്ട്മെന്റ്. ആയതനുസരിച്ച് സംസ്ഥാനത്ത് വിതരണം നടത്തുന്നതിനുള്ള പഞ്ചസാര സപ്ലൈകോ പൊതുവിപണിയിൽനിന്നും ഇ-ടെണ്ടർ/ഇ-ഓക്ഷൻവഴി വാങ്ങി വാതിൽപ്പടിയായി റേഷൻ കടകളിൽ എത്തിക്കുന്നു.

ത്രൈമാസ ക്ലെയിം സ്റ്റേറ്റ്മെന്റ് കേന്ദ്രസർക്കാരിലേയ്ക്ക് സമർപ്പിച്ച് പഞ്ചസാര സബ്സിഡി നേരിട്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു. പഴയ സ്കീം അനുസരിച്ച് ബി.പി.എൽ./എ.എ.വൈ. വിഭാഗത്തിന് വിതരണം നടത്തുന്നതിനുള്ള പ്രതിമാസ അലോട്ട്മെന്റായ 4103 മെ.ടൺ ലഭ്യമായിരുന്നപ്പോഴും 18.50 രൂപ/കിലോഗ്രാമാണ് കേന്ദ്ര സബ്സിഡിയായി ലഭ്യമായിരുന്നത്.

(ബി) പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി കേന്ദ്രസർക്കാർ 12,000 കിലോ ലിറ്റർ മണ്ണെണ്ണ നോൺ സബ്സിഡി നിരക്കിൽ സംസ്ഥാനത്തിന് അനുവദിച്ചിട്ടുണ്ട്. ഈ മണ്ണെണ്ണയുടെ എക്സ് ഇൻസ്റ്റലേഷൻ വിലയിൽ ഓരോ മാസവും വ്യത്യാസം വരുന്നതനുസരിച്ചുള്ള മണ്ണെണ്ണയുടെ വിൽപ്പന വില ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | കാലയളവ് | വില/കി.ലി. |
|---|---|---|
| 1 | 1-10-2018 - 31-10-2018 | 47 |
| 2 | 1-11-2018 - 30-11-2018 | 49 |
| 3 | 1-12-2018 - 31-12-2018 | 44 |
| 4 | 1-1-2019 - 31-1-2019 | 37 |

ടി മണ്ണെണ്ണയിൽനിന്നും 2018 ഒക്ടോബറിൽ 4056 കിലോലിറ്ററും ഡിസംബറിൽ 4104 കിലോ ലിറ്ററും പ്രളയബാധിത ജില്ലകൾക്ക് അനുവദിച്ചിട്ടുണ്ട്. പൊതുവേ വില കൂടിയ മണ്ണെണ്ണയ്ക്ക് ആവശ്യകത കുറവായതിനാൽ വിട്ടെടുപ്പിൽ കാര്യമായ പുരോഗതിയില്ല.

(സി) ടി മണ്ണെണ്ണ പ്രളയബാധിത പ്രദേശങ്ങളിലെ കാർഡുടമകൾക്കും മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും കൂടാതെ വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ ഒറ്റത്തവണ സ്പെഷ്യൽ പെർമിറ്റായും (20 ലിറ്റർ വരെ) വിതരണം ചെയ്യുന്നതിന് തീരുമാനമായിട്ടുണ്ട്.

(ഡി) അനുവദിച്ച മണ്ണെണ്ണ പൂർണ്ണമായും വിതരണം ചെയ്തിട്ടില്ല. നോൺ സബ്സിഡി മണ്ണെണ്ണയുടെ വിൽപ്പന വില കൂടുതലായതുകാരണം വിൽപ്പന കുറവായതിനാലും സബ്സിഡി മണ്ണെണ്ണയോടൊപ്പം ടി മണ്ണെണ്ണകൂടി കെ.ഡബ്ല്യു.ഡി./എ.ആർ.ഡി.-കളിൽ സംഭരിച്ചുവയ്ക്കുന്നതിനുള്ള സ്ഥല പരിമിതിമൂലവും വിട്ടെടുക്കൽ-വിതരണം എന്നതിന് ആനുപാതികമായാണ് അനുവദിച്ചുവരുന്നത്.

## ആരോഗ്യ മേഖലയുടെ ശാക്തീകരണം

20(*19) ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ യു.ഡി.എഫ്. സർക്കാരുകളുടെ സ്വകാര്യ മേഖലാ പ്രീണന നയത്തിന്റെ ഫലമായി സർക്കാർ ആശുപത്രികളുടെ പ്രവർത്തനം

ദുർബലപ്പെടുകയും ആതുര മേഖലയിൽ വാണിജ്യവൽക്കരണം നടക്കുകയും ചെയ്യതിനാൽ, അമിതമായ ചികിത്സാ ചെലവുകൾ കാരണം രോഗികൾ കടക്കെണിയിലാകുന്നത് അവസാനിപ്പിക്കുന്നതിനായി പൊതു ആരോഗ്യമേഖലയെ ശാക്തീകരിക്കാൻ ആരംഭിച്ചിട്ടുള്ള കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ വ്യാപനത്തിനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉച്ചയ്ക്കു ശേഷവും ഒ.പി. ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടി എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) ഇതിനായി എത്ര മെഡിക്കൽ, പാരാ മെഡിക്കൽ ജീവനക്കാരെ പുതിയതായി നിയമിച്ചെന്ന് അറിയിക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2017-18-ൽ 170 പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റാൻ തെരഞ്ഞെടുത്തിരുന്നു. ഇതിൽ 157 കേന്ദ്രങ്ങളുടെ പണി ഇതിനോടകം പൂർത്തികരിച്ചിട്ടുണ്ട്. ബാക്കിയുള്ളവയുടെ പണികൾ പൂർത്തിയായിവരുന്നു. തെരഞ്ഞെടുത്ത 170 കുടുംബാരോഗ്യ കേന്ദ്രങ്ങളിലേയ്ക്ക് ഒരു ഡോക്ടർ, ഒരു ലാബ് ടെക്നീഷ്യൻ, രണ്ട് സ്റ്റാഫ് നഴ്സ് എന്ന കണക്കിലും ഇതിൽ ഒ.പി. കൂടുതലുള്ള 150 കുടുംബാരോഗ്യ കേന്ദ്രങ്ങളിലേയ്ക്ക് ഓരോ ഫാർമസിസ്റ്റിന്റെ തസ്തികകൾ ഉൾപ്പെടെ മൊത്തം 830 അധിക തസ്തികകൾ സൃഷ്ടിക്കുകയും ഈ തസ്തികകളിൽ ഇതിനോടകം നിയമനം നടത്തുകയും ചെയ്തിട്ടുണ്ട്. ഈ കേന്ദ്രങ്ങളുടെ സേവനം വൈകുന്നേരം 6 മണി വരെ ദീർഘിപ്പിക്കുകയും നഴ്സുമാരുടെ പ്രീചെക്ക്, കൗൺസിലിംഗ്, ജീവിതശൈലീ രോഗങ്ങൾക്കുള്ള എൻ.സി.ഡി. ക്ലിനിക്, ആസ്മ, ശ്വാസംമുട്ടൽ എന്നിവയ്ക്കുള്ള 'ശ്വാസ് ക്ലിനിക്', മാനസിക അസ്വസ്ഥതയുള്ളവർക്കുള്ള 'ആശ്വാസ് ക്ലിനിക്', നഴ്സുമാർ വഴിയുള്ള ഔട്ട്റീച്ച് ഇൻസ്റ്റിറ്റ്യൂഷൻ കെയർ (വയോജന കേന്ദ്രങ്ങൾ, സ്കൂളുകൾ, മറ്റ് സ്ഥാപനങ്ങൾ) എന്നീ സേവനങ്ങൾ അധികമായി ലഭ്യമാക്കിവരുന്നു. രോഗീസൗഹൃദമാക്കുന്നതിന്റെ ഭാഗമായി ഈ കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട രജിസ്ട്രേഷൻ സൗകര്യങ്ങൾ, അധിക സൗകര്യങ്ങളോടുകൂടിയ വെയിറ്റിംഗ് ഏരിയ, ഇരിപ്പിടങ്ങൾ, രോഗികൾക്ക് കുടിവെള്ളം, ശൗചാലയം, ആരോഗ്യ ബോധവൽക്കരണത്തിനുള്ള

ടെലിവിഷൻ സംവിധാനങ്ങൾ, പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം തുടങ്ങിയവ സജ്ജമാക്കി മെച്ചപ്പെട്ട സേവനം നൽകിവരുന്നു. തെരഞ്ഞെടുത്ത പഞ്ചായത്തിലെ പഞ്ചായത്ത് പ്രസിഡന്റ് ഹെൽത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, ആരോഗ്യ വകുപ്പ്, സാമൂഹ്യനീതി വകുപ്പ് എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥർക്കുള്ള 'സംഘ' പരിശീലനം 'കില'യുമായി ചേർന്ന് നടത്തുകയും ഇതുകൂടാതെ വിവിധ വിഭാഗം ജീവനക്കാർക്കുള്ള മറ്റ് പരിശീലനങ്ങളും നൽകിവരുന്നു. ആരോഗ്യ ഉപകേന്ദ്രങ്ങൾവഴിയും ഫീൽഡുതലത്തിലും രോഗപ്രതിരോധം, ആരോഗ്യവർദ്ധക പ്രവർത്തനങ്ങൾ, പാലിയേറ്റീവ് കെയർ, റീഹാബിലിറ്റേറ്റീവ് പരിചരണങ്ങൾ എന്നിവ ഉൾപ്പെടെയുള്ള സമഗ്ര പ്രാഥമികാരോഗ്യ പരിചരണം ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്. 2018-19-ലേയ്ക്കായി കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി മാറ്റാൻ 504 ആരോഗ്യ സ്ഥാപനങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ട്. ഇവിടങ്ങളിലെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളും പരിശീലന പരിപാടികളും പുരോഗമിച്ചുവരുന്നു. ഈ സ്ഥാപനങ്ങളിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ആർദ്രം പദ്ധതിയുടെ ഭാഗമായി ഒന്നാം ഘട്ടത്തിൽ തെരഞ്ഞെടുത്ത 170 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഒ.പി. സമയം വൈകുന്നേരം 6 മണിവരെ ദീർഘിപ്പിച്ചിട്ടുണ്ട്. ഇതിനായി എൻ.എച്ച്.എം. വഴിയും തദ്ദേശഭരണ സ്ഥാപനങ്ങൾവഴിയും അധിക ഡോക്ടർമാരുടെ സേവനം ലഭ്യമാക്കിവരുന്നു. തെരഞ്ഞെടുത്ത പി.എച്ച്.സി.-കളിൽ കുറഞ്ഞത് 3 ഡോക്ടർമാരുടെ സേവനം ഇതിനായി നൽകിവരുന്നുണ്ട്. കൂടാതെ ജില്ലകളിൽനിന്നും തെരഞ്ഞെടുത്ത നാലോ അതിലധികമോ ഡോക്ടർമാരുടെ സേവനമുള്ള സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലെ ഒ. പി. സമയം രാവിലെ 9 മണി മുതൽ വൈകുന്നേരം 6 മണിവരെ ദീർഘിപ്പിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്.

(സി) 2017-18 കാലയളവിൽ കുടുംബാരോഗ്യ കേന്ദ്രമായി തെരഞ്ഞെടുത്ത 170 സ്ഥാപനങ്ങളിലേയ്ക്കായി 170 ഡോക്ടർമാർ, 340 സ്റ്റാഫ് നഴ്സ്, 170 ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകളും ഒ. പി. കൂടുതലുള്ള 150 സ്ഥാപനങ്ങളിൽ ഓരോന്നുവീതം 150 ഫാർമസിസ്റ്റ് തസ്തികകളും സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കാൻ തെരഞ്ഞെടുക്കപ്പെട്ട 504 ആരോഗ്യ സ്ഥാപനങ്ങളിലേയ്ക്ക് അധികതസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

## കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലെ സംവരണതത്വം

21(*20) ശ്രീ. അൻവർ സാദത്ത്:
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേക്ക് കെ.പി.എസ്.സി. വഴി ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്ന നടപടി ഏത് ഘട്ടത്തിലാണ്; ഇത് സംബന്ധിച്ച നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിന് നിലവിൽ എന്ത് തടസ്സമാണുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന്റെ സ്പെഷ്യൽ റൂൾ വഴി സംവരണതത്ത്വം അട്ടിമറിച്ചുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കെ.എ.എസ്.-ന്റെ രണ്ടുംമൂന്നും സ്ക്കീമുകളിലേക്കുള്ള നിയമനങ്ങളിൽ സംവരണം നടപ്പിലാക്കാത്ത സാഹചര്യത്തിൽ കെ.എ.എസ്. വഴി നിയമനം നൽകുന്ന മൊത്തം തസ്തികകളിൽ 50 ശതമാനം സംവരണതത്ത്വം എപ്രകാരം നടപ്പിലാക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) ഉയർന്ന ഉദ്യോഗ തലങ്ങളിൽ സംവരണ സമുദായങ്ങളുടെ പ്രാതിനിധ്യം കുറയ്ക്കുന്ന നിലപാട് തിരുത്തുന്നതിനും കെ.എ.എസ്.-ന്റെ രണ്ടും മൂന്നും സ്ക്കീമുകളിൽ കൂടി സംവരണതത്ത്വം ബാധകമാക്കുന്നതിനും നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന്റെ വിശേഷാൽ ചട്ടങ്ങളിൽ നിയമസഭ നിർദ്ദേശിച്ച മൂന്ന് ഭേദഗതികളടക്കം ചില ഭേദഗതികൾ സർക്കാരിന്റെ പരിഗണനയിലാണ്. ആയതിൽ തീരുമാനമെടുക്കുന്ന മുറയ്ക്ക് പരീക്ഷാ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സ്വീകരിക്കുന്നതാണ്.

(ബി-ഡി) തസ്തികമാറ്റം വഴി നിയമനം നടത്തുന്ന സ്ക്കീം II-ലും III-ലും സംവരണം ബാധകമല്ല. തസ്തികമാറ്റ നിയമനങ്ങൾക്ക് സംവരണം ബാധകമാക്കേണ്ടതില്ലെന്നും അപ്രകാരം സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യണമെന്ന് നിർദ്ദേശിച്ചും 4-3-2003-ൽ പുറപ്പെടുവിച്ച 19274/Adv.C3/ 2002/P&ARD നമ്പർ സർക്കുലർ നിലവിലുണ്ട്. KAS രൂപീകരിക്കുന്ന സമിതിയിൽ നിയമ വകുപ്പ്

സെക്രട്ടറിയും അംഗമായിരുന്നു. ഇക്കാര്യങ്ങളും അഡ്വക്കേറ്റ് ജനറൽ നൽകിയ നിയമോപദേശവും കണക്കിലെടുത്താണ് സ്കീം I-ൽ മാത്രം പൊതുസംവരണം ബാധകമാക്കിയത്. എല്ലാ സ്കീമുകളിലും സംവരണം ഏർപ്പെടുത്താനുള്ള സാധ്യത സർക്കാർ പരിശോധിച്ചുവരുന്നു.

**വിലക്കയറ്റം തടയുന്നതിന് സപ്ലൈകോ സ്വീകരിക്കുന്ന നടപടികൾ**

22(*21) ശ്രീ. കെ. ദാസൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. എം. മുകേഷ് :
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിത്യോപയോഗ സാധനങ്ങളുടെ വിപണി വില പിടിച്ചുനിർത്തുന്നതിന് സപ്ലൈകോ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ;

(ബി) സപ്ലൈകോയുടെ ഫലപ്രദമായ ഇടപെടൽമൂലം സംസ്ഥാനത്ത് അരിവില എത്രത്തോളമാണ് കുറഞ്ഞിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) നിലവിൽ ഏതെല്ലാം സംസ്ഥാനങ്ങളിൽ നിന്നാണ് അരി ഇറക്കുമതി ചെയ്യുന്നത്; വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്തുടനീളം നിത്യോപയോഗ സാധനങ്ങൾ മിതമായ വിലയ്ക്ക് ലഭ്യമാക്കുന്നതിന് സപ്ലൈകോയുടെ കൂടുതൽ ഔട്ട് ലെറ്റുകൾ ആരംഭിക്കുവാനും നിലവിലുള്ളവ നവീകരിക്കുവാനും നടപടി സ്വീകരിക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) സബ്സിഡി നിരക്കിൽ 14 ഇനം അവശ്യസാധനങ്ങൾ ശരാശരി 20 മുതൽ 50% വരെ വിലക്കുറവിലും 28 ഇനം അവശ്യ ഭക്ഷ്യവസ്തുക്കൾ പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറവിൽ ഫ്രീസെയിൽ സബ്സിഡി നിരക്കിലും പൊതുജനങ്ങൾക്ക് ലഭ്യമാക്കിവരുന്നു. സപ്ലൈകോയുടെ തനത് 'ശബരി' ബ്രാൻഡിലുള്ള നിത്യോപയോഗ സാധനങ്ങൾ, മറ്റ് ബ്രാൻഡഡ് കമ്പനികളുടെ എഫ്.എം.സി.ജി. ഉൽപ്പന്നങ്ങൾ എന്നിവയും നാഫെഡിൽനിന്ന് പർച്ചേസ് നടത്തി വിവിധ തരത്തിലുള്ള ധാന്യങ്ങളും പൊതുവിപണിയിലേതിനെക്കാൾ വിലക്കുറവിൽ വിൽപ്പന നടത്തുന്നു. പൊതുവിപണിയിലെ അരിയുടെ വിലവർദ്ധനവ് പിടിച്ചുനിർത്തുന്നതിന്റെ ഭാഗമായി അരിക്കടകൾ തുടങ്ങുകയും നിലവിലുള്ള ഇ-ടെണ്ടർ പർച്ചേസിന് ഉൽപ്പാദന കേന്ദ്രങ്ങളിൽനിന്ന് അരി

സംഭരിച്ച് സബ്സിഡി നിരക്കിൽ വിൽപ്പന നടത്തുകയും ചെയ്യുന്നുണ്ട്. ക്രിയാത്മകമായ രീതിയിൽ ഓണം, റംസാൻ, ക്രിസ്തുമസ് തുടങ്ങിയ സീസണുകളിൽ പ്രത്യേക ഉത്സവ ചന്തകൾ സംഘടിപ്പിക്കുന്നു.

(ബി) അരിയുടെ വിലയിലുണ്ടായ വർദ്ധനവ് തടയാൻ അരിക്കടകൾ തുടങ്ങിയും വിൽപ്പനശാലകളിലൂടെ കൂടുതൽ അരി ലഭ്യമാക്കിയും വില നിയന്ത്രണവിധേയമാക്കാൻ സാധിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(സി) തമിഴ്നാട്, ആന്ധ്രാപ്രദേശ്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിൽ നിന്നുള്ള അരിയാണ് പ്രധാനമായും വിതരണക്കാർ ലഭ്യമാക്കുന്നത്.

(ഡി) 2018-19 സാമ്പത്തിക വർഷത്തിൽ പ്ലാൻ ഫണ്ട് ഇനത്തിൽ വിൽപ്പനശാലകളുടെ നവീകരണത്തിനുവേണ്ടി 8 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

സപ്ലൈകോ വിൽപ്പനശാലകൾ ഇല്ലാത്ത 24 പഞ്ചായത്തുകളിൽ വിൽപ്പനശാലകൾ തുറക്കുന്നതിനുള്ള നടപടികൾ പ്രസ്തുത പഞ്ചായത്തുകളുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്നു.

**അർഹതപ്പെട്ടവരെ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്താൻ നടപടി**

23 (*22) ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ വിതരണത്തിൽ മുൻഗണനാ ലിസ്റ്റിൽ നിന്നും അർഹതപ്പെട്ട പലരും ഒഴിവാക്കപ്പെട്ടിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അർഹതപ്പെട്ടവരെ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്താനുള്ള നടപടികൾ തുടരുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) റേഷൻ വിതരണത്തിന് തയ്യാറാക്കിയ മുൻഗണനാ ലിസ്റ്റിൽനിന്നും അർഹതപ്പെട്ട പലരും ഒഴിവാക്കപ്പെട്ടിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 പ്രകാരം സംസ്ഥാനത്തിന് മുൻഗണനാ പട്ടികയിൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉൾപ്പെടുത്താവുന്നവരുടെ പരിധി 15480030 ആണ്. എന്നാൽ അതിലുമധികം അർഹരുണ്ടെന്നത് വാസ്തവമാണ്. ഇപ്രകാരം മുൻഗണനാപട്ടിക തയ്യാറാക്കുമ്പോൾ അർഹതയുള്ള പലരും ലിസ്റ്റിൽ ഉൾപ്പെടാതെ പോകുന്നതിനുള്ള പ്രധാന കാരണം ഇതാണ്.

(ബി) പി.ഡി.എസ്. കൺട്രോൾ ഓർഡർ, 2015-ന്റെ ക്ലോസ് 3(13) പ്രകാരം മുൻഗണനാ പട്ടികകളുടെ ശുദ്ധീകരണം തുടർപ്രക്രിയയായതിനാൽ തദ്ദേശസ്വയംഭരണം, മോട്ടോർവാഹനം എന്നീ വകുപ്പുകളുടെ ഡാറ്റയുമായി റേഷൻ കാർഡ് മാനേജ്മെന്റ് സിസ്റ്റംവഴി ഡാറ്റാ മാപ്പിംഗ് നടത്തി എല്ലാ താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസുകളിലും നൽകി ഫീൽഡുതല പരിശോധന നടത്തി അനർഹരെ കണ്ടെത്തിയിട്ടുള്ളതാണ്. നാളിതുവരെ ആകെ 2,86,677 കുടുംബങ്ങളെ അനർഹരെന്ന് കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത ഒഴിവുകളിൽ ഓരോ താലൂക്കിലും അദാലത്ത് നടത്തി തയ്യാറാക്കിയിട്ടുള്ള അർഹരുടെ സപ്ലിമെന്ററി പട്ടികയിൽ നിന്നും ക്രമമനുസരിച്ച് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി വരുന്നു. അനർഹരായ കുടുംബങ്ങളെ കണ്ടെത്തി മുൻഗണനാ വിഭാഗത്തിൽനിന്നും ഒഴിവാക്കുന്ന പ്രക്രിയയും ഒഴിവുകളിൽ അർഹരായവരെ ഉൾപ്പെടുത്തുന്നതിനുള്ള നടപടികളും തുടർന്നുവരുന്നു. ഇങ്ങനെ ഉൾപ്പെടുത്തിയതിൽ ഇതുവരെ 15226 കുടുംബങ്ങൾക്ക് എ.എ.വൈ. കാർഡുകളും 269203 കുടുംബങ്ങൾക്ക് മുൻഗണനാ കാർഡുകളും വിതരണം ചെയ്തിട്ടുണ്ട്.

**നവോത്ഥാനമൂല്യങ്ങളുടെ സംരക്ഷണം**

24 (*23) ശ്രീ. പി. ഉണ്ണി :
ശ്രീ. ബി. സത്യൻ :
ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനങ്ങളെ അന്ധവിശ്വാസങ്ങളിലേയ്ക്കും അനാചാരങ്ങളിലേയ്ക്കും തള്ളിവിട്ട് സംസ്ഥാനത്തെ നൂറ്റാണ്ടുകൾക്ക് പുറകിലേയ്ക്ക് തിരികെ കൊണ്ടുപോകാൻ മന:പൂർവ്വമായ ശ്രമങ്ങൾ നടക്കുന്ന സാഹചര്യത്തിൽ, നവോത്ഥാന മൂല്യങ്ങളുടെ സംരക്ഷണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) സുപ്രീംകോടതി വിധി അനുസരിച്ച് ഭരണഘടന അനുശാസിക്കുന്ന മൗലിക അവകാശങ്ങൾ സംരക്ഷിക്കുന്നതിന്റെ പേരിൽ സംസ്ഥാന സർക്കാരിനെ

പിരിച്ചുവിടുമെന്ന് ഭീഷണി മുഴക്കുന്ന കേന്ദ്ര മന്ത്രിമാർ അടക്കമുള്ള സംഘപരിവാർ-ബി.ജെ.പി. നേതാക്കളുടെ രാഷ്ട്രീയ മുതലെടുപ്പിനായുള്ള ശ്രമങ്ങളെ ചെറുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) ശബരിമല യുവതീപ്രവേശനം സംബന്ധിച്ച സുപ്രീംകോടതി വിധിക്ക് ശേഷം ഭക്തിയുടെയും വിശ്വാസത്തിന്റെയും മറവിൽ സംഘപരിവാർ ശക്തികൾ നടത്തുന്ന ഭരണഘടനാ വിരുദ്ധവും മതസ്പർദ്ധ വളർത്തുന്നതുമായ സമരങ്ങളും കലാപശ്രമങ്ങളും നേരിടുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ;

(ഡി) നവോത്ഥാനമൂല്യങ്ങൾ സംരക്ഷിക്കുന്നതിന് ജാതി, മത, ലിംഗ ഭേദമെന്യേ പൊതുജന പങ്കാളിത്തത്തോടെയുള്ള കൂട്ടായ പരിശ്രമങ്ങൾ തുടർന്നും നടത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>):

(എ) നവോത്ഥാനമൂല്യങ്ങൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി നവോത്ഥാന പ്രതീകങ്ങളായ സാംസ്കാരിക നായകന്മാരുടെ അനുസ്മരണം, നവോത്ഥാന പ്രക്ഷോഭങ്ങളുടെ പുനർവായനയും സ്മരണ പുതുക്കലും സാംസ്കാരിക പ്രശ്നങ്ങളെക്കുറിച്ചുള്ള ജാഗ്രതപ്പെടുത്തലുകൾ എന്നിവയെല്ലാം നടക്കുന്നുണ്ട്. ശ്രീനാരായണ ഗുരുവിന്റെ ജാതിയില്ലാ വിളംബരത്തിന്റെ 100-ാം വാർഷികം, അയ്യങ്കാളിയുടെ വില്ലുവണ്ടി സമരം, സ്വാമി വിവേകാനന്ദന്റെ കേരള സന്ദർശനത്തിന്റെ 125-ാം വാർഷികം എന്നിവ ആചരിച്ചു. വിവരപൊതുജന സമ്പർക്ക വകുപ്പ്, സാംസ്കാരിക പുരാരേഖ, പുരാവസ്തു വകുപ്പുകൾ, വിവിധ സാംസ്കാരിക സ്ഥാപനങ്ങൾ എന്നിവ സംയുക്തമായി നടത്തിയ ക്ഷേത്രപ്രവേശന വിളംബരത്തിന്റെ 82-ാം വാർഷികം ഗാന്ധിജിയുടെ രക്തസാക്ഷിത്വത്തിന്റെയും 150-ാം ജന്മവാർഷികത്തിന്റെയും ഭാഗമായി ഒരു വർഷം നീണ്ടുനിൽക്കുന്ന പരിപാടികൾ എന്നിങ്ങനെ നിരവധി പരിപാടികൾ സർക്കാർ സംഘടിപ്പിക്കുകയുണ്ടായി. നവോത്ഥാനമൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിനുള്ള ഒരു ക്യാമ്പയിൻ എന്ന നിലയിൽ 2019 ജനുവരി 1-ന് വനിതാ മതിൽ സർക്കാർ സംഘടിപ്പിക്കുകയുണ്ടായി. കൂടാതെ നവോത്ഥാന ആശയങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ചിത്രപ്രദർശനം, ചിത്രകലാ ക്യാമ്പ്, ശില്പശാലകൾ എന്നിവ പരിപാടിയുടെ ഭാഗമായി സംഘടിപ്പിച്ചുവരുന്നു.

നവോത്ഥാന മുന്നേറ്റങ്ങൾക്ക് വെളിച്ചംപകരുന്ന സ്വാമി വിവേകാനന്ദന്റെ കേരള സന്ദർശനത്തിന്റെ 125-ാം വാർഷിക വേളയിൽ, അയ്യാവൈകുണ്ഠ സ്വാമികൾ, ചട്ടമ്പിസ്വാമികൾ, അയ്യങ്കാളി, ശ്രീനാരായണഗുരു, ഡോ. പൽപ്പു, മഹാകവി കുമാരനാശാൻ, സ്വാമി ആത്മതീർത്ഥർ തുടങ്ങിയ നവോത്ഥാന

നായകരുടെ ചിന്തകളും വരികളും സംഗീതം, നൃത്തം, നാടകം, ചിത്രകല, നവമാധ്യമ സാധ്യതകൾ, ചലച്ചിത്രം എന്നീ കലാവിഷ്കാരങ്ങളിലൂടെ സമന്വയിപ്പിച്ചെടുത്ത നവോത്ഥാന ദൃശ്യസന്ധ്യ എന്ന പരിപാടി കേരളത്തിലെ വിവിധ ജില്ലകളിലും ഡൽഹിയിലും അവതരിപ്പിക്കുകയുണ്ടായി.

ഭരണഘടനാ സാക്ഷരത വ്യാപകമാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി 2018 നവംബർ 26 മുതൽ 2019 ജനവരി 26 വരെ ഭരണഘടനാ സംരക്ഷണ യജ്ഞമായി വിവിധ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും ആഭിമുഖ്യത്തിൽ ആചരിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടും പി.ആർ.ഡി.-യും തയ്യാറാക്കുന്ന പുസ്തകം എല്ലാ വിദ്യാലയങ്ങളിലും വിതരണം ചെയ്യും. ഈ പുസ്തകങ്ങൾ വിദ്യാർത്ഥികൾ വഴി രക്ഷിതാക്കളിലും അങ്ങനെ പൗരസമൂഹത്തിലും പ്രചരിക്കാനും മെച്ചപ്പെട്ട ഒരു നവോത്ഥാന ചിന്താധാര രൂപപ്പെടുത്താനും കഴിയും. ഇതുമായി ബന്ധപ്പെട്ട് പ്രത്യേക ഡോക്യുമെന്ററിയും തയ്യാറാക്കി ഒരു നവോത്ഥാന മ്യൂസിയമുണ്ടാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(ബി) ഭരണഘടന അനുശാസിക്കുന്ന മൗലിക അവകാശങ്ങൾ സംരക്ഷിക്കുന്നതിന് ശക്തമായ നടപടികൾ സർക്കാർ സ്വീകരിക്കുന്നുണ്ട്. ഇതുസംബന്ധിച്ച് ജനങ്ങളിൽ അവബോധമുണ്ടാക്കുന്നതിന് വനിതാ മതിൽ അടക്കമുള്ള പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. ഈ ആശയപ്രചരണവും നടപടികളും ശക്തമായി മുന്നോട്ടുകൊണ്ടുപോകാനാണ് സർക്കാർ ശ്രമിക്കുന്നത്.

(സി) ശബരിമല യുവതീപ്രവേശനത്തെത്തുടർന്ന് സംസ്ഥാനത്ത് വ്യാപക അക്രമം അഴിച്ചുവിട്ട് ജനങ്ങളിൽ ഭീതിപരത്തുന്ന സംഘടനകൾക്കെതിരെയും വ്യക്തികൾക്കെതിരെയും ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 153 ഉൾപ്പെടെയുള്ള വകുപ്പുകൾ പ്രകാരം കേസ്സുകൾ രജിസ്റ്റർ ചെയ്ത് ശക്തമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ അക്രമപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ സാധ്യതയുള്ളവർക്കെതിരെയും മുൻകരുതൽ തടങ്കൽ നടപടികളും പൊതുമുതൽ, സ്വകാര്യ വ്യക്തികളുടെ സ്വത്തുക്കൾ നശിപ്പിക്കുന്നവർക്കെതിരെയും സാമൂഹ്യമാധ്യമങ്ങൾ മുഖേന മതസ്പർദ്ധ വളർത്തുന്ന തരത്തിൽ പ്രചാരണം നടത്തുന്നവർക്കെതിരെയും കർശന നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

ഇനിയും ഇത്തരത്തിലുള്ള കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ സർക്കാർ നിയമനടപടികൾ സ്വീകരിക്കും.

(ഡി) നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കുന്നതിന് തുടർന്നും ഇത്തരത്തിലുള്ള പ്രചാരണ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

## ക്രമസമാധാനം ഉറപ്പുവരുത്തുന്നതിന് നടപടി

25 (*24) ശ്രീ. റോജി എം. ജോൺ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആക്രമണം നടത്തുന്നവർക്കെതിരെയും വിധ്വംസക പ്രവർത്തനങ്ങൾ അഴിച്ചുവിടുന്നവർക്കെതിരെയും ശക്തമായ നിയമ നടപടികൾ സ്വീകരിക്കുന്നതിനും ജനങ്ങളുടെ സ്വൈരജീവിതവും ക്രമസമാധാനവും ഉറപ്പ് വരുത്തുന്നതിനും പോലീസിന് സാധിക്കാതെ വന്നു എന്ന ആക്ഷേപം ഉയർന്നത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ശബരിമലയിലെ യുവതീപ്രവേശനത്തെ തുടർന്ന് സംസ്ഥാനത്ത് വ്യാപകമായ തോതിൽ ആർ.എസ്.എസ്., ബി.ജെ.പി. പ്രവർത്തകരും സി.പി.ഐ.(എം.) പ്രവർത്തകരും അക്രമം അഴിച്ചുവിട്ടതും ജനപ്രതിനിധികളുടെ വീടുകൾക്ക് നേരെയും ആരാധനാലയങ്ങൾക്ക് നേരെയും അക്രമം ഉണ്ടായ സാഹചര്യവും സർക്കാർ ഗൗരവമായി കണക്കിലെടുത്തിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് നടന്ന അക്രമങ്ങളുടെ അടിസ്ഥാനത്തിൽ ഗവർണർ സംസ്ഥാന സർക്കാരിൽനിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഗവർണർ ഇപ്രകാരം റിപ്പോർട്ട് ആവശ്യപ്പെടുകയോ സംസ്ഥാന പോലീസ് മേധാവിയെ വിളിച്ച് വിശദീകരണം ആരായുകയോ ചെയ്ത സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ; എങ്കിൽ എത്ര തവണ എന്ന് അറിയിക്കാമോ;

(ഇ) പോലീസ് സ്റ്റേഷന് നേരെ നടന്ന ബോംബ് ആക്രമണ കേസിലെ പ്രതിയെ അറസ്റ്റ് ചെയ്യുന്നതിന് കഴിയാത്ത സാഹചര്യം സംസ്ഥാനത്തെ ക്രമസമാധാന തകർച്ചയുടെ സൂചനയാണോ എന്ന് വ്യക്തമാക്കുമോ;

(എഫ്) ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിന് ഉതകുന്ന രീതിയിൽ സംസ്ഥാനത്തെ പോലീസ് സംവിധാനത്തെ ഉടച്ച് വാർക്കുന്നതിനും അക്രമികൾക്കെതിരെ മുഖംനോക്കാതെ കർശന നടപടി സ്വീകരിക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) സംസ്ഥാനത്ത് ആക്രമണം നടത്തുന്നവർക്കെതിരെയും വിധ്വംസക പ്രവർത്തനങ്ങൾ അഴിച്ചുവിടുന്നവർക്കെതിരെയും ശക്തമായ നിയമ നടപടികൾ സ്വീകരിക്കുന്നതിനും ജനങ്ങളുടെ സ്വൈരജീവിതവും ക്രമസമാധാനവും ഉറപ്പുവരുത്തുന്നതിനും അക്രമം കാട്ടുന്നവരെ അടിച്ചമർത്തുന്നതിനും പോലീസിന് സാധിച്ചിട്ടുള്ളതാണ്. മറിച്ചുള്ള ആരോപണം അടിസ്ഥാനരഹിതമാണ്.

(ബി) സംസ്ഥാനത്ത് ശബരിമല യുവതീ പ്രവേശനത്തോടനുബന്ധിച്ച് സംഘപരിവാർ സംഘടനകൾ പല സംഘടനാ പേരുകളിലായി നാട്ടിൽ അക്രമം അഴിച്ചുവിട്ടതിന്റെ ഭാഗമായി ജനപ്രതിനിധികളുടെ വീടിനുനേരെയും ആരാധനാലയങ്ങൾക്ക് നേരെയുമുണ്ടായ അതിക്രമങ്ങളുമായി ബന്ധപ്പെട്ട് 13 കേസ്സുകൾ രജിസ്റ്റർ ചെയ്ത് കർശനമായ നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ആവശ്യപ്പെട്ടിരുന്നു.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബഹു. കേരള ഗവർണർ ആവശ്യപ്പെട്ട പ്രകാരം സംസ്ഥാന പോലീസ് മേധാവി മൂന്ന് പ്രാവശ്യം ബഹു. കേരള ഗവർണ്ണറെ സന്ദർശിക്കുകയുണ്ടായി.

(ഇ) അക്രമസംഭവങ്ങളുണ്ടായ സന്ദർഭങ്ങളിൽ ശക്തമായ നടപടി സ്വീകരിക്കുകയും സമാധാനപരമായ ജനജീവിതം ഉറപ്പുവരുത്തുകയും ചെയ്തുവരുന്നു. സംസ്ഥാനത്തിന്റെ ക്രമസമാധാനനില തികച്ചും ഭദ്രമാണ്.

(എഫ്) നിയമവിരുദ്ധ നടപടികൾക്കെതിരെ കർശന നിയമനടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

**പകർച്ചവ്യാധി ഇതര രോഗങ്ങൾ കുറയ്ക്കാൻ നൂതന പദ്ധതികൾ**

26 (*25) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം പകർച്ചവ്യാധി പ്രതിരോധത്തിൽ മികച്ച പുരോഗതി കൈവരിച്ച സാഹചര്യത്തിൽ പകർച്ചവ്യാധി ഇതര രോഗങ്ങൾ കുറയ്ക്കുന്നതിനായി നൂതന പദ്ധതികൾ ആസൂത്രണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇത്തരം രോഗങ്ങളുടെ വ്യാപനവും പ്രത്യാഘാതങ്ങളും സംബന്ധിച്ച് പഠനം നടത്തുന്നതിനായി വിവരശേഖരണം നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ വിവരശേഖരണം നടത്തുന്നതിന് ആരെയെല്ലാമാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) പദ്ധതിയുടെ ഭാഗമാകുന്ന ആരോഗ്യപ്രവർത്തകർക്കും മേൽനോട്ട ചുമതല വഹിക്കുന്ന ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും ഇതു സംബന്ധിച്ച് എന്തെല്ലാം പരിശീലനങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) സംസ്ഥാനത്തെ ജനങ്ങളുടെ ജീവിതശൈലിയിൽ വന്ന കാതലായ വ്യതിയാനങ്ങൾക്കനുസൃതമായി ജീവിതശൈലീ രോഗങ്ങൾ വർദ്ധിച്ചുവരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. പ്രമേഹം, മസ്തിഷ്ക രോഗങ്ങൾ, ക്യാൻസർ തുടങ്ങിയ ഗുരുതര സ്വഭാവമുള്ള രോഗങ്ങൾ സംസ്ഥാനത്ത് വർദ്ധിക്കുന്നതായുള്ള ബോദ്ധ്യപ്പെടലിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ആരോഗ്യ വകുപ്പും ദേശീയ ആരോഗ്യദൗത്യവും ജീവിതശൈലീ രോഗനിയന്ത്രണ പരിപാടി ആരംഭിക്കുകയുണ്ടായി. അമൃതം ആരോഗ്യം എന്ന പേരിൽ ആരംഭിച്ച ഈ പദ്ധതിയിൽ പ്രമേഹം, രക്താതിസമ്മർദ്ദം, പക്ഷാഘാതം, ഹൃദ്രോഗം, വൃക്കരോഗം, ഗുരുതര ശ്വാസകോശ രോഗം തുടങ്ങിയ വിവിധ രോഗങ്ങൾ നിർണ്ണയിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ചികിത്സിക്കുന്നതിനുമുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) ജീവിതശൈലീരോഗങ്ങളും അതിലേയ്ക്ക് നയിക്കുന്ന റിസ്ക് ഫാക്ടറുകളെയും സംബന്ധിച്ച് വിവിധങ്ങളായ പഠനങ്ങൾ പല കേന്ദ്രങ്ങളും നടത്തിയിട്ടുണ്ട്. എങ്കിലും ആധികാരികമായ ഒരു പഠനത്തിന്റെ ദൗർലഭ്യത കണക്കിലെടുത്തുകൊണ്ട് സംസ്ഥാന ആരോഗ്യ വകുപ്പ് അച്യുതമേനോൻ സെന്റർ ഫോർ ഹെൽത്ത് സയൻസ് സ്റ്റഡീസിന്റെ സഹായത്തോടുകൂടി ബൃഹദ് പഠന പദ്ധതി ആരംഭിക്കുകയുണ്ടായി. 2016-17-ൽ ജീവിതശൈലീ രോഗനിയന്ത്രണ പദ്ധതിയുടെ സഹായത്തോടുകൂടി അച്യുതമേനോൻ സെന്റർ ഫോർ ഹെൽത്ത് സയൻസ് സ്റ്റഡീസ് നടത്തിയ ഒരു ചെറുപഠനത്തിൽ 12000 വരുന്ന ജനസംഖ്യയിൽ മൂന്നിലൊരാൾക്ക് രക്താദിസമ്മർദ്ദവും അഞ്ചിൽ ഒരാൾക്ക് പ്രമേഹവുമുണ്ടെന്ന വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിലാണ് കിരൺ എന്ന പേരിൽ സംസ്ഥാനത്ത് 10 ലക്ഷത്തോളം വരുന്ന ജനങ്ങളിൽ പഠനം നടത്താൻ ആരോഗ്യ വകുപ്പ് നടപടി സ്വീകരിച്ചത്. 14 ജില്ലകളിലെ വാർഡുകൾ കേന്ദ്രീകരിച്ച് ഇ-ഹെൽത്തിന്റെ സഹായത്തോടുകൂടി ആരോഗ്യ വകുപ്പിലെ ഫീൽഡ് വിഭാഗം ജീവനക്കാർവഴി ഭവനസന്ദർശനം നടത്തിയാണ് ജീവിതശൈലിരോഗങ്ങളെക്കുറിച്ചും അതിലേയ്ക്ക് നയിക്കുന്ന ജീവിതശൈലികളെക്കുറിച്ചും പഠനം നടത്താൻ ഉദ്ദേശിക്കുന്നത്.

(സി) ശ്രീചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജിയുടെ പൊതുജനാരോഗ്യ വിഭാഗമായ അച്യുതമേനോൻ സെന്റർ ഫോർ ഹെൽത്ത് സയൻസ് സ്റ്റഡീസിനെയാണ് പഠനം നടത്താൻ ചുമതലപ്പെടുത്തിയിരിക്കുന്നത്. ഇതിൽ ആരോഗ്യ വകുപ്പിന്റെ ഫീൽഡ് വിഭാഗം ജീവനക്കാരുടെ സഹകരണവും ഇ-ഹെൽത്തിന്റെ സാങ്കേതിക സഹായവും ലഭ്യമാക്കിയിട്ടുണ്ട്. ലഭ്യമാകുന്ന വിവരങ്ങളുടെ അവലോകനവും മൂല്യനിർണ്ണയവും നടത്തുന്നതിന് അച്യുതമേനോൻ സെന്റർ ഫോർ ഹെൽത്ത് സയൻസ് സ്റ്റഡീസിനെ അധികാരപ്പെടുത്തിയിട്ടുണ്ട്.

(ഡി) ശ്രീചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിന്റെയും അച്യുതമേനോൻ സെന്റർ ഫോർ ഹെൽത്ത് സയൻസ് സ്റ്റഡീസിന്റെയും നേതൃത്വത്തിൽ കിരൺ പദ്ധതിയുടെ ഭാഗമാകുന്ന ആരോഗ്യ പ്രവർത്തകർക്കും മെഡിക്കൽ ഓഫീസർമാർക്കും സംസ്ഥാനതലത്തിലും ജില്ലാതലത്തിലും പ്രത്യേക പരിശീലനം നൽകുകയുണ്ടായി. തിരുവനന്തപുരം, കാസർഗോഡ് ജില്ലകളിൽ പൈലറ്റ് തലത്തിൽ പഠനം ആരംഭിച്ച് പദ്ധതിയിൽ വരുന്ന സാങ്കേതിക ബുദ്ധിമുട്ടുകളും സങ്കീർണ്ണതകളും വിലയിരുത്തി ഇവ പരിഹരിച്ചുകൊണ്ട് മറ്റ് ജില്ലകളിലേയ്ക്ക് പഠനം വ്യാപിപ്പിക്കുന്നതിനായി തീരുമാനമെടുത്തിട്ടുണ്ട്.

## സൈബർ കുറ്റകൃത്യങ്ങൾ തടയാൻ നടപടി

27 (*26) ശ്രീ. ഐ. ബി. സതീഷ് :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുട്ടികൾക്കെതിരെ ഓൺലൈൻ വഴിയുള്ള ലൈംഗികാതിക്രമങ്ങളും ചൂഷണങ്ങളും കണ്ടെത്തുന്നതിനും തടയുന്നതിനും 'കേരള പോലീസ് കൗണ്ടർ ചൈൽഡ് സെക്ഷ്വൽ എക്സ്പ്ലോയിറ്റേഷൻ' എന്ന പേരിൽ പ്രത്യേക സംഘത്തിന് രൂപംനൽകിയിട്ടുണ്ടോ;

(സി) ഇന്റർനെറ്റിന്റെ സുരക്ഷിതമായ ഉപയോഗം, ചതിക്കുഴികൾ എന്നിവ സംബന്ധിച്ചും സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ചും യുവജനങ്ങൾക്ക് ബോധവത്കരണം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) ഇത്തരം സൈബർ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ നിലവിൽ എന്തെല്ലാം നിയമ നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കുട്ടികൾക്കെതിരെ ഓൺലൈൻ വഴിയുള്ള ലൈംഗികാതിക്രമങ്ങളും ചൂഷണങ്ങളും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇത്തരം കുറ്റകൃത്യങ്ങൾ തടയുന്നതിനും കുറ്റവാളികളെ കണ്ടെത്തുന്നതിനായി Kerala Police Counter Child Sexual Exploitation (CCSE) എന്ന പേരിൽ തിരുവനന്തപുരം റേഞ്ച് ഐ.ജി.പി. നോഡൽ ഓഫീസറായും ഐ.ജി.പി. ക്രൈം ബ്രാഞ്ച് തിരുവനന്തപുരം റേഞ്ചിന്റെ നേരിട്ടുള്ള മേൽനോട്ടത്തിലും ഒരു പ്രത്യേക സംഘം രൂപീകരിച്ചിട്ടുണ്ട്.

(സി) ഇന്റർനെറ്റിന്റെ സുരക്ഷിതമായ ഉപയോഗം, ഓൺലൈൻ ചതിക്കുഴികൾ, സൈബർ കുറ്റകൃത്യങ്ങൾ, അതിന്റെ ഭവിഷ്യത്തുകൾ എന്നിവയെ സംബന്ധിച്ച് പൊതുജനങ്ങൾക്ക് ആവശ്യമായ ബോധവൽക്കരണം നടത്തുന്നതിലേയ്ക്കായി പത്ര-ദൃശ്യ മാധ്യമങ്ങൾവഴി അറിയിപ്പുകൾ നൽകുകയും വിവിധ സാമൂഹ്യ സംഘടനകൾ, ക്ലബ്ബുകൾ, സ്കൂളുകൾ, റെസിഡന്റ്സ് അസോസിയേഷനുകൾ എന്നിവ വഴിയും സൈബർ ക്രൈം പോലീസ് സ്റ്റേഷൻ, ജനമൈത്രി പോലീസ്, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സൈബർ ഡോം എന്നിവ മുഖേനയും ആവശ്യമായ ബോധവൽക്കരണ പരിപാടികളും ക്ലാസ്സുകളും നടത്തിവരുന്നു.

(ഡി) സൈബർ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ ഇന്ത്യൻ ശിക്ഷാ നിയമം Information Technology, Act 2000 എന്നിവയിലെ പ്രസക്ത വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി കുറ്റവാളികളെ അറസ്റ്റ് ചെയ്ത് പരമാവധി ശിക്ഷ ലഭ്യമാക്കുംവിധമുള്ള നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

## പൊതു ആരോഗ്യ സംവിധാനം ശാക്തീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

28 (*28) ശ്രീ. രാജു എബ്രഹാം :
ശ്രീ. പി. വി. അൻവർ :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യപരിരക്ഷ ജനങ്ങളുടെ അവകാശമെന്ന സർക്കാർ നിലപാടിനനുസൃതമായി പൊതു ആരോഗ്യ സംവിധാനം ശാക്തീകരിക്കുന്നതിന് നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) സർക്കാർ ആശുപത്രികളിൽ ഗുണമേന്മയുള്ള ചികിത്സയും അതോടൊപ്പം മാന്യമായ പെരുമാറ്റവും രോഗികൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പാക്കാനായി കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(സി) സർക്കാർ ആശുപത്രികളിലെ ലബോറട്ടറി സൗകര്യങ്ങളുടെയും സ്കാനിംഗ് ഉൾപ്പെടെയുള്ള രോഗനിർണ്ണയ സംവിധാനങ്ങളുടെയും അപര്യാപ്തത പരിഹരിക്കാനായി ചെയ്തുവരുന്ന കാര്യങ്ങൾ അറിയിക്കാമോ;

(ഡി) മറ്റിടങ്ങളെക്കാൾ ശിശുമരണ നിരക്ക് ഉയർന്നുനിൽക്കുന്ന അട്ടപ്പാടിയുൾപ്പെടെയുള്ള പട്ടിക ഗോത്രവർഗ്ഗ മേഖലകളിൽ ഏർപ്പെടുത്തിയിട്ടുള്ള പ്രത്യേക സൗകര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ആരോഗ്യ പരിരക്ഷയ്ക്കായി പകർച്ചവ്യാധി പ്രതിരോധത്തിനും നിയന്ത്രണത്തിനും വേണ്ടിയുള്ള വാർഷിക കർമ്മപദ്ധതി പ്രവർത്തന കലണ്ടർ അടക്കം തയ്യാറാക്കി സമയബന്ധിതമായി ജനപങ്കാളിത്തത്തോടെ നടപ്പിലാക്കി വരുന്നു. 2018-ൽ ആരോഗ്യ ജാഗ്രത എന്ന പേരിൽ നടപ്പിലാക്കിയ ഈ പരിപാടി 2019-ലും തുടർന്നുവരുന്നു. പ്രധാന പ്രവർത്തനങ്ങൾ ചുവടെചേർക്കുന്നു:

- പകർച്ചവ്യാധികളുടെ സാമൂഹിക നിർണ്ണയ ഘടകങ്ങളായ മാലിന്യ നിർമ്മാർജ്ജനം, ശുദ്ധജല വിതരണം, കൊതുകുനിവാരണം തുടങ്ങിയവ സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കാൻ വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നു.

- യുണൈറ്റഡ് നേഷൻസിന്റെ സുസ്ഥിര വികസന ലക്ഷ്യങ്ങൾക്കനുസൃതമായി മലമ്പനി, മന്തുരോഗം, ക്ഷയരോഗം, കുഷ്ഠരോഗം, കാലാഅസർ, എയ്ഡ്സ്, ജലജന്യരോഗങ്ങൾ തുടങ്ങിയവ നിവാരണം ചെയ്യാനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു.

- ഐ.ഡി.എസ്.പി./എൻ.വി.ബി.ഡി.സി.പി. സംവിധാനത്തിലൂടെയുള്ള പകർച്ചവ്യാധി നിരീക്ഷണ പ്രവർത്തനങ്ങൾ.

- അതിഥി സംസ്ഥാനത്തൊഴിലാളി മേഖല ഉൾപ്പെടെയുള്ള പിന്നോക്ക മേഖലകളിൽ പ്രത്യേക ശ്രദ്ധ.

- കൊതുകുജന്യ, ജലജന്യ, ജന്തുജന്യ, വായുജന്യ രോഗങ്ങൾക്കെതിരെയുള്ള ഊർജ്ജിത നിയന്ത്രണ മാർഗ്ഗങ്ങൾ.

- പൊതുജനാരോഗ്യ നിയമപ്രകാരമുള്ള പരിശോധന (ഹെൽത്തി കേരള)

- ബോധവൽക്കരണ ശീലവൽക്കരണ പ്രവർത്തനങ്ങൾ, പരിശീലനങ്ങൾ. പബ്ലിക് ഹെൽത്ത് ലാബുകൾ ഉൾപ്പെടെയുള്ള എല്ലാ ഗവൺമെന്റ് ലബോറട്ടറികളുടെയും ഓട്ടോമേഷൻ ഉൾപ്പെടെയുള്ള പരിശോധന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്ന പ്രവർത്തനങ്ങൾ.

- പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ ഘട്ടംഘട്ടമായി കുടുംബാരോഗ്യകേന്ദ്രങ്ങളായി മാറ്റുന്നു.

- ജില്ലാ/താലൂക്കുതല ആശുപത്രികളുടെ സൂപ്പർ സ്പെഷ്യാലിറ്റി/സ്പെഷ്യാലിറ്റി സൗകര്യങ്ങളോടുകൂടിയ വികസനം.

- ഒ.പി. വിഭാഗം രോഗീസൗഹൃദമാക്കുന്നതിനുള്ള പ്രവർത്തനം.

- ഡോക്ടർമാർ അടക്കമുള്ള ജീവനക്കാരുടെ അധിക തസ്തിക സൃഷ്ടിക്കൽ.

- ആരോഗ്യവകുപ്പിലെ ആശുപത്രികളിൽ മുമ്പുണ്ടായിരുന്ന 43 ഡയാലിസിസ് യൂണിറ്റുകൾ കൂടാതെ KIIFB ഫണ്ട് ഉപയോഗിച്ച് 44 ഡയാലിസിസ് യൂണിറ്റുകളും പ്ലാൻ പദ്ധതിപ്രകാരമുള്ള 9 ഡയാലിസിസ് യൂണിറ്റുകളുംകൂടി പ്രവർത്തന സജ്ജമായി വരുന്നു.

(ബി) ആർദ്രം പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട താലൂക്ക്/ ജില്ലാ/ജനറൽ ആശുപത്രികളിൽ ഗുണമേന്മയുള്ള ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിനായി അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനും സൂപ്പർസ്പെഷ്യാലിറ്റി ഉൾപ്പെടെയുള്ള തസ്തികകൾ സൃഷ്ടിക്കുകയും ആയതിൻപ്രകാരം നിയമനം നടത്തുന്നതിനും ആശുപത്രികൾ രോഗീസൗഹൃദമാക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരികയാണ്. ആശുപത്രിയെ ആശ്രയിക്കുന്ന രോഗികളോട് സൗഹാർദ്ദപരമായി പെരുമാറുന്നതിനുള്ള പരിശീലന പരിപാടികൾ ആർദ്രം പദ്ധതിപ്രകാരം നൽകിവരുന്നു. ആശുപത്രികളിൽ എത്തുന്ന രോഗികൾക്ക് ആവശ്യമായ ഇരിപ്പിടം, കുടിവെള്ളം, ടോക്കൺ സമ്പ്രദായങ്ങൾ, റാമ്പ് സൗകര്യം, ടെലിവിഷൻ മുതലായവ ഏർപ്പെടുത്തി ആശുപത്രികൾ രോഗീസൗഹൃദമാക്കി അവർക്ക് മാന്യമായ പരിഗണന നൽകിവരുന്നു. രോഗികളോട്/പൊതുജനങ്ങളോട് മോശമായി പെരുമാറുന്നതായി ശ്രദ്ധയിൽപ്പെടുകയോ പരാതി ലഭിക്കുകയോ ചെയ്താൽ കുറ്റക്കാരായ ജിവനക്കാർക്കെതിരെ സർക്കാർ ജീവനക്കാർക്കെതിരെയുള്ള ശിക്ഷണ നടപടികൾ പ്രകാരം അച്ചടക്ക നടപടി കൈക്കൊള്ളുന്നതുമാണ്.

(സി) സംസ്ഥാനത്ത് നിലവിലുള്ള എല്ലാ താലൂക്ക്/ജില്ലാ/ജനറൽ ആശുപത്രികളിൽ മെച്ചപ്പെട്ടതും ആധുനിക സൗകര്യങ്ങളോടുകൂടിയതുമായ ലബോറട്ടറി സംവിധാനങ്ങൾ ലഭ്യമാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുടുംബാരോഗ്യ കേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള ആരോഗ്യ സ്ഥാപനങ്ങളിലായി 473 ലബോറട്ടറി ടെക്നീഷ്യൻമാരുടെ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. പത്തനംതിട്ട മലപ്പുറം, വയനാട് എന്നീ ജില്ലകളിൽ പുതുതായി പബ്ലിക് ഹെൽത്ത് ലാബുകൾ അനുവദിക്കുകയും അധിക തസ്തിക സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. അവയിൽ മലപ്പുറം ജില്ലയിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ലബോറട്ടറി സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി താഴെപ്പറയുന്ന തുക സർക്കാരിൽനിന്നും അനുവദിച്ചിട്ടുണ്ട്.

| | |
|---|---|
| 2017-18 | 5 കോടി രൂപ. |
| 2018-19 | 7 കോടി രൂപ. |

ഈ തുക വിനിയോഗിച്ച് ലാബ് സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള പ്രവൃത്തികൾ KMSCL മുഖേന നടത്തിവരുന്നു.

(ഡി) വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്+.

**ജനറിക് മരുന്നുകൾ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി**

29 (*29) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. എം. രാജഗോപാലൻ :
ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്രാൻഡഡ് മരുന്നുകൾക്ക് വളരെ ഉയർന്ന വില പരമാവധി ചില്ലറ വില്പന വിലയായി രേഖപ്പെടുത്തിക്കൊണ്ട് നിർമ്മാതാക്കളും വിതരണക്കാരും പാവപ്പെട്ട രോഗികളെ ചൂഷണം ചെയ്യുന്നതിനെതിരെ ജനറിക് മരുന്നുകൾ പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ നടത്തിയ ഇടപെടലുകൾ എത്രമാത്രം ഫലവത്തായിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ബ്രാൻഡഡ് മരുന്നുകളുടെ വില നിയന്ത്രണത്തിന് സംസ്ഥാന സർക്കാരിന് അധികാരമില്ലാത്തതിനാൽ മരുന്ന് വ്യാപാരികളുടെ ചൂഷണം പ്രതിരോധിക്കാനായി കാരുണ്യ-കമ്മ്യൂണിറ്റി ഫാർമസികൾ വ്യാപിപ്പിക്കുന്ന

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്

കാര്യം പരിഗണിക്കുമോ; നിലവിൽ ഇത്തരത്തിൽ എത്ര ഫാർമസികൾ ഉണ്ടെന്നും പുതിയതായി കാരുണ്യ ഫാർമസികൾ തുടങ്ങുന്നതിനുള്ള നിബന്ധനകൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ;

(സി) ജനറിക് മരുന്നുകൾ കുറഞ്ഞ വിലയിൽ ലഭ്യമാക്കുകയെന്ന ഉദ്ദേശ്യത്തോടെ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ആരംഭിച്ചിട്ടുള്ള കേരള ജനറിക്സ് ഫാർമസി വിപുലീകരിക്കാൻ പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) സർക്കാർ ആശുപത്രിയിലെ ഡോക്ടർമാർ ജനറിക് മരുന്നുകൾതന്നെ എഴുതണമെന്ന് 9-6-2014-ലെ സ.ഉ. (സാധാ.) നമ്പർ 1895/2014/ആ.കു.വ., 9-6-2014, 27-11-2015-ലെ 13305/എഫ്1/2015/ആ.കു.വ. സർക്കുലർ എന്നിവ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ നിർദ്ദേശപ്രകാരം ഇക്കാര്യത്തിൽ വിവിധ വശങ്ങൾ പരിശോധിക്കുന്നതിനായി ആരോഗ്യ വകുപ്പിൽ Prescription Adult Committee രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ആരോഗ്യ വകുപ്പിനും ആരോഗ്യ-വിദ്യാഭ്യാസ വകുപ്പിനും കീഴിലുള്ള മുഴുവൻ ആരോഗ്യ സ്ഥാപനങ്ങളിലും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് മുഖാന്തരം സൗജന്യ മരുന്ന് വിതരണ പ്രക്രിയയുടെ ഭാഗമായി പൂർണ്ണമായും ജനറിക് മരുന്നുകളാണ് സംഭരിച്ച് വിതരണം ചെയ്യുന്നത്. വാർഷിക ഇന്റന്റിന് ആനുപാതികമായി പ്രതിവർഷം 400 കോടിയോളം രൂപയുടെ ജനറിക് മരുന്നുകളാണ് വിതരണം ചെയ്യുന്നത്. ഇപ്രകാരം വിതരണം ചെയ്യുന്ന മരുന്നുകളുടെ ശ്രേണിയിൽ അർബുദരോഗ ചികിത്സയ്ക്കുള്ള മരുന്നുകളും വിദഗ്ദ്ധ ചികിത്സ ആവശ്യമായിട്ടുള്ള സ്പെഷ്യാലിറ്റി മരുന്നുകളും ഉൾപ്പെടുന്നു. കൂടാതെ ദേശീയ നഗരാരോഗ്യ പദ്ധതിയുടെ ഭാഗമായുള്ള മരുന്നുകളുടെ വിതരണത്തിലും വിവിധങ്ങളായിട്ടുള്ള കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ ഭാഗമായുള്ള മരുന്നുകളുടെ സംഭരണത്തിലും മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് മുഖാന്തരം ജനറിക് മരുന്നുകളുടെ ശാക്തീകരണം ഉറപ്പാക്കുന്നുണ്ട്.

(ബി) കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ വ്യാപിപ്പിക്കുന്ന കാര്യത്തിൽ സംസ്ഥാന സർക്കാർ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

നിലവിൽ സംസ്ഥാനത്തുടനീളം 68 കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളും 7 കാരുണ്യ മെഡിസിൻ ഡിപ്പോകളും പ്രവർത്തിച്ചുവരുന്നു.

നാളിതുവരെ ആരോഗ്യ വകുപ്പിനോ ആരോഗ്യ-വിദ്യാഭ്യാസ വകുപ്പിനോ കീഴിലുള്ള ആരോഗ്യസ്ഥാപനങ്ങളോട് ചേർന്ന് ആശുപത്രി ചുറ്റമതിലിനുള്ളിൽത്തന്നെ അടിസ്ഥാന സൗകര്യമൊരുക്കിയാണ് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ ആരംഭിച്ചിട്ടുള്ളത്. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ ആരംഭിക്കുന്നതിന് 20 സ്ക്വയർ മീറ്റർ സ്ഥലം ആവശ്യമാകയാൽ സ്ഥലസൗകര്യം ലഭ്യമാക്കി, മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിനെ അറിയിക്കുന്നമുറയ്ക്ക് പ്രാഥമിക വിലയിരുത്തലിനുശേഷം സർക്കാർ ഉത്തരവ് ലഭ്യമാക്കി കാരുണ്യ ഫാർമസികൾ സജ്ജീകരിക്കുന്ന രീതിയാണ് അവലംബിച്ചുവരുന്നത്. ആശുപത്രികളിൽനിന്നും ലഭ്യമാക്കുന്ന സ്ഥലത്ത് അടിസ്ഥാന സൗകര്യവികസനം നടത്തി ആവശ്യമായ ജീവനക്കാരെ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് നിയമിച്ച് മരുന്നും അനുബന്ധ സാമഗ്രികളും യഥാവിധി സംഭരിച്ച് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ പ്രവർത്തിപ്പിക്കുക എന്നതാണ് നിലവിലുള്ള പ്രവർത്തന രീതി. സാധാരണഗതിയിൽ പകൽസമയത്ത് മാത്രം പ്രവർത്തിക്കുന്ന കാരുണ്യ ഫാർമസികൾ ഉപഭോക്താക്കളുടെ ബാഹുല്യവും മറ്റും കണക്കിലെടുത്ത് 24 മണിക്കൂറും പ്രവർത്തിക്കാറുണ്ട്.

(സി) കേരള ജനറിക്സ് ഫാർമസി വിപുലീകരിക്കുന്നതിനുള്ള പദ്ധതി സർക്കാർ പരിശോധിച്ചുവരുന്നു.

**ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം**

30 (*30) ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആരോഗ്യ സേവന സ്ഥാപനങ്ങളിൽ ചികിത്സയ്ക്കും ലബോറട്ടറി പരിശോധനകൾക്കും എത്തുന്നവരെ സാമ്പത്തികമായി ചൂഷണം ചെയ്യുന്നതും നിലവാരമില്ലാത്ത സേവനങ്ങൾ നൽകുന്നതും അവസാനിപ്പിക്കുന്നതിനായി കൊണ്ടുവന്ന ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം പ്രാവർത്തികമായിട്ടുണ്ടോ;

(ബി) സേവന നിലവാരവും ചികിത്സാ നിരക്കും നിശ്ചയിക്കാനായി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം അറിയിക്കാമോ; ഇത്തരം സ്ഥാപനങ്ങളിലെ ടെക്നീഷ്യൻമാർ ഉൾപ്പെടെയുള്ള ജീവനക്കാർ നിശ്ചിത യോഗ്യത ഉള്ളവരാണെന്ന് ഉറപ്പുവരുത്താനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ്;

(സി) സ്ഥിരം രജിസ്ട്രേഷൻ എടുക്കുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ്; ഇതു പരിശോധിച്ച് ഉറപ്പുവരുത്താൻ സംവിധാനം നിലവിലുണ്ടോ; രജിസ്റ്റർ ചെയ്യാത്ത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്താൻ വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) പാരമ്പര്യ ആയുർവേദ ചികിത്സകർക്ക് രജിസ്ട്രേഷൻ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ഉണ്ട്.

(ബി) ക്ലിനിക്കൽ സ്ഥാപനങ്ങളെ ഇനം തിരിക്കാനും തരംതിരിക്കാനും ഇവയുടെ സേവനനിലവാരം നിശ്ചയിക്കുന്നതിനുമായി സബ് കമ്മിറ്റികൾ നിലവിൽവരുന്നതാണ്. രജിസ്ട്രേഷൻ വേളയിൽത്തന്നെ ഓരോ ക്ലിനിക്കൽ സ്ഥാപനവും പ്രസ്തുത സ്ഥാപനത്തിലുള്ള സേവനങ്ങളുടെയും സംവിധാനങ്ങളുടെയും ജീവനക്കാരുടെയും അവരുടെ യോഗ്യതകളുടെയും വിശദവിവരങ്ങൾ സമർപ്പിക്കേണ്ടതാണ്. സ്ഥിരം രജിസ്ട്രേഷൻ നൽകുന്നതിലേയ്ക്കായി സ്ഥാപനങ്ങളുടെ നിലവാരം വിലയിരുത്തൽ വേളയിലും ചുമതലപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥർ അസസ്മെന്റ്/ ഇൻസ്പെക്ഷൻ സമയത്ത് ഇവ പരിശോധിക്കുന്നതും അത് ഉറപ്പുവരുത്തിയശേഷം ആക്ട് പ്രകാരം സ്ഥിരം രജിസ്ട്രേൻ നൽകുന്നതുമാണ്.

(സി) ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് അനുസരിച്ച് രജിസ്ട്രേഷൻ സംവിധാനം 1-1-2019 തീയതി മുതൽ മോഡേൺ മെഡിസിൻ (ദന്ത ചികിത്സ ഉൾപ്പെടെ) ആദ്യഘട്ടമായി തൃശ്ശൂർ, പാലക്കാട്, മലപ്പുറം എന്നീ മൂന്ന് ജില്ലകളിൽ നിലവിൽവന്നിട്ടുള്ളതാണ്. ഈ ജില്ലകളിൽ ഓൺലൈനായി സമർപ്പിക്കപ്പെടുന്ന അപേക്ഷകൾക്ക് താൽക്കാലിക രജിസ്ട്രേഷനാണ് നൽകുന്നത്. 2 വർഷത്തിനകം സ്ഥിരം രജിസ്ട്രേഷന് മാനദണ്ഡങ്ങൾ പുറപ്പെടുവിക്കുന്നതും അതുപ്രകാരം താൽക്കാലിക രജിസ്ട്രേഷനുള്ള സ്ഥാപനങ്ങൾ സ്ഥിരം രജിസ്ട്രേഷന് അപേക്ഷ നൽകേണ്ടതുമാണ്. നിലവാരം നിർണ്ണയിക്കുന്നതിനായി രൂപീകരിക്കുന്ന കമ്മിറ്റികൾ നൽകുന്ന ശിപാർശയനുസരിച്ച് നിശ്ചയിക്കപ്പെട്ടിട്ടുള്ള നിലവാരം ഈ കാലയളവിൽ ആർജ്ജിച്ചശേഷമാണ് സ്ഥിരം രജിസ്ട്രേഷനുള്ള അപേക്ഷ സമർപ്പിക്കേണ്ടത്. അതത് ജില്ലകളിലെ സ്ഥാപനങ്ങളുടെ രജിസ്ട്രേഷനായി എല്ലാ ജില്ലകളിലും ജില്ലാ രജിസ്ട്രേഷൻ അതോറിറ്റികൾ 1-1-2019-ന് നിലവിൽവന്നിട്ടുള്ളതാണ്. രജിസ്ട്രേഷൻ ചെയ്യാത്ത സ്ഥാപനങ്ങൾക്ക് ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രകാരം പ്രവർത്തനാനുമതി ഉണ്ടായിരിക്കുന്നതല്ല.

(ഡി) ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് 1-1-2019 മുതൽ മോഡേൺ മെഡിസിന് (ദന്ത ചികിത്സ ഉൾപ്പെടെ) മാത്രമാണ് പ്രാബല്യത്തിൽവന്നിട്ടുള്ളത്. അംഗീകൃത ആയുർവ്വേദ ചികിത്സാ സമ്പ്രദായത്തിന് ക്രമേണ ആക്ടിന്റെ പ്രാബല്യം നൽകുന്നതാണ്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ഭരണ വകുപ്പുകളുടെ പ്രവർത്തന മികവിന് പുരസ്കാരങ്ങൾ

1 (1) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ വിവിധ ഭരണ വകുപ്പുകളുടെ പ്രവർത്തനമികവിന്റെ അടിസ്ഥാനത്തിൽ 2018 വർഷം ലഭിച്ച ദേശീയ അന്തർദേശീയ പുരസ്കാരങ്ങൾ ഏതൊക്കെയാണ് എന്ന് അറിയിക്കാമോ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

### ഭരണഭാഷ മലയാളമാക്കുന്നതിനുള്ള നടപടി

2 (2) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭരണഭാഷ മലയാളമാക്കി ഉത്തരവിറക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഭരണഭാഷ മലയാളമാക്കുന്നതിന്റെ ഭാഗമായി സർക്കാർ എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; ഏതൊക്കെ ഫയലുകളാണ് ഇംഗ്ലീഷ് ഭാഷയിൽ കൈകാര്യം ചെയ്യുന്നതിന് അനുമതി നൽകിയിട്ടുള്ളത്; വിശദമാക്കാമോ;

(സി) സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ എല്ലാ രജിസ്റ്ററുകളും, ഹാജർ പുസ്തകവും അവധി രജിസ്റ്ററുകളും കത്തിടപാടുകളും കുറിപ്പ് ഫയലും മലയാളത്തിലാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഡി) ജീവനക്കാർക്കെതിരെ സ്വീകരിക്കുന്ന ശിക്ഷാനടപടികൾ സംബന്ധിച്ച കാര്യങ്ങളും, സ്ഥാനക്കയറ്റം, സ്ഥലംമാറ്റം തുടങ്ങിയ ഉത്തരവുകളും മലയാളത്തിൽ ആക്കുന്നതിന് നൽകിയ നിർദ്ദേശം പൂർണ്ണതോതിൽ പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി കർശന നിർദ്ദേശം നൽകാമോ;

(ഇ) സാധാരണക്കാർ കൂടുതലായി ആശ്രയിക്കുന്ന വില്ലേജ്, പഞ്ചായത്ത്, തുടങ്ങിയ ഓഫീസുകളിലെ നടപടികൾ പൂർണ്ണതോതിൽ മലയാളത്തിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(എഫ്) ഇപ്പോഴും മിക്ക സർക്കാർ ഓഫീസുകളും പൂർണ്ണമായും മലയാളം ഭരണഭാഷയായി ഉപയോഗിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. സെക്രട്ടേറിയറ്റ് ഉൾപ്പെടെയുള്ള സർക്കാർ/ അർദ്ധസർക്കാർ/ സ്വയംഭരണ/പൊതുമേഖല/സഹകരണ/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഭരണഭാഷ മലയാളമാക്കിക്കൊണ്ട് 19-1-2015 തീയതിയിലെ എസ്.ആർ.ഒ. നമ്പർ 43/2015 പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ സർക്കാർ/ അർദ്ധസർക്കാർ/സ്വയംഭരണ/പൊതുമേഖല/ സഹകരണ/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നിയമപരമായി ഇംഗ്ലീഷും സംസ്ഥാനത്തെ ന്യൂനപക്ഷ ഭാഷകളായ തമിഴും കന്നടയും ഔദ്യോഗിക ഭാഷയായി ഉപയോഗിക്കാൻ അനുവദിച്ചിട്ടുള്ള പ്രത്യേക സാഹചര്യങ്ങളിലൊഴികെ എല്ലാ ഔദ്യോഗികാവശ്യങ്ങൾക്കും മലയാളം ഉപയോഗിക്കേണ്ടതാണെന്ന് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. എല്ലാ ഔദ്യോഗികാവശ്യങ്ങൾക്കും 2017 മേയ് 1 മുതൽ നിർബന്ധമായും മലയാളം മാത്രമെ ഉപയോഗിക്കാവൂ എന്ന് നിഷ്കർഷിച്ചുകൊണ്ട് ഭരണഭാഷാ പ്രഖ്യാപനം നടത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 26-4-2017-ലെ സ.ഉ.(അച്ചടി)നമ്പർ 06/2017/ഉഭപവ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഭരണഭാഷാമാറ്റ നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി ഭരണഭാഷാ വർഷാഘോഷം ദീർഘിപ്പിക്കുകയുണ്ടായി. ഈ കാലയളവിൽ വിവിധ വകുപ്പുകളും സ്ഥാപനങ്ങളും ഭരണഭാഷാ വ്യാപനത്തിനായി പ്രത്യേക കർമ്മപരിപാടി തയ്യാറാക്കി നടപ്പിലാക്കണമെന്ന് നിർദ്ദേശം നൽകുകയും കർമ്മപരിപാടിയുടെ മാതൃക ഔദ്യോഗിക ഭാഷാ വകുപ്പ് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. യൂണികോഡ് അധിഷ്ഠിത ഫോണ്ടിൽ മലയാളം കമ്പ്യൂട്ടിംഗ് പരിശീലനം, ഭരണഭാഷാ പരിശീലനം, കോഡുകളും മാന്വലുകളും പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിക്കൽ, ഭരണഭാഷാ പ്രചാരണം, ബോർഡുകൾ മലയാളത്തിലാക്കൽ, വെബ്സൈറ്റിലെ വിവരം മലയാളത്തിൽക്കൂടി ലഭ്യമാക്കൽ തുടങ്ങിയ കാര്യങ്ങൾക്ക് പ്രത്യേക ഊന്നൽ നൽകിക്കൊണ്ടാണ് കർമ്മപരിപാടി രൂപപ്പെടുത്തിയത്. കൂടാതെ പ്രസ്തുത പരിപാടി നടപ്പിലാക്കുന്നതിനായി ഓരോ വകുപ്പിലും ഏകോപനാധികാരിയെ നിയോഗിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

ഭരണരംഗത്ത് മലയാളത്തിന്റെ ഉപയോഗം വ്യാപിപ്പിക്കുന്നതിനുവേണ്ടി സർക്കാർ ഉദ്യോഗസ്ഥർക്ക് പ്രോത്സാഹനമായി വിവിധ തലത്തിൽ ഭരണഭാഷാ പുരസ്കാരങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ മികച്ച ഭാഷാമാറ്റപുരോഗതി കൈവരിക്കുന്ന ജില്ലയ്ക്കും വകുപ്പിനും ഭരണഭാഷാ പുരസ്കാരം ഏർപ്പെടുത്തിയിട്ടുണ്ട്.

ഭരണഭാഷ സംബന്ധിച്ച് ജില്ലാ ഓഫീസർമാർക്കുള്ള സംശയങ്ങൾ ദൂരീകരിക്കുന്നതിനും ഭരണഭാഷാ വ്യാപനത്തിന്റെ പ്രാധാന്യം ഉദ്ബോധിപ്പിക്കുന്നതിനുമായി ജില്ലാതല ഭരണഭാഷാവബോധ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു.

'ഭരണമലയാളം' എന്ന പേരിൽ ഔദ്യോഗികഭാഷാ വകുപ്പ് ഒരു ഓൺലൈൻ നിഘണ്ടു തയ്യാറാക്കി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത നിഘണ്ടു glossary.kerala.gov.in ഡൊമെയ്ൻ വിലാസത്തിൽ ലഭ്യമാണ്. കൂടാതെ ഭരണഭാഷാ പഠനപദ്ധതി എന്ന പുസ്തകം ഔദ്യോഗികഭാഷാ വകുപ്പ് പുനഃപ്രസിദ്ധീകരിച്ചിട്ടുമുണ്ട്.

26-4-2017-ലെ സ.ഉ.(അച്ചടി)നമ്പർ 06/2017/ഉഭപവ. പ്രകാരം സംസ്ഥാനത്തെ തമിഴ്, കന്നട ഭാഷാന്യൂനപക്ഷക്കാർക്ക് ഭരണഭാഷ സംബന്ധിച്ച നിലവിലുള്ള അവകാശങ്ങൾ നിലനിർത്തിക്കൊണ്ട് (1) കേന്ദ്ര സർക്കാർ (2) കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ (3) ഹൈക്കോടതി-സുപ്രീം കോടതി (4) ഇതര സംസ്ഥാനങ്ങൾ (5) മറ്റ് രാജ്യങ്ങൾ (6) സംസ്ഥാനത്തെ ന്യൂനപക്ഷ ഭാഷകളായ തമിഴ്, കന്നട അല്ലാതെയുള്ള മറ്റു ഭാഷാന്യൂനപക്ഷക്കാരുമായുള്ള കത്തിടപാടുകൾ (7) ഇംഗ്ലീഷ് ഉപയോഗിക്കണമെന്ന് ഏതെങ്കിലും നിയമത്തിൽ പ്രത്യേകം പരാമർശമുള്ള സംഗതികൾ എന്നീ സാഹചര്യങ്ങളിൽ കുറിപ്പുഫയൽ മലയാളത്തിലായിരിക്കണമെന്ന നിബന്ധനയ്ക്ക് വിധേയമായി കത്തിടപാടുകൾക്ക് ഇംഗ്ലീഷ് ഉപയോഗിക്കാവുന്നതാണ്.

(സി) വിവിധ സർക്കാർ വകുപ്പുകൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന ഫാറങ്ങളും സർട്ടിഫിക്കറ്റുകളും ദ്വിഭാഷ രീതിയിലായിരിക്കണമെന്നും ഇതിനായി അതത് വകുപ്പുകളുമായി ബന്ധപ്പെട്ട് സോഫ്റ്റ്വെയറിൽ ആവശ്യമായ മാറ്റം വരുത്തേണ്ടതുണ്ടെന്നും നിർദ്ദേശം നൽകി 6-3-2018-ലെ സ.ഉ.(കൈ) 08/2018/ ഉ.ഭ.പ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

വ്യക്തിഗത രജിസ്റ്റർ. (പേഴ്സണൽ രജിസ്റ്റർ) ഹാജർ പുസ്തകം, ആകസ്മികാവധി രജിസ്റ്റർ, വിവിധ തരത്തിലുള്ള അപേക്ഷാ ഫാറങ്ങൾ (അവധി അപേക്ഷ ഉൾപ്പെടെ) എന്നിവയെല്ലാം പൂർണ്ണമായും മലയാളത്തിൽ അച്ചടിച്ച് വിതരണം ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശം നൽകി.

(ഡി) ജീവനക്കാർക്കെതിരെയുള്ള അച്ചടക്ക നടപടിക്രമങ്ങൾ ജീവനക്കാർക്ക് നൽകുന്ന മെമ്മോകൾ, ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം, നിയമന ഉത്തരവുകൾ എന്നിവയുൾപ്പെടെയുള്ള സർവ്വീസ് സംബന്ധിച്ച വിഷയങ്ങൾ മലയാളത്തിലായിരിക്കണമെന്ന് നിർദ്ദേശം നൽകി 30-1-2018-ലെ സ.ഉ.(അച്ചടി) 02/2018/ഉ.ഭ.പ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഇ) ഉണ്ട്. പഞ്ചായത്ത് വകുപ്പിൽ 1-8-1985-ലെ 7223/ഔഭാ3/83/ഉഭപവ. നമ്പർ വിജ്ഞാപന പ്രകാരവും റവന്യൂ വകുപ്പിൽ 6-10-1989-ലെ 5909/ ഔഭാ3/88/ ഉഭപവ. വിജ്ഞാപന പ്രകാരവും ഔദ്യോഗിക ഭാഷ മലയാളമാക്കിയിട്ടുണ്ട്.

(എഫ്) ഉണ്ട്. സംസ്ഥാനത്തെ വിവിധ ഓഫീസുകളിലെ ഭാഷാമാറ്റ പുരോഗതി വിലയിരുത്തി നിർദ്ദേശങ്ങൾ നൽകുന്നതിന് എല്ലാ ഓഫീസുകളിൽനിന്നും ഭാഷാമാറ്റ പുരോഗതിയുടെ റിപ്പോർട്ട് ലഭ്യമാക്കുകയും ബന്ധപ്പെട്ട ഓഫീസുകളിൽ ഔദ്യോഗിക ഭാഷാ വകുപ്പിലെ ഉദ്യോഗസ്ഥർ നേരിട്ട് പരിശോധന നടത്തി കർശന നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു.

**ഹർത്താലും പണിമുടക്കുംമൂലമുള്ള നഷ്ടം**

3 (4) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനവരി ആദ്യ ആഴ്ചയിൽ നടത്തിയ ഹർത്താലിന്റെയും പണിമുടക്കിന്റെയും ഫലമായി സംസ്ഥാനത്തിനുണ്ടായിട്ടുള്ള നഷ്ടം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രളയാനന്തര കെടുതിയിൽ നട്ടം തിരിയുന്ന സംസ്ഥാനത്തിന്റെ വ്യാപാര മേഖലയിലും ഐ.ടി. മേഖലയിലും ടൂറിസം മേഖലയിലും പ്രസ്തുത ഹർത്താലും പണിമുടക്കും കൂടുതൽ ആഘാതം ഏൽപ്പിച്ചിട്ടുണ്ടോ;

(സി) ഇത്തരം സമരങ്ങളോട് പുറം തിരിഞ്ഞ് നിൽക്കുവാൻ സംസ്ഥാനത്തെ വ്യാപാര സംഘടനകൾ മുന്നോട്ട് വന്നിട്ടുണ്ടോ;

(ഡി) അവർക്ക് ആവശ്യമായ സംരക്ഷണം നൽകാമെന്ന് സർക്കാർ ഉറപ്പ് നൽകിയിരുന്നോ; പ്രസ്തുത ഉറപ്പ് പ്രാവർത്തികമാക്കുന്നതിൽ പോലീസ് സംവിധാനം പരാജയപ്പെട്ടതെന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ -ഡി) വിവരം ശേഖരിച്ചുവരുന്നു.

**ആംഗ്ലോ ഇൻഡ്യൻ ജനപ്രതിനിധികളുടെ ഫണ്ട്**

4 (5) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആംഗ്ലോ ഇന്ത്യൻ പ്രതിനിധിയായ എം.എൽ.എ.യുടെയും എം.പി.യുടെയും ഫണ്ടിൽനിന്നും നിശ്ചിത ശതമാനം തുക സോഷ്യൽ മാപ്പിംഗിലൂടെ ആംഗ്ലോഇന്ത്യൻ ഗുണഭോക്താക്കളുടെ ക്ഷേമത്തിനായി ലഭ്യമാക്കുന്നത് സംബന്ധിച്ച ഫയൽ പൊതുഭരണ വകുപ്പിന്റെ പരിഗണനയിലുണ്ടോ;

(ബി) പ്രസ്തുത ഫയലിന്റെ നമ്പർ എത്രയെന്നും ഇതിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്നും വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആസ്തി വികസന ഫണ്ട് ഏതെങ്കിലും പ്രത്യേക ജാതി/ മത/സമൂഹത്തിന്റെ ക്ഷേമത്തിന് മാത്രമായി വിനിയോഗിക്കാൻ കഴിയില്ല. എന്നാൽ 12-5-2017-ലെ സ.ഉ.(അച്ചടി) നമ്പർ 63/2017/ധന. സ.ഉ.(അച്ചടി) നമ്പർ 75/2017 ധന പ്രകാരം ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് എയ്ഡഡ് സ്കൂളുകളിൽ ടോയ്‌ലെറ്റുകളും പാചകപ്പുരയും നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഒരു എയ്ഡഡ് സ്കൂളിൽ ടോയ്‌ലെറ്റും പാചകപ്പുരയും നിർമ്മിക്കുന്നതിന് ആസ്തി വികസന ഫണ്ടിൽനിന്നും പരമാവധി 10 ലക്ഷം രൂപ അനുവദിക്കാവുന്നതാണ്. കൂടാതെ 18-8-2017-ലെ സ.ഉ.(അച്ചടി) നമ്പർ. 109/2017/ധന പ്രകാരം എയ്ഡഡ് സ്കൂളുകൾക്കായുള്ള ചലഞ്ച് ഫണ്ട് പദ്ധതിക്കായി ആസ്തി വികസന ഫണ്ട് വിനിയോഗിക്കാനും ഉത്തരവായിട്ടുണ്ട്. നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് എയ്ഡഡ് വിഭാഗത്തിൽപ്പെട്ട ആംഗ്ലോ ഇൻഡ്യൻ സ്കൂളുകളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് പ്രസ്തുത ഉത്തരവുകൾ പ്രയോജനപ്പെടുത്താവുന്നതാണ്.

**വനിതാ മതിൽ**

5 (6) ശ്രീ. കെ. മുരളീധരൻ :
ശ്രീ.അനിൽ അക്കര :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പിന്തുണയോടെ നടത്തിയ വനിത മതിൽ സമൂഹത്തിൽ ആരോഗ്യകരമല്ലാത്ത ചേരിതിരിവ് സൃഷ്ടിക്കപ്പെട്ടുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം പരിപാടികളിലൂടെ കേരള നവോത്ഥാനത്തിന്റെ പിതൃത്വം ഏതെങ്കിലും സമുദായത്തിനോ സംഘടനകൾക്കോ മാത്രം നൽകുന്നത് ചരിത്രപരമായി ശരിയാണോ; വിശദമാക്കാമോ;

(സി) സർക്കാർ മുൻകയ്യെടുത്ത്, നവോത്ഥാനത്തിന്റെ പ്രാണേതാക്കളും പ്രചാരകരുമായി ചിലരെ മാത്രം വാഴിക്കുകയും നവോത്ഥാന മൂല്യങ്ങളുടെ അവകാശികളായി ചില സംഘടനകളെ മാത്രം

(ഡി) വനിത മതിൽ സംബന്ധിച്ച് സർക്കാർ വിളിച്ചുചേർത്ത യോഗങ്ങളിൽ ഒരു പ്രത്യേക വിഭാഗത്തിൽപ്പെടുന്ന സംഘടന നേതാക്കളെ മാത്രം വിളിച്ചത് എന്ത് അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) യാതൊരു ചേരിതിരിവും സൃഷ്ടിക്കപ്പെട്ടിട്ടില്ല. എല്ലാ വിഭാഗവും അണിനിരന്നതും പിന്തുണ നൽകിയതുമായിരുന്നു വനിതാ മതിൽ.

(ബി) കേരള നവോത്ഥാനത്തിന്റെ പിതൃത്വം ഏതെങ്കിലും സമുദായത്തിനോ സംഘടനകൾക്കോ മാത്രം അവകാശപ്പെട്ടതല്ല. എന്നാൽ നവോത്ഥാന പാരമ്പര്യമുള്ള ചില സംഘടനകൾ നിർണ്ണായകഘട്ടത്തിൽ അത്തരം പാരമ്പര്യങ്ങളെ കൈവെടിഞ്ഞുവെന്ന് കാണാവുന്നതാണ്.

(സി) നവോത്ഥാനമൂല്യങ്ങൾക്ക് തിരിച്ചടിയേൽക്കുന്ന ചില പ്രവർത്തനങ്ങൾ ചില സംഘടനകൾ ആസൂത്രിതമായി നടത്തുന്ന സാഹചര്യമുണ്ടായപ്പോൾ നവോത്ഥാന പാരമ്പര്യമുള്ള സംഘടനകൾ നാടിന്റെ നവോത്ഥാനമൂല്യം സംരക്ഷിക്കുന്നതിന് തയ്യാറായി മുന്നോട്ടുവരികയാണുണ്ടായത്. അതിനെ പിന്തുണയ്ക്കുന്ന സമീപനം സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

(ഡി) സ്ത്രീ-പുരുഷ സമത്വം എന്ന ഭരണഘടന മുന്നോട്ടുവയ്ക്കുന്ന മൗലികാവകാശത്തിന് എതിരായും നവോത്ഥാനമൂല്യങ്ങൾക്ക് എതിരായും ഹിന്ദുമത വിഭാഗത്തിനകത്ത് പ്രതിലോമകരമായ വിഭാഗീയത സൃഷ്ടിച്ച് നവോത്ഥാന മൂല്യങ്ങളും മതനിരപേക്ഷതയും തകർക്കാൻ ചില സംഘങ്ങൾ ശ്രമിച്ചപ്പോൾ നവോത്ഥാന പാരമ്പര്യമുള്ളവർ ഉൾപ്പെടെയുള്ള ഹിന്ദു സംഘടനകളുടെ യോഗം സർക്കാർ വിളിച്ചുചേർക്കുകയാണുണ്ടായത്. നവോത്ഥാന ആശയങ്ങളോട് യോജിപ്പുള്ള എല്ലാ വിഭാഗങ്ങളെയും ഉൾപ്പെടുത്തി നിലവിലുള്ള നവോത്ഥാനമൂല്യ സംരക്ഷണ സമിതി വിപുലീകരിക്കാനും വിപുലമായ ബോധനവൽക്കരണ പരിപാടികൾ തുടർന്നും നടത്താനും തീരുമാനിച്ചിട്ടുണ്ട്.

## വനിതാ മതിൽ - ആദ്യയോഗ ക്ഷണിതാക്കൾ

6 (7) ശ്രീ. കെ. മുരളീധരൻ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. കെ.എസ്.ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാ മതിൽ സംബന്ധിച്ച് വിളിച്ചുചേർത്ത ആദ്യയോഗത്തിൽ ഹൈന്ദവ സംഘടനകളെ മാത്രമാണോ ക്ഷണിച്ചിരുന്നത്; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത യോഗത്തിന് ക്ഷണിക്കപ്പെട്ടവർ കേരള നവോത്ഥാനത്തിൽ മുൻകൈ എടുക്കുകയും അനാചാരങ്ങളെ എതിർക്കുകയും ചെയ്ത നവോത്ഥാന സംഘടനകളുടെ ഇപ്പോഴത്തെ ഭാരവാഹികളായിരുന്നോയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത യോഗത്തിലേക്ക് ഹിന്ദു പാർലമെന്റിന്റെ ഭാരവാഹികളെ ക്ഷണിച്ചിരുന്നോ; എങ്കിൽ പ്രസ്തുത സംഘടന നവോത്ഥാനത്തിന് നൽകിയ സംഭാവന എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ നവോത്ഥാനത്തിന് മുസ്ലീം, ക്രിസ്ത്യൻ മതവിഭാഗത്തിൽപ്പെട്ട വ്യക്തികളും സംഘടനകളും യാതൊരു സംഭാവനയും നൽകിയിട്ടില്ലായെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത വിഭാഗത്തിൽപ്പെട്ടവരെ ആദ്യയോഗത്തിന് ക്ഷണിക്കാതിരുന്ന സാഹചര്യം വ്യക്തമാക്കുമോ;

(ഇ) വനിതാ മതിൽ എന്ന ആശയം ആരുടേതാണ്; അതിന് ശബരിമല സംഭവങ്ങളുമായി എന്തെങ്കിലും ബന്ധമുണ്ടോ; ഉണ്ടെങ്കിൽ ഏത് തരത്തിലുള്ള ബന്ധമാണെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ശബരിമല സ്ത്രീപ്രവേശനത്തിന്റെ പശ്ചാത്തലത്തിൽ ഹിന്ദുമത വിഭാഗങ്ങൾക്കിടയിൽ നവോത്ഥാനമൂല്യങ്ങളെ ദുർബലപ്പെടുത്തുന്നതിനുള്ള ബോധപൂർവ്വമായ ശ്രമം ഉണ്ടായപ്പോഴാണ് അതുസംബന്ധിച്ച് ചർച്ച ചെയ്യാൻ ഒരു യോഗം വിളിച്ചുചേർത്തത്. നവോത്ഥാനമൂല്യങ്ങൾ സംരക്ഷിക്കണമെന്ന് താൽപ്പര്യമുള്ള സംഘടനകളുടെ യോഗത്തിൽ ഉയർന്നുവന്ന പൊതുവായ അഭിപ്രായത്തെത്തുടർന്നാണ് വനിതാ മതിൽ സംഘടിപ്പിക്കാൻ തീരുമാനിച്ചത്.

(ബി) കേരളീയ നവോത്ഥാനത്തിന് ശ്രദ്ധേയമായ പങ്കുവഹിച്ചിട്ടുള്ള പ്രസ്ഥാനങ്ങളെയും സംഘടനകളെയുമാണ് പൊതുവിൽ യോഗത്തിലേയ്ക്ക് ക്ഷണിച്ചിരുന്നത്.

(സി) ക്ഷണിച്ചിരുന്നു. നവോത്ഥാനമൂല്യങ്ങൾ സംരക്ഷിക്കണമെന്ന് താൽപ്പര്യമുള്ള സംഘടന എന്ന നിലയിലാണ് ക്ഷണിച്ചത്.

(ഡി) വിലയിരുത്തിയിട്ടില്ല. നവോത്ഥാനം സംരക്ഷിക്കുന്നതിന് എല്ലാ വിഭാഗത്തിൽപ്പെട്ടവർക്കും പങ്കുണ്ടെന്നതിലാണ് നിലവിലുള്ള സമിതി നവോത്ഥാന ആശയങ്ങളോട് യോജിപ്പുള്ള മറ്റ് വിഭാഗങ്ങളെ ഉൾപ്പെടുത്തി വിപുലീകരിക്കാൻ തീരുമാനിച്ചത്.

(ഇ) നവോത്ഥാനമൂല്യങ്ങൾ സംരക്ഷിക്കണമെന്ന് താൽപ്പര്യമുള്ള സംഘടനകളുടെ യോഗത്തിൽ ഉയർന്നുവന്ന പൊതുവായ അഭിപ്രായത്തെത്തുടർന്നാണ് വനിതാ മതിൽ സംഘടിപ്പിക്കുവാൻ തീരുമാനിച്ചത്.

### വനിതാ മതിൽ സംഘാടനം

7 (8) <u>ശ്രീ. കെ. സി.ജോസഫ്</u>:
<u>ശ്രീ. വി. ടി. ബൽറാം</u>:
<u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ ആഭിമുഖ്യത്തിൽ 2019 ജനുവരി ഒന്നാം തീയതി വനിതാ മതിൽ സംഘടിപ്പിച്ചിരുന്നോ;

(ബി വനിതാ മതിൽ സംബന്ധിച്ച ക്യാംപയിൻ എല്ലാ വീടുകളിലും എത്തിക്കുന്നതിന് ആവശ്യമായ സന്ദേശങ്ങൾ തയ്യാറാക്കി വിതരണം ചെയ്യുന്നതിന് ഏത് വകുപ്പിനെയാണ് ചുമതലപ്പെടുത്തിയത്;

(സി) ഇതിന് ആവശ്യമായ തുക അനുവദിക്കുവാൻ ധനകാര്യ വകുപ്പിനോട് നിർദ്ദേശിച്ചിരുന്നോ; പിന്നീട് പ്രസ്തുത ഉത്തരവിൽ എന്ത് മാറ്റമാണ് വരുത്തിയത്; ഇതിനുള്ള സാഹചര്യമെന്തായിരുന്നു;

(ഡി) പ്രസ്തുത വനിതാ മതിൽ സംഘടിപ്പിച്ചതിലൂടെ സാമൂഹ്യ പരിഷ്കരണ നേട്ടങ്ങൾ, നവോത്ഥാനമൂല്യങ്ങൾ എന്നിവ സംരക്ഷിക്കുന്നതിന് സാധിച്ചതായി വിലയിരുത്തുന്നുണ്ടോ;വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) നവോത്ഥാനമൂല്യ സംരക്ഷണ സമിതിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചിരിക്കുന്ന വനിതാ മതിലിന് സർക്കാർ പിന്തുണയുണ്ടായിരുന്നു.

(ബി & സി) 7-1-2018-ന് ഇറക്കിയ സർക്കാർ ഉത്തരവ്, 12-12-2018-ൽ ഭേദഗതി ചെയ്യുകയും 31/2018-ാം നമ്പർ പ്രകാരം ഉത്തരവ് പ്രസിദ്ധീകരിക്കുകയും ചെയ്തു. ആയതുപ്രകാരം എല്ലാ വീടുകളിലും ക്യാമ്പയിനുകൾ എത്തിക്കുന്നതിന് ആവശ്യമായ സന്ദേശങ്ങൾ തയ്യാറാക്കി വിതരണം ചെയ്യുന്നതിനും ഏകോപനത്തിനുമായി വനിതാ ശിശുവികസന വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ വിതരണംചെയ്ത ലഘുലേഖയുടെ അച്ചടിച്ചെലവുകൾ നവോത്ഥാനമൂല്യ സംരക്ഷണ സമിതിയാണ് വഹിച്ചത്.

(ഡി) സാമൂഹ്യ പരിഷ്കരണത്തിന്റെ ഭാഗമായുണ്ടായ നേട്ടങ്ങൾ ജനങ്ങളിലെത്തിക്കുന്നതിനും നവോത്ഥാനമൂല്യങ്ങൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത ജനങ്ങളിലുണർത്തുന്നതിനും 50 ലക്ഷത്തിലേറെ വനിതകൾ പങ്കെടുത്ത വനിതാ മതിൽകൊണ്ട് സാധിച്ചിട്ടുണ്ട്. എല്ലാ വിഭാഗങ്ങളെയും ഉൾപ്പെടുത്തി നവോത്ഥാനമൂല്യങ്ങൾ ജനങ്ങളിലെത്തിക്കാനുള്ള ബോധവൽക്കരണ പരിപാടികൾ തുടർന്നും നടത്തണമെന്ന് തീരുമാനിച്ചിട്ടുണ്ട്.

**വനിതാ മതിലുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും ചെലവും**

8 (9) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ജനുവരി ഒന്നിന് സംഘടിപ്പിച്ച വനിതാ മതിലിൽ ആളുകളെ പങ്കെടുപ്പിക്കുന്നതിന് സംസ്ഥാനവ്യാപകമായി വിവിധ വകുപ്പുകൾ പ്രചരണവും പ്രവർത്തനങ്ങളും നടത്തിയിരുന്നോ;

(ബി) എങ്കിൽ പ്രസ്തുത പ്രചരണവും പ്രവർത്തനവും സംഘടിപ്പിക്കുവാൻ സർക്കാർ വകുപ്പുകൾക്കുണ്ടായ ചെലവിനായുള്ള പണം എപ്രകാരമാണ് കണ്ടെത്തിയത്;

(സി) ഇക്കാര്യത്തിൽ ഏതൊക്കെ വകുപ്പുകളുടെ സേവനമാണ് സർക്കാർ ഉപയോഗപ്പെടുത്തിയതെന്ന് അറിയിക്കാമോ;

(ഡി) വനിതാ മതിൽ വിജയിപ്പിക്കുവാൻ വിവിധ ജില്ലാ കളക്ടർമാർ വിളിച്ച് ചേർത്ത യോഗങ്ങൾക്ക് ഉണ്ടായ ചെലവ് എത്രയാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) വനിതാ മതിൽ രൂപപ്പെടുത്തിയത് നവോത്ഥാനമൂല്യ സംരക്ഷണ സമിതിയുടെ നേതൃത്തിലായിരുന്നു. ഭരണഘടന ഉറപ്പുനൽകുന്ന ലിംഗസമത്വം എന്ന ആശയം വനിതാ മതിലിന്റെ മുദ്രാവാക്യമായതിനാൽ സർക്കാരിന്റെ പിന്തുണ ഉറപ്പാക്കിയിരുന്നു.

(ബി & സി) വനിതാ മതിലിന്റെ പ്രചരണത്തിന് സർക്കാർ വകുപ്പുകൾ പണം ചെലവഴിച്ചിട്ടില്ല.

(ഡി) പണച്ചെലവുള്ള യോഗങ്ങൾ നടത്തിയിട്ടില്ല.

**വനിതാ മതിലിനായി ഉപയോഗപ്പെടുത്തിയ സർക്കാർ സംവിധാനങ്ങൾ**

9 (10) <u>ശ്രീ. കെ. സി. ജോസഫ്</u> :
<u>ശ്രീ. ഹൈബി ഈഡൻ</u> :
<u>ശ്രീ. വി. പി. സജീന്ദ്രൻ</u> :
<u>ശ്രീ. അടൂർ പ്രകാശ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനുവരി ഒന്നിന് തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ വനിത മതിൽ തീർക്കുന്നതിന് സർവ്വീസ് സംഘടനകൾ വഴി ജീവനക്കാരിൽ സമ്മർദ്ദം ചെലുത്തിയെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്ത്രീകളായ എല്ലാ സംസ്ഥാന ജീവനക്കാരും അദ്ധ്യാപകരും വനിത മതിലിൽ പങ്കെടുക്കുന്നതിന് സർക്കാർതലത്തിൽ എന്ത് നിർദ്ദേശമാണ് നൽകിയിട്ടുള്ളത്;

(സി) ജനുവരി ഒന്നാം തീയതി നടത്തുവാനിരുന്ന വിവിധ യൂണിവേഴ്സിറ്റി പരീക്ഷകൾ വനിത മതിലിലെ പങ്കാളിത്തം ഉറപ്പാക്കുന്നതിനുവേണ്ടി മാറ്റി വയ്ക്കുകയുണ്ടായോ;

(ഡി) മതിലിനായി സർക്കാരിന്റെ ഏതൊക്കെ സംവിധാനങ്ങളാണ് ഉപയോഗിച്ചത്; വിശദമാക്കുമോ;

(ഇ) പ്രളയത്തിൽ എല്ലാം നഷ്ടപ്പെട്ട് കഷ്ടപ്പെടുന്ന ജനങ്ങൾക്ക് സമയബന്ധിതമായി ആശ്വാസം എത്തിക്കുന്നതിന്, നവോത്ഥാനമൂല്യങ്ങൾ സംരക്ഷിക്കുവാനെന്ന പേരിൽ രാഷ്ട്രീയ ലക്ഷ്യത്തോടെ നടത്തിയ ഇത്തരം പരിപാടികൾ തടസ്സമായിട്ടുണ്ടോ എന്നത് പരിശോധനയ്ക്ക് വിധേയമാക്കുമോ ; വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരളത്തിന്റെ നവോത്ഥാന ചരിത്രത്തിൽ പുതിയ അധ്യായം ചേർത്തുകൊണ്ടാണ് വനിതാ മതിൽ സൃഷ്ടിക്കപ്പെട്ടത്. സ്ത്രീ ശാക്തീകരണത്തിന്റെ പുതിയ അധ്യായമായി വനിതാമതിൽ മാറി. വനിതാ ജീവനക്കാരുൾപ്പെടെ സമൂഹത്തിന്റെ എല്ലാ വിഭാഗങ്ങളിൽപ്പെട്ടവരും വനിതാ മതിലിനായുള്ള തയ്യാറെടുപ്പുകളിലും ഐക്യദാർഢ്യ പ്രകടനങ്ങളിലും നിരന്തരം പങ്കെടുത്തുകൊണ്ടിരുന്നു. നവോത്ഥാനവും സ്ത്രീ പുരുഷ സമത്വവും കേരളീയ സമൂഹമാകമാനം ചർച്ച ചെയ്യുന്ന ഒന്നായി മാറി. സ്ത്രീ പുരുഷനോടൊപ്പം പരിഗണിക്കപ്പെടേണ്ട വ്യക്തിയാണെന്ന ഒരു വിദ്യാഭ്യാസ പ്രക്രിയ തന്നെയായി വനിതാ മതിലിന്റെ പ്രചരണം. നവോത്ഥാനം മുന്നോട്ടുവച്ച നേട്ടങ്ങളെ സംരക്ഷിക്കാനും അതിനെ കൂടുതൽ ശക്തമായി മുന്നോട്ടുകൊണ്ടു പോകാനുമുള്ള പ്രയത്നമായിരുന്നു വനിതാ മതിൽ. കേരളത്തിലെ സംസ്ഥാന ജീവനക്കാരും അവരുടെ സംഘടനകളും യാതൊരുവിധ നിർബന്ധവുമില്ലാതെയാണ് ഇതിന്റെ പ്രചരണ പ്രവർത്തനങ്ങൾ ഏർപ്പെട്ടതും പങ്കെടുത്തതും.

(ബി) സർവ്വീസ് സംഘടനാ നേതാക്കളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ വനിതാ മതിലിൽ പങ്കെടുക്കുന്നതിന് താൽപ്പര്യമുള്ള ജീവനക്കാർക്കും അദ്ധ്യാപകർക്കും പൊതുമേഖലാ സ്ഥാപനങ്ങളിലെയും സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളിലെയും ജീവനക്കാർക്കും ആഫീസ് ജോലികൾക്ക് തടസ്സമുണ്ടാകാത്ത വിധത്തിൽ പങ്കെടുക്കാൻ കഴിയുന്ന രീതിയിൽ ആവശ്യമായ ആഫീസ് ക്രമീകരണം നടത്തുന്നതിന് എല്ലാ വകുപ്പ് മേധാവികൾക്കും സ്ഥാപന മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) വനിതാ മതിലിലെ പങ്കാളിത്തം ഉറപ്പാക്കുന്നതിനുവേണ്ടി യൂണിവേഴ്സിറ്റി പരീക്ഷകളൊന്നും മാറ്റിവച്ചിട്ടില്ല.

(ഡി) സർക്കാരിന്റെ സംവിധാനങ്ങൾ ഉപയോഗിച്ചല്ല, നവോത്ഥാനമൂല്യ സംരക്ഷണ സമിതിയുടെ മേൽനോട്ടത്തിലും സംഘാടനത്തിലുമായിരുന്നു വനിതാ മതിൽ സംഘടിപ്പിച്ചത്. വനിതാ മതിൽ ഉയർത്തിയ ആശയങ്ങൾ നവോത്ഥാനവും ഭരണഘടന ഉറപ്പുനൽകുന്ന സ്ത്രീ-പുരുഷ സമത്വവുമാകയാൽ സർക്കാർ പിന്തുണയ്ക്കുകയാണുണ്ടായത്. ശബരിമല സ്ത്രീപ്രവേശം സംബന്ധിച്ച സുപ്രീംകോടതി ഉത്തരവിന്റെ പശ്ചാത്തലത്തിൽ ചില വിഭാഗങ്ങൾക്കിടയിൽ വേർതിരിവിനുള്ള ശ്രമങ്ങളെ ചെറുത്തുതോൽപ്പിക്കുന്ന ഒന്നായിക്കണ്ടാണ് വനിതാ മതിലിന് സർക്കാർ പിന്തുണ നൽകിയത്.

(ഇ) ഈ തലമുറകണ്ട ഏറ്റവും വലിയ വെള്ളപ്പൊക്കമാണ് ആഗസ്റ്റ് മാസത്തിലുണ്ടായത്. പ്രളയകാലത്ത് രക്ഷാപ്രവർത്തനങ്ങളും പുനരധിവാസ പ്രവർത്തനങ്ങളും പുനർനിർമ്മാണ പ്രവർത്തനങ്ങളും ലോകത്തിന് മാതൃകയായി നിർവ്വഹിച്ച സംസ്ഥാനമാണ് നമ്മുടേത്. വിഭവസമാഹരണവും ആസൂത്രണത്തിന്റെ കൃത്യതയും നിർവ്വഹണത്തിന്റെ ചടുലതയും മേൽനോട്ടത്തിന്റെ ജാഗ്രതയും സൂക്ഷ്മമായി ഏകോപിപ്പിച്ചാണ് പ്രളയത്തിന്റെ അതിജീവനം സാധ്യമായത്. മത്സ്യത്തൊഴിലാളികളും യുവാക്കളും പ്രവാസികളും സാധാരണ ജനങ്ങളും ഉദ്യോഗസ്ഥരവും ഒരേ മനസ്സോടെ ദുരന്തത്തെ നേരിടാൻ കൈകോർത്തു. പുനർനിർമ്മാണ പ്രവർത്തനങ്ങളുടെ ഘട്ടമാണിപ്പോൾ. ആ ചുമതല പഴുതുകളില്ലാതെ കൃത്യതയോടെ നിർവ്വഹിക്കും. ഒന്നര നൂറ്റാണ്ടുകാലം നീണ്ടുനിന്ന നവോത്ഥാന പരിശ്രമത്തിന്റെ ശ്രമഫലമാണ് ഇന്നുകാണുന്ന ആധുനിക കേരളം. ആ ആശയങ്ങളെ തുടച്ചുനീക്കി ദുരാചാരങ്ങൾ തിരിച്ചുകൊണ്ടുവരുന്നതിന് ചില കേന്ദ്രങ്ങൾ ബോധപൂർവ്വം ശ്രമിക്കുമ്പോൾ അതിനെതിരായ ചെറുത്തുനിൽപ്പാണ് വനിതാ മതിൽ പോലുള്ള ജനമുന്നേറ്റങ്ങൾ. അത് പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങളെയോ പുനർനിർമ്മാണ പ്രവർത്തനങ്ങളെയോ ഒരു തരത്തിലും ബാധിക്കുന്നതല്ല. അതൊരു സാംസ്കാരിക മുന്നേറ്റത്തിന്റെ അടയാളമാണ്.

**വനിതാ മതിലിന് ചെലവഴിച്ച തുക**

10 (11) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

വനിതാ മതിൽ സംഘടിപ്പിക്കുന്നതിനും, അതിനായുള്ള സന്ദേശം തയ്യാറാക്കി വിതരണം ചെയ്യുന്നതിനും, വനിതാ മതിൽ സംബന്ധിച്ച പരസ്യത്തിനുമായി പൊതു ഖജനാവിൽനിന്നും എന്ത് തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

വനിതാ മതിലിനായി പ്രചാരണ സാമഗ്രികൾ തയ്യാറാക്കിയിട്ടില്ല. ഇതിനായി പൊതു ഖജനാവിൽനിന്നും തുക ചെലവഴിച്ചിട്ടില്ല.

**വനിതാ മതിലും ഹർത്താലും വരുത്തിയ നഷ്ടം**

11 (12) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാ മതിലും ഹർത്താലും കാരണം സർക്കാരിനുണ്ടായ നഷ്ടം 168 കോടി രൂപയാണെന്ന ആക്ഷേപം പരിശോധിക്കുകയുണ്ടായോ;

(ബി) ജീവനക്കാർ വനിത മതിലിൽ പങ്കെടുത്തതുമൂലം സർക്കാർ ഓഫീസുകൾ പ്രവർത്തനരഹിതമാവുകയുണ്ടായോ;

(സി) ഇതുവഴി പൊതുജനങ്ങൾക്ക് ലഭിക്കാതെപോയ സേവനനഷ്ടവും സർക്കാരിനുണ്ടായ സാമ്പത്തികനഷ്ടവും എത്രയാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) പിന്നാലെ ഉണ്ടായ ഹർത്താൽ ദിനത്തിൽ എത്ര കോടി രൂപയുടെ പൊതുമുതൽ നശിപ്പിക്കപ്പെട്ടു എന്ന് വ്യക്തമാക്കാമോ;

(ഇ) ഇതുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തു; എത്ര പേരെ അറസ്റ്റ് ചെയ്തു; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) വനിതാ മതിൽ സർക്കാരിനോ പൊതുജനങ്ങൾക്കോ യാതൊരുവിധ നഷ്ടവും ഉണ്ടാക്കിയിട്ടില്ല. 3-1-2019-ലെ ഹർത്താലുമായി ബന്ധപ്പെട്ട് പൊതുമുതൽ നശിപ്പിച്ച വകയിൽ 28,43,072 രൂപയും സ്വകാര്യമുതൽ നശിപ്പിച്ച വകയിൽ 1,03,28,526 രൂപയുടെയും നഷ്ടം കണക്കാക്കിയിട്ടുണ്ട്.

(ബി) ഓഫീസുകളുടെ സുഗമമായ പ്രവർത്തനത്തെ ബാധിക്കാതെ പങ്കെടുക്കാനാണ് അനുമതി നൽകിയിരുന്നത്.

(സി) നഷ്ടം ഉണ്ടായിട്ടില്ല.

(ഡി) 28,43,072 രൂപ.

(ഇ) 3-1-2019-ലെ ഹർത്താലുമായി ബന്ധപ്പെട്ട് 772 കേസുകൾ രജിസ്റ്റർ ചെയ്തു. 4163 പേരെ അറസ്റ്റ് ചെയ്തു.

## മുൻ മന്ത്രിസഭാംഗങ്ങളുടെ പേഴ്സണൽ സ്റ്റാഫിനുള്ള പെൻഷൻ ആനുകൂല്യങ്ങൾ

12 (13) ശ്രീ. കെ. സി.ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ ഗ്രാമവികസന മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിലെ കുക്കായി 2011-2016 കാലയളവിൽ ജോലി ചെയ്ത മറിയാമ്മ ലോറൻസിന് പെൻഷൻ അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) മറ്റ് പെൻഷൻ ആനുകൂല്യങ്ങൾ ഒന്നും വാങ്ങുകയില്ലെന്ന വ്യവസ്ഥയിൽ മന്ത്രിയുടെ സ്റ്റാഫിൽ ജോലിചെയ്ത കാലത്തെ പെൻഷൻ നൽകാൻ നടപടി സ്വീകരിക്കുമോ;

(സി) മുൻ മന്ത്രിസഭാംഗങ്ങളുടെ പേഴ്സണൽ സ്റ്റാഫിലെ പെൻഷൻ ആനുകൂല്യങ്ങൾക്ക് അർഹതയുള്ള 403 പേരിൽ എത്ര പേർക്ക് ഇതുവരെ പെൻഷൻ നൽകിയിട്ടുണ്ട്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല. 1-12-2010-ലെ സ.ഉ.(കൈ.)നമ്പർ 391/2010/പൊഭവ ഉത്തരവു പ്രകാരം 55 വയസിനുശേഷം സർവ്വീസിൽ പ്രവേശിച്ചവർക്ക് പെൻഷൻ കമ്മ്യൂട്ടേഷന് അർഹതയില്ല. കൂടാതെ 10-11-2018-ലെ സ.ഉ.(കൈ.)നമ്പർ 425/2018/ധന പ്രകാരം 56 വയസ്സിനുശേഷം പേഴ്സണൽ സ്റ്റാഫിൽ നിയമനം ലഭിക്കുകയും തുടർന്ന് വിരമിക്കുകയും ചെയ്യുന്നവർക്ക് യാതൊരുവിധ പെൻഷനറി ആനുകൂല്യങ്ങൾക്കും അർഹതയില്ലാത്തതും 26-3-2012 മുതൽ ഈ ഉത്തരവിന് പ്രാബല്യം ഉണ്ടായിരുന്നതും ആണ്. ആയതിനാൽ 56 വയസ്സിനുശേഷം പേഴ്സണൽ സ്റ്റാഫിൽ നിയമിതയായ ശ്രീമതി മറിയാമ്മ ലോറൻസിന് നിലവിലെ വ്യവസ്ഥ പ്രകാരം പെൻഷനറി ആനുകൂല്യങ്ങൾക്ക് അർഹതയില്ലാത്തതാകുന്നു.

(ബി) നിലവിലുള്ള ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി മാത്രമെ പെൻഷൻ അനുവദിക്കാൻ സാധിക്കുകയുള്ളൂ.

(സി) മുൻ മന്ത്രിസഭാംഗങ്ങളുടെ പേഴ്സണൽ സ്റ്റാഫിലെ പെൻഷൻ ആനുകൂല്യങ്ങൾക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ളവരിൽ 271 പേർക്ക് ഇതുവരെ പെൻഷൻ അനുവദിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്.

**മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫ് അംഗങ്ങളുടെ വിദേശയാത്ര**

13 (14) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾ വിദേശയാത്ര നടത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) വിദേശയാത്ര നടത്തിയ പേഴ്സണൽ സ്റ്റാഫ് അംഗങ്ങളുടെ പേരും തസ്തികയും നൽകാമോ;

(സി) പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾ ഏതൊക്കെ രാജ്യങ്ങളാണ് സന്ദർശിച്ചതെന്ന് വിശദമാക്കുമോ;

(ഡി) ഇതിൽ ഔദ്യോഗിക കാര്യങ്ങൾക്കും വ്യക്തിപരമായ കാര്യങ്ങൾക്കുമായി വിദേശയാത്ര നടത്തിയതാരൊക്കെ എന്ന് വെളിപ്പെടുത്താമോ;

(ഇ) ഇവർക്ക് വിദേശ യാത്ര നടത്തുന്നതിന് സർക്കാരിൽനിന്ന് അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അനുമതിയുടെ പകർപ്പ് മേശപ്പുറത്തുവയ്ക്കുമോ;

(എഫ്) ഇവർ വിദേശ യാത്ര നടത്തിയതിനുശേഷം പ്രസ്തുത വിദേശയാത്ര നടത്തിയ ദിവസങ്ങളിൽ ലീവ് എടുക്കാതെ അറ്റൻഡൻസ് രജിസ്റ്ററിൽ ഹാജർ രേഖപ്പെടുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) അനുമതി തേടാതെ വിദേശയാത്ര നടത്തിയ പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾ സാമ്പത്തിക സമാഹരണം നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതേക്കുറിച്ച് അന്വേഷണം നടത്തി നടപടി സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ - ഇ) വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(എഫ് & ജി) ശ്രദ്ധയിൽപെട്ടില്ല.

**മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫ് വിശദാംശങ്ങൾ**

14 (15) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിക്കും മന്ത്രിമാർക്കും നിലവിൽ എത്ര വീതം പേഴ്സണൽ സ്റ്റാഫാണ് ഉള്ളത്; ഇവരുടെ പേരും നിലവിലെ തസ്തികയും അറിയിക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾ സ്വയം പിരിഞ്ഞു പോകുകയോ നീക്കംചെയ്യുകയോ ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ പേരും തസ്തികയും വെളിപ്പെടുത്തുമോ;

(സി) മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും ഓഫീസുകളിൽ ദിവസവേതന അടിസ്ഥാനത്തിൽ എത്ര പേർ ജോലി ചെയ്യുന്നുണ്ട്; അവരുടെ പേരും തസ്തികയും വ്യക്തമാക്കുമോ?

ഉത്തരം

(എ &ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും ഓഫീസുകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ നിലവിൽ ആരും ജോലി ചെയ്യുന്നില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പുതിയ തസ്തികകൾ

15 (16) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എല്ലാ വകുപ്പുകളിലുമായി എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പോലീസ് വകുപ്പിൽ എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസ് വകുപ്പിൽ നാളിതുവരെ 2740 സ്ഥിരം തസ്തികകളും 240 താൽക്കാലിക തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ 1873 താൽക്കാലിക തസ്തികകൾക്ക് തുടർ അനുമതി നൽകിയിട്ടുണ്ട്.

## വയനാട് ജില്ലയിലെ കൃഷി വകുപ്പ് വർക്ക് സൂപ്രണ്ട് നിയമനം

16 (17) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പ്രസിദ്ധീകരിച്ച കാറ്റഗറി നമ്പർ 441/14 കൃഷി വകുപ്പ് വർക്ക് സൂപ്രണ്ട് റാങ്ക് ലിസ്റ്റിൽ നിന്നും എത്രപേരെ നിയമിച്ചു എന്ന് വെളിപ്പെടുത്തുമോ;

(ബി) വയനാട് ജില്ലയിൽ ഈ തസ്തികയിൽ 2018 മാർച്ച് 31 വരെ എത്ര ഒഴിവുകൾ ഉണ്ടായിട്ടുണ്ട്; ഈ ഒഴിവുകളെല്ലാം പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എപ്പോൾ റിപ്പോർട്ടു ചെയ്യും എന്ന് അറിയിക്കാമോ;

(സി) പ്രസ്തുത തസ്തികയിലേക്കുള്ള നിയമനത്തിനായി നിലവിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഇവയുടെ നിയമന ശിപാർശ എപ്പോൾ അയക്കും; വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(സി) കൃഷി വകുപ്പിൽ വർക്ക് സൂപ്രണ്ട് തസ്തികയിലേയ്ക്ക് ഒഴിവുകളൊന്നുംതന്നെ പി.എസ്.സി.-യിൽ റിപ്പോർട്ട് ചെയ്തിട്ടില്ല. 28-3-2018-ന് നിലവിൽവന്ന റാങ്ക് പട്ടികയിൽനിന്നും ആർക്കും നിയമന ശിപാർശ നൽകിയിട്ടില്ല.

## പുതുതായി സൃഷ്ടിച്ച തസ്തികകൾ

17 (18) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ വിവിധ വകുപ്പുകളിലായി എത്ര തസ്തികകളാണ് പുതുതായി സൃഷ്ടിച്ചിട്ടുള്ളത് എന്നറിയിക്കാമോ; വകുപ്പ് തിരിച്ചുള്ള കണക്ക് ലഭ്യക്കാമോ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

## പൊതുഭരണ വകുപ്പിലെ സ്ഥലംമാറ്റം

18 (19) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) SPL B 2/242/2018 GAD എന്ന കത്ത് പ്രകാരം സെക്രട്ടറിയേറ്റിലെ സെക്ഷൻ ഓഫീസർ വരെയുള്ള തസ്തികകളിലെ സ്ഥലമാറ്റം മാനദണ്ഡപ്രകാരം നടത്തിയാൽ മതിയെന്ന മുഖ്യമന്ത്രിയുടെ ഉത്തരവിന് വിരുദ്ധമായി സ്ഥലം മാറ്റം നടത്തിയ കേസുകൾ പരിശോധിക്കുമോ; വ്യക്തമാക്കുമോ;

(ബി) പൊതുഭരണ സർവ്വീസ് വകുപ്പിൽ നിന്നും മേൽ സൂചിപ്പിച്ച കത്തിന് വിരുദ്ധമായി ഇറക്കിയ ഉത്തരവുകൾ റദ്ദ് ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ നൽകാമോ;

(സി) പൊതുഭരണ വകുപ്പിൽ നിന്നും മുഖ്യമന്ത്രിയുടെ ഉത്തരവിന് വിരുദ്ധമായി ഉത്തരവ് ഇറക്കിയവർക്കെതിരെ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) പൊതുഭരണ വകുപ്പിലെ സെക്ഷൻ ഓഫീസർ വരെയുള്ള തസ്തികകളിൽ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി സ്ഥലംമാറ്റങ്ങൾ നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രൊമോഷൻ, അവധി മറ്റ് കാരണങ്ങളാൽ തസ്തികകളിൽ ഒഴിവ് വരുന്ന പക്ഷമോ അല്ലെങ്കിൽ വകുപ്പുകൾ ആവശ്യപ്പെടുന്ന പക്ഷമോ ഭരണ സൗകര്യാർത്ഥം സ്ഥലംമാറ്റം അനുവദിക്കാറുണ്ട്.

## ബയോമെട്രിക് പഞ്ചിംഗ് സംവിധാനം

19 (20) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം വകുപ്പുകളിൽ ബയോമെട്രിക് പഞ്ചിംഗ് സംവിധാനം നടപ്പിലാക്കിയെന്ന് വ്യക്തമാക്കുമോ;

(ബി) ഇനിയും ബയോമെട്രിക് പഞ്ചിംഗ് സംവിധാനം നടപ്പിലാക്കിയിട്ടില്ലാത്ത വകുപ്പുകൾ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) ഭരണ നവീകരണത്തിന്റെ ഭാഗമായി കേരളത്തിലെ സർക്കാർ ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എല്ലാ സർക്കാർ/അർദ്ധ സർക്കാർ/സ്വയംഭരണ/ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങളിലും സ്പാർക്കുമായി ബന്ധിപ്പിച്ചുകൊണ്ട് ബയോമെട്രിക് ഫിംഗർ പ്രിന്റ് അറ്റൻഡൻസ് മാനേജ്മെന്റ് സിസ്റ്റം (പഞ്ചിംഗ് സിസ്റ്റം) നടപ്പിലാക്കാൻ നിർദ്ദേശിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ നിർദ്ദേശം കഴിയുന്നത്ര വേഗത്തിൽ നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സർക്കാർ ഓഫീസുകളിൽ ഓൺലൈൻ സേവനം**

20 (21) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ഓഫീസുകൾ നൽകുന്ന മുഴുവൻ സേവനങ്ങളും ഓൺലൈൻ മുഖേന നടപ്പിലാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചു വരുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ നടപടികളുടെ നിലവിലെ പുരോഗതി അറിയിക്കുമോ;

(സി) നിലവിൽ എത്ര വകുപ്പുകളാണ് പൂർണ്ണമായും സേവനങ്ങൾ ഓൺലൈനിലൂടെ നൽകുന്നതെന്ന് അറിയിക്കുമോ?

ഉത്തരം

(എ & ബി) സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ നൽകുന്ന പരമാവധി സേവനങ്ങളും ഓൺലൈനായി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വിവിധ വകുപ്പുകൾ നൽകുന്ന സേവനങ്ങൾ അതിവേഗം ജനങ്ങളിലെത്തിക്കുന്നതിനായി സ്റ്റേറ്റ് സർവ്വീസ് ഡെലിവറി ഗേറ്റ് വേ (SSDG), ഇ-ഡിസ്ട്രിക്ട്, എം-കേരളം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിവരുന്നു. സാധാരണ പൗരന് അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനും വിവിധങ്ങളായ സർട്ടിഫിക്കറ്റുകൾ ഡിജിറ്റൽ സിഗ്നേച്ചർ രേഖപ്പെടുത്തി ലഭ്യമാക്കുന്നതിനും പ്രസ്തുത പദ്ധതികൾ ഉപയോഗപ്രദമാകുന്നു. നവീകരിച്ച കേരള സംസ്ഥാന വെബ്പോർട്ടൽ (www.kerala.gov.in) വഴി വിവിധ സർക്കാർ വകുപ്പുകളുടെ സേവനങ്ങൾ ഏകജാലക സംവിധാനത്തിലൂടെ ജനങ്ങൾക്ക് ലഭ്യമാക്കിവരുന്നു. ഇതിലൂടെ

വൈദ്യുതി ബിൽ, വെള്ളക്കരം, വിവിധ നികുതികൾ, യൂണിവേഴ്സിറ്റി ഫീസുകൾ എന്നിവ ഇന്റർനെറ്റ് ബാങ്കിംഗ്, ഡെബിറ്റ്/ക്രെഡിറ്റ് കാർഡ് സൗകര്യങ്ങൾ ഉപയോഗിച്ച് അടയ്ക്കാവുന്നതാണ്. ജാതി, വരുമാന, നേറ്റിവിറ്റി, ഡോമിസൈൽ തുടങ്ങി വിവിധങ്ങളായ സർട്ടിഫിക്കറ്റുകൾക്കുപുറമെ പുതുതായി നോൺ-ക്രീമിലെയർ സർട്ടിഫിക്കറ്റും ഓൺലൈനായി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ വിവിധ സർക്കാർ ഉത്തരവുകളും കേരള സർക്കാരിന്റെ വെബ്പോർട്ടലിൽ ലഭ്യമാണ്. വിവിധ സർക്കാർ സേവനങ്ങൾ മൊബൈൽ ഫോണിലൂടെ ലഭ്യമാക്കുന്നതിനായി 'എം-ഗവേണൻസ്' പദ്ധതി പ്രകാരം 'എം-കേരളം' എന്ന മൊബൈൽ ആപ്ലിക്കേഷനും ഉപയോഗക്ഷമമാക്കിയിട്ടുണ്ട്.

(സി) വിവിധ വകുപ്പുകൾ നൽകുന്ന സേവനങ്ങളിൽ ഇലക്ട്രോണിക് ആയി നൽകാവുന്ന സേവനങ്ങൾ മാത്രമെ ഓൺലൈനായി നൽകാൻ കഴിയുകയുള്ളൂ. നിലവിൽ വിവിധ വകുപ്പുകളുടെ 109-ഓളം സേവനങ്ങളാണ് ഓൺലൈനായി ലഭ്യമാകുന്നത്.

## സർക്കാർ വകുപ്പുകളിലെ വാഹനങ്ങളുടെ കണക്ക്

21 (22) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സർക്കാർ വകുപ്പുകളുടെ കീഴിലുള്ള വാഹനങ്ങളുടെ കണക്ക് ലഭ്യമാണോ; ആണെങ്കിൽ വകുപ്പുതിരിച്ചുള്ള കണക്ക് നൽകാമോ;

(ബി) 2018-ൽ സർക്കാർ വകുപ്പുകളും അതിന് കീഴിലുള്ള മറ്റ് സ്ഥാപനങ്ങളും എത്ര പുതിയ വാഹനങ്ങൾ വാങ്ങിയെന്നും ഇതിനായി എത്ര കോടി രൂപ ചെലവഴിച്ചുവെന്നും അറിയിക്കുമോ?

ഉത്തരം

(എ &ബി) വിവരം ശേഖരിച്ചുവരുന്നു.

## ജീവനക്കാരുടെ ഹാജർ നിലവാരം നിരീക്ഷിക്കാൻ ബയോമെട്രിക് സംവിധാനം

22 (23) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ ഹാജർ നിലവാരം നിരീക്ഷിക്കുന്നതിനായി ബയോമെട്രിക് സംവിധാനം ഡയറക്ടറേറ്റുകൾ അടക്കം എല്ലാ ഓഫീസുകളിലും ഏർപ്പെടുത്തുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് അറിയിക്കുമോ;

(ബി) സെക്രട്ടേറിയറ്റിൽ ഏർപ്പെടുത്തിയ പഞ്ചിംഗ് സംവിധാനം സ്പാർക്കുമായി ബന്ധിപ്പിച്ചിട്ടുണ്ടോ; അത് വിജയപ്രദമാണെന്ന് കരുതുന്നുണ്ടോ എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ബയോമെട്രിക് പഞ്ചിംഗ് സംവിധാനം എല്ലാ ഓഫീസുകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്. സെക്രട്ടേറിയറ്റിലെ പഞ്ചിംഗ് സംവിധാനം സ്പാർക്കുമായി ബന്ധിപ്പിച്ചശേഷം ജീവനക്കാരുടെ ഹാജർനില വർദ്ധിച്ചിട്ടുണ്ട്.

**അവധിയെടുത്ത് വിദേശത്ത് ജോലി ചെയ്യുന്ന സർക്കാർ ഉദ്യോഗസ്ഥർ**

23 (24) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ഉദ്യോഗസ്ഥരിൽ അവധിയെടുത്ത് വിദേശത്ത് ജോലിചെയ്യുന്നവർ എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഏത് വകുപ്പിൽനിന്നാണ് ഏറ്റവും കൂടുതൽ ഉദ്യോഗസ്ഥർ അവധിയെടുത്ത് വിദേശത്ത് ജോലി ചെയ്യുന്നത് എന്ന് അറിയിക്കാമോ;

(സി) ഇങ്ങനെ ജോലി ചെയ്യുന്നവർക്ക് അഞ്ച് വർഷത്തെ അവധിക്ക് ശേഷവും വിദേശത്ത് ജോലിയിൽ തുടരുവാൻ അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേർക്ക് അനുമതി നൽകിയിട്ടുണ്ട് എന്ന് വകുപ്പ് തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**മണൽ ഓഡിറ്റ്**

24 (25) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുഴകളിൽ പ്രളയത്തിനുശേഷം മണൽ ഓഡിറ്റ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കോഴിക്കോട് ജില്ലയിൽ ഏതെല്ലാം പുഴകളിലാണ് മണൽ ഓഡിറ്റ് നടത്തുവാൻ തീരുമാനിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) സ്വീകരിച്ചിട്ടുണ്ട്.

(ബി) കോഴിക്കോട് ജില്ലയിൽ ചാലിയാർ പുഴയിലാണ് sand auditing നടത്താൻ നിശ്ചയിച്ചിട്ടുള്ളത്.

(സി) ഇതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

**കെട്ടിട നിർമ്മാണത്തിൽ പ്രകൃതി സൗഹൃദമാർഗ്ഗങ്ങൾ**

25 (26) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വീടുകളുടെയും കെട്ടിടങ്ങളുടെയും നിർമ്മാണത്തിൽ പ്രകൃതി സൗഹൃദമാർഗ്ഗങ്ങൾ അവലംബിക്കുന്നതിന് സർക്കാർ മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ടോ;എങ്കിൽ വ്യക്തമാക്കുമോ;

(ബി) വീടുകളുടെയും സർക്കാർ-സ്വകാര്യ സ്ഥാപനങ്ങളുടെയും മേൽക്കൂരയ്ക്കും ട്രെസ്സ് വർക്കിനും ലോഹഷീറ്റുകൾ ഉപയോഗിച്ചുള്ള നിർമ്മാണം വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരത്തിലുള്ള ലോഹഷീറ്റുകൾ അന്തരീക്ഷ ഊഷ്മാവ് വർദ്ധിപ്പിക്കാനിടയാക്കുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) പരിസ്ഥിതി സൗഹൃദ നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഇക്കാര്യത്തിൽ ശാസ്ത്രീയ പഠനം നടത്തിയിട്ടില്ല.

(ഡി) പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**ഭാരതപ്പുഴ സംരക്ഷണം**

26 (27) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നദികളെ സംരക്ഷിക്കുന്നതിന് ഈ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഭാരതപ്പുഴ മാലിന്യമുക്തമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) ഭാരതപ്പുഴ സംരക്ഷിക്കുന്നതിനായി ഇക്കോ ടൂറിസം പദ്ധതി നടപ്പിലാക്കാൻ സന്നദ്ധമാകുമോ; ഇതു സംബന്ധിച്ച് പഠനം നടത്തുന്നതിന് കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) സർക്കാർ വകുപ്പുകൾക്കുപുറമെ ഹരിത കേരളം മിഷന്റെ നേതൃത്വത്തിലും പുഴകളുടെ സംരക്ഷണ-പുനരുദ്ധാരണ പ്രവർത്തനം മുഖ്യ പ്രാധാന്യത്തോടെ നിർവ്വഹിച്ചുവരുന്നു. ജനകീയ ഇടപെടലിലൂടെ പുഴകൾ ശുചിയാക്കി നീരൊഴുക്ക് സ്ഥായിയാക്കുന്ന പ്രവർത്തനത്തിനാവശ്യമായ സാങ്കേതിക സഹായത്തിനുപുറമേ നീരൊഴുക്ക് സ്ഥായിയാക്കുന്നതിനായുള്ള തടയണകൾ/ റെഗുലേറ്ററുകൾ എന്നിവയുടെ നിർവ്വഹണത്തിനാവശ്യമായ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

ജലസ്രോതസുകളിലേയ്ക്ക് പാഴ്ജലം ഒഴുക്കുന്നതിന് ജല മലിനീകരണ (നിവാരണവും നിയന്ത്രണവും) നിയമം, 1974 പ്രകാരം സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നിയന്ത്രണം ഏർപ്പെടുത്തിവരുന്നു. സീവേജ് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ ജലമലിനീകരണത്തിന് കാരണമാകുമെന്നതിനാൽ ഇവ പുറത്തുവിടുന്ന സ്ഥാപനങ്ങളിൽ ഇടയ്ക്കിടെ പരിശോധനനടത്തി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ജലമലിനീകരണം നിയന്ത്രിച്ചുവരുന്നു. കൂടാതെ സംസ്ഥാനത്തെ ജലസ്രോതസ്സുകളുടെ ഗുണനിലവാരം മാസംതോറും പരിശോധിച്ച് പരിശോധനാഫലം വിലയിരുത്തി തുടർനടപടി സ്വീകരിക്കുകയും പ്രസ്തുത പരിശോധനാ ഫലങ്ങൾ ക്രോഡീകരിച്ച് വാട്ടർ ക്വാളിറ്റി ഡയറക്ടറി എല്ലാ വർഷവും ബോർഡ് പ്രസിദ്ധീകരിച്ചുവരികയും ചെയ്യുന്നു.

(ബി) ഭാരതപ്പുഴയുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് ഐക്യരാഷ്ട്ര സഭയുടെ കൂടി നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ക്ലീൻ ക്ലൈമറ്റ് ഫണ്ടിൽനിന്ന് സഹായം ലഭ്യമാക്കുന്നതിനായി വിശദമായ കൺസപ്റ്റ് പേപ്പർ (ജി.എസ്.എഫ്. നിർദ്ദേശിച്ചിട്ടുള്ള മാതൃകയിൽ) തയ്യാറാക്കി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള സ്റ്റേറ്റ് ലെവൽ എൻവയോൺമെന്റ് കമ്മിറ്റി (SLEC) യുടെ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി പ്രസ്തുത മാറ്റങ്ങൾ വരുത്തി പദ്ധതി നിർദ്ദേശം സമർപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ, ഭാരതപ്പുഴയുടെ സംരക്ഷണത്തിനായി ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഒരു പദ്ധതിരേഖ തയ്യാറാക്കിയിട്ടുണ്ട്.

ദേശീയ ഹരിത ട്രിബ്യൂണലിന്റെ OA No.16 of 2016-ലെ ഉത്തരവുപ്രകാരം ഭാരതപ്പുഴയുടെ മലിനീകരണം സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിലേയ്ക്കായി അഞ്ചംഗ വിദഗ്ദ്ധ സമിതി രൂപീകരിച്ച് ഉത്തരവായി. ടി കമ്മിറ്റിയിൽ കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രതിനിധി, ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവ്വീസസിന്റെ പ്രതിനിധി, പരിസ്ഥിതി ഡയറക്ടറേറ്റിന്റെ പ്രതിനിധി, കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജിയുടെ പ്രതിനിധി, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രതിനിധി എന്നിവർ ഉൾപ്പെട്ടിട്ടുണ്ട്. ടി കമ്മിറ്റി ഭാരതപ്പുഴയും പ്രാന്തപ്രദേശങ്ങളും പരിശോധിക്കുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു.

ഇതിൻപ്രകാരം ഭാരതപ്പുഴയുടെയും കൈവഴികളുടെയും തീരത്തുള്ള പാലക്കാട്, ഒറ്റപ്പാലം, ഷൊർണ്ണൂർ, പട്ടാമ്പി മുനിസിപ്പാലിറ്റികളുടെയും പുതുശ്ശേരി, തൃത്താല, കുറ്റിപ്പുറം പഞ്ചായത്തുകളുടെയും കൽപ്പാത്തി വില്ലേജിലെയും സെക്രട്ടറിമാർക്ക്, ഗാർഹിക വ്യാവസായിക മലിനജലം ശുദ്ധീകരിക്കാതെ കാനയിലേയ്ക്ക് നേരിട്ട് വിടുന്നത് തടയണമെന്ന് മലിനീകരണ നിയന്ത്രണ ബോർഡ് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

മലിനജലം ഉണ്ടാക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുമ്പോൾ ബോർഡിന്റെ അനുമതിപത്രം കരസ്ഥമാക്കിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്താനും വികേന്ദ്രീകൃത മാതൃകയിൽ മലിനജല സംസ്കരണ രൂപരേഖ സമർപ്പിക്കാനും ആവർത്തിച്ച് നിർദ്ദേശം നൽകിയിട്ടുണ്ട്. പരിസ്ഥിതി നിരീക്ഷണത്തിന്റെ ഭാഗമായി കഞ്ചിക്കോട് ഇൻഡസ്ട്രിയൽ ഏരിയയിലെ സ്ഥാപനങ്ങളിൽ ബോർഡ് പരിശോധന നടത്താറുണ്ട്.

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ 2017-18 വാർഷിക പദ്ധതിയിൽ Restoration of Polluted River Streches എന്ന പദ്ധതിയിൽ ഭാരതപ്പുഴയുടെ വാളയാർ, കോരയാർ ഭാഗം ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

**കസ്തൂരിരംഗൻ റിപ്പോർട്ടിലെ വ്യവസ്ഥകളിലെ ഇളവുകൾ**

27 (28) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കസ്തൂരിരംഗൻ റിപ്പോർട്ടിലെ ഏതെല്ലാം വ്യവസ്ഥകളിലാണ് കേന്ദ്ര സർക്കാർ ഇപ്പോൾ ഇളവുകൾ നൽകിയതെന്ന് വ്യക്തമാക്കുമോ; ഇളവുകൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) പുതിയ ഇളവുകൾ പ്രകാരം ഏതൊക്കെ വില്ലേജുകളെയാണ് പരിസ്ഥിതിലോല മേഖലയിൽ നിന്നും ഒഴിവാക്കിയിരിക്കുന്നതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ 3-12-2018-ലെ കത്തുപ്രകാരം Directions issued under section 5 of Environment Protection Act 1986 - ലെ നിർദ്ദേശങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ഇതുപ്രകാരം ആകെയുള്ള 13108 ച.കി.മീ. ESA പ്രദേശത്തിൽനിന്നും 3115 ച.കി.മീ. ESA പ്രദേശം ഒഴിവാക്കിയിട്ടുണ്ട്. ഇതനുസരിച്ച് നിലവിൽ കേരളത്തിലെ 123 വില്ലേജുകളിലായി 9993 ച.കി.മീ. പ്രദേശം പരിസ്ഥിതിലോല പ്രദേശമായി കേന്ദ്രസർക്കാർ നിജപ്പെടുത്തിയിട്ടുണ്ട്.

(ബി) 3-10-2018-ലെ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ കരട് വിജ്ഞാപന പ്രകാരമുള്ള വില്ലേജുകളെതന്നെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

**തീരദേശമേഖല നിയന്ത്രണ വിജ്ഞാപനത്തിലെ വ്യവസ്ഥകൾ**

28 (29) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശമേഖല നിയന്ത്രണ വിജ്ഞാപനത്തിലെ വ്യവസ്ഥകൾ ഇളവ് ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഈ സർക്കാർ എത്ര തവണ കേന്ദ്ര സർക്കാരിന് നിവേദനം സമർപ്പിച്ചിട്ടുണ്ട്; അതിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാർ അനുകൂലമായ നടപടി എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) മുൻസർക്കാർ ആവശ്യപ്പെട്ട ഇളവുകളിൽ നിന്ന് വ്യത്യസ്തമായി ഏതെങ്കിലും തരത്തിലുള്ള ആവശ്യങ്ങൾ കേന്ദ്ര സർക്കാരിന് മുന്നിൽ ഉന്നയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങളും പകർപ്പും ലഭ്യമാക്കുമോ?

ഉത്തരം

(എ-സി) 2011 ജനവരി 6-ന് തീരദേശ നിയന്ത്രണ വിജ്ഞാപനം-2011 കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ചു. തീരദേശ പരിപാലന നിയമം നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിന് ഡോ. ഷൈലേഷ് നായിക് അദ്ധ്യക്ഷനായി 2014 ജൂൺ 17-ന് കേന്ദ്ര സർക്കാർ ഒരു സമിതി രൂപീകരിച്ചു. ടി സമിതി 2014 ആഗസ്റ്റ് 22-ന് കേരളം സന്ദർശിക്കുകയും ബഹു. മുഖ്യമന്ത്രിയുമായും ചീഫ് സെക്രട്ടറി ഉൾപ്പെടെ വിവിധ

ഉദ്യോഗസ്ഥരുമായും CRZ നിയമം നടപ്പിലാക്കുമ്പോൾ നേരിടേണ്ടിവരുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് ചർച്ച ചെയ്തു. 2014 ഒക്ടോബർ 27-ന് കേരളമുൾപ്പെടെയുള്ള മറ്റ് സംസ്ഥാനങ്ങളുമായി ന്യൂഡൽഹിയിൽവച്ച് വീണ്ടും ചർച്ച നടത്തി. അതിനുശേഷം 2015 ജനവരിയിൽ തീരദേശ മേഖലയിൽ ഭവന നിർമ്മാണത്തിനും മറ്റും ഇളവുനൽകുന്നതിന് ശിപാർശ ചെയ്ത് വിശദമായ റിപ്പോർട്ട് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് കമ്മിറ്റി സമർപ്പിച്ചിരുന്നു. ഈ ശിപാർശകൾക്കൂടി ഉൾപ്പെടുത്തിക്കൊണ്ടാണ് കേന്ദ്ര സർക്കാർ തീരദേശ നിയന്ത്രണ വിജ്ഞാപനം-2018 പുറപ്പെടുവിച്ചിട്ടുള്ളത്.

കൂടാതെ, തീരദേശ നിയന്ത്രണ വിജ്ഞാപനം -2019 പുറപ്പെടുവിക്കുന്നതിന് മുന്നോടിയായി കേന്ദ്ര സർക്കാർ പ്രസിദ്ധീകരിച്ച കരട് തീരദേശ നിയന്ത്രണ വിജ്ഞാപനം - 2018 ന്മേലുള്ള സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിച്ചിരുന്നു. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

**തീരദേശ പരിപാലന നിയമം**

29 (30) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ പരിപാലന നിയമത്തിൽ ഭേദഗതി വരുത്തി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം പുതുതായി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 18-1-2019-ലെ G.S.R.No.37(E) നമ്പർ വിജ്ഞാപന പ്രകാരം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം തീരദേശ പരിപാലന നിയമത്തിൽ ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

**തീരദേശ പരിപാലന നിയമം**

30 (31) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

തീരദേശ പരിപാലന നിയമത്തിൽ ഭേദഗതി വരുത്തി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിജ്ഞാപനത്തിന്റെ വിശദാംശം ലഭ്യമാക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

ഉണ്ട്. 18-1-2019-ലെ G.S.R.No.37(E) നമ്പർ വിജ്ഞാപന പ്രകാരം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം തീരദേശ പരിപാലന നിയമത്തിൽ ഭേദഗതി വരുത്തി പുതുതായി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. വിജ്ഞാപനത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

**തീരദേശ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള നിയന്ത്രണങ്ങൾ**

31 (32) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് നിലവിലുണ്ടായിരുന്ന നിയന്ത്രണങ്ങളിൽ ഈ സർക്കാർ മാറ്റം വരുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ;

(സി) ഒട്ടേറെ നിർദ്ധന കുടുംബങ്ങളുടെ ഭവന നിർമ്മാണത്തിനുള്ള അപേക്ഷകൾ തീർപ്പാക്കാതെ നിലവിലുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇവ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) തീരദേശ പരിപാലന നിയമം കേന്ദ്ര നിയമമാണ്. നിയമത്തിൽ ഭേദഗതി വരുത്തി 18-1-2019-ലെ ജി.എസ്.ആർ.നമ്പർ 37(ഇ) വിജ്ഞാപന പ്രകാരം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) വിജ്ഞാപനത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി & ഡി) CRZ III മേഖലയിലെ വികസന നിഷിദ്ധ മേഖലയായ കടലിന്റെ വേലിയേറ്റ രേഖയിൽനിന്നും 100 മീറ്ററിനും കായൽ/നദി/തോട് എന്നിവയുടെ വേലിയേറ്റ രേഖയിൽനിന്നും 100 മീറ്ററിനും ഇടയിൽ നിലവിലുള്ള തറ വിസ്തീർണ്ണത്തിനുവിധേയമായി വീടുകളുടെ അറ്റകുറ്റപ്പണികൾക്കും പുനർനിർമ്മാണത്തിനും കടലിന്റെ വേലിയറ്റ രേഖയിൽനിന്ന് 100 മീറ്ററിനും 200 മീറ്ററിനും ഇടയിൽ 100 $M^2$ വരെ തറ വിസ്തീർണ്ണമുള്ള വീടുകളുടെ നിർമ്മാണത്തിനും പുനർനിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കും വികസന

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നിഷിദ്ധ മേഖലയുടെ വെളിയിൽ (കടലിൽനിന്നും 200 മീറ്ററിനും 500 മീറ്ററിനും ഇടയിൽ) 250 $M^2$ വരെ തറ വിസ്തീർണ്ണമുള്ള വീടുകളുടെ നിർമ്മാണത്തിനും പുനർനിർമ്മാണത്തിനും അനുമതി നൽകുന്നതിനുള്ള അധികാരവും CRZ II മേഖലയിൽ 250 $M^2$ വരെ തറ വിസ്തീർണ്ണമുള്ള ഭവനങ്ങൾക്ക് CRZ ക്ലിയറൻസ് നൽകുന്നതിനുള്ള അധികാരവും തീരദേശ ജില്ലകളിലായി രൂപീകരിച്ചിട്ടുള്ള കേരള തീരദേശ പരിപാലന അതോറിറ്റിയുടെ ജില്ലാ കമ്മിറ്റികൾക്ക് കൈമാറിയിട്ടുണ്ട്. തീർപ്പാകാതെ കെട്ടിക്കിടന്ന അപേക്ഷകളെല്ലാംതന്നെ പ്രസ്തുത ജില്ലാ കമ്മിറ്റികൾ വഴി തീർപ്പാക്കിയിട്ടുണ്ട്.

**പാലോട് ബൊട്ടാണിക് ഗാർഡനിലെ സാമ്പത്തിക പ്രതിസന്ധി**

32 (34) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലോട്, ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്ക് ഗാർഡൻ ആൻറ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നുവെന്നത് വസ്തുതയാണോ എന്നറിയിക്കാമോ;

(ബി) ഇതിന്റെ ഫലമായി അവിടെ നടത്തിവരുന്ന പല ഗവേഷണ പ്രവർത്തനങ്ങളും നിലച്ച സാഹചര്യം സംജാതമായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിൽ കാര്യങ്ങൾ ബോധ്യപ്പെടുത്തി യഥാസമയം ഗ്രാന്റുകൾ വാങ്ങിയെടുക്കുവാൻ സാധിക്കാത്തതാണോ സാമ്പത്തിക പ്രതിസന്ധി രൂക്ഷമാക്കിയതെന്ന് വ്യക്തമാക്കുമോ;

(ഡി) മുൻ സർക്കാരിന്റെ കാലത്ത് സ്ഥാപനം കേന്ദ്ര സർക്കാർ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നുവോ; ഇക്കാര്യത്തിലുള്ള സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ?

ഉത്തരം

(എ) ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സാമ്പത്തിക പ്രതിസന്ധി നേരിടുന്നതായി സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

(ബി) ഗവേഷണ പ്രവർത്തനങ്ങൾക്കുള്ള പദ്ധതി വിഹിതം സർക്കാർ നൽകിയിട്ടുണ്ട്. ഗവേഷണ പ്രവർത്തനങ്ങൾ നിലച്ച സാഹചര്യം ഉണ്ടായിട്ടില്ല.

(സി) മാനദണ്ഡങ്ങൾക്കനുസൃതമായി ബഡ്ജറ്റ് വിഹിതം സർക്കാർ അനുവദിക്കുന്നുണ്ട്.

(ഡി) ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് കേന്ദ്രസർക്കാർ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ തുടരുന്നില്ല.

## കെ. എ. എസ്. സംബന്ധിച്ച ഉത്തരവ്

33 (35) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ കെ.എ.എസ്. നടപ്പിലാക്കുവാൻവേണ്ടി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച 29-12-2017-ലെ ജി. ഒ. (പി)നമ്പർ 12/2017/പി &എ.ആർ.ഡി., എന്ന സർക്കാർ ഉത്തരവിന്റെ നോട്ട്ഫയലിന്റെ പകർപ്പും കറന്റ് ഫയലിന്റെ പകർപ്പും ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഉത്തരവിൽ വരുത്തേണ്ട മാറ്റങ്ങൾ എന്തെല്ലാമാണെന്ന് കാണിച്ച് പി.എസ്.സി. കത്തയച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) കെ.എ.എസ്-ൽ എല്ലാ സ്കീമിലും സംവരണം നടപ്പിലാക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് എത്ര വ്യക്തികൾ, ജനപ്രതിനിധികൾ, ഏതൊക്കെ രാഷ്ട്രീയ പാർട്ടികൾ, സമുദായ സംഘടനകൾ അപേക്ഷ/പരാതി നൽകിയിട്ടുണ്ട്; പേരുവിവരം വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) കെ. എ. എസ്. നടപ്പിലാക്കാൻവേണ്ടി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച 29-12-2017-ലെ ജി.ഒ.(പി) നമ്പർ 12/2017/പി&എ.ആർ.ഡി. തീയതി 29-12-2017 സർക്കാർ ഉത്തരവും അടങ്ങുന്ന ഫയലിൽ ഇപ്പോഴും നടപടി തുടർന്നുവരികയാണ്. പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ച തീയതിവരെയുള്ള കറന്റ് ഫയലിന്റെയും നോട്ട് ഫയലിന്റെയും പകർപ്പുകൾ അടങ്ങുന്ന സോഫ്റ്റ് കോപ്പി (CD) ഉള്ളടക്കം ചെയ്യുന്നു.*

(ബി) ഉണ്ട്. കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) കെ.എ.എസ്.-ൽ എല്ലാ സ്കീമിലും സംവരണം നടപ്പിലാക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് എം.എൽ.എ.-മാർ, പട്ടികജാതി ക്ഷേമ സമിതി, ഐ.യു.എം.എൽ, എസ്.എൻ.ഡി.പി. യോഗം തുടങ്ങി നിരവധി ജനപ്രതിനിധികളും സംഘടനകളും വ്യക്തികളും നിവേദനം നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**കെ. എ. എസ്.-ൽ സംവരണ തത്വം**

34 (36) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യൻ ഭരണഘടന ഉറപ്പുനൽകുന്ന സംവരണ തത്വം അനുവദിച്ച് നൽകുന്നതിന് സർക്കാർ വിമുഖത കാട്ടുന്നു എന്ന മാധ്യമവാർത്ത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഉണ്ടെങ്കിൽ കെ. എ. എസ്. സംവരണ വിഷയത്തിൽ സംവരണം സർക്കാരിന്റെ വിവേചന അധികാരമാണെന്ന നിലയിൽ ചീഫ് സെക്രട്ടറിയും പി.ആന്റ്.എ.ആർ.ഡി. സെക്രട്ടറിയും എ.ജി.യും റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സംവരണ വിഷയം സംബന്ധിച്ച് ഭരണഘടന ഉറപ്പുനൽകുന്ന വ്യവസ്ഥകൾ സർക്കാരിന്റെ നയമാണെന്ന രീതിയിൽ തെറ്റിദ്ധരിപ്പിക്കപ്പെട്ട സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) പ്രത്യേകമായി പരിശോധിച്ചിട്ടില്ല.

(ബി&സി) 4-3-2003-ലെ 19274/Adv.C3/2002/P&ARD സർക്കുലർ പ്രകാരം തസ്തികമാറ്റം മുഖേനയുള്ള നിയമനങ്ങൾക്ക് സംവരണം ബാധകമാക്കേണ്ടതില്ലെന്ന് തീരുമാനിച്ചിരുന്നു. KAS-ലെ സ്ട്രീം II, III വിഭാഗങ്ങളിൽ തസ്തികമാറ്റ നിയമനമായതിനാൽ സംവരണം ബാധകമാക്കിയിട്ടില്ല. അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശംകൂടി പരിഗണിച്ചാണ് സംവരണം ബാധകമാക്കേണ്ടതില്ലെന്ന് തീരുമാനിച്ചത്. സ്ട്രീം II-ലും III-ലും സംവരണം ബാധകമാക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

**കെ. എ. എസ്. വിജ്ഞാപനം**

35 (37) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എ.എസ്. നടപ്പിൽവരുത്തി സർക്കാർ ഉത്തരവ് ഇറക്കിയത് 2018 ജനുവരി 1-ന് ആണോയെന്ന് വെളിപ്പെടുത്തുമോ;

(ബി) എങ്കിൽ ഒരു വർഷം കഴിഞ്ഞിട്ടും സർക്കാരിന് ഇതുസംബന്ധമായ അന്തിമചട്ടം വിജ്ഞാപനം ചെയ്യാൻ കഴിയാത്ത സാഹചര്യമുണ്ടോ; ഉണ്ടെങ്കിൽ, പി.എസ്.സി.-ക്കും ഇത് സംബന്ധമായ നിയമന വിജ്ഞാപനം പുറപ്പെടുവിക്കാൻ കഴിയാതെ പോകുന്നതായ അവസ്ഥ പരിശോധിച്ചിട്ടുണ്ടോ;

(സി) 2018-ൽ കെ.എ.എസ്.-ന് അപേക്ഷിക്കാനുള്ള പ്രായപരിധി പിന്നിടുന്ന വലിയൊരു വിഭാഗം ഉദ്യോഗസ്ഥർക്ക് ഇത് കാരണം അവസരം നഷ്ടമാകുമോ; ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 29-12-2017-ലെ എസ്.ആർ.ഒ. നമ്പർ 861/2017 പ്രകാരം 1-1-2018 മുതൽ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നിലവിൽവന്നു.

(ബി) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് (കെ.എ.എസ്.) വിശേഷാൽ ചട്ടത്തിൽ നിയമസഭ അംഗീകരിച്ച ഭേദഗതികളടക്കം ചില ഭേദഗതികൾ സർക്കാരിന്റെ പരിശോധനയിലാണ്. ആയത് അന്തിമമാകുന്നമുറയ്ക്ക് പരീക്ഷാ വിജ്ഞാപനത്തിനുള്ള നടപടികൾ പി.എസ്.സി. സ്വീകരിക്കുന്നതാണ്.

(സി) സ്പെഷ്യൽ റൂൾസ് അന്തിമമാകുന്നമുറയ്ക്ക് മാത്രമെ നിയമന നടപടികൾ സ്വീകരിക്കാനാവൂ.

## കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന്റെ കരട് വിശേഷാൽ ചട്ടവും പരീക്ഷാ രീതിയും

36 (38) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് (കെ.എ.എസ്.) സംവരണ വിഷയത്തിൽ കരട് വിശേഷാൽ ചട്ടത്തിൽ പുതുതായി എന്തെല്ലാം ഭേദഗതികളാണ് വരുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(ബി കെ.എ.എസ്-ലെ രണ്ടുംമൂന്നും ശ്രേണിയിലേക്കുള്ള ബൈ ട്രാൻസ്ഫർ നിയമനങ്ങൾക്കും പൊതു വിഭാഗത്തിനുള്ള നിയമനങ്ങൾക്കും ഒരേ പരീക്ഷയാണോ നടത്തുന്നത്; ഓരോ വിഭാഗത്തിലേക്കുമുള്ള പരീക്ഷ രീതി, സിലബസ് അടക്കമുള്ള വിശദാംശം വെളിപ്പെടുത്തുമോ;

(സി) വിശേഷാൽ ചട്ടത്തിൽ രണ്ടുംമൂന്നും ശ്രേണിയിലേക്കുള്ള ബൈ ട്രാൻസ്ഫർ നിയമനങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗക്കാർക്കും മറ്റ് പിന്നോക്ക വിഭാഗങ്ങൾക്കു മുണ്ടാകുന്ന സംവരണ നഷ്ടം പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് (കെ.എ.എസ്.) വിശേഷാൽ ചട്ടത്തിൽ നിയമസഭ അംഗീകരിച്ച മൂന്ന് ഭേദഗതികളടക്കം ചില ദേദഗതികൾ സർക്കാരിന്റെ പരിശോധനയിലാണ്.

(ബി) അതെ. പരീക്ഷാ രീതി, സിലബസ് എന്നിവയിൽ അന്തിമ തീരുമാനമായിട്ടില്ല.

(സി) കെ.എ.എസ്.-ന്റെ രണ്ടുംമൂന്നും സ്കീമുകളിൽ സംവരണം ഏർപ്പെടുത്താൻ സാധിക്കുമോ എന്നത് സംബന്ധിച്ച നിയമവശങ്ങൾ സർക്കാരിന്റെ പരിശോധനയിലാണ്.

**ഭരണ പരിഷ്കാര കമ്മീഷൻ**

37 (39) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനസൗഹൃദ സിവിൽ സർവ്വീസ് ലക്ഷ്യംവച്ച് ആവശ്യമായ ശിപാർശകൾ സമർപ്പിക്കുന്നതിനായിട്ടാണോ ഭരണ പരിഷ്കാര കമ്മീഷൻ രൂപീകരിച്ചത് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കമ്മീഷൻ ഇതിനകം എത്ര റിപ്പോർട്ടുകൾ സമർപ്പിച്ചു;

(സി) പ്രസ്തുത റിപ്പോർട്ടുകളിലെ ഏതൊക്കെ ശിപാർശകൾ ഇതിനകം നടപ്പിലാക്കി;

(ഡി ഭരണ പരിഷ്കാര കമ്മീഷന്റെ പ്രവർത്തനത്തിനായി 2018 ഡിസംബർ 31 വരെ എന്ത് തുക ചെലവഴിച്ചുവെന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ജനസൗഹൃദ സിവിൽ സർവീസ് ലക്ഷ്യംവച്ചുള്ള ശിപാർശകളുടെ രൂപീകരണം മുഖ്യ ലക്ഷ്യമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി & സി) മൂന്ന് റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്.

(1) വിജിലൻസ് സംവിധാനം - പരിഷ്കരണം

(2) Capacity Development of Civil Servants – Kerala

(3) Welfare to Rights -Implementation of Select Legislations – A review

മേൽശിപാർശകൾ സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) ഭരണ പരിഷ്കാര കമ്മീഷന്റെ പ്രവർത്തനത്തിനായി 2018 ഡിസംബർ 31 വരെ ആകെ 4,57,09,486 രൂപ (നാല് കോടി അൻപത്തിയേഴ് ലക്ഷത്തി ഒൻപതിനായിരത്തി നാന്നൂറ്റി എൺപത്തിയാറ് രൂപ മാത്രം) ചെലവായിട്ടുണ്ട്.

## പി. എസ്. സി. നിയമനം

38 (40) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എസ്.സി. മുഖാന്തരം എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

90,183 (തൊണ്ണൂറായിരത്തി നൂറ്റി എൺപത്തി മൂന്ന്) ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ഉള്ളടക്കം ചെയ്തിരിക്കുന്നു.*

## പി.എസ്.സി.-ൽ നടപ്പിലാക്കിയ പരിഷ്കരണങ്ങൾ

39 (41) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ കാലാവധി അവസാനിക്കാൻ പോകുന്ന പി.എസ്.സി.റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടിനൽകുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പി.എസ്.സി. നടത്തുന്ന പരീക്ഷകളുടെ റാങ്ക് ലിസ്റ്റ് വേഗത്തിൽ പ്രസിദ്ധീകരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ ;

(സി) ഈ സർക്കാർ കാലയളവിൽ പി.എസ്.സി.ൽ നടപ്പിലാക്കിയ പരിഷ്കരണങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) വിജ്ഞാപനം ചെയ്യുന്നതുമുതൽ റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതു വരെയുള്ള എല്ലാ ഘട്ടങ്ങളും സമയബന്ധിതമായി പി.എസ്.സി. പൂർത്തിയാക്കാറുണ്ട്. എഴുത്ത്/OMR പരീക്ഷ കഴിഞ്ഞ് ചുരുക്കപട്ടിക/സാധ്യതാ പട്ടിക പ്രസിദ്ധീകരിക്കുന്നമുറയ്ക്ക് ചുരുക്കപട്ടിക/സാധ്യതാ പട്ടികയിൽ ഉൾപ്പെടുന്ന ഉദ്യോഗാർത്ഥികൾക്കായി പ്രമാണ പരിശോോാന നടത്തി അപേക്ഷകളുടെ സൂക്ഷ്മ പരിശോധന പൂർത്തിയാക്കിയശേഷം പി.എസ്.സി. റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതാണ്.

(സി)

(a) വിധവകൾക്ക് ഒരു തസ്തികയുടെ സ്പെഷ്യൽ റൂളിൽ ചേർത്തിരിക്കുന്ന പരമാവധി പ്രായത്തേക്കാൾ 5 വർഷംകൂടി ഉയർന്ന പ്രായപരിധിയിൽ ഇളവ് നൽകികൊണ്ട് അപേക്ഷ സമർപ്പിക്കുന്നതിനുള്ള സൗകര്യം OTR (One Time Registration) ൽ ഉൾപ്പെടുത്തി.

(b) ഭിന്നശേഷിക്കാർക്കായുള്ള നിയമനങ്ങൾക്കായുള്ള ടേണുകൾ 1,34,67 ആയി പുനഃക്രമീകരിച്ച് 6-5-2017 മുതലുള്ള നിയമനങ്ങൾക്ക് ബാധകമാക്കി.

(c) ഭരണഭാഷാ ചോദ്യങ്ങൾ പി.എസ്.സി. പരീക്ഷയ്ക്ക് ഉൾപ്പെടുത്തുന്നതിന്റെ ഭാഗമായി ബിരുദതല പരീക്ഷകൾക്ക് 10 മാർക്കിന്റെ മലയാള ഭാഷാ ചോദ്യങ്ങൾ ഉൾപ്പെടുത്താവാൻ തീരുമാനിച്ചിട്ടുണ്ട്.

(d) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വകുപ്പുതല പരീക്ഷകളുടെ ഫീസ് നിരക്കും സർട്ടിഫിക്കുകൾക്കായുള്ള അപേക്ഷാ ഫീസും പരിഷ്കരിച്ചു.

(e) എൻ.ഐ.സി.-യുമായി സഹകരിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കി.

(f) OMR പരീക്ഷ ഉത്തരസൂചിക സംബന്ധിച്ച പരാതികൾ 2017 മേയ് 1 മുതൽ ഉദ്യോഗാർത്ഥികൾക്ക് പ്രൊഫൈലിലൂടെ ഓൺലൈനായി സമർപ്പിക്കുവാൻ അനുവദിച്ചു.

**പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയല്ലാത്ത നിയമനങ്ങൾ**

40 (42) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയല്ലാതെ നിയമനങ്ങൾ നടത്തുന്ന സംസ്ഥാനത്തെ സർക്കാർ-അർദ്ധ സർക്കാർ- പൊതുമേഖല-സഹകരണ മേഖല സ്ഥാപനങ്ങൾ, മറ്റ് സർക്കാർ പദ്ധതികൾ എന്നിവ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സ്ഥാപനങ്ങളിൽ നിലവിൽ നിയമനങ്ങൾ നടത്തുന്നത് ആരാണ് എന്നറിയിക്കാമോ; എന്താണ് ഇത്തരം നിയമനങ്ങൾക്കുള്ള മാനദണ്ഡമെന്ന് വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് സ്പെഷ്യൽ റൂൾസ് നിലവിലില്ലാത്ത സർക്കാർ-അർദ്ധ സർക്കാർ- പൊതുമേഖല-സഹകരണ മേഖല സ്ഥാപനങ്ങൾ ഏതെല്ലാമാണ് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ - സി) വിവരം ശേഖരിച്ചുവരുന്നു.

**ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാത്ത നടപടി**

41 (43) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളിൽ ഉണ്ടാകുന്ന ഒഴിവുകൾ യഥാസമയം പി.എസ്.സി -ക്ക് റിപ്പോർട്ട് ചെയ്യാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളിൽ പി.എസ്.സി. യഥാസമയം അഡ്വൈസ് മെമ്മോ അയക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പുമേധാവികൾക്കും/നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഇല്ല. റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിലേയ്ക്ക് നിലവിലുള്ള റാങ്ക് ലിസ്റ്റിൽനിന്നും സമയബന്ധിതമായി പി.എസ്.സി. നിയമന ശിപാർശ നൽകിവരുന്നു.

**പാലക്കാട് ജില്ലയിൽ പി.എസ്.സി. നിയമനം**

42 (44) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാലക്കാട് ജില്ലയിൽ വിവിധ വകുപ്പുകൾക്ക് കീഴിൽ എത്ര പേർക്ക് പി.എസ്.സി.വഴി വിവിധ തസ്തികകളിൽ നിയമനം നൽകി എന്നറിയിക്കാമോ;

(ബി) വകുപ്പ്, തസ്തിക എന്നിവ തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) പ്രസ്തുത കാലയളവിൽ വിവിധ വകുപ്പുകൾക്കു കീഴിൽ വിവിധ തസ്തികകളിൽ പി.എസ്.സി.വഴി നിയമനം നൽകിയ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ എണ്ണം എത്രയെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാലക്കാട് ജില്ലയിൽ 31-12-2018 വരെ 4,198 (നാലായിരത്തി ഒരുനൂറ്റി തൊണ്ണൂറ്റി എട്ട്) ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) വകുപ്പ്, തസ്തിക തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 135 (നൂറ്റി മുപ്പത്തിയഞ്ച്) ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്.

**പി.എസ്.സി. നിയമനം**

43 (45) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പി.എസ്.സി. മുഖാന്തരം എത്ര നിയമനങ്ങൾ നടത്തി എന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) വകുപ്പുകളിലുണ്ടാകുന്ന ഒഴിവുകൾ കാലതാമസം കൂടാതെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുന്നുണ്ടോ; കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 90,183 (തൊണ്ണൂറായിരത്തി നൂറ്റി എൺപത്തി മൂന്ന്) ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ഉള്ളടക്കം ചെയ്തിരിക്കുന്നു*

(ബി) സംസ്ഥാനത്ത് പി.എസ്.സി. വഴി നികത്തപ്പെടേണ്ട ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പ് മേധാവികൾക്കും/നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വിഭാഗം എല്ലാ വകുപ്പുകളിലും ദ്രുത പരിശോധന നടത്തുകയും വീഴ്ചകൾ കണ്ടെത്തുകയാണെങ്കിൽ അത് പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിവരികയും ചെയ്യുന്നു. സർക്കാർ നിർദ്ദേശത്തിന് വിപരീതമായി നിയമനം നടത്തുകയാണെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്.

## എൽ.ഡി. ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റ്

44 (46) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.ഡി. ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റിന്റെ കാലാവധി പല ജില്ലകളിലും അവസാനിക്കുവാൻ മാസങ്ങൾ മാത്രം ബാക്കി നിൽക്കെ പല വകുപ്പുകളും ഒഴിവുകൾ മറച്ചുവെച്ച് താൽക്കാലികക്കാരെ നിയമിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടും ഇതുവരെയും റിപ്പോർട്ട് ചെയ്യാതിരിക്കുന്നത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ചുള്ള വിശദവിവരം നൽകുമോ;

(സി) പ്രസ്തുത ഒഴിവുകൾ അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകുമോ എന്നറിയിക്കാമോ?

### ഉത്തരം

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഒഴിവുകൾ ഉണ്ടാകുന്നമുറയ്ക്ക് പി.എസ്.സി.-യിലേയ്ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പുമേധാവികൾക്കും/ നിയമനാധികാരികൾക്കും 5-10-2018-ലെ ഉപസ13/138/2018 സർക്കുലർ മുഖാന്തരം സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

## വുമൺ സിവിൽ പോലീസ് ഓഫീസർ റാങ്ക് ലിസ്റ്റ്

45 (47) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. പ്രസിദ്ധീകരിച്ച കെ.എ.പി.IV ബറ്റാലിയൻ (കാസർഗോഡ്) വുമൺ സിവിൽ പോലീസ് ഓഫീസറുടെ റാങ്ക് ലിസ്റ്റിന്റെ നിലവിലുള്ള സ്ഥിതി എന്താണെന്ന് വ്യക്താക്കാമോ;

(ബി) ഈ ലിസ്റ്റിന്റെ കാലാവധി തീരുന്നതിന് മുൻപ് എത്രപേർക്ക് നിയമനം ലഭ്യമാക്കാൻ സാധിക്കും എന്നാണ് കരുതുന്നത്; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) കെ.എ.പി. IV ബറ്റാലിയൻ (കാസർഗോഡ്) വനിതാ സിവിൽ പോലീസ് ഓഫീസറുടെ റാങ്ക് പട്ടിക നിലവിലില്ല. നിലവിലുണ്ടായിരുന്ന റാങ്ക് പട്ടികയുടെ കാലാവധി 17-10-2017-ന് അവസാനിച്ചു.

**ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ റാങ്ക് ലിസ്റ്റ്**

46 (48) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലെ നിയമനത്തിനായി പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് എന്നാണെന്നും ഈ ലിസ്റ്റിൽ നിന്നുള്ള നിയമന വിവരവും വിശദമാക്കാമോ;

(സി) പ്രസ്തുത തസ്തികയിൽ പുതിയതായി എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ആയതിന്മേൽ എന്തെല്ലാം തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) ആരോഗ്യ വകുപ്പിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയ്ക്ക് (കാറ്റഗറി നമ്പർ 665/12) പതിനാല് ജില്ലകളിലും റാങ്ക് പട്ടിക നിലവിലുണ്ട്.

| ജില്ല | റാങ്ക് പട്ടിക നിലവിൽ വന്ന തീയതി | നിയമന ശിപാർശ ചെയ്തത് | ഒഴിവ് നിലവിൽ |
|---|---|---|---|
| 1 | 2 | 3 | 4 |
| തിരുവനന്തപുരം | 23-2-2017 | To be advised | 1 |
| കൊല്ലം | 15-12-2016 | 2 | - |
| പത്തനംതിട്ട | 24-1-2017 | 3 (reserved for PH) | - |
| ആലപ്പുഴ | 17-11-2016 | 1 (reserved for PH) | - |
| കോട്ടയം | 20-12-2016 | 7 | |

| 1 | 2 | 3 | 4 |
|---|---|---|---|
| ഇടുക്കി | 20-2-2017 | 15 (1reserved for PH) | |
| എറണാകുളം | 10-11-2016 | 12 | |
| തൃശ്ശൂർ | 7-2-2017 | Vacancy not reported yet | |
| പാലക്കാട് | 23-2-2017 | 22 (2 reserved for PH) | |
| മലപ്പുറം | 30-11-2016 | 45 (3 reserved for PH & 2 for OX) | |
| കോഴിക്കോട് | 5-1-2017 | To be advised | 2 |
| വയനാട് | 7-2-2017 | To be advised | 17 |
| കണ്ണൂർ | 23-2-2017 | 42 | |
| കാസർഗോഡ് | 19-4-2017 | 26 (3 reserved for PH) | |

**ജൂനിയർ ക്ലർക്ക്/കാഷ്യർ, ജൂനിയർ അസിസ്റ്റന്റ് റാങ്ക് ലിസ്റ്റ്**

47 (49) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 613/2012 പ്രകാരം എൻ.സി.എ. (DEAF) വിജ്ഞാപനംവഴി നിലവിൽ വന്നിട്ടുള്ള ജൂനിയർ ക്ലാർക്ക്/കാഷ്യർ, ജൂനിയർ അസിസ്റ്റന്റ് റാങ്ക് ലിസ്റ്റ് നിലവിൽവന്ന തീയതിയും റാങ്ക് ലിസ്റ്റിന്റെ കാലാവധിയും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നിലവിൽ എത്ര പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട് എന്ന് വിശദമാക്കാമോ;

(സി) ഈ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർക്കായി നിലവിൽ പുതിയ വേക്കൻസി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ഡി) റാങ്ക് ലിസ്റ്റിന്റെ നിലവിലെ അവസ്ഥ വിശദമാക്കാമോ?

ഉത്തരം

(എ) റാങ്ക് ലിസ്റ്റ് 07-02-2017-ന് നിലവിൽ വന്നു. ടി റാങ്ക് ലിസ്റ്റിൽനിന്നും നിയമന ശിപാർശ നൽകുന്ന ഉദ്യോഗാർത്ഥികൾ ജോലിയിൽ പ്രവേശിക്കുന്നതുവരെയാണ് റാങ്ക് ലിസ്റ്റിന്റെ കാലാവധി.

(ബി) 58 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(സി) ഇല്ല.

(ഡി) 7-2-2017-ന് നിലവിൽവന്ന റാങ്ക് ലിസ്റ്റിൽനിന്നും ഇതേവരെ 58 പേർക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്.

**ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 റാങ്ക് ലിസ്റ്റ്**

48 (50) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 പി.എസ്.സി. റാങ്ക് ലിസ്റ്റ് ഇപ്പോൾ നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ റാങ്ക് ലിസ്റ്റ് നിലവിൽവന്ന ശേഷം എത്ര പേർക്ക് നിയമനം നൽകി എന്നറിയിക്കാമോ;

(സി) റിസർവേഷൻ ടേൺ അനുസരിച്ചുള്ള നിയമനങ്ങളുടെ വിശദാംശം നൽകാമോ?

ഉത്തരം

(എ) ഉണ്ട്. 23-2-2017-ന് റാങ്ക് പട്ടിക നിലവിൽവന്നു.

(ബി) നാളിതുവരെ 22 ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | Open Quota | - | 13 |
| | Ezhava | - | 19 |
| | SC | - | 23 |
| | ST | - | 1 (S/L) |
| | Muslim | - | 37 |

| | | |
|---|---|---|
| LC/AI | - | 28 |
| OBC | - | 9 |
| Viswakarma | - | 10 |
| SIUC.N | - | NIL |
| OX | - | NIL |
| Dheevara | - | NIL |
| Hindu Nadar | - | Nil. |

**ഫാർമസിസ്റ്റ് ഗ്രേഡ്-II റാങ്ക് ലിസ്റ്റ്**

49 (51) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫാർമസിസ്റ്റ് ഗ്രേഡ് II തസ്തികയിലെ നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും പി.എസ്.സി. അഡ്വൈസ് നൽകിയിട്ടുള്ള ഉദ്യോഗാർത്ഥികളുടെ എണ്ണം എത്രയെന്ന് ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(ബി) പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള ഫാർമസിസ്റ്റ് ഗ്രേഡ് II തസ്തികയിലേക്കുള്ള റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള മുഴുവൻ ഉദ്യോഗാർത്ഥികൾക്കും നിയമനം ലഭിച്ചിട്ടുണ്ടോ; നിലവിൽ ഒഴിവുകളുണ്ടെങ്കിൽ ജില്ല തിരിച്ച് ഒഴിവുകളുടെ എണ്ണം വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) ആരോഗ്യ വകുപ്പിൽ ഫാർമസിസ്റ്റ് ഗ്രേഡ്-II തസ്തികയുടെ റാങ്ക് ലിസ്റ്റ് 14 ജില്ലകളിലും നിലവിലുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ജില്ല | നിയമന ശിപാർശയുടെ എണ്ണം | നിലവിലുള്ള ഒഴിവുകൾ |
|---|---|---|
| 1 | 2 | 3 |
| തിരുവനന്തപുരം | 41 | NIL |
| കൊല്ലം | 26 | NIL |
| ആലപ്പുഴ | 27 | NIL |

| 1 | 2 | 3 |
|---|---|---|
| പത്തനംതിട്ട | 10 | ടി തസ്തികയിലെ ഒരു ഒഴിവ് ഭിന്നശേഷി വിഭാഗക്കാർക്കായി മാറ്റിവച്ചിട്ടുണ്ട്. |
| കോട്ടയം | 21 | NIL |
| ഇടുക്കി | 13 | NIL |
| എറണാകുളം | 34 | NIL |
| തൃശ്ശൂർ | 23 | NIL |
| പാലക്കാട് | 47 | NIL |
| മലപ്പുറം | 48 | NIL |
| കോഴിക്കോട് | 24 | NIL |
| വയനാട് | 13 | NIL |
| കണ്ണൂർ | 26 | NIL |
| കാസർഗോഡ് | 16 | NIL |

**വോട്ടിംഗ് യന്ത്രത്തിലെ കൃത്രിമം**

50 (52) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തെരഞ്ഞെടുപ്പുകളിൽ പേപ്പർ ബാലറ്റ് വോട്ടിംഗ് സംവിധാനം ഏർപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് ഏതെങ്കിലും രാഷ്ട്രീയ പാർട്ടികൾ തെരഞ്ഞെടുപ്പ് കമ്മീഷനെ സമീപിച്ചതായ വിവരം ഗവൺമെന്റിനുണ്ടോ; എങ്കിൽ ലഭ്യമാക്കാമോ;

(ബി) രാജ്യത്ത് നടക്കുന്ന തെരഞ്ഞെടുപ്പുകളിൽ വോട്ടിംഗ് മെഷീനിൽ കൃത്രിമം നടത്തുന്നു എന്ന ആക്ഷേപം കണക്കിലെടുത്ത് നിലവിലെ രീതിയ്ക്ക് മാറ്റം വേണമെന്ന് ഗവൺമെന്റ് കരുതുന്നുണ്ടോ; അറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാന തെരഞ്ഞെടുപ്പുകളിൽ പേപ്പർ ബാലറ്റ് വോട്ടിംഗ് സംവിധാനം ഏർപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് ഏതെങ്കിലും രാഷ്ട്രീയ പാർട്ടികൾ തെരഞ്ഞെടുപ്പ് കമ്മീഷനെ സമീപിച്ചതായ വിവരം സർക്കാരിൽ ലഭ്യമല്ല.

(ബി) കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന്റെ കർശനമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ നടക്കുന്ന രാജ്യത്തെ തെരഞ്ഞെടുപ്പുകളിൽ ഉപയോഗിക്കുന്ന തെരഞ്ഞെടുപ്പ് കമ്മീഷന്റെ വോട്ടിംഗ് മെഷീനുകളിൽ കൃത്രിമം നടന്നതായി പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൃത്രിമം തെളിയിക്കപ്പെട്ടാൽ നിലവിലെ രീതിയിൽ മാറ്റം വരുത്താൻ ആവശ്യപ്പെടുന്നതാണ്.

**പുതിയ ടെക്നോസിറ്റി പദ്ധതികൾ**

51 (53) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ പുതിയതായി എത്ര ടെക്നോസിറ്റി പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) ടെക്നോസിറ്റി പദ്ധതി മുഖേന എത്ര പേർക്ക് പ്രതിവർഷം ജോലി നൽകുവാൻ സാധിക്കും; വിശദമാക്കാമോ;

(സി) തിരുവനന്തപുരത്ത് ഉദ്ഘാടനം കഴിഞ്ഞ ടെക്നോസിറ്റിയിൽ ഏതൊക്കെ മേഖലകളിലാണ് ഗവേഷണം നടത്തുന്നത്; എത്ര സംരംഭകർ ഉണ്ട്; വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ പുതുതായി ടെക്നോസിറ്റി പദ്ധതികൾ ആരംഭിച്ചിട്ടില്ല. ടെക്നോപാർക്കിന്റെ വികസനഘട്ടമായുള്ള വികസന പദ്ധതികളിൽ ഉൾപ്പെടുത്തിക്കൊണ്ട് ഏകദേശം 400 ഏക്കറിലുള്ള ബൃഹത് പദ്ധതിയായി ടെക്നോസിറ്റി പ്രവർത്തനങ്ങൾ 2010 മുതൽ നടത്തിവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൈദ്യുതി/ജലവിതരണം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ആദ്യത്തെ കെട്ടിടത്തിന്റെ ശിലാസ്ഥാപനം ബഹുമാനപ്പെട്ട രാഷ്ട്രപതി നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്. 2 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഈ കെട്ടിടത്തിന്റെ നിർമ്മാണം 6 മാസത്തിനകം പൂർത്തിയാകും.

(ബി) ടെക്നോസിറ്റിയിൽ സ്ഥാപനങ്ങൾ പ്രവർത്തനം ആരംഭിച്ചിട്ടില്ല. ആയതിനാൽ പ്രതിവർഷം തൊഴിൽ സംബന്ധിച്ചുള്ള കണക്കുകൾ ലഭ്യമായിട്ടില്ല. എങ്കിലും നോളഡ്ജ്സിറ്റി പദ്ധതികൾ ഉൾപ്പെടെയുള്ള ടെക്നോസിറ്റി പദ്ധതികൾ പൂർത്തിയാകുമ്പോൾ ഏകദേശം 1 ലക്ഷം പേർക്ക് പ്രത്യക്ഷമായും അതിന്റെ 4 മടങ്ങ് പരോക്ഷമായുള്ള തൊഴിലവസരങ്ങൾ പ്രതീക്ഷിക്കുന്നു.

(സി) ടെക്നോസിറ്റിയിൽ സ്ഥലം നൽകിയ സ്ഥാപനങ്ങൾ അവരുടെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നമുറയ്ക്ക് പദ്ധതി പ്രകാരമുള്ള ബിസിനസ് സംരംഭങ്ങൾ, ഗവേഷണങ്ങൾ എന്നിവ ആരംഭിക്കുന്നതാണ്. ടെക്നോസിറ്റിയിലെ നോളഡ്ജ് സിറ്റിയിൽ പങ്കാളികളാകാൻ നിസ്സാൻ, വി.എസ്.സി. എന്നീ സ്ഥാപനങ്ങൾ മുന്നോട്ടുവന്നിട്ടുണ്ട്. ഇവർ നൂതന സാങ്കേതികവിദ്യകൾ അടിസ്ഥാനമാക്കിയുള്ള ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഇ-മൊബിലിറ്റി, മെഷീൻ ലേണിംഗ്, കൊഗ്നറ്റീവ് അനാലിസിസ്, ബ്ലോക്ക്ചെയിൻ, സൈബർ സെക്യൂരിറ്റി, സ്പെയിസ് സയൻസ് പ്രോജക്ടുകൾ തുടങ്ങിയ മേഖലകളിലുള്ള ഗവേഷണങ്ങൾ തുടങ്ങുന്നതിനായാണ് ഉദ്ദേശിക്കുന്നത്.

## സി-ഡിറ്റ്-നെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ

52 (54) <u>ശ്രീ. ഹൈബി ഈഡൻ</u> :
<u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനമായ സി-ഡിറ്റ്-നെ ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ;

(ബി) സി-ഡിറ്റ് ചെയ്തുകൊണ്ടിരുന്ന സി.എം.ഡി.ആർ.എഫ്, സി.എം.ഒ. (പോർട്ടൽ), പ്രവാസി ചിട്ടി, കെ.എസ്.എഫ്.ഇ., കെ.എസ്.ആർ.ടി.സി. (ഓൺലൈൻ ടിക്കറ്റ് റിസർവേഷൻ), കേരള ടാക്സ് ഓൺലൈൻ എന്നിവ സ്വകാര്യ കമ്പനികൾക്ക് കൈമാറിയതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സി-ഡിറ്റ് ചെയ്തുകൊണ്ടിരുന്ന 'നാം മുന്നോട്ട്' കൈരളി ചാനലിന് നൽകാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) സി-ഡിറ്റിനെ ശക്തിപ്പെടുത്തുന്നതിന് പകരം സി-ഡിറ്റ്-ലെതന്നെ ഉദ്യോഗസ്ഥർക്ക് ബന്ധമുള്ള കമ്പനികൾക്കും ഭരണകക്ഷിക്ക് താല്പര്യമുള്ള കമ്പനികൾക്കും സി-ഡിറ്റ് ചെയ്തുകൊണ്ടിരുന്ന പ്രവർത്തികൾ കൈമാറുന്ന തീരുമാനം സർക്കാർ പുനഃപരിശോധിക്കുമോ?

<u>ഉത്തരം</u>

(എ) സി-ഡിറ്റിന്റെ പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ വിവര സാങ്കേതികവിദ്യയുടെ പ്രയോഗവുമായി ബന്ധപ്പെട്ടതായതിനാൽ സർക്കാരിന്റെ ഏകോപനം മെച്ചപ്പെടുത്തുന്നതിനായി സി-ഡിറ്റിനെ ഇലക്ട്രോണിക്സ് ആന്റ് വിവര സാങ്കേതിക വിദ്യാവകുപ്പിന്റെ ഭരണ ചുമതലയിലേയ്ക്ക് മാറ്റുകയും സർക്കാരിനകത്തും പുറമേയുമുള്ള വിദഗ്ധരെ ഉൾപ്പെടുത്തി സി-ഡിറ്റിന്റെ ഭരണസമിതി

പുനഃസംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഐ.ടി. രംഗത്തും കമ്മ്യൂണിക്കേഷൻ രംഗത്തും സി-ഡിറ്റിന്റെ സാങ്കേതികശേഷി വർദ്ധിപ്പിക്കുന്നതിനുവേണ്ടി 2016-19 കാലഘട്ടത്തിൽ 1236 ലക്ഷം രൂപ സി-ഡിറ്റിന് ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. ഈ തുക ഉപയോഗിച്ചുകൊണ്ട് സി-ഡിറ്റിലെ വീഡിയോ കമ്മ്യൂണിക്കേഷൻ സ്റ്റുഡിയോ ഉപകരണങ്ങളുടെ നവീകരണം, ആധുനിക മീഡിയാ അസറ്റ് മാനേജ്മെന്റ് സംവിധാനം സ്ഥാപിക്കൽ, വീഡിയോ ലൈവ് സ്ട്രീമിംഗ് ഉപകരണങ്ങളും നെറ്റ്വർക്കിംഗ് ടെസ്റ്റിംഗിനുള്ള ഉപകരണങ്ങളും വാങ്ങലും സാങ്കേതിക ജീവനക്കാരുടെ പരിശീലനം, ഡിജിറ്റൈസേഷൻ ജോലികൾക്കായി ആധുനിക സ്കാനറുകൾ സ്ഥാപിക്കൽ തുടങ്ങിയവ നിർവ്വഹിച്ചിട്ടുണ്ട്.

മുഖ്യമന്ത്രിയുടെ പരാതിപരിഹാര സംവിധാനം മെച്ചപ്പെടുത്തുന്നതിനുവേണ്ടി സി-ഡിറ്റ് പുതിയ സോഫ്റ്റ് വെയർ വികസിപ്പിക്കുകയും അതുവഴി പരാതികൾ ഓൺലൈനായി കൈകാര്യം ചെയ്യുന്നതിനും ദുരിതാശ്വാസനിധിയിൽനിന്നുള്ള സഹായം സമയബന്ധിതമായി നൽകുന്നതിനും സാധിക്കുന്നുണ്ട്. സംസ്ഥാന ബിവറേജസ് കോർപ്പറേഷനുവേണ്ടിയുള്ള ഹോളോഗ്രാം ലേബൽ നിർമ്മാണം സി-ഡിറ്റിനെ ഏൽപ്പിക്കുകയും സി-ഡിറ്റ് അത് വിജയകരമായി നടപ്പിലാക്കിവരികയും ചെയ്യുന്നു. ഇതിനുപുറമെ സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകൾക്കും സംസ്ഥാനത്തിനുപുറത്തുള്ള ഇൻഡ്യൻ നേവിയുൾപ്പെടെയുള്ള വിവിധ സ്ഥാപനങ്ങൾക്കും അതീവ സുരക്ഷാ സർട്ടിഫിക്കറ്റുകളും ഐ.ഡി. കാർഡുകളും നിർമ്മിച്ചുനൽകുന്നതിനുള്ള സൗകര്യങ്ങൾ സി-ഡിറ്റ് വികസിപ്പിച്ചിട്ടുണ്ട്.

കേരള പബ്ലിക് സർവ്വീസ് കമ്മീഷനുവേണ്ടി സി-ഡിറ്റ് നേരത്തെ വികസിപ്പിച്ച ഓൺലൈൻ പരീക്ഷാ സോഫ്റ്റ്വെയർ പരിഷ്കരിച്ച് കൂടുതൽ പരീക്ഷകൾക്ക് ഉപയോഗിക്കുന്നതിന് സജ്ജമാക്കുകയും ഡിസ്ക്രിപ്റ്റീവ് (എഴുത്തുപരീക്ഷയുടെ) മൂല്യനിർണ്ണയം നടത്തുന്നതിനുള്ള സോഫ്റ്റ്വെയർ വികസിപ്പിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാന സർക്കാരിന്റെ പുതിയ ഐ.ടി. നയരേഖയ്ക്കനുസൃതമായി ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, വെർച്വൽ റിയാലിറ്റി, സൈബർ സെക്യൂരിറ്റി, ബിഗ് ഡാറ്റാ അനാലിസിസ് തുടങ്ങിയ നൂതന മേഖലകളിൽ പ്രാവീണ്യം ആർജ്ജിക്കുന്നതിനും പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനുള്ള ശേഷി വർദ്ധിപ്പിക്കുന്നതിനായി ഈ മേഖലകളിലെ പ്രമുഖ കമ്പനികളുമായുള്ള സാങ്കേതികവിദ്യാ സഹകരണത്തിന് സി-ഡിറ്റ് ഉദ്ദേശിക്കുന്നുണ്ട്. അടുത്തകാലത്ത് സംസ്ഥാനം നേരിട്ട വെള്ളപ്പൊക്കത്തെത്തുടർന്ന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്കുള്ള ധനസമാഹരണം ഏകോപിപ്പിച്ച് ഓൺലൈൻ സംഭാവനകൾ സ്വീകരിക്കുന്നതിന് donation.cmdrf പോർട്ടൽ സി-ഡിറ്റ് മുഖേന

വികസിപ്പിച്ചിരുന്നു. ഓൺലൈനായി സംഭാവന സ്വീകരിക്കുന്ന ഈ പോർട്ടലിന്റെ സെക്യൂരിറ്റി ഉറപ്പുവരുത്തുന്നതിന് സി-ഡിറ്റും കേരള പോലീസ് വകുപ്പിന്റെ സൈബർഡോമും ചേർന്ന് നടത്തിയ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോയി സർക്കാർ വകുപ്പുകളുടെ സൈബർ സെക്യൂരിറ്റി കൈകാര്യം ചെയ്യുന്ന മികവിന്റെ കേന്ദ്രമായി സി-ഡിറ്റിനെ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. വിദ്യാഭ്യാസരംഗത്ത് AR/VR സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള പരിശീലനവും ഉള്ളടക്ക വികസനവും നടപ്പിലാക്കുന്നതിനുള്ള പദ്ധതിയും സി-ഡിറ്റ് ആവിഷ്കരിച്ചിട്ടുണ്ട്.

മുഖ്യമന്ത്രിയുടെ ഓൺലൈൻ പരാതി പരിഹാര സംവിധാനത്തിലൂടെയും മറ്റ് സർക്കാർ പോർട്ടലുകളിലൂടെയും ലഭിക്കുന്ന ഡാറ്റ അപഗ്രഥനം ചെയ്ത് നയരൂപീകരണത്തിന് സഹായിക്കുന്ന തരത്തിലുള്ള സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ വികസിപ്പിക്കുന്നതിനും സി-ഡിറ്റ് തയ്യാറെടുത്തുവരുന്നു. സംസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകളും തമ്മിലുള്ള തപാൽ ഓൺലൈനായി കൈകാര്യം ചെയ്യുന്നതിനുള്ള കേരള കമ്മ്യൂണിക്കേഷൻ സർവ്വീസ് സിസ്റ്റം നടപ്പിലാക്കുന്നതിനുള്ള പ്രോജക്ട് സി-ഡിറ്റ് മുഖേന നടപ്പാക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

ശാസ്ത്രസാങ്കേതികരംഗത്തും വിവര സാങ്കേതികവിദ്യയിലും കമ്മ്യൂണിക്കേഷൻ രംഗത്തും സി-ഡിറ്റിന്റെ 30 വർഷത്തെ പ്രവർത്തനങ്ങൾ സ്വാംശീകരിച്ച് പുതിയ കാലഘട്ടത്തിനനുസരിച്ചുള്ള വികസനങ്ങളിലൂടെ സി-ഡിറ്റിനെ മികവിന്റെ കേന്ദ്രമാക്കുവാനാണുദ്ദേശിച്ചിട്ടുള്ളത്.

(ബി) ഇല്ല. കെ.എസ്.ആർ.ടി.സി. (ഓൺലൈൻ ടിക്കറ്റ് റിസർവേഷൻ), കേരള ടാക്സി ഓൺലൈൻ എന്നീ പദ്ധതികൾ സി-ഡിറ്റ് ഏറ്റെടുത്തിട്ടുള്ളവയല്ല.

(സി) ഇല്ല.

(ഡി) സർക്കാർ അത്തരത്തിൽ തീരുമാനമെടുത്തിട്ടില്ല.

**പ്രളയംമൂലം കച്ചവടക്കാർക്കുണ്ടായ നഷ്ടം നികത്തുന്നതിനുള്ള നടപടി**

53 (55) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ആഗസ്റ്റിലെ മഹാപ്രളയത്തിൽ എല്ലാം നഷ്ടപ്പെട്ട പത്തനംതിട്ട ജില്ലയിലെ കച്ചവടക്കാരുടെ കണക്കെടുപ്പ് പൂർത്തിയായിട്ടുണ്ടോ; അവർക്ക് ഉണ്ടായ നാശനഷ്ടത്തിന്റെ കണക്ക് തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര രൂപയുടെ നഷ്ടമാണ് ഉണ്ടായിരിക്കുന്നത് എന്ന് താലൂക്ക് തിരിച്ചുള്ള കണക്ക് നൽകാമോ;

(ബി) പ്രളയത്തിൽ വെള്ളം കയറി ലക്ഷക്കണക്കിന് രൂപയുടെ നാശനഷ്ടം ഉണ്ടായതിനാൽ ചെറുകിട കച്ചവടക്കാർ കടക്കെണിയിലാകുകയും കച്ചവടംതന്നെ ഉപേക്ഷിക്കുകയും ചെയ്യുന്ന സാഹചര്യം ഉണ്ടായത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ വ്യാപാരനഷ്ടം സംഭവിച്ച കച്ചവടക്കാരെ സംരക്ഷിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) കച്ചവടക്കാരുടെ നിലവിലുള്ള വായ്പ സംബന്ധിച്ച് സർക്കാർ എന്ത് നിലപാടാണ് എടുത്തിട്ടുള്ളത്; നഷ്ടം നികത്തുന്നതിന് എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പത്തനംതിട്ട ജില്ല വ്യവസായകേന്ദ്രം ജനറൽ മാനേജരുടെ നേതൃത്വത്തിൽ മൊബൈൽ ആപ്ലിക്കേഷൻ മുഖാന്തരം പ്രളയദുരിതത്തിൽപ്പെട്ട കച്ചവട സ്ഥാപനങ്ങളുടെ കണക്കെടുപ്പ് പൂർത്തിയാക്കിയിട്ടുണ്ട്. വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | താലൂക്കിന്റെ പേര് | പ്രളയബാധിത സ്ഥാപനങ്ങളുടെ എണ്ണം | ആകെ കണക്കാക്കപ്പെടുന്ന നഷ്ടം (തുകയിൽ) |
|---|---|---|---|
| 1 | അടൂർ | 241 | 6,07,81,951 |
| 2 | കോന്നി | 22 | 6,69,500 |
| 3 | കോഴഞ്ചേരി | 177 | 4,81,07,684 |
| 4 | മല്ലപ്പള്ളി | 49 | 30,51,000 |
| 5 | റാന്നി | 491 | 41,83,09,260 |
| 6 | തിരുവല്ല | 217 | 5,92,56,673 |
| | ആകെ | 1197 | 59,01,76,068 |

(ബി & സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 7-12-2019-ലെ സ.ഉ.(കൈ) 27/18/ ഡി.എം.ഡി. ഉത്തരവുപ്രകാരം 2018-ലെ പ്രളയത്തിൽ ഉൾപ്പെട്ടവർക്ക് ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി അവരുടെ ഉപജീവനമാർഗ്ഗങ്ങൾ പുനരാരംഭിക്കുന്നതിലേയ്ക്കായി സർക്കാർ ഉജ്ജീവന സഹായ പദ്ധതി പ്രഖ്യാപിച്ച് നടപ്പിലാക്കിവരികയാണ്.

പ്രളയത്തിൽ ഉൾപ്പെട്ടെന്ന് വ്യവസായ വകുപ്പ് മൊബൈൽ ആപ്ലിക്കേഷൻ മുഖേന സർവ്വേ നടത്തി കണ്ടെത്തിയ ചെറുകിട ഇടത്തര വ്യവസായ വാണിജ്യ സ്ഥാപനങ്ങൾ, കടകൾ എന്നിവയ്ക്ക് അവരുടെ സ്ഥാപനത്തിന്റെ പുനരാരംഭത്തിനായി ഈ പദ്ധതി പ്രയോജനപ്പെടുത്താവുന്നതാണ്.

അർഹത:

1. ടേം ലോൺ വായ്പയുടെ 25% പരമാവധി 2 ലക്ഷം രൂപ മാർജിൻ മണി ആയി സർക്കാർ ബാങ്കുകൾക്ക് അനുവദിക്കുന്നതാണ്.

2. വർക്കിംഗ് കാപ്പിറ്റൽ ലോൺ- വായ്പയുടെ 25% പരമാവധി ഒരു ലക്ഷംരൂപ മാർജിൻ മണിയായി സർക്കാർ ബാങ്കുകൾക്ക് അനുവദിക്കുന്നതാണ്.

3. വർക്കിംഗ് ക്യാപിറ്റൽ ലോണായി മാത്രം എടുക്കുന്നവർക്ക് അവരുടെ താൽപ്പര്യമനുസരിച്ച് വായ്പ തുകയിൽ 10 ലക്ഷം രൂപവരെ മാത്രം മാർജിൻ മണിക്ക് പകരം ഒരു വർഷത്തേയ്ക്ക് 9% നിരക്കിൽ താങ്ങ് പലിശ സർക്കാർ ബാങ്കുകൾക്ക് നൽകുന്നതാണ്.

ഈ സർക്കാർ ഉത്തരവിന് മുമ്പായി 2018-ലെ പ്രളയത്തിലെ നഷ്ടത്തിന് പുനരാംഠരഭ വായ്പ എടുത്തിട്ടുള്ള മേൽവിവരിച്ച സർവ്വേയിൽ ഉൾപ്പെട്ടിട്ടുള്ളവർക്കും ഈ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കും.

## റീ ബിൽഡ് കേരള പദ്ധതി

54 (56) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീ ബിൽഡ് കേരള പദ്ധതിയുടെ ഭാഗമായി അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കോഴിക്കോട് ജില്ലയിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിർദ്ദേശങ്ങൾ തയ്യാറായിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ & ബി) ജില്ലാടിസ്ഥാനത്തിൽ പ്രത്യേക പദ്ധതി നിലവിൽ ആവിഷ്കരിച്ചിട്ടില്ല.

**പ്രളയ ദുരിതാശ്വാസ സഹായങ്ങൾ**

55 (57) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയ ദുരിതാശ്വാസത്തിനായി സന്നദ്ധസംഘടനകളും കൂട്ടായ്മകളും നൽകിയ വസ്തുങ്ങൾ ഉൾപ്പെടെയുള്ള സാധനങ്ങൾ ആവശ്യക്കാരിലേക്കെത്താതെ നശിച്ചുപോയതായുള്ള മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിവിധ സ്ഥലങ്ങളിൽ അശാസ്ത്രീയമായി കൂട്ടിയിട്ടിരിക്കുന്ന വസ്തുങ്ങൾ ഉൾപ്പെടെയുള്ള സാധനങ്ങൾ അർഹരായവർക്ക് എത്തിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഇതിനകം കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കാമോ?

ഉത്തരം

(എ & ബി) മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനെത്തുടർന്ന് ഇക്കാര്യം അന്വേഷിക്കുന്നതിനും ലഭിക്കുന്ന സാധനങ്ങൾ അപ്പോൾത്തന്നെ ആവശ്യക്കാർക്ക് വിതരണം ചെയ്യുന്നതിനുമുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതിനും ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിരുന്നു. ഉപയോഗശൂന്യവും പഴകിയതുമായ വസ്തുങ്ങൾ സന്നദ്ധ സംഘടനയിൽനിന്നും ലഭ്യമായിട്ടുള്ളത് റീസൈക്കിൾ ചെയ്യുന്നതിനായി അംഗീകൃത റീസൈക്കിൾ സെന്ററുകളിലേയ്ക്ക് അയച്ചിട്ടുണ്ട്.

**പ്രളയബാധിതർക്കുള്ള വിദേശ ധനസഹായം**

56 (58) ശ്രീ. കെ. എം. ഷാജി :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായ മഹാപ്രളയത്തെത്തുടർന്ന് വിദേശസഹായ വാഗ്ദാനം ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) വിദേശ ധനസഹായം സ്വീകരിക്കുവാൻ അനുമതി നൽകണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; ഇതിന്മേൽ കേന്ദ്രസർക്കാരിന്റെ പ്രതികരണം ലഭിച്ചിട്ടുണ്ടോ;

(സി) ലോകബാങ്കും ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കും യൂറോപ്യൻ യൂണിയനും കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകാൻ സന്നദ്ധത അറിയിച്ചിട്ടുണ്ടോ; ഈ സഹായങ്ങൾ നേടിയെടുക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ & ബി) സംസ്ഥാനത്തുണ്ടായ പ്രളയക്കെടുതിയെത്തുടർന്ന് പുനരധിവാസ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുന്നതിന് യു.എ.ഇ. അടക്കമുള്ള ചില വിദേശ രാജ്യങ്ങൾ സന്നദ്ധത പ്രകടിപ്പിച്ചിരുന്നു. ആയത് സ്വീകരിക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് അനുമതി അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു. എന്നാൽ ഇതുസംബന്ധിച്ച് കേന്ദ്രത്തിൽനിന്നും അനുകൂല പ്രതികരണം ലഭ്യമായിട്ടില്ല.

(സി) സംസ്ഥാനത്തിന്റെ പുനർനിർമ്മാണത്തിനാവശ്യമായ വായ്പ സമാഹരിക്കുന്നതിനായി സംസ്ഥാന സർക്കാർ ലോക ബാങ്ക്, എ.ഡി.ബി., കെ.എഫ്.ഡബ്ല്യൂ. പ്രതിനിധികളുമായി ചർച്ച നടത്തിവരികയാണ്. വായ്പ തുക, പലിശ നിരക്ക് എന്നിവ സംബന്ധിച്ച് തീരുമാനങ്ങളിലേയ്ക്ക് എത്തിയിട്ടില്ല.

**പ്രളയ ദുരിതാശ്വാസത്തിന് ലഭിച്ച സംഭാവന**

57 (59) <u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയ ദുരിതാശ്വാസത്തിന് സംഭാവന അഭ്യർത്ഥിക്കുവാനായി മുഖ്യമന്ത്രി ഗൾഫ് രാജ്യങ്ങളിൽ സന്ദർശനം നടത്തിയിരുന്നോ;

(ബി) പ്രസ്തുത സന്ദർശനത്തിന്റെ ഫലമായി ഗൾഫ് രാജ്യങ്ങളിൽനിന്നും എത്ര തുക സംഭാവനയായി ലഭിച്ചു;

(സി) ഇക്കാര്യത്തിലേക്കുള്ള മുഖ്യമന്ത്രിയുടെ ഗൾഫ് യാത്രയ്ക്കായി എന്ത് തുക ചെലവഴിച്ചു;

(ഡി) പ്രസ്തുത യാത്രയിൽ മുഖ്യമന്ത്രിയെ അനുഗമിച്ചവർ ആരൊക്കെയാണ്; അവർക്കായി യാത്രാക്കൂലിയിനത്തിലും താമസസൗകര്യം ഒരുക്കിയ ഇനത്തിലും എന്ത് തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പ്രളയദുരിതാശ്വാസ നിധിയിലേയ്ക്ക് സഹായം അഭ്യർത്ഥിച്ച് സന്ദർശനം നടത്തിയിരുന്നു.

(ബി) പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മിതി സംബന്ധിച്ച ചർച്ചകൾക്കും ആയതിന് വിദേശ മലയാളികൾ ഉൾപ്പെടെയുള്ളവരുടെ സാമ്പത്തിക-സാങ്കേതിക സഹായ സഹകരണങ്ങൾ (ക്രൗഡ് ഫണ്ടിംഗ് ഉൾപ്പെടെ) അഭ്യർത്ഥിക്കുന്നതിനുമാണ് മുഖ്യമന്ത്രിയും നോർക്ക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും യു.എ.ഇ. സന്ദർശിച്ചത്.

(സി & ഡി) മുഖ്യമന്ത്രിയോടൊപ്പം നോർക്ക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയായ ഡോ. കെ. ഇളങ്കോവൻ ആണ് യാത്ര നടത്തിയത്. മുഖ്യമന്ത്രിക്കും നോർക്ക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്കും തിരുവനന്തപുരത്തുനിന്നും യു.എ.ഇ.-ലേയ്ക്കും തിരിച്ചുമുള്ള വിമാനയാത്രാച്ചെലവ് 3,72,731 രൂപയും ഡി.എ. ആയി 750 ഡോളറുമാണ് ആകെ ചെലവായത്.

**പ്രളയംമൂലമുണ്ടായ നാശനഷ്ടം**

58 (60) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയംമൂലം സംസ്ഥാനത്തിന് എത്ര കോടി രൂപയുടെ നാശനഷ്ടമാണ് ഉണ്ടായതെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ലോകബാങ്ക്, യു.എൻ. തുടങ്ങിയ സംഘടനകൾ തിട്ടപ്പെടുത്തിയ നഷ്ടം എത്രയെന്ന് വ്യക്തമാക്കാമോ;

(സി) നഷ്ടപരിഹാരമായി കേന്ദ്രസർക്കാർ നാളിതുവരെ എത്ര കോടി രൂപ വാഗ്ദാനം ചെയ്തുവെന്നും, ഇതിൽ എത്ര കോടി രൂപ ഇതിനകം ലഭിച്ചുവെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) ഐക്യരാഷ്ട്ര സഭയുടെ Post Disaster Need Assessment (PDNA) റിപ്പോർട്ടുപ്രകാരം പ്രളയകാലത്തെ സംസ്ഥാനത്തിന്റെ മൊത്തം നഷ്ടം 26,718 കോടി രൂപയാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. കേരളത്തിന്റെ പുനർനിർമ്മാണത്തിനായി 31,000 കോടി രൂപയെങ്കിലും വേണ്ടിവരുമെന്നാണ് പ്രസ്തുത റിപ്പോർട്ട് കണക്കാക്കിയിട്ടുള്ളത്. PDNA റിപ്പോർട്ടുപ്രകാരം കണക്കാക്കിയ വിവിധ മേഖലകളിലുണ്ടായ നാശനഷ്ടത്തിന്റെ പട്ടികം ഇതിനോടൊപ്പം അനുബന്ധമായി ചേർക്കുന്നു.* ലോക ബാങ്കിന്റെ റിപ്പോർട്ട് പ്രകാരം ആകെ 24,893 കോടി രൂപയാണ് പുനർനിർമ്മാണത്തിനായി ആവശ്യം വരുന്നത്.

(സി) 2904.85 കോടി രൂപയുടെ അധിക സഹായം ദേശീയ ദുരന്ത പ്രതികരണ നിധി മാനദണ്ഡമനുസരിച്ച് ലഭ്യമായിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പ്രളയത്തിൽ നശിച്ച കച്ചവടസ്ഥാപനങ്ങൾ പുനരുജ്ജീവിപ്പിക്കാൻ സഹായം

59 (63) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ മഹാപ്രളയത്തെ തുടർന്ന് പ്രളയബാധിതമായി പ്രഖ്യാപിച്ച വില്ലേജുകളിലെ ചെറുകിട-ഇടത്തരം വാണിജ്യ-വ്യവസായ സ്ഥാപനങ്ങൾ നശിച്ചത് പുനർസൃഷ്ടിക്കുന്നതിന് സഹായം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) കേന്ദ്ര ദുരന്തനിവാരണ നിധി മാനദണ്ഡപ്രകാരം കച്ചവടക്കാർക്ക് ആശ്വാസ ധനസഹായം നൽകുന്നതിന് കഴിയുമോ;

(സി) ഇതിനായി സംസ്ഥാനം സ്വന്തമായി തുക കണ്ടെത്തേണ്ട അവസ്ഥയുണ്ടോ;

(ഡി) പ്രളയത്തിൽ ദുരിതമനുഭവിക്കുന്ന കച്ചവടക്കാർക്ക് കച്ചവടം പുനരുജ്ജീവിപ്പിക്കുന്നതിന് എന്തെല്ലാം സഹായങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കാമോ?

### ഉത്തരം

(എ-ഡി) ഉണ്ട്. 17-12-2018-ലെ സ.ഉ.(കൈ)27/2018/ഡി.എം.ഡി. ഉത്തരവുപ്രകാരം 2018-ലെ പ്രളയത്തിൽ ഉൾപ്പെട്ട ചെറുകിട-ഇടത്തരം വാണിജ്യ-വ്യവസായ സ്ഥാപനങ്ങൾ, കടകൾ എന്നിവയ്ക്ക് ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി അവരുടെ ഉപജീവനമാർഗ്ഗങ്ങൾ പുനരാരംഭിക്കുന്നതിലേയ്ക്കായി സർക്കാർ 'ഉജ്ജീവന സഹായ പദ്ധതി' പ്രഖ്യാപിച്ച് നടപ്പിലാക്കിവരികയാണ്. പ്രസ്തുത പദ്ധതിപ്രകാരം Term loan വായ്പയുടെ 25% പരമാവധി രണ്ടു ലക്ഷം രൂപയും Working Capital Loan വായ്പയുടെ 25% പരമാവധി ഒരു ലക്ഷം രൂപയും മാർജിൻ മണി ആയി സർക്കാർ ബാങ്കുകൾക്ക് അനുവദിക്കുന്നതാണ്. കൂടാതെ Working Capital Loan ആയി മാത്രം എടുക്കുന്നവർക്ക് അവരുടെ താൽപ്പര്യമനുസരിച്ച് വായ്പത്തുകയിൽ 10 ലക്ഷം രൂപവരെ മാത്രം മാർജിൻ മണിക്ക് പകരം ഒരു വർഷത്തേയ്ക്ക് 9% നിരക്കിൽ താങ്ങ് പലിശ സർക്കാർ ബാങ്കുകൾക്ക് നൽകുന്നതാണ്. ഈ സർക്കാർ ഉത്തരവിനുമുമ്പായി 2018-ലെ പ്രളയത്തിലെ നഷ്ടത്തിൻ പുനരാരംഭ വായ്പ എടുത്തിട്ടുള്ള മേൽവിവരിച്ച സർവ്വേയിൽ ഉൾപ്പെട്ടിട്ടുള്ളവർക്കും ഈ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കും.

കേന്ദ്ര ദുരന്ത നിവാരണ പ്രതികരണനിധിയുടെ മാനദണ്ഡപ്രകാരം കച്ചവടക്കാർക്ക് ദുരിതാശ്വാസം നൽകാൻ നിലവിൽ വ്യവസ്ഥയില്ല. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഉപയോഗപ്പെടുത്തിയാണ് മേൽപദ്ധതി നടപ്പിലാക്കുന്നത്.

## പ്രളയത്തിൽ തകർന്ന വീടുകളുടെ പുനർനിർമ്മാണം

60 (64) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ൽ ഉണ്ടായ മഹാപ്രളയത്തിൽ സംസ്ഥാനത്ത് എത്ര വീടുകൾ വെള്ളം കയറിയും മരങ്ങൾ വീണും തകർന്ന് വാസയോഗ്യമല്ലാതായിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) ഇവ പുനർനിർമ്മിച്ചു നൽകുന്നതിന് എത്രകോടി രൂപ ചെലവുവരുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇതിനകം എത്ര വീടുകൾ പുനർനിർമ്മിക്കാൻ നടപടികൾ ആയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ഡി) സമയബന്ധിതമായി വീടുകൾ പുനർനിർമ്മിച്ച് നൽകുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദീകരിക്കാമോ?

ഉത്തരം

(എ) 13362 വീടുകളാണ് പൂർണ്ണമായി തകരുകയോ വാസയോഗ്യമല്ലാതായി മാറുകയോ ചെയ്തത്.

(ബി) തകർന്ന വീടുകൾ പുനർനിർമ്മിക്കുന്നതിന് 1611.85 കോടി രൂപ ആവശ്യമാണ്.

(സി & ഡി) ദുരന്തത്തിൽ തകർന്നുപോയ വീടുകളുടെ പുനർനിർമ്മാണത്തിനുള്ള മിനിമം റിലീഫ് കോഡ് സംസ്ഥാന സർക്കാർ നിർണ്ണയിച്ചിട്ടുണ്ട്. നാശനഷ്ടത്തിന്റെ തോതനുസരിച്ച് കുറഞ്ഞത് 15%, 16-29%, 30-59%, 60-74%, 75%-ത്തിന് മുകളിൽ എന്നിങ്ങനെ അഞ്ച് വിഭാഗമായി തിരിച്ച് ഓരോ വിഭാഗത്തിലും ധനസഹായ നിരക്കുകൾ യഥാക്രമം 10,000 രൂപ, 60,000 രൂപ, 1,25,000 രൂപ, 2,50,000 രൂപ, 4,00,000 രൂപ എന്നിങ്ങനെയാണ് നിശ്ചയിച്ചിട്ടുള്ളത്. സ്ഥലം നഷ്ടപ്പെട്ടവർക്ക് കേരളത്തിൽ സ്വന്തമായി സ്ഥലം ഇല്ലെങ്കിലോ നിലവിലെ സ്ഥലം വീടുനിർമ്മാണത്തിന് അനുയോജ്യമല്ലെങ്കിലോ

സ്ഥലം വാങ്ങുന്നതിനായി 6 ലക്ഷം രൂപയോ പ്രമാണത്തിലുള്ള തുകയോ ഏതാണോ കുറവ് ആ തുക അനുവദിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പൂർണ്ണമായി തകർന്നതോ 75 ശതമാനത്തിലധികമോ തകർച്ച നേരിടുകയും വാസയോഗ്യമല്ലാതാവുകയും ചെയ്ത വീടുകളുടെ പുനർനിർമ്മാണത്തിന് നൽകുന്ന 4 ലക്ഷം രൂപയിൽ മലയോര മേഖലയിൽ 1,01,900 രൂപയും സമതലത്തിൽ 95,100 രൂപയുമാണ് കേന്ദ്രസർക്കാർ നൽകുന്നത്. ബാക്കി തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നാണ് നൽകുന്നത്.

പ്രളയത്തിൽ പൂർണ്ണമായി തകർന്ന 13362 വീടുകളിൽ 7478 വീടുകൾ പുനർനിർമ്മിക്കുന്നതിന് ആദ്യ ഗഡു സഹായം വിതരണം ചെയ്തു. പൂർണ്ണമായി തകർന്ന വീടുകൾ സ്വയം പുനർനിർമ്മിക്കാൻ തയ്യാറായിവന്നവരുടെ എണ്ണം 8020 ആണ്. പൂർണ്ണമായി തകർന്ന 1888 വീടുകൾ കെയർഹോം പദ്ധതി അനുസരിച്ച് പുനർനിർമ്മിക്കും. ഇതിൽ 1509 പേർക്ക് ആദ്യഗഡു വിതരണം ചെയ്തു.

ഭാഗികമായി തകർന്നത് 242602 വീടുകളാണ്. ഇതിൽ 15% കേടുപാടുകൾ സംഭവിച്ച വീടുകളുടെ എണ്ണം 127781 ആണ്. ഈ വിഭാഗത്തിൽപ്പെട്ട വീടുകൾ നന്നാക്കുന്നതിന് 10,000 രൂപ വീതമുള്ള സഹായം 81923 പേർക്ക് വിതരണം ചെയ്തു. 16 മുതൽ 29 ശതമാനംവരെയുള്ള നാശം സംഭവിച്ച 63307 വീടുകളിൽ 32242 വീടുകൾക്ക് 60,000 രൂപ വീതം ഇതിനകം വിതരണം ചെയ്തു. 30 മുതൽ 59% വരെ നാശം സംഭവിച്ച 35446 വീടുകളിൽ 4346 വീടുകൾക്ക് ആദ്യഗഡു വിതരണം ചെയ്തു. 60 മുതൽ 74 ശതമാനംവരെ നാശം സംഭവിച്ച 16068 വീടുകളിൽ 2754 വീടുകൾക്ക് ആദ്യഗഡു നൽകിക്കഴിഞ്ഞു.

'സുരക്ഷിത കൂടൊരുക്കും കേരളം' എന്ന പേരിൽ ബ്ലോക്കുതലത്തിലും നഗരസഭതലത്തിലും ഭവന നിർമ്മാണ സഹായ കേന്ദ്രങ്ങളും ആരംഭിക്കാൻ ഉത്തരവുപുറപ്പെടുവിച്ചു. ലൈഫ് മിഷനാണ് ഈ കേന്ദ്രത്തിന്റെ നടത്തിപ്പ് ചുമതല.

**പ്രളയക്കെടുതി**

61 (65) ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയക്കെടുതിയിൽ തകർന്ന വീടുകൾ പുനർനിർമ്മിക്കാൻ എന്തൊക്കെ നടപടി കൈക്കൊണ്ടിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഇതിനോടകം എത്ര വീടുകൾ നിർമ്മിച്ചെന്ന് വ്യക്തമാക്കാമോ;

(സി) കേന്ദ്രത്തിനു സമർപ്പിച്ച മെമ്മോറാണ്ടത്തിൽ ആവശ്യപ്പെട്ട ആകെ തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ഡി)പ്രധാനപ്പെട്ട ഓരോ മേഖലയ്ക്കും ആവശ്യപ്പെട്ട തുക എത്രയൊക്കെയാണെന്ന് വിശദമാക്കാമോ;

(ഇ) റോഡുകൾക്ക് ആവശ്യപ്പെട്ട തുക എത്രയെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന സർക്കാർ രാജ്യത്തുതന്നെ ഏറ്റവും ഉയർന്ന തോതിൽ, ദുരന്തത്തിൽ തകർന്നുപോയ വീടുകളുടെ പുനർനിർമ്മാണത്തിനുള്ള Minimum Relief Code നിർണ്ണയിച്ചിട്ടുണ്ട്. പൂർണ്ണമായി തകർന്നതോ 75 ശതമാനത്തിൽ അധികം തകർച്ച നേരിടുകയും വാസയോഗ്യമല്ലാതാകുകയും ചെയ്ത വീടുകളുടെ പുനർനിർമ്മാണത്തിന് 4 ലക്ഷം രൂപ എന്ന് നിജപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാർ മലയോര മേഖലയിൽ 1,01,900 രൂപയാണ് (സമതലത്തിൽ 95,100 രൂപ) ഇതിനായി അനുവദിച്ചിട്ടുള്ളത്. ആകെ നൽകുന്ന 4 ലക്ഷം രൂപയിൽ ബാക്കിയുള്ള തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നാണ് നൽകുന്നത്. Minimum Relief Code അനുസരിച്ച് സംസ്ഥാനത്തെ ദുരന്തങ്ങളിൽ തകരുന്ന വീടുകൾക്ക് നേരിട്ടിട്ടുള്ള നാശനഷ്ടത്തിന്റെ തോതനുസരിച്ച് കുറഞ്ഞത് 15%, 16-29%, 30-59%, 60-74%, 75%-ത്തിന് മുകളിൽ എന്നിങ്ങനെ അഞ്ച് വിഭാഗമായി തിരിച്ച് ഓരോ വിഭാഗത്തിലും ധനസഹായ നിരക്കുകൾ യഥാക്രമം 10,000 രൂപ, 60,000 രൂപ, 1,25,000 രൂപ, 2,50,000 രൂപ, 4,00,000 രൂപ എന്നിങ്ങനെയാണ് നിശ്ചയിച്ചിട്ടുള്ളത്.

പൂർണ്ണമായും സ്ഥലം ഒഴുകിപ്പോയവർക്ക് സ്വന്തമായി കേരളത്തിൽ സ്ഥലം ഇല്ലെങ്കിലോ നിലവിലെ സ്ഥലം വീടുനിർമ്മാണത്തിന് അനുയോജ്യമല്ലെങ്കിലോ സ്ഥലം വാങ്ങുന്നതിനായി 6 ലക്ഷം രൂപയോ, പ്രമാണത്തിലുള്ള തുകയോ ഏതാണോ കുറവ് ആ തുക അനുവദിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പ്രളയത്തിൽ പൂർണ്ണമായും തകർന്നതും ഗുരുതരമായി (75 ശതമാനത്തിലേറെ) കേടുസംഭവിച്ച് വാസയോഗ്യമല്ലാതായതുമായ വീടുകളുടെ പുനർനിർമ്മാണം ആരംഭിക്കുന്നതിന് വീട് നഷ്ടപ്പെട്ടവരുടെ യോഗങ്ങൾ ബ്ലോക്കുതലത്തിൽ വിളിച്ചുചേർക്കുകയും വിവിധ ഭവനനിർമ്മാണ സാധ്യതകൾ വിശദീകരിച്ച് നൽകുകയും ചെയ്തു.

'സുരക്ഷിത കൂടൊരുക്കും കേരളം' എന്ന പേരിൽ ലൈഫ് മിഷന്റെ മേൽനോട്ടത്തിൽ ബ്ലോക്കുതലത്തിലും നഗരസഭതലത്തിലും ഭവന നിർമ്മാണ സഹായ കേന്ദ്രങ്ങളും ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായി.

വൈദ്യുതി വിച്ഛേദിക്കപ്പെട്ട 25.57 ലക്ഷം കെട്ടിടങ്ങളിലേയ്ക്കുള്ള വൈദ്യുതി ബന്ധം 1-9-2018 -ഓടുകൂടി തന്നെ പുനഃസ്ഥാപിച്ചുനൽകി.

(ബി) തൃശ്ശൂർ ജില്ലയിൽ 7 വീടുകളും പാലക്കാട് ജില്ലയിൽ 3 വീടുകളും വയനാട് ജില്ലയിൽ 17 വീടുകളും പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ ടി ജില്ലകൾ ഉൾപ്പെടെ എല്ലാ ജില്ലകളിലും ആദ്യ ഗഡു ധനസഹായം നൽകിയ വീടുകളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു. സഹകരണ വകുപ്പിന്റെ കെയർ ഹോം പദ്ധതിയിൽ ഉൾപ്പെടുത്തിയ വീടുകൾ എത്രയുംവേഗം പണി തീർക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) ദേശീയ ദുരന്ത പ്രതികരണ നിധി മാനദണ്ഡമനുസരിച്ച് കേരളം ആവശ്യപ്പെട്ടത് 5616.78 കോടി രൂപയുടെ പുനരധിവാസ ധനസഹായമാണ്. ആദ്യഘട്ടത്തിനുണ്ടായ പ്രളയത്തിന് 820.43 കോടി രൂപയും രണ്ടാം ഘട്ടത്തിലെ മഹാ പ്രളയത്തിന് 4796.35 കോടി രൂപയും ഉൾപ്പെടെയാണിത്.

(ഡി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഇ) 648.08 കോടി രൂപ.

**പ്രളയ ദുരിതാശ്വാസനിധി**

62 (66) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ പ്രളയദുരിതാശ്വാസ നിധിയിലേയ്ക്ക് നാളിതുവരെ ലഭ്യമായ തുക, പ്രളയ ദുരിതബാധിതർക്ക് കൈമാറിയിട്ടുള്ള തുക എന്നിവ വിശദമാക്കാമോ;

(ബി) പ്രളയ ദുരിതബാധിതരല്ലാത്ത എത്രപേർക്കാണ് ഈ തുകയിൽ നിന്ന് സഹായം നൽകിയിട്ടുള്ളത്; ഇവരുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പ്രളയ ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് 21-1-2019 വരെ 3,226.14 കോടി രൂപ ലഭ്യമായിട്ടുണ്ട്. ഈ തുകയിൽനിന്ന് 22-1-2019 വരെ 1,372 കോടി രൂപ പ്രളയ ദുരിതബാധിതർക്ക് നൽകുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് കൈമാറിയിട്ടുണ്ട്.

(ബി) പ്രളയ ദുരിതാശ്വാസമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ ലഭ്യമായ തുകയിൽനിന്ന് പ്രളയദുരിതാശ്വാസത്തിനല്ലാതെ തുക ചെലവാക്കിയിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പ്രളയക്കെടുതിക്ക് ലഭിച്ച സഹായം

63 (67) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. മോൻസ് ജോസഫ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായ പ്രളയക്കെടുതിമൂലം ബുദ്ധിമുട്ട് അനുഭവിക്കുന്ന ജനങ്ങൾക്ക് സഹായം നൽകുന്നതിന് വിദേശരാജ്യങ്ങളിൽനിന്നും സഹായം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ബി) ഇന്ത്യയിലെ മറ്റ് സംസ്ഥാന സർക്കാരുകളിൽ നിന്നും സഹായം ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) മറ്റ് സംസ്ഥാനങ്ങളിൽനിന്നും സർക്കാർ ഇതര സഹായം ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ഡി) കേരള സംസ്ഥാനത്തുനിന്നും ഇക്കാര്യത്തിൽ ലഭിച്ച സഹായത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഇ) ജനങ്ങൾക്ക് പ്രളയക്കെടുതിമൂലമുണ്ടായ നഷ്ടങ്ങൾ പരിഹരിക്കുന്നതിന് ഇതുവരെ നൽകിയ സഹായങ്ങളുടെ വിശദാംശങ്ങൾ നൽകുമോ?

### ഉത്തരം

(എ) പ്രളയക്കെടുതിയുമായി ബന്ധപ്പെട്ട് വിദേശരാജ്യങ്ങളിൽനിന്ന് സഹായം ലഭിച്ചിട്ടില്ല.

(ബി) ലഭിച്ചിട്ടുണ്ട്. പ്രളയക്കെടുതിയുമായി ബന്ധപ്പെട്ട് മറ്റ് സംസ്ഥാന സർക്കാരുകളിൽനിന്ന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് ലഭിച്ച സഹായധനം താഴെപ്പറയും പ്രകാരമാണ്:

| ക്രമ നമ്പർ | സംസ്ഥാനങ്ങളുടെ പേര് | തുക |
|---|---|---|
| 1 | 2 | 3 |
| 1 | നാഗാലാന്റ് | 10000000 |
| 2 | മിസോറാം | 20000000 |
| 3 | ഒറീസ്സ | 100000000 |
| 4 | ഹിമാചൽപ്രദേശ് | 50000000 |

| 1 | 2 | 3 |
|---|---|---|
| 5 | ഗുജറാത്ത് | 100000000 |
| 6 | പശ്ചിമ ബംഗാൾ | 100000000 |
| 7 | ജമ്മു കാശ്മീർ | 130000000 |
| 8 | ഉത്തർപ്രദേശ് | 150000000 |
| 9 | ആന്ധ്രാ പ്രദേശ് | 200000000 |
| 10 | തെലുങ്കാന | 250000000 |
| ആകെ | | 1110000000 |

(സി & ഡി) പ്രളയദുരന്തവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് നമ്മുടെ സംസ്ഥാനത്തിനകത്തുനിന്നും മറ്റ് സംസ്ഥാന സർക്കാരുകളിൽ നിന്നും വ്യക്തികളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും സംഭാവനയായി 22-1-2019 വരെ ആകെ 3,229.25 കോടി രൂപ ലഭ്യമായിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽനിന്ന് ലഭിച്ച സർക്കാർ ഇതര സംഭാവനകൾ പ്രത്യേകമായി ക്രോഡീകരിച്ചിട്ടില്ല.

(ഇ) പ്രളയദുരന്തവുമായി ബന്ധപ്പെട്ട് 3415937 പേരെ 12253 ക്യാമ്പുകളിലായി 29-5-2018 മുതൽ 31-8-2018 വരെ വിവിധ ദിവസങ്ങളിലും സ്ഥലങ്ങളിലുമായി താമസിപ്പിച്ചു. പ്രളയബാധിതരായ കുടുംബങ്ങൾക്ക് അവശ്യ സാധനങ്ങളടങ്ങുന്ന 7 ലക്ഷത്തിലധികം കിറ്റുകൾ വിതരണം ചെയ്തു. സംസ്ഥാനത്തെ മുഴുവൻ തോട്ടം തൊഴിലാളികൾക്കും സൗജന്യ റേഷൻ ലഭ്യമാക്കി. പ്രളയബാധിത മേഖലയിലെ ദുർബല വിഭാഗങ്ങൾക്കും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും 500 രൂപ വിലവരുന്ന ഭക്ഷ്യധാന്യങ്ങൾ ഉൾക്കൊള്ളുന്ന 326048-ൽ അധികം കിറ്റുകൾ വിതരണം ചെയ്തു. ഇതിനായി 16.3 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രളയക്കെടുതിയിൽ രേഖകൾ നഷ്ടപ്പെട്ടവർക്ക് പുതിയ രേഖകൾ നൽകി. ഇതിന് യാതൊരുവിധ ഫീസും ഈടാക്കുവാൻ പാടുള്ളതല്ല എന്ന് നിർദ്ദേശം നൽകി. സംസ്ഥാന ദുരന്തപ്രതികരണ നിധിയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയും ഉപയോഗിച്ച് 6,85,184 കുടുംബങ്ങൾക്ക് 10,000 രൂപയുടെ അടിയന്തര സഹായം ബാങ്ക് മുഖാന്തരം 27-11-2018 വരെ നൽകിയിട്ടുണ്ട്. പ്രളയാഘാതത്താൽ മാനസിക പ്രശ്നങ്ങൾ നേരിട്ട 83028 വ്യക്തികളെ കണ്ടെത്തി ആവശ്യമായ സഹായം ലഭ്യമാക്കി. പ്രളയബാധിത പ്രദേശങ്ങളിലാകെ ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. ഇതിലേയ്ക്കായി പഞ്ചായത്ത് വാർഡിന് 25,000 രൂപയും മുനിസിപ്പാലിറ്റി/കോർപ്പറേഷൻ വാർഡിന് 50,000 രൂപയും

അനുവദിച്ചു. ജൈവികമായി ജീർണ്ണിക്കാത്ത മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ക്ലീൻ കേരള കമ്പനിയെ ചുമതലപ്പെടുത്തി, അവർക്ക് 25 ലക്ഷം രൂപ നൽകി. RKLS (Resurgent Kerala Loan Scheme) എന്ന സാമ്പത്തിക പദ്ധതി രൂപീകരിച്ച് ഒരു ലക്ഷം രൂപ വരെ വായ്പ നൽകാൻ നടപടി സ്വീകരിക്കാൻ കുടുംബശ്രീയെ ചുമതല ഏൽപ്പിക്കുകയും ഇതിന്റെ പലിശ (9%) ദുരിതാശ്വാസ നിധിയിൽനിന്ന് നൽകാനും തീരുമാനിച്ചു. വൈദ്യുതി വിച്ഛേദിക്കപ്പെട്ട 25.57 ലക്ഷം കെട്ടിടങ്ങളിലേയ്ക്കുള്ള വൈദ്യുതിബന്ധം പുനഃസ്ഥാപിച്ചുനൽകി. 2.36 ലക്ഷം ദുരന്തബാധിതരായ കർഷകർക്കായി ഇതുവരെ 65 കോടി രൂപയുടെ ധനസഹായം സംസ്ഥാന ദുരന്തപ്രതികരണനിധിയിലനിന്നും വിതരണം ചെയ്തു. കൃഷിയിടങ്ങളിലെ ചെളിയും എക്കലും മാറ്റാൻ കൃഷി വകുപ്പിന് 8.4 കോടി രൂപ സംസ്ഥാന ദുരന്തപ്രതികരണനിധിയിൽനിന്നും അനുവദിച്ച് കർഷകർക്ക് നൽകിവരുന്നു. 23-12-2018 വരെ 1,501.3 കോടി രൂപ വിവിധ ഹെഡ്ഡുകളിൽ അനുവദിച്ചിട്ടുണ്ട്. ഇതിൽ 898.01 കോടി രൂപ സംസ്ഥാന ദുരന്തപ്രതികരണനിധിയിൽനിന്നും ചെലവഴിച്ചിട്ടുണ്ട്. പ്രളയവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് 22-1-2018 വരെ മൊത്തം 1372,00,27,652 രൂപ (1372 കോടി ഇരുപത്തി ഏഴായിരത്തി അറുന്നൂറ്റി അൻപത്തിരണ്ട് രൂപ) അനുവദിച്ചിട്ടുണ്ട്. ഈ തുകയിൽ അടിയന്തര ധനസഹായമായി 737475 എണ്ണം കുടുംബങ്ങൾക്ക് 502,21,55,252 രൂപയും (502.21 കോടി രൂപ) ചികിത്സാ ധനസഹായമായി ഒരാൾക്ക് 7 ലക്ഷം രൂപയും നാശനഷ്ടം സംഭവിച്ച വീടുകൾക്കുള്ള നഷ്ടപരിഹാരമായി 247883 എണ്ണം കുടുംബങ്ങൾക്ക് 869,71,72,400 രൂപയും (869.79 കോടി രൂപ) സഹകരണ വകുപ്പിന്റെ മേൽനോട്ടത്തിൽ പുതിയ വീടുകൾ നിർമ്മിച്ചുനൽകുന്ന പദ്ധതിയായ കെയർഹോം പ്രോജക്ടിനായി 44,92,12,052 രൂപയും (44.92 കോടി രൂപ) ഉൾപ്പെടുന്നു.

**സാലറി ചലഞ്ച്**

64 (68) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സൃഷ്ടിക്കായി സർക്കാർ ജീവനക്കാരിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സാലറി ചലഞ്ച് വഴി എത്ര കോടി രൂപ സമാഹരിക്കുവാനാണ് ലക്ഷ്യമിട്ടിരുന്നതെന്ന് വിശദമാക്കാമോ;

(ബി) ഇതിൽ എത്ര കോടി രൂപ ഇതിനകം സംഭാവനയായി പിരിച്ചെടുക്കുവാൻ കഴിഞ്ഞുവെന്നും ഗഡുക്കളായി സംഭാവന ചെയ്യുവാനുള്ള ഓപ്ഷൻ തെരഞ്ഞെടുത്തവർ ബാക്കി ഗഡുക്കൾ കൂടി സംഭാവന ചെയ്ത് കഴിയുമ്പോൾ ആകെ എത്ര കോടി രൂപ ലഭിക്കുമെന്നാണ് കരുതുന്നതെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) സർക്കാർ ജീവനക്കാരുടെ ഒരുമാസത്തെ ശമ്പളച്ചെലവിന് തുല്യമായ 2,200 കോടി രൂപ സാലറി ചലഞ്ച് മുഖേന സമാഹരിക്കണമെന്നതായിരുന്നു ലക്ഷ്യം. അതേസമയം ദുരിതാശ്വാസനിധിയിലേയ്ക്ക് സംഭാവന നൽകുന്ന സാലറി ചലഞ്ച് നിർബന്ധിതമല്ലെന്നും വിട്ടുനിൽക്കാനുള്ള സ്വാതന്ത്ര്യം എല്ലാവർക്കും ഉണ്ടാകുമെന്നും സർക്കാർ തുടക്കം മുതൽതന്നെ വ്യക്തമാക്കിയിരുന്നു. പല കാരണങ്ങളാൽ ഒരു മാസത്തെ സാലറി ചലഞ്ചിൽ പങ്കെടുക്കാൻ ബുദ്ധിമുട്ടുള്ളവർ വിട്ടുനിന്നിട്ടുണ്ട്.

പ്രളയദുരിതാശ്വാസവുമായി ബന്ധപ്പെട്ട് സർക്കാർ ജീവനക്കാരിൽ നിന്നുള്ള സംഭാവന സി.എം.ഡി.ആർ.എഫ്.-നുവേണ്ടി ആരംഭിച്ച ഒരു പ്രത്യേക ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലാണ് വരവുവയ്ക്കുന്നത്. പ്രസ്തുത അക്കൗണ്ടിൽ സാലറി ചലഞ്ച് വഴി 4-2-2019 രാവിലെ 10 മണിവരെയുള്ള കണക്കുകൾ പ്രകാരം 792.28 കോടി രൂപ സംഭാവനയായി ലഭിച്ചിട്ടുണ്ട്. ഇതിൽ 117.69 കോടി രൂപ ജീവനക്കാരുടെ ഉത്സവബത്ത സി.എം.ഡി.ആർ.എഫ്.-ലേയ്ക്ക് വകകൊള്ളിച്ചതാണ്. ഇത് കഴിച്ച് 674.69 കോടി രൂപ ജീവനക്കാരുടെ സാലറി ചലഞ്ച് വഴി ട്രഷറി അക്കൗണ്ടിൽ വരുന്ന തുകയാണ്. പൊതുമേഖലാ സ്ഥാപനങ്ങൾ, ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾ എന്നിവയിലെ ജീവനക്കാർ ബാങ്ക് അക്കൗണ്ടുകളിൽ അടച്ച തുക 133.31 കോടി രൂപയാണ്. ഇത്തരത്തിൽ ഇതിനോടകം 808 കോടി രൂപ സാലറി ചലഞ്ച് വഴി സമാഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്. നിലവിലെ സാഹചര്യത്തിൽ സാലറി ചലഞ്ച് മുഖേന 1500 കോടി രൂപ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**സാലറി ചലഞ്ചിൽ പങ്കെടുത്ത പെൻഷൻകാരും പേഴ്സണൽ സ്റ്റാഫും**

65 (69) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും പേഴ്സണൽ സ്റ്റാഫിൽ നിലവിൽ എത്രപേരുണ്ട്;

(ബി) അവരിൽ എത്ര പേർ സാലറി ചലഞ്ചിൽ പങ്കെടുത്തു;

(സി) പെൻഷൻകാരിൽ നിന്ന് എത്ര രൂപ സാലറി ചലഞ്ച് വഴി സംഭാവനയായി ലഭിച്ചു ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും പേഴ്സണൽ സ്റ്റാഫിൽ നിലവിൽ ശമ്പളം കൈപ്പറ്റുന്ന 440 പേർ ഉണ്ട്.

(ബി) 439 പേർ സാലറി ചലഞ്ചിൽ പങ്കെടുത്തിട്ടുണ്ട്. ഒരാൾ പ്രളയബാധിതനായിരുന്നു.

(സി) 22-1-2019 വരെ പെൻഷൻകാരുടെ പി.റ്റി.എസ്.ബി. അക്കൗണ്ടിൽ നിന്നും തിരുവനന്തപുരം ജില്ലാ ട്രഷറിയിലെ ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയായ TPA 80 എന്ന അക്കൗണ്ടിലേയ്ക്ക് 5,31,49,259 രൂപ (അഞ്ച് കോടി മുപ്പത്തി ഒന്ന് ലക്ഷത്തി നാൽപ്പത്തി ഒൻപതിനായിരത്തി ഇരുന്നൂറ്റി അൻപത്തി ഒമ്പത് രൂപ മാത്രം) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. പെൻഷൻകാർ നേരിട്ട് TPA 80-ലേയ്ക്കോ ബാങ്ക് അക്കൗണ്ടിലേയ്ക്കോ സംഭാവന നൽകിയിട്ടുള്ള തുകയുടെ വിവരം പ്രത്യേകമായി എടുക്കാൻ സംവിധാനം ഇല്ലാത്തതിനാൽ അങ്ങനെ ലഭിച്ച സംഭാവനയുടെ വിവരം ഇതിൽ ഉൾപ്പെടുന്നില്ല.

**സാലറി ചലഞ്ചിൽ പങ്കാളികളായ സർക്കാർ ജീവനക്കാർ**

66 (70) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെയുള്ള സർക്കാർ ജീവനക്കാർ എത്ര; ഇതിൽ ഏത്രപേർ സാലറി ചലഞ്ചിൽ പങ്കാളികളായി; വ്യക്തമാക്കാമോ;

(ബി) സാലറി ചലഞ്ചിൽ പങ്കെടുത്ത് ആദ്യഗഡു സംഭാവന ചെയ്തശേഷം എത്ര ജീവനക്കാർ പിന്മാറിയെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 22-1-2019-ലെ സ്പാർക്ക് വിവരം അനുസരിച്ച് സംസ്ഥാനത്തെ മൊത്തം സർക്കാർ ജീവനക്കാരിൽ (488692) 277791 പേർ സാലറി ചലഞ്ചിൽ പങ്കെടുത്തു.

(ബി) ഒക്ടോബർ 2018-ലെ ശമ്പളത്തിൽ ആദ്യഗഡു നൽകിയതിനുശേഷം സാലറി ചലഞ്ചിൽനിന്നും പിൻമാറിയവരും പുതിയതായി സാലറി ചലഞ്ചിൽ പങ്കുചേർന്നവരുണ്ട്. ഇത് സംബന്ധമായ കണക്കുകൾ പൂർണ്ണമായും ക്രോഡീകരിക്കപ്പെട്ടിട്ടില്ല.

**പ്രളയബാധിതർക്കുള്ള ധനസഹായം**

67 (71) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയ ബാധിതർക്കുള്ള അടിയന്തര സഹായമായി എത്രപേർക്ക്,എത്ര രൂപ വീതം നൽകിയെന്ന് വ്യക്തമാക്കാമോ;

(ബി) അടിയന്തര സഹായമായ നിശ്ചിത തുകയേക്കാൾ അധികം ആർക്കെങ്കിലും അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) എങ്കിൽ ഏത് ജില്ലയിൽ ഏതെല്ലാം പഞ്ചായത്തുകളിൽ എത്രപേർക്കാണ് അധികതുക നൽകിയതെന്ന് വ്യക്തമാക്കാമോ;

(ഡി) ഏതെങ്കിലും ഉദ്യോഗസ്ഥരുടെ പിഴവുകൊണ്ടാണോ ഇങ്ങനെ സംഭവിച്ചതെന്ന് വ്യക്തമാക്കാമോ;

(ഇ) എങ്കിൽ കൃത്യവിലോപം കാണിച്ച ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ എടുത്തിട്ടുണ്ടോ എന്നും അധികതുക തിരികെ ലഭിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) പ്രളയ ദുരന്തബാധിതർക്കുള്ള 10,000 രൂപയുടെ അടിയന്തര സഹായം 690706 പേർക്ക് നൽകിയിട്ടുണ്ട്.

(ബി & സി) പത്തനംതിട്ട ജില്ലയിലെ തിരുവല്ല, കോഴഞ്ചേരി, റാന്നി എന്നീ താലൂക്കുകളിലായി 279 പേർക്കും ആലപ്പുഴ ജില്ലയിൽ അമ്പലപ്പുഴ, ചെങ്ങന്നൂർ താലൂക്കുകളിലായി 1070 പേർക്കും എറണാകുളം ജില്ലയിൽ കോതമംഗലം, കൊച്ചി, കണയന്നൂർ, മൂവാറ്റുപുഴ, കുന്നത്തുനാട്, ആലുവ, പറവൂർ എന്നീ താലൂക്കുകളിലായി 823 പേർക്കും അധിക തുക നൽകിയതായി കണ്ടെത്തിയിട്ടുണ്ട്. ഇതുസംബന്ധിച്ച് താലൂക്ക് തിരിച്ചുള്ള വിവരമാണ് ലഭ്യമായിട്ടുള്ളത്.

(ഡി & ഇ) സൂക്ഷ്മപരിശോധന നടത്തുന്നതിനുള്ള സമയക്കുറവും രണ്ടും മൂന്നും അപേക്ഷകൾ സമർപ്പിച്ചിരുന്നതുകാരണവും ഡാറ്റാ എൻട്രിയിൽവന്ന പിഴവുമൂലവുമാണ് ഇപ്രകാരം സംഭവിച്ചിട്ടുള്ളത്. അധിക തുക കൈപ്പറ്റിയവരിൽ പത്തനംതിട്ട ജില്ലയിൽ 212 പേരിൽനിന്നും എറണാകുളം ജില്ലയിൽ 823 പേരിൽനിന്നും ആലപ്പുഴ ജില്ലയിൽ 1061 പേരിൽനിന്നും തുക തിരികെ ലഭിച്ചിട്ടുണ്ട്. മറ്റുള്ളവരിൽനിന്നുള്ള തുക തിരികെ പിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കൽപ്പറ്റ മണ്ഡലത്തിൽ അനുവദിച്ച ചികിത്സാ സഹായം**

68 (72) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും കൽപ്പറ്റ മണ്ഡലത്തിൽ 2018 ൽ എത്ര രൂപയുടെ ചികിത്സാ സഹായം അനുവദിച്ചു; വ്യക്തമാക്കാമോ;

(ബി) എത്ര ആളുകൾക്കാണ് ഇത്തരത്തിൽ ധനസഹായം ലഭിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) മണ്ഡലം തിരിച്ചുള്ള കണക്ക് സൂക്ഷിക്കാറില്ല.

**ദുരിതാശ്വാസനിധിയിലെ ക്രമക്കേടുകൾ**

69 (73) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽ കുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി തിരിമറിയിലൂടെ കോഴിക്കോട് കളക്ടേറ്റിലെ ഏതെങ്കിലും ജീവനക്കാർ 1.6 കോടി രൂപ തട്ടിയെടുത്ത വിവരം അറിവുണ്ടോ; എങ്കിൽ രേഖകൾ സഹിതം വിശദമാക്കാമോ;

(ബി പ്രസ്തുത കളക്ടേറ്റിലെ ഏതെല്ലാം ജീവനക്കാരാണ് മേൽ പറഞ്ഞ സാമ്പത്തിക ക്രമക്കേടുകളിൽ പങ്കാളികളാണെന്ന വിശദമാക്കുമോ; ആയത് തെളിയിക്കുന്ന രേഖകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(സി) മേൽപറഞ്ഞ സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്തിയ കോഴിക്കോട് ജില്ല ധനകാര്യ സ്ക്വാഡിലെ ഉദ്യോഗസ്ഥരുടെ പേരുവിവരങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ-സി) ഇക്കാര്യം ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം അന്വേഷിച്ചു വരികയാണ്.

**ദുരിതാശ്വാസനിധിയിൽനിന്നും ചികിത്സാ സഹായം**

70 (74) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ സഹായമായി എത്ര കോടി രൂപയാണ് വിതരണം നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ചികിത്സാ സഹായത്തിനുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദുരിതാശ്വാസ നിധിയിൽനിന്നും ചികിത്സാ സഹായമായി 424,22,86,716 (നാന്നൂറ്റി ഇരുപത്തിനാല് കോടി ഇരുപത്തി രണ്ട് ലക്ഷത്തി എൺപത്തി ആറായിരത്തി എഴുന്നൂറ്റി പതിനാറ് രൂപ) രൂപ വിതരണം നടത്തിയിട്ടുണ്ട്.

(ബി) ധനസഹായത്തിന് അർഹതയുള്ളതും പൂർണ്ണവുമായ അപേക്ഷകളുടെ മുൻഗണനയും അടിയന്തര സ്വഭാവവും കണക്കിലെടുത്ത് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചുവരുന്നുണ്ട്. വിതരണത്തിലെ കാലതാമസം ഒഴിവാക്കാനായി ഓൺലൈൻ സംവിധാനം നിലവിൽവന്നിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും 15,000 രൂപ വരെ ധനസഹായം അനുവദിക്കുന്നതിന് റവന്യൂ സ്പെഷ്യൽ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അനുവദിക്കുന്ന തുക അപേക്ഷകന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകുന്നതിനായി Direct Benefit Transfer (DBT) സംവിധാനം നിലവിൽവന്നിട്ടുണ്ട്. മതിയായ രേഖകൾ പരിശോധിച്ച് 10,000 രൂപ വരെയുള്ള ധനസഹായം അനുവദിക്കുന്നതിന് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി**

71 (75) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ആഗസ്റ്റിലെ പ്രളയത്തിനുശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ലഭിക്കുന്ന സംഭാവന തുകകൾ പ്രത്യേകം അക്കൗണ്ട് ചെയ്യുന്നുണ്ടോ എന്നും ഈ തുക പ്രത്യേക അക്കൗണ്ടിൽ സൂക്ഷിക്കുന്നതിനായി തീരുമാനിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ;

(ബി) 2018 ആഗസ്റ്റ് 15 നുശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ഇതുവരെ ആകെ എത്ര തുക സംഭാവനയായി ലഭിച്ചിട്ടുണ്ട്;

(സി) ഒരു കോടി രൂപക്ക് മേൽ സംഭാവന ചെയ്തവർ എത്രയാണ്; പ്രളയവുമായി ബന്ധപ്പെട്ട സംഭാവനകൾ പ്രളയദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായിത്തന്നെ ചെലവഴിക്കുന്നുവെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) പ്രളയവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് പൊതുജനങ്ങളിൽ/സ്ഥാപനങ്ങളിൽനിന്നും ലഭിക്കുന്ന സംഭാവനകൾ വരവ് ചെയ്യുന്നത് 15 ബാങ്കുകളിലും TP-80 ലുമാണ്. കൂടാതെ സർക്കാർ ജീവനക്കാരിൽനിന്നും സാലറി ചലഞ്ച് മുഖേന ലഭ്യമാകുന്ന സംഭാവനകൾ ട്രഷറി സ്പെഷ്യൽ TSB 4798 അക്കൗണ്ടിലാണ് വരവ് ചെയ്യുന്നത്.

(ബി) 2018 ആഗസ്റ്റ് 15-നുശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ പേരിലുള്ള വിവിധ അക്കൗണ്ടുകളിലായി 22-1-2019 വരെ 3229.25 കോടി രൂപ ലഭിച്ചിട്ടുണ്ട്.

(സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് ഒരു കോടി രൂപയ്ക്ക് മേൽ ചെക്ക്/ഡിഡി മുഖേന 147 പേരാണ് സംഭാവന നൽകിയിട്ടുള്ളത്. ഈ തുക പ്രളയ ദുരിതാശ്വാസത്തിന് ചെലവഴിക്കുന്നതിനാണ് അനുവദിക്കുന്നത് എന്ന് ഉറപ്പാക്കുന്നുണ്ട്. പ്രളയവുമായി ബന്ധപ്പെട്ട് ലഭ്യമായ സംഭാവനയിൽനിന്നാണ് നിലവിൽ പ്രളയ ദുരിതാശ്വാസത്തിനായി തുക അനുവദിക്കുന്നത്. വിവിധ അക്കൗണ്ടുകളിൽ പ്രളയവുമായി ബന്ധപ്പെട്ട് ലഭ്യമായ സംഭാവനകൾ റവന്യൂ വകുപ്പിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ പ്രധാന ട്രഷറി പബ്ലിക് അക്കൗണ്ടായ TP 80-ലേയ്ക്ക് ആവശ്യാനുസരണം മാറ്റി അതിൽനിന്നാണ് തുക അനുവദിക്കുന്നത്.

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി**

72 (76) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിനുശേഷം നാളിതുവരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ലഭിച്ച തുകയുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) വിദേശ രാജ്യങ്ങളിൽനിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ) ധനകാര്യ വകുപ്പ് തയ്യാറാക്കിയ 'e-funds' സോഫ്റ്റ്‌വെയർ പ്രകാരം പ്രളയവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ജില്ലാഭരണ സംവിധാനം മുഖേന ലഭിച്ച സംഭാവനകളുടെ ജില്ലതിരിച്ചുള്ള വിവരം താഴെപ്പറയും പ്രകാരമാണ്.

| ജില്ല | ചെക്ക് | ഡിഡി | ആകെ |
|---|---|---|---|
| തിരുവനന്തപുരം | 37,407,691.00 | 4,853,063.00 | 42,260,754.00 |
| കൊല്ലം | 155,584,502.00 | 34,795,604.00 | 190,380,106.00 |
| പത്തനംതിട്ട | 239,746,143.00 | 23,414,457.00 | 263,160,600.00 |
| ആലപ്പുഴ | 45,521,750.00 | 6,904,408.00 | 52,426,158.00 |
| കോട്ടയം | 103,023,877.00 | 10,752,031.00 | 113,775,908.00 |
| ഇടുക്കി | 71,013,093.00 | 7,028,322.00 | 78,041,415.00 |
| എറണാകുളം | 99,911,598.00 | 6,627,098.00 | 106,538,696.00 |
| തൃശ്ശൂർ | 29,800,694.00 | 6,346,085.00 | 36,146,779.00 |
| പാലക്കാട് | 110,885,066.00 | 20,810,964.00 | 131,696,030.00 |
| മലപ്പുറം | 90,730,371.00 | 12,630,506.00 | 103,360,877.00 |
| കോഴിക്കോട് | 122,197,210.00 | 18,928,344.00 | 141,125,554.00 |
| വയനാട് | 20,804,736.00 | 7,696,891.00 | 28,501,627.00 |
| കണ്ണൂർ | 77,739,927.00 | 22,320,187.00 | 100,060,114.00 |
| കാസർഗോഡ് | 22,803,113.00 | 8,666,820.00 | 31,469,933.00 |
| | | ആകെ | 1,41,89,44,551.00 |

CMDRF-ലേയ്ക്ക് 2-2-2019 വരെ ലഭ്യമായ ആകെ സംഭാവന 3249.78 കോടി രൂപയാണ്.

(ബി) വിദേശ രാജ്യങ്ങളിൽനിന്ന് പ്രളയവുമായി ബന്ധപ്പെട്ട് സംഭാവനകൾ ലഭ്യമായിട്ടില്ല.

## ദുരിതാശ്വാസത്തിനുള്ള കേന്ദ്ര സഹായം

73 (77) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന് കേന്ദ്രം അനുവദിച്ച ദുരിതാശ്വാസ ഫണ്ടിലെ 143.54 കോടി രൂപ ചെലവാക്കാതെ ലാപ്സായത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ദുരിതാശ്വാസത്തിനുള്ള കേന്ദ്രസഹായം ചെലവഴിക്കാൻ കഴിയാതെ പോയത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാന ഗവൺമെന്റിന്റെ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഇത്തരത്തിൽ സ്തംഭനാവസ്ഥയിൽ ആകാനുള്ള കാരണങ്ങൾ വിശദമാക്കാമോ?

### ഉത്തരം

(എ-സി) സംസ്ഥാന ദുരന്ത പ്രതികരണ നിധി (SDRF) ദുരന്ത നിവാരണ നിയമപ്രകാരം രൂപീകൃതമായ സഞ്ചിതനിധിയാണ്. ധനകാര്യ കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള ഒരു നിശ്ചിത തുക എല്ലാ വർഷവും ദേശീയ ദുരന്ത പ്രതികരണ നിധിയിൽനിന്നും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിലേയ്ക്ക് അനുവദിക്കും. ഓരോ വർഷവും ലഭിക്കുന്ന തുക അതത് വർഷം ചെലവഴിക്കുന്ന രീതിയല്ല ഈ നിധിക്ക് നിയമപ്രകാരമുള്ളത്. നടപ്പ് സാമ്പത്തിക വർഷം ഉപയോഗിക്കാത്ത തുക അടുത്ത സാമ്പത്തിക വർഷത്തേക്ക് മുതൽക്കൂട്ടുന്നതാണ് ഈ നിധിയുടെ രീതി. ഇത്തരത്തിൽ എപ്പോഴും സംസ്ഥാനത്തിന്റെ കൈവശം അംഗീകൃത ദുരന്തങ്ങളുടെ പ്രതികരണത്തിന് ആവശ്യമായ പണം ഉണ്ടായിരിക്കാനാണ് ഈ നിധിയിലൂടെ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്.

ദുരന്തം ഉണ്ടാകുന്ന അവസരങ്ങളിൽ സംസ്ഥാനത്തെ ദുരന്ത പ്രതികരണ നിധിയിലുള്ള തുക മതിയാകാതെ വരുന്ന സാഹചര്യത്തിൽ സംസ്ഥാനം കേന്ദ്രത്തെ ഒരു മെമ്മോറാണ്ടവുമായി അധിക സഹായത്തിനായി സമീപിക്കുകയും കേന്ദ്ര സർക്കാർ ആവശ്യമാണെങ്കിൽ ഉന്നത ഉദ്യോഗസ്ഥരെ അയച്ച് പരിശോധിച്ച് അധികമായി ആവശ്യമായി വരുമെന്ന് കാണുന്ന തുക നിർണ്ണയിച്ച് കേന്ദ്ര മാനദണ്ഡ പ്രകാരം അധിക സഹായം അനുവദിക്കുകയും ചെയ്യുന്നു.

സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നൽകിയ ഈ തുക ഏതെങ്കിലും പ്രത്യേക മേഖലയിൽ ചെലവഴിക്കാനായിട്ടല്ല നൽകുന്നത്. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിലെ തുക സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡ പ്രകാരം മാത്രമെ വിനിയോഗിക്കാൻ സാധിക്കുകയുള്ളൂ. അധികമായി

അനുവദിക്കുന്ന തുക അതത് ദുരന്തത്തിന് പ്രത്യേക നിധിയായി അല്ല അനുവദിക്കുന്നത്. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിലേയ്ക്ക് മൊത്തത്തിൽ അനുവദിക്കുകയും സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിക്കുന്നത് പ്രകാരം ജില്ലാ കളക്ടർമാരുടെ ആവശ്യാനുസരണം ഉചിതമായ ദുരന്ത പ്രതികരണത്തിന് ചെലവഴിക്കുകയും ചെയ്യുന്നതാണ് ഇതിന്റെ രീതി.

കേന്ദ്ര ഫിനാൻസ് കമ്മീഷൻ നിർണ്ണയിച്ചിട്ടുള്ള മാനദണ്ഡ പ്രകാരം അതത് സാമ്പത്തിക വർഷം സംസ്ഥാന ദുരന്ത പ്രതികരണ നിധിയിലുള്ള മൊത്തം നീക്കിയിരിപ്പ് പരിശോധിച്ച് ആ തുകയുടെ നേർപകുതി കുറവ് ചെയ്തതിന് ശേഷമാണ് കേന്ദ്രം അധിക സഹായം സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ അനുവദിക്കുന്നത് എന്ന് 30-7-2015-ലെ കേന്ദ്ര ഉത്തരവ് No. 3305/2015-NDM-1 നിഷ്കർഷിക്കുന്നുണ്ട്. കേന്ദ്രം അനുവദിച്ച ദുരിതാശ്വാസ ഫണ്ട് ലാപ്സായി എന്നുള്ളത് അടിസ്ഥാനരഹിതമാണ്. ഇതുമൂലം സംസ്ഥാന സർക്കാരിന്റെ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് യാതൊരു സ്തംഭനാവസ്ഥയും ഉണ്ടായിട്ടില്ല.

**രമൺ ശ്രീവാസ്തവ സമിതിയുടെ റിപ്പോർട്ട്**

74 (78) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ദുരന്തമുണ്ടായപ്പോൾ, ഭാവിയിൽ ഇത്തരം ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ നേരിടുന്നതിനുള്ള മാർഗ്ഗങ്ങൾ വിശദമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാനായി ശ്രീ. രമൺ ശ്രീവാസ്തവ അദ്ധ്യക്ഷനായി ഒരു സമിതിയെ നിയോഗിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സമിതി അതിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; അതിലെ പ്രധാന ശിപാർശകൾ എന്തൊക്കെയാണ്;

(സി) ഈ ശിപാർശകളുടെ അടിസ്ഥാനത്തിൽ നിലവിലുള്ള ദുരന്ത നിവാരണ സംവിധാനങ്ങൾ സമഗ്രമായി പരിഷ്കരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) പ്രസ്തുത സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

## പ്രളയാനന്തര പുനർനിർമ്മാണത്തിനായി കേന്ദ്ര സർക്കാർ സഹായം

75 (79) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തര പുനർനിർമ്മാണത്തിനായി കേന്ദ്ര സർക്കാരിൽനിന്ന് എന്തെല്ലാം സഹായങ്ങളാണ് ഇതുവരെ ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) കേന്ദ്ര സർക്കാരിൽനിന്ന് കേരളം എന്തെല്ലാം സഹായങ്ങളാണ് ആവശ്യപ്പെട്ടത്; വിശദവിവരം ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) പ്രളയാനന്തര പുനർനിർമ്മാണത്തിനായി ദേശീയ ദുരന്ത പ്രതികരണ നിധി മാനദണ്ഡമനുസരിച്ച് 5,616 കോടി രൂപയുടെ പുനരധിവാസ സഹായം ആവശ്യപ്പെട്ടിരുന്നു. ഇതുകൂടാതെ പ്രത്യേക ധനസഹായമായി 5,000 കോടി രൂപയുടെ പാക്കേജും ആവശ്യപ്പെട്ടിരുന്നു. പ്രളയാനന്തര പുനർ നിർമ്മാണത്തിനായും നവകേരള സൃഷ്ടിക്കായും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി 2018-19-ൽ ജി.എസ്.ഡി.പി.-യുടെ 3 ശതമാനത്തിൽനിന്നും 4.5 ശതമാനമായും 2019-20-ൽ 3.5 ശതമാനമായും ഉയർത്തണമെന്നും സംസ്ഥാനത്ത് വിൽക്കപ്പെടുന്ന ചരക്ക് സേവനങ്ങൾക്കുമേൽ ചുമത്തുന്ന ജി.എസ്.ടി.-ക്കുമേൽ 10% സെസ്സ് ഏർപ്പെടുത്താൻ അനുവദിക്കണമെന്നും കേന്ദ്രത്തോട് അഭ്യർത്ഥിച്ചിരുന്നു. കൂടാതെ നിലവിൽ ലോകബാങ്ക് സഹായ പദ്ധതികളായ KSTP, NCRMP എന്നീ പദ്ധതികളിലായി ചെലവഴിക്കാൻ കഴിയാതെ വരുന്ന 400 കോടിയോളം രൂപ പ്രളയാനന്തര പുനർ നിർമ്മാണ പ്രവൃത്തികൾക്കായി ഉപയോഗപ്പെടുത്തുന്നതിന് അനുവദിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെടുകയും ചെയ്തിരുന്നു. വിവിധ വകുപ്പുകൾ മുഖേനയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ധനസഹായം 10% വർദ്ധിപ്പിക്കണമെന്ന ആവശ്യവും സംസ്ഥാനം മുന്നോട്ടുവച്ചിരുന്നു.

ദേശീയ ദുരന്ത പ്രതികരണ നിധിയിൽനിന്ന് സംസ്ഥാനത്തിന് 2,904.85 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കടമെടുപ്പ് പരിധി ഉയർത്തുന്നതിനുള്ള സംസ്ഥാനത്തിന്റെ ആവശ്യത്തിനുമേൽ കേന്ദ്രത്തിന്റെ പ്രതികരണം ലഭ്യമായിട്ടില്ല. ജി.എസ്.ടി.-ക്കുമേൽ സെസ് ഏർപ്പെടുത്തണമെന്ന ആവശ്യം ജി.എസ്.ടി. കൗൺസിൽ അനുഭാവപൂർവ്വം പരിഗണിച്ചിട്ടുണ്ട്. ലോക ബാങ്ക് സഹായ പദ്ധതികളായ KSTP, NCRMP എന്നീ പദ്ധതികളിലായി ചെലവഴിക്കാൻ കഴിയാതെ വരുന്ന 400 കോടിയോളം രൂപ ലോക ബാങ്കിന്റെ പ്രൊപ്പോസൽ പ്രകാരം പ്രളയാനന്തര പുനർനിർമ്മാണ പ്രവൃത്തികൾക്കായി ഉപയോഗപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാരിന്റെ സാമ്പത്തികകാര്യ വകുപ്പ് നോ ഒബ്ജക്ഷൻ അറിയിച്ചിട്ടുണ്ട്.

## സംസ്ഥാനത്തിന്റെ പുനർനിർമ്മാണം

76 (80) ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. പി. കെ. ശശി :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പുനർനിർമ്മാണത്തിനായി കൂടുതൽ ധനസഹായം ലഭ്യമാക്കണമെന്ന സംസ്ഥാന സർക്കാരിന്റെ ആവശ്യത്തിന്മേൽ കേന്ദ്രസർക്കാർ എന്ത് നിലപാടാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) ദുരന്തവേളയിൽ വ്യോമസേന നടത്തിയ രക്ഷാപ്രവർത്തനത്തിന് ഫീസായി എത്ര തുക നൽകണമെന്നാണ് കേന്ദ്രം ആവശ്യപ്പെട്ടിരിക്കുന്നത്; വിശദാംശം നൽകാമോ;

(സി) പ്രളയസമയത്ത് കേന്ദ്രം അനുവദിച്ച അരിയ്ക്ക് തുക ഈടാക്കാനുള്ള കേന്ദ്രസർക്കാർ തീരുമാനം പിൻവലിക്കുന്നതിന് സമ്മർദ്ദം ചെലുത്തിയിട്ടുണ്ടോ;

(ഡി) കേരള ജനതയോടുള്ള കേന്ദ്ര സർക്കാരിന്റെ ദയാരഹിതമായ ഇത്തരം നടപടികൾ പിൻവലിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

### ഉത്തരം

(എ) സംസ്ഥാന ദുരന്ത പ്രതികരണ നിധിയിലേയ്ക്ക് കേന്ദ്രം അധിക സഹായം അനുവദിച്ചിട്ടുണ്ട്.

(ബി) ദുരന്തവേളയിൽ വ്യോമസേന നടത്തിയ രക്ഷാപ്രവർത്തനത്തിനായി വിമാനം ഉപയോഗിച്ചതിന്റെ ഫ്യൂവൽ ചാർജസായി 33.9 കോടി രൂപയാണ് കേന്ദ്രം ആവശ്യപ്പെട്ടത്. വിമാനം ഉപയോഗിച്ചതിന്റെ ഫ്യൂവൽ ചാർജസ് ഇനത്തിൽ ആവശ്യപ്പെട്ട ഈ തുക ഒഴിവാക്കിത്തരണമെന്നും കേന്ദ്രത്തോട് സംസ്ഥാനം ശക്തമായി ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) പ്രളയ ദുരിതാശ്വാസത്തിനായി കേന്ദ്ര സർക്കാർ അനുവദിച്ച അരി സൗജന്യമായി ലഭ്യമാക്കണമെന്ന് ഭക്ഷ്യ വകുപ്പ് സെക്രട്ടറിതലത്തിലും ഭക്ഷ്യ വകുപ്പുമന്ത്രിതലത്തിലും കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചുവെങ്കിലും കേന്ദ്ര സർക്കാർ പ്രസ്തുത ആവശ്യം പരിഗണിക്കുകയുണ്ടായില്ല. പ്രസ്തുത തുക ദേശീയ ദുരന്ത നിവാരണ മാർഗ്ഗരേഖകൾ പ്രകാരം സംസ്ഥാനത്തിന് അനുവദിക്കുന്ന ദുരന്ത നിവാരണ ഫണ്ടിൽനിന്ന് ഈടാക്കും എന്നാണ് അറിയിച്ചത്.

(ഡി) കേരളത്തിന്റെ പുനർനിർമ്മാണവുമായി ബന്ധപ്പെട്ട ആവശ്യങ്ങൾ നേടിയെടുക്കുന്നതിനായി പലവട്ടം പ്രധാനമന്ത്രിയുമായും ബന്ധപ്പെട്ട കേന്ദ്രമന്ത്രിമാരുമായും ചർച്ച നടത്തുകയുണ്ടായി. തുടർന്നും ഈ ആവശ്യങ്ങൾ നേടിയെടുക്കുന്നതിനായി സമ്മർദ്ദം ചെലുത്തുന്നതാണ്.

**ചികിത്സാ ധനസഹായ വിതരണം**

77 (81) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലത്തൂർ നിയോജക മണ്ഡലത്തിൽ ആകെ എത്ര തുകയാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ചികിത്സാധനസഹായ ഇനത്തിൽ വിതരണം ചെയ്തിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) ഈ ചികിത്സാ ധനസഹായം ലഭിച്ചവരുടെ എണ്ണം വില്ലേജ് തിരിച്ച് ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) മണ്ഡലം/വില്ലേജ് തിരിച്ചുള്ള കണക്ക് സൂക്ഷിക്കാറില്ല.

**ഏവിയേഷൻ ഫ്യൂവൽ വാറ്റ് ഇളവ്**

78 (82) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന് പത്ത് വർഷത്തേക്ക് ഏവിയേഷൻ ഫ്യുവൽ വാറ്റ് ഒരു ശതമാനമാക്കി കുറച്ച് നിശ്ചയിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിലേക്ക് നയിച്ച സാഹചര്യമെന്തെന്ന് വിശദീകരിക്കാമോ;

(ബി) കരിപ്പൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽ ഇതേ ഇന്ധന വാറ്റ് ഇരുപത്തെട്ട് ശതമാനം ഈടാക്കുമ്പോൾ തൊട്ടടുത്ത കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന് ഇത് ഒരു ശതമാനം ആകയാൽ കരിപ്പൂരിൽ നിന്നുള്ള ആഭ്യന്തര വിമാന സർവ്വീസുകളെ ഈ തീരുമാനം സാരമായി ബാധിക്കുമെന്ന് വിലയിരുത്തുന്നുണ്ടോ; എങ്കിൽ ഇതിൽ എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(സി) കണ്ണൂർ വിമാനത്താവളത്തിന് നൽകിയ പ്രത്യേക പരിഗണന കരിപ്പൂർ വിമാനത്താവളത്തിനും നൽകി അവിടെയും ഇന്ധന വാറ്റ് ഒരു ശതമാനമാക്കി കുറച്ച് നിശ്ചയിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. എയർലൈൻ ഓപ്പറേറ്റർമാരുടെ സഹായത്തോടെ ആഭ്യന്തര വിമാനയാത്രയെ പ്രോത്സാഹിപ്പിക്കുന്നതിലേക്കായി കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാർ, എയർലൈൻ ഓപ്പറേറ്റർമാർ എന്നിവർ സംയുക്തമായി സഹകരിച്ച് ആഭ്യന്തര റൂട്ടുകളിൽ ചെലവ് കുറഞ്ഞ വിമാനയാത്ര സാധ്യമാക്കുന്നതിന് നടപ്പിലാക്കിയ റീജിയണൽ കണക്ടിവിടി സ്കീമിന്റെ (ആർ.സി.എസ്. സ്കീം-ഉഡാൻ) നിബന്ധനകൾ പ്രകാരം ആർ.സി.എസ്. വിമാനത്താവളങ്ങൾ ഏവിയേഷൻ ടർബൈൻ ഫ്യൂവലിന്മേലുള്ള (എ.റ്റി.എഫ്.) വാറ്റ് 10 വർഷത്തേയ്ക്ക് ഒരു ശതമാനമായി കുറയ്ക്കേണ്ടതുണ്ട്. കൂടാതെ ഏകദേശം 2,250 കോടി രൂപ മുതൽമുടക്കി സ്ഥാപിച്ചിട്ടുള്ള ഈ വിമാനത്താവളത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് ഭാരിച്ച സാമ്പത്തികം ആവശ്യമാണ്. ഒരു ഗ്രീൻ ഫീൽഡ് എയർപോർട്ട് ആയതിനാൽ കണ്ണൂർ വിമാനത്താവളത്തിലെ മാനവശേഷി ഉൾപ്പെടെയുള്ള എല്ലാ സേവനങ്ങളുടെയും ചെലവ് എയർപോർട്ട് തന്നെ വഹിക്കേണ്ടതായിട്ടുണ്ട്. ATF-ന്മേലുള്ള നികുതി 10 വർഷത്തേയ്ക്ക് ഒരു ശതമാനമാക്കിയാൽ മാത്രമെ കണ്ണൂർ വിമാനത്താവളത്തിലേയ്ക്ക് കൂടുതൽ വിമാനക്കമ്പനികളെ ആകർഷിക്കുന്നതിനും അതോടൊപ്പം യാത്രക്കാരുടെ ടിക്കറ്റ് നിരക്ക് കുറയ്ക്കുന്നതിനും സാധിക്കുകയുള്ളൂ. ഈ സാഹചര്യത്തിൽ ഉഡാൻ സ്കീമിൽ ഉൾപ്പെട്ട കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിനും ആഭ്യന്തര വിമാന സർവ്വീസുകൾ നടത്തുന്ന വിമാനങ്ങൾക്ക് ഏവിയേഷൻ ടർബൈൻ ഫ്യൂവലിന്മേലുള്ള KGST ഒരു ശതമാനമായി കുറച്ചിട്ടുണ്ട്.

(ബി&സി) കണ്ണൂർ, കാസർഗോഡ്, കർണ്ണാടകം എന്നിവിടങ്ങളിലെ യാത്രക്കാരാണ് കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തെ കൂടുതൽ ആശ്രയിക്കുന്നത്. ആയതിനാൽ കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽനിന്നും ആഭ്യന്തര വിമാന സർവ്വീസുകൾ നടത്തുന്ന വിമാനങ്ങൾക്ക് ഏവിയേഷൻ ടർബൈൻ ഫ്യൂവലിന്മേലുള്ള KGST ഒരു ശതമാനമായി കുറച്ചത് കരിപ്പൂരിൽനിന്നുള്ള ആഭ്യന്തര വിമാന സർവ്വീസുകളെ സാരമായി ബാധിക്കുമെന്ന് കരുതുന്നില്ല.

**എരുമേലിയിലെ വിമാനത്താവള നിർമ്മാണം**

79 (83) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ ദർശനത്തിനായി എത്തുന്ന അയ്യപ്പ ഭക്തർക്ക് കൂടുതൽ യാത്രാ സൗകര്യം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി എരുമേലിയിൽ വിമാനത്താവളം നിർമ്മിക്കുവാൻ സംസ്ഥാന സർക്കാർ നടപടികൾ സ്വീകരിച്ചു വരുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ സാദ്ധ്യതാപഠന റിപ്പോർട്ട് ലഭിച്ചുവോ; വിശദമാക്കാമോ;

(സി) കേന്ദ്രാനുമതി ലഭിക്കുന്നതിനായി ഇതിനകം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) ശബരിമല തീർത്ഥാടകരുടെ സൗകര്യാർത്ഥം ഒരു ഗ്രീൻ ഫീൽഡ് എയർപോർട്ട് സ്ഥാപിക്കുന്നതിന് സംസ്ഥാന സർക്കാർ തത്വത്തിൽ അംഗീകാരം നൽകുകയും സാധ്യതാപഠനം നടത്തുന്നതിന് കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനെ (കെ.എസ്.ഐ.ഡി.സി.) ചുമതലപ്പെടുത്തുകയുമുണ്ടായി. തുടർന്ന് ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി പഠനത്തിനായും പരിസ്ഥിതി ആഘാത പഠനത്തിനായും Louis Berger Consulting Pvt. Ltd. എന്ന സ്ഥാപനത്തെ കൺസൾട്ടന്റായി തെരഞ്ഞെടുക്കുകയും ചെയ്തു. കൺസൾട്ടന്റ് ലഭ്യമാക്കിയ പ്രാരംഭ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള മാതൃകയിൽ അന്താരാഷ്ട്ര വിമാനത്താവളം നിർമ്മിക്കുന്നതിനാണ് വിഭാവന ചെയ്യുന്നത്. ഇതിലേയ്ക്കാവശ്യമായ ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ട് (TEFR) കൺസൾട്ടന്റ് ലഭ്യമാക്കിയിട്ടുണ്ട്. ആയത് സർക്കാരിന്റെ പരിഗണനയിലാണ്. ഇത് അംഗീകരിക്കുന്നമുറയ്ക്ക് കേന്ദ്രാനുമതി ഉൾപ്പെടെയുള്ളവ ലഭിക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**കൊച്ചി അന്താരാഷ്ട്ര വിമാനത്താവള വികസനം**

80 (84) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ എന്തെല്ലാം പുതിയ വികസന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട് എന്ന് അറിയിക്കാമോ;

(ബി) നിലവിൽ എന്തെല്ലാം വികസന പദ്ധതികൾ നടന്നുവരുന്നു എന്ന് അറിയിക്കാമോ?

ഉത്തരം

(എ) 850 കോടി രൂപ മുതൽമുടക്കിൽ അന്താരാഷ്ട്ര യാത്രക്കാർക്കായി 15 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണത്തിൽ അത്യാധുനിക സൗകര്യങ്ങളുൾക്കൊള്ളിച്ച പുതിയ അന്താരാഷ്ട്ര ടെർമിനൽ, അനുബന്ധ പദ്ധതികളായ റോഡുകൾ, പാലങ്ങൾ, ഏപ്രൺ മുതലായവ 400 കോടി രൂപ മുതൽമുടക്കിൽ പൂർത്തിയാക്കി 13-3-2017-ന് രാഷ്ട്രത്തിനായി സമർപ്പിച്ചിട്ടുണ്ട്.

240 കോടി രൂപ മുതൽമുടക്കി കേരള പരമ്പരാഗത വാസ്തുശില്പ ശൈലിയിൽ അന്താരാഷ്ട്ര നിലവാരത്തിൽ നവീകരിച്ച ആറ് ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ആഭ്യന്തര ടെർമിനൽ 12-12-2018-ന് രാഷ്ട്രത്തിന് സമർപ്പിച്ചു. മണിക്കൂറിൽ 4000 യാത്രക്കാരെ കൈകാര്യം ചെയ്യാൻ ശേഷിയുള്ളതാണ് ടി ടെർമിനൽ.

സിയാലിന്റെ സൗരോർജ്ജ പ്ലാന്റിന്റെ സ്ഥാപിതശേഷി 40 മെഗാവാട്ടായി ഉയർത്തിയതോടൊപ്പം 2600 കാറുകൾക്ക് പാർക്ക് ചെയ്യുന്നതിനുള്ള കാർപോർട്ടും സജ്ജീകരിച്ചിട്ടുണ്ട്. 5.1 മെഗാവാട്ട് ശേഷിയുള്ള രാജ്യത്തെ ഏറ്റവും വലിയ സൗരോർജ്ജ കാർപോർട്ടും ലോകത്തിലെ ഏറ്റവും വലിയ വിമാനത്താവള സൗരോർജ്ജ കാർപ്പോർട്ടുമാണിത്.

(ബി) പുതിയ നാലുവരിപ്പാതയുടെയും വിമാനത്താവളത്തിന്റെ അകത്തുള്ള റോഡുകളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടക്കുന്നു. 280.07 കോടി രൂപ മുതൽമുടക്കിൽ അന്താരാഷ്ട്ര ടെർമിനലുകളുടെ വടക്കുഭാഗത്ത് നിർമ്മിക്കുന്ന ഏപ്രൺ, മറ്റ് അനുബന്ധ വികസന പ്രവർത്തനങ്ങൾ, 74 കോടി രൂപ മുതൽമുടക്കി നവീകരിക്കുന്ന കാർഗോ കോംപ്ലക്സ്, പുതിയ ഇറക്കുമതി ടെർമിനൽ, ബന്ധപ്പെട്ട അത്യാധുനിക അന്താരാഷ്ട്ര നിലവാരത്തിലുള്ള സൗകര്യങ്ങൾ എന്നിവയുടെ നിർമ്മാണം ഇക്കൊല്ലം ആരംഭിക്കും. 185 കോടി രൂപ മുതൽമുടക്കി റൺവേയുടെയും ടാക്സിവേകളുടെയും റീകാർപ്പെറ്റിംഗ് സംവിധാനം കാറ്റഗറി 1-ൽനിന്നും കാറ്റഗറി 3-ലേയ് ഉയർത്തുന്ന പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതാണ്. 77 കോടി രൂപ വിനിയോഗിച്ച് നിർമ്മിക്കുന്ന ചതുർ നക്ഷത്ര (4-Star) ഹോട്ടലിന്റെ നിർമ്മാണം ത്വരിതഗതിയിൽ നടന്നുവരുന്നു.

**തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള സ്വകാര്യവൽക്കരണം**

81 (85) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം സ്വകാര്യ വത്കരിക്കുന്നതിനുള്ള കേന്ദ്ര തീരുമാനത്തെ തുടർന്ന് ഇതിനെതിരെ സംസ്ഥാന സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്;

(ബി) സംസ്ഥാന സർക്കാർ പ്രസ്തുത വിമാനത്താവളത്തിന്റെ സ്വകാര്യ വൽകരണ ടെൻഡറിൽ പങ്കെടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി പ്രത്യേക കമ്പനി രൂപീകരിച്ചിട്ടുണ്ടോ;

(സി) സർക്കാർ രൂപീകരിച്ച കമ്പനി പ്രസ്തുത ടെൻഡറിൽ പങ്കെടുക്കുന്നത് സ്വകാര്യ വൽക്കരണത്തിനെതിരായി നിയമസഭ പാസ്സാക്കിയ പ്രമേയത്തിന്റെ സ്പിരിറ്റിനെതിരാണെന്ന വാദഗതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പശ്ചിമബംഗാൾ സർക്കാർ ചെയ്തത് പോലെ സംസ്ഥാന സർക്കാരും എസ്.എസ്.എ.-ൽ ഒപ്പുവയ്ക്കുകയില്ലെന്ന് പ്രഖ്യാപിക്കുന്നതിന് തീരുമാനമെടുക്കുമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം വിമാനത്താവളത്തിന്റെ ടെർമിനലുകളുടെ വികസനവും പരിപാലനവും അടക്കമുള്ള മേഖലകൾ മത്സരാധിഷ്ഠിത ലേലത്തിലൂടെ പൊതു-സ്വകാര്യ മേഖലയ്ക്ക് കൈമാറുന്നതിനുള്ള തീരുമാനമാണ് കേന്ദ്ര സർക്കാർ കൈക്കൊണ്ടിട്ടുള്ളത്. ഈ തീരുമാനം പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര വ്യോമയാന മന്ത്രിക്ക് രണ്ടുതവണ കത്ത് അയച്ചിട്ടുണ്ട്. വിമാനത്താവളങ്ങളുടെ നിർമ്മാണത്തിലും നടത്തിപ്പിലുമുള്ള സംസ്ഥാനത്തിന്റെ പരിചയം കണക്കിലെടുത്ത് തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നടത്തിപ്പും ഭാവി വികസന പ്രവർത്തനങ്ങളും സംസ്ഥാന സർക്കാരിനെ ഏൽപ്പിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. അതോടൊപ്പം ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള സംഘം കേന്ദ്രത്തിലെ വ്യോമയാന മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിശോധിക്കുന്നതിന് നിയോഗിച്ചിട്ടുള്ള സെക്രട്ടറിമാരുടെ സംഘവുമായി ഇതുസംബന്ധിച്ച് ചർച്ച നടത്തുകയുണ്ടായി. കൂടാതെ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നടത്തിപ്പും വികസനവും സംസ്ഥാനത്തിന്റെ അധീനതയിലുള്ള ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) മുഖേന നടപ്പിലാക്കണമെന്നും നാളിതുവരെ വിമാനത്താവളത്തിനായി ഏറ്റെടുത്ത് നൽകിയ ഭൂമിവിലയ്ക്ക് തത്തുല്യമായ ഓഹരി സംസ്ഥാനത്തിന് നൽകണമെന്നുമുള്ള സർക്കാർ നിർദ്ദേശം അറിയിക്കുകയുണ്ടായി.

(ബി) സംസ്ഥാന നിർദ്ദേശത്തോട് കേന്ദ്രം അനുകൂല നിലപാട് സ്വീകരിക്കാത്തതിനാൽ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം ഏറ്റെടുത്ത് നടത്തുന്നതിനായി സംസ്ഥാന സർക്കാർ സ്പോൺസർ ചെയ്യുന്ന തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള ലിമിറ്റഡ് (TIAL) എന്ന ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. മത്സരാധിഷ്ഠിതമായ ലേലമായതിനാൽ ബിഡ് സംബന്ധമായ വിഷയങ്ങളിൽ തീരുമാനം കൈക്കൊള്ളുന്നതിലേക്കായി ടെക്നിക്കൽ ആൻഡ് ഫിനാൻഷ്യൽ കൺസൾട്ടന്റിനേയും ലീഗൽ കൺസൾട്ടന്റിനേയും നിയമിച്ചിട്ടുണ്ട്.

(സി &ഡി) ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റഴിക്കുന്ന കേന്ദ്ര നയത്തിനെതിരായുള്ള സമീപനമാണ് സംസ്ഥാനം കൈക്കൊണ്ടിട്ടുള്ളത്. സംസ്ഥാന താൽപ്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ടുള്ള വിമാനത്താവള നടത്തിപ്പ് വിഭാവന ചെയ്തിട്ടുള്ളതിനാലാണ് സംസ്ഥാന സർക്കാർ സ്പോൺസർ ചെയ്യുന്ന കമ്പനി മത്സരാധിഷ്ഠിതമായ ലേലത്തിൽ പങ്കെടുക്കുന്നത്.

## തിരുവനന്തപുരം വിമാനത്താവളത്തിന്റെ സ്വകാര്യവത്കരണം

82 (86) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം സ്വകാര്യവത്കരിക്കുന്നതിന് കേന്ദ്രസർക്കാർ നീക്കം നടത്തുന്നതായുള്ള വിവരം ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ലാഭകരമായി പ്രവർത്തിക്കുന്ന തിരുവനന്തപുരം വിമാനത്താവളം സ്വകാര്യവൽക്കരിക്കുന്നതിന് പിന്നിൽ എന്തൊക്കെ സാഹചര്യങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ;

(സി) സ്വകാര്യവൽക്കരിക്കുന്ന സാഹചര്യമുണ്ടായാൽ വിമാനത്താവളത്തിന് സംസ്ഥാന സർക്കാർ കൈമാറിയ ഭൂമിയുടെ കാര്യത്തിൽ എന്ത് തീരുമാനമുണ്ടാകുമെന്ന് വ്യക്തമാക്കാമോ;

(ഡി) വിമാനത്താവളം ലേലം ചെയ്യുകയാണെങ്കിൽ റൈറ്റ് ഓഫ് ഫസ്റ്റ് റഫ്യൂസൽ സംസ്ഥാന സർക്കാരിന് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

### ഉത്തരം

(എ-ഡി) തിരുവനന്തപുരം വിമാനത്താവളത്തിന്റെ ടെർമിനലുകളുടെ വികസനവും പരിപാലനവും അടക്കമുള്ള മേഖലകൾ മത്സരാധിഷ്ഠിത ലേലത്തിലൂടെ കണ്ടെത്തുന്ന പൊതു-സ്വകാര്യ മേഖലയ്ക്ക് കൈമാറുന്നതിനുള്ള തീരുമാനമാണ് കേന്ദ്ര സർക്കാർ കൈക്കൊണ്ടിട്ടുള്ളത്. ഈ തീരുമാനം പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര വ്യോമയാന മന്ത്രിക്ക് രണ്ട് തവണ കത്ത് അയച്ചിട്ടുണ്ട്. വിമാനത്താവളങ്ങളുടെ നിർമ്മാണത്തിലും നടത്തിപ്പിലുമുള്ള സംസ്ഥാനത്തിന്റെ പരിചയം കണക്കിലെടുത്ത് തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നടത്തിപ്പും ഭാവി വികസന പ്രവർത്തനങ്ങളും സംസ്ഥാന സർക്കാരിനെ ഏൽപ്പിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. അതോടൊപ്പം ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള സംഘം കേന്ദ്രത്തിലെ വ്യോമയാന മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിശോധിക്കുന്നതിന് നിയോഗിച്ചിട്ടുള്ള സെക്രട്ടറിമാരുടെ സംഘവുമായി ഇതുസംബന്ധിച്ച് ചർച്ച നടത്തുകയുണ്ടായി. കൂടാതെ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നടത്തിപ്പും

വികസനവും സംസ്ഥാനത്തിന്റെ അധീനതയിലുള്ള ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) മുഖേന നടപ്പിലാക്കണമെന്നും നാളിതുവരെ വിമാനത്താവളത്തിനായി ഏറ്റെടുത്ത് നൽകിയ ഭൂമിവിലയ്ക്ക് തത്തുല്യമായ ഓഹരി സംസ്ഥാനത്തിന് നൽകണമെന്നുമുള്ള സർക്കാർ നിർദ്ദേശം അറിയിക്കുകയുണ്ടായി.

സംസ്ഥാന നിർദ്ദേശത്തോട് കേന്ദ്രം അനുകൂല നിലപാട് സ്വീകരിക്കാത്തതിനാൽ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം ഏറ്റെടുത്ത് നടത്തുന്നതിനായി സംസ്ഥാന സർക്കാർ സ്പോൺസർ ചെയ്യുന്ന തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള ലിമിറ്റഡ് (TIAL) എന്ന ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. മത്സരാധിഷ്ഠിതമായ ലേലമായതിനാൽ ബിഡ് സംബന്ധമായ വിഷയങ്ങളിൽ തീരുമാനം കൈക്കൊള്ളുന്നതിലേക്കായി ടെക്നിക്കൽ ആൻഡ് ഫിനാൻഷ്യൽ കൺസൾട്ടന്റിനേയും ലീഗൽ കൺസൾട്ടന്റിനേയും നിയമിച്ചിട്ടുണ്ട്. വിമാനത്താവളം ലേലം ചെയ്യുകയാണെങ്കിൽ തിരുവനന്തപുരം വിമാനത്താവളത്തിന്റെ ബിഡിനുള്ള നടപടിക്രമങ്ങളിൽ കേരള സർക്കാർ സ്പോൺസർ ചെയ്യുന്ന SPV-ക്ക് 10% റൈറ്റ് ഓഫ് ഫസ്റ്റ് റഫ്യൂസൽ (RoFR) നൽകാമെന്ന് കേന്ദ്ര സർക്കാർ ഭേദഗതി വരുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ബിഡ് സമർപ്പിക്കുന്നതിലേക്കായി കേരള സർക്കാർ കെ.എസ്.ഐ.ഡി.സി.-യും മറ്റ് സ്ഥാപനങ്ങളുമായി ചേർന്ന് ഒരു കൺസോർഷ്യം രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

**വിമാനത്താവളങ്ങളിലെ ഇന്ധന നികുതി**

83 (87) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിമാനത്താവളങ്ങളിൽ ഇന്ധന നികുതിക്ക് നൽകിവരുന്ന വാറ്റ് തീരുവയിൽ ഇളവുകൾ നൽകി സർക്കാർ ഉത്തരവിറക്കിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ എല്ലാ വിമാനത്താവളങ്ങൾക്കും ഒരേ നിരക്കിലാണോ ഇളവുകൾ നൽകിയിട്ടുള്ളത്; അല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ഉയർന്ന ഇന്ധന നികുതി നിരക്ക് കാരണം കരിപ്പൂരിൽ നിന്നുള്ള ആഭ്യന്തര സർവ്വീസുകൾ നിർത്തിവച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കണ്ണൂർ എയർപോർട്ടിന് നൽകുന്ന നികുതി ഇളവുകൾ പൊതുമേഖലയിലുള്ള കോഴിക്കോട് വിമാനത്താവളത്തിനെ ദോഷകരമായി ബാധിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത തീരുമാനം പുനഃപരിശോധിക്കുമോ;

(ഇ) എങ്കിൽ കോഴിക്കോട് വിമാനത്താവളത്തിലും ഇന്ധന നികുതിയിൽ ഇളവ് നൽകുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) എയർലൈൻ ഓപ്പറേറ്റർമാരുടെ സഹായത്തോടെ ആഭ്യന്തര വിമാനയാത്രയെ പ്രോത്സാഹിപ്പിക്കുന്നതിലേയ്ക്കായി കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാർ, എയർലൈൻ ഓപ്പറേറ്റർമാർ എന്നിവർ സംയുക്തമായി സഹകരിച്ച് ആഭ്യന്തര റൂട്ടുകളിൽ ചെലവ് കുറഞ്ഞ വിമാനയാത്ര സാധ്യമാക്കുന്നതിന് നടപ്പിലാക്കിയ റീജിയണൽ കണക്റ്റിവിറ്റി സ്കീമിന്റെ (ആർ.സി.എസ്. സ്കീം-ഉഡാൻ) നിബന്ധനകൾ പ്രകാരം ആർ.സി.എസ്. വിമാനത്താവളങ്ങൾ ഏവിയേഷൻ ടർബൈൻ ഫ്യൂവലിന്മേലുള്ള (എ.റ്റി.എഫ്.) വാറ്റ് 10 വർഷത്തേയ്ക്ക് ഒരു ശതമാനമായി കുറയ്ക്കേണ്ടതുണ്ട്. കൂടാതെ ഏകദേശം 2,250 കോടി രൂപ മുതൽമുടക്കി സ്ഥാപിച്ചിട്ടുള്ള കണ്ണൂർ വിമാനത്താവളത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് ഭാരിച്ച സാമ്പത്തികം ആവശ്യമാണ്. ഒരു ഗ്രീൻ ഫീൽഡ് എയർപോർട്ട് ആയതിനാൽ ഈ വിമാനത്താവളത്തിലെ മാനവശേഷി ഉൾപ്പെടെയുള്ള എല്ലാ സേവനങ്ങളുടെയും ചെലവ് എയർപോർട്ടുതന്നെ വഹിക്കേണ്ടതായിട്ടുണ്ട്. ATF-മേലുള്ള നികുതി 10 വർഷത്തേക്ക് ഒരു ശതമാനം ആക്കിയാൽ മാത്രമേ കണ്ണൂർ വിമാനത്താവളത്തിലേയ്ക്ക് കൂടുതൽ വിമാനക്കമ്പനികളെ ആകർഷിക്കുന്നതിനും അതോടൊപ്പം യാത്രക്കാരുടെ ടിക്കറ്റ് നിരക്ക് കുറയ്ക്കുന്നതിനും സാധിക്കുകയുള്ളൂ. ഈ സാഹചര്യത്തിൽ ഉഡാൻ സ്കീമിൽ ഉൾപ്പെട്ട കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിനും ആഭ്യന്തര വിമാന സർവ്വീസുകൾ നടത്തുന്ന വിമാനങ്ങൾക്ക് ഏവിയേഷൻ ടർബൈൻ ഫ്യൂവലിന്മേലുള്ള KGST ഒരു ശതമാനമായി കുറച്ചിട്ടുണ്ട്.

(സി-ഇ) പുതിയ വിമാനത്താവളമായതിനാലും ഉഡാൻ പദ്ധതിയിൽ ഉൾപ്പെടേണ്ടതിനാലുമാണ് ഇന്ധന നികുതി പത്ത് വർഷത്തേയ്ക്ക് ഒരു ശതമാനമായി കുറയ്ക്കാൻ തീരുമാനിച്ചത്. കൂടുതൽ വിമാന കമ്പനികളെ ആകർഷിക്കുന്നതിനും ടിക്കറ്റ് നിരക്ക് കുറയ്ക്കുന്നതിനും ഇതുമൂലം കഴിഞ്ഞിട്ടുണ്ട്. ഇത്തരമൊരു സമീപനം സ്വീകരിച്ചതുകൊണ്ടാണ് ആഭ്യന്തര റൂട്ടുകളിൽ ചെലവ് കുറഞ്ഞ വിമാനയാത്ര സാധ്യമാക്കുന്നതിന് നടപ്പിലാക്കിയ റീജിയണൽ കണക്റ്റിവിറ്റി ഉഡാൻ സ്കീമിൽ കണ്ണൂർ വിമാനത്താവളത്തെ ഉൾപ്പെടുത്താൻ കഴിഞ്ഞത്. ഇത് ആഭ്യന്തര യാത്രക്കാരെ സംബന്ധിച്ചിടത്തോളം പ്രയോജനകരമാണ്. കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം വിമാനത്താവളങ്ങൾക്ക് ഈ

ഇളവിന് അർഹത വരുന്നില്ല. കണ്ണൂർ, കാസർഗോഡ് ജില്ലകൾക്ക് പുറമെ കർണ്ണാടക സംസ്ഥാനത്തെ യാത്രക്കാരാണ് കണ്ണൂർ വിമാനത്താവളത്തെ കൂടുതലായി ആശ്രയിക്കുന്നത്. ആയതിനാൽ കണ്ണൂർ വിമാനത്താവളത്തിന് നൽകിയ ഇളവ് കരിപ്പൂരിൽനിന്നുള്ള ആഭ്യന്തര വിമാന സർവ്വീസുകളെ സാരമായി ബാധിക്കുമെന്ന് കരുതുന്നില്ല.

**കൊച്ചി മെട്രോയുടെ നിർമ്മാണ പ്രവർത്തനങ്ങൾ**

84 (88) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) കൊച്ചി മെട്രോ തൃപ്പൂണിത്തുറയിലേക്ക് നീട്ടുന്നതിനുള്ള പ്രവർത്തനങ്ങൾ ഏതുവരെയായി എന്ന് അറിയിക്കാമോ ;

(സി) ഈ നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) കൊച്ചി മെട്രോയുടെ ആലുവ മുതൽ പേട്ട വരെയുള്ള ഒന്നാംഘട്ട നിർമ്മാണത്തിൽ ഉൾപ്പെട്ട 25.612 കി.മീ.-ൽ 18 കി.മീ. ഭാഗം ഇപ്പോൾ പ്രവർത്തനം നടത്തിവരുന്നു. ഒന്നാംഘട്ടത്തിൽ ഉൾപ്പെട്ട ബാക്കി 7.612 കി.മീ. ഭാഗത്ത് അതിവേഗം നിർമ്മാണം പുരോഗമിക്കുന്നു. ഇതിൽ മഹാരാജാസ് മുതൽ തൈക്കൂടം വരെയുള്ള ഭാഗം ജൂണിലും തൈക്കൂടം മുതൽ പേട്ട വരെയുള്ള ഭാഗം ഡിസംബറിലും കമ്മീഷൻ ചെയ്യാൻ ഉദ്ദേശിക്കുന്നു.

(ബി) ഒന്നാംഘട്ടം ദീർഘിപ്പിക്കുന്നതിന്റെ ഭാഗമായുള്ള പേട്ട മുതൽ എസ്.എൻ. ജംഗ്ഷൻ വരെയുള്ള (ഘട്ടം-1A) ഭാഗം നിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള ടെണ്ടർ നടപടികൾ അന്തിമഘട്ടത്തിലാണ്. പ്രസ്തുത പദ്ധതിക്കായുള്ള സ്ഥലം ഏറ്റെടുക്കൽ നടപടികളും പുരോഗമിക്കുന്നുണ്ട്. സ്ഥലങ്ങൾ ലഭിക്കുന്നപക്ഷം പദ്ധതി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. എസ്.എൻ. ജംഗ്ഷൻ മുതൽ തൃപ്പൂണ്ണിത്തുറ വരെയുള്ള ഭാഗത്തിന്റെ വിശദമായ പദ്ധതി റിപ്പോർട്ട് ഭരണാനുമതി നൽകുന്നതിനായി പരിശോധിച്ചുവരുന്നു.

(സി) ആവശ്യമായ അനുമതികളും സ്ഥലവും ലഭ്യമാകുന്നമുറയ്ക്ക് പേട്ട-എസ്.എൻ. ജംഗ്ഷൻ പദ്ധതി 2021 ഡിസംബറിലും എസ്.എൻ. ജംഗ്ഷൻ - തൃപ്പൂണ്ണിത്തുറ ഭാഗം 2022 ഡിസംബറിലും പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു.

## കേരള സർക്കാരിന്റെ രണ്ടാം വാർഷികാഘോഷങ്ങളുടെ പ്രചാരണചെലവ്

85 (89) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാരിന്റെ രണ്ടാം വാർഷികവുമായി ബന്ധപ്പെട്ട് പരസ്യം നൽകിയ വകയിൽ എന്ത് തുക ചെലവഴിച്ചു; പത്ര, ദൃശ്യ, ശ്രവ്യ മാധ്യമങ്ങൾ വഴിയും സോഷ്യൽമീഡിയവഴിയും ഉണ്ടായ ചെലവുകൾ ഇനം തിരിച്ച് നൽകാമോ;

(ബി) രണ്ടാം വാർഷികാഘോഷങ്ങളുമായി ബന്ധപ്പെട്ട് സാമൂഹ്യ മാധ്യമങ്ങളിലൂടെയുള്ള പ്രചരണത്തിന് എന്ത് തുക ചെലവഴിച്ചു; ഈ പ്രചരണത്തിന് ഏത് ഏജൻസിയെ ആണ് ചുമതലപ്പെടുത്തിയിരുന്നത്; പ്രസ്തുത സ്ഥാപനത്തെ എപ്രകാരമാണ് തെരഞ്ഞെടുത്തത് എന്നിവ വ്യക്തമാക്കാമോ;

(സി) രണ്ടാം വാർഷികാഘോഷങ്ങളുടെ ഭാഗമായി കെ.എസ്.ആർ.ടി.സി ബസ്സുകളിൽ പരസ്യം നൽകിയിരുന്നോ; പ്രസ്തുത ഇനത്തിൽ എന്ത് തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ആകെ 1,88,27,278 രൂപ (ഒരു കോടി എൺപത്തി എട്ട് ലക്ഷത്തി ഇരുപത്തി ഏഴായിരത്തി ഇരുന്നൂറ്റി എഴുപത്തിഎട്ട് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. പത്ര-ദൃശ്യ മാധ്യമങ്ങൾ വഴി പരസ്യം നൽകിയ വകയിൽ വിവിധ മാധ്യമങ്ങൾ സമർപ്പിച്ച ബില്ലുകളിന്മേൽ തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തുക ചെലവഴിച്ചിട്ടില്ല.

സോഷ്യൽ മീഡിയവഴി പരസ്യം നൽകിയിട്ടില്ല.

ശ്രവ്യ മാധ്യമങ്ങൾവഴി പരസ്യം നൽകിയ വകയിൽ 73,85,054 രൂപ (എഴുപത്തിമൂന്ന് ലക്ഷത്തി എൺപത്തയ്യായിരത്തി അൻപത്തി നാല് രൂപ മാത്രം ചെലവഴിച്ചിട്ടുണ്ട്.)

(ബി) സാമൂഹ്യ മാധ്യമങ്ങൾ വഴിയുള്ള പ്രചരണത്തിന് തുക ചെലവഴിക്കുകയോ ഏജൻസിയെ ചുമതലപ്പെടുത്തുയോ ചെയ്തിട്ടില്ല.

(സി) പരസ്യം നൽകിയിരുന്നു. കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ പരസ്യം നൽകിയ വകയിൽ 58,41,000 രൂപ (അൻപത്തിഎട്ട് ലക്ഷത്തി നാൽപ്പത്തൊന്നായിരം രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്.

## പദ്ധതികൾ ജനങ്ങളിലേയ്ക്ക് എത്തിക്കാൻ നടപടി

86 (90) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരങ്ങളും സർക്കാരിന്റെ നേട്ടങ്ങളും ജനങ്ങളിലേക്ക് കൂടുതലായി പ്രചരിപ്പിക്കുന്നതിലേക്കായി സാമൂഹ്യ മാധ്യമങ്ങൾ ഉൾപ്പെടെയുള്ള നൂതന മാർഗ്ഗങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ടോ;എങ്കിൽ വിശദാംശം അറിയിക്കാമോ;

(ബി) ഇല്ലെങ്കിൽ ഇത്തരം മാർഗ്ഗങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) നിലവിൽ സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടൽ (www.kerala.gov.in), ന്യൂസ് പോർട്ടൽ (www.keralanews.gov.in), വിവര പൊതുജന സമ്പർക്ക വകുപ്പിന്റെ വെബ്സൈറ്റ് (www.prd.kerala.gov.in), മൊബൈൽ ന്യൂസ് ആപ്ലിക്കേഷൻ (PRD Live) എന്നിവ വഴിയും വകുപ്പിന്റെ ഫേസ്ബുക്ക്, ട്വിറ്റർ, യൂ ട്യൂബ് അക്കൗണ്ടുകൾ മുഖാന്തരവും സർക്കാരിന്റെ വിവിധ പദ്ധതികളുടെയും നേട്ടങ്ങളുടെയും വിവരങ്ങൾ നൽകിവരുന്നുണ്ട്.

## പ്രവാസി കമ്മീഷന്റെ പ്രവർത്തനങ്ങൾ

87 (91) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി മലയാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനുമായി രൂപീകരിച്ച പ്രവാസി കമ്മീഷന്റെ ഇതുവരെയുള്ള പ്രവർത്തന പുരോഗതി വിശദീകരിക്കാമോ;

(ബി) പ്രവാസി കമ്മീഷൻ ഇതിനകം എത്ര സിറ്റിംഗുകൾ സംഘടിപ്പിച്ചു വെന്നും എത്ര പരാതികൾ ലഭിച്ചുവെന്നും എന്തെല്ലാം പരിഹാര നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(സി) ഏറ്റവും കൂടുതൽ പ്രവാസികളുള്ള മലബാർ മേഖലയിൽ കമ്മീഷന്റെ പ്രവർത്തനം വിപുലീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പുതിയ മേഖലാ ഓഫീസുകളും ജില്ലാ ഓഫീസുകളും ആരംഭിക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) 2015-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ആക്ട് (2016-ലെ 3-ാം നമ്പർ ആക്ട്) പ്രകാരം രൂപീകരിച്ച പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ പ്രവാസി ഭാരതീയരായ കേരളീയരുടെയും കുടുംബാംഗങ്ങളുടെയും താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനും അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും സംസ്ഥാനത്തിന്റെ വിവിധ ജില്ലകൾതോറും നിരവധി സിറ്റിംഗുകളും ബോധവൽക്കരണ ക്ലാസ്സുകളും നടത്തിവരുന്നു. പ്രവാസികളുടെ പരാതികൾക്ക് വിവിധ വകുപ്പുകളും ഏജൻസികളുമായി ബന്ധപ്പെട്ട് ശാശ്വത പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിന് ഇതിനകം കമ്മീഷന് കഴിഞ്ഞിട്ടുണ്ട്. 30-4-2016 മുതൽ 21-1-2019 വരെ സംസ്ഥാനത്തുടനീളം കമ്മീഷൻ 50 സിറ്റിംഗുകൾ നടത്തിയിട്ടുണ്ട്. ഈ കാലയളവിൽ ലഭിച്ച 550-ഓളം പരാതികളിൽ 405 എണ്ണം ഒ.പി.-കളായി രജിസ്റ്റർ ചെയ്ത് നടപടികൾ സ്വീകരിച്ചുവരുന്നു. അവശേഷിച്ച പരാതികളിൽ അതത് വകുപ്പുകൾ/ ഏജൻസികളുമായി ബന്ധപ്പെട്ട് പരിഹാരം കണ്ടെത്തുന്നതിന് കമ്മീഷന് കഴിഞ്ഞിട്ടുണ്ട്. തിരികെവന്ന പ്രവാസികൾക്ക് സേവനാനുകൂല്യങ്ങൾ ലഭിക്കുന്നതിനായി കമ്മീഷന്റെ ഗൾഫ് മേഖലയിലെ അംഗങ്ങൾ മുഖേന നടപടി സ്വീകരിച്ചുവരുന്നു. തിരികെയെത്തുന്ന പ്രവാസികൾക്ക് പുനരധിവാസ സംരംഭങ്ങൾ തുടങ്ങുന്നതുമായി ബന്ധപ്പെട്ടുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. പ്രവാസികൾ നേരിടേണ്ടിവരുന്ന പ്രശ്നങ്ങളായ വസ്തു/അതിർത്തി തർക്കം, കുടുംബ പ്രശ്നങ്ങൾ, ധനപരമായി കബളിപ്പിക്കൽ, കേരള പ്രവാസി കേരളീയ ക്ഷേമബോർഡിൽനിന്നും നോർക്ക റൂട്ട്സിൽനിന്നും മറ്റും ലഭിക്കേണ്ട വിവിധ ആനുകൂല്യങ്ങൾ എന്നിവയ്ക്കെല്ലാം കമ്മീഷൻ ഇടപെട്ട് പരിഹാരം കണ്ടെത്തുന്നുണ്ട്. കൂടാതെ ഗൾഫ് മേഖലയിലുള്ള കമ്മീഷന്റെ അംഗങ്ങൾ വിദേശത്തുള്ള കേരളീയരായ പ്രവാസികളുടെ വിവിധ പ്രശ്നങ്ങളിലിടപെട്ട് അവർക്ക് നിയമപരമായ എല്ലാ സഹായവും ചെയ്തുവരുന്നു.

(സി) മലബാർ മേഖലയിൽ കമ്മീഷന്റെ പ്രവർത്തനം ഇതിനകംതന്നെ വിപുലപ്പെടുത്തിയിട്ടുണ്ട്. ഈ മേഖലയിൽ മാത്രമായി 13 സിറ്റിംഗുകൾ/ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തി പ്രവാസികളിൽ അവബോധം സൃഷ്ടിക്കുന്നതിനും പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനും കമ്മീഷന് കഴിഞ്ഞിട്ടുണ്ട്. പുതിയ മേഖലാ ഓഫീസുകളും ജില്ലാ ഓഫീസുകളും ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**ഒമാനിൽ കുടുങ്ങിയ മിനി ചുണ്ടയിലിനെ നാട്ടിലെത്തിക്കുന്നതിന് നടപടി**

88 (92) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജോലി ആവശ്യാർത്ഥം യു.എ.ഇ.-ൽ നിന്നും ഒമാനിലേയ്ക്ക് പോയ കൂടരഞ്ഞി കക്കാടംപൊയിൽ സ്വദേശിനി ശ്രീമതി. മിനി ചുണ്ടയിലിനെ നാട്ടിലെത്തിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ഇവരെ അടിയന്തരമായി നാട്ടിലെത്തിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ശ്രീമതി മിനി ചുണ്ടയിലിനെ ഒമാനിൽനിന്നും നാട്ടിൽ തിരികെ എത്തിക്കുന്നതിനുള്ള സഹായം അഭ്യർത്ഥിച്ചുകൊണ്ട് ശ്രീമതി ത്രേസ്യാമ്മ സമർപ്പിച്ച അപേക്ഷ സംബന്ധിച്ച വിഷയത്തിന്മേൽ ഒമാനിലെ ഇൻഡ്യൻ എംബസിയുടെ സഹായം തേടിയിരുന്നു. ശ്രീമതി മിനി ചുണ്ടയിലിനെ ഫോൺ മുഖാന്തരം ബന്ധപ്പെടാൻ ശ്രമിച്ചെങ്കിലും പ്രസ്തുത ഫോൺ നമ്പർ സാധുവായതല്ലാത്തതിനാൽ ആയതിന് കഴിഞ്ഞിട്ടില്ലാത്തതാണെന്നും തുടർന്ന് ടിയാളുടെ സ്പോൺസറായ ശ്രീ ദർവേഷിനെയും ടിയാളുടെ മകനെയും ഫോൺ മുഖാന്തരം ബന്ധപ്പെട്ടപ്പോൾ അവർ ശ്രീമതി മിനി ചുണ്ടയിലിന്റെ വിഷയത്തിൽ പ്രതികരിക്കാൻ തയ്യാറായിട്ടില്ലെന്നും ടിയാൾ അവരോടൊപ്പം ജോലി ചെയ്യുന്നുണ്ടോയെന്ന വിവരംപോലും സ്ഥിരീകരിക്കാൻ അവർ തയ്യാറായിട്ടില്ലെന്നും ആയതിനാൽ ഈ വിഷയത്തിൽ ഒമാനിലെ വിദേശകാര്യ മന്ത്രാലയവുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിച്ചുവരുന്നുവെന്നും ഒമാനിലെ ഇൻഡ്യൻ എംബസിയിൽനിന്നും അറിയിച്ചിട്ടുണ്ട്. ഈ വിവരം പരാതിക്കാരിയെ അറിയിച്ചിട്ടുണ്ട്. കൂടാതെ ശ്രീമതി മിനിയെ നടപടിക്രമങ്ങൾ പാലിക്കാതെ ഒമാനിലേയ്ക്ക് കൊണ്ടുപോയ ഏജന്റുമാർക്കെതിരെ കർശന നടപടിയെടുത്ത് റിപ്പോർട്ട് സമർപ്പിക്കാൻ സംസ്ഥാന പോലീസ് മേധാവി, എൻ.ആർ.ഐ. സെൽ പോലീസ് സൂപ്രണ്ട് എന്നിവരോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

(സി) ഒമാനിലെ വിദേശകാര്യ മന്ത്രാലയവുമായി ബന്ധപ്പെട്ട് ഒമാനിലെ ഇന്ത്യൻ എംബസി മുഖാന്തരം തുടർനടപടികൾ സ്വീകരിച്ചുവരികയാണ്.

**മാവേലിക്കര നിയമസഭാ മണ്ഡലത്തിലെ പ്രവാസി പദ്ധതി**

89 (93 ) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ നോർക്കയുടെ നേതൃത്വത്തിൽ പ്രവാസി പദ്ധതി ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത ആവശ്യത്തിനായി എത്ര ഏക്കർ സ്ഥലമാണ് ഏറ്റെടുത്തതെന്നും അവിടെ നോർക്കയുടെ കെട്ടിട നിർമ്മാണത്തിനായി എത്ര തുക അനുവദിച്ചു എന്നും വിശദമാക്കാമോ?

ഉത്തരം

(എ) പ്രവാസി മലയാളികൾക്കുവേണ്ടി ഹെറിറ്റേജ്ഹോം പ്രോജക്ടിനായി റവന്യൂ വകുപ്പ് ഭൂമി കൈമാറ്റ വ്യവസ്ഥയനുസരിച്ച് ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിൽ കണ്ണമംഗലം വില്ലേജിൽ 1/1, 1/8, 1/9, 1/10, 1/11 എന്നീ സർവ്വേ നമ്പറുകളിൽപ്പെട്ട 2-1.03 ഹെക്ടർ Bought in land-ന്റെ ഉടമസ്ഥാവകാശം 18-8-2005-ലെ സ.ഉ. (കൈ) നമ്പർ 256/05/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം നോർക്ക വകുപ്പിന് കൈമാറിയിരുന്നു. എന്നാൽ ഉടമസ്ഥാവകാശം നോർക്ക വകുപ്പിന് നൽകി വില്ലേജ് രേഖകളിൽ നാളിതുവരെ മാറ്റം വരുത്തിയിട്ടില്ല.

ഈ സ്ഥലത്ത് മുമ്പ് പ്രവർത്തിച്ചിരുന്ന കേരള ക്ലോറൈറ്റ് ആൻഡ് കെമിക്കൽസ് എന്ന സ്ഥാപനവുമായി ബന്ധപ്പെട്ട് സെയിൽസ് ടാക്സ്, കറന്റ് ചാർജ്, തൊഴിലാളി ക്ഷേമനിധി വിഹിതം, ടെലിഫോൺ ചാർജ്, കെട്ടിട നികുതി എന്നിവയിൽ ഭീമമായ കുടിശ്ശിക നിലവിലുണ്ട്. ഭൂമി ഏറ്റെടുത്ത ദിവസം ടി സ്ഥാപനത്തിലെ ജംഗമങ്ങൾ ലേലം ചെയ്ത ഇനത്തിൽ ലഭിച്ച 1,08,028 രൂപ കെ.എസ്.ഇ.ബി.എൽ.-ൽ അടച്ചിട്ടുണ്ട്. ആയതിലെ ബാക്കി തുകയും പ്രസ്തുത സ്ഥാപനത്തിന്റെ കെട്ടിട നികുതി ഉൾപ്പെടെയുള്ള തുകകളും ചേർന്ന് 1,60,23,199 രൂപയിലധികം ബാധ്യതയുണ്ട്. പ്രസ്തുത തുക അടച്ചുതീർക്കുന്നതിനുള്ള മറ്റ് മാർഗ്ഗങ്ങളില്ലാത്തതിനാൽ ആലപ്പുഴ ജില്ലാ കളക്ടറോട് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ നടപടി പൂർത്തിയാകുന്നമുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

(ബി) മാവേലിക്കര താലൂക്കിൽ കണ്ണമംഗലം വില്ലേജിലെ സർവ്വേ നമ്പർ 1/1, 1/8, 1/9, 1/10, 1/11-ൽ ഉൾപ്പെട്ട 5 ഏക്കർ സ്ഥലമാണ് പ്രസ്തുത ആവശ്യത്തിനായി ഏറ്റെടുത്തിട്ടുള്ളത്. അടുത്ത സാമ്പത്തിക വർഷത്തിൽ ടി സ്ഥലത്ത് പുതിയ പദ്ധതി ആവിഷ്കരിക്കുന്നതിനുള്ള ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

## പ്രവാസികളുടെ പുനരധിവാസം

90 (94) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ കാരണങ്ങളാൽ തൊഴിൽ നഷ്ടപ്പെട്ട് കേരളത്തിലേക്ക് തിരിച്ചുവരുന്ന പ്രവാസികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എത്ര പ്രവാസികൾ ഇപ്രകാരം തിരിച്ചുവന്നുവെന്ന കണക്ക് സർക്കാർ ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) ജോലി നഷ്ടപ്പെട്ട് ഗൾഫിൽ നിന്നും തിരികെയെത്തിയ പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) ഉണ്ട്. കണക്ക് ശേഖരിച്ചിട്ടില്ല.

(ബി) ഗൾഫ് രാജ്യങ്ങളിൽനിന്ന് തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചുവരുന്ന പ്രവാസി മലയാളികൾക്ക് ചെറുകിട സംരംഭങ്ങൾ തുടങ്ങുന്നതിനും സ്വയംതൊഴിൽ കണ്ടെത്തുന്നതിനും നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ചുരുങ്ങിയത് രണ്ടുവർഷമെങ്കിലും വിദേശത്ത് ജോലി ചെയ്തതിനുശേഷം സ്ഥിരമായി നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികളെയും അത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയേയും ഈ പദ്ധതിയുടെ ആനുകൂല്യത്തിന് പരിഗണിക്കുന്നതാണ്. പരമാവധി 30 ലക്ഷം രൂപ അടങ്കൽ മൂലധന ചെലവ് വരുന്ന പദ്ധതികൾക്ക് 15% മൂലധന സബ്സിഡിയും ആദ്യ നാലുവർഷം 3% പലിശ സബ്സിഡിയും നൽകി ബാങ്ക് വായ്പ ലഭ്യമാക്കുന്നതാണ്. നിലവിൽ ബാങ്ക് വായ്പ നൽകുന്ന ബാങ്കുകൾ എസ്.ബി.ഐ., സൗത്ത് ഇൻഡ്യൻ ബാങ്ക്, യൂണിയൻ ബാങ്ക് എന്നിവയാണ് ദേശസാൽകൃത ബാങ്കുകൾക്ക് പുറമെ കേരള സംസ്ഥാന പിന്നാക്ക വിഭാഗ കോർപ്പറേഷൻ, കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന അഗ്രികൾച്ചറൽ റൂറൽ ഡെവലപ്മെന്റ് ബാങ്ക്, കേരള സംസ്ഥാന പ്രവാസി കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്നിവയുമായി പദ്ധതി നടത്തിപ്പിന് ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്.

പദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പിനുവേണ്ടി താൽപ്പര്യമുള്ള മേഖലകളിൽ മേഖലാടിസ്ഥാനത്തിൽ പരിശീലന കളരികൾ, ബോധവൽക്കരണ സെമിനാറുകൾ എന്നിവ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (സി.എം.ഡി.) എന്ന

സ്ഥാപനം മുഖാന്തരം നടത്തിവരുന്നുണ്ട്. ഇതിനുപുറമേ പദ്ധതിയിൽകീഴിൽ അപേക്ഷിക്കുന്നവർക്ക് സംരംഭങ്ങൾ നടത്തുന്നത് സംബന്ധിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശം നൽകുക, പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി നൽകുക, പ്രോജക്ട് റിപ്പോർട്ട് ബാങ്കുകൾക്ക് സ്വീകാര്യമാകത്തക്ക രീതിയിൽ വിശകലനം നടത്തുക, സംരംഭം തുടങ്ങുന്നതിന് വേണ്ട വിവിധ നടപടിക്രമങ്ങളെക്കുറിച്ച് മാർഗ്ഗനിർദ്ദേശം നൽകുക എന്നിവ സി.എം.ഡി. മുഖാന്തരം ചെയ്യുന്നുണ്ട്. ഈ പദ്ധതിയിൻകീഴിൽ ആരംഭിക്കുന്ന സ്വയംതൊഴിൽ സംരംഭങ്ങൾക്ക് ആദ്യ ആറ് മാസം സി.എം.ഡി. ആവശ്യമായ സാങ്കേതിക സഹായങ്ങൾ നൽകുന്ന തരത്തിൽ ധാരണാപത്രത്തിലേർപ്പെട്ടിട്ടുണ്ട്.

**ചെങ്ങന്നൂരിലെ നോർക്കയുടെ ഉപഓഫീസ്**

91 (95) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികളുടെ സാമൂഹ്യ സുരക്ഷ ലക്ഷ്യമിട്ട് സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) നോർക്ക ഓഫീസിന്റെ ഒരു ഉപഓഫീസ് ചെങ്ങന്നൂർ കേന്ദ്രീകരിച്ച് ആരംഭിക്കുന്നതിനുള്ള ആവശ്യകത സർക്കാരിന് ബോധ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രവാസികളുടെ സാമൂഹ്യ സുരക്ഷ ലക്ഷ്യമിട്ട് നോർക്ക റൂട്ട്സ്, കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് എന്നിവ മുഖേന ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾ നടപ്പാക്കിവരുന്നു:

സാന്ത്വന പദ്ധതി

തിരികെയെത്തിയ ദുരിതമനുഭവിക്കുന്ന പ്രവാസി കേരളീയർക്കായുള്ള ദുരിതാശ്വാസ നിധിയായ സാന്ത്വന പദ്ധതി 2005 മുതൽ നടപ്പിലാക്കിയിട്ടുണ്ട്. നിർദ്ധനരായ പ്രവാസി കുടുംബാംഗങ്ങളെ അത്യാവശ്യ ഘട്ടങ്ങളിൽ സാമ്പത്തികമായി സഹായിക്കുകയെന്ന ലക്ഷ്യത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. മരണാനന്തര ധനസഹായമായി പരമാവധി 1,00,000 രൂപയും ചികിത്സാ ധനസഹായമായി പരമാവധി 50,000 രൂപയും വിവാഹ ധനസഹായമായി പരമാവധി 15,000 രൂപയും നൽകിവരുന്നു.

കാരുണ്യം പദ്ധതി

പ്രവാസികളായ കേരളീയരുടെ (ഇന്ത്യയ്ക്ക് പുറത്തോ ഇതര സംസ്ഥാനങ്ങളിലോ ഉള്ളവർ) മൃതശരീരം സ്വദേശത്തേക്ക് കൊണ്ടുവരുന്നതിനുള്ള പദ്ധതി. ടി പദ്ധതിയിലൂടെ മരണമടഞ്ഞ പ്രവാസിയുടെ നിയമാനുസൃത അവകാശിക്ക് ധനസഹായം നൽകിവരുന്നു. അന്യസംസ്ഥാനത്തുനിന്നും മൃതശരീരം നാട്ടിലെത്തിക്കുന്നതിന് പരമാവധി 15,000 രൂപയും വിദേശത്തുനിന്നും മൃതശരീരം നാട്ടിലെത്തിക്കുന്നതിന് പരമാവധി 50,000 രൂപയുമാണ് നൽകിവരുന്നത്.

പെൻഷൻ പദ്ധതി

കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് മുഖേന 2014 സെപ്റ്റംബർ മാസം മുതൽ പ്രവാസികൾക്കുള്ള പെൻഷൻ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ളവർക്ക് പ്രതിമാസം 2,000 രൂപ പെൻഷൻ നൽകിവരുന്നു.

വ്യാജ റിക്രൂട്ട്മെന്റ്, വിസ തട്ടിപ്പ് എന്നിവയ്ക്കെതിരെയുള്ള ബോധവൽക്കരണം

വിദേശ റിക്രൂട്ട്മെന്റുമായി ബന്ധപ്പെട്ട ചൂഷണങ്ങൾ, വിസ തട്ടിപ്പ് എന്നിവയ്ക്കെതിരെയുള്ള ബോധവൽക്കരണ പരിപാടികൾ വിവിധ ദൃശ്യ-ശ്രാവ്യ-പത്ര മാധ്യമങ്ങളിലൂടെ നടത്തിവരുന്നു.

തിരിച്ചുവന്ന പ്രവാസികൾക്കായുള്ള പുനരധിവാസ പദ്ധതി

തൊഴിൽരഹിതരായി തിരികെയെത്തുന്ന പ്രവാസികളുടെ പുനരധിവാസത്തിനായി നടപ്പിലാക്കിയിരിക്കുന്ന പദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്റ്റ് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM). പരമാവധി മുപ്പത് ലക്ഷം രൂപ അടങ്കൽ മൂലധനച്ചെലവ് വരുന്ന പദ്ധതികൾക്ക് 15% മൂലധന സബ്സിഡിയും ആദ്യ നാല് വർഷം 3% പലിശ സബ്സിഡിയും നൽകി ബാങ്ക് വായ്പ ലഭ്യമാക്കുന്നതാണ് ഈ പദ്ധതി.

എൻ.ബി.എഫ്.സി. (നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ)

പ്രവാസികളിൽ നിക്ഷേപം നടത്താനും സംരംഭം തുടങ്ങാനും താൽപ്പര്യമുള്ളവർക്ക് സംരംഭമേഖലയെക്കുറിച്ച് സമഗ്രമായ സഹായം നൽകുന്നതിനായി ഒരു പ്രത്യേക സെൽ രൂപീകരിച്ചിട്ടുണ്ട്.

<u>സ്വപ്ന സാഫല്യം</u>

തങ്ങളുടേതല്ലാത്ത കാരണങ്ങളാൽ ചെറിയ കുറ്റങ്ങൾക്ക് വിദേശ ജയിലുകളിൽ ശിക്ഷ അനുഭവിച്ച് മോചിതരാകുന്ന മലയാളികൾക്ക് സൗജന്യ വിമാന ടിക്കറ്റ് നൽകുന്ന പദ്ധതിയാണിത്.

<u>കോൾ സെന്റർ</u>

വകുപ്പിനെ സംബന്ധിച്ച വിവരങ്ങൾ, നോർക്ക റൂട്ട്സ് ഇവയുടെ കീഴിൽ വരുന്ന മറ്റ് ഓഫീസുകൾ സംബന്ധിച്ച വിവരങ്ങൾ, സേവനങ്ങൾ, പദ്ധതികൾ, പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ, അത്യാവശ്യ ഘട്ടങ്ങളിൽ ആവശ്യമായ ഉപദേശങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനായി 24 മണിക്കൂറും ഒരു കോൾ സെന്റർ പ്രവർത്തിക്കുന്നു.

<u>സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ</u>

വിദേശ രാജ്യങ്ങളിൽ തൊഴിൽ തേടുന്നവർക്ക് അവരുടെ വിദ്യാഭ്യാസ/വിദ്യാഭ്യാസേതര സർട്ടിഫിക്കറ്റിൽ എച്ച്.ആർ.ഡി. അറ്റസ്റ്റേഷൻ, എം.ഇ.എ. അറ്റസ്റ്റേഷൻ, പോകുന്ന രാജ്യത്തിന്റെ എംബസി അറ്റസ്റ്റേഷൻ എന്നിവ നോർക്ക റൂട്ട്സിൽ വളരെ കുറഞ്ഞ സർവ്വീസ് ചാർജ്ജിൽ ചെയ്തുകൊടുക്കുന്നുണ്ട്. കൂടാതെ ഓൺലൈൻ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

<u>ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനവും ഡാറ്റാബേസ് രൂപീകരണവും പദ്ധതി</u>

പ്രവാസികളേയും തിരികെയെത്തുന്ന പ്രവാസികളെയും കുറിച്ചുള്ള കൃത്യവും സമഗ്രവുമായ ഒരു ഡാറ്റാബേസ് നോർക്ക റൂട്ട്സ് മുഖേന രൂപീകരിച്ചിട്ടുണ്ട്.

<u>എൻ.ആർ.കെ.ഐ.ഡി. കാർഡ്/പ്രവാസി ഐ.ഡി. കാർഡ് (വിദേശത്തുള്ള പ്രവാസികൾക്ക്) എൻ.ആർ.കെ. ഇൻഷ്വറൻസ് കാർഡ് (അന്യസംസ്ഥാന മലയാളികൾക്ക്)</u>

അപകട മരണത്തിന് പരമാവധി രണ്ട് ലക്ഷം രൂപ വരെയുള്ള ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നു. സ്ഥിരമായ/പൂർണ്ണമായ/ഭാഗികമായ വൈകല്യം എന്നിവയ്ക്ക് അംഗവൈകല്യത്തിന് ആനുപാതികമായി ഒരു ലക്ഷം രൂപ വരെ ലഭിക്കുന്നു.

മേൽപ്പറഞ്ഞവ കൂടാതെ കുടുംബ പെൻഷൻ, അവശതാ പെൻഷൻ, മരണമടയുന്ന അംഗങ്ങളുടെ ആശ്രിതർക്ക് ധനസഹായം, ചികിത്സാ സഹായം, വിവാഹ ധനസഹായം, പ്രസവാനുകൂല്യം, വിദ്യാഭ്യാസ ഗ്രാന്റ് തുടങ്ങിയ പദ്ധതികളും പദ്ധതി ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിനുള്ള ബോധവത്കരണ പരിപാടികളും കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് മുഖേന

നടപ്പാക്കിവരുന്നു. ഗുരുതരമായ അസുഖങ്ങൾ പിടിപെട്ട് നാട്ടിലെത്തുന്ന പ്രവാസികളെ വിവിധ എയർപോർട്ടുകളിൽനിന്നും അവരുടെ വീട്ടിലേക്കോ/ ആശുപത്രികളിലേക്കോ സൗജന്യമായി എത്തിക്കുന്നതിന് ആവശ്യമായ ആംബുലൻസ് സേവനവും നടത്തിവരുന്നുണ്ട്.

(ബി) നിലവിൽ നോർക്ക റൂട്ട്സിന് തിരുവനന്തപുരത്ത് ആസ്ഥാന ഓഫീസും എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ റീജിയണൽ ഓഫീസും പ്രവർത്തിച്ചുവരുന്നു. കൂടാതെ ജില്ലാതലങ്ങളിൽ 11 സെല്ലുകളും പ്രവർത്തിക്കുന്നുണ്ട്. ചെങ്ങന്നൂർ കേന്ദ്രീകരിച്ച് ഉപഓഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**പ്രവാസികൾക്കായുള്ള വിവിധ പദ്ധതികൾ**

92 (96) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികൾക്ക് വീട് നിർമ്മാണത്തിന് ധനസഹായമുൾപ്പെടെയുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രവാസികൾക്കായി ഡിവിഡന്റ് പെൻഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; പദ്ധതിയെക്കുറിച്ചുള്ള വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പ്രവാസികളെക്കുറിച്ച് സമഗ്രമായ പഠനം നടത്തുന്നതിനായി ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് മൈഗ്രേഷൻ എന്ന സ്ഥാപനം തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ടോ; ഇതിന്റെ വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) കേരള പ്രവാസി ക്ഷേമനിധിയിലെ അംഗങ്ങളിൽ സ്വന്തമായി വീടില്ലാത്തവർക്ക് വീട് വയ്ക്കുന്നതിന് ഭൂമി ലഭ്യമാക്കുന്ന ഒരു പദ്ധതിയാണ് ആലോചിക്കുന്നത്. ഭൂമി ലഭ്യമാകുന്ന സ്ഥലങ്ങളിൽ സർക്കാർ ഏജൻസികൾ മുഖേന ബോർഡ് ഭൂമി വാങ്ങി അടിസ്ഥാനസൗകര്യങ്ങൾ ഉൾപ്പെടെ വികസിപ്പിച്ച് തെരഞ്ഞെടുക്കപ്പെടുന്ന അർഹരായ അംഗങ്ങൾക്ക് ലഭ്യമാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഈ പദ്ധതിയുടെ രൂപരേഖ തയ്യാറായിവരുന്നു.

(ബി) വിദേശത്തുള്ളവരും തിരിച്ചുവരുന്നവരും കേരളത്തിനുപുറത്ത് ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ജോലി ചെയ്യുന്നവരുമായ പ്രവാസികളുടെ നിക്ഷേപം നമ്മുടെ സംസ്ഥാനത്തിന്റെ അടിസ്ഥാനസൗകര്യ വികസനത്തിന്

ദീർഘകാലാടിസ്ഥാനത്തിൽ ഉപയോഗപ്പെടുത്തി സർവ്വതോന്മുഖമായ പുരോഗതി നേടുന്നതോടൊപ്പം പ്രവാസികൾക്ക് ഒരു സ്ഥിര വരുമാനം ലഭിക്കുന്ന സുരക്ഷിതമായ ഒരു നിക്ഷേപ പദ്ധതിയായിട്ടാണ് പ്രവാസി ഡിവിഡന്റ് പദ്ധതി വിഭാവന ചെയ്തിട്ടുള്ളത്. പദ്ധതി നടപ്പിലാക്കുന്നതിനായി 2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ അക്റ്റിൽ ഭേദഗതികൾ വരുത്തിക്കൊണ്ട് ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) കേരളത്തിൽനിന്നും വിദേശ രാജ്യങ്ങളിലേയ്ക്കും തിരിച്ചുമുള്ള മലയാളികളുടെ കുടിയേറ്റത്തെക്കുറിച്ച് സമഗ്രമായ പഠനവും ഗവേഷണവും നടത്തുന്നതിനായി സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് (CDS) ആസ്ഥാനമായി ഒരു "International Migration Study Centre for Kerala" എന്ന സ്ഥാപനം ആരംഭിക്കാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനമായ CDS രൂപംകൊടുക്കുന്ന പ്രസ്തുത കേന്ദ്രത്തിന് നോർക്ക വകുപ്പിന്റെ പൂർണ്ണ സഹകരണം, സാമ്പത്തിക സഹായം ഉൾപ്പെടെയുള്ളവ നൽകുന്ന കാര്യം പരിഗണനയിലാണ്.

## പൊതുനിരത്തുകളിൽ സ്ഥാപിച്ചിട്ടുള്ള നിരീക്ഷണ ക്യാമറ

93 (97) <u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുനിരത്തുകളിൽ സ്ഥാപിച്ചിട്ടുള്ള നിരീക്ഷണ ക്യാമറകളുടെ പ്രവർത്തനം സംബന്ധിച്ച് പരിശോധന നടത്താറുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പ്രവർത്തനക്ഷമമല്ലാത്ത ക്യാമറകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ&ബി) തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിലെ ട്രാഫിക് റെഗുലേഷൻ, ട്രാഫിക് മോണിറ്ററിംഗ് സിസ്റ്റം, ക്യാമറകളുടെ റിപ്പയർ, റീപ്ലെയ്സ്മെന്റ്, മെയിന്റനൻസ് എന്നിവയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് പൊതുനിരത്തുകളിൽ പോലീസ് വകുപ്പിന്റെയും വ്യാപാരി വ്യവസായികളുടെ സഹകരണത്തോടെയും തദ്ദേശ ഭരണ സ്ഥാപനങ്ങൾ, മറ്റ് സന്നദ്ധ സംഘടനകൾ, വ്യക്തികൾ എന്നിവരുടെ സഹകരണത്തോടെയും സ്ഥാപിച്ചിട്ടുള്ള നിരീക്ഷണ ക്യാമറകളുടെ പ്രവർത്തനം പരിശോധിച്ച് വരുന്നതും തകരാറുകൾ ശ്രദ്ധയിൽപ്പെട്ടാൽ ആയത് ഉടനടി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

## പൊതു-സ്വകാര്യ സ്വത്തുക്കൾ നശിപ്പിക്കുന്നവർക്കെതിരെ നടപടി

94 (98) ശ്രീ. വി. ഡി. സതീശൻ :

ശ്രീ. ഷാഫി പറമ്പിൽ :

ശ്രീ. അൻവർ സാദത്ത് :

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിലെ യുവതീ പ്രവേശനത്തിൽ പ്രതിഷേധിച്ച് നടത്തിയ ഹർത്താലിലും 2019 ജനുവരി 8, 9 തീയതികളിലെ ദേശീയ പണിമുടക്കിലും പൊതു-സ്വകാര്യ സ്വത്തുവകകൾ വ്യാപകമായി നശിപ്പിച്ച സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഹർത്താലും പ്രക്ഷോഭങ്ങളും നടത്തുമ്പോൾ സ്വകാര്യ സ്വത്തുക്കൾക്ക് നാശം വരുത്തുന്നവർക്ക് കഠിനശിക്ഷ വ്യവസ്ഥചെയ്യുന്ന നിയമനിർമ്മാണം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇതുസംബന്ധിച്ച ഓർഡിനൻസിന് എന്നുമുതലാണ് പ്രാബല്യം നൽകിയിട്ടുള്ളത്;

(ഡി) 2019 ജനുവരി 8, 9 തീയതികളിലെ അഖിലേന്ത്യാ പണിമുടക്കിന്റെ ഭാഗമായി സ്വകാര്യ സ്വത്തുവകകൾക്ക് നാശനഷ്ടം വരുത്തിയവർക്കെതിരെ ഈ ഓർഡിനൻസ് പ്രകാരം കേസെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ശബരിമലയിലെ യുവതീ പ്രവേശനത്തിൽ പ്രതിഷേധിച്ച് നടത്തിയ ഹർത്താലിൽ വ്യാപകമായി പൊതു-സ്വകാര്യ സ്വത്തുവകകൾ നശിപ്പിച്ചിട്ടുണ്ട്. എന്നാൽ 8, 9 തീയതികളിലെ പണിമുടക്കിൽ വ്യാപകമായ സംഭവങ്ങൾ ഉണ്ടായിട്ടില്ല.

(ബി) ഇക്കാര്യത്തിൽ 'കേരള സ്വകാര്യമുതൽ നശിപ്പിക്കുന്നത് തടയലും നഷ്ടപരിഹാരം നൽകലും ഓർഡിനൻസ് 2019' പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) 8.-1-2019 മുതൽ.

(ഡി) കാസർഗോഡ് ജില്ലയിൽ ബേക്കൽ പോലീസ് സ്റ്റേഷൻ പരിധിയിൽ ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**പരോൾ അനുവദിക്കുന്നതിലെ മാനദണ്ഡം**

95 (99) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര കേസുകൾ പിൻവലിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്; വർഷം തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ വർഷവും അനുവദിക്കപ്പെട്ട പരോളുകൾ എത്രയാണ്; കണക്ക് ലഭ്യമാക്കാമോ;

(സി) പരോൾ അനുവദിക്കുന്നതിലെ മാനദണ്ഡങ്ങളിൽ ഈ സർക്കാർ ഇളവ് വരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) 2018 ഡിസംബറിലും 2019 ജനുവരിയിലും കൂടുതൽ പരോൾ അനുവദിക്കാൻ ഇടയായ സാഹചര്യം വിശദമാക്കാമോ?

ഉത്തരം

(എ) 819 കേസുകൾ പിൻവലിച്ചിട്ടുണ്ട്.

2016 -94

2017-304

2018-410

2019-11.

(ബി)

| വർഷം | സാധാരണ അവധി | അടിയന്തര അവധി | ഗാർഹിക അവധി | ആകെ അനുവദിച്ച അവധികളുടെ എണ്ണം |
|---|---|---|---|---|
| 2016 | 38670 | 2017 | 7305 | 47992 |
| 2017 | 45460 | 3984 | 8010 | 57454 |
| 2018 | 50641 | 7186 | 7740 | 65567 |
| 2019 | 3915 | 502 | 630 | 5047 |

(സി) ഈ സർക്കാർ പരോൾ അനുവദിക്കുന്നതിലെ മാനദണ്ഡങ്ങളിൽ ഇളവ് വരുത്തിയിട്ടില്ല.

(ഡി) 2018 ഡിസംബറിലും 2019 ജനുവരിയിലും കൂടുതൽ പരോൾ അനുവദിച്ചിട്ടില്ല.

**മതസ്പർദ്ധ വളർത്തുന്ന പ്രസംഗങ്ങൾ**

96 (101) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മതസ്പർദ്ധ വളർത്തുന്ന പ്രസംഗങ്ങൾ നടത്തിയതിന്റെ പേരിൽ എത്ര വ്യക്തികളുടെ പേരിൽ കേസ്സെടുത്ത് അന്വേഷണം നടത്തുകയോ ജയിലിലടയ്ക്കുകയോ ചെയ്തിട്ടുണ്ട്; വിശദവിവരം നൽകുമോ;

(ബി) ഈ കാലയളവിൽ സംഘപരിവാർ നേതാക്കൾ നടത്തിയ മതസ്പർദ്ധ വളർത്തുന്ന പ്രസംഗങ്ങൾക്കെതിരെ എത്ര കേസ്സുകൾ എടുത്തിട്ടുണ്ട്;

(സി) അതിൽ എത്ര പേർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; എടുത്ത കേസ്സുകളിൽ ഏതെല്ലാം വകുപ്പുകൾ ചുമത്തി;

(ഡി) ഇത്തരം പ്രസംഗങ്ങളുടെ പേരിൽ കേസ്സെടുത്തിട്ട് നടപടി എടുക്കുന്നതിൽ ഉദ്യോഗസ്ഥർ മൃദുസമീപനം സ്വീകരിക്കുന്നുവെന്ന ആരോപണം ഗൗരവമായി പരിശോധിക്കുമോ;

(ഇ) ഇത്തരത്തിൽ സംഘപരിവാർ നേതാക്കൾക്കെതിരെ എടുത്ത എത്ര കേസ്സുകൾ സംസ്ഥാന സർക്കാർ പിൻവലിച്ചു; ഇനിയും എത്ര കേസ്സുകൾ പിൻവലിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മതസ്പർദ്ധ വളർത്തുന്ന പ്രസംഗങ്ങൾ നടത്തിയതിന്റെ പേരിൽ 19 വ്യക്തികളുടെ പേരിൽ കേസ്സെടുത്ത് അന്വേഷണം നടത്തിവരുന്നു.

തിരൂർ-1, നടക്കാവ്-2, ഇലത്തൂർ-2, വെള്ളയിൽ-2, കസബ-1 എന്നീ പോലീസ് സ്റ്റേഷനുകളിലായി 8 കേസ്സുകളാണ്.

(ബി) ഈ കാലയളവിൽ സംഘപരിവാർ നേതാക്കൾ നടത്തിയ മതസ്പർദ്ധ വളർത്തുന്ന പ്രസംഗങ്ങൾക്കെതിരെ രണ്ട് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത കേസ്സിലെ പ്രതികൾക്കെതിരെ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പോലീസ് സ്റ്റേഷൻ | ക്രൈം നമ്പർ | പ്രതികളുടെ വിവരം |
|---|---|---|---|
| 1 | തിരൂർ | 631/17 u/s 153 (A) IPC | രാമൻകുട്ടി, ആർ.എസ്.എസ്., മലപ്പുറം ജില്ല സംഘ് ചാലക് |
| 2 | കസബ | 1041/16 u/s 153 (A) IPC | ശശികല ടീച്ചർ |

(ഡി) ഇത്തരം ആരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) സംഘപരിവാർ നേതാക്കൾക്കെതിരെ എടുത്ത കേസ്സുകളൊന്നും നാളിതുവരെ സംസ്ഥാന സർക്കാർ പിൻവലിച്ചിട്ടില്ല.

**സംസ്ഥാനത്ത് സമാധാനാന്തരീക്ഷം നിലനിർത്താൻ കർമ്മപദ്ധതി**

97 (102) <u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മതാരാധനാലയങ്ങളുടെ സ്ഥലവും വകയിനങ്ങളും അതതു വിഭാഗങ്ങളിലെ തീവ്രസ്വഭാവമുള്ള സംഘടനകൾ ആയുധപരിശീലനങ്ങൾക്കും മതസ്പർദ്ധ വളർത്തുന്ന പ്രചരണങ്ങൾക്കും വ്യാപകമായി ഉപയോഗിച്ച് വരുന്ന വിവരം ലഭിച്ചിട്ടുണ്ടോ; വിശദവിവരം നൽകാമോ;

(ബി) ഇതിനെതിരെ കഴിഞ്ഞ നാല് വർഷമായി മുൻസർക്കാരും നിലവിലുള്ള സർക്കാരും ഏന്തെല്ലാം നീക്കങ്ങൾ ഏതെല്ലാം രീതിയിൽ നടത്തിയിട്ടുണ്ട്; വിവരം നൽകുമോ;

(സി) ഇത്തരം സംഘടനകളുടെയും സംഘങ്ങളുടെയും സ്വാധീനത്തിൽ നിന്നും മതാരാധനാലയങ്ങളെയും വിശ്വാസങ്ങളെയും സംരക്ഷിക്കുന്നതിനും, മതസ്പർദ്ധ ഇളക്കിവിടുന്നതു തടയുന്നതിനും സംസ്ഥാനത്ത് സമാധാനാന്തരീക്ഷം നിലനിർത്തുന്നതിനും കർമ്മപദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) വ്യാപകമായി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇതിനെതിരെ പോലീസ് നിരീക്ഷണം നടത്തുകയും ചെറിയ ക്രമസമാധാന വിഷയങ്ങളിൽപ്പോലും മതസ്പർദ്ധയ്ക്ക് കാരണമാകാത്ത രീതിയിൽ അതീവ ജാഗ്രത പുലർത്തി പരിഹാരം കണ്ടെത്തിയും മതസ്പർദ്ധ വളർത്തുന്ന തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ 153 (A) വകുപ്പ് പ്രകാരം കേസ്സുകൾ രജിസ്റ്റർ ചെയ്തും ആയുധ പരിശീലനങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ Arms Act, KP Act പ്രകാരവും കേസ്സുകൾ എടുത്ത് നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) മതസ്പർദ്ധ ഇളക്കിവിടുന്നതിനും സമാധാന അന്തരീക്ഷം തകർത്ത് ജനങ്ങളുടെ സ്വൈരജീവിതം ഇല്ലാതാക്കുന്നതിനുമെതിരെ ജാഗ്രത പുലർത്തുന്നതിലേയ്ക്ക് പൊതുജനങ്ങൾക്ക് ആവശ്യമായ അവബോധം നൽകുന്നതിനുവേണ്ടി ജനമൈത്രി പോലീസ്, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, പോലീസിന്റെ സാമൂഹ്യ മാധ്യമ വിഭാഗം തുടങ്ങിയവ മുഖേന ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**ഹർത്താലിന് നിയന്ത്രണം**

98 (103) <u>ശ്രീ. അടൂർ പ്രകാശ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തുടർച്ചയായി ഉണ്ടാകുന്ന ഹർത്താലുകൾ ജനങ്ങൾക്ക് ഉണ്ടാക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2018 ൽ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും എത്ര ഹർത്താലുകളാണ് ഉണ്ടായതെന്ന് വിശദമാക്കുമോ;

(സി) സാമൂഹ്യ മാധ്യമങ്ങളിൽക്കൂടി പേപ്പർ സംഘടനകൾ പോലും ഹർത്താലിന് ആഹ്വാനം ചെയ്യുന്ന സ്ഥിതിവിശേഷം ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ;

(ഡി) ഇക്കാര്യം സംബന്ധിച്ച ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഹർത്താലിന് നിയന്ത്രണം കൊണ്ടുവരുന്നതിന് നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് 11 ഹർത്താലുകളും ജില്ലാതലത്തിൽ 8 ഹർത്താലുകളുമാണ് ഉണ്ടായിട്ടുള്ളത്.

(സി&ഡി) ബന്ധപ്പെട്ട എല്ലാവരുമായി കൂടിയാലോചിച്ച് യുക്തമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

**കമ്മ്യൂണിറ്റി പോലീസ് റിസോഴ്സ് സെന്ററുകൾ**

99 (104) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കമ്മ്യൂണിറ്റി പോലീസ് റിസോഴ്സ് സെന്ററുകളുടെ പ്രവർത്തനം വിശദമാക്കാമോ;

(ബി) പോലീസ് സേനാംഗങ്ങളുടെ കായികക്ഷമത വിലയിരുത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ജനമൈത്രി പോലീസ് ഉദ്യോഗസ്ഥരും പൊതുജനങ്ങളും ജനപ്രതിനിധികളും ഒരുമിച്ച് ഒരു പുതിയ സുരക്ഷാ സംസ്കാരം വളർത്തിയെടുക്കുക എന്നുള്ളതാണ് ജനമൈത്രി റിസോഴ്സ് സെന്ററിന്റെ ലക്ഷ്യം. റിസോഴ്സ് സെന്റർ ഒരു പൊതുജന സമ്പർക്ക കേന്ദ്രമായി പ്രവർത്തിക്കുകവഴി ജനങ്ങൾക്ക് വിശേഷിച്ച് കുട്ടികൾക്ക് മദ്യം, മയക്കുമരുന്നുകൾ എന്നിവയുടെ ഉപഭോഗത്തിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് അവബോധം ഉണ്ടാക്കാൻ കഴിയുന്നു. വിവിധ സന്നദ്ധ സംഘടനകൾ ഈ കേന്ദ്രവുമായി യോജിച്ച് പ്രവർത്തിക്കുന്നതിനാൽ മതസൗഹാർദ്ദം, സമാധാനം എന്നിവ സമൂഹത്തിൽ വളർത്താൻ കഴിയുന്നു. നിരവധി രക്തദാന ക്യാമ്പുകൾ, മെഡിക്കൽ ക്യാമ്പുകൾ, പാലിയേറ്റീവ് പ്രവർത്തനങ്ങൾ, പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവ ജനകീയ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നു. സമീപകാലത്ത് കേരളം അഭിമുഖീകരിച്ച പ്രളയത്തിൽ പോലീസ് നടത്തിയ രക്ഷാപ്രവർത്തനം വളരെ വിപുലമാക്കിയത് ജനമൈത്രി പോലീസും അതിന്റെ ഭാഗമായ റിസോഴ്സ് സെന്ററുകളുമാണ്.

(ബി) പോലീസ് സേനാംഗങ്ങളുടെ ആരോഗ്യം കാത്തുസൂക്ഷിക്കുന്നതിനായി ശാരീരിക വ്യായാമമുറകൾ പരിശീലിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവി നിർദ്ദേശം നൽകിയിട്ടുണ്ട്. കായികക്ഷമത വർദ്ധിപ്പിക്കുന്നതിന് ഫിസിക്കൽ ട്രെയിനിംഗ്, SHAPE (Systematic Health Assessment Programme for Police Personnel), യോഗാ ക്ലാസ്സുകൾ, വിവിധതരം ഗെയിമുകൾ, പഠനാനന്തര പരിശീലന ക്ലാസ്സുകൾ, മെഡിക്കൽ ക്യാമ്പുകൾ, വർഷാവർഷങ്ങളിൽ കായിക മൽസരങ്ങൾ, മറ്റ് റിഫ്രഷർ കോഴ്സുകൾ തുടങ്ങിയവ പോലീസ് സേനാംഗങ്ങൾക്ക് നൽകിവരുന്നുണ്ട്.

**മനുഷ്യക്കടത്ത് തടയുന്നതിനുള്ള നടപടികൾ**

100 (105) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മനുഷ്യക്കടത്ത് തടയുന്നതിനുള്ള നടപടികൾ കാര്യക്ഷമമായി നടക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ ഇത് സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വ്യക്തമാക്കാമോ;

(സി) കുറ്റക്കാർക്കെതിരെ സ്വീകരിച്ച നടപടി എന്തെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) മനുഷ്യക്കടത്ത് തടയുന്നതിനുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നുണ്ട്. സംസ്ഥാനത്ത് മനുഷ്യക്കടത്ത് തടയുക എന്ന ലക്ഷ്യത്തോടുകൂടി ക്രൈംബ്രാഞ്ച്, തിരുവനന്തപുരം റെയ്ഞ്ച് ഐ.ജി. എസ്. ശ്രീജിത്ത് ഐ.പി.എസ്. നോഡൽ ഓഫീസറായി സ്റ്റേറ്റ് സെൽ രൂപീകൃതമായി പ്രവർത്തനം ആരംഭിച്ചിട്ടുള്ളതാണ്. കേന്ദ്ര സർക്കാരുമായി സഹകരിച്ച് സംസ്ഥാനത്തെ എല്ലാ ജില്ലാ ആന്റി ഹ്യൂമൺ ട്രാഫിക്കിംഗ് യൂണിറ്റിന്റെയും പ്രവർത്തനങ്ങൾക്ക് സംസ്ഥാന നോഡൽ ഓഫീസറാണ് മേൽനോട്ടം വഹിക്കുന്നത്. 19 പോലീസ് ജില്ലകളിലും ഡി.സി.ആർ.ബി. ഡിവൈ.എസ്.പി.-മാരുടെ നേതൃത്വത്തിലാണ് ജില്ലാ ആന്റി ഹ്യൂമൺ ട്രാഫിക്കിംഗ് യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നത്.

(ബി&സി) കഴിഞ്ഞ മൂന്നുവർഷത്തിനുള്ളിൽ സംസ്ഥാനത്ത് ഇതുസംബന്ധിച്ച് 95 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസ്സുകളിൽ 55 എണ്ണത്തിൽ പ്രതികളെ അറസ്റ്റ് ചെയ്ത് കുറ്റപത്രം കോടതികളിൽ സമർപ്പിച്ചിട്ടുള്ളതും ടി കേസ്സുകൾ വിചാരണയിലുമാണ്.

**ഹർത്താലുകൾ സംഘടിപ്പിക്കുന്നതിനെതിരെ കൈക്കൊണ്ട തീരുമാനങ്ങൾ**

101 (106) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. എം. ഉമ്മർ :
ശ്രീ. കെ. എൻ. എ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാന സർക്കാരിനെതിരെയുള്ള പ്രതിഷേധം എന്ന നിലയിൽ വിവിധ രാഷ്ട്രീയ പാർട്ടികളും സംഘടനകളും

ആഹ്വാനം ചെയ്ത എത്ര ഹർത്താലുകൾ സംസ്ഥാനവ്യാപകമായി നടന്നിട്ടുണ്ട്; ഓരോ ഹർത്താലിലുമായി എത്രപേർക്കെതിരെ കേസുകൾ ചുമത്തിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) അടിക്കടിയുണ്ടാകുന്ന ഹർത്താലുകളുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് ഹർത്താലുകൾ സംഘടിപ്പിക്കുന്നതിനെതിരെ എന്തെല്ലാം പുതിയ തീരുമാനങ്ങൾ സർക്കാർ കൈക്കൊണ്ടിട്ടുണ്ട്; ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ വിവിധ രാഷ്ട്രീയ കക്ഷികളുമായോ സംഘടനകളുമായോ ഏതെങ്കിലും തരത്തിലുള്ള ചർച്ചകൾ നടത്തിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) 4 ഹർത്താലുകൾ ആഹ്വാനം ചെയ്യുകയുണ്ടായി. വിശദവിവരം ശേഖരിച്ചുനൽകുന്നതാണ്.

(ബി) ബന്ധപ്പെട്ട എല്ലാപേരുമായി കൂടിയാലോചിച്ച് യുക്തമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

**സെക്രട്ടേറിയറ്റിന് മുന്നിലെ റോഡിൽ പന്തലിട്ട് മാർഗ്ഗതടസ്സം**

102 (107) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യാത്രക്കാർക്ക് മാർഗ്ഗതടസ്സം സൃഷ്ടിക്കുന്ന തരത്തിൽ പൊതുനിരത്തിൽ പൊതുയോഗങ്ങളും മറ്റും നടത്തരുതെന്ന ഹൈക്കോടതി നിർദ്ദേശം നിലവിലുണ്ടോ;

(ബി) ഈ നിർദ്ദേശത്തിന് വിരുദ്ധമായി, 2019 ജനുവരി 8 തീയതികളിൽ നടന്ന അഖിലേന്ത്യ പണിമുടക്കിന്റെ ഭാഗമായി പണിമുടക്കിയവർക്കായി സമരസമിതി സെക്രട്ടേറിയറ്റിന് മുന്നിലെ റോഡിൽ പന്തലിട്ട് പൊതുജനങ്ങൾക്ക് മാർഗ്ഗതടസ്സം സൃഷ്ടിച്ചിരുന്നുവോ;

(സി) ഇത്തരത്തിൽ റോഡിൽ പന്തലിടുന്നതിന് സമരസമിതിക്ക് ആരാണ് അനുമതി നൽകിയത് എന്ന് വ്യക്തമാക്കാമോ;

(ഡി) ഹൈക്കോടതി വിധി ലംഘിച്ചവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചത്; നടപടിയൊന്നും സ്വീകരിച്ചില്ലായെങ്കിൽ അതിനുള്ള കാരണമെന്താണ് എന്നറിയിക്കാമോ?

ഉത്തരം

(എ-ഡി) ബഹു. ഹൈക്കോടതി ഉത്തരവ് ലംഘിച്ചവർക്കെതിരെ കന്റോൺമെന്റ് പോലീസ് സ്റ്റേഷൻ ക്രൈം നം. 48/2019 U/s. 143, 147, 149, 283, 188 IPC & Sec. 39, 121, 77 (B) of KP Act, 50/2019 U/s. 143, 147, 149, 283, 188 IPC & Sec 39, 121, 77 (B) of KP Act പ്രകാരം കേസ്സുകൾ രജിസ്റ്റർ ചെയ്ത് നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

**ഹിന്ദുമക്കൾ കക്ഷിയിലെ വനിതകളെ അറസ്റ്റുചെയ്ത സാഹചര്യം**

103 (108) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എരുമേലി വാവർ പള്ളിയിൽ ദർശനത്തിനെത്തിയ തമിഴ്നാട് ഹിന്ദുമക്കൾ കക്ഷിയിലെ വനിതകളെ പാലക്കാട് പോലീസ് കസ്റ്റഡിയിലെടുത്തിരുന്നുവോ;

(ബി) വാവരുപള്ളിയിൽ ഏത് പ്രായത്തിലുള്ള സ്ത്രീകൾക്കും പ്രദക്ഷിണം നടത്തുന്നതിനും ദർശനത്തിനും സൗകര്യമുണ്ടായിരിക്കെ വനിതകളെ അറസ്റ്റ് ചെയ്തത സാഹചര്യം വ്യക്തമാക്കുമോ?

ഉത്തരം

(എ) കസ്റ്റഡിയിലെടുത്തിട്ടുണ്ട്.

(ബി) ക്രമസമാധാന പ്രശ്നങ്ങൾ ഒഴിവാക്കുന്നതിന് വേണ്ടിയാണ് 151 CrPC പ്രകാരം Preventive Arrest നടത്തി നടപടി സ്വീകരിച്ചിട്ടുള്ളത്.

**ശബരിമല യുവതീ പ്രവേശനം**

104 (109) ശ്രീ. കെ. എസ്. ശബരീനാഥൻ
ശ്രീ. കെ. സി.ജോസഫ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല യുവതീ പ്രവേശനത്തിന്റെ അടിസ്ഥാനത്തിൽ ശബരിമല കർമ്മസമിതി നടത്തിയ ഹർത്താൽ സംസ്ഥാനത്ത് കലാപം സൃഷ്ടിക്കുകയെന്ന ഉദ്ദേശ്യത്തോടെയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ അതിന് ആധാരമായ വസ്തുതകൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ഹർത്താൽ ദിവസം ബി.ജെ.പി., സംഘപരിവാർ പ്രവർത്തകരെ നേരിടുന്നതിനായി സി.പി.എം. പ്രവർത്തകർ തെരുവിലിറങ്ങി സംസ്ഥാനത്ത് പലയിടത്തും തെരുവ് യുദ്ധം നടത്തിയത് കലാപ സാധ്യത വർദ്ധിപ്പിക്കുകയും സംസ്ഥാനത്തെ ക്രമസമാധാനനില തകരാറിലാക്കുകയും ചെയ്തിട്ടുണ്ടോ;

(സി) സംസ്ഥാനത്തുണ്ടായ സംഭവവികാസങ്ങളെക്കുറിച്ച് ഗവർണർ വിശദീകരണം ആരാഞ്ഞിരുന്നോ; എങ്കിൽ എന്ത് വിശദീകരണമാണ് സർക്കാർ നൽകിയതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പല സ്ഥലങ്ങളിലും ന്യായവിരോധമായി സംഘം ചേരുകയും സോഷ്യൽ മീഡിയയിൽക്കൂടി കലാപത്തിന് ആഹ്വാനം ചെയ്യുകയും ബോംബേറ് ഉൾപ്പെടെയുള്ളവ നടത്തി വിവിധ സ്ഥലങ്ങളിൽ ഭീകരാന്തരീക്ഷം സൃഷ്ടിക്കുക വഴി ചെയ്ത ക്രമസമാധാന പ്രശ്നങ്ങൾ സംസ്ഥാനത്ത് കലാപം സൃഷ്ടിക്കുകയെന്ന ഉദ്ദേശ്യത്തോടെയാണെന്ന് വിലയിരുത്തേണ്ടിയിരിക്കുന്നു. കൂടാതെ ചില സ്ഥലങ്ങളിൽ സംഘർഷങ്ങൾ വർഗ്ഗീയ സംഘർഷങ്ങൾക്കും കാരണമാകേണ്ടതായിരുന്നു.

(ബി) ഹർത്താൽ അനുകൂലികൾ പല സ്ഥലങ്ങളിലും സി.പി.എം. പാർട്ടി ഓഫീസുകൾക്ക് നേരെയും നേതാക്കളുടെ വീടുകൾക്ക് നേരെയും ആക്രമണം നടത്തിയപ്പോൾ അതിനെ പ്രതിരോധിക്കാൻ പ്രതികരണം ഉണ്ടാവുകയുണ്ടായി. ഇതിലേയ്ക്ക് സമയോചിതമായി പോലീസ് കൂടുതൽ സേനാംഗങ്ങളെ നിയോഗിച്ച് അനിഷ്ട സംഭവങ്ങൾ ഉണ്ടാകാതെ ഉണർന്ന് പ്രവർത്തിച്ചതിനാലും അക്രമത്തിന് നേതൃത്വം നൽകിയവർക്കെതിരെ നിയമപരമായി കേസ്സുകൾ രജിസ്റ്റർ ചെയ്ത് നടപടി സ്വീകരിച്ചതിനാലും ക്രമസമാധാനനില തകരാതെ നിലനിർത്താൻ സാധിച്ചു.

(സി) ശബരിമലയിൽ യുവതീ പ്രവേശനത്തെ തുടർന്ന് ബി.ജെ.പി. സംഘപരിവാർ സംഘടനകളുടെ നേതൃത്വത്തിൽ സംസ്ഥാനത്ത് നടത്തിയ അക്രമ സംഭവങ്ങളെ തുടർന്ന് ഗവർണർ റിപ്പോർട്ട് ആവശ്യപ്പെടുകയും വിശദമായ റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

**ശബരിമല യുവതീ പ്രവേശനം**

105 (110) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടന കാലത്ത് നിലക്കൽ-പമ്പ റൂട്ടിൽ സ്വകാര്യ വാഹനങ്ങൾ അനുവദിക്കരുതെന്ന സർക്കാർ നയം കേരള ഹൈക്കോടതി അംഗീകരിച്ചിരുന്നുവോ എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ പ്രസ്തുത നയത്തിന് വിരുദ്ധമായി മനിതി പ്രവർത്തകരുടെ സംഘത്തെ സ്വകാര്യ വാഹനത്തിൽ നിലക്കലിൽ നിന്നും പമ്പയിൽ കൊണ്ടുവന്നിരുന്നുവോ; എങ്കിൽ അത് ആരുടെ നിർദ്ദേശപ്രകാരമായിരുന്നു;

(സി) ശബരിമലയിൽ മണ്ഡല-മകര വിളക്ക് കാലത്ത് യുവതികൾ ഒളിച്ചും, പ്രായമായവരുടെ വേഷത്തിലും ദർശനം നടത്തിയിരുന്നുവോ; എങ്കിൽ അപ്രകാരം പ്രവേശിക്കുന്നതിന് ഒത്താശ നൽകിയത്ആരാണ് എന്ന് വെളിപ്പെടുത്താമോ;

(ഡി) ശബരിമലയിൽ യുവതികൾ പ്രവേശിപ്പിച്ചതിന് പിന്നിൽ രഹസ്യ അജണ്ട ഉണ്ടോ എന്ന കേരള ഹൈക്കോടതിയുടെ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ;

(ഇ) വിശ്വാസികളായ തീർത്ഥാടകർക്കുള്ള സ്ഥലമായ ശബരിമല ആക്ടിവിസ്റ്റുകൾക്കും അവിശ്വാസികൾക്കും കയറി പ്രകടനം നടത്തുവാനുള്ള സ്ഥലമായി മാറി എന്ന ആക്ഷേപം ഉണ്ടാകാനിടയായത് ഏത് സാഹചര്യത്തിലാണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) അംഗീകരിച്ചിരുന്നു.

(ബി) ചിത്തിര ആട്ടവിശേഷത്തിനും മറ്റും ശബരിമല നട തുറന്ന സമയം ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ഭരണഘടനാ ബഞ്ചിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ദർശനത്തിനെത്തിയ യുവതികളെയും മാധ്യമ പ്രവർത്തകരെയും മറ്റും തടയുകയും അവരെ ആക്രമിക്കുകയും ചെയ്ത പശ്ചാത്തലത്തിൽ ദർശനത്തിനെത്തിയ യുവതികൾക്ക് സുരക്ഷ ഒരുക്കുന്നതിന്റെ ഭാഗമായിട്ടാണ് നിലയ്ക്കലിൽനിന്നും പമ്പയിലേയ്ക്ക് പോകാൻ പോലീസ് അനുമതി നൽകിയത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) അന്വേഷണം നടത്തിയിട്ടില്ല.

(ഇ) ഇത്തരം പരാമർശങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ശബരിമല യുവതീ പ്രവേശത്തെ തുടർന്നുള്ള അക്രമങ്ങൾ**

106 (111) <u>ശ്രീ. ഇ. കെ. വിജയൻ</u> :
<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u> :
<u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> :
<u>ശ്രീമതി സി. കെ. ആശ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല വിധി വന്നതിനുശേഷം ചില സംഘടനകളുടെ ഭാഗത്തു നിന്ന് കേരള സമൂഹത്തിന്റെ സ്വൈര ജീവിതത്തിനും മതേതരത്വത്തിനും ഭീഷണി ഉയർത്തുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) കേരളീയ സമൂഹത്തിൽ ജാതി-മത സ്പർദ്ധ വളർത്തുന്നതിന് ചില ശക്തികൾ നടത്തുന്ന ആസൂത്രിത ശ്രമങ്ങളെ ഏതൊക്കെ തരത്തിൽ പ്രതിരോധിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ശബരിമല യുവതി പ്രവേശനത്തെ തുടർന്ന് സംസ്ഥാനത്ത് വ്യാപക അക്രമം അഴിച്ചുവിട്ട് ജനങ്ങളിൽ ഭീതി പടർത്തുന്ന സംഘടനകളെയും വ്യക്തികളെയും നിയന്ത്രിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ;

(ഡി) പൊതുമുതൽ നശിപ്പിക്കുന്നവരുടെ പേരിൽ ഏതൊക്കെ തരത്തിലുള്ള ശിക്ഷാ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ശബരിമലയിലെ യുവതീ പ്രവേശനവുമായുള്ള ബഹു. സുപ്രീം കോടതി വിധി വന്നതിനുശേഷം ചില സംഘടനകളുടെ ഭാഗത്തുനിന്ന് പ്രത്യേകിച്ച് ശബരിമല കർമ്മ സമിതി പ്രവർത്തകർ, മറ്റ് സംഘപരിവാർ സംഘടനകൾ എന്നിവർ പ്രതിഷേധ സമരങ്ങളും ഹർത്താലുകളും നടത്തുകയും ആയത് പല സ്ഥലങ്ങളിലും അക്രമാസക്തമാവുകയും ജനങ്ങളുടെ സ്വൈരജീവിതത്തിന് തടസ്സമായി തീരുകയും മതേതരത്വത്തിന് ഭീഷണി ഉയർത്തുന്ന രീതിയിൽ വർഗ്ഗീയ സംഘർഷങ്ങൾക്ക് കാരണമാവുകയും ചെയ്തു. ഇതിലേയ്ക്ക് ക്രിമിനൽ കേസ്സുകൾ രജിസ്റ്റർ ചെയ്തും പ്രതികളെ അറസ്റ്റ് ചെയ്തും കർശന നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കേരളീയ സമൂഹത്തിൽ ജാതി-മതസ്പർദ്ധയ്ക്ക് ഇടയാക്കുന്ന പ്രവർത്തനങ്ങൾ നടത്തുയും അവയിൽ ഏർപ്പെടുകയും ചെയ്യുന്നവർക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ശബരിമല യുവതീ പ്രവേശനത്തെ തുടർന്ന് സംസ്ഥാനത്ത് വ്യാപക അക്രമം അഴിച്ചുവിട്ട് ജനങ്ങളിൽ ഭീതിപടർത്തുന്ന സംഘടനകളെയും വ്യക്തികൾക്കെതിരെയും ഇന്ത്യൻ ശിക്ഷാനിയമത്തിലെ 153 ഉൾപ്പെടെയുള്ള വകുപ്പുകൾ പ്രകാരം കേസ്സുകൾ രജിസ്റ്റർ ചെയ്ത് ശക്തമായ നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ അക്രമപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ സാധ്യതയുള്ളവരെ മുൻകൂട്ടി കണ്ടുപിടിച്ച് CrPC 151 വകുപ്പ് പ്രകാരം മുൻകരുതൽ തടങ്കൽ നടപടികളും സ്വീകരിച്ചുവരുന്നു.

(ഡി) പൊതുമുതൽ നശിപ്പിക്കുന്നവരുടെ പേരിൽ PDPP Act 1984 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് നിയമ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## ശബരിമല യുവതീ പ്രവേശനത്തെ തുടർന്നുള്ള അക്രമസംഭവങ്ങൾ

107 (112) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിലെ യുവതീ പ്രവേശനത്തെ തുടർന്ന് ഉണ്ടായ അക്രമ സംഭവങ്ങളിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഈ കേസുകളിൽപ്പെട്ട എത്ര പ്രതികളെ തിരിച്ചറിഞ്ഞിട്ടുണ്ട്; തിരിച്ചറിയപ്പെട്ട പ്രതികൾ ഏതെല്ലാം സംഘടനകളിൽ പ്രവർത്തിക്കുന്നവരാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇക്കഴിഞ്ഞ മണ്ഡലകാലത്തെ വിവിധ വിശേഷദിവസങ്ങളിൽ ശബരിമലയിലും വിവിധ പ്രദേശങ്ങളിലുമായി നടന്ന അക്രമ സംഭവങ്ങളിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടു; ഈ കേസുകളിൽപ്പെട്ട എത്ര പ്രതികളെ തിരിച്ചറിഞ്ഞിട്ടുണ്ട്; ഇവർ ഏതെല്ലാം സംഘടനകളിൽ പ്രവർത്തിക്കുന്നവരാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ശബരിമലയിലെ യുവതീ പ്രവേശനത്തെ തുടർന്ന് (2-1-2019 മുതൽ) ഉണ്ടായ അക്രമ സംഭവങ്ങളിൽ 1007 ക്രൈം കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇത്തരം കേസ്സുകളിൽപ്പെട്ട 16766 പ്രതികളെ തിരിച്ചറിഞ്ഞിട്ടുണ്ട്. തിരിച്ചറിയപ്പെട്ട പ്രതികൾ ബി.ജെ.പി./ആർ.എസ്.എസ്./ശബരിമല കർമ്മസമിതി/ യു.ഡി.എഫ്./ എൽ.ഡി.എഫ്./എസ്.ഡി.പി.ഐ.സംഘടനകളിൽ പ്രവർത്തിക്കുന്നവരാണ്.

(ബി) ഇക്കഴിഞ്ഞ മണ്ഡലകാലത്തെ (16-11-2018 മുതൽ 27-12-2018) വിവിധ വിശേഷദിവസങ്ങളിൽ ശബരിമലയിലും വിവിധ പ്രദേശങ്ങളിലുമായി നടന്ന അക്രമസംഭവങ്ങളിൽ 367 ക്രൈം കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇത്തരം കേസ്സുകളിൽപ്പെട്ട 4206 പ്രതികളെ തിരിച്ചറിഞ്ഞിട്ടുണ്ട്. തിരിച്ചറിയപ്പെട്ട പ്രതികൾ ബി.ജെ.പി./ആർ.എസ്.എസ്./ശബരിമല കർമ്മസമിതി/ യു.ഡി.എഫ്./ എൽ.ഡി.എഫ്./എസ്.ഡി.പി.ഐ.സംഘടനകളിൽ പ്രവർത്തിക്കുന്നവരാണ്.

## ശബരിമല സ്ത്രീ പ്രവേശനവുമായി ബന്ധപ്പെട്ട കേസ്സുകൾ

108 (113) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല സ്ത്രീ പ്രവേശനവുമായി ബന്ധപ്പെട്ട് സംഘപരിവാർ സംഘടനകൾ നടത്തിയ അക്രമണങ്ങളിൽ എത്ര കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) എത്ര പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ഇവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ?

ഉത്തരം

(എ) ശബരിമല സ്ത്രീ പ്രവേശനവുമായി ബന്ധപ്പെട്ട് 2018 സെപ്റ്റംബർ 28 മുതൽ 2019 ജനുവരി 29 വരെ സംഘപരിവാർ സംഘടനകൾ നടത്തിയ ആക്രമണങ്ങളിൽ 1573 കേസ്സുകളാണ് രജിസ്റ്റർ ചെയ്തത്.

(ബി) രജിസ്റ്റർ ചെയ്ത കേസ്സുകളുടെയും നടപടികളുടെയും വിവരം ചുവടെ ചേർക്കുന്നു:

| രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണം | ആകെ പ്രതികളുടെ എണ്ണം | അറസ്റ്റ് ചെയ്തവരുടെ എണ്ണം | കുറ്റപത്രം സമർപ്പിച്ച കേസ്സുകൾ |
|---|---|---|---|
| 1573 | 68917 | 12225 | 401 |

**ശബരിമല സ്ത്രീ പ്രവേശനവുമായി ബന്ധപ്പെട്ട് സോഷ്യൽ മീഡിയയിലെ വ്യാജ സന്ദേശങ്ങൾ**

109 (114) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ സ്ത്രീ പ്രവേശനം അനുവദിച്ച സുപ്രീംകോടതി വിധി വന്നശേഷം വർഗീയ വികാരം ആളിക്കത്തിക്കുന്നതിനും അതിൽനിന്ന് രാഷ്ട്രീയ നേട്ടം കൊയ്യുന്നതിനുമായി സോഷ്യൽ മീഡിയയിൽ വ്യാജസന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ വർഗ്ഗീയ കലാപം സൃഷ്ടിക്കുന്നതിനുള്ള ശ്രമങ്ങൾ തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സങ്കുചിത താൽപ്പര്യ സംരക്ഷണത്തിനായി വർഗ്ഗീയ വിഭജനം സാധ്യമാക്കുക എന്ന ദ്രോഹബുദ്ധിയോടെ സാമൂഹ്യ മാധ്യമങ്ങളിലൂടെ നടത്തുന്ന വിദ്വേഷ പ്രചരണങ്ങൾ തടയുന്നതിനും ഇത്തരക്കാരെ മാതൃകാപരമായി

ശിക്ഷിക്കുന്നതിനും സംസ്ഥാന പോലീസ് ജാഗ്രത പുലർത്തിവരുന്നുണ്ട്. സാമൂഹ്യ മാധ്യമങ്ങളിലൂടെയും മറ്റും ദുഷ്പ്രചരണങ്ങൾ നടത്തി രാജ്യത്തിന്റെ സമാധാന അന്തരീക്ഷം തകർക്കുക എന്ന ലക്ഷ്യം മുൻനിർത്തി പ്രവർത്തിക്കുന്ന വ്യക്തികൾക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ ഇത്തരം സംഭവങ്ങളെ സംബന്ധിച്ച് പരാതികൾ ലഭിക്കുകയാണെങ്കിൽ ആയതിന്മേൽ ഐ.പി.സി., ഐ.ടി. ആക്ട് എന്നിവയിലെ പ്രസക്ത വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് ശക്തമായ നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. അത്തരം പ്രചാരണം നടത്തുന്നതും അത് സാമൂഹ്യ മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുന്നതും കുറ്റകരമാണെന്ന മുന്നറിയിപ്പ് ജനങ്ങൾക്ക് മാധ്യമങ്ങളിലൂടെ സംസ്ഥാന പോലീസ് മേധാവി നൽകിവരുന്നു. ഇതിനായി പ്രത്യേക നിയമ നിർമ്മാണം നടത്തുന്ന കാര്യം പരിശോധിച്ചുവരുന്നു.

**ശബരിമല സ്ത്രീ പ്രവേശനവുമായി ബന്ധപ്പെട്ട് നടത്തിയ അക്രമങ്ങൾ**

110 (115) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല സ്ത്രീ പ്രവേശനവുമായി ബന്ധപ്പെട്ട് സംഘപരിവാർ ശക്തികൾ കേരളത്തിൽ നടത്തിയ അക്രമങ്ങളിൽ ഉണ്ടായ നാശനഷ്ടങ്ങൾ കണക്കാക്കിയിട്ടുണ്ടോ;

(ബി) ഇത്തരം അക്രമ സംഭവങ്ങളിൽ സംസ്ഥാനത്താകെ എത്ര കേസുകളാണ് ഇതു വരെ രജിസ്റ്റർ ചെയ്തിട്ടുള്ളത് എന്നറിയിക്കാമോ;

(സി) ശബരിമല സ്ത്രീ പ്രവേശനവുമായി ബന്ധപ്പെട്ട് സംഘപരിവാർ ശക്തികൾ ബോധപൂർവ്വമായി ഉണ്ടാക്കുന്ന ആക്രമപ്രവർത്തനങ്ങൾ തടയുന്നതിനായി സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) കണക്കാക്കിയിട്ടുണ്ട്.

(ബി) 720 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ശബരിമല സ്ത്രീ പ്രവേശനവുമായി ബന്ധപ്പെട്ട് ബോധപൂർവ്വം ഉണ്ടാക്കുന്ന അക്രമണ പ്രവർത്തനങ്ങൾ മുൻകൂട്ടികണ്ട് തടയുന്നതിനായി പോലീസ് രഹസ്യാന്വേഷണ വിഭാഗത്തെ നിയോഗിച്ച് നടപടികൾ സ്വീകരിച്ചുവരുന്നതും

ആക്രമണങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്. കൂടാതെ സർക്കാർവക സ്വത്തുക്കൾക്കും സ്വകാര്യ സ്വത്തുക്കൾക്കും നാശനഷ്ടങ്ങൾ വരുത്തുന്നവർക്കെതിരെ പി.ഡി.പി.പി. ആക്ട് 1984, കേരള പ്രിവൻഷൻ ഓഫ് ഡാമേജ് റ്റു പ്രൈവറ്റ് പ്രോപ്പർട്ടി ആൻഡ് പേമെന്റ് ഓഫ് കോമ്പൻസേഷൻ ഓർഡിനൻസ് 2019 പ്രകാരവും നടപടികൾ സ്വീകരിക്കുന്നതിന് എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും സംസ്ഥാന പോലീസ് മേധാവി നിർദ്ദേശം നൽകിയിട്ടുണ്ട്.

**ശബരിമല സന്നിധാനത്ത് പ്രവേശിച്ച യുവതികൾ**

111 (116) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനുവരി രണ്ടിന് ബിന്ദു, കനകദുർഗ്ഗ എന്നീ രണ്ട് യുവതികൾ ശബരിമല സന്നിധാനത്ത് പ്രവേശിച്ചിരുന്നുവോ;

(ബി) ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള പ്രത്യേക വഴിയിലൂടെയാണോ അവർ തിരുമുറ്റത്ത് പ്രവേശിച്ചത് എന്ന് വെളിപ്പെടുത്താമോ;

(സി) ആരുടെ ഒത്താശയോടെയാണ് അവരെ ജീവനക്കാർക്കുള്ള പ്രത്യേക വഴിയിലൂടെ കടത്തിവിട്ടത് എന്നറിയിക്കാമോ;

(ഡി) ശബരിമല ദർശനത്തിന് എത്തുന്ന യുവതികൾക്ക് ഇപ്രകാരം പ്രത്യേക പരിഗണന നൽകണമെന്ന് കോടതി നിർദ്ദേശിച്ചിരുന്നോ; ഇല്ലെങ്കിൽ ഇപ്രകാരം പ്രത്യേക പരിഗണന നൽകിയത് എന്ത് അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-ഡി) സുപ്രീം കോടതി ഉത്തരവിനെത്തുടർന്ന് പ്രായഭേദമെന്യേ എല്ലാ സ്ത്രീകൾക്കും ദർശനത്തിനുള്ള സുരക്ഷ ഒരുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ശബരിമല യുവതീപ്രവേശനവുമായി ബന്ധപ്പെട്ട സംഘർഷങ്ങൾ**

112 (117) <u>ശ്രീ.റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല ആചാരലംഘനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തുണ്ടായ സംഘർഷത്തിന് കാരണം വിശ്വാസികളെ വിശ്വാസത്തിലെടുക്കാതെ ആക്ടിവിസ്റ്റുകൾക്കുവേണ്ടി സർക്കാർ നിലനിന്നതുകൊണ്ടാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പന്തളത്ത് സി.പി.എം. പ്രവർത്തകർ കല്ലെറിഞ്ഞ് കൊലപ്പെടുത്തിയ ചന്ദ്രൻ ഉണ്ണിത്താന്റെ പോസ്റ്റുമോർട്ടം റിപ്പോർട്ട് വരുന്നതിന് മുമ്പ് അദ്ദേഹത്തിന്റെ മരണകാരണം ഹൃദയസ്തംഭനംമൂലമാണെന്ന് മുഖ്യമന്ത്രി പ്രസ്താവിച്ചത് എന്ത് അടിസ്ഥാനത്തിലാണെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത ആക്രമണത്തിൽ സി.പി.എം., ഡി.വൈ.എഫ്.ഐ. പ്രവർത്തകർക്കെതിരെ കേസെടുത്ത പോലീസ് ഉദ്യോഗസ്ഥരുടെ നടപടിയെ സി.പി.എം. സംസ്ഥാന സെക്രട്ടറി വിമർശിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് നിയമവ്യവസ്ഥയോടുള്ള വെല്ലുവിളിയായി കരുതുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശബരിമല സ്ത്രീപ്രവേശനവുമായി ബന്ധപ്പെട്ടുണ്ടായ സുപ്രീം കോടതി വിധി നടപ്പാക്കുന്നതിനുള്ള നടപടികളാണ് സർക്കാർ കൈക്കൊണ്ടത്.

(ബി) ചന്ദ്രൻ ഉണ്ണിത്താന്റെ ചികിത്സയ്ക്കായി പ്രവേശിപ്പിച്ചിരുന്ന തിരുവല്ലയിലെ സ്വകാര്യ ആശുപത്രിയിലെ ചികിത്സാരേഖകൾ പ്രകാരം മരണം സംഭവിച്ചത് ഹൃദയസ്തംഭനംമൂലമെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

(സി) നിയമ വ്യവസ്ഥയെ വെല്ലുവിളിച്ചുകൊണ്ടുള്ള പരാമർശങ്ങളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ശബരിമല വിഷയത്തിന്മേലുള്ള ഹർത്താലിലെ അക്രമങ്ങൾ**

113 (118) <u>ശ്രീ. സി. ദിവാകരൻ</u> :
<u>ശ്രീ. ഇ. കെ. വിജയൻ</u> :
<u>ശ്രീമതി സി. കെ. ആശ</u> :
<u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല യുവതീ പ്രവേശനത്തിൽ പ്രതിഷേധിച്ച് ചില സംഘടനകൾ നടത്തിയ ഹർത്താലിന്റെ ഭാഗമായി സംസ്ഥാനത്ത് വ്യാപക അക്രമം അരങ്ങേറിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും അക്രമികൾ തെരുവുയുദ്ധത്തിന് സമാനമായ സാഹചര്യം സൃഷ്ടിച്ചതിലൂടെ ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയുയർത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത അക്രമങ്ങളിൽ പങ്കെടുത്തവർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഹർത്താലിൽ അക്രമം കാണിക്കുന്നവരുടെയും പൊതുമുതൽ നശിപ്പിക്കുന്നവരുടെയും സ്വത്ത് കണ്ടുകെട്ടുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) 3-1-2019-ാം തീയതി ശബരിമല കർമ്മസമിതി ആഹ്വാനം ചെയ്ത് നടത്തിയ ഹർത്താലിനെ തുടർന്നുള്ള അക്രമ സംഭവങ്ങളുമായി ബന്ധപ്പെട്ട് 772 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും 4163 പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ബി) 3-1-2019-ന്റെ ഹർത്താൽ പ്രഖ്യാപനം വന്നയുടൻ ഹർത്താൽ നേരിടുന്നതിനാവശ്യമായ പോലീസ് ബന്തവസ്സ് ഉൾപ്പെടെയുള്ള ക്രമീകരണങ്ങൾ അടിയന്തരമായി സംസ്ഥാനത്ത് ഏർപ്പെടുത്തിയിരുന്നു. കുഴപ്പങ്ങൾ സൃഷ്ടിക്കാൻ സാധ്യതയുള്ളവരെ മുൻകരുതലായി അറസ്റ്റ് ചെയ്തും നിരന്തര പോലീസ് പട്രോളിംഗ് നടത്തിയും പ്രശ്നബാധിത മേഖലകൾ കണ്ടെത്തി അക്രമസാധ്യത കണക്കിലെടുത്തുകൊണ്ട് സുരക്ഷയ്ക്കായി ശക്തമായ പോലീസ് പിക്കറ്റുകൾ സംസ്ഥാനത്തുടനീളം ഏർപ്പെടുത്തിയിരുന്നു. അക്രമങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ച് കൂടുതലായി സേനാ വിന്യാസം നടത്തിയതുമൂലം അക്രമികളായ ഹർത്താൽ അനുകൂലികൾക്ക് പൊതുജനങ്ങളുടെ സ്വൈര്യ ജീവിതത്തിന് തടസ്സമുണ്ടാക്കാനും കലാപം സൃഷ്ടിക്കാനുമുള്ള അവസരം നൽകാതെ സംസ്ഥാനത്ത് സമാധാന അന്തരീക്ഷം നിലനിർത്താൻ സാധിച്ചിട്ടുണ്ട്.

(സി) പ്രസ്തുത അക്രമങ്ങളിൽ പങ്കെടുത്തവർക്കെതിരെ ക്രൈം കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും 4163 പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ഡി) കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടവർക്കെതിരെ കേസ്സുകൾ രജിസ്റ്റർ ചെയ്ത് നിയമ നടപടികൾ സ്വീകരിച്ചും കുറ്റക്കാരിൽനിന്നും നാശനഷ്ടം വരുത്തിയ തുക ഈടാക്കുന്നതിന് Prevention of Damage to Public Property Act, 1984 പ്രകാരം ബഹുമാനപ്പെട്ട കോടതികൾ മുഖേന നടപടികൾ സ്വീകരിച്ചുവരുന്നു.

## ശബരിമലയിലെ പോലീസ് ഉദ്യോഗസ്ഥർക്കുള്ള മെസ്

114 (119) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല മണ്ഡലമകര വിളക്കിനോടനുബന്ധിച്ച് പമ്പ , സന്നിധാനം എന്നിവിടങ്ങളിലെ ഡ്യൂട്ടിക്കായി നിയോഗിച്ചിട്ടുള്ള പോലീസ് ഉദ്യോഗസ്ഥർക്കുള്ള മെസ് നടത്തിപ്പിനായി ഈ സീസണിൽ എത്ര രൂപയാണ് സർക്കാർ ഫണ്ടായി അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ;

(ബി) ഇക്കാര്യത്തിനായി മുൻകാലങ്ങളിൽ സർക്കാർ അനുവദിച്ച ഫണ്ട് വിനിയോഗത്തെ സംബന്ധിച്ച് അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച രേഖകൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) അഞ്ചുകോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) അക്കൗണ്ടന്റ് ജനറൽ ഓഫീസ് ഓഡിറ്റ് നടത്തിയിട്ടില്ല.

**ശബരിമലയിലെ പോലീസ് സംരക്ഷണം**

115 (120) <u>ശ്രീ. അടൂർ പ്രകാശ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ മണ്ഡലവിളക്ക് കാലത്തുണ്ടായ പ്രശ്നങ്ങൾ സംബന്ധിച്ച് ഹൈക്കോടതി നിയമിച്ച നിരീക്ഷണ സമിതി ഹൈക്കോടതിക്ക് നൽകിയ റിപ്പോർട്ടിനെതിരെ സർക്കാർ എതിർ വാദങ്ങൾ സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) യുവതികൾക്ക് പോലീസ് സംരക്ഷണം നൽകണമെന്ന് കോടതി നിർദ്ദേശിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ മനീതി സംഘത്തിൽപെട്ട യുവതികളെ സംസ്ഥാനത്ത് പോലീസ് സംരക്ഷണയിൽ എത്തിക്കുകയും പിന്നീട് പോലീസ് സംരക്ഷണയിൽ ശബരിമലയിലേക്ക് കൊണ്ടുപോകുകയും ചെയ്തത് ഏത് സാഹചര്യത്തിലാണ് എന്ന് വ്യക്തമാക്കാമോ;

(സി) മനീതി സംഘത്തിനെതിരെ ഭക്തർ പ്രതികരിച്ചപ്പോൾ അവർക്ക് സംരക്ഷണം നൽകുന്നതിന് പകരം പോലീസുകാരും അവരോടൊപ്പം തിരിഞ്ഞ് ഓടേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സമർപ്പിച്ചിട്ടില്ല.

(ബി) ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ഉത്തരവ് പ്രകാരം പ്രായഭേദമെന്യേ സ്ത്രീകൾക്ക് ശബരിമല ദർശനം അനുവദിച്ചിട്ടുള്ളതാണ്. അപ്രകാരമായിരിക്കെ ദർശനത്തിനായി എത്തിയ യുവതികളെ തടയുന്നതിനും ദേഹോപദ്രവത്തിനും ഒരു വിഭാഗം ആൾക്കാർ തയ്യാറായി നിൽപ്പുള്ളതായി മനസ്സിലാക്കിയ മേൽ യുവതികൾ പോലീസിനോട് സുരക്ഷ വേണമെന്ന് അപേക്ഷിച്ചതിനാലാണ് പോലീസ് ടിയാൾക്കാർക്ക് സുരക്ഷയ്ക്കായിട്ടുള്ള നടപടി എടുത്തിട്ടുള്ളത്.

(സി) മനീതി സംഘം സ്വയം പിൻതിരിഞ്ഞപ്പോൾ അവരോടൊപ്പം സുരക്ഷ ഒരുക്കുകയാണ് പോലീസ് ചെയ്തിട്ടുള്ളത്.

## ഹർത്താൽ നാശനഷ്ടം

116 (121) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2019 ജനവരി 3-ന് ബി. ജെ.പി, ആർ.എസ്.എസ്, ഹിന്ദു മുന്നണി ആഹ്വാനപ്രകാരം നടന്ന ഹർത്താൽ ആക്രമണവുമായി ബന്ധപ്പെട്ട് എത്ര കോടി രൂപയുടെ നാശനഷ്ടം സംഭവിച്ചു;

(ബി) പ്രസ്തുത നാശനഷ്ടം കലാപകാരികളായ ഹർത്താൽ അനുകൂലികളിൽ നിന്നും ഈടാക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു; ആയത് പ്രകാരം എത്ര കോടി രൂപയുടെ നാശനഷ്ടങ്ങൾ ഇവരിൽനിന്നും ഈടാക്കി; വിശദാംശം വ്യക്തമാക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട പൊതുമുതൽ നശീകരണ നിയമ പ്രകാരം അറസ്റ്റിലായവർ എത്രയെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രകോപനപരമായ പരാമർശങ്ങളിലൂടെ കലാപാഹ്വാനത്തിന് പ്രേരണ നൽകിയ എത്ര ബി.ജെ.പി, ആർ.എസ്.എസ്, ഹിന്ദു മുന്നണി നേതാക്കളെ അറസ്റ്റുചെയ്ത് ജയിലിലടച്ചു; അവർ ആരെല്ലാം;

(ഇ) പ്രസ്തുത ഹർത്താലുമായി ബന്ധപ്പെട്ടുണ്ടായ ആക്രമണങ്ങൾ തടയുന്നതിന് വീഴ്ചവരുത്തിയ പോലീസ് ഉദ്യോഗസ്ഥർ ആരെല്ലാം; അവർക്കെതിരെ എന്ത് നടപടികൾ സ്വീകരിച്ചു?

### ഉത്തരം

(എ) 3-1-2019-ലെ ഹർത്താലുമായി ബന്ധപ്പെട്ട് പൊതുമുതൽ നശിപ്പിച്ച വകയിൽ 28,43,072 രൂപയുടെയും സ്വകാര്യമുതൽ നശിപ്പിച്ച വകയിൽ 1,03,28,526 രൂപയുടെയും നഷ്ടം കണക്കാക്കിയിട്ടുണ്ട്.

(ബി) നാശനഷ്ടം വരുത്തിയ അക്രമസംഭവങ്ങളിൽ അനുയോജ്യമായ വകുപ്പുകൾ ചേർത്ത് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും കുറ്റമറ്റ രീതിയിൽ അന്വേഷണം നടത്തിവരുന്നതുമാണ്. നാശനഷ്ടങ്ങൾ സംബന്ധിച്ച് കോടതിക്ക് റിപ്പോർട്ട് നൽകിയിട്ടുള്ളതാണ്.

(സി&ഡി) 643 പേർ അറസ്റ്റിലായിട്ടുണ്ട്.

(ഇ) പോലീസ് ഉദ്യോഗസ്ഥർ വീഴ്ചവരുത്തിയിട്ടില്ല.

## ഹർത്താൽ അക്രമങ്ങൾ

117 (122) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ജനവരി 3-ന് നടന്ന ബി.ജെ.പി-ആർ.എസ്.എസ്-ഹിന്ദുമുന്നണി ഹർത്താലുമായി ബന്ധപ്പെട്ട് നടന്ന അക്രമങ്ങളിൽ സംസ്ഥാനത്താകമാനം എത്ര വീടുകൾ, പാർട്ടി ഓഫീസുകൾ, സർക്കാർ സ്ഥാപനങ്ങൾ, റോഡുകളിലെ സുരക്ഷ ക്രമീകരണ ഉപകരണങ്ങൾ, സ്വകാര്യ/സർക്കാർ വാഹനങ്ങൾ തുടങ്ങിയവ തകർക്കപ്പെട്ടു; അതുമൂലമുണ്ടായ നാശനഷ്ടം എത്ര; വിശദാംശം ഇനം തിരിച്ച് ലഭ്യമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് എത്ര പേർക്കെതിരെ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു; എത്രപേരെ നാളിതുവരെ കസ്റ്റഡിയിലെടുത്തു; ജില്ലതിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത ആക്രമണത്തിന് പ്രേരണ നല്കിയ എത്ര സംസ്ഥാന ജില്ലാതല ബി.ജെ.പി, ആർ.എസ്.എസ്, ഹിന്ദുമുന്നണി നേതാക്കൾക്കെതിരെ കേസ്സുകൾ രജിസ്റ്റർ ചെയ്തു; എത്രപേരെ അറസ്റ്റുചെയ്തു; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഇതുസംബന്ധിച്ചുള്ള വിശദവിവരം ചുവടെ ചേർത്തിട്ടുണ്ട്:

| | തകർക്കപ്പെട്ടവയുടെ എണ്ണം | നാശനഷ്ടം (കണക്കാക്കപ്പെട്ട തുക) |
|---|---|---|
| വീടുകൾ | 39 | 29,42,000 |
| പാർട്ടി ഓഫീസുകൾ | 32 | 22,23,600 |
| സർക്കാർ സ്ഥാപനങ്ങൾ | 15 | 2,26,915 |
| റോഡുകളിലെ സുരക്ഷാ ക്രമീകരണ ഉപകരണങ്ങൾ | 123 | 3,72,400 |
| സർക്കാർ വാഹനങ്ങൾ | 38 | 17,13,409 |
| സ്വകാര്യ വാഹനങ്ങൾ | 66 | 25,89,600 |

(ബി) വിശദാംശം ഇതോടൊപ്പം അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട് *.

(സി) മൂന്ന് സംസ്ഥാന ജില്ലാതല ബി.ജെ.പി. ഹിന്ദുമുന്നണി നേതാക്കൾക്കെതിരെ കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**ഹർത്താലിലെ അക്രമപ്രവർത്തനങ്ങളും സുരക്ഷാ വീഴ്ചയും**

118 (123) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിലെ യുവതീ പ്രവേശനത്തെത്തുടർന്ന് നടന്ന ഹർത്താലിൽ അക്രമം ഉണ്ടാകുമെന്ന് ഇന്റലിജൻസ് റിപ്പോർട്ട് ലഭിച്ചിരുന്നുവോ;

(ബി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ സുരക്ഷ ഒരുക്കുന്നതിൽ ജില്ലാ പോലീസ് മേധാവികൾ പരാജയപ്പെട്ടതായി വിലയിരുത്തിയിട്ടുണ്ടോ;

(സി) പോലീസ് മേധാവി ഇക്കാര്യത്തിലുള്ള അതൃപ്തി രേഖപ്പെടുത്തിയിട്ടുണ്ടോ;

(ഡി) തിരുവനന്തപുരം, കോഴിക്കോട് സിറ്റി പോലീസ് കമ്മീഷണർമാരുടെ ഭാഗത്തുനിന്നും എന്തൊക്കെ വീഴ്ച ഉണ്ടായതായിട്ടാണ് കണ്ടെത്തിയിട്ടുള്ളത്;

(ഇ) ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഉദ്യോഗസ്ഥരെ സ്ഥലം മാറ്റിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) അക്രമമുണ്ടാകുമെന്ന വിവരം പോലീസിന് ലഭിച്ചിരുന്നു.

(ബി) പോലീസ് മതിയായ സുരക്ഷാ സംവിധാനം ഒരുക്കുകയും ചെയ്തു.

(സി) ഇല്ല.

(ഡി) വീഴ്ച ഉണ്ടായതായി കണ്ടെത്തിയിട്ടില്ല.

(ഇ) സ്ഥലം മാറ്റിയത് മേൽപ്പറഞ്ഞതിന്റെ അടിസ്ഥാനത്തിലല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**വേണുഗോപാലൻ നായരുടെ ആത്മഹത്യ**

119 (124) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല പ്രശ്നത്തിൽ സെക്രട്ടേറിയറ്റിന് മുന്നിൽ ബി.ജെ.പി. നടത്തിയ നിരാഹാര സമര പന്തലിന് മുന്നിൽ പെട്രോൾ ഒഴിച്ച് വേണുഗോപാലൻ നായർ എന്നയാൾ ആത്മഹത്യ ചെയ്ത സംഭവത്തെക്കുറിച്ച് അന്വേഷണം നടത്തിയോ എന്ന് വ്യക്തമാക്കാമോ;

(ബി) ശബരിമലയിൽ ഭക്തർക്കുണ്ടായ അസൗകര്യങ്ങളിൽ പ്രതിഷേധിച്ചാണ് വേണുഗോപാലൻ നായർ ആത്മഹത്യ ചെയ്തതെന്ന ആക്ഷേപം വസ്തുതാപരമാണോ;

(സി) അദ്ദേഹത്തിന്റെ മരണമൊഴിയിൽ ഇക്കാര്യം സാധൂകരിക്കുന്ന എന്തെങ്കിലും വെളിപ്പെടുത്തലുണ്ടായിരുന്നോ എന്ന് വ്യക്തമാക്കാമോ;

(ഡി) ഇല്ലെങ്കിൽ വസ്തുതാവിരുദ്ധമായ കാര്യങ്ങൾ പ്രചരിപ്പിച്ച് സംസ്ഥാനത്ത് കലാപാന്തരീക്ഷം ഉണ്ടാക്കുന്നതിന് ശ്രമിച്ച ബി.ജെ.പി. നേതാക്കൾക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്നറിയിക്കാമോ?

ഉത്തരം

(എ) പെട്രോൾ ഒഴിച്ച് വേണുഗോപാലൻ നായർ എന്നയാൾ ആത്മഹത്യ ചെയ്ത സംഭവവുമായി ബന്ധപ്പെട്ട് കന്റോൺമെന്റ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1561/2018 U/s. 309 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(ബി) വസ്തുതാപരമല്ല.

(സി) ഉണ്ടായിരുന്നില്ല.

(ഡി) നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടത്തിയവർക്കെതിരെ കേസ്സുകൾ രജിസ്റ്റർ ചെയ്ത് നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

**ഹർത്താലിൽ സംസ്ഥാനത്തിനുണ്ടായ നഷ്ടം**

120 (125) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല കർമ്മസമിതി 2019 ജനുവരി 3-ന് നടത്തിയ സംസ്ഥാനതല ഹർത്താലിൽ സംസ്ഥാനത്തിനുണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം മേഖലകളിലാണ് നഷ്ടം ഉണ്ടായതെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ;

(സി) ഹർത്താലിനോടനുബന്ധിച്ചുണ്ടായ അക്രമങ്ങളിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എത്ര പ്രതികളാണ് ഉള്ളതെന്നും ഇതിനകം എത്രപേരെ അറസ്റ്റ് ചെയ്തുവെന്നും ചാർത്തപ്പെട്ട വകുപ്പുകൾ ഏതൊക്കെയാണെന്നും ജില്ലതിരിച്ച് വ്യക്തമാക്കാമോ;

(ഡി) നശിപ്പിക്കപ്പെട്ട മുതലുകളുടെ നഷ്ടം അക്രമികളിൽനിന്നും സംഘടനകളിൽ നിന്നും ഈടാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ ഈടാക്കിയ തുക എത്രയാണെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 3-1-2019-ലെ ഹർത്താലുമായി ബന്ധപ്പെട്ട് പൊതുമുതൽ നശിപ്പിച്ച വകയിൽ 28,43,072 രൂപയുടെയും സ്വകാര്യമുതൽ നശിപ്പിച്ച വകയിൽ 1,03,28,526 രൂപയുടെയും നഷ്ടം കണക്കാക്കിയിട്ടുണ്ട്.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(സി) ഹർത്താലിനോടനുബന്ധിച്ചുണ്ടായ അക്രമങ്ങളിൽ 772 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും ഇതിൽ 24435 പ്രതികൾ ഉൾപ്പെടുകയും അതിൽ 4163 പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദവിവരം ഇതോടൊപ്പം അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്*.

(ഡി) നിലവിലെ നിയമമനുസരിച്ച് നാശനഷ്ടങ്ങൾ കുറ്റക്കാരിൽനിന്നും ഈടാക്കുന്നതിന് കോടതിയിൽ റിപ്പോർട്ട് സമർപ്പിച്ച് ആവശ്യമായ നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

**സ്ത്രീകൾക്ക് ശബരിമല ദർശനത്തിന് അനുമതി**

121 (126) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ പ്രായത്തിലുമുള്ള സ്ത്രീകൾക്കും ശബരിമല ദർശനത്തിന് അനുമതി നൽകിക്കൊണ്ടുള്ള സുപ്രീംകോടതി വിധി നിലനിൽക്കുമ്പോൾ, നിലയ്ക്കലിൽ എത്തുന്ന സ്ത്രീകളുടെ പ്രായപരിശോധന പോലീസ് നടത്തിയത് ഏത് സാഹചര്യത്തിലാണ് എന്നറിയിക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) അൻപത് വയസ്സിന് താഴെ പ്രായമുള്ള യുവതികളെ പോലീസ് ഉപദേശിച്ച് മടക്കി അയച്ചതായ സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ;

(സി) പ്രായം തെളിയിക്കുന്നതിനുള്ള രേഖകൾ കൈവശമില്ലാത്തതിന്റെ പേരിൽ അൻപത് വയസ്സിന് മുകളിലുള്ള സ്ത്രീകളെപോലും ശബരിമല ദർശനത്തിന് അനുവദിക്കാതെ മടക്കി അയച്ചിട്ടുണ്ടോ; എങ്കിൽ ഇത് ഏത് സാഹചര്യത്തിലാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ-സി) അയ്യപ്പദർശനത്തിന് നിലയ്ക്കലിൽ എത്തിയ സ്ത്രീകളുടെ പ്രായപരിശോധന പോലീസ് നടത്തിയിട്ടില്ല. പ്രായഭേദമില്ലാതെ ദർശനത്തിനായി നിലയ്ക്കലിൽ എത്തിച്ചേർന്ന സ്ത്രീകളുടെ സുരക്ഷ ഒരുക്കുന്നതിനുള്ള നടപടികളാണ് പോലീസ് കൈക്കൊണ്ടിട്ടുള്ളത്.

**ഹർത്താലിനോടനുബന്ധിച്ച് ആക്രമണത്തിനിരയായ മാധ്യമപ്രവർത്തകർ**

122 (127) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ജനുവരി 3-ന് നടത്തിയ ഹർത്താലിനോടനുബന്ധിച്ച് ആക്രമണത്തിനിരയായ മാധ്യമപ്രവർത്തകരുടെ എണ്ണം എത്രയെന്നും അവർ ആരെല്ലാമെന്നും ഇവർ പ്രതിനിധാനം ചെയ്ത മാധ്യമങ്ങൾ ഏതെല്ലാമെന്നും വ്യക്തമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് ചികിത്സ തേടിയ മാധ്യമപ്രവർത്തകർ എത്ര എന്നും ഇവർക്ക് ചികിത്സയ്ക്കായി നൽകിയ സഹായം എന്തെല്ലാം എന്നും വ്യക്തമാക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് മാധ്യമമേഖലയിലെ ജീവനക്കാരുടെ വാഹനങ്ങൾ ക്യാമറ ഉൾപ്പെടെ തകർക്കപ്പെട്ടതുമായി ബന്ധപ്പെട്ട് ഉണ്ടായ നാശനഷ്ടം എത്ര എന്നറിയിക്കാമോ;

(ഡി) പ്രസ്തുത ആക്രമണവുമായി ബന്ധപ്പെട്ട് എത്ര പേരുടെ പേരിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു എന്നും എത്ര പേരെ പിടികൂടി എന്നുമുള്ള വിശദവിവരം നല്കുമോ?

ഉത്തരം

(എ-സി) 2019 ജനുവരി 3-ന് നടത്തിയ ഹർത്താലിനോടനുബന്ധിച്ച് 12 മാധ്യമ പ്രവർത്തകർ ആക്രമണത്തിന് ഇരയായിട്ടുണ്ട്. അവരുടെ വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) പ്രസ്തുത ആക്രമണവുമായി ബന്ധപ്പെട്ട് 50 പേരുടെ പേരിൽ 6 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 21 പേരെ പിടികൂടിയിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

**ഹർത്താലിനോടനുബന്ധിച്ചുള്ള കേസ്സുകൾ**

123 (128) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ജനുവരി 3-ന് നടന്ന ഹർത്താലിനോടനുബന്ധിച്ച് പത്തനംതിട്ട ജില്ലയിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തുവെന്നും ഓരോ കേസിലും പ്രതിചേർക്കപ്പെട്ടവരുടെ എണ്ണവും ആയതിന്റെ പോലീസ് സ്റ്റേഷൻ തിരിച്ചുള്ള കണക്കും ലഭ്യമാക്കാമോ;

(ബി) ഹർത്താലിന് മുന്നോടിയായി എത്ര പേരെയാണ് കരുതൽ തടങ്കലിൽ വച്ചത്;ഇവർക്കെതിരെ മറ്റേതെങ്കിലും കേസുകൾ പിന്നീട് എടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഹർത്താൽ ആക്രമണ കേസുകളായി രജിസ്റ്റർ ചെയ്തിട്ടുള്ളവയിൽ പി.ഡി.പി.പി. കേസുകൾ എത്ര; സ്റ്റേഷൻ തിരിച്ചുള്ള പട്ടിക ലഭ്യമാക്കാമോ;

(ഡി) ഈ കേസുകളുമായി ബന്ധപ്പെട്ട് എത്രപേരെ അറസ്റ്റ് ചെയ്തുവെന്ന് സ്റ്റേഷൻ തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ; ഇനി എത്രപേരെ അറസ്റ്റ് ചെയ്യാനുണ്ട്; ഏതെല്ലാം സ്റ്റേഷൻ പരിധികളിൽ എന്നറിയിക്കാമോ;

(ഇ) പ്രസ്തുത ഹർത്താലിനോടനുബന്ധിച്ച് പൊതു-സ്വകാര്യ മേഖലയ്ക്ക് ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങളുടെ കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കാമോ;നഷ്ടം ഈടാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 2019 ജനുവരി 3-ന് നടന്ന ഹർത്താലിനോടനുബന്ധിച്ച് പത്തനംതിട്ട ജില്ലയിൽ 42 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിന്റെ വിശദവിവരം അനുബന്ധമായി* ഉള്ളടക്കം ചെയ്യുന്നു.

(ബി) ഹർത്താലിന് മുന്നോടിയായി പത്തനംതിട്ട ജില്ലയിൽ ആരേയും കരുതൽ തടങ്കലിൽ പാർപ്പിച്ചിട്ടില്ല.

(സി) ഹർത്താൽ ആക്രമണ കേസ്സുകളിൽ രണ്ട് കേസ്സുകൾ പി.ഡി.പി.പി. കേസ്സുകളായി രജിസ്റ്റർ ചെയ്തിട്ടുള്ളവയാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| No. | Police Station | Crime No. | Section of Law | No. of Accused |
|---|---|---|---|---|
| 1 | PATHANAMTHITTA | 19/19 | 143, 147, 149 IPC & 3(2)(e) of Prevention of Damage to Public Property Act 1984 | 4 |
| 2 | KOIPURAM | 24/19 | 143, 147, 148, 149, 332 IPC, Sec 3(2)(e) of PDPP Act | 50 |

(ഡി) പ്രസ്തുത കേസ്സുകളുമായി ബന്ധപ്പെട്ട് അറസ്റ്റ് ചെയ്തവരുടെയും അറസ്റ്റ് ചെയ്യാനുള്ളവരുടെയും പോലീസ് സ്റ്റേഷൻ തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

(ഇ) ഹർത്താലിനോടനുബന്ധിച്ച് പൊതു-സ്വകാര്യ മേഖലയ്ക്ക് ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം മൂന്നായി ഉള്ളടക്കം ചെയ്യുന്നു*. നാശനഷ്ടം സംഭവിച്ച വിവരങ്ങൾ കണക്കാക്കി ബഹു. കോടതി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്.

**ശിക്ഷാനടപടി നേരിടുന്ന പോലീസുദ്യോഗസ്ഥരുടെ സ്ഥാനക്കയറ്റം**

124 (129) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സസ്പെൻഷൻ ഉൾപ്പെടെയുള്ള ശിക്ഷാനടപടികൾ നേരിടുന്ന പോലീസുദ്യോഗസ്ഥർക്ക് സ്ഥാനക്കയറ്റത്തെ ബാധിക്കാതെ സംരക്ഷണം നൽകുന്ന കേരളാ പോലീസ് നിയമത്തിലെ 101(6)-ാം വകുപ്പ് റദ്ദാക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരമൊരു തീരുമാനം എടുക്കുവാനുണ്ടായ സാഹചര്യമെന്തെന്ന് വ്യക്തമാക്കാമോ;

(ബി) ശിക്ഷാ നടപടി നേരിട്ട പോലീസുദ്യോഗസ്ഥരുടെ സ്ഥാനക്കയറ്റം സംബന്ധിച്ച തീരുമാനം എടുക്കുന്നതിന് വകുപ്പുതല പ്രൊമോഷൻ സമിതി ഉണ്ടാക്കുവാൻ തീരുമാനമെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത സമിതിയിലെ അംഗങ്ങൾ ആരെല്ലാമാണെന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) കേരള പോലീസ് ആക്ട് 2011-ലെ 101(6) വകുപ്പ് 8/1/2019 തീയതിയിലെ 413/ലെഗ് ഇ.1/2019/നിയമം നമ്പർ വിജ്ഞാപന പ്രകാരം പുറപ്പെടുവിച്ച ഓർഡിനൻസ് പ്രകാരം റദ്ദാക്കിയിട്ടുണ്ട്. കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവ്വീസസ് ചട്ടങ്ങളിലെ ചട്ടം 28 പ്രകാരമുള്ള നടപടിക്രമങ്ങളാണ് പോലീസ് ഓഫീസർമാരുടെ പ്രൊമോഷനുള്ള സെലക്ട് ലിസ്റ്റ് തയ്യാറാക്കുവാൻ അവലംബിക്കുന്നത്. കെ.എസ്.&എസ്.എസ്.ആർ. അനുശാസിക്കുന്ന പ്രകാരവും അച്ചടക്ക നടപടി നേരിടുന്ന/ശിക്ഷ ലഭിച്ചിട്ടുള്ള ഉദ്യോഗസ്ഥർ ഉന്നത ശ്രേണിയിലേയ്ക്ക് സ്ഥാനക്കയറ്റം നേടുന്നത് വ്യവസ്ഥ പ്രകാരമുള്ള നിയന്ത്രണം ബാധകമാക്കാനാണ് ഇത്തരമൊരു നിയമഭേദഗതി നടപ്പിലാക്കിയത്.

(ബി) പോലീസുദ്യോഗസ്ഥരുടെ സ്ഥാനക്കയറ്റം സംബന്ധിച്ചുള്ള തീരുമാനം കൈക്കൊള്ളുന്നത് കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവ്വീസസ് 28-ാം ചട്ടം പ്രകാരം രൂപീകൃതമായ ഡിപ്പാർട്ട്മെന്റ് പ്രൊമോഷൻ കമ്മിറ്റിയാണ്. ടി കമ്മിറ്റിയിൽ (ഹയർ) പി.എസ്.സി. ചെയർമാനും ആഭ്യന്തര അഡീഷണൽ ചീഫ് സെക്രട്ടറിയും സംസ്ഥാന പോലീസ് മേധാവിയും ലോവർ കമ്മിറ്റിയിൽ പി.എസ്.സി. ചെയർമാനും സംസ്ഥാന പോലീസ് മേധാവിയും ആഭ്യന്തര അഡീഷണൽ സെക്രട്ടറിയുമാണ് അംഗങ്ങൾ.

**ബോംബ് സ്ക്വാഡ്**

125 (130) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ പോലീസ് ജില്ലകളിലും സ്വന്തമായി ബോംബ് സ്ക്വാഡ് ഉണ്ടോ;

(ബി) ബോംബ് സ്ക്വാഡിനാവശ്യമായ ക്രമീകരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) കൊല്ലം റൂറൽ ജില്ലയിൽ ബോംബ് സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ടോ; ഇല്ലാത്തപക്ഷം ആയത് രൂപീകരിച്ച് പ്രവർത്തിപ്പിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ഇല്ല. ഇപ്പോൾ പരിഗണനയിലില്ല.

## പോലീസുകാർക്കെതിരെയുള്ള ശിക്ഷാ നടപടിച്ചട്ടങ്ങളിലെ ഭേദഗതി

126 (131) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വീസ് കാലയളവിൽ ഗുരുതരമായ കുറ്റകൃത്യങ്ങൾ ചെയ്ത പോലീസുകാർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിനും ശിക്ഷാ നടപടികൾ പുനഃപരിശോധിക്കുന്നതിനും കേരള പോലീസ് ഡിപ്പാർട്ട്മെന്റൽ എൻക്വയറീസ്, പണിഷ്മെന്റ് ആൻഡ് അപ്പീൽ ചട്ടങ്ങൾ പ്രകാരം നടപടി സ്വീകരിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) സർവ്വീസ് കാലയളവിൽ ഗുരുതരമായ കുറ്റകൃത്യങ്ങൾ ചെയ്ത പോലീസുകാർക്കെതിരെ കേരള പോലീസ് ഡിപ്പാർട്ട്മെന്റൽ എൻക്വയറീസ്, പണിഷ്മെന്റ് ആൻഡ് അപ്പീൽ ചട്ടങ്ങൾ പ്രകാരം ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിനും ശിക്ഷാ നടപടികൾ പുനഃപരിശോധിക്കുന്നതിനും നിലവിൽ തടസ്സങ്ങളൊന്നും തന്നെയില്ല.

## പോലീസ് വകുപ്പിലെ ഒഴിവുകൾ

127 (132) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് വകുപ്പിൽ സർക്കിൾ ഇൻസ്പെക്ടർ മുതൽ സൂപ്രണ്ട് ഓഫ് പോലീസ് (നോൺ ഐ.പി.എസ്.) വരെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ തസ്തികകളുമായി ബന്ധപ്പെട്ട് ഡി. പി. സി. കൂടിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഒഴിവുകൾ അടിയന്തരമായി റിപ്പോർട്ട് ചെയ്യുവാനുള്ള എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പോലീസ് വകുപ്പിൽ സർക്കിൾ ഇൻസ്പെക്ടർ മുതൽ സൂപ്രണ്ട് ഓഫ് പോലീസ് (നോൺ ഐ.പി.എസ്.) വരെയുള്ള ഒഴിവുകളുടെ എണ്ണം ചുവടെ ചേർക്കുന്നു:

2018, 2019 വർഷത്തിൽ ഇൻസ്പെക്ടർമാരുടെ ഒഴിവുകളുടെ എണ്ണം - 22

2019 വർഷത്തിൽ ഡിവൈ.എസ്.പി.-മാരുടെ ഒഴിവുകളുടെ എണ്ണം - 23

2019 വർഷത്തിൽ സൂപ്രണ്ട് ഓഫ് പോലീസ് (നോൺ ഐ.പി.എസ്.) ഒഴിവുകളുടെ എണ്ണം - 5

(ബി&സി) ഒഴിവുകൾ നികത്തുന്നതിന് ഡി.പി.സി. കൂടുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

## പോലീസ് വകുപ്പിലെ പുതിയ തസ്തികകൾ

128 (133) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പോലീസ് വകുപ്പിൽ മിനിസ്റ്റീരിയൽ ജീവനക്കാർ അടക്കം എത്ര തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്; ഇനം, വർഷം എന്നിവ തിരിച്ച് വിശദമാക്കാമോ?

(ബി) പോലീസ് വകുപ്പിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ഏതെങ്കിലും നിർദ്ദേശം വന്നിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പോലീസ് വകുപ്പിൽ നാളിതുവരെ 2740 സ്ഥിരം തസ്തികകളും 240 താൽക്കാലിക തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ 1873 താൽക്കാലിക തസ്തികകൾക്ക് തുടർഅനുമതിയും നൽകിയിട്ടുണ്ട്. (വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു *.)

(ബി) പോലീസ് വകുപ്പിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച ശിപാർശകളിൽ സർക്കാർ നടപടി സ്വീകരിച്ചുവരുന്നു.

## മുഖ്യമന്ത്രിയുടെ പൈലറ്റ് വാഹനം ഇടിച്ച സംഭവം

129 (134) ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് ജനുവരി 3-ാം തീയതി മുഖ്യന്ത്രിയുടെ പൈലറ്റ് വാഹനം യൂത്ത് കോൺഗ്രസ്സ് പ്രവർത്തകരെ ഇടിച്ച് പരിക്കേല്പിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പേർക്ക് പരിക്കേറ്റുവെന്ന് അറിയിക്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പരിക്ക് പറ്റിയ പ്രസ്തുത പ്രവർത്തകരെ മെഡിക്കൽ കോളേജിലെ സെൽ വാർഡിൽ പ്രവേശിപ്പിച്ചിരുന്നോ; ഗുരുതരമായി പരിക്കേറ്റ് പരസഹായം കൂടാതെ നടക്കുവാൻ പോലും കഴിയാത്ത പ്രവർത്തകരെ സെൽ വാർഡിലേക്ക് മാറ്റിയത് ആരുടെ നിർദ്ദേശപ്രകാരമാണെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പ്രവർത്തകർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ വകുപ്പുകൾ പ്രകാരമാണെന്ന് അറിയിക്കുമോ;

(ഡി) പൈലറ്റ് വാഹനം വെട്ടിത്തിരിച്ച് പ്രവർത്തകരെ മനഃപൂർവ്വം ഇടിച്ച് പരിക്കേല്പിച്ച പൊലീസ് ഡ്രൈവർക്കെതിരെ നടപടി സ്വീകരിക്കണമെന്ന പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് കൈക്കൊണ്ടതെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) മുഖ്യമന്ത്രിയുടെ പൈലറ്റ് വാഹനത്തിന് മുന്നിൽ ചാടിയ 4 പേർക്ക് പരിക്ക് പറ്റിയിട്ടുണ്ട്.

(ബി) പ്രവേശിപ്പിച്ചിരുന്നു. വ്യക്തികൾ ജുഡീഷ്യൽ കസ്റ്റഡിയിലായിരിക്കുമ്പോൾ ചികിത്സയിൽ കഴിഞ്ഞുവരികയാണെങ്കിൽ ബഹു. കോടതി ഉത്തരവ് പ്രകാരം സെല്ലിലേയ്ക്ക് മാറ്റാറുണ്ട്.

(സി) കന്റോൺമെന്റ് പോലീസ് സ്റ്റേഷൻ ക്രൈം 18/2019 U/s 143, 147, 149, 283, 353 IPC &Sec. 39 r/w 121 of KP Act പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കർശന നിയമ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സംസ്ഥാന പോലീസ് മേധാവിക്ക് നൽകിയ പരാതി അന്വേഷണത്തിലാണ്.

**എസ്.ബി.ഐ. ട്രഷറി ബ്രാഞ്ചിലെ അക്രമം**

130 (135) <u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു നടന്ന ദ്വിദിന പൊതു പണിമുടക്കിന്റെ രണ്ടാം ദിനത്തിൽ സെക്രട്ടേറിയറ്റിന് സമീപമുള്ള എസ്.ബി.ഐ ട്രഷറി ബ്രാഞ്ചിലെ മാനേജരുടെ ക്യാബിൻ തല്ലിത്തകർത്ത് കമ്പ്യൂട്ടറിനും മറ്റും നാശനഷ്ടം വരുത്തിയ സംഭവത്തിൽ ഇതിനോടകം എന്തു നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ;

(ബി) ഇത്തരത്തിൽ പൊതുമുതൽ നശിപ്പിച്ചവർ ആരെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ടോയെന്നും അവർ ഏത് സംഘടനയിൽപെട്ടവരാണെന്നും വെളിപ്പെടുത്തുമോ;

(സി) എന്തു തുകയുടെ നാശനഷ്ടമാണ് വരുത്തിയതെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഡി) ഇവർക്കെതിരെ എന്തെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസ്സ് എടുത്തിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഇ) ഇവർ സർക്കാർ ജീവനക്കാർ ആണെങ്കിൽ അവർക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 48/2019 U/s 143, 147, 149, 447, 294 (b), 506 (i) IPC & Sec 3 (i) of PDPP Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം തുടർന്നുവരുന്നു. പ്രസ്തുത കേസിലെ പ്രതികൾ ജുഡീഷ്യൽ കസ്റ്റഡിയിലാണ്.

(ബി) കണ്ടെത്തിയിട്ടുണ്ട്. ഇവർ സംയുക്ത സമര സമിതിയിൽപ്പെട്ട സർക്കാർ ജീവനക്കാരാണ്.

(സി) പ്രസ്തുത അക്രമത്തിൽ 1,50,000 രൂപയുടെ നാശനഷ്ടം ഉണ്ടായതായി കണക്കാക്കിയിട്ടുണ്ട്.

(ഡി) കന്റോൺമെന്റ് പൊലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 48/2019 U/s 143, 147, 149, 447, 294 (b), 506 (i) IPC & Sec 3(i) of PDPP Act പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഇ) ഇവർ സർക്കാർ ജീവനക്കാരാണ്. ഇവരെ വകുപ്പുതല നടപടികളുടെ ഭാഗമായി സർവ്വീസിൽനിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്.

**എൻ.എസ്.എസ്., എസ്.എൻ.ഡി.പി. മന്ദിരങ്ങൾക്കുനേരെയുള്ള ആക്രമണം**

131 (137) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.എസ്.എസ്, എസ്.എൻ.ഡി.പി. മന്ദിരങ്ങൾക്കുനേരെ എത്ര ആക്രമണങ്ങളാണ് കഴിഞ്ഞ നാലുമാസങ്ങൾക്കുള്ളിൽ നടന്നത് എന്നറിയിക്കാമോ;

(ബി) ഇതേത്തുടർന്ന് എത്ര കേസ്സുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്;

(സി) പ്രസ്തുത ആക്രമണങ്ങളുമായി ബന്ധപ്പെട്ട ഏതെല്ലാം കേസുകളിൽ പ്രതികളെ കണ്ടെത്താനുണ്ട്; വ്യക്തമാക്കുമോ;

(ഡി) പ്രതികളെ കണ്ടെത്തുന്നതിന് കാലതാമസമുണ്ടാകുന്നതിനുള്ള കാരണങ്ങൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-ഡി) പത്ത് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആറ് കേസ്സുകളിൽ പ്രതികളെ കണ്ടെത്താനുണ്ട്. പ്രതികളെ തിരിച്ചറിയാനുള്ള കേസ്സുകളിൽ അവരെ കണ്ടെത്തുന്നതിനുള്ള അന്വേഷണം കാര്യക്ഷമമായി നടന്നുവരുന്നു.

**ദേശീയ പണിമുടക്കുമായി ബന്ധപ്പെട്ട അക്രമങ്ങൾ**

132 (138) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ജനുവരി 8,9 തീയതികളിൽ നടന്ന ദേശീയ പണിമുടക്ക് ദിവസം സെക്രട്ടേറിയറ്റിന് സമീപത്തെ എസ്.ബി.ഐ.ട്രഷറി ബ്രാഞ്ച് സമരാനുകൂലികൾ അടിച്ചുതകർത്തതായി പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിലോ പോലീസ് സ്വമേധയായോ കേസെടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ കേസിൽ എത്രപേർ ഉൾപ്പെട്ടിട്ടുണ്ടെന്നും ഇവർ ഏത് സംഘടനയിലെ അംഗങ്ങളാണെന്നും അറിയിക്കുമോ;

(സി) അക്രമത്തിൽ എത്ര ലക്ഷം രൂപയുടെ നാശനഷ്ടമുണ്ടായതായാണ് കണക്കാക്കിയിട്ടുള്ളത്; ഈ നാശനഷ്ടം എപ്രകാരം പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ബ്രാഞ്ച് മാനേജർ സന്തോഷ് കരുണാകരന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 48/2019 U/s 143, 147, 149, 447 294 (b), 506 (i) IPC & Sec 3 (i) of PDPP Act പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 8 പേർ ഉൾപ്പെട്ടിട്ടുണ്ട്. ഇവർ സംയുക്ത സമര സമിതിയിൽപ്പെട്ടവരാണ്.

(സി) അക്രമത്തിൽ 1,50,000 രൂപയുടെ നാശനഷ്ടം ഉണ്ടായതായി കണക്കാക്കിയിട്ടുണ്ട്. നാശനഷ്ടം പരിഹരിക്കുന്ന കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല.

**അക്രമം തടയാൻ നടപടി**

133 (139) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിശ്വാസത്തിന്റെയും ആചാരത്തിന്റെയും പേരിൽ ആളുകളെ സംഘടിപ്പിച്ച് അധികാരം പിടിച്ചെടുക്കാൻ ഗോൾഡൻ ഓപ്പർച്ച്യൂണിറ്റി വന്നതായ ചില നേതാക്കളുടെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ ചില അമ്പലങ്ങളും അനുബന്ധ പ്രദേശങ്ങളും കേന്ദ്രീകരിച്ച് സംഘ പരിവാർ സംഘടനകൾ അക്രമം അഴിച്ചുവിടുന്നത് തടയാൻ സർക്കാർ എന്തെല്ലാം നടപടികളെടുത്തുവെന്ന് അറിയിക്കാമോ;

(സി) സ്വകാര്യ/പൊതുമുതൽ യഥേഷ്ടം നശിപ്പിക്കുന്ന നടപടി വർദ്ധിച്ച് വരുന്നത് തടയുന്നതിലും ശിക്ഷ ഉറപ്പാക്കുന്നതിലും പോലീസ് കാണിക്കുന്ന അനാസ്ഥ അതീവ ഗൗരവമായികണ്ട് അന്വേഷണ വിധേയമാക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അക്രമപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ മുഖം നോക്കാതെ കർശന നടപടി സ്വീകരിച്ചും അക്രമം ഉണ്ടാകാനുള്ള സാധ്യത മുൻകൂട്ടിക്കണ്ട് സുരക്ഷ ഏർപ്പെടുത്തിയും അക്രമപ്രവർത്തനങ്ങൾ തടയാൻ പോലീസ് നടപടി സ്വീകരിച്ചുവരുന്നു.

(സി) പോലീസിന്റെ ഭാഗത്ത് അനാസ്ഥയുണ്ടായതായി ശ്രദ്ധയിൽപെട്ടിട്ടില്ല. ഹർത്താലിന്റെ ഭാഗമായി നടന്ന അക്രമപ്രവർത്തനങ്ങളിൽ ഏർപ്പെട്ടവർക്കെതിരെ രജിസ്റ്റർ ചെയ്ത കേസ്സുകളിൽ ശരിയായ അന്വേഷണം ഉറപ്പുവരുത്തുന്നതിനും പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനും പൊതുമുതലിനും സ്വകാര്യ സ്വത്തിനും ഉണ്ടായ നാശനഷ്ടങ്ങൾക്ക് ആവശ്യമായ നഷ്ടപരിഹാരം ഉത്തരവാദികളായ പ്രതികളിൽനിന്നും ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും സംസ്ഥാന പോലീസ് മേധാവി ബന്ധപ്പെട്ട എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

**ശ്രീ. ഉമ്മൻ ചാണ്ടിക്കെതിരെയുണ്ടായ ആക്രമണം**

134 (140) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 27-10-2013-ൽ സംസ്ഥാന പോലീസ് കായിക മേളയിൽ പങ്കെടുക്കാനെത്തിയ മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയെ സംഘമായി ചേർന്ന് ആക്രമിക്കുകയും കല്ലെറിഞ്ഞ് പരിക്ക് ഏല്പിക്കുകയും ചെയ്ത സംഭവത്തിൽ പോലീസ് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തുവെന്ന് വെളിപ്പെടുത്തുമോ;

(ബി) ഓരോ കേസ്സിലും എത്ര പ്രതികൾ വീതം ഉണ്ടായിരുന്നു; ആദ്യ പത്ത് പ്രതികൾ ആരെല്ലാമായിരുന്നു എന്നും ഏതെല്ലാം വകുപ്പ് പ്രകാരമാണ് കേസ്സുകൾ രജിസ്റ്റർ ചെയ്തതെന്നും വെളിപ്പെടുത്തുമോ;

(സി) മേൽപ്പറഞ്ഞ ഓരോ കേസ്സിന്റെയും ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 4 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി)

| ക്രൈം നമ്പർ | നിലവിലെ അവസ്ഥ |
|---|---|
| 1637/13 | വിചാരണയിലിരിക്കുന്നു(Pending Trial) |
| 1638/13 | റദ്ദാക്കി (Quashed) |
| 1639/13 | വിചാരണയിലിരിക്കുന്നു(Pending Trial) |
| 1640/13 | പിൻവലിച്ചു |

**ആസൂത്രിത അക്രമങ്ങൾക്കെതിരെ നടപടി**

135 (141) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര അധികാരത്തിന്റെ ബലത്തിൽ കലാപം ലക്ഷ്യമിട്ട് ചിലർ അക്രമം നടത്തുന്നത് കേരളത്തിലെ നിലവിലുള്ള സമാധാനാന്തരീക്ഷം പൂർണ്ണമായും തകർക്കുമെന്ന വസ്തുത ഗൗരവമായി കാണാതെ പോകുന്നതുമൂലം ഉളവാകുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഉത്തരേന്ത്യൻ മാതൃകയിൽ കഴിഞ്ഞ കുറച്ച് മാസങ്ങളായി സംഘപരിവാർ ശക്തികൾ സംസ്ഥാനത്തെ സമാധാന ജീവിതത്തിന് നിരന്തരമുണ്ടാക്കുന്ന ഭംഗത്തിനെതിരെ കർശന നടപടികൾ കൈക്കൊള്ളുമോ;

(സി) ഇത്തരം അക്രമങ്ങൾക്ക് നിരവധി ക്യാമറ സാക്ഷ്യമുണ്ടായിട്ടും അക്രമികൾ ശിക്ഷിക്കപ്പെടാതെ പോകുകയോ അല്ലെങ്കിൽ ലഘുവകുപ്പുകൾ ചുമത്തി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അക്രമകാരികളെ രക്ഷപ്പെടാൻ അനുവദിക്കുകയോ ചെയ്യുന്ന പോലീസിന്റെ നിലപാട് സംസ്ഥാനത്തുണ്ടാക്കാവുന്ന പ്രത്യാഘാതം ഗൗരവകരമായിക്കണ്ട് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തിന്റെ സമാധാനാന്തരീക്ഷം തകർക്കാൻ ശ്രമിക്കുന്ന എല്ലാവിധ പ്രവർത്തനങ്ങളും സർക്കാർ വളരെ ഗൗരവമായിത്തന്നെ കാണുന്നുണ്ട്. അതനുസരിച്ച് ശക്തമായ നിയമ നടപടികളും സ്വീകരിക്കുന്നുണ്ട്.

(ബി) സംസ്ഥാനത്തെ സമാധാന ജീവിതത്തിന് നിരന്തരമുണ്ടാക്കുന്ന ഭംഗത്തിനെതിരെ കർശന നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) അക്രമം നടന്ന സ്ഥലങ്ങളിലെ ക്യാമറകൾകൂടി പരിശോധിച്ച് പ്രതികളെ മനസ്സിലാക്കി കേസ്സുകളിൽ ഉൾപ്പെടുത്തി ശക്തമായ നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. ഇത്തരം സംഭവങ്ങളെ വളരെ ഗൗരവമായിക്കണ്ട് നടപടി സ്വീകരിക്കുന്നുണ്ട്.

**പോലീസുകാരെ വിദ്യാർത്ഥികൾ മർദ്ദിച്ച സംഭവം**

136 (142) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം എസ്.എ.പി. ക്യാമ്പിലെ പോലീസുകാരായ വിനയചന്ദ്രൻ, ശരത്, ട്രാഫിക് കോൺസ്റ്റബിൾ അമൽകൃഷ്ണ എന്നിവരെ ഡിസംബർ 12-ാം തീയതി യൂണിവേഴ്സിറ്റി കോളേജിലെ വിദ്യാർത്ഥികൾ പാളയത്തുവച്ച് മർദ്ദിച്ച സംഭവത്തിന്റെ അനേഷണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) പ്രതികൾ ഏതെങ്കിലും വിദ്യാർത്ഥി സംഘടനയുമായി ബന്ധമുള്ളവരാണോ; എങ്കിൽ ഏത് സംഘടന എന്ന് വ്യക്തമാക്കാമോ;

(സി) പ്രതികൾക്കെതിരെ ഏതൊക്കെ വകുപ്പുകൾ പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഡി) അക്രമസംഭവത്തിൽപെട്ടവർ പ്രതികളെ സംഭവ ദിവസം പോലീസ് ജീപ്പിൽ നിന്നും ബലമായി പിടിച്ചിറക്കി കൊണ്ടുപോയിട്ടുണ്ടോ;

(ഇ) പോലീസിന്റെ മനോവീര്യം തകർക്കുന്ന ഇത്തരം കേസുകളിൽ പ്രതികളാകുന്നവർക്കെതിരെ ശക്തമായ വകുപ്പുകൾ ചേർത്ത് കേസെടുത്ത് നടപടി സ്വീകരിക്കാത്തതും, ഉന്നതതല രാഷ്ട്രീയ ഇടപെടലുണ്ടാകുന്നതും ഇത്തരം കേസുകൾ വർദ്ധിക്കുന്നതിന് കാരണമാകുന്നതായി വിലയിരുത്തുന്നുണ്ടോ എന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) അന്വേഷണം പുരോഗമിച്ചുവരുന്നു.

(ബി&സി) വിദ്യാർത്ഥി സംഘടനയിൽപ്പെട്ട പ്രതികൾക്കെതിരെ u/s 143, 147, 149, 447, 294 (b), 353, 332 IPC എന്നീ വകുപ്പുകൾ പ്രകാരമാണ് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്.

(ഡി) ഇല്ല.

(ഇ) ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരം തന്നെയാണ് കേസ് രജിസ്റ്റർ ചെയ്തത്.

**കുലശേഖരപുരം ഗ്രാമപഞ്ചായത്തിലെ ആക്രമണം**

137 (143) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ജനുവരി 2- ാം തീയതി കുലശേഖരപുരം ഗ്രാമപഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ ചിലർ സംഘടിതമായി സി.പി.എം. ലോക്കൽകമ്മിറ്റി ഓഫീസ് ആക്രമിക്കുകയും പ്രദേശത്ത് വ്യാപകമായ നാശനഷ്ടങ്ങൾ വരുത്തുകയും ചെയ്ത സംഭവത്തിൽ കേസെടുത്തിട്ടുണ്ടോ; അറസ്റ്റ് രേഖപ്പെടുത്തിയിട്ടുണ്ടോ; വിശദവിവരം നൽകാമോ;

(ബി) നാശനഷ്ടങ്ങൾ പരിശോധിച്ച്, ഉത്തരവാദികളായവരിൽനിന്ന് നഷ്ടപരിഹാരം ഈടാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഈ സംഭവത്തിലേയ്ക്ക് പ്രത്യേകം കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. എന്നാൽ ഈ സ്ഥലത്ത് 3-1-2019-ന് ബൈക്ക് കത്തിച്ചതുമായി ബന്ധപ്പെട്ട് കരുനാഗപ്പള്ളി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 20/19-ാം ആയി കേസ് രജിസ്റ്റർ ചെയ്ത് 7 ബി.ജെ.പി., ആർ.എസ്.എസ്. പ്രവർത്തകരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

**തിരുവനന്തപുരം എസ്.ബി.ഐ. ട്രഷറി ബ്രാഞ്ച് അക്രമം**

138 (144) <u>ശ്രീ. പി. ടി. തോമസ്</u> :
<u>ശ്രീ. അനൂപ് ജേക്കബ്</u> :
<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> :
<u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനുവരി 8, 9 തീയതികളിൽ നടന്ന സംയുക്ത ട്രേഡ് യൂണിയൻ സംഘടനകളുടെ പണിമുടക്കിനോടനുബന്ധിച്ച് തിരുവനന്തപുരം എസ്.ബി.ഐ. ട്രഷറി ബ്രാഞ്ചിൽ കയറി അക്രമം നടത്തിയ കേസിന്റെ അന്വേഷണം ഏത് ഘട്ടത്തിലാണ്;

(ബി) ഏത് സംഘടനയിൽപെട്ടവരാണ് അക്രമികൾ എന്നും ഈ കേസിൽ എത്ര പ്രതികളുണ്ട് എന്നും ഇവരിൽ ഏത്രപേരെ ഇതിനകം അറസ്റ്റ് ചെയ്തു എന്നും വ്യക്തമാക്കുമോ ;

(സി) പ്രതികൾക്കെതിരെ ഏതൊക്കെ വകുപ്പ് പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്;

(ഡി) പൊതുമുതൽ നശിപ്പിച്ച ഇവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതിന് പോലീസ് കാലതാമസം വരുത്തുന്നത് എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) കേസ് അന്വേഷണം നടന്നുവരുന്നു.

(ബി) സംയുക്ത സമരസമിതിയിൽപ്പെട്ട എട്ട് പേരാണ് പ്രതികൾ. പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(സി) കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 48/2019 u/s 143, 147, 149, 447, 294(b), 506 (i) IPC & Sec 3(i) of PDPP Act പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) കാലതാമസം ഉണ്ടായിട്ടില്ല.

**ഹർത്താലുമായി ബന്ധപ്പെട്ട അക്രമങ്ങൾ**

139 (145) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ജനവരി 3 ന് നടന്ന ബി.ജെ.പി- ആർ.എസ്.എസ്-ഹിന്ദുമുന്നണി ഹർത്താലുമായി ബന്ധപ്പെട്ട് ആക്രമണം, ബോംബേറ് എന്നിവയ്ക്ക് വിധേയരായ സി.പി.എം, ഡി.വൈ.എഫ്.ഐ, എസ്.എഫ്.ഐ. ഉൾപ്പെടെയുള്ള കക്ഷികളിലും സർക്കാർ സർവ്വീസിലും ഉൾപ്പെട്ടവർ, മറ്റു പൊതുജനങ്ങൾ എന്നിവർ എത്ര പേർ എന്ന് വ്യക്തമാക്കുമോ;

(ബി) ഇവരിൽ ചികിത്സ തേടിയവർ എത്ര എന്നും അവർക്കുവേണ്ട ചികിത്സാസഹായം ലഭ്യമാക്കാൻ എന്ത് നടപടികൾ സ്വീകരിച്ചുവരുന്നു എന്നും വ്യക്തമാക്കുമോ;

(സി) ഇത്തരത്തിൽ ആക്രമണങ്ങൾക്കുവിധേയരായ ഇവർക്ക് ഇപ്പോഴും ബി.ജെ.പി-ആർ.എസ്.എസ്-ഹിന്ദുമുന്നണിക്കാരുടെ ഭീഷണി നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടുവോ;

(ഡി) എങ്കിൽ ഇവരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുവാൻ വേണ്ട സത്വര നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

ഉത്തരം

(എ) 170 സി.പി.എം., ഡി.വൈ.എഫ്.ഐ., എസ്.എഫ്.ഐ. പ്രവർത്തകരും സർക്കാർ സർവ്വീസിലുൾപ്പെട്ട 123 പേരും 100 പൊതുജനങ്ങളും അക്രമണത്തിന് വിധേയരായിട്ടുണ്ട്.

(ബി) 82 സി.പി.എം., ഡി.വൈ.എഫ്.ഐ., എസ്.എഫ്.ഐ. പ്രവർത്തകരും സർക്കാർ സർവ്വീസിൽ ഉൾപ്പെട്ട 123 പേരും 84 പൊതുജനങ്ങളും ചികിത്സ തേടിയിട്ടുണ്ട്. സർക്കാർ സർവ്വീസിലുള്ള 123 പേരിലുൾപ്പെട്ട 35 പോലീസ് ഉദ്യോഗസ്ഥർക്ക് കെ.പി.ഡബ്ല്യു.എ.എഫ്.-ൽനിന്നും സഹായം നൽകിയിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അവശ്യമായ സത്വര നടപടികൾ സ്വീകരിക്കുന്നതാണ്.

**കരുനാഗപ്പള്ളിയിൽ ഹർത്താലുമായി ബന്ധപ്പെട്ട അക്രമങ്ങൾ**

140 (146) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ജനുവരി 3-ാം തീയതി കേരളത്തിൽ ചില സംഘടനകൾ ആഹ്വാനംചെയ്ത ഹർത്താലിനോടനുബന്ധിച്ച് നടന്ന അക്രമസംഭവങ്ങളുമായി ബന്ധപ്പെട്ട് കരുനാഗപ്പള്ളി പോലീസ് സ്റ്റേഷൻ പരിധിയിൽ എത്ര കേസുകൾ എടുത്തിട്ടുണ്ടെന്നും എത്രപേരെ പ്രതിപ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും വിശദീകരിക്കുമോ;

(ബി) പ്രസ്തുത ദിവസം കരുനാഗപ്പള്ളി പുത്തൻ തെരുവിന് വടക്കുവശം ബൈക്കുകൾ കത്തിക്കുകയും കാത്തിരിപ്പ് കേന്ദ്രം തകർക്കുകയും ചെയ്ത കേസിലെ എല്ലാ പ്രതികളെയും അറസ്റ്റ് ചെയ്തിട്ടുണ്ടോ; ഇവിടെയുണ്ടായ നാശനഷ്ടങ്ങൾ കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) അക്രമങ്ങൾക്ക് ഇരയായവർക്ക് നഷ്ടപ്പെട്ട സ്വത്തുവകകൾക്കുള്ള നഷ്ടപരിഹാരം അക്രമികളിൽനിന്ന് ഈടാക്കി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) 2019 ജനുവരി 3-ാം തീയതി കേരളത്തിൽ ആഹ്വാനം ചെയ്ത ഹർത്താലിനോട് അനുബന്ധിച്ച് നടന്ന അക്രമസംഭവങ്ങളുമായി ബന്ധപ്പെട്ട് കരുനാഗപ്പള്ളി പോലീസ് സ്റ്റേഷൻ പരിധിയിൽ 12 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതും 505 പേരെ പ്രതി പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുമുണ്ട്.

| | |
|---|---|
| 1 | Cr. 08/19 U/s 143, 144, 147, 353, 332, 188, 283, 307, 149 IPC & Sec 27 of Arms Act – Total Accused – 100 |
| 2 | Cr. 09/19 U/s 143, 144, 147, 148, 294 (b), 323, 324, 341, 149 IPC & Sec 27 of Arms Act – Total Accused – 50 |
| 3 | Cr. 10/19 U/s 143, 147, 148, 341, 324, 294 (b), 395, 149 IPC – Total Accused – 20 |
| 4 | Cr. 12/19 U/s 143, 147, 148, 341, 427, 149 IPC – Total Accused – 35 |
| 5 | Cr. 14/19 U/s 143, 147, 148, 427, 324, 395, 294 (b), 451, 149 IPC – Total Accused – 30 |
| 6 | Cr. 15/19 U/s 143, 147, 148, 395, 294 (b), 451, 149 IPC – Total Accused – 30 |
| 7 | Cr. 16/19 U/s 143, 147, 427, 324, 294 (b), 451, 395, 149 IPC – Total Accused – 30 |
| 8 | Cr. 17/19 U/s 143, 147, 148, 294 (b), 451, 427, 149 IPC – Total Accused – 30 |
| 9 | Cr. 19/19 U/s 143, 144, 147, 148, 341, 323, 324, 308, 149 IPC – Total Accused – 1 |
| 10 | Cr. 20/19 U/s 143, 147, 148, 427, 435 r/w 149 IPC – Total Accused – 150 |
| 11 | Cr. 21/19 U/s 143, 147, 148, 447, 324, 427, 294 (b), 149 IPC – Total Accused – 7 |
| 12 | Cr. 26/19 U/s 143, 147, 148, 427, 149 IPC – Total Accused – 11 |

(ബി&സി) പ്രസ്തുത ദിവസം കരുനാഗപ്പള്ളി പുത്തൻതെരുവിന് വടക്കുവശം ബൈക്കുകൾ കത്തിക്കുകയും കാത്തിരിപ്പ് കേന്ദ്രം തകർക്കുകയും ചെയ്ത കേസ്സിലെ എല്ലാ പ്രതികളെയും അറസ്റ്റ് ചെയ്തിട്ടില്ല. ആകെ 150 പ്രതികളിൽ 7 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. 1,50,000 രൂപയുടെ നാശനഷ്ടം കണക്കാക്കിയിട്ടുണ്ട്. ഇതുസംബന്ധിച്ച് കോടതിക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

**പൊതുപണിമുടക്കിൽ പങ്കെടുത്ത സർക്കാർ ജീവനക്കാരുടെ അതിക്രമം**

141 (147) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ജനുവരി 9-ന് നടന്ന പൊതുപണിമുടക്കിൽ തിരുവനന്തപുരം എസ്.ബി.ഐ. ട്രഷറി മെയിൻ ശാഖയിൽ അതിക്രമം കാട്ടിയത് സർക്കാർ ജീവനക്കാരാണോ; ആണെങ്കിൽ എത്ര പേർ; ഇവർ ഏത് വകുപ്പുകളിൽ ഏത് തസ്തികകളിൽ ജോലി ചെയ്യുന്നു എന്ന് വിശദമാക്കാമോ;

(ബി) ഈ അതിക്രമം കാട്ടിയ ജീവനക്കാരുടെ അറസ്റ്റ് രേഖപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേരുടെ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് അറസ്റ്റ് രേഖപ്പെടുത്താത്തതെന്ന് വിശദമാക്കാമോ;

(സി) അതിക്രമം കാട്ടിയ ഏതെങ്കിലും പ്രതിയെ ഇനി പിടികൂടാനുണ്ടോ; ഉണ്ടെങ്കിൽ ആരെയാണെന്ന് അറിയിക്കാമോ;

(ഡി) ഏതെല്ലാം വകുപ്പുകൾ രേഖപ്പെടുത്തിയാണ് കേസെടുത്തിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഇ) പ്രസ്തുത ജീവനക്കാർക്ക് എതിരെ എന്തെല്ലാം ശിക്ഷാനടപടികൾ വകുപ്പുതലത്തിൽ സ്വീകരിച്ചു എന്ന് വിശദമാക്കാമോ;

(എഫ്) ഈ ജീവനക്കാർക്ക് എതിരെ മുൻകാലങ്ങളിൽ വകുപ്പുതല നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് കാര്യത്തിന് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 8 സർക്കാർ ജീവനക്കാർ. വിശദാംശം ചുവടെ ചേർക്കുന്നു:

| | പേര് | തസ്തിക | വകുപ്പ് |
|---|---|---|---|
| A1 | എ. അശോക് | സീനിയർ അക്കൗണ്ടന്റ് | സാങ്കേതിക വിദ്യാഭ്യാസം |
| A2 | ഹരിലാൽ | അക്കൗണ്ടന്റ് | ട്രഷറി ഡയറക്ടറേറ്റ് |
| A3 | വിനുകുമാർ പി. കെ. | ആഡിറ്റർ | കേരള ആഡിറ്റ് ഡിപ്പാർട്ട്മെന്റ് |
| A4 | ബി. അനിൽകുമാർ | സീനിയർ ക്ലർക്ക് | സിവിൽ സപ്ലൈസ് കമ്മീഷണറേറ്റ് |
| A5 | സുരേഷ് ബാബു | അസിസ്റ്റന്റ് സ്റ്റേറ്റ് ടാക്സ് ഓഫീസർ | GST കമ്മീഷണർ ഓഫീസ് |
| A6 | ബിജുരാജ് | കമ്പ്യൂട്ടർ ഓപ്പറേറ്റർ | സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലബോറട്ടറി |
| A7 | എം.എസ്. ശ്രീവത്സൻ | ജൂനിയർ അക്കൗണ്ടന്റ് | തിരു. ജില്ലാ ട്രഷറി |
| A8 | സുരേഷ് കുമാർ | അസിസ്റ്റന്റ് സ്റ്റേറ്റ് ടാക്സ് ഓഫീസർ | GST കമ്മീഷണർ ഓഫീസ് |

(ബി) എട്ട് ജീവനക്കാരുടെയും അറസ്റ്റ് രേഖപ്പെടുത്തിയിട്ടുണ്ട്.

(സി) എല്ലാ പ്രതികളെയും അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ഡി) കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 48/2019 കേസ്സിൽ IPC വകുപ്പ് 143, 147, 149, 447, 294(b), 506(i) & Sec 3(i) of PDPP Act പ്രകാരവുമാണ് കേസെടുത്തിട്ടുള്ളത്.

(ഇ) പ്രസ്തുത ജീവനക്കാരെ സർവ്വീസിൽനിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്.

(എഫ്) സ്വീകരിച്ചിട്ടില്ല.

**വിദ്യാർത്ഥികൾ പോലീസുകാരെ മർദ്ദിച്ച സംഭവം**

142 (148) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ഡിസംബർ 12-ാം തീയതി തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ് വിദ്യാർത്ഥികൾ ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസുകാരെ മർദ്ദിച്ചതുമായി

ബന്ധപ്പെട്ട പരാതി പോലീസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഏതെല്ലാം പോലീസുകാർക്കാണ് വിദ്യാർത്ഥികളിൽനിന്നും മർദ്ദനമേറ്റത്;

(ബി) മർദ്ദനം സംബന്ധിച്ച് ഏതെല്ലാം വിദ്യാർത്ഥികൾക്കെതിരെയാണ് കേസെടുത്തിട്ടുള്ളത്;

(സി) ഏത് വകുപ്പ് പ്രകാരമാണ് കേസെടുത്തിട്ടുള്ളത്; ഇതിന്റെ വിശദവിവരങ്ങൾ നൽകാമോ;

(ഡി) പ്രസ്തുത കേസിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 1560/2018 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

തിരുവനന്തപുരം എസ്.എ.പി. ക്യാമ്പിലെ "ബി" കമ്പനിയിലെ പോലീസ് കോൺസ്റ്റബിൾമാരായ 12729 വിനയചന്ദ്രൻ, 12812 ശരത്ത്, 13155 വിപിൻ രാജ് എന്നീ പോലീസ് ഉദ്യോഗസ്ഥർക്കാണ് മർദ്ദനമേറ്റത്.

(ബി) കണ്ടാലറിയാവുന്ന 2 പേരുൾപ്പെടെ 6 പേർക്കെതിരെയാണ് കേസ്സെടുത്തതെങ്കിലും 5 പ്രതികൾ മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളതെന്ന് അന്വേഷണത്തിൽ വെളിവായിട്ടുണ്ട്.

(സി) പ്രതികൾക്കെതിരെ 143, 147, 149, 447, 294 (b), 353, 332 IPC എന്നീ വകുപ്പുകൾ പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

(ഡി) കേസ് അന്വേഷണത്തിലാണ്.

**രാഷ്ട്രീയ കൊലപാതകങ്ങൾ**

143 (149) <u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ഇതുവരെ എത്ര കൊലപാതകങ്ങൾ നടന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ എത്ര രാഷ്ട്രീയകൊലപാതകങ്ങൾ നടന്നിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ഏതെല്ലാം രാഷ്ട്രീയപാർട്ടികൾ തമ്മിലാണ് മേൽപ്പറഞ്ഞ സംഘട്ടനങ്ങൾ നടന്നിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഡി) ഇതുസംബന്ധിച്ച എത്ര കേസുകളിൽ ഇനിയും പ്രതികളെ അറസ്റ്റ് ചെയ്യുവാനുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 824 കൊലപാതകങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) 19 രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നിട്ടുണ്ട്.

(സി) വിശദാംശം ഇതോടൊപ്പം അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട് *.

(ഡി) മൂന്ന് കേസ്സുകളിൽ ഇനിയും പ്രതികളെ അറസ്റ്റ് ചെയ്യാനുണ്ട്.

**ഹർത്താലിനോടനുബന്ധിച്ചുള്ള ആക്രമണങ്ങൾ**

144 (150) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനുവരി 3-ാം തീയതിയിലെ ഹർത്താലിനോടനുബന്ധിച്ച് സംഘപരിവാർ നടത്തിയ ആക്രമണങ്ങളിൽ വിവിധ ജില്ലകളിലുണ്ടായ നാശനഷ്ടങ്ങൾ സംബന്ധിച്ച കണക്ക് ലഭ്യമായിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) ആക്രമണം നടത്തിയ പ്രതികളിൽ എത്രപേരെ വീതം ഓരോ ജില്ലകളിലും അറസ്റ്റ് ചെയ്തിട്ടുണ്ട്; ഇവർക്കെതിരെ ഏതെല്ലാം വകുപ്പ് പ്രകാരമാണ് കേസെടുത്തിട്ടുള്ളത്; വിശദാംശം നൽകുമോ;

(സി) ഇത്തരത്തിലുള്ള ആക്രമണങ്ങൾ തടയുവാൻ ശക്തമായ നിയമ നിർമ്മാണം നടത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി) ആക്രമണം നടത്തിയവർക്കെതിരെ Indian Penal Code, Prevention of Damage to Public Property Act-1984 എന്നീ നിയമങ്ങളിലെ പ്രസക്ത വകുപ്പുകൾ പ്രകാരം 772 ക്രൈം കേസുകൾ രജിസ്റ്റർ ചെയ്യുകയും ഇതിൽ ഉൾപ്പെട്ട 4163 പ്രതികളെ അറസ്റ്റ് ചെയ്ത് നിയമനടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) നിലവിലുള്ള ഐ.പി.സി., പി.ഡി.പി.പി. ആക്ട് എന്നിവയ്ക്ക് പുറമേ സ്വകാര്യ വ്യക്തികളുടെ സ്വത്തുക്കൾക്ക് ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം ഈടാക്കി നൽകുന്നതിന് Kerala Prevention of Damage to Private Property & Payment of Compensation Ordinance 2019, 8-1-2019-ൽ പുറപ്പെടുവിച്ചിട്ടുണ്ട്. ഓർഡിനൻസിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

## സ്ത്രീകൾക്കുള്ള സ്വയം പ്രതിരോധ പദ്ധതി

145 (151) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീ സുരക്ഷയുമായി ബന്ധപ്പെട്ട് കേരള പോലീസിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന 'സ്വയം പ്രതിരോധ പദ്ധതി' പ്രകാരം എത്രപേർക്കാണ് പരിശീലനം നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഈ പദ്ധതി നിലവിൽ ഏതെല്ലാം ജില്ലകളിലാണ് നടപ്പിലാക്കിയിട്ടുള്ളത്; എല്ലാ ജില്ലകളിലും പദ്ധതി നടപ്പിലാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

ഉത്തരം

(എ) 700547 വനിതകൾക്ക് പരിശീലനം നൽകിയിട്ടുണ്ട്.

(ബി) ഈ പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കിയിട്ടുണ്ട്.

## ദുരൂഹമരണം അന്വേഷിക്കുന്നതിന് നടപടി

146 (152) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിലെ മഞ്ചപ്പറ്റ ചെറാംകുത്ത്, പടിഞ്ഞാറെ കളത്തിൽ ഹൗസിൽ ശ്രീ. വേലുക്കുട്ടി പി. കെ.-യുടെ മകന്റെ ദുരൂഹമരണം അന്വേഷിക്കണമെന്നാവശ്യപ്പെട്ട് നൽകിയ നിവേദനത്തിൻമേൽ നാളിതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; വിശദമാക്കാമോ;

(ബി) പ്രസ്തുത കേസിന്റെ അന്വേഷണം ക്രൈംബ്രാഞ്ചിന് നൽകുന്നതിനുവേണ്ടി നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ & ബി) ശ്രീ. വേലുക്കുട്ടി പി. കെ. തന്റെ മകന്റെ ദുരൂഹ സാഹചര്യത്തിലുള്ള മരണം അന്വേഷിക്കണം എന്നാവശ്യപ്പെട്ട് സമർപ്പിച്ച നിവേദനം അന്വേഷണത്തിനും അനന്തര നടപടികൾക്കുമായി മലപ്പുറം ജില്ലാ പോലീസ് മേധാവിക്ക് അയച്ചുകൊടുത്തിട്ടുള്ളതാണ്. അന്വേഷണ റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

**കടമ്പഴിപ്പുറം ഇരട്ടക്കൊലപാതകം**

147 (153) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടമ്പഴിപ്പുറം ഇരട്ടക്കൊലപാതകത്തിലെ പ്രതികളെ പിടികൂടുവാൻ വേണ്ടി പ്രത്യേക അന്വേഷണസംഘത്തെ ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ;

(ബി) കൊലപാതകം നടന്നത് എന്നാണെന്ന് വ്യക്തമാക്കാമോ; പ്രതികളെ പിടികൂടുന്നതിൽ വന്ന കാലതാമസത്തിന്റെ കാരണം സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) കടമ്പഴിപ്പുറം ഇരട്ടക്കൊലപാതക കേസിന് സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം നിലവിലില്ല. ഈ കേസിൽ പാലക്കാട് ക്രൈം ബ്രാഞ്ച് ഡിവൈ.എസ്.പി.-II ശ്രീ. കെ. എ. സുരേഷ് ബാബുവിന്റെ നേതൃത്വത്തിൽ എസ്.ഐ. ശ്രീ. സി. രമേഷ്, ജി.എസ്.ഐ. ശ്രീ. ലക്ഷ്മണൻ, എസ്.സി.പി.ഒ. ശ്രീ. രജീഷ്, സി.പി.ഒ. ശ്രീ. സുരേഷ് കുമാർ എന്നിവർ അന്വേഷണം നടത്തുന്നു.

(ബി) കേസിൽ ഊർജ്ജിതമായ അന്വേഷണം നടന്നുവരുന്നുവെങ്കിലും വ്യക്തമായ തെളിവുകളൊന്നും നാളിതുവരെ ലഭിക്കാത്തതിനാലാണ് പ്രതികളെ പിടികൂടാൻ കാലതാമസം വന്നത്. കളവുകേസിൽപ്പെട്ട് വിയ്യൂർ സെൻട്രൽ ജയിലിൽ ജുഡീഷ്യൽ കസ്റ്റഡിയിലുള്ള ശ്രീകുമാർ എന്നയാളുടെ പങ്ക് സംശയിക്കപ്പെടുന്നതിനാൽ വിശദമായ അന്വേഷണം നടത്തേണ്ടതുണ്ട്.

**കല്ലേറിൽ കണ്ണിന് കാഴ്ച നഷ്ടപ്പെട്ട സംഭവത്തിന്മേൽ നടപടി**

148 (154) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 24-12-2018 ന് രാത്രി തിരുവനന്തപുരം മംഗലപുരം പോലീസ് സ്റ്റേഷൻ പരിധിയിൽ വച്ച് മലപ്പുറം ജില്ലയിലെ എടയൂർ പഞ്ചായത്തിലെ

ശ്രീ. മുഹമ്മദലി.വി. പി.-യും സഹപ്രവർത്തകരും ടെമ്പോട്രാവലറിൽ യാത്രചെയ്യവെ ഒരു കൂട്ടം സാമൂഹ്യവിരുദ്ധർ ബസ്സിന് കല്ലെറിയുകയും ടിയാന്റെ ഒരു കണ്ണിന് കാഴ്ച നഷ്ടപ്പെടുകയും ചെയ്ത സംഭവത്തിൽ പ്രതികളെ പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ എന്നാണ് അറസ്റ്റ് ചെയ്തത്; ആരെല്ലാമാണ് പ്രതികൾ; കേസിന്റെ നിലവിലെ അവസ്ഥ അറിയിക്കുമോ;

(സി) സംഭവത്തെക്കുറിച്ച് മംഗലപുരം പോലീസ് തയ്യാറാക്കിയ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; നാളിതുവരെയായി മംഗലപുരം പോലീസ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ; രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ-സി) ഇല്ല. കേസിന്റെ അന്വേഷണം നടന്നുവരുന്നു. ഇത് സംബന്ധിച്ച് രജിസ്റ്റർ ചെയ്ത മംഗലാപുരം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ1984/18 കേസിന്റെ എഫ്.ഐ.ആർ.-ന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

**ലഹരിമരുന്ന് കേസുകൾ**

149(155) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മദ്യ ഇതര ലഹരിമരുന്നുകളുടെ കൈവശം വയ്ക്കൽ, വില്പന എന്നിവയുമായി ബന്ധപ്പെട്ട് 2017, 2018 വർഷങ്ങളിൽ എത്ര കേസ്സുകൾ വീതം രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

മദ്യ ഇതര ലഹരി മരുന്നുകളുടെ കൈവശം വയ്ക്കൽ, വിൽപ്പന എന്നിവയുമായി ബന്ധപ്പെട്ട് പോലീസ്, എക്സൈസ്, രജിസ്റ്റർ ചെയ്ത കേസുകളുടെ വിശദാംശങ്ങൾ പ്രത്യേകമായി ചുവടെ ചേർക്കുന്നു:

| പോലീസ് വകുപ്പ് | |
|---|---|
| വർഷം | രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം |
| 2017 | 5664 |
| 2018 | 4990 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

| എക്സൈസ് വകുപ്പ് | |
|---|---|
| വർഷം | രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം |
| 2017 | 5946 |
| 2018 | 7573 |

**പോലീസ് ഉദ്യോഗസ്ഥർ പ്രതികളായ കേസ്സുകൾ**

150 (156) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ നാളിതുവരെ പോലീസ് ഉദ്യോഗസ്ഥർ പ്രതികളായ എത്ര കേസുകൾ ഉണ്ടായിട്ടുണ്ട്; വിശദമാക്കുമോ;

(ബി) മനുഷ്യാവകാശ ലംഘനവുമായി ബന്ധപ്പെട്ട് പോലീസ് സേനയിലെ എത്ര ഉദ്യോഗസ്ഥർക്കെതിരെ ഇപ്പോൾ അന്വേഷണം നടക്കുന്നുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(സി) ഇത്തരം കേസുകളിൽ ഇതുവരെ എത്ര പോലീസ് ഉദ്യോഗസ്ഥരെ ശിക്ഷിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) പോലീസിന്റെ മനുഷ്യാവകാശലംഘനപരമായ നടപടികൾ നിയന്ത്രിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ കാലയളവിൽ നാളിതുവരെ പോലീസ് ഉദ്യോഗസ്ഥർ പ്രതികളായ 376 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) മനുഷ്യാവകാശ ലംഘനവുമായി ബന്ധപ്പെട്ട് അന്വേഷണം നടക്കുന്ന പോലീസ് ഉദ്യോഗസ്ഥരുടെ വിവരം ചുവടെ ചേർക്കുന്നു:

| | | | |
|---|---|---|---|
| എറണാകുളം റൂറൽ, വാരാപ്പുഴ പി.എസ്.Cr. No. 321/18 u/s 323, 218, 342, 302, 34 IPC | G.S. Deepak | SI | ടി കേസിന്റെ അന്വേഷണം ഓർഡർ നമ്പർ ഡി2/ 52987/ 2018/പി.എച്ച്. ക്യു. തീയതി 10-4-2018 പ്രകാരം S.I.T. |
| | Santhosh Kumar P.P. | CPO 12510 | |
| | Sumesh | CPO 12593 | |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

| | | | |
|---|---|---|---|
| | Jithinraj | CPO 12984 | രൂപീകരിച്ച് അന്വേഷണം നടത്തിവരുന്നതാണ്. |
| | Crispin Sam | CI | |
| | Jayanandan | SI | |
| | Santhosh Baby | SCPO 8765 | |
| | Sunil Kumar | CPO 10066 | |
| | Sreeraj P.R. | CPO 11953 | |

(സി) മനുഷ്യാവകാശ ലംഘനവുമായി ബന്ധപ്പെട്ട കേസ്സുകളിൽ ആരെയും ശിക്ഷിച്ചിട്ടില്ല.

(ഡി) പൊതുജനങ്ങളോട് മാന്യമായ പെരുമാറ്റം പോലീസിന്റെ ഭാഗത്തുനിന്നും ഉറപ്പുവരുത്തുന്നതിനായി ബന്ധപ്പെട്ട എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പോലീസ് സ്റ്റേഷനുകളിൽ പരാതികൾ സ്വീകരിക്കുന്നതിനും പരിഹാരം കാണുന്നതിനുമായി പബ്ലിക് റിലേഷൻസ് ഓഫീസർക്ക് പുറമെ റിസപ്ഷൻ സംവിധാനം വനിതാ ഹെൽപ് ഡെസ്ക്, സീനിയർ സിറ്റിസൺ ഹെൽപ് ഡെസ്ക് എന്നിവയും ഏർപ്പെടുത്തിയിട്ടുണ്ട്. പൊതുജനങ്ങളോടും മറ്റും നല്ല രീതിയിൽ പെരുമാറുന്നതിനും അന്വേഷണങ്ങളും മറ്റും വളരെ സത്യസന്ധമായ രീതിയിൽകൈകാര്യം ചെയ്യണമെന്നും എല്ലാ പോലീസ് സേനാംഗങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുള്ളതും രഹസ്യാന്വേഷണങ്ങളും നിരീക്ഷണങ്ങളും നടത്തി ആയത് പാലിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുകയും ചെയ്തുവരുന്നു. കൂടാതെ ഇത്തരത്തിൽ ഉണ്ടാകുന്ന സംഭവങ്ങൾക്ക് പരാതികൾ അന്വേഷിക്കുന്നതിനായി പോലീസ് ആസ്ഥാനത്ത് പബ്ലിക് ഗ്രീവൻസ് സെൽ, സംസ്ഥാന, ജില്ലാതല പോലീസ് കംപ്ലയന്റ് അതോറിറ്റികൾ പ്രവർത്തിച്ച് പരാതികൾക്ക് പരിഹാരം കണ്ടുവരുന്നു.

**പോലീസ് ലാത്തിച്ചാർജ്ജുകൾ**

151 (157) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് 2019 ജനുവരി 15 വരെ എത്ര പോലീസ് ലാത്തിച്ചാർജ്ജുകൾ നടന്നിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) മുന്നറിയിപ്പ് നൽകാതെ നടത്തിയ ലാത്തിച്ചാർജ്ജുകൾ എത്രയെന്നറിയിക്കുമോ;

(സി) പ്രസ്തുത ലാത്തിച്ചാർജ്ജുകളിൽ എത്ര പേർക്ക് പരിക്കേറ്റു എന്നറിയിക്കുമോ?

<u>ഉത്തരം</u>

(എ) 14 പോലീസ് ലാത്തിച്ചാർജ്ജുകൾ നടന്നിട്ടുണ്ട്.

(ബി) മുന്നറിയിപ്പ് നൽകാതെ ലാത്തിച്ചാർജ്ജുകൾ ഒന്നും നടത്തിയിട്ടില്ല.

(സി) പോലീസ് ഉദ്യോഗസ്ഥരടക്കം 25 പേർക്ക് പരിക്കുപറ്റി.

**ശ്രീ. താജുദ്ദീൻ എന്ന പ്രവാസിയെ ജയിലിലടച്ച സംഭവം**

152 (158) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ കതിരൂർ സ്വദേശി ശ്രീ. താജുദ്ദീൻ എന്ന പ്രവാസിക്ക് എതിരെ കേസ്സെടുത്ത് 52 ദിവസം ജയിലിലടച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) ഈ കേസ്സിൽ ശ്രീ. താജുദ്ദീൻ നിരപരാധിയാണെന്നും പോലീസിന് വീഴ്ച പറ്റിയെന്നുമുള്ള റിപ്പോർട്ട് പോലീസ് കോടതിയിൽ സമർപ്പിച്ചിരുന്നോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) കൊണ്ടോട്ടി എം.എൽ.എ.,-ക്ക് 19-9-2018-ന് ഡി.ജി.പി.യ്ക്ക് ഈ കേസ്സുമായി ബന്ധപ്പെട്ട് നൽകിയ പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

(ഡി) ക്രൈംബ്രാഞ്ച് ഐ.ജി.യുടെ ഈ കേസ്സുമായി ബന്ധപ്പെട്ട അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) ഈ കേസ്സുമായി ബന്ധപ്പെട്ട യഥാർത്ഥ പ്രതിയുടെ വിവരങ്ങൾ കൊണ്ടോട്ടി എം.എൽ.എ., ഡി.ജി.പി.ക്ക് സമർപ്പിച്ചിരുന്നോ; ഇക്കാര്യത്തിൽ വസ്തുതകൾ പോലീസിന് ബോധ്യപ്പെട്ടിട്ടുണ്ടോ;

(എഫ്) ഈ കേസ്സിലെ യഥാർത്ഥ പ്രതിയെ അറസ്റ്റ് ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മുഖ്യമന്ത്രിക്ക് ലഭിച്ച പരാതിയെ തുടർന്ന് കേസിന്റെ അന്വേഷണം ജില്ലാ പോലീസ് മേധാവി ഏറ്റെടുത്തിരുന്നു.

ഇതുസംബന്ധിച്ച വിശദമായ റിപ്പോർട്ട് പോലീസ് കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.*

(സി) കൊണ്ടോട്ടി എം.എൽ.എ.-യുടെ പരാതിയിൽ ക്രൈംബ്രാഞ്ച് ഐ.ജി. മുഖേന അന്വേഷണം നടത്തി ശ്രീ. താജുദ്ദീൻ യഥാർത്ഥ പ്രതിയല്ലെന്ന് കണ്ടെത്തി ടിയാനെ പ്രതിപട്ടികയിൽനിന്നും കുറവ് ചെയ്യാൻ കോടതി മുൻപാകെ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. കൂടാതെ ഈ സംഭവത്തിൽ കുറ്റാരോപിതനായ എസ്.ഐ.-ക്കെതിരെ കണ്ണൂർ ജില്ലാ പോലീസ് മേധാവി വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അന്വേഷണ പിഴവുകൾ കണക്കിലെടുത്ത് കണ്ണൂർ ഡിവൈ.എസ്.പി.-ക്കെതിരെ നോൺ ഒ. ഇ. ഉത്തരവായിട്ടുള്ളതും ടിയാന് എം.ഒ.സി. നൽകിയിട്ടുള്ളതുമാണ്.

(ഡി) റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധം ആയി ചേർത്തിട്ടുണ്ട്.*

(ഇ&എഫ്) ഈ കേസുമായി ബന്ധപ്പെട്ട യഥാർത്ഥ പ്രതിയെന്ന് സംശയിക്കപ്പെടുന്ന ആളിന്റെ വിവരങ്ങൾ ബഹു. കൊണ്ടോട്ടി എം.എൽ.എ. സമർപ്പിച്ച പരാതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. യഥാർത്ഥ പ്രതിയെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

**അപകടത്തിൽപ്പെടുന്ന വാഹനങ്ങളുടെ പരിശോധന**

153 (159) <u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അപകടത്തിൽപ്പെടുന്ന വാഹനങ്ങൾ പരിശോധിക്കുന്നതിന് നിലവിൽ അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർ ആരാണെന്ന് വ്യക്തമാക്കുമോ;

(ബി) പോലീസിലെ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥർക്ക് ഇപ്രകാരമുള്ള പരിശോധനയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണ് ഈ ഉത്തരവ് പുറപ്പെടുവിച്ചതെന്ന് വിശദമാക്കുമോ;

(സി) 2002-ൽ അന്നത്തെ ഡി.ജി.പി ഇപ്രകാരം ഇറക്കിയ ഉത്തരവ് പിന്നീട് പിൻവലിച്ചിരുന്നുവോ; എങ്കിൽ അതിനുള്ള സാഹചര്യമെന്തായിരുന്നുവെന്ന് അറിയിക്കാമോ;

(ഡി) നിയമവിരുദ്ധമായി ഇപ്പോൾ ഇറക്കിയ ഉത്തരവ് പുനഃപരിശോധിക്കുമോ എന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

*

<u>ഉത്തരം</u>

(എ) മജിസ്ട്രേറ്റ്, മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിലെ എ.എം.വി.ഐ. റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥർ, പോലീസ് ഡിപ്പാർട്ട്മെന്റിലെ ടെക്നിക്കൽ യോഗ്യതയുള്ള എം.റ്റി. എസ്.ഐ., എം.റ്റി.ഐ., ഡിവൈ.എസ്.പി. (എം.റ്റി.)

(ബി) ഉണ്ട്. കേരള മോട്ടോർ വെഹിക്കിൾ റൂൾസ് 352 അനുശാസിക്കും പ്രകാരം.

(സി & ഡി) അപകടത്തിലുൾപ്പെട്ട വാഹനങ്ങളുടെ പരിശോധനയുമായി ബന്ധപ്പെട്ട് വാഹന ഉടമകൾക്ക് ഉണ്ടായിക്കൊണ്ടിരിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിൽ ആവശ്യത്തിന് ഉദ്യോഗസ്ഥരുടെ കുറവ് കാരണവും 1-7-1998-ൽ സർക്കുലർ നമ്പർ 49/98 പ്രകാരം പോലീസ് ഡിപ്പാർട്ട്മെന്റിലെ എം.റ്റി. എസ്.ഐ. മുതൽ ഡിവൈ.എസ്.പി. (എം.റ്റി.) വരെയുള്ള ടെക്നിക്കൽ യോഗ്യതയുള്ള പോലീസ് ഉദ്യോഗസ്ഥർക്ക് വാഹനം പരിശോധിക്കാമെന്ന് പോലീസ് ഡയറക്ടർ ജനറൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിൽ ഉദ്യോഗസ്ഥരുടെ എണ്ണം വർദ്ധിപ്പിച്ച സാഹചര്യത്തിൽ 13-6-2002-ൽ സർക്കുലർ നമ്പർ 6/2002 പ്രകാരം 1-7-1998-ലെ ഉത്തരവ് ക്യാൻസൽ ചെയ്തിരുന്നു. എന്നാൽ നിലവിൽ വാഹനങ്ങളുടെ എണ്ണത്തിലുണ്ടായ വർദ്ധനവും ഉയർന്ന വാഹനാപകട നിരക്കും കണക്കിലെടുത്ത് 1-10-2018-ൽ എക്സിക്യൂട്ടീവ് ഡയറക്ടീവ് 47/2018 പ്രകാരം പോലീസ് വകുപ്പിൽ ടെക്നിക്കൽ യോഗ്യതയുള്ള എം.റ്റി. എസ്.ഐ. മുതലുള്ള ഉദ്യോഗസ്ഥർക്ക് വാഹനം പരിശോധിക്കുന്നതിന് അനുവാദം നൽകി സംസ്ഥാന പോലീസ് മേധാവി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിയമവിധേയമായി ഇറക്കിയിട്ടുള്ള ഈ ഉത്തരവ് പുനഃപരിശോധിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**സൈബർ കുറ്റകൃത്യങ്ങൾ**

154 (160) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൈബർ കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിന് സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ്; വിശദീകരിക്കാമോ;

(ബി) സൈബർ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട പരാതികൾ ഓൺലൈൻ ആയി നൽകാൻ സംവിധാനമുണ്ടോ; വിശദവിവരങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ) നിലവിൽ തിരുവനന്തപുരത്ത് പ്രവർത്തിച്ചുവരുന്ന സൈബർ പോലീസ് സ്റ്റേഷന് പുറമേ റെയ്ഞ്ച് അടിസ്ഥാനത്തിൽ എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ 3 സൈബർ ക്രൈം പോലീസ് സ്റ്റേഷനുകൾകൂടി തുടങ്ങാൻ അനുമതി നൽകിയിട്ടുണ്ട്. ജില്ലാ സൈബർ സെല്ലുകളും ഹൈടെക് ക്രൈം എൻക്വയറി സെല്ലും ടെക്നോപാർക്ക് ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന സൈബർ ഡോമും അന്വേഷണ ഉദ്യോഗസ്ഥർക്ക് സാങ്കേതിക സഹായം നൽകിവരുന്നു.

(ബി) സൈബർ ക്രൈം പോലീസ് സ്റ്റേഷൻ, ഹൈടെക് ക്രൈം എൻക്വയറി സെൽ എന്നിവിടങ്ങളിൽ യഥാക്രമം <u>cyberps.pol@kerala.gov.in</u>, <u>achitech cell.pol@kerala.gov.in</u> എന്നീ മെയിലുകൾ വഴി പരാതികൾ സ്വീകരിക്കുന്നുണ്ട്. Cyber Crime Prevention against Women & Children പദ്ധതിയുടെ ഭാഗമായി കേന്ദ്ര ആഭ്യന്തര മന്ത്രാലയം വികസിപ്പിച്ചെടുത്ത സൈബർ ക്രൈം പോർട്ടലിൽ ലഭിക്കുന്ന പരാതികൾ കൈകാര്യം ചെയ്യുന്നതിനുള്ള നോഡൽ സൈബർ സെല്ലായി തിരുവനന്തപുരം സൈബർ പോലീസ് സ്റ്റേഷനെ നിയോഗിച്ചിട്ടുണ്ട്.

**സൈബർ പോലീസ് സ്റ്റേഷനുകൾ**

155 (161) <u>ശ്രീ.എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര സൈബർ പോലീസ് സ്റ്റേഷനുകളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ; ഇതിന്റെ പ്രവർത്തനം വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ എല്ലാ ലോക്കൽ പോലീസ് സ്റ്റേഷനുകളിലും സൈബർ ക്രൈം വിഭാഗം രൂപീകരിക്കുന്നതിനുള്ള നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ എത്ര സൈബർ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് തിരുവനന്തപുരത്ത് ഒരു സൈബർ ക്രൈം പോലീസ് സ്റ്റേഷൻ പ്രവർത്തിച്ചുവരുന്നു. കൂടാതെ എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിലായി മൂന്ന് സൈബർ ക്രൈം പോലീസ് സ്റ്റേഷനുകൾകൂടി തുടങ്ങാൻ 17-4-2018-ലെ സ.ഉ.(കൈ) നമ്പർ 68/2018/ആഭ്യന്തരം പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ഇൻഫർമേഷൻ ടെക്നോളജി ആക്റ്റ് 2000 പ്രകാരമാണ് സൈബർ പോലീസ് സ്റ്റേഷനിൽ കേസുകൾ രജിസ്റ്റർ ചെയ്യുന്നത്.

ഓൺലൈൻ മുഖേനയുള്ള തട്ടിപ്പുകൾ സോഷ്യൽ മീഡിയകൾ വഴിയുള്ള ഗുരുതരമായ കുറ്റകൃത്യങ്ങൾ തുടങ്ങിയ പരാതികളിന്മേൽ അന്വേഷണം നടത്തി ക്രൈം കേസ് രജിസ്റ്റർ ചെയ്ത് പ്രതികളെ അറസ്റ്റ് ചെയ്ത് നിയമത്തിന് മുന്നിൽ കൊണ്ടുവരുന്നു.

(ബി) സംസ്ഥാനത്തെ എല്ലാ Law & Order പോലീസ് സ്റ്റേഷനുകളിലും സൈബർ ക്രൈം ഇൻവെസ്റ്റിഗേഷൻ സെൽ രൂപീകരിക്കുന്നതിനുള്ള നടപടികൾ സംസ്ഥാന പോലീസ് മേധാവി തലത്തിൽ പരിശോധിച്ചുവരുന്നു.

(സി) സംസ്ഥാനത്ത് കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ രജിസ്റ്റർ ചെയ്ത സൈബർ കേസുകൾ താഴെ പറയുന്നു:

| | | |
|---|---|---|
| 2016 | - | 308 കേസ്സുകൾ |
| 2017 | - | 342 കേസ്സുകൾ |
| 2018 | - | 465 കേസ്സുകൾ. |

**സാമൂഹ്യ മാധ്യമങ്ങൾവഴി അപകീർത്തികരമായ പരാമർശങ്ങൾ**

156 (162) <u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല യുവതീ പ്രവേശനവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയെ അപകീർത്തിപ്പെടുത്തുന്ന രീതിയിൽ സാമൂഹ്യ മാധ്യമങ്ങളിൽ വീഡിയോയോ കമന്റുകളോ ഇട്ടതിന്റെ പേരിൽ ആർക്കെങ്കിലുമെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ എത്രപേരെ ഇതുവരെ അറസ്റ്റ് ചെയ്തു;

(സി) ഇതേ വിഷയവുമായി ബന്ധപ്പെട്ട് പ്രതിപക്ഷനേതാവിനെതിരെ അപകീർത്തികരമായ പരാമർശങ്ങളും വീഡിയോകളും സാമൂഹ്യ മാധ്യമങ്ങൾ വഴി പ്രചരിപ്പിച്ചവർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ എത്രപേർക്കെതിരെ ഇതിനകം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) 26 പേരെ ഇതുവരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(സി) ശബരിമല യുവതീ പ്രവേശനവുമായി ബന്ധപ്പെട്ട് പ്രതിപക്ഷ നേതാവിനെതിരെ അപകീർത്തികരമായ പരാമർശങ്ങളും മറ്റും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പ്രചരിപ്പിച്ചവർക്കെതിരെ 11 പരാതികൾ ലഭിച്ചിട്ടുണ്ട്. ഈ പരാതികളിന്മേൽ അന്വേഷണം നടന്നുവരുന്നു. അതേസമയം പ്രതിപക്ഷ നേതാവിനെതിരെ സാമൂഹ്യ മാധ്യമങ്ങൾവഴി നടത്തുന്ന അധിക്ഷേപങ്ങൾ സംബന്ധിച്ച് മൂന്ന് പേർക്കെതിരെ കേസെടുത്തിട്ടുണ്ട്.

## സാമൂഹ്യ മാധ്യമങ്ങളിലൂടെയുള്ള അപകീർത്തിപ്പെടുത്തൽ

157 (164) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രി, മന്ത്രിമാർ എന്നിവർക്കെതിരെ സാമൂഹ്യ മാധ്യമങ്ങളിലൂടെ അധിക്ഷേപവും അപകീർത്തിപ്പെടുത്തലും നടത്തിയതിന് എത്ര സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെ ജീവനക്കാർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) എന്ത് ശിക്ഷാ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) നിയമസഭ സാമാജികർക്കെതിരെ സാമൂഹ്യ മാധ്യമങ്ങളിലൂടെ വ്യക്തിപരമായി അധിക്ഷേപങ്ങൾ നടത്തിയവർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഡി) പ്രതിപക്ഷനേതാവിനെതിരെ സാമൂഹ്യ മാധ്യമങ്ങളിൽ നടത്തുന്ന അധിക്ഷേപങ്ങൾ സംബന്ധിച്ച് എത്ര പേർക്ക് എതിരെ കേസ്സെടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഇ) സാമൂഹ്യമാധ്യമങ്ങളിലെ അധിക്ഷേപത്തിനെതിരെ ഏതൊക്കെ നിയമസഭാ സാമാജികർ പരാതി നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(എഫ്) നിയമസഭാ സാമാജികർ നൽകിയ പരാതിയിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ;

(ജി) സാമൂഹ്യ മാധ്യമങ്ങളിലൂടെ മുഖ്യമന്ത്രിയെ അധിക്ഷേപിച്ച എത്ര ജീവനക്കാർ, പൊതുജനങ്ങൾ എന്നിവർക്കെതിരെ കേസ്സെടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) 41 പേർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഇവരിൽ 12 പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്യുകയും 29 പേർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) 3 പേർക്കെതിരെ കേസെടുത്തിട്ടുണ്ട്.

(ഇ) പോലീസ് വകുപ്പിൽനിന്ന് ലഭിച്ച വിവരപ്രകാരം സാമൂഹ്യ മാധ്യമങ്ങളിലെ അധിക്ഷേപത്തിനെതിരെ ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ, ബഹു. പ്രതിപക്ഷ നേതാവ് ശ്രീ. രമേശ് ചെന്നിത്തല, ബഹു. മന്ത്രി ഡോ. കെ. ടി. ജലീൽ, ബഹു. ആരോഗ്യ വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചർ, ബഹു. സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണൻ, എം.എൽ.എ.-മാരായ ശ്രീ. എൻ. വിജയൻ പിള്ള, ഡോ. എം. കെ. മുനീർ, ശ്രീ. രാജു എബ്രഹാം, ശ്രീ. പി. സി. ജോർജ്, ശ്രീ. എസ്. രാജേന്ദ്രൻ, ശ്രീ. അനൂപ് ജേക്കബ്, ശ്രീ. ആന്റണി ജോൺ, ശ്രീ. വി. ഡി. സതീശൻ, ശ്രീ. കെ. വി. അബ്ദുൾ ഖാദർ, ശ്രീ. വി. അബ്ദുറഹിമാൻ, ശ്രീ. പി. വി. അൻവർ, ശ്രീ. കെ. എം. ഷാജി, ശ്രീ. കെ. ആൻസലൻ, ശ്രീ. ബി. സത്യൻ, ശ്രീ. വി. ജോയി എന്നിവർ പരാതി നൽകിയിട്ടുണ്ട്.

(എഫ്) പരാതികളിൽ പരാമർശിച്ചിരിക്കുന്ന അധിക്ഷേപങ്ങൾ പരിശോധിച്ച് കണ്ടെത്തി സമൂഹ മാധ്യമങ്ങളിൽനിന്ന് നീക്കംചെയ്തിട്ടുള്ളതും കേസുകൾ രജിസ്റ്റർചെയ്ത് അന്വേഷണം നടത്തിവരികയും ചെയ്യുന്നു.

(ജി) 12 അർദ്ധ സർക്കാർ/സർക്കാർ ജീവനക്കാർക്കെതിരെയും ഒരു കേന്ദ്ര സർക്കാർ ജീവനക്കാരനെതിരെയും മറ്റുള്ള 106 പേർക്കെതിരെയും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**പേഴക്കാപള്ളി കേന്ദ്രമായി പുതിയ പോലീസ് സ്റ്റേഷൻ**

158 (165) <u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ പേഴക്കാപള്ളി കേന്ദ്രമായി പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും അറിയിക്കാമോ?

<u>ഉത്തരം</u>

(എ & ബി) സർക്കാർ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ച ശേഷം മൂവാറ്റുപുഴ പേഴക്കാപള്ളി കേന്ദ്രമായി പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

**പൊഴിയൂർ പോലീസ് സ്റ്റേഷന് വാഹനം**

159 (167) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ പൊഴിയൂർ പോലീസ് സ്റ്റേഷന് വാഹനം ഇല്ലാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പോലീസ് സ്റ്റേഷന് വാഹനം അനുവദിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) വാഹനം എപ്പോൾ നൽകാൻ കഴിയും എന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ-സി) പൊഴിയൂർ പോലീസ് സ്റ്റേഷന് അനുവദിച്ച് നൽകിയ കെ.എൽ. 01 ബി.കെ. 5979 നമ്പർ വാഹനം റിപ്പയർ പണികൾക്കായി വർക്ക്ഷോപ്പിലായതിനാൽ പകരം കെ.എൽ. 01 ബി.ഡബ്ല്യു. 7948 നമ്പർ വാഹനം അനുവദിച്ച് നൽകിയിട്ടുണ്ട്.

**കാടാമ്പുഴ പോലീസ് സ്റ്റേഷൻ നിർമ്മാണം**

160 (168) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ കാടാമ്പുഴ പോലീസ് സ്റ്റേഷന്റെ നിർമ്മാണം സംബന്ധിച്ച വ്യക്തമായ വിവരം ലഭ്യമാക്കുമോ;

(ബി) നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തിയാക്കുവാൻ കഴിയും; വിശദവിവരം ലഭ്യമാക്കുമോ;

(സി) നിർമ്മാണം മന്ദഗതിയിലാണെന്ന കാര്യം പരിശോധിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) മേൽമുറി വില്ലേജിൽ സർവ്വേ നമ്പർ 180-ൽപ്പെട്ട 50 സെന്റ് സ്ഥലത്ത് കാടാമ്പുഴ പോലീസ് സ്റ്റേഷന്റെ കെട്ടിട നിർമ്മാണത്തിനായി 2014-15-ലെ വിഹിതത്തിൽ ഉൾപ്പെടുത്തി 73.50 ലക്ഷം രൂപ കെ.പി.എച്ച്.സി.സി.-ക്ക് നൽകിയിട്ടുണ്ട്. കൂടാതെ ഒരു സന്ദർശക മുറിയും വനിതാ പോലീസിനായുള്ള ഒരു വിശ്രമമുറിയും നിർമ്മിക്കാൻ 10-10-2018-ൽ 7 ലക്ഷം രൂപകൂടി അനുവദിച്ചിട്ടുണ്ട്.

(ബി) മറ്റ് സാങ്കേതിക തടസങ്ങൾ നേരിടാത്ത പക്ഷം ഈ വർഷം നിർമ്മാണം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) മണ്ണ് ഫില്ലിംഗിന് മണ്ണ് ലഭിക്കുവാനുണ്ടായ കാലതാമസവും പ്രകൃതിക്ഷോഭം കാരണം നിർമ്മാണം ഒരു മാസം നിർത്തിവച്ചതും നിർമ്മാണ പ്രവർത്തനത്തിന് ആവശ്യമായ ഇലക്ട്രിക് കണക്ഷൻ ലഭിക്കുവാൻ താമസം നേരിട്ടതും നിർമ്മാണത്തിനെ ബാധിച്ചിരുന്നു.

**മലക്കപ്പാറ പോലീസ് സ്റ്റേഷൻ കെട്ടിടം**

161 (169) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട അതിരപ്പള്ളി പഞ്ചായത്തിലെ മലക്കപ്പാറയിൽ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ;

(ബി) ഇതിനായി ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിനും നിർമ്മാണം ഉടൻ ആരംഭിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ & ബി) 14-11-2018-ലെ സ.ഉ.(സാധാ.) നമ്പർ 3328/2018/ ആഭ്യന്തരം ഉത്തരവ് പ്രകാരം മലക്കപ്പാറ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതിയും ആദ്യഘട്ടമെന്ന നിലയിൽ 33.350 ലക്ഷം രൂപയും നടപ്പ് സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്.

**ആറ്റിങ്ങൽ ആസ്ഥാനമാക്കി ട്രാഫിക് പോലീസ് സ്റ്റേഷൻ**

162 (170) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ ആസ്ഥാനമാക്കി ട്രാഫിക് പോലീസ് സ്റ്റേഷൻ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വകുപ്പുതലത്തിൽ നാളിതുവരെ ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

14-7-2018-ലെ സ.ഉ.(കൈ) നമ്പർ 116/2018/ആഭ്യന്തരം നമ്പർ പ്രകാരം സംസ്ഥാനത്തെ ട്രാഫിക് കേസുകളുടെ അന്വേഷണ ചുമതല അതത് ലോക്കൽ

പോലീസ് സ്റ്റേഷനുകളിലേയ്ക്ക് മാറ്റിക്കൊണ്ടും ട്രാഫിക് യൂണിറ്റുകളും ട്രാഫിക് പോലീസ് സ്റ്റേഷനുകളും ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റുകളാക്കി പുനർനാമകരണം ചെയ്തുകൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിൻപ്രകാരം നിലവിലെ ആറ്റിങ്ങൽ ട്രാഫിക് യൂണിറ്റ് ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റായി മാറിയിട്ടുണ്ട്.

**അമ്പൂരിയിൽ പോലീസ് സ്റ്റേഷൻ**

163 (171) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ മലയോര ആദിവാസി മേഖലയായ അമ്പൂരി കേന്ദ്രീകരിച്ച് ഒരു പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ;

(ബി) ഈ സർക്കാർ കാലയളവിൽ പുതുതായി എത്ര പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ട് എന്ന വിവരം ലഭ്യമാക്കാമോ;

(സി) ഈ സർക്കാർ കാലയളവിൽ പോലീസ് വകുപ്പിൽ എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; അവയിൽ എത്ര നിയമനങ്ങൾ നടന്നിട്ടുണ്ട് ; വിശദമാക്കാമോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 4-8-2017-ലെ സ.ഉ.(സാധാ.) നമ്പർ 2057/2017/ആഭ്യന്തരം, 22-9-2017-ലെ സ.ഉ.(സാധാ.) നമ്പർ2487/2017/ആഭ്യന്തരം, 26-10-2017-ലെ സ.ഉ.(കൈ) നമ്പർ 216/2017/ ആഭ്യന്തരം എന്നീ ഉത്തരവുകൾ പ്രകാരം 14 പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്. കൂടാതെ 17-4-2018-ലെ സ.ഉ.(കൈ) നമ്പർ 68/2018/ആഭ്യന്തരം പ്രകാരം 3 സൈബർ പോലീസ് സ്റ്റേഷനുകൾക്കുകൂടി അനുമതി നൽകിയിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ കേരള പോലീസ് വകുപ്പിൽ 2740 സ്ഥിരം തസ്തികകളും 240 താൽക്കാലിക തസ്തികകളും പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ 1873 താൽക്കാലിക തസ്തികകൾക്ക് തുടർ അനുമതിയും നൽകിയിട്ടുണ്ട്. നിയമനങ്ങൾ നടന്നത് സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

## തിരൂരങ്ങാടിയിൽ ഡിവൈ.എസ്.പി. ഓഫീസ്

164 (172) ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ ഡി.വൈ.എസ്.പി ഓഫീസുകൾ ആരംഭിക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കുന്നത് ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ;

(ബി) സ്ഥലവും കെട്ടിട സൗകര്യങ്ങളും ലഭ്യമായിട്ടും തിരൂരങ്ങാടിയിൽ ഡി.വൈ.എസ്.പി ഓഫീസ് ആരംഭിക്കാൻ കാലതാമസം ഉണ്ടാകുന്നതിന്റെ കാരണം അറിയിക്കുമോ?

ഉത്തരം

(എ & ബി) സംസ്ഥാനത്താകെ പുതിയ ഡിവിഷനുകൾ ആരംഭിക്കുന്നതിനുള്ള ശിപാർശ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് തീരുമാനമെടുക്കുന്നതാണ്. ആയതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഗുരുവായൂർ പോലീസ് സ്റ്റേഷന് കെട്ടിടം

165 (173) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ കണ്ടാണശ്ശേരി പഞ്ചായത്തിൽ വർഷങ്ങളായി വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഗുരുവായൂർ പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി പദ്ധതി നിലവിലുണ്ടോ;

(ബി) ഈ സ്റ്റേഷന്റെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ചിരിക്കുന്ന നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ & ബി) ഉണ്ട്. ആളൂർ വില്ലേജിൽ സർവ്വേ നമ്പർ 240/01-ൽപ്പെട്ട 25 സെന്റ് ഭൂമി റവന്യൂ വകുപ്പിൽനിന്നും പോലീസ് വകുപ്പിന് കൈമാറി ലഭിക്കുന്നതിന് ജില്ലാ കളക്ടറുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചുവരുന്നു.

## പിറവം പള്ളിയിലെ പോലീസ് വിന്യാസം

166 (174) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം പള്ളിയിൽ 10-12-2018-ൽ നടന്ന പോലീസ് വിന്യാസം സർക്കാർ അറിവോടെ ആയിരുന്നോ എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പോലീസ് വിന്യാസത്തിന്റെ ഉദ്ദേശ്യമെന്തായിരുന്നു എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ദിവസം പിറവം പള്ളി പരിസരത്തുണ്ടായ സംഭവവികാസങ്ങളിൽ ആർക്കെങ്കിലുമെതിരെ കേസ് എടുത്തിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസെടുത്തിട്ടുള്ളതെന്നും പ്രസ്തുത കേസുകൾ പിൻവലിക്കാൻ നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) പിറവം പള്ളിയിൽ ബഹു. സുപ്രീം കോടതി വിധി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ടാണ് പോലീസ് വിന്യാസം നടത്തേണ്ട സാഹചര്യമുണ്ടായത്.

(സി & ഡി) രണ്ട് ക്രൈം കേസുകൾ താഴെ പറയുന്ന വകുപ്പുകൾ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ട്:

1. പിറവം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1291/2018 u/s 143, 147, 188 r/w 149 IPC & 117(a) of KP Act.

2. പിറവം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1292/2018 u/s 143, 147, 309 r/w 149 IPC & 117(e) of KP Act.

കേസ്സുകൾ പിൻവലിക്കുന്ന കാര്യം നിലവിൽ പരിശോധനയിലില്ല.

**കൊല്ലം ജില്ലയിലെ സി.സി.ടി.വി. ക്യാമറകൾ**

167 (175) <u>ശ്രീ. എം. നൗഷാദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ എത്ര നിരീക്ഷണ സി. സി .ടി. വി. ക്യാമറകളാണ് സ്ഥാപിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; ഏതെല്ലാം സ്ഥലങ്ങളിലാണ് ഇവയുള്ളതെന്നും അതിൽ പ്രവർത്തിക്കുന്നവ എത്രയെന്നും പോലീസ് സ്റ്റേഷൻ തിരിച്ച് വ്യക്തമാക്കാമോ;

(ബി) ചില സ്ഥലങ്ങളിൽ നിരീക്ഷണ ക്യാമറകൾ പ്രവർത്തിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് അറ്റകുറ്റപ്പണി നടത്തി പ്രവർത്തന സജ്ജമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കൊല്ലം സിറ്റി, റൂറൽ ജില്ലകളിൽ ആകെ 82 ക്യാമറകൾ വിവിധ സ്ഥലങ്ങളിലായി സ്ഥാപിച്ചിട്ടുണ്ട്. ഇതിൽ 74 ക്യാമറകൾ പ്രവർത്തനക്ഷമമാണ്. പോലീസ് സ്റ്റേഷൻ തിരിച്ചുള്ള വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) നിലവിൽ കൊല്ലം റൂറൽ ജില്ലയിലെ എല്ലാ ക്യാമറകളും പ്രവർത്തനക്ഷമമാണ്. കൊല്ലം സിറ്റി ജില്ലയിൽ 8 ക്യാമറകൾ പ്രവർത്തന രഹിതമാണ്. ഇവ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## കൊല്ലം റൂറൽ പോലീസ് കൺട്രോൾ റൂമിന്റെ പ്രവർത്തനം

168 (177) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം റൂറൽ പോലീസ് ജില്ലയിലെ കൺട്രോൾ റൂം പ്രവർത്തനത്തിന് ആവശ്യമായ പോലീസുകാരുടെ എണ്ണം എത്രയാണ്;

(ബി) നിലവിൽ കൺട്രോൾ റൂമിന്റെ പ്രവർത്തനത്തിന് പോലീസുകാരെ വിന്യസിച്ചിട്ടുള്ളത് എപ്രകാരമാണ്;

(സി) റൂറൽ ജില്ലയിലെ കൺട്രോൾ റൂമിന്റെ പ്രവർത്തനത്തിന് ആവശ്യമായ പോലീസുകാരെ പ്രത്യേകമായി നിയമിക്കാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) കൊല്ലം റൂറൽ പോലീസ് ജില്ലയിലെ കൺട്രോൾ റൂം പ്രവർത്തനത്തിനായി താഴെപ്പറയും പ്രകാരം പോലീസുദ്യോഗസ്ഥരെ ആവശ്യമാണെന്നാണ് സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് ചെയ്തിട്ടുള്ളത്:

| | | |
|---|---|---|
| സി.ഐ. | - | 1 |
| എസ്.ഐ. | - | 24 |
| എസ്.സി.പി.ഒ./സി.പി.ഒ. | - | 54 |
| പി.സി. ഡ്രൈവർ | - | 7 |

(ബി) ജില്ലയിൽ വിവിധ പോലീസ് സ്റ്റേഷനുകളിലേയ്ക്ക് അനുവദിച്ചിട്ടുള്ള അംഗസംഖ്യയിൽനിന്നും കൺട്രോൾ റൂം ഡ്യൂട്ടിക്കായി പോലീസുദ്യോഗസ്ഥരെ അറ്റാച്ച് ചെയ്തുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) കൊല്ലം റൂറൽ പോലീസ് ജില്ലയുടെ ആസ്ഥാനമായ കൊട്ടാരക്കര കേന്ദ്രമാക്കി കൺട്രോൾ റൂം പ്രവർത്തനത്തിന് ആവശ്യമായ സ്ഥിരം ഉദ്യോഗസ്ഥരെ നിയമിക്കുന്ന കാര്യം സാമ്പത്തികസ്ഥിതി മെച്ചപ്പെടുന്ന സമയത്ത് മാത്രമേ പരിഗണിക്കാൻ കഴിയുകയുള്ളൂ.

**കൊല്ലം റൂറൽ പോലീസ് ജില്ല നേരിടുന്ന പ്രതിസന്ധികൾ**

169 (178) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര കേന്ദ്രമാക്കി കൊല്ലം റൂറൽ പോലീസ് ജില്ല നിലവിൽ വന്നിട്ടും ആവശ്യത്തിന് പോലീസുകാർ ഇല്ലാത്തതിനാൽ റൂറൽ ജില്ല നേരിടുന്ന പ്രതിസന്ധികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റൂറൽ ജില്ല കേന്ദ്രമാക്കി എ. ആർ. ക്യാമ്പ് അനുവദിക്കുന്നതിന്റെ നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ്;

(സി) റൂറൽ ജില്ല കേന്ദ്രമാക്കി പ്രത്യേക ബറ്റാലിയൻ അനുവദിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പ്രതിസന്ധികളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇതുസംബന്ധിച്ച് പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുന്ന വേളയിൽ പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(സി) ഇതുസംബന്ധിച്ച് നിർദ്ദേശങ്ങളൊന്നും നിലവിലില്ല.

**കൊല്ലം റൂറൽ ജില്ലയിലെ സബ് ഡിവിഷൻ മൊബൈൽ സ്ക്വാഡുകൾ**

170 (179) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം റൂറൽ പോലീസ് ജില്ലയിൽ എത്ര സബ് ഡിവിഷൻ മൊബൈൽ സ്ക്വാഡുകളാണുള്ളത്; അവ പ്രവർത്തിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) മൊബൈൽ സബ് ഡിവിഷനാവശ്യമായ ക്രമീകരണങ്ങൾ വിശദമാക്കുമോ;

(സി) കൊല്ലം റൂറൽ ജില്ലയിൽ സബ് ഡിവിവഷൻ മൊബൈൽ സ്ക്വാഡുകൾ പ്രവർത്തനസജ്ജമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) കൊല്ലം റൂറൽ പോലീസ് ജില്ലയിൽ നിലവിൽ സബ് ഡിവിഷൻ മൊബൈൽ സ്ക്വാഡുകൾ ഒന്നുംതന്നെ അനുവദിച്ച് പ്രവർത്തനം ആരംഭിച്ചിട്ടില്ല. എന്നാൽ താൽക്കാലികാടിസ്ഥാനത്തിൽ പ്രവർത്തിച്ചും വരുന്നുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**ചാരുംമൂട് കേന്ദ്രമാക്കി പോലീസ് സർക്കിൾ ഇൻസ്പെക്ടർ ഓഫീസ്**

171 (180) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ ചാരുംമൂട് കേന്ദ്രമാക്കി പോലീസ് സർക്കിൾ ഇൻസ്പെക്ടർ ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

(ബി) പുതിയ സി.ഐ. ആഫീസുകൾ ആരംഭിക്കുന്നതിന് തീരുമാനമുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ & ബി) 21-10-2017-ലെ തീയതിയിലെ സ.ഉ.(എം.എസ്.) നമ്പർ 211/17/ആഭ്യന്തരം, 29-9-2018-ലെ സ.ഉ.(കൈ) നമ്പർ150/18/ആഭ്യന്തരം ഉത്തരവുകൾ പ്രകാരം സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും സർക്കിൾ ഇൻസ്പെക്ടർമാരെ എസ്.എച്ച്.ഒ.-മാരായി നിയമിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. ഈ ഉത്തരവ് പൂർണ്ണമായും നടപ്പിലാക്കുന്നതോടുകൂടി സംസ്ഥാനത്ത് പ്രത്യേകം സർക്കിൾ ഓഫീസുകൾ ഉണ്ടായിരിക്കുന്നതല്ല.

**ചന്ദ്രശേഖരൻനായർ സ്റ്റേഡിയത്തിന്റെ ഉടമസ്ഥത**

172 (181) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ചന്ദ്രശേഖരൻനായർ സ്റ്റേഡിയത്തിന്റെ ഉടമസ്ഥത എന്ന് മുതലാണ് കേരള പോലീസ് സ്പോർട്ട്സ് ആൻഡ് യൂത്ത് വെൽഫെയർ സൊസൈറ്റിക്ക് നൽകിയത്;

(ബി) ഈ സ്റ്റേഡിയം ഇത്തരമൊരു സൊസൈറ്റിക്ക് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതിന്റെ കാരണമെന്ത്;ഇത് ഇത്തരത്തിൽ ഒരു സൊസൈറ്റി ആയി രജിസ്റ്റർ ചെയ്യുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ;എങ്കിൽ എന്ന്; പ്രസ്തുത അനുമതി നല്കിയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) സൊസൈറ്റിയുടെ ഉടമസ്ഥതയ്ക്ക് കീഴിൽ എം.എൽ.എ. ഹോസ്റ്റലിന്റെ പരിസരത്തും സംസ്ഥാനത്ത് മറ്റിടങ്ങളിലുമായി ഏതൊക്കെ സ്ഥാപനങ്ങളും ഇടങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്; വിശദവിവരം ലഭ്യമാക്കുമോ;

(ഡി) ഈ സൊസൈറ്റിയുടെ ഘടനയുടെ വിശദരൂപം വെളിപ്പെടുത്തുമോ; നിലവിൽ ഈ സൊസൈറ്റിയുടെ ഭരണച്ചുമതല വഹിക്കുന്നത് ആരൊക്കെ;ഈ സൊസൈറ്റി രൂപീകൃതമായത് മുതൽ എത്ര തവണ ഇതിന്റെ ഭരണ നേതൃത്വത്തിന് മാറ്റമുണ്ടായി;

(ഇ) സ്റ്റേഡിയവും വാണിജ്യസ്ഥാപനങ്ങളും ഓഫീസ് കെട്ടിടങ്ങളും ഉൾപ്പെടുന്നതിൽനിന്ന് പ്രസ്തുത സൊസൈറ്റിക്ക് പ്രതിമാസം എന്ത് തുക വരുമാന ഇനത്തിൽ ലഭ്യമാകുന്നു; ഏതൊക്കെ സ്വകാര്യ/സർക്കാർ/ പൊതുമേഖല സ്ഥാപനങ്ങളിൽ നിന്ന്;ഈ സ്റ്റേഡിയത്തിൽ നിലവിലുള്ള ഓഡിറ്റോറിയങ്ങൾ എത്ര എണ്ണം; അതിൽ നിന്ന് പ്രതിമാസം ശരാശരി എന്ത് വരുമാനം ഉണ്ടാകുന്നു; വെവ്വേറെയായി പട്ടികതിരിച്ച് വരവ് തുക ഉൾപ്പെടെ കഴിഞ്ഞ രണ്ട് വർഷത്തെ വിവരം ലഭ്യമാക്കുമോ;

(എഫ്) പ്രസ്തുത സൊസൈറ്റിയുടെ കീഴിൽ സംസ്ഥാനത്തിന് പുറത്ത് അയൽ സംസ്ഥാനങ്ങളിലുമായി ഏതെല്ലാം സ്ഥാവര ജംഗമവസ്തുക്കൾ ഉടമസ്ഥതയിലുണ്ട്; വിശദമാക്കുമോ;

(ജി) പൊതുജനസ്വത്ത് ഉപയോഗിച്ച് നിർമ്മിച്ച് പരിപാലിച്ചുപോരുന്ന പ്രസ്റ്റുത സ്റ്റേഡിയത്തിൽ സാധാരണക്കാർക്ക് പോലീസുകാർക്ക് ഏർപ്പെടുത്തിയിട്ടുള്ള ചാർജ്ജിനേക്കാൾ മൂന്നിരട്ടി ചാർജ് ഈടാക്കുന്നത് അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം ചന്ദ്രശേഖരൻനായർ സ്റ്റേഡിയത്തിന്റെ ഉടമസ്ഥത 1985 ജൂലൈ മാസം 24-ാം തീയതി മുതൽ 1955-ലെ 12-ാമത് തിരുവിതാംകൂർ കൊച്ചി ശാസ്ത്രീയ ധർമ്മ സംഘങ്ങൾ ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത കേരള പോലീസ് സ്പോർട്സ് ആൻഡ് യൂത്ത് വെൽഫെയർ സൊസൈറ്റിക്കാണ്.

(ബി) സ്റ്റേഡിയത്തിന്റെ സുഗമമായ ദൈനംദിന ഭരണ നിർവ്വഹണത്തിനും മേൽനോട്ടത്തിനുംവേണ്ടിയാണ് ഇത്തരത്തിലുള്ള ഒരു സൊസൈറ്റിയായി രജിസ്റ്റർ ചെയ്തത്. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) സൊസൈറ്റിയുടെ ഉടമസ്ഥതയിൽ എം.എൽ.എ. ഹോസ്റ്റലിന് സമീപത്തായി സ്വിമ്മിങ്ങ് പൂൾ, സ്ക്വാഷ് സെന്റർ, ബാസ്കറ്റ് ബാൾ കോർട്ട്, ഇൻഡോർ ഷട്ടിൽ കോർട്ട്, വോളിബോൾ കോർട്ട് എന്നിവ നിലവിലുണ്ട്.

(ഡി) അതത് സമയത്തുള്ള സംസ്ഥാന പോലീസ് മേധാവി പ്രസിഡന്റായും മറ്റ് മുതിർന്ന പോലീസ് ഉദ്യോഗസ്ഥരിൽ സംസ്ഥാന പോലീസ് മേധാവി നിർദ്ദേശിക്കുന്ന ഒരാൾ സെക്രട്ടറിയായും കൂടാതെ അഡീഷണൽ പോലീസ് ഡയറക്ടർ ജനറൽ (എ.പി. ബറ്റാലിയൻ), അഡീഷണൽ പോലീസ് ഡയറക്ടർ ജനറൽ സൗത്ത് സോൺ, അഡീഷണൽ പോലീസ് ഡയറക്ടർ ജനറൽ ഹെഡ് ക്വാർട്ടേഴ്സ്, അഡീഷണൽ പോലീസ് ഡയറക്ടർ ജനറൽ ക്രൈംബ്രാഞ്ച്, പോലീസ് ഇൻസ്പെക്ടർ ജനറൽ ഹെഡ് ക്വാർട്ടേഴ്സ്, തിരുവനന്തപുരം സിറ്റി ജില്ലാ പോലീസ് മേധാവി, തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവി, കമാണ്ടന്റ് സ്പെഷ്യൽ ആംഡ് പോലീസ്, പോലീസ് ട്രെയിനിംഗ് കോളേജ് പ്രിൻസിപ്പാൾ, പോലീസ് സൂപ്രണ്ട് ഹെഡ് ക്വാർട്ടേഴ്സ് തുടങ്ങിയ മുതിർന്ന പോലീസ് ഉദ്യോഗസ്ഥർ മെമ്പർമാരായുള്ള ഗവേണിംഗ് ബോഡിക്കാണ് സൊസൈറ്റിയുടെ ഭരണച്ചുമതല. നിലവിൽ ഈ സ്ഥാനങ്ങൾ വഹിക്കുന്നവരാണ് സൊസൈറ്റിയുടെ ഭരണച്ചുമതല ഇപ്പോൾ വഹിക്കുന്നത്.

(ഇ) സ്റ്റേഡിയത്തിൽനിന്ന് പ്രതിമാസം ലഭിക്കുന്ന വരുമാനം ഹാളുകളുടെ ബുക്കിംഗിനെ ആശ്രയിച്ചാണ്. സ്റ്റേഡിയത്തിൽ കരാർപ്രകാരം നിശ്ചിത വർഷങ്ങളിലേയ്ക്ക് വാടകയ്ക്ക് കൊടുത്തിരിക്കുന്ന മറ്റ് സ്ഥാപനങ്ങളിൽനിന്ന് ലഭ്യമാകുന്ന പ്രതിമാസ വാടക നിരക്കുകൾ 18% ജി.എസ്.ടി. ഉൾപ്പെടെ ചുവടെ ചേർക്കുന്നു:

| | |
|---|---|
| Federal Bank | Rs. 98,840.00 |
| SBI | Rs. 1,32,315.00 |
| KPHCC | Rs. 1,08,000.00 |
| Directorate of Sports | Rs. 84,864.00 |
| New India Assurance | Rs. 55,890.00 |
| KSITIL | Rs. 50,984.00 |
| Sports Hub | Rs. 43,028.00 |
| Neoito Technologies | Rs. 43,092.00 |
| Neena Collections | Rs. 32,500.00 |
| SUT Royal Hospital | Rs. 35,400.00 |
| South Indian Bank ATM | Rs. 14,310.00 |

(എഫ്) സൊസൈറ്റിക്ക് നിലവിൽ സംസ്ഥാനത്തിനുപുറത്ത് മറ്റ് സ്ഥാവര ജംഗമ വസ്തുക്കളൊന്നുമില്ല.

(ജി) തിരുവനന്തപുരം ചന്ദ്രശേഖരൻനായർ സ്റ്റേഡിയം കേരള പോലീസ് സ്പോർട്സ് & യൂത്ത് വെൽഫെയർ സൊസൈറ്റിയുടെ കീഴിലാണ് പ്രവർത്തിക്കുന്നത്. പ്രസ്തുത സൊസൈറ്റിയുടെ ഫണ്ട് ഉപയോഗിച്ചാണ് സ്റ്റേഡിയം പ്രവർത്തിക്കുന്നത്. സ്റ്റേഡിയത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കും മറ്റുള്ള അറ്റകുറ്റപ്പണികൾക്കും വൈദ്യുതി ചാർജ്, വാട്ടർ ചാർജ് എന്നിവയ്ക്കുമായി ഭീമമായ തുക ചെലവഴിക്കേണ്ടിവരുന്നു. ആയതിനാൽ ഫീസ് ഈടാക്കാതിരിക്കുവാൻ നിർവ്വാഹമില്ല. ഫീസ് താരതമ്യേന മറ്റ് സ്ഥാപനങ്ങളെക്കാൾ വളരെ കുറവാണ്.

## എൻ.ഐ.എ.-യുടെ കീഴിലുള്ള കേസ്സുകൾ

173 (182) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് എൻ.ഐ.എ. അന്വേഷിക്കുന്ന എത്ര കേസുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ; വിശദാംശം വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

30 കേസ്സുകൾ. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## പോലീസുകാർക്കെതിരെയുള്ള ആക്രമണം

174 (183) <u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്രമസമാധാനപാലനത്തിൽ ഏർപ്പെട്ടിരിക്കുന്ന പോലീസ് ഉദ്യോഗസ്ഥർ വ്യാപകമായി ആക്രമിക്കപ്പെടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കുറ്റക്കാർക്കെതിരെ എന്തൊക്കെ നിയമനടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) തിരുവനന്തപുരം കന്റോൺമെന്റ് പോലീസ് സ്റ്റേഷൻ പരിധിയിൽ ട്രാഫിക് ഡ്യൂട്ടിയിൽ ഏർപ്പെട്ടിരുന്ന പോലീസ് ഉദ്യോഗസ്ഥരെ ക്രൂരമായി മർദ്ദിച്ച എസ്.എഫ്.ഐ. പ്രവർത്തകരിൽ എത്ര പേരെ അറസ്റ്റ് ചെയ്തുവെന്നും ഇനി എത്ര പേർ അറസ്റ്റിലാകാനുണ്ടെന്നുമുള്ള കാര്യം വ്യക്തമാക്കാമോ;

(സി) അറസ്റ്റ് ചെയ്തിട്ടില്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം അക്രമകാരികൾക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്ത് കർശന നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) എല്ലാപേരെയും അറസ്റ്റ് ചെയ്തിട്ടുണ്ട്.

(സി) ബാധകമല്ല.

**മുൻ സർക്കാരിന്റെ കാലത്തെ അഴിമതി കേസുകൾ**

175 (184) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016-കാലയളവിലെ സർക്കാരിന്റെ കാലത്തുള്ള ചില മന്ത്രിമാരുടെ പേരിലുള്ള അഴിമതിക്കേസുകളുടെ നിജസ്ഥിതി എന്താണ്;

(ബി) ഈ കേസുകളുടെ അന്വേഷണ പുരോഗതി വ്യക്തമാക്കുമോ;

(സി) നിലവിൽ എത്രപേരുടെ പേരിലുള്ള കേസ്സുകളാണ് അന്വേഷണത്തിലുള്ളത്; വിശദവിവരം നൽകുമോ?

ഉത്തരം

(എ-സി) 2011-2016 കാലയളവിലെ സർക്കാരിന്റെ കാലത്തുള്ള 9 മന്ത്രിമാർക്കെതിരെ 15 വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**സ്വകാര്യ ട്യൂഷൻ എടുക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ അന്വേഷണം**

176 (187) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചില സർക്കാർ ഉദ്യോഗസ്ഥർ, ഓഫീസ് സമയത്തും അല്ലാതെയും സ്വകാര്യ ട്യൂഷൻ സെന്ററുകളിൽ പഠിപ്പിക്കുന്നതിനും മറ്റുമായി ജോലിയിൽനിന്നും വിട്ടുനിൽക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച് വിജിലൻസ് ഏതെങ്കിലും തരത്തിലുള്ള പരിശോധനകൾ നടത്തിയിട്ടുണ്ടോ;

(സി) എത്ര ഉദ്യോഗസ്ഥർ ഇങ്ങനെ ക്രമവിരുദ്ധമായി പ്രവർത്തിച്ചിട്ടുണ്ട് എന്നാണ് കണ്ടെത്തിയിട്ടുള്ളത്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) ജനങ്ങൾക്ക് സേവനം നൽകാൻ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ അമിത ധന സമ്പാദനത്തിനായി ജോലി സമയത്ത് വിട്ടുനിൽക്കുന്നതും സ്വകാര്യ ട്യൂഷൻ നൽകുന്നതും കുറ്റകരമാണ് എന്നത് കണക്കിലെടുത്ത്, ഇവർക്കെതിരെ ഉചിതമായ ശിക്ഷാ നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-ഡി) ചില സർക്കാർ ഉദ്യോഗസ്ഥർ, ഓഫീസ് സമയത്തും അല്ലാതെയും സ്വകാര്യ ട്യൂഷൻ സെന്ററുകളിൽ പഠിപ്പിക്കുന്നതിനും മറ്റുമായി ജോലിയിൽ നിന്നും വിട്ടുനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച് വിജിലൻസ് സംസ്ഥാന വ്യാപകമായി മിന്നൽ പരിശോധനകൾ നടത്തിയിട്ടുണ്ട്. പ്രസ്തുത അന്വേഷണത്തിൽ 70-പേരോളം ക്രമവിരുദ്ധമായി പ്രവർത്തിച്ചിട്ടുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത അന്വേഷണ റിപ്പോർട്ടുകൾ വിജിലൻസ് ഡയറക്ടറുടെ പക്കൽനിന്നും ലഭ്യമാകുന്നമുറയ്ക്ക് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

**പദ്ധതികളിൽ വിജിലൻസ് അന്വേഷണം**

177 (188) <u>ശ്രീ. ഒ. ആർ. കേളു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് വയനാട്ടിൽ നടപ്പാക്കിയ ഏതെങ്കിലും പദ്ധതികളെക്കുറിച്ച് നിലവിൽ വിജിലൻസ് അന്വേഷണം നടക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം പദ്ധതികളെക്കുറിച്ചാണ് വിജിലൻസ് അന്വേഷണം നടക്കുന്നത്;

(സി) ഓരോ കേസിന്റെയും നിലവിലെ സ്ഥിതി അറിയിക്കാമോ?

<u>ഉത്തരം</u>

(എ-സി) മുൻ സർക്കാരിന്റെ കാലത്ത് വയനാട് ജില്ലയിലെ മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ നടപ്പിലാക്കിയ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള എൻട്രൻസ് കോച്ചിംഗ് പദ്ധതിയുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത വി.സി.3/16/വയനാട് വിജിലൻസ് കേസ് അന്വേഷണ ഘട്ടത്തിലാണ്.

**അഗ്രിഫെസ്റ്റിനെക്കുറിച്ച് വിജിലൻസ് അന്വേഷണം**

178 (189) <u>ശ്രീ. ഒ. ആർ. കേളു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വയനാട്ടിൽ നടത്തിയ അഗ്രിഫെസ്റ്റ് എന്ന പരിപാടി സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടക്കുന്നുണ്ടോ;

(ബി) എങ്കിൽ അന്വേഷണത്തെ സംബന്ധിച്ച നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(സി) നിലവിൽ അഗ്രിഫെസ്റ്റ് അന്വേഷണം സംബന്ധിച്ച ഫയൽ ഏത് ഉദ്യോഗസ്ഥന്റെ കൈവശമാണ് ഉള്ളത് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ-സി) 2015-ൽ വയനാട് ജില്ലയിലെ മാനന്തവാടി മുനിസിപ്പാലിറ്റിയിൽ സംസ്ഥാന കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച അഗ്രിഫെസ്റ്റിനോടനുബന്ധിച്ച് നടത്തിയ ട്രൈബൽ ഫെസ്റ്റിലെ ക്രമക്കേട് സംബന്ധിച്ച് പി.ഇ. 01/2018/WYD എന്ന നമ്പരായി വിജിലൻസ് നടത്തിയ പ്രാഥമിക അന്വേഷണത്തിന്റെ റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ആയതിന്മേൽ അനന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

**മൂന്നാർ ട്രൈബ്യൂണൽ**

179 (190) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ മൂന്നാർ ട്രൈബ്യൂണൽ പിൻവലിച്ചതിനുശേഷം എത്ര ജീവനക്കാർ ജോലി ചെയ്തുവരുന്നുണ്ട് എന്നറിയിക്കാമോ; ഇവർക്ക് ശമ്പളമായി നൽകിവരുന്നത് എത്ര രൂപയാണെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിൽ മൂന്നാർ ട്രൈബ്യൂണലിൽ എത്ര കേസുകളാണ് തീർപ്പാക്കിയത്; ഓരോ കേസിനെയും സംബന്ധിച്ച വിശദാംശം നൽകാമോ;

(സി) മൂന്നാർ ട്രൈബ്യൂണലിന്റെ പ്രവർത്തനം അവസാനിപ്പിച്ച സാഹചര്യത്തിൽ എന്നാണ് ട്രൈബ്യൂണൽ പ്രവർത്തിച്ചിരുന്ന കെട്ടിടം തിരികെ പട്ടികവർഗ്ഗ വകുപ്പിനെ ഏൽപ്പിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇവിടെ കെട്ടികിടക്കുന്ന ഫയലുകൾ മുൻസിഫ് കോടതിക്ക് ഏൽപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(ഇ) ഇപ്പോൾ ഇവിടത്തെ ജീവനക്കാർക്ക് നൽകുന്ന ശമ്പള ബാധ്യത ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) മൂന്നാർ സ്പെഷ്യൽ ട്രൈബ്യൂണലിൽ ഇപ്പോൾ മറ്റ് വകുപ്പുകളിൽ നിന്നും അന്യത്ര സേവന വ്യവസ്ഥയിൽ വന്ന 3 ജീവനക്കാരും ദിവസവേതന അടിസ്ഥാനത്തിൽ ജോലിചെയ്യുന്ന 11 ജീവനക്കാരും സർക്കാർ നിയമിച്ച 2 മെമ്പർമാരും ഉൾപ്പെടെ 16 ജീവനക്കാർ ജോലി ചെയ്തുവരുന്നുണ്ട്. ഇവർക്ക് എല്ലാവർക്കുംകൂടി മാസത്തിൽ 6,96,138 രൂപ (ആറ് ലക്ഷത്തി തൊണ്ണൂറ്റി ആറായിരത്തി ഒരുനൂറ്റി മുപ്പത്തിയെട്ട് രൂപ മാത്രം) ശമ്പളമായി നൽകിവരുന്നുണ്ട്.

(ബി) ബഹു. ഹൈക്കോടതിയിൽനിന്നും വിവിധ സിവിൽ കോടതികളിൽ നിന്നും വിവിധ റവന്യൂ അധികാരികളിൽനിന്നും മൂന്നാർ സ്പെഷ്യൽ ട്രൈബ്യൂണലിന് കൈമാറിയ മൊത്തം 1195 കേസുകളിൽ 568 കേസുകൾ തീർപ്പുകല്പിച്ചിട്ടുണ്ട് :

ശേഷിക്കുന്ന കേസ്സുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കേസ്സുകളുടെ വിശദാംശങ്ങൾ | എണ്ണം |
|---|---|---|
| 1 | കേസ്സുകൾ തീർപ്പാക്കുന്നത് ബഹു. ഹൈക്കോടതി സ്റ്റേ ചെയ്തുവ | 414 |
| 2 | തിരിച്ചയച്ച കേസ്സുകൾ | 26 |
| 3 | നിലവിൽ വിചാരണയിൽ ഇരിക്കുന്ന കേസ്സുകൾ | 187 |
| | ആകെ | 627 |

(സി) 30-7-2018-ലെ സ.ഉ.(കൈ) നമ്പർ 124/2018/ആഭ്യന്തരം ഉത്തരവിന്റെ അടിസ്ഥാനത്തിൽ മൂന്നാർ ട്രൈബ്യൂണലിന്റെ പ്രവർത്തനം അവസാനിപ്പിച്ചിട്ടുണ്ടെങ്കിലും ട്രൈബ്യൂണലിലെ നിലവിലുള്ള കേസ്സുകൾ ബന്ധപ്പെട്ട കോടതികളിലേയ്ക്ക് തിരികെ നൽകുന്നതിനും മൂന്നാർ ട്രൈബ്യൂണലിലെ നിലവിലുള്ള സ്ഥാവര ജംഗമ വസ്തുക്കൾ സർക്കാരിലേയ്ക്ക് തിരിച്ചെടുക്കുന്നതിനും മൂന്നാർ ട്രൈബ്യൂണൽ ആക്ട് റിപ്പീൽ ചെയ്തുകൊണ്ടുള്ള ഓർഡിനൻസ് പുറപ്പെടുവിക്കേണ്ടതുണ്ട്. ആയതിനുശേഷം മാത്രമേ ട്രൈബ്യൂണൽ പ്രവർത്തിച്ചിരുന്ന കെട്ടിടം പട്ടികവർഗ്ഗ വകുപ്പിന് തിരികെ ഏൽപ്പിക്കുകയുള്ളൂ.

(ഡി&ഇ) ബഹു. കേരള ഹൈക്കോടതിയുടെ വിധികൾ പ്രകാരം 2 കേസ് ഫയലുകൾ സബ് കോടതിക്കും 2 കേസ് ഫയലുകൾ മുൻസിഫ് കോടതിക്കും കൈമാറിയിട്ടുണ്ട്. മൂന്നാർ ട്രൈബ്യൂണൽ ആക്ട് റിപ്പീൽ ചെയ്തുകൊണ്ടുള്ള ഓർഡിനൻസ് പുറപ്പെടുവിക്കുന്നമുറയ്ക്ക് ശേഷിക്കുന്ന കെട്ടിക്കിടക്കുന്ന ഫയലുകൾ ബന്ധപ്പെട്ട കോടതിക്ക് ഏൽപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതും ഇവിടത്തെ ജീവനക്കാർക്ക് നൽകുന്ന ശമ്പള ബാധ്യത ഒഴിവാക്കുന്നത് സംബന്ധിച്ച നടപടികൾ കൈക്കൊള്ളുന്നതുമാണ്.

**കാട്ടാക്കട കോടതി സമുച്ചയം**

180 (191) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട കോടതി സമുച്ചയത്തിന്റെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള എസ്റ്റിമേറ്റ് ഭരണാനുമതിക്കായി ഗവൺമെന്റിൽ സമർപ്പിക്കപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ആയത് സംബന്ധിച്ച തുടർനടപടി വിശദമാക്കുമോ?

ഉത്തരം

(എ &ബി) കാട്ടാക്കട കോടതി സമുച്ചയത്തിന്റെ രണ്ടാംഘട്ട നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ 23 കോടി രൂപയുടെ എസ്റ്റിമേറ്റ് ഹൈക്കോടതി രജിസ്ട്രാർ മുഖേന സമർപ്പിച്ചത് 17-1-2019-ൽ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ഭരണാനുമതി കൊടുക്കുന്നതിനായി ആയത് പരിശോധിച്ചുവരുന്നു.

**കുന്ദമംഗലം കോടതി കെട്ടിടം**

181 (192) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം കോടതി 120 വർഷം പഴക്കമുള്ള കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കെട്ടിടം കൂടുതൽ സൗകര്യപ്പെടുത്തുന്നതിനുള്ള ബഡ്ജറ്റ് നിർദ്ദേശം നടപ്പിലാക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കെട്ടിടത്തിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ ചെയ്യുന്നതിനായി പൊതുമരാമത്ത് വകുപ്പ് എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റ് സഹിതമുള്ള

പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് ഹൈക്കോടതി സബോർഡിനേറ്റ് ജുഡീഷ്യറി രജിസ്ട്രാറോട് ആവശ്യപ്പെട്ടിട്ടുണ്ട്. മേൽ പ്രൊപ്പോസൽ ലഭിക്കുന്നമുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**മട്ടാഞ്ചേരി കോടതി കെട്ടിടത്തിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ**

182 (193) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 18-9-2015-ൽ ആഭ്യന്തര വകുപ്പ് 570 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നല്കിയതും ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ നിർമ്മാണ പ്രവർത്തനങ്ങൾക്ക് സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുള്ളതുമായ മട്ടാഞ്ചേരി കോടതി കെട്ടിടത്തിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ പുനരാരംഭിക്കാൻ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ഇതു സംബന്ധിച്ച് പുരാവസ്തു വകുപ്പ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിലെ, കോടതി അധികാരികളുടെ ഭാഗത്തുനിന്ന് എൻ.ഒ.സി-യ്ക്കായുള്ള യാതൊരു അപേക്ഷയും ലഭ്യമായിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എൻ.ഒ.സി. ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ മാനദണ്ഡങ്ങൾ പാലിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തേണ്ടതിനാലാണ് മട്ടാഞ്ചേരി കോടതി കെട്ടിടത്തിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ പുനരാരംഭിക്കാൻ കാലതാമസം നേരിടുന്നത്.

(ബി&സി) പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള പുതുക്കിയ പദ്ധതി ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുമായി ബന്ധപ്പെട്ട് തയ്യാറാക്കാൻ പൊതുമരാമത്ത് വകുപ്പിന് ബഹു. ഹൈക്കോടതി നിർദ്ദേശം നൽകിയിട്ടുണ്ട്.

**കടുത്തുരുത്തി കോർട്ട് കോംപ്ലക്സ് നിർമ്മാണം**

183 (194) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്ന കടുത്തുരുത്തി കോർട്ട് കോംപ്ലക്സിന്റെ ഡി.പി.ആർ. തയ്യാറാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഏത് ഏജൻസി വഴിയാണ് നടപടി സ്വീകരിച്ചിട്ടുള്ളത്;

(ബി) കടുത്തുരുത്തി ഉൾപ്പടെ 14 സ്ഥലങ്ങളിൽ പ്രത്യേക കോടതി സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന്റെ ഭരണാനുമതി പ്രൊപ്പോസൽ ഏതു ഘട്ടത്തിലാണ്;

(സി) പ്രസ്തുത പദ്ധതി കിഫ്ബി വഴി നടപ്പാക്കാൻ ധനകാര്യ വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ; ഈ പദ്ധതി ഏതുഘട്ടത്തിലാണെന്ന് അറിയിക്കാമോ; ഈ പദ്ധതി സംബന്ധിച്ച് ആഭ്യന്തര വകുപ്പിലേയും ധനകാര്യ വകുപ്പിലേയും ഫയൽ നമ്പർ ലഭ്യമാക്കാമോ;

(ഡി) മുൻസിഫ്/മജിസ്ട്രേറ്റ് കോടതി കടുത്തുരുത്തിയിൽ പ്രവർത്തനം ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് തീരുമാനിച്ചിട്ടുള്ളത്; ധനകാര്യ വകുപ്പും ആഭ്യന്തര വകുപ്പും ചർച്ചചെയ്ത് ഇക്കാര്യങ്ങളിൽ നടപടി ത്വരിതപ്പെടുത്തുവാൻ എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാൻ കഴിയുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കടുത്തുരുത്തി കോടതി സമുച്ചയം നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ലഭ്യമായിട്ടില്ല. സ്ഥലം ലഭ്യമായാൽ മാത്രമേ തുടർ നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ.

(ബി) കടുത്തുരുത്തി ഉൾപ്പെടെ 14 സ്ഥലങ്ങളിൽ പ്രത്യേക കോടതി സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസലുകളുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) സ്ഥലം ലഭ്യമായതിന് ശേഷമേ ആഭ്യന്തര വകുപ്പിലും ധനകാര്യ വകുപ്പിലും തുടർ നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

(ഡി) കടുത്തുരുത്തി മുൻസിഫ്/മജിസ്ട്രേറ്റ് കോടതി സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ മുൻഗണനാ പട്ടികയിൽ 52-ാം മതായി ഉൾപ്പെടുത്തിയിട്ടുണ്ട്. മുൻഗണനാ ലിസ്റ്റിൽനിന്നും ഒന്നാമതായുള്ള അട്ടപ്പാടി മുൻസിഫ് കോടതി മാത്രമാണ് പുതുതായി സ്ഥാപിച്ചിട്ടുള്ളത്. മുൻഗണനാക്രമം മറികടന്ന് കോടതി സ്ഥാപിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഫയർ സ്റ്റേഷനുകൾ

184 (195) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ഫയർ സ്റ്റേഷനുകൾ നവീകരിച്ച് റസ്ക്യൂ ഓപ്പറേഷനുകൾ ആധുനിക ഉപകരണങ്ങളുടെ സഹായത്തോടെ കുറ്റമറ്റ രീതിയിൽ നടത്തേണ്ടതിന്റെ ആവശ്യകത സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഫയർ സ്റ്റേഷനുകൾ നവീകരിക്കുന്നത് സംബന്ധിച്ച് ചെങ്ങന്നൂർ മണ്ഡലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(സി) ചെങ്ങന്നൂരിൽ ഫയർസ്റ്റേഷന് സ്ഥായിയായ ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽ വന്നിട്ടുണ്ട്. പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ഭാവിയിലുണ്ടാകാവുന്ന ദുരന്തങ്ങളെ നേരിടാൻ വകുപ്പിനെ ശാക്തീകരിക്കുന്നതിനായി ആവശ്യമുള്ള ഉപകരണങ്ങളും വാഹനങ്ങളും ലഭ്യമാക്കുന്നതിനുള്ള സമഗ്രമായ പദ്ധതിക്ക് തുടക്കംകുറിച്ചിട്ടുണ്ട്.

(ബി) 2018 വർഷത്തിൽ ചെങ്ങന്നൂർ അഗ്നിരക്ഷാ നിലയത്തിലേയ്ക്ക് താഴെ പറയുന്ന രക്ഷാ ഉപകരണങ്ങൾ അനുവദിച്ചിട്ടുണ്ട്:

| | | |
|---|---|---|
| പോർട്ടബിൾ പമ്പ് | - | 1 എണ്ണം |
| ഗംബൂട്ട് | - | 38 എണ്ണം |
| റെയിൻകോട്ട് | - | 38 എണ്ണം |
| ഹെൽമെറ്റ് | - | 38 എണ്ണം |
| സെർച്ച് ലൈറ്റ് | - | 1 എണ്ണം |
| എൽ.ഇ.ഡി. ടോർച്ച് | - | 2 എണ്ണം |
| എമർജൻസി ലാമ്പ് | - | 3 എണ്ണം. |

(സി) ചെങ്ങന്നൂർ അഗ്നിരക്ഷാ നിലയത്തിന് ചെങ്ങന്നൂർ വില്ലേജിൽ ബ്ലോക്ക് 7 റീ-സർവ്വേ നമ്പർ 13/4-ൽപ്പെട്ട ഗവൺമെന്റ് ജെ.ബി. സ്കൂൾ പരിസരത്തുള്ള 30 സെന്റ് ഭൂമി അഗ്നിരക്ഷാ വകുപ്പിന് കൈമാറ്റംചെയ്ത് ലഭിക്കുന്നതിനായി വകുപ്പ് മേധാവി സാക്ഷ്യപ്പെടുത്തിയ അർത്ഥനാപത്രം ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

**ഫയർ സ്റ്റേഷനുകൾ**

185 (196) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 17-1-2001-ലെ 197/2001/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം എത്ര ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നതിനാണ് അനുമതി നൽകിയതെന്ന് വ്യക്തമാക്കാമോ;

(ബി) അതിൻപ്രകാരം പ്രവർത്തനം ആരംഭിച്ച ഫയർ സ്റ്റേഷനുകളുടെ വിശദാംശം ലഭ്യമാക്കാമോ; ടി ഉത്തരവിൽ പറഞ്ഞിരിക്കുന്ന ബാക്കി ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത് ; വ്യക്തമാക്കാമോ?

ഉത്തരം

(എ) 17-1-2001-ലെ 197/2001/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം 29 ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള മുൻഗണനാ പട്ടിക അംഗീകരിച്ചാണ് ഉത്തരവായിട്ടുള്ളത്.

(ബി) പ്രസ്തുത മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടിരുന്ന 20 ഫയർ & റെസ്ക്യൂ സ്റ്റേഷനുകൾ പ്രവർത്തനമാരംഭിച്ചു. പരവൂർ, മണ്ണാർക്കാട്, പീരുമേട്, മാനന്തവാടി, കൊടുങ്ങല്ലൂർ, കൊയിലാണ്ടി, പെരിന്തൽമണ്ണ, നെടുമങ്ങാട്, ശാസ്താംകോട്ട, കല്ലൂർക്കാട്, വൈക്കം, തൃപ്പൂണിത്തുറ, മഞ്ചേരി, ചെങ്ങന്നൂർ, പാറശ്ശാല, കടയ്ക്കൽ, നാദാപുരം, വടക്കൻചേരി, കട്ടപ്പുരത്തി, കൽപ്പറ്റ എന്നിവയാണ് പ്രവർത്തനമാരംഭിച്ച ഫയർ സ്റ്റേഷനുകൾ.

ടി ഉത്തരവിൽ പറഞ്ഞിട്ടുള്ള ബാക്കി ഫയർ സ്റ്റേഷനുകൾ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാകുന്നമുറയ്ക്ക് ആരംഭിക്കുന്നതാണ്.

**പുതിയതായി അനുവദിച്ച ഫയർ സ്റ്റേഷനുകൾ**

186 (197) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് പുതിയതായി എത്ര ഫയർ സ്റ്റേഷനുകളാണ് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) അവയുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) ഇത്തരത്തിൽ അനുവദിച്ചതിൽ എത്രയെണ്ണം പ്രവർത്തനം ആരംഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രവർത്തനം തുടങ്ങാൻ കഴിയാത്തത് എത്രയെണ്ണമാണ് ; ഇതിന്റെ തടസ്സങ്ങൾ എന്തൊക്കെ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) 4 ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷനുകൾ

| | | |
|---|---|---|
| (ബി) ആലപ്പുഴ | - | 1 (അരൂർ ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷൻ) |
| കോഴിക്കോട് | - | 1 (കൊയിലാണ്ടി ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷൻ) |
| തൃശ്ശൂർ | - | 1 (നാട്ടിക ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷൻ) |
| പാലക്കാട് | - | 1 (പട്ടാമ്പി ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷൻ) |

(സി) 3 എണ്ണം

(ഡി) ഒന്ന്. പാലക്കാട് ജില്ലയിലെ പട്ടാമ്പിയിൽ ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിന് തത്വത്തിൽ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി സ്റ്റേഷനുവേണ്ടി തസ്തികകൾ സൃഷ്ടിക്കുന്നതും പ്രാരംഭ ചെലവുകൾ അനുവദിക്കുന്നതും സംബന്ധിച്ച വിഷയം വിശദമായി പരിശോധിക്കുകയും പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് ഭരണാനുമതി പുറപ്പെടുവിച്ചിട്ടുള്ള കേസുകളിൽ മുൻഗണന നിശ്ചയിച്ച് സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതിനുശേഷം പട്ടാമ്പിയിൽ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കാൻ വകുപ്പ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**കോഴിച്ചന ഫയർ സ്റ്റേഷൻ**

187 (198) <u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിൽ കോഴിച്ചന എൻ.എച്ച്. പരിസരത്ത് ഫയർ സ്റ്റേഷൻ ആരംഭിക്കണമെന്ന ദീർഘകാല ആവശ്യത്തിന്മേൽ റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നോ;

(ബി) എങ്കിൽ ഉദ്യോഗസ്ഥർ റിപ്പോർട്ട് നൽകിയിരുന്നോ; വിശദവിവരം നൽകുമോ; ഇല്ലെങ്കിൽ അത് സത്വരം ലഭ്യമാക്കാൻവേണ്ട നിർദ്ദേശം നൽകുമോ;

(സി) പ്രസ്തുത ഫയർ സ്റ്റേഷൻ എന്നത്തേക്ക് പ്രവർത്തനക്ഷമമാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു. തിരൂരങ്ങാടി മണ്ഡലത്തിൽ ഉൾപ്പെട്ട തെന്നല ഗ്രാമപഞ്ചായത്തിലെ കോഴിച്ചന എന്ന പ്രദേശത്ത് ദേശീയ പാതയുടെ വശത്ത് കേന്ദ്ര പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള ഉപയോഗശൂന്യമായി കിടക്കുന്ന 7.47 ഏക്കർ ഭൂമിയിൽ നിന്നും ഒരു ഏക്കർ സ്ഥലം കേരള ഫയർ ആൻഡ് റെസ്ക്യൂ സർവ്വീസസ് വകുപ്പിന് പ്രസ്തുത സ്ഥലത്ത് ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് വിട്ടുനൽകുന്നതിന് സൂപ്രണ്ടിംഗ് എഞ്ചിനീയർ, സെൻട്രൽ പൊതുമരാമത്ത് വകുപ്പ്, കോഴിക്കോടിന് വകുപ്പ് തലവൻ കത്ത് നൽകിയിട്ടുണ്ട് എന്ന വിവരം റിപ്പോർട്ട് ചെയ്തിരുന്നു.

(സി) സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ട്, ഭരണാനുമതി എന്നിവയ്ക്ക് വിധേയമായി ഫയർ സ്റ്റേഷൻ ആരംഭിക്കുന്ന വിഷയം പരിശോധിക്കാവുന്നതാണ്.

**പെരിങ്ങോം ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണം**

188 (199) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് ഫണ്ട് അനുവദിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

പെരിങ്ങോം ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് 2019-20 ബഡ്ജറ്റ് വിഹിതത്തിൽ ഫണ്ട് വകയിരുത്തുന്നതിനായി പ്ലാൻ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

**ചാരുംമൂട് കേന്ദ്രമാക്കി ഫയർ ഫോഴ്സ് യൂണിറ്റ്**

189 (200) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയമസഭാമണ്ഡലത്തിൽ ചാരുംമൂട് കേന്ദ്രമാക്കി ഫയർഫോഴ്സ് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) പ്രസ്തുത യൂണിറ്റ് ആരംഭിക്കുന്നതിന് ഫയർ ആൻഡ് റെസ്ക്യൂ ഫോഴ്സ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ &ബി) ചാരുംമൂട് കേന്ദ്രമാക്കി ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**നേര്യമംഗലത്ത് ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി**

190 (201) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിനുവേണ്ട മുൻഗണന പട്ടിക തയ്യാറാക്കിയിട്ടുണ്ടോ;

(ബി) കോതമംഗലം മണ്ഡലത്തിൽ നേര്യമംഗലത്ത് പുതിയ ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട സാധ്യതാ പഠന റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഫാക്ടറികൾ, ഡാം, പവർ ഹൗസുകൾ, നിരവധി വ്യവസായ സ്ഥാപനങ്ങൾ തുടങ്ങിയവ സ്ഥിതിചെയ്യുന്ന ഈ പ്രദേശത്ത് ഉരുൾപൊട്ടൽ, കാട്ടുതീ തുടങ്ങി നിരവധിയായ പ്രശ്നങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ളതിനാലും പ്രസ്തുത സ്ഥലം കോതമംഗലം, കല്ലൂർക്കാട് , ഇടുക്കി , മൂന്നാർ നിലയങ്ങളിൽനിന്ന് വളരെ ദൂരത്തിലുമായതിനാലും പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനായി വകുപ്പ് തലത്തിൽ തയ്യാറാക്കുന്ന മുൻഗണന ലിസ്റ്റിൽ നേര്യമംഗലം ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) മുൻഗണനാ പട്ടിക തയ്യാറാക്കുന്നതിനുള്ള നടപടികൾ വകുപ്പ് തലത്തിൽ സ്വീകരിച്ചുവരുന്നു.

(ബി) സർക്കാരിൽ ലഭിച്ചിട്ടില്ല.

(സി) പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നതിനായി വകുപ്പ് തലത്തിൽ തയ്യാറാക്കുന്ന മുൻഗണനാ പട്ടികയിൽ പ്രസ്തുത സ്ഥലത്തിന്റെ പ്രാധാന്യം പരിഗണിച്ച് നേര്യമംഗലം ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

**കരുനാഗപ്പള്ളി ഫയർ ഫോഴ്സ് സ്റ്റേഷന് ആസ്ഥാന മന്ദിരം**

191 (202) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി ഫയർഫോഴ്സ് സ്റ്റേഷന് ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിന് വേണ്ടി പോലീസ് വകുപ്പിന്റെ അധീനതയിലുള്ള സ്ഥലം

കൈമാറുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച നടപടിക്രമത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിശദീകരിക്കുമോ;

(ബി) ഇവിടെ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിശദീകരിക്കുമോ;

(സി) എത്രയുംവേഗം ഭൂമി കൈമാറ്റം നടത്തി കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) ഉണ്ട്. കരുനാഗപ്പള്ളി ഫയർ സ്റ്റേഷൻ നിർമ്മാണത്തിന് കരുനാഗപ്പള്ളി താലൂക്കിൽ കരുനാഗപ്പള്ളി വില്ലേജിൽ ബ്ലോക്ക് നമ്പർ 10-ൽ റീ സർവ്വേ നമ്പർ 439/12-ൽ ഉൾപ്പെട്ട 73.40 ആർ സർക്കാർ ഭൂമിയിൽ 20 സെന്റ് സ്ഥലത്തിന് ജില്ലാ കളക്ടർ ഉപയോഗാനുമതി നൽകിയിട്ടുണ്ട്. ടി സ്ഥലത്തിന് ഉപയോഗാനുമതി ഉപാധികളോടെ ലഭ്യമായതിനാൽ പ്രസ്തുത ഉപാധികൾ പാലിച്ച് ഫയർ സ്റ്റേഷന് ആവശ്യമായ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകുന്നതിലേയ്ക്കായി പ്ലാനും എസ്റ്റിമേറ്റും പരിശോധിച്ചുവരികയാണ്.

**കല്ല്യാശ്ശേരി മണ്ഡലത്തിൽ ഫയർ സ്റ്റേഷൻ**

192 (203) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഫയർ സ്റ്റേഷൻ നിലവിലില്ലാത്ത കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ പഴയങ്ങാടിയിൽ ഒരു ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി മാടായി പാറയിൽ റീ-സർവ്വേ നമ്പർ 23/1 എ 2-ൽ ഉൾപ്പെട്ടതും റോഡ് സൗകര്യമുള്ളതും തിരുവർക്കാട്ട് കാവ് ക്ഷേത്രത്തിന്റെ അധീനതയിലുള്ളതുമായ 50 സെന്റ് ഭൂമി ഫയർ സ്റ്റേഷന് അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ദേവസ്വം ബോർഡ് കമ്മീഷണറുടെ അനുകൂലമായ തീരുമാനമുണ്ടാകുന്നമുറയ്ക്ക് സ്ഥലം കൈമാറി ലഭിക്കുന്നപക്ഷം ഭരണാനുമതിക്ക് വിധേയമായി ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്ന വിഷയം പരിശോധിക്കാവുന്നതാണ്.

## ചാലക്കുടിയിൽ ഫയർ ഫോഴ്സിന് പുതിയ കെട്ടിടം

193 (204) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ ഫയർഫോഴ്സിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) ഇതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ചാലക്കുടി ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിനായി കിഴക്കേ ചാലക്കുടി വില്ലേജിൽ സർവ്വേ നമ്പർ 724-ൽ പൊതുമരാമത്ത് വകുപ്പിന്റെ 0.8095 ഹെക്ടർ സ്ഥലത്തുനിന്നും 50 സെന്റ് സ്ഥലം ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷൻ നിർമ്മാണത്തിന് അനുയോജ്യമായി കണ്ടെത്തിയിരുന്നു. എന്നാൽ നിലവിൽ പ്രസ്തുത സ്ഥലം റോഡ് വികസനത്തിന് ആവശ്യമാണെന്നുള്ള അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ടി സ്ഥലത്തിന് തൊട്ടടുത്തുള്ള പൊതുമരാമത്ത് വകുപ്പിന്റെ തന്നെ സ്ഥലം ഫയർ സ്റ്റേഷൻ നിർമ്മാണത്തിന് അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ടി സ്ഥലം വകുപ്പിന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## അദർ ഡ്യൂട്ടി നിയമനത്തിലെ നിയന്ത്രണങ്ങൾ

194 (205) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാരെ ജോലി ക്രമീകരണ/അദർ ഡ്യൂട്ടി വ്യവസ്ഥയിൽ നിയമിക്കുന്നത് നിയന്ത്രിച്ചുകൊണ്ട് എന്തെങ്കിലും ഉത്തരവ്/സർക്കുലർ നിലവിലുണ്ടോ;

(ബി) ജയിൽ വകുപ്പിൽ ജീവനക്കാരെ ഇത്തരത്തിൽ ജോലി ക്രമീകരണ/അദർ ഡ്യൂട്ടി വ്യവസ്ഥയിൽ മറ്റ് സ്ഥാപനങ്ങളിൽ നിയമിച്ചിട്ടുണ്ടോ; എങ്കിൽ എക്സിക്യൂട്ടീവ്/മിനിസ്റ്റീരിയൽ തസ്തികകളിൽ നിയമിച്ചിട്ടുള്ളവരുടെ സ്ഥാപനം തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) ഇത്തരം ഡ്യൂട്ടിക്ക് ജീവനക്കാരെ തെരഞ്ഞെടുക്കുന്നത് എന്ത് മാനദണ്ഡത്തിലാണ്;

(ഡി) മറ്റ് സ്ഥാപനങ്ങളിലേക്ക് ഇത്തരത്തിൽ ജീവനക്കാരെ നിയമിക്കുന്നത് ജയിൽ വകുപ്പിന്റെ കാര്യക്ഷമതയെയും സുരക്ഷയേയും ഓഫീസ് പ്രവർത്തനത്തെയും ഗുരുതരമായി ബാധിക്കുന്നതായി വിലയിരുത്തിയിട്ടുണ്ടോ;

(ഇ) ഇത്തരം നിയമനങ്ങളെ നിയന്ത്രിക്കുന്നത് സംബന്ധിച്ച് അക്കൗണ്ടന്റ് ജനറൽ, ധനകാര്യ വകുപ്പ്, പൊതുഭരണ വകുപ്പ് എന്നിവർ നൽകിയിട്ടുള്ള നിർദ്ദേശങ്ങളിന്മേൽ നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടാണ് ; വിശദമാക്കുമോ?

ഉത്തരം

(എ) 8-8-2012-ലെ സ.ഉ.(പി) നമ്പർ 42/2012/ധന. ഉത്തരവ് മുഖേന ആരോഗ്യ-കുടുംബക്ഷേമ വകുപ്പിലൊഴികെയുള്ള എല്ലാ വകുപ്പുകളിലും വർക്കിംഗ് അറേഞ്ച്മെന്റ് സംവിധാനം നിർത്തലാക്കിയിട്ടുണ്ട്.

(ബി) ജയിൽ വകുപ്പിൽ ജീവനക്കാരെ ക്രമീകരണ/അദർ ഡ്യൂട്ടി വ്യവസ്ഥയിൽ മറ്റ് സ്ഥാപനങ്ങളിൽ നിയമിച്ചിട്ടുണ്ട്. സ്ഥാപനം തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) പത്തനംതിട്ട ജില്ലാ ജയിലിൽ പുതിയ ജയിലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചതിനാൽ ജയിലിലെ ജീവനക്കാരെ അദർ ഡ്യൂട്ടി വ്യവസ്ഥയിൽ മറ്റ് ജയിൽ സ്ഥാപനങ്ങളിൽ നിയമിക്കുകയുണ്ടായി. കൂടാതെ വിയ്യൂർ അതീവ സുരക്ഷാ ജയിലിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാത്തതിനാൽ ടി സ്ഥാപനത്തിലെ ജീവനക്കാരെയും അദർ ഡ്യൂട്ടിയിൽ മറ്റ് സ്ഥാപനങ്ങളിൽ നിയമിച്ചിട്ടുണ്ട്. ജയിൽ ആസ്ഥാന കാര്യാലയത്തിലെ കൺട്രോൾ റൂം, റിസപ്ഷൻ, സെക്യൂരിറ്റി, ഡ്രൈവിംഗ് തുടങ്ങിയ ജോലികൾ നിർവ്വഹിക്കുന്നതിന് പ്രാഗത്ഭ്യമുള്ള ജീവനക്കാരെ മറ്റ് സ്ഥാപനങ്ങളിൽനിന്നും പ്രസ്തുത സ്ഥാപനങ്ങളിലെ പ്രവർത്തനങ്ങളെ ബാധിക്കാത്തവിധത്തിൽ അദർ ഡ്യൂട്ടി വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. കൂടാതെ ചില ജയിലുകളിലെ ജീവനക്കാരുടെ അപര്യാപ്തത, സമാന തസ്തികകളിലുണ്ടാകുന്ന ഒഴിവ്, മാനുഷിക പരിഗണന എന്നിവ കണക്കിലെടുത്ത് ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമനം നൽകിയിട്ടുണ്ട്.

(ഡി) മറ്റ് സ്ഥാപനങ്ങളിലേയ്ക്ക് ഇത്തരത്തിൽ ജീവനക്കാരെ നിയമിക്കുന്നത് ജയിൽ വകുപ്പിന്റെ കാര്യക്ഷമതയെയും സുരക്ഷയേയും ഓഫീസ് പ്രവർത്തനത്തെയും ഗുരുതരമായി ബാധിക്കുന്നില്ല.

(ഇ) ജയിൽ വകുപ്പിന്റെ ഭരണപരവും സുഗമവുമായ ദൈനംദിന പ്രവർത്തനങ്ങൾക്കായിട്ടാണ് അദർ ഡ്യൂട്ടിയിൽ നിയമനം നൽകിയിട്ടുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ജയിൽ ഭക്ഷണ വിൽപ്പന ഔട്ട്ലെറ്റുകളുടെയും മൊബൈൽ ഔട്ട്ലെറ്റുകളുടെയും പ്രവർത്തനസമയം

195 (206) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) "ഫുഡ് ഫോർ ഫ്രീഡം" എന്ന പേരിലുള്ള ജയിൽ ഭക്ഷണ വില്പന ഔട്ട്ലെറ്റുകളുടെയും മൊബൈൽ ഔട്ട്ലെറ്റുകളുടെയും പ്രവർത്തനസമയം സംബന്ധിച്ച് കൃത്യത ഇല്ലാത്തതുകാരണം ഭക്ഷണം വാങ്ങാൻ വരുന്നവർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് മനസ്സിലാക്കി, കൃത്യമായ പ്രവർത്തനസമയം രേഖപ്പെടുത്തുന്നതിന് ജയിൽ മേധാവിക്ക് ഗവൺമെന്റ് നല്കിയ നിർദ്ദേശത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഈ സംവിധാനം നിലനിർത്തുന്നതിനും കൃത്യമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിനുമായി വീഴ്ചകളെ ഗൗരവമായികണ്ട് നടപടി സ്വീകരിക്കുമോ; എങ്കിൽ എപ്രകാരമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് ആൻഡ് കറക്ഷണൽ സർവ്വീസസിന് നിർദ്ദേശം നൽകിയ കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു*

(ബി) ജയിൽ ഭക്ഷണ വിൽപ്പന ഔട്ട്ലെറ്റുകളുടെ കൃത്യമായ പ്രവർത്തനത്തിൽ വിഴ്ചകൾ വരുത്തുന്നപക്ഷം കർശന നടപടി സ്വീകരിക്കുന്നതാണ്.

## ഓപ്പൺ ജയിലുകൾ

196 (207) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഓപ്പൺ ജയിലുകളിൽ തടവുകാരുടെ അവസ്ഥ ദയനീയമാണ് എന്ന കാര്യം ആഭ്യന്തര വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടികൾ സ്വീകരിച്ച്; വ്യക്തമാക്കാമോ;

(ബി) ഓപ്പൺ ജയിലുകളിൽ തടവുകാരോട് ജയിൽ വാർഡൻമാർ മോശമായി പെരുമാറുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദമാക്കാമോ?

ഉത്തരം

(എ &ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## തടവുപുള്ളികളുടെ ക്ഷേമം

197 (208) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്ത് വർഷത്തിൽ കൂടുതൽ തടവുശിക്ഷ അനുഭവിച്ച എത്ര പ്രതികളെ ഈ സർക്കാർ മോചിപ്പിച്ചിട്ടുണ്ട്; മോചിപ്പിച്ചപ്പോൾ അവർ പൂർത്തിയാക്കിയ തടവുകാലാവധി എത്രയാണ്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തടവുപുള്ളികളെ മോചിപ്പിച്ചത് ഏത് കമ്മിറ്റിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ്; പ്രസ്തുത കമ്മിറ്റിയിലെ മെമ്പർമാർ ആരാണ്; അവരുടെ പേരുവിവരം ലഭ്യമാക്കുമോ;

(സി) തടവുപുള്ളികളുടെ ക്ഷേമത്തിനായി ജയിലുകളിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തൊക്കെയാണ്;വിശദമാക്കുമോ?

ഉത്തരം

(എ &ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ജയിലുകളിൽ നടപ്പിലാക്കിവരുന്ന വിവിധ തൊഴിൽ പരിശീലന പരിപാടികൾ ചുവടെ ചേർക്കുന്നു:

കാർപ്പെന്ററി, വീവിംഗ്, ടെയിലറിംഗ്, മേസ്തിരിപ്പണി, അഗ്രികൾച്ചറൽ, ഫാമിംഗ്, അലുമിനിയം ഫാബ്രിക്കേഷൻ, സോപ്പ്, ഫിനോയിൽ, പേപ്പർബാഗ്, മെഴുകുതിരി, എൽ.ഇ.ഡി. ബൾബ്, ചോക്ക് നിർമ്മാണം, കുട നിർമ്മാണം, ഡ്രൈവിംഗ് പരിശീലനം, തടിക്കളിപ്പാട്ട നിർമ്മാണം, മൃദുപാവ നിർമ്മാണം, ഫോട്ടോഗ്രാഫി, ഡി.ടി.പി. പരിശീലനം, സോളാർ എനർജി ആൻഡ് സോളാർ മെയിന്റനൻസ് സർവ്വീസ്, ചെണ്ടമേളം, ബേക്കറി യൂണിറ്റ്, വെൽഡിംഗ്, ആധുനിക ബ്യൂട്ടി പാർലർ, കമ്പ്യൂട്ടർ ഹാർഡ് വെയർ ആൻഡ് മെയിന്റനൻസ്, കരകൗശല വസ്തുക്കളുടെ നിർമ്മാണം, എണ്ണ പലഹാര നിർമ്മാണം, പപ്പട നിർമ്മാണം, വെർമി കമ്പോസ്റ്റ്, ജീവാമൃതം നിർമ്മാണം, കോഴി വളർത്തൽ, ഷോർട്ട് ഫിലിം/ഡോക്യുമെന്ററി പ്രൊഡക്ഷൻ, യോഗ ആൻഡ് മെഡിറ്റേഷൻ, സി.സി.ടി.വി. ഇൻസ്റ്റലേഷൻ, സ്ക്രീൻ പ്രിന്റിംഗ്, ഫയൽ നിർമ്മാണം, ഇലക്ട്രീഷ്യൻ കോഴ്സ്, യന്ത്രം ഉപയോഗിച്ച് തെങ്ങ് കയറ്റ പരിശീലനം മുതലായവ.

തടവുകാരുടെ ക്ഷേമം വാർഷിക പദ്ധതിപ്രകാരം പ്രസ്തുത പരിശീലന പരിപാടികൾ ഗവൺമെന്റ് അംഗീകൃത ഏജൻസികൾ മുഖാന്തരം നടപ്പിലാക്കിവരുന്നു.

തൊഴിൽ പരിശീലന പരിപാടി കൂടാതെ തടവുകാരുടെ മനഃപരിവർത്തനത്തിനായി വിവിധ വിഷയങ്ങളിലും മതപരവും സാന്മാർഗ്ഗികവുമായ ബോധനം എന്നിവ നടത്തിവരുന്നു. വിവിധ സന്നദ്ധ സംഘടനകളുടെ സഹായത്തോടെ കൗൺസിലിംഗ് വിനോദത്തിനുള്ള മറ്റ് ക്ഷേമ പരിപാടികളും നിരന്തരം ജയിലുകളിൽ സംഘടിപ്പിച്ചുവരുന്നു. പ്രധാനപ്പെട്ട ജയിലുകളിൽ വെൽഫെയർ ഓഫീസർമാരുടെ നേതൃത്വത്തിൽ തടവുകാർക്ക് കൗൺസിലിംഗ് നടത്തിവരുന്നു. അന്തേവാസികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനുവേണ്ടി നിരക്ഷരരായ അന്തേവാസികൾക്ക് സാക്ഷരതാ ക്ലാസുകളും അതുപോലെ സാക്ഷരരായവർക്ക് ഉന്നത വിദ്യാഭ്യാസത്തിനുള്ള എല്ലാവിധ സൗകര്യങ്ങളും സഹായങ്ങളും ജയിലുകളിൽ നൽകിവരുന്നുണ്ട്. പ്രമുഖ ജയിൽ സ്ഥാപനങ്ങളിൽ ഇഗ്നോയുടെ സ്റ്റഡി സെന്റർ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ സാക്ഷരതാ മിഷനുമായി ചേർന്ന് നിരക്ഷരതാ നിർമ്മാർജ്ജനത്തിന്റെ ഭാഗമായി തുല്യതാ ക്ലാസ്, കമ്പ്യൂട്ടർ ക്ലാസ് എന്നിവ നടത്തിവരുന്നു. ജയിൽജീവിതത്തിന്റെ മാനസിക സമ്മർദ്ദങ്ങൾ ഒഴിവാക്കുന്നതിന് തടവുകാർക്കുവേണ്ടി വിനോദ-കായിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള സൗകര്യങ്ങളും എല്ലാ ജയിലുകളിലും നടപ്പിലാക്കുന്നുണ്ട്. അന്തേവാസികളിൽ വായനാശീലം വളർത്തുന്നതിന് സംസ്ഥാനത്തെ എല്ലാ ജയിലുകളിലും ലൈബ്രറി സംവിധാനം നടപ്പിലാക്കിവരുന്നുണ്ട്. വർത്തമാന പത്രങ്ങളും ആധുനിക മാസികകളും സർക്കാർ ചെലവിൽ അന്തേവാസികൾക്ക് നൽകിവരുന്നുണ്ട്. വിവിധ ജയിലുകളിൽ ടി. വി., എഫ്.എം. റേഡിയോ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. അന്തേവാസികളുടെ കലാ-കായിക മത്സരങ്ങളും വിവിധ കലാ സാംസ്കാരിക പരിപാടികളും സംഘടിപ്പിക്കാറുണ്ട്. അന്തേവാസികൾക്ക് കുടുംബാംഗങ്ങളും ബന്ധുക്കളും വക്കീലന്മാരുമായി മറ്റും ആശയവിനിമയം നടത്തുന്നതിന് ടെലിഫോൺ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. ഇപ്രകാരമുള്ള വിവിധ ക്ഷേമ പദ്ധതികൾ തടവുകാരുടെ ജയിൽ മോചനത്തിനുശേഷം അവരുടെ സമൂഹത്തിലെ പുനരധിവാസം സുഗമമാക്കുന്നതിന് സഹായകരമാകുന്നു.

**ചീമേനി തുറന്ന ജയിൽ കാര്യക്ഷമമാക്കുന്നതിന് നടപടി**

198 (209) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചീമേനി തുറന്നജയിലിൽ ഭക്ഷണസാധനങ്ങൾ ഉൾപ്പെടെയുള്ളവ ഉല്പാദിപ്പിച്ച് വിതരണം ചെയ്ത വകയിൽ പ്രതിവർഷം എത്രകോടി രൂപയുടെ വരുമാനം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇവിടെ നേരത്തെ ഉണ്ടായിരുന്ന ജീവനക്കാരുടെ എണ്ണം എത്രയെന്നും എത്ര ജീവനക്കാരെ കുറച്ചിട്ടുണ്ടെന്നും എപ്പോഴാണ് ഈ തസ്തികകൾ വെട്ടിക്കുറച്ചതെന്നും വ്യക്തമാക്കാമോ;

(സി) വെട്ടിക്കുറച്ച തസ്തികകൾ പുനഃസ്ഥാപിക്കുന്നതിനും ജയിലിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 2013-ൽ ഭക്ഷണ നിർമ്മാണ യൂണിറ്റ് തുടങ്ങിയത് മുതൽ താഴെപ്പറയുന്ന പ്രകാരം വരുമാനം ലഭിച്ചിട്ടുണ്ട്:

| വർഷം | തുക |
|---|---|
| 2013-14 | 20,63,338 രൂപ |
| 2014-15 | 16,52,445 രൂപ |
| 2015-16 | 11,94,965 രൂപ |
| 2016-17 | 26,17,851 രൂപ |
| 2017-18 | 29,01,827 രൂപ |
| 2018-19 (31-12-2018 വരെ) | 32,41,869 രൂപ |

(ബി) ചീമേനി തുറന്ന ജയിൽ ആൻഡ് കറക്ഷണൽ ഹോമിൽ നേരത്തേയുണ്ടായിരുന്ന വാർഡർ വിഭാഗത്തിലെ ജീവനക്കാരുടെ എണ്ണം 75 ആയിരുന്നു. ഉത്തര മേഖലയിലെ വിവിധ ജയിൽ സ്ഥാപനങ്ങളിലെ തടവുകാരുടെയും സുരക്ഷാ ചുമതലയുള്ള ജീവനക്കാരുടെയും എണ്ണത്തിലെ അനുപാതത്തിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ യഥാർത്ഥ ആവശ്യകത കണക്കിലെടുത്ത് 2012-ൽ 41 ജീവനക്കാരെ ചീമേനി തുറന്ന ജയിലിൽനിന്നും പുനർ വിന്യസിച്ചു.

(സി) ചീമേനി തുറന്ന ജയിലിൽ നിലവിൽ പാർപ്പിച്ചുവരുന്ന തടവുകാരുടെ ശരാശരി എണ്ണം 155-165 ആണ്. 6:1 അനുപാതം അനുസരിച്ചുള്ള ജീവനക്കാർ ഇപ്പോൾ ടി ജയിലിൽ പ്രവൃത്തിയെടുത്തുവരുന്നുണ്ട്.

**മണ്ണാർക്കാട്ട് പുതിയ ജയിൽ**

199 (210) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട്ട് പുതിയ ജയിൽ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടിക്രമങ്ങൾ സർക്കാർ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദ വിവരം നൽകുമോ;

(ബി) പ്രസ്തുത ജയിൽ നിർമ്മിക്കുന്നതിനായി മണ്ണാർക്കാട് മുനിസിപ്പാലിറ്റിയിൽ ഉൾപ്പെട്ട ഏതെങ്കിലും റവന്യൂ ഭൂമിയിൽ സർവ്വേ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ & ബി) ഉണ്ട്. പാലക്കാട് ജില്ലയിൽ മണ്ണാർക്കാട് പുതിയ സബ് ജയിൽ നിർമ്മിക്കുന്നതിന് സർവ്വേ നമ്പർ 131/14-ൽപ്പെട്ട ജലവിഭവ വകുപ്പിന്റെ 2.864 ഹെക്ടർ സ്ഥലം ജയിൽ വകുപ്പിന് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**നെട്ടുകാൽത്തേരി ഓപ്പൺ ജയിൽ**

200 (211) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെട്ടുകാൽത്തേരി ഓപ്പൺ ജയിലിൽ നിലവിൽ എത്ര തടവുകാർ ഉണ്ട്; പേരുവിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) നെട്ടുകാൽത്തേരി ഓപ്പൺ ജയിലിൽ ഇപ്പോൾ ജോലി ചെയ്തുവരുന്ന ജയിൽ ഉദ്യോഗസ്ഥരുടെ പേരുവിവരങ്ങൾ ലഭ്യമാക്കുമോ;

(സി) 2018 വർഷത്തിൽ തടവുകാർക്കുവേണ്ടി ഭക്ഷണത്തിനും മറ്റുമായി പ്രസ്തുത ജയിലിൽ ചെലവഴിച്ച തുക എത്ര; ഓരോ മാസത്തേയും കണക്ക് ഇനം തിരിച്ച് ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത ജയിലിൽ പണിയെടുക്കുന്നതിന് തടവുകാർക്ക് എത്ര രൂപയാണ് ദിവസവേതനം ആയി കൊടുക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) നെട്ടുകാൽത്തേരി ഓപ്പൺ ജയിലിൽ നിലവിൽ 396 തടവുകാരുണ്ട്. പേര് വിവരങ്ങൾ അനുബന്ധം ആയി ചേർത്തിട്ടുണ്ട്.*

(ബി) നെട്ടുകാൽത്തേരി ഓപ്പൺ ജയിലിൽ ഇപ്പോൾ ജോലി ചെയ്തുവരുന്ന ജയിൽ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ അനുബന്ധം ആയി ചേർത്തിട്ടുണ്ട്.*

(സി) നെട്ടുകാൽത്തേരി ഓപ്പൺ ജയിലിൽ 2018 വർഷത്തിൽ തടവുകാർക്കുവേണ്ടി ഭക്ഷണത്തിനും മറ്റുമായി 3,40,87,436 രൂപ (മൂന്ന് കോടി നാൽപ്പത് ലക്ഷത്തി എൺപത്തി ഏഴായിരത്തി നാന്നൂറ്റി മുപ്പത്തി ആറ് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. തുകയുടെ വിശദാംശങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(ഡി) ഒരു തടവുകാരന് 230 രൂപ ദിവസവേതനമായി നൽകുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ**

201 (212) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വല്ലാർപാടം കണ്ടെയ്നർ ടെർമിനലിൽ മദർഷിപ്പുകൾ വന്നിട്ടുണ്ടോ; എങ്കിൽ പരമാവധി എത്തിയ കപ്പലുകളുടെ എണ്ണവും ഓരോന്നിലും എത്തിച്ചേർന്ന ടണ്ണേജ് എത്രയെന്നും വ്യക്തമാക്കുമോ;

(ബി) കപ്പലുകൾ എത്തിച്ചേരുന്നതിനായി കപ്പൽചാലുകളുടെ ആഴം വർദ്ധിപ്പിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ ഇതിന് നേരിടുന്ന തടസ്സമെന്തെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) 2017-18 കാലയളവിൽ 555812 TEU (Twenty-Foot Equivalent Unit) ചരക്കുകളുമായി 645 കണ്ടെയ്നറുകൾ വല്ലാർപാടത്ത് എത്തിയിട്ടുണ്ട്. ഇതിൽ 97308 TEU ചരക്കുകളുമായി 142 മദർ ഷിപ്പുകൾ എത്തിയിട്ടുണ്ട്.

(ബി) 14.5 മീ. ഡ്രാഫ്റ്റുള്ള കപ്പലുകൾക്ക് എത്തിച്ചേരാനാകുന്ന വിധത്തിൽ കപ്പൽച്ചാലിന്റെ ആഴം വർദ്ധിപ്പിച്ചിട്ടുണ്ട്. കപ്പൽച്ചാലിന്റെ ആഴം വർദ്ധിപ്പിക്കുന്ന പ്രവൃത്തി 22-04-2013-ന് പൂർത്തിയായിട്ടുണ്ട്. ഈ ആഴം നിലനിർത്തുവാൻ മെയിന്റനൻസ് ഡ്രെഡ്ജിംഗ് നടത്തിവരുന്നുണ്ട്.

**ഗെയിൽ പൈപ്പ് ലൈൻ പദ്ധതി**

202 (213) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഗെയിൽ പൈപ്പ് ലൈൻ പദ്ധതിപൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എത്ര ശതമാനം പ്രവൃത്തികൾ പൂർത്തീകരിച്ചു എന്നും ഈ പദ്ധതി എന്ന് മുതൽ കമ്മീഷൻ ചെയ്യാൻ സാധ്യമാകും എന്നും വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതി ആരംഭിച്ചത് എന്നാണ് എന്നും, ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ എത്ര ശതമാനം പ്രവൃത്തിയാണ് പൂർത്തിയായിട്ടുണ്ടായിരുന്നത് എന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഗെയിൽ പൈപ്പ് ലൈൻ പദ്ധതി കേരളത്തിൽ 2 ഘട്ടമായാണ് നടപ്പിലാക്കുന്നത്. ഒന്നാംഘട്ടം (48 കി.മീ.) 2013-ൽ എറണാകുളം ജില്ലയിൽ കമ്മീഷൻ ചെയ്തു. രണ്ടാം ഘട്ടമായ കൊച്ചി-മാംഗ്ലൂർ (409 കി.മീ.), കൂറ്റനാട്-ബാംഗ്ലൂർ പൈപ്പ് ലൈനുകൾ (വാളയാർ വരെ) (98 കി.മീ.) എറണാകുളം ഉൾപ്പെടെ 7 വടക്കൻ ജില്ലകളിലൂടെയാണ് കടന്നുപോകുന്നത്. കൊച്ചി-മാംഗ്ലൂർ പൈപ്പ് ലൈൻ 394.6 കി.മീ. (96%) വെൽഡിംഗ് പൂർത്തീകരിച്ചു. കൂറ്റനാട്-ബാംഗ്ലൂർ പൈപ്പ് ലൈൻ 26 കി.മീ. (26.53%) വെൽഡിംഗ് പൂർത്തീകരിച്ചു. ആകെ 420.6 കി.മീ. (82%) പൂർത്തീകരിച്ചു. ഈ പദ്ധതിയുടെ പണി ഇപ്പോൾ അന്തിമ ഘട്ടത്തിലായതിനാൽ 2019 മാർച്ചിൽ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ഗെയിൽ പൈപ്പ് ലൈൻ പദ്ധതിയുടെ രണ്ടാംഘട്ടം 2012-ലാണ് ആരംഭിച്ചത്. എങ്കിലും പ്രാദേശികമായ എതിർപ്പുകൾമൂലം 2013-ൽ പദ്ധതി നിർത്തിവയ്ക്കേണ്ടി വന്നു. രണ്ടാം ഘട്ടം പണി നിർത്തിവയ്ക്കേണ്ടി വന്നപ്പോൾ ഗെയിൽ പൈപ്പ് ലൈൻ പദ്ധതിയുടെ കൊച്ചി-മാംഗ്ലൂർ പൈപ്പ് ലൈൻ 46 കി.മീ. (11.25%) പൂർത്തീകരിച്ചിരുന്നു. കൂറ്റനാട്-ബാംഗ്ലൂർ പൈപ്പ് ലൈൻ 7 കി.മീ. (7.14%) പൂർത്തീകരിച്ചിരുന്നു. ആകെ 53 കി.മീ. (10.45%) പൂർത്തീകരിച്ചിരുന്നു.

**വനിതാ മതിൽ സംഘാടക സമിതി അംഗങ്ങൾ**

203 (214) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാ മതിലിന്റെ നടത്തിപ്പിനായി വിളിച്ചുചേർത്ത ആദ്യ യോഗത്തിലേക്ക് എത്ര സംഘടനകളെയാണ് ക്ഷണിച്ചിരുന്നത്; ഇതിൽ എത്ര സംഘടനകൾ പങ്കെടുത്തിരുന്നു; വ്യക്തമാക്കുമോ;

(ബി) വനിതാ മതിലിന്റെ സംഘാടക സമിതി അംഗങ്ങൾ, ചെയർമാൻ, കൺവീനർ എന്നിവർ ആരൊക്കെയായിരുന്നു; വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) കേരളീയ നവോത്ഥാനത്തിന് ശ്രദ്ധേയമായ പങ്കുവഹിച്ചിട്ടുള്ള പ്രസ്ഥാനങ്ങളുടെയും സംഘടനകളുടെയും യോഗമാണ് സർക്കാർ വിളിച്ച ചേർത്തത്. സംഘടനകളുടെ യോഗത്തിൽ ഉയർന്നുവന്ന പൊതുവായ അഭിപ്രായത്തെ തുടർന്നാണ് വനിതാ മതിൽ സംഘടിപ്പിക്കാൻ തീരുമാനിച്ചത്. യോഗത്തിലേയ്ക്ക് 172 സംഘടനകളെ ക്ഷണിച്ചിരുന്നു.

(ബി) നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കാനുള്ള പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നതിന് എസ്.എൻ.ഡി.പി. യോഗം ജനറൽ സെക്രട്ടറി ശ്രീ. വെള്ളാപ്പള്ളി നടേശൻ ചെയർമാനും കെ.പി.എം.എസ്. ജനറൽ സെക്രട്ടറി ശ്രീ. പുന്നല ശ്രീകുമാർ കൺവീനറുമായി നവോത്ഥാന മൂല്യ സംരക്ഷണ സമിതി രൂപീകരിച്ചിരുന്നു. സർവ്വശ്രീ സി.കെ. വിദ്യാസാഗർ, ബി. രാഘവൻ (വൈസ് ചെയർമാന്മാർ) സി.ആർ ദേവദാസ്, സി.പി. സുഗതൻ, ഇ.എൻ. ശങ്കരൻ (ജോയിന്റ് കൺവീനർമാർ) കെ. സോമപ്രസാദ് (ട്രഷറർ) എന്നിവരെ മറ്റ് ഭാരവാഹികളായി യോഗം തെരഞ്ഞെടുക്കുകയുണ്ടായി.

## രക്ഷാപ്രവർത്തനങ്ങൾക്കിടയിൽ മരണപ്പെടുന്നവരുടെ ആശ്രിതരുടെ സംരക്ഷണം

204 (215) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രക്ഷാ പ്രവർത്തനങ്ങൾക്കിടയിൽ മരണപ്പെടുന്നവരുടെ കുടുംബങ്ങളുടെയും ആശ്രിതരുടെയും സംരക്ഷണത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇവരുടെ ആശ്രിതർക്ക് സർക്കാർ ജോലി നൽകുന്നതിന് ലക്ഷ്യമിട്ട് എന്തെങ്കിലും നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആയത് വിശദമാക്കാമോ?

ഉത്തരം

(എ) രക്ഷാപ്രവർത്തനങ്ങൾക്കിടയിൽ മരണപ്പെടുന്നവരുടെ ആശ്രിതർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്ന് 4,00,000 ലക്ഷം രൂപ അനുവദിക്കുന്നുണ്ട്.

(ബി) നിലവിൽ പരിഗണനയിലില്ല.

## സുസ്ഥിര വികസന ലക്ഷ്യ സൂചികയിൽ കേരളത്തിന്റെ സ്ഥാനം

205 (216) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.എൻ.-ന്റെയും ഗ്ലോബൽ ഗ്രീൻ ഗ്രോത്ത് ഇൻസ്റ്റിറ്റ്യൂട്ടിന്റെയും സഹകരണത്തോടെ നീതി ആയോഗ് തയ്യാറാക്കിയ സുസ്ഥിര വികസന ലക്ഷ്യ സൂചികയിൽ കേരളത്തിന്റെ സ്ഥാനം എത്രാമതാണ്; വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ മേഖലകളിലാണ് കേരളത്തിന് ഉയർന്ന റാങ്ക് ലഭിച്ചത്; വിശദാംശം നൽകുമോ?

ഉത്തരം

(എ & ബി) യു.എൻ.-ന്റെയും ഗ്ലോബൽ ഗ്രീൻ ഗ്രോത്ത് ഇൻസ്റ്റിറ്റ്യൂട്ടിന്റെയും സഹകരണത്തോടെ നീതി ആയോഗ് തയ്യാറാക്കിയ സുസ്ഥിര വികസന ലക്ഷ്യ സൂചികയിൽ (എസ്.ഡി.ജി. ഇന്ത്യ ഇൻഡക്സ് 2018) കേരളം ഒന്നാം സ്ഥാനത്താണ്. പതിനേഴ് സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ പതിമൂന്ന് ലക്ഷ്യങ്ങളുമായി (12, 13, 14, 17 ലക്ഷ്യങ്ങളൊഴികെ) ബന്ധപ്പെട്ട മുൻഗണന സൂചികകളുടെ അടിസ്ഥാനത്തിലാണ് എസ്.ഡി.ജി. ഇന്ത്യ ഇൻഡക്സ് 2018 തയ്യാറാക്കിയിട്ടുള്ളത്.

നല്ല ആരോഗ്യവും ക്ഷേമവും (ലക്ഷ്യം-3), ഗുണമേന്മയുള്ള വിദ്യാഭ്യാസം (ലക്ഷ്യം-4), ലിംഗ സമത്വം (ലക്ഷ്യം-5) എന്നിവയിൽ കേരളം ഒന്നാം സ്ഥാനത്തും നൂതനാശയം ഉൾക്കൊണ്ട് വ്യവസായവും പശ്ചാത്തല സൗകര്യവും വികസിപ്പിക്കൽ (ലക്ഷ്യം-9) എന്നതിൽ രണ്ടാം സ്ഥാനത്തും വിശപ്പ് രഹിത സമൂഹം കെട്ടിപ്പടുക്കൽ (ലക്ഷ്യം-2) എന്നതിൽ മൂന്നാം സ്ഥാനത്തുമാണ്.

**ശാരീരിക വൈകല്യം സംഭവിച്ച മഹിക്ക് ധനസഹായം**

206 (217) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ ഗ്രാമവികസന വകുപ്പുമന്ത്രിയുടെ ഔദ്യോഗിക വാഹനം മുഖേന 2013 ഏപ്രിൽ 5-ാം തീയതി ചെങ്ങന്നൂരിന് സമീപം ഉണ്ടായ അപകടത്തിൽ പരിക്ക് പറ്റിയ ചെങ്ങന്നൂർ കാരക്കാട് ചെരിവുകാലായിൽ രമണിയുടെ മകൻ മഹിക്ക് സഹായം നൽകുന്നതിന് 2015 ജൂലൈ മാസം 8-ാം തീയതി ചേർന്ന മന്ത്രിസഭാ യോഗത്തിൽ എടുത്ത തീരുമാനം നടപ്പിലാക്കിയോ;

(ബി) എങ്കിൽ ഇതുവരെ നൽകിയിട്ടുള്ള സഹായങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ശാരീരിക വൈകല്യം സംഭവിച്ച മഹിക്ക് പ്രത്യേക കേസ്സായി പരിഗണിച്ച് വികലാംഗ പെൻഷനും, അമ്മ രമണിക്ക് ആശ്വാസ കിരണം പദ്ധതി ധനസഹായവും നൽകുന്നതിന് സാമൂഹ്യനീതി (സി) വകുപ്പ് 25-8-2015-ൽ സ.ഉ. (എം.എസ്.) നമ്പർ 52/2015/സാ.നീ.വ. ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായോ; എങ്കിൽ ഈ ഉത്തരവ് പ്രകാരമുള്ള എന്തെല്ലാം സഹായങ്ങൾ നൽകിയെന്ന് വ്യക്തമാക്കുമോ;

(ഡി) മന്ത്രിസഭാ തീരുമാനം ഉണ്ടായി കഴിഞ്ഞാൽ എത്ര ദിവസത്തിനകം ഉത്തരവ് ഇറക്കണമെന്നും എത്ര ദിവസത്തിനകം നടപ്പിലാക്കണമെന്നുമാണ് നടപടി ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്യുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഈ നിബന്ധന മഹിയുടെ കാര്യത്തിൽ പാലിച്ചില്ലായെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ-സി) നടപ്പിലാക്കിയിട്ടുണ്ട്. 16-7-2015-ലെ ജി.ഒ.(ആർ.റ്റി.) 326/15/റവ. നമ്പർ ഉത്തരവ് പ്രകാരം രണ്ട് ലക്ഷം രൂപ CMDRF-ൽനിന്നും ധനസഹായം നൽകിയിട്ടുണ്ട്. ശാരീരിക വൈകല്യം സംഭവിച്ച ശ്രീ. മഹിക്ക് 2016 ജനുവരി മുതൽ വികലാംഗ പെൻഷൻ ലഭിച്ചുവരുന്നുണ്ട്. ടിയാളുടെ അമ്മയായ ശ്രീമതി രമണിക്ക് സാമൂഹ്യ സുരക്ഷാ മിഷനിൽനിന്നും 19,350 രൂപയും (2018 ജൂൺ വരെയുള്ളത്) ആശ്വാസകിരണം പദ്ധതി പ്രകാരം ലഭിച്ചിട്ടുണ്ട്.

(ഡി & ഇ) മന്ത്രിസഭാ തീരുമാനം ഉണ്ടായിക്കഴിഞ്ഞാൽ 48 മണിക്കൂറിനകം ഉത്തരവ് പുറപ്പെടുവിക്കണമെന്നാണ് ചട്ടം.

**ആഭ്യന്തര, പൊതുഭരണ വകുപ്പുകൾക്ക് ദേശീയ-അന്തർദ്ദേശീയ പുരസ്കാരങ്ങൾ**

207 (218) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആഭ്യന്തര, പൊതുഭരണ വകുപ്പുകൾക്ക് ദേശീയ-അന്തർദേശീയ തലത്തിലുള്ള അംഗീകാരങ്ങളോ പുരസ്കാരങ്ങളോ ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആഭ്യന്തര വകുപ്പിന് ലഭിച്ചിട്ടുള്ള അംഗീകാരങ്ങളും പുരസ്കാരങ്ങളും ചുവടെ ചേർക്കുന്നു:

(1) UMI (Urban Mobility India) Award - 2017 for excellence in Urban Transport, SKOCH Governance Award - 2018, DSCI Award (Data Security Council of India) 2017 എന്നീ അവാർഡുകൾ ലഭിച്ചിട്ടുണ്ട്.

(2) സൈബർ സെക്യൂരിറ്റി വിഭാഗത്തിൽ 2018-ലെ FICCI Smart Policing Award കേരളാ പോലീസ് സേനയുടെ ഭാഗമായി സൈബർ ഡോമിന് ലഭിച്ചിട്ടുണ്ട്.

കൂടാതെ Security Watch India (SWI) Innovation and Excellence Awards 2016-ൽ "Innovative use of Technology in Cyber Security" എന്ന വിഭാഗത്തിലും സൈബർ ഡോമിന് അംഗീകാരം ലഭിച്ചിട്ടുണ്ട്.

(3) ക്രമസമാധാനപാലനത്തിനുള്ള ഇന്ത്യാ ടുഡേ പുരസ്കാരം.

(4) അഴിമതി കുറവുള്ള സംസ്ഥാനം കേരളമെന്ന് (സെന്റർ ഫോർ മീഡിയ സ്റ്റഡീസ്) റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(5) ഏറ്റവും കുറവ് വർഗ്ഗീയ കലാപം കേരളത്തിൽ (നാഷണൽ ക്രൈം റിക്കോർഡ്സ് ബ്യൂറോ) റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(6) കേരളാ പോലീസിന്റെ ജനമൈത്രി പദ്ധതിക്ക് ഫൗണ്ടേഷൻ ഫോർ റിസർച്ച് എന്ന സ്ഥാപനം പ്രസിദ്ധീകരിക്കുന്ന ജേണൽ 'കോപ്സ് ടുഡെ ഇന്റർ നാഷണൽ' ഏർപ്പെടുത്തിയ പോലീസ് എക്സലൻസ് അവാർഡ്.

(7) കേന്ദ്ര ആഭ്യന്തര മന്ത്രാലയം ഗവേഷണ പഠനത്തിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത രാജ്യത്തെ മികച്ച 10 പോലീസ് സ്റ്റേഷനുകളിൽ കണ്ണൂർ ജില്ലയിലെ വളപട്ടണം പോലീസ് സ്റ്റേഷനും ഉൾപ്പെടുന്നു.

(8) കൊല്ലം സിറ്റി പോലീസ് കാര്യാലയത്തിന് ഐ.എസ്.ഒ. 9001:2015 പദവി ലഭിച്ചു.

(9) സൈബർ കുറ്റാന്വേഷണ മേഖലയിലെ മികവിന് ദേശീയതലത്തിൽ കേരളാ പോലീസിന് അവാർഡ് ലഭിക്കുകയുണ്ടായി.

(10) എറണാകുളം റൂറൽ ജില്ലയിൽ പാസ്പോർട്ട് അപേക്ഷയുടെ വേരിഫിക്കേഷനുമായി ബന്ധപ്പെട്ട് വിദേശകാര്യ മന്ത്രാലയത്തിൽനിന്നും ഈ വിഭാഗത്തിൽ ഏറ്റവും വേഗതയിലും പൂർണ്ണമായും ശരാശരി രണ്ട് ദിവസത്തിനുള്ളിൽ വേരിഫിക്കേഷൻ പൂർത്തിയാക്കി രാജ്യത്ത് ഒന്നാംസ്ഥാനം നിലനിർത്തിയതിന് എറണാകുളം റൂറൽ ജില്ലയ്ക്ക് ദേശീയ അംഗീകാരം ലഭിച്ചിട്ടുണ്ട്.

(11) 2016 നവംബറിൽ ഡൽഹിയിൽ നടന്ന ഇന്ത്യ ഇന്റർനാഷണൽ ട്രേഡ് ഫെയറിൽ (ഡിജിറ്റൽ ഇന്ത്യ തീം) കേരള പവലിയൻ ഗോൾഡ് മെഡൽ കരസ്ഥമാക്കി. അതിൽ കേരള പോലീസ് പവലിയൻ Best Exhibitor അവാർഡിന് അർഹമായി.

**ഇതര സംസ്ഥാന തൊഴിലാളികൾ ഉയർത്തുന്ന ആരോഗ്യ പ്രശ്നങ്ങൾ**

208 (219) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ അന്വേഷിച്ച് എത്തുന്ന ഇതര സംസ്ഥാന തൊഴിലാളികൾ സംസ്ഥാനത്ത് ഏറ്റവും മലിനമായ ചുറ്റുപാടുകളിൽ കഴിയേണ്ടി വരുന്ന എന്നതും ഇത് ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ ഉയർത്തുന്നു എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതര സംസ്ഥാന തൊഴിലാളികളുടെ വാസസ്ഥലങ്ങൾ കർശനമായി പരിശോധിക്കുന്നതിനും ഇത്തരം വാസസ്ഥലങ്ങൾ തൊഴിലാളികളിൽ ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുമെന്ന് ബോധ്യപ്പെട്ടാൽ കെട്ടിട ഉടമകളുടെ പേരിൽ നടപടികൾ സ്വീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദേശം നൽകുന്നതിനും സാധിക്കുമോ ;

(സി) ഇതര സംസ്ഥാന തൊഴിലാളികൾക്കായി ആരോഗ്യ ക്യാമ്പുകൾ സംഘടിപ്പിച്ച് വാക്സിനേഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിലവിലുള്ള പൊതുജനാരോഗ്യ നിയമങ്ങൾ പ്രകാരം അതിഥി സംസ്ഥാന തൊഴിലാളികളുടെ വാസസ്ഥലങ്ങൾ ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ മാത്രമായും തൊഴിൽ/തദ്ദേശ സ്വയംഭരണ വകുപ്പ് ഉദ്യോഗസ്ഥരുമായി സംയുക്തമായും പരിശോധന നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനായി ആരോഗ്യ വകുപ്പ് ചില ദിവസങ്ങളിൽ സംസ്ഥാനവ്യാപകമായി ഹെൽത്തി കേരള കാമ്പയിനായും അതല്ലാതെ പ്രാദേശികാടിസ്ഥാനത്തിലും പരിശോധനകൾ നടത്തിവരുന്നു. പൊതുജനാരോഗ്യ പ്രശ്നങ്ങൾ ഉള്ളതായി കണ്ടെത്തിയാൽ നോട്ടീസ് നൽകുകയും ആവശ്യമെങ്കിൽ പിഴ ഈടാക്കുകയോ അടച്ചുപൂട്ടുകയോ ചെയ്യാവുന്നതാണ്.

(സി) അതിഥി സംസ്ഥാന തൊഴിലാളികളുടെ വാസ/ജോലി സ്ഥലങ്ങളിൽ ആരോഗ്യ വകുപ്പിന്റെ മൊബൈൽ ടീമും പി.എച്ച്.സി. ടീമും, മലമ്പനി, മന്ത്, ത്വക്ക് രോഗങ്ങൾ, കുഷ്ഠരോഗം മുതലായ രോഗങ്ങൾ കണ്ടെത്തുവാനുള്ള പരിശോധനകൾ നടത്തുകയും പകർച്ചവ്യാധികൾ കണ്ടെത്തിയാൽ ചികിത്സ സൗജന്യമായി

നൽകിവരികയും ചെയ്യുന്നുണ്ട്. കൂടാതെ അവരുടെ ഭാഷയിൽതന്നെ ബോധവത്കരണവും നൽകിവരുന്നു. എലിപ്പനിക്ക് ഡോക്സിസൈക്ലിൻ പ്രതിരോധ ചികിത്സ നൽകിവരുന്നു.

## എച്ച്.ഐ.വി. എയ്ഡ്സ് ബാധിതരുടെ സംരക്ഷണം

209 (220) ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എച്ച്.ഐ.വി.-എയ്ഡ്സ് ബാധിതരുടെ അവകാശ സംരക്ഷണത്തിനായി എന്തെല്ലാം നിയമ പരിരക്ഷ ഉറപ്പുവരുത്തിയിട്ടുണ്ട്; വിശദമാക്കാമോ;

(ബി) എച്ച്.ഐ.വി-എയ്ഡ്സ് ബാധിതരും അവരുടെ മക്കളും പൊതു സ്ഥലങ്ങളിൽ നേരിടുന്ന വിവേചനം തടയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; ഇത്തരം കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

ഉത്തരം

(എ) എച്ച്.ഐ.വി. അണുബാധിതരുടെ അവകാശം സംരക്ഷിക്കുന്നതിനായി കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച The Human Immunodeficiency Virus and Acquired Immune Deficiency Syndrome (Prevention and Control) Act, 2017 സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു.

(ബി) കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി എച്ച്.ഐ.വി. അണുബാധിതർക്കുണ്ടാകുന്ന അവഗണനയും വിവേചനവുമായി ബന്ധപ്പെട്ടിട്ടുള്ള പരാതികൾ ലഭിച്ചതിന്മേൽ നേരിട്ട് അന്വേഷണം നടത്തുകയും അവർക്ക് സമൂഹത്തിൽ മാന്യമായി ജീവിക്കുന്നതിനുള്ള അനുകൂല സാഹചര്യം സംജാതമാക്കിയിട്ടുമുണ്ട്. എച്ച്.ഐ.വി. ബാധിതരായ കുട്ടികൾക്ക് വിദ്യാഭ്യാസ സ്ഥാപനത്തിൽ അവഗണനയും വിവേചനവും ഉണ്ടാകാതിരിക്കുന്നതിന് 30-1-2003-ലെ സ.ഉ.(സാധാ) നമ്പർ3114/2003/ആ.കു.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർക്കുന്നു.)* ART ചികിത്സ എടുക്കുന്ന

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അണുബാധിതരായ മാതാപിതാക്കളുടെ അണുബാധിതരായി ചികിത്സയിലുള്ള കുട്ടികൾക്ക് കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കി വരുന്ന സ്നേഹപൂർവ്വം വിദ്യാഭ്യാസ പദ്ധതിയിൽ ഉൾപ്പെടുത്തി വിദ്യാഭ്യാസ സഹായം നൽകുന്നുണ്ട്.

**വയനാട് ജില്ലയിലെ അരിവാൾ രോഗികളുടെ കണക്ക്**

210 (221) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ അരിവാൾ രോഗികളുടെ കൃത്യമായ കണക്ക് ശേഖരിച്ചിട്ടുണ്ടോ;

(ബി) വയനാട് ജില്ലയിൽ എത്ര അരിവാൾ രോഗികളാണ് ഉള്ളതെന്ന് അറിയിക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അരിവാൾ രോഗികൾക്കായി നടത്തിയ ക്ഷേമപദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ ;

(ഡി) അരിവാൾ രോഗികൾക്കായി കൂടുതൽ ക്ഷേമപദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വയനാട് ജില്ലയിൽ 908 അരിവാൾ രോഗികളുണ്ട്.

(സി & ഡി) വയനാട് ജില്ലയിലെ എല്ലാ അരിവാൾ രോഗികൾക്കും കോഴിക്കോട് മെഡിക്കൽ കോളേജും ആരോഗ്യ കേരളം വയനാടും സംയുക്തമായ പദ്ധതിയിലൂടെ പ്രോട്ടീൻ കൂടുതലായുള്ള ഭക്ഷണകിറ്റ് നൽകുന്നു. എല്ലാ ആദിവാസി അരിവാൾ രോഗികൾക്കും പ്രതിമാസം 2,500/- രൂപ വീതവും ആദിവാസികൾ അല്ലാത്ത അരിവാൾ രോഗികൾക്ക് പ്രതിമാസം 2,000 രൂപ വീതവും സാമ്പത്തിക സഹായം നൽകിവരുന്നു. വയനാട് ജില്ലയിൽ അരിവാൾ രോഗികളുള്ള എല്ലാ പഞ്ചായത്തിലും പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾവഴി എല്ലാ അരിവാൾ രോഗികൾക്കും കൃത്യമായ ചികിത്സ നൽകിവരുന്നു. മാനന്തവാടി ജില്ലാ ആശുപത്രിയിൽ വിദഗ്ദ്ധ ചികിത്സയ്ക്കുള്ള സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. ഈ രോഗികൾക്ക് Cap bychoxy urea, T.Folic Acid എന്നിവ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ വഴി വിതരണം ചെയ്തുവരുന്നു.

## പ്ലാൻ ഫണ്ടിൽനിന്നും തലശ്ശേരി മണ്ഡലത്തിന് അനുവദിച്ച തുക

211 (222) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2018-19 വർഷത്തെ ആരോഗ്യ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽനിന്നും തലശ്ശേരി മണ്ഡലത്തിൽ ഇതുവരെ ഏതെല്ലാം പ്രവൃത്തികൾക്ക് തുക അനുവദിച്ചിട്ടുണ്ട്; പ്രവൃത്തിയുടെ പേര്, തുക എന്നിവ വ്യക്തമാക്കാമോ?

ഉത്തരം

2018-19 സാമ്പത്തിക വർഷത്തിൽ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന് തെരഞ്ഞെടുത്ത തലശ്ശേരി നിയോജകമണ്ഡലത്തിലെ ചാലിൽ പി.എച്ച്.സി., ചൊക്ലി പി.എച്ച്.സി., എരഞ്ഞോളി പി.എച്ച്.സി. എന്നിവയ്ക്ക് പ്ലാൻ ഫണ്ടിൽ 14 ലക്ഷം രൂപ വീതം 42 ലക്ഷം രൂപയും കോടിയേരി, ന്യൂമാഹി പി.എച്ച്.സി.-കൾക്ക് എൻ.എച്ച്.എം. മുഖേന 15.5 ലക്ഷം രൂപ വീതം 31 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. സംസ്ഥാന തലത്തിൽ തെരഞ്ഞെടുത്ത മുഴവൻ കുടുംബാരോഗ്യ കേന്ദ്രങ്ങൾക്കുമായി ലാബ് സൗകര്യത്തിനായി പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ഏഴ് കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കുടുംബാരോഗ്യ കേന്ദ്രങ്ങളിലേയ്ക്കുള്ള ലബോറട്ടറി ഉപകരണങ്ങൾ കെ.എം.എസ്.സി.എൽ.-ൽ വഴി വാങ്ങി ലഭ്യമാക്കാനുള്ള നടപടികൾ നടന്നുവരുന്നു. സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് ജനറൽ ആശുപത്രി തലശ്ശേരിക്ക് 110 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പുതിയ ക്യാൻസർ കെയർ യൂണിറ്റിനായി ജനറൽ ആശുപത്രി, തലശ്ശേരിക്ക് 10 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. 2018-19 വർഷം ആരോഗ്യ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽനിന്നും തലശ്ശേരി മണ്ഡലത്തിന് അനുവദിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## മലബാർ ക്യാൻസർ സെന്ററിന്റെ വികസന പ്രവർത്തനങ്ങൾ

212 (223) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ മലബാർ കാൻസർ സെന്ററിന്റെ വികസന പ്രവർത്തനങ്ങൾക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) മലബാർ കാൻസർ സെന്ററിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് നടപ്പിലാക്കിയ ഓരോ പ്രവൃത്തിയും ആയതിന്റെ നിലവിലുള്ള അവസ്ഥയും എന്താണെന്ന് വ്യക്തമാക്കാമോ;

(സി) ഇതിൽ പൂർത്തിയാക്കാത്ത പ്രവൃത്തികൾ പൂർത്തീകരിക്കാൻ ഇനി എന്തെല്ലാം നടപടിക്രമങ്ങളാണ് ഉള്ളതെന്നും ആയത് എന്ന് പൂർത്തിയാക്കാനാകുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ)

(i) മലബാർ ക്യാൻസർ സെന്ററിൽ ക്യാൻസർ ജെനിറ്റിക്സ് ക്ലിനിക്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് നഴ്സിംഗ് സയൻസ് ആൻഡ് റിസർച്ച് (B.Sc. നഴ്സിംഗ് കോളേജ്), പോസ്റ്റ് ഗ്രാജ്വേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി സയൻസസ് ആൻഡ് റിസർച്ച് സെന്ററിന്റെ ഭാഗമായി National Board of Examination (NBE)യുടെ കീഴിൽ DNB in Surgical Oncology കോഴ്സ് എന്നിവ ആരംഭിക്കുകയുണ്ടായി.

i. എം.സി.സി.-യുടെ വികസന പ്രവർത്തനങ്ങൾക്കായി കിഫ്ബിയിൽ 180 കോടിരൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ബി.എസ്.എൻ.എൽ.-നെ എസ്.പി.വി. ആക്കിക്കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതിന്റെ തുടർ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

ii. ധനകാര്യ കമ്മീഷൻ ഫണ്ട് വിനിയോഗിച്ച് എം.സി.സി.-യിൽ പ്രോട്ടിയോമിക് ലാബ് പ്രവർത്തനസജ്ജമായി വരുന്നു.

iii. കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളെ ഉൾപ്പെടുത്തിക്കൊണ്ട് മലബാർ പോപ്പുലേഷൻ ബേസ്ഡ് ക്യാൻസർ രജിസ്ട്രി വിപുലീകരിച്ചു.

iv. ആധുനിക സംവിധാനങ്ങളോടുകൂടിയ സ്റ്റെം സെൽ ട്രാൻസ്പ്ലാന്റേഷൻ യൂണിറ്റ് പ്രവർത്തനമാരംഭിച്ചു.

v. എം.സി.സി. ബ്ലഡ് ബാങ്ക് ആധുനികവൽക്കരണത്തിന്റെ ഭാഗമായി NAT (Nucleic Acid Testing) സംവിധാനം ആരംഭിച്ചു.

vi. സി.ടി. സ്കാനർ, SPECT CT, PET Scanner, PACS, Nuclear Medicine Facility, Cath Lab എന്നിവ സ്ഥാപിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു.

vii.പീഡിയാട്രിക് ഓങ്കോളജി ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്.

(ബി & സി) അനുബന്ധമായി ചേർക്കുന്നു.*

**എയ്ഡ്സ് രോഗബാധിതരുടെ കണക്ക്**

213 (224) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ എയ്ഡ്സ് രോഗബാധിതരുടെ കണക്ക് ലഭ്യമാണോ; എങ്കിൽ ഇതിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ നൽകാമോ?

ഉത്തരം

സംസ്ഥാനത്ത് നിലവിൽ 13,323 പേർ എ.ആർ.ടി. കേന്ദ്രങ്ങളിൽ രജിസ്റ്റർ ചെയ്ത് ചികിത്സിച്ചുവരുന്നു. അവരുടെ ART സെന്റർ തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| സെപ്റ്റംബർ 2018 വരെയുള്ള രോഗികളുടെ വിവരങ്ങൾ (Alive & on ART) | | |
|---|---|---|
| ക്രമ നമ്പർ | എ.ആർ.റ്റി. സെന്ററിന്റെ പേര് | Alive & on Art-ലെ രോഗികളുടെ ആകെ എണ്ണം |
| 1 | ആലപ്പുഴ | 740 |
| 2 | കോഴിക്കോട് | 2318 |
| 3 | എറണാകുളം | 798 |
| 4 | കണ്ണൂർ | 480 |
| 5 | കാസർഗോഡ് | 767 |
| 6 | കൊല്ലം | 350 |
| 7 | കോട്ടയം | 1414 |
| 8 | പാലക്കാട് | 1433 |
| 9 | തൃശ്ശൂർ | 2605 |
| 10 | തിരുവനന്തപുരം | 2418 |
| | ആകെ | 13323 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**മരുന്ന് കുറിപ്പടികൾ വ്യക്തമായിരിക്കണമെന്ന നിർദ്ദേശം**

214 (225) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രോഗികൾക്ക് നൽകുന്ന മരുന്ന് കുറിപ്പടികൾ വ്യക്തമായിരിക്കണമെന്ന നിർദ്ദേശം സംസ്ഥാനത്ത് ഫലപ്രദമായി നടപ്പിലാക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഡോക്ടർമാരുടെ കുറിപ്പടിയിൽ പരമാവധി രാസമൂലക (ജനറിക്) നാമങ്ങൾ ചേർക്കണമെന്ന നിർദ്ദേശം ഫലപ്രദമായി നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല

(ബി) സർക്കാർ ആശുപത്രികളിൽ ഇപ്പോൾ വിതരണം ചെയ്യുന്ന മരുന്നുകളെല്ലാം ജനറിക് നാമത്തിലാണ്. സർക്കാർ ഡോക്ടർമാർ ജനറിക് നാമത്തിൽത്തന്നെ മരുന്ന് കുറിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ഈ ഉത്തരവ് ഫലപ്രദമായി നടപ്പിലാക്കാൻ പ്രിസ്ക്രിപ്ഷൻ ആഡിറ്റ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

**എക്സ്റേ, റേഡിയേഷൻ യൂണിറ്റുകളുടെ പ്രവർത്തനം**

215 (226) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എക്സ്റേ, റേഡിയേഷൻ യൂണിറ്റുകളുടെ പ്രവർത്തനം പരിശോധിക്കുന്നതിന് നിലവിലുള്ള ഡയറക്ടറേറ്റ് ഓഫ് റേഡിയേഷൻ സേഫ്റ്റി ഡിപ്പാർട്ട്മെന്റിന്റെ അധികാരം വെട്ടിക്കുറയ്ക്കുവാൻ ഉണ്ടായ കാരണം എന്താണെന്ന് വിശദമാക്കാമോ;

(ബി) നിയമങ്ങളും ചട്ടങ്ങളും പാലിക്കാതെ എക്സ്റേ, റേഡിയേഷൻ യൂണിറ്റുകൾക്ക് അനുമതി നൽകുന്നതും സുരക്ഷകൾ സംബന്ധിച്ചുള്ള തുടർ പരിശോധനകൾ നടത്താതിരിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ചുള്ള വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) കേന്ദ്ര ആണവോർജ്ജ നിയന്ത്രണ ബോർഡുമായി സർക്കാർ ധാരണാപത്രം ഒപ്പുവച്ച് അംഗീകാരം നേടുന്നതുവരെ റേഡിയേഷൻ സുരക്ഷാ നിയമം, 2004 പ്രകാരമുള്ള സുരക്ഷാപരിശോധനകൾ നടത്തുന്നതിൽനിന്ന് റേഡിയേഷൻ സുരക്ഷാ കാര്യാലയം വിട്ടുനിൽക്കണമെന്ന് ആണവോർജ്ജ നിയന്ത്രണ ബോർഡ് സർക്കാരിൽ അറിയിച്ചിരുന്നു.

(ബി) സംസ്ഥാനത്ത് റേഡിയേഷൻ യൂണിറ്റുകൾക്ക് ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത് കേന്ദ്ര ആണവോർജ്ജ നിയന്ത്രണ ബോർഡിന്റെ ഓൺലൈൻ ജാലികയായ ഇ-ലോറ സംവിധാനം വഴിയാണ്. മറ്റ് സംസ്ഥാനങ്ങളിലേതുപോലെ കേരളത്തിലും റേഡിയേഷൻ സുരക്ഷാ പരിശോധനകൾ കേന്ദ്ര ആണവോർജ്ജ നിയന്ത്രണ ബോർഡിന്റെ വിദഗ്ദ്ധർ നടത്തുമെന്ന് സർക്കാരിനെ അറിയച്ചിട്ടുള്ളതിനാൽ റേഡിയേഷൻ സുരക്ഷാ വീഴ്ചകൾ സംബന്ധിച്ച് റേഡിയേഷൻ സുരക്ഷാ കാര്യാലയം ഡയറക്ടർക്ക് ലഭിച്ച പരാതികളിൽ നടപടി സ്വീകരിക്കുന്നതിന് കേന്ദ്ര ആണവോർജ്ജ നിയന്ത്രണ ബോർഡിന്റെ ശ്രദ്ധയിൽപ്പെടുത്തുവാൻ റേഡിയേഷൻ സുരക്ഷാ കാര്യാലയം ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**കുഷ്ഠരോഗ വ്യാപനം തടയാൻ നടപടി**

216 (227) ശ്രീ. ആർ. രാജേഷ് :
ശ്രീ. കെ. ബാബു :
ശ്രീ. ഒ. ആർ. കേളു :
ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുഷ്ഠരോഗ ബാധിതരായ മുഴുവൻ ആളുകളെയും കണ്ടെത്തി ചികിത്സിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) കുഷ്ഠരോഗ വ്യാപനത്തിലും കുഷ്ഠരോഗബാധമൂലം അംഗവൈകല്യം സംഭവിച്ചവരുടെ എണ്ണത്തിലും ഏതെല്ലാം ജില്ലകളാണ് മുൻപന്തിയിൽ നിൽക്കുന്നതെന്ന് അറിയിയ്ക്കാമോ;

(സി) പ്രാഥമിക രോഗലക്ഷണങ്ങൾ ശ്രദ്ധിക്കാത്തതുകൊണ്ട് രോഗം ഗുരുതരമാകുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി കുഷ്ഠരോഗം സംബന്ധിച്ച് പൊതുജനങ്ങൾക്ക് ബോധവൽക്കരണം നൽകുന്നതിനും ചികിത്സ ആവശ്യമുള്ളവരെ കാലതാമസം

കൂടാതെ ആശുപത്രികളിലെത്തിക്കുകയും ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) കുഷ്ഠരോഗ വ്യാപനം കൂടുതലായിട്ടുള്ള ജില്ലകളിൽ രോഗ നിർണ്ണയത്തിനായി പ്രത്യേക മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളാണ് മുൻപന്തിയിൽ നിൽക്കുന്നത്.

(സി&ഡി) രോഗം ഗുരുതരമാകുന്ന സാഹചര്യം എങ്ങനെ ഒഴിവാക്കാമെന്നത് സംബന്ധിച്ച് പൊതുജനങ്ങൾക്ക് അവബോധം സൃഷ്ടിക്കുന്നതിനായി വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക തലങ്ങളിൽ പ്രശസ്തരായ വ്യക്തികളുടെ കുഷ്ഠരോഗത്തെപ്പറ്റിയുള്ള സന്ദേശങ്ങൾ വിവിധ ദൃശ്യമാധ്യമങ്ങളിലൂടെ വ്യാപകമായി പ്രചരിപ്പിക്കുന്നുണ്ട്. ഇവ കൂടാതെ 'അശ്വമേധം' പരിപാടിയോടനുബന്ധിച്ച് കേരള ജനതയെ ആകർഷിക്കുന്ന വിവിധ കലാകായിക വിനോദങ്ങളിലൂടെയും വിദ്യാലയങ്ങളിൽ കുട്ടികൾ മുൻകയ്യെടുത്ത് നടത്തിയ സ്കിറ്റ്, ചിത്രരചന, ഗാനാലാപനം, ചുവർചിത്രരചന, തെരുവു നാടകം, മാജിക് ഷോ എന്നിവയിലൂടെയും രോഗലക്ഷണങ്ങളെപ്പറ്റിയും ആരംഭത്തിലെ ചികിത്സയുടെ പ്രാധാന്യത്തെപ്പറ്റിയുമുള്ള അറിവ് ജനങ്ങളിലേയ്ക്ക് എത്തിക്കാൻ സാധിച്ചിട്ടുണ്ട്. ഇതിനൊക്കെ പുറമെ, കുഷ്ഠരോഗ ലക്ഷണങ്ങളെയും ചികിത്സയെയും പറ്റി വിവരിക്കുന്ന ലഘുലേഖകൾ, കൈപ്പുസ്തകങ്ങൾ, ബിറ്റ് നോട്ടീസുകൾ, പോസ്റ്ററുകൾ എന്നിവ വിതരണം ചെയ്യുന്നുണ്ട്. കൂടാതെ, കുഷ്ഠരോഗം സ്ഥിരീകരിച്ച വ്യക്തിയെ കാലതാമസം കൂടാതെ ചികിത്സയ്ക്ക് വിധേയമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

**ക്യാൻസർ രോഗം ആരംഭ ദശയിൽത്തന്നെ കണ്ടെത്തുന്നതിന് പദ്ധതി**

217 (228) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്യാൻസർ രോഗികളുടെ എണ്ണം ആശങ്കാജനകമായി വർദ്ധിക്കുന്നത് കണക്കിലെടുത്ത് ക്യാൻസർ രോഗബാധ ആരംഭദശയിൽതന്നെ

കണ്ടെത്തുന്നതിന് താലൂക്ക് ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, ജനറൽ ആശുപത്രികൾ എന്നിവ കേന്ദ്രീകരിച്ച് എന്തെങ്കിലും പ്രത്യേക പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇത്തരം ആശുപത്രികളിൽ മെഡിക്കൽ ഓങ്കോളജി വിഭാഗം ആരംഭിക്കുന്നതിനും കൂടുതൽ ക്യാൻസർ ചികിത്സ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) സ്കൂൾ-കോളേജ് കേന്ദ്രീകരിച്ച് ക്യാൻസർ രോഗ നിർണ്ണയത്തിനും ചികിത്സയ്ക്കും പ്രതിരോധത്തിനും അവബോധത്തിനും എന്തെങ്കിലും പ്രത്യേക പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ക്യാൻസർ രോഗികളുടെ എണ്ണം വർദ്ധിച്ചു വരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇത് നിയന്ത്രിക്കുന്നതിനും നിർണ്ണയിക്കുന്നതിനും ചികിത്സാ വിധികൾ ഏകോപിപ്പിക്കുന്നതിനും സംസ്ഥാന സർക്കാർ സ്ട്രാറ്റജി തയ്യാറാക്കി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ വിവിധങ്ങളായ ആശുപത്രികളെ ക്യാൻസർ ചികിത്സയുടെ ക്രമീകരണങ്ങളനുസരിച്ച് നാലായി തരംതിരിക്കുകയും ഓരോ തരത്തിലുള്ള ആശുപത്രികളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നുണ്ട്. ഇതിനുപുറമെ സ്വകാര്യ മേഖലയിലെയും സർക്കാർ മേഖലയിലെയും ക്യാൻസർ ചികിത്സാ സൗകര്യങ്ങൾ ഏകോപിപ്പിക്കുന്നതിന് ഒരു ക്യാൻസർ ഗ്രിഡ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിനും ക്യാൻസർ സ്ട്രാറ്റജിയിൽ ഉദ്ദേശിക്കുന്നുണ്ട്.

ആരോഗ്യ മേഖലയിലെ ക്യാൻസർ വിദഗ്ധരുടെ ദൗർലഭ്യം കണക്കിലെടുത്ത് സർക്കാർ ആശുപത്രികളിൽ, റീജിയണൽ ക്യാൻസർ സെന്ററുകളിൽ പരിശീലനം നൽകിയ ഡോക്ടർമാരെ വിന്യസിച്ചുകൊണ്ട് ജില്ലാ ക്യാൻസർ കെയർ പ്രോഗ്രാം ആരംഭിക്കുകയുണ്ടായി. ഇരുപത് ആശുപത്രികളിൽ പ്രവർത്തിക്കുന്ന ഈ കേന്ദ്രങ്ങളിലൂടെ ക്യാൻസർ രോഗനിർണ്ണയവും കീമോതെറാപ്പി ഉൾപ്പെടെയുള്ള ക്യാൻസർ ചികിത്സയും നൽകിവരുന്നുണ്ട്.

(ബി) സ്കൂൾ, കോളേജ് കേന്ദ്രീകരിച്ച് ക്യാൻസർ അവബോധത്തിനുള്ള ബോധവൽക്കരണ ക്ലാസ്സുകളും സെമിനാറുകളും എക്സിബിഷനുകളും ക്യാൻസർ രോഗികളുടെ സാക്ഷ്യപ്പെടുത്തലുകളും എല്ലാ സാമ്പത്തിക വർഷവും ക്യാൻസർ കെയർ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിവരുന്നു. ക്യാൻസറിന്റെ പ്രധാന കാരണങ്ങളിലൊന്നായ പുകവലിക്കെതിരെ സ്കൂൾ-കോളേജ് തലത്തിൽ വിവിധ ബോധവൽക്കരണ പരിപാടികൾ എല്ലാ സാമ്പത്തിക വർഷവും നടപ്പിലാക്കിവരുന്നു. എന്നാൽ സ്കൂളുകളിലും കോളേജുകളിലും ക്യാൻസർ നിർണ്ണയ പരിപാടികൾ ആരോഗ്യ വകുപ്പ് ഇതുവരെ നടപ്പിലാക്കിയിട്ടില്ല.

## ഇരയാക്കപ്പെടുന്നവർക്ക് അടിയന്തര ആശ്വാസം-പ്രത്യേക നിധി

218 (229) ശ്രീ. മഞ്ഞളാംകുഴി അലി :

ശ്രീ. കെ. എൻ. എ. ഖാദർ :

ശ്രീ. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈംഗികാതിക്രമം, ആസിഡ് ആക്രമണം, ഗാർഹിക പീഡനം, ലിംഗ വിവേചനത്തിന്റെ പേരിലുള്ള അതിക്രമം എന്നിവയ്ക്ക് ഇരയാക്കപ്പെടുന്നവർക്ക് അടിയന്തര ആശ്വാസം നൽകാൻ പ്രത്യേക നിധി രൂപീകരിച്ച് സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ:

(ബി) ഇത്തരത്തിൽ ഇരകളാക്കപ്പെടുന്നവർക്ക് സമയബന്ധിതമായി സഹായം നൽകുന്നതിന് കഴിഞ്ഞിട്ടുണ്ടോ:ഇത്തരം സഹായ നിധിയെക്കുറിച്ച് അറിവില്ലാത്തതോ സ്വന്തമായി ഇത്തരം സഹായം നേടിയെടുക്കുന്നതിന് പ്രാപ്തിയില്ലാത്തതോ ആയവർക്ക് സഹായമെത്തിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്: വിശദാംശം ലഭ്യമാക്കുമോ?

### ഉത്തരം

(എ) ലൈംഗികാതിക്രമങ്ങൾ, ആസിഡ് ആക്രമണങ്ങൾ, നിഷ്ഠൂരമായ കുറ്റകൃത്യങ്ങൾ, ജെൻഡർ ബെയ്സ്ഡ് അതിക്രമങ്ങൾ എന്നിവ അതിജീവിച്ച സ്ത്രീകൾക്കും കുട്ടികൾക്കും അടിയന്തിര ധനസഹായം നൽകുന്നതിനായി 10-12-2018-ലെ സ.ഉ(സാധാ) നമ്പർ 701/2018/സാ.നീ.വ, പ്രകാരം ആശ്വാസനിധി എന്ന പദ്ധതി ആവിഷ്കരിച്ച് ഉത്തരവായിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

ലൈംഗികാതിക്രമങ്ങൾ, ആസിഡ് ആക്രമണങ്ങൾ, നിഷ്ഠൂരമായ കുറ്റകൃത്യങ്ങൾ, ജെൻഡർ ബെയ്സ്ഡ് അതിക്രമങ്ങൾ എന്നിവ അതിജീവിച്ച സ്ത്രീകൾക്കും കുട്ടികൾക്കും അടിയന്തര ആശ്വാസം നൽകുന്നതിനായി ജില്ലാ ശിശുസംരക്ഷണ ആഫീസറും ജില്ലാ വനിത സംരക്ഷണ ആഫീസറും തയ്യാറാക്കിയ അന്വേഷണ റിപ്പോർട്ടും ശിപാർശയും സമർപ്പിക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ വനിത ശിശു വികസന വകുപ്പ് ഡയറക്ടർ ധനസഹായം അർഹതപ്പെട്ടവരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നിക്ഷേപിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) 10-12-2018-നാണ് ടി പദ്ധതി ആവിഷ്കരിക്കപ്പെട്ടത്. ആയതിനാൽ അപേക്ഷ ലഭിക്കുന്നമുറയ്ക്ക് സഹായം നൽകുന്നതാണ്. വനിതാ ശിശുവികസന വകുപ്പിലെ ഫീൽഡുതല ഉദ്യോഗസ്ഥർ മുഖേന അതത് ജില്ലകളിൽ അർഹതപ്പെട്ടവർക്ക് അപേക്ഷ സമർപ്പിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

**എച്ച്1 എൻ1 പനി പടരാതിരിക്കാൻ സ്വീകരിച്ച നടപടി**

219 (230) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എച്ച്1 എൻ1 പനി പടർന്നുപിടിക്കുന്നതായുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എച്ച്1 എൻ1 പനി പടർന്നുപിടിക്കാതിരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ 6 മാസത്തിനുള്ളിൽ എത്ര പേരാണ് എച്ച്1 എൻ1 പനി ബാധിച്ച് ചികിത്സ തേടിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. എന്നാൽ വ്യാപകമായി പടർന്നുപിടിക്കുന്ന സാഹചര്യം ഉണ്ടായിട്ടില്ല. മറ്റ് സംസ്ഥാനങ്ങളിൽ എച്ച്1 എൻ1 പനി ബാധിതരുടെ എണ്ണം കൂടിയതിനോടനുബന്ധിച്ച് ആഗസ്റ്റ് മാസം മുതൽ എച്ച്1 എൻ1 പനി ബാധിതരുടെ എണ്ണം വർദ്ധിക്കുകയും നവംബറിനുശേഷം കുറയുകയും ചെയ്തു.

(ബി) ഇതര സംസ്ഥാനങ്ങളിൽ ഈ രോഗം കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെട്ട സാഹചര്യത്തിൽ കേരളത്തിലും വേണ്ട ജാഗ്രത പുലർത്താനും രോഗനിരീക്ഷണം, ചികിത്സാബോധവൽക്കരണം, നിയന്ത്രണം തുടങ്ങിയവ കാര്യക്ഷമമാക്കുവാനും ജില്ലാ മെഡിക്കൽ ആഫീസർമാർക്ക് നിർദ്ദേശം നൽകി അതിനനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

ജില്ലാ സർവൈലൻസ് ആഫീസർമാരുടെ മേൽനോട്ടത്തിൽ എച്ച്1 എൻ1 പനി സംശയിക്കുന്നവരുടെ തൊണ്ടയിലെ സ്രവം പരിശോധനയ്ക്ക് അയയ്ക്കുകയും രോഗം സ്ഥിരീകരിക്കുകയും എ.ബി.സി. ഗൈഡ്‍ലൈൻ പ്രകാരം ശരിയായ ചികിത്സ നൽകുകയും ചെയ്യുന്നു. എം.സി.വി.ആർ.-ലും ആലപ്പുഴ എൻ.ഐ.വി. യൂണിറ്റിലും രോഗം സ്ഥിരീകരിക്കുന്നതിനുള്ള സംവിധാനമുണ്ട്.

എച്ച്1എൻ1-നുള്ള അംഗീകൃത ചികിത്സാമാർഗ്ഗരേഖ സർക്കാർ സ്വകാര്യ ആശുപത്രികളിലെ ഡോക്ടർമാർക്ക് ലഭ്യമാക്കിയിട്ടുണ്ട്.

എച്ച്1എൻ1 ചികിത്സയ്ക്കുള്ള ഒസൽട്ടാമിവർ തുടങ്ങിയ മരുന്നുകൾ സർക്കാർ ആശുപത്രികളിലും ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ സ്വകാര്യ ആശുപത്രികളിലും മെഡിക്കൽ ഷോപ്പുകളിലും ഇവ ലഭ്യമാണ്. ജനങ്ങൾ പാലിക്കേണ്ട പ്രതിരോധ പ്രവർത്തനങ്ങളെപ്പറ്റിയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ എഫ്.എം. റേഡിയോ വഴിയും മറ്റ് പത്ര-ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെയും നൽകിവരുന്നു. പൊതുജനാരോഗ്യ വിഭാഗം എച്ച്1എൻ1-ന്റെ ദിവസേനയുള്ള വിവരശേഖരണവും അവലോകനവും നടത്തിവരുന്നു.

(സി) 2018 ജൂലൈ മുതൽ ഡിസംബർ വരെ 789 പേർ എച്ച്1എൻ1-ന് ചികിത്സ തേടിയതായി സ്ഥിരീകരിക്കപ്പെട്ടിട്ടുണ്ട്.

## എച്ച്1എൻ1 രോഗബാധ

220 (231) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ പുളിമാത്ത്, നഗരൂർ, കരവാരം പഞ്ചായത്തതിർത്തിയിൽ എച്ച്1എൻ1 രോഗബാധ സ്ഥിരീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഈ രോഗം ബാധിച്ച് മരണമടഞ്ഞവർ എത്രയാണ്; വിശദമാക്കുമോ;

(സി) മതിയായ ചികിത്സ ലഭ്യമാകാത്തതാണോ മരണ കാരണം; രോഗത്തെക്കുറിച്ച് വേണ്ടത്ര അവബോധം സൃഷ്ടിക്കുവാൻ സാധിച്ചിട്ടുണ്ടോ; രോഗം പൂർണ്ണമായും നിയന്ത്രണ വിധേയമായോ; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ പുളിമാത്ത് പഞ്ചായത്തിൽ 2 വ്യക്തികൾക്ക് എച്ച്1എൻ1 രോഗബാധ സ്ഥിരീകരിച്ചിട്ടുണ്ട്. ആയതിൽ ഒരു വ്യക്തി 26-11-2018-ൽ മരണപ്പെട്ടു.

(സി) പുളിമാത്ത് ഗ്രാമപഞ്ചായത്തിൽ മരണമടഞ്ഞ രോഗി (സജിനി) 16-11-2018-ൽ പനി, ചുമ, തലവേദന, ശ്വാസതടസ്സം എന്നീ രോഗലക്ഷണങ്ങളുമായി കല്ലറ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ചികിത്സ തേടുകയും പ്രഥമ ശുശ്രൂഷയ്ക്കുശേഷം അന്നേദിവസംതന്നെ തിരികെ പോകുകയുമാണ് ഉണ്ടായത്. തുടർന്ന് 20-11-2018-ൽ ശ്രീ ഗോകുലം മെഡിക്കൽ കോളേജിൽ അഡ്മിഷൻ ആകുകയും തൊട്ടടുത്ത ദിവസം (21-11-2018) തിരുവനന്തപുരം ഗവൺമെന്റ് മെഡിക്കൽ കോളേജിലേയ്ക്ക് റഫർ

ചെയ്യപ്പെടുകയും ചെയ്തു. അന്നേ ദിവസം രാവിലെ 8.00 മണിക്ക് തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഐ.സി.യു.-വിൽ അഡ്മിറ്റ് ചെയ്ത് ചികിത്സ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ രോഗം മൂർച്ഛിച്ചതിനെ തുടർന്ന് 26-11-2018 ഉച്ചയ്ക്ക് 1.15-ന് രോഗി മരണപ്പെട്ടു.

എച്ച്1എൻ1 രോഗത്തെക്കുറിച്ചും പ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ചും ആരോഗ്യ പ്രവർത്തകർവഴി ബോധവൽക്കരണം നൽകിയിട്ടുണ്ട്. രോഗം നിയന്ത്രണ വിധേയമാണ്.

## ഹൃദ്യം പദ്ധതി

221 (232) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൃദ്രോഗ ബാധിതരായ കുട്ടികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിനായി ഹൃദ്യം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതി പ്രകാരം എത്ര കുട്ടികൾക്ക് ചികിത്സാ സഹായം നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) ഈ പദ്ധതിക്ക് ദേശീയ തലത്തിൽ എന്തെങ്കിലും പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) 2017 ആഗസ്റ്റ് മാസം മുതൽ 2865 കുട്ടികൾ ഹൃദ്യം പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 843 കുട്ടികൾ ഹൃദ്യം പദ്ധതിയിൽ സർജറി നടത്തിയിട്ടുണ്ട്.

(സി) ഉണ്ട്. ഹൃദ്യം പദ്ധതിക്ക് ദേശീയതലത്തിൽ ശ്രദ്ധേയമായ സ്കോച്ച് സ്വസ്ത് ഭാരത് ഗോൾഡ് അവാർഡും (2018) എക്സ്പ്രസ് പബ്ലിക് ഹെൽത്ത് കെയർ അവാർഡും (2018) ലഭിച്ചിട്ടുണ്ട്.

## ഹൃദ്യം പദ്ധതി

222 (233) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ഹൃദ്യം 'പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ ആശുപത്രികളിലാണ് പ്രസ്തുത പദ്ധതി ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഇതിലൂടെ സംസ്ഥാനത്തെ ശിശുമരണ നിരക്ക് കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ടോ;

(ഡി) ശിശുമരണനിരക്ക് കുറയ്ക്കുന്നതിനായി മാനദണ്ഡങ്ങൾ തയ്യാറാക്കി നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ ആശുപത്രികളിലാണ് ഇവ പ്രാവർത്തികമാക്കിയതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) യഥാസമയം കുട്ടികളിലെ ഹൃദ്രോഗത്തിന് ചികിത്സ ലഭ്യമാക്കാനും ഫോളോഅപ്പ് നടപടികളെ ഏകീകരിക്കാനും വിവരസാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി സംസ്ഥാന സർക്കാർ ദേശീയ ആരോഗ്യ മിഷൻ മുഖാന്തരം ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയാണ് ഹൃദ്യം. ഈ പദ്ധതിയിൽ ഒരു സോഫ്റ്റ്‌വെയർ വഴി ഹൃദ്രോഗമുള്ള കുട്ടികളെ രജിസ്റ്റർ ചെയ്യുകയും അവരുടെ ചികിത്സയുടെ വിവിധ ഘട്ടങ്ങൾ സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെ നിരീക്ഷിക്കുകയും പ്രവർത്തനങ്ങൾ സുഗമമാക്കുകയും ചെയ്യുന്നു. ഈ പദ്ധതി 2017 ആഗസ്റ്റ് മാസം 31 മുതൽ ആരംഭിച്ചു.

(ബി) ജന്മനായുള്ള ഹൃദ്രോഗം അഥവാ CHD എന്ന അസുഖത്തിന് ചികിത്സയുള്ള എല്ലാ സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജിലും ശ്രീ ചിത്രാ ആശുപത്രി വഴിയും പദ്ധതി നടപ്പിലാക്കിവരുന്നു. കൂടാതെ സ്വകാര്യ ആശുപത്രികളായ അമൃത, ആസ്റ്റർ, ലിസ്സി, ബിലീവേഴ്സ് ചർച്ച് ആശുപത്രി തിരുവല്ല, മിംസ് ആശുപത്രി കോഴിക്കോട് എന്നീ ആശുപത്രികളെ ജന്മനായുള്ള ഹൃദ്രോഗ ചികിത്സയ്ക്ക് മാത്രമായി ആർ.ബി.എസ്.കെ. മാർഗ്ഗനിർദ്ദേശാനുസരണം എംപാനൽ ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ശലഭം-കോംപ്രിഹെൻസീവ് ന്യൂബോൺ സ്ക്രീനിംഗ് പ്രോഗ്രാം പദ്ധതി സർക്കാർ പ്രസവാശുപത്രികളിൽ നടന്നുവരുന്നു.

ഹൃദ്യം പദ്ധതി- ജന്മനായുള്ള ഹൃദ്രോഗം അഥവാ CHD എന്ന അസുഖത്തിന് ചികിത്സയുള്ള എല്ലാ സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജിലും ശ്രീചിത്രാ ആശുപത്രി വഴിയും പദ്ധതി നടന്നുവരുന്നു. കൂടാതെ സ്വകാര്യ ആശുപത്രികളായ അമൃത, ആസ്റ്റർ, ലിസ്സി, ബിലീവേഴ്സ് ചർച്ച് ആശുപത്രി തിരുവല്ല, മിംസ് ആശുപത്രി കോഴിക്കോട് എന്നീ ആശുപത്രികളെ ജന്മനായുള്ള ഹൃദ്രോഗ ചികിത്സക്ക് മാത്രമായി ആർ.ബി.എസ്.കെ. മാർഗ്ഗനിർദ്ദേശാനുസരണം എംപാനൽ ചെയ്തിട്ടുണ്ട്.

## ചികിത്സാ സഹായ പദ്ധതി

223 (234) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരോഗ്യകുടുംബക്ഷേമ വകുപ്പ്, സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് റ്റു ദി പൂവർ (എസ്.എം.എ.പി.) ചികിത്സാ സഹായ പദ്ധതിയിൽനിന്നും എത്ര കോടി രൂപയുടെ ചികിത്സാ സഹായം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) എത്രപേർക്കാണ് ഈ സഹായം ലഭിച്ചതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

### ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷം മുതൽ 01/2019 വരെ 13,96,43,808 (പതിമൂന്ന് കോടി തൊണ്ണൂറ്റി ആറ് ലക്ഷത്തി നാല്പത്തി മൂവായിരത്തി എണ്ണൂറ്റി എട്ട് രൂപ മാത്രം) ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ബി) ജില്ലതിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

## മൃതസഞ്ജീവനി പദ്ധതി

224 (235) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃതസഞ്ജീവനി പദ്ധതി പ്രവർത്തനം മന്ദഗതിയിൽ ആയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതി സങ്കീർണ്ണമായതോടുകൂടി അവയവങ്ങൾ മാറ്റിവയ്ക്കപ്പെടേണ്ട രോഗികൾക്ക് യഥാസമയം അവയവങ്ങൾ ലഭിക്കാത്തതുമൂലം നിരവധിപേർ മരണപ്പെടുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മൃതസഞ്ജീവനി പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത രോഗികളിൽ യഥാസമയം അവയവങ്ങൾ ലഭിക്കാതെ കഴിഞ്ഞ വർഷം എത്ര രോഗികൾ മരണപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; എത്ര ആളുകൾക്ക് അവയവങ്ങൾ നൽകിയിട്ടുണ്ട്; വിശദമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) അവയവദാനത്തിനുള്ള നടപടി ക്രമങ്ങളിലെ സങ്കീർണ്ണത ഒഴിവാക്കി സുതാര്യമായ രീതിയിൽ അവയവദാനം പ്രോൽസാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

ഉത്തരം

(എ) മന്ദഗതിയിൽ ആയിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) മൃതസഞ്ജീവനി പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത രോഗികളിൽ ഏകദേശം 56 ഓളം പേർ വിവിധ കാരണങ്ങളാൽ കഴിഞ്ഞവർഷം മരണപ്പെട്ടിട്ടുണ്ട്. 2018-ൽ എട്ട് ദാതാക്കളിൽനിന്നും 29 അവയവങ്ങൾ കൈമാറ്റം ചെയ്തിട്ടുണ്ട്.

(ഡി) 1994-ൽ ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് ആക്ട് (THOA) അനുസരിച്ചാണ് സംസ്ഥാനത്ത് അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ നടക്കുന്നത്. ടി നിയമത്തിൽ ഭേദഗതി വരുത്തുന്നതിന് സംസ്ഥാന സർക്കാരിന് അധികാരമില്ല. എന്നിരുന്നാലും മരണാനന്തര അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ 'മൃതസഞ്ജീവനി' വഴി സംസ്ഥാനത്തുടനീളം ബോധവൽക്കരണ ക്ലാസ്സുകളും ശില്പശാലകളും സംഘടിപ്പിച്ചുവരുന്നുണ്ട്. അവയവദാനത്തിന് താല്പര്യമുള്ളവർക്കായി ഡോണർ കാർഡ് വിതരണം ചെയ്യുകയും വിവിധ മേളകളിൽ വച്ച് അവയവദാന സമ്മതപത്ര വിതരണം നടത്തിവരുകയും ചെയ്യുന്നു. കൂടാതെ പ്രശസ്ത സിനിമാതാരം പത്മശ്രീ മോഹൻലാലിനെ മസ്തിഷ്ക മരണാനന്തര അവയവദാന പദ്ധതിയുടെ ഗുഡ്‌വിൽ അംബാസിഡറായി നിയമിക്കുകയും ചെയ്തിട്ടുണ്ട്.

**കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ സൗകര്യങ്ങൾ**

225 (236) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആർദ്രം പദ്ധതിയുടെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയ പി.എച്ച്.സി.-കളിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ സൗകര്യങ്ങൾ ഒരുക്കുന്ന നടപടികൾ ഏതുവരെ ആയെന്ന് വിശദമാക്കാമോ?

ഉത്തരം

ആർദ്രം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയ 170 സ്ഥാപനങ്ങളിൽ പ്രവർത്തനങ്ങൾ പൂർത്തിയായിവരുന്നു. ഇതിൽ

157 സ്ഥാപനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇതിനോടകം പൂർത്തീകരിച്ചു കഴിഞ്ഞിട്ടുണ്ട്. മറ്റ് 12 ഇടങ്ങളിൽ വിവിധ സ്കീമുകളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനം മാത്രം പ്രവർത്തനസജ്ജമാക്കുന്നതിന് സാങ്കേതികമായ തടസ്സം നേരിടുന്നുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടറൈസ്ഡ് ഒ.പി. രജിസ്ട്രേഷൻ, രോഗികൾക്ക് മെച്ചപ്പെട്ട ഇരിപ്പിട സൗകര്യങ്ങൾ, സൈനേജുകൾ, സ്വകാര്യതയോടുകൂടിയ കൺസൾട്ടേഷൻ സൗകര്യങ്ങൾ, നഴ്സിംഗ് കൗൺസലിംഗ്, പബ്ലിക് അഡ്രസിംഗ് സിസ്റ്റം എന്നിവ ക്രമീകരിച്ചിട്ടുണ്ട്. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ അധികമായി ഡോക്ടർ, സ്റ്റാഫ് നഴ്സ്, ലാബ് ടെക്നീഷ്യൻ, ഫാർമസിസ്റ്റ് എന്നിവരെ നിയമിക്കുകയും ഔട്ട്പേഷ്യന്റ് സേവനം 6 മണിവരെ ദീർഘിപ്പിക്കൽ, നഴ്സുമാരുടെ പ്രീ-ചെക്കപ്പ്, എൻ.സി.ഡി. ക്ലിനിക്കുകൾ, ആസ്മ, ശ്വാസംമുട്ടൽ എന്നിവയുള്ള 'ശ്വാസ്' ക്ലിനിക്, മാനസികാരോഗ്യ പരിചരണത്തിനുള്ള 'ആശ്വാസ്' ക്ലിനിക് തുടങ്ങിയവയും പ്രവർത്തിച്ചുവരുന്നു. ഇതുകൂടാതെ ലാബ് സൗകര്യങ്ങളും ഇവിടങ്ങളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ തെരഞ്ഞെടുത്ത 504 സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ എൻ.എച്ച്.എം. മുഖേന പുരോഗമിച്ചുവരുന്നു. ഇതിലേയ്ക്കായി പ്ലാൻ ഫണ്ടിൽനിന്ന് 203 ആരോഗ്യ സ്ഥാപനങ്ങൾക്ക് 28.55 കോടി രൂപ അനുവദിച്ചുനൽകിയിട്ടുണ്ട്. ബാക്കിയുള്ള ആരോഗ്യ കേന്ദ്രങ്ങൾക്കും എൻ.എച്ച്.എം. മുഖേന ഫണ്ട് വകയിരുത്തി തുടർ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

**ആർദ്രം പദ്ധതി**

226 (237) <u>ശ്രീ. കെ. വി. വിജയദാസ് </u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയുടെ ഭാഗമായി കോങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ളതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികളുടെ വിശദവിവരങ്ങൾ നൽകാമോ;

(ബി) ഇതിന്റെ ഭാഗമായി, കോങ്ങാട് സി. എച്ച്. സി.-ൽ മുമ്പ് ഉണ്ടായിരുന്ന കിടത്തിച്ചികിത്സ പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ & ബി) ആർദ്രം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ കോങ്ങാട് മണ്ഡലത്തിലെ കല്ലടിക്കോട്, മങ്കര എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ

കേന്ദ്രങ്ങളാക്കി ഉയർത്തുകയും ഇവിടെ ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ, ഒരു ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുകയും ചെയ്തിട്ടുണ്ട്. ടി കേന്ദ്രങ്ങളിൽ രാവിലെ 9 മണി മുതൽ വൈകുന്നേരം 6 മണി വരെ ഒ.പി. വിഭാഗം പ്രവർത്തിച്ചുവരുന്നു. കൂടാതെ നഴ്സസ് പ്രീ ചെക്കിംഗ്, ശ്വാസംമുട്ട്, ആസ്മ എന്നിവയ്ക്കുള്ള 'ശ്വാസ് ക്ലിനിക്', മാനസികാരോഗ്യ പരിചരണത്തിനുള്ള 'ആശ്വാസ് ക്ലിനിക്' എന്നിവയും പ്രവർത്തിച്ചുവരുന്നു.

ആർദ്രം പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ കോങ്ങാട് മണ്ഡലത്തിലെ പറളി സാമൂഹികാരോഗ്യ കേന്ദ്രത്തെയും കാഞ്ഞിരപ്പുഴ, കാരാക്കുറിശ്ശി, മണ്ണൂർ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തി ഉത്തരവായിട്ടുണ്ട്. 2017-18 പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി കാഞ്ഞിരപ്പുഴ, മണ്ണൂർ എന്നീ കേന്ദ്രങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി 14 ലക്ഷം രൂപ വീതവും പറളി പി.എച്ച്.സി., കാരാക്കുറിശ്ശി പി.എച്ച്.സി. എന്നിവയ്ക്ക് എൻ.എച്ച്.എം. മുഖേന 16.60 ലക്ഷം രൂപ വീതവും അനുവദിച്ചിട്ടുണ്ട്.

നിലവിൽ ബ്ലോക്കുതല സി.എച്ച്.സി.-കളെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

**ആർദ്രം പദ്ധതി**

227 (238) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയ പി.എച്ച്.സി.-കളിൽ ഏതെല്ലാം തസ്തികകളാണ് പുതിയതായി അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയ സ്ഥാപനങ്ങൾക്കും ഒരേ മാനദണ്ഡമാണോ നിശ്ചയിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) പുതിയതായി സൃഷ്ടിക്കുന്ന തസ്തികകളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്ക് എന്താണെന്ന് വിശദമാക്കാമോ;

(ഡി) നിലവിൽ 24 മണിക്കൂറും കിടത്തി ചികിത്സാ സൗകര്യമുള്ള സ്ഥാപനങ്ങളിലെ പ്രവർത്തനങ്ങളെ പദ്ധതി എങ്ങനെയാണ് ബാധിക്കുകയെന്ന് വ്യക്തമാക്കാമോ;

(ഇ) മെഡിക്കൽ കോളേജുകൾക്ക് കീഴിലെ ഫെസിലിറ്റേഷൻ സി.എച്ച്.സി.-കൾ ആർദ്രംപദ്ധതിയിൽ ഉൾപ്പെടുത്തുമ്പോഴുണ്ടാകാനിടയുള്ള പ്രശ്നങ്ങൾ പഠനവിധേയമാക്കിയിട്ടുണ്ടോ;

(എഫ്) ഈ സ്ഥാപനങ്ങളിൽ ഡ്യൂവൽ കൺട്രോൾ ഉള്ള സാഹചര്യത്തിൽ പ്രശ്നങ്ങൾ പരിഹരിക്കാൻ സ്ഥാപനം മുഴുവനായും മെഡിക്കൽ കോളേജുകളുടെ നിയന്ത്രണത്തിലാക്കുവാൻ സാധിക്കുമോ;

(ജി) ഇതു സംബന്ധിച്ച 488/ബി 2/2018/ആ.കു.വ. ഫയലിലെ തീരുമാനമെന്തെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ കുടുബാരോഗ്യ കേന്ദ്രങ്ങളായി വികസിപ്പിക്കാൻ തെരഞ്ഞെടുക്കപ്പെട്ട 170 സ്ഥാപനങ്ങളിലേയ്ക്കായി 170 ഡോക്ടർമാർ, 340 സ്റ്റാഫ് നഴ്സ്, 170 ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകളും ഒ.പി. കൂടുതലുള്ള 150 സ്ഥാപനങ്ങളിൽ ഓരോന്നുവീതം 150 ഫാർമസിസ്റ്റ് തസ്തികകളും സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കാൻ തെരെഞ്ഞെടുക്കപ്പെട്ട 504 ആരോഗ്യ സ്ഥാപനങ്ങളിലേയ്ക്ക് അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ട 504 സ്ഥാപനങ്ങളിൽ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. ബ്ലോക്കുതല സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല.

(സി) കുടുംബാരോഗ്യ കേന്ദ്രങ്ങൾവഴി വിഭാവന ചെയ്യുന്ന പ്രവർത്തനങ്ങൾ ഫലപ്രദമായ രീതിയിൽ നടത്തുവാൻ ആരോഗ്യ വകുപ്പിന്റെ നിലവിലുള്ള തസ്തികകളും പുതുതായി സൃഷ്ടിക്കുന്ന തസ്തികകളുംകൊണ്ട് കഴിയുകയില്ല. ആവശ്യമുള്ള അധിക ഡോക്ടർ, മറ്റ് പാരാമെഡിക്കൽ ജീവനക്കാർ എന്നിവരെ താൽക്കാലികമായി തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി നിയമിച്ച് പ്രവർത്തനം സുഗമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) നിലവിൽ 24 മണിക്കൂറും കിടത്തി ചികിത്സാ സൗകര്യമുള്ള സ്ഥാപനങ്ങളിലെ പ്രവർത്തനങ്ങൾക്ക് ഈ പദ്ധതിമൂലം തടസ്സങ്ങളൊന്നുമില്ല. ഇവിടെ നിലവിൽ ലഭ്യമാകുന്ന സേവനങ്ങൾക്ക് പുറമേ ആർദ്രം പദ്ധതി പ്രകാരമുള്ള സേവനങ്ങളും ലഭ്യമാണ്.

(ഇ) ഇല്ല.

(എഫ്) കോഴിക്കോട് ജില്ലയിലെ മാവൂർ ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന എം.സി.എച്ച്. യൂണിറ്റ്, ചെറുപ്പ മെഡിക്കൽ കൗൺസിൽ ഓഫ്

ഇന്ത്യയുടെ നിർദ്ദേശപ്രകാരമുള്ള കോഴിക്കോട് മെഡിക്കൽ കോളേജിന്റെ റൂറൽ സെന്ററാണ്. മെഡിക്കൽ വിദ്യാർത്ഥികളുടെ പഠനത്തിനുവേണ്ടി സ്ഥാപിച്ച ഈ യൂണിറ്റ് കോഴിക്കോട് മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന്റെ നിയന്ത്രണത്തിലാണ്.

(ജി) ചെറുപ്പ സി.എച്ച്.സി.-യിലെ ഡയാലിസിസ് സെന്ററിൽ അധിക തസ്തിക സൃഷ്ടിക്കുന്നതിനായി കോഴിക്കോട് മെഡിക്കൽ കോളേജ് പ്രിൻസിപ്പലിൽനിന്നും ലഭിച്ച പ്രൊപ്പോസൽ 19-11-2018-ലെ 488/ബി.2/2018/ ആ.കു.വ. നമ്പർ കത്തുമുഖേന മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

**ആർദ്രം മിഷൻ**

228 (239) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം മിഷന്റെ ഭാഗമായി നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണ്;

(ബി) ആർദ്രം മിഷന്റെ ഭാഗമായി ഏതെങ്കിലും ആശുപത്രികൾ അപ്ഗ്രേഡ് ചെയ്തിട്ടുണ്ടോ;

(സി) എങ്കിൽ ആശുപത്രികൾ അപ്ഗ്രേഡ് ചെയ്യുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ആരോഗ്യ സംരക്ഷണത്തിന് ഊന്നൽകൊടുത്തുകൊണ്ടുള്ള ആരോഗ്യ സംവിധാനത്തിന്റെ പരിപൂർണ്ണ പരിവർത്തനമാണ് ആർദ്രം പദ്ധതിയിലൂടെ സർക്കാർ വിഭാവന ചെയ്യുന്നത്. ഈ പദ്ധതിയിലൂടെ ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങൾ നടത്തുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

- എല്ലാ വിഭാഗം ആരോഗ്യ സ്ഥാപനങ്ങളിലും ചികിത്സാ മാനദണ്ഡങ്ങളുടെയും ചികിത്സാ മാർഗ്ഗനിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ ചികിത്സകൾ ശാസ്ത്രീയമായി ക്രമീകരിക്കുക
- പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുക
- ജില്ലാ-താലൂക്കുതല ആശുപത്രികളിൽ അടിസ്ഥാന സൗകര്യവികസനം നടത്തിയും അധിക ജീവനക്കാരെ നിയമിച്ചും നിശ്ചിത മാനദണ്ഡങ്ങളോടെ ചികിത്സാ സൗകര്യങ്ങൾ ക്രമീകരിക്കുക.

- ഒ.പി. വിഭാഗം നവീകരിച്ച് ആശുപത്രികൾ രോഗീ സൗഹൃദമാക്കുക
- തെരഞ്ഞെടുക്കപ്പെട്ട ജില്ലാ/ജനറൽ ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി സംവിധാനങ്ങൾ ആരംഭിക്കുക.

ഒരു കുടുംബത്തിലെ എല്ലാപേർക്കും സമഗ്ര പ്രാഥമികാരോഗ്യ പരിചരണം ലഭ്യമാക്കുന്നതിനാണ് കുടുംബാരോഗ്യ കേന്ദ്രങ്ങൾവഴി ലക്ഷ്യമിടുന്നത്. ആരോഗ്യവർദ്ധക പ്രവർത്തനങ്ങൾ, രോഗപ്രതിരോധം, പ്രാഥമിക ചികിത്സ, റീഹാബിലിറ്റേഷൻ, പാലിയേറ്റീവ് പരിചരണം തുടങ്ങിയവയെല്ലാം അടങ്ങുന്നതാണ് സമഗ്ര പ്രാഥമിക ആരോഗ്യ പരിചരണം. കേരളത്തിൽ ഇന്ന് വലിയ ആരോഗ്യ പ്രശ്നമായി മാറിയിരിക്കുന്ന പ്രമേഹം, രക്തസമ്മർദ്ദം തുടങ്ങിയ ജീവിതശൈലീ രോഗങ്ങൾ, മാനസികാരോഗ്യ പ്രശ്നം തുടങ്ങിയവ നേരിടാനുള്ള പ്രവർത്തനങ്ങൾക്ക് മാതൃശിശു ആരോഗ്യ പരിചരണത്തോടും പകർച്ചവ്യാധി നിയന്ത്രണത്തോടുമൊപ്പം കൂടുതൽ പ്രാധാന്യം നൽകി വരുന്നു. ഇതിന്റെ ഭാഗമായി ജീവിതശൈലീ രോഗങ്ങൾക്കുള്ള എൻ.സി.ഡി. ക്ലിനിക്കുകൾ, ആസ്മ/ശ്വാസംമുട്ടലിനുള്ള ശ്വാസ് ക്ലിനിക്, മാനസികാരോഗ്യ പരിചരണത്തിനുള്ള ആശ്വാസ് ക്ലിനിക്കുകൾ എന്നിവയും ആരംഭിച്ചിട്ടുണ്ട്. ഫീൽഡുതല ആരോഗ്യ പ്രവർത്തനങ്ങൾ ആശാ, ആരോഗ്യസേന, അങ്കണവാടി പ്രവർത്തകർ, കുടുംബശ്രീ വോളണ്ടിയർ എന്നിവരടങ്ങുന്ന സന്നദ്ധ ആരോഗ്യ പ്രവർത്തകർവഴിയും ഫലപ്രദമായ ഫീൾഡുതല പ്രവർത്തനങ്ങളും നടന്നുവരുന്നു.

(ബി) ആർദ്രം പദ്ധതിയിൽ ഉൾപ്പെട്ട മലയിൻകീഴ്, പത്തനാപുരം, കൊണ്ടോട്ടി, പനത്തടി, മംഗൾപ്പാടി, ബേഡഡുക്ക എന്നീ സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ താലൂക്കാശുപത്രികളാക്കി ഉയർത്തിയിട്ടുണ്ട്.

ആർദ്രം മിഷന്റെ ഒന്നാം ഘട്ടത്തിൽ 170 പി.എച്ച്.സി.-കളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തി ഇവിടങ്ങളിൽ അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ വിവിധ 504 ആരോഗ്യ സ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി തെരെഞ്ഞെടുത്തിട്ടുണ്ട്. ഈ സ്ഥാപനങ്ങളിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(സി) പുതുതായി രൂപീകരിച്ച താലൂക്കുകളിൽ നിലവിൽ താലൂക്കാശുപത്രി ഇല്ലാത്ത സ്ഥലങ്ങളിലെ സാമൂഹികാരോഗ്യ കേന്ദ്രങ്ങളെയാണ് താലൂക്കാശുപത്രിയായി പദവി ഉയർത്തിയിട്ടുള്ളത്.

## പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്നതിനുവേണ്ടിയുള്ളനടപടി

229 (240) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയുടെ അടിസ്ഥാനത്തിൽ ഫാമിലി ഹെൽത്ത് സെന്ററാക്കി ഉയർത്തപ്പെട്ട ആശുപത്രികളിൽ എന്നുമുതലാണ് പദ്ധതിയുടെ സേവനം ലഭ്യമാകുക;

(ബി) ആറ്റിങ്ങൽ മണ്ഡലത്തിലെ കരവാരം, കാട്ടുമ്പുറം, ചെറുന്നിയൂർ, പഴയകുന്നുമ്മേൽ എന്നീ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്നതിനുവേണ്ടിയുള്ള അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് വേണ്ടതെന്തെല്ലാമെന്ന് വിലയിരുത്തിയിട്ടുണ്ടോ?

### ഉത്തരം

(എ) ആർദ്രം പദ്ധതിയുടെ ആദ്യഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റാൻ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ 2019 ജനുവരി 24 വരെ 157 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി പ്രവർത്തനസജ്ജമായിട്ടുണ്ട്. ബാക്കിയുള്ളവയുടെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. 2018-19-ൽ കുടുംബാരോഗ്യ കേന്ദ്രങ്ങളായി തെരഞ്ഞെടുത്തിട്ടുള്ള 504 ആരോഗ്യ സ്ഥാപനങ്ങളിലെ പ്രാരംഭ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. ഇവിടെ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി അധിക തസ്തിക സൃഷ്ടിക്കുന്ന മുറയ്ക്ക് ഈ കേന്ദ്രങ്ങൾ പ്രവർത്തനസജ്ജമാക്കാൻ കഴിയുന്നതാണ്.

(ബി) ആറ്റിങ്ങൽ മണ്ഡലത്തിലെ കരവാരം, പുളിമാത്ത് (കാട്ടുമ്പുറം), ചെറുന്നിയൂർ, അടയമൺ (പഴയകുന്നുമ്മൽ) എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുവേണ്ടി ആരോഗ്യവകുപ്പിന്റെ പ്ലാൻ ഫണ്ടിൽനിന്നും അടയമൺ, കരവാരം, പുളിമാത്ത് എന്നീ പി.എച്ച്.സി.-കളിൽ 14 ലക്ഷം രൂപ വീതവും ചെറുന്നിയൂർ പി.എച്ച്.സി.-ക്ക് എൻ.എച്ച്.എം. ഫണ്ടിൽനിന്നും 15.50 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി എൻ.എച്ച്.എം. മുഖേന ഡി.പി.ആർ. തയ്യാറാക്കി പ്രാരംഭ നടപടികൾ നടന്നുവരുന്നു.

**കോതമംഗലം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയുടെ വികസനം**

230 (241) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്ധ്യകേരളത്തിൽ ആദിവാസികളുൾപ്പെടെ നിരവധി രോഗികൾ ആശ്രയിക്കുന്ന കോതമംഗലം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) ആർദ്രം പദ്ധതിയുടെ ഭാഗമായി പ്രസ്തുത ആശുപത്രിയിൽ പുതിയതായി തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ആദിവാസികളടക്കമുള്ളവരുടെ ആശ്രയവും പകർച്ചപ്പനിയുൾപ്പെടെ ഗുരുതര രോഗങ്ങൾ ഉണ്ടാകാറുള്ള പ്രദേശമായ എറണാകുളം ജില്ലയുടെ കിഴക്കൻ മേഖലയിലെ സർക്കാർ ആശുപത്രിയായ കോതമംഗലം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ മെഡിക്കൽ ഇന്റൻസീവ് കെയർ യൂണിറ്റ് സ്ഥാപിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 24-3-2018-ലെ സ.ഉ.(ആർറ്റി.)നമ്പർ 997/2018/ആ.കു.വ. പ്രകാരം കോതമംഗലം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയുടെ വികസന പ്രവർത്തനങ്ങൾക്കായി 2,18,44,000 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ ഡി.പി.ആർ. തയ്യാറാക്കുന്ന പ്രവൃത്തികൾ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡുവഴി നടന്നുവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോതമംഗലം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിലേയ്ക്കായി ആർദ്രം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ ഉൾപ്പെടുത്തി ഇവിടെ ദന്തൽ മെക്കാനിക്, ഇ.സി.ജി. ടെക്നീഷ്യൻ, മെഡിക്കൽ റെക്കോർഡ്സ് ലൈബ്രേറിയൻ എന്നിവയിൽ ഓരോ തസ്തിക വീതവും സ്റ്റാഫ് നഴ്സിന്റെ രണ്ട് തസ്തികകളും ലാബ് ടെക്നീഷ്യന്റെ മൂന്ന് തസ്തികകളും അധികമായി സൃഷ്ടിച്ചിട്ടുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**പീരുമേട് മണ്ഡലത്തിലെ ആർദ്രം പദ്ധതി**

231 (242) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പീരുമേട് നിയോജകമണ്ഡലത്തിലെ ആശുപത്രികളിൽ നടപ്പാക്കാൻ കഴിഞ്ഞിട്ടുള്ള പുതിയ പ്രവർത്തനങ്ങൾ സംബന്ധിച്ച് വിശദമാക്കുമോ;

(ബി) ആർദ്രം പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി പുതുതായി സൃഷ്ടിച്ച തസ്തികകളുടെ എണ്ണം ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) ആർദ്രം പദ്ധതി നടപ്പാക്കിവരുന്നതിന്റെ ഭാഗമായി ജനങ്ങൾക്ക് ലഭ്യമായിട്ടുള്ള അധിക സേവനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) ആർദ്രം പദ്ധതി പ്രകാരം മിനിമം അംഗീകൃത നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി തെരെഞ്ഞെടുത്ത താലൂക്കുതല ആശുപത്രികളിൽ പീരുമേട് താലൂക്കാശുപത്രിയും ഉൾപ്പെട്ടിട്ടുണ്ട്. ടി ആശുപത്രിയിൽ മെച്ചപ്പെട്ട സേവനത്തിനായി ചുവടെ ചേർക്കുന്ന തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

| | | |
|---|---|---|
| 1 | സ്റ്റാഫ് നഴ്സ് | 3 |
| 2 | ലാബ് ടെക്നീഷ്യൻ | 2 |
| 3 | അസിസ്റ്റന്റ് ഡയറക്ടർ | 1 |
| 4 | ജൂനിയർ കൺസൾട്ടന്റ് (ഒഫ്ത്താൽമോളജി) | 1 |
| 5 | ജൂനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ) | 1 |
| 6 | ദന്തൽ ഹൈജീനിസ്റ്റ് | 1 |
| 7 | ഫാർമസിസ്റ്റ് | 1 |

(സി) ആർദ്രം പദ്ധതി പ്രകാരം ടി ആശുപത്രിയിൽ അധിക തസ്തിക സൃഷ്ടിച്ചും അടിസ്ഥാന സൗകര്യ വികസനം നടത്തിയും പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകിവരുന്നു. മെച്ചപ്പെട്ട സൗകര്യങ്ങൾ ലഭ്യമായതിനാൽ രോഗികൾ സർക്കാർ ആശുപത്രിയുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തുന്ന സാഹചര്യം നിലവിലുണ്ട്.

## തെങ്ങിലക്കടവിൽ മെഡിക്കൽ കോളേജിന്റെ നിയന്ത്രണത്തിലുള്ള സ്ഥലവും കെട്ടിടവും

232 (243) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ ഗ്രാമപഞ്ചായത്തിലെ തെങ്ങിലക്കടവിൽ മെഡിക്കൽ കോളേജിന്റെ നിയന്ത്രണത്തിലുള്ള ആറര ഏക്കർ സ്ഥലവും കെട്ടിടവും കാടുകയറി നശിക്കുകയാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്ഥലം ഉപയോഗപ്പെടുത്താത്തതുകൊണ്ട് സൗജന്യമായി സ്ഥലം വിട്ടുനൽകിയവർ ആയത് തിരിച്ചുകിട്ടാൻ വ്യവഹാരം ആരംഭിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ കാര്യത്തിൽ സ്വീകരിച്ചിരിക്കുന്ന നിലപാടെന്തെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) കോഴിക്കോട് ജില്ലയിലെ മാവൂർ ക്യാൻസർ സെന്ററിനെ കോഴിക്കോട് മെഡിക്കൽ കോളേജിനുകീഴിൽ ഒരു കേന്ദ്രമായി പ്രവർത്തിപ്പിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നു

## പി.എച്ച്.സി.-കൾക്കും സി.എച്ച്.സി.-കൾക്കും പുതിയ കെട്ടിടം

233(244) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പി.എച്ച്.സി.-കൾക്കും സി.എച്ച്.സി.-കൾക്കും പുതിയ കെട്ടിടം നിർമ്മിക്കാനാവശ്യമായ ഫണ്ട്, ആരോഗ്യവകുപ്പിന് അനുവദിക്കുന്ന 2019-20 വർഷത്തെ പ്ലാൻ ഫണ്ടിൽനിന്നും വകയിരുത്താനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ കോഴിക്കോട് ജില്ലയിലെ ഏതെങ്കിലും പി.എച്ച്.സി./സി.എച്ച്.സി.-കൾക്ക് പ്ലാൻ ഫണ്ടിൽനിന്നും കെട്ടിട നിർമ്മാണത്തിനായി തുക അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം സ്ഥാപനങ്ങൾക്കാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നിലവിൽ പി.എച്ച്.സി./സി.എച്ച്.സി.-കൾക്ക് പ്രത്യേക പദ്ധതികൾ ഇല്ലാത്തതിനാൽ കെട്ടിട നിർമ്മാണത്തിനാവശ്യമായ ഫണ്ട് എൽ.എസ്.ജി. ഡി./എൻ.എച്ച്.എം/എം.എൽ.എ./എം.പി. ഫണ്ട് മുഖേനയാണ് വകയിരുത്തി വരുന്നത്.

(ബി) ഈ സർക്കാരിന്റെ കാലയളവിൽ കോഴിക്കോട് ജില്ലയിൽ കുടുംബാരോഗ്യ കേന്ദ്രമാക്കാനായി തെരഞ്ഞെടുത്ത കോട്ടൂർ പ്രാഥമികാരോഗ്യകേന്ദ്രത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി, 2017-18-ലെ കുടുംബാരോഗ്യ കേന്ദ്രങ്ങൾക്കുള്ള പ്ലാൻ ഫണ്ടിൽനിന്നും രണ്ട് കോടി രൂപ അനുവദിക്കുകയുണ്ടായി. കൂടാതെ 2017-18 പ്ലാൻ ഫണ്ടിലും 2018-19 പ്ലാൻ ഫണ്ടിലും അടിസ്ഥാന സൗകര്യ വികസനത്തിനായി കുടുംബാരോഗ്യ കേന്ദ്രങ്ങൾക്കായി കോഴിക്കോട് ജില്ലയിലെ 28 സ്ഥാപനങ്ങൾക്ക് തുക അനുവദിച്ചിട്ടുണ്ട്. സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.* മാത്രവുമല്ല 2018-19-ൽ കോഴിക്കോട് ജില്ലയിലെ 22 കുടുംബാരോഗ്യ കേന്ദ്രങ്ങൾക്കായി അടിസ്ഥാന സൗകര്യ വികസനത്തിനായി എൻ.എച്ച്.എം. മുഖേന 15.50 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. ഇതനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

## പിറവം താലൂക്കാശുപത്രിയിൽ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ ആരംഭിക്കാൻ നടപടി

234 (245) <u>ശ്രീ. അനൂപ് ജേക്കബ് </u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം താലൂക്ക് ആശുപത്രിയിൽ ഗൈനക്കോളജി ഉൾപ്പെടെയുള്ള സ്പെഷ്യാലിറ്റി വിഭാഗങ്ങൾ നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ ഗൈനക്കോളജി ഉൾപ്പെടെയുള്ള സ്പെഷ്യാലിറ്റി വിഭാഗങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പിറവം താലൂക്കാശുപത്രിയിൽ ഗൈനക്കോളജി സ്പെഷ്യാലിറ്റി വിഭാഗം നിലവിലില്ല. നിലവിലുള്ള സ്പെഷ്യാലിറ്റി വിഭാഗങ്ങൾ താഴെപ്പറയും പ്രകാരമാണ്:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ജനറൽ മെഡിസിൻ, പീഡിയാട്രിക്സ്, ഒഫ്ത്താൽമോളജി, ഓർത്തോപീഡിക്സ്, ഇ.എൻ.റ്റി.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

**പാറശ്ശാല ഗവ. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയുടെ നവീകരണം**

235 (246) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല ഗവ. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയുടെ നവീകരണം കിഫ്ബിയുടെ സഹായത്തോടെ നിർവ്വഹിക്കുന്നതിനായി സമർപ്പിച്ചിരുന്ന പ്രൊപ്പോസലിന്മേൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) കേരള-തമിഴ്നാട് അതിർത്തിയോട് ചേർന്ന് സ്ഥിതിചെയ്യുന്ന പാറശ്ശാല ഗവ.താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ ഒരു ബ്ലഡ് ബാങ്ക് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

ഉത്തരം

(എ) പാറശ്ശാല സർക്കാർ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയുടെ നവീകരണത്തിന് സമർപ്പിച്ച ശിപാർശ പരിശോധിച്ചുവരുന്നു.

(ബി) പാറശ്ശാല സർക്കാർ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ നിലവിൽ രക്ത/രക്ത ഘടക സംഭരണ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം പ്രതിവർഷം 2000 യൂണിറ്റിൽ കൂടുതൽ രക്തം ആവശ്യമായി വരുന്ന ആശുപത്രികളിലാണ് രക്തബാങ്ക് സ്ഥാപിക്കുന്നത്. ഇപ്പോൾ പാറശ്ശാല ആശുപത്രിയിൽ പ്രതിവർഷം 500 യൂണിറ്റ് രക്തമാണ് ആവശ്യമായി വരുന്നത്. ഇത് തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽനിന്നും സംഭരിച്ചാണ് രോഗികൾക്ക് നൽകുന്നത്. ഇതിനായി ബ്ലഡ് ട്രാൻസ്പോർട്ടേഷൻ വാനിന്റെ സേവനം ഏർപ്പെടുത്തിയിട്ടുണ്ട്. പ്രതിവർഷം 2000 യൂണിറ്റിൽ കൂടുതൽ രക്തം ഈ ആശുപത്രിയിൽ ആവശ്യമായി വരുന്ന സമയത്ത് മാത്രമെ രക്തബാങ്ക് സ്ഥാപിക്കുന്നതിനെ സംബന്ധിച്ച് പരിശോധിക്കാൻ കഴിയുകയുള്ളൂ.

**ആർദ്രം പദ്ധതി**

236 (247) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയുടെ ഭാഗമായും അല്ലാതെയും കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തപ്പെട്ട പി.എച്ച്.സി./സി.എച്ച്.സി.-കളിൽ നിയമിക്കപ്പെട്ട ഡോക്ടർമാരുടെ സേവനം സ്പെഷ്യൽ ഡ്യൂട്ടികൾ, ട്രെയിനിംഗുകൾ, അവധികൾ എന്നിവമൂലം വൈകുന്നേരം വരെ ലഭ്യമാകാതെ വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വൈകുന്നേരം വരെയാണെന്ന് പ്രഖ്യാപിക്കപ്പെട്ട ഒ.പി. ഡ്യൂട്ടി തടസ്സമില്ലാതെ നടത്തിക്കൊണ്ടുപോകുന്നതിന് ബദൽ മാർഗ്ഗങ്ങൾ സ്വീകരിക്കുമോ;

(സി) കൊയിലാണ്ടി താലൂക്കിലെ ഏതെല്ലാം പി.എച്ച്.സി./സി.എച്ച്.സി.-കളിൽ ആണ് ഇപ്പോൾ ഡോക്ടർമാരുടെ സേവനം വൈകുന്നേരം വരെ ലഭ്യമാകുന്നത്; വ്യക്തമാക്കാമോ;

(ഡി) ഇതിൽ ഏതെങ്കിലും കേന്ദ്രങ്ങളിൽ ഡോക്ടർമാരുടെ അഭാവം മൂലം വൈകുന്നേരം വരെയുള്ള ഒ.പി. സംവിധാനം പ്രവർത്തിക്കാത്ത അവസ്ഥയുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം കേന്ദ്രങ്ങളിൽ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) അത്തരം സാഹചര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ബദൽ മാർഗ്ഗങ്ങൾ ഏർപ്പെടുത്താൻ അതത് ജില്ലാ മെഡിക്കൽ ആഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) കൊയിലാണ്ടി താലൂക്കിലെ ഡോക്ടർമാരുടെ സേവനം വൈകുന്നേരംവരെ ലഭ്യമാകുന്ന സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു:

1. മേലടി സി.എച്ച്.സി.

2. നൊച്ചാട് കുടുംബാരോഗ്യ കേന്ദ്രം

3. അരിക്കുളം കുടുംബാരോഗ്യ കേന്ദ്രം

4. ഇരിങ്ങൽ കുടുംബാരോഗ്യ കേന്ദ്രം.

(ഡി) കൊയിലാണ്ടി താലൂക്കിന് കീഴിലുള്ള പി.എച്ച്.സി/ സി.എച്ച്.സി.-കളിലൊന്നും അസിസ്റ്റന്റ് സർജൻ/സിവിൽ സർജൻ തസ്തികയിൽ ഒഴിവുകൾ ശേഷിക്കുന്നില്ല.

## പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ

237 (248) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 ആഗസ്റ്റ് മുതൽ നാളിതുവരെ എത്ര പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളാണ് കുടുംബ ആരോഗ്യ കേന്ദ്രങ്ങൾ ആയി മാറിയിട്ടുള്ളത്;

(ബി) ഒന്നാംഘട്ടത്തിലെ ആശുപത്രികളുടെ എണ്ണമെത്ര; ഇവയിൽ എത്ര ആശുപത്രികൾ എഫ്.എച്ച്.സി. ആയി മാറി; ഓരോ സ്ഥാപനത്തിനും ഇക്കാര്യത്തിനായി നടത്തിയ സിവിൽ പ്രവൃത്തികളുടെ തുക എത്ര;

(സി) ഇതിൽ പഞ്ചായത്ത്, എൻ.എച്ച്.എം, ബ്ലോക്ക് പഞ്ചായത്ത് എന്നിവയിലൂടെ ചെലവഴിച്ച തുക എത്ര;

(ഡി) ഓരോ ആശുപത്രികൾക്കും പി.എച്ച്.സി. - എഫ്.എച്ച്.സി. ആയി മാറ്റുവാൻ വകയിരുത്തിയ തുക (എസ്റ്റിമേറ്റ്) എത്ര;

(ഇ) രണ്ടാം ഘട്ടത്തിൽ ഉള്ള ആകെ ആശുപത്രികളുടെ എണ്ണം എത്ര;

(എഫ്) പി.എച്ച്.സി - സി.എച്ച്.സി.ആയി മാറ്റുവാൻ ബഡ്ജറ്റിൽ (2018-19) വകയിരുത്തിയ തുക എത്ര; ഇതിൽ നാളിതുവരെ എത്ര തുക ചെലവായി എന്ന് വ്യക്തമാക്കുമോ;

(ജി) അർബൻ ഹെൽത്ത് സെന്ററുകൾ ആർദ്രം പദ്ധതിയുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ?

ഉത്തരം

(എ-ഇ) ആർദ്രം പദ്ധതിയുടെ ആദ്യഘട്ടത്തിൽ (2017-18) ആകെ 170 പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ സംഘടനകളായി ഉയർത്തിയിട്ടുണ്ട്. ഇവയിൽ 157 എണ്ണം ഇതിനോടകംതന്നെ എഫ്.എച്ച്.സി. ആയി പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്. ഇതിൽ ഓരോ സ്ഥാപനത്തിലും നടത്തിയ സിവിൽ പ്രവൃത്തികളുടെ ഇനംതിരിച്ച കണക്ക് അനുബന്ധമായി ചേർക്കുന്നു*.

രണ്ടാംഘട്ടത്തിൽ സാമൂഹ്യ ആരോഗ്യകേന്ദ്രങ്ങൾ ഉൾപ്പെടെ (ബ്ലോക്കുതല സി.എച്ച്.സി.-കൾ ഒഴികെ) 504 സ്ഥാപനങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളായി വികസിപ്പിക്കാൻ തെരഞ്ഞെടുത്തിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എഫ്) 2018-19 കാലയളവിൽ കുടുംബരോഗ്യ കേന്ദ്രങ്ങളായി വികസിപ്പിക്കാൻ തെരഞ്ഞെടുത്ത പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനായി ബഡ്ജറ്റിൽ 28.55 കോടി രൂപയും ഇവിടങ്ങളിൽ ലാബ് സൗകര്യം ഏർപ്പെടുത്തുന്നതിനായി 7 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ഇതിനനുസരിച്ച് ഭരണാനുമതിയും നൽകിയിട്ടുണ്ട്. പി.എച്ച്.സി.-കളെ സി.എച്ച്.സി.-കളായി മാറ്റുന്നതിന് 2018-19 ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല.

(ജി) നഗരപ്രദേശങ്ങളിലുള്ള ആരോഗ്യ വകുപ്പിന് കീഴിലുള്ള പ്രാഥമികരോഗ്യ കേന്ദ്രങ്ങളെയുംകൂടി കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി മാറ്റുന്നതിന് ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നാഷണൽ ഹെൽത്ത് മിഷന്റെ (NHM) ഭാഗമായി പ്രവർത്തിച്ചുവരുന്ന അർബൻ ഹെൽത്ത് സെന്ററുകളെ ഈ സ്കീമിൽ ഉൾപ്പെടുത്തിയിട്ടില്ല.

## ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിക്സിലെ സൗജന്യ ചികിത്സ

238 (249) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള പുലയനാർകോട്ടയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിക്സിൽ പാവപ്പെട്ടവർക്കുള്ള സൗജന്യ ചികിത്സാ സൗകര്യം റദ്ദാക്കിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മുൻഗണനാ പട്ടികയിൽ ഉള്ള പാവപ്പെട്ട രോഗികൾക്ക് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിക്സിൽ സൗജന്യ ചികിത്സാ സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് ചികിത്സാനുകൂല്യങ്ങൾ മുമ്പ് നൽകിവന്നിരുന്നതുപോലെ നൽകുന്നുണ്ട്.

## ആരോഗ്യരംഗത്തെ വികസനം

239 (250) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളായി വികസിപ്പിക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) താലൂക്കുതല ആശുപത്രികളെ സ്പെഷ്യാലിറ്റി സൗകര്യങ്ങളോടെ വികസിപ്പിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ മെഡിക്കൽ കോളേജ് അടക്കമുള്ള സർക്കാർ ആശുപത്രികളിലെ ഒ. പി. വിഭാഗം രോഗീസൗഹൃദമാക്കുന്ന നടപടി പൂർണ്ണതോതിൽ പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ഡി) 2020 വർഷത്തെ വികസന ലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കുന്നതിന് സാധിക്കുന്ന തരത്തിൽ ആരോഗ്യരംഗത്ത് നടപ്പിലാക്കുന്ന പദ്ധതികൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും ഘട്ടംഘട്ടമായി അടിസ്ഥാന സൗകര്യ വികസനം നടത്തിയും അധിക തസ്തികകൾ സൃഷ്ടിച്ചും കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി രോഗീ സൗഹൃദമാക്കുക എന്നതാണ് ആർദ്രം പദ്ധതിതിയിലൂടെ സർക്കാർ വിഭാവന ചെയ്യുന്നത്. ഇതിന്റെ ആദ്യ ഘട്ടത്തിൽ തെരഞ്ഞെടുത്ത 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും അധിക തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുകയും ചെയ്തിട്ടുണ്ട്. ഇതിൽ 2018 ഡിസംബർ വരെ 157 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുബാരോഗ്യ കേന്ദ്രങ്ങളായി പ്രവർത്തനസജ്ജമായിട്ടുണ്ട്. മറ്റുള്ളവയുടെ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ഒന്നാം ഘട്ടത്തിൽ തെരഞ്ഞെടുത്ത കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ പ്ലാൻ ഫണ്ട് ഉപയോഗിച്ച് ലാബ് സൗകര്യം കെ.എം.എസ്.സി.എൽ. വഴി സജ്ജമാക്കിയിട്ടുണ്ട്. ഇവിടങ്ങളിൽ എൻ.എച്ച്.എം മുഖേന നടത്തിവരുന്ന നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായിവരുന്നു. ആർദ്രം പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ സംസ്ഥാനത്തെ 504 ആരോഗ്യ സ്ഥാപനങ്ങളിൽ ആരോഗ്യ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽനിന്നും 28.55 കോടി രൂപ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനായി അനുവദിച്ചിട്ടുണ്ട്. ബാക്കിയുള്ള സ്ഥാപനങ്ങളിലേയ്ക്ക് എൻ.എച്ച്.എം. മുഖേനയും ഫണ്ട് അനുവദിച്ചിട്ടുണ്ട്. ഈ സ്ഥാപനങ്ങളിൽ ലാബ് സൗകര്യം ഏർപ്പെടുത്തുന്നതിനായി 7 കോടി രൂപ അനുവദിച്ച് ഇതിൻപ്രകാരമുള്ള തുടർനടപടികൾ കെ.എം.എസ്.സി.എൽ. വഴി നടത്തിവരുന്നു. ആർദ്രം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ തെരഞ്ഞെടുത്ത 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിലേയ്ക്കായി

170 ഡോക്ടർമാർ, 340 സ്റ്റാഫ് നഴ്സ്, 170 ലാബ് ടെക്നീഷ്യൻമാർ, 150 ഫാർമസിസ്റ്റ് എന്നീ വിഭാഗങ്ങളിലായി അകെ 830 അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ തെരഞ്ഞെടുത്ത 504 സ്ഥാപനങ്ങളിലേയ്ക്കായി അധിക തസ്തിക സൃഷ്ടിക്കുന്ന പ്രപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) താലൂക്കുതല ആശുപത്രികളെ സ്പെഷ്യാലിറ്റി സൗകര്യങ്ങളോടെ വികസിപ്പിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ 22-4-2017-ലെ ജി.ഒ. (എം.എസ്.) നമ്പർ 58/2017/ആ.കു.വ. എന്ന ഉത്തരവ് പ്രകാരം 75 താലൂക്കുതല ആശുപത്രികളെയും 17 ജില്ലാതല ആശുപത്രികളെയും തെരഞ്ഞെടുത്തിട്ടുണ്ട്. ടി ആശുപത്രികളിൽ 23-9-2017-ലെ ജി.ഒ.(എം.എസ്.)നമ്പർ 136/2017/ആ.ക.വ. എന്ന ഉത്തരവ് പ്രകാരം സൂപ്പർ സ്പെഷ്യാലിറ്റി/സ്പെഷ്യാലിറ്റി കേഡർ ഉൾപ്പടെ ഡോക്ടർമാരുടെ 266 അധിക തസ്തികകളും മറ്റ് ജീവനക്കാരുടെ 344 തസ്തികകൾ ഉൾപ്പടെ മൊത്തം 610 ജീവനക്കാരുടെ അധിക തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. ഇതുകൂടതെ 2018-19 സാമ്പത്തിക വർഷത്തിൽ 7-7-2018-ലെ സ.ഉ. (സാധാ.) നമ്പർ 2196/2018/ ആ.ക.വ. പ്രകാരം 28 താലൂക്കുതല ആശുപത്രികളെ മിനിമം അംഗീകൃത നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് തെരെഞ്ഞെടുത്തിട്ടുണ്ട്. കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി രണ്ട് മെഡിക്കൽ കോളേജുകൾ ഉൾപ്പടെ തെരെഞ്ഞെടുത്ത 10 ആശുപത്രികളിൽ കാത്ത് ലാബ് യൂണിറ്റ് ആരംഭിക്കുന്നതിന് 80 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതുകൂടാതെ തെരഞ്ഞെടുത്ത 44 ആരോഗ്യ സ്ഥാപനങ്ങളിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടിയും കിഫ്ബി മുഖേന പുരോഗമിച്ചുവരുന്നു.

(സി) സംസ്ഥാനത്തെ ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രികളുടെ ഒ.പി. വിഭാഗം രോഗീസൗഹൃദമാക്കുന്ന പ്രവർത്തനങ്ങൾ പൂർത്തിയായിവരുന്നു. 17 ജില്ലാതല ആശുപത്രികളുടെ ഒ. പി. വിഭാഗം രോഗീസൗഹൃദമാക്കുന്നതിന് ഭരണാനുമതി നൽകുകയും അവയിൽ 15 ആശുപത്രികളുടെ ഒ.പി. വിഭാഗം രോഗീ സൗഹൃദമാക്കുന്ന പ്രവർത്തനങ്ങള വിവിധ ഘട്ടങ്ങളിലായി എൻ.എച്ച്.എം. വഴി നടന്നു വരുന്നു. മാസ്റ്റർ പ്ലാൻ അനുസരിച്ചുള്ള മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നതിനാൽ രണ്ടിടങ്ങളിൽ രോഗീസൗഹൃദമാക്കുന്നതിനുവേണ്ടിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല.

(ഡി) യുണൈറ്റഡ് നേഷൻസ് ഓർഗനൈസേഷന്റെ നിർദ്ദേശാനുസരണമുള്ള സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിലേയ്ക്കായി ആരോഗ്യ വകുപ്പ് വിവിധ തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. മാതൃമരണ നിരക്ക് സംസ്ഥാനത്ത് 2020-ഓടുകൂടി 30 ആക്കുക, ശിശു മരണനിരക്ക് 8 ആക്കുക എന്ന

ലക്ഷ്യം കൈവരിക്കുന്നതിനായി സംസ്ഥാന ആരോഗ്യ വകുപ്പും ആരോഗ്യ വിദ്യാഭ്യാസ വകുപ്പും നാഷണൽ ഹെൽത്ത് മിഷനുമായി ചേർന്ന് പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. മാതൃമരണ നിരക്ക് കുറയ്ക്കുന്നതിനായി കെ.എഫ്.ഒ.ജി. (കേരള ഫെഡറേഷൻ ഓഫ് ഒബ്സ്റ്റട്രിക്സ് ആൻഡ് ഗൈനക്കോളജി)-യുടെ സാങ്കേതിക സഹകരണത്തോടെ ഒരു പദ്ധതി തയ്യാറാക്കി പ്രസവം നടക്കുന്ന സർക്കാർ ആശുപത്രികളിൽ നടപ്പിലാക്കിവരുന്നുണ്ട്. ആരോഗ്യ വകുപ്പ്, എൻ.എച്ച്.എം., ആരോഗ്യ വിദ്യാഭ്യാസ വകുപ്പ്, ഐ.എ.പി. (Indian Academy of Paediatrics) എന്നിവ സംയുക്തമായി ശിശുമരണ നിരക്ക് കുറയ്ക്കുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിച്ച് കേരളത്തിലെ സർക്കാർ ആശുപത്രികളിൽ നടപ്പിലാക്കിവരുന്നു. മന്ത് രോഗം, മലമ്പനി, ക്ഷയരോഗം, കാലാഅസർ തുടങ്ങിയ രോഗങ്ങൾ കേരളത്തിൽനിന്നും നിവാരണം ചെയ്യുന്നതിനും കുഷ്ഠരോഗത്തിന്റെ പ്രചാര നിരക്ക് കുറയ്ക്കുന്നതിനും വേണ്ടിയുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. മലമ്പനി മുൻ വർഷങ്ങളെ അപേക്ഷിച്ച് ഗണ്യമായ തോതിൽ കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. മന്ത് രോഗത്തിനെതിരെ 'മന്ത് രോഗ സമൂഹ ചികിത്സാ പരിപാടി ' വിജയകരമായി നടപ്പിലാക്കി ഇതിന്റെ ഫലമായി 9 ജില്ലകളിൽ മന്ത് രോഗവ്യാപന സാധ്യത കുറഞ്ഞതായി കണ്ടെത്തുകയുണ്ടായി. മന്ത് രോഗികളുടെ രോഗാതുരത കുറയ്ക്കാൻ മോർബിഡിറ്റി മാനേജ്മെന്റ് ക്ലിനിക്കുകൾ എല്ലാ ജില്ലാ/ജനറൽ/ താലൂക്കാശുപത്രികളിലും തെരഞ്ഞെടുക്കപ്പെട്ട കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും പ്രവർത്തിച്ചുവരുന്നു. എസ്.ഡി.ജി. ലെപ്രസി 2020 'അശ്വമേധം' (കുഷ്ഠരോഗ നിർണ്ണയ പ്രചരണ ക്യാമ്പയിൻ) തുടങ്ങിയ പരിപാടിയിലൂടെ സമൂഹത്തിലെ കുഷ്ഠരോഗികളെ കണ്ടുപിടിച്ച് ചികിത്സ ലഭ്യമാക്കുന്നു. ഇതിന്റെ ചികിത്സ എല്ലാ സർക്കാർ ആശുപത്രിയിലും സൗജന്യമായി നൽകിവരുന്നു. രോഗ നിയന്ത്രണ പ്രവർത്തനങ്ങളും കൊതുക് നിയന്ത്രണ പ്രവർത്തനങ്ങളും ഊർജ്ജിതമാക്കിയിട്ടുണ്ട്.

അതിഥി സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ പരിരക്ഷ ഉറപ്പാക്കുന്നതിന് തൊഴിൽ വകുപ്പുമായി ചേർന്ന് നടപടികൾ സ്വീകരിച്ചുവരുന്നു. ഇവരുടെ ജോലി സ്ഥലങ്ങളിലും താമസസ്ഥലത്തും വ്യക്തി/പരിസര ശുചിത്വം, കുടിവെള്ളശുചിത്വം, കൊതുക് നിവാരണം എന്നിവ പരിശോധിച്ച് ഉറപ്പുവരുത്തുന്നു. ഇത്തരം തൊഴിലാളികളെ സ്ക്രീനിംഗ് നടത്തി പകർച്ചവ്യാധി പിടിപെട്ടതായി കണ്ടെത്തിയാൽ ചികിത്സ നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ചേരികൾ, തീരദേശവാസികൾ, പട്ടികവർഗ്ഗക്കാർ തുടങ്ങിയവരുടെ ആരോഗ്യ പരിരക്ഷയ്ക്കും പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഭക്ഷണശാലകൾ, സ്കൂളുകൾ, സ്ഥാപനങ്ങൾ, അതിഥി സംസ്ഥാന തൊഴിലാളി കേന്ദ്രങ്ങൾ തുടങ്ങിയ ഇടങ്ങളിൽ ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ പരിശോധന നടത്തി ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. ആരോഗ്യ പരിരക്ഷാ പ്രവർത്തനങ്ങൾ സമയബന്ധിതമായും

കാര്യക്ഷമമായും നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ വാർഡ് തലത്തിലും, പഞ്ചായത്ത് നഗരസഭാതലത്തിലും, ജില്ലാതലത്തിലും, സംസ്ഥാനതലത്തിലും സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ഇതു കൂടാതെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും, സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും ജില്ലാ മെഡിക്കൽ ഓഫീസിലും, സംസ്ഥാനതലത്തിലും നടത്തുന്ന പ്രതിവാര പ്രതിമാസ യോഗങ്ങളിലും ഇത്തരം പ്രവർത്തനങ്ങൾ അവലോകനം ചെയ്തു വരുന്നു.

സുസ്ഥിര വികസന ലക്ഷ്യം കുഷ്ഠരോഗ നിർമ്മാർജ്ജന രംഗത്ത് കാര്യക്ഷമമായി നടപ്പിലാക്കുകയും സംസ്ഥാനത്തെ 90%-ത്തിലേറെ സ്കൂളുകളിലേയും അങ്കണവാടികളിലേയും കുട്ടികളെ കുഷ്ഠരോഗ പരിശോധനയ്ക്ക് വിധേയമാക്കുകയും ഇതിനായി തീരപ്രദേശങ്ങളിലും പ്രത്യേക പരിശോധനകൾ നടത്തിവരുന്നു. സമൂഹത്തിൽ കണ്ടുപിടിക്കാതെയിരുന്ന രോഗികളെ കണ്ടുപിടിച്ച് ചികിത്സയ്ക്ക് വിധേയരാക്കാൻ സാധിച്ചതിലൂടെ ചികിത്സയ്ക്ക് വിധേയരായ രോഗികളുടെ എണ്ണത്തിൽ കാര്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. സംസ്ഥാനത്തെ 8 ജില്ലകളിൽ 58732 വോളന്റിയർമാർ 5725 സൂപ്പർവൈസർമാരുടെ മേൽനോട്ടത്തിൽ 14 ദിവസംകൊണ്ട് നടത്തിയ ബൃഹത്തായ ബോധവത്കരണ ക്യാമ്പയിനാണ് 'അശ്വമേധം'. ഓരോ സി.എച്ച്.സി. തലത്തിലും സഹകരണം ഉറപ്പാക്കി ജനകീയമായി നടപ്പിലാക്കിയ ഈ ക്യാമ്പയിൻ മെച്ചപ്പെട്ട ഫലം നൽകിയും 178 രോഗികളെ പുതുതായി കണ്ടുപിടിച്ച് ഇവരെ ചികിത്സയ്ക്ക് വിധേയരാക്കുവാൻ സാധിച്ചിട്ടുണ്ട്. കൂടാതെ തീരപ്രദേശങ്ങൾ, നഗരചേരികൾ, ഗിരിവർഗ്ഗമേഖലകൾ എന്നിവിടങ്ങളിലെ രോഗികളുമായി സമ്പർക്കത്തിലു ളളവരെയും പരിശോധിച്ച് പ്രവർത്തനങ്ങൾ നടത്തിവരുന്നു. മുഴുവൻ ദൃശ്യ-ശ്രാവ്യ-മാധ്യമങ്ങളെയും കുഷ്ഠരോഗ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കായി പരമാവധി പ്രയോജനപ്പെടുത്തുവാൻ കഴിഞ്ഞിട്ടുണ്ട്.

**വൃക്ക മാറ്റിവച്ചവർക്കുള്ള സൗജന്യ മരുന്നുവിതരണം**

240 (251) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൃക്ക മാറ്റിവച്ചവർക്ക് സൗജന്യമായി മരുന്നുകൾ താലൂക്ക് ആശുപത്രികൾ വഴിയും നൽകണമെന്ന നിവേദനം സർക്കാരിൽ ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിവേദനം ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ ലഭിച്ചിട്ടുണ്ടോ; ആയത് എന്നാണ് ലഭിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) ആയതുമായി ബന്ധപ്പെട്ട സർക്കാരിലെയും ഡയറക്ടറേറ്റിലെയും ഫയലുകളുടെ കോപ്പികൾ ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത വിഷയത്തിൽ ബഹു. മന്ത്രി കർശന നിർദ്ദേശം നൽകിയിട്ടും സെക്രട്ടറിയേറ്റിൽനിന്നോ ഡയറക്ടറേറ്റിൽനിന്നോ യാതൊരു നിർദ്ദേശവും ഇറങ്ങിയിട്ടില്ലെന്ന കാര്യം പരിശോധിക്കുമോ;

(ഇ) താലൂക്ക് ആശുപത്രികൾ വഴിയും മരുന്നുകൾ വിതരണം ചെയ്യണമെന്ന് നിർദ്ദേശം നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്. നിവേദനത്തിന്മേൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെടുകയും മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട് 457/ബി3/2018/ആ.കു.വ. നമ്പർ ഫയലിൽ പരിശോധിച്ചുവരികയും ചെയ്യുന്നു.

(ബി) നിവേദനം 1-12-2018-ന് ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ ലഭിച്ചിട്ടുണ്ട്.

(സി) 457/ബി3/2018/ആ.കു.വ. നമ്പർ സർക്കാർ ഫയലിന്റെ പകർപ്പും ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ എം.എസ്.എ 2/61865/2017/ആവഡ നമ്പർ ഫയലിന്റെ പകർപ്പും അനുബന്ധം ആയി* ചേർത്തിരിക്കുന്നു.

(ഡി&ഇ) 2018-19 സാമ്പത്തിക വർഷത്തെ മരുന്നു പട്ടികയിൽ വൃക്കരോഗ സംബന്ധമായ ചികിത്സയ്ക്കായി ഉപയോഗിക്കാവുന്ന താഴെപ്പറയുന്ന മരുന്നുകളാണ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വിതരണം ചെയ്യുന്നത്:

| Sl. No | Drug Code | Drug Name | Strength | Unit | Category |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1 | D24167 C | AZATHIOPRINE TAB IP | 50 mg | 1 No | Anticancer |
| 2 | D 13046 | CLONIDINE TAB IP | 100 mg | 1 No | Essential Drugs |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| 3 | D32000 | CYCLOSPORINE CAP IP | 100 mg | 1 No | |
| 4 | D32001 | MYCOPHENOLATE MOFETIL TAB IP | 500 mg | 1 No | Speccialty drugs |
| 5 | D32002 | TACROLIMUS CAP IP | 1 mg | 1 No | |

മേൽപട്ടികയിലെ ആദ്യത്തെ മരുന്ന് മെഡിക്കൽ കോളേജുകൾ, താലൂക്കാശുപത്രികൾ, ജനറൽ ആശുപത്രികൾ, കാൻസർ ക്ലിനിക്കുകളുള്ള ജില്ലാ ആശുപത്രികൾ എന്നിവിടങ്ങളിലാണ് വിതരണം ചെയ്യുന്നത്. രണ്ടാമത്തെ മരുന്ന് മെഡിക്കൽ കോളേജുകൾ, താലൂക്കാശുപത്രികൾ, ജനറൽ ആശുപത്രികൾ, കാൻസർ ക്ലിനിക്കുകളുള്ള ജില്ലാ ആശുപത്രികൾ, സംസ്ഥാന എയ്ഡ്സ് കൺട്രോൾ സൊസൈറ്റി, ശബരിമല എന്നിവിടങ്ങളിലാണ് വിതരണം ചെയ്യുന്നത്. സ്പെഷ്യാലിറ്റി വിഭാഗത്തിലുള്ള അവസാനത്തെ മൂന്ന് മരുന്നുകളും നിലവിൽ മെഡിക്കൽ കോളേജുകൾവഴി മാത്രമാണ് വിതരണം ചെയ്യുന്നത്.

ഡയാലിസിസിന് വിധേയരാകുന്ന വൃക്ക രോഗികൾക്കാവശ്യമായ മരുന്നുകൾ എസ്സൻഷ്യൽ ഡ്രഗ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർ ഒരു പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസലിലുള്ള പല മരുന്നുകളും നിലവിൽ കോർപ്പറേഷന്റെ സ്പെഷ്യാലിറ്റി മരുന്നുപട്ടികയിൽ ഉൾപ്പെട്ടതാണ്. ഇത്തരം മരുന്നുകൾ നിലവിൽ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലൂടെ മാത്രമാണ് വിതരണം നടത്തുന്നത്.

**മങ്കട സി.എച്ച്.സി.-ലെ സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണം**

241 (252) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ മങ്കട സി.എച്ച്.സി.- യിലെ സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണവുമായി ബന്ധപ്പെട്ട് ആരോഗ്യ വകുപ്പ് ഡയറക്ടർ സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) മങ്കട സാമൂഹികാരോഗ്യ കേന്ദ്രം സ്റ്റാഫ് ക്വർട്ടേഴ്സ് നിർമ്മാണം 2018-19 ബഡ്ജറ്റിൽ ഭരണാനുമതിയില്ലാത്ത പ്രവൃത്തികളുടെ പട്ടികയിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും 100 രൂപ ടോക്കൺ പ്രൊവിഷൻ മാത്രമെ വകയിരുത്തിയിട്ടുള്ളൂ. മങ്കട സാമൂഹികാരോഗ്യ കേന്ദ്രം സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണം സംബന്ധിച്ച റിപ്പോർട്ട് സർക്കാരിന്റെ പരിശോധനയിലാണ്. സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണത്തിന് ഫണ്ട് ലഭ്യമല്ലാത്തതിനാൽ എൽ.എസ്.ജി. ഡി/എം.എൽ.എ/എം.പി/എൻ.എച്ച്.എം. ഫണ്ട് മുഖേന പ്രസ്തുത പ്രവൃത്തി നിർവ്വഹിക്കാനുള്ള സാധ്യത പരിശോധിച്ച് പ്രൊപ്പാസൽ തയ്യാറാക്കാൻ ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**മങ്കട സി.എച്ച്.സി.**

242 (253) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട സി.എച്ച്.സി. വിപുലീകരണത്തിന്റെ ഭാഗമായി തയ്യാറാക്കിയിട്ടുള്ള മാസ്റ്റർ പ്ലാൻ ലഭിച്ചിട്ടുണ്ടോ;

(ബി) വർഷത്തെ ആരോഗ്യ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽനിന്നും ആവശ്യമായ ഫണ്ട് വകയിരുത്തുമോ;

(സി) ഇത് സംബന്ധിച്ച് സ്വീകരിച്ചുവരുന്ന നടപടികൾ വിശദീകരിക്കാമോ?

ഉത്തരം

(എ-സി) മങ്കട സി.എച്ച്.സി. വിപുലീകരണത്തിന് 2018-19-ലെ ബഡ്ജറ്റിൽ ഭരണാനുമതിയില്ലാത്ത പ്രവൃത്തികൾക്ക് പട്ടികയിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും ഇവയ്ക്ക് 100 രൂപ ടോക്കൺ പ്രൊവിഷൻ മാത്രമെ വകയിരുത്തിയിട്ടുള്ളൂ. മങ്കട സി.എച്ച്.സി. കെട്ടിട നവീകരണവുമായി ബന്ധപ്പെട്ട് ജില്ലാ മെഡിക്കൽ ഓഫീസർ ലഭ്യമാക്കിയ റിപ്പോർട്ട് പരിശോധനയിലാണ്. കൂടാതെ പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കാനായി എൽ.എസ്.ജി.ഡി./ എം.എൽ.എ./എം.പി./എൻ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് നിർവ്വഹിക്കാനുള്ള സാധ്യത പരിശോധിച്ച് ലഭ്യമാക്കുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ചെറൂപ്പ സി.എച്ച്.സി.

243 (254) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജിന്റെ ഫെസിലിറ്റേഷൻ സെന്ററായ ചെറൂപ്പ സി.എച്ച്.സി. ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) എം.എൽ.എ.-യുടെ നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽ കെട്ടിട നിർമ്മാണം പൂർത്തിയായ ഡയാലിസിസ് സെന്റർ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാമാണ്;

(സി) മെഡിക്കൽ കോളേജ് വികസന സമിതി ഡയാലിസിസ് സെന്ററിന്റെ നടത്തിപ്പ് ഏറ്റെടുക്കാൻ നിർദ്ദേശിച്ചിട്ടുണ്ടോ;

(ഡി) ഈ സ്ഥാപനം മാവൂർ ഗ്രാമപഞ്ചായത്തിലാണ് സ്ഥിതി ചെയ്യുന്നതെങ്കിലും പഞ്ചായത്തിന് യാതൊരു നിയന്ത്രണവും ഇല്ലാത്തതുകൊണ്ട് നിർവ്വഹണ ഉദ്യോഗസ്ഥനെ നിയമിക്കാൻ സാധിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) മാവൂർ ഗ്രാമപഞ്ചായത്തിൽ ഒരു പി.എച്ച്.സി. അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ഡയാലിസിസ് സെന്റർ കെട്ടിടത്തിന്റെ മുകൾനിലയിലാണ് പ്രവർത്തിപ്പിക്കാൻ ഉദ്ദേശിച്ചിരുന്നത്. എന്നാൽ രോഗികളുടെ സൗകര്യാർത്ഥം ഡയാലിസിസ് സെന്റർ താഴത്തെ നിലയിലേയ്ക്ക് മാറ്റുന്നതിനും താഴത്തെ നിലയിൽ പ്രവർത്തിച്ചുവരുന്ന ജെറിയാട്രിക് ബ്ലോക്ക് മുകൾനിലയിലേയ്ക്ക് മാറ്റുന്നതിനും തീരുമാനിച്ചതിനെത്തുടർന്ന് മുകൾനിലയിലേയ്ക്ക് മാറ്റുന്ന ടി ബ്ലോക്കിനുവേണ്ടി റാമ്പ് പണിയുന്നത് സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുന്നതിന് പൊതുമരാമത്ത് (സിവിൽ) വിഭാഗത്തിന് നിർദ്ദേശം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാകുന്നമുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

(സി) ഡയാലിസിസ് സെന്ററിന്റെ നടത്തിപ്പിനായി മെഡിക്കൽ കോളേജിലെ ഡയാലിസിസ് യൂണിറ്റുമായി സംയോജിപ്പിച്ച് പ്രവർത്തിപ്പിക്കുന്നതിനും ജീവനക്കാരെ നിയമിക്കുന്നതിനുമുള്ള നടപടി മെഡിക്കൽ കേളേജ് ആശുപത്രി വികസന സമിതി പരിശോധിക്കുന്നതാണ്.

(ഡി&ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

## മലബാർ മേഖലയിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി

244 (255) ശ്രീ. എം. ഉമ്മർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ മേഖലയിൽ സ്ത്രീകളുടെയും കുട്ടികളുടെയും ചികിത്സയ്ക്കായി വേണ്ടത്ര വിദഗ്ധ സൗകര്യമുള്ള ആശുപത്രി ഇല്ലാത്ത സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ ;

(ബി) തിരുവനന്തപുരം ജില്ലയിലെ എസ്.എ.ടി. മാതൃകയിൽ ഒരു ആശുപത്രി മലബാർ മേഖലയിൽ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) ആയതിലേക്കായി പ്രാഥമിക പഠനം നടത്തുന്നതിന് ഒരു ഏജൻസിയെ ഏൽപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

ഉത്തരം

(എ) പൊന്നാനിയിൽ ആധുനിക ചികിത്സാ സൗകര്യങ്ങളോടുകൂടിയ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ ഡബ്ല്യൂ&സി ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ട്.

(ബി&സി) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## മണലൂർ മണ്ഡലത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ

245 (256) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ തൈക്കാട്, എളവള്ളി പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിയതിന്റെ ഭാഗമായി എന്തെല്ലാം തുടർ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ആർദ്രം പദ്ധതിയുടെ അടുത്ത ഘട്ടം നടപ്പാക്കുന്നതിന്റെ ഭാഗമായി കണ്ടാണശ്ശേരി പഞ്ചായത്തിലെ മറ്റം പ്രാഥമിക ആരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തൃശ്ശൂർ ജില്ലയിലെ മണലൂർ മണ്ഡലത്തിലെ തൈക്കാട്, എളവള്ളി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ 16-6-2018-ലെ സ.ഉ. (കൈ) നമ്പർ113/2018/ ആ.കു.വ. തീയതി പ്രകാരം കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്. തൈക്കാട് പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ നിലവിലെ കെട്ടിടത്തിന്റെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുന്നതിനായി എൻ.എച്ച്.എം. നിർമ്മിതികേന്ദ്രം മുഖേന 17.20 ലക്ഷം രൂപയുടെ പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കിയിട്ടുണ്ട്. ഇതുകൂടാതെ കുടുംബാരോഗ്യ കേന്ദ്രത്തിലെ പുതിയ ബ്ലോക്ക് നിർമ്മാണത്തിനായി 2019-20 സാമ്പത്തിക വർഷത്തേയ്ക്ക് 15 ലക്ഷം രൂപ ഗുരുവായൂർ നഗരസഭ വകയിരുത്തിയിട്ടുണ്ട്. ഇവിടത്തെ നാല് ജീവനക്കാർക്കും നഗരസഭ ഹെൽത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സണും പാലക്കാട് ഐ.ആർ.റ്റി.സി. ട്രെയിനിംഗ് സെന്ററിൽവച്ച് കിലയും ആരോഗ്യ വകുപ്പും ചേർന്നുള്ള ടീം ബിൽഡിംഗ് ട്രെയിനിംഗ് നൽകിയിട്ടുണ്ട്. ഇതുകൂടാതെ പി.എച്ച്.സി. എളവള്ളിക്ക് എൻ.എച്ച്.എം. മുഖേന 15.50 ലക്ഷം രൂപ അനുവദിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഘട്ടംഘട്ടമായി സംസ്ഥാനത്തെ എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റാനാണ് സർക്കാർ ഉദ്ദേശിച്ചിട്ടുള്ളത്.

**നെന്മാറ നിയോജകമണ്ഡലത്തിലെ ആശുപത്രികളുടെ പ്രവർത്തനം**

246 (257) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയ നെന്മാറ നിയോജകമണ്ഡലത്തിലെ ആശുപത്രികളുടെ പ്രവർത്തനം എന്ന് മുതൽ ആരംഭിക്കുമെന്ന് അറിയിക്കാമോ;

(ബി) ഇതിനായി നിലവിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) ആർദ്രം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ നെന്മാറ നിയോജക മണ്ഡലത്തിലെ കൊല്ലങ്കോട് പ്രാഥമികാരോഗ്യകേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുകയും ഇവിടെ ഒരു ഡോക്ടർ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ഫാർമസിസ്റ്റ് എന്നീ ക്രമത്തിൽ അധിക തസ്തികകൾ സൃഷ്ടിച്ച് നിയമനം

നടത്തുകയും ചെയ്തിട്ടുണ്ട്. 2019 ഫെബ്രുവരി മാസത്തോടുകൂടി ഈ കേന്ദ്രം പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ നെന്മാറ നിയോജകമണ്ഡലത്തിലെ എലവഞ്ചേരി, വടവന്നൂർ, മുതലമട, അയിലൂർ, പല്ലശ്ശന എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്. ഇവിടങ്ങളിൽ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. കൂടാതെ 2018-19 പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി എലവഞ്ചേരി, അയിലൂർ എന്നീ കേന്ദ്രങ്ങൾക്ക് 14 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. ഇതുകൂടാതെ വടവന്നൂർ, മുതലമട, പല്ലശ്ശന എന്നീ കേന്ദ്രങ്ങൾക്ക് എൻ.എച്ച്.എം. മുഖേന അടിസ്ഥാന സൗകര്യ വികസനത്തിനായി 15.50 ലക്ഷം രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്. ഇവയ്ക്ക് പുറമെ തെരഞ്ഞെടുക്കപ്പെട്ട എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങൾക്കും ലാബ് സൗകര്യത്തിനായി 7 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അതനുസരിച്ച് ലബോറട്ടറി ഉപകരണങ്ങൾ വാങ്ങി ലഭ്യമാക്കുന്നതിനുള്ള നടപടികൾ കെ.എം.എസ്.സി.എൽ. വഴി നടന്നുവരുന്നു.

**ആർദ്രം പദ്ധതി**

247 (258) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര താലൂക്ക് ആശുപത്രികളിൽ സ്പെഷ്യാലിറ്റി സൗകര്യം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) എന്തെല്ലാം സൗകര്യങ്ങളാണ് ആർദ്രം പദ്ധതി പ്രകാരം ഈ താലൂക്ക് ആശുപത്രികളിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്;

(സി) ആർദ്രം പദ്ധതി പ്രകാരം ബാലുശ്ശേരി താലൂക്കാശുപത്രിയിൽ എന്തൊക്കെ നവീകരണ പ്രവൃത്തികളാണ് ചെയ്യാനുദ്ദേശിക്കുന്നത്;

(ഡി) പ്രസ്തുത ആശുപത്രിയിൽ ആവശ്യമായ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച നടപടികളിലെ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) 22-4-2017-ലെ ജി.ഒ. (എം.എസ്.) നമ്പർ 58/2017/ആ.കു.വ. പ്രകാരം 75 താലൂക്കുതല ആശുപത്രികളെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനെത്തുടർന്ന് 7-7-2018-ലെ സ.ഉ.(സാധാ) നമ്പർ

2196/2018/ആ.കു.വ. പ്രകാരം സംസ്ഥാനത്തെ തെരഞ്ഞെടുത്ത 28 താലൂക്ക്/ജില്ലാ/ജനറൽ ഹോസ്പിറ്റലുകളെ മിനിമം അംഗീകൃത നിലവാരത്തിലേയ്ക്ക് ഉയർത്താനായും തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ പൊതുജനാരോഗ്യ സംരക്ഷണത്തിന് ഊന്നൽ കൊടുത്തുകൊണ്ടുള്ള ആരോഗ്യ സംരക്ഷണത്തിന്റെ പരിപൂർണ്ണ പരിവർത്തനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി മിനിമം അംഗീകൃത നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായാണ് ടി സ്ഥാപനങ്ങൾ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്. 2017-18 സാമ്പത്തിക വർഷത്തിൽ തെരഞ്ഞെടുക്കപ്പെട്ട താലൂക്ക്/ജില്ല/ജനറൽ ആശുപത്രികളിലായി സൂപ്പർ സ്പെഷ്യാലിറ്റി/സ്പെഷ്യാലിറ്റി വിഭാഗത്തിലുൾപ്പെടെ 266 ഡോക്ടർമാരുടേതുൾപ്പെടെ 891 അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി രണ്ട് മെഡിക്കൽ കോളേജുകൾ ഉൾപ്പെടെ 10 ആശുപത്രികളിൽ കാത്ത് ലാബ് യൂണിറ്റും 44 ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റും ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ ആശുപത്രികൾക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ കെ.എം.എസ്.സി.എൽ. മുഖേന സ്വീകരിച്ചുവരുന്നു. ജില്ലാതല ആശുപത്രികളിൽ ആവശ്യമായ വികസനം നടത്തി ഒ. പി. വിഭാഗം രോഗീസൗഹൃദമാക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നു.

(സി) ആർദ്രം പദ്ധതി പ്രകാരം മിനിമം അംഗീകൃത നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളുടെ പട്ടികയിലാണ് ബാലുശ്ശേരി താലൂക്കാശുപത്രി ഉൾപ്പെട്ടിട്ടുള്ളത്. ആദ്യഘട്ടമെന്ന നിലയിൽ ഇവിടെ രണ്ട് ജൂനിയർ കൺസൾട്ടന്റ്, മൂന്ന് സ്റ്റാഫ് നഴ്സ് എന്നീ തസ്തികകൾ ആർദ്രം പദ്ധതി പ്രകാരം സൃഷ്ടിച്ചിട്ടുണ്ട്. ഇവിടങ്ങളിലെ അടിസ്ഥാന സൗകര്യ വികസന ഘട്ടവും നവീകരണ പ്രവർത്തനങ്ങളും ഘട്ടംഘട്ടമായി നടപ്പിലാക്കിവരുന്നു.

(ഡി) ആർദ്രം പദ്ധതി പ്രകാരം ഇതിനോടകംതന്നെ ബാലുശ്ശേരി താലൂക്കാശുപത്രിയിൽ ജൂനിയർ കൺസൾട്ടന്റിന്റെ രണ്ട് അധിക തസ്തികകളും സ്റ്റാഫ് നഴ്സിന്റെ മൂന്ന് തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്.

**ആലത്തൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിലെ വികസന പ്രവർത്തങ്ങൾ**

248 (259) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ ആലത്തൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നടത്തിയിട്ടുള്ള വികസനപ്രവർത്തനങ്ങൾ എന്തെല്ലാമാണ്; ഏതൊക്കെ പദ്ധതികളിലായാണ് വികസനപ്രവർത്തനങ്ങൾ നടത്തിയത്; വ്യക്തമാക്കുമോ;

(ബി) ഇതിൽ പൂർത്തിയായവ ഏതെല്ലാം; ഇപ്പോൾ നിലവിൽ ഏതെങ്കിലും നിർമ്മാണപ്രവൃത്തികൾ നടക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ&ബി) 2016 മുതൽ ആലത്തൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 2016-17 | | |
| 1 | ആശുപത്രിയിൽ ജനറേറ്റർ വാങ്ങൽ | 14,34,430 |
| 2017-18 | | |
| 1 | സ്ത്രീകളുടെയും കുട്ടികളുടെയും വാർഡ് | 2,70,00,000 |
| 2 | സ്ത്രീകളുടെയും പുരുഷന്മാരുടെയും വാർഡുകൾ | 53,96,000 |
| 3 | എക്സ്-റേ മെഷീൻ വാങ്ങൽ | 12,00,000 |
| 4 | കുട്ടികളുടെ വാർഡ് നവീകരണം | 95,000 |
| 5 | ഉപകരണങ്ങൾ വാങ്ങൽ | 19,39,910 |
| 6 | സാന്ത്വന പരിചരണം | 11,00,000 |
| 7 | ഓഫീസ് നവീകരണം | 3,00,000 |
| 8 | ഓട്ടോമാറ്റിക് അനലൈസർ | 11,60,000 |

കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പണി തുടങ്ങിയ ഡയാലിസിസ് യൂണിറ്റ് കെട്ടിടത്തിന്റെ സിവിൽ, ഇലക്ട്രിക്കൽ വർക്കുകൾ പൂർത്തിയായിട്ടുണ്ട്. ഡയാലിസിസ് യൂണിറ്റ് ഒഴികെ മറ്റെല്ലാം പ്രവർത്തനസജ്ജമാണ്.

**ചാലക്കുടി താലൂക്കാശുപത്രി**

249 (260) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി താലൂക്ക് ആശുപത്രിയിൽ ട്രോമാ കെയർ, സർജിക്കൽ വാർഡ് എന്നിവ നടപ്പാക്കുന്നതിനാവശ്യമായ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) ചാലക്കുടി താലൂക്ക് ആശുപത്രിയിൽ മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ചാലക്കുടി താലൂക്കാശുപത്രിയിൽ ട്രോമാകെയറിന്റെയും സർജറി വാർഡിന്റെയും നിർമ്മാണത്തിനായി ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്. 12-7-2018-ലെ സ.ഉ.(സാധാ)2240/2018/ആ.കു.വ. പ്രകാരം മാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മിക്കുന്നതിനായി ചാലക്കുടി താലൂക്കാ ശുപത്രിക്ക് 74 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

**പഴയങ്ങാടി താലൂക്കാശുപത്രിയിലെ ഡയാലിസിസ് യൂണിറ്റ്**

250 (261) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പഴയങ്ങാടി താലൂക്ക് ആശുപത്രിയിൽ സ്ഥാപിച്ച ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രതിദിനം എത്ര രോഗികൾക്ക് പ്രസ്തുത യൂണിറ്റിൽ ഡയാലിസിസ് ചെയ്യുവാൻ കഴിയുന്നുണ്ട്; വിശദമാക്കാമോ?

ഉത്തരം

(എ) പഴയങ്ങാടി താലൂക്കാശുപത്രിയിൽ 2018 ആഗസ്റ്റ് 1-ന് പ്രവർത്തനം ആരംഭിച്ച ഡയാലിസിസ് യൂണിറ്റ് 6 ഡയാലിസിസ് മെഷീൻ സ്ഥാപിച്ച് രണ്ട് ഷിഫ്റ്റായി പ്രവർത്തിച്ചുവരുന്നു.

(ബി) ലഭ്യതയനുസരിച്ച് ഒരു ഷിഫ്റ്റിൽ 4 മുതൽ 5 വരെ പേർക്ക് ഡയാലിസിസ് ചെയ്തുവരുന്നു. അടിയന്തര ഘട്ടങ്ങളിൽ ഒരു ഷിഫ്റ്റിൽ 6 പേർക്ക് ഡയാലിസിസ് ചെയ്തുവരുന്നു.

**ഞാറയ്ക്കൽ താലൂക്കാശുപത്രിയിൽ ഡോക്ടർമാരുടെ രാത്രികാല സേവനം**

251 (262) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ ഞാറക്കൽ താലൂക്ക് ആശുപത്രിയിൽ രാത്രികാലങ്ങളിൽ ഡോക്ടർമാരുടെ സേവനം ലഭ്യമല്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആശുപത്രിയിൽ രാത്രികാലങ്ങളിൽ സ്ഥിരമായി ഡോക്ടർമാരുടെ സേവനം ലഭ്യമാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. വൈപ്പിൻ മണ്ഡലത്തിലെ ഞാറയ്ക്കൽ താലൂക്കാശുപത്രിയിൽ ഒരു സിവിൽ സർജന്റെയും 5 അസിസ്റ്റന്റ് സർജന്മാരുടെയും തസ്തികകളാണുള്ളത്. പ്രസ്തുത 6 തസ്തികകളിലും ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. ഡോക്ടർമാരുടെ അധിക തസ്തികകൾ സൃഷ്ടിക്കുന്നമുറയ്ക്ക് രാത്രികാലത്തും ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്ന വിഷയം വകുപ്പുതല ശിപാർശയുടെ അടിസ്ഥാനത്തിൽ പരിശോധിക്കുന്നതാണ്.

**വെൺപകൽ പി.എച്ച്.സി. വികസനം**

252 (263) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ വെൺപകൽ ആശുപത്രിയിൽ നിലവിൽ എത്ര ഡോക്ടർമാരുടെ സേവനമാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) വെൺപകൽ പി.എച്ച്.സി.-ൽ രോഗികളുടെ എണ്ണം ഓരോ മാസവും കുറയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) വെൺപകൽ പി.എച്ച്.സി.-യെ മെച്ചപ്പെടുത്തുന്നതിന് എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നിലവിൽ 7 ഡോക്ടർമാരാണുള്ളത് (സിവിൽ സർജൻ-1, അസിസ്റ്റന്റ് സർജൻ-3, എൻ.എച്ച്.എം. ഡോക്ടർമാർ-3)

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) വെൺപകൽ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഒ. പി. വിഭാഗത്തിനായി എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും അനുവദിച്ച 99 ലക്ഷം രൂപയ്ക്ക് പുതിയ കെട്ടിടത്തിന്റെ പ്രാരംഭ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ 13-12-2018-ലെ സ.ഉ. (സാധാ) നമ്പർ 3668/2018/ആകുവ. പ്രകാരം നാലോ അതിലധികമോ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കിയിട്ടുള്ള സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ ഒ. പി. സമയം രാവിലെ 9 മണി മുതൽ വൈകുന്നേരം 6 മണിവരെ ദീർഘിപ്പിച്ചിട്ടുണ്ട്. ടി ഉത്തരവിൽ വെൺപകൽ പി.എച്ച്.സി.-യും ഉൾപ്പെട്ടിട്ടുണ്ട്.

**മാവേലിക്കര ജില്ലാ ആശുപത്രിയിലെ വിവിധ തസ്തികകൾ**

253 (264) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ജില്ലാ ആശുപത്രിയിൽ ജില്ലാ ആശുപത്രിക്കനുസൃതമായ സ്റ്റാഫിനെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ബി) പ്രസ്തുത ആശുപത്രിയിൽ ഫോറൻസിക് സർജനെ നിയമിക്കുന്നതിനുള്ള നടപടികൾ വിശദമാക്കുമോ;

(സി) ആശുപത്രിയിൽ നിലവിലുള്ള തസ്തികകളുടെയും ഇതിൽ ഒഴിവുള്ള തസ്തികകളുടെയും വിശദമായ കണക്ക് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) നിലവിൽ ആർദ്രം പദ്ധതി പ്രകാരം ഓരോ ജില്ലയിലെയും ഓരോ ആശുപത്രിയെയാണ് ജില്ലാതല ആശുപത്രിയായി സമഗ്ര വികസനത്തിനായി തെരഞ്ഞെടുത്തിട്ടുള്ളത്. ഇതിന്റെ ഭാഗമായി ആലപ്പുഴ ജില്ലയിൽ ജില്ലാതല ആശുപത്രിയുടെ സമഗ്ര വികസനത്തിനായി തെരഞ്ഞെടുത്തിട്ടുള്ളത് ജനറൽ ആശുപത്രി, ആലപ്പുഴയാണ്. ആർദ്രം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ അധിക തസ്തിക സൃഷ്ടിക്കുന്നതിലേയ്ക്കായി തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളുടെ പട്ടികയിൽ മാവേലിക്കര ജില്ലാ ആശുപത്രി ഉൾപ്പെട്ടിട്ടില്ല.

(ബി) താലൂക്കുതലത്തിൽപ്പെട്ട ആശുപത്രികളിൽ ഫോറൻസിക് സർജന്റെ തസ്തിക സൃഷ്ടിക്കുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(സി) ഇതുസംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

**കുമ്പളങ്ങി സാമൂഹ്യ ആരോഗ്യകേന്ദ്രം**

254 (265) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നിയോജകമണ്ഡലത്തിലെ കുമ്പളങ്ങി സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിൽ ആർദ്രം മിഷന്റെ ഭാഗമായി പരിഗണിച്ച സ്റ്റാന്റഡൈസേഷൻ പ്രൊപ്പോസലിന്റെ ഭാഗമായി പീഡിയാട്രിക്, ഗൈനക്ക് യൂണിറ്റുകൾ, ദന്തൽ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സർജൻ, അസിസ്റ്റന്റ് സർജൻ, ജൂനിയർ അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ഓഫീസർ തുടങ്ങിയ തസ്തികകൾ സൃഷ്ടിക്കുന്ന നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) പ്രസ്തുത സി.എച്ച്.സിയുടെ പ്രവർത്തനം മെച്ചപ്പെടുത്താനും പൊതുജനങ്ങൾക്ക് ചികിത്സ ഉറപ്പുവരുത്താനുമായി ഇവരുടെ നിയമനം എന്നത്തേയ്ക്ക് നടത്താൻ കഴിയും എന്നും അതിനായി എന്തെല്ലാം നടപടികൾ നാളിതുവരെ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) കുമ്പളങ്ങി സാമൂഹ്യ ആരോഗ്യകേന്ദ്രം നിലവിൽ ബ്ലോക്കുതല സി.എച്ച്.സി. ആണ്. ബ്ലോക്കുതല സി.എച്ച്.സി.-കളെ നിലവിൽ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഇവിടങ്ങളിൽ അധിക തസ്തിക സൃഷ്ടിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. നാലോ അതിലധികമോ ഡോക്ടർമാരുള്ള സി.എച്ച്.സി.-കളിൽ ഒ.പി. സമയം രാവിലെ 9 മണി മുതൽ വൈകുന്നേരം 6 മണിവരെയാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ പട്ടികയിൽ എറണാകുളം ജില്ലയിലെ കുമ്പളങ്ങി സി.എച്ച്.സി.-യും ഉൾപ്പെട്ടിട്ടുണ്ട്.

## ഒറ്റപ്പാലം താലൂക്കാശുപത്രി നവീകരണം

255 (266) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം താലൂക്ക് ആശുപത്രി വളപ്പിൽ ജീർണ്ണിച്ച എത്ര കെട്ടിടങ്ങൾ ഉണ്ട്; വിശദാംശം നൽകാമോ;

(ബി) ജീർണ്ണിച്ച കെട്ടിടങ്ങൾ പൊളിച്ചുമാറ്റി പകരം പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നകാര്യം പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം താലൂക്ക് ആശുപത്രി നവീകരണത്തിനായി എത്രതുക ചെലവഴിച്ചു; ഓരോ പ്രവൃത്തിയുടേയും ചെലവഴിച്ച തുകയുടേയും വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഒറ്റപ്പാലം താലൂക്കാശുപത്രി വളപ്പിൽ അത്യാഹിത വിഭാഗത്തോട് ചേർന്ന് രണ്ട് കെട്ടിടങ്ങളും ആർ.എം.ഒ. ക്വാർട്ടേഴ്സ്, പഴയ വനിതാ വാർഡ് എന്നീ പഴക്കംചെന്ന കെട്ടിടങ്ങളും നിലവിലുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| | പ്ലാൻ ഫണ്ട് | |
| 1 | മെഡിക്കൽ റിക്കോർഡ്സ് ലൈബ്രറി നവീകരണം | 2,60,000 |
| 2 | ദന്തൽ യൂണിറ്റ് നവീകരണം | 1,19,076 |
| 3 | പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ | 3,22,200 |
| 4 | പെയിൻ ആന്റ് പാലിയേറ്റീവ് | 1,00,00,000 |
| | പ്രോജക്ട് ഫണ്ട് | |
| 1 | ഹെമറ്റോളജി അനലൈസർ | 2,34,918 |
| 2 | എച്ച്.ബി. അനലൈസർ | 48,262 |
| 3 | ഐ.സി.യു. വെന്റിലേറ്റർ ബൈപ്പാസ് | 91,960 |
| 4 | ഒഫ്ത്താൽമോളജി -എ സ്കാൻ പ്ലസ് | 19,04,000 |
| 5 | ഓട്ടോ റിഫ്രക്ടോമീറ്റർ | 2,52,000 |
| 6 | സെംഫാഫ്ലൂറിൻ വേപ്പൈസർ | 87,000 |
| 7 | ഡയാതെർമി സർജിക്കൽ | 1,50,292 |
| 8 | ഡയാതെർമി ഡെർമറ്റോളജി | 97,562 |
| 9 | സെർവർ റൂം ശീതീകരണം | 2,50,000 |
| 10 | പ്രസവമുറി ശീതീകരണം | 75,000 |
| 11 | സെൻട്രലൈസ്ഡ് ഓക്സിജൻ പ്ലാന്റ് | 2,70,000 |
| 12 | സെൻട്രലൈസ്ഡ് ഓക്സിജൻ പ്ലാന്റ് ഡയാലിസിസ് | 2,00,000 |
| 13 | ഡയാലിസിസ് യൂണിറ്റ് നവീകരണം (കിഫ്ബി) | 135 ലക്ഷം |

കൂടാതെ ട്രോമാകെയർ സ്ഥാപിക്കുന്നതിനുവേണ്ടി 10,00,000 രൂപ എൻ.എച്ച്.എം. മുഖേന ഒറ്റപ്പാലം മുനിസിപ്പാലിറ്റിയിൽ നിക്ഷേപിച്ചിട്ടുണ്ട്. സെൻട്രലൈഡ് ഓക്സിജൻ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

## കൽപ്പറ്റ മണ്ഡലത്തിൽ ആരോഗ്യ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

256 (267) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ കൽപ്പറ്റ നിയോജകമണ്ഡലത്തിൽ ആരോഗ്യവകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണ്;

(ബി) പ്രസ്തുത മണ്ഡലത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കിയ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ ഏതെല്ലാമാണ്; ഇവിടെ എന്തെല്ലാം കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) മണ്ഡലത്തിലെ കൂടുതൽ പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കിമാറ്റുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എത്ര എണ്ണമെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൽപ്പറ്റ നിയോജകമണ്ഡലത്തിലെ കല്പറ്റ ജനറൽ ആശുപത്രിയിൽ ആർദ്രം പദ്ധതി പ്രകാരം ഒ. പി. ട്രാൻസ്ഫർമേഷനായി 89,50,000 രൂപ അനുവദിച്ചിട്ടുണ്ട്. കല്പറ്റ നിയോജകമണ്ഡലത്തിലെ ആരോഗ്യസ്ഥാപനങ്ങളിൽ അധിക തസ്തിക സൃഷ്ടിച്ചതിന്റെയും മറ്റ് പ്രവർത്തനങ്ങളുടെയും വിശദവിവരം അനുബന്ധമായി ചേർക്കുന്നു*.

(ബി) 2017-18 വർഷം കല്പറ്റ മണ്ഡലത്തിലെ വെങ്ങപ്പള്ളി സി.എച്ച്.സി.-യെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തി ഇവിടെ ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ, ഒരു ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ട്. കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയ ടി കേന്ദ്രത്തിൽ ടോക്കൺ സിസ്റ്റം, കുടിവെള്ളം, എയർപോർട്ട് ചെയർ എന്നിവ ലഭ്യമാക്കുകയും അലൂമിനിയം ഷീറ്റ് റൂഫിംഗ് വർക്കുകൾ, പെയിന്റിംഗ്, റിപ്പയർ വർക്കുകൾ എന്നിവ നടത്തി സൈനേജുകൾ, എൽ.ഇ.ഡി.റ്റി.വി. പബ്ലിക് അഡ്രസിംഗ് സിസ്റ്റം എന്നിവ സ്ഥാപിക്കുകയും ഓഫീസ് ഫർണിച്ചർ ഉൾപ്പടെ ലഭ്യമാക്കി പൂർണ്ണ സജ്ജമാക്കിയിട്ടുണ്ട്. നഴ്സസ് പ്രീ-ചെക്ക് കൗൺസലിംഗ്, ശ്വാസ് ക്ലിനിക്, ആശ്വാസ് ക്ലിനിക് എന്നിവയും ഇവിടെ പ്രവർത്തിച്ചുവരുന്നു. വൈകുന്നേരം 6 മണി വരെ ഇവിടെ ഒ.പി. പ്രവർത്തിക്കുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ആർദ്രം പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ കല്പറ്റ മണ്ഡലത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റാൻ തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു:

1. സി.എച്ച്.സി. മേപ്പാടി
2. പി.എച്ച്.സി. സുഗന്ധഗിരി
3. പി.എച്ച്.സി. പൊഴുതന
4. പി.എച്ച്.സി. പടിഞ്ഞാറത്തറ
5. പി.എച്ച്.സി. കോട്ടത്തറ
6. പി.എച്ച്.സി. വാഴവറ്റ.

**ചിത്തിരപുരം സി.എച്ച്.സി.-യിലെ സർജൻ തസ്തിക**

257 (268) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിലെ ചിത്തിരപുരം സി.എച്ച്.സി;- യിലെ സർജൻ തസ്തിക നിലനിർത്തുന്നത് സംബന്ധിച്ച് നൽകിയ നിവേദനത്തിൽ (മിനിസ്റ്റർ ഓഫീസ് ഫയൽ നമ്പർ 1012746/2016/വി.ഐ.പി/എം (എച്ച്.എഫ്. ഡബ്ള്യൂ ആന്റ് എസ്.ജെ)നാളിതുവരെയായി നടപടി സ്വീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏങ്കിൽ ആവശ്യമായ നടപടി ഉടൻ സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) നിവേദനത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) ദേവികുളം നിയോജകമണ്ഡലത്തിലെ ചിത്തിരപുരം സാമൂഹികാരോഗ്യ കേന്ദ്രത്തിൽ സിവിൽ സർജൻ തസ്തിക പുനഃസ്ഥാപിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**തിരുവമ്പാടി നിയോജകമണ്ഡലത്തിലെ കുടുംബാരോഗ്യ കേന്ദ്രങ്ങൾ**

258 (269) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി നിയോജക മണ്ഡലത്തിൽ പുതിയതായി ആരംഭിക്കുന്ന കുടുംബാരോഗ്യ കേന്ദ്രങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ കുടുംബാരോഗ്യ കേന്ദ്രങ്ങൾ എപ്പോൾ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തിരുവമ്പാടി നിയോജകമണ്ഡലത്തിൽ പുതിയതായി ആരംഭിക്കുന്ന കുടുംബാരോഗ്യ കേന്ദ്രങ്ങൾ ചുവടെ ചേർക്കുന്നു.

1. പി.എച്ച്.സി. കൂടരഞ്ഞി

2. പി.എച്ച്.സി. തിരുവമ്പാടി.

(ബി) തിരുവമ്പാടി പി.എച്ച്.സി.-ക്ക് പ്ലാൻ ഫണ്ടിൽനിന്ന് 14 ലക്ഷം രൂപയും കൂടരഞ്ഞി പി.എച്ച്.സി.-ക്ക് എൻ.എച്ച്.എം. മുഖേന 15.50 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി എൻ.എച്ച്.എം. മുഖേന നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നു. നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കുന്നമുറയ്ക്ക് ഈ കുടുംബാരോഗ്യ കേന്ദ്രങ്ങൾ പ്രവർത്തനസജ്ജമാക്കാൻ കഴിയുന്നതാണ്.

## മൂവാറ്റുപുഴ ജനറൽ ആശുപത്രിയിലെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ നിർമ്മാണം

259 (270) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ ജനറൽ ആശുപത്രിയിൽ നിർമ്മാണം നടക്കുന്ന അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ;

(ബി) നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയായി പ്രസ്തുത കെട്ടിടം എപ്പോൾ തുറന്നുകൊടുക്കാൻ കഴിയും എന്നും ആയതിന് നിലവിലുള്ള കാലതാമസം എന്താണെന്നും അറിയിക്കാമോ?

ഉത്തരം

(എ) മൂവാറ്റുപുഴ ജനറൽ ആശുപത്രിയിലെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ വിഭാഗവും സിവിൽ വിഭാഗവുമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അഡ്മിനിട്രേറ്റീവ് ബ്ലോക്കിലെ സിവിൽ

ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പാർട്ടീഷൻ അടക്കമുള്ള ജോലികൾകൂടി പൂർത്തീകരിച്ചുവരുന്നു.

(ബി) നിർമ്മാണം പൂർത്തിയായി കെട്ടിടം കൈമാറ്റം ചെയ്തുകിട്ടിയതിനു ശേഷം വൈദ്യുതി കണക്ഷൻ, ലിഫ്റ്റ്, ഫയർ ഫൈറ്റിംഗ് പ്രവൃത്തികൾ, ഓഫീസ് മുറികളുടെ പാർട്ടീഷ്യൻ ജോലികൾ എന്നിവ പൂർത്തിയായതിനുശേഷം മാത്രമെ പ്രസ്തുത കെട്ടിടം തുറന്നുകൊടുക്കാൻ കഴിയുകയുള്ളൂ.

**മലയിൻകീഴ് താലൂക്കാശുപത്രി**

260 (271) <u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലയിൻകീഴ് താലൂക്ക് ആശുപത്രി (കാട്ടാക്കട)യുടെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള മാസ്റ്റർപ്ലാൻ കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച തുടർനടപടികൾ എന്തെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

മലയിൻകീഴ് താലൂക്കാശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനം നിലവിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

**മുല്ലശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ**

261 (272) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ പ്രവർത്തന സമയം വൈകുന്നേരം 6 മണി വരെയാക്കിയതുമൂലം പുതിയതായി എന്തെല്ലാം സൗകര്യങ്ങളാണ് ലഭ്യമാകുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഹെൽത്ത് സെന്ററിലെ വിവിധ ഒഴിവുകൾ നികത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ) മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ പ്രവർത്തനസമയം രാവിലെ 9 മണി മുതൽ വൈകുന്നേരം 6 മണിവരെയാക്കി സർക്കാർ ഉത്തരവായിട്ടുണ്ട്. നിലവിൽ ഇവിടെ രണ്ട്

ഫാർമസിസ്റ്റ് തസ്തികകൾ ഉള്ളതിൽ ഒന്ന് ഒഴിഞ്ഞുകിടക്കുന്നതിനാലും ഒരാൾ പ്രസവാവധിയിലായതിനാലും പകരം എച്ച്.എം.സി. മുഖാന്തരം ഒരു ഫാർമസിസ്റ്റിനെ നിയമിച്ചിട്ടുണ്ട്. ഒഴിവുള്ള ഫാർമസിസ്റ്റിന്റെ തസ്തികയിൽ പ്രൊമോഷൻവഴി നിയമനം നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഫാർമസിസ്റ്റിന്റെ സേവനം പൂർണ്ണതോതിൽ ലഭ്യമല്ലാത്തതിനാൽ നിലവിൽ രണ്ട് മണിവരെയാണ് ഒ.പി. പ്രവർത്തിക്കുന്നത്. ഇതിനുശേഷം ഒരു ഡോക്ടർ കാൾ ഡ്യൂട്ടി സേവനവും നൽകിവരുന്നുണ്ട്. പ്രൊമോഷൻവഴി തസ്തിക നികത്തുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കു മ്പോൾ ഒ.പി. സമയം വൈകുന്നേരം 6 മണിവരെ ദീർഘിപ്പിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) മുല്ലശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ ഒഴിവ് സംബന്ധിച്ച വിവരവും ഇതിൽ സ്വീകരിച്ച നടപടിയും ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | തസ്തിക | ഒഴിവ് | സ്വീകരിച്ച നടപടി |
|---|---|---|---|
| 1 | ഫാർമസിസ്റ്റ് | 2 | 1-പ്രസവാവധി 1-പ്രൊമോഷൻ വഴി നികത്താൻ നടപടി സ്വീകരിച്ചു |
| 2 | ലാബ് ടെക്നീഷ്യൻ | 1 | പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് (ലിസ്റ്റ് നിലവിലില്ല.) |
| 3 | പാർട്ട് ടൈം സ്വീപ്പർ | | പി.റ്റി.എസ്. ഇന്റർവ്യൂ കഴിഞ്ഞിട്ടുണ്ട്. നിയമനം ഉടൻ നടക്കും |

**കുറ്റിപ്പുറം താലൂക്കാശുപത്രിയിലെ കെട്ടിട നിർമ്മാണം**

262 (273) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ മണ്ഡലത്തിലെ കുറ്റിപ്പുറം താലൂക്ക് ആശുപത്രിയിലെ കെട്ടിടനിർമ്മാണം സംബന്ധിച്ച് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(ബി) കെട്ടിട നിർമ്മാണം മന്ദഗതിയിലാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ജില്ലാ ആരോഗ്യ വകുപ്പ് അധികൃതർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) താലൂക്ക് ആശുപത്രിയായ കുറ്റിപ്പുറം ആശുപത്രിയിൽ ആവശ്യമായ സ്റ്റാഫും അനുബന്ധ സൗകര്യങ്ങളും വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) കെട്ടിടങ്ങളും അനുബന്ധ സൗകര്യങ്ങളും വർദ്ധിപ്പിക്കണമെന്ന് കാണിച്ച് ആരോഗ്യ വകുപ്പിലുള്ള ഫയലിൽ അനുകൂല നടപടി സ്വീകരിക്കാമോ; വ്യക്തമാക്കുമോ; ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) കുറ്റിപ്പുറം താലൂക്കാശുപത്രിയിൽ എം.പി. ഫണ്ട് മുഖാന്തരം ഒരു കെട്ടിടവും എൽ.എ.സി.എ.ഡി.എഫ്. മുഖാന്തിരം മറ്റൊരു കെട്ടിടവും നിർമ്മിച്ചുവരുന്നു. എം.പി. ഫണ്ട് ഉപയോഗിച്ച് നടത്തുന്ന ഡയാലിസിസ് യൂണിറ്റിന്റെ നിർമ്മാണ പ്രവൃത്തികൾ കുറ്റിപ്പുറം ബ്ലോക്ക് എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗമാണ് നടത്തുന്നത്. ഈ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

(സി) പുതിയ കെട്ടിടം പണിയുന്നതിനുള്ള സ്ഥലം ഒരുക്കുന്നതിനായി പഴയ കെട്ടിടങ്ങൾ പൊളിച്ചുനീക്കുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. കെട്ടിട നിർമ്മാണ പ്രവൃത്തികൾ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ഡി&ഇ) ആർദ്രം പദ്ധതിയുടെ ഭാഗമായി കുറ്റിപ്പുറം താലൂക്കാശുപത്രിയെ ഉൾപ്പെടുത്തുകയും ഇവിടെ ജൂനിയർ കൺസൾട്ടന്റ് (O&G), ജൂനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ), ലാബ്ടെക്നീഷ്യൻ, ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-1 എന്നിവയിൽ ഓരോ തസ്തികയും സ്റ്റാഫ് നഴ്സിന്റെ മൂന്ന് തസ്തികകളും ഇതിനോടകം അധികമായി സൃഷ്ടിച്ചുനൽകിയിട്ടുണ്ട്. ഇവിടത്തെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരികയാണ്. എം.പി. ഫണ്ടിൽനിന്നും 45 ലക്ഷം രൂപ ഡയാലിസിസ് യൂണിറ്റിനുവേണ്ടി കെട്ടിടം പണിയുവാൻ അനുവദിച്ചുനൽകിയിട്ടുണ്ട്. ഇതിന്റെ തുടർപ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

## ഷൊർണ്ണൂർ മണ്ഡലത്തിലെ ആരോഗ്യമേഖലയിലെ വികസന പ്രവർത്തനങ്ങൾ

263 (274) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിൽ നാളിതുവരെ എത്ര പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ കുടുംബ ആരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട് എന്നതിന്റെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത മണ്ഡലത്തിലെ ആരോഗ്യ മേഖലയിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത് എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഷൊർണ്ണൂർ നിയോജക മണ്ഡലത്തിലെ അടക്കാപുത്തൂർ, നെല്ലായ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുകയും ഇവിടെ ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നിഷ്യൻ, ഒരു ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ചളവറ സാമൂഹികാരോഗ്യകേന്ദ്രത്തെയും വാണിയംകുളം, വെള്ളിനേഴി, തൃക്കടീരി എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്. കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചെർപ്പുളശ്ശേരി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഡെന്റൽ ഒ.പി. ആരംഭിക്കുകയും ഇവിടെ പെയിൻ ആൻഡ് പാലിയേറ്റീവ് പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുകയും ചെയ്തിട്ടുണ്ട്.

## തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ വാഹന പാർക്കിംഗ് ഫീസ്

264 (275) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ വാഹന പാർക്കിംഗ് ഫീസ് പിരിക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; വിശദവിവരങ്ങൾ നൽകാമോ;

(ബി) പ്രസ്തുത ആശുപത്രിയ്ക്കുള്ളിലേക്ക് പോകുന്ന വാഹനങ്ങളെ രണ്ടാം ഗേറ്റിനുമുന്നിൽ തടഞ്ഞു നിർത്തി പാർക്കിംഗ് ഫീ പിരിക്കുന്നതുമൂലം രോഗികൾക്കും അനുഗമിക്കുന്നവർക്കും ബുദ്ധിമുട്ട് ഉണ്ടാകുന്നതും ഗതാഗതതടസ്സം ഉണ്ടാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദ വിവരങ്ങൾ നൽകാമോ?

ഉത്തരം

(എ) തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ വാഹന പാർക്കിംഗ് ഫീസ് പിരിക്കുന്നതിനായി ആർക്കും കരാർ നൽകിയിട്ടില്ല. ആശുപത്രി വികസന സമിതി മുഖേന നിയമിച്ചിട്ടുള്ള താൽക്കാലിക ജീവനക്കാർ ഫീസ് ശേഖരിക്കുകയും പ്രസ്തുത തുക ആശുപത്രി വികസന സമിതി അക്കൗണ്ടിൽ നിക്ഷേപിച്ചുവരികയും ചെയ്യുന്നു.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## കരുനാഗപ്പള്ളി താലൂക്കാശുപത്രി

265 (276) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി സർക്കാർ താലൂക്ക് ആശുപത്രിയിൽ ഇപ്പോഴുള്ള ജീവനക്കാരുടെ സ്റ്റാഫ് പാറ്റേൺ ലഭ്യമാക്കുമോ; നിലവിൽ എല്ലാവിഭാഗത്തിലും അനുവദിച്ചിട്ടുള്ള തസ്തികകളിൽ സ്ഥിരം ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) കാഷ്വാലിറ്റി വിഭാഗത്തിൽ എത്ര ഡോക്ടർമാരുടെ സേവനം ലഭിക്കുന്നുവെന്ന് വിശദമാക്കുമോ; ഇത് പ്രവർത്തിപ്പിക്കുന്നതിന് കൂടുതൽ ജീവനക്കാരുടെയും ഒരു ഡോക്ടറുടെയും സേവനം ലഭ്യമാക്കുമോ; വിശദീകരിക്കുമോ;

(സി) കാലപ്പഴക്കംചെന്ന ഒരു ആംബുലൻസ് മാത്രമുള്ളതിനാൽ ഒരു ആംബുലൻസ് കൂടി ഈ ആശുപത്രിയിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കരുനാഗപ്പള്ളി സർക്കാർ താലൂക്കാശുപത്രിയിലെ സ്റ്റാഫ് പാറ്റേൺ അനുബന്ധമായി ചേർക്കുന്നു+. ഇതിലെ എല്ലാ തസ്തികകളിലും സ്ഥിരം ജീവനക്കാരെയാണ് നിയമിച്ചിട്ടുള്ളത്.

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കരുനാഗപ്പള്ളി സർക്കാർ താലൂക്കാശുപത്രിയിൽ കാഷ്വൽറ്റി വിഭാഗത്തിൽ നിലവിൽ 4 ഡോക്ടർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ടി ആശുപത്രിയെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി മിനിമം അംഗീകൃത നിവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിന്റെ തുടർ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണ്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**നർക്കിലക്കാട് പി.എച്ച്.സി.-യെ സി.എച്ച്.സി.-യായി ഉയർത്താൻ നടപടി**

266 (277) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ മലയോര കുടിയേറ്റ ഗ്രാമമായ നർക്കിലക്കാട് പ്രവർത്തിക്കുന്ന പി.എച്ച്.സി., സി.എച്ച്.സി.-യായി ഉയർത്തി കിടത്തിച്ചികിത്സ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) മലയോര കുടിയേറ്റ ഗ്രാമങ്ങളും പിന്നോക്ക പട്ടികവർഗ്ഗ സങ്കേതങ്ങളും നിരവധിയുള്ള ഇവിടുത്തെ പാവങ്ങൾ കിടത്തിച്ചികിത്സയ്ക്ക് 50-ഓളം കിലോമീറ്റർ സഞ്ചരിക്കേണ്ട സാഹചര്യം ഒഴിവാക്കാൻ നർക്കിലക്കാട് പ്രവർത്തിക്കുന്ന പി.എച്ച്.സി.- യെ സി.എച്ച്.സി.-യായി പ്രഖ്യാപിക്കുമോ?

ഉത്തരം

(എ&ബി) നിലവിൽ പദവി ഉയർത്തുക എന്നതല്ല മറിച്ച് ആർദ്രം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ വിവിധ ആരോഗ്യ സ്ഥാപനങ്ങളെ തെരഞ്ഞെടുത്ത് അവിടെ അടിസ്ഥാന സൗകര്യ വികസനം നടത്തിയും അധിക തസ്തിക സൃഷ്ടിച്ചും രോഗീസൗഹൃദമാക്കുക എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി നർക്കിലക്കാട് പ്രാഥമികാരോഗ്യകേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമായി തെരഞ്ഞെടുത്ത് ഉത്തരവായിട്ടുണ്ട്. ഇവിടെ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

**നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ സി.റ്റി. സ്കാൻ**

267 (278) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ സി.റ്റി.സ്കാൻ സ്ഥാപിക്കുന്നതിന്

പൊതുമേഖലാ സ്ഥാപനമായ എച്ച്.എൽ.എൽ നിലവിൽ എടുത്തിട്ടുള്ള നടപടി എന്തെല്ലാം എന്ന് വിശദീകരിക്കാമോ;

(ബി) ഇവിടെ സി.റ്റി.സ്കാൻ സ്ഥാപിക്കുന്നതിന് തടസ്സങ്ങൾ ഉണ്ടോയെന്ന് വിശദമാക്കാമോ;

(സി) 2019 മാർച്ച് മാസത്തിൽ സി.റ്റി. സ്കാനിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നിർദ്ദേശം എച്ച്.എൽ.എൽ-ന് നൽകാൻ കഴിയുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ സി.റ്റി. സ്കാൻ സ്ഥാപിക്കുന്നതിനായി എച്ച്.എൽ.എൽ.-ന്റെ ഇന്റേണൽ അപ്രൂവൽ ലഭിക്കാനായി അയച്ചിട്ടുണ്ട്.

(ബി&സി) എച്ച്.എൽ.എൽ.-ന്റെ ഇന്റേണൽ അപ്രൂവൽ ലഭിക്കുന്ന മുറയ്ക്ക് സി.റ്റി. സ്കാൻ സ്ഥാപിക്കുന്നതാണ്.

**മെഡിക്കൽ റീഇംബേഴ്സ്മെന്റ്**

268 (279) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലേക്ക് മെഡിക്കൽ റീഇംബേഴ്സ്മെന്റിനായി അയയ്ക്കുന്ന ഫയലുകൾ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നില്ല എന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) കൊല്ലം ജില്ലയിലെ റ്റി.കെ.എം. ഹയർ സെക്കണ്ടറി സ്കൂളിലെ എച്ച്.എസ്.എ ഇംഗ്ലീഷ് ആദ്ധ്യാപിക ശ്രീമതി സബീന സമർപ്പിച്ച മെഡിക്കൽ റീഇംബേഴ്സ്മെന്റ് അപേക്ഷയുടെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കാമോ;

(സി) ടി അപേക്ഷ അടിയന്തരമായി തീർപ്പുകല്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മെഡിക്കൽ റീഇംബേഴ്സ്മെന്റ് ബില്ലുകൾ പരിശോധിച്ച്, അനുവദനീയമായ തുക തിട്ടപ്പെടുത്തുന്നതിന്, അപേക്ഷകളുടെ

ബാഹുല്യംമൂലം ഉണ്ടാകുന്ന കാലതാമസ്സമാണ് മെഡിക്കൽ റീഇംബേഴ്സ്മെന്റ് അപേക്ഷകൾ തീർപ്പാക്കാൻ കാലതാമസം നേരിടുന്നതിന് കാരണം. പ്രസ്തുത കാലതാമസം ഒഴിവാക്കുന്നതിനായി 06-10-2017-ലെ ജി.ഒ.(എം.എസ്) നമ്പർ 145/2017/ആകുവ നമ്പർ ഉത്തരവ് പ്രകാരം ഗവൺമെന്റ് ആശുപത്രികളിലെ ചികിത്സയുമായി ബന്ധപ്പെട്ട മെഡിക്കൽ റീഇംബേഴ്സ്മെന്റ് അപേക്ഷകളിൽ 50,000 രൂപവരെയുള്ളവ ജില്ലാതല മേധാവികൾക്കും 50,000 രൂപ മുതൽ 2 ലക്ഷം രൂപ വരെയുള്ളവ ജില്ലാ മെഡിക്കൽ ഓഫീസർമാരുടെ പരിശോധനയ്ക്കുശേഷം ജില്ലാതല മേധാവികൾക്കും 2 ലക്ഷം രൂപയ്ക്ക് മുകളിലുള്ളവ ആരോഗ്യ വകുപ്പ് ഡയകറക്ടർ/ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ പരിശോധനയ്ക്കുശേഷം വകുപ്പ് തലവൻമാർക്കും തീരുമാനം കൈക്കൊള്ളാൻ അനുവാദം നൽകിയിട്ടുണ്ട്.

കൂടാതെ Authorized Medical Attendant-ന്റെ ശിപാർശ ഇല്ലാതെതന്നെ അംഗീകൃത സ്വകാര്യ ആശുപത്രികളിൽ നടത്തിയ, അടിയന്തര ചികിത്സ ആവശ്യമായ ചില രോഗങ്ങളുടെ, ചികിത്സയുമായി ബന്ധപ്പെട്ട മെഡിക്കൽ റീഇംബേഴ്സ്മെന്റ് അപേക്ഷകൾ ആരോഗ്യ വകുപ്പിന്റെ പ്രത്യേകാനുമതി ഇല്ലാതെ തന്നെ ധനകാര്യ വകുപ്പിന്റെ അനുമതിയോടെ തീർപ്പാക്കാൻ 15-12-2017-ലെ സ.ഉ. (കൈ)184/17/ആകുവ. ഉത്തരവ് പ്രകാരം ഭരണ വകുപ്പുകൾക്ക് അനുവാദം നൽകിയിട്ടുണ്ട്.

(ബി&സി) കൊല്ലം ജില്ലയിലെ റ്റി.കെ.എം. ഹയർ സെക്കന്ററി സ്കൂളിലെ എച്ച്.എസ്.എ. ആയ ശ്രീമതി സബീനയുടെ മൂന്ന് മെഡിക്കൽ റീഇംബേഴ്സ്മെന്റ് അപേക്ഷകളിൽ അനുവദനീയമായ തുക നിർണ്ണയിക്കുന്നതിനുള്ള നടപടികൾ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഓഫീസിൽ അടിയന്തരമായി സ്വീകരിച്ചുവരുന്നു. പ്രസ്തുത അപേക്ഷകൾ തീർപ്പാക്കേണ്ടത് പൊതുവിദ്യാഭ്യാസ വകുപ്പാണ്.

**ജില്ലാ ആശുപത്രികളിലെ ഒഴിവുകൾ**

269 (280) <u>ശ്രീ. സജി ചെറിയാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജില്ലാ ആശുപത്രികളിൽ ഡോക്ടർമാരുടെയും പാരാമെഡിക്കൽ തസ്തികകളിലും എത്ര ഒഴിവുകൾ വീതം നിലവിലുണ്ടെന്ന് അറിയിക്കാമോ;

(ബി) ചെങ്ങന്നൂർ ജില്ലാ ആശുപത്രിയിലെ പ്രസ്തുത തസ്തികകളിലെ ഒഴിവുകളിൽ നിയമനം നടത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ആരോഗ്യ വകുപ്പിന്കീഴിൽ വരുന്ന ജില്ലാ ആശുപത്രികളിൽ ഡോക്ടർമാരുടെ 23 ഒഴിവുകൾ നിലവിലുണ്ട്. ഇവിടങ്ങളിലെ പാരാമെഡിക്കൽ തസ്തികയിലെ ഇനംതിരിച്ചുള്ള ഒഴിവുകൾ താഴെചേർത്തിരിക്കുന്നു:

| | | |
|---|---|---|
| 1 | ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ | 10 |
| 2 | റേഡിയോഗ്രാഫർ | 20 |
| 3 | ഡെന്റൽ ഹൈജീനിസ്റ്റ് | 4 |
| 4 | ഡെന്റൽ മെക്കാനിക് | 1 |
| 5 | ഒപ്റ്റോ മെട്രിസ്റ്റ് | 3 |
| 6 | ഡയാലിസിസ് ടെക്നീഷ്യൻ | 16 |
| 7 | റെഫ്രിജറേറ്റർ മെക്കാനിക് | 1 |
| 8 | ട്രീറ്റ്മെന്റ് ഓർഗനൈസർ | 3 |
| 9 | റീഹാബിലിറ്റേഷൻ ടെക്നീഷ്യൻ | 4 |
| 10 | ലാബ് ടെക്നീഷ്യൻ | 19 |
| 11 | അനസ്തേഷ്യ ടെക്നീഷ്യൻ | 1 |
| 12 | ഇ.സി.ജി. ടെക്നീഷ്യൻ | 3 |
| 13 | ഫാർമസിസ്റ്റ് | 4 |

(ബി) ചെങ്ങന്നൂർ ജില്ലാ ആശുപത്രിയിൽ കൺസൾട്ടന്റ് തസ്തികയിൽ നിലവിൽ ഒരു ഒഴിവുണ്ട്. പ്രസ്തുത ഒഴിവ് ഉദ്യോഗക്കയറ്റം നൽകി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ**

270 (281) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ (ജെ.എച്ച്.ഐ.) മാരുടെ നിയമനവും സ്ഥാനക്കയറ്റവും എത്രകാലമായി നടക്കുന്നില്ലായെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനതല പ്രൊമോഷൻ തസ്തികയായ ജെ.എച്ച്.ഐ ഗ്രേഡ്-I ന്റെ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; ഈ ഒഴിവുകൾ എവിടെയെല്ലാമാണുള്ളതെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ;

(സി) ഏത് ഗ്രേഡിലെ ഉദ്യോഗസ്ഥർക്ക് സ്ഥാനക്കയറ്റം നൽകിയാണ് ഈ ഒഴിവുകൾ നികത്തേണ്ടതെന്ന് വ്യക്തമാക്കാമോ;

(ഡി) ജെ.എച്ച്.ഐ ഗ്രേഡ്-2 ൽ നിന്ന് ഗ്രേഡ്-1 ലേക്ക് അവസാനമായി സ്ഥാനക്കയറ്റം നൽകിയത് എപ്പോഴാണെന്ന് അറിയിക്കാമോ;

(ഇ) ഇതിനുള്ള മുൻഗണനാപ്പട്ടിക തയ്യാറായിട്ടുണ്ടോയെന്നും ഈ പട്ടികയിൽ നിന്ന് സ്ഥാനക്കയറ്റം നൽകുന്നതിന് നിയമപരമായ തടസ്സങ്ങളുണ്ടോയെന്നും വിശദമാക്കാമോ;

(എഫ്) സ്ഥാനക്കയറ്റം നടന്നാൽ എത്ര ഗ്രേഡ്-2 ഒഴിവുകൾ സൃഷ്ടിക്കപ്പെടുമെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ആരോഗ്യ വകുപ്പിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലെ സീനിയോറിറ്റി തർക്കത്തെത്തുടർന്ന് പ്രസ്തുത സീനിയോറിറ്റി പട്ടിക ദീർഘനാളായി കോടതിയുടെ പരിഗണനയിലായിരുന്നു. ആയതിനാൽ പ്രൊമോഷൻ തടസ്സപ്പെട്ടിരുന്നു. എന്നാൽ 12-9-2018-ലെ സ.ഉ. (സാധാ) നമ്പർ 2797/2018/ ആകുവ അടിസ്ഥാനത്തിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-I-കാർക്ക് ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് താൽക്കാലിക പ്രൊമോഷൻ അനുവദിച്ചിട്ടുണ്ട്. തുടർന്ന് ഒഴിവുണ്ടായ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 തസ്തികയിലേയ്ക്ക് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികയിൽനിന്നും പ്രൊമോഷൻ അനുവദിച്ചിട്ടുണ്ട്. ആയതിനാൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ നിയമനത്തിനും സ്ഥാനക്കയറ്റത്തിനും നിലവിൽ തടസ്സമില്ല.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 4-7-2018-ലെ ഉത്തരവ് പ്രകാരം രണ്ട് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 ജീവനക്കാർക്ക് ഗ്രേഡ്-1 ആയി സ്ഥാനക്കയറ്റം നൽകിയതുകൊണ്ടുണ്ടായ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് പ്രിൻസിപ്പാൾമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ആരോഗ്യ വകുപ്പിൽ 15-12-2018-ലെ ഇ.ജി2-40/2016/ആവഡ ഉത്തരവ് പ്രകാരം 213 ജെ.എച്ച്.ഐ. ഗ്രേഡ് 2-മാർക്കും 25-1-2019-ലെ ഉത്തരവ് പ്രകാരം 23 ജെ.എച്ച്.ഐ. ഗ്രേഡ് 2-മാർക്കും ഗ്രേഡ്-1 ആയി പ്രൊമോഷൻ അനുവദിച്ചു. ജെ.എച്ച്.ഐ. ഗ്രേഡ്-1-ന്റെ 110 ഒഴിവുകളാണ് നിലവിലുള്ളത്. ജില്ല തിരിച്ചുള്ള വിവരം ചുവടെചേർക്കുന്നു: ഗ്രേഡ്-1 തസ്തികയിൽ നിലനിൽക്കുന്ന ഒഴിവുകൾ സ്ഥാനക്കയറ്റത്തിലൂടെ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

| ജില്ല | ഒഴിവുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 8 |
| കൊല്ലം | 2 |
| പത്തനംതിട്ട | 2 |
| ആലപ്പുഴ | 1 |
| കോട്ടയം | 7 |
| ഇടുക്കി | 26 |
| എറണാകുളം | 4 |
| തൃശ്ശൂർ | 15 |
| പാലക്കാട് | 13 |
| മലപ്പുറം | 0 |
| കോഴിക്കോട് | 3 |
| വയനാട് | 14 |
| കണ്ണൂർ | 0 |
| കാസർഗോഡ് | 15 |

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ കോഴിക്കോട് മെഡിക്കൽ കോളേജിൽ ജെ.എച്ച്.ഐ. ഗ്രേഡ് 1-ന്റെ ഒരു ഒഴിവാണ് നിലവിലുള്ളത്.

(സി) ജെ.എച്ച്.ഐ. ഗ്രേഡ്-2 ജീവനക്കാർക്ക് സ്ഥാനക്കയറ്റം നൽകിയാണ് ഈ ഒഴിവുകൾ നികത്തുന്നത്.

(ഡി) ആരോഗ്യ വകുപ്പിൽ 15-12-2018-ലെ ഇ.ജി2-40/2016/ആവഡ. ഉത്തരവ് പ്രകാരം 213 ജെ.എച്ച്.ഐ. ഗ്രേഡ് 2-കാർക്കും 25-1-2019-ലെ ഉത്തരവ് പ്രകാരം 23 ജെ.എച്ച്.ഐ. ഗ്രേഡ് 2-കാർക്കും ഗ്രേഡ്-1 ആയി പ്രൊമോഷൻ അനുവദിച്ചിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 4-7-2018-ലെ ഉത്തരവ് പ്രകാരവും പ്രൊമോഷൻ അനുവദിച്ചിട്ടുണ്ട്.

(ഇ) ആരോഗ്യ വകുപ്പിൽ ജെ.എച്ച്.ഐ. ഗ്രേഡ് 2-ൽനിന്നും ഗ്രേഡ്-1-ലേക്ക് പ്രൊമോഷൻ അനുവദിക്കുന്നതിന് സീനിയോറിറ്റി പട്ടിക നിലവിലുണ്ട്. പ്രസ്തുത പ്രൊമോഷൻ അനുദിക്കുന്നതിന് നിയമപരമായി തടസ്സമില്ല.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ മുൻഗണനാ പട്ടിക തയ്യാറാക്കിയിട്ടുണ്ട്. പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടുള്ള ഗ്രേഡ്-2 ജീവനക്കാർ നിലവിലില്ലാത്തതിനാലാണ് പ്രൊമോഷൻ നൽകാൻ കഴിയാത്തത്.

(എഫ്) ആരോഗ്യ വകുപ്പിൽ 15-12-2018-ലെ ഇ.ജി2-40/2016/ആവഡ ഉത്തരവ് പ്രകാരം 213 ജെ.എച്ച്.ഐ. ഗ്രേഡ് 2-മാർക്കും 25-1-2019-ലെ ഉത്തരവ് പ്രകാരം 23 ജെ.എച്ച്.ഐ. ഗ്രേഡ്-2-മാർക്കും ഗ്രേഡ്-1 ആയി പ്രൊമോഷൻ അനുവദിച്ചിട്ടുണ്ട്. 2-12-2018-ലെ സ.ഉ(സാധാ.) നമ്പർ 3546/2018/ആ.കു.വ. പ്രകാരം ജെ.എച്ച്.ഐ. ഗ്രേഡ്-2 തസ്തികയിലുണ്ടാകുന്ന ഒഴിവുകളിൽ പകുതി എണ്ണം ഗ്രേഡ്-II കൂടുതൽ നിലനിൽക്കുന്ന ജില്ലകളിൽ ഗ്രേഡ്-1, ഗ്രേഡ്-2 അനുപാതം ക്രമീകരിക്കുന്നതിനും പകുതി എണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും ഉത്തരവായിട്ടുണ്ട്. ആയത് പ്രകാരം ഉണ്ടായിട്ടുള്ള ഒഴിവുകൾ ജില്ല തിരിച്ച് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ സ്ഥാനക്കയറ്റം മുഖാന്തരം ഇനി ഒരു ഒഴിവാണ് ഗ്രേഡ് II തസ്തികയിൽ ഉണ്ടാകുന്നത്.

## ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലെ ഒഴിവുകൾ

271 (282) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ എത്ര ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികകൾ നിലവിലുണ്ടെന്നും ഇതിൽ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടെന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ഇനി എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനുണ്ടെന്നും ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(സി) ഒഴിവുകൾ റിപ്പോർട്ട് ചെയ്യാതിരിക്കാനുള്ള കാരണം എന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

(സി) തൃശ്ശൂർ, മലപ്പുറം ഒഴികെയുള്ള ജില്ലകളിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തൃശ്ശൂർ, മലപ്പുറം ജില്ലകളിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ജെ.എച്ച്.ഐ. ഗ്രേഡ്-1-ലെ ഒഴിവുകൾ പ്രൊമോഷൻ മുഖാന്തിരം നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ചാലക്കുടി താലൂക്കാശുപത്രി

272 (283) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി താലൂക്കാശുപത്രിയിൽ ആർദ്രം മിഷന്റെ ഭാഗമായി പുതുതായി സൃഷ്ടിച്ച കൺസൾട്ടന്റ് (അനസ്തേഷ്യ) തസ്തികയിൽ നിയമന നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ;

(ബി) ചാലക്കുടി താലൂക്ക് ആശുപത്രിയിൽ പുതുതായി അനുവദിച്ച ട്രോമാ കെയർ സംവിധാനം പ്രവർത്തനസജ്ജമാക്കുന്നതിന് ആവശ്യമായ റേഡിയോ ഗ്രാഫർ ഉൾപ്പെടെയുള്ള തസ്തികകൾ ആർദ്രം മിഷന്റെ ഭാഗമായി അടിയന്തരമായി അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ചാലക്കുടി താലൂക്ക് ആശുപത്രിയിൽ ആർദ്രം മിഷന്റെ ഭാഗമായി പുതുതായി ജൂനിയർ കൺസൾട്ടന്റ് (അനസ്തേഷ്യ) തസ്തിക സൃഷ്ടിക്കുകയും ടി തസ്തികയിൽ നിയമനം നടത്തുകയും ചെയ്തിട്ടുണ്ട്.

(ബി) ആർദ്രം പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നതേയുള്ളൂ.

## ഹെൽത്ത് ഇൻസ്പെകർമാരുടെ നിയമനം

273 (284) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, കുടുംബാരോഗ്യ കേന്ദ്രങ്ങൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നിവിടങ്ങളിൽ ഹെൽത്ത് ഇൻസ്പെക്ടർമാരെ നിയമിക്കുന്ന രീതി വിശദമാക്കാമോ;

(ബി) ജനസംഖ്യാടിസ്ഥാനത്തിൽ പി.എച്ച്.സി./സി.എച്ച്.സി.കളിൽ ഹെൽത്ത്ഇൻസ്പെക്ടർമാരെ നിയമിക്കാറുണ്ടോ;

(സി) ജനസാന്ദ്രത കൂടുതൽ ഉള്ളതും നിലവിൽ ഒരു ഹെൽത്ത് ഇൻസ്പെക്ടർ മാത്രമുള്ളതുമായ പി.എച്ച്.സി/സി.എച്ച്.സി.-കളിൽ ഒന്നിൽക്കൂടുതൽ ഹെൽത്ത് ഇൻസ്പെക്ടർമാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 തസ്തികയുടെ പ്രൊമോഷൻ തസ്തികയാണ് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II. പ്രാഥമികരോഗ്യ കേന്ദ്രങ്ങൾ, കുടുംബാരോഗ്യ കേന്ദ്രങ്ങൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ എന്നിവിടങ്ങളിലേയ്ക്ക് അനുവദിക്കപ്പെട്ടിട്ടുള്ള ഹെൽത്ത് ഇൻസ്പെക്ടർ തസ്തികകളിലേയ്ക്ക് സ്ഥാനക്കയറ്റം മുഖേനയാണ് നിയമനം നടത്തുന്നത് .

(ബി) ഇല്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലെ ഒഴിവുകൾ**

274 (285) <u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിൽ എന്റമോളജി, ഫൈലേറിയ വിഭാഗത്തിൽ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ ഒഴിവുകളുണ്ടോ; ഉണ്ടെങ്കിൽ ടി തസ്തിക എന്നുമുതൽ ഒഴിഞ്ഞു കിടക്കുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) ടി തസ്തികയിൽ നിയമനം നടത്തുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വിശദമാക്കാമോ;

(സി) നിലവിലുള്ള സർക്കാർ ഉത്തരവ് പ്രകാരം അസിസ്റ്റന്റ് ഡയറക്ടർ (എന്റമോളജി) തസ്തികയിൽ ജില്ലാ മലേറിയ ഓഫീസറിനാണോ അതോ ബയോളജിസ്റ്റിനാണോ നിയമനം നൽകേണ്ടതെന്ന് വിശദമാക്കുമോ;

(ഡി) ടി തസ്തികയിൽ നിയമനം നടത്തുന്നതിനെതിരെ കോടതിയിൽ കേസുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. അസിസ്റ്റന്റ് ഡയറക്ടർ (എന്റമോളജി) തസ്തിക 1-7-2014 മുതലും അസിസ്റ്റന്റ് ഡയറക്ടർ (ഫൈലേറിയ) തസ്തിക 1-8-2018 മുതലും ഒഴിഞ്ഞുകിടക്കുന്നു.

(ബി) ടി തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നതിനായി 3-4-2018-ൽ വകുപ്പുതല പ്രൊമോഷൻ കമ്മിറ്റികൂടി സെലക്ട് ലിസ്റ്റ് തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. സെലക്ട് ലിസ്റ്റിൽ ഒന്നാമതായി ഉൾപ്പെട്ട ശ്രീ. വി. സന്തോഷ് കുമാർ, സീനിയർ ബയോളജിസ്റ്റിന് ആദ്യം ഒഴിവുവന്ന അസിസ്റ്റന്റ് ഡയറക്ടർ

(എന്റമോളജി) തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകണമെന്ന ആരോഗ്യവകുപ്പ് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ കോടതിയിൽനിന്നും സ്റ്റേ ഉത്തരവ് ലഭിച്ചതിന്റെയടിസ്ഥാനത്തിൽ സ്ഥാനക്കയറ്റം നൽകിയ ഉത്തരവ് റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

(സി) അസിസ്റ്റന്റ് ഡയറക്ടർ (എന്റമോളജി) തസ്തികയിൽ ഇപ്പോൾ നിലവിലുള്ള ഒഴിവ് നിലവിൽ വന്നത് 1-7-2014-ലാണ്. ആ സമയത്ത് സീനിയർ ബയോളജിസ്റ്റ് മാത്രമാണ് അസിസ്റ്റന്റ് ഡയകറക്ടർ (എന്റമോളജി) തസ്തികയുടെ ഫീഡർ കാറ്റഗറിയിൽ ഉൾപ്പെട്ടിരുന്നത്. 18-2-2017-ലെ സ.ഉ. (കൈ) നമ്പർ 27/2017/ആ.കു.വ. ഉത്തരവ് പ്രകാരമാണ് ഹയർ ഗ്രേഡ് ജില്ലാ മലേറിയ ആഫീസർ തസ്തികയെ അസിസ്റ്റന്റ് ഡയകറക്ടർ (എന്റമോളജി/ ഫൈലേറിയ) തസ്തികയുടെ ഫീഡർ കാറ്റഗറിയിൽ ഉൾപ്പെടുത്തിയത്. ഇതിൻപ്രകാരം 18-2-2017-നുശേഷം വരുന്ന ഒഴിവിലേയ്ക്ക് മാത്രമെ ഹയർ ഗ്രേഡ് ജില്ലാ മലേറിയ ആഫീസർ തസ്തികയിലുള്ളവരെ പരിഗണിക്കാൻ കഴിയുകയുള്ളൂ. 1-7-2014 മുതൽ ഒഴിഞ്ഞ് കിടക്കുന്ന നിലവിലുള്ള അസിസ്റ്റന്റ് ഡയറക്ടർ (എന്റമോളജി) തസ്തികയിലെ ഒഴിവിലേയ്ക്ക് സീനിയർ ബയോളജിസ്റ്റിനാണ് നിയമനം നൽകേണ്ടത്.

(ഡി) ഉണ്ട്. ശ്രീ. എം. എസ്. ശശി, ജില്ലാ മലേറിയ ഓഫീസർ (ഹയർ ഗ്രേഡ്) ഫയൽ ചെയ്ത OA(EKM)1607/2017 നമ്പർ കേസ് നിലവിലുണ്ട്. ടി കേസിന്മേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ചിട്ടുള്ള സ്റ്റേ ഓർഡർ 9-10-2018-ലെ ഇടക്കാല ഉത്തരവുപ്രകാരം ഒരുമാസത്തേയ്ക്ക് ദീർഘിപ്പിച്ചിരുന്നു.

**രോഗ നിർണ്ണയ ലാബുകൾ**

275 (286) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രോഗ നിർണ്ണയം നടത്തുന്നതിന് സർക്കാർ മേഖലയിലും സ്വകാര്യ മേഖലയിലും എത്ര ലാബുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) സ്വകാര്യ മേഖലയിൽ രോഗ നിർണ്ണയത്തിനായുള്ള പരിശോധനകൾ നടത്തുന്നവർ അംഗീകൃത സർട്ടിഫിക്കറ്റുകൾ നേടിയിട്ടുള്ളവർ ആണോയെന്നത് സംബന്ധിച്ച പരിശോധനകൾ നടത്തിയിട്ടുണ്ടോ; എങ്കിൽ അംഗീകൃത സർട്ടിഫിക്കറ്റ് ഇല്ലാത്ത എത്രപേരെ കണ്ടെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സർക്കാർ മേഖലയിൽ 9 പബ്ലിക് ഹെൽത്ത് ലബോറട്ടറികൾ നിലവിൽ പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ എല്ലാ സർക്കാർ ആശുപത്രികളിലും സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും എല്ലാ കുടുംബാരോഗ്യകേന്ദ്രങ്ങളിലും സർക്കാർ മെഡിക്കൽ കോളേജുകളിലും ലാബുകൾ പ്രവർത്തിക്കുന്നുണ്ട്.

സ്വകാര്യമേഖലയിലെ ലാബുകളുടെ വിവരം ശേഖരിച്ചുവരുന്നു.

(ബി) ഇതുസംബന്ധിച്ച് പരിശോധനകളൊന്നും നിലവിൽ സർക്കാർ തലത്തിൽ നടത്തിയിട്ടില്ല. കേരളത്തിൽ ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) നിയമം പ്രാബല്യത്തിൽ വന്ന സാഹചര്യത്തിൽ ഇത്തരം സ്ഥാപനങ്ങളുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ടും തുടർന്നും ആവശ്യമായ പരിശോധനകൾ നടത്താൻ നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്.

**ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ ഇ-ടെണ്ടർ ഒഴിവാക്കിയ സാഹചര്യം**

276 (287) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ ഉപകരണങ്ങൾ വാങ്ങുന്നതിനായി സ്റ്റോർ പർച്ചേസ് മാന്വലിലെ വ്യവസ്ഥകൾ ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) തൃശ്ശൂർ ഡ്രഗ്സ് കൺട്രോൾ ലബോറട്ടറിയിലേക്ക് ഉപകരണങ്ങൾ വാങ്ങുന്നതിന് ഇ-ടെൻഡർ നടപടികൾ ഒഴിവാക്കിയ സാഹചര്യം വിശദമാക്കാമോ;

(സി) പ്രസ്തുത സ്ഥാപനത്തിലേക്ക് ഉപകരണങ്ങൾ വാങ്ങുന്നതിന് ഇ-ടെൻഡർ ഒഴിവാക്കി ഭാവിയിലും അനുമതി നൽകിയത് ഏത് നിയമത്തിന്റെ പിൻബലത്തിലാണെന്ന് വിശദമാക്കാമോ;

(ഡി) 1.5 കോടിരൂപയുടെ ഉപകരണങ്ങൾ ഇ-ടെൻഡർ ഒഴിവാക്കി വാങ്ങിയാൽ അതിൻമേലുള്ള അഴിമതിക്കുള്ള സാധ്യത സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) തൃശ്ശൂർ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ ഇ-ടെണ്ടർ മുഖേനയാണ് യന്ത്രോപകരണങ്ങൾ വാങ്ങുന്നത്. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിൽ റേറ്റ് കോൺട്രാക്ട് നിലവിലുള്ള ഉപകരണങ്ങൾ മാത്രമാണ് ഇ-ടെൻഡർ ഒഴിവാക്കി റേറ്റ് കോൺട്രാക്റ്റ് മുഖേനയാണ് പർച്ചേസ് നടത്തുന്നത്.

(സി) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് ഇ-ടെണ്ടർ നടപടികൾ സ്വീകരിച്ച് നിശ്ചിതകാലയളവിലേക്ക് റേറ്റ് കോൺട്രാക്ട് നിലവിലുള്ള സാഹചര്യത്തിൽ വീണ്ടും ഇ-ടെണ്ടർ നടപടികൾ സ്വീകരിച്ച് കാലതാമസം ഒഴിവാക്കുന്നതിനുവേണ്ടിയാണ് സ്ഥിരമായി റേറ്റ് കോൺട്രാക്ട് വ്യവസ്ഥയിൽ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള സാഹചര്യം സംജാതമാക്കിയിരിക്കുന്നത്.

(ഡി) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിൽ റേറ്റ് കോൺട്രാക്ട് നിലവിലുള്ള ഉപകരണങ്ങൾക്ക് മാത്രമാണ് ഇ-ടെണ്ടർ ഒഴിവാക്കി റേറ്റ് കോൺട്രാക്ട് മുഖേന പർച്ചേസ് നടത്തിവരുന്നത്. മറ്റെല്ലാ ഉപകരണങ്ങളും ഇ-ടെണ്ടർ നടപടികൾ വഴി സ്റ്റോർ പർച്ചേസ് നിയമങ്ങൾ പാലിച്ച് മാത്രമാണ് പർച്ചേസ് നടത്തിവരുന്നത്.

**എൻഡോസൾഫാൻ ദുരിതബാധിതർ**

277 (288) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ ദുരിതബാധിതർക്കുവേണ്ടി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിരിക്കുന്നത്; വിശദമാക്കുമോ;

(ബി) എൻഡോസൾഫാൻ ദുരിതബാധിതരുടെ കടങ്ങൾ എഴുതിതള്ളുവാൻ തീരുമാനം എടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) എൻഡോസൾഫാൻ ദുരിത മേഖലയിലെ ബഡ്സ് സ്കൂളുകളുടെ പുരോഗതിക്കായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിരിക്കുന്നത്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) എൻഡോസൾഫാൻ ദുരിതബാധിതർക്കുവേണ്ടി സർക്കാർ നിരവധി പദ്ധതികൾ നടപ്പിലാക്കിവരുന്നു. വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(ബി) ഉണ്ട്. എൻഡോസൾഫാൻ ദുരിതബാധിതരുടെ 50,000 രൂപ വരെയുള്ള ലോണുകൾ എഴുതിതള്ളുന്നതിന് 2.17 കോടി രൂപ കാസർഗോഡ് ജില്ലാ കളക്ടർക്ക് അനുവദിച്ചുനൽകിയിട്ടുണ്ട്.

(സി) മാനസിക വൈകല്യമുള്ള ദുരിതബാധിതരെ പരിപാലിക്കുന്നതിനായി എൻഡോസൾഫാൻ ദുരിതബാധിത പഞ്ചായത്തുകളിലായി 6 എണ്ണവും നിലേശ്വരം മുനിസിപ്പാലിറ്റിയിൽ ഒന്നുമായി ആകെ 7 ബഡ്സ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. ബഡ്സ് സ്കൂളുകൾക്ക് വാഹന സൗകര്യം നൽകിയിട്ടുണ്ട്. കൂടാതെ നബാർഡ് RIDF എൻഡോസൾഫാൻ പാക്കേജ് പ്രകാരം 9 ദുരിത ബാധിത പഞ്ചായത്തുകളിൽ ആധുനിക സൗകര്യത്തോടുകൂടി ബഡ്സ് സ്കൂളുകൾ നിർമ്മിച്ചു വരുന്ന 6 ബഡ്സ് സ്കൂളുകൾ ബന്ധപ്പെട്ട പഞ്ചായത്തുകൾക്ക് കൈമാറി നൽകിയിട്ടുണ്ട്. ഇതിൽ പെരിയ ബഡ്സ് സ്കൂളിനെ അന്താരാഷ്ട്ര നിലവാരമുള്ള ഒരു മോഡൽ ബഡ്സ് സ്കൂളായി ഉയർത്തുന്നതിനായുള്ള നടപടികൾ പൂർത്തീകരിച്ച് 2016 നവംബർ 4-ന് സ്കൂൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

**മായം ചേർത്ത മത്സ്യങ്ങളുടെ വില്പന**

278 (289) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മായം ചേർത്ത മത്സ്യ വില്പന ഒഴിവാക്കുന്നതിന് പരിശോധനകൾ എന്തെങ്കിലും നടത്തിയിട്ടുണ്ടോ;

(ബി) മായം ചേർത്ത മത്സ്യം വില്പന നടത്തിയതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഭക്ഷ്യസുരക്ഷാ വകുപ്പ് ഓപ്പറേഷൻ സാഗർറാണിയുടെ ഭാഗമായി ചെക്ക്പോസ്റ്റുകൾ, മത്സ്യമാർക്കറ്റുകൾ, മത്സ്യ വിപണന കേന്ദ്രങ്ങൾ എന്നിവ കേന്ദ്രീകരിച്ച് മായം കലർന്ന മത്സ്യങ്ങൾ കണ്ടെത്തുന്നതിനായി നിരന്തരമായി പരിശോധനകൾ നടത്തുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കണ്ടെത്തിയിട്ടുണ്ട്. പരിശോധനയിൽ ആരോഗ്യത്തിന് ഹാനികരമായ പദാർത്ഥങ്ങൾ അടങ്ങിയ മത്സ്യം വില്പന നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അത്തരക്കാർക്കെതിരെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരമുള്ള പ്രോസിക്യൂഷൻ/അഡ്ജ്യൂഡിക്കേഷൻ നടപടികൾ സ്വീകരിക്കുന്നുണ്ട്.

**മായം ചേർത്ത വെളിച്ചെണ്ണയും ഭക്ഷണ പാനീയങ്ങളും കണ്ടെത്താൻ നടപടി**

279 (290) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുടനീളം മായം ചേർത്ത വെളിച്ചെണ്ണ വ്യാപകമായി വിറ്റഴിക്കുന്നതുമായി ബന്ധപ്പെട്ട് എത്ര വെളിച്ചെണ്ണ കമ്പനികളുടെ ഉൽപ്പന്നം കണ്ടെത്തിയെന്നും നിരോധനമേർപ്പെടുത്തിയെന്നും വ്യക്തമാക്കുമോ;

(ബി) നിരോധിക്കപ്പെട്ട വെളിച്ചെണ്ണകൾ പുതിയ നാമത്തിലോ നിരോധിക്കപ്പെടാത്ത കമ്പനികളുടെ പേരിലോ വിറ്റഴിച്ച് ലാഭം ഉണ്ടാക്കുന്നതിന് നിരോധിച്ച വെളിച്ചെണ്ണ കമ്പനികൾ തയ്യാറാകുന്നുവെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം ക്രമക്കേട് കണ്ടുപിടിക്കുന്നതിന് എന്തെല്ലാം രീതികളാണ് അവലംബിച്ചിട്ടുള്ളത്;

(സി) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ യുവതീയുവാക്കളെ മാരകമായ രോഗങ്ങളിലേക്ക് എത്തിക്കുന്ന, ആകർഷകമായ അളവിലും നാമത്തിലും നിറത്തിലും ഗന്ധത്തിലും രുചിയിലും വിറ്റഴിക്കുന്ന ജ്യൂസ്, സർബത്ത്, ഐസ്ക്രീം പൗഡർ എന്നിവ നിർമ്മിച്ച് സംസ്ഥാനത്തുടനീളമുള്ള കടകൾക്ക് വിതരണം നടത്തുന്നവരെ കുറിച്ച് ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിലവിലുള്ള സംവിധാനം ഉപയോഗപ്പെടുത്തി, വിശദമായ ഒരു അന്വേഷണത്തിന് നിർദ്ദേശം നല്കുമോ;

(ഡി) ഇത്തരമൊരു അന്വേഷണം ഫലപ്രദമായിക്കഴിഞ്ഞാൽ സംസ്ഥാനത്തെ യുവതലമുറയെ മാരകമായ രോഗത്തിനടിമപ്പെടുത്തുന്ന ഇത്തരം പാനീയങ്ങളുടെ ഉപയോഗത്തിൽനിന്ന് മോചിപ്പിക്കാനുതകുമെന്ന വസ്തുത വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) 2018-ൽ സംസ്ഥാനത്തുടനീളം 166 ബ്രാൻഡ് വെളിച്ചെണ്ണകളിൽ മായം ചേർത്തതായി കണ്ടെത്തിയതിനെത്തുടർന്ന് പ്രസ്തുത ബ്രാൻഡുകൾ നിരോധിച്ചിട്ടുണ്ട്.

(ബി) നിരോധിക്കപ്പെട്ട ബ്രാൻഡുകളിൽപ്പെട്ട വെളിച്ചെണ്ണ പുതിയ ബ്രാൻഡിലോ നാമത്തിലോ നിരോധിക്കപ്പെടാത്ത കമ്പനികളുടെ പേരിലോ വിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം നടപടികൾ സ്വീകരിക്കുന്നുണ്ട്.

ഇതര സംസ്ഥാനങ്ങളിൽനിന്നും ഇത്തരത്തിൽ ഗുണനിലവാരം കുറഞ്ഞ വെളിച്ചെണ്ണ കേരളത്തിൽ എത്തുന്നുവെന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ വിവിധ സംസ്ഥാനങ്ങളിലെ ഭക്ഷ്യസുരക്ഷാ കമ്മീഷണർമാരുമായി ബന്ധപ്പെട്ട് ഇത്തരം കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനും പരിഹാരം കാണുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഭക്ഷ്യസുരക്ഷാ വകുപ്പ് നിശ്ചിത ഇടവേളകളിൽ ഇത്തരം സ്ഥാപനങ്ങളിൽ ഉൾപ്പെടെ പരിശോധനകൾ നടത്തുകയും ആരോഗ്യത്തിന് ഹാനികരമായ ഭക്ഷണ പദാർത്ഥങ്ങൾ കണ്ടെത്തിയാൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ഡി) ഇത്തരം പ്രവർത്തനങ്ങൾ ഭക്ഷ്യസുരക്ഷാ വകുപ്പ് ഫലപ്രദമായി നടത്തിവരുന്നു. ഇത്തരം ഭക്ഷണ പാദാർത്ഥങ്ങൾ ഉപയോഗിച്ചാലുണ്ടാകുന്ന ദോഷങ്ങളെ സംബന്ധിച്ച് കുട്ടികളെയും മുതിർന്നവരെയും ബോധ്യപ്പെടുത്തുന്നതിന് നിരവധി പദ്ധതികൾ ഭക്ഷ്യസുരക്ഷാ വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്.

**ജ്യൂസ്-ഐസ് ക്രീം വിൽപ്പനമൂലമുള്ള ആരോഗ്യ പ്രശ്നങ്ങൾ**

280 (291) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജ്യൂസ് കടകളിലേക്കും ഐസ് ക്രീം പാർലറുകളിലേക്കും ജ്യൂസ്, അസംസ്കൃത പൗഡറുകൾ, സർബത്ത് എന്നിവ എവിടെനിന്നാണ് എത്തിക്കുന്നതെന്ന് ആരോഗ്യ വകുപ്പ് കണ്ടെത്തിയിട്ടുണ്ടോ; ഇത്തരം വിതരണക്കാരെ കണ്ടെത്താൻ ശ്രമം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇത്തരം വിതരണക്കാരെ സംബന്ധിച്ച അന്വേഷണത്തിൽനിന്നും ഉദ്യോഗസ്ഥർ മനഃപൂർവം വിട്ടുനിൽക്കുന്നത് അതീവഗൗരവമായി കാണുമോ;

(സി) ഇപ്രകാരം നിർമ്മിക്കുന്ന ജ്യൂസ്, സർബത്ത് എന്നിവ ഉപയോഗിക്കുന്നവർക്ക് പ്രത്യേകിച്ച് യുവസമൂഹത്തിന് വരുത്തുന്ന ഗുരുതര ആരോഗ്യ പ്രശ്നങ്ങൾ ഇതിലെ ചേരുവകൾ കാരണമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് പരിശോധിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇത്തരം വിൽപ്പന കേന്ദ്രങ്ങൾ മറയാക്കി സാമൂഹ്യവിരുദ്ധർ യുവസമൂഹത്തെ മയക്ക് മരുന്നുൾപ്പെടെയുള്ള ലഹരി ഉപയോഗത്തിലേക്ക് എത്തിക്കുമെന്നത് കണക്കാക്കി നടപടി സ്വീകരിക്കുമോ;

(ഇ) ഇത്തരം വിതരണക്കാരുടെ നിർമ്മാണ യൂണിറ്റുകൾ പരിശോധിക്കാൻ അധികാരപ്പെട്ട വകുപ്പുകൾ ഏതൊക്കെയാണ്;

(എഫ്) നിർമ്മാതാക്കൾക്ക് മുന്നറിയിപ്പ് നല്കാതെ മാസത്തിലൊരിക്കലെങ്കിലും രഹസ്യമായി പരിശോധന നടത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുമോ;

(ജി) ഉദ്യോഗസ്ഥർ സ്വാധീനത്തിനടിമപ്പെട്ട് നിർമ്മാതാക്കൾ നല്കുന്ന സാമ്പിളുകൾ പരിശോധിക്കുന്നത് അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇത്തരം അസംസ്കൃത വസ്തുക്കൾ വിൽക്കുന്ന സ്ഥാപനങ്ങൾ ഭക്ഷ്യ സുരക്ഷാ ലൈസൻസ്/രജിസ്ട്രേഷനോടുകൂടിയാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പുവരുത്താറുണ്ട്.

കൂടാതെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്താറുണ്ട്. പ്രസ്തുത മാനദണ്ഡങ്ങൾ പാലിക്കാത്തതും രജിസ്ട്രേഷൻ/ലൈസൻസ് ഇല്ലാത്തതുമായ സ്ഥാപനങ്ങൾക്കെതിരെ നിയമപരമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കണ്ടെത്തിയിട്ടില്ല. എന്നാൽ ഇതുമായി ബന്ധപ്പെട്ട് നിരവധി ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു. കൂടാതെ രാസപരിശോധനകൾ നടത്തുന്നതിനായി ഭക്ഷണ പദാർത്ഥങ്ങളുടെ സാമ്പിൾ ശേഖരിച്ച് ലാബ് പരിശോധനയ്ക്ക് അയയ്ക്കുകയും റിപ്പോർട്ടുകൾ പ്രകാരം നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(ഡി&ഇ) ലഹരി പദാർത്ഥ ഉപയോഗവും വ്യാപനവും തടയുന്നതിനായി സംസ്ഥാനത്തൊട്ടാകെ എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തുകയും മയക്കുമരുന്ന് വിപണന സാധ്യത സംശയിക്കുന്ന ജ്യൂസ് കടകൾ, ഐസ് ക്രീം പാർലറുകൾ, സർബത്ത് വിൽപ്പന കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥലങ്ങൾ നിരീക്ഷിക്കുകയും പരിശോധനകൾ നടത്തുകയും ചെയ്യുന്നുണ്ട്. ഇത്തരം വിതരണക്കാരുടെ നിർമ്മാണ യൂണിറ്റുകൾ പരിശോധിക്കാൻ ഭക്ഷ്യസുരക്ഷാ വകുപ്പിനും അധികാരമുണ്ട്.

(എഫ്) പരിശോധനകളെല്ലാംതന്നെ മുന്നറിയിപ്പില്ലാതെയാണ് നടത്തിവരുന്നത്.

(ജി) അത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കീടനാശിനി കലർന്ന കറിമസാലകൾ**

281 (292) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്യാൻസർ ഉൾപ്പെടെയുള്ള മാരകരോഗങ്ങൾക്കിടയാക്കുന്ന കീടനാശിനി കലർന്ന കറിമസാലകൾ വിപണിയിൽ സുലഭമായി വിറ്റഴിക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭക്ഷ്യസുരക്ഷാ വകുപ്പ് ഇക്കാര്യത്തിൽ പരിശോധന നടത്തിയിട്ടുണ്ടോ; പ്രസ്തുത പരിശോധനയിൽ വെളിവായിട്ടുള്ള കാര്യങ്ങൾ എന്തൊക്കെയാണ്;

(സി) ഈ സർക്കാരിന്റെകാലത്ത് ഭക്ഷ്യസുരക്ഷ ഓഫീസർമാരായി എത്രപേരെ നിയമിച്ചിട്ടുണ്ട്;

(ഡി) പ്രസ്തുത ഓഫീസർമാരെ നിയമിച്ചശേഷവും വിപണിയിൽ ആവശ്യമായ പരിശോധന നടത്തി മായം കലർന്ന ഭക്ഷ്യവസ്തുക്കൾ വിൽക്കുന്നില്ലെന്ന് ഉറപ്പ് വരുത്താൻ സാധിക്കാത്തതിന് കാരണം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കറിമസാലകളുടെ സാമ്പിളുകൾ ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിച്ച് ലാബുകളിൽ പരിശോധന നടത്തിയതിൽ കീടനാശിനികൾ കലർന്നതായി പരിശോധനാഫലം ലഭിച്ചിട്ടുണ്ട്.

(ബി) ഭക്ഷ്യ സുരക്ഷാ വകുപ്പ് പരിശോധന നടത്തിയിട്ടുണ്ട്. പ്രസ്തുത പരിശോധനകളിൽ Triazophos Ethion Profonofos എന്നീ കീടനാശിനികളുടെ സാന്നിധ്യമുള്ളതായി പരിശോധനാഫലം ലഭിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 119 ഭക്ഷ്യസുരക്ഷാ ഓഫീസർമാരെ പി.എസ്.സി. വഴി നിയമിച്ചിട്ടുണ്ട്.

(ഡി) ലഭ്യമായ ഉദ്യോഗസ്ഥരെ ഉപയോഗിച്ച് ആവശ്യമായ പരിശോധനകൾ നടത്തിവരുന്നുണ്ട്. മായം കലർന്ന ഭക്ഷ്യവസ്തുക്കൾ വിൽക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനുള്ള പരിശോധനകൾ നടന്നുവരുന്നുണ്ട്.

**ശർക്കരയിലെ മായം**

282 (293) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിൽക്കുന്ന ശർക്കരയിൽ വ്യാപകമായ രീതിയിൽ മായം ചേർക്കുന്നുവെന്ന് ഭക്ഷ്യ സുരക്ഷാ വകുപ്പ് നടത്തിയ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഏതൊക്കെ രാസവസ്തുക്കളുടെ സാന്നിദ്ധ്യമാണ് ശർക്കരയിൽ കണ്ടെത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) ശബരിമല പോലുള്ള സ്ഥലങ്ങളിൽ മായം ചേർത്ത ശർക്കര ഉപയോഗിക്കുന്നത് ഗുരുതരമായ ഭവിഷ്യത്തുകൾ ഉണ്ടാക്കുമെന്നതിനാൽ ഇക്കാര്യത്തിൽ കർശന പരിശോധന നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വിൽക്കുന്ന ശർക്കരയിൽ കൃത്രിമ നിറങ്ങൾ ചേർക്കുന്നതായി ഭക്ഷ്യ സുരക്ഷാ വകുപ്പ് പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത പരിശോധനകളിൽ കൃത്രിമ നിറങ്ങളായ Tartrazin Brilliant, Blue Rhodamine, Sunset Yellow, Carmoisine എന്നിവയുടെ സാന്നിധ്യം കണ്ടെത്തിയിട്ടുണ്ട്.

(സി) ശബരിമലയിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ്, ഉൽപ്പാദകരിൽ നിന്ന് നേരിട്ട് സംഭരിക്കുന്ന ശർക്കര പമ്പയിൽ സജ്ജമാക്കിയിട്ടുള്ള ഭക്ഷ്യ സുരക്ഷാ ലാബിൽ പരിശോധനയ്ക്ക് വിധേയമാക്കി ഗുണനിലവാരം ഉറപ്പുവരുത്തി മാത്രമെ ഉപയോഗിക്കാറുള്ളൂ.

**വെളിച്ചെണ്ണയിൽ വ്യാപകമായി മായം**

283 (294) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിൽക്കുന്ന വെളിച്ചെണ്ണയിൽ വ്യാപകമായി മായം കലർത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2018-ൽ മായം കലർത്തിയതായി കണ്ടെത്തിയ എത്ര ബ്രാൻഡ് വെളിച്ചെണ്ണയുടെ ഉല്പാദനവും,വില്പനയുമാണ് സംസ്ഥാനത്ത് നിരോധിച്ചത്;

(സി) നിരോധിച്ച ബ്രാൻഡുകൾ പേരുമാറ്റി പുതിയ പേരിൽ വിപണിയിൽ വിൽക്കുന്ന സാഹചര്യം സർക്കാർ ഗൗരവമായി പരിശോധിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്നും ഇത്തരത്തിൽ ബ്രാൻഡ് മാറ്റി വില്പന നടത്തിയ ഏതെങ്കിലും ഉല്പാദകർക്കെതിരെ കേസെടുത്തിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) മായം കലർത്തിയതായി കണ്ടെത്തിയ 166 ബ്രാൻഡ് വെളിച്ചെണ്ണകളുടെ ഉൽപ്പാദനവും വിൽപ്പനയുമാണ് 2018-ൽ ഭക്ഷ്യ സുരക്ഷാ കമ്മീഷണർ നിരോധിച്ചിട്ടുള്ളത്.

(സി&ഡി) നിരോധിക്കപ്പെട്ട വെളിച്ചെണ്ണ പുതിയ ബ്രാൻഡിലോ നാമത്തിലോ നിരോധിക്കപ്പെടാത്ത കമ്പനികളുടെ പേരിലോ വിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ഭക്ഷ്യ സുരക്ഷ ഗുണനിലവാര നിയമപ്രകാരം നടപടികൾ സ്വീകരിക്കുന്നുണ്ട്.

ഇതര സംസ്ഥാനങ്ങളിൽനിന്നും ഇത്തരത്തിൽ ഗുണനിലവാരം കുറഞ്ഞ വെളിച്ചെണ്ണ കേരളത്തിൽ എത്തുന്നുവെന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങളിലെ ഭക്ഷ്യ സുരക്ഷാ കമ്മീഷണറുമായി ബന്ധപ്പെട്ട് ഇത്തരം കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനും പരിഹാരം കാണുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പരിശോധനകൾ നടത്തുന്നുണ്ട്. കേസുകൾ രജിസ്റ്റർ ചെയ്തിട്ടില്ല.

**ദേശീയ-അന്തർദ്ദേശീയ അംഗീകാരങ്ങൾ**

284 (295) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരോഗ്യ , സാമൂഹ്യനീതി, ശിശുവികസന വകുപ്പുകൾക്ക് ദേശീയ-അന്തർദ്ദേശീയ അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

2018 ഒക്ടോബർ 23-ന് ചെന്നൈയിൽവച്ച് ആദ്യമായി സംഘടിപ്പിച്ച ദക്ഷിണമേഖല നാഷണൽ ഓറൽ ഹെൽത്ത് പ്രോഗ്രാമിന്റെ വർക്ക്ഷോപ്പിൽ കേരളത്തിന് പ്രശംസാപത്രം ലഭിച്ചിട്ടുണ്ട്. കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം ഡൽഹിയിൽ വച്ച് 29-6-2018-ൽ നടന്ന പ്രധാനമന്ത്രി സുരക്ഷ അഭിയാൻ അവാർഡ്ദാന ചടങ്ങിൽ മാതൃമരണ നിരക്ക് കുറഞ്ഞ സംസ്ഥാനത്തിനുള്ള അവാർഡ് കേരളത്തിന് ലഭിച്ചു. അർബൻ പ്രൈമറി ഹെൽത്ത് സെന്റർ വിഭാഗത്തിൽ സംസ്ഥാനത്ത് ഏറ്റവും നല്ല സേവനം രോഗികൾക്ക് നൽകിയതിനാൽ സ്കോച്ച് അവാർഡ് ഓഫ് മെറിറ്റിന് മൈനാഗപ്പള്ളി അർബൻ പ്രൈമറി ഹെൽത്ത് സെന്റർ അർഹമായി. കൂടാതെ പാലക്കാട് കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിക്കും ഏറ്റവും മികച്ച സേവനത്തിനുള്ള അവാർഡ് ലഭിക്കുകയുണ്ടായി. ജന്മനായുള്ള ഹൃദ്രോഗ ചികിത്സയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന ഹൃദ്യം പദ്ധതിക്ക് 2018 മാർച്ച് മാസത്തിൽ സ്കോച്ച് ഭാരത് ഗോൾഡ് അവാർഡ്, എക്സ്പ്രസ്സ് ഹെൽത്ത് കെയർ അവാർഡ് എന്നീ രണ്ട് പ്രധാന നാഷണൽ അവാർഡുകൾ ലഭിച്ചിട്ടുണ്ട്. മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനും പരിരക്ഷയ്ക്കുമായി 'വയോമിത്രം' അടക്കമുള്ള മാതൃകാപരമായ വിവിധ ക്ഷേമ പദ്ധതികൾ വിജയകരമായി നടപ്പിലാക്കിയതിന്, ഭാരത സർക്കാരിന്റെ 2017-ലെ 'വയോശ്രേഷ്ഠ സമ്മാൻ 'സാമൂഹ്യനീതി വകുപ്പിന് ലഭിച്ചു.

സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷന് 2018-ൽ Best Channelizing Agency of National Handicapped Finance & Development Corporation-ന് ദേശീയ അവാർഡ് ലഭിച്ചിട്ടുണ്ട്. കേന്ദ്ര വനിത ശിശുവികസന മന്ത്രാലയത്തിന്റെ ആഭിമുഖ്യത്തിൽ POSHN MAAH-2018-മായി ബന്ധപ്പെട്ട് 10-102018-ന് ഡൽഹിയിൽ നടന്ന ചടങ്ങിൽ വനിതാ-ശിശുവികസന വകുപ്പുവഴി നടപ്പിലാക്കിയ കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ന്യൂട്രീഷ്യൻ മിഷന്റെ മാർഗ്ഗരേഖകൾ അടിസ്ഥാനമാക്കി മികച്ച സ്റ്റേറ്റ് കൺവർജൻസ് ആക്ഷൻ പ്ലാൻ തയ്യാറാക്കിയതിന് കേരളത്തിന് ബഹുമതിയും മെഡലും ലഭിച്ചിട്ടുണ്ട്.

**ആരോഗ്യ സ്ഥാപന നിയന്ത്രണ നിയമം**

285 (296) ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ.ജി. എസ്. ജയലാൽ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ സ്ഥാപന നിയന്ത്രണ നിയമത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായി ആശുപത്രികളുടേയും ലബോറട്ടറികളുടേയും രജിസ്ട്രേഷൻ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) സ്ഥാപനങ്ങൾക്ക് സ്ഥിരം രജിസ്ട്രേഷൻ നൽകുന്നതിന് മുന്നോടിയായി സ്വീകരിക്കുന്ന നടപടി ക്രമങ്ങൾ വിശദമാക്കുമോ;

(ഡി) ആരോഗ്യ സ്ഥാപന നിയന്ത്രണ നിയമം എന്ന് നിലവിൽവരുമെന്നും ആയതിലേക്കുള്ള ചുവടുവെയ്പ്പും അറിയിക്കുമോ?

ഉത്തരം

(എ) പൊതുജനാരോഗ്യം മെച്ചപ്പെടുത്തുന്നതിനായി ക്ലിനിക്കൽ സ്ഥാപനങ്ങൾ നൽകുന്ന സൗകര്യങ്ങളുടെയും സേവനങ്ങളുടെയും നിലവാരം നിർണ്ണയിക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് കേരളാ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ട് 2018, നിലവിൽവന്നിട്ടുള്ളത്

(ബി-ഡി) കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ട് 2019 ജനുവരി 1 മുതൽ പ്രാബല്യത്തിൽവന്നു. ആദ്യഘട്ടമായി പാലക്കാട്, തൃശ്ശൂർ, മലപ്പുറം ജില്ലകളിലെ അംഗീകൃത ചികിത്സാ സമ്പ്രദായമായ മോഡേൺ മെഡിസിന് (ദന്ത ചികിത്സ ഉൾപ്പെടെ) കീഴിലുള്ള ക്ലിനിക്കൽ സ്ഥാപനങ്ങൾക്കായി താൽക്കാലിക രജിസ്ട്രേഷൻ ആരംഭിച്ചിട്ടുണ്ട്. ഇത് മറ്റ് ജില്ലകളിലേയ്ക്കും ഉടനെ വ്യാപിപ്പിക്കുന്നതാണ്. താൽക്കാലിക രജിസ്ട്രേഷൻ രണ്ട് വർഷത്തേയ്ക്ക് സാധുവായിരിക്കവേ, ഈ കാലയളവിൽ ക്ലിനിക്കൽ സ്ഥാപനങ്ങളെ ഇനംതിരിക്കുകയും തരംതിരിക്കുകയും ഓരോ ഇനത്തിനും തരത്തിനുംവേണ്ട നിലവാരങ്ങളും ജീവനക്കാരുടെ യോഗ്യതകളും നിശ്ചയിക്കുന്നതും ഇവ വിജ്ഞാപനം ചെയ്യുന്നതുമാണ്. ഇതോടൊപ്പം എല്ലാ താൽക്കാലിക രജിസ്ട്രേഷൻ ലഭിച്ച ക്ലിനിക്കൽ സ്ഥാപനങ്ങളും അതത് തലത്തിനുവേണ്ട നിലവാരം ആർജ്ജിച്ചതിനുശേഷം സ്ഥിരം രജിസ്ട്രേഷനുവേണ്ടി അപേക്ഷിക്കേണ്ടതാണ്.

## മസ്തിഷ്ക മരണം രേഖപ്പെടുത്തുന്നതിനായുള്ള ശാസ്ത്രീയമായ രീതികൾ

286 (297)ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മസ്തിഷ്ക മരണം രേഖപ്പെടുത്തുന്നതിനായി ശാസ്ത്രീയമായി എന്തൊക്കെ രീതികൾ അവലംബിക്കണം എന്നത് സംബന്ധിച്ച് ഡബ്ല്യു.സി.സി.5552/2017

നമ്പർ കേസിലെ കേരള ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ സർക്കാർ എന്തൊക്കെ നിബന്ധനകളാണ് പുറപ്പെടുവിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ;

(ബി) ദയാവധം സംബന്ധിച്ച സുപ്രീ കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഡോ.എം.ആർ.രാജഗോപാൽ ചെയർമാനായി രൂപീകരിച്ച സമിതി നൽകിയ റിപ്പോർട്ടിലെ ശിപാർശകൾ എന്തൊക്കെയാണ്;

(സി) പ്രസ്തുത ശിപാർശകളുടെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഡബ്ല്യൂ.പി.സി. 5552/2017 നമ്പർ കേസിലെ ബഹു. കേരള ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ മസ്തിഷ്ക മരണം സ്ഥിരീകരിക്കുന്നതിന് 3-4-2018-ലെ സ.ഉ.(കൈ) നമ്പർ 53/2018/ആകുവ പ്രകാരം കൂടുതൽ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്*

(ബി&സി) ദയാവധം സംബന്ധിച്ച സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ മസ്തിഷ്ക മരണം സ്ഥിരീകരിക്കുന്നതിനുള്ള മാർഗ്ഗരേഖ തയ്യാറാക്കുന്നതിലേയ്ക്കായി ഡോ. എം. ആർ. രാജഗോപാൽ ചെയർമാനായി ഒരു കമ്മിറ്റി 25-4-2018-ലെ സ.ഉ. (സാധാ) നമ്പർ 1382/2018/ആകുവ പ്രകാരം രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പിശോധിച്ചുവരുന്നു.

**കണ്ണിയമ്പുറം, കടമ്പഴിപ്പുറം എന്നീ ആയുർവ്വേദ ആശുപത്രികൾ**

287 (298) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം കണ്ണിയമ്പുറം, കടമ്പഴിപ്പുറം എന്നീ ആയുർവേദ ആശുപത്രികൾ അപ്ഗ്രേഡ് ചെയ്ത് 30 കിടക്കകളോടുകൂടിയ ആശുപത്രിയാക്കി ഉയർത്തുന്നതിനുള്ള പ്രൊപ്പോസൽ എന്നാണ് ലഭിച്ചത്; അതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം നല്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ആയൂർവേദ ആശുപത്രികൾ അപ്ഗ്രേഡ് ചെയ്തു; വിശദാംശം നൽകാമോ?

ഉത്തരം

(എ) ഒറ്റപ്പാലം കണ്ണിയംപുറം സർക്കാർ ആയുർവ്വേദ ആശുപത്രി അപ്ഗ്രേഡ് ചെയ്യുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ 27-3-2017-ൽ സർക്കാരിന് ലഭിച്ചു. ടി ആശുപത്രിക്ക് പുതിയ ബ്ലോക്ക് നിർമ്മിക്കുന്നതിന് ശ്രീ. പി. ഉണ്ണി, എം.എൽ.എ.-യുടെ 2016-17 സാമ്പത്തിക വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി 24-5-2017-ലെ സ.ഉ. (സാധാ) നമ്പർ 203/2017/ആയുഷ് പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കടമ്പഴിപ്പുറം ആയുർവ്വേദ ആശുപത്രി അപ്ഗ്രേഡ് ചെയ്യുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ 6-3-2018-ൽ സർക്കാരിൽ ലഭിച്ചു. ടി പ്രൊപ്പോസൽ പരിശോധിച്ച് പുനഃസമർപ്പിക്കുന്നതിന് 19-9-2018-ലെ എ1/276/2018/ ആയുഷ് നമ്പർ കത്ത് പ്രകാരം ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഒന്ന്. സർക്കാർ ആയുർവ്വേദ ആശുപത്രി എടക്കര, മലപ്പുറം.

**സ്ത്രീകളെ നൈറ്റ് ഡ്യൂട്ടിയിൽനിന്ന് ഒഴിവാക്കുന്നതിന് വ്യവസ്ഥ**

288 (299) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പ്, സർക്കാരിന്റെ വിവിധ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ജോലിചെയ്യുന്ന അഞ്ചുവയസ്സിൽ താഴെ പ്രായമുള്ള കുട്ടികളുള്ള സ്ത്രീകളെ നൈറ്റ് ഡ്യൂട്ടിയിൽനിന്നും ഒഴിവാക്കുന്നതിന് നിലവിൽ വ്യവസ്ഥയുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) വനിതാ ശിശുവികസന വകുപ്പിൽ ജോലിചെയ്യുന്ന അഞ്ച് വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളുള്ള സ്ത്രീകളെ നൈറ്റ് ഡ്യൂട്ടിയിൽനിന്നും ഒഴിവാക്കുന്നതിന് നിലവിൽ വ്യവസ്ഥയില്ല. മറ്റ് വകുപ്പുകളിലെ വിവരങ്ങൾ ശേഖരിച്ചുനൽകുന്നതാണ്.

**വയോജന സൗഹൃദ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി**

289 (300) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ ജില്ലാ ആശുപത്രികളിലും പ്രധാന ആശുപത്രികളിലും വയോജനങ്ങൾക്ക് പ്രത്യേകമായി ജറിയാട്രിക് ഒ.പി.കളും വാർഡുകളും ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ജറിയാട്രിക് ഒ.പി.-കളും വാർഡുകളും ഇല്ലാത്ത ആശുപത്രികളിൽ അവ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) വയോജനങ്ങൾ ദീർഘസമയം ക്യൂ നിൽക്കുന്നത് ഒഴിവാക്കുന്നതിനായി ഒ.പി.ടിക്കറ്റ് കൗണ്ടറുകളിലും മറ്റും ഇവർക്കായി പ്രത്യേക വരികൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാമോ;

(ഡി) പി.എച്ച്.സി.-കളിലും സി.എച്ച്.സി.-കളിലും കൂടുതൽ വയോജന സൗഹൃദ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാന ആരോഗ്യ വകുപ്പിന് കീഴിലുള്ള വയോജന ആരോഗ്യ പദ്ധതിയുടേയും കേന്ദ്രാവിഷ്കൃത പദ്ധതിയായ NPHC-യുടേയും ഭാഗമായി എല്ലാ ജില്ലാ ആശുപത്രികളിലും ജറിയാട്രിക് വാർഡുകൾ സജ്ജീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജറിയാട്രിക് വാർഡുകൾ സജ്ജീകരിക്കാൻ സ്ഥലപരിമിതിയുള്ള ആശുപത്രികളിൽ മുതിർന്ന പൗരൻമാർക്ക് മാത്രമായി പ്രത്യേകം കിടക്കകൾ അനുവദിച്ചിട്ടുണ്ട്.

(ബി) ജറിയാട്രിക് ഒ.പി.-കളും വാർഡുകളും ഇല്ലാത്ത ആശുപത്രികളിൽ അവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരോഗ്യ വകുപ്പ് സ്വീകരിച്ചുവരികയാണ്. ആർദ്രം പദ്ധതിയുടെ ഉദ്ദേശലക്ഷ്യം കൂടിയായ വയോജന സൗഹൃദ ആശുപത്രി എന്ന ലക്ഷ്യത്തിലേയ്ക്ക് എത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായി ജറിയാട്രിക് വാർഡുകൾ, വയോജന സൗഹൃദ ശൗചാലയങ്ങൾ, റാമ്പുകൾ, റീലിംഗുകൾ, ഫിസിയോതെറാപ്പി യൂണിറ്റുകൾ എന്നിവ സജ്ജീകരിക്കുന്നതിന് പ്രത്യേക ഫണ്ട് നൽകിയിട്ടുണ്ട്.

(സി) വയോജനങ്ങൾക്ക് പ്രത്യേക ക്യൂ അല്ലെങ്കിൽ നോ ക്യൂ സംവിധാനം എന്നിവ അരോഗ്യ വകുപ്പിന് കീഴിലുള്ള ആശുപത്രികളിൽ നടപ്പിലാക്കുന്നതിന് നിർദ്ദേശം നിലനിൽക്കുന്നതാണ്. ടോക്കൺ വ്യവസ്ഥകൾ, ക്യൂ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ എന്നിവ മിക്ക ആശുപത്രികളിലും സ്വീകരിച്ചതോടെ ദീർഘസമയം ക്യൂ നിൽക്കുന്നത് ഒഴിവാക്കാൻ സാധിച്ചിട്ടുണ്ട്. ആർദ്രം പദ്ധതിയിലൂടെ ഒ.പി. ട്രാൻസ്ഫർമേഷൻ യാഥാർത്ഥ്യമാക്കുന്നതോടെ ഇതിന് ഒരു ശാശ്വത പരിഹാരമാകുന്നതാണ്.

(ഡി) എല്ലാ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും വയോജനങ്ങൾക്ക് പ്രത്യേകം സേവനം നൽകുന്നതിനായി ഒരു സ്റ്റാഫ് നഴ്സിനേയും ഒരു ഫിസിയോതെറാപ്പിസ്റ്റിനേയും ദേശീയ അരോഗ്യ ദൗത്യം പദ്ധതി മുഖേന നിയമിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 232 സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും നിയമിതരായ ഈ ജീവനക്കാരുടെ സേവനം പ്രയോജനപ്പെടുത്തി വയോജന സൗഹൃദമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. ഇതിനുപുറമേ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ വയോജന ക്ലിനിക്കുകൾ സജ്ജീകരിക്കുന്നതിനുള്ള പ്രത്യേക ഫണ്ടും എല്ലാ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും നൽകിയിട്ടുണ്ട്.

**നിർധന വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം**

290 (301) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർധന വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായത്തിനുള്ള അപേക്ഷകൾ കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ ഇനത്തിൽ എത്ര അപേക്ഷകൾ ലഭിച്ചുവെന്നും എന്ത് തുക വിതരണം ചെയ്തുവെന്നും വ്യക്തമാക്കാമോ;

(സി) മലപ്പുറം ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ വിവാഹ ധനസഹായത്തിനുള്ള എത്ര അപേക്ഷകളാണ് തീർപ്പുകൽപ്പിക്കാനുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) ഇവ എന്നത്തേക്ക് കൊടുത്തുതീർക്കുവാൻ സാധിക്കുമെന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ വിവിധ പഞ്ചായത്തുകളിലായി 1594 അപേക്ഷകൾ തീർപ്പാകാതെ കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആകെ 20998 അപേക്ഷകൾ ലഭിക്കുകയുണ്ടായി. ആയതിലേയ്ക്ക് ആകെ 44,10,52,046 രൂപ (നാല്പത്തി നാല് കോടി പത്ത് ലക്ഷത്തി അൻപത്തിരണ്ടായിരത്തി നാല്പത്തിയാറ്) വിതരണം ചെയ്തു.

(സി) 409 അപേക്ഷകൾ.

(ഡി) ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് വിതരണം ചെയ്യാൻ സാധിക്കുന്നതാണ്.

**കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ**

291 (302) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ 2018-19 വർഷത്തിൽ കുടുംബാരോഗ്യ കേന്ദ്രമാക്കിയ പൊഴിയൂർ-കാരോട്, ചെങ്കൽ-കുളത്തൂർ എന്നീ കേന്ദ്രങ്ങളിൽ ഏതൊക്കെ നിർമ്മാണ പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) 2019 മാർച്ച് മാസത്തിൽ പ്രവൃത്തികൾ പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിക്കാൻ കഴിയുമോയെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ നിർമ്മാണ പ്രവൃത്തി നിർവ്വഹിക്കുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയതെന്നും ഓരോ കേന്ദ്രത്തിനും എത്ര ലക്ഷം രൂപയാണ് ചെലവ് വരുന്നതെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 2018-19 വർഷത്തിൽ നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ പൊഴിയൂർ-കാരോട്, ചെങ്കൽ-കുളത്തൂർ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായി അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തുന്നതിന് സിവിൽ/ഇലക്ട്രിക്കൽ വർക്ക്, ലാബ് നവീകരണം, തുടങ്ങിയ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) അടിസ്ഥാന സൗകര്യങ്ങളും ഭൗതിക സാഹചര്യങ്ങളും മെച്ചപ്പെടുത്തൽ പൂർത്തിയാകുന്ന മുറയ്ക്ക് പ്രവർത്തനം ആരംഭിക്കുന്നതാണ്.

(സി) പ്രസ്തുത കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ നിർമ്മാണ പ്രവൃത്തി നിർവ്വഹിക്കുന്നതിന് എൻ. എച്ച്. എം. മുഖേന എച്ച്. എൽ. എൽ. എന്ന ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ഓരോ കേന്ദ്രത്തിനും നിലവിൽ എൻ. എച്ച്. എം. ഫണ്ടും എൽ. എസ്. ജി. ഡി. ഫണ്ടും ഉൾപ്പെടെ വകയിരുത്തിയിരിക്കുന്ന തുക ചുവടെ ചേർക്കുന്നു:

കാരോട് പി.എച്ച്.സി.- 22,35,957 (ഇരുപത്തി രണ്ട് ലക്ഷത്തി മുപ്പത്തി അയ്യായിരത്തി തൊള്ളായിരത്തി അൻപത്തി ഏഴ്) രൂപ

ചെങ്കൽ പി.എച്ച്.സി.- 26,60,676 (ഇരുപത്തിയാറ് ലക്ഷത്തി അറുപതിനായിരത്തി അറുനൂറ്റി എഴുപത്തിയാറ്) രൂപ

പൊഴിയൂർ പി.എച്ച്.സി.- 14,46,101 രൂപ (പതിനാല് ലക്ഷത്തി നാൽപ്പത്തിയാറായിരത്തി ഒരുനൂറ്റി ഒന്ന്) രൂപ

കുളത്തൂർ പി.എച്ച്.സി.- 22,91,724 രൂപ (ഇരുപത്തി രണ്ട് ലക്ഷത്തി തൊണ്ണൂറ്റി ഒന്നായിരത്തി എഴുനൂറ്റി ഇരുപത്തി നാല്) രൂപ.

**കൊച്ചിൻ മെഡിക്കൽ കോളേജ്**

292 (303) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിൻ മെഡിക്കൽ കോളേജ് ആസ്തി ബാധ്യതകളോടെ സർക്കാർ ഏറ്റെടുത്തപ്പോൾ ആകെ എത്ര ജീവനക്കാരാണ് ഉണ്ടായിരുന്നതെന്ന് വിശദമാക്കാമോ;

(ബി) ഇവരെ സർക്കാർ സർവ്വീസിൽ ലയിപ്പിക്കുന്നതിനായി തസ്തികകൾ സൃഷ്ടിക്കുകയുണ്ടായോ; വിശദമാക്കാമോ;

(സി) ഇതിൽ എത്ര പേരുടെ നിയമന നടപടികൾ പൂർത്തീകരിച്ചുവെന്ന് വിശദമാക്കാമോ;

(ഡി) ഏറ്റെടുത്തപ്പോൾ ഉണ്ടായിരുന്ന ദിവസവേതന ജീവനക്കാരിൽ എത്രപേർ നിലവിൽ ഉണ്ടെന്നു വിശദമാക്കാമോ; ഇവർക്കായി തസ്തിക സൃഷ്ടിക്കപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവരെ സർവ്വീസിൽ ലയിപ്പിക്കുന്നതിന് വേണ്ടിയുള്ള നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) റെഗുലർ, ഡെപ്യൂട്ടേഷൻ, കരാർ, ദിവസ വേതനം, കൺസൾട്ടന്റ് എന്നീ വിഭാഗങ്ങളിലായി 835 ജീവനക്കാരുണ്ടായിരുന്നു.

(ബി) കൊച്ചി സഹകരണ മെഡിക്കൽ കോളേജിലെ 375 സ്ഥിരം ജീവനക്കാർക്കുവേണ്ടി 148 അധ്യാപക തസ്തികകളും 202 അനദ്ധ്യാപക തസ്തികകളും 25 മിനിസ്റ്റീരിയൽ/ഇതര വിഭാഗം തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. കരാർ/ദിവസ വേതന ജീവനക്കാർക്കുവേണ്ടി 315 തസ്തികകൾ സൃഷ്ടിച്ചു. ഇവരെ സർക്കാർ സർവ്വീസിൽ ലയിപ്പിക്കാൻ കഴിയാത്തതിനാൽ പ്രസ്തുത തസ്തികകളിൽ കരാർ/ദിവസ വേതന ജീവനക്കരായിത്തന്നെ തത്ക്കാലം തുടരാൻ അനുവദിച്ചിട്ടുണ്ട്.

(സി) 231 സ്ഥിരം ജീവനക്കാരുടെ നിയമന നടപടികൾ പൂർത്തീകരിച്ചു.

(ഡി) കരാർ/ദിവസ വേതന ജീവനക്കാർക്കുവേണ്ടി സൃഷ്ടിച്ച തസ്തികകളിൽ 156 ദിവസ വേതന ജീവനക്കാർ നിലവിൽ ജോലി ചെയ്യുന്നുണ്ട്. തസ്തികകൾ സൃഷ്ടിച്ചാൽ മാത്രമെ ദിവസ വേതന/കരാർ വ്യവസ്ഥയിൽ ജോലിചെയ്യുന്ന ജീവനക്കാർക്ക് ശമ്പളം നൽകാൻ കഴിയുകയുള്ളൂ. ഇവരെ സർക്കാർ സർവ്വീസിൽ ലയിപ്പിക്കാൻ കഴിയാത്തതിനാൽ പ്രസ്തുത തസ്തികകളിൽ കരാർ/ദിവസ വേതന ജീവനക്കാരായിതന്നെ തൽക്കാലം തുടരാൻ അനുവദിച്ചിട്ടുണ്ട്.

**ഹോമിയോ ഡിസ്പെൻസറികൾ**

293 (304) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോമിയോ ഡിസ്പെൻസറികൾ ഇല്ലാത്ത പഞ്ചായത്തുകളിൽ, 2018-19 സംസ്ഥാന വാർഷിക പദ്ധതി പ്രകാരം പുതിയ സർക്കാർ ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്;

(ബി) മങ്കട ഗ്രാമപഞ്ചായത്തിന്റെ പേര് പ്രസ്തുത വാർഷിക പദ്ധതിയിൽ ശിപാർശ ചെയ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) 2018-19 സാമ്പത്തിക വർഷം ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയ മങ്കടയിലെ പി.എച്ച്.സി.-കളിൽ എന്തെല്ലാം മാറ്റങ്ങൾ നിലവിൽ വന്നിട്ടുണ്ട്; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) 2017-18 സാമ്പത്തിക വർഷത്തിൽ പുതുതായി 10 ഹോമിയോ ഡിസ്പെൻസറികൾ അനുവദിച്ചു. ഹോമിയോപ്പതി വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ സർക്കാർ പരിശോധിക്കുകയും ടി പ്രൊപ്പോസലിൽ ഉൾപ്പെട്ടിരിക്കുന്ന പഞ്ചായത്തുകളിൽ നിലവിലുള്ള മറ്റ് സർക്കാർ ചികിത്സാ കേന്ദ്രങ്ങളുടെ വിവരങ്ങൾ, ഇവയിൽ പഞ്ചായത്തുകളിലാണ് പുതിയ ഡിസ്പെൻസറികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്, ഇതിലേയ്ക്കായി ഉപകരണ സംഭരണത്തിനായി വേണ്ടിവരുന്ന ചെലവ്, ഹോമിയോ ആശുപത്രിക്ക് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ നൽകാൻ സന്നദ്ധമാണെന്ന് കാണിക്കുന്ന ബന്ധപ്പെട്ട പഞ്ചായത്തിന്റെ സമ്മതപത്രത്തിന്റെ പകർപ്പ് എന്നിവ ലഭ്യമാക്കാൻ ഹോമിയോപ്പതി വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെടുകയും ചെയ്തിരിക്കുന്നു. 2018-19 വാർഷിക പദ്ധതി പ്രകാരം പുതിയ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള ലിസ്റ്റിൽ മങ്കട ഗ്രാമപഞ്ചായത്തിന്റെ പേരും ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) 2018-19 സാമ്പത്തിക വർഷം ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയ മങ്കട മണ്ഡലത്തിലെ പുഴക്കാട്ടിരി സി.എച്ച്.സി.-യേയും, അങ്ങാടിപ്പുറം, കുട്ടിലങ്ങാടി, ചെമ്മലശ്ശേരി, മൂർക്കനാട് എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളേയും കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്. ടി കേന്ദ്രങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി നാഷണൽ ഹെൽത്ത് മിഷൻ മുഖേന 15.50 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. ആയതിന്റെ പ്രവൃത്തികൾ നാഷണൽ ഹെൽത്ത് മിഷൻ മുഖേന നടന്നുവരുന്നു.

**ആയുർവ്വേദ രംഗത്തെ വ്യാജ ചികിത്സ തടയാൻ നടപടി**

294 (305) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവ്വേദ രംഗത്ത് വ്യാജ ചികിത്സ വ്യാപകമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വ്യാജ വൈദ്യത്തിന് എതിരെയുള്ള സുപ്രീംകോടതി വിധി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വെളിപ്പെടുത്താമോ;

(സി) നിലവിലുള്ള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം വ്യാജ ചികിത്സ തടയുന്നതിന് പര്യാപ്തമാണോ; ഇല്ലെങ്കിൽ ഇതിനായി പ്രത്യേക നിയമനിർമ്മാണം ആലോചിക്കുമോ;

(ഡി) ആയുർവേദത്തിന് സ്വതന്ത്ര ചുമതലയുള്ള ഡ്രഗ്സ് കൺട്രോൾ വിഭാഗം നിലവിലുണ്ടോ; ഇല്ലെങ്കിൽ അതിനായി പ്രത്യേക വിഭാഗം രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ബഹു.സുപ്രീം കോടതിയുടെ 13-4-2018-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ 1953-ലെ ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ടിലെ 38- ാം വകുപ്പ് പ്രകാരം പ്രാക്ടീസ് നടത്തുന്നതിന് യോഗ്യതയുള്ളവരും ആയത് പ്രകാരം ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ കൗൺസിലിന്റെ രജിസ്റ്ററിൽ ഉൾപ്പെട്ടവർക്കും മാത്രമെ പ്രാക്ടീസ് നടത്താൻ സാധിക്കുകയുള്ളൂ. യോഗ്യതയില്ലാതെ ചികിത്സിക്കുന്നവരെ സംബന്ധിച്ച് പരാതികൾ ലഭിക്കുന്നതനുസരിച്ച് നിയമപരമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(സി) പര്യാപ്തമാണ്

(ഡി) ഇല്ല.

സംസ്ഥാനത്ത് പ്രത്യേക ആയുഷ് വകുപ്പ് നിലവിലുണ്ടെങ്കിലും ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ എ.എസ്.യു. വിഭാഗം ഇപ്പോഴും ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ നിയന്ത്രണത്തിലാണ്. സ്വതന്ത്ര ചുമതലയുള്ള എ.എസ്.യു. വിഭാഗം രൂപീകരിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

**മുട്ടത്തറ ഔഷധി യൂണിറ്റിന്റെ നിലവിലെ സ്ഥിതി**

295 (306) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുട്ടത്തറ ഔഷധി യൂണിറ്റിന്റെ നിലവിലെ സ്ഥിതി എന്താണ്;

(ബി) ഔഷധിയുടെ മുട്ടത്തറ യൂണിറ്റിൽ ഏതെല്ലാം ഔഷധങ്ങൾ നിർമ്മിക്കുന്നു;

(സി) ഇവിടെ എത്ര തൊഴിലാളികൾ ജോലി നോക്കുന്നു; അവരിൽ സ്ഥിര നിയമനം ലഭിച്ചവർ എത്ര; താല്ക്കാലിക/കരാർ ജോലിക്കാർ എത്ര;

(ഡി) പ്രസ്തുത യൂണിറ്റ് വിപുലീകരിക്കുന്നതിനുള്ള പ്രപ്പോസൽ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കുമോ?

ഉത്തരം

(എ) ഭാഗികമായി ഔഷധ ഉൽപ്പാദനം നടന്നുവരുന്നു. വൈദ്യുതി കണക്ഷൻ പൂർണ്ണതോതിൽ ലഭിക്കുന്ന മുറയ്ക്ക് പൂർണ്ണമായ ഉൽപ്പാദനം ആരംഭിക്കും.

(ബി) 4 ഇനം മരുന്നുകളാണ് മുട്ടത്തറ ഫാക്ടറിയിൽ ഉൽപ്പാദിപ്പിക്കുന്നത്. പ്രമേഹൗഷധി ചൂർണ്ണം, പ്രമേഹൗഷധി ടാബ്ലെറ്റ്, ലിപ്പോകെയർ ടാബ്ലെറ്റ്, കാർഡോകെയർ ടാബ്ലെറ്റ് എന്നീ മരുന്നുകളാണ് ഉൽപ്പാദിപ്പിക്കുന്നത്.

(സി) സ്ഥിര ജീവനക്കാർ - 2

താൽക്കാലിക/കരാർ ജീവനക്കാർ - 20.

(ഡി) പ്രസ്തുത ഫാക്ടറി വിപുലീകരിക്കുന്നതിന് നിലവിൽ പദ്ധതികളില്ല.

**ആയുർവ്വേദ മരുന്നുകളുടെ ഗുണനിലവാരം**

296 (307) ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. കെ. വി.വിജയദാസ് :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവ്വേദ ചികിത്സാരംഗം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള നൂതന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ആയുർവ്വേദ മരുന്നുകളുടെയും ഉല്പന്നങ്ങളുടെയും ഗുണനിലവാരം പരിശോധിക്കുന്നതിനായി സംസ്ഥാനത്ത് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ആയുർവ്വേദ മരുന്നുകളുടെ ഗുണനിലവാര പരിശോധന കൂടുതൽ ഫലപ്രദമാക്കുന്നതിന് ആയുർവ്വേദ ഡ്രഗ്ഗ് കൺട്രോളർ ആൻഡ് ലൈസൻസിംഗ് അതോറിറ്റിയെ ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(ഡി) കേരളത്തിൽനിന്നുള്ള ആയുർവ്വേദ മരുന്നുകൾക്ക് അന്താരാഷ്ട്ര വിപണിയിൽ അംഗീകാരം ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ സാധിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ആയുർവ്വേദ ചികിത്സാരംഗം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ഭാരതീയ ചികിത്സാ വകുപ്പ്, ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് എന്നിവ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) സംസ്ഥാനത്ത് ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ കീഴിൽ ആയുർവ്വേദ, സിദ്ധ, യുനാനി ഔഷധങ്ങൾക്കുവേണ്ടി ഒരു പ്രത്യേക വിഭാഗം പ്രവർത്തിക്കുന്നുണ്ട്. ഇതിന്റെ ചുമതല നിർവ്വഹിക്കുന്നത് ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർ (ആയുർവ്വേദ) ആൻഡ് ലൈസൻസിംഗ് അതേറിറ്റിയാണ്. ഇതിലേയ്ക്കായി ഒരു (1) സീനിയർ ഡ്രഗ്സ് ഇൻസ്പെക്ടർ ആയുർവ്വേദവും ഏഴ് (7)ആയുർവ്വേദ ഡ്രഗ്സ് ഇൻസ്പെക്ടർമാരും സേവനം ചെയ്യുന്നുണ്ട്. ഇവർ തിരുവനന്തപുരത്തുള്ള മെയിൻ കാര്യാലയത്തിലും കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ മേഖലാ കാര്യാലയങ്ങളിലുമാണ് ജോലി ചെയ്യുന്നത്. ആയുർവ്വേദ, സിദ്ധ, യുനാനി മരുന്നുകളുടെ ഗുണനിലവാര നിർണ്ണയത്തിനായി അതാത് മേഖലയിൽ ചുമതലയുള്ള ഡ്രഗ്സ് ഇൻസ്പെക്ടർമാർ അവരുടെ അധികാര പരിധിയിലുള്ള ഔഷധ നിർമ്മാണ യൂണിറ്റുകളിൽനിന്നും വില്പന കേന്ദ്രങ്ങളിൽനിന്നും സാമ്പിളുകൾ നിശ്ചിത തോതിൽ ശേഖരിച്ച് തിരുവനന്തപുരം ഡ്രഗ് ടെസ്റ്റിംഗ് ലബോറട്ടറിയിലേയ്ക്കും എറണാകുളം റീജിയണൽ ഡ്രഗ് ടെസ്റ്റിംഗ് ലബോറട്ടറിയിലേയ്ക്കും അയയ്ക്കുന്നു. ഇപ്രകാരം ലഭിക്കുന്ന സാമ്പിളുകൾ ഡ്രഗ് ടെസ്റ്റിംഗ് ലബോറട്ടറികളിലെ എ.എസ്.യു. വിഭാഗത്തിലെ അനലിസ്റ്റുമാർ പരിശോധിച്ച് റിപ്പോർട്ടുകൾ അയയ്ക്കുന്നു.

ഇപ്രകാരം ലഭിക്കുന്ന ടെസ്റ്റ് റിപ്പോർട്ടുകളിൽ ഗുണനിലവാരം ഉറപ്പാക്കാത്ത ഔഷധം നിർമ്മിച്ച ഉടമയ്ക്കും സ്ഥാപനങ്ങൾക്കുമെതിരെ ഡ്രഗ്സ് ആൻഡ് കോസ്മെറ്റിക്സ് ആക്ട് 1940 ആൻഡ് റൂൾസ് 1945 പ്രകാരം നിയമ നടപടിയും വകുപ്പുതല നടപടികളും സ്വീകരിക്കാറുണ്ട്.

കൂടാതെ പൊതുജനങ്ങൾക്കും നിർമ്മാതാക്കൾക്കും ആയുർവ്വേദ, സിദ്ധ, യുനാനി മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് പരിശോധന നടത്തുന്നതിലേയ്ക്ക് ഏഴ് (7) ആയുഷ് അപ്രൂവ്ഡ് ലാബുകളും സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്.

(സി) ആയുർവ്വേദ മരുന്നുകളുടെ ഗുണനിലവാര പരിശോധന കൂടുതൽ ഫലപ്രദമാക്കുന്നതിന് ആയുർവ്വേദ ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർ ആൻഡ് ലൈസൻസിംഗ് അതോറിറ്റിയെ ശക്തിപ്പെടുത്തുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

(ഡി) കേരളത്തിലെ ആയുർവ്വേദ മരുന്നുകൾക്ക് അന്താരാഷ്ട്ര വിപണിയിൽ അംഗീകാരം ലഭിക്കുന്നതിന് ഡ്രഗ്സ് കൺട്രോൾ ആയുർവ്വേദ വിഭാഗം ശക്തമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതിലേയ്ക്കായി ഫ്രീസെയിൽ സർട്ടിഫിക്കറ്റ്, <u>നോൺ കൺവിക്ഷൻ സർട്ടിഫിക്കറ്റ്, പ്രോഡക്ട് സർട്ടിഫിക്കറ്റ് എന്നിവകൾ</u>

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കഴിവതും വേഗം ഡ്രഗ്സ് കൺട്രോൾ വകുപ്പിൽനിന്നും അനുവദിക്കുന്നുണ്ട്. കൂടാതെ പുതുതായി യൂണിറ്റുകൾ തുടങ്ങുന്ന സംരംഭകർക്ക് മതിയായ പ്രോത്സാഹനവും അനുഭാവ പൂർണ്ണമായ സമീപനവും നൽകുന്നുണ്ട്.

പുതുതായി പേറ്റന്റ് ആൻഡ് പ്രൊപ്രൈറ്ററി മരുന്നുകൾക്ക് അംഗീകാരം നൽകുന്നതിന് എക്സ്പേർട്ട് കമ്മിറ്റി രൂപീകരിച്ച് സമയബന്ധിതമായി അപേക്ഷകളും ഫോർമുലയും പരിശോധിച്ച് കഴിവതുംവേഗം അനുമതി നൽകുന്നുണ്ട്.

**അർബുദ രോഗികൾക്കുള്ള പെൻഷൻ**

297 (308) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അർബുദ രോഗികൾക്ക് പെൻഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; എത്ര രൂപയാണ് പ്രതിമാസ പെൻഷൻ നൽകിവരുന്നത്; വ്യക്തമാക്കാമോ?

(ബി) മറ്റ് സാമൂഹ്യസുരക്ഷ പെൻഷൻ ലഭിക്കുന്നവർക്ക് പ്രസ്തുത പെൻഷൻ ലഭിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) <u>അർബുദ രോഗികൾക്ക് പെൻഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ</u>:

(1)അഗതികളായ ക്യാൻസർ രോഗി ധനസഹായത്തിന് അപേക്ഷിക്കുന്ന തീയതിക്ക് തൊട്ടുമുൻപ് രണ്ടുകൊല്ലം തുടർച്ചയായി കേരളത്തിൽ സ്ഥിരതാമസ ക്കാരനായിരിക്കണം.

(2)വാർഷിക വരുമാന പരിധി ഒരുലക്ഷം രൂപ.

(3)സൗജന്യ ഭക്ഷണം/താമസ സൗകര്യം/ചികിത്സ ലഭിക്കുന്ന സംസ്ഥാനത്തെ ഏതെങ്കിലും ആശുപത്രികളിലോ മറ്റ് അംഗീകൃത സ്ഥാപനങ്ങളിലോ പ്രവേശിപ്പിക്കപ്പെട്ട് ചികിത്സയിൽ കഴിയുന്ന ആൾ ആയിരിക്കരുത്.

പ്രതിമാസം 1,000 രൂപയാണ് ഈ പദ്ധതി പ്രകാരം ലഭിക്കുന്ന ധനസഹായം.

(ബി) മറ്റ് സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നവർക്കും മുകളിൽ പറഞ്ഞിരിക്കുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായി ക്യാൻസർ പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്.

## മിശ്രവിവാഹ ധനസഹായം

298 (309) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിശ്രവിവാഹ ധനസഹായം ലഭിക്കുന്നതിനുവേണ്ടി ശ്രീ. മനോജ് വി.കെ, വെള്ളാരംകാലായിൽ, വെമ്പള്ളി.പി.ഒ, കാണക്കാരി, കോട്ടയം, എന്നയാൾ വകുപ്പുമന്ത്രിക്ക് സമർപ്പിച്ച അപേക്ഷയിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; ഇതുസംബന്ധിച്ച് ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; റിപ്പോർട്ട് സമർപ്പിക്കാൻ ഉണ്ടായിരിക്കുന്ന കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ശ്രീ. മനോജിന്റെ പരാതിയിൽ തീർപ്പുകൽപ്പിക്കുന്നതിനും എത്രയും പെട്ടെന്ന് ടിയാന് അർഹതപ്പെട്ട ആനുകൂല്യം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ശ്രീ. മനോജ്. വി. കെ.-യുടെ അപേക്ഷയിന്മേൽ കോട്ടയം ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ റിപ്പോർട്ട് ആവശ്യപ്പെട്ട് കത്തും ഓർമ്മക്കുറിപ്പും നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച് ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*

(ബി) ശ്രീ. മനോജ്. വി. കെ.-യുടെ വിവാഹം 29-11-2010-ലാണ് നടന്നിട്ടുള്ളത്. എന്നാൽ ടി.യാൻ മിശ്രവിവാഹിതർക്കുള്ള ധനസഹായത്തിനുള്ള അപേക്ഷ സമർപ്പിച്ചത് 1-8-2017-ലാണ്. ടി പദ്ധതിയുടെ മാനദണ്ഡപ്രകാരം വിവാഹം കഴിഞ്ഞ് ഒരുവർഷത്തിനുശേഷവും രണ്ടുവർഷത്തിനുള്ളിലുമാണ് അപേക്ഷ നൽകേണ്ടിയിരുന്നത്. ഒരു വർഷക്കാലയളവിലെ കാലതാമസം മാപ്പാക്കി നൽകിവരുന്നുണ്ട്. ടി അപേക്ഷയ്ക്ക് 7 വർഷത്തെ കാലതാമസമാണുള്ളത് എന്നതിനാൽ ഇക്കാര്യം പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ആശ്വാസകിരണം പദ്ധതി**

299 (310) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനസിക, ശാരീരിക വെല്ലുവിളികൾ നേരിടുന്നവരെയും കിടപ്പിലായ രോഗികളെയും പരിചരിക്കുന്നവർക്ക് ആശ്വാസകിരണം പദ്ധതിയുടെ ഭാഗമായി പ്രതിമാസം എത്ര രൂപയാണ് അനുവദിക്കുന്നത്;

(ബി) ആശ്വാസകിരണം പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുന്നതിന് വേണ്ട നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) കോതമംഗലം താലൂക്കിൽ എത്ര പേർക്ക് ആശ്വാസകിരണം പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നുണ്ടെന്ന് വിശദമാക്കാമോ;

(ഡി) ആശ്വാസകിരണം പദ്ധതിയുടെ ആനുകൂല്യത്തിനായി കോതമംഗലം താലൂക്കിന് കീഴിൽ പുതിയ അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; ഇതിൽ എത്ര പേർക്ക് ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട്; അവശേഷിക്കുന്ന മുഴുവൻ അപേക്ഷകർക്കും ആനുകൂല്യം വേഗത്തിൽ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 600 രൂപ.

(ബി) ആശ്വാസകിരണം പദ്ധതി ധനസഹായത്തിനായി നിർദ്ദിഷ്ട അപേക്ഷാ ഫോറത്തിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ സഹിതം ഐ.സി.ഡി.എസ്. സൂപ്പർവൈസർക്ക് സമർപ്പിക്കുന്ന അപേക്ഷകളിൽ അന്വേഷണം നടത്തി അന്വേഷണ റിപ്പോർട്ട് സഹിതം പ്രസ്തുത അപേക്ഷ ശിശുവികസന പദ്ധതി ഓഫീസറുടെ ശിപാർശ സഹിതം കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ഓഫീസിൽ ലഭ്യമാകുന്നമുറയ്ക്ക് അർഹത പരിശോധിച്ച് ധനസഹായം അനുവദിച്ചുവരുന്നു.

(സി) 836 പേർക്ക്.

(ഡി) ഉണ്ട്. 119 പേർക്ക് ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട്. 2018 മാർച്ചിനുശേഷം ലഭിച്ച 94 അപേക്ഷകൾ പരിശോധിച്ച് അർഹരായ ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## വനിതാ മതിൽ സംബന്ധിച്ച പ്രചാരണ സാമഗ്രികൾ

300 (311) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാ മതിൽ സംബന്ധിച്ച പ്രചാരണ സാമഗ്രികൾ നിർമ്മിച്ച് വിതരണം ചെയ്യുന്നതിനുള്ള ചുമതല വനിത ശിശുവികസന വകുപ്പിന് നൽകിയിരുന്നോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ വകുപ്പ് ഏതൊക്കെ പ്രചാരണ സാമഗ്രികളാണ് തയ്യാറാക്കിയത്; ഓരോന്നിന്റെയും എത്ര കോപ്പികൾ വീതം അച്ചടിച്ചു; ഏത് സ്ഥാപനത്തിലാണ് പ്രസ്തുത പ്രചാരണ സാമഗ്രികൾ അച്ചടിച്ചത്; ഇതിനായി എന്ത് തുക ഇതിനകം ചെലവഴിച്ചു; വിവരിക്കുമോ?

ഉത്തരം

(എ) 12-12-2018 -ലെ സ.ഉ. (കൈ) നമ്പർ 32/18/സാനീവ. പ്രകാരം എല്ലാ വീടുകളിലും ക്യാമ്പയിനുകൾ എത്തിക്കുന്നതിനാവശ്യമായ സന്ദേശങ്ങൾ തയ്യാറാക്കി വിതരണം ചെയ്യുന്നതിനും ഏകോപനത്തിനായും വനിത ശിശു വികസന ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു.

(ബി) വനിതാ മതിലിനായി വകുപ്പിൽനിന്നും പ്രചാരണ സാമഗ്രികൾ തയ്യാറാക്കിയിട്ടില്ല. ഇതിനായി തുക ചെലവഴിച്ചിട്ടില്ല.

## സ്ത്രീ വിരുദ്ധ നിലപാടുകൾ തുറന്നുകാട്ടുന്നതിനുള്ള പ്രചരണം

301 (312) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീ വിരുദ്ധ നിലപാടുകൾ തുറന്നുകാട്ടുന്നതിനുള്ള പ്രചരണത്തിനായി 2018-19-ൽ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാം;

(ബി) ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമം തടയുന്നതിനായി എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത്; അതിൽ 30-11-2018 വരെ ചെലവഴിച്ച തുക എത്ര;

(സി) സമൂഹത്തിലെ സ്ത്രീ വിരുദ്ധ പ്രചരണങ്ങൾ തുറന്നുകാട്ടുന്നതിനുള്ള പ്രചരണ പരിപാടികൾക്കായി 2018-19-ലെ ബഡ്ജറ്റിൽ എന്ത് തുകയാണ് വകയിരുത്തിയിരുന്നതെന്നും അതിൽ 30-11-2018 വരെ ചെലവഴിച്ച തുക എത്രയാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) സ്ത്രീ വിരുദ്ധ നിലപാടുകൾ തുറന്നുകാട്ടുന്നതിനുള്ള പ്രചരണത്തിനായി വകുപ്പിന്റെ സ്ത്രീ ശാക്തീകരണ പദ്ധതിയായ സധൈര്യം മുന്നോട്ട് പരിപാടിയുടെ ഭാഗമായി 2018 ഡിസംബർ 10-ന് സ്ത്രീ, ആർത്തവം, പൗരാവകാശം എന്ന ക്യാമ്പയിൻ സംസ്ഥാനതലത്തിൽ നടത്തി. പൊതുയിടങ്ങളിലും കോളേജ് ക്യാമ്പസുകളിലും ജെൻഡർ ബോധവത്കരണ പരിപാടികൾ നടത്തിവരുന്നു.

(ബി) സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും വനിതാ ക്ഷേമ പദ്ധതികൾക്കായി 20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 30-11-2018 വരെ 415.19 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) സമൂഹത്തിലെ സ്ത്രീ വിരുദ്ധ പ്രചരണങ്ങൾ തുറന്നുകാട്ടുന്നതിനുള്ള പ്രചരണ പരിപാടികൾക്കായി 2018-19-ലെ ബഡ്ജറ്റിൽ പ്രത്യേകമായി തുക വകയിരുത്തിയിട്ടില്ല.

**സ്ത്രീ ക്ഷേമ പദ്ധതികൾ**

302 (313) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്ത്രീകളുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്തതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ പ്രകാരം സ്ത്രീകൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുവാൻ സഹായം നല്കുന്നുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്ത്രീകളുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി വനിതാ ശിശു വികസന വകുപ്പ് മുഖേന പുതുതായി തുടങ്ങിയ പദ്ധതികൾ ചുവടെ ചേർക്കുന്നു:

അഭയകിരണം:

അശരണരായ വിധവകളെ സംരക്ഷിക്കുന്ന കുടുംബത്തിലെ ഒരംഗത്തിന് 1,000 രൂപ ധനസഹായം നൽകുന്ന പദ്ധതി 2017 മേയ് മാസം മുതൽ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. 50 വയസ്സിന് മുകളിൽ പ്രായമുള്ളതും

പ്രായപൂർത്തിയായ കുട്ടികൾ ഇല്ലാത്തവരുമായ വിധവകളാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. വാർഷിക വരുമാന പരിധി ഒരു ലക്ഷം രൂപയിൽ താഴെയായിരിക്കണം. 2017-18 വർഷം പൈലറ്റടിസ്ഥാനത്തിൽ സംസ്ഥാനത്ത് ആരംഭിച്ച ഈ പദ്ധതി പ്രകാരം 200 പേർക്കായി 12 ലക്ഷം രൂപ അനുവദിച്ചിരുന്നു. ഈ സാമ്പത്തിക വർഷം സംസ്ഥാനത്തെ 14 ജില്ലകളിലെ ഗുണഭോക്താക്കൾക്കായി 69 ലക്ഷം രൂപ ചെലവഴിക്കുന്നതിന് ഭരണാനുമതി നൽകുകയും തുക ജില്ലാ ഓഫീസർമാർക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്.

പടവുകൾ:

വിവിധ പ്രൊഫഷണൽ കോഴ്സുകളിൽ (MBBS, Engineering, B.D.S. തുടങ്ങിയ പ്രൊഫഷണൽ കോഴ്സുകൾ) പഠിക്കുന്ന വിധവകളുടെ മക്കളാണ് ഈ ധനസഹായത്തിന് അർഹർ. വാർഷിക വരുമാന പരിധി മൂന്ന് ലക്ഷം രൂപയാണ്. പ്രവേശന പരീക്ഷയുടെ മാർക്ക് പ്രവേശനത്തിനുള്ള അടിസ്ഥാന യോഗ്യതയുടെ മാർക്ക് വരുമാനം എന്നിവ കണക്കാക്കി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നു. ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള കമ്മിറ്റിയാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. ഈ സാമ്പത്തിക വർഷം ഈ പദ്ധതിക്കായി 40 ലക്ഷം രൂപ ചെലവഴിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനായി അപേക്ഷ ക്ഷണിച്ചിട്ടുണ്ട്.

സഹായഹസ്തം :

നമ്മുടെ രാജ്യത്ത് വിധവകളുടെ എണ്ണം വർദ്ധിച്ചുവരുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. സംസ്ഥാനത്ത് വിധവകളുടെ സംരക്ഷണത്തിനും സാമൂഹ്യ സുരക്ഷിതത്വത്തിനുമായി വനിത ശിശു വികസന വകുപ്പ് നടപ്പിലാക്കിയ മറ്റൊരു പദ്ധതിയാണ് സഹായഹസ്തം. ചെറുപ്രായത്തിൽത്തന്നെ വിധവകളാകേണ്ടിവരുന്ന സ്ത്രീകൾക്ക് കുഞ്ഞുങ്ങളെ സംരക്ഷിക്കുന്നതിനും അവരുടെ വിദ്യാഭ്യാസത്തിനും കുടുംബത്തിന് ജീവനോപാധിക്കായും നിലവിൽ വിധവാ പെൻഷൻ മാത്രമാണ് ആശ്രയം. ഈ സാഹചര്യത്തിലാണ് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതും 55 വയസ്സിൽ താഴെ പ്രായമുള്ളതും ഒരു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനക്കാർക്ക് സ്വയംതൊഴിൽ സംരംഭങ്ങൾക്കായി ധനസഹായം നൽകുന്നതിന് 'സഹായഹസ്തം' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഈ സാമ്പത്തിക വർഷം പൈലറ്റടിസ്ഥാനത്തിൽ ആരംഭിച്ച ഈ പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിന് 30,000/- (മുപ്പതിനായിരം രൂപ മാത്രം) ധനസഹായം നൽകുന്നു. ആയത് പ്രകാരം ഒരു ജില്ലയിൽനിന്നും 10 പേരെന്ന കണക്കിൽ 14 ജില്ലകൾക്കായി 140 പേർക്ക് 42 ലക്ഷം രൂപ അനുവദിച്ച് നൽകുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും ജില്ലാ വനിതാ ശിശു വികസന ഓഫീസർ

കൺവീനറുമായുള്ള കമ്മിറ്റിയാണ് സെലക്ഷൻ നടപടികൾ സ്വീകരിക്കുന്നത്. സർക്കാരിൽനിന്നും മുൻപ് ധനസഹായം ലഭിച്ചവർ ഈ പദ്ധതി പ്രകാരം ധനസഹായത്തിന് അർഹരല്ല. അപേക്ഷകൾ ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന ശിശുവികസന പദ്ധതി ഓഫീസർമാർ മുഖേന സ്വീകരിച്ച് തുടർനടപടി സ്വീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

സധൈര്യം മുന്നോട്ട്:

സ്ത്രീ ശാക്തീകരണ പരിപാടിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്ന 'സധൈര്യം മുന്നോട്ട്' എന്ന പദ്ധതി 2017-18 വർഷം മുതലാണ് നടപ്പിലാക്കി വരുന്നത്. സ്ത്രീ ശാക്തീകരണവുമായി ബന്ധപ്പെട്ട പരിപാടികൾ 'സധൈര്യം മുന്നോട്ട്' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു.

വിമൺ ആൻഡ് ചിൽഡ്രൻ ഹോം:

വനിത ശിശു വികസന വകുപ്പിന്റെ കീഴിലെ സ്റ്റേറ്റ് നിർഭയ സെല്ലിന്റെ നേതൃത്വത്തിൽ ലൈംഗിക അതിക്രമങ്ങൾ അതിജീവിച്ചവർക്ക് സുരക്ഷിത അഭയം നൽകുന്നതിന് നിലവിൽ പതിമൂന്ന് ഹോമുകൾ തിരുവനന്തപുരം - 3, കൊല്ലം, എറണാകുളം, ഇടുക്കി, തൃശ്ശൂർ, മലപ്പുറം, വയനാട്, കോഴിക്കോട്, പാലക്കാട്, കാസർഗോഡ്, കണ്ണൂർ എന്നീ ജില്ലകളിൽ ഓരോന്നും സന്നദ്ധസംഘടനകളുടെ ദൈനംദിന മേൽനോട്ടത്തിൽ പ്രവർത്തിച്ചുവരുന്നു. നിലവിൽ ഹോം ഇല്ലാത്ത ആലപ്പുഴ, പത്തനംതിട്ട, കോട്ടയം ജില്ലകളിൽ 2019 ഫെബ്രുവരി മാസത്തിൽ ഹോം ആരംഭിക്കുന്നതിനുള്ള ത്വരിത നടപടികൾ സ്വീകരിച്ചുവരുന്നു. വിമൺ ആൻഡ് ചിൽഡ്രൻ ഹോമുകളിലെ താമസക്കാരുടെ പുനരധിവാസത്തിനാവശ്യമായ വിദ്യാഭ്യാസം, തൊഴിൽ പരിശീലനം, കൗൺസിലിംഗ്, വൈദ്യസഹായം, നിയമസഹായം എന്നിവ ഹോമുകളിലൂടെ നൽകിവരുന്നു.

SOS മോഡൽ ഷെൽട്ടർ ഹോം:

12 വയസ്സിനുതാഴെയുള്ള ലൈംഗിക അതിക്രമങ്ങൾ അതിജീവിച്ചവർക്ക് തിരുവനന്തപുരം ജില്ലയിൽ 16-11-2018-ൽ SOS മോഡൽ ഷെൽട്ടർ ഹോം പ്രവർത്തനം ആരംഭിച്ചു. തിരുവനന്തപുരം ജില്ലയിലെ SOS ഹോമിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലെ ലൈംഗിക അതിക്രമങ്ങൾ അതിജീവിച്ചവർക്ക് സുരക്ഷിത ഹോം ഉറപ്പാക്കും. കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, വയനാട് ജില്ലകളിലെ കുട്ടികൾക്കായി കോഴിക്കോട് SOS മോഡൽ ഷെൽട്ടർ ഹോം ആരംഭിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

തേജോമയ ഹോം ഫോർ അക്കാദമിക്കലി ബ്രൈറ്റ് ചിൽഡ്രൻ ആഫ്റ്റർ കെയർ ഹോം:

നിലവിൽ വിമൺ ആന്റ് ചിൽഡ്രൻ ഹോമിൽ താമസിക്കുന്ന പഠനത്തിൽ സമർത്ഥരായ കുട്ടികൾക്ക് പ്രത്യേക പരിഗണന ആവശ്യമായതിനാൽ ഈ കുട്ടികൾക്കുവേണ്ടി എറണാകുളം ജില്ലയിൽ ഹോം ആരംഭിക്കുന്നതിനുവേണ്ടിയുള്ള താത്പര്യപത്രം ക്ഷണിച്ചിട്ടുണ്ട്.

തേജോമയ ഹോം ആഫ്റ്റർ കെയർ ഹോം:

നിലവിൽ വിമൺ ആൻഡ് ചിൽഡ്രൻ ഹോമിൽ താമസിച്ചുവരുന്നവരിൽ ജോലി ലഭിച്ചവർക്കും ജോലി ലഭിക്കാൻ സാധ്യതയുള്ളവർക്കും വേണ്ടിയുള്ള ഹോം ഉടൻ ആരംഭിക്കുന്നതാണ്.

ഇന്റഗ്രേറ്റഡ് കെയർ സെന്റർ (ICC):

വിമൺ ആൻഡ് ചിൽഡ്രൻ ഹോമിലെ നിലവിലെ താമസക്കാരിൽ ഗർഭകാലം മുതൽ ഗർഭാനന്തരം വരെയുള്ള പരിചരണം ആവശ്യമുള്ളവർക്കും എം.ടി.പി. കഴിഞ്ഞവർക്കും പ്രത്യേക പരിഗണനയും സുരക്ഷയും നൽകുന്നതിന് ഹോം ആരംഭിക്കുന്നതിനുള്ള ത്വരിത നടപടികൾ സ്വീകരിച്ചുവരുന്നു.

ഹോം ഫോർ മെന്റൽ ഹെൽത്ത്:

വിമൺ ആൻഡ് ചിൽഡ്രൻ ഹോമിലെ നിലവിലെ താമസക്കാരിൽ മാനസികവെല്ലുവിളി നേരിടുന്നവരും കടുത്ത മാനസിക ആഘാതം ഉള്ളവർക്കും പ്രത്യേക പരിചരണം ആവശ്യമുള്ളവർക്കുവേണ്ടിയുള്ള ഹോം ഉടൻ ആരംഭിക്കുന്നതിനുള്ള താത്പര്യപത്രം ക്ഷണിച്ചിട്ടുണ്ട്.

വൺ സ്റ്റോപ് സെന്റർ (OSC):

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾ തടയുന്നതിനും അതിക്രമങ്ങൾ അതിജീവിച്ചവർക്ക് ആവശ്യമായ വീഡിയോ കോൺഫറൻസിംഗ് സംവിധാനം, എമർജൻസി ഷോർട്ട് സ്റ്റേ ഹോം, വൈദ്യസഹായം, കൗൺസിലിംഗ്, പോലീസിന്റെ സഹായം, നിയമസഹായം, സുരക്ഷിത അഭയം എന്നീ സേവനങ്ങൾ ഒരു കുടക്കീഴിൽ ഉറപ്പുവരുത്തി ആവർത്തിച്ച് ഇരയാക്കപ്പെടുന്ന സാഹചര്യം ഒഴിവാക്കി 24 മണിക്കൂറും പ്രവർത്തിക്കുന്ന സ്ഥാപനമാണ് "സഖി" വൺ സ്റ്റോപ്പ് സെന്റർ. കേന്ദ്രസർക്കാരിന്റെ 100% ധനസഹായത്തോടെ വനിത ശിശു വികസന വകുപ്പിലെ സ്റ്റേറ്റ് നിർഭയ സെൽ നോഡൽ ഏജൻസിയായി ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ടാസ്ക് ഫോഴ്സ് കമ്മിറ്റിയുടെ നേതൃത്വത്തിലാണ് സ്കീം

നടപ്പിലാക്കുന്നത്. തിരുവനന്തപുരം, തൃശ്ശൂർ, മലപ്പുറം, കണ്ണൂർ, വയനാട് എന്നീ ജില്ലകളിൽ നിലവിൽ OSC പ്രവർത്തിക്കുന്നു. 2018-19 സാമ്പത്തിക വർഷം ബാക്കി 9 ജില്ലകളിൽക്കൂടി OSC അനുവദിക്കുകയും ഉടനെ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

ആശ്വാസനിധി:

ലൈംഗികാതിക്രമങ്ങൾ, ആസിഡ് ആക്രമണങ്ങൾ, നിഷ്ഠൂരമായ കുറ്റകൃത്യങ്ങൾ, ജെൻഡർ ബെയ്സ്ഡ് അതിക്രമങ്ങൾ എന്നിവ അതിജീവിച്ച സ്ത്രീകൾക്കും കുട്ടികൾക്കും അടിയന്തര ധനസഹായം നൽകുന്നതിനായി 10-12-2018-ലെ സ.ഉ. (സാധാ) നമ്പർ 701/2018/സാ.നീ.വ, പ്രകാരം ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് ആശ്വാസനിധി.

(ബി) വിധവകളായ സ്ത്രീകൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് ധനസഹായം നൽകുന്ന പദ്ധതിയാണ് സഹായ ഹസ്തം. ഈ സാമ്പത്തിക വർഷം പൈലറ്റടിസ്ഥാനത്തിൽ ആരംഭിച്ച ഈ പദ്ധതി പ്രകാരം ഗുണഭോക്താവിന് 30,000/- (മുപ്പതിനായിരം രൂപ മാത്രം) ധനസഹായം നൽകുന്നതുപ്രകാരം ഒരു ജില്ലയിൽനിന്നും 10 പേരെന്ന കണക്കിൽ 14 ജില്ലകൾക്കായി 140 പേർക്ക് 42 ലക്ഷം രൂപ അനുവദിച്ച് നൽകുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും ജില്ലാ വനിതാ ശിശു വികസന ഓഫീസർ കൺവീനറുമായുള്ള കമ്മിറ്റിയാണ് സെലക്ഷൻ നടപടികൾ സ്വീകരിക്കുന്നത്. സർക്കാരിൽനിന്നും മുൻപ് ധനസഹായം ലഭിച്ചവർ ഈ പദ്ധതിപ്രകാരം ധനസഹായത്തിന് അർഹരല്ല. അപേക്ഷകൾ ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന ശിശുവികസന പദ്ധതി ഓഫീസർമാർ മുഖേന സ്വീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

## ശരണബാല്യം പദ്ധതി

303 (314) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിത-ശിശു വികസന വകുപ്പ് മുഖാന്തരം നടപ്പിലാക്കുന്ന ശരണബാല്യം പദ്ധതിയുടെ വിശദാംശം നൽകുമോ;

(ബി) ബാലവേലയും ഭിക്ഷാടനവും നടത്തിയിരുന്ന എത്ര കുട്ടികളെ പ്രസ്തുത പദ്ധതിയിലൂടെ നാളിതുവരെ മോചിപ്പിക്കാൻ സാധിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) ഇപ്രകാരം മോചിപ്പിച്ച കുട്ടികളെ പുനരധിവസിപ്പിക്കുന്നതിനും വിദ്യാഭ്യാസം നൽകുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ബാലവേല - ബാലഭിക്ഷാടന - തെരുവുബാല്യ മുക്തകേരളം എന്ന ലക്ഷ്യത്തിനായി വനിതാ - ശിശു വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം ജില്ലകളിൽ നടപ്പാക്കിവരുന്ന ശരണബാല്യം പദ്ധതി സംസ്ഥാനവ്യാപകമായി ഇപ്പോൾ നടപ്പാക്കിയിട്ടുണ്ട്. പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ജില്ലാതലത്തിൽ ജില്ലാ കളക്ടർ അദ്ധ്യക്ഷനായി ടാസ്ക് ഫോഴ്സ് രൂപീകരിച്ചതോടൊപ്പം സ്റ്റേക്ക് ഹോൾഡേഴ്സിനെ ഉൾപ്പെടുത്തിക്കൊണ്ട് ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ട്രെയിനിംഗ് പ്രോഗ്രാമുകൾ, ബോധവൽക്കരണ ക്ലാസ്സുകൾ, ഫോക്കസ് ഡിസ്കഷൻ ഗ്രൂപ്പ് എന്നിവ സംഘടിപ്പിക്കൽ എന്നീ പ്രവർത്തനങ്ങൾ ഈ പദ്ധതിയുടെ ഭാഗമായി നടത്തുന്നു. പോലീസ്, തൊഴിൽ വകുപ്പ്, വനം വകുപ്പ്, അരോഗ്യ വകുപ്പ്, സാമൂഹ്യനീതി വകുപ്പ്, എക്സൈസ്, വിദ്യാഭ്യാസ വകുപ്പ്, കുടുംബശ്രീ, റെയിൽവേ എന്നീ വകുപ്പുകൾ ഈ പദ്ധതിയുമായി സഹകരിക്കുന്നുണ്ട്. കൂടാതെ ജില്ലാ ജില്ലാ ശിശുസംരക്ഷണ യൂണിറ്റുകൾ, തൊഴിൽ വകുപ്പുമായി ചേർന്ന് റെയ്ഡുകൾ നടത്തി ബാലവേലയിൽ ഏർപ്പെടുന്ന കുട്ടികളെ കണ്ടെത്തി അവരെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ബാലവേലയിൽ ഏർപ്പെടുന്ന കുട്ടികൾ, തെരുവിൽ അലയുന്നതും ഭിക്ഷ യാചിക്കുന്നതുമായ കുട്ടികൾ, തീർത്തും അനാഥരായ കുട്ടികൾ, കുട്ടിക്കടത്തിന് വിധേയമാകുന്ന കുട്ടികൾ, മറ്റ് വിഷമകരമായ സാഹചര്യത്തിലുള്ള കുട്ടികൾ, അതിക്രമങ്ങൾക്കിരയാകുന്നതും അതിന് സാധ്യതയുള്ളതുമായ കുട്ടികൾ, മദ്യം, മയക്കുമരുന്ന്, ലഹരിപദാർത്ഥങ്ങൾ എന്നിവ ഉപയോഗിക്കുന്ന കുട്ടികൾ, ശൈശവവിവാഹത്തിന് വിധേയമാകാൻ സാധ്യതയുള്ള കുട്ടികൾ, മാതാപിതാക്കൾക്ക് സംരക്ഷിക്കാൻ ശേഷിയില്ലാത്തതിനാൽ ബുദ്ധിമുട്ട് അനുഭവിക്കുന്ന കുട്ടികൾ, പട്ടികജാതി-പട്ടികവർഗ്ഗ-മറ്റ് പിന്നോക്ക വിഭാഗത്തിലെ കുട്ടികൾ, തുടർച്ചയായി സ്കൂളിൽ ഹാജരാകാത്ത കുട്ടികൾ, സ്കൂൾ പഠനം ഉപേക്ഷിച്ച കുട്ടികൾ എന്നിവരാണ് ശരണബാല്യം പദ്ധതിയുടെ ലക്ഷ്യഗ്രൂപ്പുകൾ.

(ബി) ശരണബാല്യം പദ്ധതിയുടെ ഭാഗമായി ബാലവേലയും ബാലഭിക്ഷാടനവുമായി ബന്ധപ്പെട്ട 28 കുട്ടികളെ റെസ്ക്യൂ ചെയ്തു.

(സി) ശരണബാല്യം പദ്ധതിയുടെ ഭാഗമായി റെസ്ക്യൂ ചെയ്ത കുട്ടികളെ ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ മുൻപിൽ ഹാജരാക്കി, അന്യസംസ്ഥാനത്തെ കുട്ടികളെ അതത് സംസ്ഥാനത്തെ ചൈൽഡ് വെൽഫെയർ കമ്മിറ്റിയിലേയ്ക്ക് പുനരധിവസിപ്പിച്ചും വിദ്യാഭ്യാസം നൽകുന്നതിനുംവേണ്ട നടപടികൾ സ്വീകരിക്കുന്നുണ്ട്.

**വനിതാ മതിൽ**

304 (315) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാ മതിലിന്റെ പ്രചരണത്തിനായി വനിത ശിശുവികസന വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്;

(ബി) പ്രസ്തുത മതിലിന്റെ പ്രചരണത്തിന് വനിത ശിശു വികസന വകുപ്പ് ലഘുലേഖകൾ തയ്യാറാക്കിയിരുന്നോ; എങ്കിൽ എത്രലക്ഷം കോപ്പികളാണ് അച്ചടിച്ചത്; ഇതിനായി എന്ത് തുക ചെലവഴിച്ചു; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 12-12-2018-ലെ സ.ഉ. (കൈ) നമ്പർ 32/18/സനീവ. പ്രകാരം എല്ലാ വീടുകളിലും ക്യാമ്പയിനുകൾ എത്തിക്കുന്നതിനാവശ്യമായ സന്ദേശങ്ങൾ തയ്യാറാക്കി വിതരണം ചെയ്യുന്നതിനും ഏകോപനത്തിനായും വനിത ശിശു വികസന ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു.

(ബി) വനിതാ മതിലിനായി വകുപ്പിൽനിന്നും പ്രചാരണ സാമഗ്രികൾ തയ്യാറാക്കിയിട്ടില്ല. ഇതിനായി തുക ചെലവഴിച്ചിട്ടില്ല.

**വനിതാ മതിൽ**

305 (316) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐക്യരാഷ്ട്ര സംഘടനയുടെ ബാലാവകാശ പത്രിക അനുസരിച്ച് കുട്ടികളെ വനിതാ മതിൽ പോലുള്ള പരിപാടികളിൽ പങ്കെടുപ്പിക്കുന്നത് തടഞ്ഞിട്ടുണ്ടോ;

(ബി) ലിംഗസമത്വത്തെക്കുറിച്ചുള്ള ബോധവൽക്കരണം വനിതാ മതിലിന്റെ ലക്ഷ്യമായതിനാൽ അത് കുട്ടികളെ ബോധ്യപ്പെടുത്തുവാൻ വനിതാ മതിലിൽ പങ്കെടുക്കാൻ അവരെ അനുവദിക്കണമെന്ന് സർക്കാർ കോടതിയിൽ ആവശ്യപ്പെട്ടിരുന്നോ; ഈ ആവശ്യം കോടതി അംഗീകരിച്ചിരുന്നോ;

(സി) 18 വയസ്സ് തികയാത്തവരെ വനിതാ മതിലിൽ പങ്കെടുപ്പിക്കരുത് എന്ന് കോടതി നിർദ്ദേശിച്ചിരുന്നോ; എങ്കിൽ പ്രസ്തുത നിർദ്ദേശത്തിന് വിരുദ്ധമായി കുട്ടികളെ പ്രസ്തുത മതിലിൽ പങ്കെടുപ്പിച്ചുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല. 18 വയസ്സ് തികയാത്തവരെ വനിതാ മതിലിൽ പങ്കെടുപ്പിക്കരുത് എന്ന് ബഹു. കേരളാ ഹൈക്കോടതി നിർദ്ദേശിച്ചിരുന്നു.

(സി) 18 വയസ്സ് തികയാത്തവരെ വനിതാ മതിലിൽ പങ്കെടുപ്പിക്കരുത് എന്ന് ബഹു. കേരളാ ഹൈക്കോടതി നിർദ്ദേശിച്ചിരുന്നു. ടി നിർദ്ദേശത്തിന് വിരുദ്ധമായി കുട്ടികളെ പങ്കെടുപ്പിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ഓണറേറിയം വർദ്ധിപ്പിക്കാൻ നടപടി**

306 (317) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അങ്കണവാടി വർക്കർ, ഹെൽപ്പർ എന്നീ തസ്തികകളിൽ പ്രവർത്തിക്കുന്നവരുടെ ഓണറേറിയം വർധിപ്പിക്കുന്നത് പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ഈ വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**മാതൃകാ അങ്കണവാടി പദ്ധതി**

307 (318) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ ജില്ലകളിലും ഒരു മാതൃക അങ്കണവാടി നിർമ്മിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇക്കാര്യത്തിനായി ചൈൽഡ് ഡെവലപ്മെന്റ് സെന്റർ തയ്യാറാക്കിയ റിപ്പോർട്ടിലെ ശിപാർശകൾ എന്തൊക്കെയാണ്;

(സി) പ്രീ -സ്കൂൾ കുട്ടികൾക്ക് യൂണിഫോം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) കുട്ടികളുടെ മാനസികവും ശാരീരികവുമായ വളർച്ചയ്ക്ക് ഊന്നൽ നൽകുന്ന ഘടകങ്ങൾ ഉൾപ്പെടുത്തിയുള്ള പാഠ്യപദ്ധതി പ്രീ -സ്കൂളുകൾക്കായി തയ്യാറാക്കിയിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തെ അങ്കണവാടികളെ കാലോചിതമായി പരിഷ്കരിക്കുന്നതിനും അവയുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും അവ ശിശു സൗഹൃദമാക്കുന്നതിനുമായി മോഡൽ അങ്കണവാടി രൂപീകരിക്കുന്നതിനായി കരിക്കുലം ബേസ്ഡ് മോഡൽ തയ്യാറാക്കുന്നതിന് CDC, നോഡൽ ഏജൻസിയായുള്ള 5 അംഗ കമ്മിറ്റിയോട് നിർദ്ദേശിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ CDC പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത അങ്കണവാടി നിർമ്മിക്കുന്നതിനായി 10 സെന്റോ അതിലധികമോ ഉള്ള അങ്കണവാടികളുടെ ലിസ്റ്റ് ലഭ്യമാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 140 അങ്കണവാടികൾ പരീക്ഷണാടിസ്ഥാനത്തിൽ മോഡൽ അങ്കണവാടി നിർമ്മാണം പൂർത്തിയാക്കുന്നതിനും പിന്നീട് സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കാമെന്നും തീരുമാനിച്ചിട്ടുണ്ട്.

(ബി) 1. മോഡൽ അങ്കണവാടിക്കായി പ്രധാനമായും 5 തരത്തിലുള്ള അങ്കണവാടികളുടെ മോഡൽ പ്രൊപ്പോസലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. 1½ സെന്റ്, 3 സെന്റ്, 5 സെന്റ്, 7½ സെന്റ്, 10 സെന്റ് എന്നിവയാണവ.

2. അങ്കണവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും ഉണ്ടാകേണ്ട വിദ്യാഭ്യാസം, ആശയ വിനിമയത്തിനുള്ള കഴിവുകൾ, ഉത്തരവാദിത്വങ്ങൾ എന്നിവ എന്തൊക്കെയാണെന്ന് വ്യക്തമാക്കുന്നു.

3. ഒരു മോഡൽ അങ്കണവാടിയുടെ എല്ലാ പ്രവർത്തനങ്ങളെക്കുറിച്ചും അടിസ്ഥാനപരമായും സൂക്ഷ്മപരമായും പരാമർശിക്കുന്നു.

4. പ്രീ-സ്കൂൾ ചുറ്റുപാടിനെക്കുറിച്ചും small and large group പ്രീ-സ്കൂൾ പ്രവർത്തനങ്ങൾ ECCE കരിക്കുലത്തിലൂടെ എങ്ങനെ നടപ്പിലാക്കാം എന്നതിനെക്കുറിച്ചും വിശദീകരിക്കുന്നു.

5. കുട്ടിക്ക് എഴുതാനും വായിക്കാനും കണക്കുകൾ കൈകാര്യം ചെയ്യാൻ കഴിവുകൾ ഉണ്ടാകുന്ന സമയത്ത് അത് കണ്ടെത്തി അവയെ വേണ്ടുന്ന തരത്തിൽ ശാസ്ത്രീയവും സിസ്റ്റമാറ്റിക്കുമായ പാഠനോപകരണങ്ങൾ ഉപയോഗിച്ച് പഠിക്കാൻ അവരെ പ്രാപ്തരാക്കുന്നു.

6. കൂടാതെ കുട്ടിയുടെ വളർച്ചയും വികാസവും ശാസ്ത്രീയമായ രീതിയിൽ CDC-യുടെ ഗ്രോത്ത് മോണിറ്ററിംഗ് ടൂൾസ് ഉപയോഗിച്ച് നിരീക്ഷിക്കുന്നതിന് വിധേയമാക്കുകയും എല്ലാ വിധ വൈകല്യങ്ങളും നേരത്തെതന്നെ കണ്ടെത്താനുള്ള പ്രവർത്തനങ്ങൾ സൂക്ഷ്മമായി വിശദീകരിക്കുകയും ചെയ്യുന്നു.

(സി) അങ്കണവാടി പ്രീ-സ്കൂൾ കുട്ടികൾക്ക് യൂണിഫോം അനുവദിക്കുന്നതിനായി കേന്ദ്ര സർക്കാർ ഫണ്ട് അനുവദിക്കുന്നില്ല. എന്നിരുന്നാലും സംസ്ഥാന സർക്കാർ ഇത്തരത്തിൽ സൗജന്യമായി യൂണിഫോം അനുവദിക്കാൻ കഴിയുമോ എന്ന കാര്യം പരിശോധിച്ചുവരുന്നു.

(ഡി) ഉണ്ട്.

**കേരളത്തിലെ അങ്കണവാടികൾ**

308 (319) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന് </u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര അങ്കണവാടികളും അങ്കണവാടി വർക്കർമാരും ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) അങ്കണവാടികളിൽ ടെലിവിഷൻ ഉണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ 2018 സെപ്റ്റംബർ 11-ന് പ്രധാനമന്ത്രിയുടെ ഡയറക്ട് സംവാദ് പരിപാടി അങ്കണവാടികളിലെ ഗുണഭോക്താക്കളായ മുഴുവൻ അമ്മമാരെയും കാണിക്കണമെന്ന ഉത്തരവ് എങ്ങനെയാണ് നടപ്പിലാക്കിയതെന്ന് അറിയിക്കാമോ ;

(ഡി) അങ്കണവാടികൾക്ക് ടെലിവിഷൻ നൽകാൻ ആലോചനയുണ്ടോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കേരളത്തിൽ ആകെ 33115 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. അങ്കണവാടികളിൽ ആകെ 33115 അങ്കണവാടി വർക്കർമാർ നിലവിലുണ്ട്.

(ബി) കേരളത്തിൽ ആകെ 404 അങ്കണവാടികളിൽ ടെലിവിഷൻ ഉണ്ട്.

(സി) കേന്ദ്ര വനിത ശിശു വികസന മന്ത്രാലയത്തിന്റെ 4-9-2018- ലെ PA/27/2018-CPMU നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ ഡയറക്ട് സംവാദ് വീക്ഷിക്കുന്നതിന് പഞ്ചായത്ത്/മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലെ ഹാളുകൾ ക്രമീകരിച്ചിരുന്നു. ടെലിവിഷൻ ഉള്ള സെന്ററുകളിൽ ആ സംവിധാനം പ്രയോജനപ്പെടുത്തി. കൂടാതെ എല്ലാ അക്ഷയ സെന്ററുകളിലും ഡയറക്ട് സംവാദ് വീക്ഷിക്കുന്നതിനുള്ള സൗകര്യം ഒരുക്കുന്നതിനു IT മിഷന് നിർദ്ദേശം നൽകിയിരുന്നു. കൂടാതെ ബഹു. പ്രധാനമന്ത്രിയുമായി നേരിട്ട് സംവാദം

നടത്തുന്നതിന് പാലക്കാട് ജില്ലയിലെ അട്ടപ്പാടി, വയനാട് എന്നിവിടങ്ങളിലെ NIC സെന്ററുകളും ക്രമീകരിച്ചു. ചില സ്ഥലങ്ങളിൽ ലൈബ്രറികൾ, ഗുണഭോക്താക്കളുടെ വീടുകൾ എന്നിവിടങ്ങൾ വഴിയും ഡയറക്ട് സംവാദ് വീക്ഷിച്ചിട്ടുണ്ട്.

(ഡി) അങ്കണവാടികളുടെ അടിസ്ഥാന സൗകര്യ വികസനങ്ങൾ ഏർപ്പെടുത്തുന്നത് തദ്ദേശഭരണ സ്ഥാപനങ്ങളാണ്. ടി സ്ഥാപനങ്ങൾക്ക് തീരുമാനം എടുക്കാവുന്നതാണ്.

**അങ്കണവാടികളുടെ നവീകരണം**

309 (320) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അങ്കണവാടികൾ നവീകരിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അങ്കണവാടികളുടെ നവീകരണത്തിന് വനിതാ ശിശു വികസന വകുപ്പ്, കേന്ദ്രസർക്കാരിന്റേയും തദ്ദേശ ഭരണ വകുപ്പ് സ്ഥാപനങ്ങളുടേയും സഹകരണത്തോടെ ചുവടെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

2016-17 സാമ്പത്തിക വർഷത്തിൽ 1480 അങ്കണവാടികൾക്ക് ഒരു ലക്ഷം രൂപ യൂണിറ്റ് കോസ്റ്റിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി നവീകരണത്തിനായുള്ള അനുമതി നൽകിയിട്ടുണ്ട്.

2017-18 സാമ്പത്തിക വർഷത്തിൽ 135 അങ്കണവാടികൾക്കുകൂടി നവീകരണത്തിനായി അനുമതി നൽകി.

കൂടാതെ കേന്ദ്രസർക്കാരിന്റെ സഹായത്തോടെ (60:40) രണ്ട് ലക്ഷം രൂപ യൂണിറ്റ് കോസ്റ്റിൽ 400 അങ്കണവാടികൾക്ക് 800 ലക്ഷം രൂപ വിനിയോഗിച്ച് നവീകരണം നടത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ പല തദ്ദേശ ഭരണ സ്ഥാപനങ്ങളും അവരുടെ തനത് ഫണ്ട് ഉപയോഗിച്ചും അങ്കണവാടികൾ നവീകരിച്ചുവരുന്നു.

**ഇരവിപുരം മണ്ഡലത്തിലെ അങ്കണവാടികളുടെ നവീകരണം**

310 (321) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കണവാടികളുടെ നവീകരണത്തിനായി ഇരവിപുരം നിയോജകമണ്ഡലത്തിൽ ഈ സർക്കാർ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്; വിശദമാക്കാമോ;

(ബി) ഇരവിപുരം നിയോജകമണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത എത്ര അങ്കണവാടികൾ ഉണ്ടെന്ന് അറിയിക്കാമോ; അപ്രകാരം സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിച്ച് നൽകുന്നതിന് ഏതെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇരവിപുരം നിയോജകമണ്ഡലത്തിന്റെ പരിധിയിൽ കൊല്ലം അർബൻ I, കൊല്ലം അർബൻ II എന്നീ രണ്ട് ഐ.സി.ഡി.എസ്. പ്രോജക്ട് ഓഫീസുകൾ പ്രവർത്തിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇരവിപുരം നിയോജകമണ്ഡലത്തിലെ അങ്കണവാടികളുടെ നവീകരണത്തിനായി ചുവടെ വിവരിക്കും പ്രകാരം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്:

1. കൊല്ലം മുനിസിപ്പൽ കോർപ്പറേഷന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 5 അങ്കണവാടി കെട്ടിടങ്ങൾക്ക് നവീകരണം നടത്തിയിട്ടുണ്ട്.

2. സ്വന്തം കെട്ടിടമുള്ള അങ്കണവാടികളുടെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി കുടിവെള്ള സംവിധാനം ലഭ്യമാക്കുന്നതിനായി 2018-19 സാമ്പത്തിക വർഷം 3 അങ്കണവാടികൾക്ക് 10,000 രൂപ ക്രമത്തിൽ 30,000 രൂപ വകുപ്പിൽനിന്നും അനുവദിച്ചിട്ടുണ്ട്.

3. ഇരവിപുരം നിയോജകമണ്ഡലത്തിലെ 11 അങ്കണവാടികൾക്ക് ശിശു സൗഹൃദ ടോയ് ലെറ്റ് നിർമ്മിക്കുന്നതിനായി 12,000 രൂപ യൂണിറ്റ് കോസ്റ്റിൽ വനിത ശിശു വികസന വകുപ്പിൽനിന്നും 1,32,000 രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) ഇരവിപുരം നിയോജകമണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത 118 അങ്കണവാടികൾ ഉണ്ട്. അപ്രകാരം സ്വന്തമായി കെട്ടിടമില്ലാത്ത കൊല്ലം അർബൻ I ഐ.സി.ഡി.എസ്.-ലെ ഒരു അങ്കണവാടിക്ക് കെട്ടിട നിർമ്മാണത്തിന് കൊല്ലം കോർപ്പറേഷൻ 23 ലക്ഷം രൂപ അനുവദിച്ച് കെട്ടിട നിർമ്മാണം പുരോഗിക്കുന്നു.

കൊല്ലം അർബൻ II ഐ.സി.ഡി.എസ്.-ലെ 11 അങ്കണവാടികൾക്ക് 2017-18, 2018-19 എന്നീ സാമ്പത്തിക വർഷങ്ങളിൽ കൊല്ലം കോർപ്പറേഷന്റെ വാർഷിക പദ്ധതിയിൽ 1,77,50,000 (ഒരു കോടി എഴുപത്തിയേഴ് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) രൂപ വകയിരുത്തിയ കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ട്.

2018-19 സാമ്പത്തിക വർഷത്തിൽ കൊല്ലം കോർപ്പറേഷന്റെ പദ്ധതിയിൽ 1,61,00,000 രൂപ അടങ്കൽ തുക വകയിരുത്തി 9 അങ്കണവാടികളുടെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

## മാവേലിക്കര മണ്ഡലത്തിൽ മാതൃകാ അങ്കണവാടി ആരംഭിക്കുന്നതിന് നടപടി

311 (322) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിൽ മാതൃക അങ്കണവാടി ആരംഭിക്കുന്നതിന് പാലമേൽ ഗ്രാമപഞ്ചായത്തിലെ അങ്കണവാടിയെ നിർദ്ദേശിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത അങ്കണവാടിക്ക് എം. എൽ. എ. ഫണ്ട് അനുവദിച്ചിട്ടും നാളിതുവരെയായി പദ്ധതി നടപ്പിലാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി &സി) ഒരു നിയോജകമണ്ഡലത്തിൽ ഒന്നുവീതം മാതൃകാ അങ്കണവാടി നിർമ്മിക്കുന്ന പദ്ധതി പ്രകാരം മാവേലിക്കര നിയോജകമണ്ഡലത്തിലെ പാലമേൽ പഞ്ചായത്തിലെ AWC No. 93-നെ മാതൃകാ അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് 7-2-2017-ലെ കത്ത് മുഖാന്തിരം സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ സമർപ്പിച്ച ശിപാർശ സർക്കാരിൽ ലഭിക്കുകയും ഇത് സംബന്ധിച്ച ആവശ്യപ്പെട്ട കൂടുതൽ വിവരങ്ങൾ വനിത ശിശു വികസന വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ ഫയൽ ധനകാര്യ വകുപ്പിന് അയയ്ക്കുകയും ടി വകുപ്പ് ആവശ്യപ്പെട്ട അധിക വിവരങ്ങൾ ലഭ്യമാക്കുവാൻ 17-12-2018-ലെ കത്ത്

SJD-B1/364/2017-SJD നമ്പർ കത്തുകൾ പ്രകാരം ആവശ്യപ്പെടുകയും ഓർമ്മക്കുറിപ്പ് അയയ്ക്കുകയും ചെയ്തിട്ടുണ്ട്. വനിത ശിശു വികസന വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ലഭ്യമാക്കുന്നമുറയ്ക്ക് ഇക്കാര്യത്തിൽ ധനകാര്യ വകുപ്പിന്റെ അംഗീകാരത്തിന് വിധേയമായി നടപടി സ്വീകരിക്കുന്നതാണ്.

**ആൾ കേരള വീൽ ചെയർ റൈറ്റ്സ് ഫെഡറേഷനുള്ള ധനസഹായം**

312 (323) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-2018-ലെ ബഡ്ജറ്റ് പ്രകാരം ആൾ കേരള വീൽചെയർ റൈറ്റ്സ് ഫെഡറേഷന് 25 ലക്ഷം രൂപ അനുവദിച്ച് ഉത്തരവായിട്ടും ടി തുക ലഭ്യമാക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത തുക എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) ആൾ കേരള വീൽ ചെയർ റൈറ്റ്സ് ഫെഡറേഷന് 25 ലക്ഷം രൂപ അനുവദിച്ചത് 27-3-2018 -ലെ സ.ഉ (സാധാ) നമ്പർ 194/2018/സാ.നീ.വ പ്രകാരമാണ്. ആയത് പ്രകാരം 28-3-2018-ന് MOU തയ്യാറാക്കി സ്ഥാപനം സമർപ്പിച്ചിരുന്നു. എന്നാൽ തുടർന്നുള്ള രണ്ട് ദിവസം പൊതു അവധി (29-3-2018, 30-3-2018) ആയതിനാൽ 31-3-2018-നാണ് Original MOU ഒപ്പുവച്ചതും അതിൻ പ്രകാരം ബിൽ 31-3-2018 നാണ് ട്രഷറിയിൽ സമർപ്പിക്കാൻ കഴിഞ്ഞത്. ആയതിനാൽ ബിൽ ട്രഷറി ക്യൂവിൽ ഉൾപ്പെടുത്തി മാറ്റിവയ്ക്കുകയുണ്ടായി. 2017-18 വർഷം ട്രഷറി ക്യൂവിൽ ഉൾപ്പെട്ട ബില്ലുകൾ 2018-19-ലെ ബഡ്ജറ്റ് ശീർഷകത്തിൽനിന്നും മാറി നൽകുന്നതിന് സർക്കാർ അനുമതി ലഭിച്ചിരുന്നുവെങ്കിലും 2017-18-ൽ ട്രഷറിയിൽ സമർപ്പിച്ച ബില്ലിൽ തുക 25 ലക്ഷം രൂപയും എന്നാൽ 2018-19- ൽ ടി ശീർഷകത്തിൽ 10 ലക്ഷം രൂപ മാത്രമേ വകയിരുത്തിയിരുന്നുള്ളൂ വെന്നതിനാലും മേൽതുക ക്യൂവിലുള്ള ബിൽ പ്രകാരം മാറിനൽകാൻ കഴിഞ്ഞില്ല.

ടി സാഹചര്യത്തിൽ നടപ്പുവർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക സംഘടനയ്ക്ക് അനുവദിക്കുന്നതിന് അനുമതി തേടി സാമൂഹ്യനീതി ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ഇത് സർക്കാൻ പരിശോധിച്ചുവരുന്നു.

**ഭിന്നശേഷി വിഭാഗത്തിലെ ഉദ്യോഗാർത്ഥികളുടെ ബാക്ക് ലോഗ് ഒഴിവുകൾ**

313 (324) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 14/07/2008-ലെ സ. ഉ. (പി) .20/98/ഉഭപവ. പ്രകാരം ഭിന്നശേഷി വിഭാഗത്തിലെ ഉദ്യോഗാർത്ഥികൾക്ക് 3% സംവരണം നൽകിക്കൊണ്ടുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ 1996 മുതൽ 31-12-2018 വരെയുള്ള കാലയളവിൽ എൽ.ഡി.ടൈപ്പിസ്റ്റ്/എൽ.ഡി.ക്ലാർക്ക്/എൽ.ജി.എസ്.-എന്നീ തസ്തികകളിലെ ബാക്ക്ലോഗ് ഒഴിവുകൾ എത്ര വീതം ഓരോ വകുപ്പിലും കണ്ടെത്തിയിട്ടുണ്ടെന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഈ ഒഴിവുകളിൽ ഓരോ തസ്തികയിലെയും എത്ര ഒഴിവുകൾ വീതം ഏതെല്ലാം വകുപ്പിൽ നിന്നും പി.എസ്.സി.-യെ അറിയിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഭിന്നശേഷി വിഭാഗത്തിലെ ഉദ്യോഗാർത്ഥികൾക്ക് അർഹതപ്പെട്ട 3% തൊഴിൽ അവസരം കണ്ടെത്തി സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമനം നടത്തുന്നതിന് കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ കാലതാമസം ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ-ഡി) 14-7-2018-ലെ G.O. (P) No. 20/98/P & ARD ഉത്തരവ് പ്രകാരം ക്ലാസ്സ് III, IV തസ്തികകളിലെ അംഗപരിമിത നിയമനത്തിനായി ജില്ലാ കളക്ടർമാർ അദ്ധ്യക്ഷനായി ഒരു സ്കീം തയ്യാറാക്കിയിരുന്നു. എന്നാൽ 1-1-2004 മുതൽ അംഗപരിമിത നിയമനം Person with Disabilities Act, 1995 Section 33 പ്രകാരം നടപ്പിലാക്കാൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷനെ ഏൽപ്പിച്ചു.

സംസ്ഥാനത്ത് ഭിന്നശേഷിക്കാർക്ക് സംസ്ഥാന സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ സംവരണം ഉറപ്പാക്കുന്ന വിഷയത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നതിനായി സാമൂഹ്യനീതി വകുപ്പ്, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്, ധനകാര്യ വകുപ്പ്, നിയമ വകുപ്പ്, പൊതുഭരണ വകുപ്പ് സെക്രട്ടറിമാരുടെ കമ്മിറ്റി രൂപീകരിക്കുകയും ടി കമ്മിറ്റി നിർദ്ദേശപ്രകാരം വിരമിച്ച വിദഗ്ദ്ധ ഉദ്യോഗസ്ഥരുടെ സമിതി ടി വിഷയം പരിശോധിച്ച് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ മുഖേന കരട് റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ആയത് വിശദമായി പരിശോധിച്ചശേഷം മാത്രമെ കൂടുതൽ വിവരങ്ങൾ ലഭ്യമാക്കാൻ സാധിക്കുകയുള്ളൂ.

**അംഗപരിമിതരായ ഉദ്യോഗാർത്ഥികൾക്ക് ലഭിക്കേണ്ട തൊഴിൽ അവസരങ്ങൾ**

314 (325) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് ആക്ട് 1995 നിലവിൽവന്ന 7-2-1996 മുതൽ അംഗപരിമിതരായ ഉദ്യോഗാർത്ഥികൾക്ക് ലഭിക്കേണ്ട തൊഴിൽ അവസരങ്ങൾക്ക് ഓരോ വകുപ്പിലെയും കേഡർ സ്ട്രെങ്ത്തിന്റെ 3% സംവരണത്തിന് അംഗീകാരം നൽകിയ സാമൂഹ്യനീതി (ഡി)വകുപ്പിന്റെ 6-5-17-ലെ (പി) 8/17 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയം സംബന്ധിച്ച് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിന് കാലതാമസം നേരിട്ടിട്ടുണ്ടോ;

(സി) എങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ-സി) 6-5-2017-ലെ സ.ഉ (പി) നമ്പർ 8/17/ സാ.നീ.വ. ഉത്തരവിന്മേൽ വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിലേയ്ക്കായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 4-8-2017-ന് യോഗം ചേരുകയുണ്ടായി. ആയതിൻ പ്രകാരം സംസ്ഥാനത്ത് ഭിന്നശേഷിക്കാർക്ക് സംസ്ഥാനസർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ സംവരണം ഉറപ്പാക്കുന്ന വിഷയത്തിൽ അന്തിമതീരുമാനം കൈകൊള്ളുന്നതിനായി 27-9-2017-ലെ സ. ഉ- (സാധാ) നമ്പർ 638/17/ സാ.നീ.വ പ്രകാരം സാമൂഹ്യ നീതി വകുപ്പ് സ്പെഷ്യൽ സെക്രട്ടറി കൺവീനറായും ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് സെക്രട്ടറി, ധനകാര്യ വകുപ്പ് സെക്രട്ടറി, നിയമ വകുപ്പ് സെക്രട്ടറി, പൊതുഭരണ വകുപ്പ് സെക്രട്ടറി എന്നിവർ അംഗങ്ങളായും ഒരു കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. ടി കമ്മിറ്റിയുടെ നിർദേശ പ്രകാരം വിരമിച്ച വിദഗ്ധ ഉദ്യോഗസ്ഥരുടെ സമിതി ടി വിഷയം പരിശോധിച്ച് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ മുഖേന കരട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

## ഭിന്നശേഷിക്കാർക്കുള്ള സ്വയം തൊഴിൽ വായ്പ

315 (326) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി വികലാംഗക്ഷേമ കോർപ്പറേഷൻ വായ്പനൽകുന്ന പദ്ധതി എന്നാണ് ആരംഭിച്ചത്;

(ബി) 2016 മേയ് മാസം വരെ ഈ പദ്ധതി പ്രകാരം എത്ര പേർക്ക് എത്ര തുക വായ്പ അനുവദിച്ചിട്ടുണ്ട്;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പേർക്ക് എത്ര തുക വായ്പ നല്കിയിട്ടുണ്ട്;

(ഡി) പ്രസ്തുത വായ്പയ്ക്ക് അപേക്ഷിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(ഇ) സ്വയംതൊഴിൽ വായ്പ സംവിധാനം മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

ഉത്തരം

(എ) ദേശീയ വികലാംഗ ധനകാര്യ വികസന കേർപ്പറേഷന്റെ (എൻ.എച്ച്.എഫ്.ഡി.സി.) സംസ്ഥാന ചാനലൈസിംഗ് ഏജൻസിയായ കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ വഴി 2000 മുതലാണ് സ്വയംതൊഴിൽ ചെയ്യുന്നതിനുള്ള വായ്പ വിതരണം ചെയ്യുന്ന പദ്ധതി ആരംഭിച്ചത്.

(ബി) 2016 മേയ് മാസം വരെ 2035 പേർക്ക് സ്വയംതൊഴിൽ വായ്പയായി 2,400.00 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 443 പേർക്ക് സ്വയംതൊഴിൽ വായ്പയായി 1,626.76 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ഡി) കേരളത്തിൽ സ്ഥിരതാമസക്കാരായ 40 ശതമാനമോ അതിലധികമോ ഭിന്നശേഷിത്വമുള്ള 18 വയസ്സ് തികഞ്ഞവർക്കാണ് സ്വയംതൊഴിൽ വായ്പ അനുവദിച്ചുവരുന്നത്. മാനസിക വൈകല്യമുള്ള 14 വയസ് പൂർത്തിയായവരുടെ രക്ഷിതാക്കളുടെ പേരിലും സ്വയംതൊഴിൽ വായ്പ അനുവദിച്ചുവരുന്നുണ്ട്.

(ഇ) സ്വയംതൊഴിൽ വായ്പ വ്യാപിപ്പിക്കുന്നതിനായി വായ്പാ മേളകളും ഏകദിന ശില്പശാലകളും സംഘടിപ്പിക്കുകയും വ്യാപകമായ പ്രചാരണം നടത്തുകയും ചെയ്തുവരുന്നു. നിബന്ധനകൾക്കുവിധേയമായി സർക്കാർ ഒരു ലക്ഷം രൂപ വരെ സബ്സിഡിയായി നൽകിവരുന്നു.

## കുട്ടികളെ ദത്തെടുക്കൽ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

316 (327) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുട്ടികളെ ദത്തെടുക്കൽ പ്രോത്സാഹിപ്പിക്കുന്നതിനും സുതാര്യമാക്കുന്നതിനും സുരക്ഷ ഉറപ്പുവരുത്തുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് സർക്കാർ നേരിട്ട് നടത്തിവരുന്നതും സർക്കാർ നിയന്ത്രണത്തിൽ നടത്തുന്നതുമായ ശിശുഭവനുകൾ ഏതെല്ലാമെന്നും അവിടങ്ങളിൽ എത്ര കുട്ടികൾ താസിക്കുന്നുണ്ടെന്നും വെളിപ്പെടുത്താമോ;

(സി) പ്രസ്തുത കാലയളവിനുള്ളിൽ എത്ര കുട്ടികളെ ദത്തുനൽകിയിട്ടുണ്ടെന്നും എത്ര പേർ കുട്ടികളെ ദത്തെടുക്കുന്നതിനായി അപേക്ഷ നൽകി കാത്തിരിക്കുന്നുവെന്നും അറിയിക്കാമോ;

(ഡി) സാമ്പത്തികശേഷിയും ആരോഗ്യവുമുള്ള ദമ്പതിമാർക്ക് നിലവിൽ കുട്ടികൾ ഉണ്ടെങ്കിലും ഒരു കുട്ടിയെ ദത്തെടുക്കുന്നതിന് സാധ്യമാണോ; ഉണ്ടെങ്കിൽ അതിന്റെ നടപടിക്രമങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ) കേന്ദ്ര വനിതാ ശിശു വികസന മന്ത്രാലയം 2017-ൽ പുറപ്പെടുവിച്ച അഡോപ്ഷൻ റെഗുലേഷൻ പ്രകാരമാണ് സംസ്ഥാനത്ത് ദത്തെടുക്കൽ നടപടിക്രമങ്ങൾ സ്വീകരിക്കുന്നത്. ദത്തെടുക്കൽ മേഖല ശാക്തീകരിക്കുന്നതിന്റെ ഭാഗമായി ജില്ലാതലത്തിലുള്ള സ്റ്റേക് ഹോൾഡേഴ്സിനെ ഉൾപ്പെടുത്തി അഡോപ്ഷൻ കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. സ്ഥാപന സംരക്ഷണം (Institutional Care) അവസാനത്തെ അഭയകേന്ദ്രമായതിനാൽ ബാലനീതി നിയമപ്രകാരം രജിസ്റ്റർചെയ്ത ശിശുസംരക്ഷണ സ്ഥാപനങ്ങളിലുള്ള അനാഥരും ഉപേക്ഷിക്കപ്പെട്ടവരും ഏൽപ്പിച്ചുകൊടുക്കപ്പെട്ടവരുമായ കുട്ടികളെ SAA-CCI LINKAGE വഴി ദത്തെടുക്കലിലേയ്ക്ക് കൊണ്ടുവരുന്നതിന് ജില്ലാ ശിശുസംരക്ഷണ യൂണിറ്റുകൾ നടപടി സ്വീകരിച്ചുവരുന്നു. നിയമപരമല്ലാത്ത ദത്തെടുക്കൽ തടയുന്നതിന് പൊതുജനങ്ങൾക്കും ആശുപത്രി അധികൃതർക്കും വിവിധ സ്ഥാപന മേധാവികൾക്കും വേണ്ട അവബോധം നൽകിവരുന്നു. ദത്തെടുത്ത മാതാപിതാക്കളുടേയും കുട്ടികളുടേയും ഏകോപനം ഉറപ്പുവരുത്തുന്നതിന് ജില്ലാതലത്തിൽ കുടുംബ സംഗമവും ദത്തെടുക്കപ്പെട്ട കുട്ടികളുടെ അവസ്ഥയെ സംബന്ധിച്ചുള്ള പഠനവും നടത്തിവരുന്നു.

(ബി) 15 ചിൽഡ്രൻസ് ഹോമുകൾ ഉൾപ്പെടെ 27 ശിശു സംരക്ഷണ സ്ഥാപനങ്ങളാണ് സർക്കാർ നേരിട്ട് നടത്തിവരുന്നത്. സന്നദ്ധ സംഘടനകളുടെ 790 ശിശുഭവനകൾ നിയമപ്രകാരം രജിസ്റ്റർ ചെയ്ത് സർക്കാരിന്റെ അംഗീകാരം നേടിയിട്ടുണ്ട്. ഈ സ്ഥാപനങ്ങളിലായി 25,834 കുട്ടികൾ താമസിക്കുന്നുണ്ട്.

(സി) 408 കുട്ടികളെയാണ് ഈ കാലയളവിനുള്ളിൽ ദത്ത് നൽകിയത്. 1168 അപേക്ഷകരാണ് സംസ്ഥാനത്ത് ദത്തെടുക്കുന്നതിനായി കാത്തിരിക്കുന്നത്.

(ഡി) കുട്ടികളുള്ള ദമ്പതിമാർക്കും 2017-ലെ അഡോപ്ഷൻ റെഗുലേഷൻ പ്രകാരം ദത്തെടുക്കാവുന്നതാണ്. ദത്തെടുക്കാൻ താൽപ്പര്യമുള്ളവർക്ക് കേന്ദ്ര ഗവൺമെന്റിന്റെ വെബ് പോർട്ടലായ www.cara.nic.in എന്ന വെബ്സൈറ്റിൽ ഓൺലൈനായി രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്ട്രേഷൻ നടപടിക്രമങ്ങൾ പൂർത്തിയായശേഷം ആവശ്യമായ രേഖകൾ സൈറ്റിലേക്ക് അപ് ലോഡ് ചെയ്യേണ്ടതാണ്. ഹോം സ്റ്റഡി നടത്തുന്നതിന് അംഗീകൃത ദത്തെടുക്കൽ സ്ഥാപനത്തിലെ സോഷ്യൽ വർക്കറെയോ, ജില്ലാ ശിശു സംരക്ഷണ യൂണിറ്റിലെ സോഷ്യൽ വർക്കറെയോ സമീപിക്കാവുന്നതാണ്. ഹോം സ്റ്റഡി റിപ്പോർട്ട് സൈറ്റിലേക്ക് അപ് ലോഡ് ചെയ്തശേഷം അപേക്ഷകരുടെ മുൻഗണനയനുസരിച്ച് 3 കുട്ടികളുടെ വരെ ഫോട്ടോയും ചൈൽഡ് സ്റ്റഡി റിപ്പോർട്ട്, മെഡിക്കൽ എക്സാമിനേഷൻ റിപ്പോർട്ട് മുതലായവ കാണാവുന്നതാണ്. കുട്ടിയെ ഇഷ്ടപ്പെട്ടു കഴിഞ്ഞാൽ ഇരുപത് ദിവസത്തിനകം കുട്ടി നിൽക്കുന്ന സ്ഥാപനത്തിലെ അഡോപ്ഷൻ കമ്മിറ്റിയുടെ മുൻപിൽ ഹാജരായി പ്രീ-അഡോപ്ഷൻ ഫോസ്റ്റർ കെയർ എഗ്രിമെന്റിൽ ഒപ്പുവച്ച് കുട്ടിയെ അപേക്ഷകരുടെ ഭവനത്തിൽ കൊണ്ടുപോകാവുന്നതാണ്. രണ്ട് മാസത്തിനകം നിയമ നടപടി പൂർത്തിയായി കോടതി ഉത്തരവ് അപേക്ഷകർക്ക് ലഭിക്കുന്നതാണ്.

**ദത്തെടുക്കൽ സംവിധാനം ശാക്തീകരിക്കാൻ നടപടി**

317 (328) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലനീതി നിയമപ്രകാരം കുട്ടികളുടെ ദത്തെടുക്കൽ സംവിധാനം ശാക്തീകരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഭൂരിപക്ഷം ബാലസംരക്ഷണ സ്ഥാപനങ്ങളിലും അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ബാലനീതി നിയമപ്രകാരം പ്രവർത്തിക്കുന്ന അംഗീകൃത കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിന് ആവശ്യമായ ഫണ്ട് അനുവദിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേന്ദ്ര വനിതാ ശിശു വികസന മന്ത്രാലയം 2017-ൽ പുറപ്പെടുവിച്ച അഡോപ്ഷൻ റെഗുലേഷൻ പ്രകാരമാണ് സംസ്ഥാനത്ത് ദത്തെടുക്കൽ നടപടിക്രമങ്ങൾ സ്വീകരിക്കുന്നത്. ദത്തെടുക്കൽ മേഖല ശാക്തീകരിക്കുന്നതിന്റെ ഭാഗമായി ജില്ലാതലത്തിലുള്ള സ്റ്റേക് ഹോൾഡേഴ്സിനെ ഉൾപ്പെടുത്തി അഡോപ്ഷൻ കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. സ്ഥാപന സംരക്ഷണം (Institutional Care) അവസാനത്തെ അഭയകേന്ദ്രമായതിനാൽ ബാലനീതി നിയമപ്രകാരം രജിസ്റ്റർ ചെയ്ത ശിശുസംരക്ഷണ സ്ഥാപനങ്ങളിലുള്ള അനാഥരും ഉപേക്ഷിക്കപ്പെട്ടവരും ഏൽപ്പിച്ചുകൊടുക്കപ്പെട്ടവരുമായ കുട്ടികളെ SAA-CCI LINKAGE വഴി ദത്തെടുക്കലിലേയ്ക്ക് കൊണ്ടുവരുന്നതിന് ജില്ലാ ശിശുസംരക്ഷണ യൂണിറ്റുകൾ നടപടി സ്വീകരിച്ചുവരുന്നു. നിയമപരമല്ലാത്ത ദത്തെടുക്കൽ തടയുന്നതിന് പൊതുജനങ്ങൾക്കും ആശുപത്രി അധികൃതർക്കും വിവിധ സ്ഥാപന മേധാവികൾക്കും വേണ്ട അവബോധം നൽകിവരുന്നു. ദത്തെടുത്ത മാതാപിതാക്കളുടേയും കുട്ടികളുടേയും ഏകോപനം ഉറപ്പുവരുത്തുന്നതിന് ജില്ലാതലത്തിൽ കുടുംബ സംഗമവും ദത്തെടുക്കപ്പെട്ട കുട്ടികളുടെ അവസ്ഥയെ സംബന്ധിച്ചുള്ള പഠനവും നടത്തിവരുന്നു.

(ബി & സി) സംസ്ഥാന സർക്കാർ നേരിട്ട് നടത്തുന്ന ശിശുസംരക്ഷണ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യവികസനത്തിന് സർക്കാർ ധനസഹായം നൽകുന്നുണ്ട്. ഇതുവരെ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ നിയമപ്രകാരം രജിസ്റ്റർ ചെയ്തിരുന്ന 790 സർക്കാർ ഇതര സ്ഥാപനങ്ങൾ ഇപ്പോൾ ബാലനീതി നിയമം 2015, പ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവ ഉൾപ്പെടെയുള്ള ശിശുസംരക്ഷണ സ്ഥാപനങ്ങളുടെ അടിസ്ഥാനസൗകര്യ വികസനത്തിന് ധനസഹായം നൽകുന്നതിന് സംസ്ഥാന സർക്കാരിന് വിഭവലഭ്യതയുടെ പരിമിതി ഉള്ളതിനാൽ കൂടുതൽ ധനസഹായത്തിനായി കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

## ചിറയിൻകീഴ്, വർക്കല താലൂക്കുകളിലെ അനാഥാലയങ്ങളുടേയും വൃദ്ധസദനങ്ങളുടേയും പ്രവർത്തനം

318 (329) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ അംഗീകാരമുള്ള എത്ര അനാഥാലയങ്ങളും വൃദ്ധസദനങ്ങളുമാണ് ചിറയിൻകീഴ്, വർക്കല താലൂക്കുകളിൽ പ്രവർത്തിക്കുന്നത്; വിശദമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് വകുപ്പിന്റെ നേതൃത്വത്തിൽ പരിശോധനകൾ നടക്കുന്നുണ്ടോ; ഇത്തരം സ്ഥാപനങ്ങൾക്ക് സർക്കാർ ഗ്രാന്റുകൾ ലഭിക്കുന്നുണ്ടോ; പ്രതിമാസം ഒരു അന്തേവാസിക്ക് എത്ര രൂപ നിരക്കിലാണ് ഗ്രാന്റ് ലഭ്യമാക്കുന്നത്;

(സി) അന്തേവാസികളിൽ നിന്നും പണം ഈടാക്കുവാൻ അനുവാദമുള്ള എത്ര വൃദ്ധ സദനങ്ങളാണ് ചിറയിൻകീഴ്, വർക്കല താലൂക്കുകളിൽ പ്രവർത്തിക്കുന്നത്; വിശദമാക്കാമോ?

ഉത്തരം

(എ) ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ ചിറയിൻകീഴ് താലൂക്കിൽ 3 അനാഥാലയങ്ങളും 2 വൃദ്ധസദനങ്ങളും വർക്കല താലൂക്കിൽ 5 അനാഥാലയങ്ങളും 1 വൃദ്ധസദനവും പ്രവർത്തിക്കുന്നുണ്ട്.

(ബി) പരിശോധന നടത്താറുണ്ട്. അംഗീകാരമുള്ള എല്ലാ സ്ഥാപനങ്ങൾക്കും ഗ്രാന്റ് ലഭിക്കുന്നില്ല. ചിറയിൻകീഴ് താലൂക്കിൽ രണ്ട് സ്ഥാപനങ്ങൾക്ക് ഗ്രാന്റ് ലഭിക്കുന്നുണ്ട്. പ്രതിമാസം ഒരു അന്തേവാസിക്ക് 1,000 രൂപ എന്ന നിരക്കിലാണ് ഇപ്പോൾ ഗ്രാന്റ് നൽകിവരുന്നത്. ആയത് 1,100 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) ചിറയിൻകീഴ് താലൂക്കിൽ ആശ്രയ എന്ന ഒരു പെയ്ഡ് ഹോം പ്രവർത്തിക്കുന്നുണ്ട്. വർക്കല താലൂക്കിൽ മേല്പറത്തിൽ ഒരു സ്ഥാപനവും പ്രവർത്തിക്കുന്നില്ല.

**സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമം**

319 (330) ശ്രീമതി യു. പ്രതിഭ :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. സി. കെ. ശശീന്ദ്രൻ :
പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ സമൂഹത്തിന്റെ ആരോഗ്യകരമായ വളർച്ചയ്ക്ക് ഏറ്റവും വിഘാതമാണെന്നതിനാൽ സ്ത്രീകളോടും കുട്ടികളോടുമുള്ള അവഗണന, അതിക്രമം, അധിക്ഷേപം, ചൂഷണം മുതലായവയിൽ നിന്ന് അവരെ രക്ഷിക്കുന്നതിന് സർക്കാർ ആസൂത്രണം ചെയ്ത് നടപ്പാക്കി വരുന്ന വിവിധ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇപ്രകാരമുള്ള വിവിധ പദ്ധതികളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ഏകോപിപ്പിക്കുന്നതിനും എന്തെല്ലാം മോണിറ്ററിംഗ് സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) അതിക്രമങ്ങൾക്ക് ഇരയാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും അടിയന്തര സഹായം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള ആശ്വാസനിധി പദ്ധതിയിൽ ആരെയൊക്കെയാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്നും പദ്ധതി പ്രകാരം എന്തെല്ലാം സഹായങ്ങളാണ് ലഭിക്കുന്നതെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഗാർഹിക പീഡനത്തിനിരയായ സ്ത്രീകൾക്ക് സംരക്ഷണവും നിയമ പരിരക്ഷയും നൽകുന്നതിന് വിവിധ ഹോമുകളും സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകളും പ്രവർത്തിച്ചുവരുന്നു. ലൈംഗിക അതിക്രമത്തിന് ഇരയായ കുട്ടികൾക്കായി സംസ്ഥാനത്ത് 13 വിമൺ ആൻഡ് ചിൽഡ്രൻസ് ഹോമുകളും അതിക്രമത്തിനിരയായ സ്ത്രീകൾക്കും കുട്ടികൾക്കുമായി വൺ സ്റ്റോപ്പ് സെന്റർ, കൗൺസിലിംഗ്, നിയമ സഹായം, ഇടക്കാല സമാശ്വാസ നിധി എന്നിവ നടപ്പിലാക്കിവരുന്നു. 2015-ലെ ബാലനീതി (ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികൾ) നിയമവും അനുബന്ധചട്ടങ്ങളും അനുസരിച്ച് കുട്ടികൾക്കുമെതിരായ അതിക്രമങ്ങൾ തടയുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കുട്ടികളുടെ അവകാശ സംരക്ഷണത്തിനും സുരക്ഷ ഉറപ്പുവരുത്തുന്നതിനും വേണ്ടി പ്രവർത്തിക്കുന്ന വിവിധ ഏജൻസികളെ സംയോജിപ്പിച്ചുകൊണ്ട് സംയോജിത ശിശു സംരക്ഷണ പദ്ധതി (ICPS) പ്രവർത്തിച്ചുവരുന്നു. ബാലചൂഷണം, ഭിക്ഷാടനം എന്നിവയിൽനിന്നും കുട്ടികളെ സംരക്ഷിക്കുന്നതിന് ശരണബാല്യം പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു.

(ബി) ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റുകൾ, ചൈൽഡ് ലൈൻ എന്നിവ മുഖാന്തിരം കുട്ടികൾക്കെതിരെയുള്ള ശാരീരിക ലൈംഗികാതിക്രമങ്ങൾ തടയാൻ ഔട്ട്റീച്ച് പരിപാടികൾ, കൗൺസിലിംഗ്, സ്കൂൾ/കമ്മ്യൂണിറ്റി/ പഞ്ചായത്ത്/ ജില്ലാതല ബോധവൽക്കരണ പരിപാടികൾ എന്നിവ സംയോജിത ശിശു സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തിവരുന്നു. കുട്ടികൾക്കെതിരെയുള്ള ലൈംഗീകാതിക്രമങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പോക്സോ നിയമത്തെക്കുറിച്ച് അവബോധം ഉണ്ടാക്കുന്നതിന് ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുതല ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികളുടെ നേതൃത്വത്തിൽ അങ്കണവാടി വർക്കർമാർ, ശിശു വികസന പദ്ധതി ഓഫീസർമാർ, കുടുംബശ്രീ പ്രവർത്തകർ, സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റുകൾ, സ്കൂൾ വിദ്യാർത്ഥികൾ, അദ്ധ്യാപകർ എന്നിവർക്കായി വിവിധ പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. പാലക്കാട്, മലപ്പുറം ജില്ലകളിൽ പൊതുജന ശ്രദ്ധ ഏറെ ലഭിക്കുന്ന തരത്തിൽ തെരുവുനാടകം, പ്ലക്ക് കാർഡ്, ഫ്ലാഷ് മോബ്, സിനിമാ തീയേറ്ററുകളിൽ പോക്സോ നിയമം സംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്ന പരസ്യം, തിരക്കുള്ള പ്രദേശങ്ങളിൽ പോസ്റ്ററുകൾ പ്രദർശിപ്പിക്കുക തുടങ്ങിയ പ്രവർത്തനങ്ങളും DCPU തലങ്ങളിൽ സ്വീകരിച്ചിട്ടുണ്ട്. Protection of Children from Sexual Offences (POCSO) Act 2012-നെ സംബന്ധിച്ച പരിശീലന ബോധവത്കരണ പ്രചാരണ പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്. കുട്ടികൾക്കെതിരെയുള്ള പീഡനങ്ങൾ തടയുന്നതിനായി ബാല സുരക്ഷ എന്ന പേരിൽ

വിശദമായ പ്രിവൻഷൻ പ്രോട്ടോക്കോൾ (Prevention Protocol) പുറപ്പെടുവിച്ചിട്ടുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമം തടയുന്നതിന് വിമൺ പ്രൊട്ടക്ഷൻ ഓഫീസർമാരും പ്രവർത്തിക്കുന്നു.

(സി) (1) ഗാർഹിക പീഡനത്തിനിരയായ സ്ത്രീകൾ.

(2) ലൈംഗിക അതിക്രമത്തിന് ഇരയായ കുട്ടികൾ, സ്ത്രീകൾ.

(3) ആസിഡ് ആക്രമണത്തിന് ഇരയായവർ തുടങ്ങിയവരെയാണ് ആശ്വാസനിധി ഉപദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ലൈംഗീകാതിക്രമങ്ങൾ, ആസിഡ് ആക്രമണങ്ങൾ, നിഷ്ഠൂരമായ കുറ്റകൃത്യങ്ങൾ, ജെൻഡർ ബെയ്സ്ഡ് അതിക്രമങ്ങൾ എന്നിവ അതിജീവിച്ച സ്ത്രീകൾക്കും കുട്ടികൾക്കും അടിയന്തര ധനസഹായം നൽകുന്നതിനായി 10-12-2018-ലെ സ.ഉ. (സാധാ) നമ്പർ 701/2018/ സാ.നീ.വ, പ്രകാരം ആശ്വാസനിധി എന്ന പദ്ധതി ആവിഷ്കരിച്ച് ഉത്തരവായിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്ന സർക്കാർ ഉത്തരവിൽ* നിന്നും ലഭിക്കുന്നതാണ്.

ലൈംഗീകാതിക്രമങ്ങൾ, ആസിഡ് ആക്രമണങ്ങൾ, നിഷ്ഠൂരമായ കുറ്റകൃത്യങ്ങൾ, ജെൻഡർ ബെയ്സ്ഡ് അതിക്രമങ്ങൾ എന്നിവ അതിജീവിച്ച സ്ത്രീകൾക്കും കുട്ടികൾക്കും അടിയന്തര ആശ്വാസം നൽകുന്നതിനായി ജില്ലാ ശിശു സംരക്ഷണ ആഫീസറും ജില്ലാ വനിത സംരക്ഷണ ആഫീസറും തയ്യാറാക്കിയ അന്വേഷണ റിപ്പോർട്ടും ശിപാർശയും സമർപ്പിക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ വനിത ശിശു വികസന വകുപ്പ് ഡയറക്ടർ ധനസഹായം അർഹതപ്പെട്ടവരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നിക്ഷേപിക്കുന്നതാണ്.

**പെട്രോൾ പമ്പുകൾ**

320 (331) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര പെട്രോൾ പമ്പുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പുതിയ പെട്രോൾ പമ്പുകൾ അനുവദിക്കുന്നതിന് സംസ്ഥാന സർക്കാർ നൽകുന്ന എന്തെല്ലാം രേഖകളാണ് പെട്രോളിയം കമ്പനികൾ ആവശ്യപ്പെടുന്നത് എന്ന് വ്യക്തമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) 1-1-2019-ലെ കണക്കുപ്രകാരം സംസ്ഥാനത്ത് നിലവിൽ 2116 പെട്രോൾ പമ്പുകൾ പ്രവർത്തിക്കുന്നു എന്ന് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്.

(ബി) കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നല്കുന്ന ലൈസൻസ്, ട്രേഡ് ലൈസൻസ്, ജി.എസ്.റ്റി./സെയിൽസ് ടാക്സ് ലൈസൻസ്, തദ്ദേശസ്വയംഭരണ സ്ഥാപനം നല്കുന്ന ബിൽഡിംഗ് പെർമിറ്റ്, ചീഫ് ടൗൺ പ്ലാനറുടെ കാര്യാലയത്തിലെ അംഗീകാരം എന്നിവയും അതിന്മേൽ അതത് ജില്ലാ കളക്ടർ നല്കുന്ന നിരാക്ഷേപ പത്രവുമാണ് പെട്രോളിയം കമ്പനികൾ ആവശ്യപ്പെടുന്നത്. എന്നാൽ ജില്ലകളുടെ ഭൂപ്രകൃതിയും സവിശേഷതയും അനുസരിച്ച് ചില ജില്ലകളിൽ മേൽഅനുബന്ധ രേഖകളുടെ അവശ്യത്തിൽ വ്യത്യാസം വരാറുണ്ട്.

**സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി**

321 (332) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ സ്ഥിരം ജീവനക്കാർക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതികൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ബി) പുതിയ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ പ്രസ്തുത ജീവനക്കാരെ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ സ്ഥിരം ജീവനക്കാരിൽ, മൊത്തം ശമ്പളം 21,000 രൂപയോ, അതിൽ കുറവോ ഉള്ളവർക്ക് എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് പദ്ധതി നിലവിലുണ്ട്. മൊത്ത ശമ്പളം 21,000 രൂപയിൽ കൂടുതലുള്ള സ്ഥിരം ജീവനക്കാർക്ക് കെ.ജി.എസ്.എം.എ. നിയമ പ്രകാരം മെഡിക്കൽ ആനുകൂല്യങ്ങൾ നൽകിവരുന്നു.

(ബി) സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ സ്ഥിരം ജീവനക്കാരെ പുതിയ ആരോഗ്യ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ല.

## ഭക്ഷ്യ ഭദ്രതാ നിയമം പൊതുവിതരണ സമ്പ്രദായത്തിൽ വരുത്തിയ മാറ്റങ്ങൾ

322 (333) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം സംസ്ഥാനത്തെ പൊതുവിതരണ സമ്പ്രദായത്തിൽ എന്തൊക്കെ മാറ്റങ്ങളാണ് ഉണ്ടാക്കിയത്; വിശദമാക്കാമോ;

(ബി) ഇതിലൂടെ പൊതുവിതരണ സമ്പ്രദായം അഴിമതി മുക്തമാക്കുന്നതിനും സുതാര്യമാക്കുന്നതിനും സാധിച്ചിട്ടുണ്ടോ;

(സി) സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിൽക്കുന്ന സബ്സിഡിയേതര/ നോൺ മാവേലി സാധനങ്ങൾ തെരഞ്ഞെടുത്ത റേഷൻ കടകൾ വഴി വിൽക്കുന്ന പദ്ധതി വിജയപ്രദമാണോ;

(ഡി) എങ്കിൽ കൂടുതൽ റേഷൻ കടകളിലേക്ക് ഇത് വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ)

- ഭക്ഷ്യധാന്യ വിട്ടെടുക്കലും വിതരണവും പൂർണ്ണമായി സർക്കാർ നിയന്ത്രണത്തിലാക്കി.
- വാതിൽപ്പടി വിതരണം ആരംഭിച്ചു. പൊതുവിതരണം ഇ-പോസ് വഴി നടത്തിവരുന്നു. പ്രതിമാസ റേഷൻ വിഹിതം എല്ലാ കാർഡുടമകളേയും എസ്.എം.എസ്. വഴി അറിയിക്കുന്നു. കൂടുതൽ സുതാര്യതയും ഉത്തരവാദിത്വവും ഉറപ്പുവരുത്തി. കൂടാതെ റേഷൻ കടകളെ കൂടുതൽ ആകർഷണ സ്ഥലങ്ങളാക്കുന്നതിനുള്ള വൈവിദ്ധ്യവൽക്കരണ പദ്ധതി ആരംഭിച്ചു.

(ബി) ഉണ്ട്.

(സി &ഡി) പരിശോധിച്ചുവരുന്നു.

## എ.പി.എൽ. കാർഡുകൾ ബി.പി.എൽ. ആക്കുവാനുള്ള കാലതാമസം

323 (334) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എ.പി.എൽ. കാർഡുകൾ ബി.പി.എൽ. ആക്കുന്നതിൽ ഉണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനായി ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ നിന്നും ലഭിച്ച അപേക്ഷകളിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(സി) ഇവയിൽ ബി.പി.എൽ. കാർഡ് ആക്കി മാറ്റം ലഭിച്ചിട്ടുള്ളവരുടെ ലിസ്റ്റ് ലഭ്യമാക്കാമോ?

ഉത്തരം

(എ) ബി.പി.എൽ./എ.പി.എൽ. വിഭാഗം പൊതുവിതരണ സംവിധാനത്തിൽ നിലവിലില്ല. നിലവിൽ മുൻഗണനാ/മുൻഗണനേതര കാർഡുകളാണ് നൽകുന്നത്. അപേക്ഷകരുടെ ബാഹുല്യം കാരണം ചെറിയതോതിൽ കാലതാമസം നേരിടുന്നുണ്ട്.

(ബി) ചെങ്ങന്നൂർ താലൂക്കിൽ 2017 ആഗസ്റ്റ് മാസംവരെ ലഭിച്ച അപേക്ഷകളിൽ ഒക്ടോബർ, നവംബർ മാസങ്ങളിൽ റേഷൻ കടകൾ കേന്ദ്രീകരിച്ച് അദാലത്തുകൾ നടത്തുകയും ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ അർഹരായ 1165 (മുൻഗണന - 1063 + എ.എ.വൈ. - 102) പേരുടെ മെയിൻ ലിസ്റ്റും 1387 പേരുടെ സപ്ലിമെന്ററി ലിസ്റ്റും പ്രസിദ്ധീകരിച്ചു. ഇതിൽ മെയിൻ ലിസ്റ്റിലെ മുഴുവൻ പേരേയും സപ്ലിമെന്ററി ലിസ്റ്റിലെ 419 പേരേയും ഈ താലൂക്കിൽ ഉണ്ടായിട്ടുള്ള ഒഴിവ് അനുസരിച്ച് മുൻഗണനാ, എ.എ.വൈ. വിഭാഗത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്. (സാങ്കേതിക കാരണങ്ങളാൽ മാറ്റാൻ പറ്റാത്തവ ഒഴികെ). മേൽഅദാലത്തുകൾക്ക് ശേഷം ലഭിച്ച ആയിരത്തോളം അപേക്ഷകളിൽ റേഷനിംഗ് ഇൻസ്പെക്ടർമാർ അന്വേഷണം നടത്തി റിപ്പോർട്ട് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

(സി) മുൻഗണനാ ലിസ്റ്റിലേയ്ക്ക് മാറ്റം ലഭിച്ചവരുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

**പുതിയ റേഷൻ കാർഡുകളുടെ വിതരണം**

324 (335) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ റേഷൻ കടകളിലും പുതിയ റേഷൻ കാർഡുകളുടെ വിതരണം പൂർത്തിയായിട്ടുണ്ടോ;

(ബി) പുതിയ റേഷൻ കാർഡിലെ തെറ്റ് തിരുത്തൽ നടപടികൾ വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) കൊയിലാണ്ടി സപ്ലൈ ഓഫീസിൽ പുതിയ റേഷൻ കാർഡിനുള്ള എത്ര അപേക്ഷകളാണ് ഇപ്പോൾ ലഭിച്ചിട്ടുള്ളത്; ഇവർക്ക് സമയബന്ധിതമായി പുതിയ കാർഡുകൾ ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് റേഷൻ കാർഡ് പുതുക്കലുമായി ബന്ധപ്പെട്ട് പുതിയ റേഷൻ കാർഡുകളുടെ വിതരണം പൂർത്തിയായിട്ടുണ്ട്. അതിനുശേഷം ലഭിച്ച അപേക്ഷകളിൽ അടിയന്തിരമായി റേഷൻ കാർഡ് വിതരണം നടത്തുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

(ബി) റേഷൻ കാർഡ് സംബന്ധമായ അപേക്ഷകൾ 20-6-2018 മുതൽ സ്വീകരിച്ചുതുടങ്ങിയിട്ടുണ്ട്. കഴിഞ്ഞ നാലുവർഷമായി റേഷൻ കാർഡ് പുതുക്കലുമായി ബന്ധപ്പെട്ട് അപേക്ഷകൾ സ്വീകരിക്കാതിരുന്നതിനാൽ ഓരോ താലൂക്കിലും ലഭിക്കുന്ന അപേക്ഷകളുടെ എണ്ണം വളരെ കൂടുതലാണ്. നാളിതുവരെ 19.31 ലക്ഷം അപേക്ഷകൾ സംസ്ഥാനത്തൊട്ടാകെ ലഭിച്ചിട്ടുണ്ട്. ഇവയിൽ സി-ഡിറ്റുമായി ചേർന്ന് വളരെ വേഗം അപേക്ഷകളിൽ ഡാറ്റാ എൻട്രി വരുത്തി 14 ലക്ഷം അപേക്ഷകൾ തീർപ്പുകൽപ്പിച്ച് വിതരണത്തിന് സജ്ജമാക്കിയിട്ടുണ്ട്. വളരെ വേഗം ഇവ വിതരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പുതിയ റേഷൻ കാർഡിനുള്ള അപേക്ഷകൾ - 9691

കാർഡ് വിതരണം നടത്തിയത് - 6851

കാർഡ് വിതരണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വിവിധ കാർഡുകൾക്ക് അനുവദിക്കുന്ന റേഷൻ സാധനങ്ങൾ**

325 (336) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ ഇനങ്ങളിലായി എത്ര റേഷൻ കാർഡുകളാണ് നിലവിലുള്ളത്;

(ബി) ഓരോയിനത്തിലും അനുവദിച്ചു വരുന്ന റേഷൻ സാധനങ്ങൾ എന്തെല്ലാമാണ്; വിശദ വിവരം നൽകുമോ;

(സി) റേഷൻ കാർഡിനായി വിവിധ സപ്ലൈ ഓഫീസുകളിൽ ലഭിച്ചിട്ടുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പുകല്പിക്കുവാൻ കഴിയുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് നിലവിലുള്ള റേഷൻ കാർഡുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| എ.എ.വൈ. | - | 585107 |
| മുൻഗണനാ | - | 2983232 |
| മുൻഗണനേതര – സബ്സിഡി (NPS) | - | 2057920 |
| മുൻഗണനേതര നോൺ സബ്സിഡി (NPNS) | - | 2614479 |
| ആകെ | - | 8240738 |

(ബി) റേഷൻ കടകൾ വഴി ഓരോ വിഭാഗം റേഷൻ കാർഡുടമകൾക്കും നിലവിൽ അനുവദിക്കപ്പെട്ടിട്ടുള്ള റേഷൻ സാധനങ്ങളുടെ അളവ് ചുവടെ ചേർക്കുന്നു:

| ഇനം | ഓരോ വിഭാഗങ്ങൾക്കുമുള്ള പ്രതിമാസ വിതരണക്രമം (2019 ജനുവരി മാസം ആധാരമാക്കിയിട്ടുള്ളത്) | | | |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| | എ.എ.വൈ. | എ.എ.വൈ. ഒഴികെയുള്ള മുൻഗണനാ വിഭാഗം (priority) | മുൻഗണനേതര വിഭാഗം (സബ്സിഡി) NP(S) | മുൻഗണനേതര വിഭാഗം (നോൺ സബ്സിഡി) NP(NS) |
| അരി | ഓരോ കാർഡിനും 30 കി.ഗ്രാം | കാർഡിലെ ഓരോ അംഗത്തിനും 4 കി.ഗ്രാം വീതം | കാർഡിലെ ഓരോ അംഗത്തിനും 2 കി.ഗ്രാം വീതം | ഓരോ കാർഡിനും അരിയും ഗോതമ്പും ഉൾപ്പെടെ 4 കി.ഗ്രാം ഭക്ഷ്യധാന്യം |
| ഗോതമ്പ് | ഓരോ കാർഡിനും 5 കി.ഗ്രാം | കാർഡിലെ ഓരോ അംഗത്തിനും 1 കി.ഗ്രാം വീതം | ഇല്ല | |
| ആട്ട | ഇല്ല | ഇല്ല | കാർഡിന് 2 കി.ഗ്രാം മുതൽ 3 കി.ഗ്രാം വരെ | കാർഡിന് 2 കി.ഗ്രാം മുതൽ 3 കി.ഗ്രാം വരെ |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| പഞ്ചസാര | ഓരോ കാർഡിനും 1 കി.ഗ്രാം വീതം | ഇല്ല | ഇല്ല | ഇല്ല |
| മണ്ണെണ്ണ | ഇ-കാർഡിന് (വൈദ്യുതീകരിച്ച വീട്) ½ ലിറ്ററും എൻ.ഇ-കാർഡിന് (വൈദ്യുതീകരിക്കാത്ത വീട്) 4 ലിറ്ററും പ്രളയദുരിതാശ്വാസമായി ലഭ്യമായ നോൺ സബ്സിഡി നിരക്കിലുള്ള ഡിസംബർ ക്വാട്ടയിലെ മണ്ണെണ്ണ ജനുവരി മാസത്തിലും കാർഡൊന്നിന് 3 മുതൽ 5 ലിറ്റർ വരെ വാങ്ങാവുന്നതാണ്. | | | |

മുൻഗണനേതര വിഭാഗം നോൺ-സബ്സിഡി വിഭാഗത്തിനുള്ള ഭക്ഷ്യധാന്യത്തിന്റേയും ആട്ടയുടേയും വിതരണ തോത് ലഭ്യതയ്ക്കനുസരിച്ച് വ്യത്യാസം വരാവുന്നതാണ്.

(സി) അപേക്ഷകളുടെ ബാഹുല്യം കാരണം സമയബന്ധിതമായി തീർപ്പാക്കാൻ കഴിയാതെ വരുന്നുണ്ടെങ്കിലും ത്വരിതഗതിയിൽ അപേക്ഷകളിൽ നടപടി സ്വീകരിച്ച് വരുന്നുണ്ട്.

**റേഷൻ കാർഡ്**

326 (337) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻ കാർഡ് ഉടമകളുടെ എണ്ണം ഇനം തിരിച്ചും ജില്ലതിരിച്ചും വ്യക്തമാക്കാമോ;

(ബി) റേഷൻ കാർഡ് മുൻഗണന പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി ലഭിച്ച അപേക്ഷകളുടെ കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(സി) മാനദണ്ഡം അനുസരിച്ച് എത്ര ലക്ഷം മുൻഗണനാ റേഷൻ കാർഡുകളാണ് നൽകാൻ കഴിയുക; ഈ അപേക്ഷകർക്ക് മുൻഗണനാ പദവി ലഭിക്കുന്നതിന് എന്തെങ്കിലും മാനദണ്ഡങ്ങൾ ഉണ്ടോ;

(ഡി) മുൻഗണനാ പട്ടികയിൽ വരുന്ന ഒഴിവുകൾ അതത് ജില്ലയിൽ തന്നെയുള്ള അപേക്ഷകർക്ക് നൽകുന്നതിന് നടപടി സ്വീകരിക്കാൻ കഴിയുമോ?

<u>ഉത്തരം</u>

(എ)

| ജില്ല | AAY | PHH | NPNS | NPS | ആകെ |
|---|---|---|---|---|---|
| തിരുവനന്തപുരം | 62361 | 357581 | 246401 | 235019 | 901362 |
| കൊല്ലം | 48712 | 273690 | 174942 | 215242 | 712586 |
| പത്തനംതിട്ട | 24100 | 101436 | 103862 | 99368 | 328766 |
| ആലപ്പുഴ | 40500 | 219033 | 141244 | 164335 | 565112 |
| കോട്ടയം | 34592 | 158846 | 159248 | 141311 | 493997 |
| ഇടുക്കി | 33419 | 121487 | 55513 | 73471 | 283890 |
| എറണാകുളം | 37001 | 245041 | 241105 | 287868 | 811015 |
| തൃശ്ശൂർ | 53145 | 269999 | 194997 | 276929 | 795070 |
| പാലക്കാട് | 48283 | 296931 | 152530 | 196341 | 694085 |
| മലപ്പുറം | 52617 | 350431 | 155418 | 301338 | 859804 |
| കോഴിക്കോട് | 39964 | 272546 | 176160 | 233812 | 722482 |
| വയനാട് | 47420 | 56224 | 39308 | 59656 | 202608 |
| കണ്ണൂർ | 35100 | 162541 | 154613 | 226228 | 578482 |
| കാസർഗോഡ് | 27893 | 97446 | 62579 | 103561 | 291479 |
| ആകെ | 5,85,107 | 29,83,232 | 20,57,920 | 26,14,479 | 82,40,738 |

(ബി)

| ജില്ല | അപേക്ഷകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 224902 |
| കൊല്ലം | 45752 |
| പത്തനംതിട്ട | 7046 |

| 1 | 2 |
|---|---|
| ആലപ്പുഴ | 55482 |
| കോട്ടയം | 32751 |
| ഇടുക്കി | 8193 |
| എറണാകുളം | 42017 |
| തൃശ്ശൂർ | 40578 |
| പാലക്കാട് | 14235 |
| മലപ്പുറം | 72217 |
| കോഴിക്കോട് | 35514 |
| വയനാട് | 8088 |
| കണ്ണൂർ | 37569 |
| കാസർഗോഡ് | 14100 |

(സി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം സംസ്ഥാനത്തിന് 1,54,80,030 എണ്ണം ആളുകളെയാണ് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്താൻ കഴിയുന്നത്. 18-9-2017-ലെ സ.ഉ.(സാധാ) നമ്പർ 320/17/ഭ.പൊ.വി.വ പ്രകാരമാണ് സംസ്ഥാനത്ത് മുൻഗണനാ പദവി നിശ്ചയിക്കുന്നത്.

(ഡി) പരിശോധിച്ചുവരുന്നു.

**റേഷൻ കാർഡ് വിതരണം ത്വരിതപ്പെടുത്താൻ നടപടി**

327 (338) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ റേഷൻ കാർഡ് വിതരണം ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകുമോ;

(ബി) അപേക്ഷകൾ സ്വീകരിച്ച് തുടങ്ങിയിട്ട് ആറുമാസത്തിലധികമായെങ്കിലും ഇപ്പോഴും കാർഡുകൾ ലഭിക്കാതെ നിരവധി കുടുംബങ്ങൾ പ്രയാസമനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പുതിയ റേഷൻകാർഡിന്റെ അച്ചടി ഏതെങ്കിലും ഏജൻസികളെ ഏൽപ്പിച്ചിട്ടുണ്ടോ;

(ഡി) കാലതാമസം ഇല്ലാതാക്കി കാർഡുകൾ വിതരണം ചെയ്യുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-ഡി ) അന്തിമ ഘട്ടത്തിലാണ്. റേഷൻ കാർഡുമായി ബന്ധപ്പെട്ട എല്ലാ അപേക്ഷകളും 25-6-2018 മുതൽ സ്വീകരിച്ചുതുടങ്ങിയിട്ടുണ്ട്. കഴിഞ്ഞ നാലുവർഷമായി റേഷൻ കാർഡ് പുതുക്കലുമായി ബന്ധപ്പെട്ട് അപേക്ഷകൾ സ്വീകരിക്കാതിരുന്നതിനാൽ ഓരോ താലൂക്കിലും ലഭിക്കുന്ന അപേക്ഷകളുടെ എണ്ണം വളരെ കൂടുതലാണ്. നാളിതുവരെ 19.31 ലക്ഷം അപേക്ഷകൾ സംസ്ഥാന മൊട്ടാകെ ലഭിച്ചിട്ടുണ്ട്. ഇവയിൽ സി-ഡിറ്റുമായി ചേർന്ന് വളരെ വേഗം ഡാറ്റാ എൻട്രി നടത്തി 14 ലക്ഷം അപേക്ഷകളിൽ തീർപ്പുകൽപ്പിച്ച് വിതരണത്തിന് സജ്ജമാക്കിയിട്ടുണ്ട്. അപേക്ഷകൾ സ്വീകരിച്ചുതുടങ്ങി ആറുമാസത്തിലധികമായെങ്കിലും കാർഡ് ലഭിക്കാതെ കുടുംബങ്ങൾ പ്രയാസമനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുതിയ റേഷൻ കാർഡിന്റെ പുറംചട്ടയുൾപ്പെടെയുള്ളവ സജ്ജീകരിക്കുന്നതിന് സി-ഡിറ്റിനേയും ഇന്നർഷീറ്റ് അച്ചടിക്കുന്നതിന് കേരള ബുക്ക്സ് ആൻഡ് പബ്ലിക്കേഷൻസ് സൊസൈറ്റിയെയുമാണ് ഏൽപ്പിച്ചിട്ടുള്ളത്. കാലതാമസം ഇല്ലാതാക്കി എത്രയും വേഗം കാർഡുകൾ വിതരണം ചെയ്യുന്നതിന് സത്വര നടപടി സ്വീകരിച്ചിട്ടുണ്ട്.

**റേഷൻ കാർഡിലെ തെറ്റ് തിരുത്തുന്നതിനുള്ള നടപടികൾ**

328 (339) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.പി.എൽ. റേഷൻകാർഡ് ഉണ്ടായിട്ടും സോഫ്റ്റ്വെയറിൽ എ.പി.എൽ. എന്ന് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നതുമൂലം ബി.പി.എൽ. റേഷൻ ആനുകൂല്യങ്ങൾ ലഭിക്കാത്ത നിരവധി ആളുകൾ ഉണ്ട് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ എത്ര ആളുകളുടെ വിവരങ്ങളാണ് തെറ്റായി രേഖപ്പെടുത്തിയിട്ടുള്ളത് എന്നുള്ള വിവരങ്ങൾ ലഭ്യമായിട്ടുണ്ടോ;

(സി) ഈ വിഷയം പരിഹരിച്ചുനൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ-സി) മുൻഗണനാ പട്ടിക ശുദ്ധീകരണത്തിന്റെ ഭാഗമായി അനർഹരെ ഒഴിവാക്കി അർഹരെ ഉൾപ്പെടുത്തുമ്പോൾ കീ രജിസ്റ്ററിൽ അപ്ഡേറ്റ് ചെയ്യുമ്പോൾ മാത്രമേ ഇപ്രകാരം ഉൾപ്പെട്ടവർക്ക് മുൻഗണനാ കാർഡ് പ്രകാരമുള്ള റേഷൻ സാധനങ്ങൾ ലഭ്യമാകുകയുള്ളൂ. കീ രജിസ്റ്റർ അപ്ഡേഷൻ മാസത്തിൽ ഒരിക്കൽ മാത്രമേ നടക്കുകയുള്ളൂ. ആയതിനാലാണ് ചില മുൻഗണനാ കാർഡുകൾ എ.പി.എൽ. (എൻ.പി.എസ്./എൻ.പി.എൻ.എസ്.) എന്ന് ഇ-പോസ് മെഷീനിൽ കാണിക്കുന്നത്. സ്റ്റാറ്റസ് മാറ്റുന്ന മാസത്തിൽ കീ രജിസ്റ്ററിൽ ഡാറ്റ അപ്ഡേറ്റ് ചെയ്യുന്നതുവരെ മാത്രമാണ് ഇത്തരത്തിൽ സംഭവിക്കുന്നത്. ഇത്തരത്തിലുള്ള വളരെക്കുറച്ച് പരാതികൾ മാത്രമേ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളൂ. ആയവ പരിഹരിക്കുന്നതിന് ഉടൻ നിർദ്ദേശം നൽകാറുണ്ട്.

**വയനാട് ജില്ലയിലെ റേഷൻകാർഡ് വിതരണം**

329 (340) <u>ശ്രീ. ഒ. ആർ. കേളു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ റേഷൻകാർഡ് വിതരണം വയനാട് ജില്ലയിൽ പൂർത്തിയായിട്ടുണ്ടോ;

(ബി) വയനാട് ജില്ലയിൽ പുതിയ റേഷൻകാർഡിനായി എത്ര പേരാണ് അപേക്ഷിച്ചിട്ടുള്ളത്;

(സി) ഈ ജില്ലയിൽ പുതിയതായി എത്ര റേഷൻകാർഡുകൾ വിതരണം ചെയ്തുകഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) പുതിയ റേഷൻകാർഡ് വിതരണം ചെയ്തത് ഉൾപ്പെടെ വയനാട് ജില്ലയിൽ ആകെ എത്ര റേഷൻകാർഡ് ഉടമകൾ ഉണ്ടെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 13019 പേർ.

(സി) 5038 എണ്ണം.

(ഡി)204658 കാർഡുടമകൾ ഉണ്ട്.

## റേഷൻ കാർഡിലെ തെറ്റ് തിരുത്തുന്നതിന് നടപടി

330 (341) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ റേഷൻ കാർഡിൽ കാർഡുടമകളുടെ തെറ്റായ വിവരങ്ങൾ തിരുത്തുന്നതിന് നിലവിൽ ഓൺലൈൻ സംവിധാനമുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) നിലവിലുള്ള കാർഡിലെ തെറ്റ് തിരുത്തുന്നതിന് ഉപഭോക്താവ് നേരിട്ട് താലൂക്ക് സപ്ലൈ ഓഫീസിലെത്തേണ്ട ആവശ്യമുണ്ടോ; ആയത് ഓൺലൈൻ വഴി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇക്കാര്യത്തിൽ ഭരണപരവും സാങ്കേതികവുമായ തടസ്സങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയത് വ്യക്തമാക്കാമോ;

(ഡി) പുതിയ റേഷൻ കാർഡിലെ അക്ഷരത്തെറ്റും സ്ഥലനാമത്തിലെ പിശകും തിരുത്തുന്നതിനുള്ള അപേക്ഷ നൽകിയാൽ എത്ര ദിവസത്തിനകം പരിഹരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ &ബി) ഉണ്ട്. റേഷൻ കാർഡുമായി ബന്ധപ്പെട്ട അപേക്ഷകൾ നിലവിൽ സിറ്റിസൺ ലോഗിൻ വഴിയും അക്ഷയ മുഖാന്തരവും താലൂക്ക് സപ്ലൈ ആഫീസുകളിൽ നേരിട്ട് എത്താതെയും അപേക്ഷ സമർപ്പിക്കാം. എന്നാൽ റേഷൻകാർഡ്/സർട്ടിഫിക്കറ്റുകൾ പ്രിന്റ് ചെയ്ത് കൊടുക്കേണ്ടതിനാൽ അപേക്ഷകൻ നേരിട്ട് ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസുകളിൽ എത്തേണ്ടതുണ്ട്.

(സി) ഇതിൽ ഭരണപരമായ തടസ്സങ്ങൾ നിലവിലില്ല. എന്നാൽ സാങ്കേതികമായി പുതിയ റേഷൻ കാർഡുകൾ/സർട്ടിഫിക്കറ്റുകൾ ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ആഫീസുകളിൽനിന്നും പ്രിന്റ് ചെയ്ത് അപേക്ഷകർക്ക് നേരിട്ട് നൽകുന്നതിനാൽ അവർ നേരിട്ട് ആഫീസുകളിൽ എത്തേണ്ടതുണ്ട്.

(ഡി) നിലവിലെ അപേക്ഷകളിൽ തീർപ്പുകൽപ്പിക്കുന്ന പ്രക്രിയ പൂർത്തിയായാൽ സേവനാവകാശ നിയമം അനുസരിച്ചുള്ള ഒരു ദിവസം മാത്രമെ ഇതിന് ആവശ്യമുള്ളൂ. എന്നാൽ അപേക്ഷകരുടെ ആധിക്യംമൂലം നേരിയ താമസം നേരിടുന്നുണ്ട്.

## പൊതുവിതരണ സംവിധാനം കാര്യക്ഷമമാക്കാനുള്ള നടപടികൾ

331 (342) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. കെ. രാജൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ റേഷൻ കാർഡ് വിതരണം ചെയ്യുന്ന നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ;

(ബി) മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ട അനർഹരെ ഒഴിവാക്കി അർഹരായവരെ ഉൾപ്പെടുത്തുന്ന നടപടിയുടെ പുരോഗതി വ്യക്തമാക്കുമോ;

(സി) നിലവിൽ കേന്ദ്രത്തിൽനിന്ന് ലഭ്യമാകുന്ന ഭക്ഷ്യധാന്യ വിഹിതം അപര്യാപ്തമായതിനാൽ ഭക്ഷ്യഭദ്രതാ നിയമം നടപ്പിൽവരുന്നതിന് മുമ്പ് സംസ്ഥാനത്തിന് ലഭിച്ചിരുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവ് പുനഃസ്ഥാപിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ അതിന്മേലുള്ള പ്രതികരണം വ്യക്തമാക്കുമോ;

(ഡി) ഇ-പോസ് യന്ത്രം റേഷൻ കടകളിലെ ത്രാസ്സുമായി ബന്ധിപ്പിക്കുന്ന പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ?

### ഉത്തരം

(എ) റേഷൻ കാർഡ് സംബന്ധമായ അപേക്ഷകൾ 25-6-2018 മുതൽ സ്വീകരിച്ചുതുടങ്ങിയിട്ടുള്ളതാണ്. കഴിഞ്ഞ നാലുവർഷമായി റേഷൻകാർഡ് പുതുക്കലുമായി ബന്ധപ്പെട്ട് അപേക്ഷകൾ സ്വീകരിക്കാതിരുന്നതിനാൽ ഓരോ താലൂക്കിലും ലഭിക്കുന്ന അപേക്ഷകളുടെ എണ്ണം വളരെ കൂടുതലാണ്. നാളിതുവരെ 19.31 ലക്ഷം അപേക്ഷകൾ സംസ്ഥാനത്തൊട്ടാകെ ലഭിച്ചിട്ടുണ്ട്. ഇവയിൽ സി-ഡിറ്റുമായി ചേർന്ന് അപേക്ഷകളിൽ ഡാറ്റാ എൻട്രി വരുത്തി 14 ലക്ഷം അപേക്ഷകൾ തീർപ്പുകൽപ്പിച്ച് വിതരണത്തിന് സജ്ജമാക്കിയിട്ടുണ്ട്. വളരെ വേഗം ഇവ വിതരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) തദ്ദേശസ്വയംഭരണം, മോട്ടോർവാഹനം എന്നീ വകുപ്പുകളുടെ ഡാറ്റായുമായി റേഷൻ കാർഡ് മനേജ്മെന്റ് സിസ്റ്റം വഴി ഡാറ്റാ മാപ്പിംഗ് നടത്തിയും ഫീൽഡ് പരിശോധന നടത്തിയും മറ്റ് സ്രോതസ്സുകൾവഴി ലഭിച്ച പരാതികളിന്മേൽ അന്വേഷണം നടത്തിയും 20-1-2019 വരെ 286677 കുടുംബങ്ങളെ അനർഹമാണെന്ന് കണ്ടെത്തി ഒഴിവാക്കി. ഇപ്രകാരം കണ്ടെത്തിയ ഒഴിവുകളിൽ

ഓരോ താലൂക്കിലും അദാലത്ത് നടത്തി തയ്യാറാക്കിയിട്ടുള്ള അർഹരുടെ സപ്ലിമെന്ററി ലിസ്റ്റിൽനിന്നും ക്രമമനുസരിച്ച് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിവരുന്നു.

(സി) ഭക്ഷ്യഭദ്രതാ നിയമപ്രകാരം സംസ്ഥാനത്തിന് നിശ്ചയിച്ചിട്ടുള്ള ഭക്ഷ്യധാന്യവിഹിതം വർദ്ധിപ്പിക്കണമെന്ന ആവശ്യം നിരവധിതവണ കത്തുകളിലൂടെയും ഗവർണർമാരുടെ സമ്മേളനത്തിലും എം.പി.-മാരുടെ കോൺഫറൻസിലും ഉന്നയിക്കുകയും ബഹു. ഭക്ഷ്യ വകുപ്പുമന്ത്രിതലത്തിലും ബഹു. മുഖ്യമന്ത്രി തലത്തിലും സർവ്വകക്ഷിതലത്തിൽ ബഹു. പ്രധാനമന്ത്രിയെ നേരിട്ട് കണ്ടും കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു. എന്നാൽ 2010-11 മുതൽ 2012-13 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ എ.പി.എൽ. വിഹിതത്തിലുള്ള കേരളത്തിന്റെ ഓഫ് ടേക്കിന്റെ വാർഷിക ശരാശരി കണക്കിലെടുത്താണ് ടൈഡ് ഓവർ വിഹിതം കണക്കാക്കിയിട്ടുള്ളതെന്നും എല്ലാ സംസ്ഥാനങ്ങൾക്കും ഇതേ രീതി തന്നെയാണ് അവലംബിച്ചിരിക്കുന്നതെന്നതിനാൽ കേരളത്തിന് മാത്രമായി വ്യത്യാസം വരുത്താൻ കഴിയില്ലെന്നുമാണ് നിലവിൽ കേന്ദ്ര സർക്കാരിൽനിന്ന് അറിയിച്ചിട്ടുള്ളത്.

(ഡി) സംസ്ഥാനത്തൊട്ടാകെയുള്ള റേഷൻകടകളിൽ പുതിയ അളവ് തൂക്കയന്ത്രം വാങ്ങി നൽകുന്നതിന് 932 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അളവുതൂക്കയന്ത്രങ്ങൾ ഇ-ടെണ്ടർ മുഖേന വാങ്ങുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ സ്വീകരിച്ചുവരികയാണ്. 2019 ജൂൺ മാസത്തോടെ ഇവ എല്ലാ റേഷൻകടകളിലും സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## കൽപ്പറ്റ നിയോജകമണ്ഡലത്തിലെ റേഷൻ കാർഡ് വിതരണം

332 (343) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിൽ എത്ര കുടുംബങ്ങൾക്ക് റേഷൻകാർഡ് ലഭിക്കാനുണ്ട്; ഇതിൽ എത്ര ആദിവാസി കുടുംബങ്ങളുണ്ട്;

(ബി) സർക്കാർ അനുവദിച്ച പല ആനുകൂല്യങ്ങളും റേഷൻകാർഡില്ലാത്തവർക്ക് നിഷേധിക്കുന്ന സാഹചര്യത്തിൽ ഇവർക്ക് റേഷൻ കാർഡുകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ എന്ന് മുതൽ ഇവർക്ക് റേഷൻ കാർഡുകൾ ലഭ്യമാക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 4875 അപേക്ഷകളിൽ 1466 റേഷൻ കാർഡുകൾ നൽകി. ബാക്കി 3409 പുതിയ റേഷൻ കാർഡുകൾ വിതരണം ചെയ്യാനുണ്ട്. 142 ആദിവാസി കുടുംബങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്.

(ബി &സി) നിയമാനുസൃതം അപേക്ഷ ലഭിക്കുന്നമുറയ്ക്ക് റേഷൻ കാർഡുകൾ അനുവദിക്കുന്നുണ്ട്.

**പട്ടാമ്പി മണ്ഡലത്തിലെ റേഷൻ മുൻഗണനാ പട്ടിക**

333 (344) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കാർഡ് മുൻഗണനാ പട്ടികയിൽനിന്ന് അനർഹരാണെന്ന് കണ്ടെത്തി ഒഴിവാക്കപ്പെട്ടവർക്ക് പകരമായി അർഹരാണെന്ന് കണ്ടെത്തിയവരെ ഉൾപ്പെടുത്തുന്ന നടപടികൾ ഏത് ഘട്ടം വരെ ആയെന്ന് വിശദമാക്കാമോ;

(ബി) പട്ടാമ്പി മണ്ഡലത്തിൽ ഇപ്രകാരം എത്ര അനർഹരെ ഒഴിവാക്കിയെന്നും അർഹരായ എത്ര പേരെ ഉൾപ്പെടുത്തിയെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) അന്തിമഘട്ടത്തിലാണ്.

(ബി) പട്ടാമ്പി മണ്ഡലത്തിൽ ഇന്നേവരെ 4907 അനർഹരെ മുൻഗണനാ ലിസ്റ്റിൽനിന്നും പുറത്താക്കിയിട്ടുള്ളതും 4437 പേരെ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്.

**റേഷൻ കടകൾ പരിഷ്കരിക്കുന്നതിന് സ്വീകരിച്ച നടപടികൾ**

334 (345) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകൾ പരിഷ്കരിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ബി) പ്രസ്തുത പരിഷ്കരണങ്ങൾകൊണ്ട് ഉണ്ടായ നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ?

ഉത്തരം

(എ)

- റേഷൻവിതരണം ഇ-പോസ് മുഖേനയാക്കി.
- വൈവിദ്ധ്യവൽക്കരണത്തിനുള്ള നടപടി സ്വീകരിച്ചു.
- റേഷൻ കടകൾക്ക് ഏകീകൃതമായ ഒരു മുഖച്ഛായ നൽകുന്നതിനായി ഒരു റേഷൻ കടയ്ക്ക് 2,500 രൂപ വീതം നവീകരണത്തിന് അനുവദിച്ചു.

(ബി&സി) റേഷൻകടകളെ കൂടുതൽ ജനകീയവും അഴിമതിരഹിതവും സുതാര്യവും ആകർഷകവുമാക്കുന്നതിൽ മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾകൊണ്ട് സാധിക്കുന്നതാണ്.

**റേഷൻ ലഭിക്കാത്തവർക്ക് ഭക്ഷ്യഭദ്രതാ ബത്ത**

335 (346) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ ലഭിക്കാത്തവർക്ക് ഭക്ഷ്യഭദ്രതാ ബത്ത നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഭക്ഷ്യഭദ്രതാ ബത്ത അനുവദിക്കുന്നതിന് ആർക്കാണ് അപേക്ഷ നൽകേണ്ടത് എന്നറിയിക്കുമോ;

(സി) സംസ്ഥാനത്ത് ഭക്ഷ്യഭദ്രതാ ബത്ത അനുവദിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി അനുവദിക്കപ്പെട്ട റേഷൻ നൽകാത്തതിന് ഉത്തരവാദികളായ റേഷൻ ലൈസൻസികൾക്കെതിരെ സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013-ലെ സെക്ഷൻ (8) അനുശാസിക്കുന്ന രീതിയിലാണ് ഫുഡ് സെക്യൂരിറ്റി അലവൻസ് നൽകുന്നത്.

(ബി) അപേക്ഷകൾ അതാത് ഫർക്ക റേഷനിംഗ് ഇൻസ്പെക്ടർ മുഖേനയോ അല്ലെങ്കിൽ നേരിട്ടോ ജില്ലാതല പരാതി പരിഹാര ഓഫീസർക്ക് നൽകാവുന്നതാണ്.

(സി) തിരുവനന്തപുരം ജില്ലയിൽ എ.എ.വൈ. വിഭാഗത്തിൽ ഉൾപ്പെട്ട 6 കാർഡുടമകൾക്കും മുൻഗണനാ വിഭാഗത്തിൽപ്പെട്ട 5 കാർഡുടമകൾക്കും ഫുഡ് സെക്യൂരിറ്റി അലവൻസ് നൽകാൻ ജില്ലാ തല പരാതി പരിഹാര ഓഫീസർ ഉത്തരവായിട്ടുണ്ട്.

(ഡി) അനുവദിക്കപ്പെട്ട റേഷൻ വിഹിതം നൽകിയില്ല എന്നുള്ള പരാതികളിന്മേൽ ചുവടെപ്പറയുന്ന ജില്ലകളിൽ റേഷൻ വ്യാപാരികൾക്ക് എതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ജില്ല | നടപടിയെടുത്ത ലൈസൻസികളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 1 |
| 2 | മലപ്പുറം | 3 |
| 3 | പത്തനംതിട്ട | 1 |

**റേഷൻകടകളിലെ അളവുതൂക്കം ഇ-പോസ് യന്ത്രവുമായി ബന്ധിപ്പിക്കാൻ നടപടി**

336 (347) <u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> :
<u>ശ്രീ. സി. മമ്മൂട്ടി</u> :
<u>ശ്രീ. പി. ഉബൈദുള്ള</u> :
<u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്പോർട്ടേഷൻ കരാർ നൽകിയതിലുണ്ടായ കാലതാമസംമൂലം പല ജില്ലകളിലും റേഷൻ സാധനങ്ങൾ എത്തിക്കാൻ വൈകിയതിനാൽ റേഷൻ വിതരണത്തിന് തടസ്സം നേരിട്ടിട്ടുണ്ടോ;

(ബി) വാതിൽപ്പടി വിതരണ സമ്പ്രദായം അനുസരിച്ച് കരാറുകാർ റേഷൻ സാധനങ്ങൾ തൂക്കി നൽകുന്നില്ലെന്ന പരാതി ഉണ്ടായിട്ടുണ്ടോ;

(സി) കടകളിലെ അളവുതൂക്കയന്ത്രം ഇ-പോസ് യന്ത്രവുമായി ബന്ധപ്പെടുത്തിയിട്ടുണ്ടോ; ഈ നടപടികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ട്രാൻസ്പോർട്ടേഷൻ കരാർ നൽകുന്നതിന് കാലതാമസമുണ്ടായ സ്ഥലങ്ങളിൽ താൽക്കാലിക കരാറുകാരെ ഏർപ്പെടുത്താൻ നടപടി സ്വീകരിച്ചിരിക്കുന്നതിനാൽ റേഷൻ വിതരണത്തിൽ തടസ്സം നേരിട്ടിട്ടില്ല.

(ബി) ഉണ്ട്.

(സി) പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ 5 റേഷൻ കടകളിൽ അളവുതൂക്ക യന്ത്രം ഇ-പോസ് യന്ത്രവുമായി ബന്ധപ്പെടുത്തി റേഷൻ വിതരണം നടത്തുന്നുണ്ട്. 2019 ജൂൺ മാസത്തോടെ സംസ്ഥാനത്തെ എല്ലാ റേഷൻ കടകളിലും ഈ പ്രക്രിയ പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**റേഷൻ വിതരണം ശക്തിപ്പെടുത്താൻ നടപടി**

337 (348) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റേഷൻ വിതരണം ശക്തിപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

- റേഷൻ വിതരണം ഇ-പോസ് മുഖേനയാക്കി
- വൈവിദ്ധ്യവൽക്കരണത്തിനുള്ള നടപടി സ്വീകരിച്ചു.
- കടകളുടെ നവീകരണത്തിനായി ഒരു റേഷൻ കടയ്ക്ക് 2,500 രൂപ വീതം അനുവദിച്ചു.
- 428 കോടി വാർഷിക സാമ്പത്തിക ബാദ്ധ്യത വരുന്ന പുതിയ കമ്മീഷൻ പാക്കേജ് 1-12-2018 മുതൽ നടപ്പിലാക്കി
- ഭക്ഷ്യധാന്യ വിതരണം അടിമുടി സുതാര്യമാക്കി.

**റേഷൻ വ്യാപാരികൾക്ക് മിനിമം കമ്മീഷൻ പാക്കേജ്**

338 (349) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ വ്യാപാരികൾക്ക് മിനിമം കമ്മീഷൻ ഉറപ്പാക്കുന്ന പാക്കേജ് നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്;

(ബി) പ്രസ്തുത പാക്കേജ് നടപ്പിലാക്കുന്നതിനായി റേഷൻ സാധനങ്ങളുടെ വിലയിൽ സർക്കാർ എന്തെങ്കിലും വർദ്ധനവ് വരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഭക്ഷ്യ ഭദ്രതാ നിയമത്തിലെ സെക്ഷൻ 28 അനുശാസിക്കുന്ന വിധത്തിലുള്ള സോഷ്യൽ ആഡിറ്റിംഗ് സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 428 കോടി വാർഷിക സാമ്പത്തികബാദ്ധ്യത വരുന്ന പുതിയ കമ്മീഷൻ പാക്കേജ് നടപ്പാക്കിയതിന്റെ ഭാഗമായി എ.എ.വൈ. വിഭാഗത്തിനൊഴികെ ഭക്ഷ്യ ധാന്യങ്ങൾക്ക് 1 രൂപ/കി.ഗ്രാം എന്നത് 2 രൂപ/കി.ഗ്രാം എന്ന നിരക്കിൽ കൈകാര്യ ചെലവ് വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി)സോഷ്യൽ ഓഡിറ്റിംഗിന്റെ പൈലറ്റ് പ്രോജക്ട് ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസ്, തിരുവനന്തപുരം ജില്ലയിൽ നടത്തിവരുന്നു.

**വിശപ്പ് രഹിത കേരളം**

339 (350) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിശപ്പ് രഹിത കേരളം പദ്ധതി ഏതൊക്കെ ജില്ലകളിലാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ആദിവാസി ഊരുകളിൽ റേഷൻ സാധനങ്ങൾ നേരിട്ട് എത്തിക്കുന്ന പദ്ധതി ഏതൊക്കെ ജില്ലകളിലാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വിശപ്പ് രഹിത കേരളം പദ്ധതി ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കിയിട്ടുണ്ട്. തൃശ്ശൂർ, പത്തനംതിട്ട ജില്ലകളിൽക്കൂടി ഈ പദ്ധതി നടപ്പുസാമ്പത്തിക വർഷം നടപ്പിലാക്കാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) തൃശ്ശൂർ, പത്തനംതിട്ട ജില്ലകളിലെ ആദിവാസി ഊരുകളിൽ റേഷൻ സാധനങ്ങൾ നേരിട്ട് എത്തിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

**പൊതുവിതരണ സംവിധാനം കാര്യക്ഷമമാക്കാൻ നടപടി**

340 (351) ശ്രീ. ബി. ഡി. ദേവസ്സി :

ശ്രീ. എം. നൗഷാദ് :

ശ്രീ. കെ. ഡി. പ്രസേനൻ :

ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിതരണ സംവിധാനം കാര്യക്ഷമവും അഴിമതി രഹിതവുമാക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) പൂഴ്ത്തിവെയ്പ്പും മറിച്ചു വിൽപ്പനയും തടയുന്നതിനായി റേഷൻ കടകളിലെ സ്റ്റോക്ക് പൊതുജനങ്ങൾക്ക് നേരിട്ട് പരിശോധിക്കുന്നതിനുള്ള സംവിധാനം ഇ-പോസ് മെഷീനുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) തൂക്കത്തിലുള്ള വെട്ടിപ്പ് തടയാൻ റേഷൻ കടകളിൽ ബ്ലൂ ടൂത്ത് സംവിധാനത്തോടുകൂടി പ്രവർത്തിക്കുന്ന ഇ-ത്രാസ് സംവിധാനം പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഭക്ഷ്യധാന്യ വിട്ടെടുക്കലും വിതരണവും പൂർണ്ണമായി സർക്കാർ നിയന്ത്രണത്തിലാക്കി വാതിൽപ്പടി വിതരണം ആരംഭിച്ചു. പൊതുവിതരണം ഇ-പോസ് വഴി നടന്നുവരുന്നു. പ്രതിമാസ റേഷൻ വിഹിതം എല്ലാ കാർഡുടമകളേയും എസ്.എം.എസ്. വഴി അറിയിക്കുന്നു. കൂടുതൽ സുതാര്യതയും ഉത്തരവാദിത്വവും ഉറപ്പുവരുത്തി. കൂടാതെ റേഷൻ കടകളെ കൂടുതൽ ആകർഷണമാക്കുന്നതിനായി വൈവിധ്യ പദ്ധതി ആരംഭിച്ചു.

(ബി) ഇല്ല. റേഷൻ കടകളിലെ സ്റ്റോക്ക് epos.kerala.gov.in. എന്ന പോർട്ടൽ വഴി പൊതുജനങ്ങൾക്ക് തത്സമയം നിരീക്ഷിക്കാൻ സാധിക്കും.

(സി) സിറ്റി റേഷനിംഗ് ഓഫീസ് (നോർത്ത്)-ന്റെ പരിധിയിലുള്ള 5 കടകളിൽ ഇ-പോസ് മെഷീൻ ഇലക്ട്രോണിക് വെയിംഗ് മെഷീനുമായി ബന്ധിപ്പിക്കുന്ന പ്രവർത്തനം പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ചിട്ടുണ്ട്. ഈ സംവിധാനം ബ്ലൂ ടൂത്ത് മുഖേനയും wired സംവിധാനം മുഖേനയും ചെയ്യാവുന്നതാണ്. മുഴുവൻ കടകളിലും ഇലക്ട്രോണിക് ത്രാസ് സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ ഡോക്യുമെന്റ് തയ്യാറാക്കിവരുന്നു.

## പുതിയ മാവേലി സ്റ്റോറുകൾ

341 (352) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് പുതിയതായി എത്ര മാവേലിസ്റ്റോറുകളും സൂപ്പർമാർക്കറ്റുകളുമാണ് ആരംഭിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) പുതിയ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ;

(സി) പുതിയ സൂപ്പർ മാർക്കറ്റുകൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്. വിശദവിവരം അറിയിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 35 മാവേലി സ്റ്റോറുകളും 8 സൂപ്പർ മാർക്കറ്റുകളും പുതിയതായി ആരംഭിച്ചു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പുതുതായി ആരംഭിക്കുന്ന മാവേലി സ്റ്റോറുകൾക്ക് 5 വർഷത്തെ വാടകരഹിത കെട്ടിടവും രണ്ടാമത് ആരംഭിക്കുന്ന മാവേലി സ്റ്റോറുകൾക്ക് അത് പ്രവർത്തിക്കുന്ന കാലത്തേയ്ക്ക് വാടകരഹിത കെട്ടിടവും കൂടാതെ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്കും ഫർണീഷിംഗിനുമായി ഒരുലക്ഷം രൂപയും അതത് തദ്ദേശസ്വയംഭരണ സ്ഥാപനം നൽകേണ്ടതാണ്. സാധ്യതാ പഠനത്തിന്റെ അടിസ്ഥാനത്തിൽ, പ്രതിമാസ വിറ്റുവരവ് കുറഞ്ഞത് 4,00,000 (നാല് ലക്ഷം രൂപ) ആയിരിക്കണമെന്നുമാണ് വ്യവസ്ഥ.

(സി) പുതിയ സൂപ്പർ മാർക്കറ്റുകൾ ആരംഭിക്കുന്നതിന് വിൽപ്പന സാദ്ധ്യതയുള്ള പ്രദേശത്ത് കുറഞ്ഞത് 1000 മുതൽ 1500 ച.അടി വരെ വിസ്തീർണ്ണമുള്ള കെട്ടിടം ന്യായമായ വാടക നിരക്കിൽ ലഭ്യമാകണം. കൂടാതെ 1000 ച. അടി മുതൽ വിസ്തീർണ്ണമുള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സൂപ്പർ മാർക്കറ്റുകൾക്ക് കുറഞ്ഞത് 15 ലക്ഷം രൂപയും 1500 ച.അടി വിസ്തീർണ്ണമുള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സൂപ്പർ മാർക്കറ്റിന് 25 ലക്ഷം രൂപയും 1500 ച.അടിക്ക് മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സൂപ്പർ മാർക്കറ്റുകൾക്ക്, സാധ്യതാ പഠനത്തിന്റെ അടിസ്ഥാനത്തിൽ, 30 ലക്ഷം രൂപയും കുറഞ്ഞ പ്രതിമാസ വിൽപ്പന ഉണ്ടായിരിക്കണം.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**സപ്ലൈകോയ്ക്ക് ലഭിക്കേണ്ട കുടിശ്ശിക തുക**

342 (353) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ നൽകാനുള്ള കുടിശ്ശിക ലഭിക്കാത്തതിനാൽ സപ്ലൈകോയുടെ പ്രവർത്തനം അവതാളത്തിലായെന്ന റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ;

(ബി) ഈ വിഷയം സംബന്ധിച്ച് സപ്ലൈകോ എം.ഡി-യിൽ നിന്നും കത്ത് ലഭിക്കുകയുണ്ടായോ;

(സി) പ്രളയ ദുരിതാശ്വാസ കിറ്റിന്റെ വില, പ്രളയത്തിൽ വെള്ളം കയറി നശിച്ച നെല്ലിന്റെ ഇൻഷ്വറൻസ് ആനുകൂല്യം, സബ്സിഡി ഇനത്തിൽ സർക്കാർ നൽകാനുള്ള തുക , നെല്ല് സംഭരണത്തിനുള്ള കേന്ദ്രസഹായം എന്നീ ഇനങ്ങളിൽ സപ്ലൈകോയ്ക്ക് എത്ര തുക ലഭിക്കേണ്ടതായിട്ടുണ്ട് എന്നറിയിക്കുമോ;

(ഡി) ഇത് സപ്ലൈകോയുടെ പ്രവർത്തനമാന്ദ്യത്തിനും അതുവഴി പൊതുവിപണിയിൽ ഗുരുതരമായ വിലക്കയറ്റത്തിനും വഴിയൊരുക്കിയ സാഹചര്യം പരിശോധിക്കുമോ?

ഉത്തരം

(എ) ഫണ്ട് കുടിശ്ശിക ഉണ്ടെങ്കിലും ആയത് സപ്ലൈകോയുടെ ദൈനംദിന പ്രവർത്തനങ്ങളെ ബാധിച്ചിട്ടില്ല.

(ബി) ലഭിച്ചിട്ടുണ്ട്.

(സി) പ്രളയ ദുരിതാശ്വാസ കിറ്റുകൾ വിതരണം ചെയ്ത ഇനത്തിൽ 51.58 കോടി രൂപയും പ്രളയത്തിൽ വെള്ളംകയറി നശിച്ച നെല്ലിന്റെ ഇൻഷ്വറൻസ് ആനുകൂല്യമായി 106.28 കോടി രൂപയും വിപണിയിടപെടൽ പ്രവർത്തനങ്ങൾക്കായി 75 കോടി രൂപയും നെല്ല് സംഭരണത്തിനുള്ള കേന്ദ്രസഹായം ഇനത്തിൽ 245.86 കോടി രൂപയും ദുരിതാശ്വാസ ക്യാമ്പുകളിലേയ്ക്കും മറ്റും അവശ്യ സാധനങ്ങൾ നൽകിയ വകയിൽ 24.76 കോടി രൂപയും സപ്ലൈകോയ്ക്ക് ലഭിക്കാനുണ്ട്.

(ഡി) നിലവിലെ സാഹചര്യത്തിൽ സപ്ലൈകോ ഫലപ്രദമായി വിപണിയിടപെടൽ നടത്തി വിൽപ്പനശാലകൾ വഴി ഉൽപ്പന്നങ്ങൾ വിതരണം ചെയ്തുവരുന്നു. സബ്സിഡിയിനത്തിൽ വിതരണം ചെയ്ത് വരുന്ന 14 ഇനം സാധനങ്ങൾക്ക് വില ഇതുവരെ വർദ്ധിപ്പിച്ചിട്ടില്ല. സാധനങ്ങളുടെ വില വർദ്ധിപ്പിക്കാതെയും ഗുണമേന്മയോടെയും പ്രവർത്തിക്കുന്ന സപ്ലൈകോയുടെ സാന്നിദ്ധ്യം സജീവമായതുകൊണ്ട് പൊതുവിപണിയിൽ വിലസ്ഥിരത നിലനിൽക്കുന്നു.

## അവശ്യവസ്തുക്കളുടെ വിലനിയന്ത്രണവും ഗുണനിലവാരവും

343 (354) ശ്രീ. എസ്. ശർമ്മ :

ശ്രീ. ബി. ഡി. ദേവസ്സി :

ശ്രീ. സി. കെ. ശശീന്ദ്രൻ :

ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിതരണം ചെയ്യുന്ന പതിമൂന്നിനം അവശ്യവസ്തുക്കളുടെ വില വർദ്ധിപ്പിക്കില്ലെന്ന തീരുമാനവും മൂന്നിനം അവശ്യ വസ്തുക്കളുടെ വില മൂന്നിലൊന്നു കുറച്ച നടപടിയും പൊതുവിപണിയിൽ അവശ്യ വസ്തുക്കളുടെ വില നിയന്ത്രിച്ചുനിർത്തുന്നതിന് എത്രമാത്രം ഫലപ്രദമായിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) സപ്ലൈകോ വിപണനശാലകളിലൂടെ വിൽക്കുന്ന ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും ക്രമക്കേട് ഒഴിവാക്കി ഇവയുടെ പർച്ചേസ് സുതാര്യമാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ;

(സി) സാമ്പത്തിക സുസ്ഥിരത കൈവരിക്കുന്നതിനായി സപ്ലൈകോയുടെ വ്യാപാര മേഖല വിപുലീകരിക്കാൻ പദ്ധതിയുണ്ടോ; വിശദാംശം അറിയിക്കാമോ?

### ഉത്തരം

(എ) സർക്കാരിന്റെ പ്രഖ്യാപിത നയം അനുസരിച്ച് സപ്ലൈകോ വില്പനശാലകളിലൂടെ വിതരണം ചെയ്യുന്ന സബ്സിഡി സാധനങ്ങളുടെ വില വർദ്ധിപ്പിക്കുന്നില്ലെന്നതും സബ്സിഡി സാധനങ്ങളുടെ വിലകൾക്ക് പൊതുവിപണിയിലേതിനേക്കാൾ 60% വരെ വിലക്കുറവ് ഉണ്ടെന്നതും അവയുടെ വില നിയന്ത്രണ വിധേയമായി നിർത്തുന്നതിന് സഹായകരമാകുന്നുണ്ട്.

വിലസ്ഥിരതാ ഫണ്ട് ഉപയോഗിച്ച് നാഫെഡ്ഡിൽനിന്നും സംഭരിച്ച ചെറുപയർ, കടല, തുവരപ്പരിപ്പ് എന്നിവയുടെ സബ്സിഡി വിൽപ്പനവില സർക്കാർ നിശ്ചയിച്ചിട്ടുള്ള വിലയിൽനിന്നും ഗണ്യമായ കുറവ് വരുത്തി ഉപഭോക്താക്കൾക്ക് വിതരണം ചെയ്ത് തുടങ്ങിയിട്ടുണ്ട്. പൊതുവിപണിയിൽ ലഭ്യമായതിൽ ഏറ്റവും കുറഞ്ഞ വിലയ്ക്കാണ് ഇവ വിതരണം ചെയ്യുന്നത്.

ഈ സർക്കാർ അധികാരത്തിൽ വരുമ്പോഴത്തെയും നിലവിലെയും പൊതുവിപണി വിലകൾ താരതമ്യം ചെയ്തിട്ടുള്ള പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.* വലിയ തോതിൽ അരി ഉപഭോഗം ഉള്ള സംസ്ഥാനമായിരുന്നിട്ടും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

അരി വിലയിൽ കുത്തനെ വർദ്ധനവ് ഉണ്ടാകാത്തത്, സപ്ലൈകോ ഉൾക്കൊള്ളുന്ന സംസ്ഥാനത്തെ പൊതുവിതരണ സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നതിനാലാണ്.

(ബി) സപ്ലൈകോ വ്യക്തമായ ഗുണനിലവാര മാനദണ്ഡങ്ങൾ പ്രകാരമാണ് ഭക്ഷ്യവസ്തുക്കൾ വാങ്ങുന്നതും വില്ക്കുന്നതും. സപ്ലൈകോ ഡിപ്പോകളിലെയും NFSA ഗോഡൗണുകളിലെയും ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റികൾ ഡിപ്പോകളിൽ ലഭിക്കുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം നിയമപ്രകാരമാണെന്ന് ഉറപ്പു വരുത്തുവാൻ പരിശോധന നടത്തിയതിനുശേഷമാണ് സാധനങ്ങൾ സ്വീകരിക്കുന്നത്. ആവശ്യമെങ്കിൽ സാമ്പിളുകൾ റീജിയണൽ അനലറ്റിക്കൽ ലാബിലും NABL (National Accreditaion Board for Testing and Calibration Laboratories) അംഗീകാരമുള്ള ലാബിലും കോന്നിയിലുള്ള CFRD (Council for Food Research & Development) ലാബിലും പരിശോധിച്ച് ഗുണമേന്മ ഉറപ്പുവരുത്തുന്നുണ്ട്. കോർപ്പറേഷൻ വിൽക്കുന്ന പാക്കറ്റ് വസ്തുക്കൾക്ക് ISO 22000/HACCP/AGMARK/FSSAI ഗുണനിലവാരം നിർബന്ധമാക്കിയിട്ടുണ്ട്. ടി പരിശോധന റിപ്പോർട്ടുകൾ സംസ്ഥാന ഭക്ഷ്യസുരക്ഷാ വിഭാഗത്തിന് നൽകി പൊതുവിപണിയിലും തുടർ പരിശോധനകൾ സാധ്യമാക്കിയിട്ടുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ 2½ മാസത്തേയ്ക്ക് ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ, ഡിപ്പോകളിൽനിന്നും ഇൻഡന്റ് ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ ഡിപ്പോയിലെ സ്ഥല സൗകര്യം, ഫണ്ടിന്റെ പര്യാപ്തത തുടങ്ങിയ കാര്യങ്ങൾ പരിഗണിച്ച് എല്ലാ മാസവും കേന്ദ്രീകൃത സംവിധാനംവഴി ഇ-ടെണ്ടർ മുഖേനയാണ് അരി, പഞ്ചസാര എന്നിവ ഉൾപ്പെടെയുള്ള 28 ഇനം പലവ്യഞ്ജന സാധനങ്ങൾ വാങ്ങി വിൽപ്പനശാലകളിലൂടെ വിൽപ്പന നടത്തുന്നത്. ഏറ്റവും സുതാര്യമായ ഡിജിറ്റൽ കീ സംവിധാനത്തോട് കൂടിയ ഇ-ടെണ്ടർ മുഖാന്തരം സാധനങ്ങൾ വാങ്ങുന്നതിനാൽ സുതാര്യത ഉറപ്പുവരുത്തി ഏറ്റവും കുറഞ്ഞ വിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ വാങ്ങി ദൗർലഭ്യമില്ലാതെ യഥാസമയം വിതരണം നടത്തുവാൻ സാധിക്കുന്നു.

(സി) ഉണ്ട്. ഗൃഹോപകരണ വിപണിക്ക് മികച്ച സാധ്യതയുള്ള സംസ്ഥാനത്ത്, കൂടുതൽ ഉപഭോക്താക്കളെ സപ്ലൈകോയിലേയ്ക്ക് ആകർഷിക്കുന്നതിനും ഗൃഹോപകരണ വിപണിയിലെ ചൂഷണം അവസാനിപ്പിക്കുന്നതിനുമായി, 2018-19 സാമ്പത്തിക വർഷത്തിൽ സപ്ലൈകോ ഗൃഹോപകരണ വിപണി ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. എം. ആർ. പി.-യിൽ നിന്നും ശരാശരി 40% വരെ വിലക്കുറവ് ലഭ്യമാകുന്ന രീതിയിലാണ് വിപണനം ക്രമീകരിച്ചിട്ടുള്ളത്.

## തൃശ്ശൂർ ജില്ലയിലെ നെല്ല് സംഭരണം

344 (355) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ നെല്ല് സംഭരണം ഫലപ്രദമായി നടപ്പാക്കുന്നതിനായി ബന്ധപ്പെട്ടവരുടെ യോഗം നാളിതുവരെ ചേർന്നിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അടിയന്തരമായി പ്രസ്തുത യോഗം വിളിച്ച് ചേർത്ത് നിലവിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ & ബി) തൃശ്ശൂർ ജില്ലയിലെ നെല്ല് സംഭരണവുമായി ബന്ധപ്പെട്ട തർക്കങ്ങൾ നിലനിന്നിരുന്ന പാടശേഖരങ്ങൾ കേന്ദ്രീകരിച്ചും പഞ്ചായത്ത് തലത്തിലും ബന്ധപ്പെട്ട പാഡി മാർക്കറ്റിംഗ് ഓഫീസർ 2018 ഡിസംബർ, 2019 ജനുവരി മാസങ്ങളിലായി യോഗങ്ങൾ വിളിച്ചുചേർത്തിട്ടുണ്ട്. തർക്കങ്ങൾ നിലനിൽക്കുന്ന പാടശേഖരങ്ങൾ കേന്ദ്രീകരിച്ച് ആവശ്യമെങ്കിൽ കൂടുതൽ യോഗങ്ങൾ വിളിച്ച് ചേർത്ത് നെല്ല് സംഭരണം പരാതിരഹിതമായും സുഗമമായും നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## ദേവികുളം നിയോജകമണ്ഡലത്തിൽ സിവിൽ സപ്ലൈസിന്റെ പെട്രോൾ പമ്പ്

345 (356) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിൽ സിവിൽ സപ്ലൈസിന്റെ 24 മണിക്കൂറും പ്രവർത്തിക്കുന്ന പെട്രോൾ പമ്പ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ:

(ബി) ഉണ്ടെങ്കിൽ ഇതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(സി) ഇല്ലെങ്കിൽ ആവശ്യമായ അടിയന്തരനടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) നിലവിൽ പരിഗണനയിൽ ഇല്ല. ദേശീയപാതയ്ക്കോ സംസ്ഥാന പാതയ്ക്കോ അഭിമുഖമായി 25 സെന്റിൽ കുറയാതെ നിരപ്പുള്ള സ്ഥലം ലഭ്യമായാൽ ഓയിൽ കമ്പനി അധികൃതരുമായി ബന്ധപ്പെട്ട് ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

**ചാലക്കുടിയിൽ സിവിൽ സപ്ലൈസ് വകുപ്പിന്റെ ഹൈപ്പർ മാർക്കറ്റ്**

346 (357) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ സിവിൽ സപ്ലൈസ് വകുപ്പിന്റെ ഹൈപ്പർ മാർക്കറ്റ് അനുവദിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്;

(ബി) ഹൈപ്പർ മാർക്കറ്റ് അനുവദിക്കുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) കിഴക്കേ ചാലക്കുടി വില്ലേജ് സർവ്വേ നമ്പർ 439/1 ൽ ചാലക്കുടി ബോയ്സ് ഹൈസ്കൂൾ ഗ്രൗണ്ടിനോടനുബന്ധിച്ച് 0.1568 ഹെക്ടർ ഭൂമി (38.74 സെന്റ്) റവന്യു വകുപ്പിൽനിന്നും സപ്ലൈകോയ്ക്ക് വിട്ടുകിട്ടുന്നമുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്.

**ഷൊർണ്ണൂർ മണ്ഡലത്തിലെ ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പ് പദ്ധതികൾ**

347 (358) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ ഷൊർണ്ണൂർ മണ്ഡലത്തിൽ ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പ് മുഖാന്തരം നടപ്പിലാക്കിയിട്ടുള്ള വിവിധ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) ഇതിൽ ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) ഭക്ഷ്യപൊതുവിതരണ വകുപ്പ് നടപ്പിലാക്കിയിട്ടുള്ള വിവിധ പദ്ധതികളായ ഇ-പോസ് വഴി റേഷൻ സംവിധാനം, എൻ.എഫ്.എസ്.എ. പ്രകാരം കാർഡുടമകൾക്കുള്ള എല്ലാ ആനുകൂല്യങ്ങളും സംസ്ഥാനത്തെ ഏത് റേഷൻ കടയിൽനിന്നും കാർഡുടമകൾക്ക് ഭക്ഷ്യധാന്യം വാങ്ങാനുള്ള സൗകര്യം മുതലായ പദ്ധതികൾ എല്ലാംതന്നെ ഷൊർണ്ണൂർ മണ്ഡലത്തിലും നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ, സിവിൽ സപ്ലൈസ് കോർപ്പറേഷനുകീഴിൽ ഷൊർണ്ണൂർ മണ്ഡലത്തിൽ നിലവിലുള്ള ചെർപ്പുളശ്ശേരി മാവേലി സ്റ്റോറിനെ സൂപ്പർ മാർക്കറ്റായി ഉയർത്തുന്നതിന് അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ ടി സൂപ്പർ മാർക്കറ്റിന്റെ ഫർണ്ണിഷിംഗ് വർക്കുകൾ പൂർത്തിയാക്കി ഉദ്ഘാടനത്തിന് സജ്ജമാക്കിയിട്ടുണ്ട്.

## അളവുതൂക്ക മെഷീൻ ഇ-പോസ് മെഷീനുമായി ബന്ധിപ്പിക്കൽ

348 (359) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻകടകളിലൂടെ വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവും തൂക്കവും കൃത്യമാക്കുന്നതിന് അളവുതൂക്ക മെഷീൻ ഇ-പോസ് മെഷീനുമായി ബന്ധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;വ്യക്തമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ?

ഉത്തരം

(എ & ബി) സംസ്ഥാനത്തൊട്ടാകെയുള്ള റേഷൻകടകളിൽ പുതിയ അളവുതൂക്കയന്ത്രം വാങ്ങി നൽകുന്നതിന് 932 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അളവുതൂക്കയന്ത്രങ്ങൾ ഇ-ടെണ്ടർ മുഖേന വാങ്ങുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ സ്വീകരിച്ചുവരികയാണ്. 2019 ജൂൺ മാസത്തോടെ ഇവ എല്ലാ റേഷൻ കടകളിലും സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## വിഴിഞ്ഞം തുറമുഖ നിർമ്മാണം സംബന്ധിച്ച അന്വേഷണ കമ്മീഷന്റെ റിപ്പോർട്ട്

349 (360) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ നിർമ്മാണം സംബന്ധിച്ച് സി.&എ.ജി. നൽകിയ റിപ്പോർട്ടിന്മേൽ കേരള സർക്കാർ നിയമിച്ച അന്വേഷണ കമ്മീഷന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച കണ്ടെത്തലുകളുടെ വിശദവിവരങ്ങൾ നൽകുമോ;

(ബി) ഇക്കാര്യത്തിൽ എന്തെല്ലാം തുടർനടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദവിവരം നൽകുമോ?

ഉത്തരം

(എ & ബി) ഉണ്ട്. റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരികയാണ്.

**വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം**

350 (361) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനം ഏത് ഘട്ടത്തിലാണ്;

(ബി) 2019-ൽ തുറമുഖം പ്രവർത്തന സജ്ജമാകുമെന്ന് ഉദ്ഘാടന വേളയിൽ നടത്തിയ പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് നിലവിലെ സാഹചര്യത്തിൽ സാധ്യമാണോയെന്ന് വെളിപ്പെടുത്താമോ;

(സി) തുറമുഖത്തോടനുബന്ധിച്ചുള്ള പുലിമുട്ട് നിർമ്മാണത്തിന് കരിങ്കല്ല് ലഭ്യമാക്കുന്നതിനുള്ള തടസ്സങ്ങൾ നീങ്ങിയിട്ടുണ്ടോ; നഗരൂർ കടവിള ക്വാറിയിൽ നിന്നും കരിങ്കല്ല് ലഭ്യമാക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണ്;

(ഡി) പുലിമുട്ട് നിർമ്മാണത്തിന് ആവശ്യമായ കരിങ്കല്ല് അന്യസംസ്ഥാനങ്ങളിൽ നിന്നും എത്തിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ഇ) തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനത്തിലുണ്ടായ മാന്ദ്യംനീക്കി തുറമുഖം പ്രവർത്തന സജ്ജമാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) നാലുഘട്ടങ്ങളായി നിർമ്മാണം പൂർത്തീകരിക്കാൻ വിഭാവന ചെയ്തിട്ടുള്ള വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ഒന്നാംഘട്ടത്തിലെ വിവിധ ഘടകങ്ങളുടെ നിലവിലെ പുരോഗതി താഴെ പറയുന്നു:

| നിർമ്മാണ ഘടകങ്ങൾ | നിലവിലെ സ്ഥിതി |
|---|---|
| പുലിമുട്ട് നിർമ്മാണം | 3100 മീറ്റർ നീളമുള്ള പുലിമുട്ടിന്റെ 565 മീറ്റർ ഭാഗികമായി പൂർത്തീകരിച്ചു. 9400 അക്രോപോഡുകളുടെ നിർമ്മാണവും പൂർത്തിയായി. പാറ ലഭിക്കാത്തതിനാൽ പുലിമുട്ട് നിർമ്മാണത്തിൽ പുരോഗതിയില്ല. |
| ഡ്രെഡ്ജിങ് & റിക്ളമേഷൻ | ഏകദേശം 7 ലക്ഷം ഘനമീറ്റർ മണ്ണ് ഡ്രെഡ്ജ് ചെയ്ത് ഏകദേശം 53 ഹെക്ടർ കടൽ നികത്തേണ്ടതിൽ 40% പ്രവൃത്തി പൂർത്തീകരിച്ചു. ഓഖി ചുഴലിക്കാറ്റിനെ തുടർന്ന് നിർത്തിവച്ച പണികൾ 2018 ഡിസംബർ മാസം മുതൽ പുനരാരംഭിച്ചിട്ടുണ്ട്. |

| 1 | 2 |
|---|---|
| ബെർത്ത് നിർമ്മാണം | 800 മീറ്റർ നീളത്തിലുള്ള ബെർത്തിനുവേണ്ടിയുള്ള 615 പൈലുകളിൽ 561 പൈലുകൾ സ്ഥാപിച്ചുകഴിഞ്ഞു. |
| യാർഡ് നിർമ്മാണം | റിക്ലമേഷൻ ജോലികൾ പൂർത്തിയാകുന്ന മുറയ്ക്ക് കണ്ടെയ്നർ യാർഡും അനുബന്ധ സൗകര്യങ്ങളും നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| തുറമുഖത്തിനാവശ്യമായ യന്ത്രോപകരണങ്ങളുടെ നിർമ്മാണവും സ്ഥാപിക്കലും | അദാനി കമ്പനി നൽകിയ കരാറുകളുടെ അടിസ്ഥാനത്തിൽ ടഗ് ബോട്ടുകൾ, ക്രെയിനുകൾ, യാർഡ് ക്രെയിനുകൾ, അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. |
| സ്റ്റോറേജ്, കെട്ടിടങ്ങൾ, നാവിഗേഷൻ ഉപകരണങ്ങൾ | ഇവയുടെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു. |
| പുതിയ മത്സ്യ ബന്ധന തുറമുഖം | Detailed Project Report ലഭിച്ചിട്ടുണ്ട്. നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

(ബി) പാറ ലഭിക്കുന്നതിനുള്ള കാലതാമസംമൂലം നിശ്ചിത പൂർത്തീകരണ തീയിതിയായ 2019, ഡിസംബർ 3-ന് തുറമുഖ നിർമ്മാണം പൂർത്തീകരിക്കാൻ കഴിയില്ല എന്ന് അദാനി തുറമുഖ കമ്പനി അറിയിച്ചിട്ടുണ്ട്.

(സി) സ്വകാര്യ ഏജൻസികളുമായി കരാറിലേർപ്പെട്ട് തുറമുഖ നിർമ്മാണത്തിനുള്ള പാറ കൊണ്ടുവരുന്നതിനാണ് അദാനി ഗ്രൂപ്പ് ആദ്യം ശ്രമിച്ചിരുന്നത്. ഇതിൽ തടസ്സം നേരിട്ട സാഹചര്യത്തിൽ സർക്കാർഭൂമിയിൽ സ്വന്തമായി ക്വാറികൾ സ്ഥാപിച്ചും സ്വകാര്യ ഏജൻസികളുമായി കരാറിൽ ഏർപ്പെട്ടും പാറ ലഭിക്കുന്നതിനുള്ള നടപടികളാണ് അദാനി കമ്പനി ഇപ്പോൾ സ്വീകരിച്ചുവരുന്നത്. ക്വാറികൾ സ്ഥാപിക്കുന്നതിന് റവന്യൂ, മൈനിംഗ് ആൻഡ് ജിയോളജി, പരിസ്ഥിതി തുടങ്ങിയ വിവിധ വകുപ്പുകളുടെ അംഗീകാരം ലഭിക്കേണ്ടതുണ്ട്. അദാനി കമ്പനി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിന്മേൽ ഈ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് വരികയാണ്. ത്വരിതഗതിയിൽ ഈ നടപടികൾ പൂർത്തീകരിക്കുന്നതിന് സർക്കാർ വിവിധ വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

നഗരൂർ കടവിള ക്വാറിയിൽനിന്നും പാറ പൊട്ടിക്കുന്നതിനുള്ള നിരാക്ഷേപ പത്രം, മൈനിംഗ് പ്ലാൻ എന്നിവ സർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ട്. ടി ക്വാറിക്ക് പാരിസ്ഥിതികാനുമതി ലഭിക്കുന്നതിനുള്ള അപേക്ഷ സ്റ്റേറ്റ് എൻവയോൺമെന്റ് ഇംപാക്ട് അസ്സെസ്സ്മെന്റ് അതോറിറ്റി (SEIAA) യുടെ മുമ്പാകെ സമർപ്പിച്ചിരിക്കുകയാണ്.

(ഡി) ഗുജറാത്ത്, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിൽനിന്നും പദ്ധതിക്കാവശ്യമായ പാറയുടെ ഒരു ഭാഗം സമാഹരിക്കാൻ ശ്രമിച്ചു വരികയാണെന്ന് അദാനി കമ്പനി അറിയിച്ചിട്ടുണ്ട്. ടി സംസ്ഥാനങ്ങളിൽനിന്ന് കപ്പൽ മാർഗ്ഗം പാറ വിഴിഞ്ഞത്ത് എത്തിച്ചശേഷം കടലിൽ വച്ചുതന്നെ ചെറിയ ബാർജ്ജുകളിലേയ്ക്ക് മാറ്റി പുലിമുട്ട് നിർമ്മാണത്തിനായി ഉപയോഗിക്കാനാണ് ആസൂത്രണം ചെയ്തിരിക്കുന്നത്.

(ഇ) തുറമുഖ നിർമ്മാണ പ്രവർത്തനം വൈകുന്നതിനുകാരണം യഥാസമയം പദ്ധതിക്കാവശ്യമായുള്ള പാറ ലഭ്യമാക്കാൻ അദാനി കമ്പനിക്ക് കഴിയാത്തതിനാലാണ്. അതിനാൽ സർക്കാർഭൂമിയിൽ സ്വന്തമായി ക്വാറികൾ സ്ഥാപിച്ചും സ്വകാര്യ ഏജൻസികളുമായി കരാറിൽ ഏർപ്പെട്ടും പാറ ലഭിക്കുന്നതിനുള്ള നടപടികളാണ് അദാനി കമ്പനി ഇപ്പോൾ സ്വീകരിച്ചുവരുന്നത്. അദാനി കമ്പനി സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ ത്വരിതഗതിയിൽ പരിശോധിച്ച് അനുമതികൾ നൽകുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്. ഇത് അവലോകനം ചെയ്യുന്നതിനായി ബഹു. മുഖ്യമന്ത്രി, ചീഫ് സെക്രട്ടറി, വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി തുടങ്ങിയവരുടെ നേതൃത്വത്തിൽ വിവിധ യോഗങ്ങൾ ചേരുകയും ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായുള്ള അനുയോജ്യ തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുമുണ്ട്.

**ചെറുകിട തുറമുഖങ്ങൾ വികസിപ്പിക്കുന്നതിന് പദ്ധതി**

351 (362) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. വി. ജോയി :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വ്യാവസായിക വളർച്ച ത്വരിതപ്പെടുത്തുന്നതിനും അതുവഴി പ്രാദേശിക സാമ്പത്തിക വ്യാപാര പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സംസ്ഥാനത്തെ ചെറുകിട, ഇടത്തരം തുറമുഖങ്ങൾ മുഖേനയുള്ള ചരക്ക് ഗതാഗതം എത്രത്തോളം പങ്കുവഹിക്കുന്നു എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) പൊതു-സ്വകാര്യ മേഖലാ പങ്കാളിത്തത്തോടെ വൻകിടേതര തുറമുഖങ്ങൾ വികസിപ്പിക്കുന്നതിന് പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ചെറുകിട തുറമുഖങ്ങളിൽ നിന്നുള്ള റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ തീരദേശ കപ്പൽ ഗതാഗതം വികസിപ്പിക്കുന്നത് സംബന്ധിച്ച് 'ഡിലോയിറ്റ്' ഒരു പഠനം നടത്തിയിട്ടുണ്ട്.

(ബി) വിഴിഞ്ഞത്തെ നിർദ്ദിഷ്ട രാജ്യാന്തര തുറമുഖത്തിന്റെ നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നു. പൊന്നാനി തുറമുഖം പി.പി.പി. മോഡലിൽ വികസിപ്പിക്കുന്നതിനുള്ള കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. അഴീക്കൽ തുറമുഖ നിർമ്മാണത്തിനായി ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ച് DPR തയ്യാറാക്കുന്നതിന് കൺസൾട്ടന്റിനെ നിയമിച്ചിട്ടുണ്ട്.

(സി) തീരദേശ ഗതാഗത പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കി. കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിൽ ചരക്കുനീക്കം മെച്ചപ്പെടുത്തി വരുമാനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

**ബേപ്പൂർ തുറമുഖത്തിന്റെ വികസനത്തിനായി സ്വീകരിച്ച നടപടികൾ**

352 (363) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യത്തിന് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ബേപ്പൂർ തുറമുഖത്തിന്റെ വികസനത്തിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; ഇതിനായി എത്ര തുക ചെലവഴിച്ചു; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ബേപ്പൂർ പോർട്ടിന്റെ വികസനത്തിനായി വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു. കസ്റ്റംസ് ക്ലിയറൻസ് സൗകര്യം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായ ഇ.ഡി.ഐ. സൗകര്യം ഏർപ്പെടുത്തുന്നതിന് കെ.എസ്.ഐ.ഇ.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കോവിലകം ഭൂമി ഏറ്റെടുക്കുന്നതിന് 25.25 കോടി രൂപ അനുവദിച്ചു; നടപടികൾ തുടരുന്നു. തുറമുഖത്തിന്റെ ആഴം വർദ്ധിപ്പിക്കുന്നതിനുള്ള Detailed Project Report തയ്യാറാക്കുന്നതിന് 35.4 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

ബേപ്പൂർ തുറമുഖത്ത് റോഡ്/റെയിൽ കണക്റ്റിവിറ്റി സ്ഥാപിക്കുന്നതിനായി TEFR/DPR തയ്യാറാക്കുന്നതിന് IPRCL-നെ ചുമതലപ്പെടുത്തി; നടപടികൾ പുരോഗമിച്ചുവരുന്നു. ബേപ്പൂർ തുറമുഖത്ത് ബർത്ത് നിർമ്മിക്കുന്നതിനുള്ള ഡിസൈൻ തയ്യാറാക്കിയിട്ടുണ്ട്. ബേപ്പൂർ തുറമുഖത്തിന്റെ ആവശ്യത്തിനായി 3.28 കോടി രൂപ ചെലവിൽ 450 HP ശേഷിയുള്ള ഒരു ടഗ്ഗ് വാങ്ങുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു. 7.53 ലക്ഷം രൂപ ചെലവിൽ 3 ടൺ കപ്പാസിറ്റിയുള്ള ഫോർക്ക് ലിഫ്റ്റ് വാങ്ങി കമ്മീഷൻ ചെയ്ത് ഉപയോഗിച്ചുവരുന്നു.

## മ്യൂസിയങ്ങളുടെ നവീകരണവും പുനരുദ്ധാരണവും

353 (364) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരാവസ്തു, പുരാരേഖ, മ്യൂസിയം വകുപ്പുകളുടെ കീഴിലുള്ള മ്യൂസിയങ്ങൾ നവീകരിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനും ഏതെങ്കിലും നോഡൽ ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത നോഡൽ ഏജൻസിയെ നിയോഗിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പുതിയ മ്യൂസിയങ്ങൾ രൂപകല്പന ചെയ്യുന്ന ജോലി പ്രസ്തുത ഏജൻസിയെ ഏൽപ്പിച്ചിട്ടുണ്ടോ;

(ഡി) ഏതെല്ലാം മ്യൂസിയങ്ങളുടെ നവീകരണ - പുനരുദ്ധാരണ പ്രവർത്തനങ്ങളാണ് പ്രസ്തുത ഏജൻസി മുഖാന്തരം ഇതിനകം നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ഇ) ഇത്തരത്തിൽ നടത്തുന്ന പ്രവർത്തനങ്ങളിൽ ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കുന്നുണ്ടോ എന്നറിയിക്കാമോ?

### ഉത്തരം

(എ & ബി) പുരാവസ്തു, പുരാരേഖ, മ്യൂസിയം വകുപ്പുകളുടെ കീഴിലുള്ള മ്യൂസിയങ്ങൾ പുനരുദ്ധരിക്കുന്നതിനും നവീകരിക്കുന്നതിനും നോഡൽ ഏജൻസിയായി കേരളം ചരിത്ര പൈതൃക മ്യൂസിയം എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ഉണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) പുരാവസ്തു വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം, പത്തനംതിട്ട, തൃശ്ശൂർ, എറണാകുളം, പാലക്കാട്, വയനാട്, എന്നീ ജില്ലകളിൽ സജ്ജീകരിക്കുന്ന ജില്ലാ പൈതൃക മ്യൂസിയങ്ങൾ കൂടാതെ തൃപ്പൂണിത്തുറ ഹിൽപാലസ് മ്യൂസിയം, നെടുമങ്ങാട് കോയിക്കൽ കൊട്ടാരം, കോഴിക്കോട് പഴശ്ശിരാജാ മ്യൂസിയം എന്നിവിടങ്ങളിൽ സജ്ജീകരണ പ്രവർത്തനങ്ങൾ ടി നോഡൽ ഏജൻസി മുഖേന നടത്തിവരുന്നു. പുരാരേഖാ വകുപ്പിന് കീഴിൽ വട്ടിയൂർക്കാവ് സ്വാതന്ത്ര്യ സമര സ്മാരക മ്യൂസിയം, കൈയൊപ്പ് രേഖാലയ മ്യൂസിയം എന്നിവ സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ വൈക്കം സത്യാഗ്രഹ മ്യൂസിയത്തിന്റെ ഒന്നാംഘട്ട പ്രവർത്തനവും പൂർത്തിയാക്കിയിട്ടുണ്ട്.

(ഇ) പാലിക്കുന്നുണ്ട്. എന്നാൽ ടെണ്ടർ നടപടികൾ ആവശ്യമില്ലാത്ത പ്രവർത്തനങ്ങളിൽ സർക്കാർ അംഗീകൃത ഏജൻസികളായ കെൽട്രോൺ, കോസ്റ്റ് ഫോർഡ്, സിഡ്കോ തുടങ്ങിയ സ്ഥാപനങ്ങളുടെ സേവനവും ലഭ്യമാക്കുന്നുണ്ട്.

## കോഴിക്കോട് ജില്ലയിലെ മ്യൂസിയങ്ങൾ

354 (365) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ മ്യൂസിയം, പുരാവസ്തു വകുപ്പിന്റെ കീഴിൽ എത്ര മ്യൂസിയങ്ങൾ നിലവിലുണ്ട്;

(ബി) ഈ സർക്കാർ ഇതിൽ എത്രയെണ്ണത്തിന്റെ നവീകരണത്തിനും വിപുലീകരണത്തിനുമായി ഫണ്ട് അനുവദിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(സി) ജില്ലയിൽ മ്യൂസിയം പുരാവസ്തു വകുപ്പുകൾ പുതുതായി ആരംഭിക്കാനുദ്ദേശിക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കോഴിക്കോട് ജില്ലയിൽ മ്യൂസിയം വകുപ്പിന്റെ കീഴിൽ ഒരു മ്യൂസിയവും (ആർട്ട് ഗ്യാലറി & കൃഷ്ണമേനോൻ മ്യൂസിയം), പുരാവസ്തു വകുപ്പിന്റെ കീഴിൽ 2 മ്യൂസിയങ്ങൾ (പഴശ്ശിരാജാ മ്യൂസിയം, കുഞ്ഞാലി മരയ്ക്കാർ സ്മാരക മ്യൂസിയം), എന്നിങ്ങനെ 3 മ്യൂസിയങ്ങൾ നിലവിലുണ്ട്.

(ബി) ഈ സർക്കാർ രണ്ട് മ്യൂസിയങ്ങളുടെ നവീകരണത്തിനായി ഫണ്ട് അനുവദിച്ചിട്ടുണ്ട്. ഇതിൽ പഴശ്ശിരാജാ മ്യൂസിയത്തിന്റെ വികസനത്തിനായി 32 ലക്ഷം രൂപ അനുവദിക്കുകയും ഇതിൽ 31.64 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതുമാണ്. കോഴിക്കോട് ആർട്ട് ഗ്യാലറി ആൻഡ് കൃഷ്ണമേനോൻ മ്യൂസിയത്തിന്റെ വികസനത്തിനായി 59,41,287/- രൂപ അനുവദിച്ചിട്ടുള്ളതും ഇതിൽ 30,84,148 രൂപ ചെലവഴിച്ചിട്ടുള്ളതുമാണ്.

(സി) കോഴിക്കോട് കുഞ്ഞാലി മരയ്ക്കാർ സ്മാരക മ്യൂസിയത്തോട് ചേർന്ന് നേവൽ മ്യൂസിയം സ്ഥാപിക്കുന്ന വിഷയം വകുപ്പിന്റെ പരിഗണനയിലുണ്ട്.

## പുരാവസ്തു വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയ പ്രധാന പദ്ധതികൾ

355 (366) ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. എം. സ്വരാജ് :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുരാവസ്തു വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയ പ്രധാന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പുരാവസ്തു വകുപ്പിന്റെ അധീനതയിലുള്ള നാണയശേഖരം സമഗ്രമായ പരിശോധനയ്ക്കും പ്രമാണീകരണത്തിനും വിധേയമാക്കി പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും പ്രയോജനപ്രദമാകുന്ന രീതിയിൽ പ്രദർശിപ്പിക്കുന്നതിനുള്ള പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ;

(സി) പുരാവസ്തുക്കളുടെ ശാസ്ത്രീയ സംരക്ഷണം, ഉദ്ഖനന പ്രവർത്തനങ്ങൾ, നാണയ പഠനം തുടങ്ങിയ വിഷയങ്ങളെ സംബന്ധിച്ച് പുതിയ ഗവേഷണങ്ങൾ നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ഡി) വകുപ്പിന്റെ കീഴിലുള്ള മ്യൂസിയങ്ങളിൽ സൂക്ഷിച്ചിട്ടുള്ള പുരാവസ്തുക്കളുടെ ഡിജിറ്റൽ ഡാറ്റ തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

### ഉത്തരം

(എ) പുരാവസ്തു വകുപ്പിന്റെ വിവിധ മ്യൂസിയങ്ങൾ ഭിന്നശേഷി സൗഹൃദമാക്കി.

തിരുവനന്തപുരം ജില്ലയിലെ വിഴിഞ്ഞം ഗുഹാക്ഷേത്രം, മാന്നാർ തൃക്കുരുട്ടി മഹാദേവർ ക്ഷേത്രം, ഇടുക്കിയിലെ മുനിയറകൾ, മാളയിലെ യഹൂദസ്മാരകങ്ങൾ, മാനാഞ്ചിറ ശ്രീ ഭദ്രകാളിക്ഷേത്രം, വാഴവേലിൽ തറവാട് വീട്, കണ്ണൂർ ജില്ലയിലെ കണ്ടോന്താർ ജയിൽ എന്നിവ പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകങ്ങളായി പ്രഖ്യാപിച്ചു.

മറുനാടൻ മലയാളികളിൽ പൈതൃക അവബോധം വളർത്തുന്നതിന്റെ ഭാഗമായി 2017 ഒക്ടോബറിൽ ന്യൂഡൽഹിയിൽ സംഘടിപ്പിക്കപ്പെട്ട കേരള-ഡൽഹി സാംസ്കാരിക പൈതൃകോത്സവത്തിൽ വകുപ്പ് പുരാവസ്തു പ്രദർശനങ്ങൾ, സെമിനാർ, കുട്ടികൾക്കായി വിവിധ ചരിത്ര - പൈതൃക ബോധവൽക്കരണ മത്സരങ്ങൾ എന്നിവ സംഘടിപ്പിച്ചു.

കണ്ണൂർ ജില്ലയിലെ കണ്ടോന്താർ ട്രാൻസിറ്റ് ജയിൽ, പയ്യന്നൂർ പഴയ പോലീസ് സ്റ്റേഷൻ എന്നിവയുടെ സമഗ്ര സംരക്ഷണ പ്രവൃത്തികൾ പൂർത്തിയാക്കി പൊതുജനങ്ങൾക്ക് തുറന്നുകൊടുത്തു.

പത്മനാഭപുരം കൊട്ടാരത്തിലെ വലിയ ഊട്ടുപുര, പാൽപ്പുര മാളിക, ക്ലോക്ക് ടവർ എന്നിവയുടെ സമഗ്ര സംരക്ഷണ പ്രവർത്തനങ്ങൾ ഈ കാലയളവിൽ നടത്തുകയുണ്ടായി.

പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായ തിരുവനന്തപുരത്തെ നിയമസഭാ മ്യൂസിയത്തിന്റേയും പ്രവേശന കവാടത്തിന്റേയും കാവൽ ഗോപുരത്തിന്റേയും സംരക്ഷണ പ്രവൃത്തികൾ പൂർത്തിയാക്കി.

മലബാർ മേഖലയുടെ ചരിത്ര പൈതൃക അവബോധം വളർത്തുന്നതിന്റെ ഭാഗമായി 2018 ഫെബ്രുവരിയിൽ കണ്ണൂരിൽ മലബാർ പൈതൃകോത്സവം സംഘടിപ്പിക്കുകയുണ്ടായി.

നവീന മാതൃകയിലുള്ള മ്യൂസിയം സജ്ജീകരണത്തിനും സംരക്ഷണ പ്രവർത്തനങ്ങൾക്കുംശേഷം തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് കോയിക്കൽ കൊട്ടാര മ്യൂസിയം പൊതുജനങ്ങൾക്കായി 2018 ജൂണിൽ തുറന്നുകൊടുത്തു.

യുനെസ്കോയുടെ ലോക പൈതൃക പട്ടികയുടെ സാധ്യതാലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള തക്കല പത്മനാഭപുരം കൊട്ടാരത്തിനായി വെബ് സൈറ്റ് തയ്യാറാക്കുകയും വകുപ്പിനായി You Tube Channel Launch ചെയ്യുകയും ഉണ്ടായി.

ഉത്തര മലബാറിലെ വകുപ്പിന്റെ സംരക്ഷിത സ്മാരകങ്ങളെ കോർത്തിണക്കി ഡിജിറ്റൽ ഭൂപടം തയ്യാറാക്കുന്നതിനുള്ള പദ്ധതി വകുപ്പ് ആരംഭിച്ചിട്ടുണ്ട്.

തിരുവനന്തപുരം കോട്ടയ്ക്കകത്തെ പൈതൃക സ്മാരകങ്ങളെ/പ്രദേശങ്ങളെ കോർത്തിണക്കി ഡിജിറ്റൽ ദൃശ്യ-ശ്രവ്യ സഹായി വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്.

നേപ്പിയർ മ്യൂസിയം വളപ്പിലെ പഴയ ബാന്റ് സ്റ്റാന്റ് പുരാവസ്തു വകുപ്പ് ഘടനാപരമായ സംരക്ഷണത്തിന് വിധേയമാക്കുകയുണ്ടായി.

(ബി) പുരാവസ്തു വകുപ്പിന്റെ കീഴിലുള്ള നാണയ ശേഖരങ്ങൾ, ശാസ്ത്രീയമായി പ്രമാണീകരിക്കുന്നതിനുള്ള പദ്ധതിക്ക് വകുപ്പ് തുടക്കം കുറിക്കുകയും ആദ്യഘട്ടം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. രണ്ടാം ഘട്ടം ഉടൻതന്നെ ആരംഭിക്കുന്നതാണ്.

(സി) പുരാവസ്തു വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാർക്കായി ഡൽഹി നാഷണൽ മ്യൂസിയത്തിൽ വച്ച് സമഗ്ര പരിശീലനം ലഭ്യമാക്കി വരുന്നു. പരിശീലനം സിദ്ധിക്കുന്ന ജീവനക്കാരെ പ്രയോജനപ്പെടുത്തി വിവിധ പദ്ധതികൾ ആവിഷ്കരിക്കുന്നതാണ്.

(ഡി) നടപടി സ്വീകരിച്ചുവരുന്നു. പൂരാവസ്തു വകുപ്പിന്റെ അധീനതയിലുള്ള കൃഷ്ണപുരം പാലസ് മ്യൂസിയം, തൃശ്ശൂർ ശക്തൻ തമ്പുരാൻ മ്യൂസിയം എന്നിവയിലെ ആർട്ടി ഫാക്ട്സ് ഡിജിറ്റൈസ് ചെയ്യുന്നതിന് ധന സഹായം ലഭിക്കുന്നതിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ച് തൃശ്ശൂർ ശക്തൻ തമ്പുരാൻ മ്യൂസിയത്തിന് കേന്ദ്രധനസഹായം ലഭ്യമാക്കുന്നതാണെന്ന് അറിയിപ്പ് ലഭിച്ചിട്ടുണ്ട്.

## പഴശ്ശി കുടീരം

356 (367) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി പഴശ്ശി കുടീരത്തിൽ കൂടുതൽ സന്ദർശകരെ ആകർഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) പഴശ്ശി കുടീരത്തിൽ സ്ഥിതിചെയ്യുന്ന ഉദ്യാനത്തിലേക്ക് കൂടുതൽ സന്ദർശകരെ ആകർഷിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) മാനന്തവാടി പഴശ്ശി കുടീര മ്യൂസിയത്തിൽ കൂടുതൽ സന്ദർശകരെ ആകർഷിക്കുന്നതിലേയ്ക്കായി മ്യൂസിയത്തിൽ പ്രദർശിപ്പിച്ചിരിക്കുന്ന പുരാവസ്തുക്കൾ സജ്ജീകരിക്കുന്നിടത്ത് ലൈറ്റിംഗ് സംവിധാനം മെച്ചപ്പെടുത്തുന്നതിനും ഓഡിയോ വിഷ്വൽ സംവിധാനം ഏർപ്പെടുത്തുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ മ്യൂസിയം പരിസരത്തെ ഉദ്യാനത്തിൽ ലാൻഡ് സ്കേപ്പിംഗ്, ഗാർഡനിംഗ്, എന്നിവയ്ക്കു പുറമേ സംരക്ഷണ മതിലും നിർമ്മിച്ചിട്ടുണ്ട്. സന്ദർശക സൗഹൃദ സൗകര്യങ്ങളും ഭിന്നശേഷി സൗഹൃദ സൗകര്യങ്ങളും ശുചിമുറികളും ഏർപ്പെടുത്തിയിട്ടുണ്ട്.

## കാസർഗോഡ് ജില്ലയിലെ ചരിത്ര ശേഷിപ്പുകൾ സംരക്ഷിക്കുന്ന പദ്ധതി

357 (368) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരിത്ര രേഖകളും ചരിത്ര ശേഷിപ്പുകളും സംരക്ഷിക്കുന്ന പദ്ധതിയിൽ കാസർഗോഡ് ജില്ലയിലെ ഏതൊക്കെ പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) നീലേശ്വരം രാജകൊട്ടാരവും അനുബന്ധ കെട്ടിടങ്ങളും സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ചരിത്ര രേഖകളും ചരിത്ര ശേഷിപ്പുകളും സംരക്ഷിക്കുന്നതിന് പുരാരേഖാ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള "കമ്മ്യൂണിറ്റി ആർക്കൈവ്സ്" പദ്ധതിയുടെ ഭാഗമായി സാക്ഷരതാ മിഷനുമായി സഹകരിച്ച് നടത്തുന്ന ചരിത്രരേഖാ സർവ്വേയിൽ കാസർഗോഡ് ജില്ലയേയും ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പുരാവസ്തു വകുപ്പിന്റെ കീഴിൽ താഴെ പറയും പ്രകാരമുള്ള പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട് :

കാസർഗോഡ് ജില്ലയിലെ ചന്ദ്രഗിരിക്കോട്ട, പവ്വൽ കോട്ട, ഹോസ്ദുർഗ്ഗ് കോട്ട എന്നിവയുടെ സംരക്ഷണ പ്രവൃത്തികൾ നിർവ്വഹിച്ചിട്ടുണ്ട്.

(ബി) നീലേശ്വരം തെക്കേകോവിലകം വലിയ മഠത്തിൽ ജില്ലാ പൈതൃക മ്യൂസിയം സജ്ജീകരിക്കുന്ന ആവശ്യത്തിലേയ്ക്ക് ടി കോവിലകവും അനുബന്ധ സ്ഥലവും വില നൽകി ഏറ്റെടുക്കുന്ന വിഷയം പരിശോധിച്ച് വരുന്നു. ഇതിലേയ്ക്കായി ടി കോവിലകത്ത് ജില്ലാ പൈതൃക മ്യൂസിയം സജ്ജീകരിക്കുന്നത് സംബന്ധിച്ച് സാധ്യതാ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ പുരാവസ്തു വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്തിലെ പുരാവസ്തു സംരക്ഷണം

358 (369) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല, പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ പുരാവസ്തു സംരക്ഷണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഏതൊക്കെ മേഖലകളാണ് ഉള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പെരുങ്കടവിള ഗ്രാമപഞ്ചായത്തിലെ പാണ്ഡവൻപാറയുടെ സംരക്ഷണത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ & ബി) നെയ്യാറ്റിൻകര താലൂക്കിലെ പെരുങ്കടവിള വില്ലേജിലെ പാണ്ഡവൻപാറയുൾപ്പെടുന്ന 1.2590 ഹെക്ടർ ഭൂമി പുരാവസ്തു വകുപ്പിന്റെ സംരക്ഷിത മേഖലയായി പ്രഖ്യാപിച്ചിട്ടുണ്ട്.

പാണ്ഡവൻപാറയുടെ പ്രാധാന്യം കണക്കിലെടുത്ത് പോലീസ് സംരക്ഷണം ഏർപ്പെടുത്തിയിട്ടുണ്ട്.

## എറണാകുളം കളക്ടറേറ്റ് കെട്ടിടം സംരക്ഷിക്കാൻ നടപടി

359 (370) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളത്തെ കണയന്നൂർ താലൂക്ക് ഓഫീസ് പ്രവർത്തിക്കുന്ന പഴയ കളക്ടറേറ്റ് കെട്ടിടം പുരാവസ്തു വകുപ്പിന്റെ കീഴിലാണോ എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കെട്ടിടം സംരക്ഷിക്കുന്നതിനായി പുരാവസ്തു വകുപ്പ് ഇതുവരെ എത്ര തുക ചെലവഴിച്ചെന്നും എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും വിശദമാക്കുമോ;

(സി) ഈ കെട്ടിടത്തിന്റെ പൈതൃകം നിലനിർത്തി സംരക്ഷിക്കുന്നതിന് ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) എറണാകുളത്തെ കണയന്നൂർ താലൂക്കാഫീസ് പ്രവർത്തിക്കുന്ന പഴയ കളക്ടറേറ്റ് കെട്ടിടം പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമല്ല.

പ്രസ്തുത സ്മാരകത്തിന്റെ സംരക്ഷിത പ്രവൃത്തികൾക്കായി തുകയൊന്നും തന്നെ ചെലവഴിച്ചിട്ടില്ല.

(സി) പ്രസ്തുത സ്മാരകം സംരക്ഷിക്കുന്നത് സംബന്ധിച്ച് പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് ആയത് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

**ചരിത്ര രേഖകൾ സംരക്ഷിക്കുന്നതിനുള്ള പദ്ധതി**

360 (371) <u>ശ്രീ. ജോർജ് എം. തോമസ്</u> :
<u>ശ്രീ. റ്റി. വി. രാജേഷ്</u> :
<u>ശ്രീ. രാജു എബ്രഹാം</u> :
<u>ശ്രീ. എൻ. വിജയൻ പിള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ സമ്പന്നമായ ചരിത്രരേഖകൾ കണ്ടെത്തുന്നതിനും സംരക്ഷിക്കുന്നതിനുമായി നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) ഇതിന്റെ ഭാഗമായി സാക്ഷരതാമിഷന്റെ സഹകരണത്തോടെ 'കമ്മ്യൂണിറ്റി ആർക്കൈവ്സ്' പദ്ധതി നടപ്പാക്കി വരുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) സവിശേഷവും ചരിത്ര പ്രാധാന്യമുള്ളതുമായ സുപ്രധാന രേഖകൾ കേരളത്തിന്റെ പരമ്പരാഗത ചുമർ ചിത്രശൈലിയിൽ ചിത്രീകരിച്ച് പ്രദർശിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) പുരാരേഖ വകുപ്പിന്റെ പ്രവർത്തനങ്ങളും സേവനങ്ങളും പൊതുജനങ്ങൾ, ചരിത്ര വിദ്യാർത്ഥികൾ, ഗവേഷകർ എന്നിവരിലേക്ക് എത്തിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കേരളത്തിന്റെ സമ്പന്നമായ ചരിത്രരേഖകൾ കണ്ടെത്തുന്നതിനും സംരക്ഷിക്കുന്നതിനുമായി ക്രിയാത്മകമായ പദ്ധതികളാണ് പുരാരേഖാ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. കൂടാതെ കേരളത്തിലെ വിവിധ വകുപ്പുകളിലും സെക്രട്ടേറിയേറ്റിലും സൂക്ഷിക്കുന്ന ശാശ്വത മൂല്യമുള്ള ഭരണപരമായ ഔദ്യോഗിക രേഖകളുടെ ക്രമീകരണം, ശാസ്ത്രീയ സംരക്ഷണം, ദൃശ്യവൽക്കരണം തുടങ്ങിയവ വകുപ്പ് നടത്തിവരുന്നു. കേരളത്തിന്റെ പ്രാദേശിക ചരിത്ര നിർമ്മിതിക്ക് മുതൽക്കൂട്ടായ നിരവധി പ്രാദേശിക പൈതൃക രേഖകൾ കണ്ടെത്തി സംരക്ഷിക്കുന്നതിന് വകുപ്പ് വിഭാവന ചെയ്തിട്ടുള്ള പദ്ധതിയാണ് കമ്മ്യൂണിറ്റി

ആർക്കൈവ്സ് പദ്ധതി. സ്വകാര്യ വ്യക്തികളുടേയും സാമൂഹ്യ സംഘടനകളുടേയും ആരാധനാലയങ്ങളുടേയും പക്കലുള്ള അമൂല്യമായ ചരിത്രരേഖകൾ കണ്ടെത്തി അവയ്ക്ക് വേണ്ട ശാസ്ത്രീയ സംരക്ഷണം ഈ പദ്ധതിയിലൂടെ വകുപ്പ് നൽകിവരുന്നുണ്ട്. കൂടാതെ നൂറ്റാണ്ടുകൾ പഴക്കമുള്ള താളിയോല രേഖകൾ, പേപ്പർ റിക്കാർഡുകൾ ഡിജിറ്റൽ ഇമേജുകളായി സൂക്ഷിച്ച് വരുംതലമുറയ്ക്ക് അനുഭവവേദ്യമാക്കുന്നതിനായി ആരംഭിച്ചിട്ടുള്ള ഡിജിറ്റൈസേഷൻ പദ്ധതി കഴിഞ്ഞ 10 വർഷത്തിലേറെയായി വകുപ്പ് നടപ്പിലാക്കുന്നുണ്ട്. അതോടൊപ്പം വിവിധ രേഖകൾക്ക് രാസസംരക്ഷണ പ്രവർത്തനങ്ങളും വകുപ്പ് നൽകിവരുന്നു.

(ബി) സാക്ഷരതാമിഷന്റെ സഹകരണത്തോടെ സ്വകാര്യരേഖകൾ കണ്ടെത്തുന്നതിന്റെ ഭാഗമായി കേരളത്തിലെ 14 ജില്ലകളിലും ഏകദേശം 70000 വോളണ്ടിയർമാരുടെ നേതൃത്വത്തിൽ ഒരു ചരിത്രരേഖാ സർവ്വേ നടത്തുകയും അതുവഴി നിരവധി അമൂല്യങ്ങളായ ചരിത്രരേഖകൾ കണ്ടെത്താനും സാധിച്ചിട്ടുണ്ട്. ചരിത്രരേഖാ സർവ്വേയിൽ കണ്ടെത്തിയ വിവരങ്ങൾ അടങ്ങിയ റിപ്പോർട്ട് സാക്ഷരതാ മിഷൻ തയ്യാറാക്കി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു.

(സി) ചരിത്രപ്രാധാന്യമുള്ള സംഭവ പരമ്പരകളെ അടയാളപ്പെടുത്തുന്ന ചരിത്രരേഖകൾ പരമ്പരാഗത ചുമർ ചിത്രശൈലിയിൽ ആറന്മുള വാസ്തുവിദ്യാ ഗുരുകുല കേന്ദ്രവുമായി യോജിച്ച് ചിത്രീകരിച്ച് പ്രദർശിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) മൺമറഞ്ഞുപോയ ഒരു കാലഘട്ടത്തിന്റെ അവശേഷിപ്പുകൾ വരുംതലമുറയ്ക്കായി കാത്തുസൂക്ഷിക്കുന്നതിനുള്ള ദൗത്യം ഏറ്റെടുത്തിട്ടുള്ള ആർക്കൈവ്സ് വകുപ്പിന്റെ സേവനങ്ങളും പ്രവർത്തനങ്ങളും സമൂഹത്തിന്റെ വിവിധ മേഖലകളിൽ എത്തിക്കുന്നതിന് വിപുലമായ പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. ഇതിന്റെ ഭാഗമായി കേരളത്തിലെ എല്ലാ ജില്ലകളിലും ചരിത്ര പ്രദർശനങ്ങൾ, സെമിനാറുകൾ എന്നിവ വകുപ്പ് സംഘടിപ്പിച്ചുവരുന്നു. വിദ്യാർത്ഥികളിൽ പൈതൃക സംരക്ഷണ അവബോധം സൃഷ്ടിക്കുന്നതിനായി 'ഹെറിറ്റേജ് ക്ലബ്ബ്' എന്ന പദ്ധതി കേരളത്തിലെ സ്കൂളുകളിൽ നടപ്പിലാക്കിവരുന്നു. കൂടാതെ വിദ്യാർത്ഥികളിൽ ചരിത്രാവബോധം സൃഷ്ടിക്കുന്നതിനായി വർഷംതോറും കേരള ചരിത്ര ക്വിസും നടത്തി വരുന്നുണ്ട്. ചരിത്ര ക്വിസിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കുന്നവർക്ക് 25,000 രൂപയും രണ്ടാം സ്ഥാനക്കാർക്ക് 15,000 രൂപയും മൂന്നാം സ്ഥാനക്കാർക്ക് 10,000 രൂപയും വകുപ്പ് നൽകിവരുന്നു. അതോടൊപ്പം ക്വിസിൽ ഉന്നതവിജയം നേടിയ വിദ്യാർത്ഥികൾക്ക് കേരളത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കുന്നതിനായി 'ചരിത്ര പൈതൃക പഠനയാത്ര'യും വകുപ്പ് സംഘടിപ്പിച്ചുവരുന്നു.

(നക്ഷത്രചിഹ്നമിടാത്ത 3, 33, 61, 62, 100, 136, 163, 166, 176, 185, 186 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് വിഭാഗത്തിൽ ലഭ്യമല്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

10.00 AM ]

## II ചരമോപചാരം

### സൈമൺ ബ്രിട്ടോ റോഡ്രിഗ്സിന്റെ നിര്യാണം

മി. സ്പീക്കർ: മുൻ നിയമസഭാംഗം സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് 2018 ഡിസംബർ 31-ന് അന്തരിച്ചു.

നിക്കോളാസ് റോഡ്രിഗ്സ്, ഐറിൻ റോഡ്രിഗ്സ് ദമ്പതികളുടെ മകനായി 1954 മാർച്ച് 27-ന് എറണാകുളം ജില്ലയിലെ പോഞ്ഞിക്കരയിൽ സൈമൺ ബ്രിട്ടോ ജനിച്ചു. എറണാകുളം സെന്റ് ആൽബർട്സ് കോളേജ്, എറണാകുളം ലാ കോളേജ്, ബീഹാറിലെ മിഥില യൂണിവേഴ്സിറ്റി എന്നിവിടങ്ങളിലായിരുന്നു വിദ്യാഭ്യാസം. കേരളാ സ്റ്റുഡന്റ്സ് ഫെഡറേഷനിലൂടെയാണ് പൊതുപ്രവർത്തനരംഗത്ത് പ്രവേശിച്ചത്. കേരള ഗ്രന്ഥശാലാ സംഘത്തിലെ സർക്കാർ പ്രതിനിധി, മഹാത്മാഗാന്ധി സർവ്വകലാശാലാ സെനറ്റംഗം എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. പന്ത്രണ്ടാം കേരള നിയമസഭയിലേയ്ക്ക് ആംഗ്ലോ ഇന്ത്യൻ പ്രതിനിധിയായി നാമനിർദ്ദേശം ചെയ്യപ്പെട്ടു.

എസ്.എഫ്.ഐ. സംസ്ഥാന വൈസ് പ്രസിഡന്റായിരിക്കെ, 1983 ഒക്ടോബർ 14-ന് എറണാകുളം മഹാരാജാസ് കോളേജിൽ നടന്ന ആക്രമണത്തിൽ പരിക്കേറ്റ എസ്.എഫ്.ഐ. പ്രവർത്തകരെ കാണുന്നതിന് എറണാകുളം ജനറൽ ആശുപത്രിയിലെത്തിയ സൈമൺ ബ്രിട്ടോയെ ആശുപത്രിയുടെ ഇടനാഴിയിൽവച്ച് അക്രമികൾ കുത്തിവീഴ്ത്തി. നട്ടെല്ലിനേറ്റ ക്ഷതംമൂലം അരയ്ക്ക് കീഴോട്ട് ചലനശേഷി നഷ്ടപ്പെട്ടെങ്കിലും കീഴടങ്ങാൻ തയ്യാറാകാതെ ചികിത്സയിലൂടെയും കഠിന പ്രയത്നത്തിലൂടെയും അദ്ദേഹം ജീവിതത്തിലേയ്ക്ക് തിരിച്ചുവന്നു. തുടർന്നങ്ങോട്ട് വീൽച്ചെയറിലായിരുന്നു അദ്ദേഹത്തിന്റെ ജീവിതം. ശാരീരിക ബുദ്ധിമുട്ടുകൾ വകവയ്ക്കാതെ സമരവേദികളിലും സാംസ്കാരിക സദസ്സുകളിലും അദ്ദേഹം നിറസാന്നിദ്ധ്യമായി. പത്തുവയസ്സുള്ളപ്പോൾ മുതൽ കഥകളെഴുതാൻ തുടങ്ങിയ അദ്ദേഹത്തിന്റെ ബീഹാർ അനുഭവങ്ങളിൽനിന്നും പിറന്ന ആദ്യ നോവലായ 'അഗ്രഗാമി'ക്ക് അബുദാബി ശക്തി അവാർഡും പാട്യം ഗോപാലൻ അവാർഡും ലഭിച്ചു. മഹാരൗദ്രം, മഞ്ഞുപെയ്യുന്ന ചരിത്രാങ്കം, ചന്ദ്രമാളിക എന്നീ നോവലുകളും രചിച്ചു. നോവലുകളിൽ തന്റെ സർഗ്ഗാത്മകതയ്ക്കൊപ്പം രാഷ്ട്രീയവും സമഞ്ജസമായി ഇഴചേർത്ത എഴുത്തുകാരനായിരുന്നു സൈമൺ ബ്രിട്ടോ.

തന്റെ പ്രസ്ഥാനത്തോടും പ്രത്യയശാസ്ത്രത്തോടും അചഞ്ചലമായ കൂറും ഐക്യദാർഢ്യവും പുലർത്തുകയും ഇച്ഛാശക്തിയോടെ ശാരീരിക പരിമിതികളെ

അതിജീവിച്ച് പൊതുപ്രവർത്തനരംഗത്ത് സജീവ സാന്നിദ്ധ്യമായി മാറുകയും ചെയ്ത സൈമൺ ബ്രിട്ടോയുടെ ജീവിതം രാഷ്ട്രീയ വിദ്യാർത്ഥികൾക്ക് ഒരു പാഠപുസ്തകമാണ്.

സൈമൺ ബ്രിട്ടോയുടെ നിര്യാണത്തോടെ അതിജീവനത്തിന്റെ ഊർജ്ജം പകർന്ന് പ്രതിസന്ധികളെ സധൈര്യം നേരിട്ട ഒരു മികച്ച രാഷ്ട്രീയ പ്രവർത്തകനെയും സാഹിത്യകാരനെയും സർവ്വോപരി ഒരു മനുഷ്യസ്നേഹിയെയുമാണ് നമുക്ക് നഷ്ടമായിരിക്കുന്നത്.

അന്തരിച്ച മഹത്‌വ്യക്തിയോടുള്ള ആദരസൂചകമായി നമുക്ക് അല്പനേരം എഴുന്നേറ്റ് നിൽക്കാം.

(പരേതനോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പനേരം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു)

## III ചെയർമാന്മാരുടെ പാനൽ

മി. സ്പീക്കർ: സർവ്വശ്രീ ബി. സത്യൻ, മുല്ലക്കര രത്നാകരൻ, റോഷി അഗസ്റ്റിൻ എന്നീ അംഗങ്ങളെ പതിനാലാം കേരള നിയമസഭയുടെ 14-ാം സമ്മേളനകാലത്തെ ചെയർമാന്മാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്യുന്നു.

## IV അടിയന്തരപ്രമേയം

### എംപാനൽ ജീവനക്കാരെ പിരിച്ചുവിട്ട നടപടി

മി. സ്പീക്കർ: കെ.എസ്.ആർ.ടി.സി.-യിലെ എംപാനൽ ജീവനക്കാരെ പിരിച്ചുവിട്ടതുമായി ബന്ധപ്പെട്ട വിഷയം വളരെ പ്രധാനപ്പെട്ടതും ആ വിഷയം സഭയിൽ വരേണ്ടത് അനിവാര്യവുമാണ്. പക്ഷെ, കെ.എസ്.ആർ.ടി.സി. അപ്പീൽ കൊടുത്തതിൽ ഈ എംപാനൽ ജീവനക്കാർ കക്ഷിചേർന്നിട്ടുണ്ട്. ആയതിന്റെ വിധി ഹൈക്കോടതിയിൽനിന്ന് വരാനിരിക്കുന്ന സാഹചര്യത്തിൽ, ഇത് പ്രധാനപ്പെട്ട വിഷയമായതുകൊണ്ടും സമൂഹത്തിൽ പ്രത്യാഘാതങ്ങളുള്ളതായതുകൊണ്ടും സബ്ജുഡീസാകാതെ അവതരിപ്പിക്കാൻ ശ്രദ്ധിക്കുന്നതായിരിക്കും ഉചിതമെന്ന് ചെയർ ഓർമ്മപ്പെടുത്തുന്നു.

KSRTC-യിൽ വർഷങ്ങളായി ജോലി ചെയ്തുവരുന്ന 3861 എംപാനൽ ജീവനക്കാരെ പിരിച്ചുവിടാനുള്ള തീരുമാനംമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണ

മെന്നാവശ്യപ്പെട്ട് സർവ്വശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ, ടി. എ. അഹമ്മദ് കബീർ, റോഷി അഗസ്റ്റിൻ, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ബഹുമാനപ്പെട്ട മുൻഗതാഗത വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും മറ്റ് മൂന്ന് പ്രതിപക്ഷാംഗങ്ങളുംചേർന്ന് നൽകിയിട്ടുള്ള അടിയന്തരപ്രമേയത്തിൽ ബഹുമാന്യനായ സ്പീക്കർ പ്രകടിപ്പിച്ച വികാരം തന്നെയാണ് സഭയിലെ എല്ലാവർക്കുമുള്ളതെന്നാണ് എനിക്ക് തോന്നുന്നത്. ഇങ്ങനെയൊരു നടപടിയിലേയ്ക്ക് കെ.എസ്.ആർ.ടി.സി.-ക്ക് നീങ്ങേണ്ടിവന്ന സാഹചര്യം സംബന്ധിച്ച് എല്ലാവർക്കും ബോദ്ധ്യമുണ്ടെന്നാണ് ഞാൻ കരുതുന്നത്. വർഷങ്ങൾക്കുമുമ്പ് കെ.എസ്.ആർ.ടി.സി.-യിലെ ഒഴിവുകൾ സംബന്ധിച്ച് നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ പരീക്ഷകൾ നടത്തുകയും റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ചെയ്തു. അതിൽനിന്നും അഡ്വൈസ് മെമ്മോ കിട്ടിയ മുഴുവൻ പേർക്കും നിയമനം കൊടുക്കാൻ കഴിഞ്ഞിരുന്നില്ല. അതിനുള്ള സാഹചര്യം എന്തായിരുന്നുവെന്ന് ഞാൻ പ്രാരംഭഘട്ടത്തിൽത്തന്നെ പറയാൻ ആഗ്രഹിക്കുന്നില്ല. അങ്ങനെ നിയമനം ലഭിക്കാതെ പോയ, അഡ്വൈസ് മെമ്മോ ലഭിച്ച ഉദ്യോഗാർത്ഥികൾ ബഹുമാനപ്പെട്ട കോടതിയെ സമീപിക്കുകയുണ്ടായി. പല ഘട്ടങ്ങളിലായി കോടതി പലതരം നിരീക്ഷണങ്ങൾ നടത്തിയെങ്കിലും ഏറ്റവുമൊടുവിൽ, അടിയന്തര പ്രാധാന്യത്തോടുകൂടി പി.എസ്.സി. അഡ്വൈസ് മെമ്മോ ലഭിച്ച 4051 പേർക്ക് നിയമനം നൽകണമെന്നുമാത്രമല്ല, അവിടെ എംപാനൽ ജീവനക്കാരായി ജോലി ചെയ്തുകൊണ്ടിരുന്ന 3861 പേരെ പിരിച്ചുവിടണമെന്നും നിർദ്ദേശിക്കുകയുണ്ടായി. അത് കേവലം ഒരു നിർദ്ദേശം മാത്രമായിരുന്നില്ല. വളരെ വ്യക്തവും ശക്തവുമായ ഒരു വിധിയായിരുന്നു.

" KSRTC shall immediately dispense with their services to accommodate those who have been advised by the Kerala Public Service Commission. മാത്രമല്ല, ഒരാഴ്ചയ്ക്കകം പിരിച്ചുവിടണമെന്നുകൂടി കോടതി പറഞ്ഞു. പിരിച്ചുവിട്ടില്ലെങ്കിൽ കോടതിയലക്ഷ്യനടപടികൾ നേരിടേണ്ടി വരുമെന്ന് അർദ്ധശങ്കയ്ക്ക് ഇടയില്ലാത്തവിധം വ്യക്തമാക്കുകയും ചെയ്തു.

The needful shall done within a period of one week from today. Otherwise KSRTC would face proceedings in contempt. എന്നിട്ടും

കെ.എസ്.ആർ.ടി.സി. മാനേജ്മെന്റ് ഒരാഴ്ചയ്ക്കകം ഈ വിധി നടപ്പിലാക്കാനുള്ള പ്രയാസങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് സാവകാശ ഹർജി നൽകുകയാണുണ്ടായത്. ഡിസംബർ 6-ാം തീയതി നടത്തിയ വിധി ന്യായത്തേക്കാൾ കടുത്ത രീതിയിലുള്ള ഉത്തരവാണ് 21-12-2018-ന് ഹൈക്കോടതിയിൽ നിന്നുമുണ്ടായത്. " The KSRTC may either accept the candidates sponsored by the Employment Exchange anew or permit the requisite number of empanelled conductors to serve on adhoc basis till such time if law permits" എന്നാണ് ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞത്. ഇത്രയൊക്കെ വ്യക്തമായി പറഞ്ഞ പശ്ചാത്തലത്തിൽ പിരിച്ചുവിടപ്പെട്ട നിരാശ്രയരായ എംപാനൽ ജീവനക്കാരെ എങ്ങനെ സംരക്ഷിക്കാൻ കഴിയുമെന്ന പരിശോധനയാണ് സർക്കാർ നടത്തിയത്. നിയമത്തിന്റെ പരിധിയിൽ നിന്നുകൊണ്ടും ബഹുമാനപ്പെട്ട ഹൈക്കോടതി വിധി ലംഘിക്കാതെയും നിയമം അനുവദിക്കുമെങ്കിൽ എന്ന കോടതി നിർദ്ദേശം പാലിച്ചുകൊണ്ടും അനുകൂലമായ നിലപാട് സ്വീകരിക്കുന്നതിനെക്കുറിച്ച് പരിശോധിക്കുന്നതിനാണ് സംസ്ഥാന ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും നിയമ/ധനകാര്യ വകുപ്പുകളിൽനിന്നും ഓരോ പ്രതിനിധികളും കെ.എസ്.ആർ.ടി.സി. മാനേജിംഗ് ഡയറക്ടറും ഉൾക്കൊള്ളുന്ന നാലുപേരുടെ ഒരു സമിതിക്ക് സർക്കാർ നിർദ്ദേശം നൽകുകയും കാര്യങ്ങൾ പരിശോധിച്ചുവരുകയുമാണ്. ഇത്തരത്തിൽ അനിവാര്യമായും ചെയ്യേണ്ടിവന്ന ഒരു നടപടിയെയാണ് പരിചയ സമ്പന്നനായ മുൻ ഗതാഗത വകുപ്പുമന്ത്രി കൂടിയായ ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉൾപ്പെടെയുള്ളവർ 'എല്ലാ തൊഴിൽ നിയമങ്ങളും കാറ്റിൽപ്പറത്തിക്കൊണ്ട് ' എന്ന പ്രയോഗം നടത്തിയിരിക്കുന്നത്. ഈയാഴ്ച കോടതി വിധി പറയാനിരിക്കുന്ന ഒരുത്തരവിനെ സംബന്ധിച്ച് അങ്ങനെ പറഞ്ഞത് ആരെ സഹായിക്കാനാണെന്ന് ദയവായി എല്ലാവരും ആലോചിക്കണം. ഇതുമായി ബന്ധപ്പെട്ട് വരുന്ന ഏതുതരം പരാമർശവും വരാനിരിക്കുന്ന കോടതി വിധിയെ സ്വാധീനിക്കാനാണ് ഇടയാകുക എന്നുള്ളതുകൊണ്ട് എംപാനൽ ജീവനക്കാരോട് സഹതാപമുണ്ടെങ്കിൽ ദയവായി ഈ ഘട്ടത്തിൽ അത് ചർച്ച ചെയ്യാതിരിക്കുകയാണ് വേണ്ടത്. അതുകൊണ്ടുതന്നെ ഇത് അനുവദിക്കുന്നത് എംപാനൽ ജീവനക്കാരോട് കാണിക്കുന്ന ക്രൂരത ആയിരിക്കുമെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, പിരിച്ചുവിട്ട എംപാനൽ ജീവനക്കാർ പുറത്തുണ്ട്. അവരും ഇത് കേൾക്കുന്നുണ്ടെന്നകാര്യം മനസ്സിലാക്കണം. ഇവിടെ

പറയുന്ന കാര്യങ്ങളൊക്കെ നമ്മൾ കുറച്ചാളുകൾ മാത്രമല്ല ഇതിന് പുറത്തിരിക്കുന്നവരും കേൾക്കുന്നുണ്ട്. പി.എസ്.സി. അഡ്വൈസ് മെമ്മോയെക്കുറിച്ച് അങ്ങ് പറഞ്ഞല്ലോ? 3000 വേക്കൻസിയുള്ള കാലത്ത് പി.എസ്.സി. ടെസ്റ്റ് നടത്തി 51000 ഉദ്യോഗാർത്ഥികളുടെ ലിസ്റ്റുണ്ടാക്കി. അതിൽ 9332 ഉദ്യോഗാർത്ഥികൾക്ക് 2010 ഡിസംബറിൽ അഡ്വൈസ് മെമ്മോ നൽകാൻ തീരുമാനമെടുത്തു. അതിന് അങ്ങ് ഞങ്ങളെ കുറ്റപ്പെടുത്തേണ്ട കാര്യമുണ്ടോ? അങ്ങ് കുറ്റപ്പെടുത്തേണ്ടവർ വേറെയാണ്. കെ.എസ്.ആർ.ടി.സി.-യെ ഒരു ദിവസം എന്റെ കയ്യിൽ തന്നാൽ മതി നന്നാക്കിക്കളയുമെന്ന് അന്ന് ഇവിടെ പ്രതിപക്ഷനേതാവിന്റെ സ്ഥാനത്തിരുന്ന ശ്രീ. വി. എസ്. അച്ചുതാനന്ദൻ പറഞ്ഞത് ഞാൻ ഓർക്കുന്നു. ആയിരം ദിവസം പൂർത്തിയാക്കിയിട്ടും നിങ്ങൾക്കത് ചെയ്യാൻ സാധിച്ചിട്ടില്ലെന്നതാണ് ഇവിടത്തെ പ്രധാന പ്രശ്നം. ഇത് ആരെ സഹായിക്കാനാണെന്നാണ് അങ്ങ് ചോദിക്കുന്നത്. സ്ത്രീകളടക്കമുള്ള ജീവനക്കാർ ബഹുമാനപ്പെട്ട അങ്ങയെയും മുഖ്യമന്ത്രിയെയും സഭയിലുള്ള മുഴുവൻ അംഗങ്ങളെയും വന്നുകണ്ടില്ലേ; ബഹുമാനപ്പെട്ട സ്പീക്കറെയും കണ്ടിട്ടുണ്ടാകുമെന്നാണ് എന്റെ ധാരണ. എന്നെ അവർ പലവട്ടം വന്ന് കണ്ടിരുന്നു. അവർ പറയുന്നത് എന്താണ്, പ്രതിദിനം 480 രൂപയാണ് വേതനമായി ലഭിക്കുന്നത്. രാവിലെ 7 മണിക്ക് സ്റ്റേഷനിൽ റിപ്പോർട്ട് ചെയ്താൽ ഡ്യൂട്ടിയുണ്ടെങ്കിൽ ഉണ്ട്, ഇല്ലെങ്കിൽ ഇല്ല. ഡ്യൂട്ടിയില്ലെങ്കിൽ മടങ്ങിപ്പോകണം. ഒരു മാസം 20 ദിവസമെങ്കിലും ജോലി ചെയ്തെങ്കിൽ മാത്രമെ ഒരു ഡ്യൂട്ടിയായി കണക്കാക്കൂ, അല്ലെങ്കിൽ 1,000 രൂപ മാസത്തിൽ പിഴയടയ്ക്കണമെന്ന നിയമമുണ്ടെന്നാണ് കെ.എസ്.ആർ.ടി.സി. അവരോട് പറയുന്നത്. ആ പാവങ്ങൾക്ക് ജോലിയുമില്ല, ആയിരം രൂപ പിഴയടയ്ക്കണമെന്ന നിലയിലേയ്ക്ക് കാര്യങ്ങൾ വരുന്നത് ശരിയാണോ? ആരെ സഹായിക്കാനാണെന്ന അങ്ങയുടെ ചോദ്യം ഞാൻ ആവർത്തിച്ച് ചോദിക്കുകയാണ്. കോടതി ഉത്തരവിന്റെ മറവിൽ 17 വർഷം സർവ്വീസുള്ള, പിരിച്ചുവിട്ട പാവപ്പെട്ട ജീവനക്കാരെ രക്ഷിക്കാൻ നടപടിയെടുക്കണമെന്ന് പറഞ്ഞതിനെ വലിയ കുഴപ്പമുണ്ടാക്കാൻ പ്രതിപക്ഷം ശ്രമിക്കുന്നുവെന്ന മട്ടിൽ ദുർവ്യാഖ്യാനം ചെയ്തത് തെറ്റായിപ്പോയെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. പി.എസ്.സി. റാങ്ക്ഹോൾഡേഴ്സിനെയും എംപാനൽ ജീവനക്കാരെയും തമ്മിൽ തെറ്റിക്കേണ്ട കാര്യമെന്താണ്? ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 3600 വേക്കൻസി കെ.എസ്.ആർ.ടി.സി.-യിൽ ഉണ്ടായിരുന്നു. 4061 പേർ മാത്രമാണ് പി.എസ്.സി. റാങ്ക് ലിസ്റ്റിലുള്ളത്. ഈ 3600 വേക്കൻസിയിൽ ഉദ്യോഗാർത്ഥികളെ പി.എസ്.സി. വഴി നിയമിച്ചില്ലായിരുന്നുവെങ്കിൽ

എൻ.ജെ.ഡി. അടക്കം മുഴുവൻ ഉദ്യോഗാർത്ഥികളെയും നിയമിക്കാൻ സാധിക്കുമായിരുന്നു. അങ്ങനെ നിയമിക്കുന്നതിനുപകരം കോടതിയിൽ കൊടുത്തിരുന്ന ഒരു കള്ളക്കളിയാണ് ഇതിനകത്തെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമായി വന്നത്. കെ.എസ്.ആർ.ടി.സി. എംപാനൽ ജീവനക്കാരെ മുഴുവൻ ദിവസക്കൂലിക്കാരായി മാറ്റിക്കൊണ്ട് ഒരുത്തരവ് പുറപ്പെടുവിച്ചു. അന്ന് ബഹുമാനപ്പെട്ട അങ്ങ് വകുപ്പുമന്ത്രിയായിരുന്നുവെന്ന് ഞാൻ പറയുന്നില്ല. മാനേജിംഗ് ഡയറക്ടറാണ് ഉത്തരവ് പുറപ്പെടുവിച്ചത്. എംപാനൽ ജീവനക്കാർ (എമർജൻസി മസ്റ്റോൾ ജീവനക്കാർ) എല്ലാവരും ദിവസവേതനക്കാരാണെന്ന് പറഞ്ഞുകൊണ്ട് ഗവൺമെന്റ് കോടതിയിൽ അഫിഡവിറ്റ് കൊടുത്തതിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി. ഒരുത്തരവിറക്കി. അതിനുശേഷം നിലവിലുള്ള മുഴുവൻ താൽക്കാലിക ജീവനക്കാരെയും പിരിച്ചുവിടാൻ അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സി.എം.ഡി. അങ്ങേയ്ക്ക് കത്ത് നൽകിയിട്ടില്ലേ? സി.എം.ഡി. സമ്മതിക്കില്ല. കാരണം, എനിക്ക് മുകളിൽ മുഖ്യമന്ത്രി മാത്രമേയുള്ളൂ, വേറെ ആര് പറഞ്ഞാലും കേൾക്കില്ലെന്ന് ചാനലിൽ പരസ്യമായി പറഞ്ഞിട്ടും അയാൾ സി.എം.ഡി.-യായിരിക്കുന്നുവെന്ന് വന്നാൽ ഒന്നുകിൽ അങ്ങ് അല്ലെങ്കിൽ സി.എം.ഡി. പുറത്തുപോകണ്ടേ? അങ്ങ് ഇതൊന്നും കേട്ടിട്ടില്ല. അങ്ങ് എന്തിനാണ് ഞങ്ങളുടെ മേൽ കുതിരകയറാൻ ശ്രമിക്കുന്നത്? ഇതിന്റെ പത്ത് ശതമാനം ഇനിഷ്യേറ്റീവ് എടുത്തിരുന്നുവെങ്കിൽ സി.എം.ഡി.യെ നിലയ്ക്കുനിർത്തി ഇക്കാര്യത്തിന് പരിഹാരമുണ്ടാക്കാമായിരുന്നല്ലോ? ഞാൻ മാത്രം പറയുന്നതല്ല, ശ്രീ. ആനത്തലവട്ടം ആനന്ദൻ യു.ഡി.എഫ്.-ന്റെ കൺവീനറാണോ; ശ്രീ. വൈക്കം വിശ്വൻ യു.ഡി.എഫ്.-ന്റെ നേതാവാണോ; ശ്രീ. കെ. പി. രാജേന്ദ്രൻ ആരാണ്? ഇവരെല്ലാം ഞങ്ങളുടെ ഭാഗത്തുള്ളവരാണോ? ഈ സി.എം.ഡി. ചെയ്തുകൊണ്ടിരിക്കുന്ന നയം എൽ.ഡി.എഫ്.-ന്റേതല്ല. അവരുടെ നയം വേറെയാണെന്ന് ഇവരൊക്കെ പരസ്യമായി പ്രസംഗിച്ചത് മാധ്യമങ്ങളിലൊക്കെ വന്നതാണ്. അങ്ങ് ഇതൊന്നും കേട്ടില്ലേ? എന്നിട്ട് ഇതെല്ലാം കള്ളക്കളിയിൽക്കൂടി ഒപ്പിച്ചെടുത്തതാണെന്ന് പറയുന്നു. എംപാനൽ ജീവനക്കാരെ പിരിച്ചുവിടണമെന്ന് പറഞ്ഞ് കെ.എസ്.ആർ.ടി.സി. കത്ത് നൽകിയതിന്റെ പിറ്റേ ദിവസം പി.എസ്.സി. റാങ്ക് ഹോൾഡേഴ്സ് കോടതിയിൽ അഫിഡവിറ്റ് ഫയൽ ചെയ്തു. കെ.എസ്.ആർ.ടി.സി. താൽക്കാലിക ജീവനക്കാരെ പിരിച്ചുവിടണമെന്ന് പറഞ്ഞ് കത്ത് നൽകിയതിന്റെയടിസ്ഥാനത്തിൽ നടപടി വേണമെന്ന് കോടതിയെ ബോദ്ധ്യപ്പെടുത്തിയപ്പോൾ കോടതിക്ക് ഇതല്ലാതെ വേറെ എന്താണ് പറയാൻ സാധിക്കുന്നത്? ഇത് കള്ളക്കളിയാണ്. കെ.എസ്.ആർ.ടി.സി.-യുടെയും സർക്കാരിന്റെയും

നിലപാട് അറിയാൻ കോടതി കേസ് മാറ്റിവച്ചു. ഇതെല്ലാം നടക്കുന്നത് ഒന്നര-രണ്ടാഴ്ച കൊണ്ടാണ്. ആ തീയതികൾ അങ്ങയുടെ ഫയലിലുള്ളതുകൊണ്ട് ഞാനത് വായിക്കുന്നില്ല. എന്റെ കയ്യിൽ ആ തീയതികളുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെയും സർക്കാരിന്റെയും അഫിഡവിറ്റ് ലഭിക്കുന്നതിനുവേണ്ടി കോടതി കേസ് മാറ്റിവച്ചു. അങ്ങയുടെ വകുപ്പിൽനിന്നും ഒരു അഫിഡവിറ്റും കൊടുത്തിട്ടില്ല. താൽക്കാലിക ജീവനക്കാരെ പിരിച്ചുവിടുന്നതിനും പി.എസ്.സി. റാങ്ക് ലിസ്റ്റിൽപ്പെട്ടവരെ നിയമിക്കാനും കോടതി ഉത്തരവിറക്കി. നിങ്ങൾക്ക് സാദ്ധ്യത കിട്ടിയതാണ്. ഗവൺമെന്റ് ഉത്തരവ് ഇറക്കുകയും സ്റ്റേറ്റ്മെന്റ് കൊടുക്കുകയും വേണം. ഗവൺമെന്റ് അഫിഡവിറ്റ് ഫയൽ ചെയ്യാൻ മാറ്റിവച്ചതിനുശേഷം നിങ്ങൾ ഒന്നും ചെയ്തില്ലല്ലോ? നിങ്ങൾ പതുങ്ങിയിരുന്നു. അവസാനം എന്തുണ്ടായി? കോടതി വിധി പ്രഖ്യാപിച്ചു. 9-12-2018-ൽ വീണ്ടും കേസ് വന്നപ്പോൾ പിരിച്ചുവിടലിനെതിരെ നിങ്ങൾ ചെയ്തതെന്താണ്? പിരിച്ചുവിടാൻ സാവകാശം വേണമെന്ന് ആവശ്യപ്പെട്ടു. അങ്ങ് ഇപ്പോൾ പറഞ്ഞല്ലോ, സാവകാശ ഹർജി കൊടുക്കണമെന്ന്. പിരിച്ചുവിടലിനെ എതിർത്തില്ല. പിരിച്ചുവിടലിനെ എതിർക്കാതെ പിരിച്ചുവിടാൻ സാവകാശം വേണമെന്നാണ് പറഞ്ഞത്. എന്ത് സാവകാശമാണ്? പേനയോ പേപ്പറോ എടുക്കാനുള്ള സാവകാശമാണോ; ഉത്തരവിൽ ഒപ്പിടുന്നതിനുവേണ്ടിയുള്ള സാവകാശമാണോ; 3800 ആളുകളെ ഗളഹസ്തം ചെയ്യുന്നതിനുള്ള, വെട്ടാനുള്ള സാവകാശം വേണമെന്നാണ് നിങ്ങൾ ആവശ്യപ്പെട്ടത്. എന്നിട്ടും നിങ്ങൾ പറയുന്നത്, ഈ പാവപ്പെട്ട എംപാനൽ ജീവനക്കാർ എന്തോ കുഴപ്പമുണ്ടാക്കും; ഇപ്പോൾ ഇവിടെ സംസാരിച്ചാൽ ഭീമമായ കുഴപ്പം അവരുടെ തലയിലേയ്ക്ക് വീഴും എന്നാണ്. ഇതിനേക്കാൾ എന്ത് ഭീമമായ കുഴപ്പമാണ് ഇനി അവർക്കുണ്ടാകുന്നത്. എല്ലാം പോയല്ലോ? സ്ത്രീകൾ ഉൾപ്പെടെയുള്ള പാവപ്പെട്ട ആളുകൾ ശയനപ്രദക്ഷിണം നടത്തി. സെക്രട്ടേറിയറ്റിനു മുന്നിലും നിയമസഭയുടെ പടിക്കലും അവർ വന്ന് കിടക്കുകയാണ്. ഞങ്ങൾ പോയി കണ്ടു. പ്രതിപക്ഷനേതാവ് അവരോടൊപ്പം ഒരുമണിക്കൂറോളം ഉണ്ടായിരുന്നു. ഞങ്ങൾ എല്ലാവരും അവിടെ പോയി. ആ പാവങ്ങളുടെ കണ്ണുനീര് കാണാൻ ഈ ഗവൺമെന്റിന് കഴിയണ്ടേ? ഒരു നിമിഷമെങ്കിലും ആലോചിക്കണ്ടേ? ഞാൻ ചോദിക്കുകയാണ്, ഇതിന് മന്ത്രി പറഞ്ഞ മറുപടിയോട് എൽ.ഡി.എഫ്.-ലെ എം.എൽ.എ.-മാർ യോജിക്കുന്നുണ്ടോ? ഡി.വൈ.എഫ്.ഐ.-യിലൂടെ കടന്നുവന്നിട്ടുള്ള, മാർക്സിസ്റ്റ് പാർട്ടിയുടെ സമുന്നതരായ അംഗങ്ങൾ ഭരണപക്ഷത്തുണ്ടല്ലോ? നിങ്ങൾ ഇതിനോട് യോജിക്കുന്നുണ്ടോ? സി.പി.ഐ. നേതാക്കന്മാർ ഇതിനോട് യോജിക്കുന്നുണ്ടോ? ശ്രീ. സി. ദിവാകരൻ ഇതിനോട് യോജിക്കുന്നുണ്ടോ? അങ്ങ്

എ.ഐ.റ്റി.യു.സി. യൂണിയന്റെ പ്രധാനപ്പെട്ട ആളായിരുന്നതല്ലേ? ശ്രീ. കാനം രാജേന്ദ്രൻ പരസ്യമായി പറഞ്ഞില്ലേ? ഇത് ആരുടെ സർക്കാരാണ്. ഇവർക്കാർക്കും വേണ്ടാത്ത ഈ തീരുമാനമെടുത്തതിനുശേഷം നിങ്ങൾ ഇതിനെ പുതപ്പിട്ട് മൂടാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഇത് വളരെ തെറ്റായ നടപടിയാണ്. കോടതി പി.എസ്.സി. ലിസ്റ്റിലുള്ളവരെ നിയമിച്ചു. പി.എസ്.സി. ലിസ്റ്റിലുള്ള 3600 പേരെ നിയമിക്കാൻ എന്തെങ്കിലും ബുദ്ധിമുട്ടുണ്ടോ? ലിസ്റ്റിൽ ആകെയുള്ളത് 4051 പേർ, നിങ്ങളുടെ കൈവശമുള്ള വേക്കൻസി 3600, അതും എൻ.ജെ.ഡി ആയി. എന്നിട്ടും നിങ്ങൾ 1400 പേരെയാണ് നിയമിച്ചത്. 1400 പേരെ നിയമിച്ചാൽ ആ പ്രശ്നം അവസാനിക്കുമെന്നുള്ളതുകൊണ്ടല്ലേ? കോടതി ഉത്തരവ് വന്നിട്ടും നിങ്ങൾ നിയമിച്ചത് വെറും 1400 പേരെയല്ലേ? ഈ പറയുന്ന കണക്കുകളെല്ലാം വെറുതെയാണ്. നിങ്ങൾ ആളുകളെ തെറ്റിദ്ധരിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. തൊഴിലാളിവിരുദ്ധ നടപടിയാണിത്. കേരളത്തിൽ ഇതുവരെ കേട്ടുകേൾവിയില്ലാത്ത കള്ളത്തരം നടത്തിയാണ് ഈ പാവങ്ങളുടെ പണി നിങ്ങൾ അവസാനിപ്പിച്ചത്.

മി. സ്പീക്കർ: യെസ്....യെസ്....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഈ വിഷയം സംസാരിക്കാൻ കുറച്ചുസമയംകൂടി വേണം. ആ പാവങ്ങൾ നിയമസഭയുടെ പുറത്ത് കിടക്കുകയാണ്. ഇനി ഞങ്ങൾക്കും അവിടെ പോകണം. എൽ.ഡി.എഫ്. അധികാരത്തിൽവന്നത് അവരുടെ പ്രകടനപത്രികയുടെ പേരിലാണ്. പ്രകടനപത്രികയിൽ നമ്പർ 222 കെ.എസ്.ആർ.ടി.സി.-യുടെ കടബാദ്ധ്യത ഏറ്റെടുക്കുകയും സമഗ്രമായ പുനരുദ്ധാരണ പാക്കേജ് നടപ്പാക്കുകയും ചെയ്യുമെന്ന് പറഞ്ഞ് ആളുകളെ തെറ്റിദ്ധരിപ്പിച്ചാണ് നിങ്ങൾ വോട്ട് പിടിച്ചത്. ഈ പ്രകടനപത്രിക കണ്ട് വോട്ട് ചെയ്ത ആളുകൾ നിങ്ങൾക്കെതിരെ അവിശ്വാസപ്രമേയം കൊണ്ടുവരണമെന്ന് പറഞ്ഞാൽ അന്ന് നിങ്ങളുടെ പണി അവസാനിക്കും. നിങ്ങൾ ആളുകളെ തെറ്റിദ്ധരിപ്പിക്കുന്നതിനു വേണ്ടിയാണ് ഈ നടപടി സ്വീകരിച്ചിട്ടുള്ളത്. എൽ.ഡി.എഫ്. അധികാരത്തിൽ വന്നാൽ സമഗ്രമായ പരിഷ്കാരം വരുത്തുമെന്ന് പറഞ്ഞു. 2000 ബസ്സുകൾ നിരത്തിൽ ഇറക്കുമെന്നാണ് ബഡ്ജറ്റിൽ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത്. ഡോ. ടി. എം. തോമസ് ഐസക്, 2000 ബസ്സുകൾ എവിടെപ്പോയി? പക്ഷെ പാവപ്പെട്ട ജീവനക്കാർ ഇപ്പോൾ പെരുവഴിയിലാണ്. പണ്ട് ഞങ്ങൾ ലോ ഫ്ലോർ ബസ് കേരളത്തിൽ ഇറക്കി. ലോ ഫ്ലോർ ബസ് എത്തിയത് ഇന്ത്യാ ഗവൺമെന്റിന്റെ സഹായത്തോടുകൂടിയാണ്. ഒരു പുതിയ ഭരണപരിഷ്കാരം, എന്താണത്; ലോ ഫ്ലോർ ബസ്സിന്റെ സൈഡിൽ ചിൽ ബസ് എന്ന് എഴുതിയ ഒരു

പോസ്റ്റർ ഒട്ടിച്ചു. വലിയ ഭരണപരിഷ്കാരമാണ്; ഗംഭീരമായിരിക്കുന്നു. ഈ പുതിയ ഭരണപരിഷ്കാരത്തിനുവേണ്ടിയുള്ള അവാർഡ് കഴിയുമെങ്കിൽ ഈ ഗവൺമെന്റിന് കൊടുക്കണം. ഇതിന്റെ ചില്ല് നിൽക്കുന്നത് ജനങ്ങളുടെ സഹിഷ്ണുതകൊണ്ട് മാത്രമാണ്. ഇവിടെ കിഫ്ബി ഉപയോഗിച്ച് വാങ്ങുന്ന ബസ്സുകൾ ഉടനെ രംഗത്തിറക്കുമെന്ന് പറഞ്ഞതല്ലേ, എന്നിട്ട് ഈ ഗവൺമെന്റ് എന്ത് ചെയ്തു? നിങ്ങൾ കടം മുഴുവൻ തീർക്കുമെന്ന് പറഞ്ഞില്ലേ? എന്നിട്ട് നിങ്ങൾ കോടതിയിൽ കൊടുത്തിരിക്കുന്ന അഫിഡവിറ്റ് 4,000 കോടി രൂപയുടെ കടമുണ്ടെന്നാണ്. ഐക്യജനാധിപത്യമുന്നണിയുടെ കാലത്തുള്ളതിനേക്കാൾ 1,870 കോടി രൂപയുടെ കടം മൂന്നുവർഷംകൊണ്ട് വർദ്ധിച്ചിരിക്കുകയാണ്. എന്നിട്ടും അങ്ങ് പറയുകയാണ്, ഇത് ഉന്നയിക്കരുത്, ഞാൻ എന്തോ വലിയ പാപം ചെയ്തു എന്നാണ്. ആ പാപപരിഹാരാർത്ഥം ഈ പേപ്പർ പിടിച്ചുവാങ്ങി നേരെ ഇറങ്ങിപ്പോകണമെന്ന മട്ടിലല്ലേ അങ്ങ് സംസാരിച്ചത്. അങ്ങേയ്ക്ക് ഇവരുടെ പ്രശ്നങ്ങൾ അറിയില്ലേ?

മി. സ്പീക്കർ: അങ്ങ് കൺക്ലൂഡ് ചെയ്യണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ കൺക്ലൂഡ് ചെയ്താൽ ഈ വിഷയം ഇൻക്ലൂഡ് ചെയ്യണം.

മി. സ്പീക്കർ: അങ്ങ് പറഞ്ഞതെല്ലാം ഇൻക്ലൂഡ് ചെയ്യപ്പെട്ടു.......പ്ലീസ്........

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, കഴിഞ്ഞ ഗവൺമെന്റ് 104 ശതമാനം ഡി.എ. കൊടുത്തതാണ്. ഇപ്പോൾ എത്രയാണ് ഡി.എ. കുടിശ്ശികയുള്ളത്? ഈ പാവപ്പെട്ട ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിനുവേണ്ടി കമ്മിറ്റിയെ നിയമിച്ചോ?

മി. സ്പീക്കർ: എംപാനൽ ജീവനക്കാരെ പിരിച്ചുവിട്ടതുമൂലമുണ്ടായ സ്ഥിതിയാണ് നമ്മൾ ഇവിടെ ചർച്ച ചെയ്യുന്നത്. കെ.എസ്.ആർ.ടി.സി.-യുടെ മൊത്തം കാര്യം പിന്നീട് പറയാം. ആ വിഷയം അടുത്ത ദിവസം എടുക്കാം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, എംപാനലുകാർക്ക് ഡി.എ. കൊടുത്താൽ ഗുണമുണ്ടാകും.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഞങ്ങൾ കോടതിവിധി നടപ്പിലാക്കുകയാണ് ചെയ്തത്. നിങ്ങൾ ഇത് പറയേണ്ടത് കോടതിയുടെ മുന്നിലാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, കോടതിയും ഡി.എ.-യും തമ്മിൽ എന്താണ് ബന്ധം?

മി. സ്പീക്കർ: ഇത് കോടതിവിധിമൂലം ഉണ്ടായതല്ലേ? അങ്ങ് കൺക്ലൂഡ് ചെയ്യണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, എന്നോട് പറഞ്ഞ വാശിയിൽ എംപാനലുകാരെ തിരിച്ചെടുക്കാൻ പറഞ്ഞാൽ ഞാൻ ഈ സീറ്റിൽ ഇരിക്കാം. ഒരു കാരണവശാലും അംഗീകരിക്കാൻ കഴിയാത്ത, വളരെ തെറ്റായ സമീപനമാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. ഇവിടെ ഇടതുപക്ഷത്തിന്റെ വിപ്പ് കൊടുക്കാതെ ഒരു ഗ്യാലപ്പ് പോൾ നടത്തിയാൽ ശ്രീ. എ. കെ. ശശീന്ദ്രൻ ഒറ്റപ്പെടുമെന്നുള്ള കാര്യത്തിൽ എനിക്ക് ഒരു തർക്കവുമില്ല. എല്ലാവരും ഒരുമിച്ച് നിൽക്കും. ഈ സഭയുടെ സെൻസ് അതാണ്. പാവങ്ങൾക്കുവേണ്ടി നമുക്കൊരുമിച്ച് നിൽക്കാം. അവരെ തിരിച്ചെടുക്കാനുള്ള നടപടി സ്വീകരിക്കണം. ഏത് സാഹചര്യത്തിലാണെങ്കിലും അവർ 17 വർഷം കെ.എസ്.ആർ.ടി.സി.-യിൽ പണിയെടുത്തവരല്ലേ? 4000 പേരെ സ്ഥിരപ്പെടുത്തിയ മുൻമന്ത്രി ശ്രീ. വി. എസ്. ശിവകുമാറാണ് എന്റെ പുറകിൽ ഇരിക്കുന്നത്. നിങ്ങൾ എന്ത് തർക്കമാണ് പറയുന്നത്? അവർക്ക് എന്തെങ്കിലും ജോലി കൊടുക്കൂ. അവർക്ക് ജീവിക്കാനുള്ള മാർഗ്ഗമുണ്ടാക്കിക്കൊടുക്കൂ. ജീവനോപാധിപോലുമില്ലാതെ, നോട്ടീസ് പോലും കൊടുക്കാതെയാണ് അവരെ പിരിച്ചുവിട്ടത്. തൊഴിൽ നിയമമനുസരിച്ച് നോട്ടീസ് കൊടുക്കണ്ടേ? നോട്ടീസ് ഇല്ലെങ്കിൽ നോട്ടീസ് പേ കൊടുക്കേണ്ടേ? അത് രണ്ടും കൊടുത്തിട്ടില്ലല്ലോ? അതാണ് തൊഴിൽ നിയമത്തെ നിങ്ങൾ കാറ്റിൽ പറത്തിയെന്ന് ഞാൻ പറഞ്ഞത്. ആരും സഹിക്കാത്ത, കേരളം ഒരിക്കലും മാപ്പ് തരാത്ത വലിയ തെറ്റാണ് ഇവിടെ ചെയ്തിരിക്കുന്നത്. അവസാനം ഈ പാപഭാരം അങ്ങയുടെ തലയിൽ വന്നുവീണതിൽ എനിക്കും ദുഃഖമുണ്ട്.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്...........

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പക്ഷേ അങ്ങേയ്ക്ക് അത് അംഗീകരിക്കാതിരിക്കാൻ കഴിയില്ല. ഹൈക്കോടതിക്ക് മുകളിലുള്ളതല്ലേ സുപ്രീംകോടതി. അവിടെ അപ്പീൽ സമർപ്പിക്കാൻ സാധിക്കില്ലായിരുന്നോ? അപ്പീലും സെക്കന്റ് അപ്പീലുമുണ്ടെന്ന് അറിയാത്ത ഏത് വക്കീലാണ് ഈ സഭയിലുള്ളത്. ഭരണപക്ഷത്തും പ്രതിപക്ഷത്തും വക്കീലന്മാരുണ്ടല്ലോ?

മി. സ്പീക്കർ: അങ്ങ് അവസാനിപ്പിക്കൂ.... പതിനാല് മിനിറ്റായി.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇവിടെ subjudice ആകരുതെന്ന് അങ്ങ് പറഞ്ഞത് ഞാൻ അംഗീകരിച്ചു. പക്ഷേ prejudice ആകരുത് എന്നാണ്

ഞാൻ പറയുന്നത്. ഈ സഭയിലുള്ള വക്കീലന്മാർ ആരെങ്കിലും പറയട്ടെ, അപ്പീലും സെക്കന്റ് അപ്പീലും ഇല്ലേ? അതിനുശേഷമല്ലേ വിധി ഫൈനലാകുന്നത്. എക്സിക്യൂഷന് സമയം കിട്ടില്ലേ? അതിനുശേഷമല്ലേ വിധി നടപ്പാകുന്നത്. നിങ്ങൾക്ക് അതൊന്നും വേണ്ട. കടലാസ് ഉണ്ട് കിട്ടിയപാടെ നിങ്ങൾ എല്ലാവരെയും കൊന്നു. ഇവിടെ പറഞ്ഞ 3600 പേരുടെ ശവത്തിന്മേലാണ് അങ്ങ് ഇരിക്കുന്നതെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. ഈ തെറ്റായ പ്രവർത്തനം നിർത്തി അവരുടെ പ്രശ്നം പരിഹരിക്കുന്നതിന് നടപടി എടുത്തേ മതിയാകൂ. സഭ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ഗതാഗത വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>): സർ, ഈ സഭയ്ക്ക് കാര്യങ്ങൾ വ്യക്തമായിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇവിടെ ഉന്നയിച്ചത് 'കെ.എസ്.ആർ.ടി.സി.-യുടെ പൊതുവായ പ്രവർത്തനങ്ങൾ സംബന്ധിച്ച പാളിച്ചകളും പാകപ്പിഴകളും' ആണ് അതിനെക്കുറിച്ച് ഞാനൊന്നും പറഞ്ഞിട്ടില്ല. 'ഇവിടെ ഇങ്ങനെയൊരു സ്ഥിതിവിശേഷമുണ്ടാകാൻ ഇടയായത് എന്നാണ് ഞാൻ പറഞ്ഞത്. മനഃപൂർവ്വമല്ല. സർക്കാർ ഒരു തൊഴിൽ നിയമവും കാറ്റിൽ പറത്തിയിട്ടില്ല. 'കോടതി ഉത്തരവിന്റെ മറപിടിച്ച്' എന്ന് രേഖാമൂലമാണ് ഇവിടെ തന്നിട്ടുള്ളത്. ബഹുമാനപ്പെട്ട മെമ്പർ ഇപ്പോൾ 'സുപ്രീംകോടതി ഇല്ലേ' എന്ന് ചോദിച്ചു. സുപ്രീംകോടതിയുണ്ട്. എംപാനൽ ജീവനക്കാർ സുപ്രീംകോടതിയെ സമീപിച്ചല്ലോ; 'കീഴ്‌കോടതി വിധി പറയാൻ വച്ചിരിക്കുന്ന കേസാണിത്, അത് കഴിയട്ടെ' എന്നാണ് സുപ്രീംകോടതി പറഞ്ഞത്. അങ്ങനെയുള്ള ഒരു കേസിൽ ആ വിധിയെന്താണെന്ന് അറിഞ്ഞതിനുശേഷം മാത്രമേ ഏതെങ്കിലും തരത്തിലുള്ള നടപടികൾ കെ.എസ്.ആർ.ടി.സി.-ക്കോ ഗവൺമെന്റിനോ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. അല്ലാതെ വരുന്നത് എങ്ങനെയാണെന്ന് എനിക്കറിയില്ല. എനിക്ക് ഇത്ര നിയമപരിജ്ഞാനമേയുള്ളൂ. ഞാൻ അത് സമ്മതിക്കാൻ തയ്യാറാണ്. എനിക്ക് ഇത്രമാത്രമേ അറിയൂ. കോടതി, വിധി പറയാൻ മാറ്റിവച്ച ഒരു കേസ്സിൽ വിധി പറയുന്നതിനുമുമ്പ് ഇന്ന വിധത്തിലുള്ള നടപടികൾ സർക്കാർ സ്വീകരിക്കുമെന്ന് പറയുന്നത് ഏത് തരത്തിലാണെന്ന് എനിക്കറിയില്ല. എന്റെ അറിവില്ലായ്മയാണെങ്കിൽ ഞാൻ ഇവിടെ സമ്മതിക്കുകയാണ്. ഈ സ്ഥിതിവിശേഷം എന്തുകൊണ്ടാണുണ്ടായത്; അദ്ദേഹം കുറേ കാര്യങ്ങൾ പറഞ്ഞല്ലോ; ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ ഈ വകുപ്പിന്റെ മന്ത്രിയായിരിക്കുമ്പോൾ ബഹുമാനപ്പെട്ട മോൻസ് ജോസഫ് ഒരു ചോദ്യം ഇവിടെ ഉന്നയിച്ചിരുന്നു. ആ ചോദ്യത്തിന്.....(ബഹളം)... പ്ലീസ്...പ്ലീസ്...

മി. സ്പീക്കർ: യെസ്....യെസ്....അങ്ങ് ഇങ്ങോട്ട് നോക്കി സംസാരിക്കൂ...

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ, അങ്ങ് എടുക്കുന്ന കാര്യമല്ല പറഞ്ഞത്. അങ്ങ് ഇവിടെ വിശദീകരിച്ചത് കെ.എസ്.ആർ.ടി.സി.-യുടെ കാര്യമാണ്. അങ്ങ് പരിഹാരമാർഗ്ഗമല്ല നിർദ്ദേശിച്ചത്. ഇന്ന വിധത്തിൽ ചെയ്യാമെന്നുള്ള നിർദ്ദേശമല്ല താങ്കൾ വച്ചത്. താങ്കൾ കെ.എസ്.ആർ.ടി.സി.-യിലെ പ്രശ്നങ്ങളെക്കുറിച്ചാണ് പറഞ്ഞത്. കെ.എസ്.ആർ.ടി.സി.-യിൽ 9300 പേരുടെ വേക്കൻസി ഉണ്ടെന്ന് റിപ്പോർട്ട് ചെയ്യാനിടയായത് ഏത് സാഹചര്യത്തിലാണെന്ന് അങ്ങ് വിശദീകരിച്ചിട്ടുണ്ട്. തെറ്റായ കണക്കായിരുന്നു വെന്നാണ് അങ്ങ് ഇവിടെ പറഞ്ഞത്. കാരണം ഒരിക്കലും ഓടാത്ത സർവ്വീസും ഒരിക്കലും ആളുകളെ കയറ്റിയിട്ടില്ലാത്ത സർവ്വീസും വാങ്ങിക്കും എന്ന് കരുതിയ ബസ്സുകളുടെ എണ്ണവും കണക്കാക്കിയാണ് 9300 ഒഴിവുകളുണ്ടെന്ന് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തത്. അത് റിപ്പോർട്ട് ചെയ്തത് എൽ.ഡി.എഫ്.-ന്റെ കാലത്തല്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഡിസംബർ 2010-നാണ് റിപ്പോർട്ട് ചെയ്തത്. അങ്ങ് ഫയൽ പരിശോധിക്കണം. ഞാൻ അങ്ങയെ വെല്ലുവിളിക്കുകയാണ്.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, പരിശോധിക്കാം. നമ്മൾ എന്തിനാണ് വെല്ലുവിളിക്കുന്നത്; അങ്ങ് ഒരു കാര്യം പറഞ്ഞാൽ ഞാൻ പരിശോധിക്കുമല്ലോ; ഈ കണക്ക് തെറ്റാണെന്ന് പിന്നീട് എഴുതി. തെറ്റായ കണക്കുകൾ ബോദ്ധ്യപ്പെടുത്തി പി.എസ്.സി.-യെ തെറ്റിദ്ധരിപ്പിച്ച് ആളുകൾക്ക് അഡ്വൈസ് മെമ്മോ കൊടുത്തതിനുശേഷം നിയമിക്കാതിരുന്നല്ലോ; 2016-ന് കാലാവധി തീരുകയായിരുന്നല്ലോ; എന്തുകൊണ്ട് നിയമിച്ചുകൂടായിരുന്നുവെന്ന് അങ്ങ് എന്നോട് ചോദിച്ചല്ലോ; 2016-ൽ ഭരണം ഒഴിയുന്നതിനുമുമ്പ് എന്തുകൊണ്ട് നിയമിച്ചില്ല? 2016-ൽ ഭരണം ഒഴിഞ്ഞല്ലോ; 2016-ന് ഒഴിയുംമുമ്പ് ഈ ലിസ്റ്റുണ്ടല്ലോ; ആ ലിസ്റ്റിൽപ്പെട്ട ബാക്കിയുള്ള പി.എസ്.സി. റാങ്ക് ഹോൾഡേഴ്സിനെ, അഡ്വൈസ് മെമ്മോ ലഭിച്ചവരെ അങ്ങയുടെ സർക്കാർ എന്തുകൊണ്ട് നിയമിച്ചില്ല? ഇല്ലാത്ത സർവ്വീസിൽ, ഇല്ലാത്ത ഷെഡ്യൂളിൽ, വാങ്ങാത്ത ബസ്സിൽ ആളുകളെ നിയമിക്കാൻ ആർക്കാണ് കഴിയുക; ആർക്കും കഴിയില്ല. ഞാൻ ഇത് പറഞ്ഞ് നിർത്തട്ടെ. അങ്ങേയ്ക്ക് പറയാനുള്ളതെല്ലാം പറഞ്ഞല്ലോ?

മി. സ്പീക്കർ: അങ്ങ് പറഞ്ഞ് അവസാനിപ്പിപ്പിക്കൂ. അദ്ദേഹം പറഞ്ഞ് അവസാനിപ്പിക്കട്ടെ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, 21800 ആളുകളെ അന്നത്തെ ഗവൺമെന്റ് നിയമിച്ചിട്ടുണ്ട്. അതിനുശേഷം ഈ കാലഘട്ടത്തിനുള്ളിൽ, ഈ മൂന്ന് മാസത്തിനുള്ളിൽ എത്ര പേരെ നിയമിച്ചുവെന്ന് പറയാമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, പറയാം. ആദ്യം ഞാൻ വിശദീകരിച്ചത്, ഇത്രയേറെ തന്ത്രപരവും ബുദ്ധിപരവുമായി ചെയ്യാൻ കഴിയുമായിരുന്നെങ്കിൽ, അന്ന് പി.എസ്.സി. അഡ്വൈസ് മെമ്മോ ലഭിച്ചവരെ നിയമിച്ചിരുന്നുവെങ്കിൽ ഇന്ന് ഈ എംപാനൽ ജീവനക്കാരെ പിരിച്ചുവിടേണ്ടി വരുമായിരുന്നില്ല എന്നാണല്ലോ അങ്ങ് പറഞ്ഞത്. അങ്ങേയ്ക്ക് അത് സംരക്ഷിക്കാമായിരുന്നല്ലോ; രണ്ടാമത്തേത്, അങ്ങയുടെ സർക്കാർ നിയമനം നടത്തിയ കാര്യം പറഞ്ഞു. ഞാൻ പട്ടിക മേശപ്പുറത്ത് വയ്ക്കാൻ തയ്യാറാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 3510 പേരെ പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി വിവിധ തസ്തികകളിൽ നിയമിച്ചിട്ടുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, 1400 പേരെ കൂട്ടിച്ചേർത്തു കൊണ്ടാണത്.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഏതോ ആകട്ടെ. നിയമിച്ചിട്ടുണ്ട്. അങ്ങ് നിയമിച്ചത് അതിനുമുമ്പുള്ളതാണ്. ഇത് തുടർച്ചയാണ്. ഇത് ഒരുദിവസം രാവിലെ ഉണ്ടായതല്ല. ഇത് തുടർച്ചയാണ്. പി.എസ്.സി. റാങ്ക് ലിസ്റ്റ് തയ്യാറാക്കിയത് ഞങ്ങളല്ലല്ലോ; തുടർച്ചയല്ലേ; അതുകൊണ്ട് ദയവായി എനിക്ക് പറയാനുള്ളത്, അങ്ങും ബഹുമാനപ്പെട്ട സ്പീക്കറും പ്രകടിപ്പിച്ച ഇതൊരു പ്രധാനപ്പെട്ട പ്രശ്നമാണെന്ന വികാരം; അത് ഞങ്ങൾ പങ്കുവയ്ക്കുന്നുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ അന്തിമവിധി വന്നതിനുശേഷം അതുസംബന്ധിച്ച് ആലോചിച്ച് ന്യായമായ പരിഹാരം കണ്ടെത്താൻ കഴിയണമെന്നാണ് സർക്കാർ ആഗ്രഹിക്കുന്നത്. അതുകൊണ്ട് ഒരിക്കൽക്കൂടി ഞാൻ സഭയെ അറിയിക്കുന്നത്, ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഒരു സാഹചര്യവും നിലവിലില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, സംസ്ഥാന സർക്കാർ ഫലപ്രദമായി ഇടപെട്ടിരുന്നുവെങ്കിൽ കോടതിവിധി മറിച്ചൊന്നാകുമായിരുന്നു.

ഇനിയും അങ്ങനെയാകുമെന്ന് ഞാൻ പ്രത്യാശിക്കുകയാണ്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ചെയ്ത കാര്യങ്ങളെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പരാമർശിച്ചു. ശ്രീ. വി. എസ്. ശിവകുമാർ ഗതാഗത വകുപ്പുമന്ത്രിയായിരുന്ന കാലത്താണ് 4000 എംപാനൽ കണ്ടക്ടർമാരെ സ്ഥിരപ്പെടുത്തിയതും പി.എസ്.സി. റാങ്ക് ലിസ്റ്റിൽപ്പെട്ട 21000 ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയതും. ഇവിടെ സംഭവിച്ച പ്രശ്നം എന്താണ്; പി.എസ്.സി. റാങ്ക് ലിസ്റ്റിൽപ്പെട്ടവർക്ക് നിയമനം കിട്ടിയില്ല, എംപാനൽ ജീവനക്കാർ ജോലി ചെയ്തുകൊണ്ടിരിക്കുന്നു. അവർ കോടതിയിൽ പോയപ്പോൾ കോടതി എന്തുപറഞ്ഞു; 'പി.എസ്.സി. റാങ്ക് ലിസ്റ്റിൽ വന്നവർക്ക് നിയമനം കൊടുക്കണം'. ഈ സാഹചര്യം ഒഴിവാക്കാൻ അന്ന് കെ.എസ്.ആർ.ടി.സി.-യിൽ ഉണ്ടായിരുന്ന ഒഴിവുകളിൽ ഒരുഭാഗത്ത് പി.എസ്.സി. റാങ്ക് ലിസ്റ്റിൽപ്പെട്ടവരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമായിരുന്നു, എംപാനൽ ജീവനക്കാരെ സ്ഥിരപ്പെടുത്താമായിരുന്നു. നടപടികൾ സ്വീകരിക്കാതിരുന്നതിന്റെ ഫലമായിട്ടാണ് ഈയൊരു കോടതിവിധി വന്നതും എംപാനൽ ജീവനക്കാരായ 3861 പേരെ പിരിച്ചുവിടേണ്ട സാഹചര്യമുണ്ടായതും. ഇത് വളരെ ഗൗരവതരമായ ഒരു വിഷയം തന്നെയാണ്. 3861 എംപാനൽ കണ്ടക്ടർമാരെ പിരിച്ചുവിട്ടുവെന്ന് പറയുമ്പോൾ അവർക്ക് കുടുംബങ്ങളില്ലേ; അവരുടെ ജീവിതം വഴിമുട്ടി നിൽക്കുകയല്ലേ? സംസ്ഥാനത്ത് ഇത്ര വലിയ കൂട്ടപിരിച്ചുവിടൽ ഏത് കാലത്തുണ്ടായിട്ടുണ്ട്; ഇവരെല്ലാം തുച്ഛമായ വരുമാനത്തിൽ ജീവിക്കുന്ന പാവപ്പെട്ട തൊഴിലാളികളാണ്. തുച്ഛവേതനമായ 480 രൂപയാണ് ഇവർക്ക് ദിവസം ലഭിച്ചുകൊണ്ടിരുന്നത്. കേരളത്തിൽ ഒരു ഇതര സംസ്ഥാന തൊഴിലാളിക്ക് 700 രൂപ മുതൽ 800 രൂപ വരെ ദിവസക്കൂലിയുണ്ട്. മലയാളിയായ ഒരു കൂലിവേലക്കാരന് 900 രൂപ മുതൽ 1,000 രൂപ വരെ വേതനമുണ്ട്. അവിടെയാണ് ദിവസം 480 രൂപയ്ക്ക് എംപാനൽ കണ്ടക്ടർമാർ ജോലി ചെയ്തുകൊണ്ടിരുന്നത്. എല്ലാദിവസവും ഇവർക്ക് പണിയുണ്ടാവില്ല. സ്ഥിരം കണ്ടക്ടർമാർ വരാതിരുന്നാൽ മാത്രമാണ് ഈ പാവങ്ങൾക്ക് ജോലി കിട്ടിക്കൊണ്ടിരുന്നത് എന്നുള്ളതാണ് സ്ഥിതി. മെഡിക്കൽ ലീവില്ല, ആനുകൂല്യമില്ല. സാധാരണഗതിയിൽ തൊഴിലാളികൾക്ക് കിട്ടുന്ന ഒരാനുകൂല്യവും എംപാനൽ കണ്ടക്ടർമാർക്ക് കിട്ടാറില്ല. വളരെ ശോചനീയമായ ഒരവസ്ഥയിലാണ്, മറ്റൊരു പണിയും കിട്ടാത്തതുകൊണ്ടാണ് ഇവർ അവിടെ ജോലി ചെയ്തുകൊണ്ടിരുന്നത്. എംപാനൽ ജീവനക്കാർ എല്ലാ ദിവസവും വരണം. ഒരു മാസം 20 ഡ്യൂട്ടി കിട്ടാതിരുന്നാൽ അതിന് 1,000 രൂപ ഫൈനുണ്ട്. 480 രൂപ കിട്ടുന്നവൻ 1,000 രൂപ ഫൈൻ അടയ്ക്കണമെന്നുള്ള നിയമംകൂടി നിലനിൽക്കുന്നു

വെന്നുള്ളത് നമ്മൾ കാണേണ്ട കാര്യമാണ്. ആകെ നോക്കിയാൽ ഒരു അടിമപ്പണിയുടെ രൂപമായിരുന്നു എംപാനൽ കണ്ടക്ടർമാർ ചെയ്തുവന്നിരുന്നത്. എന്നാലും ഇവർ കടിച്ചുതൂങ്ങിയത് ഭാവിയിൽ ഏതെങ്കിലും ഒരവസരത്തിൽ സ്ഥിരപ്പെടുത്തും, ജീവിത സൗകര്യങ്ങളുണ്ടാകും എന്ന് കരുതിയാണ്. പത്തും പതിനഞ്ചും ഇരുപതും വർഷം ജോലി ചെയ്തുകൊണ്ടിരുന്ന മിണ്ടാപ്രാണികൾ കൂട്ടത്തോടെ പിരിച്ചുവിട്ടതോടുകൂടി ഇന്ന് തിരുവനന്തപുരം സെക്രട്ടേറിയറ്റിന് മുമ്പിൽ ശയനപ്രദക്ഷിണം നടത്തി സമരം നടത്തിക്കൊണ്ടിരിക്കുകയാണ്. ഇത് ഹൈക്കോടതിയാണ് ചെയ്തത് എന്നുപറഞ്ഞുകൊണ്ട് നമുക്ക് കൈകഴുകാൻ സാധിക്കുമോ; ആയിരക്കണക്കിന് ആളുകളുടെ ജീവിതപ്രശ്നമല്ലേ; യഥാസമയം കോടതിയെ കാര്യങ്ങൾ ബോദ്ധ്യപ്പെടുത്താൻ ഗവൺമെന്റിന് എന്തുകൊണ്ട് കഴിഞ്ഞില്ല? ഇവിടെ അതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. മനസ്സിൽ കാരുണ്യവും ആത്മാർത്ഥതയും കാര്യപ്രാപ്തിയും ഉണ്ടായിരുന്നെങ്കിൽ ഈ അവസ്ഥ ഉണ്ടാകുമായിരുന്നില്ലെന്നാണ് ജീവനക്കാർ ഞങ്ങളോട് പറയുന്നത്. കരുണ വറ്റിയ സർക്കാരാണിതെന്ന് ആരെങ്കിലും പറഞ്ഞാൽ അത് നിഷേധിക്കാൻ കഴിയുമോ? ഞാൻ ഉന്നയിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ചോദ്യം, യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ശ്രീ. വി. എസ്. ശിവകുമാർ ചെയ്തതുപോലെ പി.എസ്.സി. റാങ്ക് ലിസ്റ്റിലുള്ളവർക്ക് നിയമനം കൊടുക്കുകയും എംപാനൽകാരെ സ്ഥിരപ്പെടുത്തുകയും ചെയ്യണം. ഈ രണ്ട് പ്രവർത്തനവും ഒരുമിച്ച് നടത്തിയിരുന്നെങ്കിൽ പി.എസ്.സി. റാങ്ക് ലിസ്റ്റിലുള്ളവർ കോടതിയിൽ പോകുമായിരുന്നില്ല. ഈ സ്ഥിതിവിശേഷം ഒഴിവാക്കാമായിരുന്നു. യു.ഡി.എഫ്. ഗവൺമെന്റ് എന്ത് ചെയ്തു; പി.എസ്.സി.-യിലൂടെ വന്ന 20235 പേരെയാണ് നിയമിച്ചത്, ഒരു എംപാനൽകാരെയും പിരിച്ചുവിട്ടില്ല, 4000 എംപാനൽകാരെ സ്ഥിരപ്പെടുത്തുകയുണ്ടായി. ഈ ഗവൺമെന്റ് ഒരൊറ്റ എംപാനൽകാരനെപ്പോലും സ്ഥിരപ്പെടുത്തിയില്ല. തൊഴിലാളികളുടെ പേരിൽ അധികാരത്തിൽവന്ന ഒരു ഗവൺമെന്റാണ് ഇത്രയും കൂടുതൽ ആളുകളെ കൂട്ടമായി പിരിച്ചുവിട്ടതെന്നുള്ള കാര്യം വിസ്മരിക്കാൻ കഴിയുമോ; കോടതിയിൽ പോകാൻ പി.എസ്.സി. റാങ്ക് ഹോൾഡേഴ്സ് നിർബന്ധിതമായത് എന്തുകൊണ്ടാണ്; വർഷങ്ങളായി ജോലി കിട്ടാതിരിക്കുന്നുവെന്നുള്ള പ്രയാസം മുന്നിൽക്കണ്ടുകൊണ്ടാണ് അവർ കോടതിയിൽ പോയത്. എംപാനൽകാരെ പിരിച്ചുവിട്ടപ്പോൾ മാനേജിംഗ് ഡയറക്ടർ ശ്രീ. ടോമിൻ ജെ. തച്ചങ്കരി എന്താണ് പറഞ്ഞത്; ഇതൊരു താൽക്കാലിക അവധിയായി മാത്രം കണ്ടാൽ മതിയെന്നാണ്. ഉടൻതന്നെ എല്ലാവരെയും തിരിച്ചുകൊണ്ടുവരുമെന്നാണ് പറഞ്ഞത്. എത്ര ദിവസങ്ങൾ കഴിഞ്ഞു. കണ്ണീരുംകയ്യുമായി ഈ പാവങ്ങൾ കഴിയുകയാണ്.

ഓരോരുത്തരുടെയും കദനകഥകൾ ഞാൻ ഇവിടെ വിശദീകരിക്കുന്നില്ല. ആലപ്പുഴയിൽനിന്ന് തിരുവനന്തപുരത്തേയ്ക്ക് അവർ ലോംഗ് മാർച്ച് നടത്തി. ഇപ്പോൾ സെക്രട്ടേറിയറ്റ് പടിക്കൽ സമരം നടത്തുന്നു. നേരത്തെ തിരിച്ചെടുക്കാമെന്ന് പറഞ്ഞ മാനേജ്മെന്റ് ഇപ്പോൾ കള്ളക്കളി കളിക്കുകയാണ്. കെ.എസ്.ആർ.ടി.സി.-ക്ക് ഒരു മന്ത്രിയുണ്ടോയെന്നതാണ് ഇവിടത്തെ ഏറ്റവും പ്രധാനപ്പെട്ട ചോദ്യം. ബഹുമാനപ്പെട്ട എ. കെ. ശശീന്ദ്രനോട് എനിക്ക് ബഹുമാനമുണ്ട്. പക്ഷെ, ഇവിടെ കാര്യങ്ങൾ നിയന്ത്രിക്കുന്നത് ശ്രീ. ടോമിൻ ജെ. തച്ചങ്കരിയാണ്. അദ്ദേഹം മിടുക്കനായ ഒരു പോലീസ് ഉദ്യോഗസ്ഥനാണ്. അദ്ദേഹത്തെ പോലീസിലേയ്ക്ക് തിരിച്ചയയ്ക്കുകയാണ് വേണ്ടത്. കെ.എസ്.ആർ.ടി.സി.-യിലെ പണിക്ക് അദ്ദേഹം യോഗ്യനല്ല എന്നാണ് എനിക്ക് പറയാനുള്ളത്. പാവപ്പെട്ട തൊഴിലാളികളുടെ കണ്ണുനീർ കാണാൻ കഴിയുന്നില്ല. അവരോട് കരുണ കാണിക്കുന്നില്ല. കെ.എസ്.ആർ.ടി.സി.-യിലെ ഐ.എൻ.റ്റി.യു.സി., എ.ഐ.റ്റി.യു.സി., സി.ഐ.റ്റി.യു., എസ്.റ്റി.യു. തുടങ്ങിയ എല്ലാ തൊഴിലാളി യൂണിയനുകളും മാനേജിംഗ് ഡയറക്ടർക്കെതിരാണ്. അദ്ദേഹം തൊഴിലാളി വിരുദ്ധനയങ്ങൾ സ്വീകരിക്കുന്നുവെന്നാണ് പറയുന്നത്. സമർത്ഥനായ പോലീസ് ഉദ്യോഗസ്ഥനെ മുഖ്യമന്ത്രി തന്റെ ഡിപ്പാർട്ടുമെന്റിലേയ്ക്കെടുത്ത് പോലീസിന്റെ കൃത്യനിർവ്വഹണം നടത്താൻ അനുവദിക്കുകയാണ് വേണ്ടത്. അതിനുപകരം കെ.എസ്.ആർ.ടി.സി.-യിലെ പാവപ്പെട്ട ജീവനക്കാരെ ദ്രോഹിക്കുന്ന നടപടിയല്ല സ്വീകരിക്കേണ്ടത്. കെ.എസ്.ആർ.ടി.സി. എം.ഡി. കാണിക്കുന്നത് തോന്ന്യാസമാണെന്നാണ് മുൻ എം.എൽ.എ. കൂടിയായ ശ്രീ. ആനത്തലവട്ടം ആനന്ദൻ പറഞ്ഞതെന്ന് ബഹുമാനപ്പെട്ട അംഗം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ പറഞ്ഞു. കെ.എസ്.ആർ.ടി.സി.-യിലെ പാവപ്പെട്ട ജീവനക്കാരെ ദ്രോഹിക്കുന്ന നടപടിയാണ് മാനേജ്മെന്റ് സ്വീകരിക്കുന്നത്. ഈ ഗവൺമെന്റ് വന്നതിനുശേഷം കെ.എസ്.ആർ.ടി.സി.-ക്കുവേണ്ടി എന്ത് ചെയ്തു; യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 2456 പുതിയ ബസ്സുകൾ ഇറക്കി. ഇപ്പോൾ 100 ബസ്സുകൾ മാത്രമാണ് പുതിയതായി ഇറക്കിയത്. യു.ഡി.എഫ്. ഒഴിയുമ്പോൾ കടം 2130 കോടി രൂപയായിരുന്നു. ഇപ്പോൾ എത്രയാണ് കടം. കെ.എസ്.ആർ.ടി.സി. കോടതിയിൽ സമർപ്പിച്ച സത്യവാങ്മൂലത്തിൽ പറയുന്നത് കടം 4,000 കോടി രൂപയായി എന്നാണ്. കടം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. നമ്മുടെ സംസ്ഥാനത്ത് പെൻഷൻ കിട്ടാതെ 10 കെ.എസ്.ആർ.ടി.സി. പെൻഷൻകാർ ആത്മഹത്യചെയ്ത കാലമുണ്ടായിരുന്നു. പെൻഷൻ ലഭിക്കാതെ വന്നപ്പോൾ ആത്മഹത്യയിലേയ്ക്ക് പോകേണ്ടിവന്നു. എംപാനൽ കാരുടെ പ്രശ്നത്തിൽ ആത്മാർത്ഥമായ ഒരു ശ്രമം

സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. കോടതി ഉത്തരവിൽനിന്നും ഇവരെ എങ്ങനെ രക്ഷിക്കാൻ കഴിയുമെന്നുള്ള ആലോചനയുണ്ടാകണം. കോടതി ഉത്തരവിനായി വെയ്റ്റ് ചെയ്യുകയാണെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. കോടതി ഉത്തരവ് എതിരാണെങ്കിൽ മറ്റ് മാർഗ്ഗങ്ങൾ ആലോചിക്കണം. കാരണം, പാവപ്പെട്ട ആയിരക്കണക്കിന് തൊഴിലാളികളുടെ പ്രശ്നമാണ്. അവരെ ആത്മഹത്യയിലേയ്ക്ക് തള്ളിവിടരുത്. കെടുകാര്യസ്ഥതയുള്ള ഒരു മാനേജ്മെന്റും വസ്തുതകൾ പഠിക്കാത്ത ഒരു മന്ത്രിയും ചേർന്നാണ് ഈ ദുരവസ്ഥയുണ്ടാക്കിയിട്ടുള്ളത്. ഈ പ്രശ്നം ഇവിടെ ചർച്ച ചെയ്യാൻ തയ്യാറാകാത്ത സർക്കാർ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ഡോ. എം. കെ. മുനീർ: സർ, എംപാനൽ ജീവനക്കാരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി മാത്രമെ നിയമിക്കാൻ പാടുള്ളുവെന്ന ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിലാണ് 2005-06 കാലഘട്ടത്തിൽ ഇത്രയും ആളുകളെ നിയമിച്ചത്. അങ്ങനെയാണ് കണ്ടക്ടർ, ഡ്രൈവർ, മെക്കാനിക്, മിനിസ്റ്റീരിയൽ ജീവനക്കാർ എന്നിവർ എംപാനലായി വരുന്നത്. ഇതിൽ 3861 എംപാനൽ കണ്ടക്ടർമാരെ പിരിച്ചുവിട്ടുകൊണ്ടാണ് ഇപ്പോൾ ഉത്തരവ് വന്നിരിക്കുന്നത്. 2005-ലാണ് ഇവർ ജോലിയിൽ പ്രവേശിച്ചത്, ഇപ്പോൾ 2019 ആയി. 2005-ൽ ജോലിയിൽ പ്രവേശിക്കുന്ന സമയത്ത് അവരുടെ കൂലി 110 രൂപയായിരുന്നു. 14 വർഷംകൊണ്ട് ഈ 110 രൂപ അധികരിച്ചെത്തിയിരിക്കുന്നത് 480 രൂപയായാണ്. നമ്മുടെ അയൽ സംസ്ഥാനത്തുനിന്ന് വരുന്ന തൊഴിലാളികൾക്കുപോലും ദിവസം 750 രൂപ കൂലി കിട്ടുന്ന സമയത്ത് 480 രൂപയ്ക്ക് ജോലി ചെയ്യാൻ തയ്യാറായത് അവരുടെ ഗതികേടുകൊണ്ടാണെന്നത് മനസ്സിലാക്കണം. 4051 പേർക്ക് പി.എസ്.സി. അഡ്വൈസ് മെമ്മോ കൊടുത്തതിൽ 1471 പേരാണ് ജോയിൻ ചെയ്തത്. 2580 കണ്ടക്ടർമാരുടെ ഷോർട്ടേജ് ഇപ്പോഴും കെ.എസ്.ആർ.ടി.സി.-യിലുണ്ട്. മാത്രമല്ല, പല സർവ്വീസുകളും നിന്നുകൊണ്ടിരിക്കുന്നു, പല ആളുകളും ഇപ്പോൾ കെ.എസ്.ആർ.ടി.സി. അവരുടെ പ്രയോരിറ്റിയായി എടുക്കുന്നില്ല. കെ.എസ്.ആർ.ടി.സി. ബസിലെ യാത്രക്കാരുടെ എണ്ണം കുറഞ്ഞുവരികയാണ്. ഇപ്പോൾത്തന്നെ കെ.എസ്.ആർ.ടി.സി. നിലനിന്നുപോയത് ശബരിമല സർവ്വീസുള്ളതുകൊണ്ടാണ്. ശബരിമലയിൽ മറ്റുള്ള ഒരു സർവ്വീസും നടത്താൻ പറ്റില്ലെന്ന് പറഞ്ഞ് ചാർജ് വർദ്ധിപ്പിച്ച് കോമ്പൻസേറ്റ് ചെയ്തതുകൊണ്ടാണ് കുറച്ച്

ആളുകൾക്ക് ശമ്പളം കൊടുക്കാനുള്ള സാഹചര്യമുണ്ടായത്. എപ്പോഴും ശബരിമല സർവ്വീസ് ഇതുപോലെ വരില്ലല്ലോ; വർഷത്തിൽ എല്ലാ ദിവസവും ശബരിമല സർവ്വീസുണ്ടെങ്കിൽ മാത്രമെ കെ.എസ്.ആർ.ടി.സി. രക്ഷപ്പെടുകയുള്ളൂവെന്ന് പറയുന്ന ഒരവസ്ഥയിലേയ്ക്ക് കാര്യങ്ങൾ നീങ്ങിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് എംപാനൽ ജീവനക്കാരുടെ കാര്യത്തിൽ സർക്കാർ വിചാരിച്ചാൽ പരിഹാരമുണ്ടാക്കാൻ സാധിക്കും. അവരോട് ക്രൂരത കാണിക്കുന്നത് അവസാനിപ്പിക്കുക. 480 രൂപയ്ക്ക് ജോലിചെയ്തുകൊണ്ടിരിക്കുന്ന സമയത്ത് പ്രസവാവധി കഴിഞ്ഞ് തിരികെ ജോലിയിൽ പ്രവേശിച്ചശേഷം കുഞ്ഞിന് അസുഖമാണെന്ന് പറഞ്ഞ് വീണ്ടും ലീവിന് അപേക്ഷിച്ചപ്പോൾ ആ ലീവ് നിഷേധിച്ച ക്രൂരതയാണ് കെ.എസ്.ആർ.ടി.സി.-യിൽ സംഭവിച്ചത്. ആലപ്പുഴ ജില്ലയിലെ തണ്ണീർമുക്കം സ്വദേശിനി ശ്രീമതി ദിനിയയെപ്പോലുള്ള ആയിരക്കണക്കിന് ജീവനക്കാർ ഇന്ന് സമരരംഗത്തുണ്ട്. ഭർത്താവ് മരണപ്പെട്ട് രണ്ട് കുട്ടികളും അമ്മയുമായി ഒരു ചെറിയ വീട്ടിൽ ജീവിക്കുന്ന ശ്രീമതി ദിനിയയ്ക്ക് ദിനംപ്രതി കിട്ടിക്കൊണ്ടിരുന്നത് 480 രൂപയാണ്. അതും നഷ്ടപ്പെട്ടു. എംപാനൽ ജീവനക്കാരും അവരുടെ കുടുംബക്കാരുമായി ഇരുപതിനായിരം പേർ സമരരംഗത്തുണ്ട്. ഇക്കാര്യം ഗൗരവമായി ആലോചിച്ച് എംപാനൽ ജീവനക്കാരെ അവരുടെ ദുസ്സഹമായ ജീവിതത്തിൽനിന്നും കരകയറ്റുന്നതിനുവേണ്ടി സർക്കാർ ശക്തമായ യാതൊരു നിലപാടും ഇതുവരെ എടുത്തിട്ടില്ല. ഇനിയും കോടതി വിധിക്കുവേണ്ടി കാത്തുനിൽക്കുന്ന സാഹചര്യമാണ്. സർക്കാർ വിചാരിച്ചാൽ അവരുടെ പ്രശ്നം രമ്യമായി പരിഹരിക്കാൻ സാധിക്കും. അതിന് മുതിരാത്തതിലുള്ള പ്രതിഷേധം രേഖപ്പെടുത്തി ഞാനും എന്റെ കക്ഷിയും ഇറങ്ങിപ്പോകുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. പി. ജെ. ജോസഫ്: സർ, ഈ വിഷയത്തിൽ സഭയിലുള്ള എല്ലാവരും ഒരേ അഭിപ്രായക്കാരാണെന്നാണ് എനിക്ക് തോന്നുന്നത്. എംപാനൽ ജീവനക്കാരെ ഏതെങ്കിലും നിലയിൽ ജോലിക്ക് പ്രവേശിപ്പിക്കണം. ബസ്സുകൾ പലതും ഓടുന്നില്ല. ഒട്ടേറെ സർവ്വീസുകൾ നിർത്തലാക്കുന്നത് കെ.എസ്.ആർ.ടി.സി.-ക്കും നഷ്ടമാണ്. പി.എസ്.സി. അഡ്വൈസ് ചെയ്തതിൽ ബഹുഭൂരിപക്ഷംപേരും ജോയിൻ ചെയ്തില്ല. ഈ പശ്ചാത്തലത്തിൽ ഇവരെ തിരികെ കയറ്റാൻ ഗവൺമെന്റ് വിചാരിച്ചാൽ സാധിക്കും. അത് ഈ സഭയുടെ മൊത്തം

അഭിപ്രായമാണ്. ഞാൻ വാക്കൗട്ട് നടത്തുന്നുവെന്ന് പറഞ്ഞാൽ അത് എല്ലാവരുടെയും അഭിപ്രായമാണെന്നാണ് ഞാൻ കരുതുന്നത്. അത്രമാത്രം അനുകമ്പ പിടിച്ചുപറ്റിയ ഒരു സമരമാണിത്. അതുകൊണ്ട് അവരെ അടിയന്തരമായി തിരികെ പ്രവേശിപ്പിക്കാൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, എംപാനൽകാരുടെ ജീവിതസാഹചര്യം ഇവിടെ പ്രതിപാദിച്ചതുപോലെ പരിതാപകരമാണ്. അവർ സമരത്തിൽ നിൽക്കുമ്പോൾ, ശ്രീ. പി. ജെ. ജോസഫ് പറഞ്ഞതുപോലെ അനുകമ്പ പിടിച്ചുപറ്റിയ ഒരു സമരമായി അത് മാറിയിരിക്കുകയാണ്. ഈ വിഷയത്തിൽ ഗവൺമെന്റ് കണ്ണ് തുറക്കണം. അവരോട് അനുഭാവ പൂർണ്ണമായ സമീപനം സ്വീകരിക്കാൻ കഴിയണം. എംപാനൽ ജീവനക്കാരെ പിരിച്ചുവിടുന്നതിനുള്ള തീരുമാനം മാനേജ്മെന്റിനുണ്ടായിരുന്നു. അതിനുവേണ്ടിയുള്ള തിരക്കഥ വളരെ മനോഹരമായി ഉണ്ടാക്കി അവരെ പരിച്ചുവിട്ടു. കോടതിയെ വസ്തുതകൾ ബോധിപ്പിക്കുന്നതിൽ സർക്കാർ പരിപൂർണ്ണമായും പരാജയപ്പെട്ടു. തൊഴിലാളിവിരുദ്ധ സർക്കാരായി ഈ സർക്കാർ മാറിയത് ഏറെ ഖേദകരമാണ്. മലയോര ഗ്രാമീണ മേഖലകളിലെ പല ഡിപ്പോകളിലും ജോലിചെയ്തിരുന്ന എംപാനൽ ജീവനക്കാരെ പിരിച്ചുവിട്ടിരിക്കുകയാണ്. അതിന്റെ പത്തിലൊരു ഭാഗം ജീവനക്കാരെപ്പോലും പകരം നിയമിക്കാൻ കഴിഞ്ഞില്ലെന്നതാണ് യാഥാർത്ഥ്യം. പൂർണ്ണമായും ഗതാഗത സ്തംഭനമാണ്. യാത്രാക്ലേശം അതിരൂക്ഷമായി തുടരുകയാണ്. എന്റെ നിയമസഭാ മണ്ഡലത്തിലെ ഒരു ഡിപ്പോയിൽ 47 ജീവനക്കാരെ പിരിച്ചുവിട്ടപ്പോൾ രണ്ട് പേർപോലും വന്നിട്ടില്ലെന്നുള്ളത് മനസ്സിലാക്കണം. ഇത് കേരളത്തിലെ പൊതുചിത്രമാണ്. ഏറ്റവും രൂക്ഷമായ പ്രതിസന്ധിയിലേയ്ക്ക് കെ.എസ്.ആർ.ടി.സി. വീണ്ടും എടുത്തെറിയപ്പെട്ടിരിക്കുകയാണ്. ഇവിടെ എനിക്ക് ഒരുകാര്യമേ പറയാനുള്ളൂ, സാമൂഹിക പ്രതിബദ്ധത മുൻനിർത്തി എംപാനലുകാരെ തിരിച്ചെടുക്കുന്ന കാര്യത്തിൽ ഗവൺമെന്റ് യുക്തവും ഉചിതവുമായ തീരുമാനമെടുത്ത് അവരുടെ ജീവിതം സംരക്ഷിക്കാനുള്ള സാഹചര്യം ഒരുക്കണം. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി.)

ശ്രീ. ഒ. രാജഗോപാൽ: സർക്കാരിന്റെ തെറ്റായ ഈ നയത്തിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഒ. രാജഗോപാൽ സഭവിട്ട് പുറത്തുപോയി.

സഭവിട്ട് പുറത്തുപോയ അംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു.

## V ശ്രദ്ധ ക്ഷണിക്കൽ

### (1) തിരുവനന്തപുരം വിമാനത്താവളം

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം സ്വകാര്യവൽക്കരിക്കാനുള്ള നീക്കത്തിൽനിന്നും കേന്ദ്ര സർക്കാർ അടിയന്തരമായി പിന്തിരിയേണ്ടതും അതിന്റെ നടത്തിപ്പും വികസനവും സംസ്ഥാനത്തിന്റെ അധീനതയിലുള്ള ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ വഴി നടപ്പിലാക്കാൻ അനുമതി നൽകുന്നതിന് കേന്ദ്ര സർക്കാർ തയ്യാറാകേണ്ടതുമാണ്. അതുവഴി ലാഭകരമായി പ്രവർത്തിക്കുന്ന തിരുവനന്തപുരം വിമാനത്താവളം സംരക്ഷിക്കണമെന്നും മുഖ്യമന്ത്രിയുടെ ശ്രദ്ധ പതിയണമെന്നും അഭ്യർത്ഥിക്കുന്നു. 1932-ൽ ഫ്ലൈയിംഗ് ക്ലബ്ബിന്റെ ഭാഗമായി സ്ഥാപിതമായ കേരളത്തിലെ ആദ്യത്തെ വിമാനത്താവളമാണ് ഇപ്പോഴത്തെ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം. നമ്മുടെ രാജ്യത്തിന് സ്വാതന്ത്ര്യം ലഭിച്ചതിനുശേഷം ആഭ്യന്തര വിമാന സർവ്വീസുകളും 1970-കളിൽ അന്താരാഷ്ട്ര വിമാന സർവ്വീസുകളും ആരംഭിച്ചു. 635 ഏക്കർ വിസ്തീർണ്ണവും 3394 മീറ്റർ റൺവേ ദൈർഘ്യവുമുള്ള ഈ വിമാനത്താവളത്തെ 1991-ൽ ഇന്ത്യയിലെ അഞ്ചാമത്തെ അന്താരാഷ്ട്ര വിമാനത്താവളമായി ഉയർത്തിയിരുന്നു. അന്ന് വി. പി. സിംഗ് പ്രധാനമന്ത്രിയും സഖാവ് ഇ. കെ. നായനാർ കേരളത്തിലെ മുഖ്യമന്ത്രിയും ആയിരുന്നു. പ്രധാനമന്ത്രി വി. പി. സിംഗിന്റെ കേരള സന്ദർശന വേളയിൽ തിരുവനന്തപുരത്ത് നൽകിയ പൗര സ്വീകരണത്തിൽ കേരള സർക്കാരിന്റെയും പൗര സമൂഹത്തിന്റെയും അഭിപ്രായം അന്ന് പ്രധാനമന്ത്രിയുടെ മുമ്പിൽ സമർപ്പിച്ചിരുന്നു. അത് പരിഗണിച്ചുകൊണ്ടാണ് അന്താരാഷ്ട്ര വിമാനത്താവളമായി 1991-ൽ

തിരുവനന്തപുരത്തെ ഉയർത്തിയത്. 2030-ഓടുകൂടി ആഭ്യന്തര യാത്രക്കാരുടെ നിരക്കിൽ ഇരുപത് ശതമാനവും അന്താരാഷ്ട്ര യാത്രക്കാരുടെ നിരക്കിൽ പതിനഞ്ച് ശതമാനത്തോളവും വർദ്ധനവുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നതായുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രസ്താവന വായിച്ചിരുന്നു. തിരുവിതാംകൂർ മഹാരാജാവും സംസ്ഥാന സർക്കാരും വിവിധ ഘട്ടങ്ങളിൽ ഭൂമി ഏറ്റെടുത്ത് സൗജന്യമായി വിമാനത്താവള വികസനത്തിനായി നൽകിയ കാര്യവും മുഖ്യമന്ത്രി വ്യക്തമാക്കിയിരുന്നു. സംസ്ഥാനത്തുള്ള കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കാൻ നേരത്തെതന്നെ കേന്ദ്ര സർക്കാർ തീരുമാനിച്ചിരുന്നു. അതിന്റെ ഭാഗമായി മിനി നവരത്ന സ്ഥാപനങ്ങളെന്ന് അറിയപ്പെടുന്ന പല പൊതുമേഖലാ സ്ഥാപനങ്ങളുടെയും സർക്കാർ ഓഹരികൾ വിറ്റഴിക്കപ്പെടുകയാണ്. ഡൽഹി, മുംബൈ വിമാനത്താവളം സ്വകാര്യവൽക്കരിക്കുമ്പോൾ നിശ്ചിത ശതമാനം ഓഹരി ന്യൂഡൽഹി, മുംബൈ വിമാനത്താവള അതോറിറ്റിയുടെ കൈവശമാണെങ്കിൽ തിരുവനന്തപുരം വിമാനത്താവളത്തിന്റെ കാര്യത്തിൽ നൂറ് ശതമാനവും സ്വകാര്യ പങ്കാളിത്തം അനുവദിക്കാനാണ് നീക്കം. ഫെബ്രുവരി അവസാനത്തോടെ സ്വകാര്യവൽക്കരണം പൂർത്തിയാക്കും. സ്വകാര്യ വൽക്കരണത്തിനെതിരായ പ്രതിഷേധം നാട്ടിൽ ശക്തമാകുകയാണ്. സ്വകാര്യ വൽക്കരണത്തിനായി അൻപത് വർഷത്തേയ്ക്ക് വിമാനത്താവളവും ഭൂമിയും പാട്ടത്തിന് നൽകാനാണ് തീരുമാനം. മുൻവർഷത്തെക്കാൾ ഒൻപതിരട്ടി വരുമാനമുണ്ടാക്കി വൻലഭാത്തിലേയ്ക്ക് തിരുവനന്തപുരം വിമാനത്താവളം കുതിക്കുകയാണ്. 2016-17-ൽ പത്തൊൻപത് കോടി രൂപയായിരുന്ന ലാഭം ഈ കൊല്ലം 169 കോടി രൂപയായി ഉയർന്നു. കഴിഞ്ഞ വർഷം 270 കോടി രൂപയായിരുന്ന വരുമാനം 363 കോടി രൂപയായി റെക്കോർഡിലെത്തി. വിമാന സർവ്വീസുകളുടെ എണ്ണം ഇരുപത്തിയൊൻപതിനായിരത്തിൽനിന്നും മുപ്പത്തിനാലായിരമായും യാത്രക്കാരുടെ എണ്ണം നാൽപ്പത്തിനാല് ലക്ഷമായും ഉയർന്നു. മറ്റൊരു കാര്യം, എയർപോർട്ട് അതോറിറ്റിക്ക് വിമാനത്താവളം കൈമാറിയപ്പോൾ ഒരു കരാർ ഉണ്ടാക്കിയിരുന്നു. അതിൻപ്രകാരം തിരുവനന്തപുരത്ത് ആറാട്ട് നടക്കുമ്പോൾ വർഷത്തിൽ രണ്ട് പ്രാവശ്യം എയർപോർട്ടിനകത്തുകൂടി ആറാട്ട് കടന്നുപോകുന്നതിനുള്ള അനുമതി നൽകിപ്പോരുന്നു. സർക്കാർ ആ ദിവസങ്ങളിൽ ഉച്ചകഴിഞ്ഞ് മൂന്നുമണിക്കുശേഷം തിരുവനന്തപുരത്ത് പൊതു അവധി അനുവദിച്ചുവരികയാണ്. ആറാട്ട്, നഗരത്തിലെ വിശ്വാസികളുടെ ഏറ്റവും വലിയ ആഘോഷ പരിപാടിയാണ്. വിമാനത്താവളം സ്വകാര്യവൽക്കരിക്കുന്നതിന്റെ ഭാഗമായി ഭാവിയിൽ ആറാട്ട് കടന്നുപോകാനുള്ള അനുമതി നിഷേധിക്കാനും ഇത്

വിശ്വാസികളുടെ മനസ്സിന് മുറിവേൽക്കുന്നതിനും ഇടയാക്കും. ഇക്കാര്യത്തിൽ ബി.ജെ.പി.-യുടെ നിലപാട് എന്താണെന്നറിയാൻ ആഗ്രഹമുണ്ട്. എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 18.5 ഏക്കർ സ്ഥലം ഏറ്റെടുത്ത് നൽകുന്നതിന്റെ നടപടി സ്വീകരിച്ചുവരുന്നല്ലോ; എയർപോർട്ട് അതോറിറ്റിയുടെ 600 കോടി രൂപയുടെ വികസന പദ്ധതികൾക്ക് തുടക്കംകുറിച്ചിരിക്കുന്ന സന്ദർഭത്തിലാണ് പൂർണ്ണമായും സ്വകാര്യവൽക്കരിക്കാനുള്ള കേന്ദ്ര ഗവൺമെന്റ് തീരുമാനം വന്നിട്ടുള്ളത്. ലോകത്ത് പതിനാല് ശതമാനം വിമാനത്താവളങ്ങൾ മാത്രമാണ് സ്വകാര്യ ഉടമസ്ഥതയിലുള്ളത്. ഇന്ത്യയിൽ ലാഭകരമായി പ്രവർത്തിക്കുന്ന എല്ലാ വിമാനത്താവളങ്ങളും സ്വകാര്യവൽക്കരിക്കാനുള്ള നീക്കമാണ് കേന്ദ്ര ഗവൺമെന്റ് നടത്തിവരുന്നത്. ഏത് കാലാവസ്ഥയിലും പ്രവർത്തിക്കാൻ ശേഷിയുള്ളതാണ് തിരുവനന്തപുരം വിമാനത്താവളം. ഇന്ത്യയിലെ വിമാനത്താവളങ്ങൾ സ്വകാര്യവൽക്കരിക്കുന്നത് പൊതുതാൽപ്പര്യത്തിന് ഗുണകരമല്ലെന്ന ഇന്റർനാഷണൽ എയർ ട്രാൻസ്പോർട്ട് അസോസിയേഷൻ, (IATA) ഇന്റർനാഷണൽ സിവിൽ ഏവിയേഷൻ ഓർഗനൈസേഷൻ (ICAO) എന്നിവ വ്യക്തമാക്കിയിട്ടുണ്ട്. ഡൽഹിയെ ലോകത്തിലെ ഏറ്റവും ചെലവേറിയ വിമാനത്താവളങ്ങളിൽ ഒന്നായി മാറ്റിയത് സ്വകാര്യവൽക്കരണമാണെന്നാണ് 'IATA' വിമർശിച്ചത്. പ്രതീക്ഷയ്ക്കൊത്തുയർന്ന ഒരു സ്വകാര്യ വിമാനത്താവളവും ലോകത്തിൽ ഇന്നില്ല. ഇത്തരമൊരു സാഹചര്യത്തിൽ എയർപോർട്ടിനെ സംരക്ഷിക്കാൻ കേരള സർക്കാർ വളരെവേഗം രംഗത്ത് വരണമെന്ന് അഭ്യർത്ഥിക്കുന്നു. നിയമസഭ ഐകകണ്ഠ്യേന ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തണമെന്നും ആവശ്യപ്പെടുന്നു.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, തിരുവിതാംകൂർ മഹാരാജാവ് കൈമാറിയ 258.06 ഏക്കർ ഭൂമിയും സംസ്ഥാന സർക്കാർ കൈമാറിയ 8.29 ഏക്കർ ഭൂമിയും സംസ്ഥാന സർക്കാർ ഏറ്റെടുത്ത് നൽകിയ 32.56 ഏക്കർ ഭൂമിയും ഉൾപ്പെടെ 628 ഏക്കറോളം ഭൂമിയിലാണ് തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം പ്രവർത്തിക്കുന്നത്. വിമാനത്താവള വികസനത്തിനായി 18 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി ത്വരിതഗതിയിൽ പുരോഗമിക്കുന്ന സാഹചര്യത്തിലാണ് ലാഭത്തിൽ പ്രവർത്തിക്കുന്ന തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം ഏകപക്ഷീയമായി സ്വകാര്യവൽക്കരിക്കാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചത് തികച്ചും പ്രതിഷേധാർഹവും സംസ്ഥാന താൽപ്പര്യത്തിന്

വിരുദ്ധവുമാണിത്. ഈ തീരുമാനം പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര സർക്കാരിന് രണ്ട് തവണ കത്തയച്ചിട്ടുണ്ട്. കണ്ണൂർ, കൊച്ചി വിമാനത്താവളങ്ങളുടെ നിർമ്മാണത്തിലും നടത്തിപ്പിലുമുള്ള സംസ്ഥാന സർക്കാരിന്റെ പരിചയം കണക്കിലെടുത്ത് തിരുവനന്തപുരം വിമാനത്താവളത്തിന്റെ നടത്തിപ്പ് സംസ്ഥാനത്തെ ഏൽപ്പിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനം രൂപീകൃതമാകുന്നതിനുമുമ്പ് തിരുവിതാംകൂർ മഹാരാജാവ് കൈമാറിയ ഭൂമിയും സംസ്ഥാനം രൂപീകൃതമായശേഷം സംസ്ഥാന സർക്കാർ കൈമാറിയ ഭൂമിയും ഉൾപ്പെടുന്നതിനാലും സ്വകാര്യവൽക്കരിക്കുന്നപക്ഷം നൽകിയ ഭൂമിയുടെ പരിഗണന നൽകുമെന്ന് 2003-ൽ കേന്ദ്ര സർക്കാർ അറിയിച്ചിരുന്നതും പരിഗണിച്ചാണ് സർക്കാർ ഇപ്രകാരമൊരു ആവശ്യം മുന്നോട്ടുവച്ചത്. വിമാനത്താവളത്തിന്റെ പ്രവർത്തനം സംസ്ഥാനത്തിന്റെ അധീനതയിലുള്ള ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ മുഖേന നടപ്പാക്കണമെന്നും വിമാനത്താവളത്തിന് ഏറ്റെടുത്ത് നൽകിയ ഭൂമിയുടെ വിലയ്ക്ക് തുല്യ ഓഹരി സംസ്ഥാനത്തിന് നൽകണമെന്ന നിർദ്ദേശവും കേന്ദ്ര സർക്കാരിനെ അറിയിക്കുകയുണ്ടായി. ഇക്കാര്യത്തിൽ അനുകൂല നിലപാട് നാളിതുവരെ ഉണ്ടാകാത്തതിനാൽ വിമാനത്താവള നടത്തിപ്പിനായി സംസ്ഥാന സർക്കാർ സ്പോൺസർ ചെയ്യുന്ന 'തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം ലിമിറ്റഡ്' എന്ന ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചു. ബിഡ് സംബന്ധമായ വിഷയങ്ങളിൽ തീരുമാനമെടുക്കുന്നതിന് ടെക്നിക്കൽ ആൻഡ് ഫിനാൻഷ്യൽ കൺസൾട്ടന്റിനെയും ലീഗൽ കൺസൾട്ടന്റിനെയും നിയമിച്ചിട്ടുണ്ട്. ബിഡ്ഡിനുള്ള നടപടിക്രമങ്ങളിൽ സംസ്ഥാന സർക്കാർ രൂപീകരിക്കുന്ന എസ്.പി.വി.-ക്ക് പരിധിയില്ലാത്ത റൈറ്റ് ഓഫ് ഫസ്റ്റ് റെഫ്യൂസൽ നൽകണമെന്ന് ആവശ്യപ്പെട്ടെങ്കിലും പരിമിതമായ പത്ത് ശതമാനം റൈറ്റ് ഓഫ് ഫസ്റ്റ് റെഫ്യൂസൽ നൽകാനാണ് കേന്ദ്ര സർക്കാർ സമ്മതിച്ചിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ ബിഡ് സമർപ്പിക്കുന്നതിനായി കേരള സർക്കാരും കെ.എസ്.ഐ.ഡി.സി.-യും ചേർന്നുള്ള കൺസോർഷ്യം രൂപീകരിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ചുള്ള തുടർനടപടികൾ നടന്നുവരികയാണ്. കേന്ദ്ര സർക്കാരിന്റെ തെറ്റായ നിലപാട് തിരുത്തുന്നതിനായി ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുന്നതോടൊപ്പം സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള സംരംഭമായി വിമാനത്താവളം നിലനിർത്തുന്നതിനുള്ള നടപടിയും സർക്കാർ സ്വീകരിച്ചുവരികയാണ്.

11.00 AM]

## (2) കുടുംബി സമുദായത്തിന്റെ പ്രശ്നങ്ങൾ

ശ്രീ. പി. ടി. തോമസ്: സർ, സംസ്ഥാനത്തെ ഏഴ് ലക്ഷത്തിൽപ്പരം വരുന്ന കുടുംബി സമുദായത്തിന്റെ ദുരവസ്ഥയ്ക്ക് പരിഹാരം കാണാൻ സർക്കാർ നടപടി സ്വീകരിക്കണം എന്നതാണ് എന്റെ ശ്രദ്ധ ക്ഷണിക്കൽ പ്രമേയത്തിന്റെ അന്തഃസത്ത.

ഈ സമുദായത്തിൽപ്പെട്ടവർക്ക് ഒരു ശതമാനം വിദ്യാഭ്യാസാനുകൂല്യം പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത ആനുകൂല്യം ബിരുദാനന്തര ബിരുദ കോഴ്സുകൾക്ക് ലഭിക്കുന്നില്ല. ഒരു ശതമാനം തൊഴിൽ സംവരണം ആവശ്യപ്പെട്ടുകൊണ്ട് പ്രസ്തുത സമുദായം നിരവധി നിവേദനങ്ങൾ കൊടുക്കുകയും സമര പരിപാടികളുമായി മുന്നോട്ടുപോവുകയും ചെയ്തിട്ടും ഇന്നുവരെ യാതൊരു നടപടിയും സർക്കാർ സ്വീകരിച്ചിട്ടില്ലെന്നത് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. തൊഴിൽ സംവരണം ഏർപ്പെടുത്താൻ ശക്തമായൊരു നീക്കം സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു.

കൃഷിയും മത്സ്യബന്ധനവും പരമ്പരാഗത തൊഴിലായി സ്വീകരിച്ചിരുന്ന കുടുംബി സമുദായം ഇന്ന് നിരാലംബരാണ്. വിദ്യാഭ്യാസപരമായും സാമ്പത്തികപരമായും വളരെ പിന്നാക്കം നിൽക്കുന്ന കുടുംബി സമുദായത്തിന്റെ വിഷമതകൾ പരിഹരിക്കേണ്ടത് പരിഷ്കൃത സമൂഹമെന്ന് അവകാശപ്പെടുന്ന കേരളീയരായ നമ്മുടെ എല്ലാവരുടേയും കടമയല്ലേ?

കുടുംബി സമുദായത്തിന്റെ ആദരണീയനായ നേതാവായിരുന്നു ഗാന്ധി കൃഷ്ണൻ. പ്രസിദ്ധമായ കൊടുങ്ങല്ലൂർ ദേവീ ക്ഷേത്രത്തിൽ ക്ഷേത്രപാലകന്റെ പ്രതിഷ്ഠയുണ്ട്. ആ ക്ഷേത്രപാലകനെ കുടുംബി സമുദായത്തിന്റെ പരമ്പരാഗത മൂർത്തിയായിട്ടാണ് കണക്കാക്കുന്നത്. അഭിമാനത്തോടെയാണ് ആ അവകാശവാദം സമുദായം ഇന്നും ഏറ്റെടുത്ത് പോന്നിട്ടുള്ളത്. കുടുംബി സമുദായം മത്സ്യബന്ധന മേഖലയിലാണ് കൂടുതൽ ശ്രദ്ധ ചെലുത്തിയിരുന്നത്. പക്ഷെ നിരന്തരം ഉണ്ടാകുന്ന തൊഴിലവസരങ്ങളുടെ നിഷേധവും ദിനംതോറും തൊഴിൽ ക്ഷയിച്ചുവരുന്നതും അവരുടെ ജീവിത മാർഗ്ഗത്തെ കാര്യമായി ബാധിച്ചിട്ടുണ്ട്. കുടുംബി കോളനികൾ വളരെ പരിതാപകരമായ സ്ഥിതിയിലാണ്. എന്റെ നിയോജകമണ്ഡലമായ തൃക്കാക്കരയിലുള്ള കുടുംബി കോളനികളുടെ സ്ഥിതി വളരെ ശോചനീയമാണ്. അതിന് പരിഹാരം കാണാൻ ആവശ്യമായ നടപടികൾ ഉണ്ടാകണം. പുതിയ

തൊഴിലവസരങ്ങൾ ഒരുക്കുകയും അതിന് ഉദാരമായി ബാങ്ക് വായ്പ ലഭ്യമാക്കാനുമുള്ള നടപടിയും സ്വീകരിക്കണം. പട്ടയം ലഭിക്കാത്ത കുടുംബി സമുദായങ്ങൾക്ക് സമയബന്ധിതമായി പട്ടയം നൽകാനുള്ള തീരുമാനമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. കുടുംബി സമുദായത്തിന്റെ പരാധീനതകൾ സംബന്ധിച്ച് ഒരു ഉന്നതാധികാര സമിതിയെ നിയോഗിച്ച് പഠനം നടത്തി അവരുടെ അവശതകൾക്ക് സമയബന്ധിതമായി തീർപ്പുകൽപ്പിക്കാൻ ഈ ഗവൺമെന്റ് ശക്തമായ നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, കുടുംബി സമുദായങ്ങളുടെ തൊഴിൽ, വിദ്യാഭ്യാസം, പാർപ്പിടം, പുനരധിവാസം എന്നീ പ്രശ്നങ്ങളെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട പി. ടി. തോമസ് ശ്രദ്ധ ക്ഷണിക്കൽ പ്രമേയത്തിന്റെ ഭാഗമായി ഇവിടെ സൂചിപ്പിച്ചിട്ടുള്ളത്. കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസിലെ പാർട്ട് 1 ലിസ്റ്റ് 3-ലെ ക്രമ നമ്പർ 39 ആയിട്ടാണ് കുടുംബി സമുദായത്തെ സംസ്ഥാനത്തെ ഒ.ബി.സി. പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അതേ അവസരത്തിൽ കുടുംബി സമുദായം നിലവിൽ സംസ്ഥാനത്തെ ഒ.ഇ.സി. ലിസ്റ്റിലും ഉൾപ്പെട്ടതാണ്. ഉദ്യോഗ നിയമനങ്ങളിൽ കുടുംബി സമുദായത്തിന് Residual OBC എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയാണ് സംവരണം അനുവദിച്ചുവരുന്നത്. Residual OBC എന്നത് ഒ.ബി.സി. വിഭാഗത്തിലെ വളരെയധികം പിന്നാക്കം നിൽക്കുന്ന വിഭാഗമായതുകൊണ്ടാണ് ഒ.ഇ.സി.-ൽ ഉൾപ്പെടുത്തിയത്.

നിലവിൽ ക്ലാസ് IV തസ്തികകളിൽ കുടുംബി സമുദായം ഉൾപ്പെടുന്ന Residual OBC-ക്ക് 6 ശതമാനവും ഇതര തസ്തികകളിൽ 3 ശതമാനവും സംവരണം അനുവദിച്ചിട്ടുണ്ട്. നിലവിൽ ഈ സമുദായത്തിന് സംസ്ഥാനത്തെ പ്രൊഫഷണൽ കോഴ്സുകളിലും ഹയർ സെക്കണ്ടറി കോഴ്സുകളിലും ഒരു ശതമാനം സംവരണം അനുവദിച്ചിട്ടുണ്ട്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലഘട്ടത്തിലാണ് ഒരു ശതമാനം സംവരണം അനുവദിച്ചത്. സാധാരണ ആർട്സ് ആൻഡ് സയൻസ് കോഴ്സുകളിൽ മറ്റ് പിന്നോക്ക വിഭാഗങ്ങൾക്കൊപ്പം 3 ശതമാനം സംവരണം Residual OBC-യ്ക്കുണ്ട്. അതിന്റെ ആനുകൂല്യം ഇവർക്കും ലഭ്യമാകും.

പിന്നാക്കവിഭാഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന ഒ.ഇ.സി. പ്രീമെട്രിക്, ഒ.ഇ.സി. പോസ്റ്റ് മെട്രിക്, മത്സര പരീക്ഷകൾക്കുള്ള ധനസഹായം, എംപ്ലോയ്മെന്റ് എൻഹാൻസ്മെന്റ് പ്രോഗ്രാം, വിദേശ പഠനത്തിന് ധനസഹായം അനുവദിക്കുന്ന ഓവർസീസ് സ്കോളർഷിപ്പ് തുടങ്ങിയ പദ്ധതികൾക്കൊക്കെ ഒ.ബി.സി. സമുദായം അർഹതപ്പെട്ടതാണ്. സംസ്ഥാനത്തെ ഒ.ഇ.സി. ലിസ്റ്റിൽ ഉൾപ്പെടുന്നതിനാൽ വരുമാന പരിധി ഇല്ലാതെതന്നെ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകുന്ന രീതിയിലുള്ള മുഴുവൻ വിദ്യാഭ്യാസ ആനുകൂല്യവും സർക്കാർ ഇപ്പോൾ അനുവദിച്ചിട്ടുണ്ട്. ഇത് പഴയ ഒ.ഇ.സി. ലിസ്റ്റിൽ ഉള്ളതുകൊണ്ടാണ് സാമ്പത്തിക സീലിംഗ് ഇല്ലാത്തത്. ഒ.ഇ.സി. വിദ്യാഭ്യാസാനുകൂല്യ വിതരണത്തിനായി മുന്തിയ പരിഗണനയാണ് ഈ സർക്കാർ നൽകുന്നത്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോഴുണ്ടായിരുന്ന 189 കോടി രൂപ കുടിശ്ശിക മുഴുവനും കൊടുത്തുതീർത്തു. എന്നുമാത്രമല്ല, ഇത്തവണ അധിക സാമ്പത്തിക അനുമതി എന്നനിലയിൽ 200 കോടി രൂപ additional authorisation വഴി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അനുവദിച്ചിട്ടുണ്ട്. അതുകൊണ്ട് കുടിശ്ശിക ഇല്ലാത്തൊരു വർഷമായിരിക്കും 2019. ഈ ഗവൺമെന്റിന്റെ കാലാവധി കഴിയുന്നതുവരെ കുടിശ്ശികയില്ലാതെ വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകാൻ സാധിക്കും.

പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പിലാക്കിവരുന്ന വിവിധ ക്ഷേമ പ്രവൃത്തികൾ, പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ വായ്പകൾ എന്നിവയുടെ പ്രയോജനവും ഈ വിഭാഗത്തിന് ലഭ്യമാകും. അതുപോലെ ഭൂമിയും പാർപ്പിടവും സംബന്ധിച്ച സംസ്ഥാന സർക്കാരിന്റെ 'ലൈഫ് പദ്ധതി'-യുടെ ആനുകൂല്യവും ഈ വിഭാഗത്തിന് ലഭ്യമാകും.

ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ചതുപോലെ 7 ലക്ഷം കുടുംബങ്ങൾ ഉണ്ടെന്നാണ് പറയുന്നത്. ആ രൂപത്തിലുള്ള പഠനം നമ്മൾ നടത്തിയിട്ടില്ല. ക്ലാസ് IV തസ്തികകളിൽ ഒ.ബി.സി. വിഭാഗത്തിന് 40 ശതമാനവും residual OBC എന്ന വിഭാഗത്തിന് 6 ശതമാനവും നോൺ ക്ലാസ് IV-ൽ 3 ശതമാനവും സംവരണം അനുവദിച്ചിട്ടുണ്ട്. അതിൽ നിന്നുകൊണ്ടാണ് ഈ വിഭാഗത്തിന് ആനുകൂല്യം ഇപ്പോൾ ലഭിക്കുന്നത്. ഇത് ഡീമാർക്കേറ്റ് ചെയ്തിട്ടില്ല. ഡീമാർക്കേറ്റ് ചെയ്യണം എന്ന ആവശ്യം വന്നിട്ടുള്ളത് സംബന്ധിച്ച് പരിശോധിക്കാം. അതുപോലെ ഇവരുടെ കാര്യങ്ങൾ പഠിക്കുന്നതിനുവേണ്ടി ഒരു ഉന്നതാധികാര സമിതിയെ നിയോഗിക്കൽ, പട്ടയത്തിന്റെ പ്രശ്നങ്ങൾ എന്നിവ സംബന്ധിച്ചും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യംകൂടി സർക്കാർ പരിശോധിക്കുന്നതായിരിക്കും.

ശ്രീ. പി. ടി. തോമസ്: സർ, വിദ്യാഭ്യാസത്തിന് ഒരു ശതമാനം സംവരണം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും ബിരുദാനന്തര ബിരുദ കോഴ്സുകൾക്ക് ആ സംവരണം ഇപ്പോൾ ലഭിക്കുന്നില്ല. അക്കാര്യത്തിൽ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. എ. കെ. ബാലൻ: സർ, അക്കാര്യം പരിശോധിക്കാം.

# VI സബ്മിഷൻ

## (1) പോലീസ് സ്റ്റേഷന് നേരെയുണ്ടായ കല്ലേറ്

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ പീഡിപ്പിച്ച കേസിൽ അറസ്റ്റിലായ ഡി.വൈ.എഫ്.ഐ. പ്രവർത്തകരെ കാണാൻ അനുവദിച്ചില്ലെന്നാരോപിച്ച് സി.പി.ഐ.(എം.) ഏരിയ സെക്രട്ടറിയുടെ നേതൃത്വത്തിൽ ഇരുപത്തിയേഴോളം സി.പി.ഐ.(എം.) പ്രവർത്തകർ തിരുവനന്തപുരം മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനുനേരെ 2019 ജനുവരി 23-ന് കല്ലെറിയുകയും അവിടത്തെ ജനാലകളുടെ ചില്ല് പൊട്ടുകയും നാശനഷ്ടങ്ങൾ ഉണ്ടാവുകയും ചെയ്തു. പെൺകുട്ടിയുടെ മാതാപിതാക്കളുടെ പരാതിയിൽ മെഡിക്കൽ കോളേജ് അണമുഖം റോഡ് കളത്തിൽവീട്ടിൽ രാജീവൻ, അയാളുടെ ബന്ധുവും അയൽവാസിയുമായ കളത്തിൽവീട്ടിൽ ശ്രീദേവ് എന്നീ ഡി.വൈ.എഫ്.ഐ. പ്രവർത്തകരെയാണ് പോലീസ് അറസ്റ്റ് ചെയ്തത്. ഇവരെ കാണണമെന്നാവശ്യപ്പെട്ട് ഒരു സംഘം ഡി.വൈ.എഫ്.ഐ. പ്രവർത്തകർ സ്റ്റേഷനിലെത്തിയപ്പോൾ എസ്.ഐ.-യുടെ മുറിയിൽ വേറെ പരാതിക്കാരുണ്ടെന്നും അവർ ഇറങ്ങിയശേഷം കാണാമെന്നും ഡ്യൂട്ടിയിലുള്ള പോലീസുകാർ പറഞ്ഞപ്പോൾ സ്ഥലത്തുണ്ടായിരുന്ന ഡി.വൈ.എഫ്.ഐ. പ്രവർത്തകർ പോലീസ് ഉദ്യോഗസ്ഥനെ ആക്രമിക്കാൻ ശ്രമിക്കുകയും ഇറങ്ങിപ്പോയ അവർ ഒരു വലിയ സംഘം സി.പി.ഐ.(എം.) പ്രവർത്തകരുമായി തിരിച്ചെത്തുകയും പോലീസ് സ്റ്റേഷൻ ഉപരോധിക്കുകയും സ്റ്റേഷനുനേരെ കനത്ത തോതിൽ കല്ലേറ് നടത്തുകയും ചെയ്തു. പോലീസിന്റെ നിരീക്ഷണ ക്യാമറയിൽ പതിഞ്ഞ അക്രമണം നടത്തിയ സി.പി.ഐ.(എം.) പ്രവർത്തകരുടെ പേരിൽ കേസെടുത്തെങ്കിലും പ്രതികളെ സി.പി.ഐ.(എം.) നേതൃത്വം ഒളിപ്പിച്ചതിനെത്തുടർന്ന് അവരെയൊന്നും അറസ്റ്റ് ചെയ്യാൻ പോലീസിന് കഴിഞ്ഞില്ല. പ്രതികൾ സി.പി.ഐ.(എം.) ജില്ലാ കമ്മിറ്റി ഓഫീസിലുണ്ടെന്ന ഉത്തമ വിശ്വാസത്തിലാണ് ഡി.സി.പി. ശ്രീമതി ചൈത്ര തെരേസ ജോൺ അവിടെ പരിശോധന നടത്തിയത്. സി.പി.ഐ.(എം.)

ബന്ധമുള്ള ചില പോലീസുകാർ റെയ്ഡ് വിവരം ചോർത്തിനൽകിയതിന്റെ ഫലമായി പ്രതികൾ പരിശോധനയ്ക്ക് മുമ്പേ അവിടെനിന്ന് മാറിയതായിട്ടാണ് മാധ്യമ റിപ്പോർട്ടുകൾ വന്നിട്ടുള്ളത്. സ്റ്റേഷൻ ആക്രമിച്ച പ്രതികൾ പാർട്ടി ഓഫീസിൽ ഉള്ളതായി വിശ്വസനീയമായ വിവരം കിട്ടിയതിനെത്തുടർന്നാണ് പരിശോധന നടത്തിയതെന്ന് തിരുവനന്തപുരം Chief Judicial Magistrate-ന് ഡി.സി.പി. നൽകിയ സെർച്ച് റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. പ്രതിയുടെ വീട്ടിൽ അന്വേഷിച്ച് ചെന്നപ്പോൾ ഭാര്യ പ്രതിയെ ഫോണിൽ വിളിക്കുകയും എവിടെയുണ്ടെന്ന് ചോദിച്ചപ്പോൾ ജില്ലാ കമ്മിറ്റി ഓഫീസിൽ ഉണ്ടെന്ന് മറുപടി നൽകുകയും ചെയ്തതായി സൂചിപ്പിക്കുന്നു. പോക്സോ കേസിലെ പ്രതികളെ കാണാൻ നിർബന്ധപൂർവ്വം ശ്രമിക്കുകയും പോലീസ് സ്റ്റേഷന് കല്ലെറിയുകയും ചെയ്ത പ്രതികൾക്കുവേണ്ടി പരിശോധന നടത്താൻ പോലീസിന് അവകാശമുണ്ട്. ആ നിയമപരമായ അധികാരം മാത്രമാണ് ഡി.സി.പി. എടുത്തിട്ടുള്ളത്. പോലീസിന്റെ ആത്മവീര്യവും ധാർമ്മികതയുമാണത്. ഇന്ന് അവർക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ചുവെന്നാണ് അറിയുന്നത്. സി.പി.ഐ. (എം) ജില്ലാ കമ്മിറ്റി ഓഫീസ് നിയമത്തിന് അതീതമാണെന്നും ഡി.സി.പി. ദുരുദ്ദേശത്തോടുകൂടിയാണ് ചെയ്തതെന്നുമാണ് സി.പി.ഐ. (എം) ജില്ലാ സെക്രട്ടറിയടക്കമുള്ളവർ പറയുന്നത്. സി.പി.ഐ. (എം) അക്രമികളെ തൊടാൻ ഒരു പോലീസ് ഉദ്യോഗസ്ഥനും ധൈര്യപ്പെടരുതെന്ന സന്ദേശമാണ് ഇതിലൂടെ നൽകുന്നത്. പാളയത്ത് ട്രാഫിക് സിഗ്നൽ തെറ്റിച്ച് വണ്ടിയോടിച്ച എസ്.എഫ്.ഐ.-ക്കാരെ ചോദ്യം ചെയ്ത പോലീസ് ഉദ്യോഗസ്ഥനെ അടുത്തിടെയാണ് ആ പാർട്ടിയിലെ ഒരു സംഘം ആളുകൾ ക്രൂരമായി മർദ്ദിച്ചത്. ഇത്തരം നടപടികളിലൂടെ കേരളത്തിൽ അരാജകത്വമാണ് സൃഷ്ടിക്കുന്നത്. 1990-ൽ ഇ. കെ. നായനാർ മുഖ്യമന്ത്രിയായിരുന്ന സമയത്ത് തിരുവനന്തപുരം സി.പി.ഐ. (എം) ജില്ലാ ഓഫീസ് റെയ്ഡ് ചെയ്തകാര്യം പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. തിരുവനന്തപുരം കോർപ്പറേഷന്റെ മേയർ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് രണ്ട് യു.ഡി.എഫ്. കൗൺസിലർമാരെ തട്ടിക്കൊണ്ടുപോയ സംഭവത്തിൽ അന്ന് വാഹനം ഓടിച്ച ഡ്രൈവർ ഗോപാലകൃഷ്ണനെ അറസ്റ്റ് ചെയ്യാനാണ് സി.പി.ഐ. (എം) ജില്ലാ കമ്മിറ്റി ഓഫീസ് റെയ്ഡ് ചെയ്തത്. അന്ന് ഇന്നത്തെ മുഖ്യമന്ത്രിയുടെ ഉപദേഷ്ടാവായ ശ്രീ. രമൺ ശ്രീവാസ്തവയായിരുന്നു പോലീസ് കമ്മീഷണർ. ശ്രീ. ഹാരിസ് സേവ്യർ ഡി.സി.പി. ആയിരുന്നുവെന്നാണ് എന്റെ ഓർമ്മ. ഇവരുടെ നേതൃത്വത്തിലായിരുന്നു റെയ്ഡ്. ഇതിനെ ന്യായീകരിച്ചും റെയ്ഡ് ചെയ്ത പോലീസ് നടപടിയെ അഭിനന്ദിച്ചുകൊണ്ടും ഇ. കെ. നായനാർ

നിയമസഭയിൽ പോലീസിനെ പ്രകീർത്തിച്ചതും അഭിനന്ദിച്ചതും ഞാൻ ഈ സന്ദർഭത്തിൽ ഓർക്കുകയാണ്. പോക്സോ കേസ്സിൽപ്പെട്ട പ്രതികളെ കാണാൻ വരികയും തുടർന്നുണ്ടായ സംഭവത്തിൽ സ്റ്റേഷനുനേരെ കല്ലേറ് നടത്തുകയും ചെയ്തവരെ പാർട്ടി ഓഫീസിൽ സംരക്ഷിച്ചുവെന്നു മാത്രമല്ല അതന്വേഷിച്ച ഡി.സി.പി.-ക്കുനേരെ ഇപ്പോൾ കുറ്റാരോപണവും നടത്തിയിരിക്കുന്നു. ഇവിടെ വാദി പ്രതിയാകുകയാണോ? ശ്രീ. ഡി. കെ. മുരളി, ശ്രീമതി വീണാ ജോർജ്ജ്, ശ്രീ. ബി. സത്യൻ, ശ്രീ. പി. കെ. ശശി എന്നിവരുടെ നക്ഷത്രചിഹ്നമിട്ട 15-ാം നമ്പർ ചോദ്യം ഇതാണ്, 'സംഘടനയുടെ ഓഫീസുകൾ മറ്റുള്ള സ്ഥലങ്ങളിൽനിന്നുള്ള ക്രിമിനലുകളുടെ ഒളിത്താവളമാക്കുന്ന പ്രവണത അവസാനിപ്പിക്കാൻ പോലീസ് നിരീക്ഷണം ശക്തിപ്പെടുത്താൻ നടപടിയെടുക്കുമോ?' ഈ ചോദ്യത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടി ഇതാണ്, 'ആയുധ സംഭരണം, കുറ്റവാളികളെ ഒളിപ്പിക്കൽ, കുറ്റകരമായ ഗൂഢാലോചന തുടങ്ങിയ സംഭവങ്ങളിൽ ഏർപ്പെടുന്ന സംഘടനകളുടെയും സ്ഥാപനങ്ങളുടെയും ഓഫീസുകളുടെ പ്രവർത്തനങ്ങൾ നിരീക്ഷിച്ചുവരുന്നതും നിയമവിരുദ്ധമായ പ്രവർത്തനങ്ങൾ തടയുന്നതിനാവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിച്ചുവരികയുമാണ്'. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്ന് നിയമസഭയിൽ നൽകിയ മറുപടിക്ക് ആധാരമായിട്ടുള്ള കാര്യമാണ് ശ്രീമതി ചൈത്രാ തെരേസാ ജോൺ ചെയ്തിട്ടുള്ളത്, അവർ ഒരു കുറ്റവും ചെയ്തിട്ടില്ല. സത്യസന്ധരായ പോലീസ് ഉദ്യോഗസ്ഥരുടെ ആത്മാർത്ഥതയെ ചോദ്യം ചെയ്യുന്നതും പോലീസ് സേനയ്ക്ക് തെറ്റായ സന്ദേശം നൽകുന്നതുമായ ഒരു നടപടിയാണ് എടുത്തിട്ടുള്ളത്. മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷൻ ആക്രമിച്ച കുറ്റവാളികളെ മുഴുവൻ പിടികൂടണമെന്നും ഡി.സി.പി.-ക്കുനേരെ ഉയർന്നിട്ടുള്ള തരംതാഴ്ത്തൽ നടപടി, വകുപ്പുതല അന്വേഷണം എന്നിവ ഡ്രോപ്പ് ചെയ്യണമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, ബഹുമാന്യനായ പ്രതിപക്ഷനേതാവ് പല കാര്യങ്ങളും ഓർത്തുകൊണ്ടാണ് സബ്മിഷൻ ഇവിടെ അവതരിപ്പിച്ചത്. തിരുവനന്തപുരം മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനിലെ ക്രൈം നമ്പർ 154/2019 കേസ്സിൽ അറസ്റ്റ് ചെയ്ത് കസ്റ്റഡിയിൽ സൂക്ഷിച്ചിരുന്ന പ്രതികളെ കാണുന്നതിനായി 23-1-2019-ന് രാത്രി സ്റ്റേഷനിൽ എത്തിയവരെ ജി.ഡി. ചാർജ്ജിൽ ഉണ്ടായിരുന്ന ഉദ്യോഗസ്ഥ വിലക്കുകയുണ്ടായി. പ്രതികളെ കാണാനുള്ള അനുമതി നിഷേധിച്ചതിനെത്തുടർന്ന് കൂടുതൽപേർ സ്റ്റേഷന് മുമ്പിൽ

തടിച്ചുകൂടുകയും മുദ്രാവാക്യങ്ങൾ മുഴക്കുകയുംചെയ്തു. തുടർന്നുണ്ടായ സംഭവത്തിൽ സ്റ്റേഷനിലെ ജനൽ ചില്ലുകൾ പൊട്ടുകയും 2,000 രൂപയുടെ നാശനഷ്ടമുണ്ടായതായി കണക്കാക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ Sections 143, 147, 149, 353, 383 of IPC & Section 3 of PDPP (Prevention of Damage to Public Property) Act, പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്തു. ഇതിലെ പ്രതികളെ കണ്ടെത്തുകയെന്ന ഉദ്ദേശത്തോടെയാണ് സി.പി.ഐ. (എം)-ന്റെ ജില്ലാ കമ്മിറ്റി ഓഫീസ് 24-1-2019-ന് അർദ്ധരാത്രി പോലീസ് പരിശോധന നടത്തിയത്. ഈ പരിശോധനയിൽ പ്രതികളാരും ഓഫീസിൽ ഉണ്ടായിരുന്നില്ലെന്ന് വ്യക്തമാകുകയും ചെയ്തു. ജില്ലാ കമ്മിറ്റി ഓഫീസിൽ ജില്ലാ പഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാനടക്കമുള്ള ഏതാനും ചില നേതാക്കളും ജീവനക്കാരും മാത്രമാണ് അപ്പോൾ ഉണ്ടായിരുന്നത്. ജില്ലാ കമ്മിറ്റി ഓഫീസിൽ പോകാൻ ഇടയായതിനെക്കുറിച്ച് പ്രതിയുടെ ഭാര്യ എന്തോ പറഞ്ഞുവെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ പരാമർശിക്കുകയുണ്ടായി. ഭാര്യ ഇന്നലെ നൽകിയ അപേക്ഷയിൽ പറയുന്നത്, ഇന്നലെയും ഇന്നും വാർത്താ മാധ്യമങ്ങളിലൂടെ ഞാൻ എന്റെ ഭർത്താവ് സി.പി.ഐ. (എം) ഓഫീസിലാണെന്ന് പറഞ്ഞതായി കാണുന്നു എന്നും തികച്ചും സത്യവിരുദ്ധമാണ് ഈ വാർത്ത എന്നും പേടിച്ചുവിറച്ച് ഞാനും അമ്മയും ഞങ്ങളുടെ കുഞ്ഞും ഒന്നും മിണ്ടാനാകാതെ നിൽക്കുകയായിരുന്നുവെന്നും മറ്റും പല കാര്യങ്ങൾ പറയുന്നുണ്ട്. സാധാരണ രീതിയിൽ നമ്മുടെ നാട്ടിൽ രാഷ്ട്രീയപാർട്ടികളുടെ ഓഫീസുകൾ ഇത്തരം പരിശോധനകൾക്ക് വിധേയമാക്കാറില്ല. ജനാധിപത്യ സമൂഹത്തിന്റെ അടിസ്ഥാന ശിലകളിൽ ഒന്നാണ് രാഷ്ട്രീയ പാർട്ടികൾക്ക് സ്വതന്ത്രമായ പ്രവർത്തനം അനുവദിക്കുക എന്നത്. പോലീസ് അന്വേഷണങ്ങളിൽ രാഷ്ട്രീയ പാർട്ടികളുടെ നേതാക്കൾ പോലീസുകാരുമായി സഹകരിക്കുന്ന സ്ഥിതിയാണ് സംസ്ഥാനത്ത് പൊതുവെ നിലനിൽക്കുന്നത്. പാർട്ടി ഓഫീസുകളുടെ പ്രവർത്തനം സുഗമമായി മുന്നോട്ട് കൊണ്ടുപോകുന്നതിന് സഹായകരമായ സാഹചര്യം സൃഷ്ടിക്കുകയെന്നത് ജനാധിപത്യ സമൂഹത്തിന്റെ മുന്നോട്ടുപോക്കിന് അനിവാര്യവുമാണ്. അതുകൊണ്ട് അത്തരം സ്ഥാപനങ്ങളെ സംരക്ഷിച്ചുകൊണ്ടു പോകുകയെന്നത് പോലീസിന്റെ പൊതുവായ ചുമതലയെന്ന നിലയിലാണ് ജനാധിപത്യ സമൂഹം കണക്കാക്കാറുള്ളത്. പൊതുപ്രവർത്തനത്തെ അംഗീകരിക്കാനും ബഹുമാനിക്കാനും കഴിയുകയെന്നുള്ളത് ജനാധിപത്യ സമൂഹത്തിന്റെ ആധാരശിലകളിൽ ഒന്നാണ്. അതിന് തടസ്സം വരുത്തുന്ന ഒരു പ്രവർത്തനവും ആരിൽനിന്നും ഉണ്ടാകാൻ പാടില്ലാത്തതാണ്. ഈയൊരു പൊതു സമീപനമാണ് കേരളം പോലുള്ള ജനാധിപത്യ സമൂഹങ്ങളിൽ

പുലർന്നുപോന്നിട്ടുള്ളതും നമ്മുടെ സർക്കാരും പൊതുവിൽ സ്വീകരിച്ചിട്ടുള്ളതും. രാഷ്ട്രീയ പ്രവർത്തനം നടത്തുന്നവരെ ഇകഴ്ത്തികാണിക്കാനുള്ള പ്രവണത ചില സ്ഥാപിത താൽപ്പര്യക്കാരുടെ ഭാഗത്തുനിന്നും ഉണ്ടാകാറുണ്ട്. അത്തരം പ്രവണതകളിൽ അപൂർവ്വം ചിലർ പെട്ടുപോകുന്നുവെന്ന സാഹചര്യവും ഉയർന്നുവരാറുണ്ട്. ഇത്തരം കാഴ്ചപ്പാടുകളെ തിരുത്തിക്കൊണ്ടുമാത്രമേ ജനാധിപത്യ സമൂഹത്തിന് മുന്നോട്ടുപോകാനാകൂ. സി.പി.ഐ. (എം)-ന്റെ ജില്ലാ കമ്മിറ്റി ഓഫീസിൽ നടത്തിയ പരിശോധനയെ ഇത്തരമൊരു സമീപനത്തോടെയാണ് സർക്കാർ കാണുന്നത്. അവിടെ നടന്ന പരിശോധനയുമായി ബന്ധപ്പെട്ട് ഒരു പരാതി സി.പി.ഐ. (എം) ജില്ലാ സെക്രട്ടറി നൽകിയിട്ടുണ്ട്. രാഷ്ട്രീയ പാർട്ടികളുടെ ഉത്തരവാദപ്പെട്ട നേതാക്കന്മാർ നൽകുന്ന പരാതി ഗൗരവമായി പരിശോധിക്കുകയെന്നത് സർക്കാരിന്റെ കടമയാണ്. അതുകൊണ്ടുതന്നെയാണ് ഈ പരാതി സംബന്ധിച്ച് അന്വേഷണം നടത്താൻ ഡി.ജി.പി.-ക്ക് നിർദ്ദേശം നൽകിയത്. സ്വതന്ത്രമായി പ്രവർത്തിക്കുന്നതിനുള്ള സാഹചര്യം എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും ഉറപ്പുവരുത്തുകയെന്നതാണ് സർക്കാരിന്റെ നയം. അതിൽനിന്നും വ്യത്യസ്ത സമീപനം ആരുടെ ഭാഗത്ത് നിന്നുണ്ടായാലും യുക്തമായ നടപടി സർക്കാർ സ്വീകരിക്കുന്നതാണ്.

## (2) ഇന്ധന നികുതി

ശ്രീ. എ. പി. അനിൽ കുമാർ: സർ, കേരളത്തിന് അഭിമാനിക്കാവുന്ന നാലാമത് അന്താരാഷ്ട്ര വിമാനത്താവളം കണ്ണൂരിൽ ഈയിടെയാണ് രാജ്യത്തിന് സമർപ്പിച്ചത്. ആ വിമാനത്താവളത്തിന് തുടക്കത്തിൽത്തന്നെ പിന്തുണ നൽകുക എന്നതിന്റെ ഭാഗമായി നിലവിലുള്ള ആഭ്യന്തര വിമാന സർവ്വീസുകൾക്ക് 29.4% നികുതി എന്നുള്ളത് 1% ആയി കുറച്ച സർക്കാർ നടപടിയെ സ്വാഗതം ചെയ്യുകയാണ്. അവിടെനിന്നും ഏതാണ്ട് 125 കിലോമീറ്ററിനടുത്ത് വരുന്ന കരിപ്പൂർ എയർപോർട്ട് ഇന്ന് പൊതുമേഖലയിൽ പ്രവർത്തിക്കുന്ന കേരളത്തിലെ ഏക എയർപോർട്ടാണ്. തിരുവനന്തപുരം എയർപോർട്ട് സ്വകാര്യവൽക്കരിക്കാനുള്ള നീക്കത്തെക്കുറിച്ച് അങ്ങുതന്നെ നേരത്തേ സൂചിപ്പിച്ചു. പുതിയ കണ്ണൂർ എയർപോർട്ടിന് നൽകുന്ന നികുതിയിളവുമൂലം യാത്രാനിരക്കിലുണ്ടാകുന്ന വൻ വ്യത്യാസം നൂറ് ശതമാനം പൊതുമേഖലയിൽ പ്രവർത്തിക്കുന്ന കരിപ്പൂർ എയർപോർട്ടിന് ഒരു വലിയ തിരിച്ചടിയായി മാറിക്കൊണ്ടിരിക്കുകയാണ്. റൺവേ വികസനത്തിന്റെ ഭാഗമായി കരിപ്പൂർ എയർപോർട്ടിൽനിന്ന് വലിയ വിമാനങ്ങൾ സർവ്വീസ് നടത്തുന്നത് ഒഴിവാക്കുകയും ഹജ്ജ് എംബാർക്കേഷൻ പോയിന്റിൽ

മാറ്റം വരുത്തുകയും ചെയ്തിരുന്നു. വലിയ തിരിച്ചടി നേരിടുന്ന അവസ്ഥ ഉണ്ടായതിൽ മാറ്റം വന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിലാണ് ഇപ്പോൾ യാത്രാനിരക്കിൽ ഈ രീതിയിലുള്ള വ്യത്യാസം വന്നുകൊണ്ടിരിക്കുന്നത്. 30 വർഷം പിന്നിട്ട ഈ എയർപോർട്ട് സാധാരണക്കാരന്റെയും പാവപ്പെട്ടവന്റെയുമാണ്. മലബാറിന്റെ വികസനത്തിന് മാത്രമല്ല, കേരളത്തിന്റെ സാമ്പത്തിക മുന്നേറ്റത്തിനും വികസനത്തിനും സാമൂഹ്യ മാറ്റത്തിനും വലിയരീതിയിലുള്ള തുടക്കം കുറിച്ചതിന് പിന്നിലുള്ള പതിനായിരക്കണക്കിന് വരുന്ന നമ്മുടെ സഹോദരങ്ങൾക്ക് ഗൾഫ് രാജ്യങ്ങളിലേയ്ക്കും മറ്റ് വിദേശ രാജ്യങ്ങളിലേയ്ക്കും വാതായനങ്ങൾ തുറന്നുകൊടുത്തത് ഈ എയർപോർട്ടിലൂടെയാണ്. അങ്ങനെയുള്ള എയർപോർട്ട് ഇന്ന് വലിയ പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ ഒരു പ്രത്യേക താല്പര്യം വികസന കാര്യത്തിൽ ഉണ്ടാകണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. കണ്ണൂരിന് നൽകിയ നികുതിയിളവ് അതുപോലെ കോഴിക്കോടിനും നൽകിയില്ലെങ്കിൽ വലിയ തിരിച്ചടിയാകും. ഈയിടെ ഹൈദരാബാദ്-ചെന്നൈ ആഭ്യന്തര സർവ്വീസുകൾ ക്യാൻസൽ ചെയ്തു. നിലവിലുള്ള സാഹചര്യത്തിൽ ആഭ്യന്തര സർവ്വീസുകൾ കുറഞ്ഞുവരികയാണ്. 30 വർഷം പിന്നിട്ട വളർച്ച കോഴിക്കോട് എയർപോർട്ടിനുണ്ടോയെന്ന് അങ്ങ് പരിശോധിക്കണം. ഇതിന് ഏറ്റവും വലിയ തിരിച്ചടിയായി നിലവിലെ സാഹചര്യം മാറിയിരിക്കുകയാണ്. നിലവിലുള്ള എയർ ഇന്ത്യ ഫ്ലൈറ്റായ ഡൽഹി-ബോംബെ-കോയമ്പത്തൂർ-കാലിക്കറ്റ് സർവ്വീസ്, ഡൽഹി-ബോംബെ-കണ്ണൂർ എന്നാക്കി മാറ്റാൻ പോകുന്നതായി പത്രമാധ്യമങ്ങളിൽ കണ്ടു. കണ്ണൂരിലേയ്ക്ക് സർവ്വീസ് വരുന്നതിൽ വിരോധമില്ലെങ്കിലും പുതിയ സർവ്വീസ് ആരംഭിക്കുന്നത് നിലവിലുള്ള സർവ്വീസ് നിലനിർത്തിക്കൊണ്ടായിരിക്കണം. ഇന്ധന നികുതിയുമായി ബന്ധപ്പെട്ടുള്ള വലിയ വ്യത്യാസംമൂലം 25 കിലോമീറ്റർ അകലെയുള്ള കോഴിക്കോടുനിന്നും കരിപ്പൂരിൽ വരുന്ന ഒരാൾക്ക് ടാക്സി പിടിച്ച് കണ്ണൂരിൽപ്പോയി ഫ്ലൈറ്റ് കയറിയാലും സാമ്പത്തികലാഭം ഉണ്ടാകുന്ന രീതിയിൽ യാത്രാനിരക്കിൽ വ്യത്യാസം കാണുന്നുണ്ട്. അങ്ങനെ വന്നുകഴിയുമ്പോൾ വലിയ തിരിച്ചടി ഈ എയർപോർട്ടിനുണ്ടാകും. 30 വർഷമായിട്ടും പ്രസ്തുത എയർപോർട്ട് അതിന്റെ ശൈശവഘട്ടം പിന്നിട്ടിട്ടില്ല. അതുകൊണ്ട് കണ്ണൂർ എയർപോർട്ടിന് നൽകിയ നികുതിയിളവ് പൂർണ്ണമായും കരിപ്പൂരിനും നൽകണമെന്ന് മാത്രമല്ല, എന്തെല്ലാം കാര്യങ്ങൾ ചെയ്യാൻ കഴിയുമോ അതെല്ലാം ചെയ്യണമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കോഴിക്കോട് പാർലമെന്റ് അംഗം ശ്രീ. എം. കെ. രാഘവൻ, മലപ്പുറം പാർലമെന്റ് അംഗം

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി എന്നിവരുടെ നേതൃത്വത്തിൽ ഇന്നലെ ചർച്ച നടത്തുകയും അതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ വന്ന് കാണുകയും ചെയ്തിരുന്നു. സ്വാഭാവികമായും ഇന്ധന നികുതിയുടെ കാര്യത്തിലുൾപ്പെടെ കോഴിക്കോട് എയർപോർട്ടിന് ഒരു പ്രത്യേക പരിഗണന ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. മഞ്ഞളാംകുഴി അലി, ശ്രീ. ടി. വി. ഇബ്രാഹിം എന്നീ അംഗങ്ങളും ഇതേ വിഷയം സംബന്ധിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണിത്. ധാരാളം പ്രവാസികൾ ഉപയോഗിക്കുന്ന കോഴിക്കോട് എയർപോർട്ട് ഇല്ലാതായിപ്പോകുന്ന അവസ്ഥ ഉണ്ടാകുകയാണ്. കണ്ണൂർ എയർപോർട്ടിന് ടാക്സ് എക്സംപ്ഷൻ കൊടുക്കുന്നത് നല്ലതുതന്നെയാണ്. കേരളത്തിൽ പബ്ലിക് സെക്ടറിൽ ആകെയുള്ള ഒരു എയർപോർട്ടായ കോഴിക്കോട് എയർപോർട്ടിനെ സംരക്ഷിക്കണമെന്ന് മാത്രമാണ് പറയാനുള്ളത്.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ഈ എയർപോർട്ട് എന്റെ മണ്ഡലത്തിൽപ്പെട്ടതാണ്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട എം. പി. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുടെയും കോഴിക്കോട് എം. പി.-യുടെയും നേതൃത്വത്തിൽ എം.എൽ.എ.-മാരുടെ യോഗം ഇന്നലെ വിളിച്ചുചേർത്തിരുന്നു. ആ യോഗത്തിലുണ്ടായ ധാരണപ്രകാരം ഇവിടെ സബ്മിഷൻ സമർപ്പിക്കാൻ തീരുമാനമായിട്ടുണ്ട്. എം.എൽ.എ.-മാർ എന്ന നിലയ്ക്ക് ഞാനും ശ്രീ. അബ്ദുൽ ഹമീദ്. പി.-യും ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി എം. പി. -യും മുഖ്യമന്ത്രിക്ക് കത്ത് നൽകിയിട്ടുണ്ട്. ശ്രീ. എ. പി. അനിൽ കുമാർ ഇവിടെ സൂചിപ്പിച്ചപോലെ, ചെന്നൈ-ഹൈദരാബാദ്-ബാംഗ്ലൂർ തുടങ്ങി മൂന്ന് ഓപ്പറേഷൻസ് മാറിയതോടുകൂടി കാലിക്കട്ട് എയർപോർട്ടിന് ഒരു ദിവസം 113 ലക്ഷം രൂപ നഷ്ടം വരുന്നുണ്ട്. എല്ലാ ഡൊമസ്റ്റിക് ഓപ്പറേഷൻസും കണ്ണൂരിലേയ്ക്ക് പോകുകയാണ്. കണ്ണൂർ എയർപോർട്ടിന് ആനുകൂല്യങ്ങൾ കൊടുക്കുന്നതിനെ ഞങ്ങൾ സ്വാഗതം ചെയ്യുകയാണ്, പക്ഷേ അവ കാലിക്കട്ട് എയർപോർട്ടിനും നൽകണം. കേരളത്തിൽ പൊതുമേഖലയിൽ പ്രവർത്തിക്കുന്ന ഒരേയൊരു എയർപോർട്ടാണിത്. ഇന്നലെ നാല് മന്ത്രിമാരും ബഹുമാനപ്പെട്ട സ്പീക്കറും ധാരാളം എം.എൽ.എ.-മാരും അവിടെ നിന്നാണ് വന്നത്. അതുകൊണ്ട് ഡൊമസ്റ്റിക് ഓപ്പറേഷൻസ് മുഴുവൻ മാറിപ്പോകുന്ന സാഹചര്യത്തിലേയ്ക്ക് പോകുമെന്നതിനാൽ കണ്ണൂർ എയർപോർട്ടിന് കൊടുത്തിരിക്കുന്ന

ആനുകൂല്യം കോഴിക്കോട് എയർപോർട്ടിനും കിട്ടണമെന്നതാണ് ഞങ്ങളുടെ പൊതുവായ വികാരം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇക്കാര്യത്തിൽ അനാവശ്യമായ ഒരു ഭീതി പരത്തുന്നതിനുള്ള ശ്രമമാണ് ഉണ്ടാകുന്നത്. ഇവിടെ വിമാന നിരക്കുമായുള്ള കാര്യങ്ങൾ പരിശോധിച്ചാൽ കണ്ണൂർ വിമാനത്താവളത്തിൽ നിന്നും പോകുന്ന വിമാനങ്ങളുടെ ചാർജ് എറണാകുളം, കോഴിക്കോട് വിമാനത്താവളങ്ങളിൽനിന്നും പോകുന്നതിനേക്കാൾ കൂടുതലാണെന്ന ആക്ഷേപം വിമാന സർവ്വീസിന്റെ ആദ്യഘട്ടത്തിൽ ഉയർന്നുവന്നു. എയർ ഇന്ത്യയുടെ വിമാനങ്ങളാണ് ആദ്യഘട്ടത്തിൽ കണ്ണൂരിൽനിന്നും വിദേശ രാജ്യങ്ങളിലേയ്ക്ക് സർവ്വീസ് നടത്തിയിരുന്നത്. ഇതുമായി ബന്ധപ്പെട്ട് എയർ ഇന്ത്യയുടെ ആളുകളുമായി സംസാരിക്കാനിടയായി, അത് ശരിയാണെന്ന് അവർ സമ്മതിക്കുകയും അത് തിരുത്താമെന്ന് പറഞ്ഞതിന്റെയും ഭാഗമായി വിമാനനിരക്ക് കുറയുന്ന സ്ഥിതിയല്ല, യഥാർത്ഥത്തിൽ കൂടുന്ന അവസ്ഥയാണുണ്ടായത്. കണ്ണൂരിനെയാണ് യഥാർത്ഥത്തിൽ ഇത് പ്രതികൂലമായി ബാധിച്ചത്. കോഴിക്കോടുനിന്നും കണ്ണൂരിലേയ്ക്കോ എറണാകുളത്തേയ്ക്കോ ട്രെയിനിൽ വന്നാൽ അതിനേക്കാൾ വലിയ വ്യത്യാസം യാത്രാക്കൂലിയിൽ ഉണ്ടാകുന്നുണ്ട്. ഇക്കാര്യം എയർ ഇന്ത്യയുടെ ആളുകളുമായി സംസാരിക്കുകയും അത് പരിഹരിക്കാമെന്ന് സമ്മതിക്കുകയും ചെയ്തിട്ടുണ്ട്. കണ്ണൂർ വിമാനത്താവളം ഗ്രീൻഫീൽഡ് വിമാനത്താവളമായതിനാൽ ദൈനംദിന പ്രവർത്തനങ്ങൾക്ക് ഭാരിച്ച ചെലവ് വേണ്ടിവരുന്നുണ്ട്. പുതിയ വിമാനത്താവളമായതിനാലും 'ഉഡാൻ' പദ്ധതിയിൽ ഉൾപ്പെടേണ്ടതിനാലുമാണ് ഇന്ധനനികുതി 10 വർഷത്തേയ്ക്ക് 1% ആയി കുറയ്ക്കാൻ തീരുമാനിച്ചത്. കൂടുതൽ വിമാനക്കമ്പനികളെ ആകർഷിക്കുന്നതിനും ടിക്കറ്റ് നിരക്ക് കുറയ്ക്കുന്നതിനും ഇതുമൂലം കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇത്തരമൊരു സമീപനം സ്വീകരിച്ചതുകൊണ്ടാണ് ആഭ്യന്തര റൂട്ടുകളിൽ ചെലവ് കുറഞ്ഞ വിമാന യാത്ര സാദ്ധ്യമാക്കുന്നതിന് നടപ്പിലാക്കിയ റീജിയണൽ കണക്റ്റിവിറ്റി 'ഉഡാൻ സ്കീമിൽ ' കണ്ണൂർ വിമാനത്താവളത്തെ ഉൾപ്പെടുത്താൻ കഴിഞ്ഞത്. 'ഉഡാൻ സ്കീമിന്റെ' ഭാഗമായാണ് ഇത്തരമൊരു നിർദ്ദേശം വന്നത്. ഇത് ആഭ്യന്തര യാത്രക്കാരെ സംബന്ധിച്ച് പ്രയോജനകരമാണ്. ഈ സാഹചര്യത്തിലാണ് കണ്ണൂർ വിമാനത്താവളത്തിന് നികുതിയിളവ് അനുവദിച്ചത്. കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം വിമാനത്താവളങ്ങൾക്ക് ഈ ഇളവിന് അർഹത വരുന്നില്ല. കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ യാത്രക്കാർക്ക് പുറമെ കർണ്ണാടക

സംസ്ഥാനത്തെ യാത്രക്കാരാണ് കണ്ണൂർ വിമാനത്താവളത്തെ കൂടുതലായി ആശ്രയിക്കുന്നത്. ബഹുമാനപ്പെട്ട അംഗങ്ങൾ ചൂണ്ടിക്കാണിച്ച മറ്റൊരു കാര്യം, വിമാന സർവ്വീസിൽ കുറവ് വരുന്നുണ്ടെന്നാണ്. അങ്ങനെ വരുമ്പോൾ സ്വാഭാവികമായും സർക്കാർ അതിൽ ഇടപെടും. വിമാന സർവ്വീസ് വർദ്ധിപ്പിക്കുക എന്നത് കോഴിക്കോടിന്റെയോ തിരുവനന്തപുരത്തിന്റെയോ കാര്യത്തിലായാലും കൂടുതൽ ശ്രദ്ധ പതിപ്പിക്കാൻ തന്നെയാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇത് 'ഉഡാൻ പദ്ധതി' പ്രകാരം എന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. യഥാർത്ഥത്തിലുള്ള ഇഷ്യൂ, ഫ്യൂവൽ ടാക്സിന്റേതാണ്. കണ്ണൂർ വിമാനത്താവളത്തിന് ഫ്യൂവൽ ടാക്സ് കുറയ്ക്കേണ്ടെന്നല്ല ഞങ്ങൾ പറഞ്ഞത്, അവിടെ കൂടുതൽ വിമാനങ്ങൾ ഇറങ്ങേണ്ടതുമാണ്. ഏറ്റവും വലിയ പ്രശ്നം നേരിടുന്ന വിമാനത്താവളം കോഴിക്കോടാണെന്ന് അങ്ങേയ്ക്കുമറിയാം. വളരെ തുച്ഛമായ രീതിയിലാണ് കോഴിക്കോട് ഇപ്പോൾ വിമാന സർവ്വീസ് നടക്കുന്നത്. അതുകൊണ്ട് ഇതിനകത്തുള്ള ആശങ്ക പരിഹരിക്കുന്ന നിലയിൽ കോഴിക്കോട് വിമാനത്താവളത്തിന്റെ ഫ്യൂവൽ ടാക്സിൽ കുറവ് വരുത്താൻ സ്റ്റേറ്റ് ഗവൺമെന്റിന് കഴിയും, അത് പരിശോധിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, അതാണ് ഞാൻ പരിശോധിക്കാൻ ഉദ്ദേശിക്കുന്നില്ലെന്ന് പറഞ്ഞത്. മൂന്ന് വിമാനത്താവളങ്ങൾ വേറെയുമുണ്ട്, അവയിലൊന്നും ഫ്യുവൽ ടാക്സ് കുറയ്ക്കാൻ ഉദ്ദേശിക്കുന്നില്ല. പുതിയ വിമാനത്താവളം എന്ന നിലയ്ക്ക് കണ്ണൂർ വിമാനത്താവളത്തിന് കൊടുക്കേണ്ട പിന്തുണയുടെ ഭാഗമായിമാത്രം പത്തുവർഷത്തേയ്ക്ക് വരുത്തിയ ഒരു കാര്യമാണ്, അത് മറ്റ് വിമാനത്താവളങ്ങൾക്ക് ബാധകമാക്കാൻ ഉദ്ദേശിക്കുന്നില്ല.

### (3) വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, കൊച്ചി നഗരസഭയുടെയും കളമശ്ശേരി, ഏലൂർ, തൃക്കാക്കര ഉൾപ്പെടെയുള്ള നാല് മുനിസിപ്പാലിറ്റികളുടെയും പത്ത് പഞ്ചായത്തുകളുടെയും ജലക്ഷാമത്തിന് പരിഹാരം കാണുന്നതിന് കളമശ്ശേരിയിൽ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റും ഒ. എച്ച്. ടാങ്കും സ്ഥാപിക്കുന്നതിനുള്ള ശുദ്ധജല പദ്ധതിക്ക് 238.53 കോടി രൂപയുടെ ഭരണാനുമതി സർക്കാർ നൽകിയിരുന്നു. ഈ പദ്ധതി യാഥാർത്ഥ്യമാക്കിയാൽ 135 എം.എൽ.ഡി. ശുദ്ധജലം ലഭിക്കുക വഴി 30 വർഷക്കാലത്തേയ്ക്ക് കൊച്ചി, കളമശ്ശേരി ഉൾപ്പെടുന്ന

പ്രദേശങ്ങൾക്ക് ആവശ്യമായ ശുദ്ധജലം ലഭ്യമാക്കാനും കളമശ്ശേരിയിലുള്ള എറണാകുളം ഗവൺമെന്റ് മെഡിക്കൽ കോളേജ്, കൊച്ചി കാൻസർ സെന്റർ എന്നീ സ്ഥാപനങ്ങളിലെ വമ്പിച്ച തോതിലുള്ള ശുദ്ധജല ആവശ്യം പരിഹരിക്കാനും സാധിക്കും. ഈ പദ്ധതി നടപ്പിലാക്കുന്നതിന് ഭൂമി ലഭ്യമാക്കുന്ന കാര്യത്തിൽ വ്യവസായ വകുപ്പ് കളമശ്ശേരിയിലെ കിൻഫ്രയുടെ അധീനതയിലുള്ള 6 ഏക്കർ ഭൂമി വിട്ടുനൽകാമെന്ന് സമ്മതിച്ചിട്ടുണ്ട്. എന്നാൽ ഭൂമി കണ്ടെത്തുന്ന കാര്യത്തിൽ ജലവിഭവ വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടായ അലംഭാവം കാരണം ഈ പദ്ധതി വർഷങ്ങളായി മുടങ്ങിക്കിടക്കുകയാണ്. നിലവിൽ ഭൂമി കണ്ടെത്തിയ സാഹചര്യത്തിൽ കിൻഫ്ര ലഭ്യമാക്കുമെന്നറിയിച്ച പ്രസ്തുത ഭൂമിയിൽ ഈ കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്നതാണ് ഈ സബ്മിഷനിലെ ആവശ്യം. ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രി എറണാകുളം, തൃക്കാക്കര, കളമശ്ശേരി എം.എൽ.എ.-മാരെയും ഉന്നത ഉദ്യോഗസ്ഥരെയും വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥരെയും വിളിച്ച് ഒരു ഉന്നതതല യോഗം ചേരണം. വ്യവസായ വകുപ്പുമന്ത്രിയുംകൂടി പങ്കെടുത്താൽ നല്ലതാണ്. കളമശ്ശേരിയിലുള്ള ഗവൺമെന്റ് മെഡിക്കൽ കോളേജിനും കാൻസർ സെന്ററിനും ലക്ഷക്കണക്കിന് ലിറ്റർ വെള്ളം ആവശ്യമാണ്. ആ സ്ഥാപനങ്ങൾക്കും തൃക്കാക്കര, ഏലൂർ, കളമശ്ശേരി മുനിസിപ്പാലിറ്റികൾക്കും എറണാകുളത്തെ ചില ഭാഗങ്ങൾക്കും കുടിവെള്ളമെത്തിക്കാനുള്ള പദ്ധതിയാണിത്. അതുകൊണ്ട് ഒരു ഉന്നതതല യോഗം വിളിച്ചുചേർക്കണമെന്ന് ആവശ്യപ്പെടുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ഉന്നതതല യോഗം വിളിക്കുന്നതിനെക്കുറിച്ച് വളരെ ഗൗരവമായിത്തന്നെ ആലോചിക്കാം. കൊച്ചി കോർപ്പറേഷനും കളമശ്ശേരി, തൃക്കാക്കര, ഏലൂർ എന്നീ മുനിസിപ്പാലിറ്റികൾക്കും ചേരാനെല്ലൂർ, വരാപ്പുഴ, മുളവുകാട് എന്നീ പഞ്ചായത്തുകൾക്കും പ്രയോജനം ചെയ്യുന്ന വിധത്തിൽ നിലവിലുള്ള പദ്ധതികളുടെ വിപുലീകരണത്തിനായി 238.53 കോടി രൂപ ചെലവുള്ള 135 എം.എൽ.ഡി. ശേഷിയുള്ള ഒരു ശുദ്ധജലവിതരണ പദ്ധതിക്ക് ഭരണാനുമതി നൽകുകയുണ്ടായി. ശുദ്ധീകരണശാല നിർമ്മിക്കുന്നതിനായി 10 ഏക്കർ സ്ഥലം കളമശ്ശേരി എച്ച്.എം.ടി.-യിൽനിന്ന് ലഭ്യമാക്കാനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ ടി സ്ഥലം ലഭ്യമാക്കുന്നതിന് പല നിയമ തടസ്സങ്ങളും ഉണ്ടായതിനാൽ എച്ച്.എം.ടി.-ക്ക് സമീപമുള്ള കിൻഫ്രാ ഹൈടെക്ക് പാർക്കിലെ ഏകദേശം 6 ഏക്കർ സ്ഥലം 8-7-2015-ൽ ആവശ്യപ്പെട്ടു. എന്നാൽ ടി സ്ഥലം Zoom Developers-ന് നേരത്തെതന്നെ കൈമാറിയതിനാൽ

തിരികെ കിൻഫ്ര ഏറ്റെടുക്കുന്നതിനെതിരെ അവർ കോടതിയെ സമീപിച്ചിട്ടുണ്ടെന്നും അതിനാൽ സ്ഥലം ലഭ്യമാക്കാൻ സാധിക്കുകയില്ലെന്നും കിൻഫ്ര അധികാരികൾ അറിയിച്ചു. 26-12-2018-ൽ കളമശ്ശേരി ഗസ്റ്റ് ഹൗസിൽ വച്ച് ബഹുമാനപ്പെട്ട ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്, എം.എൽ.എ. വിളിച്ചുചേർത്ത യോഗത്തിൽ നിലവിൽ Zoom Developers-ഉമായി കിൻഫ്രയ്ക്കുണ്ടായിരുന്ന കേസ് ഹൈക്കോടതി തള്ളിയതായി അറിയിക്കുകയും സ്ഥലംവാങ്ങുന്ന നടപടി എത്രയുംപെട്ടെന്ന് ആരംഭിക്കുന്നതിന് യോഗത്തിൽ തീരുമാനിക്കുകയും ചെയ്തു. ശുദ്ധീകരണശാല നിർമ്മിക്കുന്നതിനായി പരിഗണിച്ചിട്ടുള്ള സ്ഥലവും കേരള വാട്ടർ അതോറിറ്റിയുടെ ആലുവയിലുള്ള 4 ഏക്കർ സ്ഥലവും കളമശ്ശേരിയിലുള്ള കിൻഫ്രയുടെ അധീനതയിലുള്ള 6 ഏക്കർ സ്ഥലവും ടെക്നിക്കൽ മെമ്പർ, ചീഫ് എഞ്ചിനീയർ, പ്രോജക്ട്സ് ചീഫ് എഞ്ചിനീയർ (വാസ്കോൺ), ചീഫ് എഞ്ചിനീയർ (മദ്ധ്യമേഖല) എന്നിവർ സംയുക്തമായി 19-1-2019-ൽ പരിശോധിച്ചു. രണ്ട് സ്ഥലങ്ങളും തമ്മിലുള്ള സാങ്കേതികവും സാമ്പത്തികവുമായ താരതമ്യപഠനം നടത്തിയതിൽനിന്നും ആലുവയിലുള്ള സ്ഥലമാണ് ശുദ്ധീകരണശാല നിർമ്മിക്കുന്നതിന് കൂടുതൽ അനുയോജ്യമെന്ന് കണ്ടെത്തി. കിൻഫ്രയുടെ സ്ഥലത്ത് ശുദ്ധീകരണശാല സ്ഥാപിക്കുമ്പോൾ ആലുവയിൽനിന്ന് കിൻഫ്രയുടെ സ്ഥലത്തേയ്ക്ക് പൈപ്പുകൾ സ്ഥാപിക്കുന്നതിൽ തോഷിബ ജംഗ്ഷൻ മുതൽ കിൻഫ്രയുടെ സ്ഥലംവരെയുള്ള 3.25 കി.മീ. റോഡ് എച്ച്.എം.റ്റി.-യുടെ അധീനതയിലാണ്. പ്രസ്തുത റോഡ് വീതി കുറഞ്ഞതും ഇപ്പോൾത്തന്നെ ജലഅതോറിറ്റിയുടെ 350 mm എ.സി. പൈപ്പ് ലൈൻ, കിൻഫ്രയുടെ 300 mm എ.സി. പൈപ്പ് ലൈൻ, ഗെയിലിന്റെ 200mm ഗ്യാസ് പൈപ്പ് ലൈൻ, കെ.എസ്.ഇ.ബി.എൽ.-ന്റെ 11 kv പവർലൈൻ, ബി.എസ്.എൻ.എൽ.-ന്റെ ഒപ്റ്റിക്കൽ ഫൈബർ കേബിൾ എന്നീ യൂട്ടിലിറ്റികൾ നിലവിലുള്ളതാണ്. വാട്ടർ അതോറിറ്റിയുടെ ആലുവയിലുള്ള സ്ഥലത്ത് ശുദ്ധീകരണശാല നിർമ്മിക്കുന്നതിനെ അപേക്ഷിച്ച് കിൻഫ്രയുടെ സ്ഥലത്ത് നിർമ്മിക്കുന്നതിന് ഏകദേശം 100 കോടി രൂപ അധികമായി വേണ്ടിവരും. കൂടാതെ പദ്ധതിയുടെ ഓപ്പറേഷൻ ആൻഡ് മെയിന്റനൻസ് പ്രവൃത്തികൾക്ക് പ്രതിവർഷം ഏകദേശം 10 കോടി രൂപ വീതവും അധികം വേണ്ടിവരും. കൊച്ചി കോർപ്പറേഷന്റെ പ്രാധാന്യം കണക്കിലെടുത്ത് 24 x 7 എന്ന വാട്ടർ സപ്ലൈ സ്കീം ജല അതോറിറ്റിയുടെ ആലുവയിലുള്ള സ്ഥലം ഉപയോഗപ്പെടുത്തി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. എം.എൽ.എ.-മാർ ഉൾപ്പെടെയുള്ളവരുടെ യോഗംവിളിക്കാൻ സർക്കാർ തയ്യാറാണ്.

## (4) സാമ്പത്തിക സഹായം

ശ്രീ. മാത്യു ടി. തോമസ്: സർ, എന്റെ നിയോജകമണ്ഡലത്തിലെ പെരിങ്ങര പഞ്ചായത്തിൽ നെൽവയലിൽ കീടനാശിനി പ്രയോഗിക്കുന്നതിനിടയിൽ രണ്ട് മരണങ്ങൾ സംഭവിക്കുകയുണ്ടായി. വാർത്താമാധ്യമങ്ങൾ അത് വ്യാപകമായി റിപ്പോർട്ട് ചെയ്തിട്ടുമുണ്ട്. കഴിപ്പിൽ കോളനിയിലെ താമസക്കാരനായ 44 വയസ്സുള്ള കെ. കെ. സനൽ കുമാറിനെ 17-1-2019-ന് 3.30-ന് ദേഹാസ്വാസ്ഥ്യം അനുഭവപ്പെട്ടതിനെത്തുടർന്ന് ചങ്ങനാശ്ശേരി ഗവൺമെന്റ് ഹോസ്പിറ്റലിലും അവിടെനിന്ന് കോട്ടയം മെഡിക്കൽകോളേജിലേയ്ക്കും കൊണ്ടുപോകുകയും 17-ാം തീയതിയും 18-ാം തീയതിയും കോട്ടയം മെഡിക്കൽ കോളേജിലെ ചികിത്സ കഴിഞ്ഞ് 19-ാം തീയതി രാവിലെ 2.30-ന് മരണപ്പെടുകയും ചെയ്തു. സനൽ കുമാറിന് ഭാര്യയും 4-ാം ക്ലാസ്സിലും 8-ാം ക്ലാസ്സിലും ഡിഗ്രിക്കും പഠിക്കുന്ന മൂന്ന് പെൺകുട്ടികളുമാണുള്ളത്. അതിന് സമീപത്തുതന്നെയുള്ള മത്തായി ഈശോ 18-1-2019 വെള്ളിയാഴ്ച ചങ്ങനാശ്ശേരി ഗവൺമെന്റ് ഹോസ്പിറ്റലിൽവച്ച് മരണപ്പെടുകയുണ്ടായി. ഇത് നാട്ടിലാകെ ആശങ്കയുണ്ടാക്കിയ രണ്ട് മരണങ്ങളാണ്. കീടനാശിനി പ്രയോഗവുമായി ബന്ധപ്പെട്ടാണ് ഈ മരണങ്ങളെന്നാണ് വ്യാപകമായി റിപ്പോർട്ട് ചെയ്യപ്പെടുകയും കാര്യങ്ങൾ നീങ്ങുകയും ചെയ്തിട്ടുള്ളത്. ഇതുസംബന്ധിച്ച് വളരെ വിശദമായ അന്വേഷണം നടത്തേണ്ടതുണ്ട്. കീടനാശിനിപ്രയോഗം നടത്തുന്നത് സംബന്ധിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ വകുപ്പുതലത്തിൽ നൽകണം. മരണപ്പെട്ട കുടുംബങ്ങൾക്ക് അവരുടെ പ്രത്യേക സാമ്പത്തികസ്ഥിതി കണക്കിലെടുത്ത് മതിയായ സാമ്പത്തിക സഹായം നൽകാൻ ഗവൺമെന്റ് തയ്യാറാകണം എന്നാണ് സബ്മിഷനിലൂടെ എനിക്ക് ഉന്നയിക്കാനുള്ളത്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ശ്രീ. മാത്യു ടി. തോമസ് ഇവിടെ ഉന്നയിച്ചത് വളരെ ഗൗരവമുള്ള ഒരു കാര്യമാണ്. എനിക്കുമുമ്പ് ശ്രീ. മാത്യു ടി. തോമസ് അവിടെ പോയതാണ്. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയും അവിടെ സന്ദർശിക്കാൻ സന്മനസ്സ് കാട്ടിയത് നല്ലകാര്യമാണ്. കുട്ടനാട്ടിലും അപ്പർ കുട്ടനാട്ടിലും കീടനാശിനി പ്രയോഗിച്ചാൽ അത് ആളുകളെ സാരമായി ബാധിക്കുന്നു എന്നുള്ള ആശങ്കയാണ്. മാത്രമല്ല ഗവൺമെന്റ് നിരോധിച്ച ഈ കീടനാശിനികൾ പ്രയോഗിക്കുന്നതുമൂലം വ്യാപകമായ തോതിൽ മാരകരോഗങ്ങളും ആളുകൾ മരിക്കുന്ന സ്ഥിതിവരെയും എത്തിച്ചേർന്നിരിക്കുകയാണ്. കൃഷി വകുപ്പ് മന്ത്രിയുടെ നിർദ്ദേശാനുസരണം ഒരു സർക്കുലർ ഇറക്കിയിട്ടുണ്ട്. വ്യാപകമായ തോതിൽ നിരോധിക്കപ്പെട്ട കീടനാശിനികൾ ഉപയോഗിക്കുന്നുണ്ടെങ്കിൽ

അത് റെയ്ഡ് ചെയ്ത് പിടിക്കാനുള്ള നടപടി ഉണ്ടാകണം. ഈ ആശങ്ക അകറ്റാൻ സമഗ്രമായൊരു അന്വേഷണം നടത്തണമെന്നും ആ കുടുംബത്തിന് സഹായം നൽകണമെന്നും ഞാൻ അഭ്യർത്ഥിക്കുകയാണ്.

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>): സർ, വളരെ ദൗർഭാഗ്യകരമായിട്ടുള്ള ഈ സംഭവം നടക്കുന്നതിനുമുമ്പുതന്നെ 10-12-2018-ന് ചേർന്ന കീടനാശിനി വിഷയവുമായി ബന്ധപ്പെട്ട ഉന്നതതലയോഗത്തിന്റെ തീരുമാനം അനുസരിച്ച് 3-1-2019-നാണ് അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ സർക്കുലർ ഇറക്കിയിരിക്കുന്നത്. കേരളത്തിൽ കീടനാശിനിയുടെ ഉപയോഗം ശാസ്ത്രീയമായി എങ്ങനെയാണ് നടത്തേണ്ടത്; അതിന്റെ നിയന്ത്രണം എങ്ങനെ ആയിരിക്കണം; ഘട്ടംഘട്ടമായുള്ള കീടനാശിനി പ്രയോഗത്തിൽനിന്നും കാർഷികമേഖലയെ മോചിപ്പിക്കുന്നതിനുള്ള ഒരു വലിയ കാമ്പയിൻകൂടി ആ സർക്കുലറിൽ പറയുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ജനുവരി മാസം 21 മുതൽ 31-വരെ നീണ്ടുനിൽക്കുന്ന എല്ലാ കീടനാശിനി റീട്ടെയിൽ ഷോപ്പുകളും പരിശോധിക്കാനും അവിടെ അനധികൃതമായി വിൽപ്പനയുണ്ടോയെന്ന കാര്യം പരിശോധിച്ച് കർശന നടപടിയെടുക്കാനും ആ സർക്കുലറിൽ പ്രതിപാദിച്ചിരുന്നതാണ്. അതുപ്രകാരമുള്ള കാര്യങ്ങൾ നടന്നുകൊണ്ടിരിക്കുന്നതിനിടയിലാണ് ഇങ്ങനെ ഒരു വാർത്ത റിപ്പോർട്ട് ചെയ്യപ്പെട്ടത്. അനാവശ്യ ഭീതി കർഷകർക്കിടയിൽ ഉണ്ടാകേണ്ട കാര്യമില്ലെന്നാണ് എനിക്കുപറയാനുള്ളത്. കാരണം ഗവൺമെന്റ് ഇക്കാര്യത്തിൽ കർശന നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സൂചിപ്പിച്ചതുപോലെ കർഷകർക്കിടയിലുള്ള ആശങ്ക ഒഴിവാക്കാനുള്ള നടപടികൾ ഫീൽഡ് ലെവലിൽ ഇപ്പോൾ ഡിപ്പാർട്ട്മെന്റ് ആരംഭിച്ചിട്ടുണ്ട്. ഇവിടെ ആശങ്കപ്പെടേണ്ട രീതിയിലേയ്ക്ക് കാര്യങ്ങൾ പോയിട്ടില്ല. നിരോധിത കീടനാശിനികൾ ഉപയോഗിക്കാതിരിക്കാൻ വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നുണ്ട്. പക്ഷെ, പലപ്പോഴും തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങളിൽനിന്ന് പലപേരുകളിൽ കീടനാശിനികൾ വരുന്നതായുള്ള അറിവ് കിട്ടിയതിനെത്തുടർന്ന് സ്റ്റേറ്റ് ലെവൽ എൻഫോഴ്സ്മെന്റ് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. സ്റ്റേറ്റ് ലെവൽ എൻഫോഴ്സ്മെന്റ് രൂപീകരിക്കുന്നതിന് പോസ്റ്റ്ക്രിയേഷൻ ആവശ്യമുള്ളതു കൊണ്ട് ഈ വിഷയം ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. സ്റ്റേറ്റ് ലെവൽ എൻഫോഴ്സ്മെന്റ് വന്നുകഴിഞ്ഞാൽ സംസ്ഥാനതലത്തിൽ കീടനാശിനി നിയന്ത്രിക്കുന്നതിനുള്ള ശക്തമായ എൻഫോഴ്സ്മെന്റ് കേരളത്തിൽ നിലവിൽവരും.

നിലവിലുള്ള സംവിധാനം ഉപയോഗപ്പെടുത്തിക്കൊണ്ട് കർശനമായ വ്യവസ്ഥകളോടുകൂടിയ പ്രവർത്തനം നടന്നുകൊണ്ടിരിക്കുകയാണ്. ഈ സംഭവം നടന്ന സ്ഥലത്ത് ഞാൻ പോയതാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും സന്ദർശിച്ചിരുന്നു. മാത്യൂ ടി. തോമസ് എം.എൽ.എ. പലതവണ സന്ദർശിച്ചിരുന്നു. ഞാനും എം.എൽ.എ. ഉൾപ്പെടെയുള്ള ആളുകളും കഴിഞ്ഞദിവസവും അവിടെ സന്ദർശനം നടത്തുകയുണ്ടായി. തിരുവല്ല താലൂക്കിലെ കാവുംഭാഗം വില്ലേജിലെ വേങ്ങൽ-ഇരുകര പാടശേഖരത്തിൽ 17-1-2019-ന് നെൽകൃഷിക്ക് മോട്ടോർ പമ്പ് ഉപയോഗിച്ച് രാസകീടനാശിനി തളിക്കുന്ന ജോലികഴിഞ്ഞ് രാത്രി വീട്ടിലെത്തി അത്താഴം കഴിഞ്ഞതിനുശേഷം കർഷകത്തൊഴിലാളിയായ ശ്രീ. സനൽ കുമാർ എന്നയാൾക്ക് ദേഹാസ്വാസ്ഥ്യമുണ്ടായി. ഇത് പാടത്തുവച്ചുണ്ടായ സംഭവമല്ല. അതിനെത്തുടർന്ന് അദ്ദേഹത്തെ കോട്ടയം മെഡിക്കൽകോളേജിൽ പ്രവേശിപ്പിക്കുകയും 19-1-2019-ൽ മരണമടയുകയുമാണുണ്ടായത്. ആലംതുരുത്തിമുറിയിൽ മാങ്കുളത്ത് വീട്ടിൽ ശ്രീ. മത്തായി ഈശോ എന്നയാളും 19-1-2019-ൽ മരണമടയുകയുണ്ടായി. പക്ഷെ, ഇദ്ദേഹം ഇടഞ്ഞില്ലം പാടശേഖരത്തിൽ നെല്ലിന് മരുന്നടിച്ചിരുന്ന കർഷകത്തൊഴിലാളിയാണ്. എന്നാൽ ഈ സംഭവത്തിന്റെ പ്രത്യേകത, 18-1-2019-ൽ വീട്ടിൽവച്ച് ദേഹാസ്വാസ്ഥ്യം ഉണ്ടായതിനെത്തുടർന്ന് ചങ്ങനാശ്ശേരി ഗവൺമെന്റ് ആശുപത്രിയിൽ പ്രവേശിക്കപ്പെട്ട ശ്രീ. മത്തായി ഈശോ 19-1-2019-ൽ മരണപ്പെടുകയുണ്ടായി. ഒരാൾ രാവിലേയും ഒരാൾ വൈകിട്ടുമാണ് മരിക്കുന്നത്. ഇദ്ദേഹം വിഷം ഉള്ളിൽചെന്ന് മരിച്ചുവെന്നുള്ളതാണ് പോലീസിന്റെ അന്വേഷണത്തിൽനിന്ന് പോസ്റ്റുമോർട്ടം റിപ്പോർട്ടിലുള്ള പ്രാഥമിക നിഗമനത്തിലൂടെ മനസ്സിലാക്കിയിരിക്കുന്നത്. ഈ രണ്ട് മരണങ്ങളും വ്യത്യസ്ത സ്ഥലങ്ങളിൽ വ്യത്യസ്ത സമയങ്ങളിൽ സംഭവിച്ചിരിക്കുന്ന കാര്യങ്ങളാണെന്നാണ് ഡിപ്പാർട്ട്മെന്റിൽ ലഭ്യമായിരിക്കുന്ന വിവരം. അതുകൊണ്ട് ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ പറഞ്ഞ സാഹചര്യത്തിൽ, ഈ മരണങ്ങൾ എന്തുകൊണ്ടാണ് സംഭവിച്ചതെന്ന കാര്യത്തെ സംബന്ധിച്ച് ഗവൺമെന്റ് സമഗ്ര അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. മരണപ്പെട്ട വ്യക്തികളുടെ കുടുംബപശ്ചാത്തലം വളരെ ദയനീയമാണ്. പ്രത്യേകിച്ച്, സനൽ കുമാറിന്റെ വീട്ടിൽ ഭാര്യയും മൂന്ന് പെൺമക്കളും മാത്രമാണുള്ളത്. അവർ ഒരു കുടിലിലാണ് താമസിക്കുന്നത്. അവർക്ക് വീട് ലഭ്യമാക്കുന്നതിനുവേണ്ടി പ്രതിപക്ഷനേതാവ് ചില പ്രഖ്യാപനങ്ങൾ നടത്തുകയുണ്ടായി. സംസ്ഥാന ഗവൺമെന്റ് നിലവിലുള്ള പദ്ധതിപ്രകാരം അവർക്ക് അടിയന്തരമായി വീട് കൊടുക്കുന്നതിനുള്ള നിർദ്ദേശം

നൽകുകയും മുഖ്യമന്ത്രിയുടെ ഫണ്ടിൽനിന്നും രണ്ട് പേർക്കും മൂന്ന് ലക്ഷം രൂപ വീതം ധനസഹായം പ്രഖ്യാപിച്ചിട്ടുമുണ്ട്. ബാക്കി കാര്യങ്ങൾ സംബന്ധിച്ച് വിശദമായ അന്വേഷണത്തിനുശേഷം എന്ത് ചെയ്യണമെന്നതിനെപ്പറ്റി ഗവൺമെന്റ് ആലോചിച്ച് തീരുമാനമെടുക്കുന്നതാണ്. ഇവിടെ അശാസ്ത്രീയമായ രാസകീടനാശിനി പ്രയോഗംമൂലം അത് അടിക്കുന്ന ആളുകൾക്കും അത് പ്രയോഗിച്ച് ഉണ്ടാക്കുന്ന ഭക്ഷണം കഴിക്കുന്നവർക്കും ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകുന്നു. അതുകൊണ്ടുതന്നെ ഇക്കാര്യത്തിൽ കൃഷി വകുപ്പ് കർശനമായ ചില തീരുമാനങ്ങൾ എടുത്തുകൊണ്ടിരിക്കുകയാണ്. ഇവിടെ നിരോധിത കീടനാശിനികൾ സമ്പൂർണ്ണമായും അവസാനിപ്പിക്കണം. റെഡ് ലേബലിലുള്ള മാരക കീടനാശിനികൾ പൂർണ്ണമായും ഇവിടെ നിരോധിച്ചിരിക്കുകയാണ്. യെല്ലോ ലേബലിൽ പെട്ടിരിക്കുന്ന കീടനാശിനി അഗ്രിക്കൾച്ചറൽ ഓഫീസറുടെ കുറിപ്പടി ഇല്ലാതെ കൊടുക്കാൻ പാടില്ല എന്ന കർശന നിബന്ധന എല്ലാ റീട്ടെയിൽ ഷോപ്പുകൾക്കും കൊടുത്തിരുന്നതാണ്. എന്നാൽ കേരളത്തിൽ പ്രചാരത്തിലില്ലാത്ത, കാർഷിക സർവ്വകലാശാലയുടെ പാക്കേജ് ഓഫ് പ്രാക്ടീസിൽ അവർ റെക്കമെന്റ് ചെയ്യാത്ത, 'വിരാട് ' എന്നുപറയുന്ന ന്യൂറോടോക്സിക്കായ കീടനാശിനിയാണ് ഇവിടെ കൊടുത്തിരിക്കുന്നത്. ഈ കീടനാശിനി കേരളത്തിൽ ഒരു ക്രോപ്പുകൾക്കും റെക്കമെന്റ് ചെയ്യപ്പെടാത്തതാണ്. അത് പരുത്തികൃഷിക്കാണ് പ്രധാനമായും ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. ചില ഘട്ടങ്ങളിൽ കത്തിരിക്ക കൃഷിക്കും ഉപയോഗിക്കുന്നു. യെല്ലോ കാറ്റഗറിയിൽപ്പെട്ട കീടനാശിനിയും ഇവിടെ വിൽക്കാൻ പാടില്ലാത്തതാണ്; അഥവാ വിൽക്കുന്നുണ്ടെങ്കിൽത്തന്നെ അഗ്രിക്കൾച്ചറൽ ഓഫീസറുടെ കുറിപ്പടി വേണം. അത് ഒരു കൃഷിക്കാരന് കീടനാശിനിയുടെ റീട്ടെയിൽ ഷോപ്പുകാരൻ സ്വമേധയാ കൊടുത്തിരിക്കുന്ന കീടനാശിനിയാണ്. ഈ സംഭവത്തെത്തുടർന്ന് അവിടെ റെയ്ഡ് നടത്തുകയും ആ കട അടച്ചുപൂട്ടുകയും ചെയ്തിരിക്കുകയാണ്. മാത്രമല്ല, 21 മുതൽ 31 വരെ നീണ്ടുനിൽക്കുന്ന വലിയൊരു കാമ്പെയിനിന്റെ ഭാഗമായി കേരളത്തിലെ എല്ലാ കീടനാശിനിക്കടകളും റെയ്ഡ് ചെയ്യുകയും അനധികൃതമായി കീടനാശിനി സൂക്ഷിച്ച എല്ലാ കടകൾക്കുമെതിരെ കർശന നടപടി സ്വീകരിച്ചിരിക്കുകയുമാണ്. കീടനാശിനി തളിക്കുന്ന നിരവധി തൊഴിലാളികൾ കേരളത്തിലുണ്ട്. ഇവർക്കെല്ലാം വ്യാപകമായ തോതിൽ ശാസ്ത്രീയ പരിശീലനം കൊടുക്കാൻ ഗവൺമെന്റ് നിർദ്ദേശം നൽകുകയും അതിന്റെ നടപടി നടന്നുകൊണ്ടിരിക്കുകയുമാണ്. ഇവരെ ഒരു രജിസ്ട്രേഷനിൽ കൊണ്ടുവരാൻ കൃഷി വകുപ്പ് ഉദ്ദേശിക്കുകയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കുറച്ച് തൊഴിലാളികളേ ഉള്ളൂ. ഡ്രോൺ മുഖേന ഇത് തളിക്കാൻ പറ്റും. അതൊന്ന് പരിശോധിക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഈ തൊഴിലാളികൾക്കുള്ള പരിശീലനം കൊടുക്കാൻ ഞങ്ങളുടെ റീജിയണൽ ട്രെയിനിംഗ് സെന്ററുകൾക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. തൊഴിലാളികൾ പരിശീലനത്തിന് വരണമെങ്കിൽ ആ ദിവസത്തെ കൂലി കൊടുക്കണം എന്നുള്ള ഒരു പ്രശ്നമുണ്ട്. ആ രീതിയിൽ അവരെ വിളിച്ചുവരുത്തി ട്രെയിനിംഗ് കൊടുക്കാൻ തീരുമാനമെടുത്തിട്ടുണ്ട്.

ശ്രീ. വി. ഡി. സതീശൻ: സർ, വാട്ടർ റിസോഴ്സ് പൂർണ്ണമായും പോകില്ലേ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, അത് വളരെ താഴെനിന്ന് അടിക്കുന്നതാണ്. നെല്ലിന്റെ ഉയരത്തിൽനിന്നും അരയടി മാത്രം ഉയരത്തിലാണ് തളിച്ചുകൊണ്ടിരിക്കുന്നത്. മുകളിലേയ്ക്ക് പോകുന്നതല്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, കിണർ എങ്ങനെ സംരക്ഷിക്കും?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, കിണറിലേയ്ക്കൊന്നും പോകില്ല. തമിഴ്നാട്ടിലെ അണ്ണാമലൈ യൂണിവേഴ്സിറ്റിയിലെ സയന്റിസ്റ്റുകളാണ് പ്രധാനമായും ഇതവിടെ കൊണ്ടുവന്നത്. അവർ ശാസ്ത്രീയമായി അത് തളിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായി. ഇവിടെ കീടനാശിനി മാത്രമല്ല, മൈക്രോ ന്യൂട്രിയന്റ്സും ഇതുപോലെ തളിക്കുന്നതിനുള്ള ഒരു പരീക്ഷണം നടത്തി, വൻ വിജയമായിരുന്നു. അത് പ്രധാനമായും നെൽവയലുകളിൽ മാത്രമാണ് ആദ്യം ഉപയോഗിച്ചുനോക്കുന്നത്. കോട്ടയം ജില്ലയിൽ പരീക്ഷിച്ച് വിജയിച്ചതിന്റെ അടിസ്ഥാനത്തിൽ മറ്റ് സ്ഥലങ്ങളിലേയ്ക്ക് പ്രയോഗിക്കുന്നതിനുവേണ്ടിയുള്ള ആലോചന ഗവൺമെന്റ് നടത്തിയിട്ടുണ്ട്. കുറച്ച് സ്ഥലങ്ങളിൽക്കൂടി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. കേരളത്തിലെ കാർഷിക മേഖലയിൽ നിരോധിത കീടനാശിനികൾ കർശനമായി തടയുന്നതിനും നിയന്ത്രിത കീടനാശിനികൾ ആ നിലയിൽത്തന്നെ ശാസ്ത്രീയമായി ഉപയോഗിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനും കീടനാശിനികൾ വിൽപ്പന നടത്തുന്നതും അത് വാങ്ങുന്നതും സംബന്ധിച്ച നിലവിലുള്ള വ്യവസ്ഥകൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനുമാവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

## (5) കുടിവെള്ള പദ്ധതി

ശ്രീ. സി. ദിവാകരൻ: സർ, അതീവ ഗുരുതരമായ ഒരു പ്രശ്നമാണ് ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. കേരളത്തിൽ കുടിവെള്ളക്ഷാമം വരാൻ പോകുകയാണ്. നെടുമങ്ങാട് മലയോര പ്രദേശങ്ങളിൽ കടുത്ത

കുടിവെള്ളക്ഷാമമാണ് അനുഭവപ്പെടുന്നത്. പ്രത്യേകിച്ച്, വെമ്പായം, കരകുളം, മാണിക്കൽ എന്നീ പഞ്ചായത്തുകളിലുള്ള പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിൽ കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് കോർപ്പസ് ഫണ്ടിൽനിന്ന് 142 ലക്ഷം രൂപ അനുവദിക്കണമെന്ന് അഭ്യർത്ഥിച്ച് കേരള വാട്ടർ അതോറിറ്റി എം.ഡി. 23-8-2018-ൽ പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് മുമ്പാകെ ഒരു പദ്ധതി സമർപ്പിച്ചിരുന്നു. നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ മൂന്ന് ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടുന്ന ഈ പദ്ധതി നടപ്പിലാക്കുന്നതോടെ ഈ മൂന്ന് പദ്ധതിപ്രദേശങ്ങളിലെയും എല്ലാ പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിലും കുടിവെള്ളം ലഭ്യമാകും. പ്രസ്തുത പദ്ധതി സമർപ്പിച്ച് അഞ്ച് മാസം പിന്നിടുമ്പോഴും സാങ്കേതിക കാരണങ്ങൾ പറഞ്ഞ് തുക അനുവദിക്കുന്നതിനുള്ള നടപടി പൂർത്തിയായിട്ടില്ല. വേനൽ ആരംഭിച്ചതോടെ തിരുവനന്തപുരം ജില്ലയിലെ മലയോര മണ്ഡലമായ നെടുമങ്ങാടിന്റെ എല്ലാ പ്രദേശങ്ങളിലും ഇപ്പോൾത്തന്നെ കുടിവെള്ളക്ഷാമം രൂക്ഷമായിരിക്കുകയാണ്. അവിടെയുള്ള നിർദ്ധനരായ പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വലിയ അനുഗ്രഹമാകുന്ന ഈ പദ്ധതിയിൽ, ബഹുമാനപ്പെട്ട പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലൻ ഇടപെട്ട് അതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചാൽ ആ പാവങ്ങൾക്ക് കുടിവെള്ളം കിട്ടും.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, നെടുമങ്ങാട് അസംബ്ലി മണ്ഡലത്തിലെ 16 പട്ടികജാതി സങ്കേതങ്ങളിലേയ്ക്കാണ് കേരള വാട്ടർ അതോറിറ്റിയുടെ മൂന്ന് വ്യത്യസ്ത കുടിവെള്ള പദ്ധതികൾ ശിപാർശ ചെയ്തത്. പൈപ്പ്ലൈൻ ദീർഘിപ്പിച്ച് കുടിവെള്ളം നൽകുന്നതിനുള്ള ഒരു പ്രൊപ്പോസൽ വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് 23-08-2018-ന് നൽകിയിരുന്നു. പദ്ധതിയുടെ അടങ്കൽ തുക ഒരു കോടി നാൽപ്പത്തിരണ്ട് ലക്ഷം രൂപയായിരുന്നു. ഇവിടെ ഉണ്ടായ ഒരു പ്രശ്നം ബെനിഫിഷ്യറീസ് അൻപത് ശതമാനത്തിൽ കൂടുതലുണ്ട് എന്നുള്ള ഫീസീബിലിറ്റി റിപ്പോർട്ട് വേണം എന്നതാണ്. അല്ലെങ്കിലുള്ള പ്രശ്നമെന്തെന്നാൽ, പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ കോർപ്പസ് ഫണ്ട്—പട്ടികജാതിക്കാർ കുറവുള്ള സ്ഥലത്ത് കൊടുത്താൽ അതിന്റെ ഭൂരിപക്ഷം ഉപയോഗവും ഇവർക്കല്ല കിട്ടുന്നത്. ചില സ്ഥലത്ത് അങ്ങനെയുള്ള പ്രശ്നങ്ങൾ ഉള്ളതുകൊണ്ടാണ് ഫീസിബിലിറ്റി റിപ്പോർട്ട് ലഭ്യമാക്കേണ്ടത് ആവശ്യമായി വരുന്നത്. അതോടൊപ്പം സാമൂഹ്യ ഭൂപടം,

ഗുണഭോക്തൃ ലിസ്റ്റ് എന്നിവ ഇല്ലാതെ വാട്ടർ അതോറിറ്റി പ്രോജക്ട് സമർപ്പിച്ചതിന്റെ ഭാഗമായി കുറച്ച് കാലതാമസം വന്നു. ആവശ്യമായ രേഖകൾ പെട്ടെന്ന് തയ്യാറാക്കി സമർപ്പിക്കാൻ ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അവ ലഭിക്കുന്ന സമയംതന്നെ ഇതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതായിരിക്കും.

## (6) സ്വകാര്യ പ്രാക്ടീസ്

ശ്രീ. എ. എൻ. ഷംസീർ: സർ, ഈ സർക്കാർ അധികാരമേറ്റെടുത്തശേഷം ആരോഗ്യ മേഖലയിൽ വലിയ മാറ്റമാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. അതിന് നേതൃത്വം കൊടുക്കാൻ നല്ല നിലയിലുള്ള പങ്കാണ് ബഹുമാനപ്പെട്ട കെ. കെ. ശൈലജ ടീച്ചർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ആരോഗ്യ രംഗത്ത് ക്ഷേമകരമായ ഒരുപാട് നടപടികൾ കൊണ്ടുവരാൻ ഈ സർക്കാരിനായിട്ടുണ്ട്. സർക്കാർ ആശുപത്രികളുടെ നിലവാരം മെച്ചപ്പെട്ടു. ഇരുനൂറ് വർഷം പഴക്കമുള്ള തലശ്ശേരി ജനറൽ ഹോസ്പിറ്റലിൽ ശ്രീമതി കെ. കെ. ശൈലജ ടീച്ചർ മുൻകയ്യെടുത്ത്, മുഖ്യമന്ത്രിയുടെ പിന്തുണയോടുകൂടി കാത്ത് ലാബ്, ഡയാലിസിസ് യൂണിറ്റ് എന്നിവ ഉൾപ്പെടെ ആരംഭിക്കാൻ കഴിഞ്ഞു. മാത്രമല്ല ഫാമിലി ഹെൽത്ത് സെന്ററുകളായി കേരളത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ മാറ്റുന്നു. കേരളത്തിന്റെ ആരോഗ്യ മേഖലയിലെ ഭൗതിക പശ്ചാത്തല വികസനത്തിനാണ് ഈ സർക്കാർ നേതൃത്വം കൊടുത്തുകൊണ്ടിരിക്കുന്നത്. ഇങ്ങനെ കേരളത്തിന്റെ ആരോഗ്യ മേഖലയിൽ നിരവധി വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്ത് മുന്നോട്ട് പോകുമ്പോൾ ഒരു വിഭാഗം സർക്കാർ ഡോക്ടർമാർ സർക്കാർ നയത്തിന് വിരുദ്ധമായ നിലപാടെടുക്കുന്നു എന്നുള്ള ദുഃഖകരമായ സത്യമാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. സ്വകാര്യ ആശുപത്രികൾ, ഫിസിയോതെറാപ്പി സെന്ററുകൾ, സ്വകാര്യ ക്ലിനിക്കുകൾ, മെഡിക്കൽ ഷോപ്പുകൾ എന്നിവിടങ്ങളിൽ ഉയർന്ന വേതനത്തിൽ സർക്കാർ ആശുപത്രിക്ക് തൊട്ടടുത്തുതന്നെ ഇവർ സ്വകാര്യ പ്രാക്ടീസ് ചെയ്യുന്നതായി കാണുന്നുണ്ട്. ചില മൈക്രോസ്കോപ്പിക് മൈനോരിറ്റിയായ ഡോക്ടർമാർ ഒ.പി.-യിൽപ്പോലും കൃത്യമായി ഹാജരാകാത്ത സാഹചര്യമാണുള്ളത്. ഇത് വളരെയധികം ഞെട്ടലുളവാക്കുന്ന വസ്തുതയാണ്. ഒരു ഭാഗത്ത് സർക്കാർ വലിയ രീതിയിൽ ഇടപെടുന്നു. ഈ സർക്കാർ വന്നപ്പോൾ മൂന്ന് മഹാദുരന്തങ്ങൾ വന്നു. അതിലൊന്ന് ആരോഗ്യമേഖലയെ ബാധിക്കുന്ന 'നിപ' ആയിരുന്നു. അതിനെ ആർജ്ജവത്തോടെ നേരിടാൻ ബഹുമാനപ്പെട്ട കെ. കെ. ശൈലജ ടീച്ചർക്കും ആരോഗ്യ വകുപ്പിനും കഴിഞ്ഞു. അതിനെയെല്ലാം അതിജീവിച്ച

നമ്മുടെ സംസ്ഥാനത്ത് ഒരു ചെറിയ വിഭാഗം ഡോക്ടർമാരുടെ ഈ സമീപനം നമ്മുടെ സർക്കാർ മേഖലയിൽ ആതുരസേവനരംഗത്ത് വലിയ പ്രത്യാഘാതം തന്നെ സൃഷ്ടിക്കുകയാണ്. ഇതിന് പരിഹാരമുണ്ടാക്കാൻ സാധിക്കണം. ഇനി അവരുടെ റെമ്യൂണറേഷൻ ഉയർത്തിയാണെങ്കിൽ, അങ്ങനെയെങ്കിലും സർക്കാർ ഡോക്ടർമാർ സർക്കാർ മേഖലയിൽത്തന്നെ പ്രവർത്തിക്കണം. ഏതെങ്കിലും മെഡിക്കൽ ഷോപ്പിന്റെയോ ഫിസിയോതെറാപ്പി സെന്ററിന്റെയോ സ്വകാര്യ സ്ഥാപനത്തിന്റെയോ ഭാഗമായി ഇത്തരം ഡോക്ടർമാർ സ്വകാര്യ പ്രാക്ടീസ് നടത്താൻ പാടില്ല. നമ്മുടെ സർക്കാർ നല്ല നിലയിൽ ഇടപെട്ട് ഇത് ഒരു പരിധിവരെ തടയാൻ കഴിഞ്ഞു. പക്ഷേ, പൂർണ്ണമായും ഇപ്പോഴും പരിഹാരമുണ്ടാക്കാൻ സാധിച്ചില്ല എന്നുള്ളത് ഖേദകരമായ സംഭവമാണ്. ഇതിന് പരിഹാരമുണ്ടാക്കാൻ സാധിക്കണം. കേരളത്തിന്റെ ആരോഗ്യ മേഖലയിൽ ബഹുമാനപ്പെട്ട കെ. കെ. ശൈലജ ടീച്ചർ മുൻകയ്യെടുത്ത് നടത്തിക്കൊണ്ടിരിക്കുന്ന എല്ലാ പ്രവർത്തനങ്ങളും റൗണ്ട് ദ ക്ലോക്കാണ്. കേരളത്തിന്റെ ആരോഗ്യ മേഖലയിൽ റൗണ്ട് ദ ക്ലോക്ക് (24x7) എന്ന നിലയിൽ നല്ല രീതിയിൽത്തന്നെ ആരോഗ്യവകുപ്പും മന്ത്രിയും ഇടപെട്ടുകൊണ്ടിരിക്കുന്നു. ഇതിനൊരു കളങ്കമായാണ് ഇത്തരം പ്രവർത്തനം മാറുന്നത്. വളരെ സജീവമായിത്തന്നെ ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് ഇതിന് പരിഹാരമുണ്ടാക്കണം എന്ന് ഞാൻ ഈ സബ്മിഷനിലൂടെ സർക്കാരിനോട് അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചത്. ഇതിന്റെ വസ്തുതയെന്തെന്നാൽ 2005-ലെ സർക്കാർ ഉത്തരവുപ്രകാരം ആരോഗ്യ വകുപ്പിന് കീഴിലുള്ള ഡോക്ടർമാർക്ക് അവർ താമസിക്കുന്ന സ്ഥലങ്ങളിൽ ഡ്യൂട്ടി സമയത്തിനുശേഷം സ്വകാര്യ പ്രാക്ടീസ് നടത്തുന്നതിനുള്ള അനുവാദം നൽകിയിട്ടുണ്ട്, അതൊരു തെറ്റായ കാര്യമല്ല. ഒരുപാട് ചർച്ചകൾക്കുശേഷം രോഗികൾക്ക് കൂടുതൽ സർവ്വീസ് ലഭ്യമാക്കുക എന്ന ധാരണയോടുകൂടിയാണ് അങ്ങനെയൊരു ഉത്തരവിറക്കിയിട്ടുള്ളത്. എന്നാൽ ചില സർക്കാർ ഡോക്ടർമാർ സ്വകാര്യ പ്രാക്ടീസ് മാനദണ്ഡങ്ങളെ മറികടന്നുകൊണ്ട്, നേരത്തെ ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ചതുപോലെ പോളിക്ലിനിക്കുകൾ, സ്വകാര്യ ലബോറട്ടറികൾ, സ്വകാര്യ മെഡിക്കൽ ഷോപ്പുകൾ എന്നിവയോടനുബന്ധിച്ച് നിയമവിരുദ്ധമായി താമസസ്ഥലത്തല്ലാതെ സ്വകാര്യ പ്രാക്ടീസ് നടത്തുന്നുവെന്ന് ആരോഗ്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുകയും അതുസംബന്ധിച്ച് ചില പരാതികൾ

ലഭിക്കുകയും ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ നിയമവിരുദ്ധമായി സ്വകാര്യ പ്രാക്ടീസ് നടത്തുന്നുണ്ടോയെന്നത് സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ചില ഡോക്ടർമാർ ചട്ടവിരുദ്ധമായി സ്വകാര്യ പ്രാക്ടീസ് നടത്തുന്നതായി റിപ്പോർട്ട് ലഭിച്ചതിനെത്തുടർന്ന് അവർക്കെതിരായി അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇനിയും അത്തരം അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ പൊതുജനങ്ങളിൽനിന്നും ഇത്തരം നിയമവിരുദ്ധമായ, സ്വകാര്യ പ്രാക്ടീസ് സംബന്ധിച്ച പരാതി ലഭിക്കുന്നപക്ഷം ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ അഡീഷണൽ ഡയറക്ടർ, വിജിലൻസ്, ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ, ആരോഗ്യ വകുപ്പിലെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മൂന്ന് റീജിയണൽ വിജിലൻസ് യൂണിറ്റ് ഓഫീസർമാരിലാർക്കെങ്കിലും ചുമതല നൽകി അന്വേഷണം നടത്തി പരാതി ശരിയാണെന്ന് കാണുന്നപക്ഷം അച്ചടക്കനടപടികൾ സ്വീകരിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. സ്വകാര്യ പ്രാക്ടീസ് എങ്ങനെ നടത്താം എന്നതിനെക്കുറിച്ച് വളരെ വ്യക്തമായ മാനദണ്ഡങ്ങളുണ്ട്. ഇതിൽ അവർ താമസിക്കുന്ന സ്ഥലത്ത് (റെസിഡൻസിൽ) മാത്രമാണ് രോഗികളെ കാണാനുള്ള അനുവാദമുള്ളത്. അവിടെ ഉയർന്ന ഉപകരണങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള പരിശോധനയോ മറ്റെന്തെങ്കിലും ക്ലിനിക്കൽ സേവനങ്ങളോ ഒന്നും രോഗികൾക്ക് നൽകാൻ പാടില്ലാത്തതാണ്. ഡയഗ്നോസിസിന് ആവശ്യമായ ഉപകരണങ്ങൾ മാത്രമെ ഉപയോഗിക്കാൻ പാടുള്ളൂവെന്ന വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ പഴയ ഉത്തരവിലുണ്ട്. അതുപോലെ ആശുപത്രിയിൽ ഐ.പി.-യിലുള്ള രോഗികളെ വീട്ടിൽവച്ച് പരിശോധിക്കാൻ പാടില്ല. ആശുപത്രിയിൽ ഐ.പി.-യിലുള്ള രോഗികളാരും ഇവിടെ വരാൻ പാടില്ല എന്ന് ഡോക്ടർമാരുടെ വീടുകളിൽ ബോർഡ് വയ്ക്കണം. അതുപോലെതന്നെ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന രോഗികൾ ഡോക്ടർമാരെ വീട്ടിൽ വന്ന് കാണാൻ പാടില്ല എന്ന വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങളുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ക്ലിനിക്കൽ സ്ഥാപനങ്ങൾ, തെറാപ്പി സെന്ററുകൾ, സ്വകാര്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഗവൺമെന്റ് ഡോക്ടർമാർ സ്വകാര്യ പ്രാക്ടീസിന് പോകാൻ പാടില്ലെന്ന വ്യക്തമായ മാനദണ്ഡമുണ്ട്. വളരെ ചെറിയൊരു ന്യൂനപക്ഷമാണ് ഇത് ലംഘിക്കുന്നവരായുള്ളത്. കാരണം, ഇപ്പോൾ ഗവൺമെന്റ് ഡോക്ടർമാരിലധികംപേരും ഓഫീസ് സമയത്തിനുശേഷം പ്രാക്ടീസ് നടത്താൻ തയ്യാറാകുന്നില്ല. പലരും അവരുടെ കുടുംബത്തിനോടൊപ്പം കഴിയാനുള്ള സമയം വേറൊന്നിനും ചെലവഴിക്കാൻ പറ്റില്ലെന്ന മനോഭാവത്തിൽ തന്നെയാണ്

തുടരുന്നത്. എന്നാൽ ചിലർ ഇങ്ങനെ ചെയ്യുന്നുണ്ട് എന്നുള്ളതും വസ്തുതയാണ്. ഇത് കുറേ കാലമായി തുടർന്നുവരുന്നതാണ്. അത് ഓരോന്നായി നമ്മൾ കണ്ടുപിടിക്കുകയാണ്. ഇത് വളരെ ഗൗരവമായി കാണേണ്ട വിഷയമാണ്. അതുകൊണ്ട് മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി സ്വകാര്യ സർവ്വീസ് നടത്തുന്ന ഇത്തരത്തിലുള്ള ആളുകളെ കണ്ടുപിടിച്ച് കുറ്റകൃത്യമാണെന്ന് പറഞ്ഞുകൊണ്ട് അത് ഒഴിവാക്കാനും നടപടിയെടുക്കാനും ഈ ഗവൺമെന്റ് സന്നദ്ധമാകും എന്നാണ് എനിക്ക് പറയാനുള്ളത്.

## (7) സ്പെഷ്യൽ സ്കൂളുകളുടെ പ്രവർത്തനം

ശ്രീ. പി. സി. ജോർജ്: സർ, മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് പഠനവും പരിശീലനവും പുനരധിവാസവും നൽകിവരുന്ന സാഹചര്യങ്ങൾ കൂടുതലും സ്വകാര്യ മേഖലയിലാണ്. ഗവൺമെന്റ് അക്കാര്യത്തിൽ ഉത്തരവാദിത്വം കാണിക്കുന്നില്ല. മാനസിക വൈകല്യം, ഓട്ടിസം, സെറിബ്രൽ പാൾസി എന്നിവ ബാധിച്ച കുട്ടികളുടെ സ്ഥിതി വളരെ ദുഃഖകരമാണ്. അവരുടെ കുറ്റം കൊണ്ടല്ലല്ലോ അവർ അങ്ങനെയായത്. ആ കുഞ്ഞുങ്ങളുടെ കാര്യം നോക്കാൻ 314 സ്പെഷ്യൽ സ്കൂളുകളാണ് കേരളത്തിലുള്ളത്. ആ സ്കൂളുകളിൽ പഠിപ്പിക്കുന്നവർക്ക് തുച്ഛമായ ശമ്പളമാണുള്ളത്. ഗവൺമെന്റ് മേഖലയിൽ പണിയെടുക്കുന്ന ആയമാർക്ക് 18,000 രൂപ മുതൽ 30,000 രൂപ വരെ ശമ്പളം കൊടുക്കുന്ന സാഹചര്യമുള്ളപ്പോൾ, 314 സ്പെഷ്യൽ സ്കൂളുകളിൽ പഠിപ്പിക്കുന്നവർക്ക് വളരെ തുച്ഛമായ ശമ്പളമാണ് ലഭിക്കുന്നത്. ഈ സ്കൂളുകളെല്ലാം എയ്ഡഡ് സ്കൂളുകളാക്കി മാറ്റുമെന്ന് കഴിഞ്ഞ തെരഞ്ഞെടുപ്പ് സമയത്ത് എൽ.ഡി.എഫ്.-ന്റെ പ്രകടനപത്രികയിൽ വളരെ വ്യക്തമായി എഴുതിവച്ചിട്ടുണ്ട്. കഴിഞ്ഞ സർക്കാർ ഈ മേഖലയിലെ തെറ്റ് തിരുത്താനായി 100-ൽ കൂടുതൽ കുട്ടികളുള്ള സ്കൂളുകളെ എയ്ഡഡ് പദവിയിലുയർത്തി ഓർഡർ ഇറക്കിയതുമാണ്. ആ ഓർഡർപോലും നടപ്പാക്കാൻ നിങ്ങൾ തയ്യാറായിട്ടില്ല. ടീച്ചറെപോലൊരു അമ്മ ഈ വകുപ്പ് കൈകാര്യം ചെയ്യുമ്പോൾ എന്തുകൊണ്ട് ഇത് സംഭവിക്കുന്നുവെന്ന് എനിക്ക് ചിന്തിക്കാൻ പോലും സാധിക്കുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അക്കാര്യത്തിൽ നന്ദിയോടുകൂടി ഒരു കാര്യം പറയാനുണ്ട്. 2014 നവംബർ 26-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സാമൂഹ്യനീതി വകുപ്പ് സെക്രട്ടറിയോട് ഇതിനെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാനായി മുഖ്യമന്ത്രിയും ആരോഗ്യ വകുപ്പുമന്ത്രിയും ഉത്തരവിട്ടതിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യനീതി വകുപ്പ് സെക്രട്ടറി ഒരു മാസംകൊണ്ട് റിപ്പോർട്ട് സമർപ്പിച്ചതാണ്.

ആ റിപ്പോർട്ടും മന്ത്രിയുടെ കയ്യിലുണ്ട്. നിയമസഭയിൽ മന്ത്രി ഇക്കാര്യങ്ങളെല്ലാം സമ്മതിച്ചിട്ടുള്ളതുമാണ്. സ്പെഷ്യൽ സ്കൂളുകൾക്ക് സമഗ്ര പാക്കേജ് നടപ്പാക്കാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഗ്രാന്റ്-ഇൻ-എയ്ഡ് ആയി 40 കോടി രൂപ മാറ്റിവച്ചുകൊണ്ട് ഉത്തരവിട്ടതാണ്. എന്തുകൊണ്ട് ഇത് നടക്കാതെ പോകുന്നുവെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഈ പാക്കേജ് നടപ്പാകുന്നതോടെ സ്പെഷ്യൽ സ്കൂളുകളുടെ പ്രശ്നങ്ങൾ ഒരു പരിധിവരെ പരിഹരിക്കാൻ കഴിയും. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ ഉത്തരവിട്ടേ മതിയാകൂ. സ്പെഷ്യൽ സ്കൂൾ സമഗ്ര പാക്കേജ് ഉടൻ നടപ്പാക്കണം, എൽ.ഡി.എഫ്. പ്രകടനപത്രികയുടെ വാഗ്ദാനമായ എയ്ഡഡ് പദവി നടപ്പാക്കണം, സ്പെഷ്യൽ സ്കൂൾ ജീവനക്കാർക്ക് തുല്യജോലിക്ക് തുല്യവേതനവും ക്ഷേമനിധിയും ജോലിസ്ഥിരതയും ഉറപ്പുവരുത്തണം, മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ എല്ലാ ആനുകൂല്യങ്ങളും സർക്കാർ സമയബന്ധിതമായി നടപ്പാക്കണം എന്നിവയാണ് ഇപ്പോഴത്തെ പ്രധാനപ്പെട്ട ആവശ്യം. അതുപോലെ പ്രധാനപ്പെട്ട കാര്യമാണ് മാനസിക വെല്ലുവിളി നേരിടുന്ന 18 വയസ്സിന് മുകളിൽ പ്രായമുള്ളവർക്ക് തൊഴിൽ പരിശീലനവും തൊഴിലും പുനരധിവാസവും ഉറപ്പുവരുത്തുന്ന വിഷയവും; അത് ഗവൺമെന്റ് ചർച്ച ചെയ്യണം. കേരളത്തിൽ ഇത്തരത്തിലുള്ള സ്ഥാപനങ്ങൾ മുഴുവൻ സ്വകാര്യ മേഖലയിലാണ് പ്രവർത്തിക്കുന്നത്. നദീർ മൗലവിയെപ്പോലുള്ള ചിലരാണ് ഈ പാവങ്ങളുടെ ആവശ്യങ്ങൾ നേടിയെടുക്കാൻ ഓടിനടക്കുന്നത്. കഴിഞ്ഞ ദിവസം 14 ജില്ലാ ആസ്ഥാനങ്ങളിലും ഇവരുടെ സമരം കാണാനിടയായി. അതിലൊരു സമരത്തിൽ ഞാൻ പങ്കെടുത്തതുമാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി കാലതാമസം വരുത്താതെ ഗവൺമെന്റ് പ്രഖ്യാപിച്ച 'തുല്യജോലിക്ക് തുല്യവേതനം' എന്ന നയം നടപ്പാക്കണമെന്ന് ശക്തമായി ഞാൻ ആവശ്യപ്പെടുകയാണ്.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളെ സംരക്ഷിക്കുന്നത് സംബന്ധിച്ച് ഈ സർക്കാർ വളരെ ഗൗരവമായ ആലോചനയാണ് നടത്തിയിട്ടുള്ളത്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചതുപോലെ വർഷങ്ങളായി ഈ സ്ഥാപനങ്ങളെല്ലാം സ്വകാര്യ മേഖലയിൽ മാത്രമായി നിൽക്കുകയാണ്. അതിന് യാതൊരു നിയന്ത്രണങ്ങളുമില്ല. ആർക്കും എവിടെയും ഇത്തരം സ്ഥാപനങ്ങൾ തുടങ്ങാൻ സാധിക്കും. ചിലർ വളരെ ഭംഗിയായി നടത്തുന്നുണ്ട്. എന്നാൽ മറ്റുചില സ്ഥലങ്ങളിൽ വളരെ മോശമായ രീതിയിൽ അവശ്യമായ സൗകര്യങ്ങളോ അതിന് യോഗ്യതയുള്ള ആളുകളോ

ഇല്ലാതെയും ഇവ നടത്തുന്നുണ്ട്, അവിടെയെല്ലാം പീഢനങ്ങൾ അനുഭവിക്കുന്നുമുണ്ട്. എന്നാൽ കുറേ സ്ഥാപനങ്ങൾ വളരെ നന്നായി ആത്മാർത്ഥതയോടെ നടത്തുന്നുമുണ്ട്. നമ്മുടെ സംസ്ഥാനത്ത് 296 സ്പെഷ്യൽ സ്കൂളുകളും 148 ബഡ്സ് സ്കൂളുകളും ഇതിന്റെ ഭാഗമായുണ്ട്. പിന്നെ തെറാപ്പി സെന്റേഴ്സ് എന്നുപറഞ്ഞ് തോന്നുന്നിടത്തെല്ലാം അത് തുടങ്ങുന്ന അവസ്ഥയുമുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് ഈ വകുപ്പിന്റെ ചുമതല ഏറ്റെടുത്തയുടനെ ഇക്കാര്യങ്ങൾ പഠിക്കാൻ നിശ്ചയിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയെല്ലാം വിളിച്ചുവരുത്തി കാര്യങ്ങൾ ചർച്ചചെയ്തപ്പോൾ എനിക്ക് അത്ഭുതമാണ് തോന്നിയത്. കാരണം, ഇത്രയും വർഷങ്ങളായി ഈ സ്ഥാപനങ്ങൾക്ക് യാതൊരു നിയന്ത്രണവുമില്ല. തോന്നിയതുപോലെ പ്രവർത്തിക്കുകയാണ്. ഗവൺമെന്റ് കുറച്ച് ഗ്രാന്റ് അനുവദിക്കുന്നു, അത് കുറച്ച് സ്ഥാപനങ്ങൾക്ക് കിട്ടുന്നു, കുറേ സ്ഥാപനങ്ങൾക്ക് കിട്ടുന്നില്ല, ഇങ്ങനെയുള്ള കുഴഞ്ഞുമറിഞ്ഞ അവസ്ഥയായിരുന്നു. ഇത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ ശരിയാക്കണമെന്ന് ആഗ്രഹിച്ചിട്ടാണ് അദ്ദേഹംതന്നെ ഇതിനാവശ്യമായ മീറ്റിംഗ് 27-11-2017-ൽ വിളിച്ചുചേർത്തത്. സാമൂഹ്യനീതി വകുപ്പാണ് ഇവരുടെ പ്രശ്നങ്ങൾ പരിഹരിക്കേണ്ടത്. ആ യോഗത്തിന്റെ തീരുമാനപ്രകാരം ഇത്തരം സ്കൂളുകൾക്കായി ഒരു സമഗ്രപാക്കേജ് ഉണ്ടാക്കണം, ഒരു മാർഗ്ഗരേഖ തയ്യാറാക്കണമെന്ന് നിശ്ചയിക്കുകയും ആരോഗ്യ, വിദ്യാഭ്യാസ, തദ്ദേശസ്വയംഭരണ വകുപ്പുകളുടെ പ്രതിനിധികളെയെല്ലാം വിളിച്ചുചേർത്ത് ഒരു ചർച്ച നടത്തുകയും ചെയ്തിരുന്നു. അതിനുശേഷം 9-8-2018-ൽ വീണ്ടും ഈ പാക്കേജിന്റെ കാര്യം ചർച്ച ചെയ്യാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സാമൂഹ്യ നീതി വകുപ്പിനെയാണ് പാക്കേജ് തയ്യാറാക്കാൻ ചുമതലപ്പെടുത്തിയിരുന്നത്. അത് തത്വത്തിൽ യോഗം അംഗീകരിക്കുകയും ചെയ്തു. ആ പാക്കേജിൽ ചില കാര്യങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. ഇത്തരം സ്ഥാപനങ്ങൾ എയ്ഡഡ് ആക്കാൻ സാധിക്കുകയില്ലെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞിരുന്നു. ബഹുമാനപ്പെട്ട മെമ്പർ മനസ്സിലാക്കേണ്ടത് ഇത്രയും സ്കൂളുകളിൽനിന്നും 33 എണ്ണത്തിനെ തെരഞ്ഞെടുത്തിട്ട് അവയെ എയ്ഡഡ് ആക്കി മാറ്റുന്നതിനാണ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് തീരുമാനിച്ചിരുന്നത്. അങ്ങനെ തീരുമാനിച്ചപ്പോൾ വലിയ എതിർപ്പ് ഇവരുടെ ഇടയിൽനിന്ന് തന്നെയുണ്ടായി. കാരണം, ഇവ ഒരിക്കലും ഒരു എയ്ഡഡ് സ്കൂൾ നിലവാരത്തിലേയ്ക്ക് കൊണ്ടുപോകാൻ കഴിയുന്ന സ്ഥാപനങ്ങളല്ല. പ്രത്യേക പരിഗണന അർഹിക്കുന്ന, അതിനുള്ള പ്രത്യേക സ്റ്റാഫ് പാറ്റേണും കാര്യങ്ങളും ആവശ്യമായ

സ്ഥാപനങ്ങളാണിവ. ജീവനക്കാരുടെ യോഗ്യത കണക്കിലെടുത്ത് ഇപ്പോൾ അവിടെ ജോലി ചെയ്യുന്നവരെയെല്ലാം പുറത്താക്കി പുതിയ നിയമനം നടത്താൻ പുറപ്പെടുന്നുവെന്നും അതിനുപിന്നിൽ വലിയ രീതിയിൽ പണം വാങ്ങാനുള്ള മാനേജ്മെന്റിന്റെ പരിശ്രമമുണ്ടെന്നും വലിയതോതിൽ ആരോപണം വന്നതിനെത്തുടർന്ന് അത് നിർത്തിവയ്ക്കുകയാണ് ചെയ്തത്. ഇതൊരു എയ്ഡഡ് സ്കൂളല്ല, ആ രീതിയിലുള്ള പഠനവുമല്ല ഉദ്ദേശിക്കുന്നതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയിൽ വ്യക്തമാക്കിയതാണ് ഒക്കുപ്പേഷണൽ തെറാപ്പിപോലുള്ള ജീവിതത്തിനാവശ്യമായ സ്കിൽ ഡെവലപ്മെന്റാണ് ഇതിൽ പലതിലും വേണ്ടത്. അതുകൊണ്ടുതന്നെ ഇത്തരം സ്ഥാപനങ്ങളെയെല്ലാം ഗവൺമെന്റിന് ഏറ്റെടുക്കാൻ കഴിയില്ല. അതുകൊണ്ട് നന്നായി നടത്തുന്ന സ്ഥാപനങ്ങളെ വേർതിരിച്ച് അവർക്ക് നല്ല എയ്ഡ് കൊടുക്കുകയും ആ സ്ഥാപനങ്ങളുടെ നടത്തിപ്പിനാവശ്യമായ സഹായം ഗവൺമെന്റ് നൽകുകയും ചെയ്യുക എന്നതാണ് തീരുമാനിച്ചിട്ടുള്ളത്. അതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം ചേർന്ന യോഗത്തിലെടുത്ത തീരുമാനത്തിൽ ഒന്ന് കുട്ടികളുടെ എണ്ണം, ലഭ്യമായ അടിസ്ഥാന സൗകര്യങ്ങൾ, അധ്യാപകരുടെ എണ്ണം, യോഗ്യത, ഇതിനനുസരിച്ച് ഇത്തരം സ്ഥാപനങ്ങളെ 'എ', 'ബി', 'സി' എന്നിങ്ങനെ തരംതിരിക്കുകയെന്നതാണ്. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ കഴിഞ്ഞ ഗവൺമെന്റ് അനുവദിച്ച 13 കോടി രൂപ കൃത്യമായി ഈ സ്ഥാപനങ്ങൾക്ക് കൊടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ച 40 കോടി രൂപ എങ്ങനെ വീതിക്കണം എന്നുള്ള പ്രശ്നമുണ്ട്. അത് ഇനിയും അനർഹരുടെ കയ്യിൽ പോകാൻ പാടില്ല. അതുകൊണ്ടാണ് കൃത്യമായി എ, ബി, സി എന്നിങ്ങനെ തരംതിരിക്കാൻ തീരുമാനിച്ചത്. അങ്ങനെ ഗ്രേഡായി തിരിക്കാൻ ഒരു കമ്മിറ്റി രൂപീകരിച്ച് ഇപ്പോൾ പ്രവർത്തനം നടന്നുവരികയാണ്. ഗ്രേഡ് തിരിക്കാൻ ആവശ്യമായ മാനദണ്ഡം പ്രഖ്യാപിച്ചുകഴിഞ്ഞിട്ടുണ്ട്. അതിൽ 'എ ഗ്രേഡ്' സ്കൂളുകൾക്ക് പ്രതിവർഷം 83,05,200 രൂപയും 'ബി ഗ്രേഡ്' സ്കൂളുകൾക്ക് 51,55,200 രൂപയും 'സി ഗ്രേഡിന് 19,47,600 രൂപയും ഗ്രാന്റായി കൊടുക്കാൻ നിശ്ചയിക്കുകയും അതിന്റെ മാനദണ്ഡങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്തു. കമ്മിറ്റി നിശ്ചയിച്ച് ഇപ്പോൾ പരിശോധിച്ച് ഗ്രേഡ് തിരിച്ചുകൊണ്ടിരിക്കുകയാണ്. അത് പൂർത്തിയാകുന്ന മുറയ്ക്ക് വളരെ പെട്ടെന്ന് തന്നെ അനുവദിച്ച തുക കൊടുക്കാൻ സാധിക്കും. അതുപോലെ ആരോഗ്യ/വിദ്യാഭ്യാസ വകുപ്പുകളിലെ ഉദ്യോഗസ്ഥ ടീമാണ് സ്കൂളുകൾ സന്ദർശിച്ച് ഗ്രേഡുകൾ തിരിക്കുന്നത്. ഞാൻ അതിന്റെ മാനദണ്ഡങ്ങൾ വായിക്കുന്നില്ല.

മേശപ്പുറത്ത് വയ്ക്കാം.* വ്യക്തമായി അത് പ്രസിദ്ധീകരിച്ചതാണ്. അതിൽ ആർക്കും തർക്കമില്ല. ഇതോടൊപ്പം വളരെ സുപ്രധാനമായ മറ്റ് ചില തീരുമാനങ്ങളുംകൂടി ആ യോഗം കൈക്കൊള്ളുകയുണ്ടായി.

12.00 Noon]

പാങ്ങപ്പാറയിലുള്ള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റലി ചലഞ്ച്ഡ് എന്ന സ്ഥാപനം ഇപ്പോൾ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലാണ്. അതിനെ സാമൂഹ്യ നീതി വകുപ്പിന്റെ കീഴിൽ കൊണ്ടുവന്ന് ഇത്തരം കാര്യങ്ങൾക്കുള്ള റിസോഴ്സ് പേഴ്സൺസിനെയടക്കം വാർത്തെടുക്കാനുള്ള ഒരു റിസർച്ച് സെന്ററായി, വിദ്യാഭ്യാസ വകുപ്പിലെ എസ്.സി.ഇ.ആർ.ടി. പോലെ, എസ്.ഐ.എം.സി.-യെ ഒരു നല്ല റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടായി വളർത്തിയെടുക്കാനുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ഇതുകൂടാതെ കുട്ടികളുടെ ഡിസ്എബിലിറ്റിയെ വേർതിരിച്ചെടുക്കുക എന്നതും ഒരു പ്രധാന കാര്യമാണ്. വളരെ മൈൽഡായിട്ടുള്ള ഡിസ്എബിലിറ്റിക്ക് ഇൻക്ലൂസീവ് എഡ്യൂക്കേഷനാണ് ആവശ്യം. അവരെ സ്കൂളിൽത്തന്നെ ചേർത്ത് പഠിപ്പിക്കേണ്ടതാണ്. മോഡറേറ്റ് ആൻഡ് സിവിയറായ കുട്ടികളാണെങ്കിൽ അവർക്ക് പ്രത്യേക സംവിധാനം ഒരുക്കേണ്ടതാണ്. കാരണം അവരെ സ്കൂളിൽ അയയ്ക്കാൻ സാധിക്കുകയില്ല. അത്തരത്തിലുള്ള ഒരു മാർഗ്ഗരേഖ ഗവൺമെന്റ് അംഗീകരിച്ച് ഉടൻതന്നെ നടപ്പിലാക്കുന്നതാണ്. ലോക്കൽ സെൽഫ് ഗവൺമെന്റ് ഡിപ്പാർട്ട്മെന്റ് മുഖേന കുട്ടികൾക്ക് പ്രതിവർഷം കിട്ടേണ്ട തുകയായ 28,500 രൂപ കൃത്യമായി കിട്ടാത്ത അവസ്ഥ ഉണ്ടാകുന്നുണ്ട്, അത് അടിയന്തരമായി ലഭിക്കാനുള്ള നടപടി സ്വീകരിക്കണം. ഒരു കാര്യം പറയുകയാണ്, ഇത്തരത്തിലുള്ള തെറാപ്പി സെന്ററുകളുംകൂടി രജിസ്ട്രേഷന് വിധേയമാക്കാൻ ഈ ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നു. സ്കൂളുകളിൽ ഈ പാക്കേജ് വരുന്നതോടുകൂടി ഇത് രജിസ്ട്രേഷന് വിധേയമാകും. നമ്മുടെ നാടിന്റെ പല ഭാഗത്തും ആരംഭിച്ചിട്ടുള്ള തെറാപ്പി സെന്ററുകൾ രജിസ്റ്റർ ചെയ്യാൻ ആവശ്യമായ ഗൈഡ്‌ലൈൻ സാമൂഹ്യനീതി വകുപ്പ് വെബ്സൈറ്റിൽ ലഭ്യമാണ്. അതനുസരിച്ചിട്ടുള്ള സംരംഭങ്ങൾ അവിടെ ആരംഭിക്കുന്നതിനും അവ പരിശോധിച്ച് അടിയന്തരമായി ലൈസൻസും രജിസ്ട്രേഷനും വിധേയമാക്കുന്നതാണെന്നും ഇവ നിയന്ത്രിക്കാൻ തീരുമാനിച്ചിരിക്കുകയാണെന്നും അറിയിക്കുകയാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## (8) പാലവും തടയണകളും സ്ഥാപിക്കൽ

ശ്രീ. കെ. കുഞ്ഞിരാമൻ: സർ, പുഴകളിൽ ഇൻവെസ്റ്റിഗേഷനും മണ്ണ് പരിശോധനയും നടത്തി ഡിസൈൻ തയ്യാറാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഡി.പി.ആർ. തയ്യാറാക്കിയുമാണ് പുഴകൾക്ക് കുറുകെ പാലം നിർമ്മിക്കുന്നത്. പുഴകളിൽ ജലം സംരക്ഷിക്കുന്നതിന് തടയണ നിർമ്മിക്കാൻ ജലസേചന വകുപ്പും ഇതേ നടപടിയാണ് സ്വീകരിക്കുന്നത്. സംസ്ഥാനത്തെ കാർഷിക ജലസേചനത്തിനും കുടിവെള്ളത്തിനും ശാപം നേരിടുന്ന പുതിയ കാലഘട്ടത്തിൽ രണ്ട് വകുപ്പുകളും യോജിച്ച് പ്രവർത്തിച്ചാൽ റോഡ്, പാലം എന്നിവ നിർമ്മിക്കുന്നതിനോടൊപ്പം അതിന്റെ താഴെ പുഴയിൽ ചെറിയ തടയണ നിർമ്മിച്ചാൽ വെള്ളം സംഭരിക്കുന്നത് കുറഞ്ഞ ചെലവിൽ നടപ്പിലാക്കാൻ കഴിയുന്നതാണ്. ഈ വിഷയം ഗൗരവമായി പരിശോധിക്കാൻ ചീഫ് എഞ്ചിനീയർമാരുടെ പാനലിനെ നിയമിച്ചിട്ടുണ്ടെന്ന് അറിയുന്നു. ഇത് ഗൗരവമായി പരിഗണിച്ച് റോഡുകളുടെയും പാലങ്ങളുടെയും താഴെ പുഴയിൽ ചെറിയ തടയണകൂടി നിർമ്മിക്കാൻ സർക്കാരിന് സാധിച്ചാൽ അത് നാട്ടിലെ മുഴുവൻ കൃഷിക്കാർക്കും മറ്റാളുകൾക്കും ഉപയോഗപ്രദമാകും; അതിനുപരി കുടിവെള്ളത്തിന് ഉപയോഗിക്കാൻ കഴിയുന്ന ഒരു പദ്ധതിയുംകൂടിയാണിത്. ജലസേചനം, പൊതുമരാമത്ത് എന്നീ രണ്ട് വകുപ്പുകൾ ചേർന്ന് ഇക്കാര്യം പരിശോധിച്ച് അനുഭാവപൂർണ്ണമായ തീരുമാനമെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ശ്രീ. കെ. കുഞ്ഞിരാമന്റെ നിർദ്ദേശം വളരെ പ്രധാനപ്പെട്ടത് തന്നെയാണ്. പക്ഷെ തടയണകൾ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട ഡിസൈൻ നിർമ്മാണം ജലസേചന വകുപ്പാണ് കൈകാര്യം ചെയ്യുന്നത്. എങ്കിലും പാലങ്ങൾ പണിയുന്നത് പൊതുമരാമത്ത് വകുപ്പാണ് അതുകൊണ്ട് രണ്ട് വകുപ്പുകളും ചേർന്ന് തടയണ നിർമ്മിച്ച് കുടിവെള്ളമടക്കമുള്ള കാര്യങ്ങൾക്ക് പ്രയോജനപ്പെടുത്തുന്ന കാര്യം തീർച്ചയായും പരിശോധിക്കുന്നതാണ്.

## (9) വെറ്ററിനറി ഓഫീസ്

ശ്രീ. അടൂർ പ്രകാശ്: സർ, നൂറ് വർഷത്തിലധികം സേവന പാരമ്പര്യമുള്ള വനം വകുപ്പിന്റെ ഒരു വെറ്ററിനറി ഓഫീസ് കോന്നിയിൽ നിലവിലുണ്ട്. കോന്നിയിൽ ആന പിടിത്തം തുടങ്ങിയ കാലഘട്ടത്തിലാണ് ആനത്താവളത്തോട് ചേർന്ന് ഈ ഓഫീസിന്റെ പ്രവർത്തനം ആരംഭിച്ചത്. പിടികൂടുന്ന ആനകളുടെ

സംരക്ഷണം, പരിപാലനം, ചികിത്സ, നിയന്ത്രണം മുതലായവയും പെരിയാർ ടൈഗർ റിസർവ്, കോന്നി-റാന്നി വനം ഡിവിഷനുകളിലെ വന്യമൃഗവുമായി ബന്ധപ്പെട്ട് ചികിത്സ ഉൾപ്പെടെയുള്ള വിവിധ കാര്യങ്ങൾ കൈകാര്യം ചെയ്തിരുന്നതും ഇവിടെയായിരുന്നു. വയനാട്ടിലുള്ള യുവ മൃഗഡോക്ടർ ശ്രീ. അരുൺ സക്കറിയയുടെ രഹസ്യ നീക്കങ്ങളുടെ ഫലമായി ഈ സ്ഥാപനം കോന്നിയിൽനിന്നും മാറ്റിക്കൊണ്ടുപോകുന്നതിനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. കുങ്കി പരിശീലനം എന്ന വ്യാജേനയാണ് കോന്നിയിലുണ്ടായിരുന്ന സുരേന്ദ്രൻ എന്ന ആനയെ അവിടെനിന്നും കൊണ്ടുപോയത്. അതിന്റെ പിന്നിലും ഈ ഡോക്ടറുടെ കരങ്ങളാണ് പ്രവർത്തിച്ചിട്ടുള്ളത്. നാളിതുവരെയായിട്ടും ആനയെ തിരികെ എത്തിച്ചിട്ടില്ല. കൊണ്ടുപോകുന്ന സമയത്ത് പരിശീലനം പൂർത്തീകരിച്ചതിനുശേഷം ആനയെ തിരിച്ച് കോന്നിയിലെത്തിക്കാമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിരുന്നതാണ്. പരിശീലനം പൂർത്തീകരിച്ചതിനുശേഷം കോന്നിയിൽ തിരികെ എത്തിക്കണമെന്നൊരു നിർദ്ദേശംകൂടി ഹൈക്കോടതിയിൽനിന്ന് വന്നിരുന്നു. ആനയെക്കുറിച്ച് ഇപ്പോൾ ഒരു വിവരവുമില്ല. ഇത്തരത്തിൽ ഓരോ ഓഫീസുകൾ മാറ്റിക്കൊണ്ട് കോന്നിയിലെ ആനത്താവളം അടച്ചുപൂട്ടുന്നതിനുള്ള ശ്രമമാണോ നടക്കുന്നതെന്ന ചെറിയ സംശയം എന്നെ സംബന്ധിച്ചിടത്തോളമുണ്ട്. ഇക്കോ ടൂറിസം പദ്ധതി അവിടെ നടന്നുകൊണ്ടിരിക്കുകയാണ്. കോന്നിയുമായി ബന്ധപ്പെട്ട് ആയിരക്കണക്കിന് ടൂറിസ്റ്റുകളാണ് ഓരോ ദിവസവും വന്നുപോകുന്നത്. ഇതിനെയെല്ലാം താളംതെറ്റിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് ഇപ്പോൾ അവിടെ നടന്നുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് നൂറ് വർഷത്തിലധികം സേവന പാരമ്പര്യമുള്ള വനം വകുപ്പിന്റെ വെറ്ററിനറി ഓഫീസ് അവിടെ നിലനിർത്തുന്നതിനും അവിടെ ഉണ്ടായിരുന്ന സുരേന്ദ്രൻ എന്ന ആനയെ തിരികെക്കൊണ്ടുവരുന്നതിനും വേണ്ടിയുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെ കീഴിൽ പ്രവർത്തിച്ചിരുന്ന വെറ്ററിനറി ഓഫീസ് മാറ്റുന്നതിനുള്ള യാതൊരുവിധ നീക്കവും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമില്ല; അത് മാറ്റുകയുമില്ല. പ്രസ്തുത പ്രദേശത്ത് തസ്തികകളിൽ ചില മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. എന്നാൽ അങ്ങ് ആശങ്കപ്പെട്ടതുപോലെ വന്യജീവികളും മനുഷ്യരും തമ്മിൽ സംഘർഷമുണ്ടാകുന്ന വടക്കൻ മേഖലയിൽ വെറ്ററിനറി ആശുപത്രിയുടെ പ്രവർത്തനം നിർത്തലാക്കുന്നതിനുള്ള യാതൊരു നടപടിയും ഗവൺമെന്റ്

സ്വീകരിച്ചിട്ടില്ല; സ്വീകരിക്കുകയുമില്ല. മറ്റൊന്ന് അങ്ങ് സൂചിപ്പിച്ചത്, കോന്നി മണ്ഡലത്തിലുള്ള ആനപരിപാലനകേന്ദ്രത്തിലുണ്ടായിരുന്ന സുരേന്ദ്രൻ എന്ന ആനയുടെ കാര്യമാണ്. സുരേന്ദ്രനെ കുങ്കിയാനകളുടെ പരിശീലനം നൽകുന്നതിനുവേണ്ടി കൊണ്ടുപോകുകയും തിരിച്ചുകൊണ്ടുവന്നതിനുശേഷം ആനകളെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി ഏറ്റവും കൂടുതൽ കാട്ടാനകൾ പുറത്തിറങ്ങി വരുന്ന പാലക്കാട് ജില്ലയിലും അങ്ങനെയുള്ള കേന്ദ്രങ്ങളിലേയ്ക്കും അതിന്റെ സേവനത്തിനുവേണ്ടി കൊണ്ടുപോയി എന്നത് ശരിയാണ്. ആ ആനയ്ക്ക് മദപ്പാട് കണ്ടതിനെത്തുടർന്ന് ചികിത്സയിലാണ്, അതാണ് സുരേന്ദ്രന്റെ ഇപ്പോഴത്തെ സ്ഥിതി. ആ സാഹചര്യത്തിൽ മദമിളകിയ ആനയെ അങ്ങയുടെ മണ്ഡലത്തിലേയ്ക്ക് ഇപ്പോൾ കൊണ്ടുവരുന്നത് ഒരു കാരണവശാലും ഉചിതമായിരിക്കുകയില്ല. കോന്നി വനങ്ങളിൽനിന്നും ആനകളെ വാരിക്കുഴിയിൽ വീഴ്ത്തി പിടികൂടി കോന്നി ആന ക്യാമ്പിൽ എത്തിച്ച് പരിശീലനം നൽകുന്ന പദ്ധതി മുൻകാലങ്ങളിലുണ്ടായിരുന്നു. എന്നാൽ വാരിക്കുഴിയിൽ ആനകളെ വീഴ്ത്തിപ്പിടിച്ച് പരിശീലനം നൽകുന്ന പരിപാടിയൊന്നും ഇപ്പോഴില്ല. അത് ഒരുത്തരവുപ്രകാരം നിർത്തി. അതുകൊണ്ടുതന്നെ കോന്നി ആന പരിശീലന കേന്ദ്രവുമായി ബന്ധപ്പെട്ട് വെറ്ററിനറി ഓഫീസറുടെ ആവശ്യം യഥാർത്ഥത്തിൽ അവിടെ വരുന്നില്ല. എന്നാൽ വെറ്ററിനറി ആശുപത്രിയുമായി ബന്ധപ്പെട്ടുള്ള മറ്റ് സൗകര്യങ്ങളെല്ലാം നേരത്തെയുള്ളതുപോലെ നിലനിർത്തും. ആ തസ്തികയിൽ മാറ്റം വരുത്തിയെന്നതേയുള്ളൂ. അതുകൊണ്ട് അങ്ങേയ്ക്ക് ആശങ്കയൊന്നും വേണ്ട സുരേന്ദ്രൻ ഇപ്പോൾ ചികിത്സയിലാണ്, അതിന് കുറച്ച് സമയമെടുക്കും; അതിനുശേഷം നമുക്ക് ആനയെ കൊണ്ടുവരുന്നതിനെക്കുറിച്ച് ആലോചിക്കാം.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

## (10) ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജിന്റെ പ്രവർത്തനം

<u>ശ്രീമതി പി. അയിഷാ പോറ്റി</u>: സർ, കൊട്ടാരക്കരയിൽ പ്രവർത്തിക്കുന്ന ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജിന്റെ പ്രതിസന്ധി പരിഹരിക്കുന്നതിനു വേണ്ടിയാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. 2004-ൽ പ്രവർത്തനം ആരംഭിച്ച ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജിലെ നിലവിലുണ്ടായിരുന്ന പരിമിതികളെല്ലാം പരിഹരിച്ച് എല്ലാ ഇൻഫ്രാസ്ട്രക്ച്ചറും അവിടെ റെഡിയാക്കിയിട്ടുണ്ട്. അന്ന് അനുവദിച്ച ഇലക്ട്രോണിക്സും കമ്പ്യൂട്ടർ സയൻസും കോഴ്സുകൾ മാത്രമാണ് ഇപ്പോഴുള്ളത്. ഇതിലേയ്ക്ക് ഇപ്പോൾ കുട്ടികൾ വരാത്ത സ്ഥിതിയുണ്ട്. സ്വന്തമായി

വാഹനവും ഇരുപത്തിയഞ്ച് ഏക്കറോളം സ്ഥലവും എല്ലാ സൗകര്യങ്ങളോടുംകൂടിയ ലാബും കെട്ടിടങ്ങളുമൊക്കെയുണ്ട്. ഇപ്പോൾ കുട്ടികൾ ഈ വിഷയത്തിലേയ്ക്ക് വരാതിരിക്കുന്നതുകൊണ്ട് കോളേജ് പ്രതിസന്ധിയിലേയ്ക്ക് പോകുന്ന സ്ഥിതിയാണ്. ഇത്രയും വലിയ സംവിധാനമുള്ള ഒരു സ്ഥാപനം അടച്ചുപൂട്ടൽ ഭീഷണിയിൽ എത്തിനിൽക്കുന്നു. നമ്മുടെ ഗവൺമെന്റ് സമഗ്ര വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ വിദ്യാഭ്യാസ മേഖലയെ അങ്ങേയറ്റം മെച്ചപ്പെടുത്തിക്കൊണ്ടു പോകുന്ന സാഹചര്യത്തിൽ ഈ കോളേജിന്റെ പ്രവർത്തനത്തിൽ ഇപ്പോൾ വന്നിട്ടുള്ള പ്രതിസന്ധി പരിഹരിച്ച് പുതിയ സ്കോപ്പുള്ള കോഴ്സുകൾ ഇവിടെ അനുവദിക്കണം. നിലവിലുള്ളത് മാറ്റിയാലും വേണ്ടില്ല. ഡിജിറ്റൽ ടെക്നിക്സ് ഫോർ ഡിസൈൻ ആൻഡ് പ്ലാനിംഗ്, റോബോട്ടിക്സ് ആൻഡ് ഓട്ടോമേഷൻ, മെക്കാനിക്കൽ എഞ്ചിനീയറിംഗ്, സിവിൽ എഞ്ചിനീയറിംഗ് എന്നിവയിൽ ഏതെങ്കിലും രണ്ടുമൂന്ന് വിംഗുകൾകൂടി അനുവദിച്ചുകൊണ്ട് കൂടുതൽ കുട്ടികൾ വരുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് ഈ എഞ്ചിനീയറിംഗ് കോളേജിനെ ശക്തമായി മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള സഹായം ചെയ്യണം. നല്ല റാങ്കുകൾ വാങ്ങിക്കൊണ്ടാണ് ഈ കോളേജ് മുന്നോട്ട് പോയിക്കൊണ്ടിരിക്കുന്നത്. ഇപ്പോഴുള്ള പ്രതിസന്ധി ഒഴിവാക്കി പുതിയ കോഴ്സുകൾ അനുവദിക്കാനുള്ള നടപടി സ്വീകരിക്കണം. അധികൃതർ വേണ്ട അപേക്ഷകളെല്ലാം ഡയറക്ടറേറ്റിൽ കൊടുത്തിട്ടുണ്ട്. അവസാന തീയതി നാലാണ്. അത് മൂവ് ചെയ്ത് സഹായിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നത്.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, കൊട്ടാരക്കര എഞ്ചിനീയറിംഗ് കോളേജിൽ പുതിയ നാല് കോഴ്സുകൾ ആരംഭിക്കുന്നതിന് അപേക്ഷിച്ചിട്ടുണ്ട്. ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയുടെയും AICTE-യുടെയും അംഗീകാരവും ശിപാർശയും ഇതിനാവശ്യമുണ്ട്. യൂണിവേഴ്സിറ്റിയുടെയും മറ്റും അംഗീകാരം കിട്ടുന്ന മുറയ്ക്ക് കൊട്ടാരക്കര എഞ്ചിനീയറിംഗ് കോളേജിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്ന കാര്യം ആലോചിക്കുന്നതാണ്.

## VII മേശപ്പുറത്തുവച്ച കടലാസുകൾ

പ്രത്യേക ലിസ്റ്റ് പ്രകാരം

I. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

| | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| ക്രമ നം. | വർഷം | നമ്പർ | പേര് | |
| 1 | 2019 | 5 | ദി കേരള പ്രിവെൻഷൻ ഓഫ് ഡാമേജ് ടു പ്രൈവറ്റ് പ്രോപ്പർട്ടി ആൻഡ് പേമെന്റ് ഓഫ് കോമ്പൻസേഷൻ ഓർഡിനൻസ്, 2019 | അല്ല |
| 2 | 2019 | 6 | 2019-ലെ കേരള പോലീസ് (ഭേദഗതി) ഓർഡിനൻസ് | അല്ല |
| 3 | 2019 | 8 | 2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ഓർഡിനൻസ് | അല്ല |

II. ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു.

| | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| ക്രമ നം. | വർഷം | നമ്പർ | പേര് | |
| 1 | 2019 | 1 | ദി കേരള കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ കോംപ്ലെക്സ് ആൻഡ് ദി അക്കാദമി ഓഫ് മെഡിക്കൽ സയൻസസ് (ടേക്കിംഗ് ഓവർ ദി മാനേജ്മെന്റ് ആൻഡ് അഡ്മിനിസ്ട്രേഷൻ) ഓർഡിനൻസ്, 2018 | അല്ല |

III. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രിക്കുവേണ്ടി തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു.

| | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| ക്രമ നമ്പർ | വർഷം | നമ്പർ | പേര് | |
| 1 | 2019 | 4 | ദി മദ്രാസ് ഹിന്ദു റിലീജിയസ് ആന്റ് ചാരിറ്റബിൾ എൻഡോവ്മെന്റ്സ് (സെക്കന്റ് അമെന്റ്മെന്റ്) ഓർഡിനൻസ്, 2018 | അല്ല |
| 2 | 2019 | 7 | ദി കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2019 | അല്ല |

IV. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു.

| | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| ക്രമ നമ്പർ | വർഷം | നമ്പർ | പേര് | |
| 1 | 2018 | 59 | ദി കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി (അമെന്റ്മെന്റ്) ഓർഡിനൻസ്, 2018 | അല്ല |

V. ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു.

| | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| ക്രമ നമ്പർ | വർഷം | നമ്പർ | പേര് | |
| 1 | 2018 | 58 | 2018-ലെ കേരള സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ഓർഡിനൻസ് | അല്ല |
| 2 | 2019 | 2 | 2018-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ഓർഡിനൻസ് | അല്ല |
| 3 | 2019 | 3 | ദി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (അഡീഷണൽ ഫങ്ഷൻസ് ആസ് റെസ്പെക്ട്സ് ദി സർവ്വീസസ് അണ്ടർ ദി വഖഫ് ബോർഡ്) ഓർഡിനൻസ്, 2018 | അല്ല |

# VIII റിപ്പോർട്ട് സമർപ്പണം

### കാര്യോപദേശക സമിതിയുടെ പതിനാലാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കാര്യോപദേശക സമിതിയുടെ പതിനാലാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

# IX റിപ്പോർട്ട് പരിഗണന

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കാര്യോപദേശക സമിതിയുടെ പതിനാലാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: കാര്യോപദേശ സമിതിയുടെ പതിനാലാമത് റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

## X. ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച

ശ്രീ. മാത്യു ടി. തോമസ്: സർ, " 2019 ജനുവരി 25-ാം തീയതി ബഹുമാന്യനായ കേരള ഗവർണർ കേരള നിയമസഭാംഗങ്ങളോട് ചെയ്ത പ്രസംഗത്തിന് നിയമസഭാംഗങ്ങൾ ഗവർണർക്ക് നന്ദി രേഖപ്പെടുത്തുന്നു" എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. ദിവാകരൻ: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ഗവർണറുടെ നന്ദിപ്രമേയത്തിന്മേലുള്ള ചർച്ച ആരംഭിക്കുകയാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

1. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, കെ.എസ്.ആർ.ടി.സി.-യിൽ വർഷങ്ങളായി പണിയെടുത്തിരുന്ന കണ്ടക്ടർ, ഡ്രൈവർ തസ്തികകളിലെ കോടതി ഉത്തരവിലൂടെ പുറത്താക്കപ്പെട്ട 4500-ഓളം എംപാനൽ ജീവനക്കാരെ തിരിച്ചെടുക്കുന്നത് സംബന്ധിച്ച് ഒരു പരാമർശവും നടത്താതിരുന്നതിൽ ഖേദിക്കുന്നു."

2. "എന്നാൽ, അട്ടപ്പാടിയിലെ പട്ടികവർഗ്ഗ കോളനികളിൽ നടന്നതായി പറയപ്പെടുന്ന നവജാത ശിശുക്കളുടെ മരണം സംബന്ധിച്ച് അന്വേഷിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതിനെ സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. പി. കെ. അബ്ദു റബ്ബ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, സംസ്ഥാനത്തുടനീളം വർദ്ധിച്ചുവരുന്നതായി പറയപ്പെടുന്ന തെരുവുനായ് ശല്യത്തിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. ടി. എ. അഹമ്മദ് കബീർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

" എന്നാൽ, സംസ്ഥാനത്ത് മദ്യത്തിന്റെ ലഭ്യതയും ഉപഭോഗവും ക്രമമായി കുറയ്ക്കുന്നതിനുള്ള നടപടികൾ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, കേരളത്തിലെ വിവിധ കാർഷിക വിളകളിലെ അതിമാരകമായ കീടനാശിനിപ്രയോഗം നിയന്ത്രിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. പി. ഉബൈദുള്ള : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

1. "എന്നാൽ, എല്ലാ സഹകരണ സംഘങ്ങൾക്കും നിർദ്ദിഷ്ട കേരള ബാങ്കിൽ അംഗത്വം നൽകണമെന്ന നബാർഡിന്റെ നിർദ്ദേശം നടപ്പിലാക്കുന്നതിനെപ്പറ്റി പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

2. " എന്നാൽ, വനം കയ്യേറ്റം തടയുന്നതിനുള്ള നടപടികളെ സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. മഞ്ഞളാംകുഴി അലി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

" എന്നാൽ, കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനെ സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, പുതിയ റേഷൻ കാർഡുകൾ വിതരണം ചെയ്യുന്നതിലുള്ളതായി പറയപ്പെടുന്ന കാലതാമസം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ഡോ. എം. കെ. മുനീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, ക്വാറി-മണൽ-ബ്ലേഡ് മാഫിയ സംഘങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തിക്കുന്നവർ പോലീസ് സേനയിൽ ഉള്ളതായി വിജിലൻസ് കണ്ടെത്തിയതായി പറയപ്പെടുന്നത് സംബന്ധിച്ച് സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു"

ശ്രീ. അബ്ദുൽ ഹമീദ്. പി. :സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

1. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

" എന്നാൽ, സൗജന്യ ശൗചാലയങ്ങൾ നഗര-പഞ്ചായത്ത് കേന്ദ്രങ്ങളിൽ സ്ഥാപിക്കാനാവശ്യമായ പ്രഖ്യാപനങ്ങളൊന്നും പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

2. "എന്നാൽ, പിങ്ക് പോലീസിന്റേതുൾപ്പെടെയുള്ള പോലീസ് വാഹനങ്ങളിൽ അടിയന്തര ഘട്ടങ്ങളിൽ മാത്രം ഉപയോഗിക്കാവുന്ന വിവിധ വർണ്ണ ലൈറ്റുകൾ പ്രകൃതി സൗഹൃദമായ വർണ്ണത്തിലാക്കുന്നത് സംബന്ധിച്ച പരാമർശം ഉൾപ്പെടുത്താത്തതിൽ ഖേദിക്കുന്നു."

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

1. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, കെ.എസ്.ആർ.ടി.സി.-യിൽ വിദ്യാർത്ഥികൾക്ക് പ്ലസ് ടു തലംവരെ സൗജന്യ യാത്രാനുമതി ഉണ്ടെങ്കിലും അവരിൽനിന്ന് നൂറ് രൂപയോ അതിലധികമോ പ്രോസസ്സിംഗ് ഫീ ഈടാക്കുന്നതായി പറയപ്പെടുന്ന നടപടി അവസാനിപ്പിക്കാനുള്ള തീരുമാനം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

2. "എന്നാൽ, 1937-ലെ ശരിഅത്ത് നിയമം ബാധകമാകണമെങ്കിൽ ഒരു മുസ്ലീം ഇനിമുതൽ മുസ്ലീമാണെന്ന് തെളിയിക്കുന്ന രേഖകൾ സഹിതം ഡിക്ലറേഷൻ സമർപ്പിക്കണമെന്ന് കാണിച്ച് സർക്കാർ ഇറക്കിയ ചട്ടം പിൻവലിക്കുന്നത് സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. ടി. വി. ഇബ്രാഹിം : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

1. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന് ഇന്ധന നികുതി കുറച്ചുനല്കിയതുപോലെ കരിപ്പൂർ വിമാനത്താവളത്തിനും ഇന്ധന നികുതി കുറച്ചുനല്കുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

2. "എന്നാൽ, കുപ്പിവെള്ള പദ്ധതി സംസ്ഥാനത്ത് പ്രഖ്യാപിച്ചിട്ടും നാളിതുവരെയും വില്പന ആരംഭിച്ചിട്ടില്ലാത്തതിനാൽ അത് ആരംഭിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. മോൻസ് ജോസഫ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, കേരളത്തിലെ റബ്ബർ കർഷകരുടെ പ്രശ്നങ്ങളെക്കുറിച്ചും കാർഷിക മേഖലയിൽ നാണ്യവിളകൾക്ക് ഉണ്ടായിരിക്കുന്ന വിലയിടിവിനെക്കുറിച്ചും കർഷകർ നേരിടുന്ന വിവിധങ്ങളായ പ്രതിസന്ധികളെക്കുറിച്ചും ഇതിനുള്ള പരിഹാരം സംബന്ധിച്ചും പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. കെ. സി. ജോസഫ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, സംസ്ഥാനത്തെ ഡാമുകൾ യാതൊരു മുന്നറിയിപ്പും കൂടാതെ തുറന്നുവിട്ടത് പ്രളയ ദുരന്തം രൂക്ഷമാക്കി എന്നും അതിന്റെ പ്രധാന ഉത്തരവാദിത്വം കെ.എസ്.ഇ.ബി.എൽ.-ന്റെ ലാഭക്കൊതിയായിരുന്നു എന്നും പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, ബഡ്ജറ്റിന് പുറത്ത് കിഫ്ബി എന്ന സംവിധാനത്തിലൂടെ 41,000 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം നൽകിയെന്ന് പ്രഖ്യാപിക്കുമ്പോഴും പ്രസ്തുത സംവിധാനം ആരംഭിച്ചിട്ട് രണ്ട് വർഷം കഴിഞ്ഞിട്ടും ഇതുവരെ ഒരു പദ്ധതിപോലും പൂർത്തിയാക്കിയിട്ടില്ലെന്ന് പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. അടൂർ പ്രകാശ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

" എന്നാൽ സംസ്ഥാനത്ത് വിലക്കയറ്റംമൂലം പാവപ്പെട്ടവരും, സാധാരണക്കാരും നിത്യദുരിതത്തിലായിട്ടും വിലവർദ്ധനവ് പിടിച്ചുനിർത്തുന്നതിനും കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയുന്നതിനും സർക്കാർ പരാജയപ്പെട്ടതായി പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. അനിൽ അക്കര: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

1. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, മുൻ സർക്കാരിന്റെ കാലത്ത് അടച്ചുപൂട്ടിയ ബാറുകളെല്ലാം തുറക്കുന്നതിന് സൗകര്യം ചെയ്തുകൊടുത്തും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപത്തുപോലും ബാറുകൾ സ്ഥാപിക്കാമെന്ന നിബന്ധന കൊണ്ടുവന്നും സംസ്ഥാനത്ത് മദ്യലഭ്യതയും മദ്യ ഉപഭോഗവും വർദ്ധിപ്പിച്ച് സംസ്ഥാനത്തെ യുവാക്കളെയും സാധാരണക്കാരെയും മദ്യത്തിന് അടിമകളാക്കുന്നതായി പറയപ്പെടുന്ന സർക്കാർ നയത്തെ പറ്റി പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

2. "എന്നാൽ, സമൂഹത്തിൽ ജാതീയമായ കടുത്ത വേർതിരിവ് ഉണ്ടാക്കുന്നതിനും സവർണ്ണരും അവർണ്ണരും എന്നുപറഞ്ഞ് ജനങ്ങളെ പല തട്ടിലാക്കുന്നതിനും ഉത്തരവാദപ്പെട്ട സ്ഥാനങ്ങളിൽ ഇരിക്കുന്നവർതന്നെ നിരന്തരം ശ്രമിക്കുന്നതായും പറയപ്പെടുന്നതിനെകുറിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

1. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, ശബരിമലയിൽ യുവതീ പ്രവേശനം സാധ്യമാക്കി എന്ന് സുപ്രീംകോടതിയെ ബോധ്യപ്പെടുത്താനായി പുരുഷന്മാരുടെയും 50 വയസ്സ് കഴിഞ്ഞ സ്ത്രീകളുടെയും വിശദാംശം സുപ്രീംകോടതി ആവശ്യപ്പെടാതെതന്നെ കോടതിക്ക് നൽകിയതായി പറയപ്പെടുന്ന സർക്കാർ നടപടിയെ സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

2. " എന്നാൽ, പരോൾ നിയമങ്ങളെല്ലാം ലംഘിച്ചുകൊണ്ട്, ഒരു കൊലക്കേസിൽ ജീവപര്യന്തം തടവുശിക്ഷ അനുഭവിക്കുന്ന ഒരു പ്രതിക്ക് തുടർച്ചയായി പരോൾ നൽകുന്നതായി പറയപ്പെടുന്ന കാര്യത്തെക്കുറിച്ചും ഇക്കാര്യത്തി കോടതി വിശദീകരണം ആരാഞ്ഞതായി പറയപ്പെടുന്നതിനെക്കുറിച്ചും പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. വി. പി. സജീന്ദ്രൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

1. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

" എന്നാൽ, സംസ്ഥാനത്തുണ്ടായ പ്രളയത്തിൽ എല്ലാം നഷ്ടപ്പെട്ട ജനങ്ങൾക്ക് സമയബന്ധിതമായി ആശ്വാസം എത്തിക്കുന്നതിൽ സർക്കാരിന് വീഴ്ച ഉണ്ടായതായി പറയപ്പെടുന്നതിനെക്കുറിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു. "

2. "എന്നാൽ, ഹാരിസൺ പ്ലാന്റേഷൻ ലിമിറ്റഡിന്റെ കൈവശമുള്ള സർക്കാർ ഭൂമി ഏറ്റെടുത്ത നടപടിയിന്മേൽ കോടതിയിൽ ഫലപ്രദമായി കേസ് നടത്തുന്നതിൽ വീഴ്ചവന്നതായി പറയപ്പെടുന്നതിനെക്കുറിച്ചും ശരിയായ രീതിയിൽ കേസ് നടത്താതെ ഹൈക്കോടതിയിൽ തോറ്റുകൊടുത്തായി പറയപ്പെടുന്നതിനെ സംബന്ധിച്ചും പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. മാത്യു ടി. തോമസ്: സർ, ഈ ഗവൺമെന്റ് മുപ്പത്തിരണ്ട് മാസം അതായത്, പകുതിയിലധികം കാലാവധി പൂർത്തീകരിച്ചിരിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ മുഖമുദ്ര നയമില്ലായ്മയായിരുന്നതുകൊണ്ടുതന്നെ പലപ്പോഴും അഴകൊഴമ്പൻ നിലപാടുകൾ സ്വീകരിക്കേണ്ടി വന്നിട്ടുണ്ട്. നയങ്ങളിലെ

വ്യക്തതയും അവയെ അടിസ്ഥാനപ്പെടുത്തിയുള്ള നിലപാടുകളിലെ സൂക്ഷ്മതയുമാണ് ഈ സർക്കാരിനെ അതിൽനിന്നും വ്യത്യസ്തമാക്കുന്നത്. ലിംഗസമത്വത്തെ സംബന്ധിച്ച് ഭരണഘടനയിൽ രേഖപ്പെടുത്തിയിട്ടുള്ള മൗലികാവകാശങ്ങൾ പ്രഖ്യാപിച്ചുകൊണ്ട് രാജ്യത്തിന്റെ പരമോന്നത നീതിപീഠത്തിന്റെ ഭരണഘടനാ ബഞ്ച് പുറപ്പെടുവിച്ച വിധി നടപ്പിലാക്കാൻ സംസ്ഥാന സർക്കാരിന് ബാധ്യതയുണ്ട്. ആ നടപടികളുമായി മുന്നോട്ടുപോകുമ്പോൾ കേരളത്തിന്റെ സംസ്കാരം തകർക്കാനാണ് സി.പി.എം.-ഉം എൽ.ഡി.എഫ്.-ഉം ശ്രമിക്കുന്നതെന്ന് പ്രധാനമന്ത്രി കേരളത്തിൽ വന്ന് നിരന്തരം പ്രസംഗിക്കുന്നതിന്റെ അനൗചിത്യം ഉറക്കെ പറയാൻ നമുക്ക് കഴിയണം. ഭരണഘടനയിൽ ആണയിട്ട് ചെയ്ത സത്യപ്രതിജ്ഞാലംഘനമാണ് പ്രധാനമന്ത്രി നടത്തിക്കൊണ്ടിരിക്കുന്നത്. പ്രധാനമന്ത്രിയുടെ നിലപാടിനോട് അനുയോജ്യമായ സമീപനമാണ് കേരളത്തിലെ യു.ഡി.എഫ്.-ഉം സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ശബരിമലയിൽ ദർശനം നടത്തിയ യുവതികൾ അമ്പത്തൊന്നാണോ, അഞ്ചാണോ, അഞ്ഞൂറാണോ എന്നതല്ല പ്രശ്നം. ഈ വിഷയത്തിൽ കൃത്യമായ നിലപാടെടുക്കാൻ സർക്കാരിന് കഴിഞ്ഞു. നവോത്ഥാനമൂല്യങ്ങളിൽനിന്ന് ഈ സംസ്ഥാനത്തെ പുറകോട്ടടിക്കാൻ അനുവദിക്കില്ലെന്നും അതിന് ഞങ്ങൾ പ്രതിജ്ഞാബദ്ധരാണെന്നും 50 ലക്ഷത്തിലധികം സ്ത്രീകൾ മതിലുതീർത്ത് പ്രഖ്യാപിക്കുന്ന സാഹചര്യം സംസ്ഥാനത്തുണ്ടായി. ദോഷൈകവിശേഷണം നൽകി വനിതാ മതിലിനെ ആക്ഷേപിക്കാൻ ഈ സഭയിൽ ചിലർ തയ്യാറായെങ്കിലും നവോത്ഥാന മൂല്യങ്ങളുമായി മുന്നോട്ടുപോകുമെന്ന് പ്രഖ്യാപിച്ച സ്ത്രീ സമൂഹത്തെ അഭിനന്ദിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. കഴിഞ്ഞ 32 മാസം ആരവങ്ങളില്ലാതെയുള്ള ഭരണമായിരുന്നു ഈ സർക്കാരിന്റേത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ലക്ഷങ്ങൾ ചെലവാക്കിക്കൊണ്ടാണ് ജനസമ്പർക്ക പരിപാടി നടത്തിയത്. ഈ സർക്കാർ രണ്ടുവർഷത്തിനിടയിൽ 930 കോടി രൂപ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി നൽകിയിട്ടുണ്ട്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ ആദ്യത്തെ രണ്ടുവർഷം നൽകിയ തുക കേവലം 169 കോടി രൂപയാണ്. 169 കോടി രൂപയുടെ സ്ഥാനത്ത് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം 930 കോടി രൂപ വിതരണം ചെയ്യുന്നതരത്തിൽ ആരവങ്ങളില്ലാതെ പ്രവർത്തിക്കുന്നൊരു സർക്കാരാണ് നാട്ടിലുണ്ടായത്. നിരവധി അംഗീകാരങ്ങൾ ഈ സർക്കാരിനെ തേടിയെത്തിയിട്ടുണ്ട്. മികച്ച ക്രമസമാധാനമുള്ള സംസ്ഥാനമായി ഇന്ത്യ ടുഡേ കേരളത്തിന് അംഗീകാരം നൽകിയിരിക്കുകയാണ്.

മികച്ച ഭരണം നടക്കുന്ന സംസ്ഥാനമായി ന്യൂഡൽഹി പബ്ലിക് അഫയേഴ്സ് സെന്റർ ഇൻഡക്സ് കേരളത്തെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്. നാഷണൽ ക്രൈം റിക്കാർഡ്സ് ബ്യൂറോയെ അടിസ്ഥാനപ്പെടുത്തി സെന്റർ ഫോർ മീഡിയ സ്റ്റഡീസ് അഴിമതി ഏറ്റവും കുറഞ്ഞ സംസ്ഥാനം കേരളമാണെന്ന് കണ്ടെത്തിയിരിക്കുകയാണ്. വർഗ്ഗീയ കലാപമില്ലാത്ത സംസ്ഥാനം കേരളമാണെന്ന് എൻ.സി.ആർ.ബി.-യും മികച്ച ആരോഗ്യപരിപാലനമുള്ളത് കേരളത്തിലാണെന്ന് നീതി ആയോഗ് എസ്.ഡി.ജി. ഇൻഡെക്സ് പ്രകാരവും കണ്ടെത്തിയിരിക്കുന്നു. മികച്ച വയോജന സംരക്ഷണ സംസ്ഥാനം കേരളമാണെന്ന് കേന്ദ്ര ആരോഗ്യ മന്ത്രാലയം പറഞ്ഞിരിക്കുന്നു. ശിശുമരണ നിരക്കും മാതൃമരണ നിരക്കും ഏറ്റവും കുറഞ്ഞതും ആയുർദൈർഘ്യം ഏറ്റവും കൂടുതലും സാക്ഷരതയും സ്ത്രീ വിദ്യാഭ്യാസവും ശരാശരി പ്രതിശീർഷ വരുമാനവും ഏറ്റവും കൂടുതൽ തുടങ്ങിയ പല കാര്യങ്ങളിലും നമ്മളിപ്പോഴും ഒന്നാം സ്ഥാനത്ത് തുടരുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ട്രാൻസ്ജെൻഡേഴ്സിന് ജോലി സംവരണം, എസ്.സി./എസ്.ടി. ആക്രമണം ഏറ്റവും കുറവ്, വനിതാ ക്ഷേമത്തിന് പ്രത്യേക വകുപ്പ് ആദ്യമായി നടപ്പിലാക്കി, അന്യസംസ്ഥാന തൊഴിലാളി ക്ഷേമം നടപ്പാക്കുന്നതിൽ മാതൃകയായുക എന്നിങ്ങനെയുള്ള നേട്ടങ്ങൾ കൈവരിച്ച സംസ്ഥാനമായി കേരളം മാറിയിരിക്കുകയാണ്.

ശ്രീ. കെ. സി. ജോസഫ്: സർ, പോയിന്റ് ഓഫ് ഓർഡർ. ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയ ചർച്ചയാണ് അവതാരകൻ അവതരിപ്പിക്കുന്നത്. ഈ ചർച്ച കേൾക്കാൻ സഭാനേതാവായ മുഖ്യമന്ത്രിയോ റവന്യൂ/വ്യവസായ/പാർലമെന്ററികാര്യ വകുപ്പുമന്ത്രിമാരാരോ ആരും സഭയിലില്ല. മുഖ്യമന്ത്രിയെങ്കിലും വേണ്ടേ? ഗ്യാലറിയിലേയ്ക്ക് നോക്കൂ, ഉദ്യോഗസ്ഥരാരുമില്ല. ഇത്രയും ഗൗരവമേ ഈ ചർച്ചയ്ക്കുള്ളോ? വളരെ നിർഭാഗ്യകരമാണിത്.

മി. സ്പീക്കർ: അറിയിക്കാം.

ശ്രീ. മാത്യു ടി. തോമസ്: സർ, 2016-നുശേഷം സമാനതകളില്ലാത്ത..... (....ബഹളം...)

മി. സ്പീക്കർ: അറിയിക്കാം, അങ്ങ് പറഞ്ഞത് ശ്രദ്ധയിൽപ്പെടുത്താം.

ശ്രീ. മാത്യു ടി. തോമസ്: സർ, എന്റെ സമയം പോകുന്നു.

മി. സ്പീക്കർ: അങ്ങ് സംസാരിച്ചോളൂ.

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, സമാനതകളില്ലാത്ത പ്രകൃതിക്ഷോഭങ്ങളുണ്ടായ രണ്ടരവർഷത്തിലൂടെയാണ് നമ്മൾ കടന്നുപോയത്. 2016-ൽ മഴ ചതിച്ചു. അതുകൊണ്ട് 2017-ൽ 120 കൊല്ലത്തിനിടയിലെ ഏറ്റവും രൂക്ഷമായ വരൾച്ച ഈ സംസ്ഥാനത്തുണ്ടായി. 2017 ഡിസംബർ മാസം ഓഖി ദുരന്തമുണ്ടായി. 2018-ൽ ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ പ്രളയം, 99-നുശേഷം, 1924-നുശേഷം, 94 വർഷങ്ങൾക്കുശേഷമുണ്ടായ മഹാപ്രളയം. ഈ പ്രതിസന്ധി ഘട്ടങ്ങളെ അഭിമുഖീകരിച്ച് അതിജീവിക്കുന്നതിൽ കേരള ജനതയ്ക്ക് ഏറ്റവും നല്ല നേതൃത്വം നൽകാൻ സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റിന് കഴിഞ്ഞു. ഈ നിർണ്ണായക ഘട്ടങ്ങളിൽ ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരായിരുന്നില്ല കേരളത്തിലധികാരത്തിലിരുന്നതെങ്കിൽ എന്ത് സംഭവിക്കുമായിരുന്നുവെന്ന് ശരാശരി കേരളീയൻ ഇപ്പോഴും ചോദിച്ചുകൊണ്ടിരിക്കുകയാണ്. എന്റെ നാട്ടിൽ നൂറുവയസ്സ് തികഞ്ഞ ഒരു മതാചാര്യനുണ്ട്. അദ്ദേഹം പമ്പാ നദീതീരത്താണ് താമസിക്കുന്നത്. അദ്ദേഹത്തിന്റെ വീടിന്റെ ഒന്നാംനില മുഴുവൻ വെള്ളം കയറിയതിനാൽ മാറി താമസിക്കേണ്ടിവന്നു. ശ്രീ. പിണറായി വിജയൻ കേരളത്തിന് ദൈവം നൽകിയ വരദാനമാണെന്ന് ആ മതാചാര്യൻ പ്രഖ്യാപിക്കുന്ന സ്ഥിതിവിശേഷമുണ്ടായി. ഈശ്വരവിശ്വാസികൾ ഈ ഗവൺമെന്റിന് എതിരാണെന്നാണല്ലോ പ്രചരിപ്പിക്കുന്നത്. പ്രകൃതിക്ഷോഭങ്ങളുടെ ഘട്ടങ്ങളിൽ ചില കാര്യങ്ങൾ നമ്മൾ മനസ്സിലാക്കേണ്ടതായിട്ടുണ്ട്. കാലാവസ്ഥാ പ്രവചനം കാര്യക്ഷമമാക്കേണ്ടതിന്റെ ആവശ്യകത ഐ.എം.ഡി.-യേയും കേന്ദ്ര സർക്കാരിനേയും ബോധ്യപ്പെടുത്താൻ കഴിയണം. ഓഖി ദുരന്തമുണ്ടായപ്പോൾ മത്സ്യത്തൊഴിലാളികൾ കടലിൽപ്പോയ ശേഷം, നിങ്ങൾ കടലിൽപ്പോകരുതെന്ന് കരയിൽ അനൗൺസ് ചെയ്യേണ്ട സ്ഥിതിവിശേഷമുണ്ടായില്ലേ? അതിതീവ്രമായ മഴയുണ്ടാകുമെന്ന് പ്രവചിക്കപ്പെട്ടിട്ടില്ല. ആഗസ്റ്റ് മാസം 30-ാം തീയതി നമ്മൾ പ്രത്യേക സമ്മേളനം ചേർന്നു. മനുഷ്യനിർമ്മിത പ്രളയമെന്ന് പ്രചരിപ്പിക്കാൻ ശ്രമിച്ചു. അതിനുശേഷം Central Water Commission-ന്റെയും ചെന്നൈ IIT-യുടേയുമൊക്കെ പഠന റിപ്പോർട്ടുകൾ വന്നു. അതിതീവ്രമായ മഴ പെയ്തത് കൊണ്ടുണ്ടായതാണ് വെള്ളപ്പൊക്കം. അതിനെ മുൻകൂട്ടി കാണാൻ തക്കവണ്ണമുള്ള പ്രവചനം നമുക്ക് ലഭ്യമായില്ലെന്നുള്ളത് വസ്തുതയാണ്. ഒരു വർഷത്തിനിടയിൽ സർക്കാരിന് ഏറ്റവും തിളക്കം നൽകുന്ന പ്രകടനം കാഴ്ചവയ്ക്കപ്പെട്ട, അന്യാദൃശമായ ഇടപെടൽ നടന്ന, രാജ്യത്തിനാകമാനം മാതൃകയായ സംഭവമാണ് പ്രളയത്തിലെ നമ്മുടെ പ്രവർത്തനങ്ങൾ.

രക്ഷാപ്രവർത്തനത്തിൽ, ദുരിതാശ്വാസ പ്രവർത്തനത്തിൽ, പുനർ നിർമ്മാണത്തിലടക്കം ദേശീയ മാനദണ്ഡങ്ങൾ പ്രകാരം കിട്ടേണ്ടതിന്റെ 30 ഇരട്ടി വരെ ഉയർന്ന തോതിൽ സർക്കാർ ധനസഹായം നൽകിയിട്ടുണ്ട്. ദേശീയ ദുരിതാശ്വാസ പദ്ധതിയിൽ വ്യാപാരികൾ, വ്യവസായികൾ, തേനീച്ച കർഷകർ, അലങ്കാരപക്ഷി കർഷകർ തുടങ്ങിയവർ ഉൾപ്പെടുന്നില്ലെങ്കിലും ഉപജീവന സഹായ പദ്ധതിപ്രകാരം 2 ലക്ഷം രൂപ വരെ, ഒപ്പം മാർജിൻ മണി പലിശ സബ്സിഡിയടക്കം ഇവർക്കൊക്കെ സഹായം നൽകാൻ പ്രളയകാലത്ത് നമുക്ക് കഴിഞ്ഞു. ദുരിതാശ്വാസ ക്യാമ്പിൽ 14 ലക്ഷം പേരെ താമസിപ്പിക്കാൻ എല്ലാവരുടെയും സഹകരണം ഉണ്ടായിരുന്നു. 22 ഇനം സാധനങ്ങളുള്ള കിറ്റ് 7.15 ലക്ഷം കുടുംബങ്ങൾക്ക് വിതരണം ചെയ്യാൻ കഴിഞ്ഞു. 687843 പേർക്ക് 10,000 രൂപ വച്ച് കൊടുക്കാൻ ഏതെങ്കിലും കാലഘട്ടത്തിൽ കഴിഞ്ഞിട്ടുണ്ടോ? കുടുംബശ്രീ മുഖേന ഗൃഹോപകരണങ്ങൾ വാങ്ങുന്നതിന് 1 ലക്ഷം രൂപ വരെ വായ്പ കൊടുത്തു. 69725 കുടുംബങ്ങൾക്ക് 562.82 കോടി രൂപ നൽകാനും വാസഭൂമി നഷ്ടപ്പെട്ടവർക്ക് ഭൂമി വാങ്ങാൻ 6 ലക്ഷം രൂപയും വീട് വയ്ക്കുന്നതിന് 4 ലക്ഷം രൂപയും നൽകി. പ്രളയം ജമ്മു കാശ്മീർ പോലുള്ള മറ്റ് സംസ്ഥാനങ്ങളിലും ഉണ്ടായിട്ടുണ്ട്. പക്ഷേ, ഇന്ത്യാ മഹാരാജ്യത്ത് ആദ്യമായിട്ടാണ് ഇത്തരം പ്രവർത്തനങ്ങളുണ്ടായത്. പ്രളയം കഴിയുമ്പോൾ പകർച്ചവ്യാധി സ്വാഭാവികമാണ്. WHO തന്നെ പറഞ്ഞത് പ്രളയകാലത്തുണ്ടായതിന്റെ ഇരട്ടിയിലധികം ആളുകൾ മരണപ്പെടുമെന്നാണ്. ഏറ്റവും നല്ല രീതിയിലുള്ള ഇടപെടൽ ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ നടന്നതുകൊണ്ട് നമുക്ക് ആപത്തിൽനിന്ന് രക്ഷപ്പെടാൻ കഴിഞ്ഞു. പ്രളയജലം ഇറങ്ങിയ ഉടൻ മാതൃകാപരമായ ശുചീകരണം നടന്നു. 7 ലക്ഷം വീടുകൾ എല്ലാവരുംചേർന്ന് ശുചീകരിച്ചു; മരിച്ചവരുടെ കുടുംബങ്ങൾക്ക് 4 ലക്ഷം രൂപവച്ച് കൊടുക്കാൻ കഴിഞ്ഞു. പ്രളയബാധിതരായ കർഷകർക്ക് 170 കോടി രൂപയുടെ ധനസഹായം നൽകുകയും കാർഷിക കടങ്ങൾക്ക് ഒരു വർഷത്തേയ്ക്ക് മൊറട്ടോറിയം പ്രഖ്യാപിക്കുകയും ചെയ്തു. ബണ്ടുകൾ നന്നാക്കാനും വെള്ളം വറ്റിക്കാനും സർക്കാർ തുക നൽകി. വൈദ്യുതി, വെള്ളക്കരം ബില്ലുകൾക്ക് 2019 ജനുവരി മാസം വരെ മൊറട്ടോറിയം പ്രഖ്യാപിച്ചു. Post Disaster Needs Assessment (PDNA) UN നടത്തിയിരിക്കുന്നത് പ്രകാരം 31,000 കോടി രൂപ വേണമെന്നാണ്. നമുക്ക് ദേശീയ ദുരന്ത നിവാരണ ഫണ്ടിൽനിന്ന് കിട്ടിയത് വെറും 2,904 കോടി രൂപ മാത്രമാണ്. കൂടുതൽ ഫണ്ട് കിട്ടേണ്ടിയിരിക്കുന്നു. തരാൻ തയ്യാറായ ആളുകളിൽനിന്ന് പണം വാങ്ങാൻ നമുക്ക് കേന്ദ്ര ഗവൺമെന്റിന്റെ അനുമതി കിട്ടാത്ത സാഹചര്യമുണ്ടായിരിക്കുന്നു. ഞാൻ അതിന്റെ

വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. നാടിന്റെ വളർച്ചയിൽ അടിസ്ഥാന സൗകര്യ വികസനം അനിവാര്യമാണ്.

വിമാനത്താവളങ്ങളുടെ കാര്യത്തിൽ നാം വളരെ മുന്നോട്ടുപോയി. കണ്ണൂർ വിമാനത്താവളം ലോകനിലവാരത്തിലുള്ള സജ്ജീകരണങ്ങളോടെ ഉദ്ഘാടനം ചെയ്യാൻ കഴിഞ്ഞു. അന്ന് ഉദ്ഘാടനം ചെയ്ത് വിമാനം പറന്നുപോയിട്ട് പശു മേയുന്ന അവസ്ഥയല്ല അവിടെ. കണ്ണൂർ വിമാനത്താവളം പ്രവർത്തനസജ്ജമാക്കി 2300 ഏക്കർ സ്ഥലം ഏറ്റെടുക്കാൻ കഴിഞ്ഞു. 3050 മീറ്റർ റൺവേയുണ്ടായിരുന്നത് 4000 മീറ്ററായി മാറുകയാണ്. ഇന്ത്യയിലിപ്പോൾ 3 വിമാനത്താവളങ്ങളിൽ മാത്രമാണ് 4000 മീറ്റർ റൺവേയുള്ളത്. കണ്ണൂർ വിമാനത്താവളവും ആ നിരയിലേയ്ക്ക് ഉയരുകയാണ്. കണ്ണൂർ വിമാനത്താവളം കൊച്ചി, കോഴിക്കോട് വിമാനത്താവളങ്ങളെ ദോഷമായി ബാധിക്കുകയില്ല എന്ന വസ്തുത ബോധ്യപ്പെടുത്തി നാം ആളുകൾക്കിടയിലെ ആശങ്ക മാറ്റേണ്ടിയിരിക്കുന്നു. കോഴിക്കോട് വിമാനത്താവള വികസനത്തിന് സ്ഥലം വേണം. പക്ഷേ, റൺവേ വികസനം വേണ്ടെന്നാണ് എയർപോർട്ട് അതോറിറ്റി പറഞ്ഞിരിക്കുന്നത്. ശബരിമല വിമാനത്താവളത്തിന്റെ നടപടികൾ പുരോഗമിക്കുന്നു. തിരുവനന്തപുരം വിമാനത്താവളത്തിന്റെ സ്വകാര്യവൽരണ നീക്കം തടയാൻ നമുക്കാകണം. ശ്രീ. സി. കെ. ഹരീന്ദ്രൻ ആ വിഷയം ഇവിടെ ഉന്നയിച്ചതുകൊണ്ട് ഞാൻ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. വിമാനത്താവളം മാത്രമല്ല ദേശീയപാതാ വികസനവുമുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് സ്ഥലമെടുപ്പ് നടക്കാത്തതുകൊണ്ട് പദ്ധതി ഉപേക്ഷിച്ചിരുന്നു. 45 മീറ്ററിൽത്തന്നെ ദേശീയപാത വികസനമുണ്ടാകണമെന്ന കർശനമായ നിലപാട് ഈ സർക്കാർ സ്വീകരിച്ചു. 2627 ഹെക്ടറിൽ 60 ശതമാനം സ്ഥലമെടുപ്പും പൂർത്തിയായി. 85500 കോടി രൂപ ആവശ്യമുള്ള പ്രസ്തുത പദ്ധതി 2020 ഡിസംബർ മാസം പൂർത്തിയാക്കാൻ പോകുകയാണ്. മലയോര ഹൈവേ 1267 കിലോ മീറ്ററും തീരദേശഹൈവേ 657 കിലോ മീറ്ററുമാണ്. 10,000 കോടി രൂപയുടെ പ്രസ്തുത പദ്ധതി 2020-ൽ പൂർത്തീകരിക്കാൻ പോകുകയാണ്. കോവളത്തുനിന്നും ബേക്കലിലേയ്ക്കുള്ള ദേശീയ ജലപാത വടകര മുതൽ മാഹിവരെ കൃത്രിമ കനാലിലാണെങ്കിൽപ്പോലും ഓരോ 25 കിലോമീറ്ററിലും ടൂറിസ്റ്റ് കേന്ദ്രം സ്ഥാപിച്ച് ചരക്കുനീക്കം സുഗമമാക്കി പെട്രോളിയം ഉൽപ്പന്നങ്ങളുടെ നീക്കം ജലപാതയിലൂടെയാക്കി പാർവ്വതി പുത്തനാർ ശുചീകരിച്ച് ദേശീയ ജലപാതയുടെ നിർമ്മാണം വളരെ വേഗത്തിൽ നടന്നു കൊണ്ടിരിക്കുകയാണ്. 2013-ൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഉപേക്ഷിച്ച

ഗെയിൽ പൈപ്പ് ലൈൻ പദ്ധതി 2016-ൽ പുനരാരംഭിച്ച് വരുന്ന ജൂൺമാസം കൊച്ചി മുതൽ കുറ്റനാട്ടുവരെ സ്ഥാപിക്കാൻ കഴിയുന്ന സ്ഥിതിയിലായി. വാട്ടർ മെട്രോ, കൊച്ചി മെട്രോ തുടങ്ങിയ നിരവധി കാര്യങ്ങളിൽ മുന്നേറാൻ കഴിഞ്ഞിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ മാത്രമല്ല മിഷനുകൾ രൂപീകരിച്ചുകൊണ്ട് ലക്ഷ്യമിട്ട കാര്യങ്ങളിലേയ്ക്ക് വളരെ വേഗത്തിൽ എത്തിക്കൊണ്ടിരിക്കുകയാണ്. ജല സുരക്ഷയ്ക്കുവേണ്ടി 17000 കിലോമീറ്റർ പുഴകളും തോടുകളും പുനരുജ്ജീവിപ്പിച്ചു. വരട്ടാർ, കോലറയാർ, കാനാപ്പുഴയാർ, പള്ളിക്കലാർ, പൂന്തുരാർ, കുട്ടമ്പേരൂരാർ, കിള്ളിയാർ തുടങ്ങിയ ആറുകൾ പുനരുജ്ജീവിപ്പിക്കാൻ ഈ കാലഘട്ടത്തിൽ കഴിഞ്ഞു. 9900 കുളങ്ങൾ നവീകരിക്കുകയും 8675 കുളങ്ങൾ നിർമ്മിക്കുകയും 49000 കിണറുകൾ റീചാർജ്ജ് ചെയ്യുകയും ചെയ്തു. 4500 കിണറുകൾ നവീകരിച്ചു.

ശുചിത്വമിഷൻ വഴി മുപ്പതുലക്ഷം വീടുകളിൽ ഉറവിട മാലിന്യസംസ്കരണത്തിനുള്ള നടപടികൾ സ്വീകരിച്ചു. വീടുകളിലെ പ്ലാസ്റ്റിക്കും മറ്റും ശേഖരിക്കാൻ ഹരിത കർമ്മസേനയായി. 91000 പ്രാദേശിക മാലിന്യസംസ്കരണ പദ്ധതികൾ, പ്രധാന നഗരങ്ങളിൽ കേന്ദ്രീകൃത മാലിന്യ സംസ്കരണത്തിനുള്ള പദ്ധതികൾ, പൊതു പരിപാടികൾക്ക് ഗ്രീൻ പ്രോട്ടോകോൾ തുടങ്ങി നിരവധി കാര്യങ്ങൾ നടപ്പിലാക്കി.

തരിശ് നിലങ്ങളിൽ 25000 ഹെക്ടറിലധികം നെൽകൃഷി നടപ്പിലാക്കി. നെൽകൃഷി കുറഞ്ഞുവന്നുകൊണ്ടിരുന്ന സംസ്ഥാനത്ത് പുതുതായി 25000 ഹെക്ടറിൽ കൃഷികൊണ്ടുവരാൻ കഴിഞ്ഞു എന്നത് ഹരിതകേരള മിഷന്റെ വിജയം തന്നെയാണ്. എല്ലാ വീടുകളിലും ജൈവ പച്ചക്കറികൃഷിയും തരിശുഭൂമി പച്ചക്കറികൃഷിയും വ്യാപിപ്പിക്കുന്നു. 2017 ഡിസംബർ വരെ 86 ലക്ഷം വൃക്ഷത്തൈകൾ നട്ടു. ഈ വർഷം 3 കോടി വൃക്ഷത്തൈകൾ നടാനുള്ള പദ്ധതിയാണുള്ളത്.

ലൈഫ് പദ്ധതിയിലൂടെ അഞ്ചുവർഷംകൊണ്ട് ഭവനരഹിതരില്ലാത്ത കേരളം സ്ഥാപിച്ചെടുക്കാനുള്ള ശ്രമമാണ് നടത്തുന്നത്. മുടങ്ങിക്കിടന്ന 28000 വീടുകൾ പൂർത്തിയാക്കി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഭവനരഹിതരുടെ പട്ടികയുണ്ടാക്കി ഭൂരഹിതർക്കുള്ള ഭവനസമുച്ചയ നിർമ്മാണം ആരംഭിച്ചു.

ആർദ്രം പദ്ധതിയിലൂടെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യകേന്ദ്രങ്ങളായി മാറുകയാണ്. ഉച്ചയ്ക്കുശേഷവും ചികിത്സാ സൗകര്യം നടപ്പിലാക്കുകയും സർക്കാർ ആശുപത്രികൾ സൂപ്പർ സ്പെഷ്യാലിറ്റികളാക്കി മാറ്റുകയും ചെയ്തു. പകർച്ചവ്യാധിക്കെതിരെ ആരോഗ്യ ജാഗ്രത എന്ന പദ്ധതി

രൂപീകരിക്കുകയും താലൂക്കാശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ, ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിന് പുതിയ പദ്ധതികൾ, എല്ലാ സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളിലും സാന്ത്വന ചികിത്സ എന്നിവയും നടപ്പിലാക്കി.

പൊതു വിദ്യാലയങ്ങൾ ഇഷ്ടവിദ്യാലയങ്ങളായി. 5 കോടി രൂപ വീതം 140 സ്കൂളുകൾക്ക് അനുവദിച്ച് 45000 ക്ലാസ് മുറികൾ ഹൈടെക്കാക്കി. പാഠപുസ്തകങ്ങൾ യഥാസമയം കൊടുക്കാൻ കഴിഞ്ഞു. അടുത്ത വർഷവും സ്കൂൾ തുറക്കുന്നതിനുമുമ്പ് പാഠപുസ്തകങ്ങൾ കൊടുക്കാനുള്ള സംവിധാനമായി.

പാലുൽപ്പാദനരംഗത്ത് സ്വയംപര്യാപ്തതയിലേയ്ക്ക് നീങ്ങുകയാണ്. മലബാർ സ്വയം പര്യാപ്തതയിലേയ്ക്ക് എത്തിക്കഴിഞ്ഞു. കേരള സംസ്ഥാനം 85 ശതമാനത്തോളം എത്തിക്കഴിഞ്ഞിരിക്കുകയാണ്.

ആദിവാസി ഊരുകളിൽ 500 സാമൂഹ്യ പഠനമുറികൾ, വിദ്യാലയങ്ങളിലെ അദ്ധ്യാപകരായി ഗോത്രഭാഷ അറിയുന്നവർ, 18 വയസ്സിനുശേഷം മൂന്ന് ലക്ഷം രൂപ നൽകുന്ന ഗോത്രവാത്സല്യ നിധി, ആദിവാസി വീടുകളിൽ സമ്പൂർണ്ണ വൈദ്യുതീകരണം, പോലീസ്, എക്സൈസ് വകുപ്പുകളിൽ ആദിവാസി വിഭാഗങ്ങൾക്ക് പ്രത്യേക നിയമനം, 101 പട്ടികവർഗ്ഗ കോളനികളിൽ സമഗ്ര വികസന പരിപാടികൾ, ആറളം ഫാമിൽ 42 കോടി രൂപയുടെ സമഗ്ര വികസന പദ്ധതി, ആദിവാസികൾക്ക് ഭൂമി വിതരണം ചെയ്യുന്നതിന് സമയബന്ധിത പരിപാടി എന്നിവ നടപ്പിലാക്കി.

കായികരംഗത്ത് 800 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസനമാണ് ലക്ഷ്യമിടുന്നത്. യുവജനശാക്തീകരണത്തിന് ആയിരം യുവ സ്പോർട്സ് ക്ലബ്ബ് സ്കൂളുകൾ അന്തർദ്ദേശീയ നിലവാരത്തിലേയ്ക്ക് എത്തിച്ചേരുകയാണ്. മതസൗഹാർദ്ദത്തിന്റെ തുരുത്തായി നമ്മുടെ നാട് മാറിയിരിക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഈ സംസ്ഥാനം ഭരിച്ച രണ്ട് വർഷം വർഗ്ഗീയ സംഘർഷങ്ങളോ കലാപങ്ങളോ ഇല്ലായിരുന്നു. എല്ലാ വർഗ്ഗീയ തീവ്രവാദ ശക്തികൾക്കുമെതിരെ കർശന നടപടി സ്വീകരിക്കാനുള്ള ആർജ്ജവം കാട്ടിയ ഗവൺമെന്റാണിത്. ഭദ്രമായ ക്രമസമാധാനം, ജനങ്ങൾക്ക് സ്വൈര്യ ജീവിതം, തെളിയിക്കപ്പെടാതിരുന്ന കൊലക്കേസ്സുകളടക്കം തെളിയിക്കപ്പെടുന്ന സ്ഥിതി, സൈബർ കേസ്സുകളിൽ പോലീസിന് ദേശീയ അംഗീകാരം, സ്റ്റേഷൻ ചുമതല സി.ഐ.-മാർക്ക് നൽകി ക്രമസമാധാനത്തിനും കുറ്റാന്വേഷണത്തിനും വെവ്വേറെ ചുമതലകൾ എന്നിവ നടപ്പിലാക്കി.

ക്ഷേത്രങ്ങളിൽ പൂജാരിമാരായി പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട ആളുകളെ നിയമിക്കുന്ന സ്ഥിതിവിശേഷമുണ്ടായി. 140 അബ്രാഹ്മണ ശാന്തിമാർ സംസ്ഥാനത്തുണ്ടായി. പരാതികളില്ലാതെ സുഗമമായി ശബരിമല ദർശനം നടത്താൻ എല്ലാ സജ്ജീകരണങ്ങളുമുണ്ടായി. മറ്റ് വിഷയങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. തിരുപ്പതി മാതൃകയിൽ ശബരിമല വികസനത്തിന് വലിയ പദ്ധതിയുണ്ടായി.

ടൂറിസം വികസനം വലിയ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കാൻ പദ്ധതി നിർവ്വഹണത്തിൽ പത്തരമാറ്റ് വിജയമുണ്ടായി, സർവ്വകാല റിക്കാർഡാണ് നേടിയിരിക്കുന്നത്. സംസ്ഥാനത്തെ ഏഴ് നഗരസഭകൾക്കും 186 ഗ്രാമപഞ്ചായത്തുകൾക്കും 26 ബ്ലോക്ക് പഞ്ചായത്തുകൾക്കും കൊല്ലം കോർപ്പറേഷനും നൂറ് ശതമാനം പദ്ധതി നിർവ്വഹണം വകയിരുത്തി 6,194 കോടി രൂപയിൽ 5,581 കോടി രൂപയും ചെലവഴിക്കപ്പെട്ടു. ചരിത്രത്തിലാദ്യമായി പദ്ധതി നടത്തിപ്പ് ഏപ്രിലിൽ ആരംഭിക്കാൻ കഴിഞ്ഞിരിക്കുന്നു. 7,000 കോടി രൂപയുടെ വികസന ഫണ്ടടക്കം 10,750 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുകയാണ്. റേഷൻ കാർഡ് വഴി എല്ലാവർക്കും റേഷൻ കൊടുക്കുന്ന സംവിധാനമുണ്ടായി. അങ്ങനെ നിരവധി പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ കഴിഞ്ഞു.

ഭിന്നശേഷിക്കാരുടെ ഉന്നതിക്ക് വിവിധ പദ്ധതികൾ നടപ്പിലാക്കി. 253 ഭിന്നശേഷിക്കാർക്ക് സ്ഥിരനിയമനം നൽകി. സ്വയംതൊഴിലിന് ബാങ്ക് വായ്പ സബ്സിഡിയായി നൽകി. 2016-2017-ൽ 16944 ഭിന്നശേഷിക്കാർക്ക് തിരിച്ചറിയൽ കാർഡ് നൽകി. ഭിന്നശേഷിക്കാർക്കായി കുട്ടികളുടെ പേരിൽ 20,000 രൂപ സ്ഥിരനിക്ഷേപം അനുവദിച്ചു. മിടുക്കരായ ഭിന്നശേഷി വിദ്യാർത്ഥികൾക്ക് 2,500 രൂപയുടെ പ്രൊഫിഷ്യൻസി സർട്ടിഫിക്കറ്റടക്കം നിരവധി കാര്യങ്ങൾ നടപ്പിലാക്കി. എസ്.എസ്.എൽ.സി. ബുക്കിൽ ട്രാൻസ്ജെൻഡേഴ്സ് കോളം കൂടിയുൾപ്പെടുത്തുന്ന സ്ഥിതിവിശേഷമുണ്ടായി. ട്രാൻസ്ജെൻഡേഴ്സിന് കൊച്ചി മെട്രോയിലടക്കം തൊഴിലും നൈപുണ്യ പരിശീലനവും നൽകി. 55000 പേർക്ക് പുതിയതായി പട്ടയം വിതരണം ചെയ്തു. എണ്ണായിരത്തോളം പട്ടയം വിതരണത്തിന് സജ്ജമാണ്. നിലംനികത്തിയ 38 ഏക്കർ പൂർവ്വസ്ഥിതിയിലാക്കാൻ കഴിഞ്ഞു. കാലാവധി കഴിഞ്ഞ പാട്ടഭൂമി തിരിച്ചെടുക്കാൻ നടപടികളായി. അങ്ങനെ നിരവധി കാര്യങ്ങൾ ഈ സംസ്ഥാനത്ത് നടിപ്പിലാക്കാൻ കഴിഞ്ഞ രണ്ട് വർഷംകൊണ്ട് സാധിച്ചു.

കൈത്തറി മേഖലയിൽ, സർക്കാർ സ്കൂളുകളിലെ യൂണിഫോമിന് പത്ത് ലക്ഷം മീറ്റർ തുണി അനുവദിച്ചു. വിശദമായി പറയാൻ സമയം അനുവദിക്കാത്തതുകൊണ്ട് ഞാനെന്റെ പ്രസംഗം ചുരുക്കുകയാണ്. അഴിമതിയോട് സന്ധിയില്ലാത്ത ഗവൺമെന്റാണ് ഇന്ന് കേരളം ഭരിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിലെ മന്ത്രിമാർക്കെതിരെ ഒരു രൂപത്തിലുമുള്ള അഴിമതിയാരോപണങ്ങളും കഴിഞ്ഞ രണ്ടരവർഷമുണ്ടായിട്ടില്ല. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് എന്തായിരുന്നു സ്ഥിതി? ആരൊക്കെ എവിടെയൊക്കെ എന്നൊന്നും ഞാൻ പറയുന്നില്ല. പഴയതിനെ ആക്ഷേപിക്കുകയല്ല. ഒരുദാഹരണം മാത്രം പറയാം. പൊതുമരാമത്ത് പ്രവൃത്തികളിൽ ഇന്ന് മൈനസിലാണ് കരാറുകാരൻ ക്വട്ടേഷൻ കൊടുക്കുന്നത്. അതെന്തുകൊണ്ടാണ്? കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നാൽപ്പതും അൻപതും അറുപതും ശതമാനം അധികരിച്ച നിരക്കിൽ ക്വട്ടേഷൻ കൊടുത്തിരുന്ന കരാറുകാർ ഇന്ന് മൈനസിൽ കരാർ കൊടുക്കുന്നത് ഇടനിലക്കാർക്ക് കൈക്കൂലി കൊടുക്കാതെ പണിനടത്താൻ കഴിയുന്ന സാഹചര്യം ഈ സംസ്ഥാനത്തുണ്ടായിരിക്കുന്നതുകൊണ്ടാണ്. എല്ലാ വകുപ്പിലും അഴിമതിയില്ലാത്ത ഭരണം നടത്താൻ കഴിഞ്ഞിരിക്കുന്നു.

പശ്ചാത്തല വികസനത്തിനും ഇപ്പോൾ പണമുണ്ട്. കിഫ്ബിയുടെ 50,000 കോടി രൂപയുടെ പശ്ചാത്തല സൗകര്യ വികസനം, 20,000 കോടി രൂപയുടെ പ്രവൃത്തികൾക്ക് ഇതിനോടകം അനുമതി, സ്കൂൾ വികസനത്തിന് 957 കോടി രൂപ, റോഡുകൾക്കും പാലങ്ങൾക്കും കുടിവെള്ള പദ്ധതികൾക്കുമടക്കം ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വിവിധ പദ്ധതികളിലായി കേരള വാട്ടർ അതോറിറ്റി 9,600 കോടി രൂപയുടെ പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഒരു കാലഘട്ടത്തിലും അതുണ്ടായിട്ടില്ല. അങ്ങനെ ഈ സർക്കാർ വളരെ സ്മാർട്ടായി മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുകയാണ്. എല്ലാ മേഖലകളിലെയും ആനുകൂല്യം വർദ്ധിപ്പിച്ചിട്ടുണ്ട്. വിദ്യാഭ്യാസ വായ്പയടക്കമുള്ള കടക്കെണിയിൽ ആയിരുന്നവർക്ക് മോചനം കൊടുക്കാൻ മുന്നോട്ട് വന്നിരിക്കുന്നു. ലോഡ്ഷെഡ്ഡിംഗും പവർകട്ടുമില്ലാത്ത രണ്ട് വർഷത്തിലൂടെയാണ് നമ്മൾ കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. പലകാര്യങ്ങളിലും കേരളം ഒന്നാമതായി മുന്നേറുന്നത് കേരളത്തിൽ ഇച്ഛാശക്തിയുള്ള ഒരു ഗവൺമെന്റുള്ളതു കൊണ്ടാണ്. ഈ ഗവൺമെന്റ് വ്യക്തമായ നയങ്ങളോടുകൂടി മുന്നോട്ടുപോകുകയാണ്.

കേരളത്തിലെ പ്രതിപക്ഷം രാജ്യം ഭരിക്കുന്ന ബി.ജെ.പി.-യുടെ 'ബി' ടീമായി കേരളത്തിൽ അധഃപതിക്കുന്ന ദയനീയ കാഴ്ചയാണ് കഴിഞ്ഞ രണ്ടുവർഷം കണ്ടത്.

ഇത് ആപത്താണെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. അഖിലേന്ത്യാതലത്തിലും ദേശീയതലത്തിലും കോൺഗ്രസ്സും യു.ഡി.എഫ്.-ഉം എടുക്കുന്ന നിലപാടുകൾക്ക് വ്യത്യസ്തമായി കേരളത്തിൽ താൽക്കാലിക രാഷ്ട്രീയനേട്ടങ്ങൾക്കുവേണ്ടി ബി.ജെ.പി. ഉയർത്തുന്ന വർഗ്ഗീയ ഫാസിസ്റ്റ് നയങ്ങൾക്ക് അനുകൂലമായ നിലപാടെടുത്താൽ അതിന് ആത്യന്തികമായ വിലകൊടുക്കേണ്ടി വരുന്നത് കോൺഗ്രസ്സിന് തന്നെയായിരിക്കുമെന്ന തിരിച്ചറിവുണ്ടാകണം. അതുകൊണ്ട് ഒരുരൂപത്തിലും നാടിന്റെ വളർച്ചയെ തടസ്സപ്പെടുത്തുന്ന രീതിയിലുള്ള പ്രവൃത്തികളിലേർപ്പെടാതെ നന്മയുടെ ഭാഗത്ത് നിൽക്കാൻ കേരളത്തിലെ ജനാധിപത്യ വിശ്വാസികൾ തയ്യാറാകണം. ഇവിടെ എല്ലാ മേഖലകളിലും വികസനത്തിന്റെ വിത്തുപാകി ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് മുന്നേറിക്കൊണ്ടിരിക്കുകയാണ്. 2021-നുശേഷം കേരള ചരിത്രത്തിലാദ്യമായി ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ തുടർഭരണം ഉറപ്പിക്കുന്ന നടപടികളാണ് സംസ്ഥാനത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. അതിനുതകുന്ന രൂപത്തിലുള്ള നയങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള സൂക്ഷ്മമായ നിലപാടുകൾ പ്രഖ്യാപിക്കുന്ന ഒരു നയപ്രഖ്യാപന പ്രസംഗമാണ് കേരള നിയമസഭയിൽ ബഹുമാന്യനായ ഗവർണർ നടത്തിയത്. ആ പ്രസംഗം അവതരിപ്പിച്ച ബഹുമാന്യനായ ഗവർണറോടുള്ള നന്ദി ഈ സഭയുടെ പേരിൽ രേഖപ്പെടുത്തിക്കൊണ്ട് ഞാനെന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. എം. നൗഷാദ്: സർ, കേരള ഗവൺമെന്റിനുവേണ്ടി ബഹുമാന്യനായ ഗവർണർ അവതരിപ്പിച്ച നയപ്രഖ്യാപനത്തിന്മേൽ ശ്രീ. മാത്യു ടി. തോമസ് അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ പിന്തുണയ്ക്കുകയാണ്. ചെയ്ത കാര്യങ്ങൾ, ചെയ്യാൻ പോകുന്ന കാര്യങ്ങൾ, ചെയ്യേണ്ട കാര്യങ്ങൾ എന്നിവ അവതരിപ്പിക്കുകയെന്നുള്ളതാണ് നയപ്രഖ്യാപനം. അതിൽ സ്വാഭാവികമായും ആവർത്തനങ്ങളുണ്ടാകും. ആ വസ്തുതകൾ നമ്മുടെ പ്രതിപക്ഷത്തിന് അറിയില്ലെന്ന് പറയുന്നത് ഖേദകരമാണ്. കേരളത്തിന്റെ പുനർനിർമ്മാണം വരുന്ന അഞ്ച് വർഷത്തിനുള്ളിൽ മാത്രമേ പൂർത്തീകരിക്കാൻ കഴിയുകയുള്ളൂവെന്ന് നയപ്രഖ്യാപനത്തിൽ പറഞ്ഞിട്ടുണ്ട്. വരാൻപോകുന്ന നാല് വർഷവും അത് ആവർത്തിക്കപ്പെടും. കേരളത്തിന്റെ സ്വപ്നപദ്ധതിയായ മലയോര ഹൈവേ ഒരു വർഷംകൊണ്ട് പൂർത്തീകരിക്കാൻ കഴിയുന്നതാണോ; ആ പ്രവർത്തനങ്ങളെ സംബന്ധിച്ച് പറയേണ്ടതല്ലേ? അതുപോലെതന്നെയാണ് തീരദേശ ഹൈവേയുടെ പ്രവർത്തനവും നാഷണൽ ഹൈവേയുടെ വീതി 45 മീറ്ററാക്കുന്ന പ്രവർത്തനവും. കൂടാതെ

വിദ്യാഭ്യാസ-ആരോഗ്യ മേഖലകളിൽ നടത്തുന്ന പ്രവർത്തനങ്ങളും സമ്പൂർണ്ണ വൈദ്യുതീകരണത്തിലേയ്ക്ക് എത്തിച്ചിട്ടുള്ള കാര്യങ്ങളുമെല്ലാം ആവർത്തനം തന്നെയാണ്. തീർച്ചയായും അങ്ങനെ മാത്രമേ ഒരു ഗവൺമെന്റിന് മുന്നോട്ടുപോകാൻ കഴിയുകയുള്ളൂ. അത് തിരിച്ചറിയാനും മനസ്സിലാക്കാനും പ്രതിപക്ഷത്തിന് കഴിയുന്നില്ല എന്നുള്ളതാണ് വസ്തുത. ബഹുമാന്യനായ മാത്യു ടി. തോമസ് നന്ദിപ്രമേയം അവതരിപ്പിച്ചപ്പോൾ പ്രതിപക്ഷത്തിന് എന്തൊരു അസഹിഷ്ണുതയായിരുന്നു. പക്ഷേ അദ്ദേഹം പറഞ്ഞതിൽ ഏതിനെയാണ് നിങ്ങൾക്ക് എതിർക്കാൻ കഴിയുക? ഇവിടെ ബഹുമാന്യനായ പി. സി. ജോർജ് ഒരു സബ്മിഷൻ അവതരിപ്പിച്ചു. മെന്റലി ചലഞ്ച്ഡായ കുട്ടികൾ പഠിക്കുന്ന സ്പെഷ്യൽ സ്കൂളുകളുടെയും അവിടെ പഠിക്കുന്ന കുട്ടികളുടെയും അവസ്ഥ സംബന്ധിച്ചാണ് അദ്ദേഹം സബ്മിഷൻ ഉന്നയിച്ചത്. വിശദമായ മറുപടി പറയുന്നില്ല, ഒളിച്ചോടുന്നു എന്നാണ് സാധാരണ പറയുന്നതെങ്കിൽ, അതിൽനിന്നും വ്യത്യസ്തമായി ആ മേഖല നേരിടുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് കൃത്യമായ മറുപടി പറഞ്ഞപ്പോൾ അത് കേൾക്കാൻപോലുമുള്ള സഹിഷ്ണുത കാണിക്കാത്ത പ്രതിപക്ഷത്തെയാണ് കണ്ടത്. കഴിഞ്ഞ മുപ്പത്തിരണ്ട് മാസം കേരള ഗവൺമെന്റ് നടത്തിയിട്ടുള്ള പ്രവർത്തനത്തെ സംബന്ധിച്ച് വിശദീകരിക്കാൻ മുപ്പത്തിരണ്ട് മണിക്കൂർ എടുത്താലും കഴിയുകയില്ല. ഈ ഗവൺമെന്റ് ദിശാബോധത്തോടുകൂടി പ്രവർത്തിക്കുന്നു എന്നുള്ളതുകൊണ്ടാണ് അഴിമതിരഹിത, ക്രമസമാധാന ഭദ്രതയുള്ള, സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷിതത്വമുള്ള, വർഗ്ഗീയ വിദ്വേഷമില്ലാത്ത, സമാധാനപൂർണ്ണമുള്ള ഒരു നാടായി ഇവിടം നിലനിർത്താൻ കഴിയുന്നത്. ഈ ഗവൺമെന്റ് വന്ന് 32 മാസത്തിനിടയിൽ ഓഖി ദുരന്തം നേരിടേണ്ടി വന്നു. ഓഖി ദുരന്തസമയത്തുണ്ടായ കോലാഹലങ്ങളെല്ലാം അവർ മറന്നു. ഇടതുപക്ഷ ഗവൺമെന്റിനെതിരെ എന്തെല്ലാം ആക്ഷേപങ്ങൾ ഉന്നയിച്ചു. ഓഖി ദുരന്തത്തിൽ മരണമടഞ്ഞവരുടെ കുടുംബങ്ങൾക്ക് 20 ലക്ഷം രൂപ മുതൽ 29 ലക്ഷം രൂപവരെ കൊടുത്തുവെന്ന് മാത്രമല്ല മരണമടഞ്ഞവരുടെ കുടുംബാംഗങ്ങളിലെ 42 പേർക്ക് സർക്കാർ ജോലികൊടുത്തുകൊണ്ടാണ് അവരോടുള്ള പ്രതിബദ്ധത ഗവൺമെന്റ് പ്രഖ്യാപിച്ചത്. അതുപോലെതന്നെയാണ് ഓരോ വ്യത്യസ്ത മേഖലകളിലും. ഇവിടെ അതിഭീകരമായ നിപ വൈറസ് വന്നപ്പോൾ ജനങ്ങളെല്ലാം ഭയത്തിലായി. എന്നാൽ ആരോഗ്യ മേഖലയിലെ പ്രവർത്തകരും ഡോക്ടർമാരും വകുപ്പും ഒന്നായി നടത്തിയ പരിശ്രമത്തിന്റെയും കൃത്യമായ പരിചരണ പ്രവർത്തനത്തിന്റെയും ഫലമായി നിപ വൈറസിനെ ഇവിടെനിന്നും തുരത്താൻ കഴിഞ്ഞു. അതുപോലെ നൂറ്റാണ്ട് കണ്ട പ്രളയത്തെ നേരിട്ട രീതി ലോകത്തിന് മാതൃകയായില്ലേ; ലോകം

അംഗീകരിച്ചില്ലേ? പ്രളയ കാലഘട്ടത്തിൽ സ്വന്തം ചികിത്സപോലും മാറ്റിവച്ച് ഉറക്കമൊഴിഞ്ഞ് തിരുവനന്തപുരത്തെ കൺട്രോൾ റൂമിലിരുന്ന് കേരളത്തിലെ പ്രളയത്തെ നേരിടുന്നതിന് എണ്ണംപറയാൻ കഴിയാത്ത തരത്തിലുള്ള വ്യത്യസ്ത ഏജൻസികളെ ഏകോപിപ്പിച്ചുകൊണ്ട് എന്താണ് ലീഡർഷിപ്പ് എന്ന് ലോകസമൂഹത്തിന് കാണിച്ചുകൊടുത്ത മുഖ്യമന്ത്രിയാണ് ശ്രീ. പിണറായി വിജയൻ. അദ്ദേഹത്തിന്റെ പ്രവർത്തനം കണ്ടിട്ട് വിദ്വേഷം തോന്നിയിട്ടൊന്നും കാര്യമില്ല. ഇവിടെ രണ്ടാമതൊരു മനുഷ്യനിർമ്മിത പ്രളയമുണ്ടാക്കാൻ നിങ്ങൾ ശ്രമിച്ചു. നേരത്തെ പ്രകൃതിയാണ് പ്രളയം നൽകിയതെങ്കിൽ ഇവിടെ മനുഷ്യരെ തമ്മിൽ തല്ലിച്ചുകൊണ്ട് സുപ്രീംകോടതി വിധിയുടെ പേരിൽ, ഭരണഘടനയെ അസ്ഥിരപ്പെടുത്തുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്താൻ പരിശ്രമിച്ചപ്പോൾ അതിന് എല്ലാവിധ പിന്തുണയും നൽകി കൊടി താഴെവച്ച് അവരോടൊപ്പം പോകാൻ പറഞ്ഞ പ്രതിപക്ഷമാണ് കേരളത്തിലുള്ളതെന്ന് മറക്കരുത്. ശ്രീ. രാഹുൽ ഗാന്ധിയുടെ നിർദ്ദേശത്തെ തള്ളിക്കളഞ്ഞുകൊണ്ടുള്ള നിലപാടാണ് അവർ സ്വീകരിച്ചത്. ഇന്നിവിടെ ശ്രീ. പി. കെ. ബഷീർ ഹർത്താലിനെതിരെ പറഞ്ഞു. ഭ്രാന്താലയമായിരുന്ന കേരളത്തെ നമ്മൾ ദൈവത്തിന്റെ സ്വന്തം നാടാക്കി മാറ്റി. അങ്ങനെയുള്ള കേരളത്തെ ഹർത്താലിന്റെ നാടാക്കി മാറ്റാൻ പരിശ്രമിക്കുന്നു എന്നൊക്കെ പറഞ്ഞപ്പോൾ സംഘ്പരിവാർ ശക്തികളാണ് കേരളത്തെ ഹർത്താലിന്റെ നാടാക്കി മാറ്റാൻ പരിശ്രമിക്കുന്നതെന്ന് പറയാനുള്ള ആർജ്ജവം പ്രതിപക്ഷം കാണിക്കണം. നിങ്ങൾ സംഘ്പരിവാറിന്റെ 'ബി' ടീമാകാൻ പരിശ്രമിക്കുകയാണ്. കേരളത്തിൽ വന്ന് ഭരണഘടനയ്ക്കെതിരായി പ്രധാനമന്ത്രി പ്രസംഗിച്ചതിനെതിരെ ഒരക്ഷരം മിണ്ടിയോ; സാംസ്കാരിക നായകന്മാർക്കെതിരായിട്ടുള്ള സംവിധായകൻ ശ്രീ. പ്രിയനന്ദനെ ചാണകമെറിഞ്ഞ സംഘ്പരിവാർ ശക്തികൾക്കെതിരെ പ്രതികരിക്കാനുള്ള ശേഷി നിങ്ങൾ കാണിച്ചോ? ഇവിടെ ഏത് കാര്യത്തിലും ഈ ഗവൺമെന്റിനെ അസ്ഥിരപ്പെടുത്താനുള്ള പരിശ്രമമാണ് നിങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. ഡി.ജി.പി. ആയിരുന്ന ശ്രീ. ടി. പി. സെൻകുമാറിന്റെ പേര് പറഞ്ഞ് എന്തെല്ലാം കോലാഹലമുണ്ടാക്കി. അദ്ദേഹത്തിന് മറ്റ് പലരുമായിട്ടാണ് ബന്ധമെന്ന് അന്ന് ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞപ്പോൾ അതിനെ ആക്ഷേപിക്കാൻ തയ്യാറായവരുടെ മുൻപിൽ ഇപ്പോൾ ആര് ആരോടൊപ്പമാണെന്നുള്ള ചിത്രം തെളിഞ്ഞല്ലോ; അതുകൊണ്ടുതന്നെ നിങ്ങൾക്കും ആ ബന്ധം തന്നെയാണ്. കഴിഞ്ഞകാല അനുഭവത്തിന്റെ അടിസ്ഥാനത്തിൽ മാറ്റങ്ങൾ വരുത്താൻ നിങ്ങൾ തയ്യാറായില്ലെന്നുണ്ടെങ്കിൽ നഷ്ടം നിങ്ങൾക്ക് മാത്രമായിരിക്കും എന്നാണെനിക്ക് പറയാനുള്ളത്. ഇവർക്ക്

ജനങ്ങളോടുള്ള പ്രതിബദ്ധത എന്താണ്. ഇവിടെ ലീഗുകാർക്ക് എന്തൊരു സ്നേഹമാണ്. മുത്തലാഖ് ബിൽ പാർലമെന്റിൽ വന്നപ്പോൾ ചർച്ചയിലും വോട്ടെടുപ്പിലും പങ്കെടുക്കാൻ നിൽക്കാതെ മട്ടൻ ബിരിയാണിയുടെയും ചിക്കൻ ബിരിയാണിയുടെയും പുറകെപോയ നേതാവിനെയുംകൊണ്ടാണ് ലീഗുകാർ നടക്കുന്നത്. കഷ്ടം എന്നല്ലാതെ എന്താണ് പറയാനുള്ളത്.

ബഹുമാന്യനായ ഡോ. ടി. എം. തോമസ് ഐസക് കിഫ്ബി പദ്ധതി അവതരിപ്പിച്ചപ്പോൾ എന്ത് കിഫ്ബി, ഏത് കിഫ്ബി, എവിടെ കിഫ്ബി എന്നൊക്കെയാണ് ചോദിച്ചുകൊണ്ടിരുന്നത്. പക്ഷേ, ഇപ്പോൾ ഓരോ എം.എൽ.എ.-മാരും കിഫ്ബിയിൽ പദ്ധതി ഉൾപ്പെടുത്തി കിട്ടുമോ എന്ന് തിരക്കാൻ പോകുന്ന തരത്തിലേയ്ക്ക് മാറി. പ്രസംഗങ്ങളല്ല പ്രവൃത്തിയാണ് ഈ ഗവൺമെന്റിന്റെ മുഖമുദ്ര. കിഫ്ബി പദ്ധതിയിൽ 41,000 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ആ പദ്ധതികൾ വേണ്ടെന്ന് പറയാൻ പ്രതിപക്ഷത്തിന് കഴിയുമോ; അതാണ് കിഫ്ബി പദ്ധതി. എംപാനൽ ജീവനക്കാരുടെ കാര്യത്തിൽ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് എന്തൊരു വേദനയാണ്. അവർക്ക് എന്താണ് പി.എസ്.സി. നിയമനം നൽകാതിരുന്നത് എന്നാണ് ചോദിക്കുന്നത്. അങ്ങിവിടെ 6 മാസം കൊണ്ട് വിപ്ലവം സൃഷ്ടിക്കുമെന്ന് പറഞ്ഞ മന്ത്രിയാണ്. അങ്ങേയ്ക്ക് അത് കഴിയുമായിരുന്നല്ലോ. അത് ചെയ്യാതെ കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പാവപ്പെട്ടവർ ബുദ്ധിമുട്ടിലേയ്ക്ക് എത്തിയപ്പോൾ അവരുടെ കൂടെ ചേർന്ന് 'ഞാനുമുണ്ടേ നിങ്ങളുടെ കൂടെ' എന്നുപറഞ്ഞ് അവരോടൊപ്പംനിന്ന് അവർക്കുവേണ്ടി മുതലക്കണ്ണീർ ഒഴുക്കുന്നത് കേരളത്തിലെ ജനങ്ങൾ കാണുന്നുണ്ട്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ഓരോരുത്തരെക്കുറിച്ചും ജനങ്ങൾക്ക് നന്നായറിയാം. ആര് കാരണമാണ്, എങ്ങനെയാണ് ഈ അവസ്ഥാവിശേഷം കൈവന്നതെന്ന് മനസ്സിലാക്കാൻ അവർക്ക് കഴിയുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഗെയ്ൽ പദ്ധതിയുൾപ്പെടെ നിങ്ങൾ ഉപേക്ഷിച്ചുപോയ പദ്ധതികൾ കേരളത്തിൽ നടപ്പിലാക്കാൻ കഴിയുമെന്ന് തെളിയിച്ച, ഇച്ഛാശക്തിയോടെ പ്രവർത്തിക്കുന്ന ഒരു ഗവൺമെന്റ് കേരളത്തിലുണ്ടെന്ന് ജനങ്ങൾക്ക് നന്നായറിയാം. ഇവിടെ കലാപങ്ങൾ സൃഷ്ടിക്കാൻ സംഘ്പരിവാർ ശക്തികൾ പരിശ്രമിച്ചപ്പോൾ, ജീവിതപ്രയാസങ്ങൾമൂലം ആത്മഹത്യ ചെയ്തതാണെന്ന് മജിസ്ട്രേട്ടിന് മൊഴി കൊടുത്ത ആളിന്റെ മരണത്തിന്റെ പേരിൽപ്പോലും ഹർത്താൽ നടത്തിയിട്ടും അതിനെതിരെ ഒരക്ഷരം മിണ്ടാതെ എപ്പോഴും ഏതിനും ഈ ഗവൺമെന്റിനെയും

ശ്രീ. പിണറായി വിജയനെയും സി.പി.ഐ.(എം.)-നെയും ഇടതുപക്ഷത്തെയും ആക്രമിക്കാൻ ശ്രമിക്കുമ്പോൾ നിങ്ങളുടെ ചുവട്ടിലെ മണ്ണ് ഒലിച്ചുപോകുന്നത് ശ്രദ്ധിക്കുന്നത് നിങ്ങൾക്ക് നല്ലതാണ്. ഒരിക്കലും മൃദുഹിന്ദുത്വ സമീപനം സ്വീകരിച്ചുകൊണ്ട് മുന്നോട്ടുപോകാൻ കഴിയില്ല. അത് തിരുത്താൻ തയ്യാറാകണം. അല്ലെങ്കിൽ കേരളം നിങ്ങൾക്ക് മറുപടി നൽകും. നിങ്ങളിപ്പോൾ ശരണംവിളികളുടെ പുറകിലാണ്. 'ജനങ്ങളേ ശരണം' എന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ നിലപാട് എന്നുമാത്രം പറഞ്ഞുകൊണ്ടും ഈ നന്ദിപ്രമേയത്തെ പിന്തുണച്ചുകൊണ്ടും ഞാൻ നിർത്തുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, എന്റെ കയ്യിൽ കഴിഞ്ഞ വർഷത്തെയും ഈ വർഷത്തെയും നയപ്രഖ്യാപനങ്ങളുണ്ട്. ഈ രണ്ട് പ്രസംഗങ്ങളും കേരള ഗവർണർ നടത്തിയതാണ്. ഞാൻ ഇതുരണ്ടും പരിശോധിച്ചപ്പോൾ കഴിഞ്ഞ വർഷത്തെ കുറച്ച് ഭാഗങ്ങൾ ഈ വർഷത്തേതിലുമുണ്ട്. ശ്രീ. എം. നൗഷാദ് സംസാരിച്ച് അവസാനിപ്പിച്ചപ്പോഴാണ് അതിനൊന്നും കുഴപ്പമില്ല, അഞ്ച് കൊല്ലം മുമ്പുള്ളത് പറഞ്ഞാലും മതിയെന്ന് മനസ്സിലായത്. നയപ്രഖ്യാപനം എന്നുള്ളത് ആചാരവെടിയാക്കി ഈ ഗവൺമെന്റ് മാറ്റുകയാണ്. പദ്ധതികളുടെ ആവർത്തനവുമുണ്ട്. ആർദ്രം, ലൈഫ്, ഹരിത കേരളം എന്നീ പദ്ധതികളുടെ കുടക്കീഴിലാണ് നവകേരള കർമ്മ പദ്ധതി. പേര് നല്ലതാണെങ്കിലും സംഗതിയെല്ലാം ഒന്നുതന്നെയാണ്. 'മാലിന്യത്തിൽനിന്ന് ഊർജ്ജം' എന്നൊരു ഐറ്റമുണ്ട്. ഇപ്പോൾ ഊർജ്ജത്തിൽനിന്ന് മാലിന്യമുണ്ടാക്കുകയാണ്. ശ്രീ. എം. എം. മണിയെ ഇപ്പോൾ കാണുന്നുമില്ല. 'ഗോത്രബന്ധു സ്കീം' എന്നൊരു പദ്ധതിയുണ്ട്. ഒരു ഗോത്രത്തിലെ ബന്ധുക്കൾക്ക് മാത്രമേ രക്ഷയുള്ളുവെന്നതാണ് ഇപ്പോൾ കേരളത്തിൽ നടക്കുന്നത്. ഒരു ഗോത്രത്തിൽപ്പെട്ടവർ ബന്ധുക്കളായാൽ മതി. അവർക്ക് എന്തുമാകാം. ശൂന്യാകാശത്ത് പോകണമെന്ന് പറഞ്ഞാലും അവനെ കയറ്റി അയയ്ക്കും. ശ്രീ. മാത്യു ടി. തോമസ് അദ്ദേഹത്തിന്റെ ജീവിതത്തിൽ എടുക്കാത്ത എല്ലാ ആവേശവുമെടുത്ത് വളരെ വിപുലമായി ഇവിടെ സംസാരിക്കുന്നത് കേട്ടു. അദ്ദേഹം തിരുവല്ലയിൽ ഇതുപോലെ പ്രസംഗിക്കുന്നത് ഞാൻ കേട്ടിട്ടില്ല. അത്യുജ്ജ്വലമായി ശബ്ദഘോഷമുണ്ടാക്കി പ്രസംഗിച്ചു. ആ ശബ്ദഘോഷത്തിൽ ഏതെങ്കിലും ഒരു സ്ഥലത്ത് അദ്ദേഹം കൈകാര്യം ചെയ്തിരുന്ന കുടിവെള്ളത്തിന്റെ കാര്യത്തെക്കുറിച്ച് ഒരക്ഷരമെങ്കിലും പറഞ്ഞിരുന്നുവെങ്കിൽ നമുക്ക് മനസ്സിലാകുമായിരുന്നു. ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ വലിയ വരൾച്ച ഉണ്ടാകാൻ പോവുകയാണ്. ധാരാളം സമ്മാനങ്ങൾ ലഭിച്ചതിനെക്കുറിച്ച് അദ്ദേഹം

പറയുകയുണ്ടായി. കുടിവെള്ളത്തിന് എന്തെങ്കിലുമൊരു സമ്മാനം അങ്ങേയ്ക്ക് ലഭിച്ചിട്ടുണ്ടോ? വെറുതെ വാചകമടിക്കുകയാണ്. വാചകമേളയ്ക്ക് പറ്റുന്ന ഏർപ്പാട് എന്നുള്ളതല്ലാതെ എന്തെങ്കിലും ചെയ്യാൻ പറ്റുമോ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി വന്നു, മറ്റുള്ള മന്ത്രിമാരാരും ഇങ്ങോട്ട് വന്നില്ല. ഇതിന്റെയൊക്കെ സ്ഥിതി എന്താണെന്ന് കൃത്യമായി അറിയാമെന്നുള്ളതുകൊണ്ട്, അവർക്കിത് കേൾക്കേണ്ടെന്ന് തോന്നിക്കാണും. 50 ലക്ഷം സ്ത്രീകൾ പങ്കെടുത്ത് വനിതാ മതിൽ സംഘടിപ്പിച്ചു. ആരും തലയെണ്ണി നോക്കിയില്ല. നിങ്ങൾ തന്നെ ആളിനെ നിർത്തി 50 ലക്ഷമെന്ന് പറഞ്ഞ് കുമ്മിയടിച്ച് ആഘോഷിക്കുന്നു. എല്ലാം ഒരുകൂട്ടർതന്നെ ചെയ്യുകയാണ്. മറ്റാരെയും ഒന്നും ഏൽപ്പിക്കുന്നില്ല. സ്വയം ചെയ്യുകയാണ്. മറ്റ് ജാതിയിൽപ്പെട്ട ആളുകളെയുംകൂടി നിർത്തരുതായിരുന്നോ? അവരുംകൂടി ഇതിൽ ഉൾപ്പെട്ടെങ്കിലും കുഴപ്പമൊന്നും ഉണ്ടാകുമായിരുന്നില്ല. മാർക്സിസ്റ്റ് പാർട്ടിയിലെ എന്റെ ഒരു സുഹൃത്ത് പറഞ്ഞ കാര്യം ഞാൻ ഓർക്കുകയാണ്. അദ്ദേഹത്തിന്റെ പേര് നിയമസഭയിൽ പറയേണ്ടെന്ന് കരുതി ഞാൻ പറയുന്നില്ല. അവരെല്ലാം പർദ്ദയ്ക്കെതിരെയും തട്ടമിട്ട കുട്ടികൾക്കെതിരെയും സംസാരിച്ചവരാണ്. അവരുടെ മനസ്സെന്താണെന്ന് നാം അന്ന് കേട്ടതാണ്. ഇതുപോലൊരു വർഗ്ഗീയ നിലപാട് ഒരിക്കലും സ്വീകരിക്കരുതെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. സ്ത്രീശാക്തീകരണത്തിന് ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന ആളുകളാണ് നിങ്ങൾ. ഐ.പി.എസ്.-കാരുടെ കൂട്ടത്തിൽ വളരെ ചെറിയ കുട്ടിയാണ് ശ്രീമതി ചൈത്ര തെരേസ ജോൺ. ശ്രീ. ടോമിൻ തച്ചങ്കരിയൊക്കെ ഇരിക്കുന്ന സ്ഥലത്ത് അവർ വളരെ ചെറിയ കുട്ടിയാണ്. അതിനെതിരെ ബഹളമുണ്ടാക്കേണ്ട വല്ല കാര്യമുണ്ടോ? സ്ത്രീകളോട് വേണമോ ഈ പരാക്രമം. അവർ പാർട്ടി ആഫീസിൽ പോയി പരിശോധിച്ചു. പാതിരായ്ക്കാണ് പാർട്ടി ആഫീസിൽ റെയ്ഡ് നടന്നത്. പാർട്ടി ആഫീസിൽ പാതിരായ്ക്ക് എന്ത് പണിയാണ് നടക്കുന്നതെന്ന് നാട്ടുകാർക്കറിയണ്ടേ? പാർട്ടി ആഫീസിൽ പാതിരായ്ക്ക് പോയിരിക്കേണ്ട കാര്യമുണ്ടോ? പട്ടാപ്പകൽ ചെയ്യാൻ പാടില്ലാത്ത എന്ത് പണിയാണ് പാതിരായ്ക്ക് അവിടെ ചെയ്യുന്നത്? അങ്ങനെ റെയ്ഡ് നടത്തിയതുകൊണ്ട് അവർക്കെതിരെ വലിയ രൂപത്തിലുള്ള കുഴപ്പങ്ങളുണ്ടാക്കി. ഇവിടെ നേരത്തെ പ്രളയത്തെക്കുറിച്ച് സൂചിപ്പിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെനിന്നും ഇപ്പോൾ എഴുന്നേറ്റു പോയി. പ്രളയത്തിൽ 6 ലക്ഷം ആളുകൾക്ക് ആനുകൂല്യം കൊടുത്തുവെന്നാണ് പറഞ്ഞത്. എന്റെ താലൂക്കിൽപ്പെട്ട പ്രളയബാധിത പ്രദേശത്തുള്ളവർക്ക് പണം കൊടുത്തതിന്റെ കാര്യങ്ങൾ nic.in-ൽ ഞാൻ പരിശോധിച്ചു. അതിന്റെ ലിസ്റ്റാണ് എന്റെ കയ്യിലുള്ളത്. ഇതിൽ എൻ. രവി എന്നുതുടങ്ങി 79 ആളുകളുടെ പേരുണ്ട്. അതിൽ, അവരുടെ വീട്ടുപേരോ

അഡ്രസ്സോ എത്ര തുക കൊടുത്തുവെന്നോ ജില്ലയോ താലൂക്കോ പഞ്ചായത്തോ രേഖപ്പെടുത്തിയിട്ടില്ല. അങ്ങ് ആവശ്യപ്പെട്ടാൽ ഈ രേഖ ഞാൻ മേശപ്പുറത്ത് വയ്ക്കാം. ഇത് വെറും കള്ളക്കണക്കല്ലേ? ഈ തുക കൊടുത്തിട്ടുണ്ടെങ്കിൽ ആരാണ് ആ പണം കൊണ്ടുപോയതെന്ന് കണ്ടുപിടിക്കണം. ആ കള്ളനെ നിയമസഭയുടെ മുന്നിൽ കൊണ്ടുവരണം. സമൂഹത്തിന്റെ സമ്പത്ത് അടിച്ചുകൊണ്ടുപോയത്, അഡ്രസ് പോലുമില്ലാതെ പണം കൊടുത്തത് ആരാണെന്ന് നിങ്ങൾ പരിശോധിച്ചിട്ടുണ്ടോ? എന്നെ വിശ്വാസമില്ലെങ്കിൽ nic.in പരിശോധിച്ചാൽ മതി. 69 പേരുടെ പേരിനുശേഷം അഡ്രസ്സുണ്ട്. അഡ്രസ്സില്ലാത്ത 69 പേരുടെ പണം നഷ്ടപ്പെട്ടു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെയില്ലെങ്കിലും ആഫീസിൽ ഇരുന്ന് കേൾക്കുന്നുണ്ടാകും. അങ്ങ് ഇക്കാര്യം പരിശോധിക്കണം. പ്രളയത്തിന്റെ പേരിൽ ഇത്രയും തുക കട്ടുകൊണ്ടുപോയ ആളാരാണെന്ന് പരിശോധിക്കണം. പ്രളയത്തിൽ നാമെല്ലാവരും വിഷമിച്ചിരുന്നപ്പോൾ പ്രളയത്തിന്റെ മധ്യത്തുവച്ച് കുടിക്കാനുള്ള വെള്ളം കാശിന് കൊടുത്ത, ബ്രൂവറി ഡിസ്റ്റലറി കേസ് സംബന്ധിച്ച് എല്ലാവർക്കും അറിയാവുന്നതാണ്. അവിടെയും രണ്ട് നീതിയാണ്. ഇന്ത്യൻ മെയ്ഡ് ഫോറിൻ ലിക്വറും ഫോറിൻ മെയ്ഡ് ഫോറിൻ ലിക്വറുമുണ്ട്. ഫോറിൻ മെയ്ഡ് ഫോറിൻ ലിക്വർ ഉണ്ടാക്കുന്നത് Diageo കമ്പനിയാണ്. ലോകത്തെ സമ്പന്നരും കോടീശ്വരന്മാരും ഉണ്ടാക്കുന്ന വിദേശ മദ്യത്തിന് നമ്മുടെ നാട്ടിൽ നികുതി കുറച്ചുകൊടുത്തു.

1.00 PM]

ഇവിടെ ബി.പി.എൽ.-കാരെയോ പട്ടിണിപ്പാവങ്ങളെയോ സഹായിക്കാനാണോ? ഈ നാട്ടിലെ ജീവിതമാർഗ്ഗമില്ലാത്ത സാധുക്കൾക്ക് നൽകുന്ന സൗജന്യമാണോ കോടാനുകോടി രൂപയുടെ ഉടമസ്ഥാവകാശമുള്ള മൾട്ടിനാഷണൽസിനും ഈ രാജ്യത്തെ ഏറ്റവും വലിയ മദ്യ കമ്പനികൾക്കും നൽകിയത് എന്നതിനെക്കുറിച്ച് എന്റെ സ്നേഹിതൻ ശ്രീ. ടി. പി. രാമകൃഷ്ണൻ ഇതുവരെ ഒരക്ഷരം സംസാരിച്ചിട്ടില്ല. സൗജന്യം നൽകിയിട്ടില്ലെന്നെങ്കിലും പറയാനുള്ള ധൈര്യം കാണിക്കണ്ടേ, എങ്കിൽ ഞാൻ ബാക്കി രേഖകൂടി തരാം. നമ്മുടെ നാട്ടിൽ ഇതുപോലെ ചെയ്യുന്നത് ശരിയാണോ? അഴിമതിക്കെതിരെ നടപടിയെടുക്കുന്നുവെന്ന് ശ്രീ. മാത്യു ടി. തോമസ് പറഞ്ഞല്ലോ; ഞാൻ ഇതിനെക്കുറിച്ചുള്ള അഴിമതി ആക്ഷേപം അക്കമിട്ട് പറയാൻ ഇപ്പോൾ ശ്രമിക്കുന്നില്ല. വേണ്ടിവന്നാൽ പിന്നീട് പറയും. വെള്ളപ്പൊക്കത്തിന്റെ കാശ് കൊണ്ടുപോയതും അഴിമതിയാണോ; ഫോറിൻ ലിക്വറിന്റെ പേരിൽ നികുതിയിളവ് വാങ്ങിയിട്ടുള്ള ആളുകൾ ആരൊക്കെ;

അവർ കൊണ്ടുപോയ പണം എത്ര എന്നിങ്ങനെയുള്ള കാര്യങ്ങൾ നോക്കേണ്ടതല്ലേ? ഈ സംസ്ഥാനത്തിന്റെ ഖജനാവ് കാത്തുസൂക്ഷിക്കുന്ന, സംരക്ഷകരായി പ്രവർത്തിക്കേണ്ട ഈ ഗവൺമെന്റ് അത് കൊള്ളയടിക്കുന്നവർക്ക് കണ്ണടച്ചുകൊടുക്കുന്ന അല്ലെങ്കിൽ കൂട്ടുനിൽക്കുന്നു. ഇവിടെ ഗവർണറെക്കൊണ്ട് എന്തെല്ലാമൊക്കെയാണ് പറയിപ്പിക്കുന്നത്? ഞാനൊരു കാര്യത്തിൽ നമ്മുടെ മുഖ്യമന്ത്രിയെ സമ്മതിച്ചിരിക്കുകയാണ്. റിട്ടയേർഡ് സുപ്രീംകോടതി ചീഫ് ജസ്റ്റീസിനെക്കൊണ്ട് വാസ്തവവിരുദ്ധമായി ഈ നിയമസഭയിൽ വായിപ്പിച്ചത് ഇൻഡ്യൻ സംസ്ഥാനത്ത് ഒരു മുഖ്യമന്ത്രിയും ചെയ്തിട്ടുണ്ടാകില്ലെന്നാണ് എന്റെ വിശ്വാസം. ഇത്തരത്തിൽ മുന്നോട്ടുപോകാൻ സാധിക്കുമോ? അതുകൊണ്ട് ഈ ഗവൺമെന്റ് ചെയ്തിട്ടുള്ള തെറ്റായ പ്രവർത്തനത്തെ എതിർത്ത് മുന്നോട്ടുപോകണം. ഇവിടെ കേരള ബാങ്ക് കൊണ്ടുവരുമെന്നാണ് പറഞ്ഞത്. കേരള ബാങ്ക് കൊണ്ടുവരികയാണെങ്കിൽ നിബന്ധനകൾക്ക് വിധേയമായി വേണ്ടേ; ആ നിബന്ധനകൾക്കകത്ത് ത്രിതല വായ്പാ ഘടന ദ്വിതലമാക്കി റിസർവ് ബാങ്ക് അംഗീകരിച്ചല്ലോ; ഇവിടെവന്ന വായ്പേതര സഹകരണ സംഘങ്ങൾക്കുകൂടി അംഗത്വം നൽകുന്നതിന് നബാർഡ് നിർദ്ദേശിച്ചിട്ടുണ്ട്. ഇത് കേരള ഗവൺമെന്റല്ലേ, നിങ്ങൾ സംസ്ഥാനത്തിന്റെ ഭരണമല്ലേ നോക്കുന്നത്? നബാർഡിന്റെ ഡയറക്ഷനെക്കുറിച്ച് നിങ്ങളെന്താണ് പറയുന്നത്; നബാർഡ് എന്നുപറയുന്നത് രാഷ്ട്രീയമായി കേന്ദ്രത്തിന്റെ പിടിയിലാണെന്നാണ് നിങ്ങൾ പറയുന്നത്. ഇപ്പോൾ ഞങ്ങളെന്തെങ്കിലും വിമർശിച്ചാൽ ഉടനെ നിങ്ങൾ പറയുന്നത് അതെല്ലാം ബി.ജെ.പി.-യെ രക്ഷിക്കാനാണെന്നാണ്. നിങ്ങൾ കൊള്ളയടിക്കുന്നത് ഞങ്ങൾ ചൂണ്ടിക്കാണിച്ചാലുടനെ ബി.ജെ.പി.-യെ രക്ഷിക്കാനാണ് എന്നുപറയുന്നതിൽ എന്ത് കഥയാണുള്ളത്? അതിനുപകരം നിങ്ങൾക്ക് മംഗളപത്രം എഴുതുന്ന പണിക്കാണോ പ്രതിപക്ഷം ഇരിക്കേണ്ടത്? നിങ്ങൾ എടുക്കുന്ന സമീപനവും ചെയ്തുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളും കേരള സമൂഹത്തിന് ഒരിക്കലും ഉൾക്കൊള്ളാൻ സാധിക്കാത്ത കാര്യമാണെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. ഈ തെറ്റായ പ്രവർത്തനങ്ങളുടെ ക്രോഡീകരിച്ച രൂപമാണ് ഗവർണറെക്കൊണ്ട് ഇവിടെ പറയിപ്പിച്ചിട്ടുള്ളത്. ഗവർണറായതു കൊണ്ട് 'കള്ളം' എന്ന വാക്ക് ഞാൻ പറയുന്നില്ല, പക്ഷെ സത്യവിരുദ്ധമായ കാര്യങ്ങൾ പറയിപ്പിച്ച കേരള സർക്കാർ കേരളത്തിൽ ഇതഃപര്യന്തം ഉണ്ടായ ഗവൺമെന്റുകളേക്കാൾ വ്യത്യസ്തമായ സമീപനമാണ് എടുത്തിരിക്കുന്നത്. അതുകൊണ്ട് ഈ തെറ്റ് തിരുത്തുന്നതിന് ഗവൺമെന്റിന് കഴിയണം. പക്ഷെ നിങ്ങൾ തിരുത്തും എന്നെനിക്ക് തോന്നുന്നില്ല. ഇതിനേക്കാൾ സീരിയസായ ഒരു വാക്കുകൂടി പറയാനുണ്ട്. അത് അടുത്ത പ്രാവശ്യം പറയാം. ഏതായാലും ഈ നന്ദിപ്രമേയത്തെ ഞാൻ ശക്തിയായി എതിർക്കുന്നു.

ശ്രീ. സി. ദിവാകരൻ: സർ, ഞാൻ ഈ പ്രമേയത്തെ ശക്തമായി പിന്തുണയ്ക്കുകയാണ്. ഒരു ഗവൺമെന്റിന്റെ ദിശാമുഖമാണ് നയപ്രഖ്യാപനത്തിൽ പ്രകടമായിട്ടുള്ളത്. എൽ.ഡി.എഫ്. ഗവൺമെന്റ് പിന്നിട്ട കാലങ്ങളിൽ എന്തെല്ലാം പൂർത്തീകരിച്ചു, ഇനി എങ്ങോട്ടാണ് ഈ ഗവൺമെന്റിന്റെ ദിശാമുഖം എന്ന സൂചനയാണ് ഈ നയപ്രഖ്യാപനത്തിൽനിന്നും ഞാൻ മനസ്സിലാക്കുന്നത്. വളരെ പെട്ടെന്ന് മറക്കാനുള്ള കഴിവുള്ളവരാണ് നമ്മെളല്ലാവരും. ഇവിടെ പ്രതിപക്ഷം, പ്രത്യേകിച്ച് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇപ്പോൾ പറഞ്ഞതിന്റെ അവസാനത്തെ വാചകം 'മംഗളപത്രം ചൊല്ലാനല്ല' ഞങ്ങൾ വന്നത് എന്നാണ്. നിങ്ങൾ മംഗളപത്രം പറയുകയാണെങ്കിൽ അതോടുകൂടി എല്ലാം തീരും, അതുകൊണ്ട് നിങ്ങൾ മംഗളപത്രം എന്നല്ല കുറച്ചുകൂടി രൂക്ഷമായി പറഞ്ഞാലും ഞങ്ങൾക്കത് മനസ്സിലാകും. പക്ഷെ ചെയ്ത കാര്യങ്ങളിൽ എന്തെങ്കിലും നിങ്ങൾക്ക് നിഷേധിക്കാൻ സാധിക്കുമോ? കേരളത്തിൽ നിപ വൈറസ് വന്നപ്പോൾ നിങ്ങളുടെ സമീപനം എന്തായിരുന്നു? നിങ്ങൾ സ്വീകരിച്ച നിലപാട് വളരെ നിഷേധാത്മകമായിരുന്നു. അത് വിജയിപ്പിച്ച മന്ത്രിയെയോ ഗവൺമെന്റിനെയോ അനുമോദിക്കാനോ നല്ല വാക്ക് പറയാനോ നിങ്ങൾ തയ്യാറായില്ല. രണ്ടാമത്തെ കാര്യം, ഓഖി ദുരന്തം വന്നു, ഓഖി ദുരന്തത്തിന്റെ കാര്യങ്ങളൊന്നും ശരിയായിട്ടില്ല, പലർക്കും പലതും കിട്ടാനുണ്ട്, ന്യായമായ ഒന്നും ചെയ്തില്ലെന്ന് ഇവിടെ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞു. ഞാൻ വേറൊന്ന് ചോദിക്കട്ടെ, നമ്മൾ മറക്കാതിരിക്കാൻ ചോദിക്കുന്നതാണ്. സുനാമി ദുരന്തത്തിന്റെ അവസ്ഥ എന്തായിരുന്നുവെന്നറിയാമോ? നീതിക്കുവേണ്ടി ലോകായുക്തയിൽ പോകേണ്ടിവന്നു. ഈ ഭരണക്കാർ വിശ്വസിക്കാൻ കൊള്ളാത്തവരാണെന്നാണ് ലോകായുക്ത പറഞ്ഞത്. നിങ്ങളെങ്ങനെയാണ് ദുരന്തത്തിന്റെ കാര്യങ്ങൾ പറയുന്നത്; സുനാമി ദുരന്തത്തിന്റെ ഫണ്ട് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ ജില്ലയിലല്ലേ ചെലവാക്കിയത്; കോട്ടയം ജില്ലയിൽ കടലുണ്ടോ; അവിടെ പാലം കെട്ടുകയും റോഡ് പണിയുകയും സ്കൂൾ ഉണ്ടാക്കുകയും ചെയ്തില്ലേ? ഞാൻ കരുനാഗപ്പള്ളിയിൽ സുനാമി ബാധിത പ്രദേശത്തെ എം.എൽ.എ.-യാണ്. അതിനുശേഷം ഞങ്ങളത് പരിശോധിച്ചു, കോടതികൾ പരിശോധിച്ചു, നിങ്ങൾക്ക് ഇന്നും അതിന് മറുപടിയില്ല. നോട്ട് പിൻവലിക്കുന്ന നടപടി ഉണ്ടായപ്പോൾ നിങ്ങൾ ആ നയത്തിനെതിരായി ഒരു വാക്ക് പറഞ്ഞോ; കേന്ദ്ര ഗവൺമെന്റ് നടത്തുന്ന പകൽക്കൊള്ളയാണിത്, ഇത് ഇടതുപക്ഷത്തിന്റെ മാത്രമല്ല, ഞങ്ങളുടെയും അഭിപ്രായമാണെന്ന് നിങ്ങൾക്ക് പറയാൻ കഴിഞ്ഞോ? മിണ്ടിയില്ല. അതുകഴിഞ്ഞ് ജി.എസ്.ടി. വന്നു. ജി.എസ്.ടി.-യോട് നിങ്ങളുടെ നിലപാട് എന്തായിരുന്നു?

ഇപ്പോൾ നാല് ദുരന്തങ്ങൾ കഴിഞ്ഞിരിക്കുകയാണ്. നാലാമത്തെ ദുരന്തമാണ് പ്രളയം. ലോകം കണ്ടിട്ടുള്ള അപൂർവ്വങ്ങളിൽ അപൂർവ്വമായ ഒരു ദുരന്തമാണ് കേരളജനതയ്ക്ക് നേരിടേണ്ടിവന്നത്. ആ രാത്രികളിൽ മുഴങ്ങിയ നിലവിളികളും രോദനങ്ങളും ലോക മനസ്സാക്ഷിയെ ഞെട്ടിപ്പിച്ചതാണ്. എന്ത് ചെയ്യണം, എങ്ങോട്ട് പോകണമെന്നറിയാതെ കേരളം അമ്പരന്നുനിന്നു. പക്ഷെ ഇവിടെ ഒരു ഭരണകൂടമുണ്ടെന്ന് തെളിയിച്ചു. ശ്രീ. വി. ഡി. സതീശൻ, ചിലപ്പോൾ വീഴ്ചകളുണ്ടാകാം, തെറ്റുകളുണ്ടാകാം, ചൂണ്ടിക്കാണിക്കാം. പക്ഷെ അന്ന് കേരളത്തിലെ എല്ലാവരെയും ഒറ്റ മനസ്സായി നിലനിർത്താൻ കഴിഞ്ഞത് ഈ ഗവൺമെന്റിൽ ജനങ്ങൾക്കുള്ള വിശ്വാസം കൊണ്ടാണ്. ജനകോടികളുടെ വിശ്വാസമാണിത്. അന്ന് രാത്രിയിലും പകലും മുഖ്യമന്ത്രിയടക്കം പലരും ഉറക്കമൊഴിഞ്ഞിരുന്നു.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. മുല്ലക്കര രത്നാകരൻ)

ശ്രീ. പി. ടി. തോമസ്: സർ, ഇടതുപക്ഷ ഗവൺമെന്റിലെ പ്രമുഖ കക്ഷിയായ സി.പി.ഐ.-ലെ വളരെ പ്രമുഖനായ നേതാവാണല്ലോ അങ്ങ്. ഇത്രയും വലിയ, നല്ല കാര്യങ്ങളൊക്കെ ചെയ്ത ഈ ഗവൺമെന്റ് കേരളത്തിൽ ഒരു മുഖ്യമന്ത്രിയോ ഒരു ഗവൺമെന്റോ ചെയ്യാത്ത ഒരു 'വർഗ്ഗീയ മതിൽ' സംഘടിപ്പിച്ചത് കേരളത്തെ വളരെ കാലത്തേയ്ക്ക് പിന്നാക്കം നയിച്ചുവെന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. സി. ദിവാകരൻ: സർ, ശ്രീ. പി. ടി. തോമസും ഞാനും ഉൾപ്പെടെ എല്ലാവരും വീട്ടിൽ ഇരിക്കുന്ന സ്ത്രീകളോട് ചോദിച്ചാൽ അങ്ങുംകൂടി ഇതിൽ പങ്കെടുക്കാതെ പോയത് മോശമായിപ്പോയി എന്ന് അവർ പറയും. അതാണ് ജനങ്ങളുടെ അഭിപ്രായം. നമുക്ക് രാഷ്ട്രീയമായി ഇതിനെ എതിർക്കാം. നിങ്ങൾ എതിർത്തോ; പക്ഷെ ഇങ്ങനെയൊരു മതിൽ നിങ്ങൾക്ക് സങ്കൽപ്പിക്കാൻ കഴിയുമോ? 'വർഗ്ഗീയ മതിൽ' എന്ന് നിങ്ങളാണ് പേരിട്ടത്. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. പ്രളയത്തിൽ ദുരന്തങ്ങൾകൊണ്ട് ജനങ്ങൾ പിടഞ്ഞപ്പോൾ ദുഷ്ടബുദ്ധിയല്ലേ നിങ്ങൾക്കുണ്ടായിരുന്നത്? ഈ ഗവൺമെന്റ് പ്രളയത്തിൽ ഒഴുകിപ്പോകുമെന്നല്ലേ നിങ്ങൾ വിചാരിച്ചത്? ഈ പ്രളയമല്ല, ഇതിന്റെ അപ്പുറത്തെ പ്രളയംവന്നാലും ചെറുത്തുനിൽക്കാനുള്ള കരുത്തും ഇച്ഛാശക്തിയുമുള്ള ഒരു ഗവൺമെന്റാണ് കേരളത്തിലുള്ളത്. ഒന്നാന്തരം ഇടതുപക്ഷ ചിന്താഗതിയുള്ള, കമ്മ്യൂണിസ്റ്റ് മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നവരാണ് ഇവിടത്തെ ജനങ്ങൾ. 1957 മുതൽ കേരളത്തിൽ നിങ്ങളുടെ ഒരു കളിയും നടക്കുന്നില്ല. ഇന്നും ആ ശക്തി

ഇവിടെയുണ്ട്. നവോത്ഥാനം എന്നുപറയുന്നത് നിങ്ങളുടെ പങ്കല്ല, നിങ്ങൾക്ക് നവോത്ഥാനത്തിൽ എന്ത് കാര്യമാണുള്ളത്? നവോത്ഥാനകാലത്ത് വൈക്കം സത്യാഗ്രഹത്തിൽ പങ്കെടുത്ത് മർദ്ദനമേറ്റ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സംസ്ഥാന സെക്രട്ടറി പി. കൃഷ്ണപിള്ള, തുടങ്ങി ധാരാളം ആളുകളുണ്ട്, ഇല്ലെന്ന് ഞാൻ പറയുന്നില്ല. പക്ഷെ അത് കാണാതെ പോകരുത്. നവോത്ഥാന പ്രസ്ഥാനത്തിൽ ഏറ്റവും കൂടുതൽ ചോര കൊടുത്തതും ശക്തിപകർന്നതും ത്യാഗം നടത്തിയതും സമരം ചെയ്തതും കമ്മ്യൂണിസ്റ്റുകാരാണ്. കേന്ദ്ര ഗവൺമെന്റ് ഇന്ന് മാർക്കറ്റ് ചെയ്യുന്നതെന്താണെന്ന് നിങ്ങൾക്കറിയാമോ? ശ്രീ. നരേന്ദ്ര മോദി മാർക്കറ്റ് ചെയ്യുന്നത് ഇന്ത്യയിലെ ജനങ്ങളുടെ മൃദുലവികാരമാണ്, ഹിന്ദുയിസമാണ്. അത് അപകടമാണ്. നിങ്ങൾ എതിർക്കുന്നുണ്ടോ? ജവഹർലാൽ നെഹ്റുവിന്റെ 'ഡിസ്കവറി ഓഫ് ഇന്ത്യ' എന്ന പുസ്തകത്തിൽ പറഞ്ഞിരിക്കുന്നത് "..... I am told, in a Tantrik work of the eighth century A.C., where 'Hindu' means a people and not the followers of a particular religion." ഇത് നിങ്ങൾക്കുവേണ്ടി പറഞ്ഞതാണ്. കുറേ ആളുകൾ പിന്തുടരുന്നതൊന്നുമല്ല. അത് Indus valley സംസ്കാരവുമായി ബന്ധപ്പെട്ട പേരാണ്. പിൽക്കാലത്ത് വന്ന ആര്യന്മാരുടെ സവർണ്ണ മേധാവികൾ ഉണ്ടാക്കിയ ഒരു കറക്കുകമ്പനിയാണ് ഹിന്ദു റിലിജിയൻ. തൊട്ടടുത്തുള്ള രാജ്യങ്ങളിലെ, ഇസ്ലാം റിപ്പബ്ലിക്കും റിലിജിയസ് റിപ്പബ്ലിക്കും പോലെ ഇവിടെയൊരു ഹിന്ദു റിലിജിയസ് റിപ്പബ്ലിക് ആക്കാനാണ് ശ്രീ. നരേന്ദ്ര മോദി ആഗ്രഹിക്കുന്നത്. നിങ്ങൾ അങ്ങനെ ആഗ്രഹിക്കുന്നുണ്ടോ; നിങ്ങൾ അതിനെതിരല്ലേ; അങ്ങനെ എതിരാണെങ്കിൽ നിങ്ങൾ ഇപ്പോൾ കേരളത്തിൽ ഈ നിലപാടെടുക്കണോ; നിങ്ങൾ സ്വാമി വിവേകാനന്ദന്റെ പുസ്തകം വായിച്ചിട്ടുണ്ടോ? അതിൽ പറഞ്ഞിരിക്കുന്നത് "Seeing their poverty and distress I think sometimes: Let us throw away all the paraphernalia of worship - blowing the conch and ringing the bell and waving the lights before the image..... Let us throw away all the pride of learning and study of the sculptures and all spiritual disciplines for the attainment of personal liberation. Let us go from village to village, devoting ourselves to the service of the poor. Let us through the force of our character and spirituality and our austere living, convince the rich about their duties to the masses, and get money and the means wherewith to serve the poor and the distressed... Alas! Nobody in our country thinks for the low, the poor, the miserable!" എന്നാണ്. നിങ്ങൾക്കിത് വല്ലതും പിടികിട്ടിയിട്ടുണ്ടോ? രാജ്യത്തിന്റെ പുനഃസൃഷ്ടിക്കുവേണ്ടി

ശ്രീ. നരേന്ദ്ര മോദി പറയുന്ന വിഡ്ഢിത്തരങ്ങൾക്കെല്ലാം കൂട്ടുനിൽക്കുകയല്ലേ; കേരളത്തിൽ നിങ്ങളുടെ നിലപാട് മാറണ്ടേ; കേരള പുനഃസൃഷ്ടിക്കുള്ള നിങ്ങളുടെ സംഭാവന എന്താണ്? സംസ്ഥാന ഗവൺമെന്റിന്റെ നാല് മിഷനുകളെയും നിങ്ങൾ എതിർക്കുകയാണ്. വനിതാ മതിലിനെ നിങ്ങൾ എതിർത്തു. ഇവിടെ പ്രളയത്തിനുശേഷം പുതിയ കേരളം സൃഷ്ടിക്കുന്നതിനാവശ്യമായ സഹായങ്ങളും ഭൗതിക സാഹചര്യങ്ങളും സൃഷ്ടിക്കാൻ ഒരു ഗവൺമെന്റ് ബുദ്ധിമുട്ടുമ്പോൾ സഹായിച്ചില്ലെങ്കിലും കല്ലെറിയരുത്. ആർ.എസ്.എസ്., വിശ്വഹിന്ദു പരിഷത്ത്, സംഘ്പരിവാർ എന്നിവയാൽ നയിക്കപ്പെടുന്ന ശ്രീ. നരേന്ദ്ര മോദി, മോഹൻ ഭഗവത്, പ്രവീൺ തൊഗാഡിയ എന്നിവരടങ്ങുന്ന ഒരു കോർപ്പറേറ്റ് കമ്പനിയാണ് കേന്ദ്രം ഭരിക്കുന്നത്. നിങ്ങൾ കേരളത്തിലെ കമ്മ്യൂണിസ്റ്റ് നേതൃത്വത്തിലുള്ള ഇടതുപക്ഷ ഗവൺമെന്റിനെ എതിർത്താൽ ചെന്നുനിൽക്കുന്നത് ശ്രീ. നരേന്ദ്ര മോദിയുടെ മുമ്പിലാണ്. അവിടേയ്ക്കല്ലേ നിങ്ങളുടെ യാത്ര? തങ്ങൾക്ക് ഇഷ്ടപ്പെടാത്ത ആശയങ്ങൾ പ്രകടിപ്പിച്ചാൽ കൊല്ലുക എന്നതാണ് കേന്ദ്രത്തിന്റെ നയം. അതിന്റെ ഫലമായി ഗൗരി ലങ്കേഷ്, ഗോവിന്ദ് പൻസാരെ, എം. എം. കൽബുർഗി തുടങ്ങിയവർ കൊല്ലപ്പെട്ടു. കേന്ദ്രത്തിന്റെ ഈ കൊലയാളി രാഷ്ട്രീയം നിങ്ങൾ അംഗീകരിക്കുന്നുണ്ടോ? ഇന്ത്യയിൽ നടക്കുന്ന കലാപങ്ങൾ, ആൾക്കൂട്ട കൊലപാതകങ്ങൾ തുടങ്ങിയ കേന്ദ്ര ഗവൺമെന്റ് നയങ്ങൾക്കെതിരെ കേരളത്തിലെ യു.ഡി.എഫ്.-ന് ഒരു പ്രതിഷേധവും കൊണ്ടുവരാൻ കഴിഞ്ഞില്ല. മാത്രമല്ല, ഇന്ത്യയിലെ കോടിക്കണക്കിന് കർഷകർ സമരത്തിലാണ്. അവർ രോഷാകുലരാണ്. ശ്രീ. നരേന്ദ്ര മോദിയുടെ ദിവസങ്ങൾ എണ്ണപ്പെട്ടിരിക്കുകയാണ്. നിങ്ങൾ ശ്രീ. നരേന്ദ്ര മോദിക്കുവേണ്ടി ഇവിടെ ജയ് വിളിക്കുകയും മംഗളപത്രം എഴുതുകയും ചെയ്യുമ്പോൾ ശ്രീ. നരേന്ദ്രമോദി അവസാനത്തെ രാഷ്ട്രീയ ഉപവാസത്തിനുവേണ്ടി പോകുകയാണ്. അത് നിങ്ങൾ മനസ്സിലാക്കണം. ഈ കാലയളവിൽ ഏഴ് ദേശീയ സമരങ്ങൾ നടന്നു, 48 മണിക്കൂർ നീണ്ടുനിൽക്കുന്ന പണിമുടക്ക് നടന്നു. ഇന്ത്യൻ തൊഴിലാളി വർഗ്ഗം ഉണർന്നെഴുന്നേറ്റുകഴിഞ്ഞു. രാജ്യത്തെ കർഷകർ രോഷാകുലമാണ്.

മി. ചെയർമാൻ: അങ്ങേയ്ക്ക് അനുവദിച്ച സമയം കഴിഞ്ഞു.

ശ്രീ. സി. ദിവാകരൻ: സർ, അവിടെ പടർന്നൊഴുകിയ കർഷകരോഷ പ്രകടനത്തെ വെടിവച്ചുകൊന്ന് പരാജയപ്പെടുത്താനാണ് ശ്രീ. നരേന്ദ്ര മോദി ശ്രമിച്ചത്. എന്നിട്ടും മധ്യപ്രദേശ്, രാജസ്ഥാൻ, മഹാരാഷ്ട്ര, പഞ്ചാബ് എന്നീ സംസ്ഥാനങ്ങളിലെ കർഷകലക്ഷങ്ങൾ ശ്രീ. നരേന്ദ്ര മോദിയെ വെല്ലുവിളിച്ച്

അണിനിരക്കുകയാണ്. നിങ്ങൾ അത് കാണുന്നുണ്ടോ? നമ്മുടെ രാജ്യത്തിന്റെ മഹത്തായ ഭരണഘടന വെല്ലുവിളിക്കപ്പെടുന്നു. മതേതരത്വം കത്തിയെരിയുന്നു, ജനാധിപത്യത്തെ ചങ്ങലയ്ക്കിടുന്നു. ശബരിമലയിലെ സ്ത്രീപ്രവേശനത്തിൽ യു.ഡി.എഫ്.-ന് എന്ത് കാര്യം? ജെൻഡർ ഇക്വാളിറ്റിയാണെന്ന് സുപ്രീംകോടതി പറഞ്ഞു. ശബരിമല വിഷയത്തിൽ യു.ഡി.എഫ്.-ന് നയമില്ലെന്ന് എനിക്കറിയാം. കാരണം, കോൺഗ്രസ്സിന്റെ നയമല്ല ലീഗിന്, ലീഗിന്റെ നയമല്ല കേരള കോൺഗ്രസ് (എം)-ന്. നിങ്ങൾക്ക് നയമില്ല. എൽ.ഡി.എഫ്.-ന് നയമുണ്ട്. ഭരണഘടനയുടെ വകുപ്പ് 25(1) അനുസരിച്ച് സ്ത്രീകൾ ശബരിമലയിൽ കയറുന്നത് നിഷേധിക്കാൻ പാടില്ല.

മി. ചെയർമാൻ : അങ്ങേയ്ക്ക് അനുവദിച്ച സമയം കഴിഞ്ഞു; പ്രസംഗം അവസാനിപ്പിക്കണം.

ശ്രീ. സി. ദിവാകരൻ: സർ, ശബരിമലയിൽ സ്ത്രീ പ്രവേശനത്തെക്കുറിച്ച് മുസ്ലീം ലീഗിന്റെയും കേരളാ കോൺഗ്രസ്സിന്റെയും അഭിപ്രായം പറയട്ടെ. കേരളത്തിലെ ജനങ്ങൾ അറിയട്ടെ. ശബരിമലയിലെ സ്ത്രീ പ്രവേശനത്തെക്കുറിച്ച് യു.ഡി.എഫ്. ഘടകകക്ഷികളുടെ അഭിപ്രായമാണോ ബി.ജെ.പി.-യുടേത് ഇവിടെ സതി ആചാരം നിലനിന്നിരുന്നു, സ്ത്രീകൾക്ക് മുലക്കരം കൊടുക്കണമായിരുന്നു, ക്ഷേത്രപ്രവേശനം ഇല്ലായിരുന്നു, ഇതൊക്കെ നിങ്ങൾ അംഗീകരിക്കുമോ? അതെല്ലാം പഴയ ആചാരങ്ങളാണ്, രാജവാഴ്ച പോയി. ഇത് പുതിയ ലോകവും പുതിയ തലമുറയുമാണ്. ഈ പുതിയ ലോകത്ത് ശബരിമല വിഷയമെടുത്തുകൊണ്ട് നിങ്ങൾ എത്ര നാൾ പോയി. നിങ്ങൾ എവിടെയെത്തി. ഞാൻ ഒരു കാര്യം പറഞ്ഞ് അവസാനിപ്പിക്കാം. .......(ബഹളം).......

മി. ചെയർമാൻ: മെമ്പർ സംസാരിച്ചതിനുശേഷമുള്ള ബാക്കി സമയം മതി സംസാരിക്കാനെന്ന് ശ്രീമതി ഇ. എസ്. ബിജിമോൾ ഇവിടെ എഴുതി തന്നിട്ടുണ്ട്. ഈ പോയിന്റുകൂടി പറഞ്ഞ് അങ്ങ് അവസാനിപ്പിക്കണം. ....(ബഹളം)........

ശ്രീ. സി. ദിവാകരൻ: സർ, ഹിന്ദുമതത്തിന്റെ പേരിൽ, ഇന്ന് കേരളത്തിൽ നടക്കുന്ന വൻ ലഹളകളുടെ ദുരന്തഫലങ്ങൾ അനുഭവിച്ച ... ഹിന്ദുക്കളുടെ പേരിൽ ഇന്ന് കേരളത്തിൽ നടക്കുന്ന വർഗ്ഗീയ കലാപത്തിന്...

ശ്രീ. വി. ടി. ബൽറാം: സർ, ...(മൈക്ക് ഓഫ്)...

ശ്രീ. സി. ദിവാകരൻ: സർ, ഒരൊറ്റ വനിതയെപ്പോലും ഇവിടെ കയറ്റാത്തവരാണ് പ്രതിപക്ഷത്തിരിക്കുന്നത്. നിങ്ങളുടെ കൂട്ടത്തിൽ ഒരു വനിതയുണ്ടോ? ആവശ്യമില്ലാത്ത കാര്യങ്ങൾ പറയരുത്. ജനങ്ങളുടെ പ്രശ്നമാണ് ഏറ്റെടുക്കേണ്ടത്. പാവപ്പെട്ട ആളുകളുടെ ഭവനപ്രശ്നം, തൊഴിൽ പ്രശ്നം, ഭൂമിയുടെയും കുടിവെള്ളത്തിന്റെയും കാര്യം, ഇതെല്ലാം ചർച്ച ചെയ്യുന്നതിന് പകരം വർഗ്ഗീയകലാപം നടത്തി, ജനങ്ങളുടെ ശ്രദ്ധ തിരിച്ചുവിട്ട്, അവരെ തമ്മിലടിപ്പിക്കുന്ന പരിപാടി അവസാനിപ്പിക്കേണ്ടതാണ്. നിങ്ങൾ അക്കാര്യത്തിൽ ഞങ്ങളെ സഹായിക്കണം കാരണം നിങ്ങളുടെ മണ്ഡലത്തിൽ, എന്റെ മണ്ഡലത്തിൽ ആർ.എസ്.എസ്.-ബി.ജെ.പി.-ക്കാർ ജനപ്രതിനിധികളുടെ വീട് ആക്രമിച്ചു. അവരുടെ കേന്ദ്രങ്ങളിൽനിന്ന് ആയുധം പിടിച്ചെടുത്തു. പട്ടാപ്പകൽ എന്റെ മുനിസിപ്പാലിറ്റിയിലെ വൈസ് -ചെയർപേഴ്സണിന്റെയും അവിടത്തെ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാന്റെയും മുനിസിപ്പൽ മെമ്പറുടെയും വീട് ആക്രമിച്ചു. നെടുമങ്ങാട് പോലീസ് സ്റ്റേഷനിലേയ്ക്ക് ബോംബെറിഞ്ഞത് പട്ടാപ്പകലാണ്. ആ വർഗ്ഗീയകലാപത്തെ നിങ്ങൾ താലോലിക്കരുത്. അതിനുവേണ്ടി മംഗളപത്രം എഴുതരുത്. എന്റെ പ്രസംഗം അവസാനിപ്പിക്കുകയാണ്. പുതിയ കേരളം എന്നതാണ് മുദ്രാവാക്യം. പുതിയ കേരളത്തെ സംരക്ഷിക്കാനും സൃഷ്ടിക്കാനും നമ്മൾ മുന്നോട്ട് വരണം. ശ്രീ. നരേന്ദ്ര മോദിയെ ഒഴിവാക്കി ഇന്ത്യയെ രക്ഷിക്കുക എന്ന മുദ്രാവാക്യം നിങ്ങൾ ഏറ്റുവിളിക്കേണ്ടി വരും. ആ കാലം വരികയാണ് എന്നുപറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്.

മി. ചെയർമാൻ: ഇനി ശ്രീമതി ഇ. എസ്. ബിജിമോൾക്ക് അനുവദിച്ചിട്ടുള്ളത് മൂന്ന് മിനിട്ടാണ്.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഗവർണർ അവതരിപ്പിച്ച നയപ്രഖ്യാപനത്തിനുള്ള നന്ദിപ്രമേയത്തെ ഞാൻ എതിർക്കുകയാണ്. ഈ നയപ്രഖ്യാപനം ഉള്ളടക്കത്തിൽ വളരെ ദരിദ്രമാണ്. ഇതിൽ വളരെ വ്യക്തമായ ദിശാബോധമോ വസ്തുതകളോ ഒന്നുംതന്നെയില്ല. "ഒരു നിശ്ചയവുമില്ലയൊന്നിനും വരുമോരോ ദശ, വന്നപോലെ പോം" എന്ന മട്ടിലാണ് നയപ്രഖ്യാപനം ആദ്യം മുതൽ അവസാനംവരെ പോയിക്കൊണ്ടിരിക്കുന്നത്. ഇതിന്റെ രണ്ടാമത്തെ പാരഗ്രാഫിൽ 'ജാതീയതയുടെയും വർഗ്ഗീയതയുടെയും...' എന്നുപറഞ്ഞിട്ടുണ്ട്. വർഗ്ഗീയത എന്ന് ഡോ. എം. കെ. മുനീർ പറഞ്ഞപ്പോൾ വെട്ടിക്കളഞ്ഞതാണ്. പക്ഷെ നയപ്രഖ്യാപനത്തിൽ അതുണ്ട്. നാനാവിധത്തിലുള്ള പ്രതിബന്ധങ്ങളും ഇരുണ്ട മേഘങ്ങളും നിറഞ്ഞ ഈ ലോകത്ത് പ്രതീക്ഷയുടെ ഒരു ദീപനാളം എന്നാണ്

ഈ ഗവൺമെന്റിനെക്കുറിച്ച് പറഞ്ഞിരിക്കുന്നത്. 'കപടലോകത്തിലാത്മാർത്ഥമായൊരു ഹൃദയമുണ്ടായതാണെൻ പരാജയം' എന്ന് ചങ്ങമ്പുഴ പാടിയതിന് തുല്യമാണ് ആ വരികൾ എന്നാണ് എനിക്ക് തോന്നുന്നത്. പാരഗ്രാഫ് 4-ൽ കേന്ദ്ര-സംസ്ഥാന ബന്ധത്തെപ്പറ്റി പറയുമ്പോൾ, കേന്ദ്രത്തെയും സംസ്ഥാനത്തെയും പരിപോഷിപ്പിക്കുന്ന രീതിയിൽ ആ ബന്ധം ഉടച്ചുവാർക്കണമെന്നും ഒറ്റയ്ക്ക് നിൽക്കാൻ കെൽപ്പില്ലാത്ത ഒരു ഗവൺമെന്റ് കേന്ദ്രത്തെയും പരിപോഷിപ്പിക്കാനുള്ള നടപടി സ്വീകരിക്കുമെന്നുമാണ് പറഞ്ഞിട്ടുള്ളത്. അവിശ്വസനീയമായ ഒരു കാര്യമാണത്. അതുപോലെ പാരഗ്രാഫ് 10-ൽ, പുനരധിവാസത്തെക്കുറിച്ചും നവകേരളത്തെക്കുറിച്ചുമെല്ലാം പറയുന്നിടത്ത് പ്രളയദുരന്തത്തെ ഒരു വെല്ലുവിളിയായി പറയുകയാണ്. സംസ്ഥാനത്തെ പുനർനിർമ്മിക്കുന്നതിനുള്ള അവസരമായി എടുക്കേണ്ടതാണെന്നും അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണെന്നും വൻകിട പദ്ധതികൾ വിഭാവന ചെയ്യേണ്ടതാണെന്നും പുനരുദ്ധരിച്ച നിർമ്മാണങ്ങൾ നടത്തേണ്ടതാണെന്നും പറയുന്നുണ്ട്. ഇതെല്ലാം ആര് ചെയ്യണമെന്നാണ് പറയുന്നത്. നയപ്രഖ്യാപനത്തിൽ ഇങ്ങനെയാണോ പറയേണ്ടത്; പുനരധിവാസത്തെക്കുറിച്ചും നവകേരളത്തെ ക്കുറിച്ചുമൊന്നും ആലോചിച്ചിട്ടുപോലുമില്ല എന്നാണ് അർത്ഥം. ഇതെല്ലാം ആര് ചെയ്യുമെന്ന് കരുതിയാണ് ഇതിൽ എഴുതിവച്ചതെന്ന് എനിക്കറിയില്ല. പാരഗ്രാഫ് 14-ൽ, ചരിത്ര സംഭാവനകളുടെ സ്മരണാർത്ഥം നവോത്ഥാന മ്യൂസിയം പണിയുമെന്ന് പറഞ്ഞിട്ടുണ്ട്. നവോത്ഥാന മ്യൂസിയമല്ല, നവകേരളത്തെക്കുറിച്ച് ഈ ഗവൺമെന്റിന് ഒരു സങ്കല്പമുണ്ടായിരുന്നുവെന്ന് വ്യക്തമാക്കുന്ന മ്യൂസിയം കുറച്ചുകഴിഞ്ഞാൽ പണിയേണ്ടിവരും. പാരഗ്രാഫ് 15-ൽ ശ്രീ. മാത്യു ടി. തോമസ് പറഞ്ഞ അതേ കാര്യം, ഇന്ത്യാ ടുഡേ ക്രമസമാധാന പാലനത്തിൽ ഒന്നാംസ്ഥാനത്ത് കേരളത്തെ പ്രതിഷ്ഠിച്ചുവെന്ന് പറഞ്ഞിട്ടുണ്ട്. ഇത് എഴുതിവച്ചതു കൊണ്ട് അതിന്റെ പത്രാധിപർക്ക് പുറത്തിറങ്ങി നടക്കാൻ സാധിച്ചിട്ടില്ലെന്നാണ് എന്റെ അറിവ്. പാരഗ്രാഫ് 23-ൽ, ന്യായവില ഷോപ്പുകൾ ആകർഷകമാക്കാൻ കളർ കോഡ് ഏർപ്പെടുത്തണമെന്ന് പറയുന്നു. 'കളർകോഡ്' എന്നൊരു സ്ഥലമുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അവിടത്തെ ന്യായവില ഷോപ്പുകളിലെങ്കിലും അതൊന്ന് ഏർപ്പെടുത്തിയാൽ നന്നായിരുന്നു. ഏകീകൃതമായ കളർ കോഡുകളും രൂപകൽപ്പനയും നൽകിക്കൊണ്ട് കൂടുതൽ ആകർഷകമാക്കും - റേഷൻകടകളെ ആകർഷകമാക്കേണ്ടത് സാധാരണക്കാർക്ക് ആവശ്യമായ ഭക്ഷ്യവിഭവങ്ങൾ സമാഹരിച്ചും വിതരണം ചെയ്തുകൊണ്ടുമാണ്. കൃഷി വകുപ്പിനെക്കുറിച്ച് പറഞ്ഞിട്ടുള്ളതിൽ പുനർജനി പദ്ധതിയുടെ വിവരണമാണ് കുറേയധികമുള്ളത്. ഇതിൽ ഒരുപാട്

സ്ഥലത്ത് പറഞ്ഞിട്ടുള്ളതും നന്ദിപ്രമേയ ചർച്ചയിൽ പറഞ്ഞുകൊണ്ടിരിക്കുന്നതുമായ പ്രധാനപ്പെട്ട കാര്യം ലിംഗ സമത്വത്തെക്കുറിച്ചും ലിംഗനീതിയെക്കുറിച്ചും ശബരിമലയെക്കുറിച്ചുമാണ്. ശബരിമലയിൽ ഈ പ്രശ്നങ്ങളെല്ലാം ഉണ്ടാക്കിയത് എന്തിനുവേണ്ടിയാണെന്ന് ആലോചിച്ചാൽ, ഞാൻ മനസ്സിലാക്കുന്നത് അതൊരു വിനോദസഞ്ചാര കേന്ദ്രമാക്കി മാറ്റണമെന്നും അവിടെയൊരു വിമാനത്താവളം സ്ഥാപിക്കണമെന്നുമുള്ള ഉദ്ദേശത്തോടെയാണ് എന്നാണ്. അക്കാര്യം നയപ്രഖ്യാപനത്തിലും പറഞ്ഞിട്ടുണ്ട്. അങ്ങനെ വരുമ്പോൾ സ്ത്രീകൾക്കും അവിടെ വരാനുള്ള സൗകര്യം ആവശ്യമാണെന്ന് വിചാരിച്ചിട്ടായിരിക്കാം ഇതിൽ ഗവൺമെന്റ് ഇടപെട്ടതെന്ന് ചിന്തിക്കുന്നതിൽ തെറ്റില്ലെന്നാണ് എനിക്ക് തോന്നുന്നത്. ലിംഗസമത്വം എന്നത് പോലീസിനെ ഉപയോഗിച്ച് അടിച്ചേൽപ്പിക്കേണ്ട ഒന്നല്ല, ഭരണഘടന അങ്ങനെ പറഞ്ഞിട്ടില്ല. ശബരിമലയിൽ സ്ത്രീ പ്രവേശം ആവശ്യപ്പെട്ട് ഒരു മഹാപ്രസ്ഥാനം സുപ്രീംകോടതി വിധിക്ക് മുമ്പും കേരളത്തിൽ വളർന്നുവന്നിട്ടുണ്ടായിരുന്നില്ല. സുപ്രീംകോടതി വാസ്തവത്തിൽ ഇത്ര പ്രതീക്ഷിച്ചില്ല. ബഹു. മുഖ്യമന്ത്രി 400 മീറ്റർ റിലേ മത്സരത്തിൽ ഓടാനായി അടുത്ത ആളിന്റെ ബാറ്റൺ വാങ്ങാൻ നിൽക്കുന്നതുപോലെയാണ് സുപ്രീംകോടതി വിധി വാങ്ങാൻ നിന്നത്. ഇത് കിട്ടിക്കഴിഞ്ഞാലുടനെ ഓടിക്കളയാമെന്ന് വിചാരിച്ചു. ബലപ്രയോഗത്തിലൂടെ വിധി നടപ്പിലാക്കണമെന്ന് സുപ്രീംകോടതിയും ആവശ്യപ്പെട്ടിട്ടില്ല. അങ്ങനെയൊരു ലിംഗസമത്വത്തെക്കുറിച്ച് ഭരണഘടനയും വിഭാവന ചെയ്തിട്ടില്ല. സി. അച്യുതമേനോൻ മുഖ്യമന്ത്രിയായിരുന്നപ്പോൾ ഭൂപരിഷ്കരണ നിയമം 1970 ജനുവരി 1-ന് നടപ്പിലാക്കിയപ്പോൾ സി.പി.ഐ.(എം) പ്രതിപക്ഷത്തായിരുന്നു. അവർ മിച്ചഭൂമി സമരം 81 ദിവസം തുടർച്ചയായി നടത്തിയിരുന്നു. ഭൂപരിഷ്കരണ നിയമം നടപ്പിലാക്കിക്കഴിഞ്ഞ് ലാന്റ് ട്രിബ്യൂണലുകൾവഴി പട്ടയം കൊടുക്കാനുള്ള സൗകര്യമുണ്ടായപ്പോഴാണ് മിച്ചഭൂമി സമരം അവർ ആരംഭിച്ചതെന്ന് സമരത്തെ പരിഹസിച്ചുകൊണ്ട് അന്ന് പാർട്ടി നേതാക്കന്മാരെല്ലാം പ്രസംഗിച്ചത്. അന്ന് പ്രമുഖ പ്രാസംഗികനായ കണിയാപുരം രാമചന്ദ്രൻ പറഞ്ഞു, വിവാഹം കഴിക്കാൻ പ്രായമായ ഒരു ചെറുപ്പക്കാരനോട് അച്ഛൻ കല്യാണം കഴിക്കാൻ പറഞ്ഞപ്പോൾ ചെറുപ്പക്കാരൻ പറഞ്ഞത് എനിക്ക് വിവാഹത്തിലല്ല ബലാത്സംഗത്തിലാണ് വിശ്വാസം എന്നാണ്. അതുപോലെ മാന്യമായ രീതിയിൽ ഭക്തരെന്ന നിലയിൽ ശബരിമലയിലേയ്ക്ക് ആളുകൾ പോകുന്നതിനുപകരം ബലംപ്രയോഗിച്ച് കയറ്റാനാണ് ഞങ്ങൾക്ക് ഇഷ്ടമെന്ന മട്ടിലാണ് ഗവൺമെന്റ് പെരുമാറിയതെന്ന് വളരെ വ്യക്തമാണ്. ആയിരക്കണക്കിന്

സ്ത്രീകൾ ശബരിമലയിൽ പോകാനുള്ള പരിശ്രമമൊന്നും നടത്തിയിട്ടില്ലെന്നും ആകെ 51 പേരുടെ ലിസ്റ്റാണ് ഗവൺമെന്റ് സമർപ്പിച്ചതെന്നും അതിൽത്തന്നെ മൂന്നുനാല് പേർ ഞങ്ങൾ പുരുഷന്മാരാണെന്ന് പിന്നീട് വിളിച്ചുപറയുകയും ചെയ്തു. പണ്ട് ക്രിസ്ത്യൻ മിഷനറീസ് നടത്തുന്ന ഒരു സ്കൂളിലെ ടീച്ചർ കുട്ടികളോട് നിങ്ങൾ എല്ലാവരും എല്ലാ ആഴ്ചയും ഒരു നന്മ പാവപ്പെട്ടവർക്കുവേണ്ടി ചെയ്യണമെന്ന് പറഞ്ഞു. ഒരാഴ്ച കഴിഞ്ഞ്, ആരെങ്കിലും കഴിഞ്ഞ ആഴ്ച ആരെയെങ്കിലും സഹായിച്ചോയെന്ന് കുട്ടികളോട് ടീച്ചർ ചോദിച്ചു. അപ്പോൾ ആറ് കുട്ടികൾ ഒരേ സമയം എഴുന്നേറ്റുനിന്ന് സഹായിച്ചുവെന്ന് പറഞ്ഞു. ടീച്ചർ ആദ്യത്തെ ആളോട് എന്താണ് ചെയ്തതെന്ന് ചോദിച്ചു. അഞ്ച് റോഡുകൾ ചേരുന്ന ഒരു ജംഗ്ഷനിൽ റോഡ് മുറിച്ചുകടക്കാൻ നിവൃത്തിയില്ലാതെ നിന്നിരുന്ന വയസ്സായ സ്ത്രീയെ റോഡ് മുറിച്ചുകടക്കാൻ സഹായിച്ചുവെന്ന് ആ കുട്ടി പറഞ്ഞു. റോഡ് മുറിച്ചുകടക്കാൻ ആ വൃദ്ധയെ ഞങ്ങളെല്ലാവരും കൂടിയാണ് സഹായിച്ചതെന്ന് മറ്റ് അഞ്ച് കുട്ടികളും പറഞ്ഞു. എന്തിനാണ് നിങ്ങൾ ആറ് പേരുംകൂടി അത് ചെയ്തതെന്ന് ടീച്ചർ ചോദിച്ചപ്പോൾ അവർക്ക് അപ്പുറത്ത് പോകേണ്ട ആവശ്യമുണ്ടായിരുന്നില്ല, അതുകൊണ്ടാണ് ആറുപേർ വേണ്ടിവന്നതെന്ന് കുട്ടികൾ മറുപടി പറഞ്ഞു. ഇതുപോലെ ശബരിമലയിൽ പോകാൻ സ്ത്രീകൾക്ക് താല്പര്യമുണ്ടായിരുന്നില്ലെങ്കിലും പോലീസും പട്ടാളവും ശ്രീ. ലോക്നാഥ് ബെഹ്റയും ശ്രീ. ശ്രീജിത്തുമെല്ലാവരുംകൂടി ചേർന്ന് നിർബന്ധിച്ച് അക്കരെ കടത്തുകയാണ് ചെയ്തത്. പണ്ടൊക്കെ നാടുവാഴിത്തം നിലനിന്നിരുന്ന കാലഘട്ടത്തിൽ തമ്പ്രാക്കന്മാരും അന്തർജ്ജനങ്ങളും മഞ്ചലുകളിലാണ് സഞ്ചരിച്ചിരുന്നത്. അടുത്തകാലത്ത് കേരളത്തിലെ പല സ്ത്രീകൾക്കും ശബരിമലയിൽ പോകാൻ മഞ്ചൽ ചുമന്നിരുന്നത് പോലീസുദ്യോഗസ്ഥരാണ്. മഞ്ചൽ ചുമന്ന് അക്കരെയെത്തിക്കുന്ന സ്ഥിതിവിശേഷമുണ്ട്. ഞങ്ങൾ പറഞ്ഞ ഒരു വിധി നടപ്പാക്കുന്നതിൽ ഇത്ര വലിയ താത്പര്യം ഈ സർക്കാരിനുണ്ടോ എന്ന് സുപ്രീംകോടതി അത്ഭുതപ്പെടുന്ന സാഹചര്യമാണ് സൃഷ്ടിക്കപ്പെട്ടത്. ശബരിമല വിഷയത്തിൽ യു.ഡി.എഫ്. നിലപാട് വളരെ വ്യക്തമാണ്. അവിശ്വാസികളുടെയും വിശ്വാസത്തെ വികലമാക്കുന്നവരുടെയും മധ്യേ യഥാർത്ഥ വിശ്വാസികളുടെ കൂടെയാണ് യു.ഡി.എഫ്. നിൽക്കുന്നത്. യഥാർത്ഥ വിശ്വാസികളെ സംരക്ഷിക്കാൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടില്ലെന്നത് വളരെ വ്യക്തമാണ്.

ഈ സർക്കാർ അടുത്തകാലത്തായി ഹയർ സെക്കൻഡറി ലയനത്തെ സംബന്ധിച്ചുള്ള കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കാനുള്ള ശ്രമം

നടത്തിക്കൊണ്ടിരിക്കുകയാണ്. അത് അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും വളരെയേറെ ദോഷംചെയ്യുന്ന കാര്യമാണെന്ന് ഞാൻ മുമ്പും ഈ സഭയിൽ പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ലയനനീക്കം ഉപേക്ഷിക്കണമെന്ന് ഈ സന്ദർഭത്തിൽ ആവശ്യപ്പെടുകയാണ്. വനിതാ മതിൽ നവോത്ഥാന പ്രക്രിയയുടെ അനിവാര്യമായ കാര്യമാണെന്ന് ഇവിടെ പറഞ്ഞു. അത് വർഗ്ഗീയ വനിതാ മതിൽ എന്നാണ് അറിയപ്പെടുന്നത്. വനിതാ മതിലിൽ കുറെ സ്ത്രീകളെ അണിനിരത്തിയിട്ട് നിങ്ങൾക്ക് കുറെ അവകാശങ്ങളുണ്ട്, നിങ്ങൾ പുരുഷൻമാരെപ്പോലെ തുല്യരാണ് എന്ന് അവരോട് പറയുകയാണ്. അവർക്ക് അറിയാത്തതല്ലല്ലോ പ്രശ്നം. നിങ്ങൾ ചെയ്തുകൊടുക്കാത്തതല്ലേ. നല്ല മനോഹരമായ ഭാഷയിൽ രചിക്കപ്പെട്ട പുതിയ പുസ്തകമെന്ന രീതിയിലാണ് ഈ നയപ്രഖ്യാപനത്തെ മനസ്സിലാക്കുന്നത്. മത്തായി എഴുതിയ സുവിശേഷം പോലുള്ള നാല് പുതിയ സുവിശേഷങ്ങൾക്ക് പുറത്ത് സരമാഗോ എന്ന നോബൽ സമ്മാനജേതാവായ സാഹിത്യകാരൻ 'ക്രിസ്തുവിന്റെ സുവിശേഷം' എന്ന പുസ്തകം എഴുതിയിട്ടുണ്ട്. അതുപോലെ ഈ നയപ്രഖ്യാനം പിണറായി എഴുതിയ സുവിശേഷമാണെന്നാണ് ഞാൻ പറയുന്നത്. അതായത് കാൽപ്പനികതയും ഉത്തരാധുനികതയും സമഞ്ജസമായി സമ്മേളിച്ച ഈ മഹാഗ്രന്ഥത്തിന് സാഹിത്യ അക്കാദമിയുടെ അവാർഡ് നൽകണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്. ഇത്രയും പറഞ്ഞുകൊണ്ട് നന്ദിപ്രമേയത്തെ എതിർത്തുകൊണ്ട് ഞാൻ ഉപസംഹരിക്കുന്നു.

ശ്രീ. സി. കെ. നാണു: സർ, ഞാൻ നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. സംസ്ഥാന ഗവൺമെന്റ് ചെയ്തുവരുന്ന പ്രവൃത്തികളെ സസൂക്ഷ്മം പരിശോധിച്ച് അർഹതപ്പെട്ട രൂപത്തിലുള്ള പ്രഭാഷണമാണ് ഗവർണർ നിയമസഭയിൽ നടത്തിയത്. രണ്ടര വർഷത്തിനിടയ്ക്ക് വിദ്യാലയങ്ങളിൽ കുട്ടികൾക്ക് യൂണിഫോം, പുസ്തകം, ഭക്ഷണം, നല്ല കെട്ടിടങ്ങൾ എന്നിവ നൽകുന്നതിന്റെ ഫലമായി സാമ്പത്തികമായി കഴിവുള്ളവരുടെ കുട്ടികൾ പോയിരുന്ന വിദ്യാലയങ്ങളിൽ നിന്നുപോലും കുട്ടികൾ തിരിച്ച് സർക്കാർ വിദ്യാലയങ്ങളിലേയ്ക്ക് വരുന്ന സാഹചര്യമുണ്ടായിക്കൊണ്ടിരിക്കുകയാണ്. മുൻകാലങ്ങളിൽ ഒരു രോഗം വന്നാൽ വലിയ കാശ് ചെലവഴിച്ച് സ്വകാര്യ ആശുപത്രികളിലേയ്ക്ക് പോകേണ്ടിവന്ന രോഗികളടക്കം ഇന്ന് സർക്കാർ ആശുപത്രികളെ ആശ്രയിക്കുന്ന അവസ്ഥയുണ്ടായി. നമുക്ക് ഇഷ്ടമുള്ള റേഷൻ കടകളിൽനിന്ന് റേഷൻ സാധനങ്ങൾ വാങ്ങാനുള്ള രൂപത്തിൽ ബഹുമാനപ്പെട്ട ഭക്ഷ്യവിതരണ വകുപ്പുമന്ത്രി ആ മേഖലയെ മെച്ചപ്പെടുത്തി. കേരള ചരിത്രത്തിൽ, ബഹുഭൂരിപക്ഷത്തിന്റെ മതമായ

ഹിന്ദുമതത്തിലെ പ്രധാനപ്പെട്ട ക്ഷേത്രങ്ങളിൽ ഭൂരിപക്ഷം ആളുകൾക്കും ആരാധന നടത്താൻ അനുവാദമുണ്ടായിരുന്നില്ല. ഇതിനെതിരെയാണ് ഗാന്ധിജിയും ശ്രീനാരായണ ഗുരുദേവനും രംഗത്ത് വന്നത്. അതുപോലെ വൈക്കം സത്യാഗ്രഹവും ഗുരുവായൂർ സത്യാഗ്രഹവും നടന്നത്. ഈ ക്ഷേത്രങ്ങളിലെല്ലാം സാധാരണക്കാരായ ഹിന്ദുക്കൾക്ക് പോകാൻ അവസരമില്ലാതിരുന്ന ഘട്ടത്തിൽ സ്വാതന്ത്ര്യസമര സേനാനികളും സാമൂഹ്യ പരിഷ്കർത്താക്കളും നടത്തിയ പോരാട്ടത്തിന്റെ ഫലമായി കേരളത്തിലെ ഭൂരിപക്ഷം സമുദായത്തിൽപ്പെട്ടവർക്ക് മിക്കവാറും എല്ലാ ആരാധനാലയങ്ങളിലും പ്രാർത്ഥിക്കാൻ അവസരമുണ്ടായി. ഇപ്പോൾ ശബരിമലയിലെ പ്രശ്നമെന്താണ്; സംസ്ഥാന ഗവൺമെന്റ് എന്തെങ്കിലും കാര്യങ്ങൾ നിയമവിരുദ്ധമായി ചെയ്തോ; സംസ്ഥാന ഗവൺമെന്റിനെ നയിക്കുന്ന മുഖ്യമന്ത്രിയോ അല്ലെങ്കിൽ ശ്രീ. സി. ദിവാകരന്റെ പാർട്ടിയായ സി.പി.ഐ.യോ അതുപോലുള്ള കക്ഷികളോ രാഷ്ട്രീയ മുതലെടുപ്പിനുവേണ്ടി എന്തെങ്കിലും ചെയ്തോ; കഴിഞ്ഞ രണ്ടുവർഷം ശബരിമലയെ സംബന്ധിച്ച് എന്തെങ്കിലുമൊരു ആക്ഷേപമുണ്ടായോ? മുമ്പുള്ള ഗവൺമെന്റുകൾ ചെലവഴിച്ചതിനെക്കാൾ കൂടുതൽ സംഖ്യ ശബരിമലയുടെ വികസനത്തിനുവേണ്ടി ചെലവഴിച്ചില്ലേ; എന്തെങ്കിലുമൊരു ആക്ഷേപം ഈ ഗവൺമെന്റിന്റെ പേരിൽ പറയാൻ ആർക്കെങ്കിലും സാധിക്കുമോ? ഈ വർഷം ഉണ്ടായ പ്രശ്നം സംസ്ഥാന ഗവൺമെന്റുമായി ബന്ധപ്പെട്ട് ഉണ്ടായതല്ലല്ലോ. സുപ്രീംകോടതി വിധി വന്നു. ഇന്ത്യയിലെ മിക്കവാറും എല്ലാ രാഷ്ട്രീയ കക്ഷികളുടെയും നേതാക്കൾ സുപ്രീംകോടതി വിധിയെ ന്യായീകരിച്ചു. പ്രധാനമന്ത്രിയുടെ കക്ഷിയിലെ പ്രധാനപ്പെട്ടവരെല്ലാം സുപ്രീം കോടതി വിധിയെ ന്യായീകരിച്ചു. ആ കാലഘട്ടത്തിലും കേരള ഗവൺമെന്റിനെ നയിക്കുന്ന കക്ഷിയുടെ ആളുകൾ, അവരുടെ പാർട്ടിയിലെ അനുയായികൾ, അവരുടെ സഹോദരിമാരെ ജാഥയായി ശബരിമലയിലേയ്ക്ക് നടത്തിച്ച സംഭവമുണ്ടായോ? ഏതെങ്കിലും ഒരു കക്ഷി സുപ്രീംകോടതി വിധി വന്നതുകൊണ്ട് ആളുകളെ കൊണ്ടുപോയില്ലല്ലോ; സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ അവിടെ പോകേണ്ടവർക്ക് പോകാമെന്നല്ലാതെ ഇതിനെ രാഷ്ട്രീയമായി ഉപയോഗിക്കാനുള്ള ശ്രമം ഉണ്ടായില്ലല്ലോ, നേരെമറിച്ച് ഇങ്ങനെ ഒരു വിധി വന്നശേഷം ഇടതുപക്ഷജനാധിപത്യ മുന്നണിയെ എതിർക്കാൻ ഒരു പ്രചരണം ഉണ്ടാക്കാൻ ചിലർ പരിശ്രമിച്ചു. ജനങ്ങൾ അത് മനസ്സിലാക്കും. ശബരിമല ഉത്സവത്തിന്റെ ഘട്ടത്തിൽ അവിടെ ഏതെങ്കിലും തരത്തിലുള്ള പ്രശ്നങ്ങൾ ഉണ്ടാക്കുമ്പോൾ ആരാധനാലയത്തിൽ കുഴപ്പമുണ്ടാക്കിയെന്നുപറഞ്ഞ് ഗവൺമെന്റിനെ മോശമാക്കാനുള്ള ശ്രമങ്ങൾ പലതും നടത്തിയെങ്കിലും നാലാളെ

ആശുപത്രിയിലെത്തിക്കാനുള്ള മർദ്ദനം നടത്താൻപോലും അനുവദിച്ചില്ലല്ലോ. സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ ശബരിമലയിൽ പ്രവേശിക്കുമെന്ന് പറഞ്ഞവരെപ്പോലും സമ്മർദ്ദമുപയോഗിച്ച് പ്രവേശിപ്പിക്കാൻ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ശ്രമിച്ചില്ല. എന്തടിസ്ഥാനത്തിലാണ് ശബരിമലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെ ഗവൺമെന്റിനുനേർക്ക് ചൂണ്ടുന്നത്. ഒരു ക്രൈസ്തവ ദേവാലയവുമായി ബന്ധപ്പെട്ട് അങ്ങോട്ടുമിങ്ങോട്ടും പ്രശ്നങ്ങളും ഏറ്റുമുട്ടലുമുണ്ടായപ്പോൾ ഇവിടത്തെ ചാനലുകൾ അത് കാണിച്ചില്ലേ. അങ്ങനെ ചില സന്ദർഭങ്ങളിലുണ്ടാകും. അതുപോലും ഇവിടെ ഉണ്ടായില്ലല്ലോ? ലോകം ബഹുമാനിക്കുന്ന ഏറ്റവും വലിയ ആരാധനാലയമായ ശബരിമല വികസിപ്പിക്കുന്നതിനുള്ള പല കാര്യങ്ങളും ചെയ്തു. ശബരിമലയിലേയ്ക്ക് റെയിൽപ്പാത വരണം. ശ്രീ. പിണറായി വിജയൻ കേരളത്തിന്റെ മുഖ്യമന്ത്രിയാകുന്നതിനുമുമ്പ് എത്രയോ പ്രാവശ്യം നിയമസഭയിലും പുറത്തും ശബരിമലയിലേയ്ക്ക് തീവണ്ടി വരണമെന്ന് പറഞ്ഞില്ലേ? ശബരിമലയിൽ കൂടുതൽ സൗകര്യങ്ങളുണ്ടാക്കാനായി വനഭൂമി വിട്ടുകിട്ടണമെന്ന ആവശ്യം ഉന്നയിച്ചില്ലേ? സംസ്ഥാനത്തുള്ള വിവിധ ആരാധാനാലയങ്ങളിൽ പല ഭാഗത്തുനിന്നും ആളുകൾ വരുമ്പോൾ അവർക്ക് കൂടുതൽ സൗകര്യങ്ങൾ ചെയ്തുകൊടുക്കാനാണ് ശ്രമിക്കുന്നത്. മുൻപുള്ള എല്ലാ ഗവൺമെന്റുകളും അത് ചെയ്തിട്ടുള്ളതാണ്. എന്നിട്ടും എന്തിനാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനെതിരായി അതിശക്തമായ രൂപത്തിലുള്ള വിമർശനങ്ങൾ നടത്തുന്നത്. ഈ വിമർശനങ്ങൾ നടത്തിക്കൊണ്ട് കേന്ദ്ര ഗവൺമെന്റിന് ഈ രാജ്യത്തെ ഭൂരിപക്ഷം വരുന്ന സാധാരണക്കാരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിൽ വിജയിച്ചുവെന്ന് പറയാൻ സാധിക്കില്ല. ഇന്ത്യാ രാജ്യത്ത് നോട്ട് പിൻവലിച്ച ഘട്ടത്തിൽ ഇവിടത്തെ സാമ്പത്തിക വിദഗ്ദ്ധർ, വൻകിട കോടീശ്വരന്മാർ, അംബാനിയുടെ മക്കളാണ് അതിന്റെ ഗുണത്തെപ്പറ്റി പറഞ്ഞത്. കുറച്ചുമാസങ്ങൾ കഴിഞ്ഞപ്പോൾ അതിന്റെ അനുഭവം ഈ രാജ്യത്തിലെ സാധാരണക്കാർക്കുണ്ടായി. കേന്ദ്രം ഭരിക്കുന്ന ഗവൺമെന്റിനെ സംബന്ധിച്ച് ആര് ഭരിക്കുന്നു, അവരെ ആര് പിന്താങ്ങി, അവരുടെ സ്വാഭാവമെന്ത് ഇതൊക്കെ വേറെ കാര്യമാണ്. ഇവിടത്തെ ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തുചെയ്തു എന്നതാണ് രാജ്യത്തിന്റെ മുമ്പാകെയുള്ളത്. ഓരോ മേഖലയിലും അവർക്കെതിരായ നീക്കങ്ങൾ വരുന്നു. എന്നാൽ ഇവിടെ അങ്ങനെയല്ല. അതുകൊണ്ട് എനിക്ക് പറയാനുള്ളത്, കേരള ചരിത്രത്തിൽ ഏറ്റവും നല്ല നിലയിൽ ഭരണം നടത്തിക്കൊണ്ടിരിക്കുന്ന ഈ ഗവൺമെന്റിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട ഗവർണർ ഇവിടെ പറഞ്ഞ അഭിപ്രായങ്ങളോട് നന്ദി പറഞ്ഞുകൊണ്ട് നിർത്തുന്നു.

ശ്രീ. പുരുഷൻ കടലുണ്ടി: സർ, ഈ നന്ദിപ്രമേയത്ത ഞാൻ അനുകൂലിക്കുന്നു. 21-ാം നൂറ്റാണ്ടിലേയ്ക്ക് കേരളത്തെ പാകപ്പെടുത്തുന്നതിനും വർത്തമാനകാല സാഹചര്യത്തിൽ നാടിനെ എങ്ങനെ രക്ഷപ്പെടുത്താമെന്ന് തങ്കലിപികളിൽ കൊത്തിവയ്ക്കേണ്ടതുമായ ഒരു നയപ്രഖ്യാപനമാണ് 2019 ജനുവരി 25-ന് ബഹുമാനപ്പെട്ട ഗവർണർ നടത്തിയത്. സമസ്ത മണ്ഡലങ്ങളെയും ശാസ്ത്രീയമായി പഠിച്ച് അവതരിപ്പിച്ച ഈ സർക്കാരിന്റെ നയങ്ങൾ അവതരിപ്പിക്കുന്നത് ബഹുമതിയായിട്ടാണ് ഗവർണർ കണ്ടതെന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. അത് ഇടതുപക്ഷ സർക്കാരിനുള്ള അംഗീകാരമാണ്. നമ്മുടെ സംയോജിത സംസ്കാരത്തിന്റെ പാരമ്പര്യത്തെയും മികവിനെയും വിലമതിക്കുന്നതും ഉയർത്തിക്കാട്ടുന്നതും ഈ രാജ്യത്തിലെ ഓരോ പൗരന്റെയും മൗലിക ഉത്തരവാദിത്വമായിരിക്കുമെന്ന സന്ദേശമാണ് ഈ പ്രഖ്യാപനത്തിലൂടെ നിഴലിച്ചുകാണുന്നത്. അതുകൊണ്ടാണ് അനാരോഗ്യകരമായ കേന്ദ്ര-സംസ്ഥാന ബന്ധങ്ങൾ പൊതുവെയും സാമ്പത്തിക ബന്ധങ്ങൾ പ്രത്യേകിച്ചും ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന ദോഷഫലങ്ങൾ കേരളം ഇതിനകം കൈവരിച്ച പുരോഗതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്ന് പ്രസ്താവിക്കാൻ ഗവർണർ മുതിർന്നത്. ഗവർണറുടെ പ്രസംഗം അലോസരപ്പെടുത്താൻ പ്രതിപക്ഷം ഇടപ്പെട്ടപ്പോൾ അദ്ദേഹം പറഞ്ഞത്, ഞാൻ വായിക്കുന്ന നയപ്രഖ്യാപനത്തിൽ അതിനുള്ള മറുപടിയുണ്ടെന്നാണ്. അത്തരമൊരു വികൃതമായ പ്രകടനം കാഴ്ചവച്ച പ്രതിപക്ഷത്തോട് എനിക്ക് നന്ദിയുണ്ട്. കേരളത്തിന്റെ പുനർനിർമ്മാണത്തിന് പണം കണ്ടെത്തുക എന്നത് സർക്കാരിന്റെ മുമ്പിലുള്ള ഏറ്റവും വലിയ വെല്ലുവിളിയാണ്. കേന്ദ്ര സർക്കാർ സഹായം നൽകിയില്ലെന്ന് മാത്രമല്ല, വിദേശ രാജ്യങ്ങളിൽനിന്നും ലഭിക്കുമായിരുന്ന സഹായം മുടക്കുകയാണ് ചെയ്തത്. എന്നിട്ടും അത്യന്തം കഠിനമായ ഈ ദൗത്യം കേരളത്തിന്റെ പുനർനിർമ്മിതിക്കായി ഏറ്റെടുക്കുകയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നയിക്കുന്ന കേരള സർക്കാർ ചെയ്തത്. പ്രളയാനന്തര കേരളം കണ്ടത് ജാതി-മത-വർഗ്ഗ വ്യത്യാസമില്ലാത്ത ഐക്യമാണ്. ഈ ഐക്യം തകർക്കാൻ വർഗ്ഗീയവാദികൾ വാളെടുത്തതും നമ്മൾ കണ്ടു. കോടതിവിധി വന്നപ്പോൾ ആദ്യം നല്ലതെന്ന് പറഞ്ഞവർ രാഷ്ട്രീയലാഭത്തിനായി മാറ്റിപ്പറഞ്ഞതും സത്യാഗ്രഹം നടത്തി എങ്ങുമെത്താതെ ആളുകൾ പിരിഞ്ഞുപോയതും നമ്മൾ കണ്ടതാണ്. മനുഷ്യൻ ഒരു സാമൂഹികജീവിയാണ്. സാമൂഹിക ഇടപെടലിലൂടെയാണ് എല്ലാ നേട്ടങ്ങളും നാം കൈവരിച്ചത്. വ്യക്തിയല്ല, സമിഷ്ടിയാണ് പ്രധാനം. തനിക്ക് എന്തുകിട്ടുമെന്നല്ല, തനിക്ക് എന്ത് ചെയ്യാൻ കഴിയുമെന്ന ചിന്തയാണ് ഈ

സർക്കാരിനെ ജനങ്ങളുടെ സർക്കാർ എന്നുപറയുന്നതും ജനങ്ങളാൽ ആദരിക്കപ്പെടുന്നതും. ലിംഗനീതി ഉറപ്പാക്കാൻ സുപ്രീംകോടതി വിധി നടപ്പിലാക്കാൻ ശ്രമിച്ച സർക്കാരിനെ ശ്വാസം മുട്ടിക്കാനാണ് നെഹ്റുവിന്റെ പൈതൃകം അവകാശപ്പെടുന്ന കോൺഗ്രസ്സും ഹിന്ദുരാഷ്ട്രം സ്വപ്നം കാണുന്ന ആർ.എസ്.എസ്.-ഉം ശ്രമിക്കുന്നത് എന്നത് ലജ്ജാകരം തന്നെയാണ്. ഇതിനുള്ള ശക്തമായ നടപടിയുമായാണ് കേരളത്തിലെ പുരോഗമന സാഹിത്യ സാംസ്കാരിക രംഗത്തുള്ള കലാകാരന്മാരും കലാകാരികളും ചേർന്ന് ഫെബ്രുവരി ഒന്നാം തീയതി തിരുവനന്തപുരത്തുനിന്നും രണ്ടാം തീയതി കാസർഗോഡ് നിന്നും ആരംഭിച്ച് ഒമ്പതാം തീയതി തൃശ്ശൂരിൽ അവസാനിക്കുകയും ചെയ്യുന്ന രണ്ട് സാംസ്കാരിക യാത്രകൾ സംഘടിപ്പിക്കുന്നത്. ലിംഗനീതി, പരിസ്ഥിതി, മതനിരപേക്ഷത എന്നീ മുദ്രാവാക്യങ്ങളുയർത്തിക്കൊണ്ടുള്ള ഈ ജാഥ സർക്കാരിന്റെ പ്രവർത്തനത്തിന് ഏറ്റവും കൂടുതൽ ആക്കം കൂട്ടുമെന്നാണ് ഞങ്ങൾ വിശ്വസിക്കുന്നത്. ചരിത്രപരമായ വനിതാ മതിലിനെപ്പറ്റി ഇവിടെയെല്ലാവരും പരാമർശിക്കുകയുണ്ടായി. 50 ലക്ഷത്തിലധികം വനിതകൾ വെറുതെ വന്നതൊന്നുമല്ല. ആശയ സംഘട്ടനങ്ങളിലൂടെ ഉരുത്തിരിഞ്ഞുവന്ന അവരുടെ ആശയം പ്രകടിപ്പിക്കാൻ കിട്ടിയ സന്ദർഭം ഉപയോഗപ്പെടുത്തി എന്നുള്ളതാണ്. മതിലിൽ പങ്കെടുക്കാൻ സാധിക്കുമോ ഇല്ലയോ എന്ന് ശങ്കിച്ച് നിന്നവർപോലും പിന്നീട് അതിലേയ്ക്ക് കടന്നുവരുന്ന സാഹചര്യമാണുണ്ടായത്. നവോത്ഥാന കേരളത്തിന് ലഭിച്ച ഈ ഐക്യത്തിന്റെ വിജയസ്മരണയ്ക്കായി ഈ സർക്കാർ നവോത്ഥാന മ്യൂസിയം സ്ഥാപിക്കാൻ പോകുകയാണ്. സർക്കാരിന്റെ യശസ്സും സ്ത്രീകളോടുള്ള സമീപനവും വർദ്ധിക്കുകയാണ്. സ്ത്രീകൾക്കും ജനങ്ങൾക്കും ഈ സർക്കാരിനോടുള്ള ആഭിമുഖ്യം വർദ്ധിക്കുകയാണ്. വിശ്വാസികളും വർഗ്ഗീയവാദികളും തമ്മിലാണ് ഇപ്പോൾ സംഘട്ടനം നടക്കുന്നത്. ഞാൻ കൂടുതൽ കാര്യങ്ങളിലേയ്ക്ക് പോകുന്നില്ല.

പട്ടികഗോത്രവർഗ്ഗ/പട്ടികജാതി/പിന്നോക്കവിഭാഗങ്ങളുടെ ഉന്നമനത്തിന് ഊന്നൽ കൊടുത്താണ് ഈ സർക്കാർ മുന്നോട്ടുപോയിട്ടുള്ളത്. ഗോത്ര കുടുംബത്തിൽനിന്ന് ഒരാൾക്ക് സർക്കാർ ജോലി എന്നത് നമുക്ക് സ്വപ്നം കാണാൻ കഴിയാത്ത ഒന്നായിരുന്നു. പ്രത്യേക റിക്രൂട്ട്മെന്റ് സങ്കൽപ്പിക്കാൻ പോലും കഴിഞ്ഞിരുന്നില്ല. അതാണ് ഇടതുപക്ഷ സർക്കാർ.

"പച്ചയാം വിരിപ്പിട്ട സഹ്യനിൽ തലവച്ചും

സ്വച്ഛാബ്ധിമണൽത്തിട്ടാം പാദോപധാനം പൂണ്ടും"…….

തരിശുനിലങ്ങളിൽ കൃഷിയിറക്കി. 56,000 ഹെക്ടർ നെൽകൃഷി, എല്ലാ വീടുകളിലും ജൈവ പച്ചക്കറിത്തോട്ടങ്ങൾ, കൃഷിയെ സംസ്കാരത്തിന്റെ ഭാഗമാക്കി കൃഷി വകുപ്പുമന്ത്രി മാറ്റിയതിലൂടെ സർക്കാരിന്റെ ദീർഘവീക്ഷണമാണ് കാണുന്നത്. കൃഷി എന്നത് ഒരു സംസ്കാരമാണ്. കൃഷിയില്ലെങ്കിൽ നമ്മുടെ ജീവിതം മുന്നോട്ടുകൊണ്ടുപോകാൻ കഴിയില്ല. കർഷകരും കർഷകത്തൊഴിലാളികളും പുരോഗമനപ്രസ്ഥാനങ്ങളും നവോത്ഥാന നായകരും അതുപോലെ സമസ്ത മണ്ഡലങ്ങളിൽനിന്നുമുള്ള ചിന്തിക്കാൻ കഴിവുള്ളവരെയെല്ലാം യോജിപ്പിച്ച് വർഗ്ഗ-ജാതി-മത വ്യത്യാസമില്ലാതെ നടത്തിയ പോരാട്ടത്തിന്റെ ഫലമായാണ് ഈ നവോത്ഥാനമൂല്യങ്ങൾ നമുക്ക് നേടാനും സംരക്ഷിക്കാനും കഴിഞ്ഞത്. അവയെ വർഗ്ഗീയത പറഞ്ഞുകൊണ്ട് സമര-കോലാഹലം നടത്തി ഇല്ലാതാക്കാനുള്ള ശ്രമമാണ് നടക്കുന്നത്. അത് തിരിച്ചു പിടിക്കാൻ, ഒന്നിച്ച് ഒരേ മനസ്സോടുകൂടി നിൽക്കാൻ നമുക്ക് കഴിയണം. കേരളീയ സാമൂഹ്യജീവിതത്തിലെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്ന സന്ദേശം കൂടിയാണ് വനിതാ മതിൽ. ഏത് പ്രതിസന്ധിഘട്ടത്തിലും ജനങ്ങളുടെ അതിജീവനത്തിന് കരുത്തുപകരാൻ ഈ സർക്കാർ എപ്പോഴും ജനങ്ങൾക്കൊപ്പമുണ്ടെന്ന ചിന്ത ആഴത്തിൽ വേരൂന്നിക്കാൻ ഈ മന്ത്രിസഭയ്ക്ക് സാധിച്ചു. പ്രളയസമയത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ സാന്ത്വന സന്ദേശങ്ങൾ നടത്തുന്നത് കേൾക്കാൻ ആളുകൾ കാത്തിരിക്കുകയായിരുന്നു. സർക്കാർ ഒപ്പമുണ്ട് എന്ന നിഷ്കളങ്കമായ സമീപനം നമ്മുടെ ജനതയെ കൂടുതൽ ജനപക്ഷ ചിന്താഗതിയിലേയ്ക്ക് കൊണ്ടുവരുന്നുണ്ട്. ജനങ്ങളുടെ മോചനം ഈ സർക്കാരിലാണെന്ന് അവർക്ക് തിരിച്ചറിയാൻ കഴിഞ്ഞ സന്ദർഭം കൂടിയാണിത്. മുഖ്യമന്ത്രിയുടെ 'നാം മുന്നോട്ട്' എന്ന ടി.വി. പരിപാടിയിലൂടെ മുഖ്യമന്ത്രി പറയുന്നത് എന്താണെന്ന് കേൾക്കാൻ, ഗവൺമെന്റിന്റെ നയപരിപാടികൾ എന്താണെന്ന് മനസ്സിലാക്കാൻ സുതാര്യമായ ഗവൺമെന്റിന്റെ പരിപാടി എന്താണെന്ന് കേൾക്കാൻ കുടുംബങ്ങൾ തയ്യാറായി നിൽക്കുന്നു. സരിതാമയമല്ലാത്ത ഗവൺമെന്റ് എന്നുപറഞ്ഞാൽ, ഇത്രയും സ്വച്ഛന്ദമായി ജനങ്ങൾക്ക് ഇടപഴകാനും ജനങ്ങളുടെ പ്രശ്നങ്ങൾ പറയാനും ജനങ്ങളുടെ പ്രശ്നങ്ങൾ മനസ്സിലാക്കാനും അതിന് പ്രതിവിധി കണ്ടെത്താനും കഴിയുന്ന തരത്തിൽ, പണമില്ലെങ്കിലും പെൻഷൻ വീടുകളിൽ കൊണ്ടുപോയി കൊടുക്കുമെന്ന് മുഖ്യമന്ത്രി ഇവിടെനിന്ന് പ്രസ്താവിച്ചത് എനിക്കുപോലും വിശ്വാസമായിരുന്നില്ല. ഖജനാവ് കാലിയായിരുന്ന അവസ്ഥയിൽ എങ്ങനെ കൊടുക്കുമെന്ന് വിചാരിച്ചു; ഇത് ജനങ്ങളുടെ ഗവൺമെന്റാണ്, ജനങ്ങളിൽ വിശ്വസിക്കുന്ന ഗവൺമെന്റാണെന്നാണ് മുഖ്യമന്ത്രി തുറന്നുപറഞ്ഞത്.

അത് സാധ്യമായി. അതുകൊണ്ട് ഇച്ഛാശക്തിയോടെയും ആർജ്ജവത്തോടും കൂടിയുള്ള പ്രഖ്യാപനവും പ്രവർത്തനവും മനുഷ്യത്വത്തിന്റെയും സാഹോദര്യത്തിന്റെയും ഉത്തമമായ പാരമ്പര്യത്തിൽനിന്ന് ഉരുത്തിരിഞ്ഞ് വന്നതാണ്. അങ്ങനെ കേരള ജനതയ്ക്ക് ഉണർവും പരസ്പരം സഹായിക്കാൻ തയ്യാറുള്ളവരുമായി മാറ്റുന്നതിൽ വലിയ പങ്ക് ഗവൺമെന്റ് വഹിക്കുന്നുണ്ട്. ഒരു മതത്തിന്റെയും ഭാഷയുടെയും വംശത്തിന്റെയും സംസ്കാരമല്ല. ആയിരക്കണക്കിന് വർഷങ്ങൾകൊണ്ട് നേടിയെടുത്ത ആർജിത സംസ്കാരത്തെ ഇല്ലാതാക്കാൻ ശ്രമിക്കുന്നവർ ജനങ്ങളോട് മറുപടി പറയേണ്ടിവരും അല്ലെങ്കിൽ ജനങ്ങൾ അവരെ തിരുത്തുമെന്നുള്ളത് ഉറപ്പാണ്. നമ്മുടെ ചരിത്രവും സംസ്കാരവും അടയാളപ്പെടുത്തുന്നത് എഴുത്തുകാരും കലാകാരന്മാരുമാണ്. ഓരോ കാലത്തെ അവസ്ഥയെയും ജീവിത സാഹചര്യങ്ങളെയും അടയാളപ്പെടുത്തിയ എത്രയെത്ര സൃഷ്ടികൾ, സാഹിത്യകാരന്മാർ, നാടകക്കാർ, ശാസ്ത്രജ്ഞർ, കവികൾ, ചിത്രകാരന്മാർ, കലാകാരന്മാർ എല്ലാത്തിനെയും ഈ ഗവൺമെന്റ് ഒത്തുപിടിക്കുകയാണ്. നിഷ്ഠൂരം കൊല ചെയ്യപ്പെടുന്നത് എങ്ങനെ സഹിക്കും, എങ്ങനെ നമുക്ക് അവരെ ശുചിത്വ കേരളത്തിന് ഒരേ മനസ്സോടെ മുന്നോട്ടുകൊണ്ടുപോകാൻ കഴിയും? മറ്റ് കാര്യങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല.

കോടതിവിധിയും തദ്വാര നടത്തിയ സമരആഭാസങ്ങളും നമ്മളെ ലജ്ജിപ്പിക്കുന്നു. എല്ലാ ജനങ്ങൾക്കും ക്ഷേത്രപ്രവേശനം അനുവദിച്ചുകൊണ്ടുള്ള ക്ഷേത്രപ്രവേശന വിളംബരത്തിന്റെ ആഘോഷങ്ങൾ നടക്കുകയാണ്. ഈ ആഘോഷങ്ങളൊക്കെ മറച്ചുപിടിക്കാനാണ്, അതോടെ നൂറ്റാണ്ടുകൾ നീണ്ടുനിന്ന ആചാരങ്ങൾ തകർന്നടിഞ്ഞുവീണത് എന്ന ചരിത്രബോധം പുതിയ തലമുറയിൽ എത്തിക്കാൻ കഴിയണം. ദീർഘമായ നവോത്ഥാന പോരാട്ടങ്ങളിലൂടെ വൈകുണ്ഠസ്വാമി മുതൽ അയ്യങ്കാളിവരെയുള്ളവരുടെ സമരങ്ങളുടെ ഫലമാണ്. ആരാണ് മഹാത്മാ അയ്യങ്കാളി; നമ്മുടെ സമരത്തിന് വിത്തിട്ട ആ വ്യക്തിയുടെ ചരിത്രം എന്താണെന്നുള്ളത് കുട്ടികളെ പഠിപ്പിക്കണം. വിഗ്രഹ പ്രതിഷ്ഠയും മറ്റ് പഠനങ്ങളും ക്ഷേത്രാരാധനയും ബ്രാഹ്മണർക്ക് മാത്രമായിരുന്ന കാലം മാറി പട്ടികജാതിക്കാരനും അബ്രാഹ്മണനും പൂജ നടത്തുന്ന സ്ഥിതിയിലേയ്ക്ക് വന്നു. ശ്രീനാരായണഗുരുവും ചട്ടമ്പിസ്വാമിയും സമരം പ്രഖ്യാപിച്ചത് ഓർക്കണം. മതം മാറിയാലും ജാതി മാറില്ലെന്ന പൗരോഹിത്യ സങ്കൽപ്പത്തിന്റെ നെഞ്ചിടിപ്പാണ് കേട്ടത്. കല്ലുമാല സമരവും മാറ് മറയ്ക്കാൻ മുലക്കരം ചുമത്തിയ ചരിത്രപാഠങ്ങൾ കുട്ടികളെ പഠിപ്പിക്കണം. മുല പറിച്ചെറിഞ്ഞ സ്ത്രീത്വത്തിന്റെ ശക്തിയാണ് വനിതാ

മതിലിൽ കണ്ടത്. ആക്ഷേപിക്കുന്നവർ അതോർക്കണം. ചരിത്രമറിയാത്തവർ അതിനെ അങ്ങനെ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യും. അധ:സ്ഥിതനെ ആട്ടിയോടിക്കുകയല്ല ഗവൺമെന്റ് ചെയ്യുന്നത്. എല്ലാവർക്കും തല ചായ്ക്കാനൊരിടം, ഒറ്റ മനസ്സോടെ ശുചിത്വ കേരളം ആക്കുക എന്ന ലക്ഷ്യമാണുള്ളത്. ജലം, ശുദ്ധം, സമൃദ്ധം; പച്ചയാം വിരിപ്പിട്ട സഹ്യനിൽ തലവച്ചും

സ്വച്ഛാബ്ധം.....

ഒരു മനസ്സോടുകൂടി നമുക്ക് ജീവിക്കാൻ കഴിയുന്ന അവസ്ഥ സൃഷ്ടിക്കുന്ന ഈ ഗവൺമെന്റിനെ ഏത് കള്ളത്തരം പറഞ്ഞും ഏത് വർഗ്ഗീയവാദം പറഞ്ഞും തകർക്കാനാവില്ലെന്ന് വിശ്വസിക്കുകയും അതിനുവേണ്ടി പ്രവർത്തിക്കുകയും ചെയ്യുന്ന മഹാഭൂരിപക്ഷം വിശ്വാസികളും അവിശ്വാസികളുമായ ജനങ്ങൾ അടങ്ങുന്നതാണ് ഈ കേരളം. അത് മനസ്സിലാക്കി പ്രവർത്തിക്കണമെന്ന് മാത്രം പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുകയാണ്. ഈ ഗവൺമെന്റ് വന്ന അന്ന് മുതൽ കണ്ടകശ്ശനി ബാധിച്ച ഒരു ഗവൺമെന്റായി മാറിയിരിക്കുകയാണ്. കണ്ടകശ്ശനി ബാധിച്ചാൽ കൊണ്ടേ പോവുകയുള്ളൂ. കണ്ടകശ്ശനിയുടെ കൂടെ രാഹുർദശയും വന്നാൽ ദുരന്തങ്ങളും ദുരിതങ്ങളും അടിക്കടിയുണ്ടാകും. ശനിദോഷം മാറാൻ വേണ്ടി കനകധാര സ്തോത്രം ചൊല്ലി ശയനപ്രദക്ഷിണം നടത്തുന്നതിന് പകരം കനകദുർഗ്ഗയെ കൊണ്ടുപോയി പ്രദക്ഷിണം നടത്തിയ ഈ സർക്കാരിന് ഇനിയൊരിക്കലും മോചനമില്ല. ഇവിടെ ശനിയും രാഹുവും ഉച്ഛാവസ്ഥയിൽ നിൽക്കുകയാണ്. അതുകൊണ്ട് വിദേശത്തു നിന്നുപോലും വൈറസുകൾ ഇവിടെ എത്തുകയാണ്. അതുകൂടാതെ ഡാമുകളെല്ലാം തുറന്നുവിട്ടുകൊണ്ട് പ്രളയത്തിന്റേതായ ദുരന്തം. ധനനഷ്ടം, മാനഹാനി, മരണം ഇവയെല്ലാമാണ് ഇതിന്റെയെല്ലാം ഫലം. കാറ്റായും കടലായും ജലമായും ദുരന്തങ്ങൾ ഒന്നിന് പുറകെ ഒന്നായി വന്നുകൊണ്ടിരിക്കുകയാണ്. ഈ സർക്കാർ അധികാരത്തിൽ വന്ന അന്നുമുതൽ ഉറക്കം നഷ്ടപ്പെട്ടവരാണ് മന്ത്രിമാർ എല്ലാവരും. രണ്ടാം ഭാവാധിപനിൽ വിഘ്നം കാണുന്നതിനാൽ സ്വസ്ഥമായി ഉറങ്ങാൻ ആർക്കും കഴിയുന്നില്ല. ബഹുമാനപ്പെട്ട മുതിർന്ന മന്ത്രി ശ്രീ. കടന്നപ്പള്ളി രാമചന്ദ്രന് ഉറങ്ങാൻപോലും കഴിയുന്നില്ല. അദ്ദേഹം 26-ാം മത്തെ വയസ് മുതൽ ട്രെയിനിൽ കിടന്ന് ഉറങ്ങിക്കൊണ്ടിരുന്നതാണ്. മന്ത്രി മന്ദിരത്തിൽ വന്നാൽ അദ്ദേഹത്തിന് ഉറങ്ങാൻ കഴിയുന്നില്ല. അദ്ദേഹത്തിന്റെ ദശാകാലം മോശമൊന്നുമല്ല.

മറ്റ് മന്ത്രിമാർക്കും ഉറങ്ങാൻ കഴിയുന്നില്ല. മൂലം നക്ഷത്രത്തിൽ ജനിച്ച ശ്രീ. എ. കെ. ബാലൻ ഒമ്പതിൽനിന്ന് രണ്ടിൽ എത്തിയെങ്കിലും അദ്ദേഹം വീണ്ടും രണ്ടിൽനിന്ന് ഒമ്പതിലേയ്ക്ക് വന്നിരിക്കുകയാണ്. അദ്ദേഹത്തിന്റെയും ഗ്രഹനില മോശമാണ്. രാഹുവിന്റെ അപഹാരമാണ് അദ്ദേഹത്തിനുള്ളത്. അതുകൊണ്ട് രണ്ടിൽ വരെയെത്തി തിരിച്ചുപോരേണ്ട സ്ഥിതിയാണ്. അദ്ദേഹത്തിന് പോളിറ്റ് ബ്യൂറോയിൽ അംഗമാകണമെന്നുണ്ട്. പക്ഷെ ദശാകാലം മോശമായതിനാൽ അദ്ദേഹത്തിന്റെ ജീവിതത്തിൽ അത് നടക്കാൻ യാതൊരു സാധ്യതയുമില്ല. രണ്ടര വർഷത്തിനിടയിൽ ഒരു മന്ത്രിക്കുപോലും സ്ഥിരതയില്ലാത്ത രീതിയിലാണ് ഈ ഗവൺമെന്റ് മുന്നോട്ട് പോയിക്കൊണ്ടിരിക്കുന്നത്. തള്ള ചവിട്ടിയാൽ പിള്ളയ്ക്ക് കേടില്ലെന്നാണ് പറയുന്നത്. പക്ഷെ, പിള്ള ചവിട്ടിയാൽ ശശീന്ദ്രന് കേടാകും. പിള്ള - എൻ.സി.പി. ലയനം നടക്കുന്നതോടുകൂടി ശശീന്ദ്രനെ വിഴുങ്ങി ശശീന്ദ്രൻ വെറും ശശി ആയി മാറുന്ന സ്ഥിതിയിലേയ്ക്ക് എത്തും. ശുക്രനിൽ സുഖിക്കും ആദിത്യനിൽ അലയുമെന്നാണ് പറയാറുള്ളത്. ജനതാദളിലെ ശ്രീ. കെ. കൃഷ്ണൻകുട്ടി സാറിനാണ് ശുക്രദശയുള്ളത്. ശ്രീ. മാത്യു ടി. തോമസ് ആദിത്യനാണ്. ആദിത്യൻ ഇങ്ങനെ അലഞ്ഞുകൊണ്ടേയിരിക്കും. കൃഷ്ണൻകുട്ടി എന്നുപറയുന്ന ആൾക്ക് യഥാർത്ഥത്തിൽ പേര് കൃഷ്ണൻ എന്ന് ആയതുകൊണ്ട് മൃഗസംരക്ഷണവും കൃഷിയും കൊടുത്തിരുന്നുവെങ്കിൽ അദ്ദേഹം ശോഭിക്കുമായിരുന്നു. അദ്ദേഹത്തിന് ജലം കൊടുത്തതുകൊണ്ട് അദ്ദേഹം ശോഭിക്കാനേ വഴിയില്ല.

ഇടിവെട്ടിയവനെ പാമ്പ് കടിച്ച വിഷയം പോലെയാണ് ശബരിമല വിഷയമുണ്ടായത്. സുപ്രീം കോടതിയിൽ യഥാർത്ഥത്തിൽ കാര്യങ്ങൾ കൃത്യമായി ധരിപ്പിച്ചിരുന്നുവെങ്കിൽ ഈ ഒരു വിധിയുണ്ടാകുമായിരുന്നില്ല. തമിഴ്നാട്ടിൽ ജല്ലിക്കെട്ട് നിരോധിക്കാനുള്ള കാരണത്തെ സംബന്ധിച്ച് സുപ്രീംകോടതിയിലെ സീനിയറായ അഭിഭാഷകനോട് ഞാൻ ചോദിച്ചു. തമിഴ്നാട്ടിലെ അഭിഭാഷകർ സുപ്രീംകോടതിയിൽ യഥാവിധി കാര്യങ്ങൾ പറഞ്ഞില്ല. ആ കേസ് വന്ന സമയത്ത്, ബഹുമാന്യനായ മന്ത്രി ശ്രീ. ഇ. പി. ജയരാജൻ സ്പീക്കറുടെ കസേര മറിച്ചിടുന്ന ചിത്രം ജല്ലിക്കെട്ട് എന്ന് പറഞ്ഞുകൊണ്ട് സുപ്രീംകോടതി അഭിഭാഷകരുടെ ഗ്രൂപ്പിൽ വന്നു. കസേര മറിച്ചിടുന്ന ചിത്രം അവിടെയെല്ലാം പ്രചരിച്ചത് തെറ്റിദ്ധരിച്ചതുകൊണ്ടാകാം ഇനി ഇത് വേണ്ടെന്നുള്ള തെറ്റിദ്ധാരണയിലാണ് സുപ്രീം കോടതിയിൽനിന്നും ഇങ്ങനെയൊരു വിധി വന്നതെന്ന് കരുതുകയാണ്.

ബംഗാളിലെ നന്ദിഗ്രാമിൽ വലിയ സമരം നടന്നു, ചോരപ്പുഴ ഒഴുകി. നന്ദിഗ്രാമിന്റെ പ്രാധാന്യം എന്താണ്? രാമായണത്തിൽ ശ്രീരാമന്റെ പിതാവായ ദശരഥൻ ശ്രീരാമന് പതിനാല് വർഷം വനവാസം വിധിച്ചു. 14 വർഷം രാജഭരണം ഭരതന് കൊടുത്തു. പിതാവിന്റെ മരണശേഷം ഭരതൻ വനവാസത്തിലുള്ള

ശ്രീരാമനെ കണ്ടിട്ട് അങ്ങ് തിരിച്ചുവന്ന് രാജഭരണം ഏൽക്കണമെന്ന് പറഞ്ഞു. ഇന്നത്തെ പോലെ ശ്രീ. വി. എസ്. അച്യുതാനന്ദനെ തള്ളിയിട്ടിട്ട് പിണറായി വിജയൻ കയറിയിരുന്നതുപോലെയല്ല. ശ്രീരാമനെ പോയി കണ്ട് വണങ്ങി വരണമെന്ന് പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു, പിതാവായ ദശരഥന്റെ ആഗ്രഹം എനിക്ക് വനവാസവും അനുജനായ നിങ്ങൾക്ക് രാജഭരണവുമാണ്, അതുകൊണ്ട് ഞാൻ മടങ്ങിവരുന്നില്ലെന്ന് പറഞ്ഞു. അപ്പോൾ അദ്ദേഹം ശ്രീരാമന്റെ പാദുകം വാങ്ങി നന്ദിഗ്രാമിൽ എത്തി അവിടെയൊരു സിംഹാസനം പണിഞ്ഞ് ആ പാദുകം അതിൽ കയറ്റിവച്ചുകൊണ്ടാണ് 14 വർഷം രാജഭരണം നടത്തിയത്. ശ്രീരാമന്റെ പാദുകംകൊണ്ട് പരിപാവനമായ നന്ദിഗ്രാമിലെ ഭൂമി കോർപ്പറേറ്റുകൾക്ക് കൊടുത്തതിന്റെ ഫലമായി അവിടെ സമരം നടന്നു, ചോരപ്പുഴയൊഴുകി. അതിനുശേഷം നന്ദിഗ്രാമിൽ മാത്രമല്ല ബംഗാളിൽപ്പോലും ഇടതുപക്ഷത്തിന് പച്ചതൊടാൻ കഴിഞ്ഞിട്ടില്ല. ഇവിടെ ശബരിമലയിൽ വിശ്വാസികളുടെ കണ്ണുനീരാണ് വീണിരിക്കുന്നത്. ശബരിമലയിൽ വീണ കണ്ണീരോടുകൂടി ഈ ഗവൺമെന്റിന്റെ കണ്ടകശ്ശനി ആരംഭിച്ചിരിക്കുകയാണ്.

ശ്രീമതി പ്രിയങ്കാ ഗാന്ധി ഇന്ന് അഖിലേന്ത്യാ സെക്രട്ടറി ആയിരിക്കുകയാണ്. ശ്രീമതി പ്രിയങ്കാ ഗാന്ധിയെ ആർ.എസ്.എസ്.-ഉം ബി.ജെ.പി.-യും പേടിക്കുന്നതിൽ കാര്യമുണ്ട്. സി.പി.ഐ. (എം)-കാർ എന്തിനാണ് പേടിക്കുന്നത്? സി.പി.ഐ. (എം)-ന്റെ സംസ്ഥാന സെക്രട്ടറിയായ ശ്രീ. കോടിയേരി ബാലകൃഷ്ണൻ എവിടെപ്പോയാലും പറയുന്നത്, നെഹ്റു കുടുംബത്തിൽ പ്രസവം നിർത്തിയാൽ ഇവിടെ കോൺഗ്രസ് ഇല്ലാതാകുമെന്നാണ്. ഗൾഫ് നാടുകളിലെ അറബികൾ പറയുന്നത് "വ ഇദാ ആലംതത്തു വ അഹല്ല, കേരള കോടിയേരി അലിൽ ബിലാത്തി ഫ സൗഭ നഹതിമൂ". അതായത്, കേരളത്തിലെ കോടിയേരിയുടെ കുടുംബം പ്രസവം നിർത്തിയില്ലെങ്കിൽ ഗൾഫിലെ അറബികളുടെ പണി ഇല്ലാതാകുമെന്നാണ് അവർ പറഞ്ഞുകൊണ്ട് നടക്കുന്നത്. ഇപ്പോൾ രണ്ടെണ്ണമേയുള്ളൂ, അത് പെറ്റുപെരുകി അങ്ങോട്ടെല്ലാംകൂടി ചെന്നുകഴിയുമ്പോൾ അറബികൾ ഇല്ലാതാകുന്ന അവസ്ഥയിലേയ്ക്ക് കാര്യങ്ങൾ എത്തിച്ചേരുമെന്നാണ് പറയുന്നത്.

ഇവിടെ വനിതാ മതിലുമായി ബന്ധപ്പെട്ട് ചർച്ചകൾ നടക്കുകയാണ്. നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് എറണാകുളം ജില്ലയിലെ കുന്നത്തുനാട് താലൂക്കിലും ആലുവ റെയിൽവേ സ്റ്റേഷനിലുമാണ് ബംഗാളികളെല്ലാം വന്നിറങ്ങുന്നത്. ഇവിടെ മതിലുപണി നടക്കാൻ പോകുന്നുവെന്നറിഞ്ഞ് ബംഗാളികൾ മുഴുവൻ ട്രെയിൻ കയറി ഇവിടെ വന്നു. ഇപ്പോൾ അവർ

പണമില്ലാതെ, പണിയില്ലാതെ അവിടെയെല്ലാം തമ്പടിച്ചിരിക്കുകയാണ്. താലൂക്കാഫീസുവഴി 1,000 രൂപ വച്ച് കൊടുത്താൽ അവരെല്ലാം മടങ്ങിപ്പോകും. ഇവിടെയൊരു വർഗ്ഗീയ മതിലുണ്ടാക്കി; 50 കോടി രൂപ മുടക്കിയത് ആർക്കുവേണ്ടിയാണ്; ഈ വർഗ്ഗീയമതിൽ കൊണ്ട് നമ്മുടെ സംസ്ഥാനത്തിന് എന്തെങ്കിലും ഗുണമുണ്ടായിട്ടുണ്ടോ; ജനങ്ങളെ ഭിന്നിപ്പിക്കാൻവേണ്ടി മാത്രമല്ലേ ഇവിടെ വർഗ്ഗീയ മതിലുണ്ടാക്കിയത്; അതിനെ ഇപ്പോഴും ന്യായീകരിച്ചു കൊണ്ടിരിക്കുകയല്ലേ? വർഗ്ഗീയമതിലിൽ ആളുകളെ എത്തിച്ചതെങ്ങനെയാണെന്ന് ഞാൻ ഇവിടെ പറയേണ്ട കാര്യമില്ല. ആശാവർക്കർമാരെയും അങ്കണവാടി വർക്കർമാരെയും തൊഴിലുറപ്പുകാരെയും നാളെ മുതൽ തൊഴിലുണ്ടാവില്ലെന്ന് ഭീഷണിപ്പെടുത്തിയല്ലേ അവിടേയ്ക്ക് കൊണ്ടുവന്നത്; സർക്കാർ ഉദ്യോഗസ്ഥരെ ഭീഷണിപ്പെടുത്തിയല്ലേ കൊണ്ടുവന്നത്; വർഗ്ഗീയ മതിലല്ലേ അവിടെ തീർത്തത്? ആ വർഗ്ഗീയ മതിൽ തീർത്തതിനുശേഷം ഇപ്പോഴും ജനങ്ങളെ ഭിന്നിപ്പിച്ച് അതിനെ ന്യായീകരിച്ചുകൊണ്ട് പറയുന്ന ഇടതുപക്ഷത്തോട് പരിതപിക്കുകയല്ലാതെ വേറെ മാർഗ്ഗമില്ലെന്നേ ഈയവസരത്തിൽ പറയാൻ ആഗ്രഹിക്കുന്നുള്ളൂ. ഞാൻ സമയം ഒട്ടും എടുക്കുന്നില്ല; അങ്ങ് പറഞ്ഞ സമയത്തിനുമുമ്പ് നിർത്തുന്നു. ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഒരു കറക്ഷനുണ്ട്. ഇവിടെ ഞാൻ മൂലം നക്ഷത്രക്കാരനാണെന്ന് പറയുന്നത് കേട്ടു. .........

മി. ചെയർമാൻ: അങ്ങേയ്ക്ക് എന്തെങ്കിലും വിശദീകരണമോ കറക്ഷൻ വേണമെങ്കിലോ പറയാം.

ശ്രീ. എ. കെ. ബാലൻ: സർ, ഞാനല്ല, മൂലം നക്ഷത്രം ശ്രീ. എ. കെ. ആന്റണിയുടേതാണ്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ആ മൂലം നക്ഷത്രത്തിന്റെ കുഴപ്പമെല്ലാം അവിടെയാണ് വരുന്നത്.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, കേരള ഗവർണർ നടത്തിയ നയപ്രഖ്യാപന പ്രസംഗം ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളുടെയും നയങ്ങളുടെയും ഇച്ഛാശക്തിയുടെയും ഒരു നേർരേഖയെന്നുള്ള നിലയിലാണ് ഞാൻ നോക്കിക്കാണുന്നത്. ഓരോ വകുപ്പുമായി ബന്ധപ്പെട്ട് ഒരു നേർചിത്രം അവതരിപ്പിക്കുന്നതിനുവേണ്ടി ഗവർണർ നയപ്രഖ്യാപന പ്രസംഗത്തിൽ ശ്രമിച്ചിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഒട്ടനവധി

കാര്യങ്ങളിൽ കേരളം മാതൃകയാണ് അതോടൊപ്പം മുമ്പിലുമാണെന്ന് നമുക്ക് അഭിമാനത്തോടുകൂടി പറയാൻ കഴിയും. 'നവോത്ഥാനം' എന്നുപറയുന്ന വാക്ക് യഥാർത്ഥത്തിൽ പല തലങ്ങളിൽ പ്രയോഗിക്കേണ്ടതാണ്. സാംസ്കാരിക നവോത്ഥാനം, വിദ്യാഭ്യാസപരമായ നവോത്ഥാനം അങ്ങനെ നവോത്ഥാനത്തിന് ഒട്ടനവധി തലങ്ങൾ ഗൗരവതരമായി ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്. ചർച്ച ചില വിഷയങ്ങളിൽ മാത്രമായി കേന്ദ്രീകരിച്ച് പോയെന്നുള്ളതുകൊണ്ട് നവോത്ഥാനമെന്നുപറയുന്ന വാക്കിന് അതിന്റെ ശരിയായ അർത്ഥതലങ്ങളിലേയ്ക്ക് വളർച്ച പ്രാപിക്കാൻ കഴിഞ്ഞിട്ടില്ല എന്ന പരിമിതി ഈ ചർച്ചകൾക്കുണ്ടായിട്ടുണ്ടെങ്കിൽ പ്പോലും നവോത്ഥാനമെന്നുപറയുന്ന വാക്ക് കാര്യഗൗരവമായി ഈ കാലഘട്ടത്തിൽ ചർച്ച ചെയ്യപ്പെട്ടു. അത് സ്ത്രീകളും സ്ത്രീകളുടെ പ്രശ്നങ്ങളുമായും ബന്ധപ്പെട്ട് ചർച്ച ചെയ്തുവെന്നുള്ളത്, അതിന്റെ വളർച്ചയുടെ സൂചകം അനുകൂലിച്ചും പ്രതികൂലിച്ചും വന്ന ചർച്ചകൾ ആ വാക്കിനെ സ്പഷ്ടം ചെയ്യുന്നതിന് സഹായകരമായിട്ടുണ്ടെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ജനാധിപത്യ അവകാശങ്ങളുടെ നേരെയുണ്ടാകുന്ന യാതൊരുവിധ കടന്നാക്രമണങ്ങളെയും നമുക്ക് അനുകൂലിക്കാൻ കഴിയില്ല. അതിനെ പരാജയപ്പെടുത്തുകതന്നെ വേണമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ജനാധിപത്യമൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിന് ഇടതുപക്ഷമെന്നോ വലതുപക്ഷമെന്നോയുള്ള വ്യത്യാസമില്ലാതെ എല്ലാവരും ഒരുപോലെ ജാഗ്രത കാണിക്കേണ്ടതുണ്ട്. പൊതുസമൂഹവും അതിന്റേതായിട്ടുള്ള പങ്കുവഹിക്കേണ്ടതുണ്ട്. സുപ്രീംകോടതി വിധി വരുന്നതുവരെയും വന്നതിനു ശേഷവും അതിനെ സ്വാഗതം ചെയ്ത ഒരുപാട് ആളുകളുണ്ട്. ഈ സുപ്രീംകോടതി വിധി ഒരു ദിവസംകൊണ്ടോ രണ്ട് ദിവസംകൊണ്ടോ ഉണ്ടായതല്ല; അതിന് അതിന്റേതായിട്ടുള്ള ചരിത്രമുണ്ട്. രാഷ്ട്രീയമായി ഒരു ഗോൾഡൻ ഓപ്പർച്ച്യൂണിറ്റിയായി കണ്ടതുകൊണ്ട് മാത്രമാണ് അവസരവാദ രാഷ്ട്രീയവുമായി പലരും രംഗത്തുവന്നത്. പക്ഷേ, എങ്ങനെയാണ് കോൺഗ്രസ്സുകാർ അതിനോടൊപ്പം ചേരുകയും നിലപാടെടുക്കുകയും ചെയ്തത് എന്നതാണ് നമ്മളെ അത്ഭുതപ്പെടുത്തിയത്. യഥാർത്ഥത്തിൽ കോൺഗ്രസ്സിനെപ്പോലെയുള്ള ഒരു പ്രസ്ഥാനം അത്തരത്തിലൊരു നിലപാടെടുക്കാൻ പാടില്ലായിരുന്നെന്ന അഭിപ്രായമാണ് എന്നെ സംബന്ധിച്ചിടത്തോളമുള്ളത്.

ഇവിടെ അയ്യപ്പൻ നൈഷ്ഠിക ബ്രഹ്മചാരിയാണെന്നും അയ്യപ്പന്റെ പേര് സ്ത്രീകൾ പറയാൻ പാടില്ലായെന്ന് ശഠിക്കുകയും അവരെ കല്ലെറിയുകയും അവരുടെ കുടുംബത്തെ ആക്രമിക്കുകയും വീട് ഉപരോധിക്കുകയും ഭയപ്പെടുത്തുകയും രാജ്യത്ത്

അരാജകത്വം അഴിച്ചുവിടുകയും അക്രമം സൃഷ്ടിക്കുകയും കലാപവും ഭീതിയും സൃഷ്ടിക്കുകയും ഭീതിയുടെ നിഴലിലേയ്ക്ക് ഞങ്ങളെ തള്ളിവിടുകയുമൊക്കെ ചെയ്ത ആളുകൾ മനസ്സിലാക്കാതെ പോയ ഒന്നുണ്ട്. ഇത് സ്ത്രീ സമൂഹത്തെ മാനസികമായി എങ്ങനെയാണ് ബാധിക്കും എന്നുള്ളതാണ്. 'Emotional equality' എന്നുപറയുന്നത് സ്ത്രീക്കും പുരുഷനും ഒരുകാലത്തും ഒരുപോലെയുണ്ടാകുന്ന കാര്യങ്ങളല്ല. ഒരു സംഭവമുണ്ടാകു മ്പോൾ അത് സ്ത്രീകളെയും പുരുഷന്മാരെയും ബാധിക്കുന്നത് രണ്ടുതരത്തിലായിരിക്കും. അതുകൊണ്ട് 'Emotional equality' എന്നുപറയുന്നതിനെ സംബന്ധിച്ച് ചിന്തിക്കുമ്പോഴും വിശകലനം ചെയ്യുമ്പോഴുമാണ് വനിതാ മതിലിന്റെ പ്രാധാന്യം ഇതിനെ വിമർശിക്കുന്ന ആളുകൾക്കും വർഗ്ഗീയ മതിലെന്ന് ആക്ഷേപിക്കുന്ന ആളുകൾക്കും അതിനെപ്പറ്റി ഉൾക്കൊള്ളാൻ കഴിയുക. ശ്രീ. പിണറായി വിജയനെ നിങ്ങൾക്ക് വേണമെങ്കിൽ കത്തിക്കാം കല്ലെറിയാം, ആക്ഷേപിക്കാം, പുലഭ്യം പറയാം, പക്ഷെ, നവോത്ഥാന മതിലിലൂടെ ഞങ്ങളുടെ മനസ്സിൽ ഞങ്ങൾ പ്രതിഷ്ഠിച്ച ഞങ്ങളുടെ ഭയത്തിനുമുന്നിൽനിന്ന് ഞങ്ങളെ നയിച്ച കൂടെനിന്ന, കൂടെ നടക്കാൻ ഞങ്ങളോട് പറഞ്ഞ, നിർഭയരാകാൻ ധൈര്യം തന്ന നഷ്ടപ്പെട്ട ഞങ്ങളുടെ നാവിന് പകരമായി ഞങ്ങളുടെ ആത്മവിശ്വാസമായി, അഭിമാനമായി മാറിയ ഇവരുടെ മുന്നിൽ തലകുനിക്കരുത് നിവർന്ന് തലയുയർത്തി നിൽക്കാൻ പറഞ്ഞ കേരളത്തിന്റെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ, അദ്ദേഹത്തിന്റെ നിഴലിൽപ്പോലും ചവിട്ടാനോ തൊടാനോ നിങ്ങൾക്കാവില്ല. കാരണം നിങ്ങൾ കത്തിക്കുന്ന കോലങ്ങളിലോ നിങ്ങൾ കാണുന്ന ഫ്ലക്സുകളിലോ അല്ല ശ്രീ. പിണറായി വിജയന്റെ സ്ഥാനം; അത് ഞങ്ങളുടെ മനസ്സുകളിലാണ്. അതുകൊണ്ട് പ്രിയപ്പെട്ട മുഖ്യമന്ത്രി, വനിതാ മതിലിൽ പങ്കെടുത്ത 50 ലക്ഷം സ്ത്രീകൾ മാത്രമല്ല, ഞങ്ങളും ഞങ്ങളുടെ തലമുറകളും അങ്ങയോടൊപ്പമുണ്ട്; സധൈര്യം അങ്ങേയ്ക്ക് മുന്നോട്ടുപോകാം.

മി. ചെയർമാൻ: .... അങ്ങയുടെ സമയം കഴിഞ്ഞു.......

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, ഞങ്ങളുടെ അഭിമാനം അങ്ങയോടുള്ള നന്ദിവാക്കുകളിൽ ഒതുങ്ങുന്നതല്ല. ഞങ്ങൾ ആവർത്തിച്ച് പറയുന്ന, സധൈര്യം മുന്നോട്ടുപോകാം; അങ്ങയോടൊപ്പം ഞങ്ങളുണ്ട് ; ഈ സ്ത്രീ സമൂഹമുണ്ട്. ഗവൺമെന്റിനോടുള്ള നന്ദി വാക്കുകളിൽ ഒതുങ്ങുന്നതല്ലെന്ന് സൂചിപ്പിക്കുന്നു. ഒരു നന്ദിപ്രമേയത്തിനും അത് പ്രകടിപ്പിക്കാൻ കഴിയില്ല. ലാൽസലാം സഖാക്കളെ, നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു.

ശ്രീ. പി. സി. ജോർജ്: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പിണറായി സഖാവിനെ ഒരു കർക്കശ സ്വഭാവക്കാരനായിട്ടാണ് ഞാൻ മനസ്സിലാക്കുന്നത്. സാധാരണ ജനങ്ങളെല്ലാം അങ്ങനെയാണ് വിശ്വസിക്കുന്നത്. ഇന്ന് എനിക്ക് മനസ്സിലായി, അദ്ദേഹം നർമ്മബോധമുള്ളവനാണ്. കാരണം, ഈ നയപ്രഖ്യാപന പ്രസംഗത്തിൽ ഒന്നുമില്ലെന്ന് നമുക്കറിയാം. അത് അവതരിപ്പിക്കാൻ ആരെയാണ് ചുമതലപ്പെടുത്തിയത്; അവിടെയാണ് നർമ്മരസം. മന്ത്രിയായിരുന്നപ്പോൾ ഒരു പൈസപോലും ജനങ്ങൾക്ക് ചെലവഴിക്കാതെ മുഴുവൻ ലാപ്സാക്കിക്കളഞ്ഞ മാന്യനെ തന്നെയാണ് നന്ദിപ്രമേയം അവതരിപ്പിക്കാൻ പിണറായി സഖാവ് നിയോഗിച്ചത്. അദ്ദേഹത്തിന്റെ ആ നർമ്മബോധം ഭയങ്കരമാണ്. അതായത്, ഇതുപോലെ ഫണ്ട് ലാപ്സാക്കിയ ഒരു ജലവിഭവ വകുപ്പുമന്ത്രി ഉണ്ടായിട്ടേയില്ല. ഞാൻ പലരുടെയും കണക്കെടുത്ത് നോക്കി. ഇപ്പോൾ ശ്രീ. കെ. കൃഷ്ണൻകുട്ടി വന്നപ്പോൾ വളരെ മാറ്റമുണ്ട്. അതുകൊണ്ടാണ് ഞാനിത് പറയുന്നത്. അപ്പോൾ പിണറായി സഖാവ് അത്രയും നർമ്മബോധമുള്ളവനാണെന്ന് കാണാനുള്ള സന്തോഷംകൊണ്ടാണ് ഞാൻ പറഞ്ഞത്.

ഇവിടെ പ്രസംഗിക്കുന്നവരെല്ലാം ശബരിമല, ശബരിമല എന്ന് പറയുന്നു. എന്താണ് ഈ ശബരിമല? നൈഷ്ഠിക ബ്രഹ്മചാരിയെന്നു പറഞ്ഞതിന്റെ അർത്ഥം പഠിക്കണം. പൊന്നു സഹോദരി, 10 വയസ്സിനും 51 വയസ്സിനും ഇടയ്ക്കുള്ള സ്ത്രീകളെ കാണില്ലെന്ന് സ്വയം പ്രഖ്യാപിച്ചിരിക്കുന്നതാണ് നൈഷ്ഠിക ബ്രഹ്മചാരി. എന്റെ ചോദ്യം, ആ നൈഷ്ഠിക ബ്രഹ്മചാരിയായ അയ്യപ്പന്റെ അടുത്തേയ്ക്ക് ജൗളി വിരോധികളായ സ്ത്രീകളെ കൊണ്ടുപോകണമെന്ന് എന്താണിത്ര നിർബന്ധം? ഇവിടത്തെ 3600-ഓളം വരുന്ന പോലീസുകാരാണ് അവരെ ചുമന്നുകൊണ്ടുപോയത്.

മി. ചെയർമാൻ: അങ്ങയുടെ സമയം അവസാനിച്ചു.

ശ്രീ. പി. സി. ജോർജ്: സർ, ഞാൻ നിർത്തുകയാണ്. ഒരു കാര്യംകൂടി പറഞ്ഞോട്ടെ, കേന്ദ്രഗവൺമെന്റ് പത്മശ്രീ, ഭാരതരത്നം തുടങ്ങിയ പുരസ്കാരങ്ങൾ കൊടുക്കുന്നുണ്ട്. ലോകം മുഴുവൻ ആരാധിക്കുന്ന പാവങ്ങളോട് കരുണ കാണിക്കുന്ന, ആയിരക്കണക്കിന് വീടുകൾ പാവപ്പെട്ടവർക്ക് വച്ചുകൊടുത്തിട്ടുള്ള മാതാ അമൃതാനന്ദമയിക്ക് കേന്ദ്രഗവൺമെന്റ് ഇതുപോലുള്ള രത്നമൊന്നും കൊടുക്കാത്തതെന്താണെന്ന് എനിക്ക് മനസ്സിലായില്ല. സംസ്ഥാന ഗവൺമെന്റ് അക്കാര്യംകൂടി പരിഗണിക്കണം.

<u>ശ്രീ. പി. ടി. എ. റഹീം</u>: സർ, ശ്രീ. മാത്യു ടി. തോമസ് അവതരിപ്പിച്ച നന്ദി പ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. നൂറ്റാണ്ട് കണ്ട വലിയ ദുരന്തത്തെ തുല്യതയില്ലാത്ത രക്ഷാപ്രവർത്തനത്തിലൂടെ നേരിട്ട സർക്കാരിന്റെ പ്രവർത്തനങ്ങളെയാണ് ബഹുമാനപ്പെട്ട ഗവർണർ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ വരച്ചുകാട്ടിയത്. ക്ഷേത്രങ്ങളിലെ ശ്രീകോവിലിലും മോസ്കുകളിലെ മെഹ്റാബിലും പള്ളികളിലെ അൾത്താരയിലും ഉണ്ടുംഉറങ്ങിയും ജാതി-മത-വർഗ്ഗ-വർണ്ണ വ്യത്യാസമില്ലാതെ രക്ഷതേടിയ ഒരു കാലഘട്ടമായിരുന്നു അത്. സുരക്ഷിതമായ സ്ഥലവും അൽപ്പം ഭക്ഷണവും മാത്രമാണ് അന്ന് നാം ആഗ്രഹിച്ചത്. ആ വലിയ ദുരന്തത്തെ അതിജീവിച്ചതിനുശേഷം നാം ഭയപ്പെട്ടിരുന്നത് മഹാപ്രളയത്തിനുശേഷം പൊട്ടിപുറപ്പെടാൻ സാദ്ധ്യതയുണ്ടായിരുന്ന മാരകമായ പകർച്ചവ്യാധികളെയാണ്. ആരോഗ്യ മേഖലയിലെ അത്തരം വെല്ലുവിളികളെ സംയോജിതവും ധീരവുമായ നടപടികളിലൂടെ നേരിട്ട സർക്കാരിന്റെ നടപടികളെയും ബഹുമാനപ്പെട്ട ഗവർണ്ണറുടെ പ്രസംഗത്തിൽ വരച്ചുകാട്ടിയിട്ടുണ്ട്.

ഈ സർക്കാർ മൂന്നുവർഷംകൊണ്ട് നേടിയെടുത്തിട്ടുള്ള നേട്ടങ്ങളെയും അദ്ദേഹത്തിന്റെ പ്രസംഗത്തിൽ വരച്ചുകാട്ടിയിട്ടുണ്ട്. കക്ഷിഭേദമെന്യേ ഓരോ എം.എൽ.എ.-മാർക്കും വികസന പ്രവർത്തനങ്ങൾക്ക് ഫണ്ട് നൽകിയിട്ടുണ്ട്. എന്റെ മണ്ഡലത്തിൽ വിദ്യാഭ്യാസ രംഗത്തെ, കെട്ടിടനിർമ്മാണത്തിനുമാത്രം 35 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. ചില മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ടാണ് സ്കൂളുകൾക്ക് പണം അനുവദിച്ചത്. അതുകൊണ്ടുതന്നെ ഏറ്റവും കൂടുതൽ വിദ്യാർത്ഥികളുള്ള സ്കൂളുകൾക്കും പ്രദേശങ്ങൾക്കുമാണ് ഇതിന്റെ നേട്ടമുണ്ടായത്. മലപ്പുറം ജില്ലയിലെ സ്കൂളുകൾക്കാണ് ഏറ്റവും കൂടുതൽ പണം ലഭിച്ചിട്ടുള്ളതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പഴയ ഗവൺമെന്റിൽനിന്നും തികച്ചും വ്യത്യസ്തമായ സമീപനമാണ് ഈ സർക്കാർ സ്വീകരിച്ചിരിക്കുന്നത്. മുൻ ഗവൺമെന്റ് 10 കോടി രൂപ ഭരണകക്ഷികൾക്ക് അനുവദിക്കുമ്പോൾ രണ്ട് കോടി രൂപ മാത്രമാണ് പ്രതിപക്ഷത്തിന് അനുവദിച്ചിരുന്നത്. ആ സംവിധാനത്തിൽനിന്നും വലിയ മാറ്റമാണ് ഈ ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ളതെന്ന് സ്കൂളുകൾക്ക് അനുവദിച്ച ഫണ്ടിൽനിന്നും വളരെ വ്യക്തമായി മനസ്സിലാക്കാൻ സാധിക്കും.

370 ആരോഗ്യകേന്ദ്രങ്ങളെയാണ് ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. എന്റെ മണ്ഡലത്തിൽനിന്നുമാത്രം മൂന്ന് സ്ഥാപനങ്ങളെയാണ് ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇവിടെയൊക്കെ ഡോക്ടർമാരെയും മറ്റ് ജീവനക്കാരെയും നിശ്ചയിച്ചുകൊണ്ട് സമൂലമായ മാറ്റങ്ങളാണ് ആരോഗ്യരംഗത്ത് വരുത്തിയിട്ടുള്ളത്.

അടിസ്ഥാന സൗകര്യ വികസന നിധി ബോർഡിന്റെ (കിഫ്ബി) കീഴിൽ

നാൽപ്പത്തിയൊന്നായിരം കോടി രൂപയുടെ അഞ്ഞൂറിലധികം പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

മലബാറിലെ ജനതയ്ക്ക് പുതിയ വാതായനം തുറന്നുകൊടുത്തുകൊണ്ട് കണ്ണൂർ വിമാനത്താവളം അഭിമാനപൂർവ്വം ഉദ്ഘാടനം ചെയ്യാൻ സാധിച്ച കാര്യവും ബഹുമാനപ്പെട്ട ഗവർണർ വരച്ചുകാട്ടിയിട്ടുണ്ട്. മുൻ ഗവൺമെന്റ് എങ്ങനെയാണ് വിമാനത്താവളം ഉദ്ഘാടനം ചെയ്തതെന്ന് നമുക്കൊക്കെ അറിയാവുന്നതാണ്. അന്ന് എവിടെയും ഇറക്കാവുന്ന വലിയൊരു വിമാനം കൊണ്ടുവന്ന് വലിയ രീതിയിലുള്ള പ്രചരണം നടത്തുകയാണ് ചെയ്തത്. പക്ഷെ എല്ലാവർക്കും ഉപയോഗിക്കാൻ സാധിക്കുന്ന രീതിയിലുള്ള വിമാനത്താവളം അതിഗംഭീരമായി ഉദ്ഘാടനം ചെയ്തത് ഈ സർക്കാരിന്റെ വലിയൊരു നേട്ടം തന്നെയാണ്. കണ്ണൂർ വിമാനത്താവളത്തിന് നികുതിയിളവ് നൽകിയതുമായി ബന്ധപ്പെട്ട് ചില പരാമർശങ്ങൾ നടത്തുകയുണ്ടായി. ഏതൊരു സംരംഭവും ആരംഭിക്കുമ്പോൾ നികുതിയിളവ് നൽകുകയെന്നത് സർക്കാർ നയത്തിന്റെ ഭാഗമാണ്. കോഴിക്കോട് വിമാനത്താവളത്തിന് എന്തെങ്കിലും ആനുകൂല്യം നൽകരുതെന്ന് ഞാൻ പറയുന്നില്ല. പക്ഷെ എന്തുകൊണ്ട് നിങ്ങൾ ഭരിച്ചിരുന്ന കാലത്ത്, ഇതുപോലെ കോഴിക്കോട് വിമാനത്താവളത്തെ സംരക്ഷിക്കാൻ ഒരു സംവിധാനവും ഏർപ്പെടുത്തിയില്ലെന്ന് ഞാൻ അപ്പുറത്തിരുന്ന് വിമർശിക്കുന്നവരോട് ചോദിക്കുകയാണ്. ഞാൻ ഒരു യോഗം വിളിക്കുന്നുണ്ട് നിങ്ങൾ എല്ലാവരും പങ്കെടുക്കണമെന്നുപറഞ്ഞ് കഴിഞ്ഞ ദിവസം ഞങ്ങൾക്കൊക്കെ ബഹുമാനപ്പെട്ട പി. കെ. കുഞ്ഞാലിക്കുട്ടിയുടെ ഒരു ഇ-മെയിൽ മെസേജ് കിട്ടി. കോഴിക്കോട് വിമാനത്താവളത്തിൽനിന്നും ഹജ്ജ് എംബാർക്കേഷൻ പോയിന്റ് കൊച്ചി വിമാനത്താവളത്തിലേയ്ക്ക് മാറ്റിയപ്പോൾ എന്തുകൊണ്ട് ഒരു യോഗം വിളിക്കാൻ നിങ്ങൾക്ക് സാധിച്ചില്ലെന്നാണ് ഞാൻ ചോദിക്കുന്നത്. ഇത്തരം കാര്യങ്ങളെ രാഷ്ട്രീയമായി ഉപയോഗപ്പെടുത്തി, മലപ്പുറം ജില്ലയോട് എന്തോ വലിയ അവഗണന കാട്ടുന്നുവെന്ന് വരച്ചുകാണിച്ച് വർഗ്ഗീയത പ്രചരിപ്പിക്കാനുള്ള ശ്രമമാണ് അപ്പുറത്ത് നടന്നുകൊണ്ടിരിക്കുന്നതെന്നതാണ് വസ്തുത.

ഇവിടെയെല്ലാവരും ശബരിമലയിലെ സ്ത്രീ പ്രവേശനം സംബന്ധിച്ച് സൂചിപ്പിക്കുകയുണ്ടായി. 1965-ലാണ് കേരളത്തിലെ ക്ഷേത്രങ്ങളിൽ ആർക്കൊക്കെ പ്രവേശിക്കാമെന്നതുസംബന്ധിച്ച് അവസാനമായി നിയമനിർമ്മാണം നടത്തിയത്. കേരള നിയമസഭ നിലവിൽവരാതിരുന്ന കാലഘട്ടത്തിൽ വളരെ അടിയന്തരമായി പാർലമെന്റാണ് 1965-ൽ കേരള ഹിന്ദു ക്ഷേത്ര പ്രവേശന നിയമം പാസ്സാക്കിയത്. ആ നിയമത്തിലെ മൂന്നാം വകുപ്പിൽ ആർക്കെല്ലാം ക്ഷേത്രത്തിൽ പ്രവേശിക്കാമെന്ന് വളരെ വ്യക്തമായി പറയുന്നുണ്ട്. പക്ഷെ അതിനുശേഷമുണ്ടാക്കിയ ചട്ടത്തിലെ

മൂന്നാം വകുപ്പാണ് ബഹുമാനപ്പെട്ട സുപ്രീംകോടതി റദ്ദ് ചെയ്തത്. അത് ഭരണഘടനയും 1965-ൽ പാർലമെന്റ് പാസ്സാക്കിയ മൂലനിയമത്തിനും വിരുദ്ധമാണെന്നും പറഞ്ഞുകൊണ്ടാണ് മൂന്നാം വകുപ്പ് റദ്ദ് ചെയ്തത്. യഥാർത്ഥത്തിൽ അതൊരു കോടതിവിധിയാണ്. സ്ത്രീകളെ ശബരിമലയിലേയ്ക്ക് ആരും നിർബന്ധിച്ച് കൊണ്ടുപോയിട്ടില്ല. 50 ലക്ഷം സ്ത്രീകളെ അണിനിരത്തി വനിതാ മതിൽ നിർമ്മിക്കാൻ സാധിക്കുന്നൊരു സംവിധാനത്തിന് എന്തുകൊണ്ടും ശബരി മലയിലേയ്ക്ക് സ്ത്രീകളെ കയറ്റാൻ സാധിക്കുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. പക്ഷെ അങ്ങനെയൊരു കാര്യം ആരുടെയും അജണ്ടയിലില്ലായിരുന്നുവെന്നതിന്റെ ഏറ്റവും വലിയ തെളിവാണിത്.

'മെഹറിൽ മുസല്ലയിട്ട് നിസ്കരിച്ചാലും ആർ.എസ്.എസ്.-നെ വിശ്വസിക്കരുതെന്ന് ' മുമ്പ് സി. എച്ച്. മുഹമ്മദ് കോയ പറഞ്ഞിട്ടുണ്ട്. ഇപ്പോൾ അതുമാറ്റി 'ആർ.എസ്.എസ്.-കാരൊക്കെ വലിയ ബാഹുബലിയാണെന്നാണ് ' ബഹുമാനപ്പെട്ട എം. കെ. മുനീർ പറഞ്ഞത്. ഒരു പോലീസ് ഉദ്യോഗസ്ഥനെ സംബന്ധിച്ച് പറഞ്ഞപ്പോഴാണ് അദ്ദേഹം ബാഹുബലിയാണെന്ന് പറഞ്ഞത്. അമാനുഷിക കഴിവുകളുള്ള കഥാപാത്രമായ ബാഹുബലിയോടാണ് ഉപമിച്ചിരിക്കുന്നത്. ബാഹുബലിയുടെ (പോലീസ് ഉദ്യോഗസ്ഥന്റെ) നേട്ടങ്ങൾ എന്തൊക്കെയാണെന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നില്ല.

<u>ഡോ. എം. കെ. മുനീർ</u>: സർ, ഞാൻ അങ്ങനെ പ്രസംഗിച്ചിട്ടില്ല. 'ബാഹുബലി' എന്ന വാക്ക് ഞാൻ ഉപയോഗിച്ചിട്ടുമില്ല.

<u>ശ്രീ. പി. ടി. എ. റഹീം</u>: സർ, നിങ്ങൾ ബാഹുബലിയെന്ന് പ്രസംഗിച്ചു, മറന്നുപോയതായിരിക്കാം. ഒരു പോലീസ് ഉദ്യോഗസ്ഥനെ സംബന്ധിച്ചാണ് അങ്ങ് അങ്ങനെ പറഞ്ഞത്. ഫ്രീയായി സുപ്രീംകോടതിയിൽ നിങ്ങൾ കേസ് വാദിച്ചില്ലേ? എന്നിട്ട് നിങ്ങൾ അത് വലിയ കാര്യമായി പറഞ്ഞില്ലേ? ചാരക്കേസിലെ ശ്രീ. നമ്പി നാരായണനെതിരെ മൂന്നാംമുറ പ്രയോഗിച്ചുകൊണ്ട് ഒരു മുസ്ലീമിന്റെ പേര് പറയണമെന്ന് നിർബന്ധിച്ചുവെന്നാണ് അദ്ദേഹം പറഞ്ഞത്. അതുകൂടാതെ സർക്കാരിന്റെ അനുമതിയില്ലാതെ പ്രമുഖരായ മുസ്ലീം നേതാക്കളുടെ ഇ-മെയിൽ ചോർത്താൻ ഉത്തരവ് നൽകി. അത് കണ്ടുപിടിച്ചപ്പോൾ അങ്ങനെയുള്ള പേരുകളിലുള്ള പത്രക്കാരുൾപ്പെടെയുള്ളവരുടെ പേരിൽ കേസെടുക്കുകയാണ് ചെയ്തത്. മാത്രമല്ല, സാധാരണ കേസുകളിൽപ്പോലും ന്യൂനപക്ഷ സമുദായത്തിന് എതിരായി യു.എ.പി.എ. [(Unlawful Activities (Prevention) Act)] ചുമത്തിക്കൊണ്ടുള്ള നടപടികളാണ് നിങ്ങൾ പറഞ്ഞ

പോലീസ് ഉദ്യോഗസ്ഥൻ ചെയ്തത്. അതിനെതിരായി ഈ ഗവൺമെന്റ് പോലീസിനെ വർഗ്ഗീയവൽക്കരിക്കപ്പെടാതിരിക്കാൻ ബാഹുബലിയെ മാറ്റിനിർത്തുകയും ശ്രീ. നമ്പി നാരായണന് സമാശ്വാസം (പത്മഭൂഷൺ) നൽകുകയും ഇ-മെയിൽ കേസ് പിൻവലിക്കുകയും യു.എ.പി.എ. ചുമത്തിയ കേസുകളിൽനിന്നും ആ വകുപ്പ് എടുത്തുമാറ്റുകയും ചെയ്തു.

നമ്മുടെ സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങളിൽ ഗവൺമെന്റിന്റെ കാഴ്ചപ്പാടുകളെ വളരെ വ്യക്തമായി ബഹുമാനപ്പെട്ട ഗവർണർ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ വരച്ചുകാട്ടിയിട്ടുണ്ട്. ഈ ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള എല്ലാ നടപടികളും അതിലെ മിഷനുകളും വളരെ നന്നായി പ്രവർത്തിക്കുന്നുണ്ട്.

നമ്മുടെ നാട്ടിലെ എല്ലാ സ്കൂളുകളും ഹൈടെക്കായി മാറിയിരിക്കുന്നു. ഒരു വിവേചനവും കൂടാതെ എല്ലാ ഹൈസ്കൂളുകളും നല്ല രീതിയിൽ മുന്നോട്ടു കൊണ്ടുപോകുന്നു. ജനങ്ങളുടെ എല്ലാവിധ ആശീർവാദവും അതിന്റെകൂടെയുണ്ട്. അതൊക്കെയാണ് ബഹുമാനപ്പെട്ട ഗവർണർ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ വരച്ചുകാട്ടിയത്.

പൊതുമരാമത്ത് വകുപ്പിനെ സംബന്ധിച്ച് ഒരു പുതിയ അദ്ധ്യായമാണ് എഴുതിച്ചേർത്തിട്ടുള്ളത്.

സഹകരണ മേഖലയിൽ പുതിയ കാൽവയ്പ്പുകൾ ഈ സർക്കാർ കൊണ്ടുവരാൻ പോകുന്നുവെന്നും ബഹുമാനപ്പെട്ട ഗവർണർ സൂചിപ്പിച്ചിട്ടുണ്ട്. നേരത്തെ പറഞ്ഞതുപോലെ ആരോഗ്യ മേഖലയിലെ പ്രവർത്തനങ്ങൾ നല്ല രീതിയിൽ മുന്നോട്ടുകൊണ്ടുപോകാൻ സാധിച്ചിട്ടുണ്ട്. ഈ ഗവൺമെന്റിനുവേണ്ടി ബഹുമാനപ്പെട്ട ഗവർണർ നടത്തിയ പ്രസംഗത്തെ മുക്തകണ്ഠം പ്രശംസിച്ചുകൊണ്ടും ഈ പ്രമേയത്തെ ഒരിക്കൽകൂടി പിന്താങ്ങിക്കൊണ്ടും ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ഡോ. എൻ. ജയരാജ്: സർ, ഞാൻ ഗവർണർ അവതരിപ്പിച്ച നയപ്രഖ്യാപന പ്രസംഗത്തെ എതിർക്കുകയാണ്.

സി. വി. രാമൻപിള്ളയുടെ വളരെ പ്രശസ്തമായ 'മാർത്താണ്ഡവർമ്മ' എന്ന നോവൽ ആരംഭിക്കുന്നത്, 'ഝല്ലീഝങ്കാരനാദമണ്ഡിതം' ആയും 'സിംഹവ്യാഘ്രശല്യാദി

മൃഗഗണനിഷേവിതം' ആയും ഉള്ള ഒരു 'ഘോരവിപിനം' എന്ന് പറഞ്ഞുകൊണ്ടാണ്. ഗവർണറുടെ മലയാളത്തിലുള്ള നയപ്രഖ്യാപന പ്രസംഗം വായിച്ചപ്പോൾ സി. വി. രാമൻപിള്ളയുടെ ഭാഷയോട് കൂട്ടിവായിക്കാൻ കഴിയുന്ന രീതിയിലാണെന്നാണ് എനിക്ക് തോന്നുന്നത്. ഏതായാലും പ്രൊഫ. എൻ. കൃഷ്ണപിള്ള പിന്നീട് സി. വി.-യുടെ കഥാപാത്രങ്ങളുടെ ഭാഷയെക്കുറിച്ച് 'പ്രതിപാത്രം ഭാഷണഭേദം' എന്ന പുസ്തകം തന്നെ എഴുതിയിട്ടുണ്ട്. ഇവിടെ അങ്ങനെ എഴുതാൻ ആളില്ലാത്തതുകൊണ്ട് ഗവർണ്ണറുടെ പ്രസംഗം പലതവണ വായിച്ചിട്ടും പല കാര്യങ്ങളും കൃത്യമായി മനസ്സിലാക്കാൻ കഴിഞ്ഞില്ല. മലയാളവും സംസ്കൃതവും ഇംഗ്ലീഷുമെല്ലാം ഇടകലർന്ന ഒരു പ്രത്യേക മണിപ്രവാള ഭാഷയിലാണ് ഇത് അവതരിപ്പിച്ചതെന്ന് പറയാതിരിക്കാൻ സാധിക്കില്ല. മാത്രവുമല്ല, അദ്ദേഹത്തിനുപോലും പിടികിട്ടാത്ത 'kinanthropometry' പോലുള്ള അതികഠിനമായ, ഘോരപദങ്ങൾ ഇടയ്ക്കിടെ കടന്നുവരുന്നത് മുൻകാലങ്ങളിലുള്ള ഗവർണർമാരുടെ പ്രസംഗങ്ങളെക്കാൾ വളരെ വ്യത്യസ്തമായി ഇതിനെ കാണാതിരിക്കാൻ കഴിയില്ല. കേരള കോൺഗ്രസ് പാർട്ടി ആവിർഭവിച്ച കാലംമുതൽ ഞങ്ങൾ ആവശ്യപ്പെടുന്ന, കേന്ദ്ര-സംസ്ഥാന ബന്ധങ്ങൾ ഉടച്ചുവാർക്കണമെന്ന കാര്യം വൈകിയാണെങ്കിലും അത്തരം ആശയങ്ങൾ ഇത്തരം ചർച്ചകളിൽ കടന്നുവരുന്നതിൽ ഏറെ സന്തോഷമുണ്ട്. ധനകാര്യപരമായ കേന്ദ്രഗവൺമെന്റ് നയങ്ങളിൽ, പ്രത്യേകിച്ച് ധനകാര്യവുമായി ബന്ധപ്പെട്ട് ചർച്ചയിൽ കടന്നുവന്ന " 2011-ലെ സെൻസസ് ഡാറ്റാ, 'ഡെമോഗ്രാഫിക് ഗോൾസ് അച്ചീവ്മെന്റ് ഉപയോഗിക്കണമെന്ന് നിർദ്ദേശിക്കുന്നത്...." ഉൾപ്പെടെയുള്ള ഭാഗങ്ങൾ പിൻവലിക്കണമെന്നത് സംസ്ഥാന സർക്കാരിനെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട ഒന്നാണ്. ഇക്കാര്യങ്ങളൊക്കെ നിലനിൽക്കുമ്പോഴും കാർഷിക മേഖലയുമായി ബന്ധപ്പെട്ട് ഈ നയപ്രഖ്യാപനത്തിൽ കാര്യമായ പരാമർശങ്ങളില്ലെന്നതാണ് ഏറ്റവും ദുഃഖകരമായ കാര്യം. ഞങ്ങളുടെ പാർട്ടിയുടെ സംസ്ഥാന വൈസ് ചെയർമാൻ ശ്രീ. ജോസ് കെ. മാണി കർഷകരക്ഷ എന്ന ആശയം മുന്നോട്ടുവച്ചുകൊണ്ട് കേരളയാത്ര നടത്തിക്കൊണ്ടിരിക്കുന്ന സമയത്തുകൂടിയാണ് ഞാൻ ഇവിടെ ഈ വിഷയം സംസാരിക്കുന്നത്. കേരളത്തിലെ കാർഷിക മേഖല വളരെയേറെ പ്രതിസന്ധി നേരിടുന്ന കാലഘട്ടമാണ്. ഇക്കാലത്തെ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ ഒട്ടേറെ കർഷകവിരുദ്ധ നിലപാടുകളുമായി മുന്നോട്ടുപോകുകയാണ്. ആദരണീയനായ ഞങ്ങളുടെ പാർട്ടി ചെയർമാൻ ശ്രീ. കെ. എം. മാണി ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന കാലത്താണ് കേരളത്തിലെ കർഷകർക്ക് പെൻഷൻ നൽകിയത്. മറ്റെല്ലാ പെൻഷനും നൽകുന്ന കൂട്ടത്തിൽ കർഷകരുടെ

പെൻഷൻ മാത്രം നൽകുന്ന കാര്യത്തിൽ പലപ്പോഴുമുണ്ടാകുന്ന ബോധപൂർവ്വമായ, എന്നുപറയാൻ തന്നെയാണ് ഞാൻ ആഗ്രഹിക്കുന്നത്, ഒരു അവധാനത ഇക്കാര്യത്തിൽ വളരെ ഗൗരവമായ ഒന്നാണ്. കർഷകർ വളരെയേറെ ബുദ്ധിമുട്ടുന്ന ഈ കാലഘട്ടത്തിൽ —അവരുമായി ബന്ധപ്പെട്ട എന്തെങ്കിലും കാര്യങ്ങൾ നയപ്രഖ്യാപനത്തിൽ പറയുമെന്ന് പ്രതീക്ഷിച്ചു. പ്രത്യേകിച്ചും റബ്ബർ തോട്ടങ്ങൾ ഉൾപ്പെടുന്ന തോട്ടം മേഖല വലിയ പ്രതിസന്ധിയെ നേരിടുകയാണ്. 1972-ലെ ഭൂപരിഷ്കരണ നിയമത്തിനുശേഷം കേരളത്തിൽ സാമൂഹികമായും മറ്റ് രീതിയിലുള്ള കാർഷികബന്ധങ്ങൾക്കും ധാരാളം മാറ്റങ്ങളുണ്ടായി. പക്ഷേ ആ മാറ്റങ്ങളുടെ അടിസ്ഥാനത്തിൽ പുനർചിന്തിച്ചില്ലെങ്കിൽ കേരളത്തിലെ തോട്ടം ഉൾപ്പെടുന്ന മേഖലകളിൽ പ്രവർത്തിക്കുന്ന ആളുകളെ സംബന്ധിച്ചിടത്തോളം മുന്നോട്ടുപോകാൻ കഴിയാത്ത സാഹചര്യമുണ്ട്. അത്തരമൊരു നിർദ്ദേശം ഇതുമായി ബന്ധപ്പെട്ട് കടന്നുവരുമെന്ന് ഞാൻ പ്രതീക്ഷിക്കുകയുണ്ടായി. അതുണ്ടായില്ലെന്നതാണ് ഇതിനെ എതിർക്കാനുള്ള പ്രധാനപ്പെട്ട കാര്യം. അതോടൊപ്പം, Rebuild Kerala Initiative - ന് ഞങ്ങളുടെ ജില്ലയിൽ നടത്തിയ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കോട്ടയം ജില്ലയിലെ എം.എൽ.എ.-മാരോട് ചോദിച്ചപ്പോൾ അവർക്കാർക്കും ഇതിനെക്കുറിച്ച് ഒരു ധാരണയുമില്ല. വളരെ പ്രധാനപ്പെട്ട Rebuild Kerala Initiative പോലുള്ള പദ്ധതികളിൽ ജനപ്രതിനിധികളെന്ന നിലയിൽ എം.എൽ.എ.-മാരെ പങ്കെടുപ്പിക്കുകയോ അവരുടെ അറിവോ, സമ്മതമോ കൂടാതെ ഉദ്യോഗസ്ഥ തലത്തിലെടുത്ത ഈ തീരുമാനത്തിനനുസരിച്ച് കോട്ടയം ജില്ലയിൽ ഏതാണ്ട് പത്തോളം പദ്ധതികൾ നടക്കുന്നുണ്ട്. എല്ലാ ജില്ലകളിലും ഈ അവസ്ഥ തന്നെയായിരിക്കുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ഇത് വളരെ ദുഃഖകരമായ കാര്യമാണ്. എം.എൽ.എ.-മാരും ഇനിഷ്യേറ്റീവ് എടുത്തുകൊണ്ടുവേണം ഇതുപോലുള്ള പദ്ധതികൾ രൂപപ്പെടുത്തേണ്ടത്. ഞങ്ങൾ ഇതിനെക്കുറിച്ച് എവിടെനിന്നെങ്കിലും കേട്ട് വായിച്ച് അറിയേണ്ടിവരിക എന്നത് പുനർനിർമ്മാണ പ്രക്രിയയുടെ ശോഭകെടുത്തുന്ന നടപടിയായി മാറുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇവിടെ നവോത്ഥാനവുമായി ബന്ധപ്പെട്ട് വളരെയേറെ ചർച്ച നടന്നു. കേരളത്തിൽ സമീപകാലത്തുണ്ടായ ഏറ്റവും വലിയ ചർച്ച നവോത്ഥാനം എന്ന വാക്കിനെ സംബന്ധിച്ചാണ്. വളരെ രസകരമായ കാര്യം, കേരളത്തിൽ നവോത്ഥാനം നടന്നിട്ടില്ലെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ഞാൻ പഠിച്ചതും വായിച്ചതുമായ എന്റെ അറിവിൽ നവോത്ഥാനം (Renaissance) എന്നുപറയുന്നത് പതിനഞ്ചാം നൂറ്റാണ്ടിൽ യൂറോപ്യൻ രാജ്യങ്ങളിലുണ്ടായ ഒരു ലാറ്റിൻ വാക്കാണ്. Renaissance എന്നാൽ Rebirth എന്നാണ്. ആ റീബെർത്ത് കേരളത്തിൽ ഉണ്ടായോ?

സാമൂഹിക പരിഷ്കരണമാണ് കേരളത്തിൽ സംഭവിച്ചത്. പഴയതിന്റെ പുനർജ്ജനിയായിട്ടാണ് Renaissance അല്ലെങ്കിൽ നവോത്ഥാനം എന്ന വാക്ക് ഉപയോഗിക്കുന്നത്. ഇപ്പോൾ വീണ്ടും നവോത്ഥാനം എന്ന വാക്ക് ആവർത്തിക്കുമ്പോൾ അടിസ്ഥാനപരമായി നവോത്ഥാനമെന്ന അർത്ഥത്തിലല്ല, സാമൂഹിക പരിഷ്കരണമെന്ന നിലയിൽ, പ്രത്യേകിച്ച്, കൊളോണിയൽ ആധുനികതയുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള രീതിയാണ്. സത്യത്തിൽ നവോത്ഥാനത്തിന്റെ സാംസ്കാരികത തീർച്ചയായും ഉണ്ടാകും. സെന്റ് പീറ്റേഴ്സ് ചർച്ച് ഉൾപ്പെടെയുള്ള വളരെ പ്രധാനപ്പെട്ട തലങ്ങളിലൊക്കെ ലിയനാർഡോ ഡാവിഞ്ചിയും മൈക്കലാഞ്ചലോയും ഉൾപ്പെടെയുള്ള കലാകാരന്മാർ കടന്നുവന്ന് വളരെ abstract ആയ സാംസ്കാരിക പ്രവർത്തനങ്ങൾ നടത്തിയ ഒരു കാലഘട്ടമായിരുന്നു നവോത്ഥാനം. കേരളത്തിന്റെ പഴയകാല ചരിത്രത്തിലേയ്ക്ക് കടന്നുപോയാൽ നമുക്ക് വളരെയേറെ ദുഃഖകരമായ, ഇരുണ്ട ഒരു കാലഘട്ടമാണ്. അത് വീണ്ടും തിരികെപിടിക്കുന്നുവെന്ന വാക്ക് ഉപയോഗിച്ച്, നവോത്ഥാനം എന്ന വാക്ക് പലപ്പോഴും പഴകിദ്രവിച്ച വാക്കായി ഉപയോഗിക്കുന്നുവെന്നതാണ് ഞാൻ സൂചിപ്പിച്ചത്. സാമൂഹ്യ പരിഷ്കരണത്തിന്റെ തലങ്ങളിൽ കേരളം മുന്നോട്ടുപോകുമ്പോൾ, ഗവർണറുടെ നയപ്രഖ്യാപനത്തിൽ സൂചിപ്പിച്ചതുപോലെ ഇരുണ്ട കാലഘട്ടത്തിലെ ഒരു ദീപനാളമാണ് ഈ ഗവൺമെന്റ് എന്നുപറയുമ്പോൾ, സമീപകാലത്തുണ്ടായ ഒട്ടേറെ പ്രശ്നങ്ങൾ, യഥാർത്ഥത്തിൽ അത്തരം ദീപത്തിന്റെ ശോഭകെടുത്തുന്നതായ നടപടികളുമായി വിഭാഗീയമായ രീതിയിലേയ്ക്ക് പോകുന്നുവെന്നുള്ളത് പറയാതിരിക്കാൻ കഴിയില്ല. അതുകൊണ്ടുതന്നെ ഈ നയപ്രഖ്യാപനത്തെ ഞാൻ എതിർക്കുന്നു.

ശ്രീ. കെ. കുഞ്ഞിരാമൻ: സർ, ബഹുമാന്യനായ മാത്യു ടി. തോമസ് അവതരിപ്പിച്ച നന്ദി പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി കേരളത്തിലെ ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ എണ്ണിയെണ്ണി കഴിഞ്ഞ 32 മാസംകൊണ്ട് നടപ്പിലാക്കിയ ഗവൺമെന്റാണ് കേരള ഗവൺമെന്റെന്ന് നമുക്കെല്ലാവർക്കും അറിയാൻ സാധിക്കും. കേരളത്തിൽ എൽ.ഡി.എഫ്. അധികാരത്തിൽ വന്നാൽ വികസനം മുരടിച്ചുപോകുമെന്ന് അന്ന് ഞങ്ങളുടെ മുന്നണിക്കെതിരായി യു.ഡി.എഫ്. കൊണ്ടുവന്ന പ്രധാനപ്പെട്ട ആരോപണമുണ്ടായിരുന്നു. ശ്രീ. ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ കാലത്ത് കേരളത്തിൽ ധാരാളം വികസനങ്ങൾ വന്നു. അതെല്ലാം മുരടിച്ചുപോകും. ഇനി വേറെ വികസനങ്ങളൊന്നും നമ്മുടെ നാട്ടിൽ വരികയില്ലെന്നതായിരുന്നു അന്ന് എൽ.ഡി.എഫ്.-ന് എതിരായി ഉയർത്തിയ

ഒരുകാര്യം. കഴിഞ്ഞ 30 മാസം കേരളത്തിലെ വികസനം പരിശോധിച്ചാൽ കേരളം രൂപീകരിച്ചതിനുശേഷം ഇത്രയും വലിയ വികസനം ഈ നാട്ടിൽ നടന്നിട്ടില്ലെന്ന് നമ്മുടെ നാട്ടിലെ കണ്ണ് കാണാൻ കഴിയാത്തവർപോലും പറയും. നമ്മുടെ സംസ്ഥാനത്തെ എല്ലാ എം.എൽ.എ.-മാരും ഓരോ വകുപ്പും കൊടുത്ത ഫണ്ടിന്റെ കണക്ക് കൂട്ടിയാൽ ഇതുവരെ കിട്ടാത്ത ഒരു കണക്കാണ് ലഭ്യമായിട്ടുള്ളതെന്ന് മനസ്സിലാകും. പൊതുമരാമത്ത് വകുപ്പ് റോഡുകൾക്കും പാലങ്ങൾക്കുമായി ഓരോ മണ്ഡലങ്ങളിലും എത്ര കോടി രൂപയാണ് ചെലവഴിച്ചിട്ടുള്ളതെന്നതിനെക്കുറിച്ച് ഭരണ-പ്രതിപക്ഷത്തിന് രണ്ടഭിപ്രായമുണ്ടാവില്ല. അതിനേക്കാൾ ഒരു പ്രത്യേകത, പൊതുമരാമത്ത് വകുപ്പ് എല്ലാ എം.എൽ.എ.-മാർക്കും ഒരുപോലെ ഫണ്ട് കൊടുത്തുവരികയാണ്. എന്റെ മണ്ഡലത്തിൽ അഞ്ച് കോടി രൂപയാണ് തരുന്നതെങ്കിൽ എന്റെ തൊട്ടടുത്ത കാസർഗോഡ് മണ്ഡലത്തിൽ അഞ്ചരക്കോടി രൂപ കൊടുക്കുന്നു. അവിടത്തെ എം.എൽ.എ. ആരാണെന്ന് നിങ്ങൾക്ക് ഞാൻ പറഞ്ഞുതരാതെ അറിയാമല്ലോ? കാസർഗോഡ് അഞ്ചരക്കോടി രൂപയാണ് കൊടുക്കുന്നതെങ്കിൽ മഞ്ചേശ്വരത്ത് ആറ് കോടി രൂപയാണ് കൊടുക്കുന്നത്. ഏത് എം.എൽ.എ. എന്നോ ഏത് കക്ഷിയെന്നോ നോക്കാതെ സംസ്ഥാനത്തിന്റെ വികസനത്തിനുവേണ്ടി ഈ ഗവൺമെന്റ്, പ്രത്യേകിച്ച് പൊതുമരാമത്ത് വകുപ്പ് നൽകുന്ന ഫണ്ടുപയോഗിച്ച് നമ്മുടെ നാടിന്റെ വികസനപ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ കഴിഞ്ഞുവെന്നത് പ്രധാനപ്പെട്ട കാര്യമാണ്. നമ്മുടെ സംസ്ഥാനത്ത് പഞ്ചായത്ത് റോഡുകളൊഴികെ എവിടെയെങ്കിലും കുഴിയുള്ള റോഡുകളുണ്ടോ; സർക്കാർ നിർമ്മിക്കേണ്ട റോഡ്, ദേശീയ പാതയായാലും പി.ഡബ്ല്യു.ഡി. റോഡായാലും കേരളത്തിലെ എല്ലാ റോഡുകളും കുഴികളില്ലാതെ മാറ്റിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നത് പി.ഡബ്ല്യു.ഡി.-ക്ക് നേതൃത്വം നൽകുന്ന മന്ത്രിയുടെ ശക്തിയും ഇടപെടലും കൊണ്ടാണ്. ഉദ്യോഗസ്ഥവൃന്ദത്തിന്റെ കയ്യിൽ കാശ് കൊടുത്ത് അവർക്ക് ഇഷ്ടപ്പെട്ട സ്ഥലത്ത് പണം ചെലവഴിക്കുന്നതിന് പകരം മണ്ഡലങ്ങളെയും ജനങ്ങളെയും നോക്കി ജനപ്രതിനിധികൾ നൽകുന്ന രീതിയിൽ അറ്റകുറ്റപ്പണികൾ നടത്തണമെന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഫണ്ട് നൽകിയതിന്റെ ഫലമായി ബാദ്ധ്യതയൊന്നുമില്ലാതെ എല്ലാ റോഡുകളുടെയും അറ്റകുറ്റപ്പണി നടത്താൻ കഴിഞ്ഞുവെന്നത് പ്രധാനപ്പെട്ട കാര്യമാണ്. അതിന് പ്രതിപക്ഷമെന്നോ ഭരണകക്ഷിയെന്നോ വ്യത്യാസമില്ല. എല്ലാവർക്കും ഒരുപോലെ തുക കൊടുത്ത് എല്ലാവരുടെയും മണ്ഡലങ്ങളിലെ റോഡുകൾ അറ്റകുറ്റപ്പണി നടത്തി എന്നതാണ് പറയാനുള്ളത്. അതിനെക്കുറിച്ച് എതിരഭിപ്രായം ഒരാൾക്കുപോലും പറയാനില്ല.

അപ്പുറത്തുനിന്നും സംസാരിച്ചവരും മറ്റ് ചില കാര്യങ്ങൾ പറഞ്ഞുവെന്നല്ലാതെ നമ്മുടെ നാട്ടിലെ വികസനം മുരടിച്ചുപോയി എന്നാരും പറയുന്നില്ല.

മറ്റൊന്ന് നാട്ടിലെ എല്ലാവരെയും ബാധിക്കുന്ന ഒന്നാണ് വിദ്യാഭ്യാസം. പൊതുവിദ്യാഭ്യാസരംഗം ശക്തിപ്പെടുത്തണം. സ്കൂളുകൾ സ്മാർട്ടാക്കണം, എല്ലാ ക്ലാസ്സ് മുറികളും സ്മാർട്ടാക്കണമെന്ന് തീരുമാനിച്ചപ്പോൾ വലിയ ആശങ്കയുണ്ടായിരുന്നു. നാട്ടുകാരെ വിളിക്കണം, പി.ടി.എ. യോഗം വിളിച്ചുചേർക്കണം, പൂർവ്വവിദ്യാർത്ഥികളുടെ യോഗം വിളിച്ചുചേർക്കണം. അങ്ങനെ അവരിൽനിന്ന് സഹായം വാങ്ങി സ്കൂളുകൾ സ്മാർട്ടാക്കണമെന്ന് പറഞ്ഞപ്പോൾ ഇത് സാധിക്കുമോ എന്ന് സംശയമുണ്ടായിരുന്നു. അക്കാര്യത്തിൽ നാട്ടുകാരിൽനിന്നും പൂർവ്വ വിദ്യാർത്ഥികളിൽനിന്നും സ്കൂളുകളിലേയ്ക്ക് നല്ല സഹായം ലഭിച്ചു. ഇപ്രാവശ്യം വിദ്യാഭ്യാസ വകുപ്പുമന്ത്രി നാട്ടിലെ സ്കൂളുകൾക്ക് കൊടുത്ത കണക്ക് എടുത്തുനോക്കിയാൽ ഞെട്ടിപ്പോകുകയാണ്. രാവിലെ പി.ടി.എ.-ക്കാരും സ്കൂൾ ഹെഡ് മാസ്റ്ററുംകൂടി എന്റെ വീട്ടിലേയ്ക്ക് വരികയാണ്. ഇന്നലെ മൂന്ന് കോടി രൂപ നമ്മുടെ സ്കൂളിന് നൽകാമെന്ന് പറഞ്ഞു, ഇന്ന് ഹയർ സെക്കണ്ടറിക്ക് കൊടുക്കാമെന്ന് പറഞ്ഞ് വേറൊരു കണക്കുംകൊണ്ട് വന്നിരിക്കുകയാണ്. ഇത് എവിടെയാണ് നിർമ്മിക്കുന്നത്; ഈ ബിൽഡിംഗുകൾ നിർമ്മിക്കാൻ സ്ഥലം വേണ്ടേ; ഇത്രയും കോടി രൂപ എങ്ങനെ ചെലവഴിക്കും എന്ന് ചോദിച്ചുകൊണ്ട് അവർ നമ്മുടെ അടുത്തേയ്ക്ക് വരികയാണ്. സുഹൃത്തുക്കളേ, ഒരുകാര്യം നിങ്ങൾക്കറിയാം. 1990-നുശേഷം ഒരു ഗവൺമെന്റും നമ്മുടെ നാട്ടിലെ വിദ്യാഭ്യാസ രംഗത്ത്, സ്കൂളുകൾക്ക് നയാപൈസ കൊടുത്തില്ല എന്നത് സത്യമാണ്. അദ്ധ്യാപകർക്കും ജീവനക്കാർക്കും ശമ്പളം കൊടുത്തുകാണും. പൊതുവിദ്യാഭ്യാസ നയം ശക്തിപ്പെടുത്തുന്നതിന് കെട്ടിടങ്ങൾക്കോ മറ്റ് കാര്യങ്ങൾക്കോ നയാപൈസയുടെ സഹായം ഒരു ഗവൺമെന്റും കൊടുത്തിട്ടില്ല എന്നതാണ് വസ്തുത. എന്നാൽ ഈ ഗവൺമെന്റ് കാശ് കൊടുത്തുവെന്ന് മാത്രമല്ല, എത്ര കോടി രൂപയാണ് കൊടുത്തതെന്ന കാര്യം ഓരോ എം.എൽ.എ.-യ്ക്കും അറിയാം. അതിന്റെ കണക്ക് ഞാൻ പറയുന്നില്ല. എന്റെ മണ്ഡലത്തിലും ലഭിക്കുകയുണ്ടായി. പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് എന്നോട് സ്നേഹമുണ്ടായിട്ട് എനിക്ക് നൽകിയെന്നാണ് ഞാൻ ആദ്യം വിചാരിച്ചത്. പക്ഷേ എന്നേക്കാൾ കൂടുതൽ കാസർഗോഡ് എം.എൽ.എ.-യ്ക്ക് നൽകി. അതിനേക്കാൾ അപ്പുറം കാഞ്ഞങ്ങാട് നൽകി, അതിനുമപ്പുറം മഞ്ചേശ്വരം എം.എൽ.എ.-യ്ക്ക് കൊടുത്തു. മണ്ഡലം ഏതെന്നോ എം.എൽ.എ. ആരെന്നോ നോക്കാതെ അതത് മണ്ഡലത്തിലെ എല്ലാ

രംഗത്തും വലിയ വികസനമാണ് ഈ ഗവൺമെന്റുണ്ടാക്കിയതെന്ന കാര്യം നമുക്കെല്ലാവർക്കുമറിയാം.

മറ്റൊരു പ്രധാനപ്പെട്ട കാര്യം, നമ്മുടെ ഗവൺമെന്റിനെതിരായി യു.ഡി.എഫ്. പ്രചരിപ്പിച്ചത് കേരളത്തിലെ ക്രമസമാധാനം തകരും എന്നതായിരുന്നു. ആരാണ് ക്രമസമാധാനം തകർക്കുന്നത് എന്ന കാര്യം നമ്മുടെ നാട്ടിലെല്ലാവർക്കും മനസ്സിലായി. കഴിഞ്ഞ 32 മാസം ഈ ഗവൺമെന്റിന്റെയോ മുന്നണിയുടെയോ ഭാഗമായി ഏതെങ്കിലും തരത്തിലുള്ള കുഴപ്പംകാരണം നമ്മുടെ നാട്ടിൽ എന്തെങ്കിലും പ്രശ്നം വന്നിട്ടുണ്ടോ; ഒരു പ്രശ്നവും വന്നില്ല. എല്ലാ പ്രശ്നങ്ങളും വന്നത് ഈ ഗവൺമെന്റിനെ അസ്ഥിരപ്പെടുത്താൻ, ഗവൺമെന്റിനെതിരായി എന്തെങ്കിലും ചെയ്യാൻ കഴിയുമോ എന്ന് ആലോചിക്കാൻ കഴിയുന്ന രണ്ട് പ്രധാനപ്പെട്ട ശക്തികളിൽ നിന്നാണ്. കേന്ദ്രഗവൺമെന്റിന്റെ സഹായം വാങ്ങി ഈ നാട്ടിൽ കുഴപ്പങ്ങൾ സൃഷ്ടിക്കാം എന്ന് ധരിച്ച ബി.ജെ.പി.-യുടെ ഭാഗത്തുനിന്നും അറിഞ്ഞോ അറിയാതെയോ അതിനെ പ്രോത്സാഹിപ്പിക്കുന്ന പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നുമാണ് ഈ കുഴപ്പം നമ്മുടെ നാട്ടിലുണ്ടായത്. നമ്മുടെ നാട്ടിൽ നടന്ന കുഴപ്പങ്ങളെല്ലാം അങ്ങനെയുള്ളതാണ്. അല്ലാതെ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഇടപെടാത്തതിന്റെ ഫലമായിട്ടോ ഗവൺമെന്റ് ഏതെങ്കിലും ഒരു വിഭാഗത്തിലുള്ള ആളെ മാത്രം സഹായിക്കുന്നുവെന്നതിന്റെ ഫലമായിട്ടോ ഒരു കുഴപ്പവും നാട്ടിൽ നടന്നിട്ടില്ലെന്നത് കാണാൻ കഴിയും. ക്രമസമാധാനം മാത്രമല്ല, ഏത് രംഗം പരിശോധിച്ചാലും നമ്മുടെ നാട്ടിലെ പൊതുജീവിതം ശക്തിപ്പെടുത്താൻ ഈ ഗവൺമെന്റിന് കഴിഞ്ഞുവെന്നത് പ്രധാനപ്പെട്ട ഒരു കാര്യമാണ്.

കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് നാട്ടിൽ നടന്ന പ്രധാനപ്പെട്ട സംഭവം പട്ടയവിതരണമായിരുന്നു. ബഹുമാനപ്പെട്ട മന്ത്രിയും ഞാനും അയൽക്കാരാണ്. അപ്പുറത്തും ഇപ്പുറത്തുമാണ് ഞങ്ങൾ താമസിക്കുന്നത്. അദ്ദേഹം കൊടുത്ത പട്ടയത്തിന് കണക്കേയില്ല. ഞങ്ങളുടെ ജില്ലയിൽ പതിനായിരം പട്ടയം രണ്ടുദിവസംകൊണ്ട് കൊടുത്തുതീർത്തു. മൂന്ന് സെന്റ് ഭൂമിയാണ് എല്ലാവർക്കും കൊടുത്തത്. പട്ടയമില്ലാതെ ഭൂമിയൊരിടത്തും കിട്ടുകയില്ലെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ മെമ്പർമാർ മനസ്സിലാക്കണം.—തിരുവനന്തപുരത്തും എറണാകുളത്തും നിന്ന് വരുന്ന ആളുകൾക്ക് കാസർഗോഡ് പട്ടയം കൊടുത്തു. നമ്മുടെ മണ്ഡലത്തിലെ ഒരു പഞ്ചായത്തിൽ ആകെ ജനസംഖ്യ 28000 ആണ്. അവിടെ എറണാകുളം/കൊല്ലം ജില്ലകളിൽനിന്ന് വന്നവർക്ക് പതിനായിരം പട്ടയം കൊടുക്കുകയുണ്ടായി. 28000 ആളുകളുടെകൂടെ 10000 വീടുകൾകൂടി വന്നാൽ

അത്രയും ജനസംഖ്യ പിന്നെയും കൂടും. ആ പട്ടയം വാങ്ങിയ ഒരൊറ്റ വീടുപോലും ആ നാട്ടിൽ വന്നില്ല എന്നുള്ളതാണ് വസ്തുത. എന്നാൽ ഈ ഗവൺമെന്റ് പട്ടയങ്ങൾ വിതരണം ചെയ്യുമെന്ന് തെരഞ്ഞെടുപ്പ് വിജ്ഞാപനത്തിൽ പറഞ്ഞു. ഈ ഗവൺമെന്റ് ഭരണത്തിൽവന്ന് 32 മാസം കൊണ്ട് 55000-ത്തിൽപ്പരം പട്ടയം നൽകി. വെറുതെ പട്ടയം കൊടുത്തതല്ല. അവർ താമസിക്കുന്ന ഭൂമി, ഞങ്ങൾ ഇന്ന ഭൂമിയിൽ താമസിക്കുകയാണ്, ഇന്ന സർവ്വേ നമ്പറിലാണ് എന്നുപറഞ്ഞ് അപേക്ഷ കൊടുത്ത 55000-ത്തിൽപ്പരം ആളുകൾക്കാണ് പട്ടയം കൊടുത്തത്. വികസനരംഗത്ത് മാത്രമല്ല കഷ്ടപ്പെടുന്ന, പാവപ്പെട്ട ജനങ്ങളെ സഹായിക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി പട്ടയമേളയിലൂടെ കൊടിപിടിക്കാതെ ആയിരക്കണക്കിനാളുകൾക്ക് കൊടുക്കാൻ സാധിച്ചുവെന്നത് പ്രധാനപ്പെട്ട കാര്യമാണ്. കേരള കോൺഗ്രസ്സിന്റെ പുതുനയവും സമീപനവും ഡോ. എൻ. ജയരാജ് ഇവിടെ പറയുകയുണ്ടായി. എല്ലാക്കാലവും വനഭൂമി വിതരണം ചെയ്യണമെന്ന് പറയുന്ന ഒരു പ്രധാനപ്പെട്ട പാർട്ടിയുടെ ആളുകളാണ്. എല്ലാവർക്കും ഭൂമി വീതിച്ചുകൊടുക്കണമെന്നാണ് അവർ പറയുന്നത്. ഇവർ ഒരാൾക്കുപോലും പട്ടയം കൊടുക്കാൻ അനുവദിക്കുകയില്ല. പക്ഷെ, കാലാകാലങ്ങളായി കുടിൽകെട്ടി താമസിച്ച് കൃഷി ചെയ്തുവരുന്ന കൃഷിക്കാരന് പട്ടയം കൊടുക്കണമെന്ന് പറയുന്നതല്ലാതെ കഴിഞ്ഞ 5 വർഷം എത്ര പേർക്ക് പട്ടയം കൊടുത്തുവെന്ന് പരിശോധിച്ചാൽ അത് വളരെ തുച്ഛമാണെന്നുമാത്രമല്ല ഈ ഗവൺമെന്റ് അതിന്റെ പതിനായിരം ഇരട്ടി പട്ടയം കൊടുത്ത് നാട്ടിലെ കൃഷിക്കാരെ സഹായിച്ചു.

ഡോ. എൻ. ജയരാജ്: സർ, പോയിന്റ് ഓഫ് ഓർഡർ....ഇവിടെ വനഭൂമിയുമായി ബന്ധപ്പെട്ട എല്ലാ കേസ്സുകളും തോൽക്കുന്നത് ഈ സർക്കാരിന്റെ കാലത്താണ്, ഞങ്ങളുടെ കാലത്തല്ല. എന്റെ മണ്ഡലത്തിലെ പൊന്തൻപുഴ വനഭൂമി പ്രൈവറ്റ് മേഖലയിലേയ്ക്ക് പോയി. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ഇരിക്കുന്നുണ്ട്. ഞങ്ങളോ ഞങ്ങളുടെ പാർട്ടിയോ അങ്ങനെ ആവശ്യപ്പെട്ടിട്ടില്ല. അതുകൊണ്ട് അങ്ങയുടെ പരാമർശം പിൻവലിക്കണമെന്നതാണ് എന്റെ അഭ്യർത്ഥന. അത് രേഖയിൽനിന്നും മാറ്റണം.

ശ്രീ. കെ. കുഞ്ഞിരാമൻ: സർ, വനഭൂമി പതിച്ചുകൊടുക്കാനല്ല, വനഭൂമി കയ്യേറി കൈവശംവച്ചാൽ കൊടുക്കാൻ പറയുമെന്നാണ് പറഞ്ഞത്. ഞങ്ങളും പറയുന്നത് അങ്ങനെ തന്നെയാണ്. വനാവകാശ നിയമപ്രകാരം കൊടുക്കാനാണ് പറഞ്ഞത്. കൃഷിക്കാരെ നമ്മൾ എതിർക്കുന്നില്ല. കൃഷിക്കാരന് കൊടുക്കണമെന്ന് തന്നെയാണ് നമ്മളും പറയുന്നത്. നിങ്ങൾ കൃഷിക്കാരന്റെ ആളായി പ്രസംഗിച്ച്

നടന്നിട്ട് പട്ടയം കൊടുക്കാൻ കഴിഞ്ഞിട്ടില്ല എന്നാണ് പറഞ്ഞത്. പട്ടയം കൊടുത്തത് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്താണ്. നല്ല അഭിപ്രായമാണ് പറഞ്ഞത്. നിങ്ങൾക്ക് മനസ്സിലാകാത്തതുകൊണ്ടാകാം. ഈ ഗവൺമെന്റിന് മാത്രമെ വനഭൂമിക്ക് പട്ടയം കൊടുക്കാൻ കഴിഞ്ഞുള്ളൂവെന്നാണ് പറഞ്ഞത്. നിങ്ങൾ കൊടുത്തതുപോലെ പതിനായിരങ്ങൾക്ക് പട്ടയം കൊടുത്ത് കബളിപ്പിച്ചതല്ല ഈ ഗവൺമെന്റ്. അവർക്കെല്ലാം വീടുകെട്ടി താമസിക്കാനുള്ള ഒരവസരമുണ്ടാക്കാൻ സാധിച്ചുവെന്ന് പറയാൻവേണ്ടി ഞാനിത് പറഞ്ഞതാണ്.

കാർഷിക മേഖല എടുത്താൽ കൃഷിക്കുവേണ്ടി നാട്ടിൽ എല്ലാവരും കണ്ണീരൊഴുക്കുകയാണ്. കൃഷിക്കാർക്കുവേണ്ടി ആരും ഒന്നും ചെയ്തിട്ടില്ല എന്നാണ് പറയുന്നത്. എന്നാൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കാർഷിക മേഖലയിൽ ചെലവഴിച്ച തുകയുടെ കണക്ക് നമ്മുടെ മന്ത്രി പറയേണ്ട, അതിന്റെ കണക്ക് നമുക്കെല്ലാം ലഭിക്കുന്നതാണ്. ഓരോ ജില്ലയിലും ഓരോ വകുപ്പിലും കാർഷിക മേഖലയിലെ ഓരോ സംവിധാനത്തിനും ചെലവഴിച്ചത് കോടിക്കണക്കിന് രൂപയാണ്. ഇപ്പോൾ നമ്മുടെ നാട്ടിൽ വില കിട്ടാതെ ബുദ്ധിമുട്ടുന്നതും തകർന്നുകൊണ്ടിരിക്കുന്നതും റബ്ബറും കുരുമുളകുമാണ്. ആ രണ്ട് കൃഷിക്കാരെയും സഹായിക്കുന്നതിന് ഈ ഗവൺമെന്റ് ധാരാളം നടപടികൾ സ്വീകരിച്ചു. സബ്സിഡി 120 രൂപ മുതൽ 150 രൂപവരെയായിരുന്നു പഴയ ഗവൺമെന്റ് കൊടുത്തിരുന്നത്. അതെല്ലാം കുടിശ്ശികയായിരുന്നു. കൊടുക്കാം എന്ന് പറഞ്ഞതുമാത്രമേയുള്ളൂ. ഈ ഗവൺമെന്റ് ആ കുടിശ്ശിക മുഴുവൻ കൊടുത്തുതീർത്തു. ഈ ബഡ്ജറ്റിൽ തുക കൂട്ടുമെന്നാണ് കഴിഞ്ഞ പ്രാവശ്യം പറഞ്ഞത്. തുക കൂട്ടാൻ പോകുന്നു എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. അതുപോലെ കുരുമുളക് കൃഷിയെ സഹായിക്കാൻ ഈ ഗവൺമെന്റ് ധാരാളം കാര്യങ്ങൾ ചെയ്തു. കാർഷിക മേഖലയിൽ കോടിക്കണക്കിന് രൂപ ചെലവഴിച്ച് നമ്മുടെ നാട്ടിലെ കൃഷിക്കാരെ സഹായിക്കാനും അവരെ കടത്തിൽനിന്നും രക്ഷപ്പെടുത്താനും ഈ ഗവൺമെന്റ് ധാരാളം കാര്യങ്ങൾ ചെയ്തിട്ടുണ്ടെന്നതാണ് ജനങ്ങളുടെ അഭിപ്രായം.

ഞങ്ങളുടെ ജില്ലയെ ബാധിക്കുന്ന ഒരു പ്രധാനപ്പെട്ട പ്രശ്നമാണ് എൻഡോസൾഫാൻ ദുരിത ബാധിതർ. അവരെക്കുറിച്ച് ഇപ്പോഴും ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത് കാസർഗോഡ് ജില്ലയിലാണ്. അവരെ സഹായിക്കാൻ കോടിക്കണക്കിന് രൂപയാണ് ഈ ഗവൺമെന്റ് ചെലവഴിച്ചത്. അവരുടെ കടം മുഴുവൻ എഴുതിത്തള്ളി. മംഗലാപുരത്തോ കണ്ണൂരോ കാസർഗോഡോ

കോഴിക്കോടോ എവിടെ വേണമെങ്കിലും കൊണ്ടുപോയി ചികിത്സിക്കാനുള്ള മുഴുവൻ ചെലവും ഈ ഗവൺമെന്റ് കൊടുക്കാനും തീരുമാനിച്ചു. അവരെ ശുശ്രൂഷിക്കുന്ന കുടുംബാംഗങ്ങൾക്ക് പെൻഷൻ കൊടുക്കാനും ഫ്രീയായി റേഷൻ കൊടുക്കാനും തീരുമാനിച്ചു. അങ്ങനെ നമ്മുടെ നാട്ടിന്റെ നാനാഭാഗത്തുള്ള എല്ലാ വിഭാഗത്തിൽപ്പെട്ട ജനങ്ങളെയും സഹായിക്കുന്നതിന് ഈ ഗവൺമെന്റ് തീരുമാനമെടുത്തു. റോഡ്, പാലങ്ങൾ, വിദ്യാഭ്യാസം, ആരോഗ്യം അങ്ങനെ എല്ലാ രംഗങ്ങളെയും ശക്തിപ്പെടുത്താൻ കഴിഞ്ഞതിന്റെ ഫലമായി ഈ നാട് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കീഴിൽ സുരക്ഷിതമാണെന്ന് ജനങ്ങളെക്കൊണ്ട് പറയിപ്പിക്കാൻ കഴിഞ്ഞുവെന്നതാണ് ഒരു പ്രധാനപ്പെട്ട കാര്യം. ഒരു കാര്യം കൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: അങ്ങയുടെ സമയം കഴിഞ്ഞു. പ്ലീസ്...

<u>ശ്രീ. കെ. കുഞ്ഞിരാമൻ</u>: സർ, 'ഈശ്വരചിന്തയിതൊന്നേ മനുജന് ശാശ്വതമീ ഉലകിൽ' എന്നാണ് കവി പാടിയത്. അമ്പലങ്ങളിലോ ഏതെങ്കിലും ഈശ്വരസന്നിധിയിലോ പോയി ഒരു കവിക്ക് ഇരുന്ന് പാടാനും എഴുതാനും സാധിക്കുന്ന, മരവും കാടും എല്ലാം ഉണ്ടായി നല്ല അന്തരീക്ഷം വേണമെന്നാണ് അതിനർത്ഥം. അങ്ങനെയൊരു സ്ഥലത്ത് പോയിരുന്ന് പാടാനും ഭക്തിയോടെ പ്രാർത്ഥിക്കാനുമുള്ള സംരക്ഷണം കൊടുത്ത ഒരു ഗവൺമെന്റാണിത്. ആരാണ് ഇതിന്റെ ഉത്തരവാദി എന്ന് മനസ്സിലാക്കണം. അതിനെ എതിർക്കപ്പെടുന്ന ദുഷ്ടശക്തികളെ തിരിച്ചറിയാൻ ഈ ഇടതുപക്ഷ സർക്കാർ സ്വീകരിക്കുന്ന നടപടികളിൽ പ്രതിപക്ഷവുംകൂടി സഹായിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഈ നന്ദിപ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ:</u> സർ, ഗവർണറുടെ നയപ്രഖ്യാപനത്തെ തുടർന്ന് ഇവിടെ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ എതിർക്കുകയാണ്. പുതുമയും പ്രതീക്ഷയും നൽകാത്ത ഒരു വഴിപാടായി നയപ്രഖ്യാപനം മാറി. 'ഉണ്ണിയെ കണ്ടാൽ അറിയാം ഊരിലെ പഞ്ഞം' എന്ന് പറഞ്ഞതുപോലെ നമ്മുടെ സംസ്ഥാനത്തെ ഭരണകൂടത്തിന്റെ കാഴ്ചപ്പാടില്ലായ്മയും സംസ്ഥാനത്തിന്റെ വികസന മുരടിപ്പും പ്രതിഫലിപ്പിക്കുന്നതാണ് ഈ നയപ്രഖ്യാപനം. ഈ നയപ്രഖ്യാപന പ്രസംഗത്തിന്റെ രണ്ടാം ഖണ്ഡികയിൽ പറയുന്നത്, ജാതീയതയുടെയും വർഗ്ഗീയതയുടെയും നാനാവിധത്തിലുള്ള പ്രതിബന്ധങ്ങളുടെയും ഇരുണ്ട മേഘങ്ങൾ നിറഞ്ഞ ഈ ലോകത്ത് പ്രതീക്ഷയുടെ ഒരു ദീപനാളമാണ് ഈ സർക്കാർ

എന്നാണ്. സത്യത്തിൽ ഇവിടെ മറിച്ചല്ലേ സ്ഥിതി. ജാതീയതയും വർഗ്ഗീയതയും ആളിക്കത്തിക്കാൻ തിരികൊളുത്തുകയാണ് ഈ ഗവൺമെന്റ് ചെയ്തത്. ഈ ഗവൺമെന്റ് വരുന്നതിന് മുമ്പുള്ള അവസ്ഥയാണോ ഇന്ന് നമ്മുടെ സംസ്ഥാനത്തുള്ളത്; നിങ്ങളൊന്ന് സ്വയം ആലോചിച്ചുനോക്കൂ. ചില രാഷ്ട്രീയ നേട്ടങ്ങൾ കണ്ടുകൊണ്ട് നിങ്ങൾ ബോധപൂർവ്വം സൃഷ്ടിച്ചെടുത്ത സ്ഥിതിയാണിത്. ശബരിമല നിങ്ങൾ സംഘർഷഭരിതമാക്കുകയും അവിടെ ബി.ജെ.പി.-ക്ക് കടന്നുവരുന്നതിനുള്ള സുവർണ്ണാവസരവും വിശ്വാസികളുടെ മനസ്സിൽ ഫാസിസ്റ്റ് രാഷ്ട്രീയവുമായി അവർക്ക് കടന്നുവരാൻ വഴികളൊരുക്കിക്കൊടുക്കുകയും ചെയ്തു. ഞാൻ ചോദിക്കട്ടെ, ശ്രീമതി രഹ്ന ഫാത്തിമയ്ക്ക് അയ്യപ്പനെ ദർശിക്കാൻ എന്ത് തിടുക്കമായിരുന്നു. പോലീസ് വളരെ പണിപ്പെട്ടല്ലേ ചുംബന സമരത്തിലെ നായികയായ അവരെ സന്നിധാനത്ത് എത്തിച്ചത്. ശ്രീമതി ബിന്ദുവും ശ്രീമതി കനകദുർഗ്ഗയും ഏത് വിശ്വാസംകൊണ്ടാണ് അയ്യപ്പസന്നിധിയിൽ എത്തിയത്; വിശ്വാസികളല്ലാത്ത അവർ എന്തിന് ശബരിമലയിൽ പോകണം; ഏതെങ്കിലും ഒരു വിശ്വാസി നിങ്ങളോട് ആവശ്യപ്പെട്ടോ; നാമജപഘോഷയാത്രയിൽ വിശ്വാസികൾ പറഞ്ഞത് 10 വയസ്സിനും 50 വയസ്സിനും ഇടയ്ക്ക് പ്രായമുള്ളവർ ശബരിമലയിൽ പോകേണ്ടെന്നാണ്. നാമജപഘോഷയാത്രയിൽ സി.പി.ഐ.(എം.) കുടുംബത്തിലെ അംഗങ്ങൾപോലും പോയിട്ടുണ്ട്. കേരളത്തിലെ വിശ്വാസികളായ ഹൈന്ദവ സമൂഹത്തെ ബി.ജെ.പി.-ക്ക് വിട്ടുകൊടുത്ത് മറുപക്ഷത്ത് സി.പി.ഐ.(എം.)-ഉം നിന്ന് രണ്ടുകൂട്ടരും മാത്രമുള്ള ഒരു കേരള രാഷ്ട്രീയം കൃത്രിമമായി സൃഷ്ടിച്ചെടുക്കാനാണ് ഈ അഭ്യാസങ്ങളൊക്കെ കാണിക്കുന്നത്. യു.ഡി.എഫ്.-നെ ദുർബ്ബലമാക്കി കോൺഗ്രസ്സുകാരെല്ലാം ബി.ജെ.പി. ആയെന്ന് പറയുകയാണ്. സത്യത്തിൽ ഇന്ത്യ മുഴുവനുമുള്ള ബി.ജെ.പി.-ക്കാർ കോൺഗ്രസ് ആയിക്കൊണ്ടിരിക്കുകയാണ്. നിങ്ങൾ കണ്ണുതുറന്ന് കാണണം. കേരളത്തെ വർഗ്ഗീയമായി വേർതിരിക്കുന്ന സാഹചര്യത്തിനെതിരെ വിശ്വാസികളുടെ അതിശക്തമായ പ്രതിഷേധമുണ്ടാകും. അതിൽ നിങ്ങളും നിങ്ങളുടെ മുന്നണിയും ഒലിച്ചുപോകുമെന്നാണ് ഞങ്ങൾക്ക് പറയാനുള്ളത്. വരാനിരിക്കുന്ന പാർലമെന്റ് തെരഞ്ഞെടുപ്പിൽ അത് നിങ്ങൾക്ക് കാണാൻ സാധിക്കും.

നയപ്രഖ്യാപനത്തിലെ മറ്റൊരു സംഗതി മതിലാണ്. ഞങ്ങൾ വീണ്ടും ആവർത്തിച്ചുപറയുന്നു, അത് വർഗ്ഗീയ മതിലാണ്. വർഗ്ഗീയ മതിലാണെന്ന് ഞങ്ങളുടെ പാർലമെന്ററി പാർട്ടി നേതാവ് ഡോ. എം. കെ. മുനീർ പ്രസംഗിച്ചു. ആ വർഗ്ഗീയം എന്ന പദം പ്രസംഗത്തിൽനിന്നും നിങ്ങൾ നീക്കം ചെയ്തിരിക്കുകയാണ്.

വർഗ്ഗീയം എന്നുമുതലാണ് അസഭ്യമായത് അല്ലെങ്കിൽ സഭ്യേതരമായത്; ജനാധിപത്യത്തോടുള്ള ഒരു വെല്ലുവിളിയാണ് ഈ ഭരണകൂടം ആ വാക്ക് നീക്കംചെയ്യുകവഴി ചെയ്തിട്ടുള്ളത് എന്നുകൂടി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. മതിൽ തികഞ്ഞ പരാജയമായിരുന്നില്ലേ; 50 ലക്ഷം പേർ പങ്കെടുത്തുവെന്നാണ് പറയുന്നത്. പക്ഷേ, എനിക്ക് ഒന്ന് പറയാൻ കഴിയും. ശ്രീ. പിണറായി വിജയന്റെ മതിലിന് ഒരു പ്രത്യേകതയുണ്ടായിരുന്നു, വലിയ ഗേറ്റുകളുള്ള ഒരു മതിലായിരുന്നു അത്. മതിലിൽ എവിടെയൊക്കെ ആളുണ്ടായിരുന്നു. എത്രയോ സ്ഥലങ്ങളിൽ കൈ കോർത്തുപിടിക്കാൻ ആളുണ്ടായിരുന്നില്ല. ആകെ പത്തുപന്ത്രണ്ട് ലക്ഷം പേരാണ് പങ്കെടുത്തത്. 620 കിലോമീറ്ററെന്നാൽ 620000 മീറ്റർ വരും. ഒരു മീറ്ററിൽ 2 പേർ നിന്നാൽ 1240000 പേർ മതി ആ മതിൽ ഉണ്ടാക്കാൻ. പക്ഷേ, നിങ്ങളുടെ മതിലിന്റെ സ്ഥിതി എന്തായിരുന്നു. ഞാൻ പറഞ്ഞതുപോലെ, ഗേറ്റുകൾകൊണ്ട്, ചിലയിടത്ത് മതിൽ മാലപോലെയായി, ചിലയിടത്ത് ആളുകൾ ഉണ്ടായിരുന്നില്ല. എല്ലാംകൂടി കണക്കിലെടുത്താൽ 10 ലക്ഷം പേർ ആ മതിലിൽ ഉണ്ടാകില്ല. സർക്കാർ മെഷിനറി പൂർണ്ണമായും നിങ്ങൾ ഉപയോഗപ്പെടുത്തിയില്ലേ; കുടുംബശ്രീ, ആരോഗ്യ പ്രവർത്തകർ, സർക്കാർ ഉദ്യോഗസ്ഥർ തുടങ്ങി എല്ലാവരെയും പ്രലോഭിപ്പിച്ച്, പേടിപ്പിച്ച്, ഭീഷണിപ്പെടുത്തി ഉണ്ടാക്കിയ മതിലാണത്. കുടുംബശ്രീക്കാർ മാത്രമായിരുന്നെങ്കിൽ 40 ലക്ഷം പേർ പങ്കെടുക്കണമായിരുന്നു. അപ്പോൾ ആ മതിൽ എല്ലാ അർത്ഥത്തിലും പരാജയമായിരുന്നുവെന്ന് പറയേണ്ടിവരും.

പ്രളയത്തിന്റെ കാര്യത്തെക്കുറിച്ച് ഇവിടെ എന്തൊക്കെയാണ് പറഞ്ഞത്. തകർന്ന വീടുകളിൽ പത്തിലൊന്നിന്റെ പ്രവർത്തനംപോലും നടത്താൻ ഈ സർക്കാരിന് ഇന്നേവരെ കഴിഞ്ഞിട്ടില്ല. തകർന്നുപോയത് 17000 വീടുകളാണ്. നിങ്ങൾ നിർമ്മാണം ആരംഭിച്ചത് 2000 വീടുകളുടേതാണ്. അതാണ് പത്തിലൊന്നുപോലും ആയില്ലെന്ന് ഞാൻ പറഞ്ഞത്. ഭാഗികമായി തകർന്നത് 2 ലക്ഷം വീടുകളാണ്. നിങ്ങൾ ആദ്യഗഡു കൊടുത്തത് 13000 പേർക്കാണ്. 10,000 രൂപ ലഭിക്കാത്തവർ എന്റെ നിയോജകമണ്ഡലത്തിലുണ്ട്. വീട്ടിൽ വെള്ളം കയറിയവർക്ക് 10,000 രൂപ കൊടുക്കുമെന്ന് പറഞ്ഞു. എത്രയോ പേർക്ക് ലഭിച്ചിട്ടില്ല. നിങ്ങളുടെയൊക്കെ മണ്ഡലങ്ങളിലും അത് ലഭിച്ചിട്ടില്ലെന്നറിയാം. ഇതിന്റെ പട്ടികയിൽപ്പോലും വരാത്തവർ എറണാകുളത്ത് 30239 പേരും തൃശ്ശൂരിൽ 5041 പേരുമാണുള്ളത്. ഈ പാവങ്ങൾ എവിടെ പോകണം. പ്രളയം കൈകാര്യം ചെയ്തതിലും ഗവൺമെന്റ് കനത്ത പരാജയമാണ്.

(അദ്ധ്യക്ഷ വേദിയിൽ മി. സ്പീക്കർ)

വികസനമില്ലെങ്കിലും ചെറുപ്പക്കാർക്ക് തൊഴിലില്ലെങ്കിലും ഈ സംസ്ഥാനത്ത് ബന്ധുനിയമനം അരങ്ങേറുകയാണ്. ബഹുമാനപ്പെട്ട ഞങ്ങളുടെ പഴയ സ്നേഹിതൻ ഡോ. കെ. ടി. ജലീൽ ഇപ്പോൾ സീറ്റിലില്ല. സമരംചെയ്യുന്ന കുട്ടികളൊക്കെ ശ്രദ്ധിച്ചോളൂ, നിങ്ങൾക്ക് പാസ്പോർട്ട് കിട്ടില്ല എന്നാണ് അദ്ദേഹം കുട്ടികളോട് പറയുന്നത്. അങ്ങനെ പോലീസ് കേസ് കാട്ടിയൊന്നും ഞങ്ങളെ പേടിപ്പിക്കണ്ട. വിരിമാറ് കാട്ടി വെടിയുണ്ട സ്വീകരിച്ച പാരമ്പര്യമാണ് യൂത്ത് ലീഗിനുള്ളതെന്ന് ഡോ. കെ. ടി. ജലീൽ മനസ്സിലാക്കണം. ഞങ്ങളുടെ കൂട്ടത്തിൽനിന്നും പോയതായതുകൊണ്ട് ഡോ. കെ. ടി. ജലീലിന് അത് മനസ്സിലാകുമല്ലോ; ഡി.വൈ.എഫ്.ഐ. നേതാക്കൾ ശ്രദ്ധിച്ചുകേൾക്കണം. ചട്ടം പാലിക്കാതെയാണ് ശ്രീ. കെ. ടി. അദീബിനെ നിമയിച്ചതെന്നാണ് ഈ സഭാസമ്മേളനത്തിൽ ഡോ. കെ. ടി. ജലീൽ ഒരു ചോദ്യത്തിന് നൽകിയ ഉത്തരത്തിൽ പറഞ്ഞിട്ടുള്ളത്. ചോദ്യം എന്താണ്, പൊതുമേഖലാ സ്ഥാപനത്തിലെ ഉന്നതതല നിയമനത്തിന് ദേശീയ അംഗീകാരമുള്ള വിദഗ്ദ്ധ സമിതിയുടെ ശിപാർശ ആവശ്യമാണോ; എങ്കിൽ ശ്രീ. കെ. ടി. അദീബിന്റെ നിയമനത്തിൽ പ്രസ്തുത ചട്ടം പാലിച്ചോ; ആവശ്യമാണ്, പക്ഷേ, പാലിച്ചിട്ടില്ല എന്നാണ് ഉത്തരം. എന്നിട്ടാണ് എന്നെ രാജിവയ്പ്പിക്കാൻ നിങ്ങളെക്കൊണ്ടാവില്ലെന്ന് പറയുന്നത്. രാജി എന്നുപറഞ്ഞാൽ ധാർമ്മികതയുടെ പ്രശ്നമാണ്. മന്ത്രി തെറ്റുചെയ്തെങ്കിൽ രാജി വയ്ക്കുകതന്നെ വേണം. മന്ത്രിയെ നിങ്ങൾ പ്രൊട്ടക്ട് ചെയ്യുന്നുണ്ടായിരിക്കാം. പക്ഷേ, അതുകൊണ്ട് കാര്യമുണ്ടോ; ഞാൻ ചോദിക്കട്ടെ, ഞങ്ങളുടെ സമരംകൊണ്ട് ഡോ. കെ. ടി. ജലീൽ രാജിവച്ചിട്ടില്ല. പക്ഷേ, അദ്ദേഹത്തിന് എന്തൊക്കെയോ സംഭവിച്ചിട്ടുണ്ട്. അടുത്തകാലത്ത് പൂവൻകോഴിയും പിടക്കോഴിയും അദ്ദേഹത്തിന് മാറിപ്പോയി. അളിയങ്ക വന്നാൽ സൽക്കരിക്കാൻ പൂവനെ വിട്ട് ചേക്കോഴിയെ അറുക്കുമെന്നാണ് അദ്ദേഹം പറയുന്നത്. പക്ഷേ, ചേക്കോഴിയും പൂവനും ഒന്നാണ്. പിടക്കോഴിയും പൂവൻകോഴിയുംപോലും മാറിപ്പോയി. ഇത് ഞാനല്ല പറയുന്നത്. നിരവധി ട്രോളുകളാണ് അദ്ദേഹത്തിനെതിരെ വരുന്നത്.

<u>മി. സ്പീക്കർ:</u> അളിയങ്ക അല്ല അളിയാക്ക.

<u>ശ്രീ. എൻ. ഷംസുദ്ദീൻ:</u> സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസംഗത്തിൽ അങ്ങനെയാണ് പറയുന്നത്. എനിക്കറിയാം. ഞാൻ ക്ലിയറായാണ് പറയുന്നത്.

അളിയങ്ക തന്നെയാണ്. മന്ത്രി പറഞ്ഞത് അളിയാക്ക എന്നാണ്. I repeat the same word. അതുപോലെതന്നെ, ശ്രീ. സി. പി. സുഗതൻ ഖലീഫ ഉമറാണെന്നാണ് ഡോ. കെ. ടി. ജലീൽ മന്ത്രിയുടെ പുതിയ കണ്ടുപിടുത്തം. എന്താണ് കാരണം. ശ്രീ. സി. പി. സുഗതന്റെ വിശ്വാസത്തിന് മാറ്റം വന്നു. ആദ്യം വലിയ ഫാസിസ്റ്റായിരുന്നു. ഇപ്പോൾ കമ്മ്യൂണിസ്റ്റ് അനുഭാവിയാണ്. ഖലീഫ ഉമർ അങ്ങനെയായിരുന്നു. പ്രവാചകന്റെ തല അറുക്കാൻ പോയ ആളാണ്. പിന്നീട് വിശ്വാസപക്ഷത്തേയ്ക്ക് വന്ന് ഇസ്ലാമിന്റെ രണ്ടാമത്തെ ഖലീഫയായി. അതുകൊണ്ട് ഖലീഫ ഉമറിനെപ്പോലെയാണ് ശ്രീ. സി. പി. സുഗതൻ എന്നാണ് ഡോ. കെ. ടി. ജലീലിന്റെ പുതിയ കണ്ടുപിടുത്തം. അങ്ങനെ വരികയാണെങ്കിൽ നാളെ ശ്രീ. വെള്ളാപ്പള്ളി നടേശനെ മൂന്നാം ഖലീഫയായ ഉസ്മാൻ ബിൻ അഫ്ഫാൻ ആക്കാൻ സാധ്യതയുണ്ടെന്ന് ഞാൻ വിശ്വസിക്കുകയാണ്. കാരണം, ഖലീഫ ഉസ്മാൻ വലിയ സമ്പന്നനായിരുന്നു. സമ്പത്തുകൊണ്ടാണ് പ്രവാചകനെ അദ്ദേഹം സഹായിച്ചത്. ശ്രീ. വെള്ളാപ്പള്ളി നടേശനും വലിയ സമ്പത്തുണ്ട്. സമ്പത്ത് എങ്ങനെ ഉണ്ടായി എന്നുള്ളത് വേറെ കാര്യം. പിന്നെ ഡോ. കെ. ടി. ജലീൽ സ്വർഗ്ഗത്തിലേയ്ക്ക് ടിക്കറ്റ് കൊടുക്കുകയാണ്. അതിലൊന്നും ഞങ്ങൾക്ക് ആക്ഷേപമില്ല. സ്വർഗ്ഗത്തിലേയ്ക്ക് ടിക്കറ്റ് കൊടുത്തുകൊടുത്ത് അദ്ദേഹം പറഞ്ഞു, ഈ പറഞ്ഞവരൊന്നും ഇല്ലാത്ത സ്വർഗ്ഗത്തിലേയ്ക്ക് ഞാൻ വരുന്നില്ലെന്ന്. പക്ഷേ, അതിൽ എനിക്ക് ഒരു വിഷമമേയുള്ളൂ. അദ്ദേഹത്തെ ഒരുപാട് സഹായിച്ച ആളാണ് നമ്മുടെ മുഖ്യമന്ത്രി. ഡോ. കെ. ടി. ജലീൽ ഒരുപാട് ആളുകൾക്ക് സ്വർഗ്ഗത്തിലേയ്ക്ക് ടിക്കറ്റ് കൊടുത്തപ്പോൾ ശ്രീ. പിണറായി വിജയന് ടിക്കറ്റ് കൊടുത്തില്ലെന്നത് വലിയ നന്ദികേടായിപ്പോയി എന്നാണ് എനിക്ക് പറയാനുള്ളത്. കാരണം, എല്ലാ പ്രയാസങ്ങളിലും പ്രതിബന്ധങ്ങളിലും ശ്രീ. പിണറായി വിജയന്റെ സഹായം ഉണ്ടായതുകൊണ്ടാണ് ഡോ. കെ. ടി. ജലീൽ ഇപ്പോഴും മന്ത്രിയായിരിക്കുന്നത്. വളരെ കൃത്യമായി, വ്യക്തമായി ബന്ധുനിയമനം നടത്തിയ ശ്രീ. ഇ. പി. ജയരാജന് കിട്ടാത്ത സാഹചര്യം ഡോ. കെ. ടി. ജലീലിന് കൊടുത്തുവെങ്കിൽ അത് ശ്രീ. പിണറായി വിജയൻ നൽകിയ സൗഭാഗ്യമാണ്. എന്നിട്ട് ശ്രീ. പിണറായി വിജയൻ സ്വർഗ്ഗത്തിൽ ഉണ്ടാകില്ലെന്നാണ് ഡോ. കെ. ടി. ജലീൽ പറയുന്നതെങ്കിൽ അത് മോശമായിപ്പോയി. നയപ്രഖ്യാപനത്തിൽ വിട്ടുപോയ കുറെ കാര്യങ്ങളുണ്ട്. കേരളീയർക്ക് കുടിച്ച്തിമിർക്കാൻ മദ്യം നിർമ്മിക്കുന്ന ബ്രൂവറികളും ഡിസ്റ്റിലറികളും ഞങ്ങൾ ഉണ്ടാക്കിയിട്ട് ദോഷൈകദൃക്കുകളായ പ്രതിപക്ഷം അവയെല്ലാം എതിർത്തുകാരണം അതുണ്ടാക്കാൻ സാധിച്ചില്ലെന്ന ഒരു വരികൂടി ഈ നയപ്രഖ്യാപനത്തിൽ വേണ്ടതായിരുന്നു. സി.പി.ഐ.(എം.)-ന്

ഇപ്പോൾ വലിയ ന്യൂനപക്ഷ പ്രേമമാണ്. ന്യൂനപക്ഷ പ്രേമത്തിന്റെ പേരാമ്പ്ര മോഡൽ ഞങ്ങൾ ഇവിടെ ഓർമ്മിപ്പിക്കുകയാണ്. പേരാമ്പ്രയിലെ ജൂമാ മസ്ജിദിന് കല്ലെറിഞ്ഞപ്പോൾ പിടിക്കപ്പെട്ടത്....(ബഹളം..) എന്തിനാണ് നിങ്ങൾ ബഹളമുണ്ടാക്കുന്നത്, പിടിക്കപ്പെട്ടത് സി.പി.ഐ.(എം) ബ്രാഞ്ച് സെക്രട്ടറിയും ഡി.വൈ.എഫ്.ഐ. പ്രവർത്തകരുമാണ്. ശ്രീ. രമേശ് ചെന്നിത്തലയുടെ പോലീസല്ല അവരെ പിടികൂടിയത്, ഇടതുപക്ഷ സർക്കാരിന്റെ നിയന്ത്രണത്തിലുള്ള പോലീസാണ്. അവിടെയൊരു സാമുദായിക കലാപമുണ്ടാക്കാൻ വേണ്ടിയുള്ള ശ്രമമായിരുന്നു നിങ്ങളുടേത്. മുമ്പും ഇത്തരം പ്രവൃത്തികൾ സി.പി.ഐ.(എം) നടത്തിയിട്ടുണ്ട്.

<u>മി. സ്പീക്കർ</u>: പ്ലീസ് കൺക്ലൂഡ്...

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ....(ബഹളം...) നിങ്ങൾ ഇങ്ങനെ ബഹളമുണ്ടാക്കരുത്. ഞാൻ അവസാനിപ്പിക്കുകയാണ് അതുകൊണ്ട് ഈ നയപ്രഖ്യാപനത്തെ....

<u>മി. സ്പീക്കർ</u>: ശ്രീ. എം. സ്വരാജ്, അദ്ദേഹം പറഞ്ഞ് അവസാനിപ്പിക്കാൻ പോകുകയാണ്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, എന്റെ സംസാരം അവസാനിപ്പിക്കാൻ അനുവദിക്കൂ. ഇന്ത്യ, ഒരു മതേതര ചേരിക്ക് വലിയ ആത്മവിശ്വാസം നൽകുന്ന ഒരു ഘട്ടത്തിലാണ്. ഒരു പൊതു തെരഞ്ഞെടുപ്പിലേയ്ക്ക് കടക്കുന്ന അവസരത്തിൽ രാജ്യത്തെ ഫാസിസ്റ്റുകളും മതേതര വിശ്വാസികളും തമ്മിൽ രണ്ട് ചേരിയിലായി ഒരു പോരാട്ടം നടക്കുമ്പോൾ സുഹൃത്തുക്കളേ, നിങ്ങൾ ഏത് ചേരിയിലാണ് നിൽക്കുന്നത്? നിങ്ങൾ രണ്ട് ചേരിയിലും ഇല്ല. കോഴി അയയിന്മേൽ കയറിയതുപോലെ ചാഞ്ചാടുകയാണ്. നിങ്ങൾ രണ്ട് ചേരിയിലും ഇല്ല. അതുകൊണ്ട് ആ ഒരു നല്ല പോരാട്ടത്തിലേയ്ക്ക്, ഇന്ത്യയെ ഫാസിസ്റ്റുകളുടെ കയ്യിൽനിന്നും രക്ഷിക്കാനുള്ള പോരാട്ടത്തിൽ കേരളവും പങ്കാളിയാകും. ഇരുപത് പാർലമെന്റ് സീറ്റിലും യു.ഡി.എഫ്.-ന്റെ ഉജ്ജ്വലമായ മുന്നേറ്റമുണ്ടാകുമെന്ന പ്രതീക്ഷയോടുകൂടി ഈ നന്ദിപ്രമേയത്തെ ഒരിക്കൽക്കൂടി എതിർത്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. ആർ. രാജേഷ്</u>: സർ, ഗവർണറുടെ നയപ്രഖ്യാപനത്തെയും പ്രമേയത്തെയും ഞാൻ പരിപൂർണ്ണമായി അനുകൂലിക്കുന്നു. കഴിഞ്ഞ അഞ്ച് വർഷം, അതായത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് അധികാരത്തിൽ വരുന്നതിനുമുമ്പ് വാഗ്ദാന ലംഘനത്തിന്റെ അഞ്ചുവർഷമായിരുന്നു

കേരളത്തിലുണ്ടായിരുന്നത്. ദേശീയ പാതയിലൂടെ സഞ്ചരിക്കുമ്പോൾ ഫ്ലക്സ് ബോർഡുകൾ കാണാൻ കഴിയും, സർക്കാർ ഒപ്പമുണ്ട് എന്നത് യു.ഡി.എഫ്.-ന്റെ തെരഞ്ഞെടുപ്പുകാലത്തെ വാഗ്ദാനമായിരുന്നു. ആർക്കൊപ്പമായിരുന്നു സർക്കാർ? അഴിമതിക്കാർക്കും തട്ടിപ്പുകാർക്കും ഭൂമാഫിയകൾക്കും വിദ്യാഭ്യാസ കച്ചവടക്കാർക്കും ഒപ്പമായിരുന്നു യു.ഡി.എഫ്. ഗവൺമെന്റ്. ഈ സർക്കാർ അങ്ങനെയല്ല പാവപ്പെട്ടവർക്കൊപ്പമാണ്. ഈ നാടിന്റെ ഗവൺമെന്റായി ശ്രീ. പിണറായി വിജയൻ നേതൃത്വം കൊടുക്കുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് മാറിയിരിക്കുകയാണ്. അഴിമതിയെക്കുറിച്ച് ഞാൻ ഒരു ഉദാഹരണം പറയുകയാണ്. ശ്രീ. എൻ. ഷംസുദ്ദീൻ വളരെ വാചാലമായി ഇവിടെ സംസാരിച്ചു. നിങ്ങളുടെ ഭരണസമയത്ത് പൊതുമരാമത്ത് വകുപ്പ് കൈകാര്യം ചെയ്തിരുന്നത് മുസ്ലീം ലീഗായിരുന്നു. പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി എത്ര വീടുകളാണ് വച്ചത്? വകുപ്പ് നിങ്ങൾ കയ്യാളുമ്പോൾ കോടികൾ വിലമതിക്കുന്ന വീടുകൾ വാങ്ങിക്കൂട്ടാൻ പൊതുമരാമത്ത് സെക്രട്ടറിക്ക് എങ്ങനെയാണ് കഴിഞ്ഞത്? അന്ന് പൊതുമരാമത്ത് വകുപ്പിനെ കച്ചവട കേന്ദ്രമായി മുസ്ലീം ലീഗ് മാറ്റി. ഞങ്ങൾ നിങ്ങളോട് ചോദിക്കുകയാണ്, കഴിഞ്ഞ രണ്ടര വർഷത്തിനുള്ളിൽ പൊതുമരാമത്ത് വകുപ്പിനെപ്പറ്റി ഒരഴിമതിയുടെ കഥയെങ്കിലും ചൂണ്ടിക്കാണിക്കാൻ സാധിക്കുമോ? ഞങ്ങൾ നിങ്ങളെ വെല്ലുവിളിക്കുകയാണ്. ആ നിലയിൽ സുതാര്യമായി കേരളത്തിലെ ഭരണസംവിധാനത്തെ മുന്നോട്ടുകൊണ്ടുപോകുവാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് കഴിഞ്ഞു. നിങ്ങൾ വനിതാ മതിലിനെ ആക്ഷേപിച്ചുകൊള്ളൂ, നിങ്ങൾ ആക്ഷേപിക്കുന്തോറും കരുത്താർജ്ജിക്കുന്ന, ഞങ്ങൾ പ്രതീക്ഷിച്ചതിനേക്കാൾ പിന്തുണ കിട്ടിയ മതിലായി വനിതാ മതിൽ മാറി. മലപ്പുറം ജില്ലയിൽ ശ്രീ. എൻ. ഷംസുദ്ദീന്റെ പാർട്ടി, നിങ്ങൾക്ക് പിന്തുണ നൽകുന്ന 'സമസ്ത' ആഹ്വാനം ചെയ്തത് വനിതാ മതിലിൽ ഒരു മുസ്ലീം ലീഗുകാരൻപോലും പങ്കെടുക്കാൻ പാടില്ലെന്നാണ്. മുസ്ലീം ലീഗ് കേന്ദ്രങ്ങളെ അമ്പരപ്പിച്ചുകൊണ്ട് കേരളത്തിലെ തെരുവുകളിൽ തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ അൻപത് ലക്ഷം ആളുകളുണ്ടായിരുന്നു. അൻപത് ലക്ഷം സ്ത്രീകൾ അതിൽ പങ്കാളിയായി. കേരളത്തിലെ വലതുപക്ഷ മാധ്യമങ്ങൾപോലും പിന്തുണച്ചുവെന്ന് എഴുതിയിരുന്നു. കേരളത്തിലെ അപൂർവ്വം സ്ഥലത്തുമാത്രം തെളിയിച്ച ഒരു അയ്യപ്പ ജ്യോതിയെ എന്തുകൊണ്ട് മുസ്ലീം ലീഗുകാർ ആക്ഷേപിക്കുന്നില്ല? ആർ.എസ്.എസ്. സംഘടിപ്പിച്ച അയ്യപ്പ ജ്യോതിയിൽ തീരുമാനിക്കപ്പെട്ട ആളില്ലെന്ന് ഇന്നുവരെ മുസ്ലീം ലീഗ് പറഞ്ഞിട്ടുണ്ടോ? ആർ.എസ്.എസ്.-ന്റെ മുന്നിൽ മൗനമായി നിൽക്കുന്ന പാർട്ടിയായി മുസ്ലീം ലീഗ്

മാറി. ഞാൻ ഒരു കാര്യം ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നത്, ഇന്ന് കേരളത്തിലെ ആർ.എസ്.എസ്. ഏറ്റവും കൂടുതൽ പ്രചരിപ്പിക്കുന്ന വീഡിയോയിലൂടെയുള്ള പ്രസംഗം ആരുടേതാണ്? അത് ശ്രീ. കെ. എൻ. എ. ഖാദറിന്റേതാണ്. ആചാര ലംഘനം ശ്രീ. കെ. എൻ. എ. ഖാദർ ഇന്നും നടത്തിയിട്ടില്ല. ഇന്നും അദ്ദേഹത്തിന്റെയും ശ്രീ. എൻ. ഷംസുദ്ദീന്റെയും പ്രസംഗം സംഘ്പരിവാറിനുവേണ്ടിയായിരുന്നു. 2019-ലെ പാർലമെന്റ് തെരഞ്ഞെടുപ്പിനെപ്പറ്റി ശ്രീ. എൻ. ഷംസുദ്ദീന് ഒരു ബേജാറും വേണ്ട, ഇടതുപക്ഷ ജനാധിപത്യ മുന്നണി 2004 ആവർത്തിക്കാൻ പോകുന്ന തെരഞ്ഞെടുപ്പാണ് 2019-ലേത്. നിങ്ങൾ തെരഞ്ഞെടുപ്പ് അടുക്കുമ്പോൾ കള്ളക്കഥകൾ പറയും. നബീസുവിനെ ബലാത്സംഗം ചെയ്തുവെന്ന് പറഞ്ഞ കള്ളക്കഥ കേരളത്തിന്റെ മണ്ണിൽ അഴിച്ചുവിട്ടത് മുസ്ലീം ലീഗുകാരാണ്. ഇന്ന് നിങ്ങൾക്ക് പറയാൻ സാധിക്കുമോ അങ്ങനെയൊരു ആരോപണം ശരിയായിരുന്നുവെന്ന്? പോലീസും കോടതിയും വെറുതെ വിട്ടിട്ടും നിങ്ങൾ മുസ്ലീം ലീഗുകാർ ബിനുവിനെ അരുംകൊല ചെയ്തില്ലേ? ഒരു കള്ളക്കഥ പ്രചരിപ്പിച്ച്, ഒരു തെരഞ്ഞെടുപ്പ് ജയിക്കാൻ എന്തുംചെയ്യുന്ന ലീഗുകാർ, ഇപ്പോൾ പേരാമ്പ്ര പള്ളി ആക്രമിച്ചുവെന്ന് പറയുകയാണ്. ഞങ്ങൾക്ക് ഒരു കാര്യത്തിൽ സന്തോഷമുണ്ട്, ആദ്യം ബോംബാണ് എറിഞ്ഞതെന്നും ഇപ്പോൾ ബോംബ് മാറി കല്ലെന്ന് പറഞ്ഞു. ഇനി ഇല്ലാത്ത തരത്തിലേയ്ക്ക് അത് മാറും. നിങ്ങൾ കള്ളക്കഥ പറയുകയാണ്. നിങ്ങളുടെ നേതാവായ ശ്രീ. നജീബ് പറഞ്ഞത് ബോംബെറിഞ്ഞെന്നാണ്.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, ശ്രീ. ആർ. രാജേഷ് വളരെ മാന്യമായി സംസാരിക്കുന്ന നല്ല ചെറുപ്പക്കാരനാണ്. ഇവിടെ ഇപ്പോൾ ഇങ്ങനെ തർക്കം നടത്തിയിട്ട് കാര്യമുണ്ടോ? കേന്ദ്രത്തിൽ നിങ്ങൾ ചെന്നാലും ഇവർ ചെന്നാലും ഒരാൾക്ക് പിന്തുണ കൊടുക്കണം. പിന്നെ എന്തിനാണ് വഴക്കുണ്ടാക്കുന്നത്?

<u>മി. സ്പീക്കർ</u>: ശ്രീ. ആർ. രാജേഷ്, വഴങ്ങിയാൽ അങ്ങയുടെ സമയമായിരിക്കും നഷ്ടമാകുന്നത്.

<u>ശ്രീ. ആർ. രാജേഷ്</u>: സർ, അങ്ങനെയല്ല, റിസോർട്ടിൽ അടയ്ക്കപ്പെടുന്ന ഒരു എം.എൽ.എ.-യും ഇടതുപക്ഷത്തിന്റെ ഭാഗമായി ജയിച്ച് പോകുന്നില്ല. ഞങ്ങൾ കേരളത്തോട് തുറന്നുപറഞ്ഞതാണ്. ഇടതുപക്ഷത്തിന്റെ ഭാഗമായ ഒരു എം.എൽ.എ.-യേയും ബി.ജെ.പി. പാളയത്തിലേയ്ക്ക് പോകുമെന്ന കാരണത്താൽ റിസോർട്ടിൽ അടയ്ക്കേണ്ടിവരില്ല. നിങ്ങൾ ജയിച്ചാലും ഞങ്ങൾ ജയിച്ചാലും ഒരുപോലെയാണോ? അങ്ങനെ ബി.ജെ.പി.-യിലേയ്ക്ക് പോയ ആറുപേരുടെ

പേരുകൾ ഞാൻ ശ്രീ. പി. സി. ജോർജിനുവേണ്ടി വായിക്കാം. മൂന്നുതവണ കോൺഗ്രസ് മുഖ്യമന്ത്രിയായിരുന്ന ശ്രീ. എൻ. ഡി. തിവാരി, കോൺഗ്രസ്സിന്റെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. എസ്. എം. കൃഷ്ണ, അഞ്ച് തവണ എം.എൽ.എ.-യും മൂന്നുതവണ മന്ത്രിയുമായിരുന്ന ശ്രീ. ചൗധരി ബിരേന്ദർ സിംഗ്, ഇന്ന് നരേന്ദ്ര മോദി മന്ത്രിസഭയിലെ മന്ത്രിയാണ്. നാലുതവണ എം.എൽ.എ.-യും മൂന്നുതവണ മന്ത്രിയും രണ്ടുതവണ എം.പി.-യുമായിരുന്ന ശ്രീ. റാവു ഇന്ദ്രജിത് സിംഗ്, അദ്ദേഹവും ഇന്ന് നരേന്ദ്ര മോദി മന്ത്രിസഭയിലെ മന്ത്രിയാണ്. യു.പി.-യിലെ പി.സി.സി. പ്രസിഡന്റായിരുന്ന ശ്രീമതി റീത്താ ബഹുഗുണ, ഇന്ന് ശ്രീ. യോഗി ആദിത്യനാഥ് മന്ത്രിസഭയിലെ മന്ത്രിയാണ്. മുൻ മുഖ്യമന്ത്രിയും മുൻ കേന്ദ്ര മന്ത്രിയുമായിരുന്ന ശ്രീ. ജഗദാംബികാ പാൽ അദ്ദേഹവും ഇന്ന് ബി.ജെ.പി.-യിലെ അംഗമാണ്. മുൻ മുഖ്യമന്ത്രിയുടെ മകനും രണ്ടുതവണ എം.പി.-യുമായ ശ്രീ. വിജയ് ബഹുഗുണയും ഇപ്പോൾ ബി.ജെ.പി.-യിലെ അംഗമാണ്., ഇത്രയുംകൊണ്ടും തീരുന്നില്ല. മുൻ കേന്ദ്രമന്ത്രിയായിരുന്ന സത്പാൽ മഹാരാജ്, അഞ്ചുതവണ എം.പി.-യും മുൻ കേന്ദ്രമന്ത്രിയും ഇപ്പോഴത്തെ ഗവർണറുമായ ശ്രീമതി നജ്മാ ഹെപ്തുള്ള, ബി.ജെ.പി. ഗവൺമെന്റ് നിയോഗിച്ച ഗവർണറാണ്, ഇപ്പോൾ ബി.ജെ.പി. മന്ത്രിസഭയിലെ മന്ത്രിയായ ഹിമാന്ത ബിശ്വ ശർമ്മ, ഇങ്ങനെ പോകുന്നു ലിസ്റ്റ്.

ഞങ്ങൾ ജയിച്ചാലും നിങ്ങൾ ജയിച്ചാലും ഒരുപോലെയാണോ? നിങ്ങളുടെ ഇരട്ടച്ചങ്കൻ എന്ന് വിശേഷിപ്പിക്കുന്ന സിദ്ധരാമയ്യ മംഗലാപുരത്തും കർണ്ണാടകയിലും കോൺഗ്രസ് എം.എൽ.എ.-മാരെ എന്തിനാണ് റിസോർട്ടിൽ ഒളിപ്പിച്ചത്? അതിന്റെ ഉത്തരം മുസ്ലീം ലീഗ് പറയണം. നിങ്ങൾ യുദ്ധം ജയിക്കാനാണല്ലോ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയെ ഇന്ത്യൻ പാർലമെന്റിലേയ്ക്കയച്ചത്. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി യുദ്ധം ജയിക്കാൻ പോയി. പക്ഷേ, ഇന്ത്യൻ പാർലമെന്റിൽ മുത്തലാഖ് ചർച്ച നടക്കുമ്പോൾ ബിരിയാണിച്ചെമ്പിന് കാവൽ നിൽക്കണോ; അതോ ഇന്ത്യൻ പാർലമെന്റിലേയ്ക്ക് പോയി അവിടെ മുത്തലാഖ് ചർച്ചയിൽ പങ്കെടുക്കണമോ? ഏതാണ് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി തീരുമാനിച്ചതെന്ന് ശ്രീ. എൻ. ഷംസുദ്ദീൻ മറുപടി പറയണം.

മി. സ്പീക്കർ: ശ്രീ. ആർ. രാജേഷ് വഴങ്ങിയാൽ അങ്ങയുടെ സമയം നഷ്ടമാകും. അദ്ദേഹത്തിന്റെ സമയം നഷ്ടപ്പെടുത്തിക്കൊണ്ട് വഴങ്ങുകയാണെങ്കിൽ വഴങ്ങിക്കൊള്ളട്ടെ. ആരും സമയം തിരിച്ച് തരില്ല. അങ്ങ് തുടർന്നാൽ മതി.

ശ്രീ. ആർ. രാജേഷ്: സർ, 2019-ലെ തെരഞ്ഞെടുപ്പിനെപ്പറ്റി മുസ്ലീം ലീഗും കോൺഗ്രസ്സും ആശങ്കപ്പെടേണ്ടതില്ല. ശ്രീ. പി. കെ. ബഷീറേ, 2019-ലെ തെരഞ്ഞെടുപ്പിൽ ഞങ്ങൾ വോട്ട് ചോദിക്കുന്നത് രാമക്ഷേത്രത്തിന്റെയോ ശബരിമലയുടെയോ പേര് പറഞ്ഞിട്ടല്ല. ഞങ്ങൾ വോട്ട് ചോദിക്കുന്നത് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് രണ്ടര വർഷം നടത്തിയ സമാനതകളില്ലാത്ത വികസന പ്രവർത്തനങ്ങൾ അക്കമിട്ട് പറഞ്ഞുകൊണ്ടാണ്. ഞങ്ങൾക്ക് കോൺഗ്രസ് പാർട്ടിയോട് പറയാനുള്ളത്, കോൺഗ്രസ് പാർട്ടി...(ബഹളം).... എനിക്ക് പ്രൊട്ടക്ഷൻ നൽകണം. ഇങ്ങനെ സംസാരിക്കാൻ പാടില്ല.

മി. സ്പീക്കർ: അങ്ങേയ്ക്ക് എല്ലാ പ്രൊട്ടക്ഷനും അനുവദിക്കുന്നു. അങ്ങ് തുടർന്നാലും.

ശ്രീ. ആർ. രാജേഷ്: സർ, കോൺഗ്രസ് പാർട്ടി ബി.ജെ.പി.-യുടെ 'ബി' ടീമായി മാറരുത്. വരാൻ പോകുന്ന പാർലമെന്റ് തെരഞ്ഞെടുപ്പിൽ ആരെ തെരഞ്ഞെടുക്കണമെന്ന് കേരളത്തിലെ മതനിരപേക്ഷവാദികൾക്ക് അറിയാം. നിങ്ങളുടെ നേതാവായ തിരുവിതാംകൂർ ദേവസ്വം ബോർഡ് മുൻ പ്രസിഡന്റായിരുന്ന ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ പറഞ്ഞില്ലേ ബി.ജെ.പി.-യുടെ ആളുകൾ അദ്ദേഹത്തെ സ്ഥാനാർത്ഥിയാക്കാൻവേണ്ടി സ്വാധീനിക്കാൻ വന്നിട്ടുണ്ടെന്ന്. അത് എന്തുകൊണ്ടാണെന്ന് ഈ നാടിന് ബോധ്യമാണ്. ആർക്കും സ്വാധീനിക്കാൻ കഴിയുന്ന പാർട്ടിയായി കോൺഗ്രസ് മാറുകയാണ്. കോൺഗ്രസിന്റെ പ്രധാനപ്പെട്ട നേതാക്കന്മാർ, അവർക്ക് എല്ലാത്തിനുമുള്ള സ്വാതന്ത്ര്യം അനുവദിക്കുകയാണ്. കൊടിപിടിക്കാതെ, നാമജപ ഘോഷയാത്രയിൽ പങ്കെടുക്കാൻ നിങ്ങൾ സ്വാതന്ത്ര്യം കൊടുക്കുമ്പോൾ നിങ്ങൾ സ്വീകരിക്കുന്ന മൃദുഹിന്ദുത്വ സമീപനത്തിന്റെ ഭാഗമായി നിങ്ങളുടെ അണികൾ ഏതാണ് ഏറ്റെടുക്കേണ്ടത്? നിങ്ങളുടെ മൃദുഹിന്ദുത്വമാണോ അതോ ബി.ജെ.പി.-യുടെ തീവ്രഹിന്ദുത്വമാണോ ഏറ്റെടുക്കേണ്ടത്. നിങ്ങൾ കൊടിപിടിക്കാതെ നാമജപ ഘോഷയാത്രയിൽ പങ്കെടുക്കാൻ അനുവാദം കൊടുക്കുമ്പോൾ കോൺഗ്രസ് പാർട്ടിയുടെ നേതാക്കന്മാരും അണികളും ആ തീവ്ര ഹിന്ദുത്വം സ്വീകരിച്ചുകൊണ്ട് ബി.ജെ.പി.-യിലേയ്ക്കാണ് പോകാറുള്ളത്. ഈ നാടിന്റെ മതനിരപേക്ഷത നമുക്ക് കാത്തുസൂക്ഷിക്കേണ്ടതായിട്ടുണ്ട്. മുഖ്യമന്ത്രി പറഞ്ഞതുപോലെ കേരളത്തിന്റെ മണ്ണിലേയ്ക്ക് ഒരു 'ദേശാടനപ്പക്ഷി' കടന്നുവന്ന് ഇവിടത്തെ മതനിരപേക്ഷതയെ അപകടപ്പെടുത്താൻ ശ്രമിക്കുമ്പോൾ റിസോർട്ടിൽ

അടയ്ക്കപ്പെടാത്ത ഇരുപത് എം.പി.-മാർ ബി.ജെ.പി.-ക്ക് വിരുദ്ധമായി ഇന്ത്യൻ പാർലമെന്റിലുണ്ടാകാൻ 2019-ൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് വോട്ട് രേഖപ്പെടുത്തേണ്ടതുണ്ടെന്ന് കേരളത്തിലെ ജനങ്ങൾക്കറിയാം. ഞാൻ മറ്റ് വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഒട്ടേറെ വികസന പ്രവർത്തനങ്ങളാണ് നടത്തുന്നത്. അഴിമതി ഏറ്റവും കുറവുള്ള സംസ്ഥാനം, മികച്ച ക്രമസമാധാനം, വർഗ്ഗീയ കലാപം ഇല്ലാത്ത സംസ്ഥാനം, ഏറ്റവും മികച്ച പൊതുവിദ്യാഭ്യാസ രംഗം, മികച്ച ആരോഗ്യ പരിപാലനം, മികച്ച വയോജന സംരക്ഷണം, തുടങ്ങി നിരവധി അവാർഡുകൾ ലഭ്യമായി. അവാർഡുകളിൽ അഭിരമിക്കുന്നവരോ അവാർഡുകളിൽ മതിമറക്കുന്നവരോ അല്ല ഞങ്ങൾ ഇടതുപക്ഷക്കാർ. ഞങ്ങളുടെ കർത്തവ്യം ഞങ്ങൾക്ക് ബോധ്യമാകുന്നുണ്ട്. ഈ നാട് ഒരു പ്രതിസന്ധിയുടെ ഘട്ടത്തിലേയ്ക്ക് വരുമ്പോൾ ആരാണ് ഈ നാടിനോടൊപ്പം നിൽക്കുന്നതെന്ന് പരിശോധിച്ചാൽ അത് ഇടതുപക്ഷമാണെന്ന് മനസ്സിലാകും.

3.00 PM]

ഞങ്ങൾ സംഘടിപ്പിച്ച വനിതാ മതിൽ കേവലമൊരു മതിൽ മാത്രമല്ല, നമ്മുടെ നാടിന്റെ നവോത്ഥാന മുന്നേറ്റങ്ങളെ മുന്നോട്ടുകൊണ്ടുപോകുന്നതിന് വേണ്ടിയുള്ള ചരിത്രപരമായ ഉത്തരവാദിത്വമാണ് ഇടതുപക്ഷം നിർവ്വഹിച്ചത്. കഴിഞ്ഞ രണ്ടര വർഷം സ്ത്രീകൾക്കുവേണ്ടി കേരളത്തിൽ ഒട്ടേറെ ശ്രദ്ധേയമായ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കുമായി പ്രത്യേക വകുപ്പ്, സ്ത്രീശാക്തീകരണത്തിനും ലിംഗ വിവേചനം തടയുന്നതിനും വിവിധ പദ്ധതികൾ, നിർഭയ പദ്ധതി കൂടുതൽ ജനകീയമാക്കൽ, സ്ത്രീകൾക്കുവേണ്ടി മിത്ര 181 ഹെൽപ്പ്ലൈൻ പദ്ധതി, ലൈംഗികാതിക്രമ കേസ്സുകളിൽ കുറ്റമറ്റ തെളിവ് ശേഖരണത്തിന് ആശുപത്രികൾക്ക് SAFE (Sexual Assualt Forensic Evidence) കിറ്റുകൾ, സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങളിൽ കർശന നടപടി, നടി ആക്രമിക്കപ്പെട്ട കേസിലെ കുറ്റവാളികളെ നിയമത്തിന് മുന്നിൽ കൊണ്ടുവന്നു, സാമൂഹ്യ മാധ്യമങ്ങളിൽ സ്ത്രീകളെ അപകീർത്തിപ്പെടുത്തുന്നവർക്കെതിരെ ശക്തമായ നിയമ നടപടി, സ്ത്രീ സുരക്ഷയ്ക്ക് സംസ്ഥാനത്തെ 8 നഗരങ്ങളിൽ പിങ്ക് പട്രോൾ, നിർഭയ പദ്ധതി, 10 ലക്ഷം സ്ത്രീകൾക്ക് സ്വയം പ്രതിരോധ പദ്ധതി, എല്ലാ പോലീസ് സ്റ്റേഷനുകളിലും വനിതാ ഹെൽപ്പ് ഡെസ്കുകൾ, 24 മണിക്കൂറും പ്രവർത്തിക്കുന്ന വനിതാ ഹെൽപ്പ് ലൈനുകൾ, ഷീ ടാക്സി, പിങ്ക് ഓട്ടോ, ഷീ ഓട്ടോ

തുടങ്ങി വനിതകൾക്ക് സുരക്ഷിത യാത്രാ സൗകര്യങ്ങൾ, ജിഷ കേസ്സിലടക്കം പ്രതികൾക്ക് വധശിക്ഷ കൊടുക്കുന്ന നിലയിലുള്ള കേരള പോലീസിന്റെ ഇടപെടൽ എന്നിവ നടപ്പിലാക്കി. ഈ നിലയിൽ സ്ത്രീകൾക്ക് സുരക്ഷിതമായും സ്വതന്ത്രമായും നിർഭയമായും ജീവിക്കാൻ കഴിയുന്നൊരു നാടാക്കി രണ്ടര വർഷംകൊണ്ട് കേരളത്തെ മാറ്റിക്കൊണ്ടാണ് വനിതാ മതിൽ ഇവിടെ സംഘടിപ്പിച്ചത്. വനിതാ മതിലിൽ 50 ലക്ഷം സ്ത്രീകൾ പങ്കെടുത്തു. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഭാഗമായുള്ളവർ മാത്രമല്ല, യു.ഡി.എഫ്.-ന്റെയും മറ്റ് വ്യത്യസ്ത രാഷ്ട്രീയ നിലപാട് സ്വീകരിക്കുന്നവരുമായ നിരവധി സ്ത്രീകൾ അതിന്റെ ഭാഗമായി പങ്കെടുത്തു. ഈ സർക്കാരും അതിന്റെ ഭരണ സംവിധാനങ്ങളും സ്ത്രീകൾക്കൊപ്പമാണ് എന്ന തീവ്രമായ വിശ്വാസത്തിന്റെ ഭാഗമായിട്ടാണ് അവരെല്ലാം വനിതാ മതിലിൽ പങ്കെടുത്തത്.

കേരള ഗവൺമെന്റ് സമാനതകളില്ലാത്ത വികസന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയാണ്. പൊതുവിദ്യാഭ്യാസ മേഖലയിൽ ഒന്നേകാൽ ലക്ഷം കുട്ടികളാണ് കേരളത്തിലെ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പഠനം അവസാനിപ്പിച്ച് കേരളത്തിന്റെ പൊതുവിദ്യാഭ്യാസ രംഗത്തേയ്ക്ക് കടന്നുവന്നത്. ആർദ്രം പദ്ധതിയിലൂടെ ആരോഗ്യ മേഖലയിൽ 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ഫാമിലി ഹെൽത്ത് സെന്ററുകളാക്കി (കുടുംബാരോഗ്യ കേന്ദ്രങ്ങൾ) മാറ്റി. 500 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾകൂടി ഈ സർക്കാരിന്റെ കാലത്ത് ഫാമിലി ഹെൽത്ത് സെന്ററുകളാക്കി മാറ്റുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയാണ്. ഡയാലിസിസ് സെന്റർ, കാത്ത് ലാബുകൾ, മെഡിക്കൽ കോളേജ് മുതൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ വരെ ശക്തിപ്പെടുത്തി ഒരു നാടിന്റെ ആരോഗ്യ സംവിധാനത്തെ നല്ല നിലയിൽ മുന്നോട്ടുകൊണ്ടുപോകാനാവശ്യമായ നടപടി സ്വീകരിച്ചു. ലോകത്തിന്റെ ഏത് കോണിലായിരുന്നെങ്കിലും നിപ പോലെയുള്ള ഒരു ഭീകര വൈറസ് കടന്നുവരുമ്പോൾ പ്രതിരോധിക്കാൻ അമ്പരന്ന് നിൽക്കുന്നൊരു ഭരണ സംവിധാനമായിരിക്കും ഉണ്ടാവുക. പക്ഷേ കേരള ഗവൺമെന്റ് സമാനതകളില്ലാതെ പ്രവർത്തിക്കുകയും നിപയെ പ്രതിരോധിക്കുകയും ചെയ്തു.

പ്രളയത്തിന്റെ ഭാഗമായി ഈ സർക്കാർ എന്താണ് ചെയ്തതെന്ന് ചോദിക്കുകയുണ്ടായി. 14 ലക്ഷം കുടുംബങ്ങളാണ് ദുരിതാശ്വാസ ക്യാമ്പിൽ ഉണ്ടായിരുന്നത്. 7.15 ലക്ഷം കുടുംബങ്ങൾക്ക് കിറ്റ് കൊടുത്തു. 6.87 ലക്ഷം കുടുംബങ്ങൾക്ക് 10,000 രൂപ വീതവും 3.26 ലക്ഷം കുടുംബങ്ങൾക്ക് ഭക്ഷ്യധാന്യ കിറ്റും വിതരണം ചെയ്തു. വീട് നിർമ്മാണത്തെ സംബന്ധിച്ച്, 15 ശതമാനം വരെ

കേടുപാടുണ്ടായ 127788 വീടുകളിൽ 81923 വീടുകൾക്ക് 10,000 രൂപ വീതവും 16 ശതമാനം മുതൽ 29 ശതമാനം വരെ കേടുപാടുകൾ സംഭവിച്ച വീടുകളിൽ 32242 വീടുകൾക്ക് 60,000 രൂപ വീതവും 30 മുതൽ 59 ശതമാനം വരെ കേടുപാട് സംഭവിച്ച വീടുകളിൽ 34346 വീടുകൾക്കും 60 മുതൽ 74 ശതമാനം വരെ കേടുപാടുകൾ സംഭവിച്ച വീടുകളിൽ 2754 വീടുകൾക്കും തുക കൊടുത്തു. പ്രളയകാലത്ത് കെ.പി.സി.സി. ചെയ്തുകൊടുക്കുമെന്ന് പറഞ്ഞ ആയിരം വീടുകളുടെ കാര്യം എന്തായി? അത് പണിയാനല്ലെന്ന് നിങ്ങൾക്കും ഞങ്ങൾക്കും ജനത്തിനുമറിയാം. നിങ്ങൾ വെറുതെ പറഞ്ഞതാണ്. പക്ഷേ ഇടതുപക്ഷ സർക്കാർ അങ്ങനെയല്ല. പറയുന്ന കാര്യങ്ങൾ ചെയ്യുകയും ചെയ്യാനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്ന ഈ സർക്കാരിന്റെ നയപ്രഖ്യാപനത്തെ പൂർണ്ണമായും പിന്തുണച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

<u>ശ്രീ. കെ. മുരളീധരൻ</u>: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുന്നു. ബഹുമാനപ്പെട്ട കേരള ഗവർണർ റിട്ടയേർഡ് ജസ്റ്റിസ് ശ്രീ. പി. സദാശിവം ബഹുമാനപ്പെട്ട സുപ്രീംകോടതി ചീഫ് ജസ്റ്റിസായിരുന്നു. ഇന്ത്യാ ചരിത്രത്തിൽ ആദ്യമായിട്ടാണ് ഒരു ചീഫ് ജസ്റ്റിസ് ഒരു സംസ്ഥാനത്തിന്റെ ഗവർണറായി ചുരുങ്ങുന്നത്. അന്ന് അതിനെക്കുറിച്ചൊക്കെ ധാരാളം ആക്ഷേപങ്ങളുണ്ടായി. പക്ഷേ അദ്ദേഹം ആ സ്ഥാനം സ്വീകരിക്കുകയും കേരളത്തിൽ വരികയും ചെയ്തു. പക്ഷേ വെള്ളിയാഴ്ച നയപ്രഖ്യാപനം വായിച്ചപ്പോൾ വരേണ്ടിയിരുന്നില്ലെന്ന് അദ്ദേഹത്തിന് തോന്നിക്കാണും. കാരണം, സംസ്ഥാന സർക്കാർ എഴുതിക്കൊടുക്കുന്ന പച്ചക്കള്ളം തനിക്ക് വായിക്കേണ്ടി വരുമെന്ന് അദ്ദേഹം ഗവർണറായി വരുമ്പോൾ പ്രതീക്ഷിച്ച് കാണില്ല. മാത്രമല്ല, മനസ്സ് അൽപ്പം ശുദ്ധമായതുകൊണ്ട് പ്രസംഗത്തിനിടയിൽ ഒന്നുരണ്ട് തവണ അദ്ദേഹം ചിരിക്കുകയുണ്ടായി. കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളവും കൊച്ചി മെട്രോയുമൊക്കെ ഈ സംസ്ഥാനത്തിന്റെ നേട്ടമാണെന്ന് പറഞ്ഞപ്പോൾ പ്രസംഗിക്കുന്നതിന്റെകൂടെ ഗവർണർ ചിരിക്കുന്ന കാഴ്ചയും ഞങ്ങളൊക്കെ കണ്ടു. ഇത് വായിച്ച ബഹുമാനപ്പെട്ട ഗവർണർക്കുപോലും ഈ സർക്കാരിന്റെ നയപ്രഖ്യാപനം പൊള്ളയാണെന്ന് വളരെ വ്യക്തമായി ബോധ്യപ്പെട്ടിരിക്കുകയാണ്.

ഇവിടെ കുറെ കാര്യങ്ങളെക്കുറിച്ച് പറഞ്ഞു. കഴിഞ്ഞ 32 മാസമായി ഈ സർക്കാർ കേരള ജനതയ്ക്ക് ധാരാളം സേവനങ്ങൾ അർപ്പിച്ചുവെന്നാണ്

നയപ്രഖ്യാപനത്തിൽ പറഞ്ഞിട്ടുള്ളത്. എന്തൊക്കെയാണ് സേവനങ്ങൾ? ആചാരലംഘന സേവനം, ഭീകരാന്തരീക്ഷ സൃഷ്ടി സേവനം, അരക്ഷിതാവസ്ഥ സൃഷ്ടി സേവനം, കുത്തഴിഞ്ഞ സേവന മേഖലാ സേവനം, സ്ത്രീപീഡന സേവനം, ബന്ധുജന സേവനം. ഇതൊക്കെ സേവനങ്ങളാണെങ്കിൽ 32 മാസം ധാരാളം സേവനങ്ങൾ ഈ സംസ്ഥാനത്ത് നടന്നുവെന്നുള്ള യാഥാർത്ഥ്യം ഞാൻ അംഗീകരിക്കുന്നു.

വനിതകൾക്ക് സംരക്ഷണവും മാന്യതയും നൽകാനാണ് വനിതാ മതിൽ കെട്ടിയതെന്ന് പറയുകയുണ്ടായി. 2019 ജനുവരി മാസം 1-ാം തീയതി വനിതാ മതിൽ കെട്ടി. അതിൽ പങ്കെടുത്തതിനെക്കുറിച്ചോ അതിന്റെ വിജയ പരാജയങ്ങളെക്കുറിച്ചോ ഞാൻ ഒന്നും പറയുന്നില്ല. പക്ഷേ വനിതാ മതിൽ കഴിഞ്ഞ് രണ്ടാഴ്ച പിന്നിട്ടപ്പോഴാണ് സത്യസന്ധമായി സേവനം അനുഷ്ഠിച്ച ഒരു ഐ.പി.എസ്. വനിതയെ അകാരണമായി മാനസികമായി പീഡിപ്പിച്ച നടപടി ഗവൺമെന്റിന്റെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ഭാഗത്തുനിന്നുണ്ടായത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇന്ന് സബ്മിഷൻ കൊണ്ടുവന്നപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു, പോക്സോ കേസിൽ പ്രതിയായ ഒരു വ്യക്തിയാണെന്ന്. ആ വ്യക്തി ഏത് പാർട്ടിയാണ്? അത് ഡി.വൈ.എഫ്.ഐ.-യുടെ ഒരു പ്രവർത്തകനാണ്. പോക്സോ കേസ്സെന്താണെന്ന് അറിയാമല്ലോ. ബാലപീഡനമാണ്. വനിതാ മതിൽ കഴിഞ്ഞ് രണ്ടുമൂന്ന് ആഴ്ച ആയതേയുള്ളൂ. അപ്പോഴാണ് പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെപോലും പീഡിപ്പിക്കുന്ന കേസിൽ ഒരു ഡി.വൈ.എഫ്.ഐ.-ക്കാരൻ പ്രതിയാകുന്നത്. അയാളെ കാണാൻ സി.പി.ഐ.(എം.)-ന്റെ കുറേ പ്രവർത്തകർ മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനിൽ ചെല്ലുന്നു. ഉദ്യോഗസ്ഥർ അവരോട് പ്രതികളെ കാണാൻ സാധ്യമല്ലെന്ന് പറയുന്നു. പ്രവർത്തകർ ബഹളമുണ്ടാക്കുന്നു. പോലീസ് സ്റ്റേഷന്റെ ജനാല ചില്ലുകൾ തകർന്നെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ പറയുകയുണ്ടായി. എങ്ങനെയാണത് തകർന്നത്; മുദ്രാവാക്യത്തിന്റെ ശക്തികൊണ്ടാണോ? കല്ലെറിഞ്ഞതുകൊണ്ടാണ് തകർന്നത്. അങ്ങനെ നിയമം കയ്യിലെടുത്തുകൊണ്ട് കല്ലെറിഞ്ഞതാരാണ്? സി.പി.ഐ.(എം.)-ന്റെ പ്രവർത്തകരാണ് നിയമം കയ്യിലെടുത്തുകൊണ്ട് പോലീസ് സ്റ്റേഷന്റെ ജനാലയുടെ ചില്ലുകൾ കല്ലെറിഞ്ഞ് പൊട്ടിച്ചത്. അങ്ങനെ കല്ലെറിഞ്ഞ് പൊട്ടിച്ചവർ പ്രതികളല്ലേ? അവർ സി. പി. ഐ.(എം.)- ന്റെ ജില്ലാ കമ്മിറ്റി ഓഫീസിൽ അഭയം തേടിയെന്ന് പറഞ്ഞപ്പോൾ, അത് പരിശോധിക്കാനാണ് ഡി.സി.പി.-യുടെ നേതൃത്വത്തിൽ ഒരു സംഘം

സി.പി.ഐ. (എം.)-ന്റെ ജില്ലാ കമ്മിറ്റി ഓഫീസിൽ വന്നത്. പോലീസുകാർതന്നെ റെയ്ഡ് വിവരം ചോർത്തിക്കൊടുത്തതിനാൽ പ്രതികളൊക്കെ രക്ഷപ്പെട്ടു. റെയ്ഡ് നടത്തിയ ഡി.സി.പി. ഒരു പ്രത്യേക രാഷ്ട്രീയ പാർട്ടിയോട് ഏതെങ്കിലും തരത്തിൽ ആഭിമുഖ്യം കാണിച്ചുവെന്ന് ആരും പറഞ്ഞിട്ടില്ല. ഭരണകക്ഷിക്കോ പ്രതിപക്ഷത്തിനോ പരാതിയില്ല. അങ്ങനെയുള്ള ഒരു വനിതാ ഉദ്യോഗസ്ഥയെ അകാരണമായി സ്ഥലം മാറ്റുക മാത്രമല്ല, വീണ്ടും അവരെക്കുറിച്ച് അന്വേഷണവും നടത്തി. ഇതുകൊണ്ട് ഒതുങ്ങുകയില്ല, ഇനിയും ശക്തമായ നടപടികൾ വരാൻ പോകുകയാണെന്നാണ് ഇവിടെ സി.പി.ഐ.(എം.)-ന്റെ ജില്ലാ സെക്രട്ടറി പ്രസ്താവിച്ചത്. ആ ഉദ്യോഗസ്ഥയെ ഒരു കാരണവും കൂടാതെ മാറ്റി. പാർട്ടി ഓഫീസുകൾ പൊതുജന സേവനത്തിന്റെ ഓഫീസുകളാണെന്ന് മുഖ്യമന്ത്രി പറഞ്ഞത് ശരിയാണ്. പക്ഷെ അവിടെ കുറ്റം ചെയ്തവർ കയറിയാൽ പോലീസിന് പരിശോധിക്കണ്ടേ? നമ്മളൊക്കെ എം.എൽ.എ.-മാരാണ്, നമ്മുടെ വീടുകളിൽ ഏതെങ്കിലും കുറ്റവാളികൾ കയറിയെന്ന് പോലീസിന് സംശയം തോന്നിയാൽ, പരിശോധിക്കാനുള്ള സ്വാതന്ത്ര്യം പോലീസിനില്ലേ? പ്രോട്ടോക്കോളിൽ നമ്മൾ ചീഫ് സെക്രട്ടറിയേക്കാൾ മുകളിലാണെന്നുള്ള കാരണം കൊണ്ട് എന്റെ വീട്ടിൽ ആരും അന്വേഷിക്കാൻ പാടില്ലെന്ന് ഏതെങ്കിലും എം.എൽ.എ.-യ്ക്ക് പറയാൻ കഴിയുമോ? അതുപോലെ പ്രതികളായിട്ടുള്ള ആളുകൾ പാർട്ടി ജില്ലാ കമ്മിറ്റി ഓഫീസിൽ അഭയംതേടിയെന്ന് പറഞ്ഞപ്പോൾ അന്വേഷിക്കാൻ എത്തിയ പോലീസ് ഉദ്യോഗസ്ഥയെ സ്ഥലം മാറ്റുകയും മാനസികമായി പീഡിപ്പിക്കുകയും ചെയ്താൽ പിന്നെ ഈ സർക്കാർ പറയുന്നത് അനുസരിക്കാൻ ഏതെങ്കിലും പോലീസുകാർ ഉണ്ടാകുമോ? അതല്ലേ കഴിഞ്ഞ മാസം 3-ാം തീയതി കോഴിക്കോട് മിഠായി തെരുവിൽ കണ്ടത്. ഞാൻ ചോദിക്കട്ടെ, അവിടെ അഴിഞ്ഞാടിയതാരാണ്? സംഘ്പരിവാർ അല്ലേ? 2-ാം തീയതി ഹർത്താൽ പ്രഖ്യാപിച്ചപ്പോൾ കട തുറക്കാൻ ആര് മുന്നോട്ടുവന്നാലും സഹായിക്കുമെന്ന് അന്ന് വ്യക്തമായി മുഖ്യമന്ത്രിയും ഡി.ജി.പി.-യും പറഞ്ഞതാണ്. മുഖ്യമന്ത്രിയുടെ വാക്കുകേട്ട് കട തുറന്നവർക്കുണ്ടായ അനുഭവം എന്താണെന്ന് നമ്മൾ കണ്ടില്ലേ; എറിഞ്ഞുതകർത്തില്ലേ; സംഘ്പരിവാറുകാർ അവിടെ താണ്ഡവമാടിയില്ലേ? ഇവിടെ നിയമസഭയിൽ ഒരു എം.എൽ.എ. മാത്രമേയുള്ളൂ. ഇത്രയുംകാലം അതുപോലും ജയിപ്പിക്കാൻ കഴിയാതിരുന്ന സംഘ്പരിവാർകാർ കോഴിക്കോട് മിഠായി തെരുവിൽ അഴിഞ്ഞാടിയപ്പോൾ എന്തുകൊണ്ട് അവരെ തടയാൻ കഴിഞ്ഞില്ല? അദ്ദേഹം ജയിച്ചതെങ്ങനെയാണെന്ന് നേമത്തെ സി.പി.ഐ.(എം.)- കാരോട് ചോദിച്ചാൽ മതി, ഏര്യാ സെക്രട്ടറിയെ എന്തിനാണ് പുറത്താക്കിയതെന്ന് അവിടത്തെ

ആൾക്കാരോടും പാർട്ടിയോടും ചോദിച്ചാൽ മതി. ചില വ്യാപാരികൾ കല്ലെറിഞ്ഞവരെ പിടിച്ചുകൊടുത്തപ്പോൾ പോലീസ് അവരെ വിട്ടയയ്ക്കുകയാണ് ചെയ്തത്. മുഖ്യമന്ത്രിയുടെ വാക്കിന് പഴഞ്ചാക്കിന്റെ വില പോലുമില്ലെന്നല്ലേ ആ പ്രഖ്യാപനത്തിൽനിന്നും മനസ്സിലാക്കാൻ കഴിഞ്ഞത്. ഇത്രയേറെ അഴിഞ്ഞാട്ടം നടത്തിയവരെ എന്തുകൊണ്ട് അറസ്റ്റ് ചെയ്യാൻ പോലീസിന് കഴിഞ്ഞില്ല? സംഘ്പരിവാർകാർ അഴിഞ്ഞാടിയപ്പോൾ അതിനെതിരായി ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. എന്റെ നിയോജകമണ്ഡലത്തിലാണ് ശ്രീ. സന്ദീപാനന്ദഗിരിയുടെ ആശ്രമം. അവിടെ രണ്ട് കാറുകളും സ്കൂട്ടറും കത്തിച്ചു. മുഖ്യമന്ത്രി ഉടനെ സംഭവസ്ഥലത്തെത്തി, ഞാനും എത്തി. അന്ന് മുഖ്യമന്ത്രി പറഞ്ഞു, ഇത് സംഘ്പരിവാർകാരാണ് ചെയ്തതെന്ന്. ഞാനത് അംഗീകരിക്കുന്നു. കാരണം, അവിടെ ബി.ജെ.പി.-യുടെ കൗൺസിലറുള്ള സ്ഥലമാണ്. ലോക്സഭയിലും നിയമസഭയിലും ബി.ജെ.പി. ഒന്നാം സ്ഥാനത്ത് വന്ന സ്ഥലമാണ്. അങ്ങനെയുള്ള ഒരു സ്ഥലത്ത് സ്വാഭാവികമായിട്ടും ചെയ്തത് സംഘ്പരിവാർകാരായിരിക്കുമെന്നുള്ളതിന് സംശയമില്ല. സംഭവം നടന്ന് രണ്ടുമാസം കഴിഞ്ഞു, ഇത് സംഘ്പരിവാർകാരാണ് ചെയ്തതെന്നും അവരെ അറസ്റ്റ് ചെയ്യുമെന്നുമാണ് മുഖ്യമന്ത്രി സംഭവസ്ഥലത്തുവന്ന് അന്വേഷണം നടത്തി പറഞ്ഞത്. പക്ഷേ ഈ നിമിഷംവരെ, സന്ദീപാനന്ദഗിരിയുടെ ആശ്രമം ആക്രമിച്ചവരെ അറസ്റ്റ് ചെയ്യാൻ പോലീസിന് കഴിഞ്ഞോ; അതിന്റെ കുറ്റം യു.ഡി.എഫ്.-നാണോ; എന്തുകൊണ്ട് സംഘ്പരിവാർകാരെ പിടിക്കാൻ കഴിഞ്ഞില്ല? അതുപോലെ പല എൻ.എസ്.എസ്. മന്ദിരങ്ങളും ആക്രമിച്ചു. ആക്രമിച്ചത് ആർ.എസ്.എസ്. ആണെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇ. പി. ജയരാജൻ പറഞ്ഞു, സമ്മതിക്കുന്നു. എന്തുകൊണ്ട് ഇതുവരെ അവരെ പിടിക്കാൻ കഴിഞ്ഞില്ല; ചുരുക്കിപ്പറഞ്ഞാൽ ഇവിടെ ആർ.എസ്.എസ്.-ഉം സംഘ്പരിവാറും അഴിഞ്ഞാടുമ്പോൾ അതിനെയൊക്കെ പരോക്ഷമായി നിങ്ങൾ പിന്തുണച്ചില്ലേ? കാരണം, നിങ്ങൾക്ക് ഒരു ലക്ഷ്യമുണ്ടായിരുന്നു. യു.ഡി.എഫ്-നെ തോൽപ്പിക്കാനും തെരഞ്ഞെടുപ്പിൽ ജയിച്ചുവരാനും ഇപ്പോഴും നിങ്ങൾക്ക് ലക്ഷ്യമുണ്ട്. സംഘ്പരിവാർകാർ രാവിലെ നിങ്ങളുടെ ശത്രുക്കളും രാത്രി മിത്രങ്ങളുമാണെന്ന് ഞങ്ങൾ പറയുന്നു. അക്കാര്യത്തിൽ യാതൊരു സംശയവും വേണ്ട. ഇവിടെ ബഹുമാനപ്പെട്ട അംഗം ആർ. രാജേഷ് കോൺഗ്രസ്സിൽനിന്ന് മാറിയ കുറേ നേതാക്കന്മാരുടെ ലിസ്റ്റ് വായിച്ചു. കാരണം ഗവൺമെന്റിന്റെ നേട്ടങ്ങൾ ഒന്നും പറയാനില്ലല്ലോ. ഏതായാലും മാർക്സിസ്റ്റ് പാർട്ടി അത്ര വലിയ പാർട്ടിയൊന്നുമല്ലെന്ന് എല്ലാവർക്കും അറിയാവുന്നതാണല്ലോ? രണ്ടുമൂന്ന് സംസ്ഥാനങ്ങളിലേ ഉള്ളൂ., അവിടെനിന്നുതന്നെ

എത്രപേർ പോയി; ഈ സഭയിലെ അംഗമായിരുന്നില്ലേ ശ്രീ. അൽഫോൺസ് കണ്ണന്താനം; അദ്ദേഹം യു.ഡി.എഫ്. സ്ഥാനാർത്ഥിയായിരുന്നോ? എൽ.ഡി.എഫ്. പിന്തുണയുള്ള, അതായത് മാർക്സിസ്റ്റ് പാർട്ടിക്ക് അലോട്ട് ചെയ്ത സീറ്റായ കാഞ്ഞിരപ്പള്ളിയിൽ മത്സരിച്ച് 5 വർഷം എം.എൽ.എ. ആയ ആളാണ്. 2011-ൽ ഇന്നത്തെ മുഖ്യമന്ത്രി പാർട്ടി സെക്രട്ടറിയായിരുന്നപ്പോൾ പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ എൽ.ഡി.എഫ്. സ്ഥാനാർത്ഥിയായി പ്രഖ്യാപിച്ചയാൾ ഇന്ന് എവിടെയാണ്? ഇന്ന് കേന്ദ്രത്തിലെ ശ്രീ. നരേന്ദ്ര മോദിയുടെ മന്ത്രിസഭയിലെ മന്ത്രിയാണ് അദ്ദേഹം. ആരായിരുന്നു ശ്രീ. വി. വിശ്വനാഥമേനോൻ? പാർലമെന്റംഗമായിരുന്നില്ലേ; സി.പി.ഐ.(എം.)-ന്റെ എം.പി.യായിരുന്നില്ലേ; ലോക്സഭയിലും രാജ്യസഭയിലും എം.പി. ആയിരുന്നില്ലേ; ഈ സഭയിൽ എം.എൽ.എ.-യും മന്ത്രിയുമായിരുന്നില്ലേ; ശ്രീ. വിശ്വനാഥമേനോൻ പിന്നെ പൊങ്ങിയത് എവിടെയാണ്? ബി.ജെ.പി.-യിൽ. ശ്രീ. പി. സി. തോമസല്ലേ ബി.ജെ.പി. പിന്തുണയുള്ള സ്ഥാനാർത്ഥിയായി കോട്ടയം പാർലമെന്റ് സീറ്റിൽ മത്സരിക്കാൻ പോകുന്നത്. ശ്രീ. പി. സി. തോമസ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ എത്രയോ യോഗങ്ങളിൽ പങ്കെടുത്ത ആളല്ലേ; എൽ.ഡി.എഫ്. ഘടകകക്ഷിയായിരുന്നില്ലേ; സി.പി.ഐ. (എം.)-ന്റെ നേതാവായ ശ്രീ. എം. എം. ലോറൻസിന്റെ മകളുടെ മകൻ ബി.ജെ.പി.-യുടെ യോഗങ്ങളിൽ ഇപ്പോഴും പോകുകയല്ലേ; ഇവരെയൊക്കെ നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ടോ; സി.പി.ഐ. (എം.)-ന്റെ നോമിനിയായിട്ടുള്ള പോളിറ്റ്ബ്യൂറോ അംഗങ്ങൾ വരെ ബി.ജെ.പി.-യിലേയ്ക്ക് പോയില്ലേ? രണ്ടുമൂന്ന് സംസ്ഥാനങ്ങളിൽ മാത്രമുള്ള സി.പി.ഐ. (എം.)-ൽനിന്നും ഇത്രയധികം ആളുകൾ പോയെങ്കിൽ ഇന്ത്യ മുഴുവനുള്ള ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിൽനിന്ന് ഏതോ ആളുകൾ പോയി എന്നുപറയുമ്പോൾ അതൊക്കെ കോൺഗ്രസ്സിന്റെ പരാജയമാണ്, കോൺഗ്രസ്സുകാരൊക്കെ ബി.ജെ.പി. ആകുന്നുവെന്ന് പറഞ്ഞാൽ ആ ചരക്ക് ഇനി കേരളത്തിൽ ചെലവാകില്ലെന്ന് മാത്രമേ പറയുന്നുള്ളൂ. ഏതാണ്ട് രണ്ടുമാസം കഴിഞ്ഞാൽ ലോക്സഭാ ഇലക്ഷനാണ്. നമുക്ക് കുരുക്ഷേത്രത്തിൽവച്ച് കാണാം. ഒരു സംശയവും ഞങ്ങൾക്കില്ല. കേരളത്തിലെ 20 ലോക്സഭാ സീറ്റുകളിലും യു.ഡി.എഫ്.-ന് നല്ല വിജയമുണ്ടാകും. കാരണം, ഇന്ത്യയിലെ തെരഞ്ഞെടുപ്പ് കഴിഞ്ഞാൽ കോൺഗ്രസ്സിന് എത്ര മെമ്പർമാർ, കോൺഗ്രസ്സിനെ പിന്തുണയ്ക്കുന്ന എത്ര മെമ്പർമാർ എന്ന് രാഷ്ട്രപതി എണ്ണും. ബി.ജെ.പി.-യുടെ എം.പി.-മാർ എത്ര, ബി.ജെ.പി.-യെ പിന്തുണയ്ക്കുന്ന എം.പി.-മാർ എത്രയെന്നും രാഷ്ട്രപതി എണ്ണും. അതുകഴിഞ്ഞാൽ വേറെ ആരെയും എണ്ണുകയില്ല. നമ്മൾ സ്വത്ത് ഭാഗംവയ്ക്കുമ്പോൾ ആദ്യം വീട് ഭാഗം വയ്ക്കും, പിന്നീട്

സ്വത്ത് ഭാഗംവയ്ക്കും, അതുകഴിഞ്ഞ് ഭൂമി ഭാഗംവയ്ക്കും. അവസാനം കുറെ കിണ്ടിയും കോളാമ്പിയും ഉണ്ടാകും. അത് ആരും എണ്ണുകയില്ല. അതുപോലെ കോൺഗ്രസ്സിന്റെ ജനപ്രതിനിധികൾ എത്ര; ബി.ജെ.പി.-യുടേത് എത്ര? അവരെ പിന്തുണയ്ക്കുന്നവർ എത്രയെന്ന് എണ്ണുമ്പോൾ ഇന്ത്യൻ രാഷ്ട്രീയത്തിൽ കിണ്ടിയുടേയും കോളാമ്പിയുടേയും സ്ഥാനം മാത്രമേ സി.പി.ഐ.(എം.)-ന് ഉള്ളൂവെന്ന് മാത്രമെ എനിക്ക് പറയാനുള്ളൂ. ഗവർണറുടെ പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തുന്ന ഈ പ്രമേയത്തെ ശക്തമായി ഞാൻ എതിർക്കുകയാണ്.

ശ്രീ. ജെയിംസ് മാത്യു: സർ, ഈ നന്ദിപ്രമേയത്തെ ഞാൻ പിന്തുണയ്ക്കുകയാണ്. ഒരു സർക്കാരിന്റെ രണ്ടരവർഷം പിന്നിട്ട പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനോ വരുന്ന ഒരു വർഷം സർക്കാർ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളെക്കുറിച്ച് വിമർശനപരമായി പരിശോധിക്കുന്നതിനോ എനിക്കുമുമ്പ് സംസാരിച്ച പ്രതിപക്ഷ അംഗങ്ങളിൽ ഒരാളുപോലും തയ്യാറായില്ലെന്നുള്ളത് ഖേദകരമാണ്. കഴിഞ്ഞ നയപ്രഖ്യാപന പ്രസംഗത്തെ പിന്തുണച്ചുകൊണ്ട് ഞങ്ങൾ സംസാരിച്ച അവസരത്തിൽ ഇന്ന് പ്രതിപക്ഷത്തിരിക്കുന്ന അംഗങ്ങൾ അന്ന് പ്രസംഗിച്ച പല കാര്യങ്ങളും ഇപ്പോൾ മറന്നുപോയിട്ടുണ്ട്. അന്ന് ഏറ്റവും കൂടുതൽ ഉയർന്നുകേട്ട ഒരു ചോദ്യം കിഫ്ബിയിൽ നിങ്ങൾ 50,000 കോടി രൂപ വകയിരുത്തി, എവിടെയാണ് ആ തുക ചെലവഴിച്ചത് എന്നാണ്. ചിലർക്ക് ലൈഫ് പദ്ധതിയിലെ ഭവനം വിതരണം ചെയ്യുന്നതിലെ ചില പ്രശ്നങ്ങൾ ഉയർത്തിയത് ഉറക്കമില്ലായ്മയായിരുന്നു. വലിയ പ്രയാസങ്ങളാണ് ഓരോ പ്രശ്നത്തെ ചൊല്ലിയും അന്നിവിടെ ഉയർന്നുവന്നത്. ഇപ്പോൾ ഒരു വർഷം പിന്നിട്ട് ഈ സർക്കാർ വളരെ കൃത്യതയോടുകൂടി നടപ്പാക്കിയ കാര്യങ്ങളുടെ കണക്കുകൾ വ്യക്തമാക്കി. ഇനി എന്ത് നടപ്പിലാക്കുമെന്ന് പറയുന്ന അവസരത്തിൽ നിങ്ങൾക്ക് ഇപ്പോൾ പറയാനുള്ളത് ഒറ്റപ്പെട്ട ചില കാര്യങ്ങളാണ്. ഇപ്പോൾ ഏറ്റവും അവസാനം ശ്രീ. കെ. മുരളീധരൻ അദ്ദേഹത്തിന്റെ കൂടുതൽ സമയവുമെടുത്തത് ഡി.സി.പി.-യുടെ റെയ്ഡിനെക്കുറിച്ചാണ്. ഞാൻ അതിനെക്കുറിച്ച് ഒരക്ഷരവും പറയുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞല്ലോ, അതിൽ കൂടുതൽ എന്ത് പറയാൻ. ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ ബ്ലാങ്കായി കിടന്ന എൻ.ഐ.സി.-യുടെ ഡേറ്റാബേസ്, അതിന്റെ ഫോട്ടോകോപ്പിയെടുത്തതിനെക്കുറിച്ച് പറഞ്ഞു. ഞാൻ അദ്ദേഹത്തോടും പുറത്തുപോയും അന്വേഷിച്ചു. ദയവുചെയ്ത് ഇങ്ങനെയൊന്നും ഉത്തരവാദപ്പെട്ട ഈ സഭയിൽ പറയരുത്. കാരണം, എൻ.ഐ.സി.-യുടെ ഡേറ്റാബേസ് അടിസ്ഥാനപ്പെടുത്തിയല്ല പ്രളയബാധിതർക്ക്

കൊടുത്ത 10,000/- രൂപയുടെ വിതരണം നടന്നിട്ടുള്ളത്. അങ്ങ് മനസ്സിലാക്കിയിട്ടില്ലെങ്കിൽ അന്വേഷിക്കണം. ഒരു ഡേറ്റാബേസ് ഉണ്ടാക്കി, അതിൽ പിശക് പറ്റിയിട്ടുണ്ട്, ആരും തിരുത്താൻ നിർദ്ദേശിച്ചിട്ടില്ല, തിരുത്തപ്പെട്ടില്ല. പക്ഷെ പണം കൊടുത്തത് പൂർണ്ണമായും വില്ലേജുകളിൽനിന്നും മാന്വലായി റെക്കാർഡുണ്ടാക്കി ഡോക്യുമെന്റ് ചെയ്താണ് കൊടുത്തത്. താങ്കൾ പറയുന്ന താലൂക്കിൽ ഈ ഡേറ്റാബേസ് പ്രകാരമുള്ള ആളുകൾ വളരെ കുറവാണ്, എന്നാൽ കൊടുത്തിരിക്കുന്നത് 34000 ആളുകൾക്കാണ്. ഞാൻ ഒരു മണിക്കൂർകൊണ്ട് അന്വേഷിച്ച കാര്യമാണ്. ഇങ്ങനെ സഭയ്ക്കകത്ത് ചെറിയ കാര്യങ്ങളെ പെരുപ്പിച്ച് പറയുന്നതിനുപകരം എത്രമേൽ ഗൗരവമുള്ള വിഷയങ്ങൾ നിങ്ങൾക്ക് സംസാരിക്കാനുണ്ട്. അത്തരം ഒരു കാര്യങ്ങളും ഇവിടെ സംസാരിക്കാൻ നിങ്ങളാരും തയ്യാറായില്ലെന്നുള്ളത് ഖേദകരമാണ്. ഞാൻ ഇവിടെ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നത്, യഥാർത്ഥത്തിൽ ഈ നയപ്രഖ്യാപനം കേരളത്തിന്റെ പുനർനിർമ്മിതിയെക്കുറിച്ചാണ്. നിങ്ങൾക്ക് അഭിപ്രായമില്ലേ പറയാൻ. ഡോ. എൻ. ജയരാജ് സൂചിപ്പിച്ചതുപോലെ ഇത് നവോത്ഥാനമാണോ അതോ സാമൂഹിക പരിഷ്കരണമാണോ എന്ന ഡിബേറ്റിന് ഞാൻ ഉദ്ദേശിക്കുന്നില്ല. പക്ഷെ ഒരു കാര്യം ഉറപ്പിച്ചുപറയുകയാണ്, ഈ നാടിന്റെ നവോത്ഥാനമൂല്യങ്ങൾ സംരക്ഷിക്കുന്നതിനും പുന:ക്രമീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും ഈ നയപ്രഖ്യാപനത്തിൽ കൃത്യമായ ദിശാനിർണ്ണയമുണ്ട്. നിങ്ങൾ അതെന്താണ് കാണാത്തത്? അതുമാത്രമാണോ, ഈ നയപ്രഖ്യാപനരേഖ പ്രളയത്തിൽ തകർന്നുപോയ നാടിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് അക്കമിട്ട് നിരത്തി കൃത്യമായ കണക്കോടുകൂടി വ്യക്തത വരുത്തിയിരിക്കുകയാണ്. യഥാർത്ഥത്തിൽ ഇതൊരു പ്രഖ്യാപനമല്ല. ഇതൊരു നയരേഖയാണ്. സർക്കാർ വരുന്ന വർഷം നടത്താൻ പോകുന്ന പദ്ധതികൾക്കുള്ള ഒരു നയരേഖയാണ്. അതിനെക്കുറിച്ച് ഇതുപോലെ ഒരു ഉന്നതമായ സഭയിൽ ചർച്ച ചെയ്യുമ്പോൾ സത്യം പറഞ്ഞാൽ നർമ്മവേദിയിൽ പങ്കെടുക്കുകയാണോയെന്ന് തോന്നിപ്പോകുകയാണ്. 'ബാലൻ മന്ത്രിയുടെ മൂലം നക്ഷത്രമാണത്രെ ഇവിടെ കേരളത്തിന്റെ മുഖ്യമായ പ്രശ്നം'. നാണമാകുന്നില്ലേ നിങ്ങൾക്ക്; പ്രതിപക്ഷത്തിന് നാണമാകുന്നില്ലേ? ഇത്ര നിസ്സാരവൽക്കരിച്ച് കാര്യങ്ങളെ കൊണ്ടുപോകാൻ നിങ്ങൾക്ക് നാണമില്ലേ. നക്ഷത്രം ചോതിയാണെന്ന് അദ്ദേഹം തിരുത്തി. എന്തിനാണ് നിങ്ങൾ അപഹാസ്യരാകുന്നത്? ഇന്ന് ചർച്ചയിൽ പങ്കെടുത്ത നിങ്ങളിലൊരാളെങ്കിലും ഗൗരവപൂർവ്വം, ഉത്തരവാദിത്വത്തോടുകൂടി, കേരള സംസ്ഥാനത്ത് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ നടത്തുന്ന

പ്രവർത്തനങ്ങളിൽ നിങ്ങൾക്കുള്ള വിമർശനം ചൂണ്ടിക്കാണിച്ചോ; നടത്തേണ്ട പ്രവർത്തനങ്ങളെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായം പറഞ്ഞോ? ഒന്നുമില്ല. നിങ്ങൾ പറഞ്ഞ കാര്യങ്ങൾ ഞാൻ ആവർത്തിക്കുന്നില്ല, കാരണം അതിനൊക്കെ മറുപടി പറയാനുള്ള സമയം എനിക്കില്ല. ഒരാൾ പറഞ്ഞത്, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബാറ്റൺ കിട്ടാൻ നിന്നതുപോലെ എന്നാണ്. അതുസംബന്ധിച്ച് ശ്രീ. ആർ. രാജേഷ് പറഞ്ഞല്ലോ. ഇവിടെ മുത്തലാഖിന്റെയും വൈസ് പ്രസിഡന്റിന്റെയും തെരഞ്ഞെടുപ്പിൽ ഒരാൾ എങ്ങനെയാണ് നിന്നത്; നാണമാവില്ലേ നിങ്ങൾക്ക്? ഒരു സുപ്രീം കോടതിയുടെ, പരമോന്നത നീതിപീഠത്തിന്റെ അഞ്ചംഗ ബെഞ്ച് നടത്തിയ വിധിപ്രസ്താവം, അത് രാജ്യത്തിന്റെ പരമോന്നത ജനാധിപത്യ സംവിധാനം അനുസരിച്ച് നടപ്പാക്കാൻ ശ്രമിച്ചതിനല്ലേ കേരള മുഖ്യമന്ത്രിയുടെ പേരിൽ നിങ്ങൾക്കുള്ള ആക്ഷേപം? നാട് ശരിപ്പെടുത്താൻ പുറപ്പെട്ട ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയോ, വിമാനം കിട്ടിയില്ല, നാണമാവില്ലേ. ശ്രീ. എൻ. ഷംസുദ്ദീനെപ്പോലെയുള്ള അംഗങ്ങൾ ഇത്രയും നിസ്സാരമായി കാര്യങ്ങളെക്കുറിച്ച് ഇവിടെ പ്രസംഗിക്കുമ്പോൾ ഇതിനൊക്കെയൊരു മറുപുറം നിങ്ങൾ ചെയ്തുവച്ചിട്ടുണ്ടെന്ന് ആലോചിക്കണം. അതെങ്കിലും നിങ്ങൾ കണക്കാക്കണം. അതുകൊണ്ട് അത്തരം കാര്യങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം നടത്തിയ പ്രവർത്തനങ്ങൾക്കെല്ലാം അക്കൗണ്ടബിലിറ്റിയുണ്ട്, അതാണ് പ്രശ്നം. ഇന്ത്യയുടെ ചരിത്രത്തിൽ ഏതെങ്കിലും ഒരു സംസ്ഥാനത്ത് തെരഞ്ഞെടുപ്പിൽ ജയിച്ച് ഗവൺമെന്റ് രൂപീകരിക്കുന്നതിനും അധികാരത്തിൽ വരുന്നതിനും ഒരു പാർട്ടിയോ മുന്നണിയോ ജനങ്ങൾക്ക് മുമ്പാകെ വച്ച പ്രകടനപത്രിക ആരെങ്കിലും തിരിഞ്ഞുനോക്കുമോ? നാലര വർഷമായല്ലോ ഒരു കൂട്ടർ, കണക്ക് നമ്മൾ പറയേണ്ട കാര്യമില്ലല്ലോ. ഈ സർക്കാർ ഒരുവർഷം പൂർത്തിയാക്കിയപ്പോൾ പറഞ്ഞു, ഇത്ര കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്, ഇത്ര കാര്യങ്ങൾ ആരംഭിച്ചു, ഇത്ര കാര്യങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്, ഇത്ര കാര്യങ്ങൾ ആരംഭിക്കാൻ സാധിച്ചില്ല. ആരംഭിക്കാൻ സാധിക്കാത്തത് ഇല്ലെന്നുതന്നെ പറഞ്ഞിട്ടുണ്ട്, കാരണവും പറഞ്ഞിട്ടുണ്ട്. രണ്ടുവർഷം പൂർത്തിയാക്കിയപ്പോൾ കൃത്യമായി പറഞ്ഞിട്ടുണ്ട്. മൂന്നാം വർഷത്തിലേയ്ക്ക് കടക്കുമ്പോൾ നിങ്ങളുടെ പക്ഷത്തുനിന്നും ഒരാൾക്കുപോലും ഈ സർക്കാർ ചെയ്യാത്തതെന്ത് എന്ന് ചോദിക്കാനില്ലല്ലോ? ശ്രീമതി തെരേസ ജോൺ കയറിയത്, ഡാറ്റാബേസിൽ ബ്ലാങ്ക് കണ്ട കാര്യം, ബാറ്റണുംകൊണ്ട് നിൽക്കുന്ന കാര്യം, ഇതൊക്കെയാണ് പരമപ്രധാനം എന്ന് നിങ്ങൾ വരുത്തിത്തീർക്കാൻ ശ്രമിക്കുമ്പോൾ ഞങ്ങളെ സംബന്ധിച്ച് ഈ നാടിനോടും ജനങ്ങളോടുമുള്ള

ഉത്തരവാദിത്വത്തോടുകൂടി രണ്ട് കാര്യങ്ങൾ ഒരുപോലെ നിർവ്വഹിച്ച് ഈ സർക്കാർ മുന്നോട്ടുപോകും. ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുകയും ദീർഘകാലാടിസ്ഥാനത്തിൽ പ്രളയക്കെടുതിയെ നേരിടുകയും ചെയ്യും. നമ്മളെ സംബന്ധിച്ച് അതൊരു വലിയ അനുഭവമായിരുന്നു. എല്ലാവരും സഹകരിച്ചിട്ടുണ്ട്. പക്ഷെ നിങ്ങളുടെ നിലപാടെന്തായിരുന്നു? മനുഷ്യനിർമ്മിതമായ പ്രളയമെന്ന് പറഞ്ഞ് ആക്ഷേപിച്ചപ്പോൾ കേന്ദ്രത്തിലും അന്തർദ്ദേശീയ തലത്തിലുമുള്ള ഏജൻസികൾ അന്വേഷിച്ചു. വളരെ കൃത്യമായ വസ്തുതകൾ പുറത്തുകൊണ്ടുവന്നു. ഞാൻ ആവർത്തിക്കുന്നില്ല. എന്നാൽ ഇപ്പോഴും നിങ്ങൾ ഒളിഞ്ഞും തെളിഞ്ഞും മനുഷ്യനിർമ്മിതമെന്ന് തന്നെയല്ലേ പറയുന്നത്, അങ്ങനെയായിരുന്നോ? ഉദാരമതികളായ ജനങ്ങളാകെ കയ്യയച്ച് സഹായിക്കാൻ മുന്നോട്ടുവന്നു. അപ്പോൾ നിങ്ങൾ സാലറി ചലഞ്ചിന് പാരവച്ചു. ആ ഡാറ്റാബേസിൽ കുറച്ചാളുകളുടെ പേര് കാണുന്നില്ലെന്ന് ഇപ്പോൾ പറയുകയാണ്. നാണമാകുന്നില്ലേ പറയാൻ? പത്ത് കാശ് കൊടുത്ത് സഹായിക്കാൻ തീരുമാനിച്ച ആളുകളെ എന്തിനാണ് നിങ്ങൾ വഴിമുടക്കിയത്? സഹായിക്കാൻ പറ്റുന്നവർ സഹായിക്കട്ടെ, പറ്റാത്തവർ സഹായിക്കേണ്ട, അതിൽ ആക്ഷേപം ആർക്കുണ്ട്? പക്ഷേ ഒരു കാര്യം നിങ്ങൾ മനസ്സിലാക്കണം, ഈ സർക്കാർ വളരെ കൃത്യമായി ഒരു പ്രളയത്തെയോ ദുരന്തത്തെയോ മാത്രമല്ല, ഏത് കാലത്തായിരുന്നാലും ഈ നാട് അഭിമുഖീകരിക്കാൻ ഇടവന്നേയ്ക്കാവുന്ന ഏതൊരു ദുരന്തത്തേയും അതിജീവിക്കാൻ സാദ്ധ്യമാകുന്ന വിധത്തിലുള്ള ദീർഘവീക്ഷണത്തോടുകൂടിയ കാഴ്ചപ്പാടാണ് ആവിഷ്കരിച്ചിരിക്കുന്നത്. റീബിൽഡ് കേരള ഇനീഷ്യേറ്റീവ് അതുതന്നെയാണ്. ഇത്ര ഗൗരവതരമായ കാര്യത്തിൽ ഒരക്ഷരം നിങ്ങൾക്ക് പറയാനില്ലല്ലോ. എങ്ങനെയാണ് നമ്മുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തേണ്ടത്? പാരിസ്ഥിതിക ആഘാതമില്ലാതെ കല്ലും പൂഴിയും സിമെന്റും കമ്പിയുമൊക്കെ കുറച്ച് എങ്ങനെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ സാധിക്കും എന്നതിനെക്കുറിച്ചെല്ലാം നിങ്ങൾക്ക് അഭിപ്രായമുണ്ടെങ്കിൽ പറയണ്ടേ; ഇതെല്ലാം എവിടെയാണ് നിങ്ങൾ പറയാനിരിക്കുന്നത്? മറ്റെവിടെയെങ്കിലുമുണ്ടോ? കുറെ തമാശയും കവിതയും ചൊല്ലി ഇതുപോലെ ആളുകളെ ചിരിപ്പിക്കുകയാണോ നിങ്ങളുടെ ആവശ്യം? അങ്ങനെയാണെങ്കിൽ ഏറ്റവും നല്ലത് വി.ജെ.ടി. ഹാളിൽ നിങ്ങൾക്കുവേണ്ടി ഒരു കവിതാ സായാഹ്നമോ നർമ്മവേദിയോ ഒരുക്കിത്തരുന്നതാണ്. അതിന് ഈ സർക്കാരിന്റെ സാംസ്കാരിക വകുപ്പുണ്ട്. നിങ്ങളുടെ കാലത്തേത് പോലെയാണോ സാംസ്കാരിക വകുപ്പെന്ന് നോക്കണം. എത്രയോ മാന്യമായി, അന്തസ്സോടുകൂടി ഈ നാടിന്റെ സാംസ്കാരികത്തനിമയെയും

പാരമ്പര്യത്തെയും ജനങ്ങളിലേയ്ക്കെത്തിക്കുന്നതിന് ശ്രമിച്ചുകൊണ്ടിരിക്കുന്ന സാംസ്കാരിക വകുപ്പാണ് ഇന്നുള്ളത്. തീർച്ചയായും നിങ്ങൾക്ക് ഒരവസരം തരാൻ ബഹുമാന്യനായ സാംസ്കാരിക വകുപ്പുമന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്. പ്രതിപക്ഷാംഗങ്ങൾക്ക് അവരുടെ സർഗ്ഗവാസന പ്രകടിപ്പിക്കാനും പരിപോഷിപ്പിക്കാനും അങ്ങയുടെ വകുപ്പ് സൗകര്യം ഒരുക്കിക്കൊടുക്കണം. അതിന് ഈ സഭാവേദി ഉപയോഗപ്പെടുത്തേണ്ട കാര്യമില്ല. കഴിഞ്ഞ സഭാ സമ്മേളനത്തിൽ ഒരൊറ്റ ദിവസം ഈ സഭ നിങ്ങൾ നടത്തിയോ; ഒരു ദിവസമെങ്കിലും ഇവിടെയിരുന്നോ? ഒരു ദിവസംപോലും സഭാസമ്മേളനം നടത്താൻ അനുവദിക്കാതിരുന്ന നിങ്ങൾ ഇപ്പോൾ സഹകരിച്ചതിന് ഞാൻ നന്ദി രേഖപ്പെടുത്തുകയാണ്. സ്കൂളുകളും കോളേജുകളും റോഡുകളും പാലങ്ങളും നിർമ്മാണപ്രവർത്തനങ്ങളുമെല്ലാംകൂടി 41,000 കോടി രൂപയ്ക്ക് ചെയ്തു തീർക്കുമ്പോൾ നിങ്ങളന്ന് പറഞ്ഞ ആക്ഷേപങ്ങളും ചോദിച്ച കാര്യങ്ങളും ഓർക്കണം. ബഹുമാന്യനായ കെ. സി. ജോസഫ് അവിടെയില്ല. കണ്ണൂർ ജില്ലയിലെ ഞങ്ങളുടെ പ്രദേശത്തെ മുഴുവൻ ആളുകൾക്കും അറിയുന്ന ഒരു വസ്തുതയുണ്ട്, ഈ സർക്കാർ അധികാരത്തിൽ വന്നയുടൻ മലയോര ഹൈവേ സർക്കാർ നഷ്ടപ്പെടുത്തി എന്നുപറഞ്ഞുകൊണ്ട് നിരാഹാര സമരമായിരുന്നു, നടുവിൽ അദ്ദേഹവുമുണ്ടായിരുന്നു. എന്നാൽ ഇപ്പോഴോ? 1251 കിലോമീറ്റർ റോഡിന് 3,500 കോടി രൂപ ചെലവഴിച്ചാണ് ആ നിർമ്മാണ പ്രവർത്തനം നടത്തുമെന്ന് പ്രഖ്യാപിച്ചിട്ടുള്ളത്. ബഹുമാന്യനായ സണ്ണി ജോസഫ് ഇത് കേട്ടിരിക്കുന്നുണ്ടല്ലോ. നിഷേധിക്കാനാണെങ്കിൽ ഞാൻ ശ്രീ. പി. സി. ജോർജിന് വഴങ്ങുന്നില്ല. ശ്രീ. സണ്ണി ജോസഫിന് വഴങ്ങാം. അദ്ദേഹം പറയട്ടെ. കണ്ണൂർ ജില്ലയിൽ ശ്രീ. കെ. സി. ജോസഫിന്റെയും ശ്രീ. സണ്ണി ജോസഫിന്റെയും നിയോജകമണ്ഡലങ്ങളുൾപ്പെടെ കടന്നുപോകുന്ന ആ മലയോര ഹൈവേയ്ക്ക് വേണ്ടി 3,500 കോടി രൂപ വകയിരുത്തിയിരിക്കുന്നു. തീരദേശ ഹൈവേ കൂടി വരുമ്പോൾ 10,000 കോടി രൂപയാണ് ചെലവഴിക്കാൻ പോകുന്നത്. ഇതൊക്കെ വാക്കുകൾ മാത്രമാണോ; കടലാസ്സിലാണോ? ഇതെല്ലാം പ്രവൃത്തിപഥത്തിൽ വന്നുകൊണ്ടിരിക്കുന്നു. അപ്പോഴാണ് നിങ്ങൾ മൂലം നക്ഷത്രത്തിന്റെ കണക്കുപറഞ്ഞ് ആളുകളെ അവഹേളിക്കാൻ ശ്രമിക്കുന്നത്. ഒരു കാര്യംകൂടി നിങ്ങൾ കേൾക്കണം. പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിലായിരുന്നതുകൊണ്ട് 131 കോടി രൂപയുടെ നഷ്ടമുണ്ടായിരുന്നു. ഒരു കൊല്ലംകൊണ്ട് 70 കോടി രൂപയുടെ നഷ്ടം കുറച്ചു കൊണ്ടുവന്നു. രണ്ടാം കൊല്ലം 106 കോടി രൂപ ലാഭത്തിലായി. ടി.സി.സി.എൽ. (Travancore Cochin Chemicals Ltd.) ഇരുപത്തിമൂന്ന് വർഷത്തെ

ചരിത്രത്തിലാദ്യമായി ലാഭത്തിലായി. ഗതാഗത വകുപ്പുമന്ത്രിയെയും ഞാൻ അഭിനന്ദിക്കുകയാണ്. കാൽനൂറ്റാണ്ടിന്റെ ചരിത്രത്തിൽ ആദ്യമായി ഗതാഗത വകുപ്പ് സ്വന്തം വരുമാനംകൊണ്ട് ജീവക്കാർക്ക് ശമ്പളം കൊടുത്തിരിക്കുന്നു. ആരോഗ്യ വകുപ്പുമന്ത്രിയെയും ഞാൻ അഭിനന്ദിക്കുകയാണ്. കേരളത്തിലെ സ്വകാര്യ ആശുപത്രികളെ സമീപിക്കേണ്ടിവരുന്ന രോഗികൾക്ക് ഒരു അത്താണിയായി സംസ്ഥാനത്തെ മുഴുവൻ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും ഘട്ടംഘട്ടമായി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിക്കൊണ്ടിരിക്കുന്നു. പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് 250 ചെറുപ്പക്കാരെയാണ് ജോലി ഉറപ്പാക്കി വിദേശത്ത് അയച്ചിരിക്കുന്നത്. 1500 ആളുകളെ ഇതിനായി തെരഞ്ഞെടുത്തു. പ്രിയപ്പെട്ട സുഹൃത്തുക്കളേ നിങ്ങൾ പറയൂ, എത്രകാലം നിങ്ങൾ ഭരിച്ചു, പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഒരു ഉദ്യോഗാർത്ഥിയെങ്കിലും വിദേശത്ത് തൊഴിൽ ഉറപ്പാക്കി ഇവിടെനിന്നും അയയ്ക്കാൻ സാധിച്ചോ? അങ്ങനെ ഒരു സർക്കാരിന് സാധിച്ചിട്ടുണ്ടെങ്കിൽ അത് ഈ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിനാണ്. അതുകൊണ്ട് ഇതൊന്നും കാണാതെ, ഇതിനെല്ലാമെതിരെ കണ്ണടച്ച് ഇരുട്ടാക്കാൻ ശ്രമിക്കുന്ന നിങ്ങൾ ഓർമ്മിക്കണം, നമ്മുടെ സ്വാതന്ത്ര്യവും റിപ്പബ്ലിക്ക് പരമാധികാരവും നഷ്ടപ്പെടുത്തുന്നതിനുവേണ്ടി ചില ശക്തികൾ ഒരു ഭാഗത്ത് പ്രവർത്തിക്കുമ്പോൾ നിങ്ങൾ അതിന് ഒത്താശക്കാരായി മാറരുത്. രാജ്യത്തിന്റെ പരമാധികാരവും സ്വാതന്ത്ര്യവും മതേതരത്വവും സോഷ്യലിസവും സംരക്ഷിക്കുന്നതിനുവേണ്ടി ഞങ്ങൾ മുന്നോട്ടുവരുമ്പോൾ അതിന് കടകവിരുദ്ധമായ നിലപാട് സ്വീകരിക്കുന്ന നിങ്ങൾ അവസാനം ചോദിച്ച ഒരു ചോദ്യമുണ്ട്, 'ആരായാലും അവിടെ ഒരുപോലെയല്ലേ എന്ന്?' ശ്രീ. ആർ. രാജേഷ് അക്കാര്യം ഇവിടെ കൃത്യമായി പറഞ്ഞു. ഏതൊരു ഉദ്ദേശ്യത്തോടുകൂടി, ഏതൊരു രാഷ്ട്രീയ നിലപാടോടുകൂടി, രാജ്യഭരണത്തിനുവേണ്ടി ജനങ്ങൾ തെരഞ്ഞെടുക്കുന്നുവോ അതിൽനിന്നും അണുവിട വ്യതിചലിക്കാതെ പ്രാവർത്തികമാക്കാൻ ശേഷിയുള്ള ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനത്തിന്റെ ആളുകളെ തെരഞ്ഞെടുക്കണമെന്നാണ് ഞങ്ങൾ പറയുന്നത്. അത് ഗോവയിലെയും മണിപ്പൂരിലെയും നേമത്തെയും അനുഭവവും 33 ശതമാനം പിന്തുണയുണ്ടായിരുന്ന ത്രിപുരയിൽ അര ശതമാനമായി കോൺഗ്രസ് അധഃപതിച്ചതിന്റെയും അനുഭവം കണ്ടുകൊണ്ടാണ്. നാളെ നിങ്ങൾക്ക് സംസാരിക്കാൻ സമയമുണ്ടല്ലോ, നിങ്ങൾ ഇതിന് മറുപടി പറയണം. ഈ അനുഭവങ്ങളിൽനിന്നും കോൺഗ്രസ്സിന് ഈ നാട്ടിൽ എവിടെയാണ് ജനങ്ങളുടെ പിന്തുണയുണ്ടെന്ന് അവകാശപ്പെടാൻ സാധിക്കുന്ന സാഹചര്യമുള്ളത്? എന്നാൽ ഇടതുപക്ഷത്തിന്റെ ദൗർബല്യത്തെക്കുറിച്ച് നിങ്ങൾക്ക് വലിയ

ആശങ്കകളുണ്ടെന്നറിയാം. അതൊക്കെ ഞങ്ങൾ പൂർണ്ണമായും സ്വീകരിക്കും. ഞങ്ങൾക്ക് പിശകുകളുണ്ടെങ്കിൽ അത് തിരുത്തി ശരിയായ നിലയിൽ പോകും. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ആ നിലപാട് സ്വീകരിച്ചാണ് ഇക്കഴിഞ്ഞ രണ്ടര വർഷവും പിന്നിട്ടിട്ടുള്ളത്. ആയിരം ദിവസം തികയുമ്പോൾ ആയിരക്കണക്കിന് പദ്ധതികൾ ഉദ്ഘാടനം ചെയ്ത്, നിങ്ങളെല്ലാം പ്രതിനിധാനം ചെയ്യുന്ന നിയോജകമണ്ഡലങ്ങളിൽ നൂറുകണക്കിന് പദ്ധതികൾ ഉദ്ഘാടനം ചെയ്തുകൊണ്ട് മുന്നോട്ടുപോവുകയാണ്. ഈ സർക്കാരിന്റെ ദിശാനിർണ്ണയം, വ്യക്തമായ ധാരണ, കാഴ്ചപ്പാട്, കാര്യങ്ങൾ നടപ്പാക്കുന്നതിലെ സൂക്ഷ്മത, കൃത്യത, അക്കൗണ്ടബിലിറ്റി മുതലായവയെല്ലാം ജനങ്ങളെ ബോധ്യപ്പെടുത്താൻ നിങ്ങൾക്കും സാധിക്കും, അതിന് അവസരവുമുണ്ടാകും. അതുകൊണ്ട് ഈ സർക്കാരിനെക്കുറിച്ച് നിങ്ങൾക്ക് വിമർശനങ്ങളും ആക്ഷേപങ്ങളും ഇനിയും പറയാം. പക്ഷെ പറയേണ്ടത് സർക്കാരിന്റെ പ്രവർത്തനങ്ങളെക്കുറിച്ചായിരിക്കണം. അതല്ലാതെ കളിതമാശ പറയാനുള്ള വേദിയായി ഈ സഭാതലത്തെ പ്രയോജനപ്പെടുത്താൻ ശ്രമിക്കരുത്. കഴിഞ്ഞ നിയമസഭാ സമ്മേളന കാലയളവ് എങ്ങനെയാണോ നടത്താതിരുന്നത് അതിൽനിന്നും ഒട്ടും വ്യത്യസ്തമല്ലാത്ത അനുഭവം മാത്രമായിത്തീരും ഇതും എന്ന് ഒരിക്കൽക്കൂടി പറഞ്ഞുകൊണ്ട് ഈ നന്ദിപ്രമേയത്തെ പിന്തുണച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

മി.സ്പീക്കർ: ഓർഡർ... ഓർഡർ... സഭ ഇപ്പോൾ പിരിയുന്നതും ബുധനാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2019 ജനുവരി മാസം 30-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 3.32-ന് പിരിഞ്ഞു.)